ജോസഫ് മാർ കൂറീലോസ്
വലിയ മെത്രാപ്പോലീത്ത

Joseph Mar Koorilose Valiya Metropolitan's Silver Jubilee Festschrift 2011

മേല്പട്ടത്വ രജതജൂബിലി

സ്മരണിക

2011

Festschrift
2011

Malabar Independent Syrian Church, Thozhiyoor

A Hand with the Throne of St: Peter



HG. Joseph Mar Koorilose Metropolitan with His Holiness Zakka Iwas .
the Syrian Orthodox Patriarch of Antioch - 1988

Founder Metropolitans of Thozhiyur Malabar Independent Syrian Church - 1772



H.H. Kattumangattu
Abraham Mar Koorilose
Valiya Bava

H.H. Kattumangattu
Geevarghese Mar Koorilose
Elaya Bava



H.G. Joseph Mar Koorilose
Metropolitan (1857-1888)
ആലത്തൂര്(പനക്കൽ)വലിയ തിരുമേനി

H.G. Poulose Mar Athanasiose
Suffragan Metropolitan (1917-1927)
ആലത്തൂര്(പനക്കൽ)ചെറിയ തിരുമേനി

" With H.G.Mor Osthatheos Bennyamin Joseph Metropolitan"

കൃതജ്ഞതാപൂർവ്വം.....



മലബാർ സ്വതന്ത്ര സുറിയാനി സഭയെ പുരോഗമനത്തിന്റെ പാതയിൽ ബഹുദൂരം മുന്നോട്ടുനയിച്ച അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലിത്ത മേൽപട്ടസ്ഥാനമേറ്റതിന്റെ സിൽവർ ജൂബിലി ആഘോഷിക്കുകയാണ്. വികസനത്തിന്റെ വിവിധ മേഖലകളിലേക്കു കടന്നു ചെല്ലാവുന്ന നിരവധി പുത്തൻ കവാടങ്ങൾ അദ്ദേഹം നമുക്കു മുന്നിൽ തുറന്നു വെച്ചിരിക്കുന്നു. സഭയുടേയും സമൂഹത്തിന്റേയും നന്മക്കും വളർച്ചക്കും സഹായകമാകുന്ന ധാരാളം മാർഗ്ഗങ്ങൾ അക്കൂട്ടത്തിലുണ്ട്. നമ്മുടെ സഭയുടെ ചരിത്രം "സുവർണ്ണകാലഘട്ടം" (Golden age) എന്ന് ഒരു മെത്രാപ്പോലിത്തായുടെ ഭരണകാലത്തെ വിശേഷിപ്പിക്കുന്നത് 1811 മുതൽ 1829 വരെ നമ്മുടെ സഭയെ ഭരിച്ച കിടങ്ങൻ ഗീവർഗ്ഗീസ് മാർ പീലക്സിനോസിന്റെ കാലത്തെയാണ്. മലങ്കര സഭയ്ക്ക് മൂന്ന് മെത്രാപ്പോലീത്താമാരെ വാഴിച്ചു കൊടുക്കുകയും, രണ്ട് സന്ദർഭങ്ങളിലായി മലങ്കര മെത്രാപ്പോലിത്താസ്ഥാനം വഹിക്കുകയും ചെയ്തിട്ടുള്ള അദ്ദേഹത്തിന്റെ കാലഘട്ടത്തെ ചരിത്രകാരന്മാർ അങ്ങനെ വിശേഷിപ്പിക്കുക തന്നെയാണ് വേണ്ടത്. എന്നാൽ കേരളക്കരക്കപ്പുറം ആഗോളതലത്തിൽത്തന്നെ നമ്മുടെ സഭയേയും സഭാസ്ഥാപക പിതാക്കന്മാരായ കാട്ടുമങ്ങാട്ടെ ബാവമാരേയും പ്രചരിപ്പിക്കുകയും, ലോകക്രൈസ്തവ സഭാസമിതികളോടൊപ്പം നിൽക്കുവാൻ പ്രാപ്തമാക്കുകയും സഭയുടേയും സമൂഹത്തിന്റേയും വളർച്ചക്ക് സഹായിക്കുന്ന നിരവധി മഹത്തായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുകയും ചെയ്ത അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയമെത്രാപ്പോലീത്തായുടെ ഭരണകാലത്തെ രണ്ടാം സുവർണ്ണകാലമായി വിശേഷിപ്പിക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു.

ഭരണനേട്ടങ്ങളേയും വ്യക്തിപ്രഭാവത്തേയും കോർത്തിണക്കി കഴിഞ്ഞ നാളുകളിലേക്കുള്ള ഒരു എത്തിനോട്ടമാണ് ഈ പുസ്തകത്തിലൂടെ ഞങ്ങൾ ലക്ഷ്യമാക്കുന്നത്. തിരുമേനിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും, അദ്ദേഹത്തെ അടുത്തറിയുകയ്യും ചെയ്തിട്ടുള്ള ഏതാനും വ്യക്തികളുടെ ഓർമ്മകളിൽ നിന്നും സമാഹരിച്ചെടുത്ത ഈ അക്ഷരക്കൂട്ടങ്ങൾ നാളത്തെ കർമ്മഭൂമിയിൽ പ്രവർത്തനോന്മുഖരാകേണ്ട പുതിയ തലമുറയ്ക്ക് ഒരു പ്രചോദനമാകട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഈ അമൂല്യശേഖരത്തിന്റെ വിജയത്തിനുവേണ്ടി ആശംസകൾ, പടങ്ങൾ, ഓർമ്മക്കുറിപ്പുകൾ, ഉപദേശങ്ങൾ, നിർദ്ദേശങ്ങൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ നൽകി ഞങ്ങളെ സഹായിച്ച എല്ലാ സുമനസ്സുകൾക്കും കൂടാതെ ഈ സോവനീറിന്റെ ഡിസൈനിംഗ് ഭംഗിയായി നടത്തിയ അഗ്നി ഐ. ടി. സൊലൂഷ്യൻസ്, കുന്നംകുളം, അച്ചടി നിർവ്വഹിച്ച പ്രിന്റ് ഹൗസ്, കൊച്ചിൻ, പ്രസ്സിന്റെ ഉടമ ശ്രീ. ജിയോ റാഫേൽ എന്നിവർക്കും ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നു. അതോടൊപ്പം തന്നെ സർവ്വശക്തനായ ദൈവത്തിൽ ആശ്രയിച്ചുകൊണ്ടും ജൂബിലേറിയൻ തിരുമേനിയുടെ കുടുംബത്തിലെ പുണ്യപൂർവ്വപിതാക്കന്മാരായ അഭിവന്ദ്യ തിരുമേനിമാരുടേയും സ്മരണക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും ഈ ഒരു കൈക്കുമ്പിൾ സ്മരണാക്ഷരപ്പൂക്കൾ ഞങ്ങൾ സഹൃദയ സദസ്സിനുമുന്നിൽ സവിനയം സമർപ്പിച്ചുകൊള്ളുന്നു.

സോവനീർ കമ്മറ്റി

Souvenir Committee

Sitting (L-R) : P.I. Thambi Master(Chairman), A.K.Kochukunjan, Rev. Fr. K.A. Job, Thirumeni, Rev. Fr.P. Babu Varghese, M.C. Mathewkutty, P.I.Mani

Standing (L-R) : Kochumon M.P.(Editor), Adv. C.K. Limson, K.I. Wilson, Babu Varghese K., Rev. Fr.Micheal Geevarghese, C.P. Paul, Rev. Fr. Babu Mathews, V.I. Kochupappy Master, K.P. George, T.C. Denny, C.I. Antony, Binoy P. Mathew

1. ചെവിയുള്ളവർ കേൾക്കട്ടെ
ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം
വലിയ മെത്രാപ്പോലീത്ത 11

2. വ്യക്തിബന്ധങ്ങളുടെ ഊഷ്മളതയിൽ
ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത 13

3. തൊഴിയൂർ സഭയുടെ അഭി. മെത്രാപ്പോലീത്ത
ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക 16

4. Greetings
Dr.Mar Aprem Metropolitan 17

5. തൊഴിയൂരെ വലിയ മെത്രാപ്പോലീത്ത ....
ഡോ. സഖറിയാസ് മാർ തെയോഫിലസ്
സഫ്രഗൻ മെത്രാപ്പോലീത്ത 18

6. ആശംസ .... ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ് 20

7. ആശംസ ....
യുഹനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത 21

8. An Appreciation
Bishop Dr.John Fenwick 22

9. സന്ദേശം ....
ഡോ. യുയാക്കീം മാർ കൂറിലോസ് എപ്പിസ്ക്കോപ്പ 24

10. ആശംസ ....
ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത 25

11. സന്ദേശം ....
ഡോ. ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പ 26

12. Greetings
Dr. Abraham Mar Julios Metropolitan 27

13. സന്ദേശം ....
ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് എപ്പിസ്ക്കോപ്പ 28

14. സന്ദേശം ....
ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പ 30

15. സന്ദേശം ....
ഡോ. കുര്യാക്കോസ് മാർ തെയോഫിലോസ്
മെത്രാപ്പോലീത്ത 32

16. നിസ്തുലനായ ആത്മീയ ഇടയൻ ....
തോമസ് മാർ തിമഥിയോസ് എപ്പിസ്ക്കോപ്പ 34

17. സന്ദേശം ....
ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്ക്കോപ്പ 36

18. .... ജനപ്രിയപിതാവ് ....
ഡോ. പുലിക്കോട്ടിൽ ഗീവർഗ്ഗീസ് മാർ യൂലിയോസ്
മെത്രാപ്പോലീത്ത 37

19. ശ്രേഷ്ഠഇടയന് ജൂബിലി ആശംസകൾ
ഡോ. ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത 39

20. Message -
Dr.Abraham- Mar Paulose Episcopa 40

21. സന്ദേശം ....
മാർ ഔഗിൻ കുര്യാക്കോസ് എപ്പിസ്ക്കോപ്പ 41

22. My Congratulations ...
Peter Hawkins corepiscopa 43

23. An Appreciation -
Rambban Dr.Phillip Tovey 48

24. The Head of the Corner -
Prof. Rev.Dr. Karl-Heinz Kuhlmann 49

25. ആലത്തൂർ തിരുമേനിമാരും തൊഴിയൂർ സഭയും
പി.ഐ. തമ്പി 51

26. സ്നേഹസമ്പന്നനായ ....
കുറ്റിക്കണ്ടത്തിൽ - മാത്യൂസ് കോർ എപ്പിസ്ക്കോപ്പ 69

27. "ജീവനോ മരണമതോ....."
ബാബു ഉപദേശി 71

28. ഒരു തുണ്ടുകടലാസ്സിലൂടെ തുടക്കം കുറിച്ച........
ബ്രദർ ഡോ. മാത്യൂസ് വർഗ്ഗീസ് 75

29. തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ............
വികാരി ജനറാൾ ഡോ. ഡി. ഫിലിപ്പ് 79

30. മലബാർ സ്വതന്ത്ര സുറിയാനി സഭ............
റവ. ഡോ. കെ. റ്റി. ജോയ് 83

31. "അർപ്പണ ജീവിതം............"
കാട്ടുമങ്ങാട്ട് സ്ലീബ കോർ എപ്പിസ്ക്കോപ്പ 86

32. A Metropolitan who makes a difference. -
Rev. Joseph Daniel 89

33. വികസന വഴിയിലെ അക്ഷരസ്മാരകങ്ങൾ
കൊച്ചുമോൻ 97

34. A Symbol of Good Shepherd
Alex Joseph (Rajan) 102

35. സൗമ്യനായ സഭാനേതാവ് ....
ബ്രദർ കെ. സി. വർഗ്ഗീസ് 105

36. വലിയ മുക്കുവനും, ...
ഡേവിഡ് പി. ജോൺ 108

37. എളിമയുടെ മഹാഇടയൻ
സിസ്റ്റർ റെജി. ഡാനിയേൽ 112

38. രൂപാന്തരം വരുത്തുന്ന തിരുവചനം ....
വികാരി ജനറാൾ ഡോ. പി. പി. അബ്രഹാം 115

39. ....സഭയും നാറാണത്ത് മൂപ്പന്മാരും
അഡ്വ. പി.പി. കുഞ്ഞഹമ്മദ് 118

40. സ്നേഹത്തിന്റെ നിറകുടമായ ....
വികാരി ജനറാൾ റവ. കെ. എ. ജോബ് 122

41. ശിഷ്യനെക്കുറിച്ചുള്ള ഗുരുവിന്റെ
ടി.കെ. പീറ്റർ 128
42. ഞാനറിയുന്ന വലിയ മെത്രാപ്പോലീത്ത
സി.സി. എസ്ഥേർ ടീച്ചർ 130
43. The Memories of a Teacher
Prof. V.P. Balakrishnan 133
44. സ്വന്തം അനിയന് ഭാവുകങ്ങൾ
ലൂസി ഐയ്പുകുട്ടി 136
45. ഓർമ്മയിൽ നിന്ന്
എം. ഐ. കുഞ്ഞപ്പൻ 139
46. അനശ്വരബന്ധത്തിന്റെ ....
റവ. ജോർജ്ജ് മാത്യു, അയിരൂർ 142
47. Loving Thirumeni -
Bro. Martin Henry 147
48. അതിരുകൾ ഭേദിച്ച തേരാളി
ബിനോയ് പി. മാത്യു 149
49. മഹാപുരോഹിത പാരമ്പര്യത്തിൽ
ഫാദർ. ഡോ. എം. ഒ. ജോൺ 153
50. ചെറിയ സഭയെ തോളിലേറ്റിയ ....
റവ. പി. മാത്യു 157
51. .... ദിവ്യജ്യോതിസ്സ്
ഷെവ. പ്രൊഫ. പി. തോമസ് 165
52. മനസ്സു തളരാതെ
ജോസഫ് കുളങ്ങര 169
53. Simplicity and Kindness
Cherian Philip 171
54. Spiritually yours ....
Adityan Namboodiri 173
55. സന്ദേശം
മന്ത്രി കെ. എം. മാണി 175
56. അത്യപൂർവ്വമായൊരു ....
കെ. പി. ജോർജ്ജ് 177
57. തേവനാലിൽനിന്ന്
പി. യു. പൈലി 179
58. പ്രിയപ്പെട്ട തിരുമേനിക്ക് ....
എം. എൽ. എ, ബാബു എം. പാലിശ്ശേരി 181
59. .....മിഴിവേകിയ ഇടയൻ
റവ. ഡോ. വി. എസ്സ്. വർഗ്ഗീസ് 183
60. .... The pursuit of Godliness
Mathew Varghese Jr. 187
61. പൊന്നിൻ ലിപികളാൽ ആശംസകൾ
ഫാദർ. പി ബാബു വർഗ്ഗീസ് 193
62. .....ഭാഗഭാക്കായ ഭാഗ്യവാൻ
സി. പി. പോൾ 195
63. ചരിത്രമുറങ്ങുന്ന മനസ്സുകളിലേയ്ക്ക്
രാജൻ ചീരൻ 197
64. ചരിത്രയാത്ര ....
ഷെവലിയാർ ചീരൻ വർക്കി 201
65. ആലത്തൂരച്ചൻ ....
വില്ലി എം. ജി. 205
66. ജൂബിലേറിയൻ തിരുമേനിയ്ക്ക് .....
– ഡോ. കെ മാണി രാജൻ കോറെപ്പിസ്ക്കോപ്പ 207
67. ശിഷ്യശ്രേഷ്ഠനായ ....
കെ. വി. അന്ന 209
68. Our Relationship with ...
John Philip 210
69. മറക്കാനാവാത്ത .....
ഡോ. വി. ടി. വി. ജോസ് 211
70. സൗമ്യത വലിയവനാക്കുന്ന ....
കെ. എ. പൗലോസ് 213
71. ....വികസനത്തിന്റെ പാതയിൽ
ഡോ. എം. സി. മാത്തുകുട്ടി 215
72. An Affectionate Metropolitian....
Dr. P.J. Alexander 218
73. തൊഴിയൂർ വലിയ മെത്രാപ്പോലീത്ത
റവ. ജോൺസൺ മാത്യു 220
74. A loving Metrachan .... Dr. Kochummen John 223
75. ....ഇടയശ്രേഷ്ഠൻ – പി. എം. വർഗ്ഗീസ് 225
76. .... വലിയ തിരുമേനി – ബാബു ചെമ്മണ്ണൂർ 227
77. സ്നേഹത്തിന്റേയും ലാളിത്യത്തിന്റേയും ....
റ്റി. ജോർജ്ജ് വിളവിനാൽ 231
78. ഹൃദയബന്ധത്തിന്റെ ഇഴയടുപ്പം
ജോസഫ് എം. പുതുശ്ശേരി 233
79. സഹപ്രവർത്തകൻ
സഹപ്രവർത്തകൻ 235
80. പുർവ്വസുരികളായ .....
കെ. വി. തോമസ് 237
81. .... സൗമ്യതയുടേയും സൗരഭ്യം
രാജി വർഗ്ഗീസ് 239
82. A Thirumeni of the people -
Kottarathil Thomas George 241
83. നല്ല ഇടയൻ
ജസ്റ്റിൻ ചാമക്കാല 243
84. ഇടയനായ കൂട്ടുകാരൻ
അഡ്വ. ജിജി വർഗ്ഗീസ് എം. കെ. 244
85. ഉപവാസപ്രാർത്ഥനയുടെ ശക്തി...
Adv. Georgy Mammoottil 246
86. Our Thirumeni Appachan -
Sinju Thomas & Viji 251
87. ഗുരുനാഥനായ അച്ചൻമാഷ്-
അറക്കൽ മുഹമ്മദ് ഷാഫി 252
88. .... സഭയുടെ നവയുഗശില്പി –
ഡോ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ 254
89. ശിരസ്സിനു മുകളിൽ ......
ആന്റോ ഡി. ഒല്ലുകാരൻ 256

90. .... ഒരു വെള്ളിനക്ഷത്രം
സി. സി. സഖറിയ 258
91. Greetings from England
Dr. Emma Abby 260
92. വേറിട്ട എക്യുമെനിസത്തിന്റെ ...
ലീന തോമസ് 261
93. മംഗളം നേരുന്നു ....
ഫാദർ സ്റ്റീഫൻ ജോർജ്ജ് 263
94. അജപാലകന്റെ .....
ഡോ. മോളു വർഗ്ഗീസ് ചാക്കോളാസ് 264
95. ലണ്ടൻ സന്ദർശനം ചില ഓർമ്മ...
– റവ. ഡോ. ജോർജ്ജ് മാത്യു കുറ്റിയിൽ 271
96. കുട്ടികളുടെ അച്ചൻ മാഷ്
വി. ഐ. കൊച്ചുപാപ്പി മാസ്റ്റർ 274
97. വിശ്രമമില്ലാത്ത ജീവിതം
ബാബു വർഗ്ഗീസ് കെ. 276
98. വിശ്വാസികളുടെ സങ്കടം.....
പി. സി. തമ്പി 278
99. മംഗളാശംസകളോടെ...
റവ. ഡോ. ചാക്കോ വാലിക്കോടത്ത് 280
100. .... സുവർണ്ണകാലം
ജോസഫ് ചാലിശ്ശേരി 281
101. ആചാര്യനായ ബിഷപ്പ്...
തോളൂർ ശശീധരൻ 283
102. To My Sunday School Mate
C. I. Benniamin 285
103. തിരുവചനത്തെ സ്നേഹിക്കുന്ന....
ഷാജി ശങ്കുപറമ്പിൽ 287
104. ഒരു കുട്ടനാട്ടുകാരന്റെ ...
എം. സി. മാത്യു 289
105. നല്ല അയൽക്കാരൻ
സി. പി. ജോൺ 290
106. A Few words about ...
Sudhir Peter 292
107. Happy Wishes
Rev. Dr. C.P. Mathews 293
108. ഒരു ഓർമ്മക്കുറിപ്പ്
പി. ഐ. ലാസർ 296
109. അനിയത്തിയുടെ ഓർമ്മ
ലില്ലി തമ്പി കൊള്ളന്നൂർ 297
110. സ്നേഹബന്ധത്തിന്റെ ...
റവ. സഖറിയ ജോൺ 300
111. ആശംസകൾ
ഡീക്കൺ മാത്യു വടക്കൻ 302
112. ഇടയനും എഡിറ്ററും...
അഡ്വ. സി. കെ. ലിംസൺ 303
113. Happy Silver Jubilee....
Ellen Kulangara 305
114. ....Reflects the love of Chirst
Nevin Joseph 306
115. റാലി സൈക്കിളും അളിയനും
ശാമു തോലത്ത് 307
116 ....ചില സ്മരണകൾ
ഫാദർ ഡോ. ജോസഫ് ചീരൻ 309
117. ആശംസകളോടെ
ഡെന്നി തെക്കേക്കര 314
118. വളർച്ചയ്ക്കുള്ള ശാസന-
ഡെബിൻ പി. ബെന്നി 315
129. ....ചിപ്പിയ്ക്കുള്ളിലെ മുത്ത്
ആന്റോ പുത്തൂർ 318
120. സ്നേഹവാത്സല്യവാനായ ...
ഷിജു കുരിയൻ 319
121. ....ശ്രേഷ്ഠബന്ധങ്ങൾ
സുവി. മാത്യു ജോൺ വാളക്കുഴി 321
122. സുവിശേഷകരെ കണ്ടെത്തി...
പി. ഉട്ടുപ്പുണ്ണി വൈദ്യർ തമ്പി 322
123. Lambeth Conference- 1998 324
124. Stratford - Upon- Avon
Fr. Derek Turner 325
125. ..... God's love in action
Ansu Andrews 328
126. Our Beloved Valiya Thirumeni
Jacob Thalikallumkal 332
127. ആശംസകൾ -
1. റവ. തോമസ് പോൾ
2. കെ. സി. ബാബു 333
128. Greetings
Dr. Jetty A. Oliver 334
129. ദുബായിലെ ബിഷപ്പ് ഹൗസ്
കെ. ഐ. വിത്സൻ 335
130. ആശംസാഗീതം 1997
പെരിങ്ങോട് സണ്ടേസ്കൂൾ 336
131. ......സൗഹൃദാനുഭവങ്ങൾ
ഡോ. മാത്യൂസ് ജോർജ്ജ് ചുനക്കര 337
132. കാലത്തിന്റെ ഒഴുക്കിനൊപ്പം
എ. കെ. കൊച്ചുകുഞ്ഞൻ 341
133. Reflections - Dr. Esmy John 343
134. സൗഹൃദവലയത്തിലെ......
ജോസഫ് സേവ്യർ 349
135. Our Blessed Friendship- Gita Sara Cheriyan 356

MAR THOMA SYRIAN CHURCH OF MALABAR

Apostolic See of St. Thomas

Most Rev. Dr. ഫിലിപ്പോസ്
മാർ ക്രിസോസ്റ്റം
വലിയ മെത്രാപ്പോലിത്ത

ചെവിയുള്ളവർ കേൾക്കട്ടെ!!

ജീവിച്ചിരിക്കുന്ന വലിയ മെത്രാപ്പോലീത്തമാരിൽ എന്റെ ഏക സഹോദരമെത്രാച്ചനാണ് മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്ത. സഭാചരിത്രങ്ങളിൽ ആകെക്കൂടി 3 വലിയ മെത്രാപ്പോലീത്താമാരെ ഉണ്ടായിട്ടുള്ളു. ആദ്യത്തെ വലിയ മെത്രാപ്പോലീത്ത Dr. അലക്സാണ്ടർ മാർത്തോമാ വലിയ മെത്രാപ്പോലീത്ത ആയിരുന്നു. ഞാനും അദ്ദേഹവും വലിയ മെത്രാപ്പോലീത്തമാരാകുന്നത് ഞങ്ങളുടെ ജീവിതയാത്രയിലെ വൈകിയവേളയിൽ മാത്രമാണ്. ഞാൻ വലിയ മെത്രാപ്പോലീത്ത ആകുന്നത് എന്റെ തൊണ്ണൂറാം വയസ്സിലും. എന്നാൽ ഞാൻ ദയറാ സ്ഥാനത്തേക്ക് പ്രവേശിപ്പിച്ച ജോസഫ് മാർ കൂറിലോസ് തിരുമേനി വലിയ മെത്രാപ്പോലീത്ത ആകുന്നത് നാല്പത്തിയേഴാം വയസ്സിലാണ്.

1986 ആഗസ്റ്റ് മാസം, 32 വയസ്സുള്ള ഒരു യുവവൈദികൻ ഒരാഴ്ച ദയറാ സ്ഥാനത്തേക്കുള്ള തയ്യാറെടുപ്പിനായി എന്റെ അടുക്കൽ Dr. അലക്സാണ്ടർ മാർത്തോമാ മെത്രാപ്പോലീത്തയാൽ നിയോഗിക്കപ്പെടുകയുണ്ടായി. യൗവ്വനം തുളുമ്പി നിൽക്കുന്ന പ്രായത്തിൽ സന്യാസത്തിലേക്ക് ദൈവവിളിയാൽ എത്തിയ ദൃഢകായകനെ ഞാൻ നോക്കി. എന്റെ മനസ്സു പറഞ്ഞു. “ഇദ്ദേഹത്തിൽ തൊഴിയൂർ സഭ സുസ്ഥിരവും അചഞ്ചലവുമായി നിലകൊള്ളും.” തൊഴിയൂർ സഭയ്ക്ക് ചിട്ടപ്പെട്ട ഭരണക്രമം ഏർപ്പെടുത്തിയത് Dr. യൂഹാനോൻ മാർത്തോമാ മെത്രാപ്പോലീത്താ ആയിരുന്നുവെങ്കിലും സഭാ ഭരണഘടനയിൽ സഭയിൽ കാലാനുസൃതമായി വരേണ്ടതായ ഭരണക്രമങ്ങളെപ്പറ്റി ഞാൻ യുവവൈദികനായ ഫാദർ ജോസഫ് പനക്കലുമായി ചർച്ചചെയ്തു. ഞങ്ങളുടെ ചർച്ചയിൽ ഉരുതിരിഞ്ഞത് സഭാജനങ്ങളിൽ നിന്നുള്ള ദശാംശത്തിന്റെ ഓഹരി സഭയുടെ ഭരണയന്ത്രത്തിന്റെ ഭാഗമാകണം എന്നും തൊഴിയൂർ സഭയുടെ പ്രത്യേകതയായ വിശാലമായ ഭൂസ്വത്ത് ക്രിയാത്മകമായി ഉപയോഗപ്പെടുത്തി എങ്ങനെസ്വയം പര്യാപ്തതയിലേക്ക് എത്തിക്കണം എന്നുള്ളതുമായിരുന്നു. ഈ യുവവൈദികനെ1986 ആഗസ്റ്റ് 20-ാം തിയ്യതി റമ്പാൻസ്ഥാനം നൽകി ഞാൻ ദയാറാക്കാരുടെ കൂട്ടത്തിലേക്ക് കൈ പിടിച്ചുയർത്തി. എന്റെ സഹകാർമ്മികർ കാലം ചെയ്ത ഈശോ മാർ തിമൊഥിയോസ് എപ്പിസ്ക്കോപ്പയും ഇപ്പോഴത്തെ മാർത്തോമ മെത്രാപ്പോലിത്ത ആയ ജോസഫ് മാർത്തോമയും ആയിരുന്നു. ഒരാഴ്ചയ്ക്ക് ശേഷം

1986 ആഗസ്റ്റ് 27-ാം തിയ്യതി തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ പതിമൂന്നാമത് മെത്രാപ്പോലിത്തയായി ഫാദർ ജോസഫ് പനയ്ക്കൽ, ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്താ എന്ന നാമധേയത്തിൽ അഭിഷിക്തനായി.

ആ കാലയളവിനുശേഷം ഞങ്ങൾ സഹതിരുമേനിമാർ എന്ന നിലയിൽ പല വേദികളിലും പല പരിപാടികളിലും സംബന്ധിക്കുവാൻ ഇടയായിട്ടുണ്ട്. എന്നും എന്നെ ഗുരുതുല്യനായി കണ്ട എന്റെ ഇളയ സഹോദര മെത്രാച്ചന്റെ വളർച്ചയിൽ ഞാൻ മാറി നിന്ന് അഭിനന്ദനത്തിന്റെ കണ്ണുകളോടെ എന്നും നോക്കികണ്ടിരുന്നു. തന്റെ ചെറിയ സഭയിൽ വൈദികരുടെ ശമ്പളപരിഷ്കരണത്തിനായിരുന്നാലും, കൃഷിഭൂമിയുടെ ക്രിയാത്മകമായ ഉപയോഗത്തിനായിരുന്നാലും ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്താ എടുത്ത തീരുമാനങ്ങൾ അഭിനന്ദനീയമാണ്. കാലചക്രത്തിന്റെ മുൻപോട്ടുള്ള ഗമനത്തിൽ എവിടയോ ഒരു പിടിച്ചു നിർത്തൽ;1997-ൽ ആകസ്മികമായി ഉണ്ടായ അസുഖത്തിനുശേഷം ശ്രവണശക്തി നഷ്ടപ്പെട്ട ഒരു സാഹചര്യത്തിൽ ഞാൻ അദ്ദേഹത്തെ കാണുമ്പോൾ പൂർണ്ണമായും ദൈവത്തിൽ സമർപ്പിച്ച് പരാതികളില്ലാതെ ദൈവാശ്രയത്തിൽ ജീവിക്കുന്ന ഒരു ദൈവദാസനെയാണ്. ഈ കാലയളവിൽ അദ്ദേഹം തന്റെ ശ്രദ്ധ കൂടുതൽ കൃഷിയിലേക്ക് മാറ്റിയതായി എനിക്ക് അറിയുവാൻ കഴിഞ്ഞു. ഞാൻ ആ കാലത്ത് കേട്ടറിഞ്ഞത് പുലർച്ച പ്രാർത്ഥനക്കുശേഷം ആറരമണിയോടെ കൃഷിയിടങ്ങളിലേക്ക് അദ്ധ്വാനത്തിനായി ഇറങ്ങുന്ന ഒരു സഭാമേലദ്ധ്യക്ഷനെയാണ്. കൃഷിയിൽ മുഴുകി കഴിയുമ്പോൾ വിതച്ചതിൽ നിന്ന് നൂറുമേനി കൊയ്യുന്നതിന്റെ ആത്മസംതൃപ്തി അദ്ദേഹത്തിൽ കാണുവാൻ എനിക്ക് പലപ്പോഴും അവസരം ലഭിച്ചിട്ടുണ്ട്. കൃഷിയിൽ പല ഇനം വാഴവിത്തുകൾ അദ്ദേഹം പലരിൽ നിന്നും സ്വീകരിച്ചിരുന്നു. അൽമായരിൽ നിന്നും, സ്നേഹിതരിൽ നിന്നും, എന്തിന് കാലം ചെയ്ത ബന്യാമീൻ തിരുമേനിയിൽ നിന്നുവരെ വാഴവിത്തുകൾ ശേഖരിച്ചിരുന്നു എന്ന് തന്റെ കൃഷിയെപ്പറ്റി വാചാലനായ അവസരത്തിൽ എന്നോടു മനസുതുറന്നു. നവീകരണ കർത്താവായ പാലക്കുന്നത്ത് ഏബ്രഹാം മൽപാനാണ് കേരളത്തിൽ പാളയംകോടൻ വാഴവിത്തുകൾ തമിഴ്നാട്ടിലെ പാളയംകോട്ടുനിന്ന് എത്തിച്ചതെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞപ്പോൾ അദ്ദേഹം അത്ഭുതം കൂറി. നവീകരണത്തിന് ഇങ്ങനെയും ഒരു മാനമോ! ഒരിക്കൽ ഞാൻ അദ്ദേഹത്തെ സന്ദർശിക്കാൻ ചെല്ലുന്ന വിവരം ഞാൻ ഫോണിൽ അറിയിച്ചു. മാർത്തോമാ മെത്രാപ്പോലീത്താമാർ സൗഹൃദസന്ദർശനത്തിന് അഞ്ഞൂര് എത്തുന്ന പതിവില്ല.

തൊഴിയൂർ സഭയ്ക്ക് മെത്രാച്ചന്മാരെ വാഴിക്കാനും, കാലം ചെയ്താൽ കബറടക്കാനും മാത്രമെ മാർത്തോമാ മെത്രാപ്പോലീത്താമാർ അഞ്ഞൂര് പോയിരുന്നുള്ളു. എന്നാൽ ഗുരുവിന് എപ്പോൾ വേണമെങ്കിലും ശിഷ്യന്റെ അടുത്ത് എത്തുന്നതിൽ തടസ്സം ഇല്ലാ എന്ന് കൂറിലോസ് തിരുമേനി എന്നെ അറിയിച്ചു. ദയറാക്കാരന്റെ ഗുരുദക്ഷിണയായി തന്റെ തോട്ടത്തിലെ എറ്റവും വലിയ വാഴക്കുല വെട്ടി എന്നെ ഊഷ്മളമായി സ്വീകരിക്കുവാൻ നിന്നപ്പോൾ, എന്റെ കൂടെ എന്റെ സഹമെത്രാച്ചനായ ബർന്നബാസ് തിരുമേനിയെകണ്ട് തെല്ലും പരിഭ്രാന്തനാകാതെ കാര്യസ്ഥൻ ജോർജ്ജിനോട് ഒരു വലിയ വാഴക്കുലകൂടി വെട്ടാൻ ആജ്ഞാപിക്കുന്നത് ഞാൻ കേട്ടു. പക്ഷേ സൗഹൃദസംഭാഷണത്തിന് ശേഷം യാത്ര പറഞ്ഞ് കാറിൽ കയറുവാൻ വന്നപ്പോൾ ഞാൻ കണ്ടത് എന്റെ ഡ്രൈവറും, തിരുമേനിയുടെ കാര്യസ്ഥൻ ജോർജ്ജും തമ്മിലുള്ള തർക്കമാണ്. ഭീമാകാരമായ വാഴക്കുലകൾ പടല അടർത്തി മാത്രമേ കാറിൽ കയറ്റുവാൻ പാടുള്ളു എന്ന് ഡ്രൈവറും, വാഴക്കുല അതേപടി കാറിൽ വെയ്ക്കണം എന്ന് ശാഠ്യം പിടിക്കുന്ന കാര്യസ്ഥൻ ജോർജ്ജും.

ഞാൻ ഡ്രൈവറെ സമാധാനിപ്പിച്ചു. “മരുമകളുടെ വീട്ടിൽ വരുമ്പോൾ തരുന്നത് അതേപടി കൊണ്ടുപോരണം” അതുകൊണ്ട് കാറിന്റെ ഡിക്കിയിൽ ഇരുന്ന പെട്ടികൾ മുൻസീറ്റിൽ വയ്ക്കുവാനും, വാഴക്കുലകൾ പടല അടർത്താതെ കാറിൽ വയ്ക്കുവാനും പറഞ്ഞ് കാര്യസ്ഥൻ ജോർജ്ജിന്റെ പരിഭവം ഇല്ലാതാക്കി.

2000-ൽ ശ്രവണശേഷിയിൽ തീർത്തും ബുദ്ധിമുട്ട് അനുഭവിച്ചപ്പോൾ ജോസഫ് മാർ കൂറിലോസ് സ്ഥാനത്യാഗം ചെയ്യാൻ തയ്യാറാവുന്നതായി അറിഞ്ഞ് ഞാൻ ഫോണിൽ അദ്ദേഹവുമായി ബന്ധപ്പെട്ടു. സഭാഭരണത്തിൽ വിഷമതകൾ ഉണ്ട് എന്നറിഞ്ഞപ്പോൾ വീണ്ടും ഒരിക്കൽകൂടി അഞ്ഞൂര് എത്തും എന്ന് ഞാൻ അദ്ദേഹത്തെ അറിയിച്ചു. 2000 സെപ്തംബർ 3ന് ഞാൻ അവിടെ എത്തി. സൗഹൃദസംഭാഷണം തുടങ്ങിയപ്പോൾ ‘എടുത്ത തീരുമാനം ഇത്ര ചെറുപ്പത്തിലേ വേണമോ എന്ന’ ആശങ്ക പ്രകടിപ്പിച്ചപ്പോൾ അദ്ദേഹം എന്നെ അറിയിച്ച മറുപടിയിൽ ഞാൻ അത്ഭുതം കൂറി. “പ്രാർത്ഥനയോടുകൂടി എടുത്ത തീരുമാനം ആണ് അതിൽ ഉറച്ചു നിൽക്കാൻ താല്പര്യപ്പെടുന്നു.” എന്ന് എന്നെ സ്നേഹപൂർവ്വം അറിയിച്ചു. ഞാൻ നിശബ്ദനായി അദ്ദേഹത്തെ നോക്കി. 47-ാം വയസ്സിലെ “വലിയ തിരുമേനി”

ഇപ്പോൾ എന്റെ സഹോദര വലിയ മെത്രാപ്പോലിത്താ മെത്രാപ്പോലിത്താ ആയതിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ എന്റെ ഹൃദയംഗമമായ ആശംസകൾ!!!

MAR THOMA SYRIAN CHURCH OF MALABAR

Apostolic See of St. Thomas

Most Rev.Dr. ജോസഫ് മാർത്തോമ മെത്രാപോലിത്ത

വ്യക്തിബന്ധങ്ങളുടെ ഊഷ്മളതയിൽ

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലിത്തയായ ജോസഫ് മാർ കുറിലോസ് തിരുമേനിയുടെ എപ്പിസ്ക്കോപ്പൽ. സിൽവർ ജൂബിലി ആഘോഷവേളയിൽ 1986 ലെ അദ്ദേഹത്തിന്റെ എപ്പിസ്ക്കോപ്പൽ സ്ഥാനാരോഹണ ചടങ്ങുകളെപ്പറ്റി അനുസ്മരിക്കട്ടെ. ആലത്തൂരെ ജോസഫ് പനയ്ക്കൽ കശ്ശീശയെ 1981 ഡിസംബർ മാസം 20-ാം തിയതി കൂടിയ സഭാമണ്ഡലം എപ്പിസ്ക്കോപ്പക്കൽ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തിരുന്നു. എന്നാൽ അദ്ദേഹത്തെ ദയറാക്കാരനായി റമ്പാൻ സ്ഥാനത്തേക്ക് പ്രവേശിപ്പിച്ചത് 1986-ൽ ആഗസ്റ്റ് മാസം 20നു മാത്രമായിരുന്നു. ഒരാഴ്ചത്തെ ഇടവേളക്കുശേഷം ആഗസ്റ്റ് 27ന് അദ്ദേഹത്തെ തൊഴിയൂർ സഭയുടെ 13-ാമത്തെ മെത്രാപ്പോലിത്തയായി വാഴിക്കുകയും ചെയ്തു. ദൈവനിയോഗത്താൽ ഈ രണ്ടു ചടങ്ങുകളിലും ഭാഗഭാക്കാകുവാൻ എനിക്കു കഴിഞ്ഞു. തൊഴിയൂർ സഭയുടെ ചരിത്രഗതിയിൽ എന്റെയും ഒരു പങ്ക്!

മലങ്കര മാർത്തോമ സുറിയാനി സഭയും മലബാർ സ്വതന്ത്ര സുറിയാനി സഭയും തമ്മിലുള്ള ബന്ധം ചരിത്രപരവും ശൈഹ്ളീകപരവുമാണ് എന്ന് രണ്ടു സഭകളുടേയും ഭാരതത്തിന്റേയും സഭാചരിത്രപഠനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. 1772-ൽ സ്ഥാപിതമായ തൊഴിയൂർ സഭ, ക്രൈസ്തവ സുറിയാനി സഭകളുടെ ചരിത്രത്തിൽ എന്നും സ്മരിക്കപ്പെടുവാൻ തക്കവണ്ണം തനതായ സംഭാവനകൾ കാഴ്ചവെച്ചിട്ടുണ്ട്. തൊഴിയൂർ സഭയ്ക്കും, മലങ്കര മാർത്തോമ സുറിയാനി സഭയ്ക്കും ഒരു കാലത്തും മറക്കുവാൻ സാധിക്കാത്ത ഊഷ്മളമായ സ്നേഹബന്ധങ്ങൾ എപ്പിസ്ക്കോപ്പൽ കൈവപ്പ് മുഖാന്തരം നിദാനമായിട്ടുള്ളതാണ്. 1856-ൽ കുത്തൂര് ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ പിൻഗാമിയായി ഇപ്പോഴത്തെ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്തയായ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കുടുംബത്തിലെ മുൻഗാമിയായ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെ 1857-ൽ തൊഴിയൂർ സഭയ്ക്കുവേണ്ടി വാഴിച്ചത് അന്നത്തെ മലങ്കര മെത്രാപ്പോലീത്തയായിരുന്ന പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തയായിരുന്നു. മലങ്കര മെത്രാപ്പോലീത്താ പദവിക്കുവേണ്ടി മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനിയോടു വ്യവഹരിച്ചു കൊണ്ടിരുന്ന അന്ത്യോക്ക്യായുടെ പ്രതിനിധിയായി വന്ന യുയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്ത മേൽ പ്രസ്താവിച്ച തൊഴിയൂർ സഭയുടെ മേല്പട്ടസ്ഥാനം മറ്റൊരു വൈദികന് നൽകുവാനും പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാ

സിയോസ് തിരുമേനിയേയും പരിവാരങ്ങളേയും ഉപദ്രവിക്കുന്നതിനുവേണ്ടി വലിയൊരു സന്നാഹത്തോടെ തൊഴിയൂരെത്തിയെന്നും ദൈവാനുഗ്രഹത്താൽ ആ കുത്സിതപ്രവർത്തികൾ പരാജയപ്പെട്ടുവെന്നും ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. 1857-ൽ എപ്പിസ്ക്കോപ്പസി ഇടമുറിയാതെ തുടരണം എന്നുള്ള പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനിയുടെ തീരുമാനം പിൽക്കാലത്ത് 1894-ൽ മെത്രാപ്പോലീത്തമാരില്ലാതെ വൈധവ്യം നേരിട്ട മലങ്കര മാർത്തോമ സുറിയാനി സഭയ്ക്ക് ഒരു മെത്രാപ്പോലീത്തയെ വാഴിച്ചുകൊടുത്ത് തൊഴിയൂർ സഭ തങ്ങളുടെ മാർത്തോമാ സഭയോടുള്ള പ്രതിബദ്ധത തെളിയിച്ചു.

1893-ൽ സെമിനാരിക്കേസിന്റെ പ്രതികൂലമായ വിധി പ്രഖ്യാപനത്തോടെ പ്രതീക്ഷക്കപ്പുറം സ്ഥലവും നഷ്ടപ്പെട്ട സാഹചര്യത്തിലും നവീകരണപക്ഷത്ത് നിലയുറപ്പിച്ച സഭാജനങ്ങൾക്ക് ധാർമ്മികവും ആത്മീയവുമായ മനോവീര്യം പകർന്നുകൊണ്ടിരുന്ന പാലക്കുന്നത്ത് തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത കാലം ചെയ്തു. നവീകരണം നിലച്ചു എന്നാഹ്ളാദിക്കുകയും മെത്രാപ്പോലീത്തമാർ ഇല്ലാത്ത മാർത്തോമാ സുറിയാനി സഭയുടെ വൈധവ്യത്തിൽ സന്തോഷിക്കുകയും ചെയ്ത എതിർപക്ഷക്കാർ തുടർന്ന് മാർത്തോമാ സുറിയാനി സഭയ്ക്ക് എപ്പിസ്ക്കോപ്പക്കൽ കൈവപ്പ് ലഭിക്കാതിരിക്കാൻ പല ശ്രമങ്ങളും നടത്തി. ഈ വിഷമഘട്ടത്തിൽ തൊഴിയൂർ സഭയുടെ ജോസഫ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായും ഗീവർഗ്ഗീസ് മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായും തങ്ങളുടെ ജീവനെപ്പോലും തൃണവൽഗണിച്ചുകൊണ്ട് പല പ്രതിസന്ധികൾ തരണം ചെയ്ത് കോട്ടയം ചെറിയപള്ളിയിൽ എത്തിചേർന്ന് പാലക്കുന്നത്ത് അബ്രഹാം മൽപാനച്ചന്റെ പുത്രനായ ദത്തോസച്ചനെ1894 മകരം രണ്ടിന് റമ്പാനായും ആറിന് തീത്തുസ് ഒന്നാമൻ മാർത്തോമാ എന്ന പേരിൽ മെത്രാനായും അഭിഷേകം ചെയ്യുകയും ചെയ്തു.

സഭകളുടെ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളെപ്പറ്റി ചിന്തിച്ചു തുടങ്ങാത്ത ഒരു കാലഘട്ടത്തിൽ വിശ്വാസആചാരാനുഷ്ഠാനങ്ങളിൽ വ്യത്യസ്തത പുലർത്തികൊണ്ടുതന്നെ പിതൃപുത്രപരിശുദ്ധാത്മാവാം ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു പൂർണ്ണമായും എപ്പിസ്ക്കോപ്പക്കൽ പാരമ്പര്യങ്ങൾ മുറുകെ പിടിക്കുന്നതിന് മാതൃകയായാണ് മേൽ പറഞ്ഞ രണ്ടു സംഭവങ്ങളും. മലങ്കര സുറിയാനി സഭയുടെ ചരിത്രത്തിൽ സുപ്രധാനസ്ഥാനം വഹിക്കുന്ന പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനിയുടെ അഞ്ചാം തലമുറക്കാരനായ എനിക്ക് അദ്ദേഹത്തിന്റെ കൈവപ്പിന്റെ പിൻതുടർച്ചക്കാരന്റെ തന്നെ കുടുംബത്തിലെ അഞ്ചാം തലമുറക്കാരനായ ജോസഫ് മാർ കുറിലോസ് മെത്രാപ്പോലീത്തായോടു ചേർന്ന് പല എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിലും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതിന് ദൈവം ഇടയാക്കി.

തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിലേക്കുള്ള എല്ലാ കാൽവെപ്പുകളും ജോസഫ് മാർ കുറിലോസ് വലിയമെത്രാപ്പോലീത്തായുടെ പരിശ്രമങ്ങൾ കൊണ്ടും വ്യക്തിപരമായ സ്നേഹബന്ധങ്ങൾകൊണ്ടും വളർത്തിയെടുത്തതാണ്. കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ പല വേദികളും ഞങ്ങൾക്ക് ഒരുമിച്ച് പങ്കെടുക്കുവാൻ സാധിച്ചിട്ടുണ്ട്. 1996-ൽ ഞാൻ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയുടെ പ്രസിഡണ്ടായി സേവനം അനുഷ്ഠിക്കു

മ്പോഴാണ് മലബാർ സ്വതന്ത്ര സുറിയാനി സഭയ്ക്ക് NCCI -ൽ അംഗത്വം അനുവദിക്കുന്നത്. തൊഴിയൂർ സഭയുടെ ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യയിലേക്കുള്ള പ്രവേശനം 2000-ത്തിൽ ഇന്തോനേഷ്യയിലെ സുലാവേസിയിൽ വെച്ച് കൂടിയ സമ്മേളനത്തിലായിരുന്നു. ആ സമ്മേളനത്തിൽ വെച്ചുതന്നെയാണ് CCA യുടെ പ്രസിഡണ്ടുമാരിൽ ഒരാളായി ഞാൻ തിരഞ്ഞെടുക്കപ്പെടുന്നതും. തൃശ്ശൂർ ജില്ലയുടെ ഒരു ചെറിയ കോണിൽ നിന്നും മലബാർ സ്വതന്ത്ര സുറിയാനി സഭയെ കൈപിടിച്ച് ആഗോള ക്രൈസ്തവ സഭയിലേക്ക് ആനയിച്ചത് ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ അക്ഷീണപരിശ്രമങ്ങളാൽ ആണ്. എക്യുമെനിക്കൽ ക്രിസ്റ്റ്യൻ സെന്റർ ബാംഗളൂർ, ഓയിക്കോ ക്രഡിറ്റ് നെതർലാന്റ്സ് എന്നിവയിലെ അംഗത്വങ്ങളും തിരുമേനിയുടെ പ്രവർത്തനങ്ങളുടെ അംഗീകാരമാണ്.

ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കൂടെ തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ പല പരിപാടികളിലും സംബന്ധിക്കുവാൻ ദൈവം എനിക്കു അവസരങ്ങൾ നൽകി. 1772-ൽ കാട്ടുമാങ്ങാട്ട ബാവാമാരാൽ പണി കഴിപ്പിച്ച തൊഴിയൂർ സെന്റ്. ജോർജ്ജ് ഭദ്രാസനദേവാലയം 1989 ഏപ്രിൽ 16ന് പുതുക്കി പണിത് കൂദാശ നടത്തിയപ്പോഴും, 1994 ഡിസംബർ മാസം 18ന് തൊഴിയൂർ സഭയും മാർത്തോമാ സഭയും തമ്മിലുള്ള സുദൃഢ ബന്ധത്തിന്റെ ശതാബ്ദി തൊഴിയൂർ സഭ, കുന്ദംകുളം സെൻറ് തോമസ് പള്ളിയിൽ വെച്ച് ആഘോഷിച്ചപ്പോഴും, 1995 ആഗസ്റ്റ് 27ന് എറണാകുളത്ത് തൊഴിയൂർ സഭയുടെ ദേവാലയം കൂദാശ നടത്തിയപ്പോഴും സഹകാർമ്മികനായി എനിക്ക് സംബന്ധിക്കുവാൻ സാധിച്ചത് ചാരിതാർത്ഥ്യജനകവും സ്മരണീയവുമാണ്.

1948 മെയ് മാസത്തിൽ തൊഴിയൂർ സഭയുടെ എല്ലാ ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ ആദ്യം കുന്ദംകുളം സെൻറ് തോമസ് പള്ളിയിലും പിന്നീട് അതേമാസം 14-ാം തിയതി തൊഴിയൂർ ഭദ്രാസനപള്ളിയിലും Dr. യുഹാന്നോൻ മാർത്തോമാ മെത്രാപ്പോലിത്തായുടെ മഹനീയ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് മലബാർ സ്വതന്ത്ര സുറിയാനി സഭയ്ക്ക് എഴുതപ്പെട്ട ഒരു ഭരണഘടനതയ്യാറാക്കി അംഗീകരിച്ച് സഭയുടെ നിലനിൽപ്പ്, ഭാവി പ്രവർത്തനങ്ങൾ എന്നിവയ്ക്ക് രൂപം നൽകി. ഭരണഘടനയിലെ സുപ്രധാനമായ രണ്ടു നിയമങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

1. എക്കാലവും തൊഴിയൂർ സഭ പൂർണ്ണ സ്വതന്ത്ര സഭയായിരുന്നിട്ടുള്ളതും, ദുർഘടഘട്ടത്തിൽ സഹോദരി സഭയായ മലങ്കര മാർത്തോമാ സഭയുടെ സഹകരണവും, ഉപദേശവും സ്വീകരിക്കുകയല്ലാതെ ഇതര സഭകളുമായി യാതൊരു വേഴ്ചയും ഈ സഭയ്ക്കില്ലാത്തതും ഉണ്ടാകാൻ പാടില്ലാത്തതുമാകുന്നു.
2. ഈ ഭരണഘടനസംബന്ധിച്ചോ മറ്റു കാര്യങ്ങൾ സംബന്ധിച്ചോ സഭാകാര്യങ്ങൾ കുഴപ്പത്തിലായാൽ സഭയിലെ പൂർവ്വപിതാക്കന്മാർ ചെയ്തിരുന്നപോലെയും, നടപ്പനുസരിച്ചും സഹോദരി സഭയായ മാർത്തോമാ സഭയിലെ മേലദ്ധ്യക്ഷന്മാരെ സമീപിച്ച് അവരുടെ ആലോചനയോടുകൂടി കുഴപ്പങ്ങൾ തീർക്കേണ്ടതാകുന്നു.

ഈ രണ്ടു നിയമവും, മലങ്കര മാർത്തോമാ സുറിയാനി സഭയും, മലബാർ സ്വതന്ത്ര സുറിയാനിസഭയും തമ്മിലുള്ള സഹോദരി ബന്ധത്തെ സുനിശ്ചിതമായി പ്രസ്താവിക്കുകയും മാർത്തോമാ സഭയോടുള്ള സ്നേഹവും ബഹുമാനവും സൂചിപ്പിക്കുകയും ചെയ്യുന്നു. തന്മൂലം ഈ കടമകൾ ദൈവകൃപയിൽ ആശ്രയിച്ച് നടത്താൻ എന്നെയും ദൈവം ഇപ്പോഴും ഉപയോഗപ്പെടുത്തികൊണ്ടിരിക്കുന്നു. സഭാമേലദ്ധ്യക്ഷ പദവിയിലെ ഇരുപത്തിയഞ്ചാം വർഷം ആഘോഷിക്കുന്ന ഈ വേളയിൽ എന്റെ ഇളയ സഹോദര മെത്രാച്ചന് മാർത്തോമാ സഭയുടെ പ്രാർത്ഥനയോടുകൂടിയ മംഗളാശംസകൾ!

***

JACOBITE SYRIAN CHRISTIAN CHURCH
(UNDER THE HOLY APOSTOLIC SEE OF ANTIOCH AND ALL THE EAST)

BASELIOS THOMAS I
CATHOLICOSE AND METROPOLITAN TRUSTEE
PATRIARCH IGNATIUS ZAKKA I IWAS CENTRE
(PATRIARCHAL CENTRE)
PUTHENCRUZ, ERNAKULAM, KERALA, INDIA
PIN- 682 308
PHONE : 0484-2732804 (Office)
0484 - 2732603, 2733200 (Personal)
Fax : 0484 - 2732804
E-mail : bavathirumeni@rediffmail.com
patriarchalcentre@yahoo.com

CATHOLICATE ARAMANA
MOUNT SINAI
COLLEGE P.O., KOTHAMANGALAM
KERALA, INDIA, PIN - 686 666
PHONE : OFFICE : 0485 - 2822485
PERSONAL : 0485 - 2822101
FAX : 0485 - 2825064

BASELIUS THOMAS I CATHOLICOSE
2002

Date...............................

തൊഴിയൂർ സഭയുടെ അഭി. മെത്രാപ്പോലീത്ത ജോസഫ് മാർ കൂറിലോസ് വലിയ മെത്രാച്ചന്

അഭി. തിരുമനസ്സുകൊണ്ട് മെത്രാപ്പോലീത്താ സ്ഥാനം ഏറ്റതിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ അങ്ങയോട് കുടെ സന്തോഷിക്കുവാനും അനുഗ്രഹത്തിൽ പങ്കുചേരുവാനും കഴിയുന്നത് ഒരു മഹാ ഭാഗ്യമായി ഞാൻ കരുതുന്നു. തിരുമനസ്സുകൊണ്ട് ഒരു ശെമ്മാശനായിരിക്കുന്ന കാലം മുതൽ ഈ കാലമത്രയുമുള്ള പരിചയം ആ വഴിക്കുള്ള സ്നേഹബന്ധം എല്ലാം ഭാഗ്യമായി ഞാൻ കരുതുന്നു. തിരുമേനിയെക്കുറിച്ച് ഒത്തിരി എഴുതുവാനും വെളിപ്പെടുത്തുവാനും ഉണ്ട് എങ്കിൽ തന്നെയും എന്റെ പ്രായവും തിരക്കും അത് നിവർത്തിപ്പാൻ കഴിയുന്നില്ല. യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയും തൊഴിയൂർ സഭയും ഒരേ രീതിയിൽ ആരാധനയിലും അർപ്പണത്തിലും വലിയ വ്യത്യാസങ്ങളില്ലാതെ ബന്ധപ്പെട്ടിരിക്കുന്നത് ഓർക്കുന്നു. അഭി. തിരുമേനിക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ ആവർത്തനപുസ്തകം 34:7 വാക്യം ദൈവതിരുസന്നിധിയിൽ സമർപ്പിച്ചും ഓർത്തും പ്രാർത്ഥിക്കാറുണ്ട്. ശേഷിക്കുന്ന കാലം പ്രാധാനാചാര്യത്വത്തിന്റെ എല്ലാ വിലയേറിയ അനുഗ്രഹങ്ങൾ അങ്ങേക്ക് ലഭിക്കാൻ വളരെ വിനയത്തോടെ പ്രാർത്ഥിക്കുന്നു. ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരു സ്മരണിക പ്രസദ്ധീകരിക്കുന്നു എന്നറിയുന്നതിൽ നാം സന്തോഷിക്കുകയും ആയതിന് ആശംസകൾ നേരുകയും ചെയ്യുന്നു, നിർത്തുന്നു.

കർത്താവിൽ എളിയ ശുശ്രുഷകൻ
പുത്തൻകുരിശ് പാത്രിയാർക്കാസെന്ററിൽ നിന്നും
ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക

Joseph Mar Koorilose Valia Metropolitan

Dear Thirumeni,

Glad to note that August 26 is completing 25 years of your ministry on Metropolitan. May God Almighty grant you health and peace of mind.

I recall with happy memories of the days you visited me as deacon accompanying Paulose Mar Philexinos Metropolitan and as priest with Mathews Mar Koorilos Metropolitan. I was present along with Bishop Poulose Mar Poulose for the consecration of your grace as 13th Metropolitan of the Independent Syrian Church. Some people say 13 is not a good number, but to me 13 is a good number as I was born on 13th June.

Your grace served with me as Vice President as I am the President of the Union Gospel Convention committee in Kunnamkulam. We worked together at Kerala Council of Churches, NCCI and other ecumenical bodies. I remember that I had a fear in my heart when you started driving your car while returning from Maramon Convention. At that time you had no much experience driving a car.

Your grace had been a chief guest in several functions of our Churches in Trichur.

We had mutual friends like Pastor Karl Heinz Kuhlmann of Germany, Dr. Sebastian Brock, Dr. David Taylor, and Dr. David Lane from England.

As Your Grace celebrates Silver Jubilee I pray God's blessings.

Yours in Christ,

MAR APREM

തൊഴിയൂരെ വലിയ മെത്രാപ്പോലീത്ത

വിശാല മനസ്സിന്റെ ഉടമ

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്ത ആയിരിക്കുന്ന ജോസഫ് മാർ കൂറീലോസ് തിരുമേനി മേലദ്ധ്യക്ഷ സ്ഥാനത്തേക്ക് പ്രവേശിച്ചതിന്റെ 25 ാം വാർഷീക സന്ദർഭത്തിൽ ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷം ഉണ്ട്. വ്യക്തികളെയും പ്രസ്ഥാനങ്ങളേയും അവരുടെ ദർശനങ്ങളേയും സാക്ഷ്യങ്ങളേയും പ്രവർത്തനങ്ങളേയും കുറിച്ച് വരും തലമുറയ്ക്ക് അറിയുവാനും പഠിക്കുവാനും വിലയിരുത്തുവാനും നിശ്ചയമായും സ്മരണികകൾ ഉപയുക്തമാവും എന്നതിന് സംശയമില്ല. അഭിവന്ദ്യ കുറീലോസ് വലിയ മെത്രാപ്പോലീത്തായുടെ മെത്രാൻ സ്ഥാനാഭിഷേക ശുശ്രൂഷയിൽ മാർത്തോമ്മ വലിയ മെത്രാപ്പോലീത്തായോടൊപ്പം പങ്കെടുത്തതും അന്നത്തെ വി. കുർബ്ബാന ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തതും അവിസ്മരണീയമായ ഒരനുഭവമായിരുന്നു. എന്റെ ശുശൂഷാ ജീവിതത്തിലെ ഒരു പ്രത്യേക അനുഭവമായി ഇന്നും അതിനെ ഞാൻ സന്തോഷപൂർവ്വം കാത്തു സൂക്ഷിക്കുന്നു. അക്കാരണം കൊണ്ടുതന്നെ തിരുമേനിയോട് പ്രത്യേകമായ ഒരു സ്നേഹവും വാത്സല്ല്യവും കരുതലും പുലർത്തുന്നതിന് എനിക്ക് കഴിഞ്ഞിട്ടുണ്ട്.

ചരിത്രപരമായി വളരെയേറെ പ്രാധാന്യമുള്ള ഒരു സഭയാണ് തൊഴിയൂർ സഭ. മാർത്തോമ്മ സഭയും മലബാർ സ്വതന്ത്ര സുറിയാനി സഭയുമായുള്ള ബന്ധം ആഗോള സഭയിൽ മറ്റേതെങ്കിലും സഭകൾ തമ്മിലുണ്ടോ എന്ന് സംശയമാണ്. നിസ്തുലവും മറ്റു മാതൃകകളില്ലാത്തതുമായ സവിശേഷമായൊരു ബന്ധവും കൂട്ടായ്മയുമാണ് ഈ രണ്ടു സഭകളും തമ്മിൽ നിലനിർത്തിപോരുന്നത്. ഇരു സഭകളിലേയും മേലധ്യക്ഷന്മാരുടെ സൗഹൃദവും സ്നേഹവും ദീർഘ ദർശനവും പ്രതിബദ്ധതയും ചരിത്രാവബോധവും എല്ലാമാണ് ഈ അതുല്ല്യ ബന്ധത്തെ ഊട്ടിയുറപ്പിക്കുന്നത്. മാർത്തോമ്മാ സഭയും തൊഴിയൂർ സഭയും തമ്മിലുള്ള ബന്ധം ദൃഢീകരിക്കുന്നതിന് കൂറീലോസ് വലിയ മെത്രാപ്പോലീത്ത നൽകിയിട്ടുള്ള സംഭാവനകൾ പ്രശംസനീയമാണ്.

ഞാൻ നോർത്ത് അമേരിക്ക- യൂറോപ്പ് ഭദ്രാസനത്തിന്റെ മേലദ്ധ്യക്ഷനായി ന്യൂയോർക്കിലുള്ള സീനായ് മാർത്തോമ്മാ സെന്ററിൽ പാർത്തു പ്രവർത്തിക്കുന്ന കാലഘട്ടത്തിലാണ് അദ്ദേഹത്തെ അടുത്തറിയുന്നതിനും കൂടുതലായി വ്യക്തി ബന്ധം സ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിനും ഇടയായത്. 1996 ൽ കൂറീലോസ് തിരുമേനി ആദ്യമായി അമേരിക്ക സന്ദർശിച്ച

EPISC
GOLDEN JUBILEE CELEBRATION
OF
MOS
PHILIPOSE MAR CHRYSOSTOM
RTHOMA METROPOLITAN
DHANUS

പ്പോൾ അതിനു വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്തു കൊടുക്കുവാൻ കഴിഞ്ഞുവെന്നതിൽ ഞാൻ ഏറെ കൃതാർത്ഥനാണ്. മാർത്തോമ്മ ഇടവകകൾ സന്ദർശിച്ച് കുർബ്ബാനഅനുഷ്ഠിക്കുന്നതിനും വചന ഘോഷണം നടത്തുന്നതിനും അനേക നഗരങ്ങൾ സന്ദർശിക്കുന്നതിനും ഭവനങ്ങളിൽ പാർക്കുന്നതിനും സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതിനും അറിവും അനുഭവവും സ്വായത്തമാക്കത്തക്കവണ്ണം ധാരാളം പരിപാടികൾ ക്രമീകരിക്കുന്നതിനും ഇടയായത് അദ്ദേഹത്തിന്റെ കാഴ്ചപ്പാടിലും പ്രവർത്തന ശൈലിയിലും വ്യതിയാനമുണ്ടാക്കുന്നതിന് സഹായകരമായിരുന്നു.

തൊഴിയൂർ പ്രദേശത്തെ ഒരു സഭയുടെ മെത്രാനായി ഒതുങ്ങികഴിയാമായിരുന്ന അദ്ദേഹം ഭാരതത്തിലും ഇംഗ്ലണ്ട്, നോർത്ത് അമേരിക്ക, യൂറോപ്പ് എന്നിവടങ്ങളിലെല്ലാം സഞ്ചരിച്ച് ആഗോള സഭകളെ കുറിച്ച് മനസ്സിലാക്കുകയും പല സഭകളുടേയും തലവൻമാരും നേതാക്കളുമായി ഫലപ്രദമായ കൂടിക്കാഴ്ചകൾ നടത്തുകയും പുരാതനമായ തൊഴിയൂർ സഭയെ കുറിച്ച് അവരെ ഗ്രഹിപ്പിക്കുകയും ചെയ്യുന്നതിന് നടത്തിയ ശ്രമം ശ്ലാഘനീയമാണ്. ആഒരു പാശ്ചാത്യ പര്യടനവും മറ്റു സഭാ നേതാക്കളുമായി ബന്ധപ്പെടുന്നതിന് ഒരുമ്പെട്ടതുമാണ് ബിഷപ്പ് ജോൺ ഫെൻവിക്കിനെപ്പോലുള്ള ഒരാൾ മലബാർ സ്വതന്ത്രസുറിയാനി സഭയുടെ ശ്രദ്ധേയമായ ചരിത്രം ആംഗലേയ ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതിന് സഹായകരമായി തീർന്നത്. തിരുമേനിയുടെ സൗഹൃദത്തിനും വിശാല വീക്ഷണത്തിനും ലഭിച്ച അർഹമായ പ്രതിഫലനമാണ് ആ രണ്ട് ഗ്രന്ഥങ്ങൾ. പല തവണ അദ്ദേഹം വിദേശ പര്യടനം നടത്തിയിട്ടുണ്ട്. ലോകമെമ്പാടും പല സഭകളിലുള്ള ആളുകളെ സുഹൃദ് വലയത്തിൽ കൊണ്ടുവരുന്നതിനും അവരുമായിട്ടുള്ള സ്നേഹബന്ധം അന്യോന്യം പുലർത്തുന്നതിനും കഴിയുന്നു എന്നത് സ്തുസ്ത്യർഹമായ ഒരു സിദ്ധി തന്നെയാണ്. അഖിലലോക സഭാ കൗൺസിലിന്റെ അംഗത്വം നേടുന്നതിന് അദ്ദേഹം കഠിനമായി യത്നിച്ചു. എങ്കിലും ചിലരുടെ അനുകൂലമല്ലാത്ത നിലപാടുകൾ ആഉദ്യമം ഫലപ്രദമാകുന്നതിന് സഹായിച്ചില്ല. തൊഴിയൂരിൽ ഒതുങ്ങി കഴിഞ്ഞിരുന്ന ഒരു സഭയെ അഖില ലോക വ്യാപകമായ എക്യുമിനിക്കൽ പ്രസ്ഥാനങ്ങളുമായി ഘടിപ്പിക്കുന്നതിനും സഭകളുടെ വിശാലപ്രവർത്തനമേഖലകളുമായി ബന്ധിപ്പിക്കുന്നതിനും തിരുമേനി നടത്തിയ യത്നങ്ങൾ അദ്ദേഹത്തെ വലിയ മെത്രാപ്പോലീത്ത എന്ന പേരിന് തികച്ചും അർഹനാക്കുന്നു. ദീർഘ നാൾ സഭയേയും ദേശത്തേയും സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും ആയുസ്സും ആരോഗ്യവും ദൈവം തമ്പുരാൻ തിരുമേനിക്ക് നൽകി ആശീർവദിക്കട്ടെയെന്ന് പ്രർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

എന്ന് കർത്തൃ ശുശ്രൂഷയിൽ
റൈറ്റ്. റവ. ഡോ. സഖറിയാസ് മാർ തെയോഫിലസ് സഫ്രഗൻ മെത്രാപ്പോലീത്ത
ഒലിവ് അരമന, ചെങ്ങന്നൂർ

അഭിവന്ദ്യ പിതാവേ,

അഭിവന്ദ്യ തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലിയാഘോഷത്തിന്റെ ഭാഗമായി ഒരു സ്മരണിക പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ അനല്പമായ സന്തോഷമുണ്ട്. അങ്ങയുടെ പൗരോഹിത്യത്തിന്റെ വഴികളിൽ ദൈവം ചൊരിഞ്ഞ അനവധിയായ കൃപകളേയോർത്ത് ദൈവത്തിന് നന്ദി അർപ്പിക്കുന്നു. മെത്രാനായി 25 വർഷം പൂർത്തിയാക്കുക എന്നത് എത്രയോ വലിയ ഭാഗ്യമാണ്.

മലങ്കര കത്തോലിക്ക സഭയോട് പ്രത്യേകിച്ച് തിരുവല്ലാ, മൂവ്വാറ്റുപുഴ രൂപതകളോട് അങ്ങ് കാണിക്കുന്ന സൗഹൃദവും സാഹോദര്യവും നന്ദിയോടെ സ്മരിക്കുന്നു. തിരുവല്ല അതിരൂപതയിലെ ഭാഗ്യസ്മരണാർഹനായ പീലക്സിനോസ് തിരുമേനിയുടെ കൈവയ്പിലൂടെയാണല്ലോ അങ്ങ് പൗരോഹിത്യത്തിലേക്ക് കടന്നു വന്നത്. തിരുമേനിയുടെ കബറടക്കശുശ്രൂഷയിൽ അങ്ങ് ആദ്യാവസാനം സംബന്ധിച്ച് പ്രാർത്ഥനഅർപ്പിച്ചതും ഇവിടെ സ്മർത്തവ്യമാണ്. മൂവാറ്റുപുഴ രൂപതയുടെ തൊഴിയൂരുള്ള മൈനർ സെമിനാരിയിൽ സ്നേഹവായ്പോടെ അങ്ങ് പലവട്ടം കടന്നുവന്നിട്ടുള്ളതും ഞാൻ അനുസ്മരിക്കുന്നു.

മെത്രാഭിഷേക രജതജൂബിലിയാഘോഷങ്ങളുടെ ഈ സുവർണ്ണനാളുകളിൽ അങ്ങയുടെ സന്തോഷത്തിൽ ഞാൻ പങ്കുചേരുന്നു. അനന്തകാരുണ്യവാനായ ദൈവം തന്റെ കൃപയും അനുഗ്രഹങ്ങളും നിരന്തരമായി അങ്ങയുടെമേൽ വർഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ഒപ്പം ജൂബിലി ആഘോഷങ്ങൾക്ക് എല്ലാ വിജയവും നേരുന്നു.

ക്രിസ്തുവിൽ സ്നേഹാശംസകളോടെ,

മോസ്റ്റ് റവ. ***ഡോ. തോമസ് മാർ കൂറിലോസ്***
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്



Yuhannon Mar Policarpos
Metropolitan

THRIKKUNNATH SEMINARY, ALUVA - 683101
Diocese of Ankamali& President OCYM

1995-ലെ സ്ലീബാ പെരുന്നാൾ ദിവസമാണ് കോലഞ്ചേരി മെഡിക്കൽ മിഷനിൽ നിന്ന് വെട്ടിക്കൽ സെന്റ് തോമാസ് ദയറായിലേക്ക് ഞാൻ എത്തിയത്. പരിശുദ്ധ പരുമല തിരുമേനിയുടെ കണ്ണുനീരോടുകൂടിയ ധ്യാനത്തിന്റേയും പ്രാർത്ഥനയുടേയും ദൈവീക സാന്നിദ്ധ്യം അവിടെയുള്ള പരിശുദ്ധ ദൈവാലയത്തിൽ കുടി കൊള്ളുന്നു. കൂടാതെ പ. കാട്ടുമങ്ങാട്ട് ഇളയ ബാവായുടെ ഭൌതീക ശരീര സാന്നിദ്ധ്യത്തിന്റെ പ്രഭയും ശ്രേഷ്ഠനായ വിശുദ്ധരുടെ പ്രാർത്ഥനാസാന്നിദ്ധ്യവും അവിടെയുണ്ട്. 1995 മുതൽ 13 വർഷത്തോളം അവിടെ താമസിച്ചു പ്രാർത്ഥിക്കുവാൻ കഴിഞ്ഞത് മുകളിൽ പ്രസ്താവിച്ചവരുടെ അനുഗ്രഹവും, ദൈവകൃപയും മൂലമാണ്.

ഈ കാലയളവിൽ എല്ലാ മാസവും ഒരു ദിവസം മുറതെറ്റാതെ തൊഴിയൂർ സഭയുടെ അഭിവന്ദ്യ കൂറിലോസ് തിരുമേനിയുടെ സന്ദർശനം എടുത്ത് പറയേണ്ടതാണ്. തേവനാൽ തടത്തിലെ ധ്യാനത്തിനും, പ്രാർത്ഥനയ്ക്കും, വി. കുർബ്ബാനക്കും ശേഷമാണ് അദ്ദേഹം ദയറായിൽ എത്തിയിരുന്നത്. പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പിനടുത്തും, പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവായുടെ കബറിങ്കലും അദ്ദേഹം പ്രാർത്ഥനാ നിരതനായി ധ്യാനിക്കുന്നത് കണ്ടിട്ടുണ്ട്. അതിനു ശേഷം ഞങ്ങൾ തമ്മിലുള്ള കുശലാന്വേഷണങ്ങളും, നർമ്മ സംഭാഷണങ്ങളും ഒരിക്കലും മറക്കാവുന്നതല്ല. അദ്ദേഹത്തിന്റെ ബന്ധുവായ രാജാമണി മാസ്റ്റർ ഞാൻ ഏറ്റവും സ്നേഹിക്കുന്ന എന്റെ ഗുരുഭൂതനാണ്. അദ്ദേഹം പിന്നീട് തേനിടുക്ക് മാർ ഗ്രീഗോറിയോസ് പള്ളിയിൽ സണ്ടേസ്കൂൾ അദ്ധ്യാപകനായും ഹെഡ്മാസ്റ്ററായും പ്രവർത്തിച്ചിട്ടുണ്ട്. ഈ രണ്ടു വിധത്തിലും തിരുമേനിയുമായി നല്ല സ്നേഹബന്ധം പുലർത്തുന്നതിന് സാധിച്ചിട്ടുണ്ട്. ആ ആത്മീയ ജ്യേഷ്ഠസഹോദരന്റെ സ്ഥാനാരോഹണത്തിന്റെ 25-ാം വാർഷികമാണ് എന്നറിയുന്നതിൽ അതിയായ സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. എന്റെ സ്ഥാനാരോഹണ ദിവസം പുതുപ്പള്ളി പള്ളിയിൽ സന്നിഹിതനാവുകയും, എനിക്കും, എന്നോടൊപ്പം സ്ഥാനമേറ്റ മറ്റു ആറു മെത്രാപ്പോലീത്തമ്മാർക്കും കുരിശുമാല സമ്മാനിക്കുകയും ചെയ്തത് നന്ദിയോടെ സ്മരിക്കുന്നു.

എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ അറിയിക്കുന്നു.

സ്നേഹാദരവോടും പ്രാർത്ഥനയോടും കൂടി
യുഹനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത

'The Most Rev. Joseph Mar Koorilose''
an Appreciation

(The **Right Revd Dr John Fenwick, (Yuhanon)**

Bishop of the Northern Diocese of the Free Church of England)



'It is an honour for me to be invited to write a piece to mark the Silver Jubilee of the Episcopal Ordination of my beloved brother, the Most Revd Joseph Mar Koorilose IX, Valiya Metropolitan of the Malabar Independent Syrian Church.

My association with Thirumeni began on the very day of his consecration as Metropolitan of the MISC in August 1986. For several years I had been doing doctoral research on the Liturgy of St James – the form of the Holy Qurbana used by the family of Syrian Churches to which the MISC belongs. In connection with this, I made contact with the Syrian Churches in the UK, among them the Mar Thoma Church, which at that time only had one congregation, in London. I worshipped with them on several occasions, and began to read histories of the St Thomas Christians. In my reading I found a few brief references, usually in footnotes to the 'Thozhiyur Church'. There were no details – just a little information about assistance with episcopal ordinations. I therefore wrote to Dr K.T. Joy, the Mar Thoma historian, and asked him for some more information about the 'Thozhiyur Church'. On the morning of 27· August 1986 – before Mar Koorilose's consecration service began – Dr Joy went to him and explained that, as had to leave early, he was rendering *kaimuthu* now, and at the same time he gave the soon-to-be bishop my letter and advised him to write to me. Thus it is that I have the privilege of being part of Thirumeni's life from the very beginning of his episcopal ministry.

Several weeks later the new Metropolitan – the youngest bishop in India – did indeed write to me. I still have the letter. As our correspondence progressed (there was no e-mail in those days and it took a few weeks for letters to go to the UK and back) we found many things in common and eventually Thirumeni kindly extended an invitation to visit Thozhiyur.

In October 1987 I came to Kerala for the first time, accompanied by the Revd Peter Hawkins, Rector of Solihull. Fr Peter and I had previously visited the Orthodox Church in Greece together, and were delighted to have the opportunity to get the know the ancient St Thomas Churches of India. We visited some other places in Kerala and I gave some lectures at the Mar Thoma Clergy Conference. Then, with great excitement, we travelled to Thozhiyur. We were immediately impressed by the beauty and antiquity of the place, but most of all by the hospitality shown to us by Mar Koorilose. Our first visit lasted only 48 hours, but in that time we were able to lay the foundations of a lasting respect and friendship in Christ.

Soon after returning to England I joined the staff of the Archbishop of Canterbury (Dr Robert Runcie) at Lambeth Palace in London as one of his Ecumenical Secretaries. This greatly enriched my experience and gave me an opportunity to give some help to the MISC. For example, along with Fr Peter Hawkins, I was able to arrange for Thirumeni to visit England for the first time and for him to come to Lambeth Palace to meet the Archbishop. When Archbishop Runcie retired, I was able to arrange for Mar Koorilose to be invited as a guest to the Enthronement of his successor, Dr George Carey. This was a splendid occasion at Canterbury Cathedral, with senior bishops from all over the world present. Thirumeni took his place among the representatives of Popes and Patriarchs. It was a great joy to see the MISC among the Christian Churches of the world. The day after the Enthronement Thirumeni had an audience with the new Archbishop and presented him with a beautiful carved eagle. During the years that followed, many more contacts were made with Christians in England, and so, in 1998, Mar Koorilose was invited to participate in the Lambeth Conference (a gathering of Anglican bishops from around the world, which takes place only once every ten years) as an Ecumenical Observer. This created a precedent which led to an invitation being extended ten years later to the Most Revd Cyril Mar Basilios. Thanks to the friendship and initiative of Mar Koorilose, the Metropolitans of the MISC are now able to move on a world stage.

One of Thirumeni's burning ambitions from the beginning of his episcopate was to make the MISC better known. At that time the only published history of the MISC was the small book in Malayalam by Fr K.C. Verghese. There also existed a few copies of a typescript English translation. Encouraged by Thirumeni, I brought a copy of the typescript back to England with me and began some further research. Thirumeni worked hard to discover many additional facts and to provide the photographs which are an important element of the resulting small book *The Malabar Independent Syrian Church*. This was published in England in 1992 by Grove Books, a small publishing company founded by Bishop Colin Buchanan, who had met Thirumeni when he came to Kerala to represent the Archbishop of Canterbury at the consecration of three bishops for the Mar Thoma Church in December 1989. Within a few years the book was out of print. Partly in response to it many more facts about the story of the

Puthenkuttukar began to be discovered. I therefore began to assemble even more information. On my subsequent visits to India, Thirumeni spent many hours answering my questions and tracking down rare manuscripts and archives. Other people were drawn into the project. Mr M.P. Kochumon provided me with some helpful evidence concerning the dating of the consecration of Mar Koorilose I. Thampi Master assisted with translations and other advice. Many other members of the MISC – priests and laity – gave me vast amounts of additional information in the course of many hours of discussions over the years. In England Dr David Taylor, Lecturer in Aramaic and Syriac at the University of Oxford, gave me a lot of help with Syriac texts. The members of the MISC Support Group supported me at every stage and financed some elements. The result was the publication in 2009 of a 636 page book – *The Forgotten Bishops: The Malabar Independent Syrian Church and its Place in the Story of the St Thomas Christians of Malabar*. This means that for the first time, there is a major academic study of the MISC available worldwide. I am proud to have written it, but the inspiration and vision came from Mar Koorilose.

One of the weaknesses of the MISC in the past has been its isolation. This has been something that Thirumeni has worked hard to change. His desire to see the books written and published was just one element of this. Another important fact has been his willingness to travel to new places, meet new people, and introduce them to the ancient Thozhiyur Church. In all this his motivation has been, not his own comfort or importance, but the well-being of the Church whose care was entrusted to him at his consecration. As part of this, he has been able to give opportunities for some of his priests to travel outside India, thus broadening their own experience and perspective. He has encouraged a constant succession of visitors from around the world to visit St George's Cathedral and the MISC parishes. In the UK he has visited many parishes and met many bishops and priests. He has also had meetings with Christian Aid and other bodies. During these visits it has also been possible for us to assist in a small way with Thirumeni's hearing problems. Dr John Graham of St Luke's Hospital for the Clergy, for example, performed an important operation on his ear drums.

Thirumeni has always had a strong sense of history. It was therefore particularly significant that he and Mar Basilios were able to enact a significant 'parallel' in the story of the MISC: in 1894 two Metropolitans left Thozhiyur and travelled to Kottayam to consecrate Titus I Mar Thoma as bishop in the Church of God. In 2006 two Metropolitans left Thozhiyur and travelled to England to take part in the consecration of two new bishops – the Right Revd Paul Hunt and myself. This was a highly significant event in our lives and in the life of the Free Church of England in which we minister. I am immensely proud and humbled by the fact that Mar Koorilose I Bava and the other Metropolitans of the MISC are now my spiritual fathers as well. The fact that this is so is due to Thirumeni's generous ecumenical vision. It was therefore a particular pleasure to be honoured with a reception at St George's Cathedral in 2009, accompanied by the Very Revd Dr Phillip Tovey, Ramban. I am most grateful for the inscribed *sleeba* presented to me on that occasion.

My strongest memories of Mar Koorilose IX, however, are not of the big international events, but of a humble man of prayer, whose life is centred on daily worship and the Holy Qurbana, and who loves people (including, of course, his own family, who have given so much support to his ministry). Time after time I have travelled with him to ordinary people's homes – in times of sorrow and in times of joy – and have watched him talk with them, share their experience, pray with them, and bring the grace of Jesus Christ into their situation. Those elements of a bishop's ministry are seldom written about in the history books, but I have no doubt that in the eyes of God they are the most important. To myself, to Janet Elisabeth Kochamma, and to our children, Craster, Louise and David, he has been a respected guest and beloved friend. I pray that God will continue to bless and sustain him in the years to come.

In the providence of God, it is now 25 years since we learned of each other's existence. May God continue to Bless Koorilose Thirumeni for many more years!

Yuhanon Thirumeni (Rt.Rev.Dr.John Fenwick), Jannet Kochamma, Craster, David, Louis _Cumbria, UK

Mar Thoma Syrian Church of Malabar

KOTTAYAM - KOCHI DIOCESE

അഭിവന്ദ്യ കൂറിലോസ് മെത്രാപ്പോലിത്താ തിരുമേനി മേല്പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിച്ചിട്ട് 25 വർഷങ്ങൾ പൂർത്തീകരിക്കുകയാണ്. ഇത് ദൈവത്തെ സ്തുതിപ്പാനും മഹത്വപ്പെടുത്താനും സർവ്വോപരി കർത്തൃസന്നിധിയിൽ പുനഃപ്രതിഷ്ഠ ചെയ്യുവാനുമുള്ള അവസരമാണ്. അദ്ദേഹത്തിൽ നിന്ന് സഭയ്ക്കും സമൂഹത്തിനും ലഭിച്ചിട്ടുള്ള ശുശ്രൂഷകൾ ഏറെയാണ്. അതുകൊണ്ട് തന്നെ തൊഴിയൂർ സഭയും, സുഹൃത്തുക്കളും ഈ അവസരം ധന്യമായി കണക്കാക്കുന്നു.

എനിക്ക് തിരുമേനിയുമായുള്ള പരിചയം ഞങ്ങൾ അച്ചന്മാരായി ശുശ്രൂഷ ചെയ്യുന്ന കാലം മുതൽ ആരംഭിക്കുന്നു. ചെറിയ പ്രായത്തിൽ തന്നെ മേൽപട്ടത്വ ശുശ്രൂഷക്ക് വിളിക്ക വഴി ദീർഘനാൾ സഭയ്ക്ക് നേതൃത്വം നൽകാൻ വലിയ തിരുമേനിക്ക് ദൈവം തമ്പുരാൻ അവസരം നൽകുന്നു.

അദ്ദേഹത്തിന്റെ റമ്പാൻ അഭിഷേക ശുശ്രൂഷയിലും, സ്ഥാനാരോഹണ ശുശ്രൂഷയിലും സംബന്ധിച്ചത് നന്ദിയോടെ ഓർക്കുന്നു. സഭയുടെ പ്രതിസന്ധി ഘട്ടത്തിലാണല്ലോ അദ്ദേഹം സഭയുടെ നേതൃത്വം ഏറ്റെടുത്തത്. ഏറ്റവും വിശ്വസ്തതയോടും, ദീർഘവീക്ഷണത്തോടും കൂടി ആ ശുശ്രൂഷകൾ നിർവ്വഹിക്കാൻ സാധിച്ചിരുന്നുവെന്ന് പറയാതിരിക്ക വയ്യ. തുറന്ന മനസ്സും മറ്റുള്ളവരെ മാനിക്കുവാനുള്ള വിശാല ഹൃദയവും, വിനയവും, സർവ്വോപരി ദൈവാശ്രയവും ചെറിയ സഭയെ ലോകത്തിലെ മറ്റു സഭകളുമായി ബന്ധപ്പെടുത്തുന്നതിന് നേതൃത്വം നൽകി. മാർത്തോമ്മാ സഭയുമായുള്ള ബന്ധം പൂർവ്വപിതാക്കന്മാർ ആരംഭിച്ചത് അഭംഗുരം തുടരുന്നതിനും അരക്കിട്ടുറപ്പിക്കുന്നതിനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഇംഗ്ലണ്ടിൽ ഉള്ള ആംഗ്ലിക്കൻ സഭയുമായുള്ള ബന്ധം ഈ പൗരാണിക സഭയ്ക്ക് ഏറെ ശക്തി പകരുന്നതിന് തിരുമേനിയുടെ ആഗോളദർശനം ഏറെ സഹായിച്ചിട്ടുണ്ട്. മലങ്കര സഭയിൽ എപ്പിസ്ക്കോപ്പസി നിലനിർത്തുന്നതിന് ഈ സഭയുടെ പിതാക്കന്മാർ നൽകിയ സന്മനസ് ഈ സഭയെ മലങ്കര സഭയുടെ ചരിത്രത്തിൽ വ്യത്യസ്തയാക്കുന്നു.

പാലാരിവട്ടത്ത് ഞാൻ വികാരിയായി ശുശ്രൂഷ ചെയ്യുമ്പോൾ ക്രിസ്തുമസ്സ് കരോളിന് വന്ന് മുഖ്യ സന്ദേശം നൽകി സഹായിച്ചത് നന്ദിയോടെ സ്മരിക്കുന്നു. വിദേശത്ത് വികാരിയായി ശുശ്രൂഷ ചെയ്ത കാലഘട്ടത്തിലും എപ്പിസ്ക്കോപ്പാ ആയി ശുശ്രൂഷ ചെയ്തിരുന്നപ്പോഴും തിരുമേനിയുടെ സന്ദർശനം ആ ബന്ധം വർദ്ധിപ്പിക്കുന്നതിനിടയാക്കി.

ഞങ്ങൾ മൂന്നുപേർ മാർത്തോമ്മാ സഭയിൽ എപ്പിസ്ക്കോപ്പൽ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടപ്പോൾ തൊഴിയൂർ സഭയുടെ ആസ്ഥാനത്ത് ഞങ്ങൾക്ക് സഭയായി നൽകിയ സ്വീകരണം നന്ദിയോടെ സ്മരിക്കുന്നു.

ഞാൻ ജനിച്ചു വളർന്ന ചീരൻ കുടുംബവും, തൊഴിയൂർ സഭയും തമ്മിലുള്ള ബന്ധം 1700കളിൽ തുടങ്ങിയതാണ്. ആ സൗഹൃദം അഭംഗുരം തുടരുവാൻ ശ്രമിക്കുന്നുണ്ട്. തൊഴിയൂർ സഭയുടെ ആവശ്യാവസരങ്ങളിലൊക്കെ സ്വയം മറന്ന് ചീരൻ കുടുംബത്തിലെ കാരണവന്മാർ ചെയ്ത സഹായം സഭാനേതൃത്വം സന്തോഷത്തോടെ ഇപ്പോഴും ഓർക്കാറുണ്ട്. അതുകൊണ്ട് തന്നെയാണ് മാർത്തോമാ സഭയിൽ പിന്തുടർച്ചക്കാരില്ലാതെ തോമസ് മാർ അത്താനേഷ്യസ് മെത്രാപ്പോലിത്താ കാലം ചെയ്തപ്പോൾ എന്റെ പിതാമഹൻ ചീരൻ ഇട്ടിമാണിക്ക് തൊഴിയൂർ സഭയുടെ മെത്രാപ്പോലിത്താമാരെ കോട്ടയത്ത് എത്തിക്കാൻ സാധിച്ചത്. ആ സ്നേഹബന്ധം ഇന്നും തുടരുന്നു എന്ന് പ്രത്യേകം പ്രസ്താവ്യമാണ്.

പുതിയ എപ്പിസ്ക്കോപ്പായെ തൊഴിയൂർ സഭയിൽ വാഴിച്ചപ്പോഴും ആ ശുശ്രൂഷയിൽ സംബന്ധിപ്പാൻ എനിക്കും അവസരം ലഭിച്ചിരുന്നു. പ്രായം അധികമില്ലെങ്കിലും എപ്പിസ്ക്കോപ്പാ തിരുമേനിയെ ബസേലിയോസ് മെത്രാപ്പോലിത്താ എന്നപേരിൽ വാഴിച്ച് ഭരണാധികാരം അദ്ദേഹം സസന്തോഷം ഏല്പിച്ചത് പ്രത്യേകം എടുത്തു പറയേണ്ടതാണ്.

പുതിയ മെത്രാപ്പോലിത്തായോടൊപ്പം വലിയ മെത്രാപ്പോലിത്തയായി അനുഗ്രഹകരമായ നേതൃത്വം സഭയ്ക്കും സമൂഹത്തിനും നൽകുവാൻ അദ്ദേഹത്തിന് ഇടയാകട്ടെയെന്ന് മേൽപ്പട്ടത്വ ശുശ്രൂഷയുടെ ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ ആശംസിക്കുന്നു. ആയുരാരോഗ്യത്തോടെ ദീർഘനാളുകൾ കർത്തൃസേവയിൽ തുടരുവാൻ ദൈവം തമ്പുരാൻ ഇടയാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനയോടെ,

യുയാക്കീം മാർ കൂറിലോസ് എപ്പിസ്ക്കോപ്പ
ബഥേൽ അരമന

JACOBITE SYRIAN CHRISTIAN CHURCH
(UNDER THE HOLY APOSTOLIC SEE OF ANTIOCH & ALL THE EAST)

Kyomtha Seminary, Thiruvamkulam - 682 305,
Ernakulam, Kerala,
Phone : 0484 - 2777400,
Fax : 0484 - 2778320

JOSEPH MOR GREGORIOS
METROPOLITAN OF KOCHI DIOCESE

അഭിവന്ദ്യ തിരുമേനി,

അഭി. തിരുമേനി മെത്രാപ്പോലീത്താ ആയിട്ട് 25 വർഷം തികയുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷിക്കുകയും, ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ സ്ഥാപകനായ കാട്ടുമങ്ങാട്ട് ബാവായുടെ ദേശക്കാരൻ എന്ന നിലയ്ക്ക് ആ സഭയോടും, അങ്ങയോടും എനിക്ക് പ്രത്യേക സ്നേഹവും വാത്സല്യവും ഉണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. യാക്കോബായ സഭയും അതിന്റെ തലവനായ പരി. പാത്രിയർക്കീസ് ബാവായും, കതോലിക്കാ ബാവായും, സഭയിലെ മറ്റു മെത്രാപ്പോലീത്തമാരുമായി അടുത്ത ബന്ധം പുലർത്തുന്ന അങ്ങ് മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വളർച്ചക്കും, പുരോഗതിക്കും, വേണ്ടി വളരെയേറെ ത്യാഗം സഹിച്ചിട്ടുണ്ട്. എന്നുള്ള യാഥാർത്ഥ്യം ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരിക്കുന്നു. ആഗോളതലത്തിൽതന്നെ അങ്ങയുടെ സഭയുടെ യശസ്സ് ഉയർത്തുന്നതിന് അഭി. തിരുമേനി വഹിച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്. എക്യുമിനിക്കൽ പ്രസ്ഥാനങ്ങളിൽ കൂടിയും, ഈ സഭയുടെ പ്രശസ്തി വർദ്ധിപ്പിക്കുവാൻ അഭി. തിരുമേനി ചെയ്യുന്ന യത്നങ്ങൾ ശ്ലാഘനീയമാണ്. അങ്ങയുടെ ജൂബിലിയോടനുബന്ധിച്ച് ഒരു സ്മരണിക പ്രകാശനം ചെയ്യുന്നത് ആ സഭാംഗങ്ങൾക്കും അങ്ങയുമായും ആ സഭയുമായും ബന്ധം പുലർത്തുന്ന ഇതര സഭകൾക്കും അങ്ങയുടെ സഭയെകുറിച്ചും, അങ്ങയെ കുറിച്ചും കൂടുതൽ അറിയുവാൻ സഹായിക്കുമെന്നത് സന്തോഷകരമായ ഒരു അനുഭവമാണ്. അനേകം പ്രതിസന്ധികളിൽ കൂടി കടന്നുപോയിട്ടുള്ള അങ്ങേയ്ക്ക് ദൈവത്തിന്റെ അളവറ്റ കരുതലും, സഹായവും ഉണ്ടായിരുന്നു എന്നുള്ളത് ഒരു യഥാർത്ഥ്യമാണ്. അങ്ങയുടെ ഈ ജൂബിലി വർഷത്തിൽ ഹൃദയംഗമമായ ആശംസകൾ നേരുകയും, ആരോഗ്യത്തോടെ അനേക വർഷങ്ങൾ സഭാനൗകയെ നയിക്കുവാൻ സർവ്വശക്തനായ ദൈവം അനുഗ്രഹങ്ങൾ ചൊരിയട്ടെ എന്ന വിനയത്തോടെ പ്രാർത്ഥിക്കുകയും സ്മരണികയ്ക്ക് എല്ലാവിധ ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു.

ജോസഫ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത

Mar Thoma Syrian Church of Malabar

Ranny - Nilackal Diocese

തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ മെത്രാപ്പോലീത്താ എന്ന നിലയിൽ കാൽ നൂറ്റാണ്ട് പിന്നിടുന്ന ഈ അവസരത്തിൽ ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ അതിയായി സന്തോഷിക്കുന്നു. മാർത്തോമ്മാ സഭയിൽ എപ്പിസ്ക്കോപ്പാമാരായി സ്ഥാനമേറ്റശേഷം തൊഴിയൂർ സഭയുടെ കുന്നംകുളത്തുള്ള ആസ്ഥാനത്തിലേക്ക് ഞങ്ങൾക്ക് (മാർ അത്താനാസ്യോസ്, മാർ തിയഡോഷ്യസ്, മാർ കുറിലോസ്) നൽകിയ സ്വീകരണം ഓർക്കുന്നു. ലളിതവും, ഹൃദ്യവും, ഉഷ്മളവുമായ ആ സ്വീകരണം ഇന്നും മനസ്സിൽ തങ്ങി നിൽക്കുന്നു. തിരുമേനി ഞങ്ങളുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ വന്ന് സംബന്ധിച്ചതും സന്തോഷത്തോടെ ഓർക്കുന്നു.

മാർത്തോമ്മാ സഭയുമായുള്ള ബന്ധം ചരിത്രപരമായി അവിസ്മരണീയമായിട്ടുള്ളതാണല്ലോ. ഇരു സഭകളുടേയും വിഷമ സന്ധികളിൽ അന്യോന്യം സഹായിച്ചിട്ടുള്ളത് നന്ദിയോടെ ഓർക്കുന്നു.

മെത്രാപ്പോലിത്തൻ സ്ഥാനാരോഹണ രജതജൂബിലി കൊണ്ടാടുന്ന ഈ അവസരത്തിൽ ആയുരാരോഗ്യ സൗഖ്യം നേരുന്നു. ശുശ്രൂഷയുടെ വിശാലമായ പാതയിൽ ഇനിയും ബഹുദൂരം സഞ്ചരിച്ച് മഹിതകർമ്മങ്ങളാൽ സ്വജീവിത ഹർമ്മ്യത്തോടും, സഭാ ഗാത്രത്തോടും പുത്തനുടുപ്പുകൾ കൂട്ടിച്ചേർക്കുന്നതിന് കരുണാസമ്പന്നനായ കർത്താവ് സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും, രജതജൂബിലിയോടനുബന്ധിച്ച് ആവിഷ്കരിക്കുന്ന എല്ലാ പരിപാടികൾക്കും വിജയം ആശംസിക്കുകയും ചെയ്യുന്നു.

എന്ന്, കർത്തൃശുശ്രൂഷയിൽ
ഗീവർഗീസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ

MALANKARA CATHOLIC CHURCH
DIOCESE OF MUVATTUPUZHA

Dr.Abraham Mar Julios Kackanatt
Bishop Muvattupuzha

His Grace,
Most Rev. Joseph Mar Koorilose
Valiya Metropolitan
Malabar Independent Syrian Church
Thozhiyoor- 680 520
Thrissur Dist.

Your Grace,

I am glad to learn that Your Grace is celebrating the Silver Jubilee of Your Episcopal Ordination. This gives us an occasion to "count our blessings" in the past and to reflect on our present ecclesial position in a larger ecumenical context.

The Eparchy of Muvattupuzha joins with the clergy and faithful of the Malabar Independent Syrian Church in felicitating Your Grace and prays for your good health. May your future pastoral leadership produce much more fruits in the vineyard of the Lord!

Yours sincerely in the service of the Lord,

Abraham Mar Julios,
Metropolitan of Muvattupuzha

The DIOCESE OF NORTH AMERICA & EUROPE
The Mar Thoma Church

The Rt. Rev. Dr. Geevarghese MarTheodosius
Diocesan Bishop
Sinai Mar Thoma Center
2320 S. Merrick Avenue
Merrick NY 11566
Tel (516) 377-3311
(516) 377-0188

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ (തൊഴിയൂർ) 13-ാംമത് മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്താ മെത്രാഭിഷിക്തനായിട്ട് കാൽ നൂറ്റാണ്ട് പിന്നിടുന്നതിനോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. തികച്ചും സാധാരണത്വത്തിന്റേയും സമ്പൂർണ്ണ സമർപ്പണത്തിന്റേയും വിനയത്തിന്റേയും ഉടമയായ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്താ സഭാ ജനങ്ങളുടെ നിറവുകളിലും നിനവുകളിലും ആത്മീയ ആരവമുണർത്തി, അവരുടെ മനസ്സും മനസ്സാക്ഷിയും തൊട്ടറിഞ്ഞ ഇടയശ്രേഷ്ഠനാണ്. ക്രൈസ്തവ സഭകളുടെ ഔദ്യോഗിക പദവികൾ അലങ്കരിക്കുന്ന ശ്രേഷ്ഠ മഹാപുരോഹിതർക്ക് മാതൃകയാണ്.

ഈ ചരിത്രവേളയുടെ ഹൃദയത്തുടിപ്പുകളോട് ചേർത്തുവെക്കുവാൻ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെയും മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെയും സ്നേഹബന്ധത്തിന്റെ ആഴങ്ങളിലേക്ക് കൈചൂണ്ടുന്ന സഭാ ചരിത്രത്തിലെ ചില ഏടുകൾ പരാമർശിക്കട്ടെ. 1763-ന് ശേഷമുള്ള സ്വതന്ത്ര മലങ്കര സഭയിൽ നിന്നും അന്നത്തെ സാഹചര്യ സമ്മർദ്ദ തന്ത്രങ്ങളെക്കൊണ്ട് കൊച്ചിരാജ്യം വിട്ട് ഓടിപ്പോകേണ്ടി വന്ന കാട്ടുമങ്ങാട്ട് അബ്രഹാം മാർ കൂറിലോസ് മെത്രാപ്പോലീത്തായാൽ 1772-ൽ മലബാറിന്റെ തെക്ക് കിഴക്കറ്റത്തുള്ള തൊഴിയൂർ ഗ്രാമത്തിൽ സ്ഥാപിതമായതാണ് തൊഴിയൂർ സഭ. കൂനൻ കുരിശ് സത്യത്തിന് ശേഷമുള്ള പുരാതനമലങ്കര സഭയിൽനിന്ന് വേർപെട്ട ആദ്യ സുറിയാനി സഭാവിഭാഗമാണ് തൊഴിയൂർ സഭ അഥവാ മലബാർ സ്വതന്ത്ര സുറിയാനി സഭ. മാതൃ സഭയായ അവിഭക്ത മലങ്കര സഭയിലേക്ക് കോട്ടയം പഴയ സെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ ജോസഫ് മാർ ദിവാന്നാസ്യോസ് മെത്രാപ്പോലീത്തായടക്കം 1815-നും 1825-നും ഇടയ്ക്ക് മൂന്നു മെത്രാപ്പോലീത്താമാരെ വാഴിച്ചു കൊടുക്കുവാനും മലങ്കരസഭ മെത്രാപ്പോലീത്തായുടെ പദവി രണ്ടു തവണ അലങ്കരിക്കുവാനും ദൈവികപദ്ധതിയനുസരിച്ച് തൊഴിയൂർ സഭയുടെ നാലാമൻ മെത്രാപ്പോലീത്തായ്ക്ക് സാധിച്ചിട്ടുണ്ട്.

മലങ്കര സഭയിൽ നിന്ന് അന്നത്തെ സഭയ്ക്കകത്തുള്ള അനാചാരങ്ങൾക്കെതിരെ ഒരു നവോത്ഥാനം വേണമെന്നാഗ്രഹിച്ച് മലങ്കര മാർത്തോമ്മാ സുറിയാനി സഭ 1836-ൽ വേർപെടേണ്ടി വന്നു. 1863-ൽ തൊഴിയൂർ സഭയുടെ സ്വത്ത് കൈക്കലാക്കാൻ മലങ്കര സഭ നല്കിയ കേസിൽ തൊഴിയൂരിലെ സുറിയാനി സഭ മലബാറിലെ ഒരു സ്വതന്ത്ര സുറിയാനി സഭയാണെന്ന് കോടതി വിധിക്കുകയുണ്ടായി. അന്നു മുതലാണ് തൊഴിയൂർ സഭ മലബാർ സ്വതന്ത്ര സുറിയാനി സഭ എന്ന പേരിൽ ശക്തമായി അറിയപ്പെടാൻ തുടങ്ങിയത്. അന്ത്യോഖ്യയിൽ നിന്നു കൈവെപ്പു ലഭിച്ച മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ആദ്യ മെത്രാപ്പോലീത്തയായി അറിയപ്പെടുന്ന പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസ്യോസ് തൊഴിയൂർ സഭയ്ക്ക് 1857-ൽ യൗസേഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെ വാഴിച്ചു നൽകിയ സമയം മുതൽ ആ രണ്ടു പിതാക്കന്മാർ തമ്മിലുള്ള സ്നേഹബന്ധം വർദ്ധിച്ചു. പിൻകാലത്ത് 1893-ൽ മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ തോമസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്ത തിരുമേനി പിൻഗാമിയെ വാഴിക്കാതെ കാലം ചെയ്തപ്പോൾ, തൊഴിയുരിലെ ജോസഫ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും സഫ്രഗൻ ഗീവർഗ്ഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്തായും വധ

ഭീഷണിയെപ്പോലും തൃണവൽക്കരിച്ചാണ് കോട്ടയം ചെറിയ പള്ളിയിൽ എഴുന്നെള്ളി മാർത്തോമ്മാ സഭയ്ക്ക് എപ്പിസ്ക്കോപ്പസി നിലനിർത്തുവാൻ 1894-ൽ തീത്തൂസ് പ്രഥമൻ മാർത്തോമ്മാ മെത്രാപ്പോലീത്തായെ വാഴിച്ചു കൊടുത്തത്.

1935 മുതൽ 1986 വരെ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മെത്രാപ്പോലീത്താമാർ മലബാർ സ്വതന്ത്ര സുറിയാനി സഭക്ക് അഞ്ച് മെത്രാപ്പോലീത്താമാരെ വാഴിച്ചു നല്കിയിട്ടുണ്ട്. കാലം ചെയ്ത അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായാണ് 1986 ആഗസ്റ്റ് 27-ന് അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനിയെ മെത്രാപ്പോലീത്തായായി വാഴിച്ചത് എന്നത് ഒരു ചരിത്ര നിയോഗമായി കാണുന്നു. അങ്ങനെഅന്ത്യോക്ക്യയിൽ നിന്നും ലഭിച്ച കൈവെപ്പാണ് മലങ്കര മാർത്തോമ്മാ സഭയും തൊഴിയൂർ സഭയും ഇന്നും അന്യോന്യം തുടരുന്നത്. ആചാരാനുഷ്ഠാനങ്ങളിൽ ബാഹ്യമായി മലങ്കര മാർത്തോമ്മാ സഭയും തൊഴിയൂർ സഭയും തമ്മിൽ ചില വ്യത്യാസങ്ങൾ ഇന്നും ഉണ്ടെങ്കിലും, ക്രിസ്തുവിലുള്ള അടിസ്ഥാനവിശ്വാസം മുറുകെ പിടിച്ചുകൊണ്ട് നാളിതുവരെയും പരിപൂർണ്ണ സോദരീ ബന്ധത്തിൽ നിലനില്പാൻ ദൈവം സഹായിച്ചു എന്നുള്ളത് പ്രസ്താവ്യമായ കാര്യമാണ്. ലോകത്തിലെ എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് മുന്നോടിയായി ഭവിച്ച ഒരു മാതൃകയാണ് മലങ്കര മാർത്തോമ്മാ സുറിയാനി സഭയും മലബാർ സ്വതന്ത്ര സുറിയാനി സഭയും തമ്മിലുള്ള ബന്ധവും പ്രവർത്തനങ്ങളും

ജീവിതം നമുക്കു തരുന്ന സമ്മാനമാണല്ലോ മനസ്സിലെ മങ്ങലേൽക്കാത്ത ഓർമ്മകൾ. ഹൃദയബന്ധത്തിന്റെ സൗമ്യശീലങ്ങൾ കാത്തു സൂക്ഷിക്കുന്ന അങ്ങയുടെ സ്നേഹത്തണലിൽ ചെലവഴിച്ച നിമിഷങ്ങൾ ധന്യനിമിഷങ്ങളായി ഓർമ്മകളിൽ നിറഞ്ഞു നിൽക്കുന്നു. ദൈവനിവേശിതമായ ജീവിതം സന്ദേശമാകുമ്പോൾ മാത്രമേ പൗരോഹിത്യം സാർഥകമാകുകയുള്ളു. ദൈവിക രഹസ്യങ്ങളുടെ ജീവിക്കുന്ന സുവിശേഷമായിരിക്കണം മേല്പട്ടക്കാർ. അഭിവന്ദ്യനായ അങ്ങയ്ക്ക് എല്ലാവിധ ആശംസകളും നന്മകളും നേരുന്നു.

ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ്
എപ്പിസ്ക്കോപ്പ

Mar Thoma Syrian Church of Malabar

Adoor Diocese

Joseph Mar Barnabas Episcopa



അഭിവന്ദ്യനായ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപോലീത്താ തിരുമേനിയുടെ പട്ടാഭിഷേകത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം കൊണ്ടാടുന്ന ഈ ശുഭ‘വേളയിൽ തിരുമനസ്സിലേക്ക് എല്ലാ ‘ഭാവുകങ്ങളും ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായും സഭാനൗകയുടെ നല്ല അമരക്കാരനായും ഈ കാലഘട്ടത്തിൽ ദൈവം തിരഞ്ഞെടുത്ത് അഭിഷേകം ചെയ്ത വന്ദ്യ തിരുമേനിയെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. മലങ്കര മെത്രാപ്പോലീത്താ, ആറാം മാർത്തോമ്മാ തിരുമേനി പഴയ കൂറ്റുകാരുടേയും മെത്രാനായി അവരുമായി പുനരൈക്യപ്പെട്ട സന്നിഗ്ദ്ധാവസ്ഥയിൽ മലങ്കരയ്ക്കു വേണ്ടിവാഴിക്കപ്പെടുകയും പിന്നീട് വിപതി വിപരീത കാരണങ്ങളാൽ തിരുവിതാംകൂറിനു വെളിയിൽ പോകുന്നതിന് നിർബന്ധിതനാക്കപ്പെടുകയും ചെയ്ത പുണ്യ ചരിതനായ കാട്ടുമങ്ങാട്ട് തിരുമേനിയുടെ പിന്തുടർച്ചയിൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായി പ്രവർത്തിക്കുന്നതിന് ഇടയായത് ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടൽ മൂലമെന്ന് ചരിത്രം സാക്ഷിക്കുന്നു. തൊഴിയൂർ സഭ അഭിവന്ദ്യ തിരുമേനിയുടെ ഭരണകാലത്ത് ഏറ്റം ഉന്നതിയിലേക്കും ശ്രേയസ്സിലേക്കും എത്തിച്ചേർന്നു. തന്റെ മുൻഗാമികളായ മെത്രാപ്പോലീത്താമാർക്ക് എത്തിചേരാൻ കഴിയാത്ത അനേക പടവുകൾ തിരുമേനി സ്വായത്തമാക്കി. അനേക വിദേശ സഞ്ചാരങ്ങളിലൂടെ നേടിയെടുത്ത സൗഹൃദവും വിജ്ഞാനവും തൊഴിയൂർ സഭയെ മറ്റു സഭകളുടേയും സമൂഹത്തിന്റേയും മദ്ധ്യത്തിൽ അതിന്റെ യശസ്സ് ഉയർത്തി കാണിക്കുന്നതിന് ഏറെസഹായകമായിട്ടുണ്ട്.

ഇംഗ്ലണ്ടിൽ തൊഴിയൂർ സഭയ്ക്ക് സ്നേഹിതരായി ഒരു സംഘടനതന്നെ പ്രവർത്തിക്കുന്നു. പ്രശസ്ത എഴുത്തുകാരനും സഭാ ചരിത്രകാരനുമായ ഇംഗ്ലണ്ടിലെ റിഫോം ആഗ്ലിക്കൻ ബിഷപ്പ് Dr. Fenwick-ന്റെ സഹകരണത്തിൽ തൊഴിയൂർ സഭയുടെ ചരിത്രം, ഊനമറ്റതും അണമുറിയാത്തതുമായ കൈവയ്പ്പ് തുടങ്ങിയ കാര്യങ്ങൾ ഏറെ വ്യക്തമാക്കുന്നതിന് സഹായകമായ രണ്ട് വിശിഷ്ട ഗ്രന്ഥങ്ങൾ തിരുമേനിയുടെ ഉത്സാഹത്തിൽ പുറത്തിറങ്ങുകയുണ്ടായി. ഭദ്രാസനപള്ളിയുടെ പുനർനിർമ്മാണത്തിലും അഭി. തിരുമേനിയുടെ വലിയ സ്വാധീനം നമുക്ക് കാണുവാൻ കഴിയും. സഭയുടെ മെത്രാനായിട്ടും ഒരു നല്ല കർഷകനായി തുടരുന്നതിന് തിരുമേനിക്ക് കഴിയുന്നു. കാഴ്ച്ചക്കുലകളുടെ നാട്ടിൽ തിരുമേനിയുടെ കയ്യിൽ നിന്നും കുലയും കായും വാങ്ങുന്നതിന് തദ്ദേശീയരായ വിശ്വാസികളും താത്പര്യപ്പെടുന്നു. വിശാലമായ വാഴത്തോട്ടത്തിൽ സ്വയം വിയർപ്പൊഴുക്കി പണി ചെയ്തു വിളയിച്ച വാഴക്കുലകളിൽ നിന്ന് വലിയ മെത്രാപ്പോലീത്താ ക്രിസോസ്റ്റം തിരുമേനിക്കും എനിക്കും അഭിവന്ദ്യ ബസേലിയോസ് തിരുമേനിയുടെ സ്ഥാനാരോഹണ ദിവസം ലഭിക്കുയുണ്ടായി എന്നത് മനസ്സിൽ കുറിച്ചിട്ടിരിക്കുന്ന ഒന്നാണ്.

ആകാരത്തിലും ശബ്ദ ഗാംഭീര്യത്തിലും പാണ്ഡിത്യത്തിലും, ലാളിത്വത്തിലും, സൽക്കാരത്തിലും, സ്വീകരണത്തിലും അദ്ദേഹം ഉന്നത ശീർഷൻ തന്നെ. യിസ്രയേലിലെ ഒന്നാമത്തെ രാജാവായ ശൗലിനെ പോലെ മെത്രാന്മാരുടെ എല്ലാം തോൾ മുതൽ പൊക്കമേറിയവനായി എല്ലാ സദസ്സിലും ഉന്നത ശീർഷനായി അദ്ദേഹം വിരാജിക്കുന്നു. തിരുമേനിയുടെ പട്ടാഭിഷേകത്തിൽ പങ്കെടുക്കുവാൻ എനിക്ക് കഴിഞ്ഞില്ല. എങ്കിലും അന്നത്തെ പ്രധാനകാർമ്മീകനായ അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ കൈവയ്പ്പിനു ശേഷം വിശുദ്ധ കുർബ്ബാനയുടെ ശിഷ്ടഭാഗം ഘനഗാംഭീര്യത്തോടും ഉറച്ച ശബ്ദത്തോടുമുള്ള ആരാധനയുടെ പിൻതുടർച്ച കേൾവിക്കാർക്കും കാഴ്ച്ചകാർക്കും കോൾമയിർ കൊള്ളിച്ച അനുഭവമായി പങ്കെടുത്തവർ പറഞ്ഞു കേട്ടിട്ടുണ്ട്.

ശുശ്രൂഷാ കാലത്തിന്റെ നടുമുറിയിൽ പെട്ടെന്ന് രോഗഗ്രസ്തനായി മരണത്തെ അഭിമുഖീകരിച്ച നാളുകളിൽ അഭിവന്ദ്യ യുയാക്കീം മാർ കൂറിലോസ് തിരുമേനിയും ഒന്നിച്ച് തൃശൂർ വെസ്റ്റ് ഫോർട്ട് ആശുപത്രിയിൽ തിരുമേനിയെ സന്ദർശിച്ചിരുന്നു. തിരുമേനിയുടെ രോഗവിമുക്തി, പ്രാർത്ഥനയുടേയും കണ്ണീരിന്റേയും മുൻപാകെ ദൈവീക രോഗശാന്തിയുടെ വെളിപ്പാട് തന്നെ. എനിക്ക് കുന്നംകുളം-മലബാർ ഭദ്രാസനത്തിന്റെ ചുമതല ഉണ്ടായിരുന്ന കാലത്ത് കുന്നംകുളം വഴി യാത്ര ചെയ്യുമ്പോഴെല്ലാം അഞ്ഞൂരും അതിന്റെ ആതിഥ്യവും

എനിക്ക് എറെ സന്തോഷം നൽകിയിരുന്നു.

തിരുമേനിയുടെ പ്രിയ പിതാവിന്റെ വേർപാട് വിവരം അറിഞ്ഞ് ശവസംസ്ക്കാര ശുശ്രൂഷയിൽ എനിക്കും പങ്കെടുക്കുവാൻ കഴിഞ്ഞു. ഒരു വൈദീകനായിരുന്ന കാലത്ത് ഒരു ദനഹാ പെരുന്നാൾ ദിനം അഭിവന്ദ്യ തിരുമേനിയുടെ ശുശ്രൂഷയിൽ പങ്കെടുത്ത് ആരംഭിച്ചതാണ് ഞങ്ങളുടെ സൗഹൃദം. 1993 ഒക്ടോബർ 2-നു നടന്ന ഞങ്ങളുടെ മെത്രാഭിഷേക ശുശ്രൂഷയിലും മീറ്റിംഗിലും തിരുമേനി വന്ന് സംബന്ധിച്ചിരുന്നു. അന്നു മുതൽ ഇന്നോളം വലിയ ആത്മ ബന്ധത്തിൽ നിലനിൽക്കുന്നതിന് ദൈവം കൃപ ചെയ്തു. 1994-ൽ മാർത്തോമ്മാ - തൊഴിയൂർ സഭകളുടെ ഐക്യപ്രവർത്തനങ്ങളുടെ ശതാബ്ദി സമ്മേളനങ്ങൾ ക്രമീകരിച്ച് നടപ്പാക്കുന്നതിൽ എളിയ പങ്ക് വഹിക്കുന്നതിന് എനിക്കും ദൈവം കൃപ ചെയ്തു.

ദൈവകൃപയാൽ പട്ടത്വ ശുശ്രൂഷയിൽ ഇരുപത്തിയഞ്ച് വർഷം പൂർത്തിയാക്കിയ എന്റെ ജൂബിലി വേളയിൽ അഭിവന്ദ്യ തിരുമേനി കോഴിക്കോട് സെന്റ് പോൾസ് പള്ളിയിൽ അഭിവന്ദ്യ സിറിൾ മാർ ബസേലിയോസ് തിരുമേനിയോടും കുന്നംകുളം - മലബാർ ഭദ്രാസനത്തിലെ വൈദീക സംഘത്തോടും ചേർന്ന് വിശുദ്ധ കുർബ്ബാനശുശ്രൂഷ അനുഷ്ഠിച്ച് നേതൃത്വം നൽകിയത് അനുഗൃഹീത അനുഭവമായിരുന്നു.

പുന്നത്ര, പുലിക്കോട്ട് മെത്രാന്മാർ തുടങ്ങി വച്ച്, സഭാ ചരിത്രത്തിൽ ആരും പരീക്ഷിച്ച് നോക്കീട്ടില്ലാത്ത ബന്ധം മലങ്കര സഭയിൽ പ്രാവർത്തികമാക്കിയത് തൊഴിയൂർ സഭയാണ്. പാലക്കുന്നത്ത് മാത്യൂസ് തിരുമേനിയുടെ കഠിനശ്രമത്തിൽ തൊഴിയൂർ സഭ സ്വതന്ത്ര സഭയാണന്ന് കോടതി വിധി സമ്പാദിക്കുകയും അവർക്ക് ഒരു മെത്രാപ്പോലീത്തായെ വാഴിച്ചു നൽകുകയും ചെയ്തു. മാർത്തോമ്മാ സഭയുടെ ഏറ്റവും വലിയ പ്രതിസന്ധിയിൽ സഹായഹസ്തവുമായി വന്ന് അതിനെ ദൈവനിയോഗം പോലെ പരിരക്ഷിച്ച് സഭയ്ക്ക് അപ്പോസ്തോലിക കൈവയ്പ്പ് നൽകി തിത്തൂസ് ഒന്നാമൻ മെത്രാപ്പോലീത്തായെ വാഴിച്ച് നൽകി. സഭ ഉള്ളിടത്തോളം ഈ ദിവ്യബന്ധം ഒരിക്കലും പിരിഞ്ഞു പോകാത്തതും എന്നും പരിപാലിക്കപ്പെടേണ്ടതുമാകുന്നു.

അടുത്ത കാലത്ത് നടന്നിട്ടുള്ളതിലേക്കും ഏറ്റം അനുഗൃഹീതവും ഇത്രയും സഭാ പിതാക്കന്മാരും സഭാമേലദ്ധ്യക്ഷൻമാരും ചേർന്നു നടത്തിയ മെത്രാഭിഷേകമായിരുന്നു തൊഴിയൂർ മെത്രാപ്പോലീത്താ തന്റെ പിൻഗാമിയായി സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായുടേത്. മാർത്തോമ്മാ, ഓർത്തഡോക്സ്, യാക്കോബായ, കൽദായ, തൊഴിയൂർ സഭാ മേലദ്ധ്യക്ഷൻമാർ ചേർന്ന് നിയുക്ത മെത്രാപ്പോലീത്തായ്ക്ക് അംശവടി കൈമാറിയത് ചരിത്രത്തിന്റെ അവിസ്മരണീയ ചടങ്ങായിരുന്നു.

തൊഴിയൂർ സഭയിൽ ഇന്നുണ്ടായിരിക്കുന്ന ഭിന്നത എല്ലാവരേയും ദു:ഖിപ്പിക്കുന്നു. ഇത് മാറേണ്ടിയിരിക്കുന്നു. ഇതിനുള്ള പരിഹാരം കണ്ടെത്തുവാൻ മനമൊരുക്കത്തോടെ ദൈവസന്നിധിയിൽ ശിരസ്സ് കുനിച്ച് കൊടുക്കാം. അഭിവന്ദ്യ വലിയ മെത്രാപ്പോലീത്താ തിരുമേനിക്ക് എല്ലാ ദൈവീകാനുഗ്രഹങ്ങളും ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു കൊണ്ട്-

ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ
മറുരൂപ പെരുന്നാൾ - 2011 **അടൂർ**

The Malankara Syrian Orthodox Church

Dr. Kuriakose Theophilose Metropolitan
Prof. & Resident Metropolitan of M.S.O.T.S.
Metropolitan & Patriarchal
Vicar of Europe

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് മോർകുറിലോസ് തിരുമേനിയുടെ മേല്പട്ട സ്ഥാനാരോഹണത്തിന്റെ സിൽവർ ജൂബിലി നിറവിൽ എത്തി നിൽക്കുന്നുവല്ലോ. സുറിയാനി സഭാ പാരമ്പര്യത്തിന്റെ തനിമ നഷ്ടപ്പെടുത്താതെ കാട്ടുമങ്ങാട്ട് ബാവാമാർ അടിത്തറയിട്ട തൊഴിയൂർ സഭയ്ക്ക് ദൈവം നൽകിയ വരദാനമാണ് അഭിവന്ദ്യ തിരുമേനി. വിശ്വാസ പാരമ്പര്യ പൈതൃകങ്ങൾ കറപുരളാതെ പരിരക്ഷിക്കുന്ന വിശ്വാസത്തിന്റെ കാവൽ ഭടനായ തിരുമേനി പാരമ്പര്യത്തോടും, പൈതൃകത്തോടുമൊപ്പം സഭയുടെ സാമൂഹ്യ പ്രതിബദ്ധതയും, എക്യുമെനിക്കൽ ബന്ധങ്ങളും ഊഷ്മളമാക്കുവാൻ ശ്രദ്ധിക്കുന്ന ആളാണ്. വ്യക്തി ജീവിതത്തിൽ കർത്താവ് നഥാനിയേലിനെക്കുറിച്ച് “ഇതാ സാക്ഷാൽ ഇസ്രായേല്യൻ, ഇവനിൽ കപടമില്ല” എന്ന് പറഞ്ഞ വാക്കുകൾ തിരുമേനിയെ സംബന്ധിച്ചിടത്തോളം അന്വർത്ഥമാണ്. അദ്ദേഹത്തിന്റെ വിനയവും, ലാളിത്യവും ഏതു പരിമിതമായ സാഹചര്യങ്ങളിലും പരാതികളോ പരിമിതികളോ പറയാതെയുള്ള സമർപ്പിത ശുശ്രൂഷ ജീവിതവും വ്യക്തിപരമായി എനിക്ക് അറിവുള്ളതാണ്. ഈ എളിമയാണ് 2001 ൽ വലിയ മെത്രാപ്പോലീത്ത സ്ഥാനത്തേയ്ക്ക് അദ്ദേഹത്തെ ഉയർത്തിയത്.

തിരുമേനിയുടെ സഭയെക്കുറിച്ചുള്ള ദർശനങ്ങളാണ് പരി. മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ഇന്ന് കാണുന്ന ഔന്നത്യങ്ങളുടെ പ്രധാനമായ ഒരു അടിത്തറ. സഭയുടെ അസ്ഥിത്വം ചരിത്രപരമായ അഭാവം കൊണ്ട് പലപ്പോഴും ചോദ്യം ചെയ്യപ്പെടാറുണ്ട്. തൊഴിയൂർ സഭയുടെ ചരിത്രം സമൂഹത്തിനും വരും തലമുറയ്ക്കും ലഭ്യമാകും വിധം അനേക പുസ്തകങ്ങളിലൂടെയും, പ്രസിദ്ധീകരണങ്ങളിലൂടെയും വെളിച്ചത്തു കൊണ്ടുവരുവാൻ തിരുമേനി ചെയ്ത സംഭാവനകൾ ചെറുതല്ല.

ഒരു എപ്പിസ്ക്കോപ്പൽ സഭയുടെ മുഖമുദ്രയാണ് വിദ്യാസമ്പന്നരും അഭ്യസ്തരുമായ വൈദികഗണം. നയിക്കുന്നവർക്ക് ദർശനമില്ലാതെ വന്നാൽ നയിക്കപ്പെടുന്നവർ പ്രശ്നത്തിലാകും. സഭയിലെ വൈദികർക്ക് വൈദിക പരിശീലനം വേണമെന്ന് നിർബന്ധമാക്കുകയും നടപ്പാക്കുകയും ചെയ്തത് അഭി. തിരുമേനിയുടെ കാലത്താണ് ഇക്കാര്യങ്ങൾ തിരുമേനി പലപ്പോഴും ബലഹീനനായ എന്നോട് സംസാരിക്കാറുണ്ട്. യാക്കോബായ സെമിനാരി ഉൾപ്പെടെയുള്ള സെമിനാരികളിൽ സഭയുടെ വൈദികർ ഇന്ന് പരിശീലനം നടത്തി സഭക്ക് അനുഗ്രഹകരമായ ശുശ്രൂഷ ചെയ്യുന്നു.

നല്ല ഇടയൻ തന്റെ ആടുകളെ അറിയുന്നു. അവർക്കുവേണ്ടി തന്റെ ജീവനെസമർപ്പിക്കുന്നു.

തന്റെ അനാരോഗ്യം അവഗണിച്ച് തന്റെ ജനത്തെ അദ്ദേഹം അന്യേഷിച്ചിറങ്ങുന്നു. ഇന്ത്യക്ക് വെളിയിൽ പല രാജ്യങ്ങളിലും ത്യാഗങ്ങൾ സഹിച്ച് തന്റെ മക്കളുടെ അടുക്കൽ ചെന്ന് അവർക്ക് ആരാധനയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുവാൻ തിരുമേനി ശുഷ്ക്കാന്തി കാണിക്കുന്നു. ബലഹീനമായ നാം യു. എ. ഇ. യുടെ ചുമതലയിലായിരുന്നപ്പോൾ അഭി. തിരുമേനി അവിടെ വരികയും ദുബായിലുള്ള സഭാമക്കളെ ചേർത്ത് നമ്മുടെ പള്ളിയിൽ ആരാധനയ്ക്കുള്ള ക്രമീകരണങ്ങൾ ചെയ്തതും ഓർക്കുന്നു.

സംഖ്യാ ബലത്തിൽ ചെറുതെങ്കിലും പൈതൃകത്താലും പാരമ്പര്യത്താലും ശ്രേഷ്ഠമായ തന്റെ സഭയെ ഇതര സഭകളോടൊപ്പം നിർത്തുവാനുള്ള തിരുമേനിയുടെ പരിശ്രമമാണ് എക്യുമെനിക്കൽ പ്രസ്ഥാനങ്ങളായ Christian Conference of Asia (CCA) National Council of Churches (NCCI), OIKOCREDIT, Netherland എന്നിവയിൽ അംഗത്വമെടുക്കുന്നതിന് വഴി തെളിച്ചത്. തന്റെ വിശ്വാസ പാരമ്പര്യങ്ങളിൽ മായം ചേർക്കാതെ ഇതരവിശ്വാസങ്ങളേയും സഭകളേയും മതങ്ങളേയും ആദരിക്കുവാനുള്ള വിശാലമായ കാഴ്ച്ചപ്പാടിനുടമയാണ് അഭിവന്ദ്യ തിരുമേനി. ഈ മനോഭാവമാണ് എക്യുമെനിക്കൽ രംഗങ്ങളിൽ തൊഴിയൂർ സഭയുടെ സാന്നിദ്ധ്യത്തിന് കളമൊരുക്കിയത്.

യാക്കോബായ സുറിയാനി സഭയുമായി ഊഷ്മളമായ ബന്ധം നിലനിർത്തിക്കൊണ്ട് പോകുവാൻ എന്നും തിരുമേനി ശ്രമിച്ചിട്ടുണ്ട്. മാതൃസഭയായി കണ്ടുകൊണ്ടുള്ള അഭിവന്ദ്യ തിരുമേനിയുടെ സമീപനവും കരുതലും ശ്രദ്ധേയമാണ്. പുണ്യശ്ലോകനായ ബെന്യാമിൻ മോർ ഒസ്താത്തിയോസ് തിരുമേനിയുടെ അടുത്ത ബന്ധുകൂടിയായ തിരുമേനി വൈദികസെമിനാരിയോടും ബലഹീനനായ എന്നോടും വളരെ സൗഹൃദമായിട്ടാണ് ഇടപെടുന്നത്. ഒരു ജ്യേഷ്ഠസഹോദരന്റെ സ്ഥാനത്താണ് അദ്ദേഹത്തെ ഞാൻ ആദരിക്കുന്നത്. മഹാപൗരോഹിത്യത്തിന്റെ സിൽവർ ജൂബിലിയുടെ നിറവിൽ നിൽക്കുന്ന അഭിവന്ദ്യ തിരുമേനിക്ക് സർവ്വശക്തനായ ദൈവം തമ്പുരാൻ ദീർഘായുസും ആരോഗ്യവും നൽകി. മലബാർ സ്വതന്ത്ര സുറിയാനി സഭയ്ക്ക് ഇനിയും ദീർഘനാൾ അനുഗ്രഹിതനേതൃത്വം നൽകുവാൻ ശക്തി നൽകുകയും അദ്ദേഹത്തിന്റെ ശുശ്രുഷകൾ കേരള ക്രൈസ്തവ സഭകൾക്ക് ഇനിയും അനുഗ്രഹകരമാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ജൂബിലിയുടെ എല്ലാ ആശംസകളും നേരുകയും തൊഴിയൂർ സഭാമക്കൾക്ക് ദൈവികാനുഗ്രഹങ്ങൾ നേരുകയും ചെയ്യുന്നു.

ഡോ. കുര്യാക്കോസ് തെയോഫിലോസ് മെത്രാപ്പോലീത്ത
റസിഡന്റ് മെത്രാപ്പോലീത്ത
മലങ്കര സിറിയൻ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി
ഉദയഗിരി, വെട്ടിക്കൽ.

Mar Thoma Syrian Church of Malabar
Thiruvananthapuram – Kollam Diocese

Marthoma Kendram ; Mannanthala .P.O ,
Thiruvananthapuram 695 015

നിസ്തുലനായ ആത്മീയ ഇടയൻ

തോമസ് മാർ തിമഥിയോസ് എപ്പിസ്ക്കോപ്പാ

അഭിവന്ദ്യ ജോസഫ് മാർ കുറിലോസ് വലിയ മെത്രാപ്പോലീത്താ തിരുമേനി മെത്രാഭിഷിക്തനായതിന്റെ രജതജൂബിലി വർഷത്തിലാണെന്ന് അറിയുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. മാർത്തോമ്മാ സഭയുടെ അഭ്യുദയ കാംക്ഷിയും മാർത്തോമ്മാ സഭയിലെ എല്ലാ തിരുമേനിമാരുടെയും ഉറ്റ സ്നേഹിതനുമായ കൂറിലോസ് തിരുമേനി മേല്പട്ടസ്ഥാനത്ത് 25 വർഷം പൂർത്തിയാക്കുന്ന ഈ അവസരത്തിൽ ഞാൻ മാത്രമല്ല സഭയിലെ എല്ലാ തിരുമേനിമാരും ആ സന്തോഷത്തിൽ പങ്കുചേരുന്നു.

കുന്നംകുളത്ത് പനയ്ക്കൽ കുടുംബത്തിൽ പരേതനായ മാത്തുക്കുട്ടിയുടെയും, പരേതയായ കുഞ്ഞാണിയുടെയും മകനായി ജനിച്ച ജോസ് എന്ന വ്യക്തി ആലത്തൂർ മെത്രാന്മാരുടെ കുടുംബത്തിൽ ജനനം കൊണ്ടതും ദൈവനിയോഗത്താൽ തന്നെയായിരുന്നു. പിൽക്കാലത്ത് ആലത്തൂർ മെത്രാന്മാരുടെ കാൽപാദങ്ങളെ പിൻതുടർന്ന് ദൈവ വിളിക്കുമുൻപിൽ സമർപ്പണം ചെയ്ത് പട്ടത്വശുശ്രൂഷ ജീവിത നിയോഗമായി ശിരസ്സാ വഹിച്ചു. പട്ടക്കാരനായി ദീർഘ വർഷം വിലപ്പെട്ട ശുശ്രൂഷ നിർവഹിച്ച റവ. ഫാദർ ജോസഫ് 1986-ൽ സഭയുടെ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ടത് അദ്ദേഹത്തിൽ കണ്ട നേതൃത്വഗുണവും വിശാലമനസ്സും സഭയെപ്പറ്റിയുള്ള ദർശനവും സുവിശേഷത്തെപ്പറ്റിയുള്ള ശുഷ്ക്കാന്തിയുമാണെന്നതിന് തർക്കമില്ല.

താൻ മെത്രാപ്പോലീത്തയായിരിക്കുന്ന മലബാർ സ്വതന്ത്ര സുറിയാനിസഭയുടെ വളർച്ചയും ഉയർച്ചയും തന്റെ സ്വപ്നവും ആഗ്രഹവുമായിരുന്നതിന്റെ തെളിവാണ്, തന്റെ അനന്തരഗാമിയായി സിറിൽ മാർ ബസേലിയോസ് എന്ന നാമധേയത്തിൽ സഭയിൽ രണ്ടാമത്തെ മെത്രാപ്പോലീത്തായെ 2001-ൽ അഭിഷേകം ചെയ്തത്. ചെറിയ സഭയെങ്കിലും തൊഴിയൂർ സഭയെ ആഗോളതലത്തിൽ ക്രൈസ്തവസഭയ്ക്ക് പരിചയപ്പെടുത്തുന്നതിൽ അഭിവന്ദ്യതിരുമേനി നല്ലവണ്ണം പ്രയത്നിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വിദേശയാത്രകൾ ഒക്കെ ആ വഴിക്കുള്ള നീക്കങ്ങളായിരുന്നു എന്നത് യാഥാർത്ഥ്യമാണ്.

തിരുമേനി, ബന്ധങ്ങളിൽ നിപുണനനും കർമ്മങ്ങളിൽ ജാഗ്രതയുള്ളവനുമാണ്. എല്ലാ തുറകളിലും എല്ലാ ശ്രേണിയിലുമുള്ള വ്യക്തികളോടും തിരുമേനി പുലർത്തുന്ന ബന്ധം അസൂയാവഹമാണ്. ഞാൻ 2001 - 2008 കാലഘട്ടത്തിൽ കുന്നംകുളം-മലബാർ ഭദ്രാസനത്തിന്റെ ചുമതല വഹിക്കുന്ന സമയത്ത് അഭിവന്ദ്യ കൂറിലോസ് തിരുമേനിയുമായി അടുത്ത് ബന്ധപ്പെടാൻ സാഹചര്യം ലഭിച്ചിട്ടുണ്ട്. കുന്നംകുളം സെന്ററിലെ മാർത്തോമ്മാ പട്ടക്കാരുമായി അഭിവന്ദ്യ തിരുമേനി നല്ല ഒരു ബന്ധം എല്ലായ്പ്പോഴും കാത്തു സൂക്ഷിച്ചിരുന്നു. അവർക്ക് തിരുമേനി ആത്മീയ പിതാവും, ജേഷ്ഠ സഹോദരനും, ഒപ്പം നല്ല സുഹൃത്തും ആയിരുന്നു എന്ന് സൂചിപ്പിക്കുന്നതിൽ എനിക്ക് ഒട്ടും മടിയില്ല. ദാനങ്ങൾ നൽകുന്നതിൽ തിരുമേനി വിശാല ഹൃദയനാണ്. കുന്നംകുളം മാർത്തോമ്മാ സെന്ററിൽ 2005-ൽ അഭിവന്ദ്യ യുയാക്കീം മാർ കൂറിലോസ് തിരുമേനിയുടെ പട്ടത്വ രജത ജൂബിലി സ്മാരകമായി ഒരു ബിഷപ്സ് മന്ദിരം പണിത് കൂദാശ ചെയ്യുന്ന ചടങ്ങിൽ ക്ഷണിക്കപ്പെട്ട അഭിവന്ദ്യ കൂറിലോസ് വലിയ മെത്രപ്പോലീത്താ അതിൽ ആദിയോടന്തം സന്നിഹിതനായിരുന്നു. കൂദാശ കഴിഞ്ഞ് തിരുമേനി ഡ്രൈവറെക്കൊണ്ട് കാർ തുറപ്പിച്ച് ഒരു പാരിതോഷികം, മന്ദിരത്തിന്റെ പ്രധാനഅതിഥി മുറിയിൽ ഇടുവിച്ചു. സെന്ററിന് ഒരു മനോഹരമായ ചാരുകസേര. പങ്കെടുത്ത എല്ലാവർക്കും സത്യത്തിൽ അത് ഒരു

വിസ്മയമായിരുന്നു. ആർത്താറ്റ് മാർത്തോമ്മാ ഇടവകയുടെ പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപന വേളയിൽ ശില ആശീർവദിച്ചുകഴിഞ്ഞ് പ്രസ്തുത ചടങ്ങ് സമാപിക്കുന്ന വേളയിൽ തിരുമേനി രണ്ട് വാക്ക് ആശംസ നേർന്നിട്ട് ഒരു പാരിതോഷികം പള്ളി നിർമ്മാണ ഫണ്ടിലേക്ക് എന്ന് പറഞ്ഞ് വികാരി അച്ചനെ ഏല്പിച്ചു. അയ്യായിരം രൂപയായിരുന്നു തിരുമേനിയുടെ സംഭാവന. ആ ഇടവകയെ സംബന്ധിച്ച് പ്രസ്തുത പാരിതോഷികത്തിന്റെ വലിപ്പത്തേക്കാളും അത് ജനത്തിന് നൽകിയ സന്ദേശവും പ്രചോദനവും വാക്കുകൾക്ക് അപ്പുറത്താണ്.

എല്ലാവർഷവും അക്കിക്കാവ് ദീനബന്ധു മന്ദിരം വളപ്പിൽ നടത്തപ്പെടുന്ന കുന്നംകുളം സെന്ററിന്റെ മാർത്തോമ്മാ കൺവൻഷനിൽ അഭിവന്ദ്യ തിരുമേനിയുടെ സാന്നിദ്ധ്യവും നേതൃത്വവും വചനഘോഷണവും അദ്ദേഹത്തിന് മാർത്തോമ്മാ സഭയോടും, സഭാംഗങ്ങളോടും ഉള്ള നല്ല ബന്ധത്തിന്റെ തെളിവാർന്ന സാക്ഷ്യമാണ്.

തിരുമേനിയെ സന്ദർശിക്കാൻ എത്തുന്ന ഏതു വ്യക്തിയോടും ഹൃദ്യമായ വിധത്തിൽ സംഭാഷണത്തിൽ ഏർപ്പെടാൻ തിരുമേനിക്ക് പ്രത്യേക ഒരു വരം തന്നെയുണ്ട്. ആദ്യമായി കണ്ടുമുട്ടുന്ന വ്യക്തിക്ക് പോലും ഒരു അപരിചിതത്വം തോന്നാത്ത വിധത്തിൽ ഊഷ്മളമായി സൗഹൃദ സംഭാഷണം നടത്താനുള്ള കഴിവ് അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നു.

1997-മാണ്ടിൽ തിരുമേനിക്കുണ്ടായ ഗുരുതരമായ രോഗാവസ്ഥ മരണത്തിന്റെ വക്കോളം എത്തിച്ചെങ്കിലും ദൈവകൃപയാൽ സൗഖ്യം പ്രാപിച്ചത് സത്യത്തിൽ ഒരു രണ്ടാം ജന്മമായി എല്ലാവരും കാണുമ്പോൾ തിരുമേനിയെക്കുറിച്ച് ദൈവത്തിന് പലതും നിവർത്തിച്ചെടുക്കാനുണ്ടെന്നുള്ള വസ്തുത ഏവരും തിരിച്ചറിയുന്നു. മേല്പട്ടത്വ രജതജൂബിലി നിറവിൽ നിൽക്കുന്ന അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തിരുമേനിക്ക് വ്യക്തിപരമായി ത്രീയേക ദൈവത്തിന്റെ നാമത്തിൽ എല്ലാ ഭാവുകങ്ങളും നേരുന്നു.

മലബാർ സ്വതന്ത്ര സുറിയാനി സഭയ്ക്കുവേണ്ടിയും, ക്രൈസ്തവ സഭകൾക്കുവേണ്ടിയും, സമൂഹത്തിനുവേണ്ടിയും, ദൈവഹിതപ്രകാരം നന്മയുടെ വെളിച്ചം പകരാൻ കർത്താവ് തിരുമേനിയെ തുടർന്നും എടുത്തുപയോഗിക്കട്ടെയെന്ന് ആശംസിക്കുകയും അതിനുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട്.

കർത്തൃശുശ്രൂഷയിൽ

തോമസ് മാർ തിമഥിയോസ്
ഭദ്രാസനഎപ്പിസ്ക്കോപ്പാ
മണ്ണന്തല.

Mar Thoma Syrian Church of Malabar

Kunnamkulam - Malabar Diocese

Mar Thoma Centre, Makkada P.O., Kozhikode, Kerala - 673 617.

Tele : 0495 - 2265773 (O), 2266957 (P)
Fax : 2267641
E-mail: 1) issacthirumeni@hotmail.com (p)
2) isaacmarp@yahoo.co.in (p)
3) kmdiocese@yahoo.co.in (o)

മെത്രാഭിഷേക സിൽവർ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക് അഭിനന്ദനങ്ങൾ. സഭാ നാഥനായ ക്രിസ്തുവിന്റെ ദൗത്യ നിർവ്വഹണത്തിൽ പങ്കാളിയായി കഴിഞ്ഞ നാളുകളിൽ പ്രവർത്തിപ്പാൻ ഇടയായതിൽ ദൈവത്തിന് സ്തോത്രം കരേറ്റാം. മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പതിമൂന്നാമത് മെത്രാപ്പൊലീത്ത ആയി അവരോധിക്കപ്പെട്ടപ്പോൾ ചരിത്രത്തിന്റെ നാഴികക്കല്ലുകൾ തെളിഞ്ഞ് പ്രകാശിക്കുന്ന അനുഭവമായിരുന്നു. ശാന്ത സ്വഭാവവും, സ്നേഹ നിർഭരമായ ഇടപെടലും, ലളിതമായ ജീവിതശൈലിയും, വിശാലമനസ്സും തിരുമേനിയെ എന്നും വ്യത്യസ്തനാക്കിയിരുന്നു. തൊഴിയൂർ സഭ മറ്റു സഭകളുമായുള്ള ബന്ധത്തിൽ വളർന്ന് വരണമെന്നുള്ള താൽപര്യം തന്റെ പ്രവർത്തനത്തിന് ലക്ഷ്യബോധവും ദിശാബോധവും നൽകുകയുണ്ടായി. ശാരീരിക ആസ്വാസ്ഥ്യം പോലും കണക്കിലെടുക്കാതെ അശ്രാന്ത പ്രയത്നം ചെയ്യുവാൻ നിർബന്ധിതനായി എന്നത് യാഥാർത്ഥ്യമാണ്.

മാർത്തോമ്മാ സഭയുടെ പ്രധാനചടങ്ങുകളിൽ സന്നിഹിതനായി ഇരു സഭകളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുവാൻ സന്നദ്ധനായിരുന്നു. 1986 ന് ശേഷം മാർത്തോമ്മാ സഭയിൽ നടന്ന എപ്പിസ്കോപ്പൽ സ്ഥാനാരോഹണ ശുശ്രൂഷകളിൽ മെത്രാപ്പൊലീത്താ തിരുമേനിയുടെ നിറഞ്ഞ സാന്നിധ്യം അനുഭവമാകുവാൻ സാധിച്ചു. 1996 മെയ് മാസം ജനീവായിലെ അഖില ലോക സഭാ കൗൺസിലിന്റെ ആസ്ഥാനത്ത് യാദൃച്ഛികമായി ഞങ്ങൾ കണ്ടുമുട്ടിയപ്പോൾ ഈ ചെറിയ സഭയെ അഖില ലോക സഭകളുടെ കൂട്ടായ്മയിൽ ഉൾപ്പെടുത്തുവാനുള്ള തീവ്രമായ അഭിവാഞ്ചതിരുമേനിയിൽ പ്രകടമായത് ഓർക്കുന്നു. സഭകളുടെ ഐക്യം വെളിപ്പെടുത്തുന്ന എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ തനതായ സംഭാവനനൽകുവാൻ സദാ സന്നദ്ധനാണ്. സഹോദര മേൽപ്പട്ടക്കാരൻ എന്ന നിലയിൽ ഊഷ്മളമായ സ്നേഹ ബന്ധം പുലർത്തുവാൻ കഴിഞ്ഞ നാളുകളിൽ ഇടയായതിൽ സന്തോഷിക്കുന്നു.

165

ബലഹീനതയിൽ താങ്ങുന്ന ദൈവത്തിൽ ആശ്രയിച്ച് വിശ്വാസസ്ഥിരതയിൽ ജീവിതം നയിപ്പാൻ തുടർന്നും ദൈവം സഹായിക്കട്ടെ. മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലിത്താ എന്ന നിലയിൽ വിശ്വാസ സമൂഹത്തിന്റെ സ്നേഹവും ആദരവും ഏറ്റു വാങ്ങുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വിശ്രമ ജീവിതം ആത്മചൈതന്യത്തിന്റെ ഓജസ്സും തേജസ്സും വെളിപ്പെടുത്തുന്ന ദിവ്യ അനുഭവമായിത്തീരട്ടെ. നവ ദർശനത്തോടെ വിശ്വാസസമൂഹത്തിന് ആത്മീയ പരിപോഷണം നൽകുവാൻ സർവ്വശക്തനായ ദൈവം തുടർന്നും പ്രാപ്തനാക്കട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹാദരവോടെ,
ഡോ. ഐസക് മാർ ഫിലക്സിനോസ്
എപ്പിസ്ക്കോപ്പാ

മാർ കൂറിലോസ്- ജനപ്രിയ പിതാവ്

ഡോ. പുലിക്കോട്ടിൽ ഗീവർഗീസ് യൂലിയോസ്

മലബാർ സ്വതന്ത്ര സുറിയാനി സഭയെ ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് ധീരമായി നയിച്ച ജനപ്രിയനായ ജോസഫ് മാർ കൂറീലോസ് തിരുമേനിക്ക് രജതജൂബിലി നിറവിൽ ആശംസകൾ നേരുന്നതിൽ അതിയായ സന്തോഷം ഉണ്ട്. വ്യക്തിപരമായി പറഞ്ഞാൽ അദ്ദേഹം എന്റെ ജ്യേഷ്ഠനും സഭാപരമായി പറഞ്ഞാൽ മലങ്കര സഭയെ വലിയൊരു പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുകയും മലങ്കര സഭയുടെ എക്കാലത്തേയും ഉറ്റ സുഹൃത്തുക്കളായി വർത്തിക്കുകയും ചെയ്ത മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ അധ്യക്ഷനുമായ പിതാവ്.

ആഴമായ വ്യക്തിബന്ധങ്ങൾ വളർത്തിയെടുക്കുകയും പ്രതിസന്ധി ഘട്ടങ്ങളിൽ ആത്മാർത്ഥമായി സഹായിക്കുകയും ഒരു യഥാർത്ഥ ഇടയന്റെ നിർലോഭമായ സ്നേഹം ചൊരിഞ്ഞു തരികയും ചെയ്യുന്ന പിതാവ് എന്ന് അദ്ദേഹത്തെ ഒറ്റ വാക്കിൽ വിശേഷിപ്പിക്കാം.

33 വർഷങ്ങൾക്ക് മുമ്പ് അദ്ദേഹം വൈദികനാകുമ്പോൾ 13 വയസ്സുള്ളൊരു കുട്ടിയായ ഞാൻ ആ പട്ടം കൊടയിൽ സംബന്ധിച്ചതാണ് ജോസച്ചനെകുറിച്ചുള്ള ആദ്യ ഓർമ്മ. എന്റെ മാതാവിന്റെ സഹോദരീ പുത്രനെന്നതിനാലാണ് പട്ടം കൊടയിൽ സംബന്ധിക്കുവാൻ പ്രത്യേകം കാരണമായത്. വീട്ടിലെ ഏതാവശ്യങ്ങളിലും വരികയും പ്രാർത്ഥിക്കുകയും ഉപദേശങ്ങൾ തരികയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന വ്യക്തിത്വം. അദ്ദേഹം മേല്പട്ട സ്ഥാനത്ത് അവരോധിക്കപ്പെട്ടതിന് ശേഷമാണ് ഞാൻ വൈദിക സെമിനാരിയിൽ ചേരുന്നത്. വിവരം പറയുവാനും അനുഗ്രഹം പ്രാപിക്കുവാനും അരമനയിൽ ചെന്നപ്പോൾ ഉപദേശങ്ങൾ തന്നു; പ്രാർത്ഥിച്ചു. ഒപ്പം മലങ്കര സഭയും മലബാർ സ്വതന്ത്രസുറിയാനി സഭയുമായുള്ള ബന്ധത്തെ കുറിച്ച് സംസാരിക്കുകയും അത് സുദൃഢമായി നിലനിൽക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് ഓർമ്മിപ്പിക്കുകയും ചെയ്തു. പിന്നീട് ഞാൻ വൈദീക ജീവിതത്തിന്റെ പടികൾ കയറുമ്പോഴും പഠനസംബന്ധമായി വിദേശ യാത്രകൾ നടത്തുമ്പോഴും മറ്റെല്ലാ പ്രധാനസന്ദർഭങ്ങളിലും തൊഴിയൂർ ദേവാലയത്തിലെത്തി പ്രാർത്ഥിക്കുകയും അദ്ദേഹത്തിന്റെ അരമനയിലെത്തി തൃക്കരങ്ങൾ ചുംബിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യാറുണ്ട്. മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ബലഹീനനായ ഞാൻ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഏറ്റവും സന്തോഷിക്കുകയും അഭിനന്ദിക്കുകയും ഇന്നുവരേയും എനിക്കു വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും എന്റെ എല്ലാ വളർച്ചയിലും ഏറ്റവും അഭിമാനിക്കുകയും ചെയ്യുന്ന ഒരു പിതാവാണ് അദ്ദേഹം എന്നു ഞാൻ സന്തോഷത്തോടും ഒട്ടേറെ നന്ദിയോടും കൂടെ ഓർക്കുന്നു.

മെത്രാപ്പോലീത്താ സ്ഥാനാരോഹണ ശേഷം കുന്നംകുളത്തെത്തിയ എനിക്ക് അദ്ദേഹം തന്റെ അരമനയിൽ വളരെ വലിയ സ്വീകരണമാണ് നൽകിയത്. തൊഴിയൂർ ആസ്ഥാനദേവാലയത്തിലും പിതാക്കന്മാരുടെ കബറിടങ്ങളിലും ഞങ്ങൾ ഒന്നിച്ച് ധൂപം അർപ്പിച്ച് ലുത്തിനിയാ പ്രാർത്ഥനകൾ നടത്തി. കുടുംബപരമായും സഭാപരമായുമുള്ള സഹോദര ബന്ധത്തിന്റെ ധന്യ നിമിഷങ്ങളായിരുന്നു അത്. ദേവാലയത്തിൽ വെച്ചു തന്നെ കട്ടി വെള്ളിയിൽ തീർത്തമാലയും സ്ലീബായും സമ്മാനിച്ച് അവ എന്നെ അണിയിച്ച ശേഷം ശ്ലൈഹിക ചുംബനത്തിലൂടെ സമാധാനം നൽകി. എന്റെ കൂട്ടത്തിൽ പട്ടമേറ്റ മറ്റ് മെത്രാപ്പോലീത്താമാർക്ക് അവരുടെ ആത്മീയ പിതാക്കന്മാർ മേല്പട്ടത്വത്തിനടുത്ത സമ്മാനങ്ങൾ നൽകിയത് അവരെന്നെ കാണിച്ചപ്പോൾ അവരോട് തോന്നിയ സ്വകാര്യ അസൂയയും മനസ്സിലുണ്ടായിരുന്ന നൊമ്പരവും ഈ വലിയ സമ്മാനലബ്ധിയോടെ പൂർണ്ണമായും മാറികിട്ടി. സ്ലീബായുടെ കൈപിടിയിൽ തിരുമനസ്സിന്റെ മാതാപിതാക്കളായ മാത്തുകുട്ടി വല്യപ്പന്റേയും കുഞ്ഞാണി വല്യമ്മയുടേയും ഓർമ്മയ്ക്കാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നൂറ്റാണ്ടുകളുടെ പഴക്കമുള്ള മലങ്കര മലബാർ സഭാ ബന്ധത്തിന്റെ ഒരു ജീവിക്കുന്ന അടയാളമായി ഞാൻ അവ നിധിപോലെ സൂക്ഷിക്കുന്നു. തിരുമേനിയുടെ പ്രാർത്ഥനയും പ്രോത്സാഹനവുമാണ് എന്റെ ശക്തി എന്ന് അഭിമാനത്തോടെ ഓർക്കുന്നു.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ആരംഭവും പ. പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയും തമ്മിലുള്ള ബന്ധം ചരിത്ര വിദ്യാർത്ഥികൾക്ക് അറിവുള്ളതാണല്ലോ. പുലിക്കോട്ടിൽ തിരുമേനിയുടെ മല്പാനും ശ്രേഷ്ഠ ഗുരുവുമായിരുന്ന കാട്ടുമങ്ങാട് കൂറീലോസ് പിതാവിനെഒരു പ്രതിസന്ധി ഘട്ടത്തിൽ മുളന്തുരുത്തിയിൽ നിന്നും കുന്നംകുളത്തെത്തിച്ച് അദ്ദേഹത്തിന് സ്വതന്ത്രമായി പ്രാർത്ഥിക്കുവാനും ജനശുശ്രൂഷ നടത്തുവാനും ഒരു അവസരം ഉണ്ടാക്കികൊടുക്കുവാൻ കഴി

ഞ്ഞതാണ് പുലിക്കോട്ടിൽ തിരുമേനിക്കു ലഭിച്ച ഒരു വലിയ ഭാഗ്യം എന്നു ഞാൻ കരുതുന്നു. അന്ന് അദ്ദേഹം യൗസേഫച്ചനായിരുന്നു. പിന്നീട് മലങ്കര സഭയുടെ ഒരു പ്രതിസന്ധി ഘട്ടത്തിൽ പ. കൂറീലോസ് ബാവായുടെ പിൻഗാമിയായ കിടങ്ങൻ മാർ പീലക്സീനോസ് തിരുമനസ്സുകൊണ്ട് യൗസേഫ് റമ്പാനെമാർ ദീവന്നാസിയോസ് ആയി വാഴിക്കുന്നതോടെ ആ ബന്ധം വലിയ ചരിത്രം ആയി മാറുന്നു. വീണ്ടും രണ്ടു പിതാക്കന്മാരെ കൂടെ മലങ്കര മെത്രാപ്പോലീത്താമാരായി വാഴിച്ച് കോട്ടയം സെമിനാരിയിൽ ഇരുത്തുവാനും അവശ്യസന്ദർഭങ്ങളിൽ തൊഴിയൂരിൽ നിന്നും കോട്ടയത്തെത്തി മലങ്കര മെത്രാപ്പോലീത്തായ്ക്ക് അടുത്ത ശുശ്രൂഷകൾ ചെയ്യുന്നതിനും കിടങ്ങൻ പീലക്സീനോസ് തിരുമനസ്സുകൊണ്ട് കാണിച്ച സന്നദ്ധത എന്നും ഓർക്കപ്പെടേണ്ടതാണ്. യഥാർത്ഥത്തിൽ ആർത്താറ്റ് കുന്നംകുളം പള്ളിയുടെ പരിലാളനയിൽ തൊഴിയൂരിൽ ഉയർന്ന ഒരു പർണ്ണാശ്രമം ദൈവഹിതപ്രകാരം ഒരു സ്വതന്ത്ര സഭയുടെ അടിസ്ഥാനവും ആസ്ഥാനവുമായി വളരുകയായിരുന്നു. അല്പം വിശാലാർത്ഥത്തിൽ ചിന്തിച്ചാൽ കുന്നംകുളവും തൊഴിയൂരും അഥവാ മലങ്കരയും മലബാറും രണ്ടെന്ന് ചിന്തിക്കുവാൻ ഇന്ന് പ്രയാസമാണ്. ചരിത്രത്തിന്റെ ചില വിഗതികൾകൊണ്ട് അവ രണ്ടായി കാണപ്പെടുന്നുവെന്ന് പറയുന്നതായിരിക്കും കുടുതൽ ശരി. അനേകകാലം തൊഴിയൂരിലെ പിതാക്കന്മാർ ആർത്താറ്റ് കുന്നംകുളം പള്ളിയിൽ നിന്നുള്ള അവിവാഹിത വൈദീകരിൽ നിന്നാണ് തെരഞ്ഞെടുക്കപ്പെട്ടിരുന്നത്. അനിവാര്യമായ സാഹചര്യങ്ങളാൽ മാർതോമ സഭയിൽ നിന്നും പട്ടത്വം സ്വീകരിക്കേണ്ടി വന്നെങ്കിലും വിശ്വാസാചാര കാര്യങ്ങളിൽ രണ്ടു സഭകളും ഇന്നും ഒന്നാണ് എന്നു ഓർക്കണം. പുലിക്കോട്ടിൽ കുടുംബത്തിലെ ഞാൻ ഉൾപ്പെടുന്ന ശാഖയായ കരിമാംകുഴിയിൽ നിന്നു തന്നെ തൊഴിയൂർ സഭയിൽ മെത്രാപ്പോലീത്തായും വൈദീകരും ഉണ്ടായിട്ടുണ്ടെന്നുള്ളതും ഈ അവസരത്തിൽ ഓർക്കുന്നു. കുന്നംകുളത്തെ മലങ്കര സ്വതന്ത്ര സുറിയാനി സഭയ്ക്ക് ഏറ്റവും കുടുതൽ ബന്ധുത എടുക്കുന്നതും തൊഴിയൂർ സഭയിൽ നിന്നാണ്. തീർത്തും വ്യത്യസ്ത സാഹചര്യങ്ങളിലും വിശ്വാസ പാരമ്പര്യങ്ങളിലും ഉൾപ്പെടുന്ന സഭകളോടുപോലും എക്ക്യുമിനിക്കൽ ബന്ധങ്ങൾ പുലർത്തുകയും അവരുമായി സഭാ ഐക്യ സംഭാഷണങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുമ്പോഴും മലങ്കര സഭയുടെ മുറ്റത്തു കിടക്കുന്ന സ്വന്തം ചോരയായ മലബാർ സ്വതന്ത്ര സഭയുമായി ഒരൈക്യ സംഭാഷണത്തിന് സാധിക്കാതെ പോകുന്നത് സങ്കടകരമാണെന്ന് കുറ്റബോധത്തോടെ ഓർക്കുന്നു. ഏതായാലും വിശ്വാസികൾ വ്യതിരിക്തതകൾക്കപ്പുറമായി വളരുന്നു. ഇരു സഭകളുടേയും ആരാധനാലയങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുകയും നേർച്ചകാഴ്ചകൾ അർപ്പിക്കുകയും വിവാഹബന്ധത്തിൽ ഏർപ്പെടുകയും ചെയ്യുന്നുണ്ടെന്നുള്ളതും, ഒരു പരിധി വരെ വൈദീകർ പരസ്പര ബഹുമാനത്തോടെ ഇരു സഭകളുടേയും ശുശ്രുഷകളിൽ സംബന്ധിക്കുന്നുണ്ടെന്നുള്ളതും ആശാകരമായ സംഭവങ്ങൾ തന്നെ.

ചരിത്രത്തിൽ വീണ്ടും ഉടലെടുത്തിരിക്കുന്ന ഒരു പ്രതിസന്ധി ഘട്ടത്തിൽ ഇന്നു മലബാർ സഭയെ സഹായിക്കുവാനും അതിനെപൂർണ്ണതയിൽ നിലനിർത്തുവാനും മുൻകൈ എടുക്കേണ്ടത് മറ്റാരേക്കാളും മലങ്കര സഭയാണെന്നു ഞാൻ വിശ്വസിക്കുന്നു.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ അനിഷേധ്യ അദ്ധ്യക്ഷനും മഹാ പുരോഹിതനും സഭാഭേദമെന്യേ മതരാഷ്ട്രീയ സാമൂഹിക വ്യത്യാസങ്ങളെന്യേ കുന്നംകുളത്തിന്റേയും മലയാളികൾ മുഴുവന്റേയും ആരാധ്യനായ ജനപ്രിയ ഇടയനുമായ അഭിവന്ദ്യ കൂറീലോസ് പിതാവിന് മേല്പട്ട രജത ജൂബിലിയുടെ നിറവിൽ എല്ലാ ആശംസകളും നേരുന്നു. മലബാർ സ്വതന്ത്ര സുറിയാനി സഭയെ ഇനിയും അനേക ദശകങ്ങൾ ദൈവഹിതത്തിൽ നയിക്കുവാനും പ്രതിസന്ധികളിൽ നിന്നും അതിനെ ഉദ്ധരിച്ച് ശാന്തതയുടെ തുറമുഖത്ത് അതിനെഎത്തിക്കുവാനും അതിന്റെ വിശുദ്ധ കൊമ്പ് കാലദേശങ്ങളിലേക്ക് ഉയർത്തുവാനും പ്രിയ ഇടയനെ നമ്മുടെ കർത്താവ് അനുഗ്രഹിക്കുകയും തന്റെ പരി. റൂഹ വഴി നടത്തുകയും ചെയ്യട്ടേയെന്ന് പ്രാർത്ഥിക്കുന്നു.

കർത്തൃശുശ്രൂഷയിൽ

മലങ്കര സുറിയാനി സഭയുടെ
അഹമ്മദാബാദ് മെത്രാസനാധിപൻ

അവിടത്തെ കൃപയാൽ ബലഹീനനായ
ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത

ശ്രേഷ്ഠ ഇടയന് ജൂബിലി ആശംസകൾ

ഡോ. ഗീവർഗ്ഗീസ് മാർ കുറിലോസ്,

യാക്കോബായസഭ, നിരണം ഭദ്രാസനാധിപൻ

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ മേലദ്ധ്യക്ഷനായ അഭിവന്ദ്യ പിതാവായ ജോസഫ് മാർ കുറിലോസ് വലിയ മെത്രാപ്പോലിത്താ തിരുമനസ്സിന്റെ ഇടയത്വ ശുശ്രൂഷയിൽ ഇരുപത്തിയഞ്ചുവർഷം പൂർത്തിയാകുമ്പോൾ ദൈവത്തിന് നന്ദിയോടെ സ്തോത്രം കരേറ്റുന്നതിന് അഭിവന്ദ്യ വലിയ പിതാവിന് യാക്കോബായ സഭയുടെ നിരണം ഭദ്രാസനത്തിന്റെ പേരിലും വ്യക്തിപരമായ നിലയിലും എല്ലാ ആശംസകളും അർപ്പിക്കുന്നതിന് എനിക്കതിയായ സന്തോഷമുണ്ട്.

ഇടയത്വ ശുശ്രൂഷ വെല്ലുവിളികൾ നേരിടുന്ന ഒരു കാലഘട്ടത്തിൽ, പൗരോഹിത്യ ശുശ്രൂഷ വിചാരണ ചെയ്യപ്പെടുന്ന ഒരു കാലത്ത്, സമർപ്പിതമായ മേല്പട്ടത്വ ശുശ്രൂഷ 25 വർഷം പൂർത്തിയാക്കുന്നത് ദൈവാനുഗ്രഹത്തിന്റെ നിദർശനമാണ്. ആകാശത്തിലെ ഉന്നത ശീർഷത്വം ആദ്ധ്യാത്മിക ജീവിതത്തിലും അഭിവന്ദ്യ വലിയതിരുമേനി സൂക്ഷിച്ചിരുന്നു. നിഷ്ഠയായ പ്രാർത്ഥനാ ജീവിതവും സന്യാസജീവിതചര്യയും ജീവിതശൈലിയും മാർ കുറിലോസ് വലിയ പിതാവിന്റെ വ്യക്തിത്വത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. ഈ സ്വഭാവഗുണങ്ങൾ ആരേയും സ്വാധീനിക്കുന്നതാണ്.

പ.അന്ത്യോഖ്യാ സിംഹാസനവുമായി വലിയമെത്രാപ്പോലിത്താ സുദൃഢബന്ധം സൂക്ഷിക്കുന്നു എന്നത് സന്തോഷകരമായ വസ്തുതയാണ് 1988 ൽ ജോസഫ് മാർ കുറിലോസ് മെത്രാപ്പോലിത്ത ദമസ്ക്കോസിൽ പരിശുദ്ധ സഖാപ്രഥമൻ ബാവായെ സന്ദർശിച്ചതും അവിടെ താമസിച്ചതും പ്രത്യേകം സ്മരണീയമാണ്. പരിശുദ്ധബാവാ തിരുമേനിയുടെ പ്രത്യേക കല്പനപ്രകാരം വലിയ തിരുമേനി യു.എ.ഇ.യിലെ എല്ലാ യാക്കോബായ പള്ളികളിലും വി. കുർബ്ബാനഅർപ്പിക്കുകയും ചെയ്തു. ഇപ്പോഴും ഗൾഫ് രാജ്യങ്ങൾ സന്ദർശിക്കുമ്പോൾ ദുബായിലെ യാക്കോബായ ദേവാലയത്തിൽ വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുകയും പ്രസംഗിക്കുകയും ചെയ്ത് അനുഗ്രഹിക്കുന്നു.

തൊഴിയൂർ സഭയുടെ ആറാമത്തെ മെത്രാപ്പോലിത്ത ആയിരുന്ന പനയ്ക്കൽ ആലത്തൂർ ജോസഫ് മാർ കുറിലോസും (1857) 1917-27 വരെ തൊഴിയൂർ സഭയിലെ സഫ്രഗൻ മെത്രാപ്പോലിത്ത ആയിരുന്ന പനയ്ക്കൽ ആലത്തൂർ പൗലോസ് മാർ അത്താനാസിയോസും വലിയതിരുമേനിയുടെ പൂർവ്വികരായിരുന്നു. പരിശുദ്ധ സുറിയാനി സഭയിലെ സിംഹാസനപള്ളികളുടെ അധിപനായിരുന്ന പുണ്യശ്ലോകനായ ബന്യാമിൻ മാർ ഒസ്താത്തിയോസ് മെത്രാപ്പോലിത്ത കുടുംബവഴിക്ക് വലിയതിരുമേനിയുടെ ജ്യേഷ്ഠസഹോദരനാണ്. പരിശുദ്ധ കാട്ടുമങ്ങാട് അബ്രഹാം മാർ കുറിലോസ് വലിയ ബാവയുടെ ജന്മനാട് ഉൾക്കൊള്ളുന്ന എറണാകുളം ജില്ലയിൽ വലിയതിരുമേനിയുടെ കാലത്താണ് 1995 ആഗസ്റ്റ് 27ന് ഒരു ദേവാലയം മലബാർ സ്വതന്ത്ര സുറിയാനി സഭയ്ക്ക് ഉണ്ടാകുന്നത് പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവയുടെ ത്യാഗപൂർണ്ണമായ പ്രാർത്ഥനാജീവിതം തലമുറകൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന പല ഗ്രന്ഥങ്ങളും വലിയ തിരുമേനിയുടെ ശ്രമഫലമായി അന്തർദേശീയ പ്രസിദ്ധീകരണ സംഘങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.

എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്റർ (ECC), NCCI, CCA, Hong Kong 2000, Oiko Credit തുടങ്ങിയ നിരവധി എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ അംഗത്വം എടുത്ത് തൊഴിയൂർ സഭയെ അന്തർദേശീയ എക്യുമെനിക്കൽ രംഗത്ത് നിലയുറപ്പിച്ചു. അമേരിക്കൻ ഐക്യനാടുകൾ, ഇംഗ്ലണ്ട്, ജർമ്മനി, ഇറ്റലി, സിറിയ, ജോർദാൻ, സ്വിറ്റ്സർലന്റ്, സിംഗപ്പൂർ, ഇന്തോനേഷ്യ, യു.എ.ഇ., ബഹറിൻ, കുവൈറ്റ്, തായ്ലാന്റ്, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ച് സഭയ്ക്ക് പ്രശസ്തി നേടി കൊടുത്തു.

വ്യക്തിപരമായി എനിക്ക് അഭിവന്ദ്യ തിരുമനസ്സുമായി ആഴമേറിയ ബന്ധമുണ്ട്. ഞാനൊരു അൽമായനായിരിക്കുന്ന കാലം മുതലേ, സഭകളുടെ ദേശീയകൗൺസിൽ (NCCI) ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ (CCA) തുടങ്ങിയ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ സമ്മേളനങ്ങളിൽ ഞങ്ങൾ ഒരുമിച്ച് പങ്കെടുക്കുകയും ആത്മീയബന്ധം ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആംഗ്ലിക്കൻ സഭകളിലെ ബിഷപ്പുമാരുടെ ആഗോളസമ്മേളനമായ ലാംബത്ത് കോൺഫറൻസിൽ (1998) ഒരുമിച്ച് പങ്കെടുത്തത് ഒരു വലിയ അനുഭവമായിരുന്നു. അന്നും ഞാൻ അൽമായനായാണ് ലാമ്പത്ത് കോൺഫറൻസിൽ ഒരു ഉപദേഷ്ടാവായി പങ്കെടുത്തത് ഈ വലിയ തിരുമേനിയും ഞാനും ഇംഗ്ലണ്ടിലെ കാന്റർബറിയിൽ സമ്മേളനകാലത്ത് ഒരുമിച്ച് ചിലവഴിച്ച ദിവസങ്ങൾ ഇന്നും ഓർമ്മയിലുണ്ട്. പ്രത്യേകിച്ച് ഞങ്ങൾ ഒരുമിച്ച് ബക്കിംഗ്ഹാം കൊട്ടാരത്തിൽ രാജ്ഞി നൽകിയ ചായ സൽക്കാരത്തിലും ലാംബത്ത് പാലസിൽ അത്താഴവിരുന്നിലും ഒക്കെ പങ്കെടുത്തത് പച്ചയായ ഓർമ്മകളാണ്.

ഇടക്കാലത്ത് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായപ്പോഴും പുഞ്ചിരിയോടും വിശ്വാസത്തോടും കൂടി അതെല്ലാം അഭിമുഖീകരിക്കുന്നത് അഭിവന്ദ്യ വലിയ പിതാവിന്റെ വിശ്വാസസ്ഥൈര്യത്തിന്റെ തെളിവായിരുന്നു. ഞാൻ പട്ടമേറ്റപ്പോഴും മേൽപട്ടസ്ഥാനം ഏറ്റപ്പോഴും എനിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ അറിയിച്ച് എന്നെ അനുഗ്രഹിച്ചതും നന്ദിയോടെ സ്മരിക്കുന്നു.

ഇനിയും ഏറെവർഷങ്ങൾ മേൽപട്ടസ്ഥാനത്ത് സഭയേയും സമൂഹത്തേയും നയിക്കുവാൻ ജോസഫ് മാർ കുറിലോസ് വലിയ തിരുമേനിക്ക് സ്വർഗ്ഗത്തിലെ ദൈവം ആയുസ്സും ആരോഗ്യവും ദൈവകൃപയും നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

MAR THOMA SYRIAN CHURCH OF MALABAR

MUMBAI DIOCESE

Dr. Abraham Mar Paulose
Diocesan Bishop

Mar Thoma Centre
Plot No: 18, Sector 10 A,
Vashi, Navi Mumbai- 400 703

MESSAGE



I am very happy that His Grace Joseph Mar Koorilose Valiya Metropolitan is celebrating the Silver Jubilee of the Episcopal Consecration. Twenty-five years is a fairly long time in the history of the Church and a significant period in the history of the nation. As Charles Dickens said, let us all "have a heart that never hardens, and a temper that never tires, and touch that never hurts."

Koorilose Thirumeni is a good friend of the Mar Thoma Church. Mar Thoma Church and the Malabar Independent Syrian Church of Thozhiyoor are linked historically and share unique and keen ecumenical relation. According to the annals of history in 1857 His Grace Mathews Mar Athanasius(13th Mar Thoma)consecrated His Grace Joseph Mar Koorilos Metropolitan of Thozhiyoor. In a critical juncture in the history of the Mar Thoma Church , His Grace Titus 1 Mar Thoma was consecrated by the Metropolitan of the Thozhiyoor Church, His Grace Joseph Mar Athanasius. From 1935 onwards it is the Mar Thoma Metropolitans who consecrated the Bishops of Thozhiyoor Church. The Bishops of the Thozhiyoor Church take part in the consecration of the Bishops of the Mar Thoma Church.

Koorilose Thirumeni regularly attends the Maramon Convention and share in the mission and Minisrtry of the Mar Thoma Church. Thirumeni is a very good friend of the Metropolitans and Episcopas of the Mar Thoma Church. This friendly Gesture illustrates the intimacy and simplicity of this relationship. Thirumeni being a good farmer and cultivates banana plants. Thirumeni will bring the best bunch of banana to the Poolatheen at Thiruvalla.

Thirumeni is very good in maintaining healthy and enduring relationships. I thank Thirumeni for the love and encouragement given to me as I was elevated to the office of Bishop. I remember fondly the time I was able to spend with the Bishops at the Aramana in Thozhiyoor. Thirumeni is very close to a lot of people. One person worth mentioning is Mr. Abraham Thomas (Roy) who lives in London, England. Whenever Thirumeni visits England, Roy will take good care of him and Thirumeni's fatherly affection pays for it all.

The ministry is more complex and challenging today. Church's call to be a channel of God's Grace is ever real and relevant. " A Church exists for the double purpose of gathering in and sending out. " As a Jewish Hasidic saying goes, "Let us be like the lines that lead to the center of a circle - uniting there, and not like parallel lines, which never joins."

I pray that God will give you grace and love to lead the church and celebrate the goodness of God as a good and great shepherd of the Malabar Independent Syrian church.

With every blessing.
Yours in Christ's Service,
Mar Paulose Episcopa

അഭിവന്ദ്യ മാർ കൂറിലോസ് മെത്രാപ്പോലീത്താ തിരുമേനി,

*"അല്പത്തിൽ വിശ്വസ്തനായവനെഅധികത്തിന്
കാര്യവിചാരനാക്കുന്ന" ദൈവത്തിന് സ്തുതി.*

പുരാതനപൗരസ്ത്യ കൽദായ സുറിയാനി സഭയും, സഭയിലെ മേലദ്ധ്യക്ഷന്മാരുമായി തിരുമനസ്സ് കാലാകാലം വെച്ചുപുലർത്തുന്ന സ്നേഹബന്ധം എന്നും അനുകരണീയമാണ്. തൃശ്ശൂർ മാർത്ത് മറിയം വലിയപള്ളിയിൽ വെച്ച് നടത്തിയ ഞങ്ങളുടെ എപ്പിസ്ക്കോപ്പ സ്വീകരണചടങ്ങിൽ ആശംസകളർപ്പിച്ച അങ്ങയെ ഇന്നും നന്ദിയോടെ സ്മരിക്കുന്നു. 2010 മാർച്ച് 3 ന് തിരുമനസ്സിനെഅങ്ങയുടെ തൊഴിയൂർ അരമനയിൽ സന്ദർശിക്കാനായതും അവിടത്തെ ഭദ്രാസനദേവാലയത്തിൽ പ്രാർത്ഥനയിൽ പങ്കുകൊണ്ടതും ഹൃദയം നിറഞ്ഞ അനുഭവമായിരുന്നു.

2011 ആഗസ്റ്റ് 26ന് 25 വർഷം പൂർത്തിയാക്കുന്ന അങ്ങയുടെ മഹാപുരോഹിതശുശ്രൂഷയുടെ ആ ധന്യ നിമിഷത്തിൽ തിരുമനസ്സിനെഅത്ഭുതകരമായി വഴിനടത്തുന്ന പിതാവായ ദൈവത്തെ സ്തുതിക്കുന്നതോടൊപ്പം, അങ്ങേക്ക് തുടർന്നും തിരുസഭയെ നയിക്കുന്നതിനുവേണ്ട ആയുരാരോഗ്യസൗഖ്യം സ്വർഗ്ഗനാഥൻ തൻകൃപയാൽ നല്കി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മഹാപൗരോഹിത്യാഭിഷേകത്തിന്റെ 25-ാം വാർഷിക ആശംസകൾ നേർന്നുകൊണ്ട്,

മാർ ഔഗിൻ കുര്യാക്കോസ് എപ്പിസ്ക്കോപ്പ

May 'God' bless our Beloved Thirumeni with a healthy Spiritual Life to his Kingdom

With Prayers
Bro. Dr. Mathews Vergis & Family, USA

My congratulations ....

The Very Rev. Peter Hawkins Corepiscopa

My congratulations to HG Metropolitan Joseph Mar Koorilose on the Silver Jubilee of his consecration as Metropolitan. It is through his wisdom and insight that the Malabar Independent Syrian Church has claimed its rightful place in its relationships with other Christian communities. In particular, through the Metropolitan's enthusiasm and encouragement, ecumenical relationships have been established with the Church of England and

I am deeply indebted to the Metropolitan and to MISC for the honour of Corepiscopa given to me in 1993. I regard my ordination as a sign of the Metropolitan's generosity and good will as well as his readiness to extend the influence and the significance of MISC beyond its Indian borders.

Something of his influence will be evident in this article. We must remember that people in England knew nothing of the MISC until the Metropolitan visited here and spoke to us. He reminded us that Christianity came to Kerala with the Apostle Thomas in AD 52, but St Augustine was sent from Rome to evangelise the English only in AD 597. Thirumeni seemed to carry in his person something of the authority of a Bishop in an ancient Church with an authentic tradition. Whenever and wherever he spoke, people listened.

So in this article I am going to write about some of my impressions gained through my visits to Thozhiyur, but more important, some of the achievements that came about through Metropolitan Joseph Mar Koorilose's inspiration, wisdom and enthusiasm.

1. My first visit.

Archbishop Runcie of Canterbury visited Kerala in 1986. His contact was mainly with the Mar Thoma Church. He was asked if contacts between English Christians and Indian Christians could be continued. The Revd John Fenwick (now Bishop John) was invited to give some lectures to the Mar Thoma Church in 1987 and he kindly invited me to accompany him. John achen, in his wisdom, had discovered that the Mar Thoma Church owed its bishops to an original consecration from a MISC Metropolitan. We knew that a new Metropolitan had been consecrated for the MISC, and so we arranged to visit this new Metropolitan, HG Joseph Mar Koorilose. It was a meeting that was to prove very significant. The welcome we were given in November 1987 was overwhelming. The enthusiasm of the new Metropolitan, his awareness of the significance of the MISC and the kindness of the people we met was an inspiration to both of us. I remember how I thought the Cathedral was beautiful but run down, and our accommodation was somewhat antique in the old bishop's quarters. But these things were of much less significance than our encounter with the new Metropolitan who immediately impressed us as a wise and enthusiastic leader.

2. The Significance of the MISC

It became clear through the researches of The Revd John Fenwick, (now Bishop) and The Revd Phillip Tovey, (now Ramban), that the MISC had played a very important part in the development of Christianity in Kerala from the 18th century to the present day. It was our view that the significance of this small but important church should be more widely known. When we brought this information back to England it was immediately appreciated by the authorities in the Church of England and arrangements began to be made for the Metropolitan to visit England.

3. First visit to England of H. G. Joseph Mar Koorilose, 1989

The Metropolitan flew to England with Fr Verghese Koothoor in April 1989. This was a historic event. It was the first time that the Metropolitan of MISC had ever visited England. It was an official visit that included meeting the Archbishop of Canterbury at Lambeth Palace in London. My involvement came when the Metropolitan and Fr Verghese came to stay with me in my Rectory at Solihull. They were received in Solihull by the Mayor of the Borough and later by my Bishop, Dr Santer, Bishop of Birmingham. His Grace met and worshipped with my staff of nine priests and visited all my five churches and the local hospital. At St Alphege Church he spoke on Ascension Day 1989 to a very large congregation.

During his visit, the Metropolitan visited some of our schools. Young people were immediately attracted by this tall, bearded and exotically dressed church leader and they wanted to know more about church life in India. His contact with students at Solihull School resulted in visits to Thozhiyur. He also visited and talked at St Martin's School, Eversfield School, Ruckleigh School, and our two church schools, St Alphege Primary and St Alphege Junior. He made a deep impression on both staff and students.

4. The Support Group

When he came to Solihull, the Metropolitan was immediately able to influence many people and make many friends. As money was being offered and raised for the MISC, it seemed to me a good idea to create the Malabar Independent Syrian Church Support Group and to give it formal status with the Government and tax authorities as a Registered Charity in the UK. This means that money given to the Charity is tax-free. A legal document setting up the charity was agreed. Accurate accounts are kept for submission to the authorities. Trustees have to be appointed and registered. Regular meetings of the Trustees have to be held.

The money raised in England has supported several MISC projects and enabled the Metropolitan to travel overseas, but it was providing funds for an ambulance, that was probably the Support Group's most ambitious task.

5. The Ambulance

From his first contact with me, the Metropolitan with the support of Dr. Alexander, the Medical Director of the Mar Koorilose Memorial Hospital, had suggested the Support Group might provide an Ambulance for the Hospital that could also be a mobile clinic. Raising the large sum of money needed proved to be difficult. Thirumeni, on one of his visits to England, had tried to persuade Land Rover to give us an ambulance (Land Rovers are made in Solihull, where I was Rector at that time), but without success. So the Support Group set out to raise what was needed. It was clear that it would take us several years to raise all the money, so we persuaded Thirumeni to acquire the ambulance on 'hire purchase'. This meant the Hospital had the ambulance right away, and the Support Group Charity would pay off the debt. The people of my parish were very pleased to be involved in such a useful project and I am glad we were able to do it. My son Giles had been staying at Thozhiyur for two month's as the Metropolitan's guest when payment for the ambulance was organised in 1990. He too returned full of enthusiasm for the project.

6. My visits to Kerala

The Metropolitan has been extremely generous in his hospitality to visitors. He belongs to a very close knit family and he has always involved his parents (when they were alive), his sister Lucy and other family members with his guests. This aspect of our visits has been much valued and appreciated. Over the years I have made several visits accompanied by John Fenwick achen or Phillip Tovey achen.

I have been impressed by the dedicated achens of the MISC and particularly distressed by the death of Fr Joseph Vadakkan at the Cathedral.

During my visits I have been taken to all the MISC churches in the area. And I have seen all the schools and met their head teachers and teachers. I remember in particular the beautiful hill at Porkulam, the Women's fellowship at Kallumpuram and the Sunday School meeting there, the school and church at Chaliserry, the important secondary school at Thozhiyur and of course the primary school next to the Cathedral. The head teacher, Mr V I Kochupappy was to visit England with Thirumeni in 1995 and as a result of this visit even closer links were forged between our schools. I must mention my gratitude to my translator Mr Johnson and for the hospitality of Mr Thampymaster, Inspector, among many others. I cannot forget my two visits to Ernakulum where I was shown much kindness and was able to see the beautiful new church building, first under construction and then completed with its glorious and beautiful decorations. When I was consecrated Corepiscopa it was a joy to have my wife Catherine, Kochamma, with me too. His Grace organised a firework display after the event. I have never, before or since, experienced anything like this in my life!

7. The Bungalow

In his early years as Metropolitan, HG Mar Koorilose had enlarged and rebuilt the Cathedral and provided new accommodation for guests. But only for men. Such was the interest being shown in the MISC by some English people that they wanted to visit. One female student doctor (Emma Meikle) was accommodated by Thirumeni's family and when I visited with my wife in 1993 we stayed in a hotel. As a result of Thirumeni's visit to Solihull School, several students wanted to visit and help in any way they could, particularly with English in the schools. So we resolved to build a bungalow to the rear of the Cathedral to accommodate guests. I was very pleased to see such a well-equipped bungalow when I visited and I know it has been used and valued by many guests. The first students to stay were my god-daughter, Victoria MacIntyre and her brother Jonathan. They gave English tuition in the schools. Victoria became a teacher and is now married with four young children. Jonathan is a now a hospital doctor. We also had several students from Solihull School, among them Alex Kershaw, Andrew Hanson, Tim Johnson and Rayhan Davis. There were several others, but I regret I have forgotten their names.

8. Metropolitan's other visits to England

I have a note from my records, dated April 1989. With the initiative and co-operation of HG Metropolitan Mar Koorilose, I recorded that 'The Malabar Independent Syrian Church came into full Communion with the Church of England, in the church of St Alphege, Solihull'. This link has been subsequently strained by the Anglican Communion's acceptance of teachings and doctrines about ministry and morality that are not those of the universal church, but all the same this declaration is an important step in linking the churches of the East with the West. I think it is one of the Metropolitan's great achievements. It was at Solihull too that His Grace first celebrated the Holy Quarbana in England for and Anglican congregation. Those of us present who wished to receive the Holy Communion regarded this as a great privilege.

His Grace visited England again in 1991. This time he was accompanied by Fr Verghese Vazhappily. He was invited to take part in the Enthronement of the new Archbishop of Canterbury, Dr George Carey. I watched the ceremony on Television and it was very thrilling to see the leader of the MISC in Canterbury Cathedral taking part in this important ceremony, which was broadcast throughout the UK. When he came to stay in Solihull we had the usual parish events. Everywhere we went, Thirumeni was greeted with joy and enthusiasm. It was the same when he came again in 1995 with Mr. V.I. Kochupappy and in 1998 when he was invited to attend the Lambeth Conference of Bishops. When he came in 1991 there was a notable event in St Alphege Primary School. The head teacher, Mrs Elaine Winterbottom asked him to minister to a boy with serious problems. The Metropolitan exorcised him in a ministry of healing and in 1995 his parents brought him to His Grace, fully recovered (Paul Menis). It was also in 1991 that His Grace had major ear surgery in England to improve his hearing. This was followed by a period of recuperation before he returned to Kerala.

9. 'I was in prison and you visited me ' Matthew 26:36

One day I read in my newspaper of a young woman called Samantha Slater who was in prison in Thrissur for possessing drugs. Some British newspapers were suggesting that it was cruel to sentence her to 10 years in prison for a drug crime that was the fault of her boy friend. So, I made contact and the Metropolitan visited her and brought some comfort to her. I came to Kerala in early 1996. His Grace arranged for me to visit the Prison Governor who said that Samantha ought to be released (although her prison term was a mandatory sentence). Thirumeni then introduced me to a Thrissur lawyer. He advised me that the British Government was wrong in appealing to the High Court in Delhi, and that they ought to be asking the Kerala Chief Minister for clemency. On my return to England I contacted Sir Malcolm Rifkind, then UK Foreign Secretary and I advised him and the British High Commission to follow this course of action. A few month's later she was released into the Metropolitan's care. She flew back to England into much publicity because the British press had been campaigning for her release. They did not know that the MISC Metropolitan was the effective cause of her return to the UK. I regard the initiative the Metropolitan took as one of his great acts of mercy.

In the course of my visit to India at this time, the Metropolitan and I were visited by Mr. Venugopal K. Nair IPS. He was, and is now, a senior Kerala Police Officer. I am sure his influence may have helped. He and his wife have subsequently visited me when he has been in England. Fr. C.I. Job has been here too.

10. In conclusion

There is much more to write about, but I am sure others will contribute their memories. Especially significant was the Metropolitan's serious illness and his subsequent miraculous recovery. For my part I am privileged to have been taken into the heart of the MISC, and I thank God for the joy of knowing you all and for the honour given to me through being consecrated Corepiscopa. The Metropolitan has been a welcome guest in our home when he has been in England and my wife, Catherine, joins me in sending our greetings. It is therefore with prayers, good wishes and profound thanksgiving to Almighty God that I wish the Valiya Metropolitan every blessing for the years to come and ask that there may be many of them. When His Grace writes he ends his letters 'Don't forget to carry me in your daily prayers'. e do. And we thank God for your ministry and leadership among us.

Compliments from
Very Rev Peter Hawkins
Cor-Episcopa's family

Ordination of Corepiscopa
Very Rev. Peter Hawkins-U.K 1993 at Thozhiyoor





English MISC History Book Release 1993

Very Rev'd Dr Phillip Tovey Rambban
Oxon, United Kingdom

Most Rev. Joseph Mar Koorilose an appreciation

It is with great joy that I can contribute to this appreciation of the ministry of Joseph Mar Koorilose in his jubilee.

My first meeting with Mar Koorilose was at Lambeth Palace where he was visiting His Grace the Archbishop of Canterbury Robert Runcie. This was more than 20 years ago and I had only been recently ordained a priest in the Church of England. This was the prelued to my first visit to Kerala one of a number that were to occur. On this first visit I met His Grace in the Cathedral and was very overcome by the spiritual nature of the place. I remember at that time Mar Basilios working as a priest in his role of exorcism and healing. This opened my eyes to the glory of the Syrian tradition, lived and worshipped in the people of MISC. This small church became very important to me for while small in number it is big in heart, welcoming me an English priest into its fellowship.

A number of visits followed, and in England we set up a Support Group of fellowship, prayer, and practical assistance to foster good relations between Christians around the world. I was one of the first trustees of this group. It is my joy is still operating and has been able to do work with the church in Kerala in helping schoolchildren, the sick, and clergy training, as well as helping build the guesthouse. It has been my joy to be able to stay in that last project, and talk to various people who over the years have become friends.

Mar Koorilose has also done extensive visits to England and the rest of the world. This is been of great significance in opening up Christians to have fellowship with one another from different lands and different traditions. The body of Christ is wide and rich and diverse. Of great significance has been the visits of His Grace to the Lambeth Conference. It has been my delight to take His Grace to the conference, and was a great surprise for the trainee priest I had working with me, to deliver a Metropolitan to that event.

Every ten years clergy in the Church of England can take a sabbatical. It was my great privilege to use the three months provided to stay in India, half of which was to be at the Cathedral in Thozhiyur. I remember well getting up in the morning to sing Morning Prayer in Syriac at the Cathedral. Due to the kindness of His Grace and the clergy, I was, after some time, able to follow and managed to pick up some songs in Syriac.

Mar Koorilose has been a vigourous Metran, caring for his people and the clergy, planting new churches, developing ecumenical links, encouraging scholarship with regard to MISC. I have been delighted to be associated with His Grace for at least 20 years of his Metropolitanate, and look forward by the grace of God to this continuing to flourish in the future.

With prayers for every blessing on this jubilee,

Phillip Ramban

'THE HEAD OF THE CORNER'

Congratulations to Most Rev.J.Mar Koorilose

The Rev. Prof.Dr.Dr.H.C.Karl-Heinz Kuhlmann, Germany

It is for me a great pleasure and honour to congratulate His Grace Joseph Mar Koorilose, Valiya Metropolitan of the Malabar Independent Syrian Church in Thozhiyur on the 25th anniversary of taking over the supreme office of his church and for which he was a real blessing.

Ever since my student years I had been interested in the oriental orthodox churches, their history and teachings. In one of my textbooks I read that these churches were almost dead and had no future anymore. I then decided to take a closer look on them, especially on those in India. Unfortunately no answer came from the Malabar Independent Syrian Church. When I had given up almost every hope I got a letter from the person who is now celebrating this anniversary. He wrote to me that after the defection of Pauluse Mar Philoxenos III in 1977, Mathews Mar Koorilose became the 12th Metropolitan in the month of January 1978 And He died in the month of June 1986. In the month of August 27th Joseph Mar Koorilose Metropolitan became the 13th Metropolitan. When Joseph Mar Koorilose Metropolitan was in office , he had found my letters in the remaining papers of him.

Furthermore he indicated his interest in building a new relationship with me and my church in Germany.

That was good news for me and when in 1987 SEERI had its first international meeting in Kottayam I took this opportunity to come to India and to participate in that conference. At the same time I had contacted the Metropolitan of the Chaldean Syrian Church Mar Aprem in Trichur and when I visited him I continued my journey to Thozhiyur. It was a heartily welcome by Joseph Mar Koorilose in his palace and ever since we kept contact. In those days I could also visit the Mission Hospital which served with its ambulant activities the broad neigbourhood. Later visits followed and I could also participate in tne ordination and consecration of the present Metropolitan Cyril Mar Baseleos. On one of my visits I was accompanied by my son Marc who spent some days with His Grace.

Not to be forgotten should the vistis of Joseph Mar Koorilose in my parish where he participated in a wedding and prayer meetings and he met the officials of my church in Hanover and those of the Catholic Church in Osnabrueck. I had also the pleasure of accompaning His Grace while he was in England to see his friends there, especially the Rev. Dr.John Fenwick who has written two books on the Malabar Independent Syrian Church and is now bishop of the Free Church of England. During that visit Mar Koorilose also met the Archbishop of Canterbury.

May I close with quoting Prof. Wolfgang Hage of the University of Marburg/Germany who in his book on the Oriental Christendom has to say this: "That the small Malabar Independent Syrian Church does not live withdrawn in obscurity is shown by the many contacts with the larger sister churches of the common west-syrian tradition... Likewise standing on the common basis of the west-syrian heritage but here beyond denominational borders Thozhiyur has a close relationship with the church that she is in reciprocal union of ordination: the reformed Mar Thoma Church. The Metropolitan of this church cooperated in 1948 in that the Malabar Independent Syrian Church gave herself a constitution which replaced her traditional paternalistic structure. This was the important step of this church into the present time and of which the Metropolitan Joseph Mar Koorilose IX now as the first one is undertaking journeys to foreign countries....The Indian Metropolitan of the Apostolic Church of the East who is looking with favour on his neighbouring church has then not unjustly in view of her beginnings and her activities put in mind the word of the Book of Psalms: "The stone which the builders rejected has become the head of the corner"(118,22).

Prayers & Wishes

to our Beloved Joseph Mar Koorilose Valiya Thirumeni on this Auspicous Occasion

Inter Denominational Christian Fellowship (IDCF)
KUWAIT UNIT

ആലത്തൂർ തിരുമേനിമാരും തൊഴിയൂർ സഭയും

പി. ഐ. തമ്പി, കല്ലുംപുറം, മുൻ സഭാ അത്മായട്രസ്റ്റി

ജോസഫ് മാർ കുറിലോസ് മെത്രാപ്പോലീത്ത (ആലത്തൂര് വലിയ തിരുമേനി) 1857-1888

പൌലോസ് മാർ അത്താനിയോസ് സഫ്രഗൻ മെത്രാപ്പോലീത്ത (ആലത്തൂര് ചെറിയ തിരുമേനി) 1917-1927

ജൂബിലി ആഘോഷിക്കുന്ന ജോസഫ് മാർ കുറിലോസ് വലിയ മെത്രാപ്പോലീത്ത 1986 August 27

"കുരുടനായി പിറന്നവന്റെ കണ്ണ് ആരെങ്കിലും തുറന്നപ്രകാരം ലോകം ഉണ്ടായത് മുതൽ കേട്ടിട്ടില്ല" (യോഹന്നാൻ 9-32) പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവ സ്വന്തജനങ്ങളിൽ നിന്ന് വേർപെട്ട് അഭയാർത്ഥിയായി അഞ്ഞൂരെത്തി താമസിക്കുന്നകാലം. പുന്നത്തൂർ രാജാവിന്റെ സൈന്യാധിപനായ ഹൈദ്രോസ്കൂട്ടി മൂപ്പന്റെ കുടുംബത്തിലെ കുഞ്ഞിപ്പോക്കർ എന്ന ബാലന് പേയിളകുകയും രോഗസൌഖ്യത്തിനായി ബാവയ്ക്കുമുന്നിൽ കൊണ്ടുവരുകയും ചെയ്തു. അചഞ്ചലമായ വിശ്വാസത്താൽ ബാവ ആ ബാലനെ സൌഖ്യമാക്കി. ഇതിൽ സംപ്രീതനായ ഹൈദ്രോസ്കുട്ടിമൂപ്പൻ ദാനം നല്കിയതാണ് ഇപ്പോൾ തൊഴിയൂർ ഭദ്രാസനദേവാലയം നില്ക്കുന്ന സ്ഥലവും വിശാലമായ തെങ്ങിൻ തോപ്പും. അഞ്ഞൂരെത്തുന്നതിന് മുൻപ് കുന്നംകുളത്ത് തനിക്ക് അഭയം നല്കിയ ശ്രീ. പനക്കൽ താരുവിന്റെ പേരിലാണ് ബാവ ഈ സ്ഥലം എഴുതിവാങ്ങിയത്. പെസഹ ഊട്ടിന് ആവശ്യമായ അരി ലഭ്യമാക്കാൻ ഒന്നര ഏക്കറോളം വരുന്ന നെൽവയൽ ദാനം നല്കിയതും മേൽ സൂചിപ്പിച്ച ശ്രീ പനക്കൽ താരുവായിരുന്നു. (മലബാർ സ്വതന്ത്ര സുറിയാനി സഭാചരിത്രം പേജ് 46, 1-ാം എഡിഷൻ 1972. ദിവ്യശ്രീ K.C. വർഗ്ഗീസ്കശ്ശീശ) ഭദ്രാസനദേവാലയം നില്ക്കുന്ന സ്ഥലത്തിന്റെ ജന്മാവകാശം 950 ഇടവമാസത്തിൽ പുന്നത്തൂർ രാജാവ് ശ്രീ പനയ്ക്കൽ താരുവിന് നല്കിയതായി രേഖകൾ വെളിപ്പെടുത്തുന്നു.

കാട്ടുമങ്ങാട്ട് ബാവ പേവിഷബാധ മാറ്റിയ സംഭവം വർഷങ്ങൾക്കുശേഷം സഭയുടെ 6-ാമത്തെ മെത്രാപ്പോലിത്ത ആയിരുന്ന ആലത്തൂർപനയ്ക്കൽ ജോസഫ്മാർകൂറീലോസ് (1857-1888) ആവർത്തിക്കുന്നുണ്ട്. സഭയിലെ ഒരു ശെമ്മാശ്ശന് പേവിഷബാധയേറ്റു. ഈ ശെമ്മാശ്ശാന്- മൂന്നു ദിവസത്തെ ഉപവാസത്തിനുശേഷം വിശുദ്ധ കുർബ്ബാന നല്കി ആലത്തൂർ വലിയ തിരുമേനി അദ്ദേഹത്തെ സൌഖ്യമാക്കി. സൌഖ്യം നേടിയ ഈ ശെമ്മാശ്ശനാണ് ആലത്തൂർ വലിയ തിരുമേനിക്കു ശേഷം മാളിയേക്കൽ ജോസഫ് മാർ അത്താനാസിയൊസ് എന്ന സ്ഥാനനാമത്തിൽ മെത്രാപ്പോലീത്തയായത്. 1889 മാർച്ച് 28-ാം തിയ്യതി തൊഴിയൂർ എത്തിയ ഒരു വിദേശി സന്ദർശകൻ ഇവിടെ സൂക്ഷിച്ചിട്ടുള്ള സന്ദർശകപുസ്തകത്തിൽ ഇങ്ങനെഎഴുതിയതായി കാണുന്നു "I was sorry to hear of the demise of my old respected friend Mar Kurilos who treated my son, John from mad dog bite"

പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവ മാർക്കുശേഷം പേ ഇളകിയ ആൾക്ക് സൗഖ്യം നൽകാൻ ആലത്തൂർ വലിയ തിരുമേനിയെ സ്വർഗ്ഗീയനായ ദൈവം ശക്തീകരിച്ചു എന്നത് അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിത്തിന് ഉത്തമമായ തെളിവാണ്.

പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവ മാർക്കുശേഷം തൊഴിയൂർ സഭയുടെ മെത്രാപ്പോലീത്തമാരായി വാഴിയ്ക്കപ്പെട്ട ചീരൻസ്കറിയാ മാർ പീലക്സീനോസ്, കിടങ്ങൻ ഗീവർഗ്ഗീസ് മാർ പീലക്സിനൊസ്, കുത്തൂര് ഗീവർഗ്ഗീസ് മാർ കൂറീലോസ്, ആലത്തൂർ പനക്കൽ ജോസഫ് മാർ കൂറിലോസ് എന്നിവർ മലങ്കര സഭയിൽപ്പെട്ട ആർത്താറ്റ്, കുന്നംകുളം, പഴഞ്ഞി ഇടവകളിലെ പ്രമുഖ കുടുംബങ്ങളിൽ നിന്ന് ആർത്താറ്റ്പള്ളി വികാരിമാരായിരുന്നവർ ആയിരുന്നു.

അന്ന് തൊഴിയൂർ പള്ളിക്കു ചുറ്റും ഒരു ക്രൈസ്തവ സമൂഹം ഇല്ലായിരുന്നു. മേൽപറഞ്ഞ തിരുമേനിമാരുടെ സ്നേഹപൂർണ്ണമായ പ്രേരണയും തൊഴിയൂരെ ആരാധനയിൽ പങ്കെടുക്കാനുള്ള സൌകര്യവും പരിഗണിച്ചാണ് ആർത്താറ്റ്,

SCHOOL DAYS OF THIRUMENI




ആദ്യാക്ഷരം പഠിപ്പിച്ച ശ്രീമതി സൂസന്ന ടീച്ചറോടൊപ്പം


വൈദീകനായി മാതാപിതാക്കളോടൊപ്പം


STD- VII - MJD HIGH SCHOOL - 1965-66
SILVER JUBILEE MEMORIAL BUILDING


SSLC AT MJD HIGH SCHOOL - 1969 MARCH

കുന്നംകുളം, പഴഞ്ഞി എന്നീ സ്ഥലങ്ങളിൽ നിന്നും ക്രൈസ്തവർ തൊഴിയൂർ എത്തുന്നതും പള്ളിക്കു ചുറ്റും ഒരു സമൂഹമായി വളർന്നതും.

ആലത്തൂർ വലിയ തിരുമേനി

1829 - 1856 കാലത്ത് തൊഴിയൂർ- മെത്രാപ്പോലിത്ത ആയിരുന്ന കൂത്തൂർ ഗീവർഗ്ഗീസ് മാർ കൂറിലോസ് ആർത്താറ്റ് പള്ളി വികാരിയായിരുന്ന ആലത്തൂർ പനക്കൽ ഇട്ടൂപ്പ് കശ്ശീശയെ തന്റെ പിൻഗാമിയായി മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് നിശ്ചിയിച്ചിരുന്നു. 1856 ജൂൺ-14-ാംതിയ്യതി അന്നത്തെ മലങ്കര മെത്രാപ്പോലീത്തയെ ഈ കാര്യം കത്തുമൂലം അറിയിച്ചിരുന്നു. എന്നാൽ പിൻഗാമിയെ വാഴിക്കുന്നതിന് മുൻപായി ജൂൺ 16-ാംതിയ്യതി മെത്രാപ്പോലീത്ത കാലം ചെയ്തു.

ആലത്തൂർ പനക്കൽ ഇട്ടൂപ്പ് കശീശ്ശയെ തൊഴിയൂരിലെ ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്തയായി വാഴിക്കുന്നതിന് മലങ്കര മെത്രാപ്പോലീത്തയായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസീയോസ് തിരുമേനിയും സംഘവും തൊഴിയൂരെത്തി. അന്ന് മലങ്കരയിലുണ്ടായിരുന്ന അന്ത്യോഖൻ പ്രതിനിധി യൂയാക്കിം മാർ കുറീലോസും മറ്റൊരു വൈദികനെ തൊഴിയൂർ മെത്രാനായി വാഴിക്കുന്നതിന് തൊഴിയൂരെത്തി. ഔദ്യോഗിക വിളംബരങ്ങളാൽ മലങ്കര മെത്രാപ്പോലീത്ത ആകാനുള്ള മോഹം നഷ്ടപ്പെട്ടിരുന്ന യൂയാക്കിം മാർ കൂറീലോസ്സിന്റെ ദൗത്യം പക്ഷെ പാലക്കുന്നത്ത് തിരുമേനിയുടെയും ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെയും ധീരവും സന്ദർഭോചിതവുമായ ഇടപെടലുകൾ മൂലം നടന്നില്ല. 1857 ഫ്രെബുവരി 2-ാംതിയ്യതി പനയ്ക്കൽ ആലത്തൂർ ഇട്ടൂപ്പ് (ജോസഫ്) കശീശ്ശയെ മാത്യുസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ജോസഫ് മാർ കൂറീലോസ് എന്ന സ്ഥാനപ്പേരിൽ തൊഴിയൂരിന്റെ 6-ാം മത്തെ മെത്രാപ്പോലീത്തയായി വാഴിച്ചു.

തൊഴിയൂർ സഭയ്ക്ക് ഇതിലൊരു സ്ഥാപിത താൽപര്യവും ഉണ്ടായിരുന്നില്ല. പട്ടം കൊടുക്കുന്നത് മലങ്കരയിലെ അംഗീകരിക്കപ്പെട്ട മെത്രാപ്പോലീത്തയായിരിക്കണം എന്നു മാത്രമായിരുന്നു തൊഴിയൂർസഭയുടെ ദർശനം. ഇതേ ദർശനം തന്നെയായിരുന്നു മലങ്കരസഭ 1815നും 1825നും ഇടയിൽ മൂന്ന് തവണ തൊഴിയൂർ മെത്രാപ്പോലീത്തയായിരുന്ന ഗീവർഗ്ഗീസ് മാർ പീലക്സിനോസ് 2-ാംമനിൽ നിന്നും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ്, പുന്നത്ര മാർ ദിവന്നാസിയോസ്, ചേപ്പാട്ട് മാർ ദീവന്നാസിയോസ് എന്നിവർ മേൽപ്പട്ട സ്ഥാനം സ്വീകരിച്ചത് വഴി പ്രകടിപ്പിച്ചത്.

ആലത്തൂർ പനക്കൽ ജോസഫ് മാർ കൂറീലോസ് തിരുമേനിയുടെ സ്ഥാനരോഹണത്തിനുശേഷം നിരാശനായ യൂയാക്കിം മാർ കൂറിലോസ് ആലത്തൂർ തിരുമേനിക്കും പാലക്കുന്നത്ത് തിരുമേനിക്കും തൊഴിയൂർപള്ളിയ്ക്കും എതിരായി 1857ൽ വ്യവഹാരം തുടങ്ങി. വിധി പ്രതികൂലമായി വരുന്ന പക്ഷം തൊഴിയൂരെ താമസസ്ഥലം നഷ്ടപ്പെടുമെന്നതിനാൽ കുന്നുംകുളത്ത് സെന്റ്തോമസ്പള്ളി- കുന്നത്തെപള്ളി- നില്ക്കുന്ന സ്ഥലം തിരുമേനി വിലയ്ക്കുവാങ്ങുകയും അവിടെ ഒരു അരമനപണിയുകയും ചെയ്തു. തൊഴിയൂർപള്ളിയും സ്വത്തുക്കളും തൊഴിയൂർ മെത്രാന്റെയും യോഗക്കാരുടെയുമാണെന്നും ആ ഇടവക സ്വതന്ത്രമായി നിൽക്കുന്ന മലബാറിലെ സഭയാണെന്നും അന്ത്യോഖ്യാ പാത്രീയാർക്കിസിനോ അദ്ദേഹത്തിന്റെ സ്ഥാനികൾക്കോ ഇതിൽ യാതൊരു കർത്തൃത്വവും അധികാരവും ഇല്ലെന്ന 1863ലെ മദ്രാസ് ഹൈക്കോടതി വിധിയോടെ വ്യവഹാരം അവസാനിച്ചു. കോടതി ചിലവിലേയ്ക്കായി യുയാക്കിം മാർ കൂറിലോസിന്റെ കൈവശമായിരുന്ന ഫോർട്ട്കൊച്ചി, ചാലിശ്ശേരി, പോർക്കുളം പള്ളികൾ തൊഴിയൂർസഭയ്ക്ക് കൈവരികയും ചെയ്തു. 1863ൽ കോടതി പേർചൊല്ലിവിളിച്ച പ്രകാരം തൊഴിയൂർ സഭ 'മലബാർ സ്വതന്ത്ര സുറിയാനി സഭ' എന്നറിയപ്പെടാൻ തുടങ്ങി. 1866-ലാണ് സഭ സ്വന്തമായി തൊഴിയൂരിന് പുറത്ത്-മലബാറിന് പുറത്ത്-കുന്നുംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്ത് നേരത്തെ അരമനപണിത കുന്നിൻ മുകളിൽ ഒരുപള്ളി പണിതത്. സെന്റ്തോമസ് പള്ളിയെന്നും കുന്നത്തെപള്ളിയെന്നും ഇന്നറിയപ്പെടുന്ന പ്രസ്തുത പള്ളി സെമിനാരിപള്ളിയെന്നാണ് ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത്. ജൂബിലേറിയൻ ആയ ഇപ്പോഴത്തെ ജോസഫ് മാർ കൂറിലോസ് തിരുമേനി കുന്നുംകുളത്തെ ഈ സെന്റ്തോമസ്പള്ളി ഇടവക അംഗമാണ്. ആവശ്യഘട്ടങ്ങളിൽ വിശ്വാസാചാരങ്ങളിലെ വ്യത്യാസംമറന്ന് എപ്പിസ്കോപ്പസി ഇടമുറിയാതെ തുടരാൻ പരസ്പരം സഹായിക്കണം എന്ന് പാലക്കുന്നത്ത് തിരുമേനിയും തൊഴിയൂരെ ആലത്തൂർതിരുമേനിയും ചേർന്നെടുത്ത തീരുമാനം ആധുനിക എക്യുമെനിക്കൽ പ്രസ്ഥാനങ്ങളെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് മാർത്തോമ സഭയും തൊഴിയൂർ സഭയും സോദരിസഭകളായി ഇന്നും സ്നേഹബന്ധത്തിൽ തുടരുന്നതിന് അടിസ്ഥാനമായി നില്ക്കുന്നു.

തൊഴിയൂർ ഭദ്രാസനാപള്ളിയോട് ചേർന്ന പഴയഅരമന പണികഴിപ്പിച്ചത് ആലത്തൂർ വലിയ തിരുമേനിയാണ്. 1883 ഒക്ടോബർ 14-ാം തിയ്യതി തന്റെ പിൻഗാമിയായി ദിവ്യശ്രീ മാളിയേക്കൽ ജോസഫ് കശ്ശീശയെ ജോസഫ് മാർ അത്താനാസിയോസ് എന്ന സ്ഥാനപ്പേരിൽ മെത്രാനായി വാഴിച്ചു. ആലത്തൂർ വലിയ തിരുമേനി ആസൂത്രണം ചെയ്തതും ആരംഭിച്ചതുമായ ഉദ്യമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ഒരു ഒസ്യത്ത് 1883 നവംബർ 2-ാംതിയ്യതി എഴുതി റജിസ്റ്റർ ചെയ്തു. 1888 ഫെബ്രുവരി 2-ാംതിയ്യതി ആലത്തൂർ വലിയ തിരുമേനി കാലം ചെയ്തു.

കർത്താവിന്റെ ജീവനുണ്ടാ

Ordination as Sub Deacon - 5 March 1972

Full Deacon - 21.11.1976



ക്കുന്ന മരുന്നും പാപങ്ങളെ സ്ഫുടം ചെയ്യുന്ന തീക്കട്ടയുമായ തിരുശരീരരക്തങ്ങളെ വിഭാഗിച്ചു കൊടുക്കുന്ന അതിവിശുദ്ധസ്ഥലത്ത് അഴുകുവാനുള്ള തന്റെ മൃതശരീരം സംസ്കരിക്കരുത് എന്ന നിർബ്ബന്ധ ഉപദേശം നല്കിയ മാർ അപ്രേമിന്റെ ദർശനങ്ങളിൽ ആകൃഷ്ടനായെന്നോണം തൊഴിയൂർ ഭദ്രാസനദേവാലയത്തിന്റെ തെക്കുഭാഗത്തുള്ള വരാന്തയിൽ തന്റെ തന്നെ നിർദ്ദേശത്തിലും മേൽനോട്ടത്തിലും പണികഴിപ്പിച്ച കല്ലറയിലാണ് ആലത്തൂർ വലിയ തിരുമേനിയെ കബറടക്കിയത്. ഭദ്രാസനദേവലായം പുനർനിർമ്മാണം നടത്തിയപ്പോൾ ഈ കല്ലറ പള്ളിക്കുള്ളിലായി. വലിയ തിരുമേനിയ്ക്കുശേഷം 1986-ൽ കാലം ചെയ്ത മാത്യുസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉൾപ്പെടെ 6 തിരുമേനിമാരേയും കബറടക്കിയത് ഇതേ കല്ലറയിലാണ്. ആലത്തൂർ വലിയ തിരുമേനി ജനിച്ചതും മെത്രാൻപട്ടം സ്വീകരിച്ചതും കാലം ചെയ്തതും ഫെബ്രുവരി 2-ാം തിയ്യതിയാണ്.

ആലത്തൂർ പനക്കൽ പൗലോസ് മാർ അത്താനാസിയോസ് സഫ്രഗൻ മെത്രാപ്പോലിത്ത

ആലത്തൂർ പനക്കൽ കുടുംബത്തിൽ നിന്ന് പിന്നീട് തൊഴിയൂർ സഭയുടെമേൽപ്പട്ടസ്ഥാനത്തേയ്ക്ക് വന്നത് ആലത്തൂർ വലിയ തിരുമേനിയുടെ സഹോദരപുത്രനായ വറിയതിന്റെ മകൻ പൌലോസ് കശീശ്ശയാണ്. കോട്ടയത്തെ കേംബ്രിഡ്ജ് നാഷനൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വേദശാസ്ത്രപഠനം പൂർത്തിയാക്കിയ തൊഴിയൂർ സഭയിലെ ആദ്യ പുരോഹിതനാണ് പൌലൊസ് കശ്ശീശ.

സഭയുടെ 8-ാ മത്തെ മെത്രാപ്പോലീത്തയായ പുലിക്കോട്ടിൽ കരിമാംകുഴി ഗീവർഗ്ഗീസ് മാർ കൂറിലോസ് ആലത്തൂർ പനയ്ക്കൽ പൌലോസ് കശീശ്ശയെ 1907ൽ റമ്പാനായും 1917ഡിസംബർ 9-നു പൌലോസ് മാർ അത്താനാസിയോസ് എന്ന സ്ഥാനപ്പേരിൽ മെത്രാനായും വാഴിച്ചു. 1927ൽ കാലം ചെയ്യുന്നതുവരേയും ആലത്തൂർ ചെറിയ തിരുമേനി എന്നറിയപ്പെടുന്ന അഭിവന്ദ്യ പൗലോസ് മാർ അത്താനാസിയോസ്, സഫ്രഗൻ മെത്രാപ്പേലീത്തയായി തുടർന്നു. സ്ഥാനാഭിഷേകം കഴിഞ്ഞ് അധികദിവസം കഴിയുന്നതിന് മുമ്പായി മാർത്തോമസഭയിലെ അബ്രാഹാം കശീശ്ശയെ റമ്പാനായി വാഴിക്കുന്നതിൽ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ്സ് മെത്രാപ്പോലീത്തയോടൊപ്പം സഹകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ്സ് മെത്രാപ്പേലീത്ത തന്റെ പിൻഗാമിയായി ആലത്തൂർ ചെറിയ തിരുമേനിയെ നിശ്ചയിച്ചിരുന്നു എങ്കിലും 1927ൽ അദ്ദേഹം കാലംചെയ്തു.

ആലത്തൂർ പനക്കൽ കുടംബത്തിൽ നിന്നും മുന്നാമത്തെ മെത്രാപ്പോലിത്താ- അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ്

തൊഴിയൂർസഭയുടെ മേൽപ്പട്ടസ്ഥാനത്തേക്ക് ആലത്തൂർ പനയ്ക്കൽ കുടുംബത്തിൽ നിന്ന് വരുന്ന മൂന്നാമത്തെ ആളാണ് പനയ്ക്കൽ മാത്തുക്കുട്ടിയുടെയും കുഞ്ഞാണിയുടെയും മകനായ ജോസഫ് കശീശ്ശ. ആലത്തൂർ ചെറിയ തിരുമേനി പൌലൊസ് മാർ അത്താനാസിയോസിന്റെ സഹോദരൻ ശ്രീ ഇട്ടൂപ്പിന്റെ മകനാണ് ശ്രീ മാത്തുകുട്ടി. റിട്ടയേർഡ് ഹവീൽദാർ മേജറായ മാത്തുക്കുട്ടിയുടെ 8 മക്കളിൽ 5-ാമനായി 1954 നവംബർ 26-ാംതിയ്യതിയാണ് ജോസഫ് കശീശ്ശ ജനിച്ചത്. ഇദ്ദേഹത്തിന്റെ 4 മൂത്തസഹോദരിമാരിൽ 3 പേരും വളരെ ചെറുപ്രായത്തിൽ തന്നെ മരിച്ചുപോയി. 1948-ൽ സഭാഭരണക്രമം നിലവിൽ വന്നതിന്റെ അടുത്ത വർഷം മുതൽ തുടർച്ചയായി 37 വർഷം ശ്രീ മാത്തുക്കുട്ടി സഭാ കൌൺസിൽ അംഗമായിരുന്നു.

സഹോദരങ്ങൾ:- കുന്നംകുളം തെക്കേക്കര പരേതനായ ശ്രീ ഐപ്പുകുട്ടിയുടെ ഭാര്യ ശ്രീമതി ലൂസി (മരത്തംകോട് എം.ജി.എം. എൽ.പി.എസിൽ നിന്നും റിട്ടയർ ചെയ്ത അദ്ധ്യാപിക), പഴഞ്ഞി കൊള്ളന്നൂർ പരേതനായ ശ്രീ തമ്പിയുടെ ഭാര്യ ശ്രീമതി ലില്ലി (പാലക്കാട് മൂത്താംതറ ഹൈസ്ക്കൂൾ സംസ്കൃതം അദ്ധ്യാപിക), പഴഞ്ഞി തോലത്ത് ശാമു ഭാര്യ ശ്രീമതി മേഴ്സി, ആലത്തൂർ ബുക്സ് ഇൻഡസ്ട്രീസ് ഉടമ ശ്രീ ബെന്നി എന്നിവർ തിരുമേനിയുടെ സഹോദരങ്ങളാണ്.

വിദ്യാഭ്യാസം:- കുന്നംകുളം ഡേവിഡ് മെമ്മോറിയൽ എൽ. പി. സ്ക്കൂളിൽ നിന്ന് പ്രാഥമികവിദ്യാഭ്യാസവും, M.J.D. സ്കൂളിൽ നിന്ന് ഹൈസ്ക്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കിയ തിരുമേനി ഗുരുവായൂർ ശ്രീകൃഷ്ണകോളജിൽ നിന്ന് പ്രീഡിഗ്രിയും തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നിന്ന് ചരിത്രം, ഇംഗ്ലീഷ് എന്നിവയിൽ ബി.എ. ബിരുദവും എടുത്തു. 1978-79 വർഷത്തിൽ കർണ്ണാടകയിലെ ചിക്ബെല്ലാപൂർ മുനിസിപ്പൽ കോളേജിൽ നിന്ന് ബി.എഡ്. ബിരുദം നേടി.

പൗരോഹിത്യത്തിലേക്ക്

11-ാം വയസ്സുമുതൽ ഭദ്രാസനദേവാലയത്തിൽ ശുശ്രൂഷകനായി സേവനം തുടങ്ങിയ ജോസ് എന്ന ബാലൻ അഭിവന്ദ്യ പൌലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയിൽനിന്ന് 1972 മാർച്ച് 5-ാം തിയ്യതി ശെമ്മാശ്ശപട്ടവും 1976 നവംബർ 21-ാം തിയ്യതി പൂർണ്ണശെമ്മാശ്ശപട്ടവും സ്വീകരിച്ചു. 1976 മുതൽ 1978 ജൂൺ വരെ സഭ വക കുന്നുംകുളം സെന്റ്തോമസ് പ്രസ്സിന്റെ മാനേജർ ആയി പ്രവർത്തിച്ചു. ഇക്കാലത്തുതന്നെ സുവിശേഷ സംഘം സെക്രട്ടറി ആയും പ്രവർത്തിച്ചു. 1978 മാർച്ച് 1-ാംതിയ്യതി അഭിവന്ദ്യ മാത്യുസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയിൽ നിന്ന് ഭദ്രാസനദേവലായത്തിൽവെച്ച് കശീശ്ശാപട്ടം സ്വീകരിച്ചു. അതേ മാസം തന്നെ സഭാ സെക്രട്ടറി ആയി തെരഞ്ഞെടുക്കപ്പെട്ടു. 1978 ഏപ്രിൽ





Full Deacon - 21.11.1976



അവസാനം മുതൽ മെത്രാപ്പോലീത്തയുടെ നിർദ്ദേശാനുസരണം തൊഴിയൂരിൽനിന്ന്മാറി കുന്നത്തെ പള്ളിയിൽ താമസം തുടങ്ങി. 1978 ജൂലൈ 11-ാം തിയ്യതി മെത്രാപ്പോലീത്തയുടെ അനുമതിയോടെ സഭാ സെക്രട്ടറിസ്ഥാനം ഒഴിഞ്ഞ് കർണ്ണാടകയിലെ ചിക്ബല്ലാപ്പൂരിൽ ബി. എഡ് കോഴ്സിന് ചേർന്നു. സെപ്റ്റംബർ മാസം മുതൽ അവിടെയുള്ള C.S.I ഹോസ്പിറ്റൽ ചാപ്പലിൽ ഞായറാഴ്ചകളിൽ വിശുദ്ധ കുർബ്ബാനഅനുഷ്ഠിച്ചു തുടങ്ങി. 1979 മെയ് ആദ്യത്തിൽ കോഴ്സ് കഴിഞ്ഞ് തിരിച്ചെത്തി. മെയ് 14-ാം തിയ്യതി കല്ലും പുറംപള്ളിയിൽ വെച്ച് വൈദികൻ എന്ന നിലയിൽ ആദ്യത്തെ വിവാഹ കൂദാശ നടത്തി (ചെറുവത്തൂർ താവൂട്ടി ജോയിയും മേരിക്കുട്ടിയും തമ്മിലുള്ള വിവാഹം) 1979 സെപ്തംബറിൽ ഇദ്ദേഹത്തെ കല്ലും പുറംപള്ളി വികാരിയായി നിയമിച്ചു. വികാരി സ്ഥാനം കിട്ടിയ ശേഷവും ആദ്യമായി വിവാഹ കൂദാശ നടത്തിയതും കല്ലുംപുറത്തു തന്നെയായിരുന്നു.(22.10.1979)

അദ്ധ്യാപകവൃത്തിയിലേയ്ക്ക്

1980 ജനുവരി 8-ാം തിയ്യതി തൊഴിയൂർ സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി നിയമിതനായി. മെത്രാൻ സ്ഥാനാഭിഷേകത്തിന് മുമ്പു വരെ അദ്ധ്യാപകനായി തുടർന്നു. അദ്ധ്യാപകനായിരുന്ന കാലത്ത് ഇദ്ദേഹം കുട്ടികളുടെ ഏറ്റവും പ്രിയപ്പെട്ട "അച്ചൻമാഷ്" ആയിരുന്നു. വിദ്യാർത്ഥികളെ ജില്ലാ മത്സരങ്ങൾക്ക് കൊണ്ടുപോകാനും വിനോദയാത്രയിൽ കൂടെപ്പോകാനും ഇദ്ദേഹം മുൻകയ്യെടുത്തു. അതേ സമയം സ്കൂളിലെ അച്ചടക്കത്തിന്റെ കാര്യത്തിൽ മഹാകണിശക്കാരനും ആയിരുന്നു.

എപ്പിസ്കോപ്പാ തിരഞ്ഞെടുപ്പ്

1981 ഡിസംബർ 20-തിയതി കൂടിയ സഭാമണ്ഡലം 27 വയസ്സുകാരനായ ആലത്തൂർ പനക്കൽ ജോസഫ് കശ്ശീശായെ എപ്പിസ്കോപ്പാസ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 1983 ഏപ്രിൽ, 1984 ജൂൺ മാസങ്ങളിൽ അഭിവന്ദ്യ മാത്യുസ് മാർ കൂറിലോസ് തിരുമേനി രോഗിയായി ദിവസങ്ങളോളം കുന്നത്തെ പള്ളിയിൽ താമസിച്ചപ്പോൾ അദ്ദേഹത്തെ ശുശ്രൂഷിച്ചത് ജോസഫ് കശീശ്ശയായിരുന്നു. സ്കുളിൽ പൊകേണ്ട ദിവസങ്ങളിൽ പകൽ സമയത്ത് തിരുമേനിയുടെ സഹായത്തിന് ഒരാളെ നിയോഗിച്ചിട്ടായിരുന്നു ജോസഫ് കശീശ്ശ പോയിരുന്നത്. തിരുമേനിയുടെ അഭിപ്രായങ്ങളോട് ഒട്ടും ആനുകൂല്യം ഇല്ലാതിരുന്നിട്ടും ഒരു പുരോഹിത ശ്രേഷ്ഠനോട് കാണിക്കേണ്ട ആദരവും വിധേയത്വവും പാലിക്കുവാൻ ജോസഫ് കശീശ്ശ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സഭയിലെ മറ്റൊരു പട്ടക്കാരനും അഭിവന്ദ്യ തിരുമേനിയെ ശ്രദ്ധിക്കാതിരുന്ന സമയത്തായിരുന്നു ഇതെന്ന് ഓർക്കണം.

യുത്ത്ലീഗ് സംഘാടനം

1984 ഏപ്രിലിൽ മലബാർ സ്വതന്ത്രസുറിയാനി സഭ യൂത്ത്ലീഗ് എന്ന സംഘടനരൂപീകരിച്ചു. അന്നു മുതൽ 2001 ഏപ്രിൽ 15 വരെ സംഘടനയുടെ പ്രസിഡണ്ട് സ്ഥാനത്തു തുടർന്നു. 1984 സെപ്തംബറിൽ യൂത്ത്ലീഗിന്റെ അഭിമുഖ്യത്തിൽ സ്നേഹസന്ദേശം മാസിക പ്രസിദ്ധീകരണം തുടങ്ങി. ഒരു വർഷത്തിനുശേഷം മാസികയുടെ പേര് 'കുഞ്ഞാടുകളുടെ വെളിച്ചം' എന്ന പേരിൽ രജിസ്ട്രേഷൻ കിട്ടി. 1986 ആഗസ്റ്റ്വരേയും മാസികയുടെ ചീഫ് എഡിറ്റർ ആയി പ്രവർത്തിച്ചു. മാസിക പ്രവർത്തനം വഴി പലയുവാക്കളേയും സഭയുടെ ചരിത്രപഠനത്തിലേക്കും സഭാസ്ഥാപകരെകുറിച്ചുള്ള പഠനത്തിലേക്കും നയിച്ചു. യൂത്ത്ലീഗിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പുകൾ, തയ്യൽമെഷീൻ വിതരണം, നിർദ്ധനരായ വിദ്ധ്യാർത്ഥികൾക്ക് പഠനോപകരണങ്ങളുടെ വിതരണം തുടങ്ങി നിരവധി പ്രവർത്തനങ്ങൾക്ക് ജോസഫ് കശ്ശീശ നേതൃത്വം കൊടുത്തു. സഭയിൽ യുവാക്കളുടെ നേതൃത്വനിര രൂപപ്പെടുന്നതിനും ഈ പ്രവർത്തനങ്ങൾ സഹായകമായി. യുവാവായ ജോസഫ് കശീശ്ശയുമായി ഇടപെടുന്നതിന് യുവാക്കൾക്കും മാനസികമായി എളുപ്പമായിരുന്നു എന്നത് ഈ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകർന്നു. ഇതിന്റെയൊക്കെ പരിണിതഫലമാണ് അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനി സ്ഥാനമേറ്റതിനുശേഷം നടന്ന സഭാ കൌൺസിൽ തെരഞ്ഞെടുപ്പിൽ യുവാക്കൾ സഭാ കൌൺസിൽ അംഗങ്ങളായി വരാൻ ഇടയായത്. യുവാവായ തിരുമേനിയുടെയും യുവാക്കളടങ്ങിയ കൌൺസിലിന്റെയും ഉത്സാഹപൂർണ്ണമായ പരിശ്രമം 1987- നവംബറിൽ തുടങ്ങി 1989 ഏപ്രിൽ മാസത്തിൽ ദേവാലയ പുനർനിർമ്മാണം പൂർത്തീകരിച്ചതിന് പിന്നിലുണ്ടായിരുന്നു.

1986 ജൂൺ 17-ാംതിയ്യതി രാത്രി 8 മണിക്ക് അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ തൃശ്ശൂർ മെട്രോപ്പോലിറ്റൺ ആസ്പത്രിയിൽവെച്ച് കാലം ചെയ്തു. 19-ാം തിയ്യതി രാവിലെ വിശുദ്ധകുർബ്ബാനക്ക്ശേഷം (അന്ന് കുർബ്ബാന അർപ്പിച്ചതും ജോസഫ് കുശീശ്ശ ആയിരുന്നു) തൊഴിയൂർ ഭദ്രാസനദേവാലയത്തിൽ കബറടക്കി.

മെത്രാപ്പോലിത്താ പദവിയിലേയ്ക്ക്

1986 ആഗസ്റ്റ് 20-ാം തിയ്യതി മാർത്തോമ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്ത അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിലും, മാർത്തോമ്മാസഭയിലെ അഭിവന്ദ്യ ഈശൊ മാർ തിമത്തിയോസ് എപ്പിസ്ക്കോപ്പ, അഭിവന്ദ്യ ജോസഫ് മാർ ഐറേനിയസ് എപ്പിസ്ക്കോപ്പ, യാക്കോബായ സഭയിലെ അഭിവന്ദ്യ തോമസ് മാർ തിയോഫിലൊസ് തിരുമേനി (മൂത്തേടം തിരുമേനി) എന്നിവരുടെ സഹകാർമ്മികത്വത്തിലും ഭദ്രാസനദേവാലയത്തിൽവെച്ച് ജോസഫ് കശീശ്ശയെ

Ordination as priest on 01.03.1978.



റാമ്പാനായി വാഴിച്ചു. 1986 ആഗസ്റ്റ് 27-ാം തിയ്യതി മാർത്തോമസഭയുടെ അഭിവന്ദ്യ ഡോക്ടർ അലക്സാണ്ടർ മർത്തോമ്മ മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മിത്വത്തിലും മാർത്തോമ സഭയിലെ അഭിവന്ദ്യ ജോസഫ് മാർ ഐറേനിയസ് എപ്പിസ്ക്കോപ്പ, അഭിവന്ദ്യ സക്കറിയാസ് മാർ തിയൊഫിലൊസ് എപ്പിസ്ക്കോപ്പ, യാക്കോബായ സുറിയാനി സഭയിലെ മാർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്ത, കൽദായ സഭയിലെ അഭിവന്ദ്യ മാർ അപ്രേം മെത്രാപ്പോലിത്താ, അഭിവന്ദ്യ ഡോ. പൗലോസ് മാർ പൗലോസ് എപ്പിസ്ക്കോപ്പ സി.എസ്. ഐ. സഭയിലെ അഭിവന്ദ്യ സേത്ത് തിരുമേനി എന്നിവരുടെ സഹകാർമ്മികത്വത്തിലും തൊഴിയൂർസഭയുടെ 13-ാംമത് മെത്രാപ്പോലീത്തയായി അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് വാഴിക്കപ്പെട്ടു.

സ്ഥാനാരോഹണദിവസം മാർത്തോമസഭയിലെ ദിവ്യശ്രീ കെ. റ്റി. ജോയ് കശീശ്ശ തിരുമേനിയ്ക്ക് ഒരു കവർ കൊടുത്തുകൊണ്ട് പറഞ്ഞു. "ഇതിൽ ഒരു മേൽവിലാസം ഉണ്ട് അത് പിന്നീട് പ്രയോജനപ്പെടും." കവറിൽ ഉണ്ടായിരുന്നത് റവ. ഡോക്ടർ ജോൺ ഫെൻവിക്കിന്റെ കത്തായിരുന്നു. തുടർന്ന് നടന്ന കത്തിടപാടുകൾ സഭയുടെ ചരിത്രത്തിൽ ഒരുനിർണ്ണായക വഴിത്തിരിവിന് ഇടയാക്കി. 1987 നവംബറിൽ റവ.ഡോ. ജോൺ ഫെൻ വിക്കും റവ. പീറ്റർഹോക്കിൻസും തൊഴിയൂരിൽ എത്തി. അവർ തിരുമേനിയെ ഇംഗ്ലണ്ടിലേക്ക് ക്ഷണിച്ചു. ഇതുപോലെ തികച്ചും യാദൃശ്ചികമായാണ് ഏതാനും മാസങ്ങൾക്കു മുമ്പ് ജർമ്മനിയിൽ നിന്ന് റവ: ഡോക്ടർ കൂൾമാൻ മാത്യൂസ് മാർ കൂറിലോസ് തിരുമേനിക്കയച്ച പൊട്ടിക്കാത്ത ഒരു കത്ത് അരമനയിലെ മേശയിൽ കണ്ടെത്തിയത്. ഈ കത്തിന് തിരുമേനി മറുപടി അയക്കുകയും 1987 സെപ്തംബറിൽ റവ. ഡോക്ടർ കൂൾമാൻ തൊഴിയൂർ വരുകയും ചെയ്തു. ഇതെല്ലാം യാദൃച്ഛികം എന്ന് തോന്നാമെങ്കിലും സർവ്വശക്തനായ ദൈവത്തിന്റെ പ്ലാൻ ഇതിന്റെ പുറകിൽ പ്രവർത്തിച്ചതാണെന്നുള്ളതിന് സംശയമില്ല.

വിദേശയാത്രകളൂടെ തൂടക്കം

1987 നവംബർ 30-ാം തിയ്യതി ഭദ്രാസനദേവാലായ പുനർനിർമ്മാണത്തിന് അഭിവന്ദ്യ തിരുമേനി അടിസ്ഥാനശിലയിട്ടു. പുനർനിർമ്മാണത്തിനുവേണ്ട ധനം സമാഹരിക്കുന്നതിനാണ് തൊഴിയൂർസഭയുടെ ഒരു മെത്രാപ്പോലീത്ത ആദ്യമായി വിദേശയാത്ര നടത്തുന്നത്. ഗൾഫ് നാടുകളിൽ സന്ദർശനം നടത്തിയ തിരുമേനിക്ക് അവിടങ്ങളിലുള്ള യാക്കോബായ സുറിയാനി പള്ളികളിൽ കുർബ്ബാനഅർപ്പിക്കുന്നതിന് പരിശുദ്ധ പാത്രീയർക്കീസ് ബാവായിൽ നിന്ന് അനുവാദകല്പനലഭിച്ചിരുന്നു. ഇത് സാധ്യമായത് യാക്കോബായ സഭയിലെ സിംഹാസനപള്ളികളുടെ ചുമതല ഉണ്ടായിരുന്ന, തിരുമേനിയുടെ ഒരു ജ്യേഷ്ഠസഹോദരസ്ഥാനീയനായ അഭിവന്ദ്യ മാർ ഓസ്ത്താത്തിയോസ് ബന്യാമിൻ ജോസഫ് മെത്രാപ്പോലീത്തയുടേയും പരിശുദ്ധ ബാവയുടെ സെക്രട്ടറിയായിരുന്ന ദിവ്യശ്രീ കുര്യാക്കോസ് കശ്ശീശയുടേയും (മുമ്പ് ഇദ്ദേഹം ആർത്താറ്റ് സിംഹാസന പള്ളി വികാരിയായിരുന്നു. പിന്നീട് കുര്യാക്കോസ് മാർ യൂലിയോസ് എന്ന പേരിൽ മെത്രാപ്പോലിത്തയായി. 2011ൽ കാലം ചെയ്തു.) സഹായം ലഭ്യമായിരുന്നു. സാധാരണഗതിയിൽ മുസ്ലീം മതമേധാവികളെ ഒഴിച്ച് മറ്റ് മതപുരോഹിതന്മാരെ ആരെയും സന്ദർശനത്തിന് അനുവദിക്കാത്ത RAK യിൽ പോലും തിരുമേനിയ്ക്ക് സന്ദർശനം നടത്താൻ കഴിഞ്ഞു. സിറിയ, ജോർദ്ദാൻ, ബഹറിൻ എന്നിവിടങ്ങളിൽ സന്ദർശനം നടത്തുവാനും ദമാസ്ക്കോസിൽ പരിശുദ്ധ പാത്രീയാക്കിസ് ബാവയുടെ അതിഥിയായി 3 ദിവസം താമസിക്കുന്നതിനും കഴിഞ്ഞു. തൊഴിയൂർ സഭക്കാരും മറ്റ് സഭകളിൽപെട്ടവരും മറ്റ് സമുദായങ്ങളിൽ പെട്ടവരുമടക്കം എല്ലാവരുടേയും സ്നേഹനിർഭരമായ സ്വീകരണങ്ങളും സഹായസഹകരണങ്ങളും അഭിവന്ദ്യ തിരുമേനിക്കു ലഭിച്ചു. നല്ലൊരു സംഖ്യ ഭദ്രാസന ദേവാലയ പുനർനിർമ്മാണത്തിന് ഗൾഫ് രാജ്യങ്ങളിൽ നിന്ന് ലഭിക്കുകയും ചെയ്തു.

ദേവാലയ പൂനർനിർമ്മാണം

1987 നവംബർ 30-തിയതി തുടങ്ങിയ ദേവാലയ പുനർനിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചു. ഒരു ദേവാലയവും ഇത്രവേഗത്തിൽ പണി പൂർത്തിയാക്കിയ ചരിത്രം ഉണ്ടാവില്ല. 16 മാസവും 15 ദിവസവുംകൊണ്ടാണ് പുനർനിർമ്മാണം പൂർത്തിയാക്കിയത്. അതിനിടെ ഒറ്റ ദിവസം പോലും വിശുദ്ധ കുർബ്ബാനയ്ക്ക് മുടക്കം വന്നിട്ടില്ല. പണി നടന്നിരുന്ന സമയത്ത് വിദേശത്തു പോയ സന്ദർഭത്തിലൊഴികെ എല്ലാ ദിവസവും തിരുമേനി പണിക്കാരോടൊപ്പം ഉണ്ടായിരുന്നു. ഇതിനിടയിൽ ബഹു. വടക്കനച്ചനോടൊപ്പം ധനശേഖരണത്തിന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പോകണം, തീരെ വിശ്രമമില്ലാത്ത കഠിനദ്ധ്വാനത്തിന്റെ നാളുകളായിരുന്നു ഈ കാലം. പുനർനിർമ്മാണം പൂർത്തിയായ ഭദ്രാസനദേവാലയം 1989 ഏപ്രിൽ 16-ാംതിയ്യതി അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്താ കൂദാശ ചെയ്തു. തദവസരത്തിൽ സഹകാർമ്മികരായി വിശിഷ്ട അതിഥികളായും മാർത്തോമ്മാസഭയിലെ അഭിവന്ദ്യ ഡോ. അലക്സാണ്ടർ മെത്രാപ്പോലിത്താ, അഭിവന്ദ്യ ജോസഫ് മാർ ഐറേനിയസ് എപ്പിസ്കോപ്പാ, യാക്കോബായ സഭയിലെ അഭിവന്ദ്യ മാർ ഓസ്താത്തിയോസ് ബന്യാമിൻ ജോസഫ് മെത്രാപ്പോലിത്താ, ദുബായ് മാർ ഇഗ്ന്യാത്തിയോസ് ഇടവക വികാരി വെരി, റവ. ജോസഫ് വർഗ്ഗീസ് റമ്പാൻ എന്നിവർ പങ്കെടുത്തു.

Activities as "Kasseesa" 1978 March 1st Onwards



MISC Youth League 1984 April- May - Magazine Release 1984 September




.C. യൂത്ത് ലീഗിന്റെ ആഭിമുഖ്യത്തിൽ
ന്യ
"വൈദ്യപരിശോധന കേമ്പ്
ഗവ: ഹൈസ്കൂൾ കടവല്ലൂർ തീയതി 21.7.85

എല്ലാ നന്മനിറഞ്ഞ ജീവിതത്തിനും പ്രവർത്തനങ്ങൾക്കും ദൈവവചനം അത്യാന്താപേക്ഷിതമാണെന്ന നഗ്നസത്യം സഭാ അടിസ്ഥാനത്തിൽ ഗ്രഹിപ്പാനും പങ്കുവെപ്പാനും സഭയുടെ വിവിധ ഇടവകകളിലെ മക്കൾക്ക് സഹായകമാകുന്ന സഭാസുവിശേഷ കൺവെൻഷൻ 1987 ഡിസംബർ മാസത്തിൽ എല്ലാവർക്കും എളുപ്പത്തിൽ വന്നുചേരാവുന്ന കുന്നംകുളം ടൗണിലെ സെന്റ് തോമസ് പള്ളിയിൽ- കുന്നത്തെ പള്ളി- സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിയ്ക്കാൻ സുവിശേഷസംഘം പ്രസിഡണ്ട് എന്ന നിലയിൽ ഇന്നത്തെ ജോസഫ് മാർ കുറിലോസ് വലിയ മെത്രാപ്പോലിത്താ ശക്തമായ നേതൃത്വം നല്കിയത് സഭയിൽ ആത്മീയമാറ്റങ്ങൾക്ക് കാതലായ തുടക്കം കുറിച്ചു.

1989ൽ സഭയിലെ സീനിയർ വൈദികനും ഭദ്രാസനദേവാലയ പുനർനിർമ്മാണത്തിൽ തിരുമേനിയുടെ വലംകയ്യുമായിരുന്ന ദിവ്യശ്രീ ജോസഫ് വടക്കൻ കശീശ്ശയുടെ സപ്തതി വിപുലമായ രീതിയിൽ തിരുമേനിയുടെ നേതൃത്വത്തിൽ, യൂത്ത് ലീഗിന്റെ ആഭിമുഖ്യത്തിൽ ആഘോഷിച്ചു.

ആദ്യ ഇംഗ്ലണ്ട് യാത്ര

1989 ഏപ്രിൽ 24-ാം തിയ്യതി റവ.ഡോക്ടർ ഫെൻവിക്കിന്റെ ക്ഷണം അനുസരിച്ച് ഇംഗ്ലണ്ട് സന്ദർശിച്ചു. ഇംഗ്ലണ്ടിലെ സോളിഹൾ സെൻറ് ആൾഫീജ് ഇടവകയുടെ കൺഫർമേഷൻ പ്രോഗ്രാമിനുള്ള ക്ഷണം സ്വീകരിച്ച് എത്തിയ തിരുമേനിയെ അന്നത്തെ കാന്റർബറി ആർച്ച്ബിഷപ്പ് റോബർട്ട് റൺസി ഹൃദ്യമായി സ്വീകരിച്ചു. തൊഴിയൂർ സഭയോടുള്ള ആദരസൂചകമായി വിശിഷ്ട അതിഥികളെ ഉൾപ്പെടുത്തി പ്രത്യേക വിരുന്നുസൽക്കാരം നടത്തുകയും ഉണ്ടായി. ലണ്ടൻ, സോളിഹൾ എന്നിവിടങ്ങളിലെ പള്ളികളിൽ തൊഴിയൂർസഭയുടെ ആചാരക്രമമനുസരിച്ച് മലയാളത്തിൽ വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുകയുണ്ടായി. ഈ യാത്രയിൽ റവ: ഫാ. വർഗ്ഗീസ് കുത്തർ തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. മാർത്തോമ്മാസഭയുടെ അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമാ മെത്രാപ്പേലീത്തായുടെ നിർദ്ദേശമനുസരിച്ച് ലണ്ടൻ കാതറൈൻ ക്രീ ബാൺ പള്ളിയിലും അവിടത്തെ വികാരി റവ. ജോർജ്ജ് മാത്യു അച്ചന്റെ സ്നേഹപൂർണ്ണമായ സഹകരണത്തിൽ വിശുദ്ധ കുർബ്ബാനഅർപ്പിക്കുകയുണ്ടായി. മടക്കയാത്രയിൽ റോമിൽ മാർപ്പാപ്പയെ സന്ദർശിക്കാൻ ഉദ്ദേശമുണ്ടായിരുന്നു എങ്കിലും വിമാനം വൈകിയതിനാൽ മാർപ്പാപ്പയെ സന്ദർശിക്കാൻ സാധിച്ചില്ല.

ചർച്ച് ഓഫ് ഇംഗ്ലണ്ടുമായുള്ള ബന്ധം തുടരുകയും 1991-ൽ കാന്റർബെറി ആർച്ച് ബിഷപ്പ് ജോർജ്ജ്കേരിയുടെ സ്ഥാനരോഹണശുശ്രൂഷയിൽ പങ്കെടുക്കുന്നതിനുള്ള ക്ഷണം അഭിവന്ദ്യ തിരുമേനിക്കു ലഭിക്കുകയും ചെയ്തു. ഈ സ്ഥാനാരോഹണ ശുശ്രൂഷയിലും തുടർന്ന് നടന്ന സ്വീകരണത്തിലും തിരുമേനി പങ്കെടുത്തു. ചർച്ച്ഓഫ് ഇംഗ്ലണ്ടുമായുള്ള ഈ ബന്ധത്തിന്റെ ഫലമായാണ് റവ:ഡോക്ടർ ജോൺ ഫെൻവിക്ക് “The Malabar Independent Syrian Church” എന്ന പുസ്തകം ഇംഗ്ലണ്ടിൽനിന്നും പ്രസിദ്ധീകരിച്ചത്. ഈ പുസ്തകമാണ് തൊഴിയൂർസഭയെക്കുറിച്ചും പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവമാരെക്കുറിച്ചും ആഗോളതലത്തിൽ അറിയപ്പെടാൻ ഇടയാക്കിയതിന്റെ ആരംഭം കുറിച്ചത്. ഇതിന്റെ തുടർച്ചയെന്നോണം 10 വർഷം നീണ്ട ഗവേഷണങ്ങൾക്കു ശേഷം 600ൽപരം പേജുള്ള “The Forgotten Bishops - The Malabar Independent Syrian Church and its place in the story of the St.Thomas Christian of South India” എന്ന ബൃഹത്ഗ്രന്ഥം 2009ൽ അമേരിക്കയിൽ നിന്നും പ്രസിദ്ധീകരിച്ചു. ഈ പുസ്തകത്തിന്റെ രചനയിൽ അഭിവന്ദ്യ തിരുമേനിയുമായും പോർക്കുളം ശ്രീ എം. പി. കൊച്ചുമോനുമായും റവ. ഡോ. ഫെൻവിക്ക് ദീർഘമായ കത്തിടപാടുകൾ നടത്തുകയും തൊഴിയൂരെത്തി ഇവിടെയുള്ള പഴയ രേഖകൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. ഈ രണ്ടു ഇംഗ്ലീഷ് ഗ്രന്ഥങ്ങളിലേയ്ക്കും മലയാളത്തിലെ ചില രേഖകൾ ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം ചെയ്യുവാൻ ബലഹീനനായ എനിക്ക് ലഭിച്ച ചുമതലകൾ നിവർത്തിപ്പാനായത് ദൈവീകമായ ഒരനുഗ്രഹമായി ഞാൻ കരുതുന്നു. ഈ രണ്ടു പുസ്തകങ്ങൾക്കും പുറമെ ആചാരാനുഷ്ഠാനങ്ങളുടെ പഠനങ്ങൾ, വിശ്വാസസംബന്ധമായ കാര്യങ്ങൾ എന്നിവ അടിസ്ഥാനമാക്കി 6 പുസ്തകങ്ങൾ കൂടി പ്രസിദ്ധീകരിച്ചത് അഭിവന്ദ്യ തിരുമേനിയുടെ ശ്രമഫലമായിട്ടാണ്. റവ. ഡോ. ഫെൻവിക്കിന്റെ 2 പുസ്തകങ്ങളും പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവമാരെക്കുറിച്ചും അവർ സ്ഥാപിച്ച ഈ സഭയെക്കുറിച്ചും ലോകത്തിൽ ക്രിസ്ത്യാനികൾ ഉള്ള ഇടങ്ങളിലെല്ലാം തന്നെ അറിയാൻ ഇടയാക്കി. തിരുമേനിയുടെ ഏറ്റവും ദീർഘിച്ച വിദേശയാത്രയായിരുന്നു. 1991 ഫെബ്രുവരി 12 മുതൽ ജൂൺ 7 വരെ. ഈ യാത്രയിലാണ് തിരുമേനിയുടെ ചെവിക്കുള്ള ശസ്ത്രക്രിയ നടത്തിയത്. മടക്കയാത്രയിൽ ജർമ്മനിയിൽപോയി റവ. ഡോ. കൂൾമാനെസന്ദർശിക്കുകയുണ്ടായി.

1991ൽതന്നെ മദ്രാസ്പള്ളിയോട് ചേർന്നസ്ഥലം പള്ളിക്കുവേണ്ടി വാങ്ങി. ദിവ്യശ്രീ ജോസഫ് വടക്കൻ കശ്ശീശ അദ്ദേഹത്തിന്റെ പ്രോവിഡന്റ് ഫണ്ട് നിക്ഷേപത്തിൽ നിന്ന് 25000രൂപ ഇതിലേക്ക് നല്കി സഹായിച്ചു. മദ്രാസിലെ ശ്രീ ജോൺ പീറ്റർ അടക്കമുള്ളവരുടെ സംഭാവനയോടൊപ്പം അഭിവന്ദ്യ കൂറിലോസ് തിരുമേനിയുടെ വിദേശസുഹൃത്തുക്കൾ നല്കിയ സംഭാവനയും ചേർത്തിട്ടും തികയാതെ വന്നപ്പോൾ ശ്രീ ജോൺ പീറ്റർ പോരാത്തതുകകൂടി നല്കി സഹായിച്ചു ഇത് അദ്ദേഹത്തിന് പിന്നീട് തിരിച്ചുകൊടുക്കുകയും ചെയ്തു.

Activites as "Kasseesa"

As B.Ed. Student- 1978-79

1991ൽ മാർകുറീലൊസ് മിഷൻ ആശുപത്രിക്കു വേണ്ടി, ഇംഗ്ലണ്ടിലെ സുഹൃത്തുക്കളുടെ സഹായത്തോടെ ഒരു മൊബൈൽ ആംബുലൻസ് യൂണിറ്റ് ലഭ്യമാക്കിയതും 1993ൽ N.C.C.I. യുടെ ഫണ്ടുംകൂടി ഉപയോഗിച്ച് ആശുപത്രിയിൽ സാമാന്യം നല്ല ഒരു ഓപ്പറേഷൻ തിയ്യറ്റർ സജ്ജമാക്കാനും തിരുമേനിക്കു കഴിഞ്ഞു.

എറണാകുളത്തും കോയമ്പത്തൂരും പുതിയ ഇടവകകൾ

1992 ജൂലൈമാസത്തിൽ കൊയമ്പത്തൂർ സി.എസ്. ഐ ചാപ്പലിൽ ഞായറാഴ്ചകളിൽ വിശുദ്ധ കുർബ്ബാനഅർപ്പിക്കാനുള്ള അനുവാദം കോയമ്പത്തൂർ സി.എസ്. ഐ. ബിഷപ്പ് മോസ്റ്റ് റവ. വില്യം മോസ്സസ്സിൽ നിന്നും നേടിയെടുക്കുന്നതിന് കഴിഞ്ഞു. പ്രഥമകുർബ്ബാന അഭിവന്ദ്യ തിരുമേനിതന്നെ അർപ്പിക്കുകയും ചെയ്തു. ക്രമേണ ഇത് ഒരു ഇടവകയായിതീർന്നു. 1992 ഒക്ടോബൽ 18-തിയതി എറണാകുളത്ത് മാർ കൂറിലോസ് ബാവാപള്ളിയ്ക്ക് കല്ലിടുകയും തിരുമേനിയുടെ സ്ഥാനാരോഹണത്തിന്റെ 10-ാംവാർഷികദിനമായ 95 ആഗസ്റ്റ് 27-ാം തിയതി കൂദാശ നടത്തുകയും ചെയ്തു.

1994ൽ തൊഴിയൂർ സഭയും മാർത്തോമ സഭയും തമ്മിലുള്ള സുഹൃദ്ബന്ധത്തിന്റെ ശതാബ്ദിആഘോഷം കുന്നംകുളം കുന്നത്തെ പള്ളിയിൽവെച്ച് ആഘോഷപൂർവ്വം നടത്തി. മോസ്റ്റ് റവ. ഡോ. അലക്സാണ്ടർ മാർത്തോമ മെത്രാപ്പോലീത്തയും മോസ്റ്റ് റവ. ഫിലിപ്പോസ് മാർ ക്രസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്തയും ഒരുമിച്ച് സമ്മേളനത്തിൽ പങ്കെടുത്തു. സമ്മേളനം ഉൽഘാടനം ചെയ്തത് അന്നത്തെ റവന്യുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണിയായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ സഹായത്തോടെ സഭവക കുന്നംകുളംഷോപ്പിങ്ങ് സെന്ററിന്റെ നിർമ്മാണത്തിനുണ്ടായിരുന്ന തടസ്സങ്ങൾ നീങ്ങിക്കിട്ടിയത് ഇത്തരുണത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

മദ്രാസ്പള്ളിക്ക് സ്ഥലം വാങ്ങുന്നതിനും, എറണാകുളംപള്ളി പണിയുന്നതിനും, ഷോപ്പിങ്ങ് കൊംപ്ലക്സ് നിർമ്മാണത്തിനും മറ്റും പണം സ്വരൂപിച്ചിരുന്ന രീതി രസാവഹമാണ്. തിരുമേനിക്ക് കൈമുത്ത് കൊടുത്താൽ കൊടുക്കുന്ന തുകയുടെ ഇരട്ടിതുകക്ക് മേൽപറഞ്ഞ ഏതെങ്കിലും പ്രോജക്റ്റിന്റെ റസീറ്റ് നല്കും. തന്ന തുക ഇത്രയുമില്ലല്ലോ എന്ന് പറഞ്ഞാൽ ബാക്കി പിന്നീട് തന്നാൽമതി എന്ന് അവരോട് പറയും. കൈമുത്തായി കിട്ടുന്ന സംഖ്യ സ്വകാര്യ ആവശ്യങ്ങൾക്കു ഉപയോഗിക്കാതെ പൊതുആവശ്യങ്ങൾക്കായി വിനിയോഗിക്കുന്ന മെത്രാപ്പോലീത്തയുടെ തന്ത്രം ഒരു രസതന്ത്രം തന്നെ.

തിരുമേനി പട്ടമേറ്റ കാലത്ത് പട്ടക്കാർക്ക് ലഭിച്ചിരുന്ന ശമ്പളം നാമമാത്രമായിരുന്നു. മറ്റ് രീതിയിൽ ലഭിക്കുന്ന മാമൂലുകളായിരുന്നു പട്ടക്കാരുടെ വരുമാനമാർഗ്ഗം. ഇതുമാറ്റി മാന്യമായ ശമ്പളം പട്ടക്കാർക്കു ലഭിക്കുന്ന വിധത്തിൽ ശമ്പളപരിഷ്കരണം നടത്തി. അതോടൊപ്പം വർഷത്തിൽ ഒരുമാസത്തെ അവകാശ അവധിയും ഈ അവധി സറണ്ടർ ചെയ്യാനുമുള്ള അവകാശവും നല്കി. ഇതോടെ പഴയ മാമൂലുകൾ നിർത്തലാക്കപ്പെട്ടു. ഏതാനും വർഷങ്ങൾക്കു ശേഷം തെങ്ങിന് മണ്ഡരി രോഗം ബാധിക്കുകയും വിളവും വരവും കുറയുകയും ചെയ്തതോടെ പുതിയ നിരക്കിലുള്ള ശമ്പളം നൽകാനുള്ള പ്രയാസം അനുഭവപ്പെടാൻ തുടങ്ങി. ഇതു മറികടക്കാനാണ് കുന്നംകുളം ടൗണിൽ 125ഓളം കടമുറികൾ വാടകയ്ക്ക് നൽകാവുന്ന ഒരു ഷോപ്പിങ് സെന്റർ കുന്നത്തെ പള്ളിക്കു മുൻവശം പണിയാമെന്ന ആശയം ഉടലെടുത്തത്.

1995ൽ വീണ്ടും ഇംഗ്ലണ്ട് സന്ദർശനം മടക്കം ഗൾഫ്വഴി “പിരിവെടുക്കാൻ ഇനി വരില്ല, പകരം സ്വീറ്റ്സ് തരാൻ വരും” എന്ന് ഗൾഫിലെ സുഹൃത്തുക്കൾക്കു നല്കിയ വാക്ക് പാലിക്കാനാണ് മടക്കം ഗൾഫുവഴിയാക്കിയത്.

1996ൽ നാഗ്പൂരിൽവെച്ച് നടന്ന നാഷണൽക്രിസ്ത്യൻ കൌൺസിൽ ഓഫ് ഇന്ത്യ സമ്മേളനത്തിൽ തിരുമേനി പങ്കെടുത്തു. തൊഴിയൂർ സഭയ്ക്ക് N.C. C.I യിൽ അംഗത്വം ലഭിക്കുകയും ചെയ്തു. 1996 ആഗസ്റ്റിൽ 15-ാംതിയ്യതി NC. C.I. ഭാരവാഹികൾക്ക് തൊഴിയൂരിൽ സമുചിതമായ സ്വീകരണം നല്കി. 1996ൽ ആദ്യമായി അമേരിക്ക സന്ദർശിച്ചു. ഈ സന്ദർശനത്തിൽ ചിക്കാഗോവിൽ അഭിവന്ദ്യ തിമേനിയെ സ്വീകരിക്കുന്നതിനും ആതിഥ്യമരുളാനുമുള്ള ഭാഗ്യം ലഭിച്ചത് ഈ ലേഖകന്റെ ഭാര്യാസഹോദരീഭർത്താവായ കൊട്ടാരക്കര അയിരൂർ ജോയിക്കുട്ടിക്കും കുടുംബത്തിനുമാണ്. 2003ലും ചിക്കോഗോവിലെത്തിയ തിരുമേനിയെ സ്വീകരിക്കുവാൻ ഇവർക്കു കഴിഞ്ഞു. തിരുമേനിയുമായി അന്നു തുടങ്ങിയ സൗഹൃദം ഈ കുടംബം ഇപ്പോഴും തുടരുന്നു. മടക്കയാത്രയിൽ ജനീവയിൽവെച്ച് വേൾഡ് ക്രിസ്ത്യൻ കൌൺസിൽ ആസ്ഥാനം സന്ദർശിച്ച് W.C. C യിൽ അംഗത്വം ലഭിയ്ക്കാനുള്ള അപേക്ഷ നല്കി. അംഗത്വത്തിനുവേണ്ട നടപടികൾ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ഇതിനിടെ 92ൽ എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്റർ (E.C.C) അംഗത്വം നേടാൻ തിരുമേനിയുടെ പരിശ്രമം മൂലം സാധിച്ചു. 1997ൽ തായ്ലണ്ടിൽ വെച്ച് നടന്ന ഓയിക്കോക്രെഡിറ്റ് (എക്യുമിനിക്കൽ ഡവലപ്പ്മെന്റ്കോഓപ്പറേറ്റിവ് സൊസൈറ്റി) സമ്മേളനത്തിൽ പങ്കെടുക്കുകയും സഭയ്ക്ക് അംഗത്വം നേടുകയും ചെയ്തു. 1998ൽ ഇംഗ്ലണ്ടിലെ ലാംബത്ത് കോൺഫറൻസിലും തിരുമേനി പങ്കെടുത്തു. 10വർഷത്തിലൊരിക്കലാണ് ഈ കോൺഫറൻസ് നടക്കുന്നത്. 1999ൽ കാർഗിൽപോരാളികൾക്ക് അഭിവാദ്യം

Ordination as Rambban-20.08.1986



അർപ്പിച്ചും ജീവൻ വെടിഞ്ഞവർക്ക് ആത്മശാന്തിനേർന്നുകൊണ്ടും കുന്നംകുളം നഗരത്തിൽ തിരുമേനിയുടെ നേതൃത്വത്തിൽ ഒരു ശാന്തിയാത്ര നടത്തുകയുണ്ടായി. ഈ റാലിക്കുശേഷം ജവാന്മാരുടെ പുനരധിവാസത്തിനുള്ള ക്ഷേമനിധിയിലേക്ക് 50000രൂപയോളം ഇതിന്റെ ചുമതലക്കാരനായ ആർമി ഓഫീസറെ ഏല്പിക്കുകയുണ്ടായി.

2000ത്തിൽ ഹോങ്കോങ്ങ് ആസ്ഥാനമായ ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യയുടെ (C.C.A) സമ്മേളനം ഇൻഡോനേഷ്യയിലെ സുലാവേസിയിൽ നടന്നു. ഈ സമ്മേളനത്തിൽ തിരുമേനി പങ്കെടുക്കുകയും സഭയക്ക് ഇതിൽ അംഗത്വം നേടുകയും ചെയ്തു. ഇതേ കൊല്ലം തന്നെ ദിവ്യശ്രീ ജോബ് കശീശ്ശയെ ഓയിക്കോ ക്രെഡിറ്റ് സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി മിയാമി (മെക്സിക്കോ) അമേരിക്ക, ഇംഗ്ലണ്ട് എന്നിവിടങ്ങളിലേക്ക് സഭയുടെ പ്രതിനിധിയായി അയച്ചു. 2003ൽ യു.എസ്.എ, കനഡ, ഇംഗ്ലണ്ട്, യു.എ.ഇ. എന്നിവിടങ്ങൾ സന്ദർശിച്ചു. ഈ സന്ദർശന വേളയിൽ ഇംഗ്ലണ്ടിലും ദുബായിലും സഭയിലെ രണ്ടു തിരുമേനിമാരും ഒന്നിച്ചുണ്ടായിരുന്നു.

2004 മുതൽ 2010 വരെയുള്ള വർഷങ്ങളിലെല്ലാം ഇംഗ്ലണ്ട്, അമേരിക്ക, ഫ്രാൻസ്, യു.എ.ഇ. സിംഗപ്പൂർ എന്നിവിടങ്ങളിൽനിന്നുള്ള ക്ഷണം സ്വീകരിച്ച് പ്രസ്തുത രാജ്യങ്ങളിൽ സന്ദർശനം നടത്തുകയുണ്ടായി. ഈ സ്ഥലങ്ങളിലെല്ലാം പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവമാരെക്കുറിച്ചും അവർ സ്ഥാപിച്ച സഭയെക്കുറിച്ചുള്ള പ്രഭാഷണങ്ങൾക്കാണ് പ്രാമുഖ്യം നല്കിയത്. അതുവഴി നിരവധി പേർ പരിശുദ്ധ ബാവാമാരുടെ മദ്ധ്യസ്ഥതയിൽ അനുഗ്രഹം പ്രാപിക്കുന്നതിന് ഇടയായി.

2001ൽ സഭയ്ക്ക് ഒരു മെത്രാപ്പോലീത്തയെ കൂടി -അഭിവന്ദ്യ സിറിൽ മാർ ബാസേലിയോസ് മെത്രാപ്പോലീത്ത-വാഴിക്കുന്നതിനും അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് മെത്രാപ്പൊലീത്തക്ക് ഭാഗ്യം ലഭിച്ചു.1917ൽ ജൂബിലേറിയൻ തിരുമേനിയുടെ കുടുംബത്തിൽപ്പെട്ട അഭിവന്ദ്യ പൗലോസ് മാർ അത്താനാസിയോസ് സഫ്രഗൻ മെത്രാപ്പോലീത്തയെ അഭിവന്ദ്യ കരിമാങ്കുഴി ഗീവർഗ്ഗീസ് മാർ കൂറിലോസ് വാഴിച്ചതിനുശേഷം 84 വർഷത്തിനു ശേഷമാണ് തൊഴിയൂർ മെത്രാപ്പോലീത്ത സഭയിൽ മറ്റൊരു മെത്രാപ്പോലീത്തായെ വാഴിക്കുന്നത്.

ഈ കൊച്ചുസഭയേയും സഭാസ്ഥാപകരായ പിതാക്കന്മാരെയും ലോകത്തിനുമുമ്പിൽ വെളിപ്പെടുത്തിയ വ്യക്തിയെന്ന നിലയിലും, ലോകമെങ്ങുമുള്ള ക്രൈസ്തവ സഭാ സംഘടനകളിൽ തൊഴിയൂർ സഭയ്ക്ക് അംഗത്വം നേടിയെടുത്ത പരിശ്രമശാലി എന്ന നിലയിലും ആയിരിക്കും നാളത്തെ ചരിത്രകാരന്മാർ ജൂബിലേറിയനായ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെ വിശേഷിപ്പിക്കുക.

ഇനിയും ദീർഘകാലം ഈ പ്രവർത്തനങ്ങൾ തുടരുന്നതിനും സഭയെ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കുന്നതിനും പരമ കാരുണികനായ ദൈവംതമ്പുരാൻ അഭിവന്ദ്യ തിരുമേനിയെ അനുഗ്രഹിക്കട്ടെ എന്നും പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവമാർ അദ്ദേഹത്തിന് ശക്തിപകരട്ടെ എന്നും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

***

Thozhiyoor Metropolitans at London-2003 March

Consecration as 13th Metropolitan on 27.08.1986

Consecration as 13th Metropolitan on 27.08.1986

After Consecration as 13th Metropolitan on 27.08.1986







Receiption to Thirumeni's Mother Parish Kunnamkulam St.Thomas Church. 1986





സ്നേഹസമ്പന്നനായ മാർ കൂറിലോസ് തിരുമേനി

കുറ്റിക്കണ്ടത്തിൽ മാത്യൂസ് കോർ എപ്പിസ്കോപ്പാ

സ്നേഹസമ്പന്നനായ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെപ്പറ്റി, അദ്ദേഹത്തിന്റെ പൗരോഹിത്യ ജൂബിലി ആഘോഷിക്കുന്ന ഈ സമയത്ത് ഏതാനും വാചകങ്ങൾ എഴുതുവാൻ അവസരം കിട്ടിയതിൽ സന്തോഷമുണ്ട്.

വളരെ ചുരുങ്ങിയ കാലംകൊണ്ട് ഞങ്ങളുടെ കുടുംബത്തിന്റെ ഒരു ഭാഗമായി മാറിയ ഒരാളാണ് ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്താ. എന്റെ ജ്യേഷ്ഠ സഹോദരൻ തോമാസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ രണ്ടാമത്തെ സഹോദരൻ റമ്പാൻ ലാസറസ്സ് കോർ എപ്പിസ്കോപ്പാ എന്നിവരുമായി അദ്ദേഹം സുദീർഘമായ സ്നേഹബന്ധം പുലർത്തിയിരുന്നു.

ഞാൻ അമേരിക്കയിൽനിന്നും തിരിച്ചെത്തിയശേഷം അദ്ദേഹവും ഞാനുമായി, അതുപോലെയുള്ള സ്നേഹബന്ധം തന്നെ തുടർന്ന് പോന്നിരുന്നു. എന്റെ ജ്യേഷ്ഠസഹോദരൻ തോമാസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ അഭിവന്ദ്യ കൂറിലോസ് തിരുമേനി ആദ്യം മുതൽ അവസാനംവരെ കബറടക്ക ശുശ്രൂഷയിലെല്ലാം പങ്കെടുത്തിരുന്നുവെന്നത് ഈ സ്നേഹത്തിന്റെ പ്രത്യക്ഷമായ ഒരു പ്രകടനമായിരുന്നു. പ്രതിഫലനമായിരുന്നു. ചുരുക്കത്തിൽ പറഞ്ഞാൽ അദ്ദേഹം ഞങ്ങളുടെ കുടുംബത്തിലെ അംഗമായിരുന്നു. മക്കാറിയോസ് മെത്രാപ്പോലീത്തായെപ്പോലെത്തന്നെ, ഞങ്ങൾ അദ്ദേഹത്തെ ഒരു ജ്യേഷ്ഠസഹോദരനെപോലെ കരുതിയിരുന്നു. സ്നേഹിച്ചിരുന്നു. ആദരിച്ചിരുന്നു. ഒരിയ്ക്കലും വെട്ടി വേർപ്പെടുത്തുവാൻ ആവാത്ത ഒരു സ്നേഹബന്ധം, അതായിരുന്നു. അദ്ദേഹവും ഞങ്ങളുമായി ഉണ്ടായിരുന്നത്.

മക്കാറിയോസ് തിരുമേനി, കാലംചെയ്തതിനുശേഷം, തൊഴിയൂരെ വലിയ തിരുമേനി ഞങ്ങളുടെ ഭവനത്തിലേക്കു വരുമ്പോൾ, ഞങ്ങൾ മാത്രമല്ല, ഞങ്ങളുടെ അയല്ക്കാരും കുറ്റിക്കണ്ടത്തിലെ മറ്റു കുടുംബാംഗങ്ങളും, ഹിന്ദുക്കൾപോലും, മറ്റെല്ലാവരും മക്കാറിയോസ് മെത്രാപ്പോലീത്തായെ അദ്ദേഹത്തിൽ ദർശിച്ചിരുന്നു. അവരെല്ലാം ഓടിവന്ന്, അദ്ദേഹത്തിന്റെ കൈമുത്തി അനുഗ്രഹം യാചിയ്ക്കുകയും അദ്ദേഹം വരുമ്പോൾ, ഞങ്ങൾ മറ്റൊരു മക്കാറിയോസ് തിരുമേനിയെ ആണ്, കാണുന്നത് എന്ന് പറഞ്ഞ് അവരുടെ കുഞ്ഞുങ്ങളുമായി വന്ന് തലയിൽ കൈവെച്ച് പ്രാർത്ഥിപ്പിയ്ക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹം ഈ തെക്കൻ തിരുവതാംകൂറിൽ എവിടെയെങ്കിലും വന്നാൽ താമസിക്കുവാനായി തെരെഞ്ഞെടുത്തിരുന്ന അരമന, വീടിനോട് ചേർന്ന് പ്രത്യേകം ഒരു പ്രാർത്ഥനാമുറിയും കൂടി ഉണ്ടായിരുന്ന ഞങ്ങളുടെ "അരമന" തന്നെയായിരുന്നു. ഈ സമയത്ത് ഞങ്ങളുടെ ഗ്രാമദേശം ഒരു കൊച്ചു തൊഴിയൂരായിതന്നെ മാറുമായിരുന്നു.

ഈ ലേഖനം എഴുതുവാൻ ആരംഭിച്ച് അല്പസമയം കഴിയുന്നതിന് മുൻപ് തൊഴിയൂരിൽനിന്നും ഒരു ഹൈന്ദവ കുടുംബം ഞങ്ങളുടെ വീട്ടിലേക്ക് വിളിച്ചിരുന്നു. അവർ കുന്നംകുളത്ത് എന്റെ സഹോദരൻ ലാസറസ് റമ്പാന്റെ ബഥനി സ്കൂളിലെ വിദ്യാർത്ഥികളായിരുന്നു. അവർ ഹിന്ദുക്കളാണെങ്കിലും ഇടയ്ക്കിടെ തൊഴിയൂർ പള്ളിയിൽ പോകാറുണ്ടെന്നും വലിയതിരുമേനിയിൽ നിന്നും അനുഗ്രഹവും പ്രാപിയ്ക്കാറുണ്ടെന്നും പറഞ്ഞപ്പോൾ ആണ് ഈ ലേഖനത്തിൽ അടിവരയിട്ടു ചേർക്കണമെന്ന് എനിയ്ക്കു തോന്നി. "അദ്ദേഹത്തിന് ഞങ്ങളെ അറിഞ്ഞുകൂടെങ്കിലും വിശുദ്ധനായ ആ സന്യാസി ശ്രേഷ്ഠനെ, ഞങ്ങൾ പള്ളിയിൽ വെച്ച് കാണുകയും, അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യാറുണ്ടെന്ന് അവർ പറയുകയുണ്ടായി."

സ്നേഹസമ്പന്നനായ ഒരു പിതാവ്, വിശ്വാസവീരനായ ഒരു നേതാവ്, വിശുദ്ധ ജീവിതത്തിന്റെ ഉടമയായ ഒരു ശ്രേഷ്ഠമഹാപുരോഹിതൻ ഇതെല്ലാമാണ് അദ്ദേഹത്തിൽ കാണുന്നത്. അദ്ദേഹത്തിന്റെ പൗരോഹിത്യ ജൂബിലി ആഘോഷിക്കുന്ന ഈ സമയത്ത് ദൈവംതമ്പുരാൻ തന്റെ അദൃശ്യകരങ്ങളെ നീട്ടി, അങ്ങയെ ധാരാളം ധാരാളമായി അനുഗ്രഹിക്കട്ടെയെന്ന്, ഞങ്ങളും പ്രാർത്ഥിക്കുന്നു. അങ്ങയുടെ ഭാവിജീവിതത്തിലും സ്വർഗ്ഗീയ മാലാഖമാർ അങ്ങേയ്ക്കു അകമ്പടി സേവിച്ച് അങ്ങയുടെ കാൽപാദങ്ങളെ മുന്നോട്ട് നയിക്കുമാറാകട്ടെ.

അഭിവന്ദ്യ തിരുമേനി, ഞങ്ങളുടെ സ്നേഹബഹുമാനാദരവുകൾ ഈ സമയത്ത് അങ്ങയുടെ പാദത്തിങ്കൽ ഞങ്ങൾ സമർപ്പിക്കുന്നു. സർവ്വശക്തനായ ദൈവം തമ്പുരാൻ അങ്ങയെ അനന്തമായി അനുഗ്രഹിയ്ക്കട്ടെയെന്ന് ഞങ്ങളും പ്രാർത്ഥിക്കുന്നു.

Those who hope in the Lord will renew their strength.
They will soar on wings like eagles; they will run and not grow weary,
They will walk and not be faint" . (Isaiah 40:31)

Our Dear Thirumeni,

May God continue to strengthen Thirumeni with the Heaven's choicest blessings and long innings of life to lead and guide the church.

Wish Your Grace A Blessed Episcopal Silver Jubilee.

With love and prayers

Rajan, Jolly, Repsy, Joanne & Jovita
Singapore
27 August 2011

"ജീവനോ മരണമതോ ഏതായാലും സമ്മതം താൻ"

അത്യുന്നതനായ ദൈവത്തിന്റെ മഹാകൃപയാൽ മെത്രാൻ അഭിഷേകത്തിന്റെ രജതജൂബിലിയിലേക്ക് പ്രവേശിച്ചിരിക്കുന്ന മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലിത്താ, അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനിക്ക് ആഗോള ക്രൈസ്തവ സംഘടനയായ ഇന്റർ ഡിനോമിനേഷൻ ക്രിസത്യൻ ഫെല്ലോഷിപ്പ് (IDCF) പ്രാർഥനാപൂർവ്വം ഹൃദയംഗമമായ സ്നേഹത്തിന്റെ വാടാത്ത പൂച്ചെണ്ടുകൾ അർപ്പിക്കുന്നു. അതോടൊപ്പം, കഴിഞ്ഞ 25 വർഷക്കാലം തന്റെ സഭയെ മേയിച്ചു ഭരിക്കുവാൻ തന്റെ ദാസനിൽ പ്രസാദിച്ച നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിസ്തുലനാമത്തിന് സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുന്നു.

അഭിവന്ദ്യ കുറിലോസ് തിരുമേനിയുടെ മെത്രാൻ അഭിഷേകത്തിന്റെ 11-ാം വാർഷികത്തിലേക്കു കടക്കുന്ന കാലയളവിൽ, വാങ്ങിപ്പോയ കാട്ടുമങ്ങാട്ടു ബാവമാരുടെ കബറിടത്തിൽ അദ്ദേഹം പോയി പ്രാർത്ഥിക്കുകയുണ്ടായി. അപ്പോൾ "മരണത്തിനായി ഒരുങ്ങിക്കൊള്ളുക" എന്ന ഒരു ഉൾദർശനം അദ്ദേഹത്തിന് ലഭിച്ചു. അത് ശിരസ്സാവഹിച്ച് 1997 ആഗസ്റ്റ് 27-ാം തിയ്യതി താൻ കടന്നുപോകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് 26-ാംതിയതിതന്നെ തന്റെ സ്ഥാനാരോഹണത്തിന്റെ 11-ാം വാർഷികം ആഘോഷിക്കുകയുണ്ടായി. ഹിസ്കിയാവിനെപ്പോലെ മരണത്തെക്കുറിച്ച് ബോധ്യമുണ്ടായെങ്കിലും ആയുസ്സ് നീട്ടികിട്ടുന്നതിനായി ആഗ്രഹിക്കാതെ, ദൈവഹിത്തിനായി സ്വയം അർപ്പിച്ച് തന്റെ സഭാപരവും വ്യക്തിപരവുമായ സകല ചുമതലകളും കൃത്യനിർവ്വഹണങ്ങളും പൂർത്തീകരിച്ച് അദ്ദേഹം അതിനായി ഒരുങ്ങുകയായിരുന്നു. "പിതാക്കന്മാർ ഇത്രമാത്രം വ്യക്തമായ മുന്നറിയിപ്പു നൽകിയിട്ടും എന്നിൽ നിക്ഷിപ്തമായ ദൗത്യങ്ങൾ പൂർത്തിയാക്കാതെ എന്തെങ്കിലും സംഭവിക്കുന്നുവെങ്കിൽ നാളെ ദൈവതിരുമുമ്പാകെ ഞാൻ കുറ്റക്കാരനായിരിക്കും" ('ജീവിതത്തിലേക്കൊരു തിരിച്ചുവരവ്' എം.പി. കൊച്ചുമോൻ-പേജ് 11) എന്ന് അദ്ദേഹം തന്നെ തന്റെ മരണത്തിനായുള്ള ഒരുക്കത്തെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നു. അങ്ങനെദൈവഹിതപ്രകാരം അദ്ദേഹം മരണത്തെ മുഖാമുഖം കണ്ടുവെങ്കിലും തന്റെ ദാസന് പുതുജീവൻ നൽകി. പുതിയ ദൗത്യങ്ങൾക്കായി സർവ്വശക്തനായ ദൈവം നിയോഗിച്ചു.

അനന്തരം, 2002ൽ മാരമൺ കൺവെൻഷന് പങ്കെടുക്കാൻ കഴിയാതിരുന്ന തിരുമേനി ആരെയോ പറഞ്ഞയച്ച് മാരമൺ കൺവെൻഷന്റെ പാട്ടുപുസ്തകവും കാസെറ്റും വാങ്ങിപ്പിക്കുകയായിരുന്നു. ആയത് അവർ പൊതിഞ്ഞുകൊണ്ടു വന്നത് വിശുദ്ധ സത്യവേദപുസ്തകത്തെ കുറിച്ച് പ്രതിപാദിക്കുന്ന പത്രത്തിന്റെ കോപ്പികൊണ്ടായിരുന്നു. സത്യാന്വേഷിയായ അദ്ദേഹം ആ പേപ്പർ വിശദമായി വായിക്കുകയും വിശുദ്ധ സത്യവേദപുസ്തകത്തിന്റെ ഒരു കോപ്പി ലഭിക്കുന്നതിനായി ആഗ്രഹിക്കുകയും ചെയ്തു. പ്രതീക്ഷിച്ചതുപോലെ അതു കിട്ടാതെ വന്നപ്പോൾ അതിന്റെ പ്രസാധകനായ എന്റെ വാത്സല്യശിഷ്യൻ ബ്രദർ ഡോ. മാത്യുസ് വർഗീസിന് അദ്ദേഹം നേരിട്ട് കത്തയക്കുകയും ഒരു ബൈബിൾ ആവശ്യപ്പെടുകയും ചെയ്തു. പ്രസ്തുതകത്തിന്റെ വെളിച്ചത്തിൽ പ്രിയപ്പെട്ട ബ്രദർ വിശുദ്ധ സത്യവേദപുസ്തകവുമായി തിരുമേനിയുടെ ആസ്ഥാന മന്ദിരത്തിൽ എത്തിചേർന്നു. അപ്പോൾ അവിടെ രണ്ടു തിരുമേനിമാർ ഉണ്ടെന്നറിഞ്ഞു. ഒരാൾ അധികാരത്തിന്റെ ചെങ്കോൽ ഏന്തി അതിന്റെ പദവിയോടുകൂടി വാണരുളുന്നതായിട്ടാണ് കണ്ടത്. അന്വേഷിച്ചപ്പോൾ സ്ഥാനമൊഴിഞ്ഞ വലിയതിരുമേനിയും അവിടെത്തന്നെ ഉണ്ടെന്നു മനസ്സിലായി. ബ്രദർ അദ്ദേഹത്തെ ചെന്നു കണ്ട് വിശുദ്ധസത്യവേദപുസ്തകം കൊടുക്കുകയും

വലിയതിരുമേനിയുടെ ജീവിതാനുഭവങ്ങൾ, വേദനിപ്പിക്കുന്ന സത്യങ്ങൾ മനസ്സിലാക്കുകയും ചെയ്തു. മടങ്ങിവന്ന പ്രിയപ്പെട്ട ബ്രദർ തിരുമേനിയെക്കുറിച്ച് ബലഹീനനായ എന്നോടു ഇപ്രകാരം പറഞ്ഞു. "ഞാൻ തൊഴിയൂർ അരമനയിൽ പോയിരുന്നു. ഇപ്പോഴത്തെ തിരുമേനിയേയും സ്ഥാനമൊഴിഞ്ഞ തിരുമേനിയേയും കണ്ടു. ഋഷിതുല്യനായ ശ്രേഷ്ഠാചാര്യന്റെ മുഖമാണ് എനിക്ക് വലിയ തിരുമേനിയിൽ ദർശിക്കുവാൻ കഴിഞ്ഞത്. അദ്ദേഹത്തെകണ്ട് അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഭക്തജനങ്ങളും സഹായം തേടി അനേകരും അവിടെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. അവരുടെ എല്ലാം പ്രിയങ്കരനായ ആ വന്ദ്യ പിതാവിനെബഹു. ഉപദേശി കഴിയുമെങ്കിൽ ഒന്നുപോയി കാണണം." അതിന് "പ്രാർത്ഥിക്കാം, ദൈവം അവസരം ഒരുക്കുമെങ്കിൽ ഒന്നുപോയി കാണാം" എന്ന് ഞാൻ മറുപടി പറഞ്ഞു. ഭാഗ്യവശാൽ ഒക്ടോബർ 10-തിയതി രാവിലെ തിരുവല്ല ബൈബിൾ ടവർ സമുച്ചയത്തിന്റെ വി. കുദാശയ്ക്കുവേണ്ടി അഭി. തിരുമേനി എഴുന്നള്ളുകയും IDCFന്റെ ആസ്ഥാനമായ മാന്നാർ സെന്റ് ജോർജ്ജ് നഗറിലേക്ക് കടന്നുവന്ന് വിശ്രമിക്കുകയും ചെയ്തു. അങ്ങനെ തൊഴിയൂരിൽ പോകാതെ ആ വന്ദ്യപിതാവിനെ ദർശിക്കുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. അന്ന് അദ്ദേഹവുമായി അടുത്തിടപ്പെട്ടപ്പോഴാണ് അദ്ദേഹത്തിന് നേരത്തെ ഉണ്ടായ ബ്രെയിൻ സ്റ്റെം ഇസ്കമിയ രോഗം നിമിത്തം അദ്ദേഹത്തിന്റെ കേൾവി 90% നഷ്ടപ്പെട്ടിരിക്കുന്നു എന്ന സത്യം എനിക്കു മനസ്സിലായത്. ആ ദയനീയാവസ്ഥ എന്നെ വളരെയധികം വേദനിപ്പിച്ചു. തന്നിമിത്തമാണല്ലോ ചെറുപ്പക്കാരനായ തിരുമേനിക്ക് സ്ഥാനം ഒഴിയേണ്ടിവന്നത്. മറ്റുള്ളവർ പറയുന്നതു കേൾക്കാൻ തിരുമേനി വളരെയധികം ബദ്ധപ്പെടുന്നുണ്ടെന്ന് എനിക്ക് മനസ്സിലായി. ഞാൻ ഈ വിഷയം ദൈവത്തോട് നിരന്തരം പ്രാർത്ഥിച്ചു. അതിനു മറുപടിയായി, തരുമേനിക്ക് കേൾവി വീണ്ടും ലഭിക്കുമെന്ന് ദൈവത്തിൽ നിന്ന്അരുളപ്പാടുണ്ടായി. ഈ വിവരം കാണിച്ച് ഞാൻ തരുമേനിക്ക് ഒരു കത്തെഴുതുകയും ചെയ്തു. അനന്തരം യാദൃശ്ചികമായി അമേരിക്കയിൽ ഒരു മീറ്റിങ്ങിനു സംബന്ധിക്കുവാൻ തിരുമേനിയെ ക്ഷണിക്കുകയുണ്ടായി. തന്റെ ബലഹീനത കണക്കിലെടുത്ത് താൻ വരുന്നില്ലെന്ന് തിരുമേനി അവരോട് പറഞ്ഞു. എന്തെന്നാൽ തനിക്കൊന്നും കേൾക്കുവാൻ കഴിയില്ലല്ലോ. അതിനു മറുപടിയായി അവിടത്തെ ബിഷപ്പ് "ഞങ്ങൾക്ക് തിരുമേനി പറയുന്നത് കേൾക്കാമല്ലോ, തിരുമേനി വരണം" എന്നു പറഞ്ഞു. അത് ഒരു ദൈവനടത്തിപ്പായിരുന്നു. അവിടത്തെ മീറ്റിങ്ങിൽ തിരുമേനി സംബന്ധിച്ചപ്പോൾ, പേരു വെളിപ്പെടുത്തുവാൻ ആഗ്രഹിക്കാത്ത ഒരു കേൾവിക്കാരൻ തിരുമേനിയുടെ അവസ്ഥ മനസ്സിലാക്കി തിരുമേനിക്ക് ഇയർഫോൺ വയ്ക്കാനുള്ള ചെലവ്, അതായത് രണ്ടു ലക്ഷം രൂപ താൻ കൊടുക്കാമെന്ന് അവിടത്തെ ബിഷപ്പിനോടു പറഞ്ഞു. അങ്ങനെനഷ്ടപ്പെട്ട കേൾവി തിരുമേനിക്ക് തിരികെ ലഭിച്ചു. യാദൃശ്ചികമായി കുന്നംകുളത്ത് ഒരു വിവാഹത്തിന് സംബന്ധിക്കാൻ പോയ ഞാൻ അത്രത്തോളം ചെന്നപ്പോൾ തൊഴിയൂർ ചെന്ന് തിരുമേനിയെ കാണാം എന്നു ചിന്തിച്ചു. അങ്ങനെഞാൻ തിരുമേനിയുടെ അരമനയിൽ ചെല്ലുകയും പ്രതീക്ഷിക്കാതെയുള്ള എന്റെ സന്ദർശനം തിരുമേനിയെ അത്ഭുതപ്പെടുത്തുകയും ചെയ്തു. എന്നെ കെട്ടിപിടിച്ച് ഉമ്മവെച്ച ശേഷം "ഉപദേശി അപ്പച്ചൻ അയച്ച കത്ത് എന്റെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. അതിൽ പറഞ്ഞിരിക്കുന്നതുപോലെ ദൈവം എനിക്കു കേൾവി തിരികെ തന്നു" എന്നു തിരുമേനി പറഞ്ഞു.

IDCFന്റെ എക്യുമെനിക്കൽ സമ്മേളനങ്ങളുടെ ഉദ്ഘാടനത്തിനായും എന്റെ സപ്തതിസ്മാരകമായി നിർമ്മിച്ചിരിക്കുന്ന സമുച്ചയത്തിന്റെ വി.കൂദാശവേളയിൽ അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലിത്തായോടൊപ്പം പ്രധാനകാർമ്മികത്വം വഹിക്കുന്നതിനായും പ്രിയപ്പെട്ട ബ്രദറിന്റെ 61-ജന്മദിനത്തിൽ മാന്നാർ സെന്റ് ജോർജ്ജ് ഏക്യുമെനിക്കൽ ചാപ്പലിൽ സ്തോത്രബലി അർപ്പിക്കുവാനും മറ്റും അദ്ദേഹത്തിന്റെ സജീവസാന്നിധ്യം ഞങ്ങൾക്ക് എല്ലായ്പ്പോഴും ലഭിച്ചിട്ടുണ്ട്. അതിലെല്ലാം ഉപരി 2008 സെപ്തംബർ മാസത്തിൽ IDCFന്റെ ന്യൂയോർക്കിലെ എക്യുമെനിക്കൽ ദേവാലയമായ Inter Denominational Christ Churchന്റെ വി.കൂദാശ നിർവ്വഹിക്കുന്നതിനായി തിരുമേനി ബ്രദറിന്റ ഭവനത്തിൽ എത്തിചേരുമ്പോൾ ഞാൻ അവിടെ ഉണ്ടായിരുന്നു. അടുത്തടുത്ത മുറികളിലായിരുന്നു ഞങ്ങൾ അവിടെ താമസിച്ചത്. വി. കൂദാശയുടെ ഒരുക്കത്തിനായി തിരുമേനി ഒരാഴ്ച ഉപവാസമെടുത്ത് പ്രാർത്ഥിക്കുകയായിരുന്നു. ഓരോ സമയത്തും അദ്ദേഹം പ്രാർത്ഥനാമുറിയിലേക്കു പോകുന്നതിനുമുമ്പ് എന്റെ അടുക്കൽ വന്ന് അദ്ദേഹത്തിന് വേണ്ടിയും പ്രാർത്ഥിക്കണമേ എന്ന് ആവശ്യപ്പെട്ടും കൊണ്ടാണ് അദ്ദേഹം

CHRISTIAN FELLOWSHIP

പ്രാർത്ഥിക്കുവാൻ പോയിരുന്നത്. കർത്തൃദാസന്മാരെ മനസ്സിലാക്കാനുള്ള അദ്ദേഹത്തിന്റെ താഴ്മ, ആ ദൈവികശ്രേഷ്ഠത അപ്പോൾ ഞാൻ കൂടുതലായി മനസ്സിലാക്കി. ദിവസങ്ങൾ കഴിയുംതോറും അദ്ദേഹത്തിന്റെ മുഖം പ്രശോഭിതമായിത്തീരുന്നത് ഞാൻ കണ്ടു. അങ്ങനെപരിശുദ്ധാത്മാവിന്റെ നിറവിലാണ് Inter Denominational Christ Churchന്റെ വി.കൂദാശ അദ്ദേഹം നിർവ്വഹിച്ചത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ IDCF മക്കൾക്കത് പുത്തൻ അനുഭവമായിരുന്നുവെന്ന് അവർ ഒരുപോലെ സാക്ഷിച്ചു. അങ്ങനെതൊഴിയൂരിന്റെ മെത്രാപ്പോലിത്താ IDCFന്റെ മെത്രാപ്പോലിത്താ ആയി മാറി. തുടർന്ന് പ്രസ്തുത ദേവാലയത്തിന്റെ പെരുന്നാൾ ദിനങ്ങളിലും പ്രിയപ്പെട്ട ബ്രദർ തയ്യാറാക്കിയ The Christian Walk Bibleന്റെ പ്രകാശനത്തിലും ബ്രദറിന്റെ ഷഷ്ട്യബ്ദപൂർത്തി സമ്മേളനങ്ങളിലും അമേരിക്കയിലും കുവൈറ്റിലും വിശിഷ്ടാതിഥിയായി പങ്കെടുക്കുവാൻ ദൈവം അദ്ദേഹത്തെ സഹായിച്ചു. ഈ ശ്രേഷ്ഠാചാര്യന് തൊഴിയൂർ സഭയുടെ ഒദ്യോഗിക സ്ഥാനമാനങ്ങൾ ഒഴിയേണ്ടിവന്നെങ്കിലും ആഗോളക്രൈസ്തവ സഭയായ IDCFന്റെ വലിയ മെത്രാപ്പോലിത്തായായി ഇന്നും പരിലസിക്കുന്നു. കണ്ടറിഞ്ഞ സത്യത്തിനായി, അനുഭവിച്ചറിഞ്ഞ സത്യത്തിനായി, IDCF ശുശ്രൂഷയുടെ എല്ലാപ്രവർത്തനങ്ങളിലും ഉത്തരോത്തരം വലംകരം തന്നു പ്രവർത്തിക്കുന്ന വലിയ തിരുമേനിയുടെ മഹാമനസ്കതയെ ഇത്തരുണത്തിൽ ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു. “അവൻ മുൻ നിയമിച്ച വരെ വിളിക്കുകയും വിളിച്ചവരെ നീതികരിക്കുകയും നീതികരിച്ചവരെ തേജസ്കരിക്കുകയും ചെയ്തിരിക്കുന്നു” (റോമർ 8.30) എന്നുള്ള വചനം തിരുമേനിയിൽ നിവൃത്തിയായി നാം കാണുന്നു.

“ക്ഷേമമൊട-ങ്ങെഴുന്നെള്ളുക സാക്ഷാ-
ലിടയാ! പണ്ഡിതനായകനേ!
കീപ്പാ പോൽ സഭതന്നാധാരം!
മുറ്റും പൗലോസിനു സമനേ!

നിബി നിവഹത്തിൻ പ്രിയ സഹജാ!
അപ്പോസ്തോല സമൂഹസ്ഥാ!
ഏലിയാപോലുജ്ജ്വലനേ!

യൂഹാനോൻപോൽ വ്രതപരനേ!
നിന്നെ വരിച്ചൊരി സഭ ധന്യ.

ഈ ആരാധനാ ഗീതത്തിൽ പറഞ്ഞിരിക്കുന്ന ശ്രേഷ്ഠതകൾ അഭി. തിരുമേനിയിൽ നിത്യം നമുക്ക് ദർശിക്കുവാൻ കഴിയും. സ്നേഹാർദ്രമായ കരുതലും കാരുണ്യവും ശിശുസഹജമായ അന്വേഷണബുദ്ധിയും നിഷ്കളങ്കതയും ഏവരേയും ക്രിസ്തേശുവിൽ ഒന്നായി കാണാനുള്ള മനോഭാവവും ഈ വന്ദ്യപിതാവിൽ നാം ദർശിക്കുന്നു. ഇങ്ങനെ ശ്രേഷ്ഠമഹാചാര്യന് ആചാര്യത്വത്തിന്റെ പൂർണ്ണതയായ മെത്രാൻ അഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ ദീർഘായുസ്സോടെ ദൈവത്തിന്റെ കൃപാവരങ്ങളാൽ അനുഗ്രഹീതനായി ദൈവസന്നിധിയിൽ “നല്ല ദാസനേ” എന്ന വിളിക്ക് യോഗ്യനാക്കി പ്രശോഭിക്കുവാൻ എന്നും പ്രാർത്ഥിക്കുകയും എല്ലാ ആശംസകളും അനുമോദനങ്ങളും സവിനയം അർപ്പിക്കുകയും ചെയ്യുന്നു.

കർത്തൃശുശ്രൂഷയിൽ

ബാബു ഉപദേശി

Prayers & Best Wishes to our beloved Thirumeni

Bro. K. C. Varughese & Leelamma Varughese
Vipin J. Varughese, Princy M. Varughese,
Vinu John Varughese, Vineetha Varughese
13070 Safat, Kuwait

ബ്രദർ. ഡോ. മാത്യൂസ് വർഗ്ഗീസ്

ഒരു തുണ്ടുകടലാസിലൂടെ തുടക്കം കുറിച്ച ദൈവിക ബന്ധം

2002 മേയ് മാസത്തിൽ ഒരു വിദേശയാത്ര കഴിഞ്ഞു നാട്ടിൽ തിരിച്ചെത്തി രണ്ടു മൂന്നു മാസമായി എത്തിയ കത്തുകൾ പരിശോധിച്ചുകൊണ്ടിരുന്നപ്പോൾ ലഭിച്ച ഒരു കത്ത് എന്റെ ശ്രദ്ധയാകർഷിച്ചു. അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്താ സ്വന്തം കൈപ്പടയിൽ എഴുതിയ കത്തായിരുന്നു അത്. മാർച്ചു മാസത്തിൽ എത്തിയ ആ കത്തിൽ “വിശുദ്ധ സത്യവേദപുസ്തകത്തിന്റെ” വിലയെക്കുറിച്ച് അറിയിക്കണമെന്നും അദ്ദേഹം അതു ഉടനടി അയച്ചുതരാമെന്നും അതു ലഭിച്ചാലുടൻ വിശുദ്ധ സത്യവേദ പുസ്തകം എത്തിക്കണമെന്നും ആണ് അദ്ദേഹം എഴുതിയിരുന്നത്. മാരാമൺ കൺവൻഷനിൽ പങ്കെടുത്ത ആരോ അദ്ദേഹത്തിനു സമ്മാനിച്ച മാരാമൺ കൺവൻഷൻ ഗാനങ്ങളുടെ കാസറ്റ് പൊതിഞ്ഞിരുന്ന അച്ചടി കടലാസ്സിലൂടെയാണ് അദ്ദേഹത്തിനു വിശുദ്ധ സത്യവേദ പുസ്തകത്തെക്കുറിച്ച് മനസ്സിലാക്കുവാൻ ഇടയായത് എന്ന് കത്തിൽ പ്രത്യേകം എഴുതിയിരുന്നു. ആ വർഷം വിശുദ്ധ സത്യവേദ പുസ്തകത്തിന്റെ പ്രചരണാർത്ഥം അച്ചടിച്ച വിശുദ്ധ സത്യവേദ പുസ്തകം സപ്ലിമെന്റിന് ഇപ്രകാരം ഒരു ദൗത്യം കൂടി പൂർത്തിയാക്കുവാൻ ദൈവം ഉപയോഗിച്ചു. സൗജന്യമായി ലഭിക്കുന്ന സപ്ലിമെന്റുകൾ വെയിലിൽ നിന്ന് രക്ഷപ്പെടുവാനും മണൽ പുറത്ത് വിരിച്ചിരുന്ന് പ്രസംഗം കേൾക്കുവാനുമാണ് അധികമാളുകളും ഉപയോഗിച്ചിരുന്നതെന്ന് അറിയാമായിരുന്നെങ്കിലും കുറച്ചു കോപ്പികളെങ്കിലും അതിന്റെ ദൗത്യം നിറവേറ്റാനായി ദൈവം ഉപയോഗിക്കുമെന്നുള്ള വിശ്വാസത്താലാണ് “സപ്ലിമെന്റ്” എന്ന സാഹസത്തിന് പുറപ്പെട്ടത്. ഒരു കാസറ്റ് പൊതിയുവാനുള്ള കടലാസ്സുകഷണമായി അത് തിരുമേനിയുടെ കയ്യിലെത്തിയപ്പോൾ ദൈവം ആ വർഷത്തെ സപ്ലിമെന്റ് പ്രസിദ്ധീകരണത്തിന്റെ ദൗത്യം പൂർണ്ണമാക്കുകയായിരുന്നു. കാരണം മലങ്കരയിലെ അഭിവന്ദ്യരായ അനേകം മേൽപട്ടക്കാരും ആത്മീയനേതാക്കന്മാരും വിശുദ്ധ സത്യവേദപുസ്തകം കാണുവാൻപോലും കൂട്ടാക്കാതെ അതിനെനിശിതമായി വിമർശിക്കുകയും വായിക്കരുതെന്ന് നിഷ്കർഷിക്കുകയും ചെയ്തു കൊണ്ടിരുന്ന കാലമായിരുന്നു അത്. വിശുദ്ധ സത്യവേദപുസ്തകത്തിനെതിരായി സാത്താൻ പ്രസിദ്ധീകരിച്ച മഞ്ഞപത്രങ്ങൾ ഉദ്ധരിച്ച് പലരും പ്രസംഗിച്ചിരുന്ന സാഹചര്യത്തിലാണ് അഭിവന്ദ്യ തിരുമേനിയുടെ കത്ത് ലഭിച്ചത്. “നമുക്ക് താൻ പ്രസിദ്ധീകരിച്ച ഒരു ബൈബിൾ അയച്ചുതരിക” എന്ന് കല്പിക്കാൻ കഴിയുന്ന സ്ഥാനത്ത് അതിന്റെ വില അറിയിക്കുവാനും, അത് അയച്ചുതന്നതിനുശേഷം ബൈബിൾ അയച്ചു കൊടുക്കുവാനുമുള്ള സൗമ്യമധുരമായ വരികൾ എന്നെ ചിന്തിപ്പിച്ചു. വിദേശത്തു ജനിച്ചു വളർന്ന എനിക്ക് തൊഴിയൂരിനെക്കുറിച്ചോ അവിടെയുള്ള സഭയെക്കുറിച്ചോ തിരുമേനിയെക്കുറിച്ചോ യാതൊരു അറിവുമില്ലായിരുന്നു. കൂടുതൽ വിവരങ്ങൾ മനസ്സിലാക്കുവാനായി വിശുദ്ധ സത്യവേദ പുസ്തകത്തിന്റെ പ്രചാരണ ചുമതല വഹിച്ചിരുന്ന പ്രിയപ്പെട്ട ജോജോയെ ചുമതലപ്പെടുത്തി. അടുത്ത ദിവസം ജോജോ തന്ന മറുപടി ഒട്ടും തന്നെ പ്രോത്സാഹജനകമല്ലായിരുന്നു. തിരുവനന്തപുരത്തു നിന്നും ഏതാണ്ട് 8 മണിക്കൂർ കാറിൽ സഞ്ചരിച്ചാൽ മാത്രമേ തൊഴിയൂരിൽ എത്തുവാൻ കഴിയുകയുള്ളു വെന്ന ജോജോയുടെ കണ്ടെത്തൽ അല്പം പ്രയാസം സൃഷ്ടിച്ചുവെങ്കിലും ഞങ്ങൾ തൊഴിയൂരിലേക്ക് യാത്ര തിരിച്ചു. വൈകിട്ട് അഞ്ചരമണിയോടുകൂടി തൊഴിയൂർ സെന്റ് ജോർജ്ജ് പള്ളിയങ്കണത്തിലെത്തി. കാർ പാർക്കു ചെയ്തശേഷം തിരുമേനിയുടെ അരമനകണ്ടുപിടിക്കാനുള്ള ശ്രമം ആരംഭിച്ചു. തൊട്ടടുത്ത് കൂനി നിലത്തിരുന്ന് ചേമ്പിന്റെ ചുവടുമാന്തി വളമിട്ടുകൊണ്ടിരിക്കുന്ന അകാലനരബാധിച്ചിരുന്ന ഒരു വ്യക്തിയെ കണ്ടു. കീറിയ ജുബ്ബായും പൈജാമയുമാണ് വേഷം. ജോസഫ് മാർ കൂറിലോസ് വലിയ മോത്രാപ്പൊലീത്തായെ കാണുവാൻ തിരുവനന്തപുരത്തു നിന്നും വരികയാണെന്ന് ഞാൻ അദ്ദേഹത്തെ അറിയിച്ചു. “അതു ഞാൻ തന്നെയാണ്” അദ്ദേഹത്തിന്റെ മറുപടി ഞങ്ങളെ ഞെട്ടിച്ചു. എന്തു മറു

Consecration - Inter Denominational Christ Church
New York - 2008 Sept. 24

CHRIST CHURCH AUDITORIUM
DEDICATION CEREMONY
CHRIST CHURCH
22nd NOVEMBER, 2008

HASHTYABD THY
Celebra
ro.Dr.Mat

പടിയാണ് പറയേണ്ടതെന്നറിയാതെ പകച്ചു നിൽക്കുമ്പോൾ വീണ്ടും അദ്ദേഹത്തിന്റെ ശബ്ദം "അങ്ങോട്ട് ഇരിക്കു ഞാൻ കുളിച്ചിട്ട് ഉടൻ വരാം." പള്ളിയോട് അനുബന്ധിച്ചുള്ള പഴയ കെട്ടിടത്തിൽ ഞങ്ങൾ കാത്തിരുന്നു. അല്പം കഴിഞ്ഞപ്പോൾ മേടയിലെ മുകളിലുള്ള അദ്ദേഹത്തിന്റെ മുറിയിലേക്ക് ശുശ്രൂഷകൻ ഞങ്ങളെ കൂട്ടിക്കൊണ്ടു പോയി. ഒരു പഴയ കട്ടിൽ, കസേര, മേശ, അലസമായികിടക്കുന്ന കുറേ പുസ്തകങ്ങൾ ഇവയായിരുന്നു ആ പഴയ മുറിയിൽ ഉണ്ടായിരുന്നത്. "ഇതൊന്നും നോക്കണ്ട, ഞാൻ ഇതൊന്നും ശ്രദ്ധിക്കാറില്ല" ക്ഷമാരൂപേണയുള്ള ആ വാക്കുകളിൽ തന്നെ മറന്നു കളഞ്ഞ ശിഷ്യന്റെയും അജഗണങ്ങളുടെയും പെരുമാറ്റത്തിന്റെ വേദനഅലിഞ്ഞുചേർന്നിരുന്നു. വിശുദ്ധ സത്യവേദപുസ്തകത്തിന്റെ വെൽവെറ്റ് എഡിഷൻ അദ്ദേഹത്തിനു സമ്മാനിച്ചപ്പോൾ അതു തന്റെ പിൻഗാമിയായ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിക്ക് നൽകുവാനാണ് അദ്ദേഹം ആവശ്യപ്പെട്ടത്. തനിക്ക് ഒരു കോപ്പി പിന്നാലെ അയച്ചുതന്നാൽ മതിയെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. തുടർന്നുള്ള സംഭാഷണത്തിൽ അദ്ദേഹത്തിന്റെ ദയനീയമായ അവസ്ഥ എനിക്ക് ബോദ്ധ്യമായി. വർഷങ്ങൾക്ക് മുമ്പ് പക്ഷാഘാതത്തെ തുടർന്ന് കേൾവി നഷ്ടപ്പെട്ട് അദ്ദേഹം ഭരണച്ചുമതല പിൻഗാമിയെ ഏല്പിച്ചിരുന്നു. ഹിയറിംഗ് എയ്ഡ് വെച്ചാൽക്കൂടി കേൾക്കുവാൻ കഴിയാത്തവിധം അദ്ദേഹത്തിന്റെ കേൾവിക്ക് തകരാറു സംഭവിച്ചിരുന്നു. ആശയവിനിമയം നടത്തുവാനുള്ള ബുദ്ധിമുട്ടുകൊണ്ട് അവഗണനകളുടെ താഴ്‌വാരങ്ങളിൽ അദ്ദേഹം ഏകാകിയായി ദൈവസന്നിധിയിൽ സ്വയം സമർപ്പിച്ച് ദിവസങ്ങളും മാസങ്ങളും തള്ളിനീക്കിക്കൊണ്ടിരുന്ന അവസ്ഥയിലായിരുന്നു എന്റെ സന്ദർശനം.

"തിരുമേനിക്ക് ദൈവം കേൾവി തീർച്ചയായും മടക്കിത്തരും ഞങ്ങൾ അതിനു വേണ്ടി നിരന്തരമായി പ്രാർത്ഥിക്കും." യാത്ര പറയുമ്പോൾ അദ്ദേഹത്തിന് ഞാൻ വാക്കു നൽകി. പ്രിയപ്പെട്ട ബാബു ഉപദേശിയേയും സിസ്റ്റർ റെജിമോളേയും ഈ വിഷയം അറിയിച്ചു. അന്നു മുതൽ തിരുമേനിയുടെ സൗഖ്യത്തിനു വേണ്ടി ഞങ്ങൾ നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. മാസങ്ങൾ കഴിഞ്ഞപ്പോൾ തിരുമേനി ആയൂർവേദ ചികിത്സക്ക് വിധേയനാകുകയും അതോടെ അദ്ദേഹത്തിന്റെ കേഴ്‌വി വീണ്ടെടുക്കുവാൻ ദൈവം പ്രസാദിക്കുകയും ചെയ്തു. ഒരു വലിയ ബന്ധത്തിന്റെ തുടക്കമായിരുന്നു അത്. ആദ്യമായി ബൈബിൾ ടവ്വർ തിരുവല്ലയിൽ ആരംഭിച്ചപ്പോൾ അതിന്റെ കൂദാശ നിർവഹിച്ചത് അഭിവന്ദ്യ തിരുമേനിയായിരുന്നു. തുടർന്ന് ഇന്റർ ഡിനോമിനേഷണൽ ക്രസ്ത്യൻ ഫെലോഷിപ്പിന്റെ സുപ്രധാനചടങ്ങുകളിലൊക്കെയും അഭിവന്ദ്യ തിരുമേനി അവിഭാജ്യഘടകമായിരുന്നു. വ്യക്തിപരമായി എന്റെ ദൈവിക ശുശ്രൂഷയിലും കുടുംബജീവിതത്തിലും തിരുമേനിയുടെ പ്രാർത്ഥനകളും സ്നേഹവാത്സല്യങ്ങളും കാവലും കോട്ടയുമായി നടത്തിക്കൊണ്ടിരിക്കുന്നു. ബലഹീനനായ എന്റെ ആത്മീയ ശുശ്രൂഷയിലെ സുപ്രധാനസന്ദർഭങ്ങളിൽ മുഖ്യാതിഥിയായി ശുശ്രൂഷകൾ നയിക്കാൻ അത്യുന്നതനായ ദൈവം തിരഞ്ഞെടുത്തത് അഭിവന്ദ്യ തിരുമേനിയെ ആയിരുന്നു. ന്യൂയോർക്കിലെ ഇന്റർഡിനോമിനേഷണൽ ക്രൈസ്റ്റ് ചർച്ചിന്റെ കൂദാശ, The Christian Walk Bible ന്റെ പ്രകാശനം, ബലഹീനനായ എന്റെ ഷഷ്ട്യബ്ദപൂർത്തി ആഘോഷങ്ങൾ തുടങ്ങിയവ അതിന് ഉദാഹരണങ്ങളാണ്.

മലയാളക്കരയിലെ ക്രൈസ്തവസഭാ മേലദ്ധ്യക്ഷന്മാരുടെ നിരയിൽ ഒരുപക്ഷേ തിരുമേനി പ്രസിദ്ധനല്ലായിരിക്കാം. എന്നാൽ ഉപവാസത്താലും പ്രാർത്ഥനയാലുമുള്ള അദ്ദേഹത്തിന്റെ വിശുദ്ധ ജീവിതത്തിന് ദൈവസന്നിധിയിലുള്ള പ്രാഗത്ഭ്യം വളരെ വലുതാണ്. അതിന്റെ സാക്ഷ്യങ്ങൾ നൂറുകണക്കിനാണ്. ദൈവത്തിന്റെ അഭിഷിക്തന്മാരെ അംഗീകരിക്കുവാനും ആദരിക്കുവാനുമുള്ള അദ്ദേഹത്തിന്റെ സൗമ്യതയും സന്തോഷവും ദൈവസ്നേഹത്തിന്റെയും പരിശുദ്ധാത്മ നിറവിന്റെയും വിളക്കുമരങ്ങളാണ്. കഷ്ടത്തിലും ദാരിദ്ര്യത്തിലും വലയുന്നവരെ സ്വയം മറന്ന് സഹായിക്കുന്ന അദ്ദേഹത്തിന്റെ ആർദ്രത അദ്ദേഹത്തെ ദൈവസന്നിധിയിൽ കൂടുതൽ പ്രശോഭിതനാക്കുന്നു. വിശുദ്ധ സത്യവേദ പുസ്തകവും, The Christian Walk Bible ഉം അംഗീകരിക്കുക മാത്രമല്ല അവ വാങ്ങിസ്വന്തം ചിലവിൽ അനേകർക്ക് സമ്മാനിക്കുന്നത് തിരുമേനിയുടെ ദൈവവചനത്തോടുള്ള ഭക്തിബഹുമാനങ്ങൾ വെളിപ്പെടുത്തുന്നു. പരിശുദ്ധാത്മ നിറവിൽവിരചിക്കപ്പെടുന്ന ദൈവ വചനത്തെ മനസ്സിലാക്കുവാനും അംഗീകരിക്കുവാനും അതിലൂടെ അനേകരെ ദൈവസന്നിധിയിലേക്ക് ആകർഷിക്കുവാനും പരിശുദ്ധാത്മ നിറവുള്ള ഒരു വ്യക്തിക്കു മാത്രമേ സാദ്ധ്യമാകുകയുള്ളു. അതുകൊണ്ട് തന്നെ പരിശുദ്ധാത്മാവാൽ നയിക്കപ്പെടുന്ന പുണ്യപുരുഷനാണ് തിരുമേനിയെന്നതിന് മറ്റ് തെളിവുകളോ സാക്ഷ്യങ്ങളോ ആവശ്യമില്ല. അഭിവന്ദ്യ തിരുമേനിയുടെ പൗരോഹിത്യരജത ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ പൗരാണികമായ തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ സമുദ്ധാരണത്തിനും ഉയർച്ചക്കും വളർച്ചക്കുമായി അഭിവന്ദ്യ തിരുമേനിയെ അത്യുന്നതനായ ദൈവം പുതിയ കൃപകളോടും അനുഗ്രഹങ്ങളോടും ആയുരാരോഗ്യത്തോടും നയിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. തിരുമേനിയുടെ പ്രാർത്ഥനയുടേയും മാദ്ധ്യസ്ഥതയുടേയും സ്നേഹത്തിന്റേയും മധുരം നുകരുവാൻ ബലഹീനനായ എന്നെപ്പോലെ അനേകായിരങ്ങൾക്ക് മുഖാന്തരമൊരുക്കുവാൻ സർവ്വശക്തനായ ദൈവം അനുഗ്രഹവർഷം ചൊരിയുവാൻ പ്രസാദിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനകൾ - ആശംസകൾ.

Reception

at- St. George's High School Thozhiyoor _1986



തോഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്തായ്ക്ക് ജൂബിലി ആശംസകൾ

വെരി. റവ. ഡോ. ഡി. ഫിലിപ്പ്
വികാരി ജനറാൾ (മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം ജനറൽസെക്രട്ടറി)

തോഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്ത ജോസഫ് മാർ കൂറിലോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ രജത ജൂബിലി ആഘോഷിക്കുമ്പോൾ ഒരു ചെറിയ ലേഖനമെഴുതുവാൻ അവസരം ലഭിച്ചതിൽ ദൈവത്തെ സ്തുതിക്കുകയും, അഭിവന്ദ്യ തിരുമേനിയോടും ആഘോഷ കമ്മറ്റിയോടും ഹൃദയംഗമായ നന്ദിയും സ്നേഹവും അറിയിക്കട്ടെ.

തോഴിയൂർ മലബാർ സ്വതന്ത്ര സുറിയാനി സഭ മലങ്കര സഭക്ക് പൊതുവായും, മാർത്തോമ്മാ സഭക്ക് പ്രത്യേകിച്ചും സഹായമായി വർത്തിച്ചിരുന്നു. മലങ്കരയിലെ ഒന്നിലധികം മെത്രാന്മാരെ തോഴിയൂരെ മെത്രാപ്പോലീത്തമാർ വാഴിച്ച് സഭയെ സഹായിച്ചിട്ടുണ്ട്. കൂടാതെ തോഴിയൂരെ പീലക്സിനോസ് രണ്ടാമൻ മലങ്കരസഭയുടെ പൊതുമെത്രാപ്പോലീത്താ ആയി കുറെനാൾ ഭരണം നടത്തിയിട്ടുണ്ട്. 1894 ൽ യാക്കോബായ സഭയുടെ ശക്തിയേറിയ എതിർപ്പിനെവകവെക്കാതെ തീത്തൂസ് ഒന്നാമന്റെ സ്ഥാനാഭിഷേകം കോട്ടയം ചെറിയ പള്ളിയിൽ വച്ച് തോഴിയൂരെ മെത്രാപ്പോലീത്താ തിരുമേനി നടത്തി. മാർത്തോമ്മാ സഭയുടെ ഒരു പ്രതിസന്ധിയിൽ സഹായിച്ചു എന്നത് പ്രത്യേകം സ്മരണീയമാണ്. മാർത്തോമ്മാ സഭയുടെ മെത്രാൻ സ്ഥാനാഭിഷേകങ്ങളിൽ തോഴിയൂരെ തിരുമേനിമാർ പങ്കെടുക്കാറുണ്ട്. തോഴിയൂരെ തിരുമേനിമാരുടെ സ്ഥാനാഭിഷേകത്തിൽ മാർത്തോമ്മാ സഭയിലെ തിരുമേനിമാരും സഹായിക്കുന്നു. തൊഴിയൂർ സഭയിൽ ഉടലെടുക്കുന്ന എല്ലാ പ്രതിസന്ധികളിലും ഇടപെട്ട് പ്രശ്നപരിഹാരം കാണുവാൻ മാർത്തോമ്മാ സഭയുടെ മേലദ്ധ്യക്ഷന്മാരെ പ്രവർത്തിപ്പാൻ അധികാരപ്പെടുത്തുന്നവിധമാണ് തൊഴിയൂർ സഭയുടെ ഭരണഘടനയെന്ന് ഞാൻ മനസ്സിലാക്കുന്നു. വിശ്വാസാചാരങ്ങളിൽ ഈ രണ്ട് സഭകൾ തമ്മിൽ ചില വ്യത്യാസങ്ങൾ ഉണ്ട്. എങ്കിലും ആത്മീയ ശുശ്രൂഷകൾ അന്യോന്യം നൽകി സഹായിച്ചു വരുന്നു. സഭയുടെ ഉൾ ഭരണകാര്യങ്ങളിൽ അന്യോന്യം അധികാരം ചെലുത്തുവാൻ ശ്രമിക്കാറില്ല.

1984 ൽ മാർത്തോമ്മാ സഭയിലെ അഭിവന്ദ്യ തോമസ് മാർ അത്താനസിയോസ് തിരുമേനി കാലം ചെയ്തപ്പോൾ കുന്നംകുളം ഭദ്രാസനാധിപനായിരുന്ന അഭിവന്ദ്യ ഈശോ മാർ തീമോത്തിയോസ് തിരുമേനി അടൂർ മാവേലിക്കര ഭദ്രാസനത്തിലേക്ക് സ്ഥലം മാറി. കോട്ടയം ആസ്താനമാക്കി അഭിവന്ദ്യ സഖറിയാസ് മാർ തിയോഫിലോസ് തിരുമേനി, കുന്നംകുളം ഒരു സോണാക്കി അതിന്റെകൂടെ ഭരണചുമതലയേറ്റു. അത് വലിയ ഭാരിച്ച ചുമതലയായതിനാൽ എന്നെ ബിഷപ്പ് സെക്രട്ടറിയായും സോണൽ സെക്രട്ടറിയായും സഭ നിശ്ചയിച്ചു. ഞാൻ അവിടെ താമസിച്ച് ചുമതലകൾ നിർവ്വഹിച്ചു. ആവശ്യാനുസരണം തിരുമേനി വന്ന് കാര്യങ്ങൾ നടത്തും. ഞാൻ അവിടെ താമസിച്ച് തിരുമേനിയെ സഹായിച്ചുവന്നു.

മാർത്തോമ്മാസഭയുമായി ഏറ്റവും അടുത്ത ബന്ധമുള്ള തൊഴിയൂർ സ്വതന്ത്രസുറിയാനി സഭയുമായി അവിടുത്തെ തിരുമേനിമാരുമായും അച്ചന്മാരുമായും വളരെ അടുത്തു പ്രവർത്തിപ്പാൻ സാധിച്ചു. അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനി അന്ന് അച്ചനായും അദ്ധ്യാപകനായും പ്രവർത്തിക്കുമ്പോൾ വളരെ അടുത്ത് ഇടപെടുന്നതിനും ഒരുമിച്ച് കൂട്ടായ്മ ആചരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. നല്ല വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ അനിതരസാധാരണമായ കഴിവ് അന്ന് തന്നെ മനസിലാക്കിയിരുന്നു. ഏറ്റവും വിനയപുരസരം എല്ലാവരോടും ഇടപെടുന്നതും ആരേയും ആകർഷിക്കുമായിരുന്നു. അദ്ദേഹം എന്നെ വളരെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു. എല്ലാവരോടും അങ്ങനെതന്നെ ആയിരുന്നു. ഘനഗാംഭീര്യമുള്ള ശബ്ദം എന്നെ വളരെ ആകർഷിച്ചിരുന്നു. അദ്ദേഹത്തിന്റെ ശുശ്രൂഷകൾ വളരെ ഇമ്പകരമായിരുന്നു. അങ്ങനെജന്മനാ അദ്ദേഹത്തിനുണ്ടായിരുന്ന കഴിവുകൾ അദ്ദേഹത്തെ സഭയുടെ മേലദ്ധ്യക്ഷനാക്കുവാൻ ഏറ്റവും അനുയോജ്യനാക്കി. അദ്ദേഹം ആ സ്ഥാനത്തിനു യോഗ്യനെന്നു അന്നുതന്നെ മനസിലാക്കിയിരിന്നു. ഞാൻ കുന്നംകുളത്ത് താമസം ആരംഭിക്കുന്നതിനു മുമ്പ് തന്നെ അദ്ദേഹത്തെ നിയുക്ത മെത്രാനായി സഭതെരെഞ്ഞെടുത്തിരുന്നു. അദ്ദേഹം എന്നെ വളരെ അടുത്ത സുഹൃത്തായി സ്വീകരിച്ചിരുന്നു.

17.6.1986 ൽ അവിചാരിതമായ സമയത്ത് അന്നത്തെ അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് തിരുമേനി കാലം ചെയ്തു. എന്നെ വിവരം അറിയിച്ചു. അപ്പോൾ തന്നെ

ഞാൻ തിരുവല്ലായിൽ അഭിവന്ദ്യ അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായെ ഫോണിൽ വിവരം അറിയിച്ചു. തിരുമേനി ഫോൺ വെച്ചശേഷം എന്നെ വിളിച്ച് ഈ വാർത്ത ശരിയാണോ എന്ന് സ്ഥിതീകരിച്ചു. അപ്പോൾ മുതൽ എന്തൊക്കെ ചെയ്യണമെന്ന് വേണ്ട ഉപദേശം തരുകയും എത്രയുംവേഗം അദ്ദേഹം സ്ഥലത്തെത്തുകയും ചെയ്തു. അഭിവന്ദ്യ ഡോ: അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പ്രധാനകാർമ്മികത്വത്തിലും, അഭിവന്ദ്യ ഈശോമാർ തീമോത്തിയോസ് എപ്പിസ്കോപ്പായുടേയും മറ്റു സഭകളിലെ മെത്രാച്ചന്മാരുടേയും സഹകരണത്തിലും കബറടക്കശുശ്രൂഷ നടത്തി. 1986 ആഗസ്റ്റ് 27-ാംതിയ്യതി അഭിവന്ദ്യ ഡോ: അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പ്രധാനകാർമ്മികത്വത്തിലും, അഭിവന്ദ്യരായ ജോസഫ് മാർ ഐറേനിയസ്, സഖറിയാസ് മാർ തെയോഫിലോസ് എന്നീ എപ്പിസ്ക്കോപ്പാമാരുടെ സഹകരണത്തിലും പനക്കൽ ജോസഫ് കശ്ശീശ്ശയെ തൊഴിയൂർസഭയുടെ 13-ാം മേലദ്ധ്യക്ഷനായി ജോസഫ് മാർ കുറിലോസ് മെത്രാപ്പോലീത്ത എന്നനാമധേയത്തിൽ മെത്രാഭിഷേക ശുശ്രൂഷ നടത്തി.

മാർത്തോമ്മാസഭയിലെ ആരുംതന്നെ കുന്നംകുളം സന്ദർശിച്ചാലും എല്ലാവരും മാർത്തോമ്മാ സെന്ററിൽതന്നെ താമസിച്ചിരുന്നു. എന്റെ കൂടെ അവിടെ താമസിച്ചിരുന്ന സുവിശേഷകൻ ശ്രീ. വി.റ്റി മത്തായി, ഓഫീസ് ജോലി ചെയ്തിരുന്ന ശ്രീ. എ.സി. എബ്രഹാം, ശ്രീ. കൃഷ്ണൻകുട്ടി, ശ്രീ. പോൾസൺ ഇവർ എല്ലാ കാര്യങ്ങളിലും വളരെ ആത്മാർത്ഥമായി സഹകരിച്ചതിനാൽ എന്റെ പ്രവർത്തനങ്ങൾ വളരെ അനുഗ്രഹകരമായി നിർവ്വഹിപ്പാൻ സാധിച്ചിരുന്നു.

തിരുമേനിമാർ, പട്ടക്കാർ, ധാരാളം വിശിഷ്ട വ്യക്തികൾ തുടങ്ങി നിരവധി പേർ ശവസംസ്കാര ശുശ്രൂഷയ്ക്ക് വന്നവർ, അന്ന് ആ സെന്ററിൽ താമസിച്ചാണ് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തിരുന്നത്. കബറടക്ക ശുശ്രൂഷ ഭംഗിയായി ക്രമീകരിച്ചു നടത്തുവാൻ സാധിച്ചത് സ്വതന്ത്രസഭയിലെ പട്ടക്കാരുടേയും അത്മായ നേതാക്കന്മാരുടേയും ആത്മാർത്ഥമായ സഹായ സഹകരണം ലഭിച്ചതുമൂലമാണ്.

1986 ആഗസ്റ്റ് 20-ാം തീയതി റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തിയപ്പോഴും, 1986 ആഗസ്റ്റ് 27 ന് മെത്രാഭിഷേകത്തിനും വേണ്ട ക്രമീകരണങ്ങൾ കുന്നംകുളത്ത് ചെയ്യുവാനുള്ള അവസരം ലഭിച്ചു. ആ ശുശ്രൂഷകളിലെല്ലാം തിരുമേനിമാരോടൊപ്പം പങ്കെടുക്കുവാൻ സാധിച്ചതു ഏറ്റവും ഭാഗ്യമായി കണക്കാക്കുന്നു.

മാർത്തോമ്മാ സഭയുടെ റമ്പാൻമാരുടെയും തിരുമേനിമാരുടെയും സ്ഥാനാഭിഷേക ശുശ്രൂഷാക്രമം തന്നെയാണ് ആ ശുശ്രൂഷകളിലും ഉപയോഗിച്ചിരുന്നത്. രണ്ട് സഭകളും തമ്മിലുള്ള ഐക്യം അതിൽ നിന്ന് മനസിലാകും. ആചാരത്തിലും വിശ്വാസത്തിലും സംസ്ക ത്തിലും തൊഴിയൂർ സഭയും മാർത്തോമ്മാ സഭയ തമ്മിൽ പല വ്യത്യാസങ്ങൾ ഉണ്ടെങ്കിലും അന്യോന അംഗീകരിക്കാനും സ്വീകരിക്കാനും സഹായിക്കാന സാധിക്കുന്നത് ദൈവകൃപയാണ്. വളരെ പുരാതനവു പല ചരിത്രപരപരമായ അനുഭവങ്ങളും ഉണ്ട്. ദൈവ കഴിഞ്ഞ കാലങ്ങളിൽ ഇരു സഭകൾക്കും അന്യോന്യ സഹായിപ്പാൻ അവസരം നൽകി. അത് ലോകസഭ തന്നെ മാതൃകയാക്കാനുംപിന്നീട് എത്രയോ വർ ങ്ങൾക്ക് ശേഷം മറ്റെല്ലാ എപ്പിസ്കോപ്പൽ സഭകളു യി, ഐക്യതയ്ക്കുള്ള അവസരവും ലഭിച്ചു. അതെല്ലാ ദൈവത്തിന് സഭയോടുള്ള കരുതലും ലോകത്തോടുള്ള സ്നേഹവുമാണ്. ഭാരതം പോലുള്ള ഒരു രാജ്യത്ത് ഭാഷകളുടെയും സംസ്ക്കാരങ്ങളുടെയും വിശ്വാസങ്ങളുടെയും തമ്മിലുള്ള വ്യത്യാസങ്ങളുടെ അനുഭവത്തിലു മനുഷ്യർ തമ്മിൽ അന്യോന്യം സ്നേഹിപ്പാനും കരുത വാനും സാധിക്കണം. ഒരു പരിധിവരെ സഭാഐക്യ ഉണ്ടെങ്കിലും ഇനിയും സഭകൾ തമ്മിൽ കൂടുത അടുത്ത് ഇടപെടുവാനും സ്നേഹിപ്പാനും ഈ ബന്ധങ്ങൾ സഹായകരമാകട്ടെ.

തിരുമേനി മെത്രാപ്പോലീത്താ ആയ ശേഷം അനേക പ്രാവശ്യം അരമനയിൽപോയി കാണുവാൻ അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. അപ്പോഴൊക്കെ തിരുമേനിയുടെ സ്നേഹവും ശുശ്രൂഷകളും ആതിഥ്യമര്യാദകളും നേരിട്ട് അനുഭവിപ്പാൻ സാധിച്ചിട്ടുണ്ട്. വലിയ സ്ഥാനത്തേയ്ക്ക് ഉയർന്നെങ്കിലും ആ വലിയ മനസ്സിൽ യേശുക്രിസ്തുവിൽ വിളങ്ങിക്കണ്ട താഴ്മ, വിനയം ഒട്ടും മങ്ങാതെ നേരിട്ടു കണ്ടതു ചെറുപ്പക്കാരനായ എന്നെയും എന്റെ കൂടെ ഉണ്ടായിരുന്ന സാധാരണക്കാരായ ആളുകളേയും വളരെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ആ മാതൃക ജീവിതത്തിൽ പകർത്തുവാൻ ആഗ്രഹിച്ചിട്ടുണ്ട്.

ആണ്ടുതോറും മാരാമൺ കൺവെൻഷനിൽ വരുമ്പോൾ വളരെ അടുത്ത് തിരുമേനിയെ കാണുവാനും അനുഗ്രഹങ്ങൾ നേടുവാനും സാധിച്ചിട്ടുണ്ട്. അപ്പോഴൊക്കെ തിരുമേനി എന്നെ ബഹുമാനിക്കുകയും കരുതുകയും ചെയ്തിരുന്നു. സുവിശേഷ പ്രസംഗ സംഘത്തിന്റെ ജനറൽ സെക്രട്ടറിയായി മൂന്ന് വർഷം പ്രവർത്തിച്ചപ്പോൾ, മാരാമൺ കൺവെൻഷന്റെ ചുമതല വഹിച്ചു. അന്ന് തിരുമേനിയെ സ്വീകരിച്ച് താമസസൗകര്യങ്ങൾ ക്രമീകരിച്ച് ശുശ്രൂഷിപ്പാൻ അവസരം ലഭിച്ചിട്ടുണ്ട്. രണ്ടായിരമാണ്ടിൽ എനിക്ക് ഒരു വലിയ കാർ അപകടം ഉണ്ടായി. അന്ന് ആശുപത്രിയിൽ വന്ന് എനിക്ക് വേണ്ടി പ്രാർത്ഥിപ്പാൻ തിരുമേനി കാണിച്ച വലിയ മനസ്സ് നന്ദിയോടെ സ്മരിക്കുന്നു.

എന്നെ കാണുമ്പോഴൊക്കെയും മറ്റ് അനേകം ബഹുമാന്യരുടെ മുമ്പിൽ എന്നെ പുകഴ്ത്തുകയും തിരുമേനിയെ മെത്രാപ്പോലീത്തയാക്കാൻ സഹായിക്കുകയും

ME TO TH
IAL COUN
UNDER T
AR IN
THOMSON

ചെയ്തതായി പ്രസ്താവിക്കുകയും എന്നെ മാനിക്കുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ എളിമയുടെയും മറ്റുള്ളവരോടുള്ള കൃതജ്ഞതയുടെയും ഭാവമാണ്. ഞാനതു അർഹിക്കുന്നില്ല. കാരണം സഭ എന്നെ ഏൽപിച്ച ശുശ്രൂഷ ചെയ്തു എന്നു മാത്രമേ ഉള്ളു. മറ്റുള്ളവരെ ശുശ്രൂഷിക്കാനും മാനിക്കാനും ഉള്ള അദ്ദേഹത്തിന്റെ ഈ മനസ് വലുതാണ് ഇതിന് മുൻപ് അധികം ആരിൽ നിന്നും ഞാൻ അനുഭവിക്കാത്തതും കണ്ടിട്ടില്ലാത്തതുമാണിത്.

ഞാൻ സീനിയർ വികാരി ജനറൽ ആയിരുന്നപ്പോൾ മാർത്തോമ്മാ സഭയിലെ എബ്രഹാം മാർ പൗലോസ് തിരുമേനിയുടെ മെത്രാഭിഷേക ശുശ്രൂഷയിൽ ഒരേ മദ്ബഹായിൽ ശുശ്രൂഷ നിർവഹിപ്പാൻ സാധിച്ചു. സാധു കെച്ചൂഞ്ഞ് ഉപദേശി ആരംഭിച്ച 100 വർഷം പാരമ്പര്യമുള്ള കലയപുരം കൺവെൻഷന്റെ 2010 ലെ സമാപനദിവസം വിശുദ്ധ കുർബാനഅനുഷ്ഠിക്കാൻ എനിക്ക് അവസരം ലഭിച്ചു. അന്ന് അഭിവന്ദ്യ തിരുമേനി മദ്ബഹായിൽ ഉണ്ടായിരുന്നു. തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ ഞാൻ കുർബാനശുശ്രൂഷ അനുഷ്ഠിപ്പാനും ഒരുമിച്ച് വിശുദ്ധ കുർബാനകൈകൊള്ളുവാനും തുടർന്ന് അഭിവന്ദ്യ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ അനുഗ്രഹം ലഭിപ്പാനും ഇടയായി. തുടർന്ന് അഭിവന്ദ്യ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ അനുഗ്രഹകരമായ പ്രഭാഷണം എനിക്കും അവിടെ സന്നിഹിതരായിരുന്ന നൂറ് കണക്കിനാളുകൾക്കും അനുഗ്രഹകരമായിരുന്നു.

ഇനിയും ഏറെ നാൾ ഭാരതീയ സഭക്ക് ഉന്നതദർശനത്തോട് കൂടി നേതൃത്വം നൽകുവാനും പ്രത്യേകിച്ച് തൊഴിയൂർ സഭക്ക് ഇപ്പോഴത്തെ മെത്രാപ്പോലീത്തായോടൊപ്പം അനുഗ്രഹകരമായ നേതൃത്വം നൽകുവാനും വലിയവനായ ദൈവം ആരോഗ്യവും ആയുസ്സും നൽകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് മെത്രാഭിഷേകത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ഈ തരുണത്തിൽ എളിയവനായ എന്നെയും ഓർത്തതിന് നന്ദികരേറ്റി കൊണ്ട് ഞങ്ങളുടെ കുടുംബത്തിന്റെ എല്ലാ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

May God grant
The Most Rev. Thirumeni
Joseph Mar Koorilose

more wonderful and

fulfilling years of dedicated

service

to Jesus and His Church

from

Telugu Unit

Inter Denominational Christian Fellowship

Dubai

മലബാർ സ്വതന്ത്ര സുറിയാനി സഭ;

13-ാം മെത്രാപ്പോലീത്ത ചില ഓർമ്മക്കുറിപ്പുകൾ

റവ.ഡോ. കെ. റ്റി. ജോയ്,
തിരുവല്ല

ദൈവത്തിന്റെ ദിവ്യ വിചാരണത്തിൽ 1986 ആഗസ്റ്റ് 27 ന് മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പതിമൂന്നാമത്തെ മെത്രാപ്പോലീത്തായായി സ്ഥാനാഭിഷേകം ചെയ്യപ്പെട്ട അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് മെത്രാപ്പോലീത്താ സിൽവർ ജൂബിലി നിറവിലൂടെ കടന്നുപോകുന്ന ഈ ശുഭ വേളയിൽ ഇപ്പോഴത്തെ മെത്രാപ്പോലീത്ത അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയോടും പ്രിയ സഭാ ജനങ്ങളോടും ചേർന്ന് ഞാനും സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. ഇതോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നതിൽ ബന്ധപ്പെട്ടവരെ ഞാൻ അഭിനന്ദിക്കുകയും ആവശ്യപ്പെട്ടതനുസരിച്ച് ചില ഓർമ്മക്കുറിപ്പുകൾ എഴുതുകയും ചെയ്യുന്നു. നന്ദിയും സ്തോത്രവും ദൈവത്തിനു കരേറ്റുകയും ചെയ്യുന്നു.

അംഗസംഖ്യയിൽ കുറവാണെങ്കിലും മലബാർ സ്വതന്ത്ര സുറിയാനി സഭ (തൊഴിയൂർ സഭ) മലങ്കര സഭയ്ക്ക് പൊതുവായും മലങ്കര മാർതോമ്മ സുറിയാനി സഭയ്ക്ക് പ്രത്യേകിച്ചും സഹായകരമായി പ്രവർത്തിച്ചിട്ടുണ്ട്. ഈ സഭയിലെ അഭിവന്ദ്യ പീലക്സീനോസ് രണ്ടാമൻ അത്യാവശ്യ സന്ദർഭത്തിൽ മലങ്കര സഭയുടെ പൊതു മെത്രാപ്പോലീത്തായായി ഭരണം നടത്തി സഹായിച്ചിട്ടുണ്ട്. കൂടാതെ 1894 ൽ മാർതോമ്മ സഭയുടെ അഭിവന്ദ്യ തീത്തൂസ് ഒന്നാമന്റെ സ്ഥാനാഭിഷേകം കോട്ടയം ചെറിയ പള്ളിയിൽ വെച്ച് തൊഴിയൂരെ മെത്രാന്മാരായ യൗസേഫ് മാർ അത്താനാസ്യോസും ഗീവർഗീസ് മാർ കൂറീലോസും കൂടി നടത്തി സഹായിച്ചത് നന്ദിയോടെ സ്മരിക്കുന്നു.

മലബാർ സ്വതന്ത്ര സുറിയാനി സഭയ്ക്ക് ഒരിക്കലും വിസ്മരിക്കുവാൻ പാടില്ലാത്ത ഒരു ചരിത്ര സത്യം ഇവിടെ രേഖപ്പെടുത്തട്ടെ. മലങ്കര സഭാ മെത്രാപ്പോലീത്ത പാലക്കുന്നത്ത് അഭിവന്ദ്യ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനി തൊഴിയൂർ സഭയുടെ മെത്രാപ്പോലീത്തായായി ആലത്തൂർ യൗസേഫ് കശ്ശീശായെ അഭിഷേകം ചെയ്തു. ഇതിനെതുടർന്ന് വിദേശ മെത്രാനായ മാർ കൂറീലോസ് അന്തോഖ്യാ പാത്രീയർക്കീസിന്റെ പ്രതിപുരുഷൻ എന്ന നിലയിൽ തൊഴിയൂർ സഭയുടെയും സ്വത്തുക്കളുടേയും ഭരണാവകാശം ലഭിക്കുന്നതിനായി മാത്ത്യൂസ് മാർ അത്താനാസിയോസിനേയും ഈ സഭയുടെ പുതിയ മെത്രാപ്പോലീത്തായേയും പ്രതിയാക്കി കോഴിക്കോട് ഡിസ്ട്രിക്ട് കോടതിയിൽ വ്യവഹാരം നടത്തി. എങ്കിലും തൊഴിയൂർ സഭയുടെ മേൽ അന്തോഖ്യായ്ക്ക് അധികാരം ഇല്ലെന്നും അത് സ്വതന്ത്ര സഭയാണന്നും വിധിയുണ്ടായി. ഇതിൽ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലിത്താ വളരെ ബുദ്ധിമുട്ട് സഹിയ്ക്കുകയും പണം ചിലവാക്കുകയും ചെയ്തിട്ടുണ്ട്.

ഇത് മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും കാരണമായിത്തീർന്നു. വിശ്വാസാചാരങ്ങൾ സംബന്ധിച്ച് ഈ രണ്ട് സഭാ വിഭാഗങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ആത്മീയ ശുശ്രൂഷകൾ ആവശ്യാനുസരണം നിർവ്വഹിച്ച് അന്യോന്യം സഹകരിക്കുന്നതിന് അവ തടസ്സമല്ല. കൂടാതെ സഭയുടെ ഉൾഭരണ കാര്യത്തിൽ അന്യോന്യം അധികാരം ചെലുത്തുന്നതിന് മലങ്കര മാർത്തോമ്മ സുറിയാനി സഭയും മലബാർ സ്വതന്ത്ര സുറിയാനി സഭയും ശ്രമിക്കുന്നില്ല എന്നത് ഇതര സഭാവിഭാഗങ്ങൾക്ക് മാതൃകാപരവും അനുകരണീയവുമാണ്.

ദൈവത്തിനു വേണ്ടി ജനത്തിന് നേതൃത്വം നൽകുന്നതും ജനത്തിനു വേണ്ടി ദൈവമുമ്പാകെ പൗരോഹിത്യ ശുശ്രൂഷ അനുഷ്ഠിക്കുന്നതും സഭയുടെ അനുഗ്രഹീത ശുശ്രൂഷയാണ്. 1986 ആഗസ്റ്റ് 27 ന് നടന്ന അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ മാർത്തോമ്മാ സഭയുടെ ഇപ്പോഴത്തെ മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത തിരുമേനിയോടൊപ്പം പോയി സംബന്ധിക്കാൻ എനിക്ക് സാധിച്ചത് സന്തോഷത്തോടെ ഓർക്കുന്നു. തദവസരത്തിൽ ഇംഗ്ലണ്ടിലെ കാന്റർബറി ആർച്ച് ബിഷപ്പിന്റെ സെക്രട്ടറിയായിരുന്ന റവ. ഡോ. ജോൺ ഫെൻവിക്ക് മലബാർ സ്വതന്ത്ര സുറിയാനി സഭയെ കുറിച്ച് കൂടുതൽ അറിയുവാൻ എനിക്കയച്ച ഒരു എഴുത്തും അദ്ദേഹത്തിന്റെ മേൽവിലാസവും അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് മെത്രാപ്പോലീത്തയെ ഏല്പിച്ചു. ഇതിന്റെ പശ്ചാത്തലം എന്റെ ഓർമ്മയിൽ നിന്നും ഞാൻ കുറിക്കട്ടെ. ദി മാർത്തോമ ചർച്ച് എന്ന പേരിൽ ഞാൻ എഴുതിയ സഭാ ചരിത്ര ഗ്രന്ഥം ഇംഗ്ലണ്ടിലെ റവ. ഡോ ജോൺ ഫെൻവിക്കിന് ലഭിക്കുവാൻ ഇടയായി. അത് വായിച്ചതിന്റെ ഫലമായി അതിൽ പരാമർശിച്ചിരുന്ന മലബാർ സ്വതന്ത്ര സുറിയാനി സഭയെ കുറിച്ച് ആദ്യമായി അറിവ് ലഭിച്ചു . കൂടുതൽ അറിയുവാനായി എന്റെ പേരിൽ കുറേ ചോദ്യങ്ങൾ അയച്ചുതന്നു. ഉടനെകോട്ടയം മാർത്തോമ്മ വൈദിക സെമിനാരിയിലെ ലൈബ്രറിയിൽ പോയി. തൊഴിയൂർ സഭയിലെ ഫാ. കെ സി. വർഗ്ഗീസ് രചിച്ച ഹിസ്റ്ററി ഓഫ് ദ മലബാർ ഇൻഡിപെൻഡന്റ് സിറിയൻ ചർച്ച് എന്ന ഗ്രന്ഥം വായിച്ച് ഉത്തരം തയ്യാറാക്കി റവ. ഡോ. ജോൺ ഫെൻവിക്കിന് അയച്ചുകൊടുത്തു. അതിനു മറുപടിയായി ലഭിച്ച കത്താണ് ഞാൻ മെത്രാപ്പോലീത്തായെ ഏല്പിച്ചത് . അവർ തമ്മിൽ പരിചയപ്പെട്ടതിന്റെ ഫലമായി റവ. ഡോ. ജോൺ ഫെൻവിക്ക് തൊഴിയൂർ സഭ സന്ദർശിക്കുകയും മെത്രാപ്പോലീത്തായെ ഇംഗ്ലണ്ടിലേക്ക് ക്ഷണിക്കുകയും ചെയ്തു തുടർന്ന് അദ്ദേഹം ഈ സഭയെ കുറിച്ച് രണ്ട് ബുക്കുകൾ ഇംഗ്ലീഷിൽ എഴുതി. യു. കെ.യിലും യു. എസ്. എ. യിലും പ്രസിദ്ധീകരിച്ചു. ഇതുമൂലം സഭയ്ക്ക് അന്തർ ദേശീയമായി വളരുന്നതിനും സ്വദേശ മെത്രാനായ തനിക്ക് വിദേശ മെത്രാനാകുന്നതിനും സഹായിച്ചു എന്ന് തിരുമേനി പറയാറുണ്ട്.

സഭയുടെ നാഥനായ യേശു ക്രിസ്തുവുമായുള്ള ആളത്വപരമായ ബന്ധത്തിൽ ആത്മ സമർപ്പണത്തോടും ത്യാഗമനോഭാവത്തോടും വിശ്വസ്തതയോടും കഴിഞ്ഞ നാളുകളിൽ പ്രവർത്തിപ്പാൻ സർവ്വശക്തനായ ദൈവം എന്നെ ശക്തനാക്കിയത് നന്ദിയോടെ ഓർക്കുന്നു. ആരുമായി ബന്ധപ്പെട്ടാലും ഏതെല്ലാം പ്രവർത്തനങ്ങളിലേർപ്പെട്ടാലും സത്യസന്ധതയോടും കാര്യക്ഷമതയോടും കൂടെ പ്രവർത്തിപ്പാൻ ആവശ്യമായ ആത്മീയ നൽവരം ലഭിച്ചിരു
എന്നതിനു ഒരു ഉദാഹരണമാണ് മലബാർ സ്വത
സുറിയാനി സഭയുടെ അഭിവന്ദ്യ ജോസഫ് മാർ കൂ
ലോസ് വലിയ മെത്രാപ്പോലീത്തായും ഞാനുമാ
ഇതിൽ വിവരിക്കുന്ന സ്നേഹബന്ധവും എക്ക്യുമിനി
ക്കൽ സഹകരണവും. 1988- 1991 ജബൽപ്പൂ
മാർത്തോമ്മ ഇടവക വികാരിയായിരുന്നപ്പോൾ അഭിവ
ന്ദ്യ തിരുമേനിക്ക് ആദ്യമായി ഉത്തരേന്ത്യയിൽ
ജബൽപ്പൂർ മാർത്തോമ്മ പള്ളി, ലിയോനാർഡ് വൈദിക
സെമിനാരി, സീഹോറ ക്രിസ്തുപന്തി ആശ്രമം ആദിയാ
യവ സന്ദർശിക്കുന്നതിനു ഞാൻ വേണ്ട ക്രമീകരണ
ങ്ങൾ ചെയ്തത് എന്റെ സ്മൃതി പഥത്തിൽ തങ്ങി
നിൽക്കുന്നുണ്ട്. ഈ സഭയിലെ ആദ്യത്തെ ബി. ഡി
ഗ്രേഡിലുള്ള വൈദീക വിദ്യാർത്ഥിയായ ഇപ്പോഴത്തെ
റവ. കെ. എ. ജോബിനു പ്രവേശനവും
സ്ക്കോളർഷിപ്പും ക്രമീകരിച്ചതു സ്മരണാർഹമാണ്.
അടുത്ത സമയത്ത് തിരുവല്ല കോമ്പാടി ഇ. റ്റി. ഐ.യിൽ
ബി.റ്റി. എച്ച്. ന് പഠിക്കുന്ന ഈ സഭയിലെ ഡീക്കൻ
സെറാഫ് മണ്ടുമ്പാൽ, ഡീക്കൻ തോമാസ് വർഗ്ഗീസ്,
ഡീക്കൻ ഷാബു സി.ഐ. എന്നിവരെ പരിചയപ്പെടു
വാൻ ഇടയായതിലും സന്തോഷമുണ്ട്.

തുടക്കത്തിൽ കെ. സി. സി . യിൽ മാത്രം അംഗത്വം ഉണ്ടായിരുന്ന മലബാർ സ്വതന്ത്ര സുറിയാനി സഭ അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് വലിയ മെത്രാപ്പോലീത്തായുടെ വിശാലമായ എക്ക്യുമിനിക്കൽ ദർശനം മൂലം എൻ.സി.സി.ഐ.; സി.സി.ഐ.ലാംബത്ത് കോൺഫറൻസ്, കാന്റർബറി ആർച്ച് ബിഷപ്പ് ആദിയായവരുമായി ബന്ധമുണ്ടായത് ശ്ലാഘനീയമാണ്. ദി മലബാർ ഇൻഡിപെൻഡന്റ് സിറിയൻ ചർച്ച് എന്ന പേരിൽ റവ. ഡോ ജോൺ ആർ.കെ. ഫെൻവിക്ക് ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ ഒരു കോപ്പി ആൾ വശം എനിക്കു തന്നതിൽ ഇപ്രകാരം എഴുതിയിരുന്നത് ഇവിടെ ഉദ്ധരിക്കട്ടെ.

"To Rev; Dr. K.T. Joy who in the providence of God first introduced this church to us''

ജൂബിലേറിയൻ മെത്രാപ്പോലീത്തായ്ക്കും സഭയ്ക്കും സഭാ ദൗത്യം നിർവ്വഹണത്തിൽ മുന്നേറുവാൻ ഈ സന്ദർഭം മുഖാന്തിരമായി തീരട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

Prayers & Best Wishes to our beloved
Thirumeni Appachan

Joseph Kulangara & Family, USA

വെരി. റവ: സ്ലീബ കാട്ടുമങ്ങാട്ട്
കോർ എപ്പിസ്കോപ്പ

"അർപ്പണ ജീവിതം ..."

അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലിത്ത തിരുമനസ്സിന്റെ തൃക്കൈമുത്തി സമർപ്പിക്കുന്നത്. അഭിവന്ദ്യ തിരുമനസ്സിന്റെ സ്ഥാനാഭിഷേകത്തിന്റെ സിൽവർ ജൂബിലി ആഗസ്റ്റ് മാസം 27-ാം തീയതി ആണല്ലോ. ദൈവനിയോഗപ്രകാരം മലബാർ ഇൻഡിപെൻഡന്റ് സിറിയൻ ചർച്ചിന്റെ 13-ാമത് മെത്രാപ്പോലിത്ത സ്ഥാനം അലങ്കരിച്ചതു മുതൽ സഭയുടെ വളർച്ച പുറം ലോകം അറിയുവാൻ ഇടയായി. സിറിയൻ ഓർത്തഡോക്സ് സഭയിൽ വിശുദ്ധ അന്ത്യോഖ്യ സിംഹാസനത്തിൽനിന്നും പ്രതിനിധിയായി മലങ്കരയിലെത്തിയ ജെറുശ്ശലേം പാത്രിയർക്കിസ് യൂഹാനോൻ മാർ ഗ്രിഗോറിയോസ് ബാവായിൽ നിന്നും മേൽപ്പെട്ട സ്ഥാനം ഏറ്റ കാട്ടുമങ്ങാട്ട് പരിശുദ്ധ എബ്രഹാം മാർ കൂറിലോസ് ബാവയുടെ പ്രാർത്ഥനാ പൂർണ്ണമായ ത്യാഗജീവിതവും പരിശുദ്ധ ബാവായുടെ കബറിങ്കൽ നിന്നും കിട്ടുന്ന അനുഭവ സാക്ഷ്യങ്ങളും സഭയെക്കുറിച്ചും വിദേശ ക്രൈസ്തവസഭകൾ ഉൾപ്പെടെ അറിയപ്പെടുന്നതിന് ദൈവശാസ്ത്രപണ്ഡിതനായ Rev. Dr. John Fenwick എഴുതിയ ഇംഗ്ലീഷ് പുസ്തകങ്ങൾ ജൂബിലേറിയൻ മെത്രാപ്പോലിത്തായുടെ കഴിവ് ഒന്നു മാത്രമാണ്. വിശ്രമമില്ലാത്ത അർപ്പണ ജീവിതം കൊണ്ട് Ecumenical Christian Centre, Bangalore 1992, National Council of Churches of India Nagpur 1996, Oiko Credit (Ecumenical Development Christian Co-operative Society), Netherland 1997, Christian Conference of Asia, Hong-kong 2000 എന്നീ സംഘടനകളിൽ അംഗത്വം എടുത്ത് എക്യുമെനിക്കൽ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി.

സത്യസന്ധതയോടെ തുറന്ന് സംസാരിക്കുന്ന അഭിവന്ദ്യ തിരുമേനി ശാരീരികമായ അസ്വസ്ഥത തോന്നിയപ്പോൾ സ്വയം ത്യാഗത്തോടെ സഭയുടെ പ്രവർത്തനങ്ങൾക്ക് വീഴ്ച വരാതിരിക്കുന്നതിന് എടുത്ത തീരുമാനം മറ്റ് ആരിലും കാണാത്ത ഒരു ശ്രേഷ്ഠതയാണ്. തൊഴിയൂർ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ആറാമത്തെ മേലധ്യക്ഷനായിരുന്ന കുന്ദംകുളം ആലത്തൂർ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലിത്തായുടെ അഞ്ചാം തലമുറക്കാരൻ എന്ന നിലയിലും, തൊഴിയൂർ സഭയിലെ സഫ്രഗൻ മെത്രാപ്പോലിത്തയായിരുന്ന കാലം ചെയ്ത പൗലോസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ സഹോദര പിൻഗാമി, സിറിയൻ ഓർത്തഡോക്സ് സഭയുടെ സിംഹാസനപള്ളികളുടെ മെത്രാപ്പോലിത്ത കാലം ചെയ്ത അഭിവന്ദ്യ ബെന്ന്യാമിൻ മാർ ഒസ്താത്തിയോസ് തിരുമേനിയുടെ കുടുംബാംഗം, എന്നീ നിലകളിൽ പൗരോഹിത്യ പാരമ്പര്യം എടുത്തുകാണിക്കുന്ന അഭിവന്ദ്യ ...~~ചിയ~~ മെത്രാപ്പോലിത്ത ജോസഫ് മാർ കൂറിലോസ് തിരുമേനിയുടെ ബാല്യകാല സുഹൃത്ത് എന്ന നിലയിൽ ഞാൻ അഭിമാനിക്കുന്നു. കുന്ദംകുളം ആർത്താറ്റ് സിംഹാസനപള്ളിയിൽ ശ്ശെമ്മാച്ചനായി ഞാൻ പ്രവർത്തിക്കുമ്പോൾ അഭിവന്ദ്യ തിരുമേനി ശ്ശെമ്മാശ്ശനായി തൊഴിയൂർ പള്ളിയിലും ശുശ്രൂഷിച്ച് വന്നപ്പോൾ മുതൽ ഞങ്ങളുടെ സ്നേഹ ബന്ധം കൂടുതൽ ദൃഢമായി.

പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവാമാരുടെ കുടുംബാംഗങ്ങൾ ഓരോരുത്തരോടും ജൂബിലേറിയൻ മെത്രാപ്പോലിത്തയുടെ സ്നേഹവും താല്പര്യവും എടുത്ത് പറയേണ്ടതാണ്. പരേതയായ എന്റെ മൂത്ത സഹോദരി മേരിക്കുട്ടിയും കുടുംബവും ജോലി സംബന്ധമായി തൃശൂർ ആയിരുന്നപ്പോൾ വൈദീകനായിരുന്ന അഭിവന്ദ്യ തിരുമേനി അവിടെ വന്ന് പ്രാർത്ഥിച്ചതും എറണാകുളം ജില്ലയിൽ താമസിക്കുന്ന വിവിധ കുടുംബങ്ങളിൽ വന്ന് പ്രാർത്ഥിച്ച് അനുഗ്രഹിക്കുന്നതും നന്ദിയോടെ ഓർക്കുന്നു. പരിശുദ്ധ കാട്ടുമങ്ങാട്ട് മാർ കൂറിലോസ് ബാവയുടെ നാമത്തിൽ എറണാകുളം പട്ടണത്തിൽ പണിതീർത്ത മനോഹരമായ അനുഗ്രഹീത ദേവാലയത്തിന്റെ നിർമ്മാണവും ആയതിനോട് അനുബന്ധിച്ചുള്ള ചടങ്ങുകളിൽ യാക്കോബായ തുടങ്ങി വിവിധ സഭയിലെ മെത്രാപ്പോലിത്തൻമാർ ഉൾപ്പെടെ പങ്കെടുത്തിട്ടുള്ളതും

അഭിവന്ദ്യ വലിയ മെത്രാപ്പോലിത്തയുടെ നേതൃത്വത്തിന്റെ പ്രത്യേകതയാണ്. വിശുദ്ധ പാത്രിയർക്കിസ് ബാവായുടെ അനുഗ്രഹാശംസകളോടെ ഗൾഫിലെ പള്ളികൾ സന്ദർശിച്ച് അഭിവന്ദ്യ തിരുമേനി യാക്കോബായ പള്ളികളിൽ വി. കുർബാന ചൊല്ലുന്നതും, സഭയുടെ പ്രവർത്തനങ്ങളിൽ ഇതര ക്രൈസ്തവ സഭയിലെ മെത്രാപ്പോലിത്തമാർ ഉൾപ്പെട്ടുകൊണ്ട് വേദികൾ പങ്കിടുന്നതും ജനങ്ങളിൽ സ്നേഹത്തിന്റെയും ഐക്യത്തിന്റെ ആവേശങ്ങൾ നൽകുന്നു.

1986 Aug. 27-ാം തിയതി മാർ കൂറിലോസ് എന്ന പേരിൽ മെത്രാപ്പോലിത്തയായി പ്രവർത്തനം ആരംഭിച്ചതു മുതൽ അഭിവന്ദ്യ വലിയ മെത്രാപ്പോലിത്തായ്ക്ക് 25 വർഷം വളരെ വേഗം പിന്നിട്ട സിൽവർ ജൂബിലി ആഘോഷത്തിൽ പ്രാർത്ഥനാപൂർവ്വമായ ആശംസകൾ നേരുന്നതിനോടൊപ്പം പരിശുദ്ധ ബാവയുടെ മാധ്യസ്ഥം മുഖാന്തിരം ദൈവത്തിൽ നിന്ന് കൂടുതൽ ആരോഗ്യവും ദീർഘായുസ്സും ലഭിച്ച് ഗോൾഡൻ ജൂബിലി ആഘോഷിക്കുന്നതിന് അനുഗ്രഹങ്ങൾ ലഭിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്

ഭക്തി ആദരവുകളോടെ

കർത്താവിൽ എളിയ ശുശ്രൂഷകൻ
വെരി. റവ: സ്ലീബ കാട്ടുമങ്ങാട്ട്
കോർ എപ്പിസ്കോപ്പ മുളന്തുരുത്തി

C.C.A. Membership- Indonesia 2000


NATIONAL COUNCIL OF CHURCHES IN IND
XXIII QUADRENNIAL ASSEMB
2 - 6 MARCH, 1996
'IN CHRIST TODAY

N.C.C.I. Officials at Thozhiyur - 1996 Aug.15

OIKOUMENE
ECLOF INDIA
CHURCH LEADERS CONSULTATION
Date 12th & 13th October 1999
Chennai

Thirumeni with Family members

Thirumeni with beloved Ammichi

Most. Rev. Joseph Mar Koorilose – A Metropolitan Who Makes A Difference

Rev. Joseph Daniel, Karamvelimannil
University of Berne, Switzerland

I am privileged to have received invitation to write an article to be included, in the 'Festschrift' volume in honour of the Most Rev. Joseph Mar Koorilose, the Valiya Metropolitan of the Malabar Independent Syrian Church, Thoziyoor, on the occasion of his Episcopal Silver Jubilee celebrations.

My association with the Most Rev. Joseph Mar Koorilose, Valiya Metropolitan of the Malabar Independent Syrian Church, Thoziyoor started in C.E.1998 at the Poolatheen, Tiruvalla - the Mar Thoma Metropolitan's official residence and office. This was while I was living in the Metropolitan's residence with the late Valia Metropolitan, Dr. Alexander Mar Thoma, as his chaplain. Within a few minutes of meeting with the Valiya Metropolitan, in the presence of Dr. Alexander Mar Thoma, Metropolitan, I realised that His grace is not just a Bishop; he is born to be a benefactor to continue the rich traditions of the Malabar Independent Syrian Church. I have found in him a consummate enthusiast, who can steer his church in to new laurels of international reputation. The Valiya Metropolitan's ability to develop, nurture, and sustain friendships, has enabled him to elevate the reputation of the Malabar Independent Syrian Church to greater heights during his Metropolitanate. I was fortunate to be a witness to some of these achievements.

Valiya Metropolitan's Contribution for the Church's Growth

Two phases that bear upon the growth of the Malabar Independent Syrian Church can be distinguished during the tenure of his Metropolitanate: the church's expansion phase and the church's wider ecumenical phase. The church's expansion phase refers to the constructions of church buildings for parishes within and outside Kerala, as well as the church's global expansion. The wider ecumenical relations phase refers to the church's involvement in the international, Asian, national and regional ecumenical bodies like, Christian Conference of Asia, National Council of Churches in India and Kerala Council of Churches, OIKOCREDIT.

The Church's Expansion Phase

The Church's expansion phase witnessed the renovation of the cathedral church at Thozhiyoor and the beginning of celebrating Holy Qurbana services at the Jacobite Syrian Churches in some of the Middle Eastern countries and western countries. The Valiya Metropolitan inaugurated his prayerful leadership for the church's growth by fulfilling a long cherished dream and prayer of his predecessors by renovating the historic Cathedral church at Thoziyoor, immediately after his consecration in C.E 1987. With the Valiya Metropolitan's characteristic adventurous spirit, and a drive to take up challenges, motivated the members of his church to raise funds for this Herculean venture. The renovation of the church was completed in C.E. 1989. To date, if I am not wrong, the renovated Cathedral at Thozhiyoor is an architectural splendour that avows the presence and mission of the Malabar Independent Syrian Church.

The Valiya Metropolitan has also given leadership to establish a Congregation at Coimbatore in Tamil Nadu at the Church provided by the Church of South India's Bishop William Moses for the church's services in July 1992. Besides, the untiring efforts of the Valiya Metropolitan and Capt (Hon) K.V. Ittiachen, the then Secretary of the Congregation have enabled the Coimbatore Congregation to own a cemetery for the use of its members. The Valiya Metropolitan took keen interest in the building up a church at Ernakulum Town in Kerala and for this purpose he motivated his church members to mobilize funds for building up the church, and consequently it's construction was completed in C.E. 1995 and he consecrated the church in presence of the Mar Thoma Metropolitan. Joseph Mar Thoma on August 27, 1995. The extension of the St. George church in Chennai in C.E.1991 is an outcome of the Valiya Metropolitan's efforts together with its members, especially of Mr. John Peter.

The Valiya Metropolitan played a key role to celebrate Holy Qurbana in the Jacobite Syrian Churches in some Middle Eastern countries of Bahrain, Dubai, Abu Dhabi and Sharjah as well as in the western countries - England, France & America. Besides, parishes in Thozhiyoor, the parishes outside Kerala are also well shepherded by the Valiya Metropolitan.

The Church's Wider Ecumenical Relations Phase

The Church's wider ecumenical relation phase witnessed the widening of new ecumenical relationship with different ecumenical bodies by the effort of the Valiya Metropolitan, beside the church's historic ecumenical relation with the Mar Thoma Syrian Church of Malabar. The church's ecumenical relation with the Syrian Orthodox Church reached a new stage, when the Valiya Metropolitan visited the Syrian Orthodox Patriarch of Antioch, His Holiness Zakka I in C.E.1988 and during his visit, His Holiness confirmed the Malabar Independent Syrian Church's Metropolitanate a canonical one (John. R K Fenwick, *The Malabar Independent Syrian Church,* 41). Having established a better relationship with the Syrian Orthodox Church, Antioch, the Valiya Metropolitan met the Anglican Church's Canterbury Arch Bishop, Most Rev. Dr. Robert Runcie in C.E.1989 with a view to extend the church's ecumenical relation with the Anglican Church. The Valiya Metropolitan was well received by the parishes of the Mar Thoma Syrian Church in London and those parishes extended all assistance to his visit at the Canterbury as well as to the Anglican parishes in England. The Valiya Metropolitan was later invited to the Anglican Church's Arch Bishop Dr. George Carey's enthronement ceremony held in C.E 1991. This could therefore be seen as a visible expression of the Valiya Metropolitan's binding relationship with these churches and a revelation of his statesmanship. The Metropolitan was also able to establish an ecumenical relation with a Lutheran Parish in Hanover, Germany.

The Valiya Metropolitan had the vision to integrate the church with the world ecumenical body - the World Council of Churches, Geneva. With this intention he visited the head quarters of the World Council of Churches at Geneva and submitted the church's membership application in the World Council of Churches in C.E.1996. The Suffragon Metropolitan of the Mar Thoma Church, Most Rev. Dr. Zacharias Mar Theophilus, and the then executive Committee member of the World Council of Churches provided all assistance to him during his visit at Geneva in Switzerland.

Church's Membership in National and International Ecumenical Bodies

The Valiya Metropolitan succeeded in giving leadership to connect the church with national and international ecumenical bodies such as Ecumenical Christian Centre, Whitefield in C.E 1992; National Council of Churches of India, Nagpur in C.E. 1996 and in Oiko Credit (Ecumenical Development Christian Co operative Society), in Netherlands in C.E 1997. The church's ecumenical initiatives during his tenure reflect the Valiya Metropolitan's special ability to influence and convince the Malabar Independent Syrian Church's historic position to those who are in responsible positions both in national and international ecumenical bodies, to take favourable decisions in relation to the church's membership in those ecumenical bodies.

Church's Membership in Christian Conference of Asia

During the last two decades His Grace made a tremendous race in the church and in the Asian ecumenical endeavours. I had the privilege to be a participant with His Grace at the Christian Conference of Asia's General Assembly eleven years ago at Tomohon in Indonesia, which provided occasions for our close association and interaction at a deeper level. It was at this general assembly, and in presence of the Most Rev. Dr. Joseph Mar Thoma, Metropolitan, the Mar Thoma Syrian Church's twenty - first Metropolitan and the then Christian Conference of Asia's President; and Dr. Mathews George Chunakara, the then Asia Desk General Secretary and the World Council of Church's current Director of International Affairs and the Director of the Inter Faith Commission, that the Malabar Independent Syrian Church was officially declared a member of the Christian Conference of Asia. I also had the occasion to join with His. Grace. Joseph Mar Koorilose to celebrate the church's joy of ecumenical fraternity. I was surprised to see a number of ecumenical leaders there to receive him as he had several friends in his numerous travels across the world. He speaks to all kinds of people with such warmth and simplicity that it is truly hard for them to forget this great personality ever.

During my association with the Valiya Metropolitan, I am aware of his profound knowledge of ecumenical issues and conscious of his high integrity and of his passionate love of all churches especially of his love toward the Mar Thoma Syrian Church of Malabar of which I am a Priest. I know of no other Metropolitan of the Malabar Independent Church, who has had so much influence and command as Joseph Mar Koorilose Valiya Metropolitan throughout the world. He is conscientious, hard working and a man of God.

The overall the church's ecumenical growth, just described are, amazing because they suggest that most of the church's development during the contemporary period both in internal and international levels may be mediated through the Valiya Metropolitan's wide range of relationships and efforts for the growth of the church. It would be inappropriate to put pen to paper further his contributions to the church, without drawing a brief biographical sketch of the Valiya Metropolitan.

Most Rev. Joseph Mar Koorilose Valiya Metropolitan: A Biographical Sketch

Most Rev. Joseph Mar Koorilose Valiya Metropolitan was the fifth of the eight children of Mr. P.I. Mathewkutty, Rtd. Havildar of Indian Army and Mrs. Kunjhani of the Alathoor Panakkal family, (3 elder sisters have died at their early age) Having completed his pre -university education, he was ordained a deacon by Paulose Mar Philoxinos III (1967 – 1977) on March 5, 1972; a Priest by Mathews Mar Koorilose VIII (1978 – 1986) on March 1, 1978 and a Metropolitan by the then Mar Thoma Metropolitan, Alexander Mar Thoma on August 27, 1986.I think a full description of the life and work of the Valiya Metropolitan, Joseph Mar Koorilose is not necessary here; important though he played a key role in elevating the status of the church into new laurels, for it was during his period that the Malabar Independent Syrian Church globally made known.

The 'knowing why' the Valiya Metropolitan's personality, openness, and love to his church, is related to his rich Episcopal family lineage. He is the current strong link in the long chain of luminary Metropolitans, of the Alathoor Panakkal family, which supplied two illustrious bishops to the church.

Even a brief account, such as this, of the life and contributions of the Valiya Metropolitan, would be incomplete without a mention of his Episcopal lineage. The Malabar Independent Syrian Church's Metropolitan, Joseph Mar Koorilose IV (1857-1888) and Saffragan Metropolitan, Paulose Mar Athanasios (1917-1927), were from the same family of 'Alathoor Panakkal' of the jubilarian Valiya Metropoltian, Joseph Mar Koorilose. The Valiya Metropolitan belongs to the fifth generation of the Alathoor Panakkal Joseph Mar Koorilose, Metropolitan (1857 – 1888) and whose brother's grandson Paulose Mar Athanasius Suffragon Metropolitan (1917-1927).Mar Athanasius Suffragon Metropolitan was Joseph Mar Koorilose Valiya Metropolitan's grandfather's brother. Besides, the Valiya Metropolitan related to the India's Syrian Orthodox Church's Metropolitan, Mor Osthatheos Bennyamin Joseph (1984 – 2004). Moreover, the Orthodox Syrian Church's newly consecrated bishop Pulikottil Geevarghese Mar Yulios is his maternal cousin. The Valiya Metropolitan's heredity and heritage show how strong is his foundation in the Malankara Church and Malabar Independent Syrian church in particular.

The Valiya Metropolitan has combined in his personality the traditions of his illustrious forbearers, who were leaders of the church. Two main aspects of his tradition may be mentioned, namely spiritual fervour and the organizational leadership, which were marked by both Alathoor Metropolitans. The combination of these elements in his personality has helped him place his stamp of leadership as the first President of the 'Malabar Independent Syrian Church Youth League', which was inaugurated in March 1984 and continued its leadership until C.E.2001. Through the church's youth movement, he has helped the church's young generation to grow in the church's faith and traditions, which eventually motivated them to start worship services in places wherever they went.

As a lover of books, the Valiya Metropolitan has deep historical and theological knowledge. He was the first Chief Editor of church's first official publication – 'Snehasandesham'(Message of love) in C.E.1984, (since March, 1985 that magazine officially registered &continued in the name of 'Kunjhadukalude Velicham') even before his consecration in C.E.1986.

The commitment of the Valiya Metropolitan to the promotion of his church's rich tradition and history is quite evident in his speeches and even in his conversations. He inspired some renowned researchers to write the church's history and tradition books on international repute. For instance; John R. K. Fenwick, the author of books viz; "The Malabar Independent Syrian Church" (1992) and "Forgotten Bishops" (2009), acknowledges the Valiya Metropolitan's role in the preface of his latter book - his whole project for writing the book 'Forgotten Bishops' was initiated and facts provided by the Valiya Metropolitan, Joseph Mar Koorilose.

Ecumenical Relation with the Mar Thoma Syrian Church of Malabar

There are significant evidences that the Malabar Independent Syrian Church's Metropolitans have maintained their great tradition of extending their helping hands to the Mar Thoma Church, and vice versa, even before the newfound existence of the Mar Thoma Syrian Church of Malabar by the Royal Court verdict declaring it as an independent and autonomous Indian church in C.E. 1899. I am sure that a full description of the intense and special relationship between the Malabar Independent Syrian Church and the Mar Thoma Syrian Church is not necessary here, important though both churches have a common historical heritage of mutual recognition, co–operation and a special relation even before the ecumenical world think of conciliar fellowship. I am sure that a summary of the churches' salient historical relation episodes is however necessary to have an idea about the long cherished special relation between the Malabar Independent Syrian Church and the Mar Thoma Syrian Church, which provided a base to the Metropolitan to continue the special relation with the Mar Thoma Syrian Church.

The Malabar Independent Syrian Church's Geevarghese Mar Philoxinos's (1811 -1829) consecration of Pulikkottil Mar Dionysius (1815 – 1816), Punnathra Mar Dionysius (1817 – 1825), and Cheppatt Mar

Dionysius (1829 – 1852) were expressions of this church's helping nature to the Syrian Church of the Mar Thoma community in times of their need. The Malabar Independent Syrian Church's Metropolitan, Geevarghese Mar Philoxinos (1811 -1829) served as the Metropolitan of the Syrian Church of the Mar Thoma Community, when Pulikkottil Joseph Mar Dionysius died on November, 1816 and shepherded the church till Punnathra Mar Dionysius was enthroned as the Metropolitan of the India's Mar Thoma community on October 19,1817. The church's fourth Metropolitan - Geevarghese Mar Philoxinos became the Malankara Metropolitan soon after the demise of Punnathara Mar Dionysius in May, 1825 and continued his office till his death on February 7, 1829. The Metropolitan consecrated the Malankara Metropolitan Cheppat Mar Dionysius (1829 – 1852) as the Metropolitan on August 27, 1825. However, the newly consecrated Metropolitan became the Malankara Metropolitan by the Government proclamation only after Mar Philoxinos Metropolitan's demise. The historical facts presented thus far prove that the Malabar Independent Syrian Church's Metropolitanate is also a legitimate Metropolitanate of the Mar Thoma community of the India's ancient Syrian church.

The same nature of Christian love and concern was reciprocated by the Mar Thoma Metropolitan, Mathews Mar Athanasius (1842 – 1877) (who was approved and recognized as Official Malankara Metropolitan of India's ancient Malankara Syrian Church of the Mar Thoma Community by the Government of Tranvancore in C.E. 1852) by consecrating Joseph Mar Koorilose IV (1857 – 1888) in C.E.1857.

It was Mathews Mar Athanasius (1842 – 1877) of the Mar Thoma Church who extended all assistances to obtain a legal recognition to the Malabar Independent Syrian Church and it was obtained by the Madras high court verdict in C.E. 1863. It was through the Mar Thoma Metropolitan, Mathews Mar Athanasius that the Malabar Independent Syrian Church derives its Episcopal succession from the Syrian Orthodox Patriarch. Thus the special relation between the Malabar Independent Syrian Church and the Mar Thoma Syrian Church was ecclesiastically and historically significant. Malabar Independent Syrian Church's Metropolitan, Joseph Mar Koorilose IV (1857 – 1888), with the co-operation of the then Mar Thoma Metropolitan, Thomas Mar Athanasius, consecrated his successor, Joseph Mar Athanasius (1888 – 1898) in C.E.1883.

The gratitude and sincerity of the Malabar Independent Metropolitans were reflected when the Mar Thoma Metropolitan, Thomas Mar Athanasius (1877 – 1893) passed away on August 10, 1893 without consecrating his successor, the Mar Thoma church was petered out. Despite of all the coercive measures of the Jacobite Syrian Church, to prevent the consecration so as to annihilate the Mar Thoma Syrian Church of Malabar once and for all, the Malabar Independent Syrian Church's Metropolitan's Joseph Mar Athanasius , Metropolitan (1888 – 1898) and Geevarghese Mar Koorilose (1898 -1935) the then Suffragon Metropoltian, courageously accepted the request of the Mar Thoma Syrian Church and consecrated the Mar Thoma Metropolitan, Titus I Mar Thoma (1894 – 1909) at Kottayam Cheriyapalli in C.E.1894. Since that time, there has been a strong relation and association between the Malabar Independent Syrian Church and the Mar Thoma Syrian Church till date. The Mar Thoma Syrian Church has extended its helping hand to the Malabar Independent Syrian Church at all times of their need and has assisted them to draft and implement a constitution similar to the Mar Thoma Syrian Church. The Metropolitans of both these churches participate at the Episcopal consecrations of either church. The Rev. N.M Abraham, (Mar Thoma Syrian Church's Metropolitan, Abraham Mar Thoma (1880 -1947)), was consecrated as 'Rambban' by Pulikkottil Gheevarghese Mar Koorilose (1898- 1935), VIIIth Metropolitan of the Malabar Independent Syrian Church and his Saffragon Alathoor Panakkal Paulose Mar Athanasios in presence of the Mar Thoma Metropolitan, Titus II. Although theological differences are there between both churches, it has least surfaced in the deep relationship that exists between these churches.

I would say, the Valiya Metropolitan, Joseph Mar Koorilose is more indebted to the Mar Thoma Syrian Church as he was consecrated as the Ramban by the current Valia Metropolitan of the Mar Thoma Church, Philipose Mar Chrysostom Mar Thoma on August 20, 1986, and consecrated a Metropolitan by the then Metropolitan of the Mar Thoma Syrian Church, Alexander Mar Thoma (1913 – 2000) with the assistance of the current Mar Thoma Metropoltian, Joseph Mar Thoma, Suffragon Metropolitan, Zacharias Mar Theophilus and Easow Mar Themotheos (1932 – 1988) on August 27,1986. This deep connection with the Mar Thoma Syrian Church has enabled the Valiya Metropolitan to consider the Mar Thoma Syrian Church as his second home and he has felt at home in the Mar Thoma parishes worldwide.

The Mar Thoma Syrian Church's parishes all across the world thus got a privilege to receive him with joy. On one such occasion, I had the opportunity to invite him to inaugurate the second Alexander Mar Thoma Valia Metropolitan Lectures, which was held on July 7, 2007 in the Mar Thoma Syrian Church, Singapore, where I was the then parish priest.

Valiya Metropolitan's close friendship with Mr. Alex Joseph (Rajan), who is a distinguished member of the Mar Thoma Syrian Church, Singapore, since his maiden visit to Singapore is no doubt a divine scheme to receive inexpressible hospitality and affection of a Mar Thoma family in Singapore and this made the Metropolitan to consider Mr. Joseph's home his second home in Singapore.

I still remember the welcome speech that I did at the occasion to welcome him; "I know Most Rev. Joseph Mar Koorilose, the Valiya Metropolitan of the Malabar Independent Syrian Church, from 1998 while I was the chaplain to the Valia Metropolitan, Alexander Mar Thoma, who consecrated Mar Koorilose on August 27, 1986. Over the years, I enjoyed my relation with Thirumeni and I found in Thirumeni a best friend of the Mar Thoma Syrian Church. Therefore he is the most befitting person to give a felicitation address at this second Alexander Mar Thoma Lecture series on 'A Christian perspective on Life Sciences' as he is a friend of the late Alexander Mar Thoma and the church. He is an example of humility to the world church. Mar Koorilose, proved his humility by handing over his administrative powers to his successor ten years ago and currently he serves as the Thozhiyoor Church's spiritual head." Those words of mine are the reflection of my personal affection and admiration to him.

In Valiya Metropolitan's inaugural address, he made an introduction to the whole theme for the lectures, which was scheduled to be delivered by the Bishop Robert Solomon of the Methodist Church. The Valiya Metropolitan in his inaugural address said; "We live in a world of knowledge explosion. Science and Technology has become the centre of our contemporary civilization. The phenomenal advancement in the field of science, especially in the field of life sciences and technologies associated with it has grown by unimaginable leaps and bounds in recent years. This phenomenal world changes, has been challenging the efficacy and validity of the meaning of life, social justice, the intrinsic web of relationship in the ecosystem." Mar Koorilose's felicitation at the beginning of the meeting was well received, and I had the occasion to participate in it. He shared his ideas on the subject and his personal reminiscences with the late Alexander Mar Thoma with clear conviction. That voice of reason of good knowledge of the subject, paved the way for the main speaker Bishop Robert Solomon to explore the theme in depth. Having been grounded in the rich traditions of the Malabar Independent Syrian Church, the Valiya Metropolitan upheld the torch of the church's legacy on special relation with the Mar Thoma Syrian Church.

Valiya Metropolitan's Sacrificial 'Orthopraxis'

Renunciation and humility are positively related to orthodoxy affect, after relating God completely for corporately rewarding encounters. The logic of spiritual encounters with God, when the Valiya Metropolitan was in his illness, formulated in him the ways in which his future ministry will be negotiated in the new context, where the church's progress occurs. The newfound way, which rooted in right belief brought him to right praxis of voluntarily stepping down from his office and decided to elevate his successor Rt: Rev Cyril Mar Basselios Episcopa to the church's Metropolitan. Consequently the Metropolitan proved that he himself to be in the same line of the Roman Catholic Church's Pope Celestine V (1215 – 1296), and the Mar Thoma Syrian Church's Metropolitan, Alexander Mar Thoma (1913 – 2000), who both voluntarily stepped down from their office and handed over their responsibilities to successors.

Moreover, it is important to note here that the Valiya Metropolitan decided to officiate the church's Episcopal consecration ceremony by the Church's Metropolitan, with the presence of the Mar Thoma Church's Metropolitan and other bishops. Since the consecration of Saffragan Alathhoor Panakkal Paulose Mar Athanasios in 1917 no Metropolitans of Malabar Independent Syrian Church consecrated another Bishop, as we have seen. Subsequently, the church's then Metropolitan Joseph Mar Koorilose officiated the consecration of his successor Cyril Mar Basselios Episcopa with the presence of the then Mar Thoma Metropolitan, Dr. Phlipose Mar Chrysostom Mar Thoma, (the Valiya Metropolitan of the Mar Thoma Syrian Church), the Mar Thoma Church's Rt. Rev. Joseph Mar Barnabas and bishops from other sister churches on March 10, 2001. The newly consecrated Bishop was elevated as the Metropolitan on May 28, 2001and on the same occasion; Cyril Mar Basselios Metropolitan elevated Joseph Mar Koorilose Metropolitan as the church's Valiya Metropolitan. This was a commendable act of self - denial that speaks eloquently of the praxis of his orthodoxy. I am pretty sure that the Valiya Metropoltan's wisdom, which he amassed during his various travels across the world, as well as his contemplation, could serve fuel to go miles and miles to keep his promises to the church, even in the crisis situations ahead.

I am glad that His Grace has been blessed and enabled in his life to become "an aroma of Christ to all". On the occasion of his Episcopal Silver Jubilee, I too join with the members of the church wishing His Grace God's overshadowing grace to lead His church. It is my wish and prayer that the Almighty Lord makes him a sharper tool in His hands for further enhancing the glory of God on earth and for leading the Church.

References

Juhanon Mar Thoma, *'Ormakalum Kurippukalum'* (Malayalam), Tiruvalla: CLS,1993.

John R.K.Fenwick, Cumbira, U. K.
The Forgotten Bishops-NJ; USA,
Gorgias Press-2009

(Rev. Joseph Daniel is a Priest of the Mar Thoma Syrian Church and a Doctoral Candidate at the Old Catholic Department of Theology at the 'University of Bern' in Switzerland. A Parish priest, ecumenist, writer and a scholar in Church History. Recipient of the Jawaharlal Nehru Memorial Fund Award, and a gold Medalist from the Mahatma Gandhi University for academic excellence in Master of Arts.)





Jordan - Damascus- Visit 1988

വികസനവഴിയിലെ അക്ഷര സ്മാരകങ്ങൾ

കൊച്ചുമോൻ

മലബാർ സ്വതന്ത്ര സുറിയാനി സഭയും അതിന്റെ സ്ഥാപക പിതാക്കന്മാരും ലോകം മുഴുവനും അറിയപ്പെടണം. ഒരു പുരോഹിതനായിരിക്കുമ്പോൾ തന്നെ അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ ചിന്ത അതായിരുന്നു. അതിനു സഹായകമാകുന്ന ഏതു പ്രവർത്തനവും വിലപ്പെട്ടതാണെന്ന് അദ്ദേഹംകരുതി. 1984- ൽ സഭയുടെ യുവജനപ്രസ്ഥാനത്തിന് രൂപം കൊടുക്കുമ്പോഴും അതിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്നായി മാസികയുടെ പ്രവർത്തനത്തെ അദ്ദേഹം കണ്ടതും മാസികയുടെ മുഖ്യപത്രാധിപരായി അതിന്റെ നേതൃത്വം ഏറ്റെടുത്തതും അതുകൊണ്ടാണ്. സഭാപ്രവർത്തനങ്ങളെ സഭയ്ക്കകത്തും പുറത്തും വിശ്വാസികൾക്കിടയിൽ പ്രചരിപ്പിക്കുന്നതിന് മാസികയിലൂടെ സാധിച്ചിരുന്നു.

1972 ൽ ബഹു. കെ. സി. വർഗ്ഗീസച്ചൻ എഴുതിയ 'മലബാർ സ്വതന്ത്ര സുറിയാനി സഭാ ചരിത്രം' എന്ന പുസ്തകമാണ് നമ്മുടെ സഭയുടെ ആദ്യത്തെ ചരിത്രപുസ്തകം. 1772 ൽ സ്ഥാപിതമായ സഭയേയും അതിന് ദൈവത്താൽ നിയോഗിക്കപ്പെട്ട പരി. കാട്ടുമങ്ങാട്ട് ബാവാമാരെയും കുറിച്ചു് മനസ്സിലാക്കുന്നതിന് നമ്മുടെ സഭയുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന ആദ്യത്തെ ശ്രമമായിരുന്നു അത്. ഇക്കാലം കൊണ്ട് നമ്മുടെ സഭയേയും സഭാപിതാക്കന്മാരേയും കുറിച്ച് വളരെ വികലമാക്കപ്പെട്ട സൃഷ്ടികൾ നാനാഭാഗത്തുനിന്നും പ്രചരിച്ചുകൊണ്ടിരുന്നു. നമ്മുടെ സഭാമക്കൾക്കിടയിൽ തന്നെ വളരെ ആശയക്കുഴപ്പം സൃഷ്ടിക്കാൻ പോന്ന കഥകളായിരുന്നു പ്രചരിച്ചു കൊണ്ടിരുന്നത്. അതിനൊരു പരിഹാരം എന്ന നിലയിൽ ബഹു. അച്ചന്റെ ആ പ്രയത്നം വളരെ വിലപ്പെട്ട ഒന്നായിരുന്നു. എന്തായാലും നമ്മുടെ സഭയെ കുറിച്ച് നമ്മൾ തയ്യാറാക്കിയ ഒരു ചരിത്ര പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് നമ്മുക്കു രണ്ടു ശതാബ്ദങ്ങളുടെ ദൈർഘ്യമാണ് വേണ്ടി വന്നത്.

നമ്മെ കുറിച്ച് മറ്റുള്ളവർ അറിയാതെ പോയെങ്കിൽ അതിന്റെ ഉത്തരവാദിത്വം നമുക്കു തന്നെയാണെന്ന് അഭിവന്ദ്യ തിരുമേനി തിരിച്ചറിഞ്ഞു. ആപോരായ്മ പരിഹരിക്കപ്പെടുക തന്നെ വേണമെന്ന ലക്ഷ്യത്തോടെ സഭാചരിത്രപഠനരംഗത്ത് സാധ്യമായ എല്ലാ പ്രോത്സാഹനങ്ങളും നൽകി കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ തിരുമേനി ശ്രമിച്ചു. യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ തുടങ്ങിയ മാസികയ്ക്കുപോലും ഈ ലക്ഷ്യമാണുണ്ടായിരുന്നത്. ആത്മീയദൂതുകൾക്കൊപ്പം സഭയെ സംബന്ധിക്കുന്ന വിവരങ്ങളും മാസം തോറും വിശ്വാസികളുടെ സമൂഹത്തെ അറിയിക്കുക എന്ന ദൗത്യമായിരുന്നു ആപ്രവർത്തനത്തിലൂടെ നിറവേറിക്കൊണ്ടിരുന്നത്. ചുരുക്കത്തിൽ രണ്ടു നൂറ്റാണ്ടുകൊണ്ട് സാധിച്ച പല കാര്യങ്ങളും വളരെ കുറഞ്ഞ കാലം കൊണ്ട് തന്നെ ചെയ്തു തീർക്കുവാൻ തിരുമേനിക്ക് കഴിഞ്ഞു.

വേദനാജനകമായ കഷ്ടതകളേറെ സഹിച്ചും സഭാവിശ്വാസം കാത്തുപരിപാലിക്കുവാൻ സർവ്വശക്തനാൽ നിയുക്തരായ പരി. കാട്ടുമങ്ങാട്ടെ ബാവാമാരുടെ ജീവിതവും അവരാൽ തുടങ്ങിവെച്ച നമ്മുടെ സഭയുടെ ചരിത്രവും കൂടുതൽ പഠനാർഹമാകണമെന്നും അതുവഴി ഈ വിഷയത്തിൽ കൂടുതൽ സൃഷ്ടികൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്നും അഭിവന്ദ്യ തിരുമേനി ഉറച്ച് വിശ്വസിച്ചു. 1993 മാർച്ച് 28-ാം തിയ്യതി യുവജനപ്രസ്ഥാനത്തിന്റെ കല്ലുംപുറം യൂണിറ്റിൽ വെച്ച് നടന്ന ഏകദിനകോൺഫ്രൻസിൽ അന്നത്തെ സംഘടനാ സെക്രട്ടറിയായിരുന്ന ബഹു. സി.വി. റീജനച്ചൻ അവതരിപ്പിച്ച പ്രബന്ധത്തിന്റെ ചർച്ച അവസാനിപ്പിച്ചുകൊണ്ട് അഭിവന്ദ്യ തിരുമേനി പറയുകയുണ്ടായി- "നമുക്ക് എഴുതാൻ കഴിയാവുന്ന കുറച്ച് ആളുകൾ ചേർന്ന് പരി. ബാവാമാരുടെ ജീവിതത്തിന്റെ വ്യത്യസ്ത സവിശേഷതകൾ ഉൾക്കൊള്ളുന്ന ഒരു ലേഖനസമാ

ഹാരം പ്രസിദ്ധീകരിക്കണം." ഏതാനും പേരെ അതിലേക്ക് തിരഞ്ഞെടുത്ത് തിരുമേനി തന്നെ അവരെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ചെറുവക ലേഖനങ്ങളുടെ ഒരു സമാഹാരം എന്നതിനപ്പുറം ആ പാവനമായ ജീവിതത്തിന്റെ മാഹാത്മ്യങ്ങൾ പഠിക്കുവാൻ സഹായകമായ രണ്ട് സ്വതന്ത്ര പുസ്തകങ്ങളാണ് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞത്. 1995 ഒക്ടോബർ മാസത്തിൽ യുവജനപ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനത്തോടനുബന്ധിച്ച് തൊഴിയൂർ യൂണിറ്റിൽ വെച്ച് ഈ ലേഖകനെഴുതിയ "പരിശുദ്ധ കാട്ടുമങ്ങാട്ടെ ബാവാമാർ" എന്ന പുസ്തകവും 1997 ഒക്ടോബർ മാസത്തിലെ വാർഷിക സമ്മേളനത്തോടനുബന്ധിച്ച് പോർക്കുളം യൂണിറ്റിൽ വെച്ച് ശ്രീമതി മോളു വർഗ്ഗീസ് എഴുതിയ "വനാന്തരത്തിൽ കഴിഞ്ഞ ക്രൈസ്തവ മഹർഷിമാർ" എന്ന പുസ്തകവും പ്രകാശനം ചെയ്യപ്പെട്ടു. അങ്ങനെ സഭയുടേയും സഭാപിതാക്കന്മാരുടേയും ചരിത്രം പ്രസിദ്ധീകരിക്കുക എന്ന തന്റെ ചിരകാലാഭിലാഷം യുവജന പ്രസ്ഥാനപ്രവർത്തകരിലൂടെ സാധ്യമാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

"പരിശുദ്ധ കാട്ടുമങ്ങാട്ടെ ബാവാമാർ" എന്ന പുസ്തകം തയ്യാറാക്കുന്ന കാര്യത്തിൽ തിരുമേനി പ്രകടിപ്പിച്ച അതിയായ പ്രോത്സാഹനം എന്നെ സംബന്ധിച്ച് വളരെ വലിയ ഒരു പ്രചോദനമായിരുന്നു. അതിന്റെ ഓരോഘട്ടത്തിലും ആവശ്യമായ സഹായങ്ങൾ ചെയ്തുതരുവാൻ തിരുമേനി സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. പല ചരിത്രകാരന്മാരാലും വികൃതമാക്കപ്പെട്ട ബാവാമാരുടെ ജീവചരിത്രം ഏറെക്കുറെ നിഷ്പക്ഷമായി സൃഷ്ടിക്കണമെന്നായിരുന്നു ആഗ്രഹം. ഇതിനാകട്ടെ സത്യാസത്യങ്ങളെ തിരിച്ചറിയേണ്ടത് ആവശ്യമായിരുന്നു. അതുകൊണ്ട് വിശദവും സമഗ്രവുമായ അന്വേഷണാത്മകമായ സമീപനം അതിന്റെ രചനയിൽ ഞാൻ കൈക്കൊണ്ടിരുന്നു. വസ്തുനിഷ്ഠമായ കാര്യങ്ങൾ കണ്ടെത്തി അവ സമർപ്പിക്കുന്നതിന് ആവശ്യമായ പരമാവധി തെളിവുകൾ ശേഖരിച്ച് അന്നു വരെ മറഞ്ഞുകിടന്നതോ മറ്റുള്ളവരാൽ മറച്ചുവെച്ചതോ ആയ കാര്യങ്ങൾ പുറത്തുകൊണ്ടുവരാൻ കഴിയണം. ഇതിന് ഈ വിഷയത്തിൽ അറിവും താല്പര്യവും സഹായിക്കാൻ സന്മനസ്സുമുള്ളവരെ കണ്ടെത്തണം. ഏതെങ്കിലും രേഖകളോ അപൂർവ്വങ്ങളായ പുസ്തകങ്ങളോ ഉണ്ടെന്നറിഞ്ഞാൽ അത് പോയി പരിശോധിക്കുന്നതിന് ആവശ്യമായ യാത്രകൾ നടത്തണം. ഇങ്ങനെചില സാങ്കേതിക പ്രശ്നങ്ങൾ എന്നെ വല്ലാതെ പ്രയാസപ്പെടുത്തുകയുണ്ടായി. ഈ അവസരങ്ങളിലെല്ലാം കൂടെ പോരുവാനും ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്തുതരുവാനും തിരുമേനി തയ്യാറായിരുന്നു. ഇക്കാര്യത്തിൽ ഒരു എഴുത്തുകാരനേക്കാൾ കൂടുതൽ ക്ലേശങ്ങൾ അനുഭവിച്ചത് അഭിവന്ദ്യ തിരുമേനി ആയിരുന്നു. എല്ലാം ആ ഉദ്ദേശലക്ഷ്യങ്ങളോടുള്ള അതിയായ താല്പര്യം മൂലമായിരുന്നുവെന്ന് ഞാനിപ്പോൾ മനസ്സിലാക്കുകയാണ്.

സഭാ ചരിത്ര രചനയുടെ കാര്യത്തിൽ ഇംഗ്ലണ്ടിലെ ദൈവശാസ്ത്ര പണ്ഡിതനായ റവ. ആർ.കെ. ഫെൻവിക്കുമായി സുഹൃദ്ബന്ധം സ്ഥാപിക്കുവാൻ കഴിഞ്ഞു എന്നത് പ്രത്യേകം എടുത്തു പറയേണ്ട സംഗതിയാണ്. അക്ഷരാർത്ഥത്തിൽ നമ്മുടെ സഭയെ ലോകം മുഴുവൻ അറിയുവാൻ ഇടയാക്കിയത് ആ ബന്ധത്തിന്റെ അനന്തരഫലമായുണ്ടായ നമ്മുടെ സഭാ ചരിത്രത്തിന്റെ ഇംഗ്ലീഷ് പതിപ്പുകൾ മൂലമാണ്. "ദി മലബാർ ഇൻഡിപെൻഡന്റ് സിറിയൻ ചർച്ച്" (The Malabar Independent Syrian Church) എന്ന പുസ്തകം ഇംഗ്ലണ്ടിൽ നിന്ന് 1992-ലും "ഫൊർഗോട്ടൺ ബിഷപ്പ്സ്" (Forgotten Bishops- The Malabar Independent Syrian Church and its place in the story of the St. Thomas Christians of South India) എന്ന ബൃഹത്ഗ്രന്ഥം അമേരിക്കയിൽ നിന്ന് 2009 ലും പ്രസിദ്ധീകരിച്ചു.

സഭാചരിത്ര സംബന്ധമായ പുസ്തകങ്ങൾ കൂടാതെ ആചാരാനുഷ്ഠാനങ്ങളുടെ പഠനങ്ങളും വിശ്വാസ സംബന്ധമായ വിഷയങ്ങളും അടിസ്ഥാനമാക്കി ഇംഗ്ലണ്ടിലെ തന്നെ റവ. ഫിലിപ്പ് ടോവി തയ്യാറാക്കിയ മൂന്ന് പുസ്തകങ്ങളും Spiritual and Celestial Mysteries (1993), Encountering Syrian Monasticism (1997), The Concecration of a Corepiscopa (1997) ഇക്കാലത്ത് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു. സഭാ ചരിത്ര രചനകളിൽ എഴുത്തുകാരെ തിരുമേനി എങ്ങിനെയെല്ലാം പ്രോത്സാഹിപ്പിച്ചിരുന്നെന്ന് ഫൊർഗോട്ടൺ ബിഷപ്പ്സിന്റെ ആമുഖത്തിൽ റവ. ജോൺ ഫെൻവിക്ക് എഴുതി.

The whole project was initiated by the Most Rev. Joseph Mar Koorilose IX, as Metropolitan of the Malabar Independent Syrian Church. Over the years he has devoted many hours to answering innumerable questions sent out from England.

ജീവചരിത്രത്തിന്നപ്പുറം പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവമാരുടെ പരിപാവനമായ ജീവിതം വിശുദ്ധ ദൈവവചനവുമായി ചേർത്ത്ചിന്തിക്കുവാൻ സഹായകമായ ഒരു പുസ്തകം കൂടി പ്രസിദ്ധീകരിക്കുകയുണ്ടായി. ശ്രീ. എ.കെ.സി. പോർക്കുളം എഴുതിയ "പരിശുദ്ധ കാട്ടുമങ്ങട്ടെ ബാവമാർ തിരുവചനത്തിലൂടെ" എന്ന പുസ്തകം 2003 ൽ പ്രസിദ്ധീകരിച്ചു. എഴുത്തുകാരനെപ്രേരിപ്പിച്ചും പ്രോത്സാഹിപ്പിച്ചും സാമ്പത്തികമായി സഹായിച്ചും ബാവമാരുടെ ജീവിതം ദൈവീക നടത്തിപ്പുമായി ബന്ധപ്പെടുത്തി പഠിക്കുവാൻ കഴിയുന്ന ഒരു പുസ്തകം കൂടി പുറത്തുകൊണ്ടുവരാൻ തിരുമേനിക്ക് കഴിഞ്ഞു.

മലബാർ സ്വതന്ത്ര സുറിയാനി സഭയെ സംബന്ധിച്ച് അതിന്റെ ചരിത്രഘട്ടത്തിലെ ഏറ്റവും വികസനപരമായ കാലം എന്നു വിശേഷിപ്പിക്കാവുന്ന നാളുകളായിരുന്നു തിരുമേനിയുടെ ഭരണകാലം. ഇംഗ്ലണ്ട്, അമേരിക്ക,

ജർമ്മിനി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളുമായി ആദ്യമായി ബന്ധം സ്ഥാപിക്കുവാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ കാലത്താണ്. തൊഴിയൂർ ഭദ്രാസനദേവാലയ പുനരുദ്ധാരണം, പുതിയ ദേവാലയങ്ങളുടെ നിർമ്മാണം, യുവജനപ്രസ്ഥാനം, മാസിക, ചരിത്ര ഗ്രന്ഥങ്ങൾ തുടങ്ങി ഒട്ടനവധി വൻകാര്യങ്ങൾ ചെയ്തു തീർക്കുവാൻ സർവ്വശക്തനായ ദൈവം അദ്ദേഹത്തെ പ്രാപ്തനാക്കിയെന്ന് കഴിഞ്ഞകാല നാൾവഴികൾ നമ്മെ ബോധ്യപ്പെടുത്തുന്നവയാണ്. ഔദ്യോഗിക ചുമതലയിൽ നിന്ന് ഇപ്പോഴദ്ദേഹം ഒഴിവായിരിക്കുന്നുവെങ്കിലും സഭയുടെ പുരോഗമനപരമായ രംഗങ്ങളിൽ പ്രവർത്തിക്കുവാൻ അദ്ദേഹത്തിന്റെ ബുദ്ധിയും ചിന്തയും പരിശ്രമവും ഈ സഭയ്ക്ക് പ്രയോജനപ്പെടുമാറാകട്ടെ എന്ന് ആശംസിക്കുന്നു. സർവ്വശക്തനായ ദൈവത്തോട് അതിനായി പ്രാർത്ഥിക്കുന്നു.

(പോർക്കുളം സെന്റ്. ആദായ്സ് ഇടവകാംഗവും കുഞ്ഞാടുകളുടെ വെളിച്ചം മാസികയുടെ സബ് എഡിറ്ററും പരിശുദ്ധ കാട്ടുമങ്ങാട്ടെ ബാവാമാർ എന്ന സഭാചരിത്ര പുസ്തകത്തിന്റെ രചയിതാവുമാണ് മേക്കാട്ടുകുളം പൗലോസ് മകൻ കൊച്ചുമോൻ)

U.A.E. Visits

Jordan Visit-1988

Dubai Visits



Passengers only

Bahrain Visit 1988

KOORILOSE THIRUMENI: A SYMBOL OF GOOD SHEPHERD

Alex Joseph (Rajan), Singapore

I feel myself greatly honoured to have been asked to contribute a personal reminiscence to the Festschrift souvenir volume, devoted to my family's and my best friend and spiritual father Most. Rev. Joseph Mar Koorilose, the Metropolitan of the Malabar Independent Syrian Church of Thozhiyoor on his 25th Episcopal Silver Jubilee celebrations.

I have known Thirumeni for more than a decade, first at his maiden visit to Singapore at Changi Airport, on his way to attend the Christian Conference of Asia's (CCA) General Assembly at Tomohon, Indonesia in C.E.2000. Being a late night flight arrival and to connect a flight the next morning, I was asked to meet Thirumeni by the then Mar Thoma Church Secretary Rev A. C. Kurian, to arrange an accommodation to His Lordship at a hotel in Singapore.

As soon as I got the intimation from Rev. Kurian, I rang Rt. Rev. Joseph Mar Barnabas, the then Diocese Bishop of the Mar Thoma Church Kunnamkulam Malabar Diocese, and Dr. Mathews George Chunakara, the then Asia Secretary of CCA and currently the Director of International Relations of the World Council of Churches' (WCC) and updated about Thirumeni's arrival in Singapore. Both asked me to provide all the necessary assistance to Thirumeni at the airport and hotel in Singapore.

Instead of arranging a hotel accommodation, I requested Thirumeni to stay in my home and he graciously accepted the invitation. As my wife and I drove him to our home, we saw in him a real spiritual father. His spiritual and pastoral concerns were evident in all his words. Ever since, we have been blessed with opportunities to associate him more frequently and see Thirumeni fulfill the promise of many spiritual gifts with which God had endowed him.

Thirumeni graciously visited us in 2007, and thus he blessed our home a second 'Aramana'. We could see in him as a great spiritual father and a good conversationalist. What attracted me were his simplicity and the availability to everyone at home and the eagerness to engage one in conversation and prayer.

During this Singapore visit, Thirumeni was invited to the Mar Thoma Syrian Church of Singapore, by the then church vicar Rev. Joseph Daniel, to give a felicitation address at the 2nd Alexander Mar Thoma Memorial Lectures, held on July, 2007.

Rev. Daniel was the Mar Thoma Church's delegate to the CCA's General Assembly held at Tomohon in Indonesia in C.E.2000, where Thirumeni was also a delegate, representing the Malabar Independent Syrian Church, Thozhiyoor, which provided occasions for both to have a close association and Interaction.

Rev. Daniel lauded Thirumeni's distinct spiritual gifts that he experienced during his stay there at the Christian Conference of Asia's venue and with his personal association with Mar Koorilose. " I know Most Rev. Joseph Mar Koorilose, the Metropolitan of the Malabar Independent Syrian Church, from 1998 while I was the chaplain to the Valia Metropolitan, Alexander Mar Thoma, who consecrated Mar Koorilose on 27th August 1986. Over the years, I enjoyed my relation with Thirumeni and I found in Thirumeni a best friend of the Mar Thoma Syrian Church. Therefore he is most befitting person to give a felicitation address at this second Alexander Mar Thoma Lecture series on ' A Christian perspective on Life Sciences' as he is a friend of the late Alexander Mar Thoma and the church. He is an example of humility to the world church. Mar Koorilose, proved his humility by relinquishing and handing over his administrative powers to his successor ten years ago and currently he serves as the Thozhiyoor Church's spiritual head." Rev. Daniel said at his welcome speech. This shows how much Rev. Daniel being influenced by Thirumeni. Mar Koorilose influenced the lives of everybody, who was ever associated with him.

After being unscrolled scrolls of Mar Koorilose's relation with the Mar Thoma Syrian Church and his personal relation with the late Metropolitan, in the felicitation address, Mar Koorilose continues his felicitation address and said that we live in a world of knowledge explosion. Science and Technology became the centre of our contemporary civilization. The phenomenal advancement in the field of science, especially in the field of life sciences and technologies associated with it has grown by unimaginable leaps and bounds in recent years. This phenomenal world changes, has been challenging the efficacy and validity of the meaning of life, social justice, the intrinsic web of relationship in the ecosystem. Thirumeni was certain that Bishop Dr. Solomon, will enumerate it in a more scientific and contemporary way by making use of his mastery in both theological and scientific knowledge. Bishop Dr. Solomon, who is the head of the Methodist Church in Singapore, was the main speaker at the lecture series.

Mar Koorilose's felicitation at the beginning of the meeting was well received, and my family and I had the occasion to participate in it. He shared his ideas on the subject and his personal reminiscences with the late Alexander Mar Thoma with clear conviction. He spoke to the elite Singaporean gathering, with such warmth and simplicity – that is what must not be forgotten.

Thirumeni was also invited to the Mar Thoma Syrian Church of Singapore to preach at the Sunday morning service that week. Thirumeni stayed with us for four days and it was a great experience not only to receive his blessings but his theological insights, and the deep concern for the well being of the Mar Thoma Syrian Church: my Church.

We also cherished his prayerful presence and blessings at our elder daughter Joanne's marriage to Repsy in Kerala. We have remained in touch over the years and now he has become a part of our family.

My wife, our younger daughter - Jovita, and I had an occasion to visit Thirumeni's 'aramana' in Thozhiyoor in December, 2010 in response to his invitation, and had the opportunity to experience the serenity of the place. We enjoyed the hospitality and kindness offered to us under the special care adopted by the metropolitan. It is still lingering in our memories.

May I conclude my personal reminiscences with love and appreciation of knowing this versatile spiritual father of rare combination of humility, simplicity and love for God's creation. We hope and pray that Thirumeni will have long innings of life to serve the Lord, His Church and community. The future always comes to us with the hope of tomorrow. I am sure that the best is yet to come from him.

Prayers & Best Wishes to our beloved Thirumeni

Brother Martin Henry & Family , Dubai

സൗമ്യനായ
ഒരു സഭാ നേതാവ്



ബ്രദർ കെ.സി . വർഗ്ഗീസ് കുവൈറ്റ്.



അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് തിരുമേനിയെ കുറിച്ച് എന്തെങ്കിലും എഴുതുവാൻ ആഗ്രഹിച്ചപ്പോൾ എവിടെ തുടങ്ങണം എന്തെഴുതണം എന്നറിവില്ലായിരുന്നു. കാരണം വളരെ കുറച്ച് നാളുകളിലെ പരിചയം മാത്രമാണ് എനിക്കദ്ദേഹത്തോട് ഉണ്ടായിരുന്നത്. ഐ ഡി സി എഫ് എന്ന ശുശ്രൂഷയുമായി അദ്ദേഹം ബന്ധപ്പെട്ട നാൾ മുതൽ ആണെനിക്ക് അദ്ദേഹത്തെ പരിചയപ്പെടുവാൻ കഴിഞ്ഞതെങ്കിലും നീണ്ടവർഷങ്ങളിലെ പരിചയവും കരുതലും സ്നേഹവും ആണ് അദ്ദേഹത്തിൽ നിന്നും എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. 2008 ൽ ന്യൂയോർക്കിലെ Inter Denominational ക്രൈസ്റ്റ് ചർച്ചിന്റെ കൂദാശ ശുശ്രൂഷകൾ നടത്തുവാൻ വന്നപ്പോഴാണ് അദ്ദേഹത്തെ നേരിൽ കാണുവാനും പരിചയപ്പെടുവാനും സാധിച്ചത്. അദ്ദേഹം ഒരു സഭയുടെ വലിയ മെത്രാപ്പോലീത്താ ആകുന്നു എന്നത് ചടങ്ങുകൾക്കിടയിലെ പരിചയപ്പെടുത്തലിലൂടെ മാത്രമാണ് മനസ്സിലാക്കുവാൻ സാധിച്ചത്. കാരണം മറ്റു സഭകളിലെ പിതാക്കൻമാർക്ക് ഇല്ലാത്ത താഴ്മയും സൗമ്യതയും സാധാരണക്കാരുമായി ഇടപെടുന്നതിൽ വിമുഖത കാണിക്കാത്ത പ്രകൃതവും അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വിഭിന്നനാക്കുന്നു. കൂടാതെ ഒരിക്കൽ പരിചയപ്പെട്ടാൽ മാസങ്ങൾ കഴിഞ്ഞാണെങ്കിലും വീണ്ടും കാണുമ്പോൾ ഓർക്കുകയും എല്ലാവരേയും അന്വേഷിക്കുകയും ചെയ്യുന്ന സ്വഭാവ വൈശിഷ്ട്യം അദ്ദേഹത്തിൽ മാത്രം കണ്ട പ്രത്യേകതയായിരുന്നു. ഐ ഡി സി എഫിന്റെ നിയുക്ത പ്രസിഡന്റും പ്രവാചക ശ്രേഷ്ഠനുമായ ബ്രദർ ഡോ മാത്യൂസ് വർഗ്ഗീസിന്റെ ഷഷ്ഠിപൂർത്തി ആഘോഷങ്ങൾക്കു വേണ്ടി കുവൈറ്റിൽ കടന്നുവരണമെന്ന് ആവശ്യപ്പെട്ടപ്പോൾ യാതൊരു ബുദ്ധിമുട്ടും കൂടാതെ അദ്ദേഹം ക്ഷണം സ്വീകരിക്കുകയും കടന്നുവരികയും ചെയ്തു. ഒരു സഭാധ്യക്ഷൻ ആയ അദ്ദേഹത്തെ എങ്ങനെഞങ്ങളുടെ ഭവനത്തിൽ താമസിപ്പിക്കുമെന്ന് ഞങ്ങൾ സംശയിച്ചു എങ്കിലും ഞങ്ങളിൽ ഒരുവനെപ്പോലെ ഒരു പിതാവിന്റെ സ്നേഹത്തോടേയും കരുതലോടേയും ഞങ്ങളോടൊത്തുള്ള ദിവസങ്ങൾ ഞങ്ങൾക്ക് മറക്കുവാൻ കഴിയുകയില്ല. അദ്ദേഹത്തെ കൂടുതൽ അറിയുവാനും അദ്ദേഹത്തിന്റെ ലാളിത്യമുള്ള ജീവിതവും പ്രാർത്ഥനാ ജീവിതവും ഒക്കെ മനസ്സിലാക്കുവാനും ഞങ്ങൾക്ക് ഒരവസരം ലഭിച്ചു. അദ്ദേഹത്തിന്റെ സഭാംഗങ്ങളും പരിചയക്കാരുമായി അനേകം വ്യക്തികൾ ഉള്ളപ്പോൾ തന്നെ ഞങ്ങളെ ഓർക്കുകയും അന്വേഷിക്കുകയും ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ സ്നേഹത്തിന്റെ പ്രത്യേകത ഞാൻ മനസ്സിലാക്കുന്നു. വെറും ഔപചാരിക വാക്കുകളല്ല ഹൃദയത്തിൽ നിന്നുള്ള ദൈവീക സ്നേഹത്തിൽ നിന്നാണ് അദ്ദേഹം വ്യക്തികളെ കാണുന്നതും മനസ്സിലാക്കുന്നതും. അതുകൊണ്ടാണ് മാസങ്ങൾ കഴിഞ്ഞ് കാണുമ്പോഴും വ്യക്തികളെ ഓർക്കുവാനും പരിചയം പുതുക്കുവാനും അന്വേഷിക്കുവാനും കഴിയുന്നത്. ഈ സുവർണ്ണാവസരത്തിൽ തിരുമേനിക്ക് അത്യുന്നതനായ ദൈവം കൂടുതൽ കൃപയും ബലവും പകരുന്നതിന്നായി ബലഹീനനായ ഞാനും എന്റെ കുടുംബവും പ്രാർത്ഥിക്കുന്നു.

Consecration of Renovated
THOZHIYOOR St. George Cathedral-1989-APRIL-16

Consecration of Renovated Thozhiyoor St. George Cathedral


After Renovation


Before Renovation

വലിയ-വലിയ മുക്കുവനും-ചെറിയവനായ ഞാനും

ഡേവിഡ് പി. ജോൺ (താരുകുട്ടി)

ഓർമ്മകൾ അമ്പത്തിരണ്ടു വർഷം പിന്നിടുമ്പോൾ മറവി മധുര സ്മരണകളെ മായ്ക്കും. എന്നാൽ സ്മരണകളെ നിലനിൽക്കുന്ന സ്നേഹബന്ധത്തിലൂടെ അനുസ്യൂതം താലോലിക്കുമ്പോൾ അവ മായാത്ത പുത്തൻ ചിത്രങ്ങളായി തന്നെ നിലനിൽക്കും. മേല്പട്ടക്കാരന്റെ അംശ വസ്ത്രങ്ങളണിഞ്ഞ് ആശീർവദിക്കാനായി അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് വലിയ മെത്രാപ്പോലീത്തായുടെ മുന്നിൽ തലകുനിക്കുമ്പോഴും എന്റെ മനസ്സിൽ തിളക്കം വിടാത്ത പഴയകാല ചിത്രങ്ങൾ മായാതെ ഒരു മായാജാലം കണക്കെ തെളിയുന്നു. വിദ്യാരംഭത്തിൽ അഭിവന്ദ്യ തിരുമേനിയേക്കാൾ രണ്ട് ദിവസം മൂപ്പാണെന്നൊഴിച്ചാൽ ഞങ്ങൾ രണ്ടും ഡേവീസ് എന്ന താരുകുട്ടിയും വലിയ തിരുമേനിയെന്ന എന്നേക്കാൾ അല്പം ഉയരം കൂടിയ ജോസും 1959 ജൂൺ മാസത്തിലാണ് വിദ്യാരംഭം കുറിച്ചത്. ഒന്നര കിലോമീറ്റർ ദൂരത്തു നിന്ന് ഞാനും ഒന്നരപറമ്പിന്റെ ദൂരത്തു നിന്ന് ജോസും എന്റെ പിതാമഹൻ ആനായിക്കൽ പനക്കൽ താവു ആശാൻ (ആലത്തൂര് പനക്കൽ, ആനായ്ക്കൽ പനക്കൽ, റൈറ്റർ പനക്കൽ, വടിക്കാരൻ പനക്കൽ , കൈസർ പനക്കൽ, പനക്കൽ പാവു തുടങ്ങിയവരെല്ലാം കുന്നംകുളത്തെ പ്രശസ്തമായ പുരാതനപനക്കൽ കുടുംബത്തിന്റെ ശാഖകളാണ്.) സ്ഥാപിച്ചു കുന്നംകുളം പട്ടണത്തിലെ അഞ്ഞൂർക്ക് പോകുന്ന മെയിൻ റോഡിന്നരികിലെ തെക്കേപ്പുറം എന്ന സ്ഥലത്തെ ഡേവിഡ് മെമ്മോറിയൽ സ്ക്കൂളിലാണ് ആദ്യാക്ഷരം നുകർന്നത്. എന്റെ മാതാവിന്റെ മൂത്തണ്ടസഹോദരി ശ്രീമതി സൂസന്നവർഗ്ഗീസ് ആയിരുന്നു ഞങ്ങളുടെ ആദ്യ ഗുരുനാഥ. ഈയടുത്ത സമയത്ത് ഞങ്ങളെ പഠിപ്പിച്ച സൂസന്ന ടീച്ചറെ സന്ദർശിക്കുവാൻ ഇടയായി. തൊണ്ണൂറു വയസ്സു കഴിഞ്ഞിട്ടും ഇന്നും അഭിവന്ദ്യ തിരുമേനിയുടേയും സഹോദരങ്ങളുടേയും മാതാപിതാക്കളുടേയും പൂർണ്ണ വിവരങ്ങൾ ഓർമ്മച്ചെപ്പിൽ ഒളിമങ്ങാതെ സൂക്ഷിക്കുന്നതിൽ നിന്നും താൻ ആദ്യാക്ഷരം പകർന്നുകൊടുത്ത ശിഷ്യൻ ആ ഗുരുഹൃദയത്തിൽ പഠിക്കുന്ന കാലത്തേ ഇടംപിടിച്ചിരുന്നു. എന്നോർത്തപ്പോൾ ടീച്ചറുടെ മകനും മകന്റെ മക്കൾക്കും അവരുടെ മക്കൾക്കും ഞങ്ങൾക്കും അതൊരു വിസ്മയമായി. രണ്ടാം ക്ലാസ്സിൽ ഞങ്ങളെ പഠിപ്പിച്ചിരുന്നത് എന്റെ വാത്സല്ല്യമാതാവ് ശ്രീമതി എളച്ചാർജോൺ ആയിരുന്നു. രണ്ടാംലോകമഹായുദ്ധക്കാലത്ത് എന്റെ പിതാവ് ശ്രീമാൻ പുലിക്കോട്ടിൽ താരു ജോണും ജൂബിലേറിയൻ തിരുമേനിയുടെ വാത്സല്ല്യപിതാവ് പനക്കൽ ഉട്ടൂപ്പ് മാത്തുകുട്ടിയും പട്ടാളത്തിൽ ഹവീൽദാർ മേജർ എന്ന പദവിയിൽ ഒരുമിച്ച് സേവനം അനുഷ്ഠിച്ചവരും യുദ്ധശേഷം ഒരുമിച്ച് പിരിഞ്ഞു പോന്നവരും ആയിരുന്നു. തിരുമേനിയുടെ പിതാവ് മാത്തുകുട്ടി ജ്യേഷ്ഠൻ ഞങ്ങൾ താമസിച്ചിരുന്ന വീടിന്നടുത്ത് വലിയങ്ങാടിയിലെ ഓർത്തഡോക്സ് പള്ളിയ്ക്ക് മുൻ വശത്ത് സോഡാ കമ്പനിയും റേഷൻ കടയുമായി പ്രവർത്തനത്തിൽ മുഴുകിയപ്പോൾ എന്റെ പിതാവ് സ്വാതന്ത്ര്യലബ്ധിക്കുശേഷം പട്ടാളത്തിലെ തുടർസേവനത്തിലുമായി. ഹെഡ് മാസ്റ്റർ ശ്രീമാൻ മുള്ളത്ത് അയ്യപ്പൻ മാസ്റ്റർ, ശ്രീമാൻ കാണിയാംപാൽ ചേറു മാസ്റ്റർ, ശ്രീമതി തെങ്ങുങ്ങൽ കുഞ്ഞാണിടീച്ചർ, ശ്രീമതി പാടത്ത് പൗലോസ് മകൾ അന്നടീച്ചർ, ശ്രീമതി റോസി ടീച്ചർ (ഡ്രോയിംഗ്) എന്നിവരായിരുന്നു ഞങ്ങളെ നാലാം ക്ലാസ്സു വരെ പഠിപ്പിച്ചിരുന്നത്. ഒന്നാം ക്ലാസ്സിൽ പഠനം തുടർന്നതു മുതൽ ഞങ്ങൾ ഉറ്റചങ്ങാതിമാരായി തീർന്നുവെന്നതു മാത്രമല്ല, ഒന്നാം ക്ലാസ്സിലെ ഓണപരീക്ഷയ്ക്കുശേഷം നാലുമണിക്ക് സ്ക്കൂൾ വിട്ടാൽ ഞാനും എന്റെ അമ്മയും മറ്റു മൂന്നു ടീച്ചർമാരും ഞങ്ങളുടെ വീടുകൾ സ്ഥിതി ചെയ്യുന്ന വലിയങ്ങാടിയിലേക്ക് മടങ്ങുമ്പോൾ സ്ക്കൂൾ വിട്ട് വീട്ടിൽ പോയി ധൃതിയിൽ വേഷം മാറി മീൻ വാങ്ങുവാനുള്ള സഞ്ചിയുമായി ഓടിയെത്തുന്ന ജോസും സഹയാത്രികനായി. അന്നുമുതൽ ടീച്ചർമാരുടെ മുന്നിൽ ഏകാന്തപഥിക പൈലറ്റുപോലെ നടന്നു നീങ്ങിയ എനിക്ക് വിശേഷങ്ങളും തമാശകളും പങ്കിടാനുള്ള സതീർത്ഥ്യനുമായി തീർന്നു. തിരക്കുപി

ടിച്ച വലിയങ്ങാടിയിലേക്ക് പഴയപള്ളിപ്പടി കടക്കുന്നിടത്ത് നിന്ന് തിരുമേനിയുടെ പിതൃസഹോദരൻ കടയിൽ നിന്ന് ഇറങ്ങിവന്ന് കോരിയെടുത്ത് കടയിൽ കൊണ്ടുപോകും അത് എന്നിൽ അല്പം അസൂയയും ഉളവാക്കാതിരുന്നില്ല. പിതൃ സഹോദരൻ അവിവാഹിതനായിരുന്നു. സ്വന്തം അപ്പച്ചനേക്കാൾ ഇഷ്ടം കോരിയെടുത്തുകൊണ്ടു പോയി പലഹാരങ്ങളും കളിക്കുവാനുള്ള കോട്ടിയും വാങ്ങികൊടുക്കുന്ന ആ വല്ല്യപ്പനോടായിരുന്നു, എന്ന് ഇടയ്ക്കൊക്കെ എന്റെ കാതിൽ മന്ത്രിച്ചിരുന്നത് ഓർക്കുകയാണിപ്പോൾ. ആ യാത്ര തെക്കേ അങ്ങാടിയുടെ പുറകു ചേർന്നുള്ള റോഡിലൂടെയായിരുന്നു. വഴിക്കു മധ്യേ ആദ്യം കാണുന്ന തെക്കേ കുരിശുപള്ളിക്കു മുമ്പിലും അല്പം മുന്നോട്ട് നടന്നാൽ കാണുന്ന മാർത്തോമ്മപള്ളിക്കു മുമ്പിലും പഴയപള്ളി പറമ്പിലേക്കിറങ്ങി പള്ളിയുടെ കിഴക്ക്ചുമര് ചുറ്റിവന്ന് നടത്തം അവസാനിപ്പിക്കുന്നതിന് തൊട്ടു മുമ്പിലുള്ള കുരിശുപള്ളിയുടെ മുൻവശത്തും കിഴക്കോട്ടു തിരിഞ്ഞ് കുരിശുവരച്ചിരുന്ന ജോസാണ് പള്ളിക്കു മുമ്പിലെത്തുമ്പോൾ ബഹുമാനസൂചകമായി കുരിശു വരക്കുന്നതിന് എനിക്ക് പ്രചോദനമേകിയത്.

ഇനി ഞങ്ങൾ തമ്മിൽ കാണുക അടുത്ത ദിവസമാണ്. പ്രൈമറി നാലു ക്ലാസ്സുകൾ കഴിഞ്ഞപ്പോൾ തിരുമേനിയുടെ വീടിനോട് ചേർന്നുള്ള എന്റെ യാത്ര നിന്നു. എന്റെ വീടിനോട് ചേർന്നുള്ള പഴയ പള്ളിയങ്കണത്തിലെ എം.ജെ.ഡി. സ്ക്കൂളിൽ ആയി അഞ്ചാം ക്ലാസ്സു മുതലുള്ള ഞങ്ങളുടെ തുടർവിദ്യാഭ്യാസം തോളിൽ കയ്യിട്ടുകൊണ്ടുള്ള ഞങ്ങളുടെ സായാഹ്നയാത്ര നിൽക്കുകയും ചെയ്തു. അഞ്ചാം ക്ലാസ്സിൽ എ ഡിവിഷനിലെ തിരുമേനിയുടെ ക്ലാസ്സ് ടീച്ചർ അടുപ്പുട്ടി കോൺവെന്റിലെ മദർ ബർബാറ ഒ.സി.സി. ആയിരുന്നെങ്കിലും, ഞങ്ങൾക്ക് ഇംഗ്ലീഷ് ക്ലാസ്സെടുത്തിരുന്നത് എന്റെ മാതാവിന്റെ മറ്റൊരു ജേഷ്ഠസഹോദരി ശ്രീമതി. പി.ഡി. അമ്മിണിടീച്ചറും, ഡ്രിൽ മാസ്റ്റർ ശ്രീമാൻ ജോസ് ഇട്ടൂർബി മാസ്റ്ററും ഞങ്ങളുടെ പ്രധാനഅദ്ധ്യാപകൻ ശ്രീമാൻ സി. വി. മാത്യു മാസ്റ്ററുമായിരുന്നു. എങ്കിലും സഹപാഠി ജോസും എന്റെ വീടിനടുത്തുള്ള പഴയ പള്ളിയങ്കണത്തിലെ എം.ജെ.ഡി സ്ക്കൂളിൽ തന്നെ തുടർ പഠനത്തിന് എത്തിയതിനാൽ പത്താംക്ലാസ്സു വരെ അത് തുടർന്നു. അപ്പച്ചന്റെ കടയിൽ വരുന്ന സമയത്ത് തിരക്കൊഴിഞ്ഞ ദിവസങ്ങളിൽ ഇടയ്ക്കൊക്കെ ഒരുമിച്ച് പഴയപള്ളി അങ്കണത്തിൽ കളിക്കാനും ഞങ്ങൾ സമയം കണ്ടെത്തിയിരുന്നു. ബാസ്ക്കറ്റ്ബോൾ കളി ഞങ്ങൾ കുന്നംകുളത്തുകാർക്ക് പ്രത്യേകാൽ എം.ജെ.ഡി. സ്ക്കൂളിൽ വളരെ പ്രശസ്തമായിരുന്ന ഒരു കാലമായിരുന്നു അത്. ജേഷ്ഠവകുപ്പിൽപ്പെട്ടവർ കളിയിൽ വിശ്രമം തേടുമ്പോഴാണ് ഞങ്ങൾക്ക് പന്ത് തട്ടാൻ കിട്ടുക. ശ്രീ. ബെന്യാമിൻ (കാലം ചെയ്ത മാർ ഒസ്താത്തിയോസ് തിരുമേനി) ശ്രീ. എം.ജി. രാജൻ, ശ്രീ. കെ.കെ. കൊച്ചുകുട്ടൻ, ശ്രീ. രഞ്ജിപോൾ തുടങ്ങിയവരാണ് ഞങ്ങളുടെ ജേഷ്ഠവകുപ്പിൽപ്പെട്ടവർ.

ഇതൊക്കെ കളിയുടെ കാര്യമാണെങ്കിലും സ്ക്കൂൾ വെക്കേഷനിലും, ഒഴിവു ദിവസങ്ങളിലും മുടങ്ങാതെ ഞങ്ങൾ കണ്ടുമുട്ടുന്നത് ആ ദിവസങ്ങളിലെ സന്ധ്യാപ്രാർത്ഥനയ്ക്കാണ്. സന്ധ്യാനമസ്ക്കാരത്തിനു മണിയടിച്ചാൽ പള്ളിപറമ്പിൽ കളിക്കരുതെന്ന ബഹുമാനനിയമമുള്ള കാലമായിരുന്നു അത്. കളിച്ചു കഴിഞ്ഞാൽ വീട്ടിൽ പോകുക, അല്ലെങ്കിൽ പാദവും കൈകളും കിണറ്റിൻ കരയിൽ പോയി കഴുകി സന്ധ്യാ നമസ്ക്കാരത്തിനു സംബന്ധിക്കുക എന്നതാണ്. എപ്പോൾ വിളിച്ചാലും ഓടിയെത്താവുന്ന ദൂരത്താണ് വീട് എന്നതിനാലും വീട്ടിൽ ചെന്നാൽ സൗന്ദര്യപിണക്കത്തിന് സഹോദരങ്ങൾ ഇല്ലാത്തതിനാലും പഠിക്കടാ പഠിക്കടാ എന്ന സ്ഥിരം പല്ലവിയിൽ നിന്നും രക്ഷപ്പെടാനുമാണ് ഞാൻ സന്ധ്യാനമസ്ക്കാരത്തിന് സംബന്ധിച്ചിരുന്നത്. എങ്കിൽ സ്വന്തം പിതാവിന്റെ കടയിൽ ശമ്പളക്കാരോടൊപ്പം ദീർഘസമയം പണിയെടുത്തു മടുത്തു ക്ഷീണിച്ച അവസ്ഥയിലുള്ള ഒരു വിടുതൽ ആയിട്ടായിരുന്നു ജോസ് സന്ധ്യാനമസ്ക്കാരത്തിനു സംബന്ധിച്ചിരുന്നത് എന്ന് ജോസ് എന്റെ ചെവിയിൽ മന്ത്രിക്കുമായിരുന്നു. ഇതിനിടയിൽ എന്റെ വീട്ടുകാർ തിരുമേനിയുടെ വീടിനടുത്തേക്ക് സ്ഥലംമാറി. ഒരുമിച്ചുള്ള സ്ക്കൂൾ യാത്ര വീണ്ടും തുടങ്ങി. പഴയ പള്ളിയങ്കണത്തിലെ ബാസ്ക്കറ്റ്ബോൾ കളി അവസാനിച്ചെങ്കിലും തിരുമേനിയുടെ വീടിനോട് ചേർന്ന് താല്ക്കാലികമായി തട്ടികൂട്ടിയ ചെറിയ ഒരു ബാസ്ക്കറ്റ് ബോൾ കോർട്ടിൽ അത് തുടർന്നു. വീടിനടുത്തുണ്ടായിരുന്ന തിരുമേനിയുടെ പറമ്പിലേക്ക് കുറച്ചുകൂടി വിശാലമായുള്ള കളിസ്ഥലംമാറ്റാൻ വീട്ടുകാർ സമ്മതിച്ചെങ്കിലും കുറച്ചു വാഴകൂട്ടങ്ങളും ഒന്നോ രണ്ടോ പേരമരങ്ങളും മുറിച്ച് കളിസ്ഥലം മാറ്റാൻ ജോസ് വിസമ്മതം കാണിച്ചു. മെത്രാനായിട്ട് തിരക്കേറിയ അല്പം വർഷങ്ങൾക്കു ശേഷം തൊഴിയൂരിലെ പള്ളിപറമ്പിലെ പ്രധാനകവാടത്തിൽ ഏവരേയും സ്വാഗതമോതുന്ന താൻ വളർത്തിയുണ്ടാക്കിയ ചന്തമാർന്ന ചെന്തെങ്ങുകൾ മാഞ്ചിയം, ഈട്ടി, വാഴക്കൂട്ടങ്ങൾ, ഇവയ്ക്കു മുമ്പിൽ കാണുവാനിടയായപ്പോൾ ആ ചെറുപ്പകാലങ്ങളിൽ ഉണ്ടായിരുന്ന വൃക്ഷപ്രകൃതി സംരക്ഷണ ചിന്തകൾ ഇന്നും അദ്ദേഹത്തിന് സായുജ്യമേകുന്നു എന്നോർക്കുമ്പോൾ സതീർത്ഥനായ എനിക്ക് അല്പം അസൂയ വളർന്നതിൽ അത്ഭുപ്പെടാനില്ല. പ്രധാനകവാടം മുതൽ പൂർണ്ണകുംഭകുലകളുമായി മന്ദസ്മിതം തൂകുന്ന ചെന്തെങ്ങുകളിലേക്ക് വിരൽ ചൂണ്ടികൊണ്ട് “ഞാൻ പോയാലും ഇവ പിന്നേയും അനേകരെ സ്വീകരിപ്പാൻ വർഷങ്ങൾ നിലനിൽക്കും” എന്ന് ഒരിക്കൽ എന്നോട് പറഞ്ഞത് -ജീവിച്ചിരിക്കുമ്പോൾ നില

നിൽക്കുന്ന എന്തെങ്കിലും ചെയ്തില്ലെങ്കിൽ ഈ ജീവിതം കൊണ്ട് എന്തർത്ഥം - എന്നുള്ള തത്ത്വമാണോ എന്ന് ഇന്നും മനസ്സിന്റെ ഉള്ളറകളിൽ ഇട്ട് ഞാൻ താലോലിക്കുന്നു.

എന്നാൽ കളിച്ചും തമാശ പറഞ്ഞും "പൂതി"തീർന്നിട്ടില്ലാത്ത അവസ്ഥയിൽ എം.ജെ.ഡി. സ്ക്കൂളിൽ നിന്ന് എസ്. എസ്. എൽ. സി. 1969 ൽ പാസ്സായി. ശ്രീകൃഷ്ണ കോളേജിൽ പ്രീ ഡിഗ്രിക്ക് ചേർന്ന അതേ വർഷത്തിൽ വൈദിക വിദ്യാർത്ഥിയായി തൊഴിയൂർ പള്ളിയിലേക്ക് എല്ലാ ഒഴിവു ദിവസങ്ങളിലും ജോസ് എന്ന എന്റെ സഹപാഠി പോകാൻ തുടങ്ങിയപ്പോൾ പഴയ പള്ളിയിലെ ദീർഘ വർഷങ്ങളിലെ സന്ധ്യാ നമസ്ക്കാരത്തിൽ സംബന്ധിച്ചിരുന്നത് പ്രയോജനപ്പെട്ടു എന്നു മാത്രമല്ല, അത് മടുത്തുപോകാത്ത ഒരു പുത്തൻ ശക്തിയായി തിരുമേനിയിൽ പ്രചോദനമാകുകയും ചെയ്തു. അക്കാലത്ത് ഓരോ ആഴ്ചയിലും മൂപ്പുമുറ അനുസരിച്ച് പഴയപള്ളിയിൽ പ്രാർത്ഥനയ്ക്കെത്തിയ പ്രമുഖരായ ദിവ്യശ്രീ പാറമേൽ കുര്യാക്കോസ് കത്തനാർ, ദിവ്യശ്രീ ചെറുവത്തൂർ മാത്തു കത്തനാർ, ദിവ്യശ്രീ കാക്കശ്ശേരി ജോസഫ് കത്തനാർ (പിന്നീട് കോറെപ്പിസ്ക്കോപ്പ), ദിവ്യശ്രീ ചുങ്കത്ത് ജോസഫ് കത്തനാർ, ദിവ്യശ്രീ ചെമ്മണ്ണൂർ പത്രോസ് കത്തനാർ, ദിവ്യശ്രീ മേക്കാട്ടുകുളം ദാവീദ് കത്തനാർ, ദിവ്യശ്രീ പുലിക്കോട്ടിൽ ജോസഫ് കത്തനാർ (പിന്നീട് കോറെപ്പിസ്ക്കോപ്പ), ദിവ്യശ്രീ ചെറുവത്തൂർ പീറ്റർ കത്തനാർ (പിന്നീട് കോറെപ്പിസ്ക്കോപ്പ), ഞങ്ങളുടെ ഹൈസ്ക്കൂൾ അധ്യാപകനായിരുന്ന ദിവ്യശ്രീ ഡേവിഡ് തെക്കേക്കര കത്തനാർ എന്നീ വൈദീകരിൽ നിന്നും നല്ലതായ ഉപദേശങ്ങളും ശബ്ദമുയർത്തി ചൊല്ലുന്നതിനുള്ള പരിശീലനവും വൈദീകരോടുള്ളതും ആരാധനയ്ക്കിടയിലെ നടപടി ക്രമങ്ങളേയും പറ്റി ഗ്രഹിക്കാൻ സഹപാഠിയായ തിരുമേനിക്ക് അത് ഉപകരിച്ചിട്ടുണ്ടാകും എന്ന് ഞാൻ ഇന്നും വിശ്വസിക്കുന്നു. 1986ൽ മെത്രാൻ സ്ഥാനമേറ്റതിനു ശേഷം മലങ്കര ഓർത്തഡോക്സ് ആർത്താറ്റ് കുന്നംകുളം മഹാ ഇടവകയുടെ ആഭിമുഖ്യത്തിൽ മേനേജിംഗ് കമ്മിറ്റി ജൂബിലേറിയൻ തിരുമേനിയെ ഔദ്യോഗികമായി ക്ഷണിച്ചു ഇടവക മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ സ്വീകരിച്ച് സ്നേഹോപഹാരം നൽകിയത് അതിനൊരു ഉദാഹരണമാണ്. തിരക്കേറിയ വലിയങ്ങാടിയിലെ തിരുമേനിയുടെ അപ്പച്ചനോടൊപ്പമുള്ള കടയിലെ സഹവാസം കുന്നംകുളം പട്ടണത്തിലെ പല പ്രമുഖരേയും അവരുടെ കുടുംബാംഗങ്ങളേയും അടുത്തറിയുന്നതിനും അവരുമായി സംസാരിച്ച് ഇടപഴകി അവരിൽ നിന്ന് പല കാര്യങ്ങളും ഗ്രഹിപ്പാനും കഴിഞ്ഞത് സഭയുടെ സാരഥ്യം വഹിച്ച് പ്രവർത്തനനിരതനാവുന്നതിന് വലിയ തിരുമേനിക്ക് സഹായകമായിട്ടുണ്ട് എന്നാണ് എന്റെ വിശ്വാസം. ജാതിമത ഭേദമെന്യേ അധ്വാനിക്കുന്ന ജനവിഭാഗം, സമ്പന്നരായവർ, സുത്രശാലികൾ തുടങ്ങിയവരുടെ എല്ലാം മാനസിക അവസ്ഥ അവരുടെയെല്ലാം വാക്കുകളിൽ നിന്നും പ്രവർത്തന ശൈലിയിൽ നിന്നും ബാല്യം മുതൽ അടുത്തറിയാൻ അദ്ദേഹത്തിന് സാധിച്ചു എന്നത് മറ്റാരേക്കാൾ കൂടുതൽ എനിക്കറിയാം. വിവിധ നിലകളിലുള്ള അജഗണത്തെ മേയ്പ്പാനും ശുശ്രൂഷിപ്പാനും വേദനകളറിഞ്ഞ് സഹായിപ്പാനും സുത്രശാലികളെ വേർതിരിച്ചറിവാനും പിൽക്കാലത്ത് ഈ അനുഭവങ്ങൾ പ്രചോദനമേകിയിട്ടുണ്ട്. 1972 മാർച്ച് മാസം അഞ്ചാം തിയതി കുന്നംകുളത്തെ കുന്നത്തെ പള്ളിയിൽ (സെന്റ് തോമാസ് പള്ളി) വെച്ച് ഞങ്ങളെയെല്ലാം സാക്ഷികളാക്കി ശെമ്മാശ്ശപട്ടം സ്വീകരിച്ചതോടെ ഞങ്ങളുടെ സ്വന്തം സഹപാഠി മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ സ്വത്തായി മാറി. 1986 ൽ സഭയുടെ മേലധ്യക്ഷനായി അവരോധിക്കപ്പെട്ട് 25 വർഷം പിന്നിടുന്ന ഈ വേളയിൽ- "നിന്റെ സൂര്യൻ ഇനി അസ്തമിക്കുകയില്ല. നിന്റെ ചന്ദ്രൻ മാഞ്ഞുപോകുകയുമില്ല. യഹോവ നിന്റെ നിത്യ പ്രകാശമായിരിക്കും. നിന്റെ ദുഃഖകാലം തീർന്നു പോകും" എന്ന യെശയ്യാവിന്റെ പ്രവചനം അങ്ങയിൽ നിവർത്തിക്കപ്പെടാൻ പ്രാർത്ഥിച്ചുകൊണ്ട് ....

ബാല്യകാല സഹപാഠി.

(എം. ജെ. ഡി. സ്ക്കൂളിന്റെ മാനേജരും ആർത്താറ്റ് കുന്നംകുളം മഹാ ഇടവകയുടെ കൈക്കാരനും ട്രസ്റ്റിയും മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ എട്ടാമത്തെ മെത്രാപ്പോലീത്തായുടെ കരിമാംകുഴി പുലിക്കോട്ടീൽ കുടുംബാംഗവുമാണ് ലേഖകൻ.)

Prayers & Best Wishes
To our beloved Thirumeni Appachan
On this Very Blessed Occasion

Cherian Philip(Laju), Geetha, Lathamol, Meleesa, Lorraine - USA

എളിമയുടെ മഹാ ഇടയൻ

മെത്രാൻ അഭിഷേകത്തിന്റെ രജതജൂബിലിയിലേക്ക് പ്രവേശിച്ചിരിക്കുന്ന അഭിവന്ദ്യ ജോസഫ് മാർ കുറീലോസ് വലിയ തിരുമേനിക്ക് സർവ്വവിധ ആശംസകളും കർത്തൃനാമത്തിൽ ആമുഖമായി സമർപ്പിക്കുന്നു.

കുറീലോസ് തിരുമേനി എന്നാൽ എളിമയുടെ മെത്രാപ്പോലീത്ത എന്നാണ് എനിക്ക് വിശേഷിപ്പിക്കുവാൻ കഴിയുന്നത്. കാരണം കണ്ടനാൾ മുതൽ ഇന്നേയോളം അദ്ദേഹത്തിൽ നിന്നും വളരെയധികം കാര്യങ്ങൾ എനിക്ക് പഠിക്കുവാൻ കഴിഞ്ഞതിൽ ഏറ്റവും മഹത്തായ ഒന്ന് അദ്ദേഹത്തിന്റെ എളിമയാർന്ന ജീവിത ശൈലിയാണ്.

ബാലനായിരിക്കുമ്പോൾ തന്നെ ദൈവവിളിയുണ്ടായ അദ്ദേഹം ഒരു മെത്രാനായി തീരുവാനുള്ള ലക്ഷണമുണ്ടെന്ന് ബഹു. ബാബു അച്ചൻ പറഞ്ഞത് ഇത്തരുണത്തിൽ എത്രശ്രദ്ധേയമാണ്. തന്റെ ബാല്യം മുതൽ ദൈവത്തിനായി സ്വയം സമർപ്പിച്ച് ഏതു കഷ്ടതയും വേദനയും സ്വയം ഏറ്റെടുത്ത് പദവികളോ ശ്രേഷ്ഠതകളോ മാന്യതകളോ ആഗ്രഹിക്കാതെ കർത്താവിന്റെ എളിയ ദാസനായി ശുശ്രൂഷാമനോഭാവത്തോടെതന്നെ അദ്ദേഹം ജീവിതം നയിച്ചു. താൻ പ്രിയം വെച്ച യേശുവിനായി ലാഭമായതൊക്കേയും ചേതമെന്ന് കണക്കാക്കിയ ഒരു വലിയ വ്യക്തിത്വത്തിന്റെ ഉടമയാണ് അഭിവന്ദ്യ കുറീലോസ് തിരുമേനിയെന്ന് അസന്നിഗ്ദമായി എനിക്ക് പറയുവാൻ കഴിയും.

ദൈവകൃപയാൽ എനിക്ക് ഈ പിതാവുമായി ദൈവീക ശുശ്രൂഷയിൽ അടുത്ത് ഇടപെടുവാൻ പല അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. നാട്ടിൽ വെച്ചും അമേരിക്കയിൽ വെച്ചും പിതാവിന്റെ എളിമത്തമുള്ള ജീവിത ശൈലി നേരിൽ കണ്ട് മനസ്സിലാക്കുവാൻ എന്റെ ജീവിതത്തിൽ സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഉപവാസവും പ്രാർത്ഥനയും വളരെ അർത്ഥപൂർണ്ണമാണ്. നാളുകളോളം ഭക്ഷണപാനീയങ്ങൾ വെടിഞ്ഞ് ഉപവസിക്കുകയും മണിക്കൂറുകളോളം ഒരേ രീതിയിൽ ദൈവീക സമ്പർക്കത്തിൽ പ്രാർത്ഥനാനിരതനായിരിക്കുകയും ചെയ്യുന്ന അവസ്ഥ നമ്മെ കൂടുതൽ ദൈവോന്മുഖരാക്കുവാൻ പ്രേരിപ്പിക്കും. അതിനാൽ അദ്ദേഹത്തിന്റെ ദൈവസന്നിധിയിലുള്ള തീരുമാനങ്ങളിൽനിന്ന് വ്യതിചലിപ്പിക്കുവാൻ ഒരു പ്രലോഭനശക്തിക്കും കഴിയുകയില്ല.

ഈ വന്ദ്യ പിതാവിന്റെ ഏറ്റക്കുറച്ചിലില്ലാത്ത പെരുമാറ്റവും ഏവരേയും ദൈവസ്നേഹത്തിൽ കാണുവാനുള്ള മനസ്സും പ്രത്യേകം ശ്ലാഘനീയമാണ്. വിനയാന്വിതനായി ഉപദേശിച്ച് വഴി നടത്തുന്ന വാൽസല്യ നിധിയായ പിതാവിനെയാണ് അദ്ദേഹത്തിൽ കൂടി ഓരോരുത്തർക്കും അനുഭവമാക്കുവാൻ കഴിയുന്നത്. ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള മാന്യവ്യക്തികൾ അദ്ദേഹത്തെ ബഹുമാനിക്കുന്നു എന്നത് അദ്ദേഹത്തിന്റെ സ്നേഹമഹത്ത്വം വെളിപ്പെടുത്തുന്നു. നമ്മുടെ അരുമനാഥനായ കർത്താവ് അരുളിചെയ്തിരിക്കുന്നതുപോലെ ഒരുവൻ ഒന്നാമനാകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും അവസാനത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകണം (വി.മർക്കോസ് 9 : 35) എന്നുള്ള മഹത്സന്ദേശം എന്നും തന്റെ ജീവിതത്തിൽ അനുവർത്തിക്കുവാൻ ഈ കർത്തൃദാസൻ ശ്രദ്ധിക്കുന്നുണ്ട്.

നമ്മുടെ കർത്താവും ദൈവവും നിത്യപുരോഹിതനുമായ യേശുക്രിസ്തു തന്റെ ശിഷ്യന്മാരിൽ വരച്ചുകാട്ടിയിരിക്കുന്ന മാതൃക നമുക്ക് അനുകരണീയമാണ്. അന്ത്യഅത്താഴസമയത്ത് യേശു സെഹിയോൻ മാളികയിൽവെച്ച് തന്റെ പ്രിയശിഷ്യന്മാരുടെ കാലുകൾ കഴുകികൊണ്ട് അവരോടായി കല്പിച്ചത്: "കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാലുകൾ കഴുകി എങ്കിൽ നിങ്ങൾ അന്യോന്യം കാലുകൾ കഴുകേണ്ടതാകുന്നു." (വി.യോഹന്നാൻ 13:14) എന്നാണ്. അതുതന്നെയാണ് നമ്മുടെ ശ്രേഷ്ഠയിടയന്മാർ മാതൃകയായി സ്വീകരിക്കുന്നത്. ഇത് ജീവിതത്തിന്റെ ഭാഗമായി മാറേണ്ടതിനുപകരം, പലയിടങ്ങളിലും ഇന്ന് ഹാശാ ആഴ്ചയിലെ കാൽകഴുകൾ ശുശ്രൂഷകൊണ്ട് ഈ ദൗത്യം അവസാനിപ്പിക്കുന്നവയാണെന്നുമാത്രം. എന്നാൽ അഭിവന്ദ്യ തിരുമേനിയുടെ ജീവിതത്തിൽ തന്റെ അടുക്കൽ കടന്നുവരുന്ന ഏവരേയും ശുശ്രൂഷാമനോഭാവത്തോടെ, എളിയദാസനെപ്പോലെ സ്വീകരിച്ച് മാനിച്ച് ശുശ്രൂഷിക്കുന്നു എന്നത് ആർക്കും മറക്കുവാൻ കഴിയാത്ത അദ്ദേഹത്തിലെ ശ്രേഷ്ഠവ്യക്തിത്വമാണ്. ഈ ആഴമേറിയ അനുഭവമാണ് വ്യക്തിപരമായി എന്നെ ഇതെഴുതുവാൻ പ്രേരിപ്പിച്ച ഘടകം.

ഈ വലിയ മഹാഇടയന്, എന്റെ വന്ദ്യപിതാവിന് സ്നേഹത്തിന്റെ പൂച്ചെണ്ടുകളും പ്രാർത്ഥനകളും ഈ എളിയമകൾ ആ പാദാരവിന്ദത്തിൽ സമർപ്പിക്കുന്നു.

കർത്തൃശുശ്രൂഷയിൽ

സിസ്റ്റർ റെജി. ഡാനിയേൽ

England Visits 1989, 91











Blessings to Paul Menis-1989

England Visits - 1991-2006

PATTERN PLATES

രൂപാന്തരം വരുത്തുന്ന തിരുവചനം

(വികാരിജനറാൾ റവ. ഡോ. പി. പി. എബ്രഹാം)

റ്റോക്കിക്കി ഐഷി (Tockichi Ishii) ക്രൂരനായ കൊലയാളിയായിരുന്നു. മൂതിർന്നവരെയും കുട്ടികളെയും കൊലചെയ്തിട്ടുണ്ട്. പോലീസിന്റെ പിടിയിൽപ്പെട്ടു ജയിലിലായി. വധശിക്ഷ കാത്തുകിടക്കുയാണ്. രണ്ടു കനേഡിയൻ വനിതാ സുവിശേഷകർ ജയിൽ സന്ദർശിച്ചു. സുവിശേഷ പ്രതികളും വേദപുസ്തകവും മറ്റും വിതരണം ചെയ്യുന്നതിനിടയിൽ ഐഷിയെയും കണ്ടു. പക്ഷെ അവൻ ഒരു തരത്തിലും അവരെ ശ്രദ്ധിക്കാൻ പോലും കൂട്ടാക്കിയില്ല. ഒരു വന്യമൃഗം കണക്കെ ക്രൂരനായാണ് കാണപ്പെട്ടത്. അവർ പോകാൻ തുടങ്ങിയപ്പോൾ ഒരു വേദപുസ്തകപ്രതി അവന്റെ മുറിയിൽ ഇട്ടു കൊടുത്തു.

ഐഷി അതെടുത്തു. വായിച്ചു: നിർത്താതെ വായിച്ചു. യേശുവിന്റെ ക്രൂശീകരണ വൃത്താന്തം വായിച്ചു. 'പിതാവേ ഇവർചെയ്യുന്നതു ഇന്നതെന്നു അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമെ' എന്നു പ്രാർത്ഥിച്ചതും വായിച്ചു. അപ്പോഴേക്കും അവന്റെ മറുതലിപ്പും എതിർപ്പും തെല്ലൊന്നു ശമിച്ചു. ഏതാണ്ടു അഞ്ചിഞ്ചു ആണി അവന്റെ ചങ്കിൽ തറെക്കുന്നതുപോലെ തോന്നി. എന്താണു സംഭവിച്ചതെന്നു അറിയില്ല. തന്റെ ഹൃദയഭാരവും കാഠിന്യവും എങ്ങോ മറഞ്ഞതുപോലെ തോന്നി. അവൻ പുതിയ മനുഷ്യനായി കൊലമരത്തിലേയ്ക്കു കൊണ്ടുപോകാൻ ജയിലർ വന്നപ്പോൾ അവൻ തികെച്ചും വ്യത്യസ്തനായിട്ടാണ് കാണപ്പെട്ടത്. കൊലയാളി മാനസാന്തരപ്പെട്ടു പുതിയ മനുഷ്യനായിരിക്കുന്നു. സുസ്മേരവദനനായി ഐഷി കൊലമരത്തിലേക്കുപോയി.

വേദപുസ്തകം ഉളവാക്കുന്ന രൂപാന്തരം! വേദപുസ്തകത്തിന്റെ സവിശേഷതയെ കുറിച്ച് വേദപണ്ഡിതനായ വില്ല്യം ബാർക്ലെ പറഞ്ഞിരിക്കുന്നതു മൂന്നു വാക്കുകൾ:-

1. Information :- ത്രിയേക ദൈവത്തെക്കുറിച്ച് 'പ്രപഞ്ചത്തെക്കുറിച്ച്' മനുഷ്യനെക്കുറിച്ച് അറിവു നല്കുന്നു.
2. Reformation :- പുതുക്കം നല്കുന്നു– സഭയിലും സമൂഹത്തിലും
3. Transformation :- രൂപാന്തരം നല്കുന്നു.

സഭകളിൽ പൊതുവെ വേദപുസ്തകത്തിന്റെ പ്രാധാന്യവും പ്രസ്ക്തിയും കുറഞ്ഞു പോയിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിശ്വാസികൾ ആരാധനയ്ക്കും മറ്റും വേദപുസ്തകവുമായി പോകുന്നതു കണ്ട് 'കിതാബിസ്' എന്നാണ് പൊതുവെ അറിയപ്പെടുന്നത്. ദൈവവചനവുമായുള്ള ബന്ധമാണ് ആളത്തത്തിന്റെ പുതുക്കത്തിന് ദൈവം ഉപയോഗിക്കുന്ന പ്രധാനമുഖാന്തരം. തിരുവചനത്തിലൂടെയാണ് ദൈവം നമ്മോടു സംസാരിക്കുന്നത്. Back to Bible -- അതായിരിക്കട്ടെ ഈ നാളുകളിൽ നമ്മുടെ മുദ്രാവാക്യം.

അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലിത്ത സഭയുടെ സാരഥ്യം ഏറ്റെടുത്തപ്പോൾ, തിരുവചനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി സഭയിൽ ആരംഭിച്ച സുവിശേഷ കൺവൻഷൻ, തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായമായിരുന്നു. സഭാ ജനങ്ങളെ ദൈവവചനവുമായി ബന്ധിപ്പിക്കുവാൻ ചെയ്ത ശ്രദ്ധേയമായ കാൽവയ്പായിരുന്നു അത്. തിരുവചനമാണു എക്കാലത്തും ആളത്തെത്തെ പുതുക്കുന്നത്. സഭയുടെ ഔദ്യോഗിക നാവായ മാസികയിൽ തിരുവചനപഠനവും ക്രമമായി ഉൾക്കൊള്ളിക്കുവാൻ തിരുമേനി കല്പിച്ചു നിർദ്ദേശിച്ചിരുന്നു.

എക്യുമെനിക്കൽ ചിന്താഗതി അതിശീഘ്രം തഴച്ചു വളരുന്ന കാലമാണിത്. സഭയിലും സമൂഹത്തിലും അതിന്റെ ആഴമേറിയ സ്വാധീനം ദൃശ്യമാണ്. സഭൈക്യം, മാനവഐക്യം, സമൂഹത്തോടുള്ള കടപ്പാട് എന്നിപ്രകാരം ബഹുമുഖ വിഷയങ്ങൾ ഇന്ന് നല്ല പങ്ക് ആളുകളുടെയും സജീവ പരിഗണനയിൽ ഇരിക്കുന്ന കാര്യങ്ങളാകുന്നു. ഇവയോടുള്ള ക്രിയാത്മകമായ സമീപനം കൊണ്ടു മാത്രമെ ശോഭനമായൊരു നാളയെ കെട്ടിപ്പടുക്കുവാൻ കഴിയൂ എന്ന അവബോധം ഇക്കാലത്ത് ബഹുഭൂരിപക്ഷം ആളുകൾക്കും ഉണ്ട്. ഈ യാഥാർത്ഥ്യബോധത്തിലേയ്ക്ക് മനുഷ്യന് വഴി കാട്ടുവാൻ ഇന്ന് നാനാ ഉപാധികൾ സഹായകമായിത്തീർന്നിരിക്കുന്നു. എന്നാൽ ഈവക മാദ്ധ്യമങ്ങളോ, ചിന്താസരണികളോ ഒന്നുംതന്നെ അകമ്പടി സേവിപ്പാനില്ലാതിരുന്ന ഒരു കാലത്ത് ആളത്ത്വബന്ധം, സൗഹാർദ്ദമനോഭാവം, അന്യോന്യമുള്ള കരുതൽ ഇവയിൽ പൂരിതമായ സഭൈക്യത്തിന്റെ ഗാഥയെ കാലത്തിന്റെ അനുസ്യൂതമായ ഒഴുക്കിൽ വിരചിപ്പാൻ കഴിഞ്ഞ ചരിത്രത്തിന്റെ ഉടമകളാണ് കേരളമണ്ണിൽ നാരായവേരുള്ള ഈ രണ്ട് സഭകൾ മലങ്കര മാർത്തോമ്മാ സുറിയാനി സഭയും, മലബാർ സ്വതന്ത്ര സുറിയാനി സഭയും.

ജനസംഖ്യ, സ്വത്ത്, കർമ്മമേഖലകൾ എന്നീ മാനങ്ങളാൽ അളക്കുന്നപക്ഷം ഈ സഭകൾ തമ്മിൽ കാര്യമായ താരതമ്യം ഒന്നും അവകാശപ്പെടാനില്ല. വിശ്വാസാചാരങ്ങളിൽ വ്യക്തമായ വ്യത്യസ്തനിലനില്ക്കുന്നു. ഒന്ന്, മാർത്തോമ്മാ സുറിയാനിസഭ - പൗരസ്ത്യ നവീകരണ സഭയായി അറിയപ്പെടുന്നു, മറ്റേത്, സ്വതന്ത്ര സുറിയാനി സഭ– പൗരസ്ത്യ സഭയായി തുടരുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ ആവശ്യസന്ദർഭങ്ങളിൽ അപ്പൊസ്തലിക കൈവെയ്പു പരസ്പരം നല്കി മെത്രാഭിഷേകങ്ങളിൽ സഭകളെ പ്രതിനിധാനം ചെയ്ത് ഇരു സഭാ നേതാക്കളും പങ്കെടുക്കുന്നു. ഇതുകൊണ്ട് ഒരു സഭയ്ക്കു മറ്റെ സഭയുടെമേൽ അധീശത്വം ഒന്നും ഇല്ല. ഇരുസഭകളും സ്വതന്ത്രസഭകൾ തന്നെ. ഈ നിലയിൽ സോദരീസഭകളായി സമഭാവനയിൽ കാണുകയും കൈക്കൊള്ളുകയും ചെയ്യുന്നു. വ്യത്യസ്തതയിലും പ്രാപ്യമാക്കാവുന്ന ഐക്യത്തിന്റെ സന്ദേശം പ്രഘോഷണം ചെയ്യുന്ന ഇരുസഭകൾ. ക്രൈസ്തവലോകത്തിലെ ഇതര സോദരീസഭകളുടെ സമക്ഷം ഈ സഭകൾ തങ്ങളുടെ ഊഷ്മളമായ സ്നേഹ കൂട്ടായ്മയിലൂടെ വരുംകാലങ്ങളിലും വിളിച്ചോതുന്ന ദൂതും ഇതല്ലാതെ മറ്റൊന്നായിരിക്കയില്ല. ഇവിടെ കരണീയമായിട്ടുള്ളത് ഒന്നേയുള്ളു. ഈ സഭകൾ ഉതിർക്കുന്ന ഏകതയുടെ ധ്വനി കേൾക്കുക. തദനുസരണമായി കർമ്മനിരതരായിരിക്കുക. അപ്രകാരം ആവോളം ക്രൈസ്തവൈക്യത്തിന്റെ പ്രവാചകരായി മാനവഐക്യത്തിന്റെ സ്ഥാപനത്തിനായി പ്രത്യാശയോടെ ക്രിസ്തുനാഥനോടു ചേർന്നു ദൈവരാജ്യത്തിന്റെ ശുശ്രൂഷകരായി പണിയെടുക്കുക പ്രതീക്ഷകൾ പൂവണിയുക തന്നെ ചെയ്യും.

അഭിവന്ദ്യ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ മേൽപട്ടത്വജൂബിലി കൊണ്ടാടുന്ന ഈ അവസരത്തിൽ സഭാ മക്കളോടും ചേർന്നു ബലഹീനനായ ഞാനും ദൈവത്തെ സ്തുതിക്കുന്നു. അഭിവന്ദ്യ തിരുമേനിക്കു ദൈവം, ആയുസ്സും ആരോഗ്യവും നൽകട്ടെ. തിരുവചനദർശനമുള്ള വിശ്വാസ സമൂഹമായി സഭ വളർന്നു ക്രിസ്തിയ സ്വാധീനം സമൂഹത്തിൽ ചെലുത്തുവാൻ ദൈവം സഭയെ ശക്തീകരിക്കട്ടെ. എന്നു പ്രാർത്ഥിക്കുന്നു.

അഭിവന്ദ്യ ജോസഫ്മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്താ തിരുമേനിക്ക് എല്ലാ ദൈവാനുഗ്രഹങ്ങളും സവനിയം ആശംസിച്ചുകൊള്ളുന്നു.

***

BEST PRAYER REGARDS TO OUR THIRUMENI APPACHAN

K.A.Paulose Kattoopadam , Ally Paulose , Agin Paul , Martin Paul , Tappan-USA

May Heaven's choicest blessings be showered on Joseph Mar Koorilose Valiya Thirumeni on this Silver Jubilee celeberation

George Mathew(Benny), Elizabeth George, Sona Elizabeth George, Daniel Mathew George USA

മലബാർ സ്വതന്ത്ര സുറിയാനി സഭയും, നാറാണത്ത് മൂപ്പന്മാരും

അഡ്വ. പി.പി. കുഞ്ഞഹമ്മദ് ബി.എ, ബി.എൽ

ഇസ്ലാം മതത്തിന്റെ ആവിർഭാവകാലത്തുതന്നെ ആധുനിക ചിന്തക്കു വേരോട്ടം നൽകിയ പ്രദേശമാണ് പഴയ മലബാറിലെ പൊന്നാനിത്താലൂക്ക്. സമൂഹത്തിന്റെ ഉന്നതശ്രേണികളിൽ, സമസ്ത മണ്ഡലങ്ങളിലും സ്ഥിരപ്രതിഷ്ഠ നേടിയ നിരവധി ആഢ്യൻ നമ്പൂതിരി ഇല്ലങ്ങൾ ഒന്നടങ്കം ഇസ്ലാംമതം സ്വീകരിക്കുകയും പിൽക്കാലത്ത് ആ ഇല്ലങ്ങൾ പ്രമുഖ മുസ്ലീം തറവാടുകളായി നിലനിൽക്കുകയും ചെയ്തിട്ടുണ്ട്. പയ്യപ്പുള്ളി, അവുണ്ടിക്കാട്ട്, നാറാണത്ത്, ചോഴിയാട്ടേൽ, വാക്കാട്ടേൽ, ശാന്തിപുരം തുടങ്ങിയ മുസ്ലീം തറവാടുകൾ നമ്പൂതിരി ഇല്ലങ്ങളുടെ ഒന്നടങ്കമുള്ള മതം മാറ്റത്തിന്റെ നിത്യസ്മരണ ഉണർത്തുന്നവയാണ്.

പൊന്നാനിത്താലൂക്കിന്റെ ഏകദേശം തെക്കെ അറ്റത്താണ്- പഴയ വന്നേരിയിൽ ഉൾപ്പെട്ട സ്ഥലം- നാറാണത്ത് തറവാട് സ്ഥിതിചെയ്യുന്നത്. (ഇപ്പോഴത്തെ പൂക്കോടംശം തൊഴിയൂർ ദേശത്ത്) പഴയ തറവാട് പുരയുടെ അവശിഷ്ടങ്ങൾ പോലും ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നു. ലക്ഷ്മിയും സരസ്വതിയും ഒന്നിച്ചനുഗ്രഹിച്ച തറവാടായിരുന്നു നാറാണത്ത്. നാറാണത്ത് ഭ്രാന്തനെ സാംസ്ക്കാരിക കേരളത്തിന് സംഭാവനചെയ്ത നാറാണത്തുമന, ഉളിയന്നൂർ പെരുന്തച്ചന്റെ രക്ഷാകർത്തൃസ്ഥാനവും വഹിച്ചിരുന്നുവത്രേ! (തൊഴിയൂരിന്നടുത്ത ഇപ്പോഴത്തെ ഉളിശ്ശേരിയായിരുന്നുവത്രേ ഉളിയന്നൂർ തച്ചന്റെ ആസ്ഥാനമെന്ന് വിശ്വസിക്കപ്പെടുന്നു.)

പൂക്കൈതകടവിന് തെക്കോട്ടുള്ള മുഴുവൻ സ്ഥലങ്ങളും- പഴയ വന്നേരിനാട്- അക്കാലത്ത് സാമൂതിരിയുടെ സാമന്തനായിരുന്ന കോട്ടപ്പടി പുന്നത്തൂർ തമ്പുരാന്റെ അധീനതയിൽ ആയിരുന്നു. കൊച്ചിയുമായി നടത്തിയ യുദ്ധത്തിന്റെ ഫലമായാണ് ഈ പ്രദേശം സാമൂതിരിയുടെ അധീശാവകാശത്തിൻ കീഴിലായത്. ഈ യുദ്ധം മൂലം കൊച്ചിത്തമ്പുരാന് തന്റെ സ്വരൂപാസ്ഥാനമായ പെരുമ്പടപ്പിൽ നിന്ന് തൃപ്പൂണിത്തുറയിലേക്ക് ആസ്ഥാനം പോലും മാറ്റേണ്ടി വന്നു. പൂക്കൈതകടവത്ത് സുശക്തമായ കോട്ട കെട്ടിയ സാമൂതിരി വന്നേരി പ്രദേശം പുന്നത്തൂർ തമ്പുരാനെഏല്പിക്കുകയും, പൊന്നാനി തുറമുഖമടക്കമുള്ള പ്രദേശങ്ങൾ തന്റെ നാവികസേനയുടെ ആസ്ഥാനങ്ങളിലൊന്നാക്കി മാറ്റുകയും ചെയ്തു. പാരമ്പര്യമായിത്തന്നെ ആയോധനവിദ്യകളിലും, മന്ത്രതന്ത്രാദികളിലും അതിനിപുണരായിരുന്ന നാറാണത്ത് തറവാട്ടുകാരായിരുന്നു പുന്നത്തൂർ തമ്പുരാന്റെ സർവ്വസൈനാധിപസ്ഥാനം അലങ്കരിച്ചിരുന്നത്. നാറാണത്ത് തറവാട്ടുകാർക്ക് സാമൂതിരിപ്പാടിൽ നിന്നും കല്പിച്ച് "മൂപ്പൻ" എന്ന സ്ഥാനവും ഉണ്ടായിരുന്നു.

പുന്നത്തൂർ രാജവംശത്തിൽ പുതിയ രാജാക്കന്മാർ അരിയിട്ടുവാഴ്ച നടത്തുന്ന ഘട്ടങ്ങളിൽ ഏഴുപറ നെല്ലും ഒരു കുത്തുമുണ്ടും നാറാണത്ത് തറവാട്ടിലെ കാരണവർക്ക് സ്വന്തം കൈകൊണ്ടുതന്നെ എടുത്തുകൊടുക്കാൻ പുതിയ രാജാവിന് ബാധ്യതയുണ്ടായിരുന്നു- അഭിഷേകം കഴിഞ്ഞാൽ ആദ്യത്തെ ചടങ്ങ്. ബ്രാഹ്മണർക്കവകാശപ്പെട്ട ദാനങ്ങൾ പോലും, എന്തിന് അരിയിട്ടുവാഴ്ചക്ക് കാർമ്മികത്വം വഹിക്കുന്ന തമ്പ്രാക്കൾക്കുള്ള ദക്ഷിണപോലും, ഇതിന്ന് ശേഷമേ പതിവുള്ളു. ദാനം സ്വീകരിച്ചു കഴിഞ്ഞാലുടൻതന്നെ നാറാണത്ത് മൂപ്പൻ തന്റെ ഉടവാൾ തിരുമുമ്പിൽ സമർപ്പിക്കുകയും, അഭിഷിക്തനായ പുതിയ തമ്പുരാൻ ആ വാളെടുത്ത് വീണ്ടും നാറാണത്ത് മൂപ്പനെഏല്പിക്കുകയുമായിരുന്നു പതിവ്. അതേപോലെ തന്റെ ദേശത്ത് ആരെയെങ്കിലും വധശിക്ഷക്ക് വിധിക്കും മുമ്പ് നാറാണത്ത് മൂപ്പനുമായി കൂടിയാലോചിക്കാനും തമ്പുരാൻ ബാധ്യസ്ഥനായിരുന്നു. നാറാണത്ത് തറവാട്ടിലേക്ക് ചേർന്നിരുന്ന മിക്ക വസ്തുവഹകളും സാമൂതിരിയോ, പുന്നത്തൂർതമ്പുരാനോ ചാർത്തിക്കൊടുത്തവയാണ്.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ സ്ഥാപകരായ കാട്ടുമങ്ങാട്ട് തിരുമേനിമാർ തൊഴിയൂരിൽ വരുന്ന കാലത്ത്, പ്രശസ്തനായിരുന്ന ഹൈദ്രോസുകുട്ടി മൂപ്പനായിരുന്നു നാറാണത്തെ കാരണവർ. ഇദ്ദേഹത്തിന്റെ മാതാവ് വെളിയങ്കോട് ശാന്തിപുരം തറവാട്ടിലെ അംഗമായിരുന്നു. (ശാന്തിപുരം തറവാടാണ് സാമൂതിരിയുടെ കപ്പൽപ്പടയുടെ നെടുനായകരായിരുന്ന കുഞ്ഞാലിമരക്കാർമാരുടെ തറവാട്) ചെറുപ്പത്തിലേ വീരശൂരപരാക്രമിയായിരുന്ന ഹൈദ്രോസ്കുട്ടി മൂപ്പൻ വലിയ ദൈവഭ

ക്തനും, കറകളഞ്ഞ മതവിശ്വാസിയുമായിരുന്നു. ആളുകൾ ഭയഭക്തിബഹുമാനങ്ങളോടെയാണ് ഇദ്ദേഹത്തോട് പെരുമാറിയിരുന്നത്. ജാതിമതഭേദമന്യേ സർവ്വാദരണീയനായിരുന്ന ഹൈദ്രോസുകുട്ടി മൂപ്പന് അപ്രിയം തോന്നത്തക്കവിധത്തിൽ ആരും ഒന്നും പ്രവർത്തിച്ചിരുന്നില്ലത്രേ! അദ്ദേഹത്തിനിഷ്ടമില്ലാത്തവർക്ക് സമൂഹം തന്നെ ഒരുതരം ഭ്രഷ്ട് കല്പിച്ചിരുന്നുപോൽ.

ഹൈദ്രോസ്കുട്ടി മൂപ്പൻ പുന്നത്തൂർ രാജാവിന്റെ പടനായകനായിരിക്കെയാണ്, സാമൂതിരിയെ ടിപ്പുസുൽത്താൻ ആക്രമിച്ചത്. അചഞ്ചല ദേശാഭിമാനിയായിരുന്ന ഹൈദ്രോസ്കുട്ടി മൂപ്പന്റെ കരുത്തുറ്റ നേതൃത്വത്തിൻ കീഴിൽ ആദ്യമൊക്കെ ടിപ്പുസുൽത്താനെതടഞ്ഞുനിർത്താൻ സാമൂതിരിക്കു കഴിഞ്ഞുവെങ്കിലും, ആയോധനാനിപുണരായ മൈസൂർ മഹാസൈന്യത്തിനു മുമ്പിൽ ഹൈദ്രോസ്കുട്ടി മൂപ്പൻ വീരമൃത്യു വരിക്കേണ്ടിയും വന്നു. അദ്ദേഹത്തെ ചാവക്കാടിനടുത്തുള്ള മണത്തല ജുമാഅത്ത് പള്ളിയിലാണ് കബറടക്കിയത്. അദ്ദേഹത്തിന്റെ ചരമദിനം ഇപ്പോഴും വളരെ വിപുലമായ തോതിൽ ആഘോഷിക്കപ്പെട്ടുവരുന്നു- അതാണ് "മണത്തല നേർച്ച" യെന്നപേരിൽ അറിയപ്പെടുന്നത്. ജാതിമതഭേദമെന്യേ ജനലക്ഷങ്ങൾ നേർച്ച ദിവസങ്ങളിൽ മണത്തല പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന ഹൈദ്രോസുകുട്ടി മൂപ്പരുടെ ജാറം സന്ദർശിച്ച്, അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ച് നിർവൃതി അടയുന്നു. നാറാണത്ത്, ശാന്തിപുരം എന്നീ തറവാടുകളിൽ ഇപ്പോഴും ഹൈദ്രോസുകുട്ടി മൂപ്പരുടെ പേർ കുട്ടികൾക്കിടാറുണ്ട്. (ഹാരിസ്എന്ന അറബിനാമത്തിന്റെ ഗ്രാമ്യരൂപങ്ങളാണ് ഹൈദ്രോസ്, ഐത്രുമാൻ, അയ്തുറു തുടങ്ങിയവ) ഹൈദ്രോസുകുട്ടി മൂപ്പന്റെ വീരപരാക്രമങ്ങളെപ്പറ്റിയും, സിദ്ധിവൈഭവങ്ങളെക്കുറിച്ചും നിരവധി കഥകൾ ഉണ്ട്. അവയൊക്കെ വിശദീകരിക്കാൻ ഈ ചെറു ലേഖനം മതിയാവില്ലല്ലോ? അതുകൊണ്ടിപ്പോൾ അവയിലേക്ക് കടക്കുന്നില്ല.

കാട്ടുമങ്ങാട്ട് തിരുമേനിമാർ അഞ്ഞൂരിൽ വന്ന്, ഇപ്പോഴത്തെ അങ്ങാടിയിലുള്ള പള്ളി നിൽക്കുന്നസ്ഥലത്ത് ഒരു കുടിലിൽ ധ്യാനത്തിലും പ്രാർത്ഥനയിലും മുഴുകിയിരുന്ന കാലത്ത് നാറാണത്ത് തറവാട്ടിലെ ഒരു കുട്ടിയെ പേപ്പട്ടി കടിച്ചു. പല പ്രശസ്ത വൈദ്യന്മാരും മന്ത്രവാദികളും- മച്ചാട്ടിളയത്, ആലത്തിയൂര് തമ്പി, കാഞ്ഞൂക്കാരൻ മുഹമ്മദ് വൈദ്യൻ, ഇരുമ്പിളിയത്തെ വൈദ്യന്മാർ തുടങ്ങിയവരൊടക്കെ ശ്രമിച്ചുവെങ്കിലും കുട്ടിയുടെ അബോധാവസ്ഥ വിട്ടുമാറിയില്ല. അപ്പോഴാണ് അഞ്ഞൂരിൽ ധ്യാനനിമഗ്നരായിരിക്കുന്ന 'സന്യാസി'മാരെപ്പറ്റി ആരോ തറവാട്ട് കാരണവരായ ഹൈദ്രോസുകുട്ടി മൂപ്പനോട് പറഞ്ഞത്. ഉടൻതന്നെ അദ്ദേഹം അവരെ ആളയച്ച് വിവരം അറിയിക്കുകയും സങ്കടനിവൃത്തിക്കായി അപേക്ഷിക്കുകയും ചെയ്തു. സംപ്രീതനായ വലിയ തിരുമേനി അബോധാവസ്ഥയിൽ കിടന്നിരുന്ന കുട്ടിയുടെ തലയെടുത്ത് സ്വന്തം മടിയിൽവെച്ച് പ്രാർത്ഥനാനിരതനാവുകയും, രണ്ടു ഗുളികകൾ വെള്ളത്തിൽ ചാലിച്ച് ബലം പ്രയോഗിച്ച് കുട്ടിയുടെ വായിൽ ഒഴിച്ചുകൊടുക്കുകയും, അബോധാവസ്ഥയിലുണ്ടായിരുന്ന കുട്ടി അത്ഭുതകരമാം വിധം ഗുളിക കലക്കിയ വെള്ളം ഒരു തുള്ളി പോലും കളയാതെ കുടിക്കുകയും ചെയ്തു. വീണ്ടും പ്രാർത്ഥനാ നിമഗ്നനായിരുന്ന തിരുമേനിയെ ഉണർത്തിയത് കുട്ടിയുടെ കരച്ചിലായിരുന്നുവത്രേ! അതോടെ അസുഖം മാറി എഴുന്നേറ്റിരുന്ന കുട്ടിയെ തിരുമേനി തലയിൽ കൈവച്ചനുഗ്രഹിച്ചു. കുഞ്ഞിപ്പോക്കർ എന്നായിരുന്നുവത്രെ ഈ കുട്ടിയുടെ പേര്.

തിരുമേനിയുടെ അത്ഭുത ചികിത്സയിൽ സംപ്രീതനായ ഹൈദ്രോസുകുട്ടി മൂപ്പൻ പ്രത്യുപകാരമായി എന്താണ് ചെയ്യേണ്ടതെന്ന് ചോദിക്കുകയും തിരുമേനി തനിക്കാസ്ഥാനമായി ഒരു പള്ളി സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ആവശ്യപ്പെടുകയും ചെയ്തു. ഉടൻതന്നെ, ഹൈദ്രോസുകുട്ടി മൂപ്പൻ, ഇപ്പോൾ തൊഴിയൂർ ഭദ്രാസനദേവാലയം നിൽക്കുന്നസ്ഥലം വലിയ തിരുമേനിക്ക് ദാനം ചെയ്യുകയും, പല്ലക്കിൽ കയറ്റി അദ്ദേഹത്തെ സ്ഥലം കാണിച്ചുകൊടുക്കുകയും ചെയ്തുവത്രേ! നാറാണത്ത് തറവാട്ടിലെ പഴമക്കാരിൽ പലരും ഈ സംഭവത്തെപ്പറ്റി ഈ ലേഖകനോട് പറഞ്ഞിട്ടുണ്ട്. പരേതനായ നാറാണത്ത് കുഞ്ഞുട്ടി സാഹിബിന്റെ വീട്ടിൽ കുറച്ചു കാലം മുമ്പ് പഴയ ആധാരങ്ങൾ പരതുമ്പോൾ ദ്രവിച്ചു തുടങ്ങിയ ഒരാധാരത്തിന്റെ വസ്തുവിവരപട്ടികയിൽ **"കാട്ടുമങ്ങാട്ടച്ഛന് ദാനം ചെയ്ത വഹകളുടെ ബാക്കി വഹകളിൽ പെട്ട..............''** എന്നൊരു പരാമർശം കാണുവാൻ ഈ ലേഖകന് അവസരമുണ്ടായിട്ടുണ്ട്. മാത്രമല്ല വലിയ തിരുമേനിയുമായി ആത്മബന്ധം പുലർത്തിയിരുന്ന ഹൈദ്രോസുകുട്ടി മൂപ്പൻ വൈദ്യശാസ്ത്ര സംബന്ധമായി അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചതായും, മൂപ്പന്റെ സ്വാധീനഫലമായി പുന്നത്തൂർ, സാമൂതിരി എന്നീ രാജാക്കന്മാരിൽ നിന്ന് നിരവധി ആനുകൂല്യങ്ങൾ തൊഴിയൂർ ഭദ്രാസനത്തിന് ലഭിച്ചതായും കാണുന്നുണ്ട്.

ഇതിന്റെയൊക്കെ ഓർമ്മയായിരിക്കണം. തൊഴിയൂർ ബിഷപ്പുമാരുടെ അഭിഷേക വേളയിൽ നാറാണത്ത് മൂപ്പന്മാർ സന്നിഹിതരാവുക പതിവായിരുന്നു. മാത്രമല്ല, കാട്ടുമങ്ങാട്ട് തിരുമേനിയുടെ ശ്രാദ്ധപ്പെരുന്നാൾ ദിവസം ഇവർക്ക് പ്രത്യേക അവകാശമായി സദ്യവട്ടങ്ങൾ കൊടുക്കുക പതിവുണ്ടായിരുന്നു എന്ന് പറയപ്പെടുന്നു.

കാലത്തിന്റെ മലവെള്ളപ്പാച്ചിലിൽ, ആചാരാനുഷ്ഠാനങ്ങളും മാമൂലുകളുമൊക്കെ ജലരേഖകളായി മാറിയ ഇക്കാലത്ത് പഴയ കാര്യങ്ങൾ ഓർക്കുന്നതും, അയവിറക്കുന്നതും ഒരു സുഖം തന്നെ.

(തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസനദേവാലയ കൂദാശ സ്മരണിക 1989)

Various American Visits



SHASHTYABDAPOORTHY
CELEBRATIONS
60

Various American Visits




REMOVE
OTWEAR
ENTERING
CHURCH
COME UNTO A
ARE HEAVY LAD
ER DE
RIST
CHRISTIAN WALK
BIBLE

WALK BIBLE
ev. Joseph Mar Koorilos
Canon Dennis Gurney
hurch, Tappan, New Yor
009

ter Denominational Christian Fellowship of USA Inc.
Presents Grand USA Premiere
THE CHRISTIAN WALK BIBLE
gural Address: H.G. Most Rev. Joseph Mar Koorilos
Dedication - Release: Rev. Canon Dennis Gurney
r Denominational Christ Church, Tappan, New Yo
1st August 2009

BRO.DR.MATHEWS V

സ്നേഹത്തിന്റെ നിറകുടമായ വലിയ തിരുമേനി

ഫാ. കെ.എ. ജോബ്, തൊഴിയൂർ
(വികാരി ജനറാൾ എം.ഐ.എസ്.സി)

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് വലിയ മെത്രാപ്പോലീത്തായുടെ മേല്പട്ടത്വ രജതജൂബിലി ആഘോഷിക്കുകയാണല്ലോ. നമ്മുടെ വാത്സല്യ തിരുമേനിക്ക് എല്ലാവിധ ആശംസകളും നേരുന്നു. ജൂബിലിയോടനുബന്ധിച്ച് ഇറക്കുന്ന സ്മരണികയിൽ എളിയവനായ എനിക്ക് തിരുമേനിയെക്കുറിച്ച് ഒരു ലേഖനം എഴുതുവാൻ സാധിച്ചതിൽ സർവ്വശക്തനായ ദൈവത്തെ സ്തുതിക്കുന്നു.

സഭാസ്ഥാപകനായ പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവാമാരിൽ നിന്നു തുടങ്ങി ഈ സഭയെ വഴി നടത്തിയ പുണ്യ പിതാക്കന്മാരിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവസാക്ഷ്യവും, പൈതൃക വിശ്വാസവും പ്രാർത്ഥനാ ജീവിതവും നിലനിർത്തികൊണ്ട് തന്നെ സഭയെ ഉയരങ്ങളിലേക്ക് കൊണ്ടുപോകുവാനും ലോകത്താകമാനം നമ്മുടെ സഭയെ പരിചയപ്പെടുത്തുവാനും നമ്മുടെ തിരുമേനിക്ക് കഴിഞ്ഞു. അതിന്ന് കാരണം അദ്ദേഹത്തിന്റെ അചഞ്ചലമായ ദൈവ വിശ്വാസവും, ചരിത്രത്തിലൂന്നിയുള്ള പ്രവർത്തനശൈലിയും, ദീർഘവീക്ഷണവും, ആയിരുന്നു

തൊഴിയൂർ സഭയെ അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ പ്രതിനിധിയിൽ നിന്ന് സംരക്ഷിക്കുവാൻ അക്ഷീണം പ്രവർത്തിച്ച നമ്മുടെ സഭയുടെ കാലം ചെയ്ത മെത്രാപ്പോലീത്താ അഭിവന്ദ്യ ആലത്തൂർ പനയ്ക്കൽ ജോസഫ് മാർ കൂറീലോസ് (1857- 1888), അഭിവന്ദ്യ ആലത്തൂർ പൗലൂസ് മാർ അത്താനാസിയോസ് സഫ്രഗൻ മെത്രാപ്പോലീത്ത (1917-1927) എന്നിവരുടെ പിൻതലമുറക്കാരനായി ആലത്തൂർ ചെറിയ തിരുമേനിയുടെ സഹോദര പുത്രനായ പനക്കൽ മാത്തുക്കുട്ടിയുടെയും കുഞ്ഞാണിയുടെയും എട്ടു മക്കളിൽ (മൂന്ന് പേർ മരിച്ചുപോയി) അഞ്ചാമത്തെ മകനായി 1954 നവംബർ 26 ന് കുന്നുംകുളം അഞ്ഞൂർ റോഡിൽ തെക്കേപ്പുറത്ത് സ്ഥിതിചെയ്യുന്ന ഭവനത്തിൽ തിരുമേനി ഭൂജാതനായി. പ്രാഥമിക വിദ്യാഭ്യാസം സ്വന്തം ഭവനത്തിന് സമീപമുള്ള ഡേവീഡ് മെമ്മോറിയൽ എൽ.പി. സ്ക്കൂളിലും തുടർന്ന് കുന്നംകുളം M.J.D. ഹൈസ്ക്കൂളിലും, പ്രീഡിഗ്രി ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിലും, ഡിഗ്രി വിദ്യാഭ്യാസം തൃശ്ശൂർ സെന്റ് തോമസ് കോളേജിലും B.Ed. കർണാടകയിലെ ചിക്ക് ബല്ലാപ്പൂർ മുനിസിപ്പൽ കോളേജിലുംആയിരുന്നു.

സ്ക്കൂളിൽ പഠിച്ചു കൊണ്ടിരിക്കുമ്പോൾ തിരുകുടുംബത്തിലെ ഉണ്ണിയേശുവിനെപ്പോലെ സ്വന്തപിതാവിനെ കടയിൽ സഹായിക്കുകയും കടയുടെ മുമ്പിലുള്ള പഴയപള്ളി (സെന്റ് ലാസ്സറസ് ഓർത്തഡോക്സ് പള്ളി)യിലെ സന്ധ്യാപ്രാർത്ഥനകളിൽ മുടങ്ങാതെ പങ്കെടുക്കുകയും ചെയ്തിരുന്നു. ഇത് അദ്ദേഹത്തെ ദേവാലയത്തോടും പുരോഹിതന്മാരോടും വളരെ അടുത്തിടപഴകാൻ ചെറുപ്പത്തിലെ സഹായിച്ചു. ഒരു നല്ല വൈദീകനാകണം എന്ന ചിന്ത ഉണ്ടായിരുന്നതിനാൽ പ്രസ്തുത ദേവാലയത്തിൽ വരുന്ന വൈദീകരിൽ നിന്ന് നല്ല ഉപദേശങ്ങളും പ്രവർത്തനശൈലിയും ദൈവഭക്തിയും നേടിയെടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

മാതൃ ഇടവക കുന്നുംകുളം ഗുരുവായൂർ റോഡിൽ സെന്റ്തോമസ് ഇടവക (കുന്നത്തെപള്ളി)യാണ്. എല്ലാ ഞായറാഴ്ചകളിലും അവിടെ വിശുദ്ധ കുർബ്ബാന ഇല്ലാത്തതിനാൽ തന്റെ പതിനൊന്നാമത്തെ വയസ്സ് മുതൽ വി. കുർബ്ബാനക്ക് ശുശ്രൂഷകനായി തൊഴിയൂർ ഭദ്രാസനദേവാലയത്തിൽ എത്തുമായിരുന്നു. തൊഴിയൂർ സഭയിലെ 10-ാമത് മെത്രാപ്പോലീത്തയായ അഭിവന്ദ്യ ചീരൻ ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനിയാണ് അദ്ദേഹത്തിന്റെ പ്രഥമ ആത്മീയ ഗുരു.

ശ്രീകൃഷ്ണാകോളേജിൽ പ്രീ-ഡിഗ്രിക്ക് പഠിക്കുന്ന സമയത്താണ് സഭ അദ്ദേഹത്തെ ഒരു വൈദീക വിദ്യാർത്ഥിയായി തിരഞ്ഞെടുത്തത്. അതിനാൽ ഒഴിവ് ദിവസങ്ങളിലും ഞായറാഴ്ചകളിലും ഭദ്രാസനദേവാലയത്തിൽ അന്തേവാസിയായിരുന്നു. അഭിവന്ദ്യ ചീരൻ ഗീവർഗ്ഗീസ് മാർ കൂറിലോസ് കാലം ചെയ്തതിനാൽ അഭിവന്ദ്യ പൗലോസ് മാർ പീലിക്സിനോസ് മെത്രാപ്പോലീത്തയായിരുന്നു പിന്നീട് സഭയുടെ പിതാവ് അദ്ദേഹവും, സഭയിലെ സീനിയർ വൈദീകരായിരുന്ന ബഹു. കെ.സി. വർഗ്ഗീസ് കശ്ശീശ (B.A.ക്കാരൻ അച്ചൻ) ബഹു. വി.വി ജോസഫ് കശ്ശീശ (വടക്കനെച്ചൻ) ബഹു. കെ.ഐ. മാത്യു കശ്ശീശ (പിൽകാലത്ത് അഭിവന്ദ്യ മാത്യുസ്മാർ കൂറിലോസ്), ബഹു. ജോർജ് വടക്കൻ ശെമ്മാശൻ (അദ്ദേഹം ഇപ്പോൾ മലങ്കര കത്തോലിക്ക സഭയിലെ കോർ എപ്പിസ്ക്കോപ്പായാണ്) എന്നിവരും സുറിയാനി പഠനത്തിനും വൈദീക പരിശീലനത്തിനും വളരെ സഹായിച്ചിട്ടുണ്ട്.

തൃശ്ശൂർ സെന്റ്തോമസ് കോളേജിൽ ബിരുദപഠനത്തിന് ചേരുന്നതിന് മുമ്പ് അഭിവന്ദ്യ പൌലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയുടെ സ്നേഹനിർബന്ധപ്രകാരം 1972 മാർച്ച് 5-ാം തീയ്യതി കുന്നംകുളം സെന്റ്തോമസ്സ് പള്ളിയിൽ വെച്ച് ശെമ്മാശപട്ടവും പിന്നീട് 1976 നവംബർ 21 നു സ്വന്തം ഇടവകയിൽ പെരുന്നാൾ ദിവസം പൂർണ്ണ ശെമ്മാശൻ പട്ടവും സ്വീകരിച്ചു.

1978 മാർച്ച് 1-ാം തിയ്യതി തൊഴിയൂർ സഭയുടെ 12-ാമത് മെത്രാപ്പോലീത്തയായ അഭിവന്ദ്യ മാത്യുസ് മാർ കൂറിലോസ് തിരുമേനിയിൽ നിന്ന് തൊഴിയൂർ സെന്റ്ജോർജ്ജ് ഭദ്രാസനദേവാലയത്തിൽ വെച്ച് അദ്ദേഹം കശ്ശീശപട്ടം സ്വീകരിക്കുകയും, തുടർന്ന് പുത്തൻ കുർബ്ബാന തന്റെ മാതൃ ഇടവകയായ കുന്നംകുളം സെന്റ് തോമസ് പള്ളിയിൽ അർപ്പിക്കുകയുമുണ്ടായി. സഭയുടെ വിവിധ ഇടവകകളിൽ വി. കുർബ്ബാനയർപ്പിക്കുകയും ആത്മീയശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു പോന്നു. ഇതിനിടയിൽ അദ്ദേഹം കർണ്ണാടകയിലെ ചിക്ബെല്ലപൂരിലെ മുൻസിപ്പൽ കോളേജ് ഓഫ് എഡ്യുക്കേഷനിൽ (1978- 79 കാലയളവിൽ) നിന്ന് B.Ed ഡിഗ്രിയും കരസ്ഥമാക്കുകയുണ്ടായി. പിന്നീട് സഭയുടെ സെന്റ്ജോർജ് ഹൈസ്ക്കുളിൽ അദ്ധ്യാപകനായി പ്രവർത്തിച്ചു. അദ്ധ്യാപക ജീവിതവും വൈദീകവൃത്തിയുമായി പ്രവർത്തിച്ചു കൊണ്ടിരുന്ന അദ്ദേഹം സഭയിലെ ചെറുപ്പക്കാരെ സംഘടിപ്പിച്ചുകൊണ്ട് 1984 ഏപ്രിൽ മാസത്തിൽ മലബാർ സ്വതന്ത്ര സുറിയാനി സഭാ യൂത്ത് ലീഗ് രൂപികരിക്കുകയും യൂത്ത്ലീഗിന്റെ ആഭിമുഖ്യത്തിൽ "കുഞ്ഞാടുകളുടെ വെളിച്ചം" എന്ന പേരിൽ (ആദ്യം സ്നേഹസന്ദേശം എന്നപേരിൽ) ഒരു മാസിക പ്രസിദ്ധീകരിക്കുകയും ചെയ്തു. വി. കുർബ്ബാനയർപ്പിക്കുന്ന സഭയുടെ ഓരോ ഇടവകയിലും സണ്ടേസ്ക്കൂൾ, യുത്ത്ലീഗ്, ഭവനപ്രാർത്ഥനകൾ എന്നിവ രൂപീകരിക്കുന്നതിന് മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു.



1986 ജൂൺമാസം 17-ാം തിയ്യതി അഭിവന്ദ്യ മാത്യുസ്മാർ കൂറിലോസ് മെത്രാപ്പോലീത്ത കാലം ചെയ്തതിനെതുടർന്ന് നിയുക്ത മെത്രാപ്പോലീത്തയായ അദ്ദേഹത്തെ 1986 ആഗസ്റ്റ് 20 ന് മാർത്തോമ സഭയിലെ അഭിവന്ദ്യ പീലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്ത റമ്പാനായി പട്ടം കൊടുത്തു. പരിശുദ്ധ കാട്ടുമങ്ങാട്ടു അബ്രഹാം മാർ കുറീലോസ് ബാവായും സഹോദരൻ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും തപസ്സ് അനുഷ്ഠിച്ച വെട്ടിക്കൽ ദയറായിൽ വന്ദ്യ റമ്പാൻ ഉപവാസവും, നോമ്പും എല്ലാ യാമപ്രാർത്ഥനകളും ആരാധനയുമായി കഴിഞ്ഞുകൂടി. 1986 ആഗസ്റ്റ് 27 ന് വന്ദ്യ റമ്പാനെ ഡോ. അലക്സാണ്ടർ മാർത്തോമ മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് തൊഴിയൂർ ഭദ്രാസന ദേവാലയത്തോടനുബന്ധിച്ച് പ്രത്യേകം തയ്യാറാക്കിയ മദ്ബഹായിൽ വെച്ച് ജോസഫ് മാർ കൂറിലോസ് എന്ന നാമത്തിൽ തൊഴിയൂർ സഭയുടെ 13-ാമത്തെ മെത്രാപ്പോലീത്തയായി വാഴിച്ചു. അപ്പോൾ അദ്ദേഹത്തിന് പ്രായം കേവലം 32 വയസ്സ് മാത്രം. സഭയുടെ ചരിത്രത്തിൽ ഏറ്റവും പ്രായം കുറഞ്ഞ രണ്ടാമത്തെ മെത്രാപ്പോലീത്ത എന്ന ബഹുമതിയും പിതാവിന് വന്നു ചേർന്നു. സത്യവിശ്വാസത്തെ മുറുകെ പിടിച്ചുകൊണ്ട് മശിഹാതമ്പുരാനോടുള്ള പ്രാർത്ഥനയിലും, പ. കാട്ടുമങ്ങാട്ട് പിതാക്കന്മാരോടും, ദൈവമാതാവിനോടും, പ. ഗീവർഗ്ഗീസ് സഹദായോടും, മദ്ധ്യസ്ഥതയർപ്പിച്ചും, പൂർവ പിതാക്കന്മാരെ ധ്യാനിച്ചുകൊണ്ടും തിരുമേനി തന്റെ പ്രവർത്തനം തുടർന്നു വന്നു.

അഭിവന്ദ്യ മാത്യുസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കാലം മുതൽ മാർത്തോമ സഭയിലെ തിരുമേനിമാരുടെ സ്നേഹനിർഭരമായ ഉപദേശങ്ങൾ നിയുക്ത മെത്രാപ്പോലിത്തായെന്ന നിലയിൽ സ്വീകരിച്ചിരുന്നു. അതിന്റെ ഫലമായി ഓരോമാസവും വൈദീകരുടെ ഒരുയോഗം ചേരുകയും ഭാവി കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനം എടുക്കുകയും ആയത് പ്രവർത്തികമാക്കാൻ ജനങ്ങളിലേക്കു കല്പന അയക്കുകയും പതിവാക്കിയിരുന്നു. ഈ യോഗത്തിന്റെ നിർദ്ദേശങ്ങൾ, സഭാ കൗൺസിലിലൂടെ തീരുമാനം എടുപ്പിക്കുന്നതിന് തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ യോഗത്തിന്റെ കൂട്ടായ പ്രവർത്തനത്തിന്റെ ഭാഗമായും തൊഴിയൂർ ഇടവക പൊതുയോഗ തീരുമാനപ്രകാരവും. പരിശുദ്ധ കാട്ടുമങ്ങാട്ട് അബ്രഹാംമാർ കൂറിലോസ് ബാവായുടെ ഓർമ്മപെരുന്നാൾ ആഘോഷങ്ങളിൽ മുൻവർഷങ്ങളിൽ നിന്നും വിഭിന്നമായി പ്രദക്ഷിണ സമയത്തിൽ മാറ്റം വരുത്തുകയും, പൊതുസദ്യ മാന്യമായ രീതിയിൽ നടത്തുകയും “വൻമുറി’ മുതലായവ നിർത്തലാക്കുകയും ചെയ്തു. ഈ വൻമുറിയാണ് പിൽക്കാലത്ത് ഇടവകദിനമായി ആഘോഷിക്കുന്നത്.

സഭയുടെ ആസ്ഥാന ദേവാലയമായ തൊഴിയൂർ സെന്റ് ജോർജ് ഭദ്രാസനദേവാലയം ജീർണിച്ച അവസ്ഥയിലായിരുന്നു. കാലപ്പഴക്കത്തിൽ പൂർവ്വികർ പലരും ഈ ദേവാലായം പുനർനിർമ്മാണം നടത്തണം എന്നാഗ്രഹിച്ചുവെങ്കിലും സാക്ഷാൽക്കരിക്കപ്പെട്ടിരുന്നില്ല. എന്നാൽ നമ്മുടെ തിരുമേനിയുടെ ധീരമായ തീരുമാനവും ദിവ്യശ്രീ. ജോസഫ് വടക്കൻ കശ്ശീശായുടെയും, സഭാ കൌൺസിലിന്റെയും മറ്റു നല്ലവരായ വൈദീകരുടെയും സഹകരണങ്ങളും മൂലം 1989 ൽ ഇന്ന് കാണുന്ന മനോഹരമായ ഭദ്രാസനദേവാലായം പുനർനിർമ്മിക്കാൻ സാധിച്ചു എന്നത് ദൈവനിയോഗമാണ്.

ചെന്നൈ, എറണാകുളം, ചാലിശ്ശേരി എന്നീ ഇടവകകളിൽ സ്ഥിരം വികാരിമാരെ നൽകി അവർക്ക് കുടുംബസമേതം താമസിക്കുന്നതിനുള്ള പാർപ്പിട സൗകര്യം ഒരുക്കിയത് ഇദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ്. വൈദീകരുടെ ശമ്പളം വളരെ കുറവായ അവസ്ഥ തിരുമേനി മനസ്സിലാക്കുകയും, വൈദീകർക്ക് മാന്യമായ രീതിയിൽ ജീവിക്കുവാൻ ശമ്പളം നൽകേണ്ടതിന്റെ ആവശ്യകത ഭരണസമിതിയെ ബോധ്യപ്പെടുത്തുകയും നാമമാത്രമായ പഴയ ശമ്പളത്തിൽ നിന്ന് വളരെ വ്യത്യസ്തമായി മാന്യമായ പുതിയ ശമ്പള സ്കയിൽ അനുവദിക്കുകയും ചെയ്തു. ആയതിനാൽ വൈദീകത്വത്തിനു കളങ്കമേല്പിക്കാമായിരുന്ന പണ സംബന്ധമായ വിഹിതങ്ങൾ എന്നു പറയുന്ന മാമൂലുകൾ ശമ്പളപരിഷ്കരണത്തോടു കൂടി ഇല്ലായ്മ ചെയ്യുവാൻ ഇതു മൂലം സാധിച്ചു. അതോടുകൂടി വൈദീകരോട് ഭവനസന്ദർശനം നടത്തുന്നതിനും, രോഗികളെ ആശ്വസിപ്പിക്കുന്നതിനും, ഇടവക ജനങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കുവാൻ സമയം കണ്ടെത്തി ആവശ്യമായ പരിഹാരം കാണുന്നതിനും, മാസംതോറും വൈദീകരുടെ പ്രവർത്തനറിപ്പോർട്ട് മെത്രാപ്പോലീത്തായെ ഏൽപ്പിക്കുവാനും തിരുമേനി ആവശ്യപ്പെട്ടു. ഇതു മൂലം ജനങ്ങളുമായി വൈദീകർക്ക് കൂടുതൽ അടുക്കുവാൻ അവസരം ലഭിച്ചു.

ഭദ്രാസനദേവാലയത്തിൽ പ. കാട്ടുമങ്ങാട്ട് കൂറിലോസ് ബാവാമാർ തുടങ്ങിവെച്ച ചികിത്സാ സമ്പ്രദായം വ്യവസ്ഥാപിതമായ രീതിയിൽ (Councelling) ആക്കിയെടുത്തത് അദ്ദേഹവും പട്ടക്കാരും ചേർന്ന് കൂട്ടായ ചർച്ചകൾ നടത്തിയതിന്റെ വെളിച്ചത്തിലാണ്. എല്ലാ ഇടവകപള്ളികളിലും ചാപ്പലുകളിലും പെരുന്നാളുകൾ നടത്തുമ്പോൾ എല്ലവർക്കും സ്വീകാര്യമായ രീതിയിൽ പ്രദക്ഷിണവും മറ്റും നടത്തുവാൻ തിരുമേനി കല്പനമൂലം ജനങ്ങളെ ഉത്ബോധിപ്പിച്ചു.

Reception to Thirumeni by
Managing Committee, Arthat - Kunnamkulam Orthodox Syrian Church

1987 മുതൽ സഭാ സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കുന്നംകുളം സെന്റ്തോമസ് ദേവാലയങ്കണത്തിൽ വെച്ച് സുവിശേഷയോഗം, ആരംഭിച്ചു. അതോടൊപ്പം സണ്ടേസ്ക്കൂൾ കുട്ടികളുടെയും, അദ്ധ്യാപിക അദ്ധ്യാപകരുടെയും, സുവിശേഷകരുടെയും സ്ത്രീസമാജ അംഗങ്ങളുടെയും ക്യാമ്പുകൾ നടത്തുന്നതിനും, V.B.S പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും തിരുമേനി പ്രത്യേകം നേതൃത്വം നൽകിയിട്ടുണ്ട്.

അഭിവന്ദ്യ തിരുമേനി മെത്രാപ്പോലീത്തയായി ആദ്യത്തെ വാർഷീകദിനാഘോഷം ആഗസ്റ്റ് 30ന് ഇടവകദിനം നടത്തുന്നതിന്റെ പ്രാരംഭം കുറിച്ച് കൊണ്ട് തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസനഇടവകയിൽ സമുചിതമായി ഇടവകദിനം കൊണ്ടാടി. മറ്റു ഇടവകകൾക്ക് പ്രചോദനമാവുകയും എല്ലാ ഇടവകകളും ഇടവകദിനം കൊണ്ടാടുകയും ചെയ്യുന്നുണ്ട്.

കോയമ്പത്തൂരിൽ നമ്മുടെ സഭാംഗങ്ങൾക്കായി ഒരു പള്ളി തുടങ്ങുന്നതിന്റെ പ്രരംഭംകുറിച്ചു കൊണ്ട് കോയമ്പത്തൂർ C. S. I. സഭയുടെ ബിഷപ്പ് Rt. Rev. Dr. Willam Mosses മായി കൂടി കാഴ്ച നടത്തിയതിന്റെ ഫലമായി, അവരുടെതായ സ്ഥലത്ത്, വി. കുർബ്ബാന അർപ്പിക്കുന്നതിനായി ദൈവം ഇടയാക്കി. പിൽക്കാലത്ത് കൺവായ് എന്ന സ്ഥലത്ത് പള്ളിക്കുള്ള സ്ഥലം വാങ്ങുന്നതിന് സാധിച്ചു. പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവായുടെ ജന്മസ്ഥലം ഉൾപ്പെടുന്ന എറണാകുളം ജില്ലയിൽ, നമ്മുടെ സഭാംഗങ്ങളുടെയും, കച്ചവടക്കാരുടെയും മററും ശ്രമഫലമായി കച്ചേരിപ്പടിക്കടുത്ത് സെമിത്തേരിമുക്കിൽ സ്ഥലം വാങ്ങി ദേവാലയം നിർമ്മിക്കാൻ കഴിഞ്ഞത് മറ്റൊരു നേട്ടമാണ്. കൂടാതെ മദ്രാസ് പള്ളിയോട് ചേർന്നു കിടക്കുന്ന സ്ഥലം പള്ളിക്കായി ഉപയോഗിക്കുന്നതിന് വാങ്ങിക്കുവാൻ തിരുമേനിയുടെ ആശ്രാന്തപരിശ്രമമുണ്ടായിരുന്നു.

2000-ാം ആണ്ടിനോടനുബന്ധിച്ച് നാളികേരത്തിന് വിലക്കുറവും തെങ്ങിന് (മണ്ടരി) രോഗം ബാധിക്കുകയും ചെയ്തതിന്റെ ഫലമായി സാമ്പത്തിക ഭാരം സഭയിൽ ഉണ്ടായപ്പോൾ അതിനെ സധൈര്യം നേരിടുകയും മേലിൽ ഇപ്രകാരം സാമ്പത്തിക ഭാരം വരാതിരിക്കുവാൻ വേണ്ടി കുന്നംകുളം ഗുരുവായൂർ റോഡിലുള്ള സഭയുടെ സ്ഥലത്ത് ഒരു ഷോപ്പിങ്ങ് സെന്റർ തുടങ്ങുന്നതിന് ആരംഭിക്കുകയും ചെയ്തു. ശ്രമം മാത്രമല്ല എല്ലാ ഇടവകകളിൽ നിന്നും സഭയുടെ അഭ്യുദയകാംക്ഷികളിൽ നിന്നും ഇതിന്റെ നിർമ്മാണ ചിലവിലേക്ക് നല്ലൊരു സംഖ്യ കണ്ടെത്തുവാൻ തിരുമേനി നേതൃത്വം നൽകി. ഇപ്പോൾ സഭാ ഷോപ്പിങ്ങ് സെന്ററിന്റെ പണി ഏകദേശം പൂർത്തീകരിച്ച നിലയിലാണ്.

വൈദികവൃത്തിയിലേക്ക് വരുന്നവർ വൈദീക വിദ്യാഭ്യാസവും ദൈവശാസ്ത്രവും പഠിക്കുന്നതിന് തിരുമേനി പ്രോത്സാഹിപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് എളിയവനായ എനിക്ക് മാർത്തോമ സഭയുടെ കോട്ടയത്തുള്ള M.T. സെമിനാരിയിൽ B. D. Orientation Course പൂർത്തീകരിക്കുന്നതിന് സാധിച്ചത്. തുടർന്ന് Integrated B.D പഠിക്കുവാൻ ജബൽപൂരിലുള്ള ലിയനോർഡ് തിയോളജിക്കൽ കോളേജിൽ ചേരുവാൻ ജബൽപൂർ പള്ളി വികാരി റവ: ഡോ. കെ.റ്റി. ജോയി അച്ചനും പ്രത്യേക താൽപര്യമെടുത്തത് വഴി എനിക്ക് അവിടെ പഠിക്കുന്നതിന് സാധിച്ചു. എന്റെ ജീവിതത്തിൽ ആദ്യമായാണ് ഇത്രയും ദൂരം യാത്ര ചെയ്യുന്നത്. എന്റെ ഉള്ളിൽ ആശങ്ക ഉണ്ടായിരുന്നുവെങ്കിലും അഭിവന്ദ്യ തിരുമേനിയുടെ സ്നേഹത്തിലധിഷ്ഠിതമായ കരുതലുള്ളതിനാൽ ജബൽപ്പൂർ റയിൽവേ സ്റ്റേഷനിൽ ഞാൻ ഇറങ്ങുന്ന പ്ലാറ്റ്ഫോമിൽ ജബൽപൂർ മാർത്തോമ പള്ളി വികാരി Rev. Dr. K.T. ജോയ് അച്ചൻ എന്നെ സ്വീകരിക്കുവാൻ എത്തിയിരുന്നു. അച്ചന്റെ വിലയേറിയ ഉപദേശവും സഹായവും എന്നെ വൈദീക ജീവിതത്തിൽ ഒത്തിരി സഹായിച്ചിട്ടുണ്ട് എന്ന് ഈ സമയത്ത് സ്മരിക്കുകയാണ്.

പിന്നീടൊരിക്കൽ മാർത്തോമസഭയുടെ സീഹോറ ആശ്രമം സന്ദർശിക്കുവാൻ വന്ന തിരുമേനി ഞാൻ പഠിച്ചുകൊണ്ടിരുന്ന ജബൽപൂർ സെമിനാരിയിൽ അന്നത്തെ മാർത്തോമ പള്ളി വികാരി ബഹു. റവ. ബാനോജി. കെ. മാത്യു അച്ചനുമായി വരികയും ഞാൻ താമസിക്കുന്ന ഹോസ്റ്റലിൽ അവിടെയുള്ള വിദ്യാർത്ഥികളുമായി അഭിമുഖം നടത്തുകയും ഉണ്ടായി. കേവലം പ്രീഡിഗ്രി വിദ്യാഭ്യാസം മാത്രം ഉണ്ടായിരുന്ന എനിക്ക് ദൈവശാസ്ത്രത്തിൽ ബിരുദം എടുക്കുവാൻ സാധിച്ചത് അഭിവന്ദ്യ തിരുമേനിയുടെ പ്രത്യേക പരിശ്രമം കൊണ്ടാണ്. ഞാൻ പഠിച്ചുകൊണ്ടിരുന്നപ്പോൾ റവ. ഡീക്കൻ സി.വി. റീജനെ സിഹോറ ആശ്രമത്തിൽ പരിശീലനത്തിനായി തിരുമേനി അയച്ചിരുന്നു. അതുപോലെ റവ. ഫാ. സി.വി. ഗീവർഗ്ഗീസിനെ യാക്കോബായ സഭയുടെ M S OT വെട്ടിക്കൽ സെമിനാരിയിലും പഠനത്തിനായി അയച്ചു. റവ. ഡീക്കൻ വികാസ് വടക്കൻ, റവ. ഡീക്കൽ തോമസ് വർഗ്ഗീസ്, റവ. ഡീക്കൻ സക്കറിയ ഷാബു. എന്നിവരും വിവിധ സെമിനാരികളിൽ പഠിച്ചു വരുന്നു. ഒരു തിരിനാളത്തിൽ നിന്ന് മറ്റൊരു തിരിനാളത്തിലേക്ക് അഗ്നി പടർത്തി പ്രകാശിപ്പിക്കുന്നതുപോലെ നമ്മുടെ തിരുമേനി നമ്മുടെ വൈദീകർ വിദ്യാസമ്പന്നരായി സഭയിലും സമൂഹത്തിലും കർത്താവിന്റെ നല്ല വിശ്വസ്ത വേലക്കാരായി പ്രവർത്തിക്കുന്നതിന് അവസരം ഒരുക്കി.

സഭയിൽ വിഭാഗീയ ചിന്താഗതികൾ വരികയും കോടതി കേസുകളും മറ്റുമായി വന്ന സാഹചര്യത്തിൽ പല പള്ളികളിലും വി. കുർബ്ബാന മുടങ്ങുവാൻ ഇടയായിത്തീർന്നു. വി. കുർബ്ബാനക്കായി വിശ്വാസികൾ മുറയിടുമ്പോൾ അതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിന് നമ്മുടെ തിരുമേനി ആത്മാർത്ഥമായി പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ ഫലമായി പഴഞ്ഞി, ചാലിശ്ശേരി ഇടവകയിൽ നിന്നുമായി രണ്ടു പേരെ പൗരോഹിത്യ വേലക്കായി ദൈവം തിരഞ്ഞെടുത്തു. സഭാ കൗൺ

സിലിന്റെ തീരുമാനപ്രകാരം അവർക്ക് ശെമ്മാശപട്ടവും കശ്ശീശപട്ടവും വലിയ തിരുമേനി ചാലിശ്ശേരി പള്ളിയിൽവെച്ച് നൽകുകയുണ്ടായി. പൗരോഹിത്യം സ്വീകരിച്ച റവ. ഫാ. ബാബുമാത്യുസ്, റവ. ഫാ. മൈക്കിൾ ഗീവർഗ്ഗീസ് എന്നിവർ കുടുംബസ്ഥരായതു കൊണ്ട് തിയോളജി കോളേജിൽ പോയി പഠിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിക്കൽ സയൻസ് തലശ്ശേരി എന്ന ബൈബിൾ പഠനവും സാധ്യമായതിലൂടെ തിയോളജിയിൽ D-Th ഡിപ്ലോമ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ലഭിക്കുകയും ചെയ്തു. ഇവരെ പഠനത്തിൽ സഹായിക്കുവാൻ നമ്മുടെ തിരുമേനി ഉത്സുകനായിരുന്നു.

പ്രതികൂല പരിതസ്ഥിതികൾ തരണം ചെയ്യുമ്പോഴും ഒരു താലന്തു ലഭിച്ച മനുഷ്യനെപോലെ കുഴിച്ച് മൂടി വെക്കുന്ന അവസ്ഥയല്ല തിരുമേനിയുടെത്. സമൂഹത്തിനും സഭക്കും തന്നാൽ കഴിയുന്ന സഹായം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി തുടങ്ങിവെച്ചതാണ് കുന്നുംകുളം സെന്റ്തോമസ് പള്ളി (കുന്നത്തെപള്ളി)യിൽ എല്ലാ മാസത്തെയും ആദ്യ ഞായറാഴ്ചയിലെ ധ്യാനയോഗവും മദ്ധ്യസ്ഥപ്രർത്ഥനയും. ഈ യോഗത്തിൽ വെച്ച് സഭയിലെ വിവിധ തുറകളിൽ പ്രവർത്തിച്ചു വരുന്ന സുവിശേഷകരെയും, ശുശ്രൂഷകന്മാരെയും, ഇടവകകൈക്കാരന്മാരെയും, മറ്റും പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുന്നു. മാത്രമല്ല വിദ്യാർത്ഥികളേയും മറ്റ് മികച്ച വിജയം കൈവരിക്കുന്നവരെയും പാരിതോഷികങ്ങൾ നല്കി പ്രോത്സാഹിപ്പിക്കുവാൻ തിരുമേനി സമയം കണ്ടെത്തി. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയും, ശുശ്രൂഷക്കാരിൽ നിന്ന് വൈദീക വൃത്തിയിലേക്കു കടന്നുവരുവാൻ താല്പര്യമുള്ള അർഹരായ വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് കൊടുത്തും കൈതാങ്ങൽ നൽകുവാൻ തിരുമേനി മടി കാണിച്ചിട്ടില്ല. വിഭാഗീയ ചിന്താഗതികൾ ഒരു പരിധി വരെ ഇല്ലായ്മ ചെയ്യുവാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായിച്ചിട്ടുണ്ട്.

സഭയുടെ ഭരണാധിപൻ എന്ന നിലയിൽ ഔദ്യോഗിക ചുമതലകൾ അദ്ദേഹം നിറവേറ്റിയതിന് പുറമെ, എന്നെ വ്യക്തിപരമായി തിരുമേനി ആത്മാർത്ഥമായി സഹായിച്ചിട്ടുണ്ട്. 2003 ൽ പെരിങ്ങോട് സെന്റ്ജോർജ്ജ് പള്ളിയുടെ കൂദാശക്ക്ശേഷം ജൂലൈ 15-ാം തിയ്യതി അരമനയിലേക്ക് പോകുന്നേരം എന്റെ സ്ക്കൂട്ടർ മറിഞ്ഞ് വലത് കാൽമുട്ട് പൊട്ടിയതിനെതുടർന്ന് ചികിത്സയിലായ എന്നെ ഞാൻ ചാലിശ്ശേരിയിൽ വാടകക്ക് താമസിക്കുന്ന ഭവനത്തിൽ കൂടെകൂടെ വരികയും ആശ്വസിപ്പിക്കുകയും സഭയിലെ പ്രതിസന്ധിയെ തുടർന്ന് ശമ്പളം കിട്ടാത്ത അവസ്ഥയിൽ സാമ്പത്തികമായി ഞെരുക്കപ്പെട്ടു കഴിയുന്ന എന്റെ അവസ്ഥ. കണ്ട് നല്ല ശമരിയക്കാരനെപോലെ സാമ്പത്തികമായി സഹായിക്കുക മാത്രമല്ല എന്നെ ചാവക്കാടിനടുത്തുള്ള മുതുവട്ടൂരിലെ ചികിത്സാ കേന്ദ്രത്തിലേക്ക് എത്തിക്കുന്നതിന് തന്റെ സ്വന്തം സഹോദരൻ (എത്ര ജോലി തിരക്കുണ്ടായിരുന്നി)ട്ടും ശ്രീ. പി.എം. ബെന്നിയെയും, സഭാ വക ആംബുലൻസ് വിട്ടു തരുവാൻ മനസ്സ് കാണിച്ച അന്നത്തെ സഭാ സെക്രട്ടറി Mr. A.K. കൊച്ചുകുഞ്ഞൻ, അത്മായട്രസ്റ്റി Mr. V.M. ഡേവി കാര്യസ്ഥൻ Mr. V.V ജോർജ്ജ് അരമനയിൽ താമസിച്ചു പോന്നിരുന്ന Mr. V.M. പോൾസൻ എന്നിവരെയും ചുമതലപ്പെടുത്തിയത് എന്നോടുള്ള സ്നേഹത്തിന്റെ നിറകുടമായ പൊന്നു തിരുമേനിയുടെ ഉദാത്തമായ കരുതലാണെന്ന് യഥാർത്ഥമായി അനുഭവിച്ചറിയുവാൻ സാധിച്ചു.

2001-ൽ തന്റെ പിൻഗാമിയെ വാഴിച്ചു. അഭിവന്ദ്യ സിറിൽ മാർബസ്സേലിയോസ് മെത്രാപ്പോലീത്ത 2004 ഒക്ടോബർ 10 ന് പ്രത്യേക കല്പനയിലൂടെ തൊഴിയൂർ സെന്റ്ജോർജ്ജ് ഇടവകയുടെ വികാരിയും ഊഴവികാരിയുമായി എന്നെ നിയോഗിക്കുകയും അതോടൊപ്പം കുന്നംകുളം, പഴഞ്ഞി ഇടവകകളിലെ അധിക ചുമതലകളും ഏല്പിച്ച സന്ദർഭത്തിൽ എനിക്ക് പ്രസ്തുത ഇടവകകളിലും എന്റെ ഭവനത്തിലും പോകേണ്ട സന്ദർഭങ്ങളിൽ യാതൊരു മടിയും കൂടാതെ അഭിവന്ദ്യ തിരുമേനി എനിക്ക് വേണ്ടി ഭദ്രാസന ഇടവകയിലെ കുർബ്ബാനയും മറ്റു ശുശ്രൂഷകളും വീഴ്ച കൂടാതെ നിർവ്വഹിക്കുന്നതിൽ എന്നും സഹായിച്ചിട്ടുണ്ട്. പ്രസ്തുത സഹായം ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്നു.

ബൈബിളിൽ മത്തായി 25.14 പറയുന്ന താലന്തുകളുടെ ഉപമയിൽ അഞ്ച്, രണ്ട് താലന്തുകൾ ലഭിച്ച ദാസന്മാർ തങ്ങൾക്ക് ലഭിച്ച താലന്തുപയോഗിച്ച് വിശ്വസ്തയോട് കൂടി അദ്ധ്വാനിച്ച് ഇരട്ടി സമ്പാദിച്ച് യജമാനന്റെ സന്തോഷത്തിന് പാത്രീഭൂതരായി തീരുക മാത്രമല്ല. അവർ വിശ്വസ്തരെന്ന് കണ്ട് കൂടുതൽ അദ്ധ്യാനിക്കുവാൻ യജമാനൻ അവരെ ചുമതലപ്പെടുത്തിയതു പോലെ രജത ജൂബിലി ആഘോഷിക്കുന്ന നമ്മുടെ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്തായ്ക്ക് ഇനിയും അനേകവർഷങ്ങൾ നമ്മുടെ സഭയെ പരിപാലിക്കുവാൻ ദീർഘായുസ്സും ആരോഗ്യവും നൽകി അനുഗ്രഹിക്കുവാൻ സർവ്വശക്തനായ ദൈവം തമ്പുരാൻ ഇടയാക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചു കൊണ്ട് സഭയുടെ വികാരി ജനറൽ എന്ന നിലയിലും തൊഴിയൂർ സെന്റ്ജോർജ്ജ് ഭദ്രാസന ഇടവക വികാരി എന്ന നിലയിലും വ്യക്തിപരമായ നിലയിലും ആശംസകൾ അറിയിച്ചുകൊണ്ട് നിറുത്തുന്നു.




Thirumeni-Return to Life - 1991 & 1997

ശിഷ്യനെകുറിച്ചുള്ള ഗുരുവിന്റെ ഓർമ്മകൾ

T. K. Peter. Rtd. Principal

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനിയെക്കുറിച്ച് അദ്ദേഹത്തിന്റെ സണ്ടേസ്കൂൾ അദ്ധ്യാപകന്റെ ഓർമ്മ കുറിപ്പാണ് ഈ ലേഖനം.

ഉദ്ദേശം 11 വയസ്സായ ഉത്സാഹിയായ ഒരു കുട്ടി M G M സണ്ടേസ്ക്കൂളിൽ എന്റെ ക്ലാസിൽ ഉണ്ടായിരുന്നത് ഞാനിപ്പോഴും ഓർക്കുന്നു. ആദ്ധ്യാത്മിക കാര്യങ്ങളിൽ കൂടുതൽ താല്പര്യം കാണിച്ചിരുന്ന ഈ ബാലൻ ഒരു പൗരോഹിത്യ പദവിയിൽ എത്തുമെന്ന് അന്ന് തന്നെ എനിക്ക് തോന്നിയിരുന്നു. എന്റെ അര നൂറ്റാണ്ടുകാലത്തെ സണ്ടേസ്ക്കൂൾ അദ്ധ്യാപനത്തിനിടയിൽ പൗരോഹിത്യ പദവിയിൽ എത്തിയ പല വിദ്യാർത്ഥികളും ഉണ്ടായിട്ടുണ്ട് അവരുടെ ഗുരുവാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനം കൊള്ളുന്നു.

എന്നാൽ ഒരു മഹാ പുരോഹിതന്റെ ഗുരുവാകാൻ കഴിഞ്ഞതിൽ അത്യധികം സന്തുഷ്ടനാണെന്ന് പറയേണ്ടതില്ലല്ലോ. ഈ കൊച്ചുകുട്ടിയുടെ അനുസരണം, ദൈവഭക്തി, വിജ്ഞാനതൃഷ്ണ, ഗുരുഭക്തി, എന്നിവ വിദ്യഭ്യാസത്തിൽ കടന്നുപോയ എല്ലാ ക്ലാസ്സിലെ അദ്ധ്യപകരും അക്കാലത്ത് എടുത്ത് പറഞ്ഞിരുന്നു. ഞാൻ അന്ന് M.G.M. സ്ക്കൂളിലെ ആറാം ക്ലാസ്സ് അദ്ധ്യാപകനായിരുന്നു. അന്നത്തെ പ്രധാന അദ്ധ്യാപകൻ കുന്നംകുളത്തുകാരനായ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറായി റിട്ടയർ ചെയ്ത ശ്രീ. T.V. വർഗീസ് മാസ്റ്ററായിരുന്നു. സഹ അദ്ധ്യാപകരായിരുന്ന ചീരൻ ഇയ്യാക്കു മാസ്റ്റർ, ചെമ്മണൂർ സി. ഐ. ചെറിയാൻ മാസ്റ്റർ, കാക്കശ്ശേരി പാത്തു മാസ്റ്റർ, പനയ്ക്കൽ ഇയ്യാക്കു മാസ്റ്റർ എന്നിവർക്കും ഈ ഉത്സാഹിയായ ബാലനെകുറിച്ച് നല്ലത് മാത്രമേ പറയാനുണ്ടായിരുന്നുള്ളു.

മുതിർന്ന വിദ്യാർത്ഥികൾക്ക് മീറ്റിംഗ് ക്ലാസ്സ് നടക്കുന്ന സമയത്ത് ചെറിയ കുട്ടികളെ പനക്കൽ ഇയ്യാക്കു മാസ്റ്റർ ആരാധന ഗീതങ്ങൾ പഠിപ്പിച്ചിരുന്നു. മുഴങ്ങുന്ന ശബ്ദത്തിലുള്ള അദ്ദേഹത്തിന്റെ അദ്ധ്യാപന മാതൃകയിൽ നിന്നാവണം അഭിവന്ദ്യ തിരുമേനിയുടെ ഉയർന്ന ശബ്ദത്തിലുള്ള കുർബ്ബാനയ്ക്ക് പ്രചോദനമേകിയത്. മറ്റൊരു കാര്യം ഓർമ്മവരുന്നത് ശ്രീ. ഇയ്യാക്കു മാസ്റ്റർ പഠിപ്പിച്ചിരുന്ന സ്ലീബ, കൃംത പ്രാർത്ഥന ഗീതങ്ങൾ അക്കാലത്ത് തൊഴിയൂരിൽ ഉപയോഗിച്ചിരുന്നില്ല എന്നും തിരുമേനി ശെമ്മാശനായിരുന്ന കാലത്ത് അന്നത്തെ പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ ചൊല്ലി കേൾപ്പിച്ചതിനും ശേഷം അദ്ദേഹത്തിന്റെ അനുവാദത്തോടെയാണ് ഉപയോഗിച്ചു തുടങ്ങിയത് എന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

തിരുമേനി തൊഴിയൂർ സഭാ സുവിശേഷ സംഘം സെക്രട്ടറിയായിരുന്ന കാലത്ത് പഴഞ്ഞി സിറിയൻ ക്രിസ്ത്യൻ ബുക്ക് ഡെപ്പോയുടെ സണ്ടേസ്ക്കൂൾ പാഠപുസ്തകങ്ങൾ എല്ലാം പകർപ്പവകാശത്തോടെ സുവിശേഷ സംഘത്തിന് വേണ്ടി വാങ്ങി M.G.M സണ്ടേസ്ക്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ. T.V വർഗീസ്, കാക്കശ്ശേരി പാത്തേട്ടൻ, B.A. ക്കാരൻ അച്ചൻ എന്നറിയപ്പെടുന്ന തൊഴിയൂർ സഭയിലെ കെ.സി. വർഗീസ് കശ്ശീശ എന്നിവർ ബന്ധുക്കളാണ്. ഈ ബന്ധുത്വം മേൽപറഞ്ഞ പുസ്തകങ്ങളുടെ പകർപ്പവകാശം വാങ്ങിക്കുന്നതിൽ ഇദ്ദേഹത്തിന് സഹായകമായിട്ടുണ്ട്. കാലത്തിന്റെ നിറവിൽ ഈ കൊച്ചുതിരുമേനി മലബാർ സ്വതന്ത്രസുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്തയായിത്തീർന്നതിൽ ആർക്കും അത്ഭുതം തോന്നാനിടയില്ല.

ഞാൻ അദ്ധ്യാപകനായിരുന്ന പഴയപള്ളി M.G.M സ്ക്കൂളിന്റെ രജത ജൂബിലി ആഘോഷ പരിപാടിയിൽ ഈ പൂർവ്വവിദ്യാർത്ഥി പ്രധാന അതിഥിയായിരുന്ന കാര്യം ഞാൻ ഇപ്പോഴും സ്മരിക്കുന്നു. അദ്ദേഹത്തെ ക്ഷണിക്കാൻ ഞങ്ങൾ എത്തിയപ്പോൾ വളരെ വികാരപൂർണ്ണമായി പൂർവ്വകാലസ്മരണകൾ അയവിറക്കുകയുമുണ്ടായി. എന്റെ മാതാവ് ശ്രീമതി കുഞ്ഞാണിടീച്ചർ സെക്കുലർ സ്ക്കൂളിൽ മൂന്നാം ക്ലാസിൽ അദ്ദേഹത്തിന്റെ അധ്യാപികയായിരുന്നു എന്നുള്ള വിവരം അദ്ദേഹത്തിൽനിന്ന് തന്നെ കേൾക്കാൻ ഇടയായത് എന്നെ കോരിത്തരിപ്പിക്കുകയുണ്ടായി.

ദീർഘകാലത്തെ സണ്ടേസ്ക്കുൾ പ്രവർത്തനത്തിനിടയിൽ ഇത് പോലെ വളരെ ചുരുക്കം പേരെ മാത്രമേ കണ്ടിട്ടുള്ളു. ഇപ്പോൾ മേല്പെട്ടത്വ രജത ജൂബിലി ആഘോഷിക്കുന്ന ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്തായ്ക്ക് സർവ്വശക്തൻ എല്ലാ വിധ ഐശ്വര്യവും നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

PASSION WEEK

PASSION WEEK

PASSION WEEK

ഞാനറിയുന്ന വലിയ മെത്രാപ്പോലീത്ത

സി.സി. എസ്ഥേർ, ചാലക്കുടി

തൊഴിയൂർ സഭയുമായിട്ടുള്ള എന്റെ ബന്ധം ആരംഭിക്കുന്നത് വിവാഹത്തോടെയാണ്. അഞ്ഞൂര് പള്ളിയെ കുറിച്ച് കേട്ടുകേൾവി മാത്രമുണ്ടായിരുന്ന എനിക്ക് അവിടത്തെ പല കാര്യങ്ങളും അത്ഭുതം ഉളവാക്കുന്നതായിരുന്നു. 1956 ൽ ഞാൻ തൊഴിയൂർ സി.എം യു.പി സ്ക്കൂളിൽ അധ്യാപികയായി ചേർന്നു. പള്ളിപരിസരത്ത് തന്നെയായിരുന്നു വിദ്യാലയം. അതുകൊണ്ട് പള്ളിയെ കുറിച്ച് കൂടുതൽ മനസ്സിലാക്കാനും പട്ടക്കാരുമായി കൂടുതൽ അടുത്തിടപഴകാനും സാധിച്ചു. സൗഖ്യത്തിനായി ധാരാളം ആളുകൾ ദേവാലയത്തിലേക്ക് ദിനം തോറും വരുന്ന പതിവുണ്ടായിരുന്നു. അതുകൊണ്ട് പള്ളി എല്ലാ ദിവസവും സജീവമായിരുന്നു. അച്ചന്മാർ മിക്കവാറും എല്ലാദിവസവും പള്ളിയിൽ കാണും. അതുകൊണ്ട് അധ്യാപകരും പട്ടക്കാരുമായി നല്ല സുഹൃദ് ബന്ധം ഉണ്ടായിരുന്നു. 1978 ൽ ഫാദർ ജോസഫ് പനക്കലും പട്ടക്കാരനായി ദേവാലയത്തിൽ എത്തി. പ്രസ്തുത പട്ടക്കാരനാണ് ഇപ്പോഴത്തെ ജോസഫ് മാർ കൂറീലോസ് വലിയ മെത്രാപ്പോലീത്ത.

1978 മുതൽ ഫാ. ജോസഫ് പനക്കൽ അച്ചനുമായി പരിചയമായി. എന്റെ നാലു മക്കളും ആ സ്ക്കൂളിൽ തന്നെയാണ് പഠനം ആരംഭിച്ചത്. മറ്റു കുട്ടികൾക്കൊപ്പം എന്റെ മക്കളും ഒഴിവു സമയത്ത് പള്ളിയിൽ പോവുക പതിവായിരുന്നു. അങ്ങനെ അവരും അച്ചന്മാരുമായി നല്ല പരിചയത്തിലായിരുന്നു. പള്ളിയിൽ പോയപ്പോൾ അച്ചൻ മിഠായി തന്നു. ചിരിച്ചു എന്നൊക്കെ കുട്ടികൾ സന്തോഷത്തോടെ പറയുമായിരുന്നു. പ്രത്യേകിച്ച് ഞങ്ങളുടെ മൂത്ത മകൻ ഞങ്ങൾ അപ്പു എന്നുവിളിച്ചിരുന്ന ജോസഫ് എല്ലാവരുടേയും കണ്ണിലുണ്ണിയായിരുന്നു. അപൂർവ്വ രോഗത്തിന് വിധേയനായിരുന്നു. അവൻ യൗവ്വനാരംഭത്തിൽ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടു. പഠിച്ചിരുന്ന കാലത്ത് അവൻ എല്ലാവരുടേയും അപ്പു ആയിരുന്നു. ജോസഫ് അച്ചൻ (തിരുമേനി) അവനെ വലിയ കാര്യമായിരുന്നു. അച്ചൻ എന്നോട് വർത്തമാനം പറഞ്ഞു, ചിരിച്ചു, മിഠായി തന്നു എന്നൊക്കെ അവൻ പറയുമായിരുന്നു.

1962ൽ ഞാൻ തൊഴിയൂർ സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിലേക്ക് സ്ഥലം മാറി പോയി. പുതിയ സ്ക്കൂളും പള്ളിയും തമ്മിൽ കുറച്ച് അകലം ഉണ്ടായിരുന്നതുകൊണ്ട് ദിനം തോറും പള്ളിയുമായുണ്ടായിരുന്ന ബന്ധത്തിന് കുറവു വന്നത് സ്വാഭാവികം. പക്ഷേ കുട്ടികൾ അപ്പോഴും അവിടെതന്നെയായിരുന്നു. 1978 ൽ ഞങ്ങൾ അഞ്ഞൂര് നിന്ന് കുന്നംകുളത്തേക്ക് താമസം മാറ്റി. ഞങ്ങളുടെ പുതിയ താമസസ്ഥലം തിരുമേനിയുടെ വീടിന്റെ അടുത്തായിരുന്നു. അച്ചൻ ആ കാലത്ത് അധിക സമയവും കുന്നംകുളം പള്ളിയിലാണ് ശുശ്രൂഷ ചെയ്തിരുന്നത്. മാത്രമല്ല, 1980 ൽ അച്ചൻ അധ്യാപകനായി ഞാൻ പഠിപ്പിച്ചിരുന്ന സ്ക്കൂളിൽ തന്നെ നിയമിക്കപ്പെട്ടു. അങ്ങനെ അയൽവാസി, ഇടവക പട്ടക്കാരൻ, സഹ അധ്യാപകൻ എന്നീ നിലകളിൽ അച്ചനുമായി കൂടുതൽ ഇടപഴകുവാൻ സാധിച്ചു. അച്ചന്റെ വീട്ടുകാരുമായിട്ടും നല്ല സുഹൃദ് ബന്ധമാണ് ഞങ്ങൾക്കുണ്ടായിരുന്നത്. എന്റെ ഇളയ മകൻ സാമിന്റെ അധ്യാപകൻ കൂടിയായിരുന്നു അഭിവന്ദ്യ തിരുമേനി.

പട്ടക്കാരനായതു മുതൽ ഞങ്ങളുടെ സന്തോഷത്തിലും സന്താപത്തിലും അച്ചൻ പങ്കു ചേർന്നിരുന്നു. 1985 ൽ ഞാൻ സി.എം.യു.പി സ്ക്കൂളിലെ പ്രധാനഅധ്യാപികയായി വന്നു.1986 ൽ അദ്ദേഹം തൊഴിയൂർ സഭയുടെ മെത്രാപ്പോലീത്തയായി സ്ഥാനാരോഹണം ചെയ്തു. അതേ തുടർന്ന് അധ്യാപക ജോലി രാജിവെച്ചു. എന്നാൽ അതിനു ശേഷം തിരുമേനിയുമായിട്ടുള്ള ബന്ധം തുടർന്നു പോന്നു. പതിവായി കത്തുകൾ അയച്ചും സമയം കിട്ടുമ്പോൾ ഭവനം സന്ദർശിച്ചും തിരുമേനി സ്നേഹ ബന്ധം നിലനിർത്തി പോന്നു. തൊഴിയൂർ സഭയെ കുറിച്ച് 1992 ലും 2009 ലും രണ്ട് പുസ്തകങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പ്രസിദ്ധീകരിച്ചു. ലണ്ടനിൽ നിന്നുള്ള ദൈവശാസ്ത്ര പണ്ഡിതനായ റവ.ഡോ. ജോൺ ഫെൻവിക്ക് ഇന്ത്യ സന്ദർശിച്ചപ്പോൾ അദ്ദേഹത്തെയും കൂട്ടി അഭിവന്ദ്യ തിരുമേനി വീട്ടിൽ വന്നത് ഒരിക്കലും മറക്കുവാൻ കഴിയില്ല. അവരുടെ സന്ദർശനവും

പ്രാർത്ഥനയും ഭവനത്തിലുണ്ടാക്കിയ ആത്മീയ ചൈതന്യം ഒരിക്കലും മറക്കുവാൻ കഴിയാത്തതാണ്.

തിരുമേനി കത്തുകൾ അയയ്ക്കാറുണ്ടായിരുന്നു. എന്ന് മുമ്പ് സുചിപ്പിച്ചിരുന്നല്ലോ. വളരെ ആശ്വാസവും പ്രത്യാശയും നൽകുന്ന ഒരു കത്ത് ലഭിച്ച സന്ദർഭം പ്രത്യേകം എടുത്തുപറയത്തക്കതാണ്. എനിക്ക് കുറേ കാലമായി നടുവിന് വലിയ വേദനയായി കിടപ്പിലായിരുന്നു. ഒന്ന് എഴുന്നേറ്റ് ഇരിക്കുവാൻ പോലും കഴിയാത്ത അവസ്ഥ കഴിയുന്നത്ര അലോപ്പതി ആയുർവ്വേദ ചികിത്സകൾ നടത്തി. ഒരു പ്രയോജനവും ഉണ്ടായില്ല. രോഗം മാരകമല്ലെങ്കിലും വേദനയിൽ നിന്നുള്ള വിടുതൽ ഏറെ കുറേ അസാധ്യമാണെന്ന് ഡോക്ടർമാർ വിധിയെഴുതി. ഞാൻ വളരെ അസ്വസ്ഥയായി. പ്രായകൂടുതലായിരുന്നു പ്രധാനപ്രശ്നം. അവസാനം ഇതിനു പറ്റിയ ചികിത്സ മൈസൂരിൽ ഉണ്ടെന്നറിഞ്ഞു. ഒരു വീൽചെയറിൽ ഇരുത്തി എന്നെ മൈസൂർ ഉള്ള ഡോക്ടറുടെ വസതിയിൽ എത്തിച്ചു. ഞാനനുഭവിച്ച വേദന ഇപ്പോൾ വിവരിക്കുവാൻ കഴിയില്ല. ഡോക്ടർ എന്നെ തറയിൽ കമഴ്ത്തി കിടത്തിയപ്പോൾ വേദനകൊണ്ട് ഞാൻ കർത്താവേ.. .. .. എന്ന് നിലവിളിച്ചു. എന്റെ പ്രാർത്ഥന ദൈവം കേട്ടു. വീൽചെയറിൽ പോയ ഞാൻ പ്രയാസത്തോടെയാണെങ്കിലും സാവകാശം നടന്ന് കാറിൽ കയറി. ഇന്നും സാവകാശം നടക്കുവാൻ കഴിയുന്നു. ദൈവം തന്ന അത്ഭുതകരമായ വിടുതലാണ് എന്നതിനു സംശയമില്ല. ഞാൻ തിരികെ വന്നപ്പോഴാണ് മുമ്പ് പറഞ്ഞ തിരുമേനിയുടെ ആശ്വാസ വചനങ്ങളടങ്ങിയ കത്ത് ലഭിച്ചത്. മോശയുടെ ആവർത്തനപുസ്തകം. 33:27 പറഞ്ഞതുപോലെ ഞാനും പറയുന്നു പുരാതനനായ ദൈവം എന്റെ സങ്കേതം. എന്റെ കീഴെ ദൈവത്തിന്റെ ശാശ്വത ഭുജങ്ങളുണ്ട്.

തിരുമേനിയിൽ നിന്നു ലഭിക്കാറുള്ള കത്തുകളും വീട്ടിൽ വന്ന് പ്രാർത്ഥിക്കുമ്പോഴുള്ള സന്തോഷവും സമാധാനവും എന്റെ ആത്മീയ ജീവിതത്തെ വളരെയധികം പരിപോഷിപ്പിച്ചിട്ടുണ്ട്. മെത്രാപ്പോലീത്തായും വലിയ മെത്രാപ്പോലീത്തയും ആയെങ്കിലും തന്റെ ലാളിത്യത്തിന് ഒരു കുറവും വന്നിട്ടില്ല. അന്തർദേശീയ തലത്തിലേക്കു സഭ വളർത്തപ്പെട്ടത് തിരുമേനിയുടെ കാലത്താണെന്നത് എടുത്തു പറയേണ്ടതാണ്. എല്ലാവരേയും സ്നേഹിക്കുന്ന, കരുതുന്ന അഭിവന്ദ്യ തിരുമേനി മേല്പട്ട സ്ഥാനത്തേക്ക് വന്നിട്ട് ഇരുപത്തിയഞ്ച് വർഷം പൂർത്തിയാകുന്നു. തിരുമേനിയുടെ പ്രവർത്തനങ്ങൾ തൊഴിയൂർ സഭയ്ക്കും ആഗോള ക്രൈസ്തവസഭയ്ക്കും ഒരു മുതൽകൂട്ടു തന്നെയാണെന്നതിന് ഒരു സംശയവുമില്ല. നാളിതുവരെ അനുഭവിച്ച ദൈവീക കൃപകൾ തുടർന്നും തിരുമേനിക്ക് സർവ്വശക്തനായ ദൈവം നൽകട്ടെയെന്നതാണ് എന്റെ പ്രാർത്ഥന. ജീവിതത്തിൽ പ്രയാസങ്ങൾ ഉണ്ടായെങ്കിലും തിരുമേനിയെ ദൈവം അതിൽ നിന്നെല്ലാം വിടുവിച്ചു. ദൈവത്തിനു സ്തോത്രം കരേറ്റാം. രജത ജൂബിലി നിറവിൽ ആയിരിക്കുന്ന അഭിവന്ദ്യ തിരുമേനിക്ക് സുവർണ്ണജൂബിലി ആഘോഷിക്കുന്നതിനു വേണ്ട ആരോഗ്യവും ആയുസ്സും നൽകണമെന്ന് ദൈവത്തോട് പ്രാർത്ഥിക്കാം.

May Merciful Heavenly Father Bless
ur beloved Valiya Thirumeni with His Choicest Graces

Mr. Thomas Punnose & Mrs. Molamma Th
Mol Tiffani , Mol Tessy - USA

“Congratulations

Thirumeni Appacha on Your Silver Jubilee &
Praying That You Will Have Many More Years To Come In His Servi

Roy Koshy & Family
New York

The Memories of a Teacher

Prof. V.P. Balakrishnan
(Retd. Prof. and Head of the Dept. of History, Sreekrishna College, Guruvayoor)

It is twenty five years since His Grace Most Rev. Joseph Mar Koorilose has ascended the sacred pedestal of the Holy Bishopric of the Malabar Independent Syrian Church of Thozhiyur. I am delighted to see that His Grace has lived so long a life fully devoted to religion literally abiding by the spirit and messages of Jesus and thus upholding the great ethical values of the universal Christian religion. I bow my head in gratitude to the God Almighty for giving me the chance to claim at least that I too was one of his teachers, even though my influence upon him may he meagre. His Grace is still serving as a protector and mentor of hundreds and thousands of helpless people. People from all walks of life floak towards the Holy Church of Thozhiyur seeking consolation and remedy for the distresses which they are confronted with in day-to-day life. The common people, therefore, look upon this church as a centre of benovelence and solace rather than pure religious centre for prayer and worship.

Before dealing with the diverse achievements and merits of His Grace it is necessary that I should make mention about the glorious tradition of the Marthoma Church (Malankara) in Kerala. The relation between Christianity and Malabar Coast can be dated as early as the years of the formation of Christian Faith in the Middle East. The first christian church was established at Antioch in Syria in 42A.D. A little later in 52 A.D. St. Thomas, one of the Apostles reached Kerala. He landed at Palayur and it is said that he established seven Churches on the Malabar Coast. The divine spell of St. Thomas was so profound that a large number of local people accepted the new Faith, including the Brahmins the Hindu priests of high families. Eversince the two cultures mingled and enriched each other giving a new vitality to the social and cultural life of Kerala, influencing art literature and customs. Since then, a large number of Christians migrated to Malabar Coast from Syria, Palestine and other parts of the Middle East. The rulers of Kerala were so large hearted that they gladly welcomed these immigrants and provided all freedom for them and granted villages with all their assets to them and also gave financial help to build churches. Religiously the Christians in Malabar were under the Control of the Patriarch of Antioch. Since St. Thomas was the original founder of the Christian faith in India, Churches in Malabar were called Mar Thoma Church. It was in the 16th century that the Western Catholic faith, under the supremacy of the Pope of Rome reached India. St. Francis Xavier of the Jesuit missionary order preached the Catholic faith in India and many from the existing Faith were converted. The arrival of Catholic faith split the Christianity in to Marthoma Christians and Catholic Christians. The Marthoma Christian Continued to be under the control of the Patriarch of Antioch. In the 19th century Marthoma Church of Thozhiyur became an independent church under it's 6th ArchBishop(6th Metropolitan), Joseph Mar Koorilose who was from the same family of 'Alathoor Panakkal' of the jubilarian Valiya Metropoltian and it came to be known as 'The Malabar Independent Syrian Church'. The present Valiya Metropolitan Joseph Mar Koorilose is the 13th Metropolitan of Malabar Independent Syrian Church. It was on 27 August 1986 His Grace Joseph Mar Koorilose took over the august of office of the Arch Bishop of Thozhiyur Independent Syrian Church.

The Original name of His Grace before accepting the Holy orders was Jose. Born to parents of an ordinary family, he had undergone many ordeals in life. He used to tell me in private talks almost many touching experiences that he came across in early life. These experiences include stories of love and hatred, affection and cruelty, selfishness and sacrifices. All these experiences added by a zeal for charity in mind moulded his life with a firm faith in God Almighty and ever flowing mercy for the poor and suffering ones. He imbibed in himself the messages of Jesus and the Apostles as enshrined in the Holy Bible. Since he gaveup the idea of marriage and completely immersed in spiritual contemplation, he was elevated to the most sacred position of Arch Bishop (Metropolitan) at an early age . Once he was placed in the holy position of the Metropolitan, H.G.Mar Joseph Kurilose soon turned to be both a father and mother to the hundreds of ordinary people who floaked to him for advice and relief. The divine lusture that emanates from him conquers the hearts of the visitors. Hundreds of people suffering from the adversities of life, such as poverty, starvation, ailments, insecurity, family problems etc. are receiving much relief at his holy presence. Many poor people in most distressed condition are also directly helped by the church. As a result, the people who have been touched by his holy spell keeps him in their heart with great love and gratitude .

An accidental incident narrated to me by my own relative in Guruvayur throws light to the affectionate nature of the Arch Bishop. She, along with her husband was coming from Colombo to Cochin. His Grace was a Co-traveller in the same flight . With the infant baby in hand, both the husband and wife here hazandously trying to arrange their luggage at the rack of the moving aeroplane . The Arch Bishop who saw the discomfiture of the parents immediately took the baby and placed on his lap. The couple felt innate joy and this incident grew into an intimate relationship between the two. On inquiry His Grace understood that the girl was a relative of mine and it further strengthened their intimacy. Mr. Ramesh Menon the husband of the said girl was then looking for a job in Europe . His Grace assured him that he would get good assignment in Europe. His words became prophetically true; within two months. Mr. Remesh got the job of Software Engineer in Netherland and he is living happily with family there. Mr. Ramesh writes to His Grace seeking his blessing and advice when ever he is in a predicament situation. His Grace still remembers the little girl named Gouri whom he had fondly placed on his lap. I have narrated this incident just to show how humble and common His Grace is. Great lives are such.

My contact with His Grace can be traced back to the days when he was a student of Sree Krishna College, Guruvayur. Noble and self composed in appearance and behaviour. His Grace was distinct from the other students. After passing Pre Degree from Sree Krishna College, His Grace pursued his studies in St. Thomas College as a Deacon , Thrissur for Graduation in History and English combined as main subjects. After taking degree he under went B.Ed. Course as a priest . He joined as a teacher in Thozhiyur St: George's High School under his own church management Eventhough he was an able teacher he had to give up the job soon, as he had to take up a much more sacred and serious duty, ordained by God. In 1986, His Grace was anointed as the 13th Arch Bishop of Thozhiyur with the spiritual title Joseph Mar Koorilose Metropolitan .

In 2003, the old students of Sreekrishna College formed an 'alumni' - old students Association of Sreekrishna College . His Grace was requested to inaugurate it. Many of the old students especially his close class mates including my beloved wife Radha shared the sweet memories of the past student days in the college. As a mark of respect and love to the venerable Bishop, the Old student's Association and the staff of Sree Krishna College presented His Grace a memento in 2004 with the following sentence engraved up on it. "Presented to His Grace Joseph Mar Koorilose The Valiya Metropolitan Bishop , Malabar Independant Syrian Church , Thozhiyur on July 18, 2004 by the old students Association of Sreekrishna College as a mark of respect and love." The staff and students take pride that the institution has produced such a venerable personality.

A little later in 2005 the UGC team of experts called the NAAC (National Accreditation and Accademic Council) visited Sree Krishna College for assessing its-status among the institutions of higher learning. His Grace was specially requested to present himself before the commission. The present Principal of Sree Krishna College Sri. K.M. Ravindranath told me that the meeting of His Grace with the commission was a determining factor in deciding the rank for the college. The principal re-iterated the sentence told by His Grace to the commission. His Grace told the commission, " Had I not been a student of this college, it is doubtful whether I would reach the present position and acquired those qualities that make me what I am." This remark made a deep impression upon the members of the commission and the College was given the covetable rank B++ which many of the well known colleges of Kerala failed to get then .

The meaning of what His Grace said was that, unlike many prestigious colleges of town areas, Sree Krishna College is situated in rural atmosphere and most of the students, coming there belong to lower orders of society. By mingling with them the Honorable Bishop could understand the hard realities of life and the simplicity of human mind that still exist among ordinary people having no pomp or luxury. His Grace learnt the value and dignity of life through the contact with common men .

His Grace Joseph Mar Koorilose Valiya Metropolitan is a living embodiment of rightousness and fervent devotion to God.

His Grace is a true replica of all the great ethical values which the Christian religion stands for. His Grace is humble gentle and very cordial and affectionate towards all and that is why people of all Categories approach him with no reservation in mind.

I fervently Pray God Almighty to give His Grace a peaceful life for many more years to come. Let the Almightly help this reverred spiritual personality to do more and more benefit to the needy and enhance the traditional glory of the great spiritual centre, the Malabar Independence Syrian Church at Thozhiyur.

KRiSP
SREE KRISHNA COLLEGE
OLD STUDENTS ASSOCIATION
18.7.2003
COMPUTER STUDENTS' ASS
Dr:JOHNMATTHAI
KRiSP
A COLLEGE
ASSOCIATION

B.A. Degree -St.Thomas College, Thrissur - 1973-76

സ്വന്തം അനിയന് ഭാവുകങ്ങൾ

ലൂസി ഐയ്പുകുട്ടി, കുന്നംകുളം

ഞങ്ങളുടെ കുടുംബം, അപ്പച്ചൻ, അമ്മ, അപ്പാപ്പൻ, അപ്പമ്മ, വല്ല്യപ്പൻ (അപ്പച്ചന്റെ വിവാഹം കഴിക്കാത്ത ജേഷ്ഠൻ) ഞങ്ങൾ ആറ് പെൺമക്കൾ രണ്ട് ആൺമക്കൾ അടങ്ങിയ ഒരു കൂട്ടുകുടുംബമായിരുന്നു. മൂത്തവളായ എനിക്കുതാഴെ പിറന്ന മൂന്നു സഹോദരിമാരും കുഞ്ഞുനാളിലേ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. എന്നെ ഇന്നുവരേക്കും പെങ്ങൾ എന്നുമാത്രം വിളിച്ചിട്ടുള്ള ഏഴുവയസിനുതാഴെയുള്ള സഹോദരൻ ജോസ്മോൻ (ഇന്നത്തെവലിയതിരുമേനി) അപ്പച്ചൻ വിവാഹത്തിനുമുന്നെ എടുത്തിരുന്ന വാഗ്ദാനമനുസരിച്ച് ഒരു വൈദീകനാകുമെന്നേ ഞങ്ങൾ കരുതിയിരുന്നുള്ളൂ. ദൈവീക നിശ്ചയപ്രകാരം സഭയുടെ ഏറ്റവും വലിയസ്ഥാനമായ മെത്രാപോലീത്തയായി നീണ്ട ഇരുപത്തഞ്ചുവർഷം പിന്നിടുന്ന ഈ അവസരം, എളിയവരായ ഞങ്ങളുടെ കുടുംബ കൂട്ടായ്മയെ ലോകം മുഴുവൻ അറിവാൻ ഈ സഹോദരന്റെ പ്രാർത്ഥനാപൂർവ്വമായ വളർച്ചയിലൂടെ ഇടയായതിൽ ദൈവത്തെസ്തുതിക്കുകയും, കുടുംബത്തിലെ പൂർവികരായ രണ്ടു അഭിവന്ദ്യ തിരുമേനിമാരുടേയും വാത്സല്യമാതാപിതാക്കളുടേയും പാവനസ്മരണക്കുമുമ്പിൽ ആദാരാഞ്ജലികൾ അർപ്പിച്ച് സന്തോഷിക്കുകയും ചെയ്യുന്നു. നാലു പെൺകുഞ്ഞുങ്ങൾ ഉണ്ടായതിനുശേഷമുണ്ടായ ജോസ്മോൻ സ്വന്തം വീട്ടിലുള്ളവരുടെ സ്നേഹാദരവും, അതിലും കുറയാത്ത ഞങ്ങളുടെ അയൽ വീട്ടിലുള്ളവരുടെ കരുതലും അനുഭവിച്ച് വളർന്നു. ആ വീട്ടിലെ മൂന്നു മക്കളിൽ മൂത്തവരായ രണ്ടുപേരും ഈ സഹോദരന് വല്ല്യേട്ടനും (സിനിമാ പിന്നണി ഗായകൻ കെ. സി. വർഗ്ഗീസ്) കൊച്ചേട്ടനും (മുൻ മുൻസിപ്പൽചെയർമാൻ കെ. സി. ബാബു) ആയിരുന്നു. ആ വാത്സല്യം അവർ തിരിച്ചും നൽകി. അവരുടെ അമ്മിച്ചി ഞങ്ങൾക്കും അമ്മച്ചി തന്നെയായിരുന്നുവെന്നുപറഞ്ഞാൽ, വാക്കുകളല്ല അതൊരു അവാച്യമായ മാതൃസ്നേഹം തന്നെയായിരുന്നു. കുഞ്ഞുനാളു മുതൽക്കേ അവരുടെ ഇളയമകൾ അമ്മുവിനോടൊപ്പം ഏകദേശം അടുത്ത പ്രായക്കാരനായിരുന്ന ഈ സഹോദരൻ പലപ്പോഴും പ്രാതൽ കഴിച്ചിരുന്നു എന്നത്, സ്വന്തം അമ്മയെ പോലെ തന്നെ അമ്മച്ചിയും വലിയ സ്നേഹം ഞങ്ങൾക്കെല്ലാവർക്കും പ്രത്യേകിച്ച് വൈദീകനാകാൻ ഒരുക്കപ്പെട്ട ഈ കുഞ്ഞു ജോസുമോനും നൽകിയെന്നത് വളരെ സന്തോഷപൂർവ്വം സ്മരിക്കുന്നു. ഞങ്ങളുടെ സ്നേഹനിധിയായ അമ്മ ഞങ്ങളിൽനിന്നും വാങ്ങിപ്പോയിട്ടും, മെത്രാച്ചന്റെ സ്ഥാനം വഹിച്ചുകൊണ്ടിരുന്ന ഈ സഹോദരൻ ഓരോ വിദേശയാത്രക്കു ഒരുങ്ങിപോകുമ്പോഴും, അതു കഴിഞ്ഞ് മടങ്ങിവരുമ്പോഴും, വിദേശികളൊത്ത് കുടുംബവീട്ടിൽ വരുമ്പോഴും സ്വന്തം അമ്മയുടെ സ്നേഹം നുകരുന്ന പോലെ തന്നെ അമ്മച്ചിയുടെ ഭവനത്തിലും പോയിരുന്നത് ഞങ്ങളിൽ അല്പം അസൂയയും (ഞങ്ങൾക്കതുപോലെ അമ്മച്ചിയുടെ അടുത്ത് പോകാനൊക്കുന്നില്ലല്ലോ എന്നത്) ഉളവാക്കിയിട്ടുണ്ട്.

മുതിർന്നവരെ ആദരിക്കണം, ബഹുമാനിക്കണം അവരോട് ശബ്ദം ഉയർത്താതെ സംസാരിക്കണം എന്ന കാര്യത്തിൽ ഞങ്ങളുടെ, മുൻ പട്ടാളക്കാരനായിരുന്ന അപ്പച്ചന് നിർബന്ധമുണ്ടായിരുന്നു. ചെറിയപ്രായത്തിൽ രണ്ടാംക്ലാസ്സിൽ പഠിച്ചിരുന്ന തിരുമേനിക്കുണ്ടായ ഒരു തിക്താനുഭവം വിവരിക്കട്ടെ. പതിവുപോലെ രാവിലെ ഉമ്മറത്ത് ഇരുന്ന് സ്ക്കൂളിലേക്കുള്ളപാഠഭാഗങ്ങൾ എഴുതുകയും വായിക്കുകയും ചെയ്യുകയായിരുന്നു. ഞങ്ങളുടെ വീട്ടിൽനിന്ന് കുറച്ചകലെ താമസിച്ചിരുന്ന അപ്പച്ചനേക്കാൾ പ്രായമുള്ള ഒരാൾ വന്ന് റെയിൽവെയിൽ ജോലിയുള്ള ഇയ്യുവിന്റെ വീടേതാണെന്ന് ചോദിച്ചു. ഇരുന്നിടത്ത് നിന്ന് എഴുനേൽക്കാതെ അല്പം മുന്നോട്ട് നിരങ്ങിക്കൊണ്ട് തിരുമേനി കൈചൂണ്ടി വീടുകാണിച്ചുകൊടുത്ത് വായനതുടർന്നു. നിമിഷങ്ങൾക്കുള്ളിൽ

കുനിഞ്ഞിരുന്ന് വായിച്ചുകൊണ്ടിരുന്ന അനുജന്റെ പുറകിൽ കുറച്ചു ഈർക്കിൽകൊണ്ട് വേദനയുള്ള ഒരു അടി വീണു. ഒന്നും മനസ്സിലാകാതെ എഴുന്നേറ്റപ്പോൾ ദ്വേഷ്യം പൂണ്ട അപ്പച്ചൻ കയ്യിൽ ഈർക്കിളി (അകം അടിച്ചുവാരുന്ന ചൂൽകെട്ടിയുണ്ടാക്കുന്ന തെങ്ങോലയിൽനിന്നുള്ളത്) കൾ പിടിച്ചുനിൽക്കുന്നു കാര്യം മനസ്സിലാകാതെ പകച്ചുനിന്ന തിരുമേനിയോട് അപ്പച്ചൻ "അപ്പനേക്കാൾ പ്രായക്കൂടുതലുള്ള ഒരാൾ വന്ന് ചോദിച്ചപ്പോൾ ഇരുന്നിടത്ത് നിന്ന് എഴുനേൽക്കാതെ നിരങ്ങി നീങ്ങിക്കൊണ്ട് കൈചൂണ്ടി വീടുകാണിച്ചുകൊടുത്തത് തെറ്റാണ്. തന്നേക്കാൾ മുതിർന്നവർ ആരായാലും എന്തെങ്കിലും ചോദിച്ചാൽ ഇരുന്നിടത്തുനിന്ന് എണീറ്റു നിന്ന് ഉത്തരം പറയാൻ മേലിൽ ശ്രദ്ധിക്കാനാണിത്" അത് ഇപ്പോഴും പാലിക്കാൻ തിരുമേനിക്കാവുകയും, മറ്റുള്ളവരോട് അതു അനുവർത്തിക്കാൻ ആവശ്യപ്പെടുന്നത് ഞങ്ങൾക്കു അറിയാവുന്ന ഒരു കാര്യവുമാണ്. ചെറിയ പ്രായത്തിൽ വളരെ കുറച്ചുമാത്രമേ സംസാരിച്ചിരുന്നുള്ളൂ. കൂട്ടുകാരും ഏറെയില്ലായിരുന്നു. ആറു വർഷം ശെമ്മശ്ശനായിരുന്ന് ഇരുപത്തിനാലു വയസ്സ് തികയുന്നതിന് മുമ്പ് കശ്ശീശ്ശ പട്ടം നൽകാൻ മെത്രാച്ചൻ തീരുമാനിച്ച വിവരം അറിഞ്ഞ് 'ആരോടും അധികം സംസാരിക്കാത്ത മോൻ പുരോഹിതാനായാൽ എങ്ങിനെഇടവകയിൽ പ്രവർത്തിക്കാനൊക്കും' എന്ന സംശയം അമ്മയോട് പറഞ്ഞപ്പോൾ അമ്മയുടെ മറുപടി "ഇസ്രായേൽ ജനത്തിന് നായകനാവാൻ വാക് സാമർത്ഥ്യമില്ലാത്തവനും, തടിച്ചനാവുള്ളവനും, വിക്കനുമായ മോശയെ അല്ലേ? ദൈവം തിരഞ്ഞെടുത്തത് എന്നായിരുന്നു" നീണ്ട ഇരുപത്തഞ്ചുവർഷങ്ങൾ എന്തെല്ലാം പ്രവർത്തിച്ചു? എത്രയൊക്കെ വിദേശങ്ങളിൽ സഞ്ചരിച്ചു ? ആ അമ്മ, ഭാഷയറിയാത്ത മോന്റെ കൂടെവന്ന എത്രായൊക്കെ വിദേശികൾക്ക് ഭക്ഷണം നൽകി തൃപ്തിപെട്ടു? തിരുമേനിക്ക് ഒമ്പതു വയസ്സ് തികയുന്നതിനുമുമ്പാണ് എന്റെ വിവാഹം എന്റെ ഭർത്താവിനെ അളിയൻ എന്നു വിളിക്കുമായിരുന്നു. അളിയന് മരണം വരേയും തിരുമേനിയെ വളരെ കാര്യമായിരുന്നു. വൈദീകനായശേഷം B.Ed ന് പോകാനുള്ള ആഗ്രഹം അപ്പച്ചനെകൊണ്ട് സാധിപ്പിച്ചു കൊടുത്തതിന്റെ പിറകിലും അളിയന്റെ പ്രോത്സാഹനമുണ്ടായിരുന്നു. അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് തിരുമേനിയുടെ കാലത്ത് 1981 ൽ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തുവെന്ന് അറിഞ്ഞപ്പോൾ തന്നെ സ്നേഹവാനായ അളിയൻ ഒരുവലിയകാര്യം മനസ്സിൽ കുറിച്ചു വെച്ചു. പട്ടത്വശുശ്രൂഷയുടെ കാര്യങ്ങൾ പള്ളിക്കാർ ക്രമീകരിച്ചാൽമതി. ബാക്കി കാര്യങ്ങൾ എല്ലാം ചെയ്യുവാൻ ഞാൻ തീരുമാനമെടുത്തിട്ടുണ്ട് എന്ന് എന്നോടു പറഞ്ഞു. എന്താണ് കാര്യങ്ങൾ ? അതൊന്നും ആദ്യംവെളുപ്പെടുത്തിയില്ല. അഞ്ചു വർഷങ്ങൾക്കു ശേഷം മെത്രാൻസ്ഥാനാരോഹണ സമയത്ത് മനസ്സു തുറന്നു. ആ സ്ഥാനാരോഹണശുശ്രൂഷയിൽ ക്ഷണിക്കപ്പെട്ട് സംബന്ധിക്കുന്ന (നാലായിരത്തിനുമുകളിലായിരുന്നു എണ്ണം എന്ന് പിന്നീടാണ് ഞങ്ങൾ മനസ്സിലാക്കുന്നത്) മുഴുവൻപേർക്കും വിഭവസമൃദ്ധമായ സദ്യ അളിയൻ തന്നെ സ്വന്തചിലവിൽ തിരുമേനിയോടുള്ള വാത്സല്യാതിരേകത്താൽ ക്രമീകരിച്ചു.

വൈദീകരെക്കൂട്ടികൊണ്ടുള്ള ആദ്യകാല വിദേശയാത്രകൾക്കു ക്ഷണം കിട്ടുമ്പോൾ തിരുമേനി ഞങ്ങളുടെ ഭവനത്തിൽ സൗഹൃസന്ദർശനത്തിന് എത്തും. യാത്രാ ഉദ്ദേശത്തെക്കുറിച്ചുപറയുന്ന തിരുമേനിയുടെ മനസ്സറിയുന്ന അളിയൻ തിരുമേനിയോടുചോദിക്കും രണ്ടു വിമാനടിക്കറ്റിന് എന്തുവരും, രണ്ടുപേർക്ക് കൊണ്ടു പോകാനുള്ള ഡോളറിന് എത്ര രൂപവരും? ഇതു കേൾക്കാൻ തന്നെയായിരുന്നു വല്യാങ്ങളയുടെ ഈ സന്ദർശനം എന്ന് പലപ്പോഴും ഞാൻ മനസ്സിൽ പറയുമായിരുന്നു. യാത്രകഴിഞ്ഞ് വരുമ്പോൾ പേനയോ മിഠായിയോ അളിയനും പെങ്ങൾക്കും മക്കൾക്കും കിട്ടും. ആവശ്യങ്ങൾക്കുമുമ്പാകെ തുറന്നമനസ്സോടെ ആവർത്തിച്ചു ചോദിക്കാനിടവരുത്താതെ അഭിവന്ദ്യതിരുമേനിയെ ആ മഹത്വത്തിൽ തന്നെകണ്ട് ആദരിച്ച എന്റെ ഭർത്താവിന്റെ നിസ്വാർത്ഥമായ പുണ്യകർമ്മങ്ങളാൽ തിരുമേനിയുടെ പെങ്ങളായ എനിക്കും, അളിയനും മക്കൾക്കും ഇപ്പോൾ അവരുടെ മക്കൾക്കും ദൈവം തമ്പുരാൻ സ്വർഗ്ഗത്തിന്റെ കിളിവാതിലുകൾ തുറന്ന് അനുഗ്രഹങ്ങളെ ചൊരിഞ്ഞുതന്നത് നന്ദിയോടെ സ്മരിക്കുന്നു. ഇന്ന് ഞങ്ങളുടെ സർവസ്വവുമായ സഹോദരൻ, തിരുമേനി ഞങ്ങളുടെയാരുടേയും സഹായമില്ലാതെ തന്നെ ഉത്തരോത്തരം ഉയരങ്ങളിലേക്കുയരുന്നതിൽ സന്തോഷിക്കുകയും ആയതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അളിയന്റെ സമാധാനത്തിനായി പ്രാർത്ഥന നടത്തിക്കൊണ്ടിരുന്ന തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ തന്നെ ഈ ലോകയാത്ര അവസാനിപ്പിച്ച് തന്റെ സമാധാനഭവനത്തിലേക്ക് കടന്നുപോയ തിരുമേനിയുടെ അളിയനും ആ സാക്ഷികളുടെ സമൂഹത്തോട് ചേർന്ന് ഈ ജൂബിലി വേളയിൽ സന്തോഷിക്കുന്നുണ്ടാവാം. ദൈവത്തെ സ്തുതിക്കുന്നുണ്ടാവാം. വിദേശയാത്രകളിൽ തിരുമേനിയെ കരുതുന്നവരും, സഭയ്ക്ക് നന്മകൾ ചെയ്യുന്നവരുമായ വിദേശികൾ അരമനയിൽ എത്തുമ്പോഴൊക്കെ ഭക്ഷണത്തിനായി ഞങ്ങളുടെ ഭവനത്തിലേക്ക് കൊണ്ടുവരുന്നതും, താമസിപ്പിക്കാനുള്ളവരെ താമസിപ്പിക്കാനും ഞങ്ങൾക്ക് ലഭിച്ച അസുലഭ സന്ദർഭങ്ങൾമൂലം പല വിദേശ കുടുംബങ്ങളുമായി സ്നേഹബന്ധം പുലർത്തുന്നതിനായി ഇടയായിട്ടുണ്ട്.

മെത്രാച്ചനായി സ്ഥാനാരോഹണം ചെയ്തതിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ സ്നേഹനിധിയായ സഹോദരന് ആയുസ്സും, ആരോഗ്യവും, സമാധാനവും ദൈവകൃപയാൽ ലഭിക്കട്ടെയെന്ന് ഈ സ്വന്തം പെങ്ങളും പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു.

സ്വന്തം പെങ്ങൾ

മേല്പട്ടത്വ സ്ഥാനത്ത് 25 വർഷം പൂർത്തിയാക്കുന്ന
ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്തയ്ക്ക്
പ്രാർത്ഥനാശംസകൾ നേരുന്നു!!

സ്നേഹാശംസകളോടെ....

ശ്രീ. ബാബു & ശ്രീമതി. മിനി ബാബു
മേരി ആൻ, മിനു, അനു. - അയിരൂർ

Best Wishes....

Mr. Idikkula Philip (Biju) & Mrs. Ramani Idikkula
Arun, Asha Mariam, Hanna - Bangalore

ഓർമ്മയിൽ നിന്ന്.......

എം.ഐ. കുഞ്ഞപ്പൻ, മണ്ടുംപാൽ, കുന്നംകുളം

ഒരു ദിവസം വലിയ തിരുമേനിയെ കാണുവാൻ ഞാൻ അഞ്ഞൂര് പള്ളിയിൽ ചെന്ന് അരമനയിൽ കയറി തിരുകരം മുത്തി. സ്വയസിദ്ധമായ പുഞ്ചിരിയോടെ തിരുമേനി പറഞ്ഞു: "കുഞ്ഞപ്പേട്ടൻ ഇരിക്കു".

മുഖവുര ഒന്നും തന്നെയില്ലാതെ കഴിഞ്ഞ ദിവസങ്ങളിൽ കുന്നത്തെ പള്ളിയിൽ നടന്ന ഉപവാസ പ്രാർത്ഥനയുടെ അനുഭവങ്ങളെ തിരുമേനി പങ്കിട്ടു. ഞാനും അതിൽ പങ്കാളിയായി. സമയം പോയതറിഞ്ഞില്ല. തുടർന്നു മറ്റൊരു വിഷയം തിരുമേനി എന്റെ മുമ്പിലേക്ക് ഇട്ടു തന്നു. എനിക്ക് തിരുമേനിയായി പട്ടം കിട്ടിയതിന്റെ 25-ാം വാർഷികമാണ് അടുത്ത ആഗസ്റ്റിൽ എന്നു പറഞ്ഞു. ഞാൻ വീണ്ടും കൈമുത്തി യാത്ര പറഞ്ഞ് കോണിപ്പടികൾ ഇറങ്ങി.

നീണ്ട 25 വർഷങ്ങൾ പിന്നിട്ടു എന്ന് കേട്ടപ്പോൾ ഞാൻ എന്റെ ഓർമ്മകളുടെ ചെപ്പ് തുറന്നുനോക്കി.

എന്റെ പിതാവിന്റെ മരണശേഷം ഞാൻ വളർന്നതും പഠിച്ചതും എന്റെ അമ്മവീട്ടിൽ നിന്നായിരുന്നു. എന്റെ അച്ചാച്ചൻ വിവാഹം കഴിച്ചിരുന്നത് തിരുമേനിയുടെ അമ്മയുടെ സഹോദരിയെ ആയിരുന്നു. അവിടെ നടക്കുന്ന വിശേഷങ്ങളിൽ ജോസുകുട്ടി(തിരുമേനി) മുണ്ടും ഷർട്ടും ധരിച്ച് നടന്നു വന്നിരുന്നത് ഞാൻ ഇന്നും ഓർക്കുകയാണ്.

പിന്നീട് ഞാൻ മാതൃഭവനത്തിൽനിന്നും താമസം മാറ്റിയത് തിരുമേനിയുടെ അടുത്തുള്ള ഭവനത്തിലേക്കായിരുന്നു. ആ നാളുകളിൽ ജോസുകുട്ടിയും എന്റെ സഹോദരൻ സൈമനും കൂടി തൊഴിയൂർ പള്ളിയിലേക്ക് ഞായറാഴ്ച ദിവസങ്ങളിൽ മദ്ബഹാ ശുശ്രുഷയ്ക്ക് പോയിക്കൊണ്ടിരുന്നത് ഇന്നും ഞാൻ ഓർക്കുന്നു, ഇന്നെന്നെപോലെ.

ജോസു കുട്ടി ശെമ്മാശനായി, അച്ചനായി, അധ്യാപകനായി. ഞാനും വളർന്നു. കുടുംബജീവിതത്തിലേക്ക് പ്രവേശിപ്പാൻ എന്നെ അനുഗ്രഹിച്ചു. ഞാൻ വീണ്ടും അഞ്ഞൂർ റോഡിൽ വീട് വാങ്ങി താമസം ആരംഭിച്ചു. അന്നാളുകളിൽ ഒരു പുഞ്ചിരിയോടെ ടൂവീലറിൽ ഇരുന്ന് തലചെരിച്ച് ബഹുമാനപൂർവ്വം നോക്കുന്നതും മനസ്സിൽ ഇന്നും മായാതെ നിൽക്കുന്നു. അത് മറക്കാൻ സാധിക്കില്ല.

കാലങ്ങൾ പിന്നേയും പിന്നിട്ടു. ഞാൻ പിതാവായി, മക്കളായി, മരുമക്കളായി, കൊച്ചുമക്കളേയും ദൈവം എനിക്ക് നൽകി. കാലത്തിന്റെ സമയമാം രഥങ്ങളിൽ സഞ്ചാരം തുടർന്നുകൊണ്ടിരുന്നു.

ജോസുകുട്ടി എന്ന് വിളിച്ചിരുന്ന ജോസച്ചൻ തിരുമേനിയായി. അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് തിരുമേനി.

ഞാൻ നാട്ടിൽ സ്ഥിരതാമസമാക്കിയതോടുകൂടി ക്രിസ്ത്യൻ യൂത്ത്ലീഗിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയാവാൻ തിരുമേനിയോട് ചേർന്നുകൊണ്ട് സാധിച്ചു. അന്ന് അച്ചന്റെ വാഹനത്തിന്റെ പിന്നിൽ മറ്റൊരു സഹോദരനേയും ചേർത്ത് ഇരുത്തികൊണ്ട് സഭയിൽ ഭവന സന്ദർശനങ്ങളും പ്രാർത്ഥനകളും നടത്തി വന്നിരുന്നു. പാവപ്പെട്ടവർക്ക് തയ്യൽ മെഷീൻ സൗജന്യ നിരക്കിൽ പഠിപ്പിക്കുന്നതിന് സംഭാവനയ്ക്കായി സണ്ണി അച്ചനോടും (അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ്)

ചേർന്ന് പ്രവർത്തിച്ചത് ഞാൻ ഇന്നും ഓർക്കുന്നു. ഞാൻ പുതിയതായി തുടങ്ങിയ കടയിൽ രണ്ടു പേരും കൂടിവന്ന് പ്രാർത്ഥിച്ചത് ഇന്നും എന്റെ സ്മരണമണ്ഡലത്തിൽ മായാതെ നിൽക്കുന്നു. യഹോവയെ മാനിക്കുന്നവനെ യഹോവ മാനിക്കുന്നു. ഇന്ന് തൊഴിയൂർ സഭയ്ക്ക് പുതിയ നാഴികകല്ലുകൾ നാട്ടികൊണ്ട് പ്രസ്തുത സഭയെ സുവിശേഷപരമായും സഭാപരമായും ലോകത്തിന്റെ നെറുകയിലേക്ക് വളർത്തിവലുതാക്കുവാൻ സാധിച്ചത് ദൈവകൃപ ഒന്നുകൊണ്ടുമാത്രമാണ്.

വർഷങ്ങൾ പലതും പിന്നേയും പിന്നിട്ടു. ഞാൻ എന്റെ വീണ്ടെടുപ്പുകാരനായ യേശുവിനെകണ്ടുമുട്ടി. എനിക്ക് സുവിശേഷ വേലയിൽ താല്പര്യമുണ്ടെന്ന് കണ്ടറിഞ്ഞ തിരുമേനി അതിനായി എന്നെ പ്രോത്സാഹിപ്പിച്ചു. ആ പ്രോത്സാഹനം ഇന്നും എന്നെ ശക്തീകരിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ഏതാനും മാസങ്ങൾക്കു മുമ്പ് സുവിശേഷ വേലയോടുള്ള ബന്ധത്തിൽ വിശുദ്ധ നാട് (യെരുശലേം) സന്ദർശിക്കുവാൻ ദൈവം എനിക്ക് അവസരം ഒരുക്കിത്തന്നു. എന്റെ സഹപ്രവർത്തകരായിരുന്ന രണ്ടു തിരുമേനിമാരേയും കണ്ട് യാത്ര പറഞ്ഞു.

എന്റെ മടക്കയാത്രയിൽ ഞാൻ ദുബായിയിൽ ഇറങ്ങി സഹോദരനെ കാണുവാൻ ആഗ്രഹിക്കുന്നെന്നു വലിയ തിരുമേനിയോട് പറഞ്ഞപ്പോൾ ഞാനും ആ ദിവസങ്ങളിൽ ദുബായിയിൽ ഉണ്ടായിരിക്കുമെന്ന് പറഞ്ഞു.

ദൈവം അനുവദിച്ച ദിവസങ്ങളിൽ വിശുദ്ധനാടുകൾ സന്ദർശിച്ചു. ദുബായിയിൽ വെച്ച് കണ്ടു മുട്ടി. ദുബായിലെയും ഷാർജയിലെയും പല ദേവാലയങ്ങളിലും പ്രാർത്ഥനാ ഗ്രൂപ്പുകളിലും ഭവന സന്ദർശനങ്ങളിലും തിരുമേനിയോടൊപ്പം പങ്കെടുക്കുവാൻ സാധിച്ചത് ഇന്നും ഓർമ്മയിൽ സൂക്ഷിക്കുന്നു.

മറ്റൊരു സംഭവം ഞാൻ ഓർക്കുകയാണ്. എറണാകുളത്ത് ഒരു ഭവനത്തിൽ മരിച്ച സഹോദരനെ കണ്ട് പ്രാർത്ഥിച്ച് മടങ്ങിവരുമ്പോൾ കാറിലിരുന്ന് പഴയകാല ഓർമ്മകൾ പങ്കിട്ടുകൊണ്ടിരുന്നു. ചാലക്കുടിയിൽ വെച്ച് ചായകുടിക്കണം എന്നുള്ള ആഗ്രഹം അറിയിച്ചപ്പോൾ വഴിയോരത്തു കണ്ട തട്ടുകടയിൽ നിന്ന് ചായ കുടിക്കുവാൻ കാറ് റോഡിന്റെ സൈഡിൽ പാർക്ക് ചെയ്തു. ഗ്ലാസ്സ് കയറ്റി ചായയും കപ്പയും കഴിച്ചതും ഇന്നും ഓർമ്മയിൽ മായാതെ മറയാതെ തങ്ങി നിൽക്കുന്നു.

മറ്റൊരു ദിവസം എന്റെ ഭവനത്തിൽ വന്ന് പ്രാർത്ഥിച്ച് ഇറങ്ങുമ്പോൾ അടുത്തുള്ള ഭവനത്തിൽ ഒരു ഹൈന്ദവ സഹോദരൻ അത്യാസന്നനായി കിടക്കുന്നെന്ന് അറിയിച്ചപ്പോൾ കൂടെയുണ്ടായിരുന്ന വടക്കനച്ചനേയും കൂട്ടി പോയി പ്രാർത്ഥിച്ചത് മനസ്സിന്റെ മാറാലയെ തട്ടിനീക്കിയപ്പോൾ കാണാൻ കഴിഞ്ഞു. മറ്റുള്ളവരെ ആശ്വസിപ്പിക്കുവാൻ കഴിഞ്ഞിരുന്നത് കർത്താവിന്റെ സ്നേഹത്തിന്റെ കാരുണ്യം മാത്രമാണെന്ന് തിരുമേനിയിലൂടെ കാണുവാൻ സാധിക്കുന്നത് മറ്റൊരു സവിശേഷതയാണ്.

ദുബായിയിലുള്ള ഒരു ഭവനത്തിലേക്ക് തിരുമേനിയേയും എന്നേയും ക്ഷണിച്ചിരുന്നു. ഞങ്ങൾ അവിടെ പോയി അവരോടൊന്നിച്ച് ഒന്നരമണിക്കൂർ ചെലവഴിക്കുമ്പോൾ അവിടെ ഉണ്ടായിരുന്ന ജീവിതത്തിന്റെനാനാതുറകളിൽ ഉള്ള സഹോദരി സഹോദരന്മാരോട് ക്ഷേമാന്വേഷണങ്ങൾ നടത്തുകയും ആവശ്യമായ ആശ്വാസവചനങ്ങൾ അവർക്ക് നൽകുകയും ചെയ്തിരുന്നു.

പിറ്റെ ദിവസം അവിടെയുള്ള ദേവാലയത്തിൽ വിശുദ്ധ കുർബ്ബാനയിൽ സംബന്ധിച്ചപ്പോൾ 'ഞങ്ങളോടൊത്ത് ഇത്രയും സമയം ചെലവഴിച്ച ഒരു തിരുമേനിയേയും ഇതിനുമുമ്പ് കണ്ടിട്ടില്ല എന്നും ഓരോരുത്തരുടേയും ജീവിത സാഹചര്യങ്ങളേയും ചോദിച്ചറിഞ്ഞ് അതിനോട് സഹകരിക്കുന്ന, പ്രതികരിക്കുന്ന ഒരു പുരോഹിത ശ്രേഷ്ഠനെ എങ്ങിനെമറക്കുവാൻ സാധിക്കും' എന്നു കൂടി അവർ പറഞ്ഞതും ഞാൻ ഓർക്കുന്നു.

വർഷങ്ങൾ പലതും കടന്നുപോയി. തിരുമേനി നടന്നു നീങ്ങിയ വഴികൾ പിന്നിട്ട പ്രവർത്തനമണ്ഡലങ്ങൾ ഉറച്ചു നിന്നു. നിന്നതല്ല പാട്ടുകാരൻ പാടിയതുപോലെ ... .

നിന്നതല്ല നാം ദൈവം നമ്മെ നിർത്തിയതാ
നേടിയതല്ലാ ദൈവം എല്ലാം തന്നതല്ലേ

വർഷങ്ങൾക്കു മുമ്പ് ഈ ഭൂമുഖത്ത് യാത്രപറഞ്ഞ് പിരിയുമെന്ന് കരുതിയിരുന്ന നിമിഷങ്ങൾ ഹോസ്പിറ്റലിൽ ഐ സി യു വിൽ ഏകനായി കിടക്കുമ്പോൾ ആ ഞായറാഴ്ച തിരുമേനി അർപ്പിക്കേണ്ട കുർബ്ബാന മുടക്കം വരാതിരിപ്പാൻ ആ പള്ളിയിൽ ചെന്ന് അവിടെയുള്ള ദൈവമക്കളോടൊന്നിച്ച് ബലഹീനനായ അടിയൻ കണ്ണുനീരോടുകൂടി പ്രാർത്ഥിച്ചത് ഇന്നും ഞാൻ ഓർക്കുകയാണ്. ശലമോനോട് ദൈവം പറഞ്ഞ പ്രകാരം... ... ഈ സ്ഥലത്തു കഴിക്കുന്ന പ്രാർത്ഥനയ്ക്ക് കണ്ണു തുറന്നിരിക്കുകയും ചെവി ചായ്ക്കുകയും ചെയ്യുമെന്ന് പറഞ്ഞ വാഗ്ദത്ത വചനങ്ങൾ ദൈവം നിറവേറ്റുകയും ചെയ്തത് ഞാൻ ഓർക്കുന്നു.

തുടർന്നും വളരെയേറെ ദൈവകൃപയോടുകൂടെ ഈ പരിശുദ്ധസഭയെ ഭരിക്കുവാൻ വിശ്വാസികളാകുന്ന ആട്ടിൻപറ്റത്തെ നയിക്കുവാൻ പരിശുദ്ധാത്മാശക്തിയും ആത്മീയ ദർശനവും തുടർന്നും സ്വർഗ്ഗത്തിലെ ദൈവം നൽകി അഭിവന്ദ്യ കുറിലോസ് തിരുമേനിയെ അനുഗ്രഹിക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ടും ആശംസിച്ചുകൊണ്ടും...

കർത്താവിൽ എളിയ ദാസൻ

എം.ഐ. കുഞ്ഞപ്പൻ, മണ്ടുംപാൽ, കുന്നംകുളം

LAMBETH CONFERENCE-1998



അനശ്വരബന്ധത്തിന്റെ സൗഹൃദസ്മരണകൾ

റവ. ജോർജ് മാത്യു;
ചായൽ മാർത്തോമ്മാ ചർച്ച്, അയിരുർ, പത്തനംതിട്ട.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ അഭിവന്ദ്യ ജോസഫ് മാർ കുറിലോസ് വലിയമെത്രാപ്പോലീത്ത, മിശിഹായുടെ തിരുശരീരമാകുന്ന സഭയിൽ കലവറസ്ഥാനത്തിന്റെ ചുമതലക്കാരനായി സർവ്വശക്തനായ ദൈവം ഉയർത്തിയതിന്റെ ജൂബിലി കൊണ്ടാടുന്ന ഈ അവസരത്തിൽ പരമ കാരുണികനായ ദൈവത്തിന് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. ആരുടെ ഇടയിൽ ശുശ്രൂഷ നിറവേറ്റിയോ, അവർക്ക് തിരുമേനിയോട് സ്നേഹാദരവുകളും ആശംസകളും അർപ്പിക്കുന്നതിന് ഒരു സ്മരണിക പ്രകാശനം ചെയ്യുന്നു എന്ന് അറിയുന്നതിൽ വളരെ സന്തോഷം.

ജൂബിലേറിയൻ തിരുമേനിക്ക് ഹൃദയം നിറഞ്ഞ അനുമോദനങ്ങളും ആശംസകളും മുമ്പെ അറിയിക്കട്ടെ. തികച്ചും ഭാഗ്യകരമായ അനുഭവം. മേല്പട്ടസ്ഥാനത്ത് 25 സംവത്സരങ്ങൾ തിരുമേനിയുടെ ജീവിതത്തേയും, പ്രവർത്തനങ്ങളേയും സേവനങ്ങളേയും ഓർക്കുവാനും വരും തലമുറയ്ക്ക് അതൊരു മാർഗ്ഗരേഖയായി സൂക്ഷിപ്പാനും സ്മരണിക സഹായകരമായിത്തീരട്ടെ എന്നും പ്രാർത്ഥിക്കുന്നു.

1986 ആഗസ്റ്റ് 27ന് അഭിവന്ദ്യ അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തയാൽ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 13-ാമത് മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ട തിരുമേനി അനുകരണീയമായ ഒരു ജീവിത ശൈലിയുടെ ഉടമയാണ്. 1972 മാർച്ച് 5 ന് ശെമാശ്ശനായും 1978 മാർച്ച് 1ന് കശ്ശീശ ആയും പട്ടം കെട്ടപ്പെട്ട തിരുമേനി 1980 ജനുവരി 8ന് തൊഴിയൂർ സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിൽ ഒരു അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു.

പാരമ്പര്യമുള്ള കുടുംബം

തൊഴിയൂർ സഭയ്ക്ക് 1857 ലും 1917ലും മേല്പട്ടക്കാരെ കൊടുത്ത കുന്നംകുളം ആലത്തൂരെ പനയ്ക്കൽ കുടുംബത്തിൽ 1954 നവംബർ 26ന് തിരുമേനി ജനിച്ചു. 1917- 27 വരെ തൊഴിയൂർ സഭയിലെ സഫ്രഗൻ മെത്രാപ്പോലീത്ത ആയിരുന്ന ആലത്തൂർ പനയക്കൽ പൗലോസ് മാർ അത്തനാസ്യോസിന്റെ സഹോദരപൗത്രനാണ് തിരുമേനി. സിംഹാസനപള്ളികളുടെ മെത്രാപ്പോലീത്തയായി കാലം ചെയ്ത അഭിവന്ദ്യ മാർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്ത കുടുംബവഴിയിൽ ജ്യേഷ്ഠസഹോദരനാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ നവാഭിഷിക്തനായ പുലിക്കോട്ടിൽ ഗീവർഗ്ഗീസ് മാർ യുലിയോസ് മെത്രാപ്പോലീത്ത, തിരുമേനിയുടെ വല്യമ്മച്ചിയുടെ സഹോദരി

പൗത്രനാണ് (ജ്യേഷ്ഠത്തി അനുജത്തിമാരുടെ കൊച്ചുമക്കൾ).

ഒരുമയുടെ ഓർമ്മകൾ

1990 മുതൽ തുടങ്ങിയതാണ് തിരുമേനിയുമായുള്ള ഞങ്ങളുടെ സ്നേഹബന്ധം. ആ അടുപ്പവും ആത്മബന്ധവും വാക്കുകൾക്ക് അതീതമാണ്. 1990ൽ ഞങ്ങൾ കുടുംബമായി കുന്നംകുളത്ത് പാഴ്സനേജിൽ താമസിക്കുമ്പോൾ അയൽവീട്ടിലെ അച്ചൻ എന്ന നിലയിൽ ആരംഭിച്ച സ്നേഹബന്ധം ഇന്നും അഭംഗുരം തുടരുന്നു. എല്ലാവരുടേയും സ്നേഹിതനും കൂട്ടാളിയും, സഹായിയും ആണ് തിരുമേനി. എല്ലാവരേയും ഒരുപോലെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ആൾ. വലിയവനെന്നോ, ദരിദ്രനെന്നോ വ്യത്യാസമില്ല. വേറൊരുസഭയിലെ അച്ചനാണ് ഞാൻ. എങ്കിലും തിരുമേനിയുടെ സഭയിലെ മറ്റു പട്ടക്കാരോടുള്ളതിനേക്കാൾ സ്നേഹവും ബഹുമാനവും നല്കിയിട്ടുണ്ട്. മേല്ക്കോയ്മയും മേധാവിത്വവും അല്ല, സഹവർത്തിത്വവും സഹോദര മനോഭാവവും കൊണ്ട് ശുശ്രൂഷ വിജയകരമായി നിർവഹിച്ച ജീവിതത്തിന്റെ ഉടമ.

കാരുണ്യം നിറഞ്ഞ ....വിചാരകത്വം

പറയാതെ അറിയാനും, ചോദിക്കാതെ കൊടുക്കാനും, ക്ഷണിക്കാതെ സന്ദർശിക്കാനും, മനസുള്ള തിരുമേനി ഹൃദയംകൊണ്ട് കേൾക്കുന്നവനും നോട്ടംകൊണ്ട് രക്ഷിക്കുന്നവനും ശബ്ദംകൊണ്ട് സാന്ത്വനിപ്പിക്കുന്നവനും സാന്നിദ്ധ്യം കൊണ്ട് സൗഖ്യമാക്കുന്നവനുമാണ്.

സഹായിക്കേണ്ടവരെ സഹായിക്കാനുള്ള ഒരു മനസ്സ് തിരുമേനിക്കുണ്ട്. ആവശ്യക്കാരെ തേടിയെത്തി അവരുടെ പ്രയാസങ്ങളിൽ, ബുദ്ധിമുട്ടുകളിൽ സഭയിൽ നിന്ന്, പലപ്പോഴും സ്വന്തം കയ്യിൽനിന്ന്, ആരെങ്കിലും സ്നേഹപൂർവം നല്കുന്ന കൈമുത്തിൽനിന്നുപോലും സഹായിച്ചിട്ടുണ്ട്. ഞങ്ങളുടെ ഇടവക സന്ദർശിച്ചപ്പോഴും നല്കിയ കൈമുത്തുകൊണ്ട് നിർധനരായ രോഗികളെ സഹായിച്ച വിവരം എനിക്ക് നേരിട്ട് അറിയാവുന്നതാണ്. ഞങ്ങളുടെ സഹോദരി ലൂസിയുടെ (എന്റെ ഭാര്യ സഹോദരി ഇല്ലന്തൂർ കാരാംപുറത്ത് ജോയ് പോളിന്റെ ഭാര്യ) വേർപാട് അറിഞ്ഞ ഉടനെ ഫോണിലൂടെയും, പിന്നീട് ഭവനത്തിലെത്തി ജോയിയേയും മക്കളായ സുബിനേയും നീതുവിനേയും ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തത് നന്ദിയോടെ സ്മരിക്കുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും ഇപ്പോഴും കാർഡിലൂടെയും കത്തിലൂടെയും ക്ഷേമം അന്വേഷിക്കുന്നുമുണ്ട്.

നന്മനിറഞ്ഞ വ്യക്തിത്വം

വ്യക്തി ജീവിതത്തിലേക്ക് ഒന്നു കണ്ണോടിക്കുമ്പോൾ ശാന്തസ്വഭാവക്കാരനാണ് തിരുമേനി. ശാന്തനും സൗമ്യനും ആരോടും വെറുപ്പോ, വിദ്വേഷമോ ഇല്ലാതെ സ്നേഹത്തോടെയുള്ള ഇടപെടൽ. ആർ എത്ര പ്രകോപിപ്പിച്ചാലും അതിനു വശംവദനാകാതെ, പ്രാർത്ഥനാപൂർവ്വം കാര്യങ്ങളെ കൈകാര്യം ചെയ്യാനുള്ള സാമർത്ഥ്യം അതൊന്നു വേറെയാണ്.

മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കുന്ന വ്യക്തിബന്ധമാണ് തിരുമേനിക്കുള്ളത്. നന്നായി പ്രവർത്തിക്കുന്നവരെ അഭിനന്ദിക്കാൻ മടിയില്ല. മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഞങ്ങൾ കുന്നംകുളത്തായിരിക്കുമ്പോൾ തൊഴിയൂർ സഭയിലെ വിവിധ ഇടവകകളിലെ സുവിശേഷപ്രവർത്തനങ്ങളിലും യുവജനമീറ്റിംഗുകളിലും തിരുമേനി ക്ഷണിച്ച് പ്രസംഗിപ്പിച്ചത് ഓർക്കുന്നു. മാത്രമല്ല കുറിയന്നൂരും, ഇലന്തൂരും ഞങ്ങളോടൊപ്പം, പാഴ്സനേജിൽ താമസിച്ച് ഞങ്ങൾ ശുശ്രൂഷ ചെയ്ത കുറിയന്നൂർ ശാലേം പള്ളിയിലും ഇലന്തൂർ ശാലേം പള്ളിയിലും വിവിധപരിപാടികളിൽ പങ്കെടുത്തത് പ്രത്യേകം പ്രസ്താവ്യമാണ്. ഞങ്ങളുടെ മകൻ എബുവിന്റെ വിവാഹത്തിന് സി.എസ്.ഐ. മാർത്തോമ്മാ തിരുമേനിമാരോടൊപ്പം തിരുമേനിയും സഹകാർമ്മികനായിരുന്നു.

തകർക്കാൻ പറ്റാത്ത ബന്ധം

സഭയിലും സമൂഹത്തിലും ധാരാളംവ്യക്തിബന്ധങ്ങൾ സൃഷ്ടിക്കുവാൻ തിരുമേനിക്ക് സാധിച്ചിട്ടുണ്ട്. മറ്റുള്ളവരെ പരിചയപ്പെടുകയും സ്നേഹിക്കുകയും, സ്വീകരിക്കുകയും ചെയ്യുന്നതിലുള്ള തിരുമേനിയുടെ താല്പര്യം അനിതരസാധാരണമാണ്. ബന്ധങ്ങൾ സൃഷ്ടിക്കുക മാത്രമല്ല കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. 21 വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച ഞങ്ങളുടെ ആത്മബന്ധം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ക്രിസ്മസ്സിനും വിശേഷാവസരങ്ങളിലും ആശംസാകാർഡുകൾ അയച്ചും ഇടയ്ക്കിടെ ഫോണിലൂടെയും എസ്.എം.എസിലൂടെയും അതിലുപരി സന്ദർശനത്തിലൂടെയും ബന്ധങ്ങൾ പുതുക്കിണ്ടക്കൊണ്ടിരിക്കുന്നു.

മദ്രാസിലുള്ള മാർത്തോമ്മാ സഭക്കാരൻ ശ്രീ പി.റ്റി. ജോണുമായി തിരുമേനി, അച്ചനായി മദ്രാസിലുള്ളകാലത്ത് പരിചയപ്പെട്ടതും ഇടപെട്ടുതുടങ്ങിയതുമാണ്. എന്റെ ഭാര്യ എൽസിയുടെ പിതൃസഹോദരനാണ് ജോൺ. തിരുമേനിയെ ഞങ്ങൾ കാണുമ്പോഴൊക്കെ ജോണിനെക്കുറിച്ചും കുടുംബത്തെക്കുറിച്ചും അന്വേഷിക്കുകയും സ്നേഹാശംസകളും പ്രാർത്ഥനയും അറിയിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുക പതിവാണ്. മദ്രാസിൽ പോയാൽ ജോണിനേയും കുടുംബത്തേയും സന്ദർശിക്കാനും സമയം കണ്ടെത്തുകയും ചെയ്യും. ഇപ്പോൾ ഞങ്ങൾ ശുശ്രൂഷ ചെയ്യുന്ന അയിരൂരിൽ ഞങ്ങളുടെ അയൽക്കാരായ പെരുമരത്തിൽ ശ്രീ പി. പി ഫിലിപ്പ് (ബാബു) വിനും കുടുംബത്തിനും തിരുമേനിയുമായി അടുത്ത സുഹൃദ്ബന്ധമാണുള്ളത്. തിരുമേനി ഈ സ്ഥലത്തു വരുമ്പോൾ ശ്രീ ബാബുവാണ് അത്യാവശ്യംവേണ്ട ഇടങ്ങളിൽ സ്വന്തം വാഹനത്തിൽ തിരുമേ

നിയെ കൊണ്ടുപോകുന്നത്. തിരുമേനിയുടെ സാന്നിദ്ധ്യവും ഇടയ്ക്കിടെ ഫോണിലുടെയും, സന്ദർശനത്തിലുടെയും ക്ഷേമാന്വേഷണം നടത്തുന്നതും അവർക്ക് സന്തോഷമാണ്.

അതിഥിസൽക്കാരം

സ്നേഹം വെളിപ്പെടുത്തുന്നത് നൽകലിലുടെയാണ്. നൽകാതെ സ്നേഹിക്കുവാൻ കഴിയില്ല. തിരുമേനിയുടെ സ്വീകരണ മനസ്ഥിതിയും അതിഥിസൽക്കാരവും പ്രസിദ്ധമാണ്. അരമനയിൽ എത്തുന്നവരെ യഥോചിതം സ്വീകരിക്കുകയും ഉചിതമായി സൽക്കരിക്കുകയും ചെയ്തിരുന്നു. അനേക പ്രാവശ്യം കുടുംബമായി ഞങ്ങൾ ഇത് അനുഭവിച്ചിട്ടുമുണ്ട്. വടശ്ശേരിക്കര സെന്റ് ജോൺസ് മാർത്തോമ്മാ സേവികാ സംഘവും കുറിയന്നൂർ ശാലേം മാർത്തോമ്മാ സേവികാ സംഘവും ഇലന്തൂർ യുവജനസഖ്യസ്നേഹിതരും, തൊഴിയൂർ അരമനയും പള്ളിയും സന്ദർശിച്ചപ്പോൾ വിഭവസമൃദ്ധമായ പലഹാരങ്ങളും ചായയും നല്കിയത് അവരുടെയൊക്കെ മനസ്സിൽ മായാതെ ഇപ്പോഴും ഉണ്ട്.

യുവ ജനങ്ങളുടെ സാരഥി

സമൂഹത്തിന്റെ കരുത്ത് യുവജനങ്ങളുടെ ആത്മീയ ജീവിതത്തിൽ അധിഷ്ഠിതമാണെന്ന് മനസ്സിലാക്കിയ തിരുമേനി ദൈവത്തിനും മനുഷ്യർക്കും കൊള്ളാവുന്ന യുവജനങ്ങളുടെ ഒരു സമർപ്പിത സമൂഹത്തെ വാർത്തെടുക്കുവാൻ പരിശ്രമിച്ചു. അതിനാലാണ് 1984 ഏപ്രിലിൽ മലബാർ സ്വതന്ത്ര സുറിയാനിസഭ യുത്ത്ലീഗ് രൂപീകരണത്തിനോട് ചേർന്ന് അതിന്റെ ആദ്യപ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. 2001 വരെ ആ സ്ഥാനം അലങ്കരിപ്പാൻ ദൈവം സഹായിച്ചു. 1984 സെപ്തംബറിൽ സഭായുത്ത് പ്രസദ്ധീകരണമായ “സ്നേഹസന്ദേശം’ മാസികയും ഒരു വർഷത്തിനുശേഷം അത് “കുഞ്ഞാടുകളുടെ വെളിച്ചം” എന്ന പേരിലായപ്പോൾ ആ മാസികയുടെയും ചീഫ് എഡിറ്റർ ആയി പ്രവർത്തിപ്പാനും സർവ്വശക്തൻ തുണച്ചു. ഇപ്പോൾ ആ മാസികനിന്നുപോയതായും മനസ്സിലാക്കുന്നു.

ഭദ്രാസനദേവാലയ പുനർനിർമ്മിതി

1772ൽ പരിശുദ്ധ കാട്ടുമങ്ങാട്ടെ ബാവാമാരാൽ പണികഴിപ്പിച്ച തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസനദേവാലയം 1987 നവംബർ 30 ന് ശിലാസ്ഥാപനം നടത്തി, അതിമനോഹരമായി പുതുക്കി പണിത് 1989 ഏപ്രിൽ 16 ന് കുദാശ ചെയ്തത് തിരുമേനിയാണ്. പരിമിതമായസാഹചര്യത്തിൽ വേണ്ട വിഭവശേഷി കണ്ടെത്തി അതുപൂർത്തീകരിച്ചതിൽ തിരുമേനിയെ അങ്ങേയറ്റം അഭിനന്ദിക്കുന്നു. സഹകാർമികരായും വിശിഷ്ടാഥിതികളായും മാർത്തോമാസഭയിലെ തിരുമേനിമാരും യാക്കോബായാസഭയിലെ മെത്രാപ്പോലീത്തമാരും പങ്കെടുത്തതും തിരുമേനിയുടെ സ്നേഹ സൗഹൃദത്തിനു ഉദാഹരണമാണ്.

പ്രതിസന്ധികളിൽ തളരാതെ

പ്രതിസന്ധികൾ നിറഞ്ഞതായിരുന്ന തിരുമേനിയുടെ ശുശ്രുഷാകാലം. പ്രശ്നങ്ങളെ സാവധാനതയോടുകൂടി കേൾക്കുന്നതിനും അതിനുപരിഹാരം കണ്ടെത്തുന്നതിനും ഉള്ള കഴിവ് പ്രശംസനീയമാണ്. ഒരു തരത്തിലും മുറിപ്പെടുത്താതെ മറ്റുള്ളവരെ മനസ്സിലാക്കി ഇടപെടാനും, പ്രശ്നപരിഹാരത്തിനായി സ്വയം താണുകൊടുക്കാനും ത്യാഗം അനുഭവിക്കാനും മനസ്സുകാണിച്ചിരുന്നു. സഹോദരി സഭകളുടെ മേലദ്ധ്യക്ഷന്മാരുടെ ഉപദേശവും ആലോചനയും സ്വീകരിക്കുന്നതിന് മടികാണിച്ചിരുന്നില്ല. നട്ടെല്ലുവളയ്ക്കാതെ പ്രശ്നങ്ങളെ നേരിടുന്ന കർമയോഗിയാണ് തിരുമേനി. പ്രശ്നങ്ങളെ പദ്ധതികളാക്കി മാറ്റുന്നതിൽ വിജയിച്ചിരുന്നു. ഉയർച്ചയിൽ മതിമറന്നു പോകാതേയും, പ്രതിസന്ധികളിൽ തളർന്നുപോകാതേയും, പ്രാർത്ഥനയിൽ അവയെ അതിജീവിച്ചതുമായ ചരിത്രമാണ് തിരുമേനിയുടേത്.

ആലസ്യത്തിൽനിന്ന് വിടുതൽ

1997 സെപ്തംബർ 4ന് അപ്രതീക്ഷിതമായി Cerebral Stroke നിമിത്തം തിരുമേനി ആശുപത്രിയിലായി. 18 ദിവസങ്ങളിലെ ആശുപത്രിവാസം പുതിയ തീരുമാനങ്ങൾ എടുക്കാൻ തിരുമേനിയെ സഹായിച്ചു. അനേകരുടെ പ്രാർത്ഥന, സഹകരണം, തിരുമേനിയുടെ ആഴമേറിയ ദൈവവിശ്വാസം, ഇതൊക്കെക്കൊണ്ട് അത്ഭുതകരമായ വിടുതൽ തിരുമേനിക്കു ലഭിച്ചു.

പിൻഗാമിയെ വാഴിക്കാനുള്ള ഭാഗ്യം

1917 നുശേഷം തൊഴിയൂർ സഭയുടെ ഒരു മെത്രാപ്പോലീത്ത മറ്റൊരു മേല്പ്പട്ടക്കാരനെപിൻഗാമിയായി വാഴിക്കുന്നതിന് ദൈവം എടുത്ത് ഉപയോഗിച്ചത് തിരുമേനിയെയാണ്. 2001 മാർച്ച് 10 ന് സിറിൽ മാർ ബസ്സേലിയസ്സിനെഎപ്പിസ്കോപ്പാ ആയും 2001 മെയ് 28ന് സഭയുടെ 14-ാമത്തെ മെത്രാപ്പോലീത്താ ആയും അഭിഷേകം ചെയ്ത് സ്ഥാനാരോഹണം നൽകി. 2001 മെയ് 28ന് സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത ജൂബിലേറിയൻ തിരുമേനിക്ക് ബഹുമാനസ്ഥാനപദവിയായ വലിയ മെത്രാപ്പോലീത്ത സ്ഥാനം നൽകി അവരോധിക്കുകയും ചെയ്തു.

എക്യുമെനിക്കൽ ദർശനം

കുന്നംകുളം എക്യുമെനിക്കൽ ക്ലെർജി ഫെല്ലോഷിപ്പിലും, (വിവിധ സഭകളിലെ വൈദികരുടെ കൂട്ടായ്മ) എക്യുമെനിക്കൽ സമ്മേളനങ്ങളിലും തിരുമേനിയുടെ മാതൃകാപരമായ കാൽവെപ്പ് ശ്രദ്ധേയമായിരുന്നു. 1990 ൽ കുന്നംകുളത്ത് വിവിധ എപ്പിസ്കോപ്പൽ സഭകളിലെ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയിരുന്ന എക്യുമെനിക്കൽ സമ്മേളനങ്ങളുടേയും (ക്രിസ്മസ്, സെന്റ് തോമാസ് ദിനം - സന്ദേശങ്ങൾ) എക്യുമെനിക്കൽ ക്ലെർജി ഫെലോഷിപ്പിന്റേയും അധ്യക്ഷസ്ഥാനത്ത് തിരുമേനി സജീവമായി പ്രവർത്തിച്ചിരുന്നു.

തൊഴിയൂർ അരമനയിൽ ക്ലേർജി ഫെലോഷിപ്പിന്റെ മീറ്റിംഗും കമ്മറ്റിയും നടത്തിയിരുന്നു. കുന്നംകുളത്തുനിന്നുള്ളവരും, കുന്നംകുളത്തുതന്നെ വസിച്ചിരുന്നവരുമായ തിരുമേനിയും, അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ (ഇപ്പോഴത്തെ പരി. കതോലിക്കാ ബാവ)യും ആയിരുന്നു. അദ്ധ്യക്ഷസ്ഥാനത്ത്. ഞാൻ അതിന്റെ സെക്രട്ടറി ആയിരുന്നു. ചില വർഷങ്ങൾക്കുശേഷം ഇവ രണ്ടും നിർജീവമായി പോയതായി മനസ്സിലാക്കുന്നു. സഭകളും സഭാംഗങ്ങളും തമ്മിൽ അടുത്തറിയുന്നതിനും സഹകരിച്ചുപ്രവർത്തിക്കുന്നതിനും, ഫലകരമായ ക്രിസ്തീയസാക്ഷ്യം നിറവേറ്റുന്നതിനും ഉപയുക്തമായ ഒരു നല്ല വേദിയായിരുന്നു അത്. സഹോദരി സഭകളിലെ ആരാധനകളിലും കൂദാശകളിലും സുവിശേഷയോഗങ്ങളിലും തിരുമേനിയുടെ സാന്നിദ്ധ്യം അന്നും ഇന്നും പ്രചോദനാത്മകമാണ്. മാർത്തോമ്മാസഭയുടെ കൺവെൻഷനിൽ എല്ലാവർഷവും തിരുമേനി പങ്കെടുത്തിട്ടുണ്ട്.

ചലനാത്മകതയുടെ പ്രതീകം

തിരുമേനിയുടെ ഭരണകാലത്ത് തൊഴിയൂർ സഭയ്ക്കും അനേകദേശിയ, അന്തർദ്ദേശീയ സംഘടനകളിൽ അംഗത്വം ലഭിച്ചിട്ടുണ്ട്. Ecumenical Christian Center, Banglore-ൽ 1992 ലും National Council of Churches in India ൽ 1996ലും(Nagpur സമ്മേളനത്തിൽ), Okio Credit(Ecumenical Development Christian Co-operative Society) ൽ 1997ലും (Netherland), Christian Conference of Asia-ൽ 2000 (Honkong)ലും അംഗത്വം നേടിയത് സഭയുടെ എക്യുമെനിക്കൽ പ്രവർത്തനങ്ങളുടെ അതിരുകളെ വിശാലമാക്കാൻ സഹായകമായി.

പ്രസിദ്ധീകരണങ്ങളിലൂടെ

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ചരിത്രവും, യാക്കോബായ ഓർത്തഡോക്സ് മാർത്തോമ്മാ സഭകൾക്കും, അവരുടെ തറവാടായ മലങ്കര സുറിയാനി സഭയ്ക്കും മെത്രാപ്പോലീത്താമാരെ വാഴിച്ചുകൊടുത്ത അറിവും അന്തർദ്ദേശിയമായി പകർന്നുകൊടുക്കുവാൻ ഉതകുന്ന 2 പുസ്തകങ്ങൾ “The Malabar Independent Syrian Church" Written by Rev. Dr. John Fenwick from England 1992 ലും “The Forgotten Bishops - The Malabar Independent Syrian Church and its place in the story of the St. Thomas Christian of South India" അമേരിക്കയിൽ നിന്ന് 2009 ലും പ്രസദ്ധീകരിക്കുവാൻ ഇടയായത് തിരുമേനിയുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമാണ്. കൂടാതെ സഭാചരിത്രം ആചാരാനുഷ്ഠാനങ്ങളുടെ പഠനങ്ങൾ, വിശ്വാസസംബന്ധമായ വിഷയങ്ങൾ എന്നിവ അടിസ്ഥാനമാക്കി മറ്റ് 6 പുസ്തകങ്ങൾ തൊഴിയൂർ സഭയ്ക്ക് പ്രസിദ്ധീകരിക്കുവാൻ സാധിച്ചത് തിരുമേനിയുടെ ശ്രമഫലമാണ്.

സമാപനം

“Heard Melodies are sweet
But, those unheard are sweeter" - Keats

കഴിഞ്ഞ 25 വർഷങ്ങൾ മീട്ടിയ രാഗങ്ങളെല്ലാം ഹൃദ്യമായിരുന്നു. ഇനിയും മീട്ടാനിരിക്കുന്ന രാഗങ്ങൾ ഏറെ ഹൃദ്യമായിത്തീരട്ടെ. ഒരു മാതൃകാ മേല്പട്ടക്കാരനും ഗുരുവും സർവോപരി നല്ല സ്നേഹിതനുമാണ് തിരുമേനി. ഒരു ചങ്ങാതിയെപ്പോലെ പെരുമാറുകയും, ആത്മബന്ധത്തിന്റെയും സൗഹൃദത്തിന്റെയും ചക്രവാളങ്ങൾ വിപുലമാക്കുകയും ചെയ്യുന്ന തിരുമേനി കാലത്തിന്റെ മൂശയിൽ അധികം തിളങ്ങുവാൻ ഇടയാകട്ടെ. ഇനിയും ദീർഘവർഷങ്ങൾ ആയുസ്സും ആരോഗ്യവും ലഭിച്ച് ഒന്നിലും മങ്ങലേൽക്കാതെ അനുഗ്രഹകരമായ ശുശ്രൂഷ സഭയിലും സമൂഹത്തിലും തുടരാൻ പരമകാരുണ്യവാനായ സർവ്വശക്തൻ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഈ അക്ഷര ചാർത്തിലൂടെ ആശംസകളുടെ പ്രാർത്ഥനയുടെ ഒരു പിടി സുഗന്ധപുഷ്പങ്ങൾ നേദിച്ചുകൊള്ളുന്നു.

With prayer ful Congratulations on the occasion of Episcopal silver Jubilee

Rev.Dr.George Mathew, Susamma George Mathew, Thomas George, Mathews George, Kottayam

V.V Mathews (Joy), Mohini Mathews & Mon Madhu Mathews, Dubai

K. P. Paulson, Annie, Laya Mol, Lenin Mon, Pazhanji

Rev . Dr. K.T. Joy, Valsa Joy, Sam Joy, Dr. Preethy Sam, Thiruvalla

Loving Thirumeni

Bro. Martin Henry & Mrs. Hilda Henry

Loving Thirumeni
AIR-INDIA

It gives us joy that, the Silver Jubilee of the consecration of Joseph Mar Koorilose Thirumeni as the Metropolitan of 'The Malabar Independent Syrian Church,' is being celebrated. In this connection we would like to share a few memories of our association with the Thirumeni.

We hail from Andhra Pradesh (Hyderabad) and we are members of the Church of South India. In the year 2008, we had been to New York to participate in the consecration ceremony of the 'Inter Denominational Christ Church' there. We were staying with Bro. Dr. Mathews Vergis. One day Brother told us that one Bishop is coming to consecrate the Church and he will be staying in the room next to us. He wanted us to give him company as needed and talk to him nicely. Coming from a different denomination and a different language, we were already feeling uneasy and awkward as we do not know how to move with a Bishop, especially an orthodox Malayalee Bishop.

But as soon as we met the Thirumeni, all our apprehensions vanished, as we saw a different person in him than what we imagined. Outside he is a towering personality to look at, but inside he is a kind and loving man. With his simplicity and friendly nature, he won our hearts quickly and we were talking very soon as if we knew each other for a long time. As the consecration of the Christ Church was delayed by a few days waiting for some official clearance, we had more time to talk to the Thirumeni.

We experienced Thirumeni's good nature also. When he saw that Hilda was climbing and descending the stairs with difficulty, he not only enquired about it, but also sent some ointment and medication as soon as he returned to India.

From that time to now we have been meeting him on many occasions. We met him at Mannar on the 60th birthday celebrations of Bro. Dr. Mathews Vergis and also for the dedication ceremony of the Studio at Trivandrum. We met also in Dubai when he was returning back from New York.

We remember also that Thirumeni is a great man of prayer. When he was in the house of Bro. Dr. Mathews Vergis for the consecration of the Christ Church, he was fasting and praying on all the days until the dedication ceremony was completed. The dedication ceremony itself was a memorable event as everyone could feel the mighty presence of the Holy Spirit during the entire proceedings.

We saw that Thirumeni displayed a spirit of true ecumenism. Whenever Holy Quarbana was celebrated by him, be it at New York or at Trivandrum or at Mannar, he was inviting Christians from different denominations present there to participate in the Holy Quarbana. Our Telugu members of Inter Denominational Christian Fellowship, who were present on the occasion were happy not only because Thirumeni treated them equally but also because they could feel God's grace as they took part in it.

On this occasion, I congratulate Thirumeni for successfully completing 25 fruitful years in God's service, and pray that God may bestow to him special spiritual gifts and graces, as well as good health.

With the very best wishes to our Beloved Valiya Thirumeni
May his faith journey continue for many more years.

T . C. George and Saramma George
Jacob (Suresh), Sheila, Manna and Naomi Thalikallumkal
Philip (Kishore), Nisha, Amika and Millan George
Suresh, Shamini, Vivek and Dia Samuel - London.U.K

“അതിരുകൾ ഭേദിച്ച തേരാളി”

ബിനോയ്. പി. മാത്യു.
കുന്നംകുളം

ദീർഘദർശനവും അത് നടപ്പിലാക്കുന്നതിനുള്ള ഇഛാശക്തിയും ലക്ഷ്യബോധവും ഒരുപോലെ സമ്മേളിക്കുമ്പോൾ മാത്രമാണ് ചില മാറ്റങ്ങൾക്ക് നേതൃത്വം നൽകുവാൻ വ്യക്തികൾക്ക് കഴിയുന്നത്. താനുൾപ്പെടുന്ന ഒരു സമൂഹത്തിനെ ആശയപരമായി ആയുധവൽക്കരിക്കുകയും, ലക്ഷ്യം സമൂഹത്തിന്റെ ഉന്നമനമാക്കുകയും അതിനുള്ള ചാലകശക്തി യുവജനങ്ങളാണെന്ന് തിരിച്ചറിയുകയും ചെയ്ത വ്യക്തിയാണ് ജോസച്ചനും, അധ്യാപകനും പിന്നീട് സഭാമേലദ്ധ്യക്ഷനും ആയിത്തീർന്ന ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്ത.

1984 ഏപ്രിൽ മാസത്തിൽ സഭയിൽ ആദ്യമായി യുവജനപ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന് കുന്നത്തെ പള്ളിയിൽ ഒത്തുകൂടിയപ്പോൾ ഈ പ്രയത്നം വെറും ഉപരിവിപ്ലവകരമല്ലേ എന്ന് സംശയിച്ച ഒരുപാട് പേരിൽ, സഭയിലെ ഉന്നതരും, വിദ്യാസമ്പന്നരും എല്ലാം ഉണ്ടായിരുന്നു. എന്നാൽ 1984 സെപ്തംബറിൽ പോർക്കുളം യു.പി. സ്ക്കൂളിൽ വെച്ച് അന്നത്തെ സഭാമേലദ്ധ്യക്ഷനായ അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ‘സ്നേഹസന്ദേശം’ (പിന്നീട് കുഞ്ഞാടുകളുടെ വെളിച്ചം) ആശംസകളോടെ മാസിക പ്രകാശനം ചെയ്ത് വിപ്ലവകരമായ തുടക്കം കുറിച്ചത് സംശയാലുക്കൾക്ക് പ്രവൃത്തിയിലുടെ മറുപടി കൊടുക്കുകയായിരുന്നു.

പിന്നീട് അങ്ങോട്ട് സഭാ ചരിത്രത്തിൽ സമാനതകളില്ലാത്ത മുന്നേറ്റങ്ങളുടെ കാലഘട്ടം, സഭയിൽ പുതിയൊരു സംസ്കാരത്തിന് തുടക്കം കുറിച്ച് സഭയുടെ ഭൗതിക സഹായങ്ങളൊന്നും തന്നെ ഇല്ലാതെ, തിരിച്ചൊന്നും പ്രതീക്ഷിക്കാതെ ജീവ കാരുണ്യപ്രവർത്തനങ്ങളിലും, കലാസാംസ്കാരികരംഗങ്ങളിലും, സുവിശേഷപ്രവർത്തനത്തിലും സമൂഹത്തിൽ ഇടപെടാൻ കഴിയുന്ന മേഖലകളിൽ ഇടപ്പെട്ടും ഒരു കൂട്ടം ചെറുപ്പക്കാരും അവരുടെ ആശയപരമായ സ്ഫുലിംഗങ്ങളുടെ പ്രകാശനവേദിയായി മാസികയും, അവർക്ക് നേതൃത്വപരമായി പങ്ക് നൽകി ജോസച്ചനും (അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്താ) സഭാമക്കളിൽ ആശയും ആവേശവും പകർന്ന് നൽകി അവരുടെ ചിന്തകൾക്ക് ചിറക് മുളപ്പിച്ചു.

അതിന്റെ പ്രയോജനം പ്രത്യക്ഷത്തിൽ ലഭിച്ചവരുടെ കൂട്ടത്തിൽ സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർ, ചികിത്സ മുടങ്ങി പോയവർ, വിദ്യാഭ്യാസം മുടങ്ങിപോയവർ, അപകടത്തിൽ ആവശ്യമായ രക്തം ലഭിക്കാത്തവർ, സ്വയം തൊഴിൽ കണ്ടെത്താൻ ആഗ്രഹിച്ചവർ ഇങ്ങനെസമൂഹത്തിൽ പാർശ്വവൽക്കരിക്കാൻ സാധ്യതയുണ്ടായിരുന്ന ഇവർക്ക് താങ്ങും തണലും ആവശ്യമായ ഒരു ഘട്ടത്തിൽ അവരോടൊപ്പം നിൽക്കുകയും ഒരു സഹായഹസ്തം എത്തിച്ച് നൽകാൻ കഴിയുക

എന്ന ഉദാത്തമായ സുവിശേഷമാതൃകയായി ഈ പ്രസ്ഥാനം കണ്ടിരുന്നു. ദൈവകൃപയാൽ അതിന്റെ ഭാഗഭാക്കാകാൻ കഴിഞ്ഞു എന്നത് അനുഗ്രഹീതവും അഭിമാനകരവുമാണെന്ന് ലേഖകനായ എനിക്ക് തോന്നുന്നു.

സഭാമേലദ്ധ്യക്ഷനായിരുന്ന മാത്യൂസ് മാർ കൂറിലോസ് തിരുമേനി കാലം ചെയ്തപ്പോൾ പ്രസ്ഥാനത്തിന് നെടുനായകത്വം വഹിച്ച ജോസച്ചൻ ദൈവം കൽപ്പിച്ച തുടർ പ്രവർത്തനമേഖലയായ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ മേലദ്ധ്യക്ഷസ്ഥാനത്തോളം ഉയർത്തപ്പെട്ടു. ഇത് സംഘടനയുടെ പ്രവർത്തനരീതിയിൽ കൃത്യമായ മാറ്റങ്ങൾ ഉണ്ടാക്കിയത് ഞങ്ങളിൽ പലർക്കും ചെറിയ തോതിലെങ്കിലും ആശങ്കാജനകമായിരുന്നു.

എന്നാൽ പിന്നീട് സംഘടനയുടേയും മാസികയുടേയും പ്രവർത്തനങ്ങൾ പുതിയ നേതൃത്വത്തെ ഏൽപ്പിക്കുകയും രക്ഷാധികാരിയായി അഭിവന്ദ്യ മെത്രാപ്പോലീത്ത മാറുകയും ചെയ്തു. ഒരു സംഘടനയുടെ പ്രത്യേകിച്ചും യുവജനസംഘടനാ നേതൃത്വത്തിന് പക്വമായ രക്ഷാ കവചം അനിവാര്യമായിരുന്നു. അക്ഷരാർത്ഥത്തിൽ തിരുമേനി ഞങ്ങൾക്ക് നല്ല മാർഗ്ഗദീപമായിരുന്നു എന്ന് സംഘടനയുടെ നേതൃത്വനിരയിലുണ്ടായിരുന്ന ഞാൻ നേരിട്ട് അനുഭവിച്ചിട്ടുള്ളതാണ്.

ഒരു വേള സംഘടന ഒരു തീരുമാനമെടുത്തു. ആ വർഷത്തെ മാസികയുടെ വാർഷികപതിപ്പ് കളറിൽ ഇറക്കണം എന്ന്. ഞാനും മൺമറഞ്ഞുപോയ റീജൻ അച്ചനും ചേർന്ന് കുന്നംകുളത്തെ അന്നത്തെ ഏക ഓഫ്സെറ്റ് പ്രിന്റിംഗ് സ്ഥാപനമായ വിക്ടറി പ്രസ്സിനെ സമീപിച്ചു. ഫോർ കളർ പ്രിന്റിംഗ് ആണ് ഉദ്ദേശ്യം എന്നറിഞ്ഞപ്പോൾ ഞങ്ങളോടു ചോദിച്ചു എത്രകോപ്പി ആവശ്യമായിവരും. ആയിരം കോപ്പി എന്ന് പറഞ്ഞപ്പോൾ ഇത്രയും കുറഞ്ഞ കോപ്പിക്ക് ഓഫ് സെറ്റ് പ്രിന്റിംഗ് അന്വേഷിച്ച ഞങ്ങൾ എന്തോ വിഡ്ഢിത്തം പറഞ്ഞതുപോലെയായിരുന്നു പ്രതികരണം. അല്പം മനോവിഷമത്തോടുകൂടി തിരിച്ച് കുന്നത്തെ പള്ളിയിൽ വന്നപ്പോൾ തിരുമേനി അവിടെ ഉണ്ടായിരുന്നു. ഞങ്ങളുടെ മുഖഭാവംതന്നെ തിരുമേനിയെ അലോസരപ്പെടുത്തി. കാര്യമറിഞ്ഞ തിരുമേനി 'നമ്മൾ എന്തുതന്നെയായാലും മാസിക കളറിൽ ഇറക്കുമെന്നും അതിന് എന്ത് നഷ്ടവും സഹിക്കാൻ തയ്യാറാണെന്നും' അറിയിയ്ക്കുകയും ചെയ്തു. രാത്രിതന്നെ പ്രൂഫ് തയ്യാറാക്കി എറണാകുളത്ത് പ്രിന്റ് ചെയ്യുവാൻ തിരുമേനി ഏർപ്പാടാക്കുകയും ചെയ്തു.

പഴഞ്ഞിയിൽ വെച്ചുനടന്ന വാർഷികാഘോഷം അന്ന് സംഘടനയുടെ സെക്രട്ടറിയായിരുന്ന എനിക്ക് ഒരിക്കലും മറക്കാനാകാത്ത സന്ദർഭമാണ്. കലാമത്സരങ്ങളിൽ ഒരു യൂണിറ്റ് അവതരിപ്പിച്ച നാടകം സഭയിൽ നിലനിന്നു പോന്നിരുന്ന ചില ആചാരങ്ങൾക്ക് എതിരെയും വൈദികരുടെ ചില ശൈലികൾക്ക് എതിരേയും ശക്തമായ രീതിയിൽ പ്രതികരിച്ചു. സഭയേയും വൈദികരേയും അടച്ചാക്ഷേപിച്ചു എന്ന ആരോപണം സംഘടനയ്ക്കു നേരെ ഉയർന്നുവന്നു. ഈ സമയം വിദേശപര്യടനത്തിൽ ആയിരുന്ന തിരുമേനി തിരിച്ച് വന്ന് ഉടനെ സംഘടനയുടെ കേന്ദ്ര എക്സിക്യൂട്ടീവ് വിളിച്ച് ചേർക്കുകയും വിമർശനങ്ങൾ വസ്തു നിഷ്ഠമാകണമെന്നും, ആവശ്യമായ പഠനങ്ങൾ ഇല്ലാതെ വിമർശിക്കുന്നത്, ദോഷകരമാകുമെന്നും ഞങ്ങളെ ബോധ്യപ്പെടുത്തി. ഇപ്പോൾ കഴിഞ്ഞ സംഭവം വിശദീകരിക്കുകയും നിഷ്കളങ്കർക്ക് വേദനയായിട്ടുണ്ടെങ്കിൽ ക്ഷമ ചോദിക്കാൻ മടിക്കരുതെന്നും ഞങ്ങളെ ഉപദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ മാസികയുടെ അടുത്ത ലക്കത്തിൽ ജനറൽ സെക്രട്ടറിയുടെ കത്തിൽ ഈയുള്ള കാര്യങ്ങൾ പൊതുസമൂഹത്തോട് വിശദീകരിക്കുകയും ചെയ്തു.

ഈ രണ്ടു കാര്യങ്ങൾ ഞാൻ ഇവിടെ സൂചിപ്പിച്ചത് രണ്ട് ദിശകളിലുള്ള സംഭവങ്ങളിൽ തിരുമേനി നടത്തിയ ഇടപെടൽ രീതിയെ വെളിപ്പെടുത്തുന്നതിനാണ്, ഉത്തരവാദിത്വവും പ്രതിബദ്ധതയും പുലർത്തുന്ന നേതൃത്വം എടുക്കുന്ന നിലപാടുകളെ മനസ്സിലാക്കുന്നതിനാണ്. മാസിക സാമ്പത്തിക പ്രതിസന്ധി നേരിട്ടപ്പോൾ, സംഘടന അശരണരുടെ സഹായം ഏറ്റെടുത്ത് പൂർത്തീകരിക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ, ആശയകുഴപ്പം മൂലം രൂപം കൊണ്ട ബുദ്ധിമുട്ടുകളിൽ, എല്ലാംതന്നെ നേതൃത്വപരമായ പക്വത ഞങ്ങളുടെ പ്രയാണങ്ങൾക്ക് കരുത്തേകിയിരുന്നു. മുതിർന്ന തലമുറയെ ആദരിക്കാൻ യുവത്വം തയ്യാറാകണമെന്ന് തിരുമേനി ഏത് കാലത്തും പുലർത്തിപോന്ന വസ്തുനിഷ്ഠമായ നിലപാടായിരുന്നു. ഇതിന്റെ പ്രതിഫലനം ആയിരുന്നു സഭാവിശ്വാസികളുടെ ആദരണീയനായിരുന്ന ഫാ. ജോസഫ് വടക്കന്റെ സപ്തതി ആഘോഷ വേളയിൽ സഭായൂത്ത് ലീഗിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തിയ പൗരസ്വീകരണം. അനുഭവങ്ങൾ ഒട്ടനവധിയും രേഖപ്പെടുത്തുവാനുള്ള സ്ഥലം പരിമിതവുമായതിനാൽ ഞാൻ ഈ ചുരുങ്ങിയ സൂചനകളിൽ ചുരുക്കുവാൻ ശ്രമിയ്ക്കുകയാണ്. സഭാനേതൃത്വം ഏറ്റെടുത്തതിനുശേഷം യുവജനപ്രസ്ഥാനത്തിലും മാസികപ്രവർത്തനത്തിലും മാത്രം ഇടപ്പെട്ട രീതികളേയാണ് ഞാൻ പ്രതിഫലിപ്പിച്ചത്. ഇതിനോടൊപ്പം സഭയിലും സഭയുടെ മറ്റു പോഷകസംഘടനകളിലും തിരുമേനി എങ്ങനെ ഒരു ചാലകശക്തിയായി എന്ന് വായിച്ചെടുക്കുമ്പോൾ മാത്രമേ ചിത്രം പൂർണ്ണരൂപം പ്രാപിയ്ക്കുകയുള്ളൂ. അതിനുള്ള ശ്രമം ഞാൻ നടത്തുന്നില്ല എങ്കിലും ചില കാര്യങ്ങൾ പറഞ്ഞുപോകാതെ വയ്യ.

തിരുമേനിയെ സഭാ ചരിത്രത്തിൽ രേഖപ്പെടുത്താൻ പോകുന്നത് ലേഖകന്റെ കാഴ്ചപ്പാടിൽ ഒരു പക്ഷെ ഇങ്ങനെയായിരിക്കാം. സഭയെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും മലബാർസ്വതന്ത്ര സുറിയാനി സഭ എന്ന നാമം ഇന്ത്യയിലും ഇന്ത്യയുടെ അതിരുകൾ ഭേദിച്ചും പ്രശസ്തമാക്കാൻ പ്രയത്നിക്കുകയും അതിൽ വിജയി

ക്കുകയും ചെയ്ത തേരാളി എന്നായിരിക്കും. ഒരു പക്ഷെ അഞ്ഞൂർ പള്ളി എന്ന് കുന്നംകുളത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ മാത്രം അറിയപ്പെട്ടിരുന്ന ഈ സഭയുടെ പേര് മലബാർ സ്വതന്ത്ര സുറിയാനി സഭ എന്നാണെന്നും അതിന് ചരിത്രപ്രാധാന്യവും സ്വന്തമായ ഒരു അസ്തിത്വവുമുണ്ടെന്ന് മാലോകരോടും ഇതരസഭകളോടും വിളിച്ചോതുവാൻ തന്റെ ജീവിതകാലം മുഴുവൻ ശ്രമം നടത്തികൊണ്ടിരിക്കുന്ന തിരുമേനിയെ ഏതൊരു സഭാവിശ്വാസിക്കും ആദരവോടുകൂടിമാത്രമേ നോക്കിക്കാണാൻ കഴിയുകയുള്ളു. E.C.C, N.C.C, C.C.A. എന്നിവയിലെ അംഗത്വം സഭാചരിത്രത്തിന്റെ പ്രസിദ്ധീകരണം എന്നിവ സഭാമക്കളുടെ ആത്മാഭിമാനം വാനോളം ഉയർത്തുവാൻ കഴിഞ്ഞ ഘടകങ്ങളാണ്. ഭദ്രാസനദേവാലയത്തിന്റെ പുനർനിർമ്മാണഘട്ടം ഒരു മഹനീയ ദൗത്യം ഏറ്റെടുക്കുക എന്നതിലുപരി സഭയിലെ എല്ലാ ഇടവകകളേയും സഭാമക്കളേയും അതിലേക്ക് ആകർഷിക്കാൻ കഴിഞ്ഞ ഐക്യകാഹളധ്വനിയായിരുന്നു.

സഭയുടെ ഭാവിയും ഭദ്രതയും തിരുമേനിയുടെ പ്രവർത്തനമേഖലയെ സ്വാധീനിച്ചിരുന്നുവെന്ന് വേണം മനസ്സിലാക്കാൻ. ഒരു സഭയുടെ ആത്മീയവളർച്ചക്കൊപ്പം ഭൗതീകസാഹചര്യം പരിപോഷിപ്പിക്കേണ്ടത് അനിവാര്യണ്. അതിന് സാമ്പത്തിക അടിത്തറ വിപുലീകരിക്കുന്നത് നിർബന്ധവുമാണ്. കുന്നംകുളം പട്ടണത്തിന്റെ സിരാകേന്ദ്രത്തിൽ പണികഴിപ്പിച്ച വാണിജ്യകേന്ദ്രം അതിന്റെ പൂർണ്ണരൂപം പ്രാപിക്കുമ്പോൾഏകദേശം 128 കടമുറികൾക്ക് സാധ്യതയുള്ളതാണ്. സഭയ്ക്ക് സാമ്പത്തിക സ്ഥിരത കൈവരിക്കുവാൻ കുന്നംകുളത്തിന്റെ വികസനവീഥിയിൽ ഒരു നാഴികകല്ലാവാനും പ്രാപ്തിയുള്ളതാണ്.

നേതൃത്വസ്ഥാനങ്ങൾ ഏറ്റെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ നോക്കി കാണുകയും പഠിക്കുകയും ചെയ്യേണ്ട വ്യക്തിത്വത്തിന് ഉടമയാണ് തിരുമേനി. എന്ന് ഞാൻ ഒരിക്കൽ കൂടി ആവർത്തിക്കുകയാണ്. ദൈവം തനിക്ക് തന്നെ താലന്തുകളെ പരിപോഷിപ്പിക്കുകയും സ്വന്തം ജീവിതംകൊണ്ട് പൊതു സമൂഹത്തിന് എന്ത് ഗുണം ചെയ്യും എന്ന് ചിന്തിച്ച് പ്രവർത്തിക്കുകയും ചെയ്തതാണ് തിരുമേനിയുടെ വിജയഗാഥയുടെ രഹസ്യം എന്ന് ഇതുവരെയുള്ള ജീവിതകാലഘട്ടം വിളിച്ചോതുന്നു. തുടർന്നും ഒരുപാട് സംഭാവനകൾ സഭക്കും സമൂഹത്തിനും വിവിധ മേഖലകളിൽ നൽകാൻ തിരുമേനിക്ക് കഴിയും എന്ന് മറ്റെല്ലാവരെയും പോലെ ഞാനും ഉറച്ച് വിശ്വസിക്കുന്നു. മേല്പട്ട രജത ജൂബിലിക്ക് സന്തോഷകരമായ ആശംസകളും അഭിവന്ദ്യ കുറിലോസ് വലിയ മെത്രാപ്പോലീത്തായ്ക്ക് നേരുന്നു.

രജത ധാരയിൽ നിന്ന് കനക ധാരയിലേക്ക്
പ്രയാണം ചെയ്യുന്ന അഭിവന്ദ്യ ജോസഫ് മാർ കൂറി
ലോസ് വലിയ മെത്രാപ്പോലീത്തായ്ക്ക്
പ്രണാമങ്ങളോടെ............

Thambi Master & Family, Kallumpuram

മഹാപുരോഹിത പാരമ്പര്യത്തിൽ തിളങ്ങി ഇരുപത്തിയഞ്ചു വർഷം

ഫാ. ഡോ. എം.ഒ.ജോൺ, കോട്ടയം

മെത്രാൻ സ്ഥാനാരോഹണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന തൊഴിയൂർ സഭയുടെ വലിയ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ജോസഫ് മാർ കൂറീലോസ് തിരുമേനിക്ക് സ്നേഹാദരവുകളോടെ ഹൃദയംഗമമായ ആശംസകൾ അർപ്പിക്കുന്നു.

മലങ്കര സഭയുടെ അമേരിക്കൻ ഭദ്രാസനാധിപനായി കാലംചെയ്ത അഭിവന്ദ്യ മക്കാറിയോസ് തിരുമേനിയുടെ വലിയ ഒരു സുഹൃത്തായിരുന്നു കൂറീലോസ് തിരുമേനി. മക്കാറിയോസ് തിരുമേനിയിലൂടേയും വട്ടക്കുന്നേൽ ജെക്കോച്ചൻ മുഖേനയുമാണ് ഞാൻ കൂറീലോസ് തിരുമേനിയെ പരിചയപ്പെടുന്നത്. മലങ്കര സഭാ ദീപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പല ലേഖനങ്ങളും ശ്രദ്ധയോടെ വായിച്ച് അതിനെകുറിച്ച് അഭിപ്രായം പറയുകയും പ്രതികരണം അറിയിക്കുകയും ചെയ്യുന്ന തിരുമേനിയോട് എനിക്ക് ബഹുമാനം ഏറിവരികയും അത് തൊഴിയൂർ മെത്രാച്ചൻമാരെ കുറിച്ച് കൂടുതൽ പഠിക്കുവാൻ പ്രചോദനമാകുകയും ചെയ്തു.

തൊഴിയൂർ സഭയുടെ ആറാമത്തെ മേലദ്ധ്യക്ഷനായിരുന്ന കുന്നംകുളം പനയ്ക്കൽ ആലത്തൂർ ജോസഫ് മാർ കുറീലോസ് മെത്രാപ്പോലീത്തായുടെ അഞ്ചാം തലമുറക്കാരനും, 1927 ൽ കാലംചെയ്ത തൊഴിയൂരെ പൗലോസ് മാർ അത്താനാസിയോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ സഹോദരന്റെ കൊച്ചുമകനും സിംഹാസനപള്ളികളുടെ കാലം ചെയ്ത ജോസഫ് ബന്ന്യാമിൻ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

യുടെ കുടുംബാംഗവും മലങ്കര സഭയുടെ അഹമ്മദാബാദ് ഭദ്രാസനത്തിന്റെ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായും ഇദ്ദേഹവും സഹോദരീ പൗത്രന്മാരാണ് എന്ന നിലയിൽ മഹാപുരോഹിത പാരമ്പര്യമുള്ള ഒരു കുടുംബത്തിൽ ജനിച്ച ആളാണ് ജോസഫ് മാർ കൂറീലോസ് വലിയ മെത്രാപ്പോലീത്താ എന്നതിൽ അത്യധികമായ സന്തോഷമുണ്ട്.

തൊഴിയൂർ മെത്രാന്മാരും മലങ്കര സഭയും തമ്മിലുള്ള ബന്ധം ആർക്കും വിസ്മരിക്കുവാനും അവഗണിക്കുവാനും സാധിക്കുകയില്ല.

പത്തൊമ്പതാം നൂറ്റാണ്ടിലെ ഒരു നിർണ്ണായക ഘട്ടത്തിൽ മലങ്കര സഭയ്ക്ക് ശക്തമായ നേതൃത്വം നൽകിയവരാണ് തൊഴിയൂർ മെത്രാന്മാർ. തൊഴിയൂർ മെത്രാനായിരുന്ന കിടങ്ങൻ മാർ ഫീലക്സീനോസ് രണ്ടു തവണ മലങ്കര മെത്രാപ്പോലീത്താ ആയിരുന്നിട്ടുണ്ട്. മലങ്കര മെത്രാപ്പോലീത്താ പദവിയിലേക്ക് പ്രവേശിക്കുന്നതിനു മുമ്പേ തൊഴിയൂർ കിടങ്ങൻ മാർ ഫീലക്സീനോസ് ചെയ്ത പ്രധാനപ്പെട്ട ഒരു കാര്യം പഴയ സെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ ദിവന്നാസിയോസിനെ അതായത് ദിവന്നാസിയോസ് രണ്ടാമനെ വാഴിച്ചു എന്നതാണ്.

ബ്രിട്ടീഷുകാരുടെ പിന്തുണയോടെ തൊഴിയൂർ ഫീലക്സീനോസ് 1815 മാർച്ച് 22 ാം തിയതി മലങ്കരയിലെ പഴഞ്ഞി സെന്റ് മേരീസ് പള്ളിയിൽ വെച്ച് ദീവന്നാസിയോസ് രണ്ടാമൻ എന്ന പേരിൽ മെത്രാനായി വാഴിച്ചു. അതോടെ തൊഴിയൂർ മെത്രാൻ സഭയുടെ മുഖ്യധാരയിലേക്ക് വന്നു. ദീവന്നാസിയോസ് രണ്ടാമനെ പുത്തൻകൂർ നസ്രാണികൾ എല്ലാവരും അവരുടെ മെത്രാനായി സ്വീകരിച്ച് അനുസരിച്ച് നടന്നുകൊള്ളണമെന്ന രാജകീയ വിളംബരം തിരുവിതാംകൂർ സർക്കാർ 1816 ജനുവരിയിൽ പ്രസിദ്ധപ്പെടുത്തി.

1816 നവംബർ 24 ാം തീയതി ദീവന്നാസിയോസ് രണ്ടാമൻ കാലംചെയ്തു. അദ്ദേഹം സ്ഥാപിച്ച പഴയ സെമിനാരി ചാപ്പലിൽ തന്നെ സംസ്ക്കരിക്കപ്പെട്ടു.

ദീവന്നാസിയോസ് രണ്ടാമൻ പിൻഗാമിയെ വാഴിച്ചിരുന്നില്ല. അതുകൊണ്ട് തൊഴിയൂർ ഫീലക്സീനോസിന് രാജകീയ വിളംബരംമൂലം മലങ്കര മെത്രാപ്പോലീത്തായുടെ എല്ലാ അധികാര അവകാശങ്ങളും ലഭിച്ചു.

അതു സംബന്ധിച്ച വിവരങ്ങൾ മിഷണറി രജിസ്റ്ററുകളിലും, പി. ചെറിയാൻ തുടങ്ങിയവരുടെ എഴുത്തുകളിലും സെമിനാരി കേസിൽ ഹാജരാക്കിയ രേഖകളിൽനിന്നും ലഭ്യമാണ്. നോർട്ടൺ എന്ന മിഷണറി 1816 ഡിസംബർ 14-ാം തീയതി എഴുതിയ ഒരു കത്തിലും,1817 ഫെബ്രുവരിയിൽ എഴുതിയ റിപ്പോർട്ടിലും, തൊഴിയൂർ ഫീലക്സീനോസ് മെത്രാച്ചന് മലങ്കര സഭയുടെ മുഴുവൻ ചുമതല നൽകുന്നതിനെകുറിച്ച് പരാമർശിക്കുന്നുണ്ട്.

ഒരു പ്രാർത്ഥനാ മനുഷ്യൻ, ഏകാന്തവാസം ഇഷ്ടപ്പെടുന്ന സന്യാസിവര്യൻ തുടങ്ങിയ പ്രത്യേകതകളുള്ള അദ്ദേഹത്തെ മലങ്കര മെത്രാൻ ആക്കണമെന്നാണ് സഭാംഗങ്ങളുടേയും, വൈദികരുടേയും, റസിഡന്റിന്റേയും, മറ്റ് ഭരണാധികാരികളുടേയും ആഗ്രഹമെന്നും നോർട്ടൺ രേഖപ്പെടുത്തിയിട്ടുണ്ട്.

അധികം താമസിയാതെ എറണാകുളത്ത് പോഞ്ഞിക്കര ദ്വീപിലുള്ള റസിഡന്റിന്റെ ബംഗ്ലാവിൽ വെച്ച് മലങ്കര നസ്രാണികളുടെ ഒരു സുന്നഹദോസ് നടത്തി. റസിഡന്റ്, തിരുവിതാംകൂർ ദിവാൻ, പീലിപ്പോസ് റമ്പാൻ, ജോസഫ് റമ്പാൻ, വൈദികർ എന്നിവരുടെ സാന്നിധ്യത്തിൽ മാർ ഫീലക്സീനോസിന്റെ സ്ഥാനപ്രാപ്തിയെപ്പറ്റി പരിചിന്തനം ചെയ്തു. ഒരു മെത്രാൻ തനിച്ചു സ്ഥാനം കൊടുത്തതുകൊണ്ട്, അദ്ദേഹത്തിന്റെ സ്ഥാനം സാധുവല്ലെന്ന് ഒരു വാദം ഉന്നയിക്കപ്പെട്ടു. ചാട്ടുകുളങ്ങര, പഴഞ്ഞി, കുന്നംകുളം ഇടവകകളിലെ വൈദികരുടേയും ജനങ്ങളുടേയും സാന്നിധ്യത്തിൽ നടന്ന വൈദിക കർമ്മത്തിന് കോട്ടം ഒന്നും ഇല്ലെന്ന് സുന്നഹദോസ് തീരുമാനിച്ചു. ഇങ്ങനെ തൊഴിയൂർ മാർ ഫീലക്സീനോസ് മലങ്കര മെത്രാനായി അധികാരമേറ്റു. തൊഴിയൂർ ഫീലക്സിനോസിനെ മലങ്കര മെത്രാപ്പോലീത്തായായി നിയമിച്ചുകൊണ്ട് 1817-ൽ പുറപ്പെടുവിച്ച ഒരു രാജകീയ വിളംബരത്തിന്റെ പരിഭാഷ.

“മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത ചരമം പ്രാപിക്കുകയും ചാവക്കാട്ട് ഇരിക്കും മാർ ഫീലക്സീനോസ് മെത്രാനെ പകരം നിയമിക്കുകയും ചെയ്കയാൽ, മലങ്കര ഇടവകയിലെ പുത്തൻകൂർ നസ്രാണികൾ എല്ലാവരും മേൽപറഞ്ഞ ഫീലക്സീനോസ് മെത്രാന്റെ ആജ്ഞകൾ അനുസരിക്കേണ്ടതാണ് എന്ന് ഇതിനാൽ അറിയിച്ചിരിക്കുന്നു. 992 ധനു 26-ാം തീയതി”. ഈ നിയമനത്തിന്റെ പിന്നിൽ പ്രവർത്തിച്ചവരും പ്രധാനപങ്കുവഹിച്ചവരും മിഷണറിമാരായിരുന്നു. മാർ ഫീലക്സീനോസ് മലങ്കര മെത്രാപ്പോലീത്ത സ്ഥാനം സ്വയം സ്വീകരിക്കുകയും തിരുവിതാംകൂർ കൊച്ചി ഗവൺമെന്റുകൾ അദ്ദേഹത്തെ അപ്രകാരം പ്രഖ്യാപനം ചെയ്യുകയും ചെയ്തു എന്നാണ് ഇ. എം. ഫിലിപ്പോസ് എഴുതിയിരിക്കുന്നത്.

മാർ ഫീലക്സീനോസ് ഭരണമേറ്റ് അധികം വൈകാതെ തന്നെ പുന്നത്ര ജോർജ്ജ് (കുര്യൻ) കത്തനാരെ അദ്ദേഹത്തിന്റെ സഹായിയായി നിയമിക്കണമെന്നാവശ്യപ്പെട്ടതിനെ മിഷണറിമാർ അനുകൂലിച്ചു. 32 വയസ്സു മാത്രം പ്രായമുണ്ടായിരുന്ന പുന്നത്ര ജോർജ്ജ് കത്തനാർ മെത്രാന്റെ സഹായിയും ആർച്ച് ഡീക്കനുമായി നിയമിതനായി. മെത്രാന് പ്രായാധിക്യം ഉണ്ടായിരുന്നതിനാലും എല്ലാ കാര്യങ്ങളിലും വ്യാപൃതനായ ജോർജ്ജ് കത്തനാർ പ്രാപ്തനായതിനാലും അദ്ദേഹത്തെ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തണമെന്ന ആവശ്യം ഉയർന്നു. തൊഴിയൂർ സഭയുടെ (കിടങ്ങൻ മാർ)ഫീല

ക്സീനോസ് രണ്ടാമൻ 993 തുലാം 26-ാം തീയതി ജോർജ്ജ് കത്തനാരെ ദീവന്നാസിയോസ് എന്ന സ്ഥാനപ്പേരോടുകൂടി മെത്രാനായി വാഴിച്ചു. (ഈ മെത്രാൻ വാഴ്ച 1817 തുലാം മാസത്തിലായിരുന്നുവെന്നും, 1819 തുലാം 26ന് ആയിരുന്നെന്നും 1817ഒക്ടോബറിൽ ആയിരുന്നെന്നും വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ട്.)

പുന്നത്ര ദീവന്നാസിയോസ് ഭരണം തുടങ്ങിയ 993 ധനു18 ന് രാജകീയ വിളംബരം ഉണ്ടായത് ഇപ്രകാരമാണ്. മാർ ഫീലക്സീനോസ് മെത്രാപ്പോലീത്താ രോഗബാധിതനായി ഭവിച്ചിരിക്കുന്നതിനാലും അദ്ദേഹത്തിന്റെ പിൻഗാമിയായി മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ വാഴിച്ചിരിക്കുകയാലും നമ്മുടെ രാജ്യത്തെ പുത്തൻകൂർ സുറിയാനിക്കാർ എല്ലാവരും മാർദീവന്നാസിയോസ് മെത്രാപ്പോലീത്തായെ അനുസരിക്കേണ്ടതാണെന്ന് അവരെ അറിയിച്ചിരിക്കുന്നു.

തുലാം 26 ന് വികാരി ജനറാൾ ജോർജ്ജിനെ ദീവന്നാസിയ്യോസ് മൂന്നാമനായി അഭിഷേകം ചെയ്ത ശേഷം ശ്രവണസുഖദായകമായ മലങ്കര മെത്രാപ്പോലീത്തായെന്ന സ്ഥാനപേർ ഉപേക്ഷിക്കാതെ തന്റെ തൊഴിയൂരുള്ള വാസസ്ഥലത്തേക്ക് അദ്ദേഹം (മാർ ഫീലക്സീനോസ്) പിൻവാങ്ങേണ്ടതായി വന്നു എന്നാണ് ഇ. എം. ഫീലിപ്പോസ് പറയുന്നത്. മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഉപേക്ഷിക്കാതെ ഭരണം ഒഴിഞ്ഞ അവസ്ഥ. മിഷണറിമാരുമായി നല്ല ബന്ധത്തിലാണ് പുന്നത്ര ദീവന്നാസിയോസ് ജീവിച്ചത്. 1825-ൽ 40 വയസ്സോട് അടുത്ത് മാത്രം പ്രായം ഉണ്ടായിരുന്ന പുന്നത്ര മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത കോളറ ബാധിതനായി മെയ് മാസത്തിൽ (1000 ഇടവം 5) കാലം ചെയ്തു. കോട്ടയം ചെറിയ പള്ളിയിൽ അടക്കി. മാർ ഫീലക്സീനോസ് തന്നെ വിണ്ടും മലങ്കര മെത്രാപ്പോലീത്തായുടെ അധികാരമേറ്റു. അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ പള്ളിക്കര പള്ളിയിൽ കൂടിയ യോഗത്തിൽ വെച്ച് ചേപ്പാട്ട് ഫീലിപ്പോസ് കത്തനാരെ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. മൂന്നുമാസങ്ങൾക്ക് ശേഷം അതായത് 1001-ാം ആണ്ട് (1825) ചിങ്ങം 15 ന് ചേപ്പാട്ട് ദീവന്നാസിയോസിന് മാർ ഫീലക്സീനോസ് തന്നെ മെത്രാനായി വാഴിച്ചു. ചേപ്പാട്ട് ദീവന്നാസിയോസ് മെത്രാനായെങ്കിലും തൊഴിയൂർ ഫീലക്സീനോസിന്റെ സഹായി (അസിസ്റ്റന്റ്) എന്ന നിലയിൽ മാത്രമാണ് പ്രവർത്തിച്ചതും അധികാരം വിനിയോഗിച്ചതും. തൊഴിയൂർ ഫീലക്സീനോസിന് രണ്ടാമതൊരു രാജകീയ വിളംബരം ലഭിച്ചോ എന്നറിയില്ല. എന്തായാലും മലങ്കര മെത്രാപ്പോലീത്തായുടെ സർവ്വ അധികാരവും സ്ഥാന ബഹുമാനാധികളും മരിക്കുന്നതു വരെ അദ്ദേഹത്തിനുണ്ടായിരുന്നു.

ചേപ്പാട്ട് ഫീലിപ്പോസ് കത്തനാരെ മാർ ദീവന്നാസിയോസ് നാലാമൻ എന്ന പേരോടുകൂടി മലങ്കരയുടെ മെത്രാനായി അഭിഷേകം ചെയ്തുവെങ്കിലും അദ്ദേഹം മാർ ഫീലക്സീനോസിന്റെ സഹായകനോ സഫ്രഗനോ ആയിരിക്കുമെന്നുള്ള വ്യവസ്ഥയോടു കൂടിയാണ് സ്ഥാനം നൽകിയത്. ആ വിധം തന്നെ മാർ ഫീലക്സീനോസിന്റെ മരണം വരെ കാര്യങ്ങൾ നടക്കുകയും ചെയ്തു എന്നാണ് മിഷണറിമാർ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും മനസ്സിലാകുന്നത്.

1001 ചിങ്ങത്തിൽ (1825) ചേപ്പാട്ട് ദീവന്നാസിയോസ് മെത്രാനായെങ്കിലും ഫീലക്സീനോസ് കാലം ചെയ്ത ശേഷം (1830) 1004 കുംഭം 30-ാം തീയതി മാത്രമാണ് അദ്ദേഹത്തിന് മലങ്കര മെത്രാപ്പോലീത്തായായി രാജകീയ വിളംബരം ലഭിക്കുന്നത്.

വിളംബരത്തിൽ പറയുന്നത് ഇപ്രകാരമാണ്. കോട്ടയത്ത് താമസിച്ചുകൊണ്ടിരുന്ന മാർ ഫീലക്സീനോസ് മെത്രാപ്പോലീത്താ മരിക്കുകയും അദ്ദേഹത്തിനു പകരം ദീവന്നാസിയോസ് മെത്രാപ്പോലീത്താ നിയമിതനാകുകയും ചെയ്കയാൽ മലങ്കര ഇടവകയിലെ പുത്തൻകൂർ നസ്രാണികൾ അദ്ദേഹത്തിന്റെ ആജ്ഞ അനുസരിക്കേണ്ടതാണ് എന്നാണ്

തൊഴിയൂർ ഫീലക്സീനോസ് മരണംവരെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്നുവെന്ന് ഇതിൽ നിന്നും വ്യക്തമാണല്ലോ.

ഇങ്ങനെ മലങ്കര സഭാ ചരിത്രത്തിൽ നിർണ്ണായകമായ സ്വാധീനവും ശക്തമായ ഇടപെടലുകളും നടത്തിയിട്ടുള്ള തൊഴിയൂർ മെത്രാന്മാരുടെ പിൻതലമുറക്കാരനായി പരിലസിക്കുന്ന തൊഴിയൂർ സഭയുടെ പതിമൂന്നാമത്തെ മെത്രാപ്പോലീത്തായായ ജോസഫ് മാർ കൂറീലോസ് വലിയ മെത്രാപ്പോലീത്തായുടെ ഭരണ കാലത്ത് സഭക്ക് അസൂയാർഹമായ ഉന്നമനവും പുരോഗതിയും കൈവരിച്ചു എന്നതിൽ സംശയമില്ല. തൊഴിയൂർ സഭയുടെ ആദ്യത്തെ മെത്രാപ്പോലീത്തായായിരുന്ന പ. കാട്ടുമങ്ങാട്ട് അബ്രഹാം മാർ കൂറീലോസ് വലിയ ബാവായുടെ ജന്മനാടുൾക്കൊള്ളുന്ന എറണാകുളം ജില്ലയിൽ തൊഴിയൂർ സഭയ്ക്ക് ഒരു ദേവാലയം ഉണ്ടാകുന്നത് ജോസഫ് മാർ കൂറീലോസ് മെത്രാപ്പോലീത്തായുടെ ഭരണകാലത്താണ്. തൊഴിയൂർ സഭയുടെ ചരിത്രവും മലങ്കരസഭാ ചരിത്രത്തിൽ ആ സഭ ചെലുത്തിയിട്ടുള്ള നിർണ്ണായകമായ സ്വാധീനങ്ങളും വരുംതലമുറയ്ക്ക് ബോധ്യമാകുംവണ്ണം പ്രചരിപ്പിക്കുവാൻ ഉതകത്തക്ക രീതിയിൽ അഞ്ചോളം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ മാർ കൂറീലോസ് മെത്രാപ്പോലീത്തായ്ക്ക് സാധിച്ചു. സഭയുടെ എക്ക്യുമിനിക്കൽ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ സാധിച്ചതും ഇദ്ദേഹത്തിന്റെ ഭരണകാലത്താണ്. തൊഴിയൂർ സഭയുടെ വലിയ മെത്രാപ്പോലീത്തായായ ജോസഫ് മാർ കൂറീലോസ് തിരുമേനിക്ക് സർവ്വശക്തനായ ദൈവം ദീർഘായുസ്സും ആരോഗ്യവും ഇനിയും മേൽക്കുമേൽ ചൊരിഞ്ഞു തരട്ടേയെന്ന് പ്രാർത്ഥിക്കുന്നു. ജൂബിലി ആഘോഷങ്ങൾക്ക് എല്ലാ നന്മകളും ആശംസിക്കുന്നു.

Prayers & Best Wishes

to our beloved Thirumeni

Mathew Peter &
Annamma Mathew
Peter Ribu Mathew &
Bindu Peter
Elisha Ann Peter,
Yohann Mathew Peter
Kuwait

Prayers & Greetings

Vimal J. Philip & Family
Kuwait

ചെറിയ സഭയെ തോളിലേറ്റിയ വലിയ ഇടയൻ

റവ. പി. മാത്യു.
എപ്പിസ്ക്കോപ്പൽ ജുബിലി ഇൻസ്റ്റിറ്റ്യൂട്ട്, കൊമ്പാടി

മാർത്തോമ്മ സഭയ്ക്ക് തൊഴിയൂർ സഭയുമായുള്ള പ്രത്യേക ബന്ധത്തിന് മലങ്കര സഭാനവീകരണത്തോളം പഴക്കമുണ്ട്. ചരിത്ര പുസ്തകങ്ങളിൽ നിന്നു മാത്രമല്ല. കുന്നംകുളത്ത് ഒരു വർഷം പ്രവർത്തിക്കുവാൻ എനിക്കും കുടുംബത്തിനും ഇടയായതിലൂടെ അതിനെസംബന്ധിച്ച് വസ്തുനിഷ്ഠമായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇരു സഭകൾക്കും അതാതിന്റെ സ്വതന്ത്രമായ നിലനിൽപ്പിനും അപ്പോസ്തോലിക പിൻതുടർച്ചയ്ക്കും പരസ്പരം കടപ്പാടുണ്ട്. മാർത്തോമ്മ സഭയുടെ അപ്പോസ്തോലിക കൈവെപ്പ് അന്യം നിന്നുപോയി എന്ന് വരാമായിരുന്ന സാഹചര്യത്തിൽ സഹായിച്ചത് തൊഴിയുരെ സഭാപിതാവാണ്. ആ കാലത്ത് അതിനു വേണ്ടി തൊഴിയൂരെ സഭയുടെ പിതാവും കുന്നംകുളത്തെ മാർത്തോമാക്കാരും പ്രത്യേകിച്ച് പാറമ്മേൽ ചീരൻ കുടുംബങ്ങളും സഹിച്ച ത്യാഗങ്ങൾ ഇന്നു മനസ്സിലാക്കാൻ പ്രയാസമാണ്. അതിനു മാർത്തോമ സഭയും കൈവെപ്പിലൂടെ കടം വീട്ടിയിട്ടുണ്ടെങ്കിലും അത്രമാത്രം ത്യാഗം സഹിക്കേണ്ടി വന്നിരിക്കില്ലെന്ന് തോന്നുന്നു. മാർത്തോമ സഭയുടെ പിതാക്കൻമാരിൽ നിന്നും അപ്രകാരം കൈവെപ്പു ലഭിച്ച ആളാണ് വലിയ മെത്രാപ്പോലീത്ത ജോസഫ് മാർ കൂറീലോസ് തിരുമേനി.

തൊഴിയൂർ സഭയുടെ പ്രതിസന്ധിഘട്ടത്തിൽ അതിന്റെ സ്വത്വം നിലനിർത്തുന്നതിന് മാർത്തോമ മെത്രാപ്പോലീത്തമാർ ശ്രമിച്ചിട്ടുണ്ട്. അത് നിലനിൽക്കത്തക്കവണ്ണം ഭരണഘടന രൂപപ്പെടുത്തുന്നതിന് സഹായിക്കുകയും തനിക്ക് കൈവെപ്പ് നൽകി എപ്പിസ്ക്കോപ്പസ്ഥാനത്തേക്ക് പ്രവേശിപ്പിക്കുകയും ചെയ്ത മാർത്തോമ മെത്രാച്ചൻമാരേയും മാർത്തോമ സഭയേയും ഊഷ്മളമായി സ്നേഹിക്കുന്ന മെത്രാപ്പോലീത്തയാണ് അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് മെത്രാപ്പോലീത്ത. മാർത്തോമ മെത്രാപ്പോലീത്തമാരെ പിതൃതുല്യം സ്നേഹിച്ച് ബഹുമാനിക്കുന്നതിന്റെ വികാരനിർഭരമായ വാക്കുകൾ കേൾക്കുവാൻ എനിക്ക് ഇടയായിട്ടുണ്ട്. മാർത്തോമ സഭയും തൊഴിയൂർ സഭയുമായിട്ടുള്ള പരസ്പര ബന്ധത്തിന്റെ ഊഷ്മളത കുറഞ്ഞുപോകുന്നു എന്ന ആശങ്കയും വേദനയും തിരുമേനിയുടെ വാക്കുകളിലൂടെ മനസ്സിലാക്കിയിട്ടുണ്ട്.

തൊഴിയൂർ സഭയുമായുള്ള എന്റെ ബന്ധം

ആദ്യമായി ഞാൻ തൊഴിയൂരിൽ പോയത് ആലുവ സെന്റ് തോമസ് പള്ളി വികാരി ആയിരുന്നപ്പോഴായിരുന്നു. അവിടെ നടന്ന വിശുദ്ധ കുർബ്ബാനയിൽ എന്നേയും മദ്ബഹായിൽ നിന്ന് ശുശ്രൂഷയിൽ പങ്കുചേർത്തു. മാർത്തോമ സഭയുടെ പട്ടക്കാരനായി തന്നെ വിശുദ്ധ അപ്പ വീഞ്ഞുകളിൽ പങ്കു കൊണ്ടു. കൂടെയുണ്ടായിരുന്ന ഇടവകാംഗങ്ങളിൽ വിശുദ്ധ കുർബ്ബാനയിൽ പങ്കുകൊള്ളുവാൻ ഒരുങ്ങിയവരേയും അതിൽ പങ്കുചേർത്തു. പൊതു കുമ്പസാരമാണ് അവർക്കായി നടത്തിയതെന്നാണ് എന്റെ ഓർമ്മ. പിന്നീട് അവിടെയുള്ള കാര്യങ്ങൾ എല്ലാവർക്കും വിശദീകരിച്ച് തന്നു. പുതിയ പള്ളികെട്ടിടം പൂർത്തിയായതേ ഉണ്ടായിരുന്നുള്ളൂ.

തൊഴിയൂർ സഭാ പിതാക്കൻമാരിലൂടേയും അവിടത്തെ പ്രാർത്ഥനയിലൂടേയും പലർക്കും സൗഖ്യം ലഭിച്ചിട്ടുള്ളത് വിശദീകരിച്ചു. കൂടുതലും മറ്റു മതവിശ്വാസികൾക്കായിരുന്നു അനുഭവങ്ങൾ. അവിടെയുള്ള സ്ഥലം തന്നെ അങ്ങനെയുള്ളതിന്റെ നന്ദി സൂചകമായി മറ്റു മതവിശ്വാസിയിൽ നിന്ന് ലഭിച്ചതാണെന്നും അറിയുവാനിടയായി. പിന്നീട് കുന്നംകുളം മാർത്തോമ ഇടവക വികാരിയായപ്പോൾ ഈ സഭയുമായുള്ള ബന്ധത്തിന് ആക്കമുണ്ടായി. അഭിവന്ദ്യ തിരുമേനിയുമായി കൂടുതൽ സൗഹൃദത്തിൽ ആകുവാനും അവസരമായി.

ചെറിയ സഭയുടെ വലിയ അഭിമാനം

ഈ സഭയുടെ പിതാക്കൻമാരെ കുറിച്ച് വലിയ അഭിമാനമാണ് ഈ വലിയ മെത്രാപ്പോലീത്തായ്ക്ക് . ഈ സഭയെ കുറിച്ച് ദൈവത്തിന് വലിയ ഉദ്ദേശമുണ്ട്. അത് ചരിത്രത്തിൽ തെളിയിച്ചുകഴിഞ്ഞു. മറ്റുള്ളവർക്ക് നന്മവരുത്തുന്നതിനാണ് ഈ സഭയെ ദൈവം നിലനിർത്തിയിരിക്കുന്നത് എന്നാണ് തിരുമേനിയുടെ വിശ്വാസം. തൊഴിയൂരിൽ പ്രാർത്ഥിച്ചിട്ട് മാനസിക രോഗികൾക്ക് സൗഖ്യം ലഭിച്ചിട്ടുള്ളതും പേവിഷബാധ ബാധിച്ച രോഗിക്കുപോലും സൗഖ്യമുണ്ടായതും പിതാക്കൻമാരുടെ ജീവിത വിശുദ്ധിയുടേയും കർത്താവുമായുള്ള ബന്ധത്തിന്റേയും പ്രാർത്ഥനയുടേയും ഫലമാണെന്ന് അദ്ദേഹം അഭിമാനത്തോടെ ഓർത്ത് വിവരിച്ചിട്ടുണ്ട്. അവിടെ പഴയ പള്ളികെട്ടിടത്തിന്റെ ഭാഗങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള മൂറോൻ കുപ്പി കാണിച്ചിട്ടുണ്ട്. മനോഹരമായ സ്ഫടിക കുപ്പിയിൽ ചുവന്ന നിറത്തിലുള്ള വിശുദ്ധ മൂറോൻ പിതാക്കൻമാർ അവിടെ സൂക്ഷിച്ചിട്ടുണ്ട്. ആവശ്യമുള്ളപ്പോൾ എങ്ങനെയോ അത് ലഭിക്കുന്നു. ഇതുവരെ മൂറോൻ ഉണ്ടാക്കേണ്ട ആവശ്യം വന്നിട്ടില്ല. തുടങ്ങിയ കാര്യങ്ങൾ ആവേശത്തോടെ വിശദീകരിച്ചിട്ടുള്ളത് ഇപ്പോഴും ഞാൻ ഓർക്കുന്നു. ചെറുതെങ്കിലും വിശുദ്ധരായ ശ്രേഷ്ഠ പിതാക്കൻമാരുടെ ലാളനയും അനുഗ്രഹവും അനുഭവിച്ച സഭ. അവരുടെ പിൻമുറക്കാരനായതിൽ തിരുമേനിക്ക് അതിയായ അഭിമാനവും ആനന്ദവും .

തന്റെ സഭയെ കുറിച്ചുള്ള കരുതലും സ്വപ്നവും

സഭ ജനസംഖ്യയിൽ ചെറുതാണെന്നതിൽ തിരുമേനിക്ക് വിഷമമില്ല. എന്നാൽ ഈ സഭയിലൂടെ ദൈവോദ്ദേശം നടന്നിട്ടുണ്ട്. ഇനിയും നടക്കുവാനുണ്ട്. അതിനാൽ സഭയുടെ സാക്ഷ്യം കഴിയുന്നിടത്തോളം ഉയരണമെന്ന് ആശിച്ചു; സ്വപ്നം കണ്ടു. അതിനായി തന്നാലാവോളം പരിശ്രമിച്ചു. അതിന്റെ ചിലകാര്യങ്ങൾ എനിക്കു നേരിട്ടറിയാം. അതിന്റെ ഒരു അനുഭവമാണ് തിരുമേനിയോടുകൂടെ വയനാട്ടിലേക്ക് യാത്ര ചെയ്തത്. തിരുമേനി സഭയുടെ ചുമതലക്കാരിൽ ചിലരുമായി വയനാട്ടിലേക്ക് യാത്ര തിരിച്ചു. ബഹു. വി.എസ്. വർഗ്ഗീസച്ചൻ തന്റെ ഗവേഷണ ആവശ്യത്തിന് വയനാട്ടിൽ ഉണ്ടായിരുന്നു.(അച്ചൻ ഗുരുവായൂർ മിഷണറി ആയിരുന്ന കാലം മുതൽ തിരുമേനിയോട് നല്ല അടുപ്പമുണ്ട്.) വയനാട്ടിൽ സഭയ്ക്കുവേണ്ടി ഒരു സ്ഥലം വാങ്ങി എന്തെങ്കിലും പ്രൊജക്ട് ഉണ്ടാക്കണമെന്ന് ആഗ്രഹിച്ചു. വർഗ്ഗീസച്ചനെ വയനാട്ടിൽ വെച്ച് കണ്ടുമുട്ടാമെന്ന് അറിയിച്ചു. കുന്നംകുളത്ത് പഴയ പാഴ്സനേജ് കെട്ടിടത്തിൽ നിന്ന് എന്നേയും കൂട്ടി വയനാട്ടിലെ ചില പരിചയക്കാരെ തിരുമേനിയുടെവരവിനെകുറിച്ച് അറിയിച്ചു.

അച്ചൻ ചൂണ്ടേലിൽ കാത്തു നിന്നു. അച്ചൻ പറഞ്ഞതനുസരിച്ച് ചില സ്ഥലങ്ങളൊക്കെ കണ്ടു. വളരെ നല്ല സ്ഥലങ്ങൾ. സഭയുടെ സാക്ഷ്യത്തിന്റെ വളർച്ചയും മറ്റും തിരുമേനി സ്വപ്നം കണ്ടു. നടപ്പു വിലയിൽ കുറച്ചു തിരുമേനിക്ക് ലഭിക്കുമായിരുന്നെങ്കിലും ആ വില തന്നെ താങ്ങുവാൻ സാധിക്കുമോ എന്ന് ആശങ്കയായി. എങ്കിലും ദൈവഹിതമെങ്കിൽ അത് ദൈവം സാധിപ്പിക്കുമെന്ന് നിശ്ചയിച്ച് തിരിച്ചുപോന്നു.

May Heavenly Lord Bless our beloved Koorilose Thirumeni with His Choicest Graces

Rev. P. Mathew Achan
LizyKochamma
Susan, Sam and Joe

സർവ്വശക്തനിൽ ആഴമായ ആശ്രയം

ആ യാത്രയിൽ തിരുമേനിയുടെ ദൈവാശ്രയം മാത്രമല്ല. മറ്റു മനുഷ്യരോടുള്ള ബഹുമാനവും കണ്ടു. കുന്നംകുളത്തു നിന്നും യാത്ര തിരിച്ചപ്പോൾ തന്നെ ഞങ്ങൾ കാർ നിറയെ ആൾക്കാർ. വയനാട്ടിലെ യാത്രകളിലും മടക്കയാത്രയിലും ഞങ്ങൾ വി. എസ്. വർഗ്ഗീസച്ചനേയും കൂട്ടി. ഞെരുക്കമായിരുന്നു ഇരിപ്പ്. വയനാട്ടിൽ ശക്തമായ മഴ ആയിരുന്നു. തിരുമേനിയുടെ അംബാസഡർ കാർ ഇടയ്ക്കിടെ പണിമുടക്കി. പിന്നീട് കാരണം മനസ്സിലായി. ഫാനിന്റെ ലീഫ് ഓരോന്ന് ഒടിഞ്ഞുമാറി. എഞ്ചിൻ അധികം ചൂടാകുന്നു. ഭാരകൂടുതൽ ആയിരിക്കാം എന്ന് ഡ്രൈവർ പറഞ്ഞു. എങ്കിലും സഹയാത്രികരെ ആരേയും തിരുമേനി വഴിക്കിറക്കിയില്ല. ഏതായാലും ദൈവം താങ്ങി. മടക്കയാത്രയിൽ ചുരം ഇറങ്ങാൻ ആരംഭിച്ചപ്പോൾ വലിയ അപകടസ്ഥിതി. അതിശക്തമായ കോട(മൂടൽമഞ്ഞ്)അല്പം പോലും വഴി കാണാൻ പാടില്ല. വണ്ടിക്ക് ഫോഗ് ലൈറ്റില്ല. ചിലരൊക്കെ കോട മാറുവാനായി വണ്ടി ഒതുക്കി ഇട്ടു. ഫോഗ് ലൈറ്റ് ഉള്ള ചില വണ്ടികൾ നിരങ്ങിനീങ്ങി. ഞങ്ങൾക്ക് മടങ്ങിയെത്തേണ്ട ആവശ്യം ഉണ്ടായിരുന്നതുകൊണ്ട് മുന്നോട്ടു നീങ്ങുവാൻ തിരുമേനി പറഞ്ഞു. മറ്റൊരു വണ്ടിയുടെ പുറകേ നിരങ്ങി നീങ്ങി. അങ്ങനെ ചുരമിറങ്ങി. അതിശയകരമായി കർത്താവ് കാത്തു. മഴ ഉണ്ടായിരുന്നതിനാൽ സ്ഥലം നോക്കിയ ഇടങ്ങളിൽ അട്ടയുടെ ഉപദ്രവവും ഉണ്ടായി. എം. വി. മാണിയുടെ (സന്നദ്ധ സന്ദേശം-അന്ന് ബൈബിൾ വിതരണം)സ്ഥലത്തുവെച്ച് ആദ്യമായി അട്ടയുടെ ഉപദ്രവം ചെറുതായി ഞാനും അനുഭവിച്ചു. എങ്കിലും അധികം ക്ലേശകരമായി ആർക്കും ഒന്നും സംഭവിച്ചില്ല. ഇവിടെയെല്ലാം ഏത് പ്രതിസന്ധികളേയും അതിജീവിക്കാനുള്ള ദൈവാശ്രയവും തന്റെ സഭയ്ക്കായി എത്രയും ക്ലേശം സഹിക്കുവാനുള്ള സന്നദ്ധതയും ഞാൻ കണ്ടു.

ഊഷ്മളമായ ആൾ ബന്ധം

കുന്നംകുളം മാർത്തോമ ഇടവകയിൽ ശുശ്രൂഷ ചെയ്തതിലൂടെയാണ് ഞങ്ങൾക്ക് കുടുംബമായി തിരുമേനിയുമായി ആത്മബന്ധം സ്ഥാപിക്കാൻ ഇടയായത്. അന്നത്തെ സൗകര്യം കുറഞ്ഞ ജീർണ്ണിച്ച പാഴ്സനേജിൽ തിരുമേനി ഞങ്ങളുടെ ആഥിത്യം സ്വീകരിച്ചു. തിരുമേനിയുടെ ആഥിത്യ മര്യാദ തൊഴിയൂർ അരമനയിൽ ചെന്നിട്ടുള്ളവരെല്ലാം ആസ്വദിച്ചിട്ടുണ്ട്. ഞങ്ങൾക്കും അത് മറക്കാനാവാത്ത അനുഭവങ്ങളായിരുന്നു. തിരുമേനിയെ കാണാൻ ചെല്ലുന്നവർ അനുഗ്രഹീതരായിട്ടാണ് തിരിച്ചു പോകുന്നത്. തിരുമേനിയുടെ ഓഫീസിൽ മേശമേൽ സൂക്ഷിച്ചിരുന്ന ഒരു സ്ഫടിക പാത്രത്തിൽ മിഠായി. വരുന്നവർക്കെല്ലാം അതിലൊന്നെങ്കിലും കൊടുക്കും

പ്രത്യേകിച്ച് കുട്ടികൾക്ക്. കുട്ടികളോടുള്ള വാത്സല്യവും പിതൃതുല്യമായ ഇടപെടലും മാതൃകാപരമാണ്. അത് അവർ മറക്കാനിടയില്ല. പല കുട്ടികളുടേയും വിവാഹത്തിന് സമ്മാനമായി ബൈബിൾ കൊടുക്കുന്നതും എനിക്കറിയാം. അത് അവർ നിധിയായി സൂക്ഷിക്കും. എല്ലാവരോടും ഹൃദ്യമായും നിഷ്കപടമായും തുറന്ന് സംസാരിക്കും. വന്നവർ തിരുമേനിയുടെ സംഭാഷണത്താൽ മനസ്സ് തെളിയും. തങ്ങൾക്ക് അംഗീകാരവും പ്രാധാന്യവും കിട്ടിയെന്ന് ഉള്ളിൽ തോന്നും. അവർക്ക് ആവശ്യമായ ഉപദേശങ്ങളും നൽകും. വന്നവർ സമാധാനത്തോടെ പോകും. അനുഗ്രഹത്തിന്റെ വാക്കുകൾ അവസാനം വ്യക്തമായി നൽകും. തങ്ങളുടെ ഭാരങ്ങൾ ഇറക്കികിട്ടി വിശ്വാസവും പ്രത്യാശയും ഉള്ളവരായി തിരികെ പോകും. ജാതിമതഭേദമോ സാമൂഹ്യനിലവാര വ്യത്യാസമോ കൂടാതെ ഓരോരുത്തർക്കും ബഹുമാനം ലഭിച്ചതിന്റെ അനുഭവം. തിരുമേനി കൗൺസിലിംഗിൽ പ്രത്യേക പരിശീലനമോ പ്രാവീണ്യമോ നേടിയിട്ടുള്ളതായി അറിയില്ല. എങ്കിലും വന്നവർക്കെല്ലാം ഒരു കൗൺസിലിംഗ് കിട്ടിയതിന്റെ അനുഭവം. അവർക്ക് പറ്റിയ ഉപദേശങ്ങൾ പറയും. ചില വാക്കുകൾ ബൈബിളിൽ നിന്ന് ഓർമ്മിപ്പിക്കും. ഒടുവിൽ പ്രാർത്ഥിച്ച് ആശീർവദിച്ച് വിടും. തിരുമേനി പറയും "എന്റെ കൈവശം ഒന്നും തരാനില്ല കേട്ടോ. തമ്പുരാൻ നിങ്ങൾക്ക് വേണ്ടത് തരും. ധൈര്യമായി പൊയ്ക്കോ. എന്നേയും പ്രാർത്ഥനയിൽ ഓർക്കണമേ". വലിയ ഉദ്യോഗസ്ഥന്മാർ വരെ തിരുമേനിയുടെ അനുഗ്രഹത്തിനായി വരും അവിടെ. കുന്നംകുളത്തെ ബന്ധം ഞങ്ങൾ തുടർന്നും നിലനിർത്തി. മാരാമണ്ണ് വരുമ്പോൾ അല്പ നിമിഷങ്ങൾ പരസ്പരം കാണുവാൻ ശ്രദ്ധിക്കും. പരിചയക്കാരെയൊക്കെ തിരുമേനി അവിടെ അന്വേഷിക്കും. ആ നിമിഷങ്ങൾ സന്തോഷപ്രദമാണ്.

അമേരിക്കൻ അനുഭവങ്ങൾ.

കുന്നംകുളത്തു നിന്ന് ഞങ്ങൾക്ക് മാർത്തോമ സെമിനാരിയിലേക്കാണ് മാറ്റമായത്. ഒരിക്കൽ തിരുമേനി ചോദിച്ചു. "അച്ചൻ വിദേശത്ത് പോയിട്ടുണ്ടോ". "ഇല്ല." "എന്നാൽ അച്ചൻ പോകും. അതിന്റെ സമയത്ത് നടക്കും ഞാൻ പ്രാർത്ഥിക്കാം." അത് പ്രവചനം പോലെയായി. എനിക്കും കുടുംബത്തിനും അമേരിക്കയിൽ കുടിയേറുവാനും പൗരത്വം നേടുവാനും സാധ്യത ഉണ്ടായിരുന്നു. എങ്കിലും ശുശ്രൂഷ അതിനേക്കാൾ വലുതായി കണ്ടതുകൊണ്ട് അതു വേണ്ട എന്ന് തീരുമാനിച്ചു. എങ്കിലും അമേരിക്ക കാണണമെന്ന് ആഗ്രഹം ഉണ്ടായിരുന്നു. തിരുമേനിയുടെ പ്രാർത്ഥനഫലവത്തായി. മാർത്തോമ സഭാ സിനഡിന്റെ തീരുമാനത്തിലൂടെ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് സെമിനാരിയിൽ ആറു വർഷത്തെ ശുശ്രൂഷകഴിഞ്ഞ് 2001-2004 ൽ യു എസ്. ൽ ഡാള്ളസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവകയിൽ വികാരിയായി ശുശ്രൂഷചെയ്യാൻ അവസരമുണ്ടായി. അഭിവന്ദ്യ കുറീലോസ് മെത്രാപ്പോലീത്ത തിരുമേനി ആ കാലഘട്ടത്തിലും അമേരിക്കയിൽ വന്നു. തിരുമേനിക്കാവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്ക

ണമെന്ന് ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ യൂയാക്കീം മാർ കൂറീലോസ് എപ്പിസ്ക്കോപ്പായുടെ നിർദ്ദേശവും ലഭിച്ചു. അങ്ങനെ മെത്രാപ്പോലീത്ത തിരുമേനി ഞങ്ങളോടൊത്ത് ചെലവഴിച്ച സമയം വളരെ അനുഗ്രഹകരവും ഹൃദ്യവുമായിരുന്നു. എന്റെ ഇടവക ശുശ്രൂഷകളിൽ തിരുമേനി പങ്കുചേർന്നു. തിരുമേനിയുടെ പരിചയക്കാർ പലരും പാഴ്സനേജിൽ വന്ന് കണ്ടു. തിരുമേനിയുടെ പരിചയക്കാരെ പലരേയും കാണുവാൻ ഞാൻ കൊണ്ടുപോകുകയും ചെയ്തു. ഡാള്ളസിൽ നിന്ന് തിരുമേനിക്ക് ലോസ് ആഞ്ചലസിൽ പോകണമായിരുന്നു. മഞ്ഞു വീഴ്ച മൂലം റോഡിൽ ഐസിന്റെ അപകടസാധ്യത ഉണ്ടായിരുന്നതിനാൽ ഒരു ഇടവകാംഗം ശ്രദ്ധയോടെ കാറോടിച്ച് വിമാനതാവളത്തിൽ എത്തിച്ചു.

ഒരു പുതിയ എപ്പിസ്ക്കോപ്പൽ സഭയുമായുള്ള ബന്ധം

ഒരു പ്രത്യേക പാരമ്പര്യമുള്ള സഭയുടെ ക്ഷണവും തിരുമേനിക്കുണ്ടായിരുന്നു. അവരുടെ ചരിത്രവും അവരുമായുള്ള ബന്ധവും തിരുമേനി വിശദമാക്കുമായിരിക്കും. തിരുമേനിയിലൂടെയാണ് ഞാൻ അവരെപ്പറ്റി അറിഞ്ഞതും പരിചയപ്പെട്ടതും. ഒരു കൺവേർജന്റ് ചർച്ച് എന്നാണ് അവർ സ്വയം വിശേഷിപ്പിക്കുന്നത്. അടുത്ത കാലം വരെ അവർ പെന്തക്കൊസ്തുകാരായിരുന്നു. എന്നാൽ സുറിയാനി സഭയുമായും യാക്കോബിന്റെ തക്സായുമായും എങ്ങനേയോ ബന്ധപ്പെടുവാൻ ഇടയായതിലൂടെ അതിന്റെ പാരമ്പര്യങ്ങളിലേക്ക് അവർ ആകൃഷ്ടരായി. അവരിൽ രണ്ട് പാസ്റ്റർമാർ മലങ്കര സുറിയാനി എപ്പിസ്ക്കോപ്പൽ കൈവെപ്പിലൂടെ എപ്പിസ്ക്കോപ്പാമാരായി. അതിൽ ഒരാളുടെ പേർ മാർ ഗ്രിഗറി എന്നാണെന്ന് ഞാൻ ഓർക്കുന്നു. വിശുദ്ധ യാക്കോബിന്റെ തക്സാ വെച്ച് അവർ വിശുദ്ധ കുർബ്ബാന ആഘോഷിക്കുന്നു. ഒരു പക്ഷേ അമേരിക്കൻ പെന്തക്കൊസ്തു സഭകളിൽ ഇതൊരു പുതിയ പ്രസ്ഥാനത്തിന്റെ തുടക്കമായിരിക്കാം. ലോസ് ആഞ്ചലസ്സിനടുത്തുള്ള ഒരു പട്ടണത്തിൽ (Fresno City) വെച്ചാണ് തിരുമേനി അവരെ സന്ദർശിച്ചത്. പ്രസ്തുത മീറ്റിംഗിൽ വെച്ച് ആ സഭയിലെ ടെക്സാസ് സ്റ്റേറ്റിൽ നിന്നുള്ള ചില അംഗങ്ങൾ തിരുമേനിയെ പരിചയപ്പെട്ടു. അവർ തിരികെ അവരുടെ പള്ളിയിലേക്ക് ക്ഷണിച്ചു. ഡാള്ളസിന് പടിഞ്ഞാറു ഭാഗത്തുള്ള ആൻഡ്രൂസ് എന്ന പട്ടണത്തിൽ. തിരുമേനി ലോസ് ആഞ്ചലസിൽ നിന്നും മടങ്ങിയെത്തിയപ്പോൾ അവർ തിരുമേനിക്കും എനിക്കും ആൻഡ്രൂസിലേക്ക് വിമാനടിക്കറ്റ് അയച്ചുതന്നു. ഞങ്ങളെ അവർ വളരെ ഹാർദ്ദവമായി സ്വീകരിച്ചു. തിരുമേനി വിശുദ്ധ കുർബ്ബാന ചൊല്ലികൊടുക്കണമെന്ന് അവർക്ക് താൽപര്യം ഉണ്ടായിരുന്നു. വിശുദ്ധ യാക്കോബിന്റെ തക്സായും അവർക്കുണ്ട്. എങ്കിലും പല കാരണങ്ങളാൽ ഇംഗ്ലീഷിൽ സന്ധ്യാ നമസ്ക്കാരം നടത്തുവാനേ കഴിഞ്ഞുള്ളൂ. ആ വിശ്വാസികളുടെ ആത്മാർത്ഥതയും ഭക്തിയും എന്നെ അതിശയിപ്പിച്ചു. കൗമ ചൊല്ലുമ്പോൾ "ക്രൂശിക്കപ്പെട്ട മശിഹാ തമ്പുരാനേ ഞങ്ങളോടു കരുണ ചെയ്യേണമേ" എന്ന ഭാഗത്ത് ചിലരൊക്കെ മുന്നോട്ടാഞ്ഞ് കുനിഞ്ഞു വണങ്ങിയിട്ടാണ് കുരിശു വരയ്ക്കുന്നത് കണ്ടത്. ആ രാത്രിയിൽ അവരുടെ ഒരു ഭവനത്തിൽ പാർത്തു. നല്ല ആഥിത്യ മര്യാദ. പിറ്റെ ദിവസം ഞങ്ങളെ വിമാനതാവളത്തിൽ കൊണ്ടുപോയാക്കി. കുറെ നാളത്തേക്ക് അവരുമായി ഈമെയിൽ ബന്ധം ഉണ്ടായിരുന്നു. മഞ്ഞു പെയ്യുവാൻ തുടങ്ങിയതിനാൽ ആ ചെറിയ വിമാനതാവളത്തിൽ അധികനേരം കാത്തിരിക്കേണ്ടി വന്നു വിമാനത്തിൽ കയറുവാൻ. എയർപോർട്ടിൽ ഇരുന്നുകൊണ്ട് പഞ്ഞി കഷ്ണങ്ങൾപൊലെ മഞ്ഞ് വീഴുന്നതും അതിനിടയിലൂടെ വിമാനങ്ങൾ കിടക്കുന്നതു നോക്കികാണുന്നതും വളരെ മനോഹരമായിരുന്നു.

അപകടത്തിൽ വിടുതൽ

ആൻഡ്രൂസിൽ നിന്ന് അപകടം കൂടാതെ ഡാള്ളസിലെ ലൗ ഫീൽഡ് എയർപോർട്ടിൽ എത്തി. ഡള്ളാസിൽ തലേന്നു തന്നെ സ്നോ കഠിനമായിരുന്നു. മഴയും ഉണ്ടായിരുന്നതുകൊണ്ട് റോഡിൽ മഞ്ഞുറഞ്ഞ് ഗതാഗതയോഗ്യമല്ലായിരുന്നു. കാറോടിക്കുന്നത് അപകടകരമായിരുന്നു. അതിനാൽ പള്ളിയുടെ കാർ പാർക്കിംഗ് സ്ഥലത്ത് വിട്ടിട്ട് ഒരു ടാക്സി സംഘടിപ്പിച്ച് പാഴ്സനേജിൽ എത്തി. ആ ദിനങ്ങളിൽ ആശുപത്രികളിലും മറ്റും ഡ്യൂട്ടിക്ക് പോയവർ അവിടെ തന്നെ കഴിയേണ്ടി വന്നു. രണ്ട് ദിവസങ്ങൾ കഴിഞ്ഞ് റോഡ് ഗതാഗതം മെച്ചപ്പെട്ടപ്പോഴാണ് ഞാൻ കാർ തിരികെ കൊണ്ടുവന്നത്. ആ ദിവസങ്ങളിൽ പാഴ്സനേജിൽ ഇരുന്ന് വളരെയധികം ആശയ കൈമാറ്റം നടത്തുവാൻ അവസരം ലഭിച്ചു. അതിലൊരു ദിവസം വലിയൊരു അപകടത്തിൽ നിന്നും തിരുമേനി രക്ഷപ്പെട്ടത് തിരുമേനിയോടു മാത്രമല്ല ഞങ്ങളോടും ദൈവം കാണിച്ച വലിയ കരുണയായിരുന്നു. മഞ്ഞു വീഴ്ച നിന്നെങ്കിലും വീടിന് ചുറ്റും ആ പ്രദേശത്തൊക്കേയും മഞ്ഞു മൂടി വെണ്മയായി കിടക്കുകയായിരുന്നു. ചേതോഹരമായ കാഴ്ച. മഞ്ഞിനു പുറമേ മഴ പെയ്തിരുന്നതിനാൽ ചിലയിടങ്ങളിലൊക്കെ ഐസ് രൂപപ്പെട്ടിരുന്നു. ഒരു വീട്ടിലേക്ക് പോകുവാൻ തയ്യാറായി ഞങ്ങൾ വീടിന് മുമ്പിലേക്ക് ഇറങ്ങി. വാതിലിൽ നിന്നു റോഡുവരെ നടപ്പാത കോൺക്രീറ്റ് ആണ്.

അതിന്റെ ഇരുവശത്തും പുല്ല് പിടിപ്പിച്ചിട്ടുണ്ട്. മഞ്ഞ് വീണ് പുല്ല് കാണാനേയില്ല. എല്ലാം തൂവെള്ളവിരിച്ച പോലെ. റോഡിലേക്ക് ചെറിയ ചെരിവുണ്ട്. മുറ്റം കഴിഞ്ഞ് റോഡിന് മൂന്നടിയോളം താഴ്ചയുണ്ട്. കോൺക്രീറ്റ് നടപ്പാത നനഞ്ഞു കിടന്നു. മുമ്പേ നടന്ന തിരുമേനി അവിടേക്ക് കാൽ വെച്ചതും വഴുതി ഒറ്റ പോക്ക്. സ്ക്കേറ്റ് ബോർഡിൽ പോകുന്നതു പോലെ. "തെന്നാതെ സൂക്ഷിക്കണേ" എന്ന് പറഞ്ഞു തീർക്കാൻ എനിക്ക് സാധിച്ചില്ല. അതിന് മുമ്പ് തിരുമേനി നിന്നനിലയിൽ പാഞ്ഞു. എല്ലാവരും ഷോക്കായി തമ്പുരാനോടു നിലവിളിച്ചു. വഴുതിയെങ്കിലും കോൺക്രീറ്റിൽ കൂടെ പോകാതെ തിരുമേനി നീങ്ങിയത് പുല്പുറത്തേക്കാണ്. പുൽപുറത്ത് മഞ്ഞായിരുന്നതിനാൽ കാലതിൻമേൽ ഉറച്ചു. ദൈവത്തിന്റെ പരിപാലനം. പിന്നീട് ശ്രദ്ധയോടെ അടികൾ വെച്ച് കാറിൽ കയറി. കോൺക്രീറ്റിൽ വെള്ളമെന്ന് തോന്നിയത് യഥാർത്ഥത്തിൽ രാത്രിയിലെ മഴവെള്ളം ഉറഞ്ഞ് ഐസായി കണ്ണാടിപോലെ കിടക്കുന്നതായിരുന്നു. അത് വലിയ അപകടകാരണമാണ്. പലർക്കും അങ്ങനെ വലിയ ആപത്തു സംഭവിച്ചിട്ടുണ്ട്. എന്നാൽ ദൈവം തിരുമേനിയേയും അങ്ങനെ ഞങ്ങളേയും കാത്തു. ആ അവസരത്തിലും തിരുമേനിയുടെ തമ്പുരാനിലുള്ള ആശ്രയം കണ്ടു.

തിരുമേനിയുടെ പ്രാർത്ഥനാഫലം

ആൻഡ്രൂസിലെ ഒരു അനുഭവം ഓർക്കുന്നു. സന്ധ്യാനമസ്ക്കാരത്തിനു ശേഷം തിരുമേനി തലയിൽ കൈവെച്ച് പ്രാർത്ഥിക്കണമേ എന്ന് ഓരോരുത്തരും ആവശ്യപ്പെട്ടു. 25 പേരോളം ഉണ്ടെന്നാണ് എന്റെ ഓർമ്മ. ഓരോരുത്തരായി തിരുമേനിയെ സമീപിച്ചു. അതു കഴിഞ്ഞ് ഒന്നുരണ്ടുപേർ ഞാൻ കൈവെച്ച് പ്രാർത്ഥിക്കുന്നതിന് എന്റെ അടുക്കൽ വന്നു. അത്ര ശക്തമായ വിശ്വാസമായിരുന്നു അവർക്ക്. ഞാൻ വിഷമിച്ചു. അവരെ നിരുത്സാഹപ്പെടുത്തി. "ബിഷപ്പ് കൈവെച്ച് പ്രാർത്ഥിച്ചാൽ മതി. അതിനു ശേഷം ഞാൻ ചെയ്യേണ്ട ആവശ്യമില്ല." പുറകേ വന്നവർക്ക് അത് മനസ്സിലായി. എങ്കിലും ആദ്യം വന്ന സ്ത്രീക്ക് നിർബന്ധം. അവർ എന്റെ മുമ്പിൽ മുട്ടു കുത്തി. അവരെ പ്രയാസപ്പെടുത്തേണ്ട എന്നു കരുതി അവരുടെ തലയിൽ ചെറുതായി സ്പർശിച്ച് പ്രാർത്ഥിച്ചു. അതൊരു അതിശയകരമായ അനുഭവമായിരുന്നു. ഞാൻ അവരുടെ തലയിൽ തൊട്ടപാടേ എന്റെ കയ്യിൽ ഷോക്കടിച്ചു. തീപ്പൊരി തെറിക്കുന്ന ശബ്ദവും. തിരുമേനി അവരുടെ തലയിൽ തൊട്ടു പ്രാർത്ഥിച്ചപ്പോൾ അവരിലേക്ക് പ്രവഹിച്ച ശക്തി ഞാൻ അനുഭവിച്ചറിഞ്ഞു. തിരുമേനിയുടെ പ്രാർത്ഥനയുടേയും ആ സ്ത്രീയുടെ വിശ്വാസത്തിന്റേയും ഫലമായ ഊർജ്ജപ്രവാഹത്തിന്റെ അടയാളം. തിരുമേനിയുടെ ദൈവീക ചൈതന്യത്തിന്റെ അനുഭവം.

ഹൃദയം തുറന്ന കളങ്കമില്ലാത്ത സംഭാഷണം

ഡാളസിൽ വെച്ച് പല വിഷയങ്ങൾ പങ്കുവെക്കുവാൻ ഞങ്ങൾക്ക് അവസരം ലഭിച്ചു. തന്റെ സഭയെ കുറിച്ചുള്ള പ്രതീക്ഷകളും സ്വപ്നങ്ങളും മാർത്തോമ സഭയെ പറ്റിയും അതിന്റെ മെത്രാച്ചന്മാരെ കുറിച്ചും അച്ചന്മാരെ കുറിച്ചും ഒക്കെയുള്ള സന്തോഷവും വളരെ എളിമയോടെ പങ്കുവെച്ചു. തന്റെ സ്വന്ത അനുഭവങ്ങളും ദൈവം നടത്തിയ വഴികളും വിവരിച്ചു. മരണത്തിൽ നിന്ന് വിടുവിച്ച ദൈവത്തിന്റെ അത്ഭുതം. എങ്കിലും തന്റെ ആരോഗ്യത്തെ പറ്റിയുള്ള ആശങ്കയാൽ തനിക്കിനി അധിക കാലം ഇല്ല എന്ന് കരുതി. ആ ധാരണയിൽ തന്റെ സ്വന്തം കാര്യങ്ങളും സഭയുടെ കാര്യങ്ങളും ക്രമീകരിക്കുന്നതായി മനസ്സിലായി. ആ പങ്കു വെക്കലിലൂടെ തിരുമേനിയുടെ മഹത്വവും മെത്രാച്ചൻമാരുടെ ജീവിതശൈലിയിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളും ഞാൻ മനസ്സിലാക്കി. തനിക്കിനി അധികകാലം ആയുസ്സില്ല എന്ന ബോധ്യത്തിൽ തന്റെ സഹോദരൻ ബെന്നിയോട് പറഞ്ഞ ഒരു കാര്യം വെളിപ്പെടുത്തി. "എടാ ബെന്നീ, എനിക്കെന്തെങ്കിലും സംഭവിച്ചാൽ (കർത്താവ് വിളിച്ചാൽ) ഒരു പേനപോലും എടുത്തുകൊണ്ട് പോകാൻ വന്നേക്കരുത്. ഇതൊന്നും കുടുംബത്തിന് അവകാശപ്പെട്ടതല്ല. സഭയുടേതാ. അതിൽ നിന്നെന്തെങ്കിലും എടുത്താൽ തമ്പുരാൻ തലമുറകളോടു കണക്കു ചോദിക്കും. നമ്മുടെ തലമുറകൾക്കങ്ങനെവരാതെ നോക്കിക്കോണം." അതിലൂടെ തിരുമേനിയെ പറ്റിയും ശരിയായ എപ്പിസ്ക്കോപ്പൽ ജീവിതശൈലിയെപറ്റിയും എനിക്കുണ്ടായ മതിപ്പ് വലുതാണ്. മറ്റു മെത്രാച്ചൻമാർക്ക് എത്ര നല്ല മാതൃക! ഗേഹസിയുടെ അനുഭവം ആർക്കും ഉണ്ടാകാതിരിക്കട്ടെ.

വ്യക്തിത്വത്തിന്റെ മഹത്വം

അതിശ്രേഷ്ഠവും വിശുദ്ധവുമായ വ്യക്തിത്വമാണ് തിരുമേനിയുടേത്. താഴ്മയും വിനയവും അതിന്റെ മുഖമുദ്രകളാണ്. ശരീരംകൊണ്ടും സ്ഥാനംകൊണ്ടും ഉയരമുള്ളവൻ എങ്കിലും ദൈവമുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും പൊടിയോളം താഴുന്നവൻ. കുഞ്ഞുങ്ങളേയും, സ്ത്രീകളേയും പുരുഷന്മാരേയും അഭിമുഖീകരിക്കുമ്പോൾ അവർക്ക് അങ്ങേയറ്റം ബഹുമാനം നൽകുന്നു. അകത്ത് കാമ്പുള്ളവർക്കേ അത് സാധിക്കൂ. ദുരഭിമാനമല്ല, സ്വാഭിമാനം. സ്വാഭിമാനം നിറഞ്ഞു നിൽക്കുന്നവർക്ക് മറ്റുള്ളവരോട് ആദരവോടെ ഇടപെടാൻ കഴിയും. അതാണ് തിരുമേനിയിൽ. തിരുമേനിയുടെ സംഭാഷണവും ആരേയും തന്റെ സുഹൃദ്വലയത്തിലേക്ക് ആകർഷിക്കുവാൻ ശക്തമാണ്. അതൊരു വരദാനമാണ്. മറ്റുള്ളവർക്ക് കൊടുക്കുന്ന ബഹുമാനത്തിനും ആദരവിനും സാക്ഷികൾ തിരുമേനിയോട് ഇടപെടുന്നവർ തന്നെയാണ്. തിരുമേനിയുടെ വിനയത്തിന്റെ ചില ഓർമ്മകൾ: മാർത്തോമ സഭയിലെ റവ. ഡോ. കെ. റ്റി. ജോയ് അച്ചനെ തിരുമേനി നന്ദിയോടെ സ്തുതിക്കുകയും അത് മറ്റുള്ളവരോട് പറയുകയും ചെയ്യും. "ഈ സഭയെ വിദേശികൾക്ക് പരിചയമാക്കുവാൻ കാരണം റവ. ഡോ. കെ.റ്റി. ജോയ് അച്ചനാണ്. എന്റെ കഴിവല്ല

അച്ചനിലൂടെ ദൈവം പ്രവർത്തിച്ചു. റവ. ഡോ. ഫേൻവിക്കിന് അച്ചൻകൊടുത്ത ഒരു അറിവാണ് അതിന് വഴി തെളിയിച്ചത്. അല്ലാത്തപക്ഷം കേരള സഭാചരിത്രത്തിൽ പഠനം നടത്തുന്നവരുടെ അറിവിൽ മാത്രമിരിക്കുന്ന കാര്യമായിരുന്നു". തിരുമേനി അച്ചന് കൊടുക്കുന്ന ഈ അംഗീകാരം ഏത് മെത്രാച്ചനാണ് ചെയ്യുന്നത്? പ്രത്യേകിച്ച് ഏതെങ്കിലും നേട്ടം സഭയ്ക്കുണ്ടായാൽ അതെല്ലാം എന്റെ പരിശ്രമത്താലാണെന്ന് പ്രചരിപ്പിക്കാൻ ഇഷ്ടപ്പെടുന്ന കാലത്ത്? മറ്റൊരു കാര്യം ഓർക്കുന്നു. മെത്രാച്ചന്മാരെ കുറിച്ചും പട്ടക്കാരെകുറിച്ചും ചില പ്രത്യേക സ്വഭാവശ്രേഷ്ഠതകൾ വേണമെന്ന് പ്രതീക്ഷിക്കുന്ന ഞാനും എന്റെ ഭാര്യയും അത്തരം അഭിപ്രായങ്ങളിലൊന്ന് തിരുമേനിയോട് പറഞ്ഞു. വളരെ വ്യക്തിപരമായ സ്നേഹബഹുമാനങ്ങളോടെ തിരുമേനി അത് ഹൃദയം തുറന്ന് സ്വീകരിച്ചു. അതിന് സന്തോഷവും നന്ദിയും പറഞ്ഞു. മറ്റുവല്ലവരും ആയിരുന്നെങ്കിലോ പരിഭവമോ പിണക്കമോ പകയോ ഒക്കെ വച്ചുപുലർത്തിയേക്കാമായിരുന്നു. അഹങ്കാരം എന്നു പറഞ്ഞേക്കാം. എന്നാൽ എത്ര വിനയവും നിഷ്കളങ്കതയുമാണ് ഈ പിതാവിന്?

തന്നോട് പിണക്കമുണ്ടാകാൻ സാധ്യതയുണ്ടെന്ന് തോന്നുന്നവരോടുപോലും വളരെ സ്നേഹവും ബഹുമാനവും കൊടുത്ത് ഇടപെടുന്നതിന് ശ്രദ്ധിക്കുന്നതായി തിരുമേനിയുടെ സംഭാഷണങ്ങളിലൂടെ മനസ്സിലാക്കിയിട്ടുണ്ട്. സ്വന്തം ജീവിതത്തിലോ സഭയിലോ എന്തെങ്കിലും പ്രതിസന്ധികളുണ്ടായാൽ അത് പ്രാർത്ഥനയിൽ കർത്താവിന് സമർപ്പിക്കും. ദൈവഹിതത്തിനായി ഏതു കോണുകളിൽ നിന്നെങ്കിലും എതിർപ്പുകൾ ഉണ്ടായിട്ടുള്ളപ്പോൾ തിരുമേനിക്കു അതിൽ വ്യക്തിപരമായ ശത്രുത ഉള്ളതായി എനിക്ക് തോന്നിയിട്ടില്ല. അപ്പോൾ പറഞ്ഞിട്ടുള്ളത് "സാത്താന്റെ വിളയാട്ടമാണ് അച്ചൻ പ്രാർത്ഥിക്കണം. അത് സാധാരണ പ്രാർത്ഥനയല്ല; ഹൃദയത്തിൽ വെച്ച് നൊന്തു പ്രാർത്ഥിക്കണം" എന്നാണ്. തന്റെ ചിന്തകളിൽ കർത്താവിന്റെ ഇഷ്ടവും ഈ സഭയുടെ സാക്ഷ്യവും നിലനിൽക്കണമെന്നു മാത്രം. മെത്രാച്ചന്മാർക്കൊക്കെ ഈ ദർശനം ഉണ്ടായിരുന്നുവെങ്കിൽ!

മാരാമൺ കൺവെൻഷൻ

മാർത്തോമ മെത്രാപ്പോലീത്താമാരെ പിതാക്കന്മാരായി കണ്ട് അവരെ ബഹുമാനിക്കുന്നതും അവരിൽനിന്ന് നിർദ്ദേശങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ സ്വീകരിക്കുന്നതും എന്നോടു തുറന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ ചില സങ്കടങ്ങൾ മറച്ചുവെച്ചില്ല. അതിലൊന്നാണ് മാരാമൺ കൺവൻഷനിലേക്കുള്ള ക്ഷണം. "മാരാമണ്ണു വന്ന് താമസിക്കുന്നതും പങ്കെടുക്കുന്നതും വചനം ശ്രദ്ധിക്കുന്നതും ഒരു വലിയ ആത്മീയ അനുഭൂതിയാണ്. ഓരോ വർഷവും അതിനായി വാഞ്ഛയോടെ കാത്തിരിക്കും. എനിക്കു അത് ഒരു തീർത്ഥാടനം പോലെയാണ്. ആദ്യമൊക്കെ മെത്രാപ്പോലീത്ത ക്ഷണിക്കുമായിരുന്നു. പിന്നീട് പ്രസംഗ സംഘം പ്രസിഡന്റ് തിരുമേനി ക്ഷണക്കത്തയയ്ക്കുമായിരുന്നു. പിന്നീട് സംഘം സെക്രട്ടറിയായി. പിന്നീട് കമ്മറ്റിയിൽ നിന്നൊരാൾ. അത് വേദനയുണ്ടാക്കുന്ന അനുഭവമായി. അതല്ലല്ലോ ശരി. ഞങ്ങൾ വന്നില്ലെങ്കിലും കുഴപ്പമില്ലെന്ന ചിന്ത ആയിക്കാണും. എങ്കിലും അവിടെ വരാതിരുന്നാൽ ഒരു നഷ്ട ബോധം ഉള്ളതുകൊണ്ട് ക്ഷണിച്ചില്ലെങ്കിലും വരുന്നതിന് ശ്രമിക്കും".

മറ്റ് സഭകളുമായുള്ള ബന്ധം

അംഗസംഖ്യയിൽ ചെറുതാണെങ്കിലും സഭ സാക്ഷ്യത്തിലും മറ്റുളളവരുടെ ഇടയിലുള്ള സാന്നിധ്യത്തിലും വളരണമെന്ന് വലിയ ആഗ്രഹത്താൽ പരിശ്രമിച്ചു. സി.സി.എ.യിലും എൻ.സി.സി.ഐ. യിലും അംഗത്വം ലഭിക്കുന്നതിനുള്ള പരിശ്രമങ്ങൾ വലുതായിരുന്നു. ഇംഗ്ലണ്ടിലെ സഭാംഗങ്ങളുമായി ബന്ധപ്പെടുവാൻ സാധിച്ചതും അതിനുള്ള അവസരമായി ഉപയോഗിച്ചു. അതിന്റെ ഭാഗമായിട്ടാണ് ആംഗ്ലിക്കൻ പട്ടക്കാർക്ക് കോറെപ്പിസ്ക്കോപ്പാസ്ഥാനം കൊടുത്തതും വിദേശത്ത് സഭയ്ക്ക് ഒരു ഫ്രണ്ട്സ് സർക്കിൾ രൂപീകരിക്കുന്നതിന് ശ്രമിച്ചതും. ഈ ബന്ധങ്ങളിലൂടെ സഭയുടെ ആശുപത്രി, സ്ക്കൂൾ തുടങ്ങിയവ വികസിപ്പിക്കുന്നതിനും മറ്റും ആഗ്രഹം ഉണ്ടായിരുന്നു. ഈ ശ്രമങ്ങളിലൂടെ സഭയെ കേരളത്തിന് പുറത്തും വിദേശത്തും അറിയപ്പെടുന്നതിന് ഇടയായി. കുറേയെങ്കിലും തിരുമേനിയുടെ സാരഥ്യകാലം സഭയുടെ ഒരു സുവർണ്ണകാലമായി അറിയപ്പെടും എന്നതിന് തർക്കമില്ല.

കുഞ്ഞാടുകളുടെ വെളിച്ചം

കുഞ്ഞാടുകളുടെ വെളിച്ചം എന്ന മാസികയിലൂടെ സഭയ്ക്ക് തിരുമേനി ദിശാബോധവും കൂടുതൽ വെളിച്ചവുമേകി. തിരുമേനിയുടെ ലേഖനങ്ങൾ സഭാ മക്കൾക്ക് ആത്മീയ പ്രചോദനം നൽകുന്നതായിരുന്നു. കൊച്ചുമോന്റേയും മറ്റു യുവ സ്നേഹിതന്മാരുടേയും സഹായസഹകരണവും മാസികാ നടത്തിപ്പിൽ തിരുമേനിയോടൊപ്പമുണ്ടായിരുന്നു. അതിലേക്ക് ലേഖനങ്ങൾ എഴുതുവാൻ തിരുമേനി എന്നെ പ്രേരിപ്പിച്ചത് എനിക്ക് പ്രയോജനമായി. മറ്റു പലരേയും അതുപോലെ തിരുമേനി പ്രേരിപ്പിച്ചിട്ടുണ്ട്. അങ്ങനെയാണ് നൊയമ്പിന്റെ പ്രാധാന്യത്തെ പറ്റി ഞാൻ കൂടുതലായി ചിന്തിക്കുവാനും എഴുതുവാനും ഇടയായത്. പിന്നീട് പല ലേഖനങ്ങൾ എഴുതുന്നതിന് എനിക്ക് അതിലൂടെ പ്രചോദനം ലഭിക്കുകയും ചെയ്തു. ഈ ബന്ധം കൂടുതലായി ശക്തിപ്പെടുവാൻ ഇടയാകട്ടെയെന്ന് ആഗ്രഹിക്കുന്നു. ഈ സഭയുടെ സാക്ഷ്യം വളരട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അതിനു തിരുമേനിയുടെ പ്രാർത്ഥനയും പരിശ്രമവും സഫലമാകട്ടെ. അതിനുള്ള കൃപ കർത്താവ് നൽകട്ടെ.

May Heavenly
God bestow His Richest
blessings on our
Valiya Thirumeni in the
coming years

Kurian Chaluparambil, Lata, Kavya & Kripa - USA

May Heavenly
Lord Bless our
beloved
Koorilose
Thirumeni with
His Choicest
Graces

P.M.Varghese, Santhamma, Shobin,
Regy Philip, Sherrine Philip - USA

May Merciful Lord Bless our beloved Valiya Thirumeni with His Choicest Graces

Bose George, Sindhu, Arun & Akhil - USA

Congratulations

in completing 25 years in God's Ministry as HighPriest. May God continue to use our beloved Thirumeni Appachan for many more years!

Kochumol , Ancymol , Ansumol, Arunmon - USA

മോസ്റ്റ് റവറന്റ് ജോസഫ്
മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്ത

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ദിവ്യ ജ്യോതിസ്സ്

ഷെവലിയർ പ്രൊഫ. പി. തോമസ്സ് വിളവിനാൽ ഓമല്ലൂർ

മലബാർ സ്വതന്ത്രസുറിയാനി സഭയെ നയിച്ച മഹാമതികളായ മെത്രാപ്പോലീത്തന്മാരുടെ പട്ടികയിൽ പതിമൂന്നാമതു സ്ഥാനം വഹിക്കുന്ന മോസ്റ്റ് റവറന്റ് ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പൊലീത്തായുടെ തറവാട്ടിൽപെട്ട ഒരുവനായി കാണുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഏകദേശം 250 കിലോമീറ്ററുകൾക്കപ്പുറം വസിക്കുന്ന കുന്നംകുളം പനയ്ക്കൽ തറവാട്ടിലെ ഒരു ശാഖയായ ഓമല്ലൂർ വിളവിനാൽ കുടുംബക്കാരനായ എനിക്ക് അഭിവന്ദ്യ തിരുമേനിയുമായി കണ്ടുമുട്ടുവാനും ഇടപെടാനും സാധിച്ചത് ഒരു ദൈവനിയോഗമാണെന്ന് കരുതുന്നു. യാക്കോബായ സുറിയാനി സഭയിലെ സിംഹാസനപള്ളികളുടെ മെത്രാപ്പോലീത്തയായി പരിശുദ്ധ ഓമല്ലൂർ ബാവായുടെ കബറിടപള്ളിയിൽ ഭരണമേറ്റുവന്ന കുന്നംകുളം പനയ്ക്കൽ തറവാട്ടിലെ പുണ്യശ്ലോകനായ ബന്യാമിൻ മാർ ഒസ്താത്യോസ് തിരുമേനിയാണ് ഓമല്ലൂർ വിളവിനാൽ കുടുംബത്തിലേക്ക് കൂറിലോസ് മെത്രാനച്ചനെ ക്ഷണിച്ചുകൊണ്ടുവന്നത്. അഭിവന്ദ്യ ബന്യാമിൻ തിരുമേനി പനക്കൽ കുടുംബത്തിലെ സഹോദരനായ അഭിവന്ദ്യ കൂറിലോസ് മെത്രാപ്പോലീത്തായേയും ഓമല്ലൂർ വിളവിനാൽ കുടുംബത്തിലെ വാർഷിക കുടുംബ സംഗമത്തിന് സംബന്ധിപ്പിച്ച് ഓജസ്സും, ശക്തിയും പകർന്നത് നന്ദിയോടെ സ്മരിക്കുന്നു. ഇതിന്റെ തുടക്കം 1988ലാണ്. അന്നുമുതൽ അഭിവന്ദ്യ കൂറിലോസ് തിരുമേനിയുമായുള്ള ആത്മബന്ധവും സൗഹൃദവും മങ്ങാതെ പരിപാലിച്ചുപോകുന്നതിന് തിരുമേനിയും ബദ്ധശ്രദ്ധനായിക്കാണുന്നു. അതാണ് ഈ ലേഖനം രചിക്കാൻ പ്രചോദനമായത്.

അഭിവന്ദ്യ ബന്യാമിൻ തിരുമേനി 2004 ജൂൺ 17-ാം തിയ്യതി ആകസ്മികമായി ദേഹവിയോഗം ചെയ്തത്, അതീവ ദുഃഖത്തോടെ സ്മരിക്കുകയും, ആ പിതാവിനെ സ്വർഗ്ഗീയമാലാഖമാരോടൊത്ത് സർവ്വശക്തനായ ദൈവത്തെ സ്തുതിക്കാനും നമുക്കുവേണ്ടി മദ്ധ്യസ്ഥത യാചിക്കാനും അവസരം ലഭിക്കുകയും ചെയ്തത് ഓർത്തു സമാശ്വസിക്കുന്നു. ഓമല്ലൂർ വിളവിനാൽ കുടുംബയോഗത്തിന്റെ വഴികാട്ടിയായിരുന്ന പുണ്യശ്ലോകനായ ബന്യാമിൻ തിരുമേനിയുടെ സംക്ഷിപ്ത ജീവചരിത്രം വിളവിനാൽ കുടുംബ ചരിത്രപുസ്തകത്തിന്റെ രണ്ടാംപതിപ്പിൽ പ്രത്യേകമായി ചേർത്തിട്ടുള്ളതും സ്മരിക്കുന്നു. പ്രസ്തുത രണ്ടാം പതിപ്പിന്റെ പ്രകാശനകർമ്മം നിർവഹിച്ച ജൂബിലേറിയനായ അഭിവന്ദ്യ കൂറിലോസ് തിരുമേനിയുടെ ജീവചരിത്രവും പ്രസ്തുതഗ്രന്ഥത്തിൽ സംക്ഷിപ്തമായി കൊടുത്തിട്ടുണ്ട്. അതിന്റെ ചുവടു പിടിച്ച്, കിട്ടിയ മറ്റുവിവരങ്ങളും ചേർത്ത് തിരുമേനിയുടെ രജത ജൂബിലി സ്മരണികയിലേക്ക് ഉൾപ്പെടുത്തുവാനായി ഈ ലഘു വിവരണം സമർപ്പിക്കുന്നു.

ജനനവും വിദ്യാഭ്യാസവും

കുന്നംകുളം ദേശത്ത് മലബാർ സ്വതന്ത്ര സുറിയാനി സഭക്ക് 1857-ലും 1917-ലും മെത്രാന്മാരെ, നൽകിയ വിഖ്യാതമായ ആലത്തൂര് പനയ്ക്കൽ കുടുംബത്തിൽ റിട്ടയാർഡ് ഹവിൽദാർ മേജർ ശ്രീമാൻ മാത്തുക്കുട്ടിയുടെയും ഭാര്യ കുന്നംകുളം പനയ്ക്കൽ പാവുവിന്റെ തായ്‌വഴിയിലെ വറീതിന്റെ മകൾ ശ്രീമതി കുഞ്ഞാണിയുടെയും എട്ടു സന്താനങ്ങളിൽ അഞ്ചാമനായി 1954 നവംബർ 26ന് മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപൊലീത്ത ഭൂജാതം ചെയ്തു. മാമോദീസായിൽ ജോസഫ് എന്ന് നാമകരണം ചെയ്യപ്പെട്ടു. പ്രാഥമിക വിദ്യാഭ്യാസം കുന്നംകുളം തെക്കെപ്പുറം D M L P സ്ക്കൂളിലും M JD ഹൈസ്ക്കൂളിലും പൂർത്തിയാക്കി. കോളേജുവിദ്യാഭ്യാസം ഗുരുവായൂർ ശ്രീകൃഷ്ണാ കോളേജിലും തൃശ്ശൂർ സെന്റ് തോമാസ് കോളേജിലുമാണ് നടത്തിയത്.

പ്രീഡിഗ്രി വിദ്യാഭ്യാസം കഴിഞ്ഞ ഉടനെ, തന്റെ 18-ാമത്തെ വയസിൽ 1972 മാർച്ചുമാസം 5ന് അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയിൽ നിന്നും സെന്റ് തോമസ് പള്ളിയിൽ വെച്ച് ശെമ്മാശ പട്ടം സ്വീകരിച്ചു.

ജോസഫ് കശ്ശീശ

തൃശ്ശൂർ സെന്റ് തോമസ്സ് കോളേജിലെ ബിരുദപഠനം കഴിഞ്ഞ് വേദ പഠനത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചു. രണ്ടു വർഷത്തിനുശേഷം 1978 മാർച്ച് ഒന്നിന് തൊഴിയൂർ സെ. ജോർജ് കത്തീഡ്രലിൽവച്ച് അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പൊലിത്തായിൽ നിന്നും കശ്ശീശാ പട്ടം സ്വീകരിച്ചു. കശ്ശീശ ആയിരിക്കത്തന്നെ കർണ്ണാടക ചിക്ക് ബാലപ്പൂർ മുൻസിപ്പൽ ടീച്ചർ എഡ്യുക്കേഷൻ കോളേജിൽനിന്നും 1979 ൽ ബി. എഡ്. ഡിഗ്രി സമ്പാദിച്ച ശേഷം തൊഴിയൂർ സെന്റ് ജോർജ് ഹൈസ്ക്കൂളിൽ 1980-ൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. മെത്രാപൊലീത്തയായി സ്ഥാനാരോഹണം ചെയ്യുന്നതിന്റെ തലേദിവസം, ഏഴു വർഷക്കാലത്തെ ഔദ്യോഗിക ജീവിതത്തിന് അന്ത്യം കുറിച്ചുകൊണ്ട്, സ്വയം വിരമിച്ചു.

അദ്ധ്യാപകവൃത്തിയോടുകൂടി സഭാ കാര്യങ്ങളിൽ സജീവ പങ്കു വഹിച്ചു. 1984 ഏപ്രിലിൽ "മലബാർ സ്വതന്ത്രസഭാ യൂത്ത് ലീഗ്" എന്ന സംഘടനക്ക് രൂപം കൊടുക്കുകയും അതിന്റെ സ്ഥാപക പ്രസിഡണ്ടായി ചുമതല ഏല്ക്കുകയും ചെയ്തു. തുടർന്നു 16 വർഷം ആ സ്ഥാനം സ്തുത്യാർഹമായി അലങ്കരിച്ചു. "സ്നേഹസന്ദേശം" എന്ന ഒരു മാസിക മലബാർ സ്വതന്ത്ര സുറിയാനിസഭാ യൂത്ത് ലീഗ് പ്രസദ്ധീകരണമായി ആദ്യത്തെ വർഷം തന്നെ ആരംഭിച്ച് ജോസഫ് കശീശ അതിന്റെ ചീഫ് എഡിറ്റർ സ്ഥാനം ഏറ്റെടുത്തു. ഒരു വർഷത്തിനു ശേഷം പ്രസ്തുത പ്രസദ്ധീകരണം "കുഞ്ഞാടുകളുടെ വെളിച്ചം"എന്ന പേരിൽ രൂപമാറ്റം വരുത്തി 2004 വരെ പുറത്തിറക്കി. ആദ്യത്തെ രണ്ടു വർഷവും ചീഫ് എഡിറ്ററായി ജോസഫ് കശ്ശീശ പ്രവർത്തിച്ചിരുന്നു. മെത്രാപൊലീത്താ സ്ഥാനാരോഹണത്തോടുകൂടി പ്രസ്തുത സ്ഥാനത്തുനിന്ന് വിരമിക്കുകയും 2001 വരേയും ആ പ്രസ്ഥാനത്തിന്റെ രക്ഷാധികാരിയായി തുടരുകയും ചെയ്തു.

വന്ദ്യ ജോസഫ് റമ്പാൻ

1981 ഡിസംബർ 20ന് സഭാമണ്ഡലം കൂടി 124 ൽ 93 വോട്ടും നേടി തൊഴിയൂർ സുറിയാനി സഭയുടെ നിയുക്ത എപ്പിസ്കോപ്പയായി തെരെഞ്ഞെടുക്കപ്പെട്ടു.

1986 ആഗസ്റ്റ് 20ന് മാർത്തോമ്മാ സഭയിലെ അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിലും മാർത്തോമ്മാ സഭയിലെ അഭിവന്ദ്യ ഈശോ മാർ തീമോത്തിയോസ്, ജോസഫ് മാർ ഐറേനിയോസ് എന്നീ എപ്പിസ്കോപ്പാമാരുടേയും യാക്കോബായ സുറിയാനി സഭയിലെ അഭിവന്ദ്യ തോമസ്സ് മാർ തേയോഫിലോസ് (കല്ലൂപ്പാറ മൂത്തേടം തിരുമേനി- അന്ന് കെ. സി. സി. പ്രസിഡണ്ടായിരുന്നു.) തിരുമേനിയുടേയും സഹകാർമ്മികത്വത്തിലും തൊഴിയൂർ സെന്റ്ജോർജ്ജ് കത്രീഡ്രലിൽ വെച്ച് ജോസഫ് കശ്ശീശ റമ്പാനായി വാഴിക്കപ്പെട്ടു.

മെത്രാപ്പോലീത്താ സ്ഥാനാരോഹണം

റമ്പാൻ സ്ഥാനം ലഭിച്ച് ഒരാഴ്ച്ച കഴിഞ്ഞാണ് തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ പരമാദ്ധ്യക്ഷപദവിയിലേക്കു മെത്രാപ്പോലീത്താ സ്ഥാനാരോഹണം നടന്നത്. 1986 ആഗസ്റ്റ് 27 ന് മാർത്തോമാ സഭയിലെ അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ മെത്രാപ്പോലീത്തയുടെ പ്രധാന കാർമ്മികത്വത്തിലും, മാർത്തോമാ സഭയിലെ അഭിവന്ദ്യരായ ജോസഫ് മാർ ഐറേനിയോസ് എപ്പിസ്കോപ്പ, സഖറിയാസ് മാർ തേയോഫിലോസ് എപ്പിസ്കോപ്പ, യാക്കോബായ സുറിയാനി സഭയിലെ അഭിവന്ദ്യ ബന്യാമിൻ ജോസഫ് മാർ ഒസ്താത്തിയോസ്, കൽദായ സുറിയാനി സഭയിലെ അഭിവന്ദ്യ ഡോ. മാർ അപ്രേം മെത്രാപൊലീത്ത, അഭിവന്ദ്യ പൗലൂസ് മാർ പൗലൂസ് എപ്പിസ്കോപ്പ സി. എസ്. ഐ സഭയിലെ അഭിവന്ദ്യ ബിഷപ്പ് സേത്ത് എന്നീ തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും, തൊഴിയൂർ സെന്റ് ജോർജ് കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് മലബാർ സ്വതന്ത്ര സുറിയാനി സഭയിലെ 13-ാംമത് മെത്രാപ്പോലീത്തയായി ജോസഫ് റമ്പാൻ "മാർ കൂറിലോസ്" എന്ന പേരിൽ വാഴിക്കപ്പെട്ടു. അങ്ങനെ ആലത്തൂർ പനക്കൽ കുടുംബത്തിൽ നിന്നും സഭക്കു നല്കിയ തിരുമേനിമാരുടെ ശ്രേണിയിൽ മൂന്നാമത് മെത്രാപ്പോലീത്ത എന്ന സ്ഥാനവും ലഭിച്ചു. തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയെ 1857 മുതൽ 1888 വരെ നയിച്ച ആറാമത് മെത്രാ

പ്പോലീത്ത ജോസഫ് മാർ കൂറിലോസും, എട്ടാമത് മെത്രാപ്പോലീത്തായുടെ പിൻഗാമിയാകുവാൻ ആഗ്രഹിച്ച് വാഴിക്കപ്പെട്ട പൗലോസ് മാർ അത്തനാസ്യോസ് സഫ്രഗൻ തിരുമേനിയും (1917-1927) ഈ അഭിവന്ദ്യ പിതാവിന്റെ കുടുംബത്തിലെ മുൻ സാരഥികളായിരുന്നു. അഭിവന്ദ്യ പൗലൂസ് മാർ അത്തനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്തയുടെ സഹോദരന്റെ പൗത്രനാണ് മേൽപ്പട്ട സ്ഥാനലബ്ദിയുടെ രജതജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ കൂറിലോസ് വലിയ തിരുമേനി.

പനയ്ക്കൽ കുടുംബത്തിൽ വേറേയും മെത്രാപ്പോലീത്തമാർ ഉള്ളതും സ്മരണീയമാണ്. മലങ്കര യാക്കോബായ സുറിയാനി സഭയുടെ സിംഹാസന പള്ളികളുടെ മെത്രാപൊലീത്തായും ഓമല്ലൂർ മഞ്ഞിനിക്കര ദയറാധിപനും ആയിരുന്ന അഭിവന്ദ്യ ബന്യാമിൻ ജോസഫ് മാർ ഒസ്താത്യോസ് മെത്രാപ്പോലീത്ത (1949-2004) ആനായ്ക്കൽ പനയ്ക്കൽ കുടുംബത്തിലെ ഒരു ജേഷ്ഠ സഹോദരനായിരുന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ നവാഭിഷിക്തനായ പുലിക്കോട്ടിൽ ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത ജൂബിലേറിയൻ തിരുമനസ്സിന്റെ മാതൃസഹോദരി പൗത്രനുമാണ്.

ആത്മമിത്രം

അഭിവന്ദ്യ കൂറിലോസ് വലിയ മെത്രാപ്പോലീത്തയുടെ ആത്മീയ കാര്യങ്ങളിലെ ആത്മസുഹൃത്ത് അഭിവന്ദ്യ ബന്യാമിൻ ജോസഫ് മാർ ഒസ്താത്തിയോസ് തിരുമേനി ആയിരുന്നു. ഒരു ഇളയ സഹോദരനോടു കാണിക്കുന്ന കരുതലും വാത്സല്യവും ബന്യാമിൻ തിരുമേനി കാണിച്ചിരുന്നതായി കൂറിലോസ് തിരുമേനി ഓർക്കാറുണ്ട്. പ്രധാന സംരംഭങ്ങളിലെല്ലാം സഹായത്തിനായി കാർമ്മികനാകാനും ബന്യാമിൻ തിരുമേനിക്ക് സന്തോഷമായിരുന്നു.

അഭിവന്ദ്യ കൂറിലോസ് തിരുമേനി 1997 സെപ്തംബർ 4ന് പെട്ടെന്നു തലച്ചോറിന്റെ പക്ഷാഘാതത്താൽ അബോധാവസ്ഥയിലാവുകയും 4 ദിവസം തീവ്രപരിചരണവിഭാഗത്തിലും 14 ദിവസം ആശുപത്രിയിൽ പ്രത്യേക നിരീക്ഷണത്തിൽ കിടക്കുകയും, എന്നാൽ ഡോക്ടർമാരെവരെ അത്ഭുതപ്പെടുത്തിക്കൊണ്ട് ദൈവത്തിന്റെ അത്ഭുതകരമായ സുഖപ്പെടുത്തൽകൊണ്ട് സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരികയും ചെയ്ത സംഭവുമായി ബന്ധപ്പെടുത്തി തിരുമേനിക്ക് ഓർമ്മയുള്ള ഒരു കാര്യമുണ്ട്. പക്ഷാഘാതം വന്നതിന്റെ അഞ്ചാംദിവസം രോഗവിവരം അറിഞ്ഞ് ആശ്വാസ വചനങ്ങളുമായി ബന്യാമിൻ തിരുമേനി ആശുപത്രിയിൽ എത്തുകയും, രോഗ ഗ്രസ്തനായ തിരുമേനിയുടെ ഇംഗിതം മനസിലാക്കി, അടുത്ത ദിവസംതന്നെ വിശുദ്ധതൈലാഭിഷേകം നടത്തി വിശുദ്ധ കുർബാന നൽകുകയും ചെയ്ത സംഭവം. പിന്നീട് ഒരിക്കൽ കുന്നംകുളത്തു വെച്ച് ബന്യാമിൻ തിരുമേനിക്ക് രോഗം മൂർച്ഛിച്ചതറിഞ്ഞ് ഓടിയെത്തിയ കൂറിലോസ് തിരുമേനിയോടു സുഖാന്വേഷണം നടത്തിയതും, അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നു പറഞ്ഞതും, മണിക്കൂറുകൾക്കു ശേഷം 2004 ജൂൺ 17 വെളുപ്പിന് ആകസ്മികമായ ദേഹവിയോഗം ചെയ്തതും നിറ കണ്ണുകളോടെ മാത്രം സ്മരിക്കാനേ സാധിക്കുകയുള്ളുവെന്നും പറയുന്നത് ഈ ലേഖകന് കേൾക്കാനിടയായിട്ടുണ്ട്.

വിദേശയാത്രകൾ

അഭിവന്ദ്യ തിരുമേനി 1988 മുതൽ അനേകം വിദേശയാത്രകൾ നടത്തി വിദേശത്തുള്ള സഭാമക്കളുടെ ക്ഷേമാന്വേഷണം നടത്തി അനുഗ്രഹിച്ചിട്ടുണ്ട്. 1988-ൽ യു.എ.ഇ., ജോർദ്ദാൻ, ബഹറീൻ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. അക്കാലത്തുതന്നെ സിറിയായും സന്ദർശിക്കുകയും ഡമാസ്കസിൽ പരിശുദ്ധ ഇഗ്നാത്യോസ് സാഖാപ്രഥമൻ പാത്രിയർക്കീസ് ബാവായുടെ അരമനയിൽ അതിഥിയായി മൂന്നുദിവസം താമസിക്കുകയും ചെയ്തു. പരിശുദ്ധ പാത്രിയർക്ക ബാവായുമായുള്ള ചർച്ചയിൽ പേർഷ്യ രാജ്യങ്ങളായ യു.എ.ഇ, ബഹറിൻ തുടങ്ങിയ രാജ്യങ്ങളിലെ കുർബ്ബാന സമയങ്ങളുടെ ക്രമീകരണത്തിനു ഉചിതമായ തീരുമാനങ്ങൾ കൈകൊണ്ടു. സ്വിറ്റ്സർലാന്റ്, സിംഗപ്പൂർ, ഇംഗ്ലണ്ട്, റോം, ജർമ്മനി, അമേരിക്ക, കാനഡ, ഇൻഡോനേഷ്യ, തായ്ലന്റ്, സ്കോട്ട്ലാന്റ്, ഫ്രാൻസ്, യു. എ. ഇ, ബഹറിൻ, തുടങ്ങിയ സ്ഥലങ്ങളും സന്ദർശിക്കുകയും അദ്ധ്യാത്മികനേതാക്കന്മാരേയും, അതാതു രാജ്യഭരണാധികാരികളേയും കാണുകയും തൊഴിയൂർ സഭക്ക് ആഗോളപ്രശംസ നേടികൊടുക്കുകയും ചെയ്തു.

സാമൂഹ്യ സേവനവും എക്യുമെനിക്കൽ പ്രവർത്തനങ്ങളും

1985 മുതൽ അഭിവന്ദ്യ കൂറിലോസ് തിരുമേനിയുടെ സ്വന്തം പരിശ്രമഫലമായി നിർദ്ധനരും സമർത്ഥരുമായ മുന്നൂറിലധികം കുട്ടികൾക്ക് വർഷം തോറും സ്ക്കൂൾ നോട്ടുബുക്കുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. ജന്മദേശത്തേയും, വിവിധ ഇടവകകളുടെ സമീപമുള്ള ഗവൺമെന്റ് സ്ക്കൂളിലെ കുട്ടികൾക്ക് ഈ വിതരണം ഇന്നും തുടരുന്നു. 1999 ആഗസ്റ്റ് 15ന് കുന്നംകുളം പട്ടണത്തിൽ അഭിവന്ദ്യ കൂറിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ കാർഗിലെ യുദ്ധപോരാളികൾക്ക് അഭിവാദ്യം അർപ്പിച്ചുകൊണ്ട് ഒരു സമാധാനറാലി സംഘടിപ്പിക്കുകയും, യുദ്ധത്തിൽ മരിച്ച ജവാന്മാർക്ക് ആത്മശാന്തി നേരുകയും അമ്പതിനായിരത്തോളം രൂപാ സമാഹരിച്ച് ചുമതലയിൽപ്പെട്ട എൻസിസി ഓഫീസർക്ക് പൊതുസമ്മേളനത്തിൽ കൈമാറുകയും ചെയ്തു. 1992-ൽ ബാംഗ്ലൂർ എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്ററിലും 1996ൽ നാഗപ്പൂരിൽ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഇൻഡ്യ നാഷ്ണൽ കൗൺസിൽ ഓഫ് ചർച്ചസ്, 1997 ൽ നെതർലാന്റ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന

"ഓയിക്കോ ക്രെഡിറ്റ് " എന്ന എക്യുമെനിക്കൽ ഡവലപ്മെന്റ് ക്രിസ്ത്യൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, 2000-ൽ ഹോങ്കോങ്ങ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യയിലും അംഗത്വം പ്രാപിച്ച് World Council of Churches-ൽ Membershipനുള്ള പ്രവർത്തനങ്ങളും ആരംഭിച്ച് സഭയുടെ എക്യുമെനിക്കൽ പ്രവർത്തനങ്ങൾ വിപുലമാക്കാൻ കഴിഞ്ഞത് കൂറിലോസ് തിരുമേനിയുടെ നേട്ടങ്ങളാണ്.

സഭാപ്രവർത്തനങ്ങൾ

പരിശുദ്ധ കാട്ടുമങ്ങാട്ടെ ബാവാമാരാൽ 1771-ൽ പണികഴിപ്പിച്ച തൊഴിയൂർ സെന്റ് ജോർജ് ദേവാലയം പുതുക്കിപ്പണിയാൻ 1987 നവംബർ 30ന് ശിലാസ്ഥാപനം നടത്തുകയും 1989 ഏപ്രിൽ 16 നു കൂദാശചെയ്യുകയും ചെയ്തതിൽ ലഭിച്ച ദൈവാനുഗ്രഹത്തിൽ അഭിവന്ദ്യ തിരുമേനി സംതൃപ്തി പ്രകടിപ്പിച്ചിട്ടുണ്ട്. 1992 ൽ കോയമ്പത്തൂർ പട്ടണത്തിൽ ഒരു സി. എസ്. ഐ പള്ളിയിൽ തൊഴിയൂർ സഭയുടെ ഒരു കോൺഗ്രിഗേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനു അഭിവന്ദ്യ തിരുമേനി നേതൃത്വം കൊടുത്തു. 1995 ൽ എറണാകുളം സിറ്റിയിൽ സെമിത്തേരിമുക്കിൽ, മാർ കൂറിലോസ് ബാവാ ചർച്ച എന്ന പേരിൽ ഒരു പള്ളി പണിത് കൂദാശകർമ്മം നിർവഹിച്ചു. തൊഴിയൂർ സഭാ സ്ഥാപകരായ കാട്ടുമങ്ങാട്ടെ ബാവാമാരുടെ പ്രാർത്ഥനാ പൂർണ്ണമായ ത്യാഗജീവിതത്തിന്റെ ഫലമായി മലങ്കര സുറിയാനി സഭക്കു ലഭിച്ച അനുഗ്രഹവും ഇത്തരുണത്തിൽ സ്മരണാർഹമാണ്. 11ഉം 13ഉം മലങ്കര മെത്രാപ്പോലീത്താ സ്ഥാനം അലങ്കരിച്ച മാർത്തോമ്മാമാരെ വാഴിച്ചുകൊടുത്തത് തൊഴിയൂർ സഭയുടെ കിടങ്ങൻ ഗീവർഗ്ഗീസ് മാർ ഫിലക്സിനോസ് മെത്രാപ്പൊലീത്ത ആയിരുന്നു.

വലിയ മെത്രാപ്പോലീത്ത

തൊഴിയൂർ സഭയിലെ സഫ്രഗൻ മെത്രാപ്പോലീത്തയായ ആലത്തൂർ പനയ്ക്കൽ പൗലോസ് മാർ അത്താനാസ്യോസ് തിരുമേനി കാലം ചെയ്തശേഷം തൊഴിയൂർ സഭയുടെ ഒരു മെത്രാപ്പൊലീത്ത മറ്റൊരു മേല്പട്ടക്കാരനെ പിൻഗാമിയായി വാഴിക്കുന്നതിന് ദൈവം എടുത്തുപയോഗിച്ചത് ജൂബിലേറിയനായ ജോസഫ് മാർ കൂറിലോസിനെയാണ്. 2001 മാർച്ച് 10ന് സിറിൽ മാർ ബസേലിയോസിനെ എപ്പിസ്കോപ്പായായും തുടർന്ന് 2001 മെയ് 28 ന് സഭയുടെ 14-ാംമത്തെ മെത്രാപ്പോലീത്തയായും അഭിഷേകം ചെയ്തു. സ്ഥാനാരോഹണം നൽകി. സിറിൽ മാർ ബസേലിയോസ്, സീനിയർ മെത്രാപ്പോലീത്തായെ ബഹുമാനസ്ഥാനീയ പദവിയായ "വലിയ മെത്രാപ്പോലീത്താ" സ്ഥാനം നൽകി അവരോധിക്കുകയും ചെയ്തു.

പുസ്തകപ്രകാശനം

മലബാർ സ്വതന്ത്രസുറിയാനി സഭയുടെ ചരിത്രം ആചാരാനുഷ്ഠാനങ്ങളുടെ പഠനങ്ങൾ, വിശ്വാസ സംബന്ധമായ വിഷയങ്ങൾ എന്നിവ അടിസ്ഥാനമാക്കി ആറ് വിശിഷ്ട ഗ്രന്ഥങ്ങൾ മാർ കൂറിലോസ് തിരുമേനിയുടെ ഉത്സാഹത്താൽ തൊഴിയൂർ സഭയിൽ പ്രകാശനം ചെയ്യുന്നതിനു സാധിച്ചു. ഇതു കൂടാതെ അന്തർദേശിയ അംഗീകാരത്തിനുതുകുന്ന രണ്ടു ഇംഗ്ലീഷ് ഗ്രന്ഥങ്ങളുടെ രചനക്ക് ആവശ്യമായ വിവരണങ്ങൾ ഇംഗ്ലണ്ടുകാരനായ ഗ്രന്ഥകർത്താവ് Rt. Dr. John Fenwick ന് നൽകുന്നതിന് തിരുമേനിക്കു സാധിച്ചു. 1992-ൽ ഒന്നാമത്തെ പുസ്തകമായ "The Malabar Independent Church" (Page 64) പ്രകാശനം ചെയ്തു. രണ്ടാമത്തെ ഗ്രന്ഥം " The forgotten Bishops -The Malabar Independent Syrian Church and its Place in the story of the St. Thomas Christians of South India" എന്ന പുസ്തകത്തിന് വേണ്ടുന്ന എല്ലാ വിവരണങ്ങളും ഗ്രന്ഥകർത്താവിന് അഭിവന്ദ്യ കൂറിലോസ് തിരുമേനിയാണ് നൽകിയത്. പ്രസ്തുത ഗ്രന്ഥത്തിന്റെ രചനയ്ക്ക് പ്രചോദനവും ശക്തിയും നൽകിയത് തിരുമേനിയാണെന്ന് പ്രസ്തുത ഗ്രന്ഥത്തിന്റെ Freeword- ൽ Rev. Dr. John Fenwick രേഖപ്പെടുത്തിയിട്ടുണ്ട്. "The Whole Project was initiated by the Most Revd. Joseph Mar Koorilose IX, as Methropolitan of the Malabar Independent Syrian Church. Over the years he has devoted many hours to answering innumerable questions sent out from England.."

സമാപനം

മെത്രാപ്പോലീത്താ സ്ഥാനാരോഹണ രജത ജൂബിലി ആഘോഷിക്കുന്ന മോസ്റ്റ് റവറന്റ് ജോസഫ് മാർ കൂറിലോസ് വലിയ തിരുമേനിക്ക്, അദ്ദേഹത്തിന്റെ ജീവിതത്തിൽ പല വിഷമഘട്ടങ്ങളും പ്രതിബന്ധങ്ങളും ഉണ്ടായിട്ടുണ്ട്. സുദൃഢമായ ദൈവവിശ്വാസവും, പ്രാർത്ഥനയും ഉപവാസവും ആയുധമാക്കി സമചിത്തതയോടും ശുഭാപ്തിവിശ്വാസത്തോടും എല്ലാം നേരിട്ടതുകൊണ്ട് ഉരുണ്ടുവന്ന പല കാർമേഘങ്ങളും പെയ്യാതെ പോവുകയാണ് ചെയ്തത്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉപവാസത്തോടുകൂടിയുണ്ടായ പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച് ഊന്നിപ്പറയുക പതിവാണ്. ശാരീരികമായ അസ്വാസ്ഥ്യങ്ങൾ ഉണ്ടെങ്കിലും ആത്മീയനുഷ്ഠാനജീവിതത്തിന് അത് തടസമാകാറില്ല. ഭരമേല്പിക്കപ്പെട്ട ഉത്തരവാദിത്വം പൂർണ്ണ ഇച്ഛാശക്തിയോടെ നിറവേറ്റിപ്പെടുന്നതിൽ സദാ ജാഗരൂകനാകുന്നത് അടുത്ത് അറിയാവുന്ന ഏവർക്കും അറിവുള്ളതാണ്. സ്നേഹത്തിന്റെ വെളിച്ചം അദ്ദേഹം അജഗണങ്ങൾക്ക് വേണ്ടുവോളം കോരിച്ചൊരിയുന്നതിന് സർവധാ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആ പൊൻപ്രഭയാണ് അനേകരുടെ മനസ്സിൽ മായാതെ നിൽക്കുന്ന ദിവ്യജ്യോതിസ്സിന്റെ അടിസ്ഥാനം.

ഓമല്ലൂർ വിളവിനാൽ കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും, ആരോഗ്യത്തോടു കൂടി നീണാൾ വാഴട്ടെ എന്ന പ്രാർത്ഥന പിതാവായ ദൈവത്തിന്റെ മുമ്പിൽ അർപ്പിച്ചുകൊണ്ട്, ജൂബിലി മംഗളാശംസകൾ അവിടുത്തെ തൃപ്പാദങ്ങളിൽ സവിനയം സമർപ്പിക്കുന്നു.

മനസ്സു തളരാതെ...

ജോസഫ് കുളങ്ങര. ന്യൂയോർക്ക്

ക്രിസ്തുവിൽ വിശ്വസിക്കുന്ന ഓരോ ക്രൈസ്തവന്റേയും ദൗത്യം "സകല സൃഷ്ടികളോടും സുവിശേഷം അറിയിക്കുക" എന്നുള്ളതാണല്ലോ. ഈ ആത്മീയ സത്യം മനസ്സിലാക്കി സഭകളുടെ അതിർവരമ്പുകളില്ലാതെ പ്രവർത്തിക്കുന്ന ഇന്റർ ഡിനോമിനേഷണൽ ക്രിസ്ത്യൻ ഫെലോഷിപ്പെന്ന Ecumenical ശുശ്രുഷയുടെ ഒരു എളിയ പ്രവർത്തകനാണ് ഞാൻ. എക്യുമിനിസത്തിന്റെ നാമധേയത്തിൽ സദസ്സുകൾ അലങ്കരിക്കുകയും അതുകഴിയുമ്പോൾ പരസ്പരം തമ്മിലടിക്കുകയും ചെയ്യുന്ന ആത്മീയ ഇടയന്മാരേയാണ് പലപ്പോഴും കാണുവാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായ ഒരു നിലപാടും കാഴ്ച്ചപാടുമുള്ള ഇടയശ്രേഷ്ഠനെയാണ് അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്തായിലൂടെ എനിയ്ക്ക് കാണുവാൻ കഴിഞ്ഞത്. ആ മനോഭാവം എന്നിൽ ഏറെ മതിപ്പും കൂടുതൽ അടുപ്പവും അഭിവന്ദ്യതിരുമേനിയോട് ഉണ്ടാകുവാൻ മുഖാന്തരമായി.

2008 September മാസം Inter Denominational Christian Fellowship ന്റെ New York Christ Church പണികഴിപ്പിച്ച് കൂദാശ ചെയ്യുവാൻ കടന്നുവന്നപ്പോഴാണ് അഭിവന്ദ്യ തിരുമേനിയെ ആദ്യമായി പരിചയപ്പെടുന്നത് ഹ്രസ്വമായ ഒരു സന്ദർശനമായിരുന്നു തിരുമേനിയുടെയെങ്കിലും കുദാശയോടനുബന്ധിച്ചുള്ള പരിശുദ്ധമായ ദിവ്യബലിയിൽ പരിശുദ്ധാത്മാവിന്റെ ശക്തമായ സാന്നിദ്ധ്യം അനുഭവിക്കുവാൻ ബലഹീനനായ എനിക്കും എന്നോടുകൂടെ ദിവ്യബലിയിൽ സംബന്ധിച്ചവർക്കും കഴിഞ്ഞു. പിന്നീട് പ്രസ്തുത ദേവാലയത്തിന്റെ പ്രതിഷ്ഠാവേളയിലും തുടർന്നുള്ള വാർഷിക പെരുനാളുകളിലും അഭിവന്ദ്യ തിരുമേനിയാണ് ദിവ്യബലി അർപ്പിച്ചത്.

2010 September ൽഅഭിവന്ദ്യ തിരുമേനി പ്രസ്തുതദേവാലയത്തിന്റെ പെരുന്നാളിൽ ദിവ്യബലി അർപ്പിക്കുവാൻ കടന്നുവന്നപ്പോൾ ബഹു. ബ്രദർ മാത്യൂസ് വർഗ്ഗീസിന്റെ അസാന്നിദ്ധ്യത്തിൽ ബലഹീനനായ എന്റെ ഭവനത്തിൽ താമസിക്കുവാനുള്ള അവസരം ലഭിച്ചത് ഞങ്ങൾക്ക് കൂടുതൽ ദൈവാനുഗ്രഹത്തിനും ഏറെ പരസ്പരം മനസ്സിലാക്കുവാനും വലിയൊരു ആത്മീയ ബന്ധം ഉണ്ടാക്കുവാനും മുഖാന്തിരമായി. അഭിവന്ദ്യ തിരുമേനിയുടെ ചിട്ടയായ ജീവിതരീതിയും പ്രാർത്ഥനാ ജീവിതവും സമസൃഷ്ടികളോടുള്ള കരുതലും അദ്ദേഹത്തോടുള്ള ബഹുമാനം എന്നിൽ ഏറെ വർദ്ധിപ്പിച്ചു. പ്രത്യേകിച്ച് രോഗികൾക്കും ബലഹീനരായവർക്കും വേണ്ടി അവരുടെ പേരുകൾ തന്റെ കൈയിലുള്ള ഡയറിയിലെഴുതി പ്രത്യേകമായി അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഒരു ദിവ്യപുരുഷനെയാണ് അഭിവന്ദ്യ തിരുമനസ്സിലൂടെ എനിക്ക് കാണുവാൻ കഴിഞ്ഞത്.

കുഞ്ഞുങ്ങളെയും യൗവ്വനപ്രായത്തിലുള്ളവരെയും ഉപദേശിക്കുകയും പ്രാർത്ഥിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന തിരുമേനിയുടെ ഏറെ ലാളിത്യത്തോടെയുള്ള ജീവിത ശൈലി ഇന്നത്തെ ആത്മീയാചാര്യന്മാർക്കൊരു മാതൃകയാണ്.

പ്രയാസങ്ങളുടേയും പ്രതിസന്ധികളുടേയും നടുവിൽ മനസ്സുതളരാതെ തന്നെ വിളിച്ച് വേർതിരിച്ച കർത്താവിൽ പ്രിയം വച്ച് കർത്താവ് ഏല്പിച്ച വയലിൽ കഴിഞ്ഞ 25 വർഷം പൗരോഹിത്യ ജീവിതം നയിച്ച അഭിവന്ദ്യ തിരുമേനിക്ക് ഈ Jubilee വർഷം എല്ലാ ഭാവുകങ്ങളും നേരുന്നതോടൊപ്പം സർവ്വശക്തനായ ദൈവം ആയുസ്സാരോഗ്യങ്ങൾ നൽകി അനുഗ്രഹിക്കട്ടെയെന്ന് ബലഹീനനായ ഞാനും എന്റെ കുടുംബവും പ്രാർത്ഥിക്കുന്നു. I. D. C. F ന്റെ New York യൂണിറ്റിന്റെ പേരിലുള്ള അഭിനന്ദനവും സ്നേഹാദരവും ഈ അവസരത്തിൽ അറിയിക്കുന്നു.

May Almighty God
Bless our beloved Valiya
Thirumeni with His
Choicest Graces to
pray for needy ones

Mathews K. Abraham (Raju),
Raichel (Renu), Ruby, Iby,
Liby, Sybi. USA

Best wishes to Beloved Thirumeni
H.G. Joseph Mar Koorilose Valiya Metropolitan

Mr.Roy Thomas & Mrs. Leena Palakunnath & Family Vytila, Ernakulam

Simplicity and Kindness

Cherian Philip.

HG Koorilose Valiya metropolitans blessings and friendship has been a guiding light for our family for over 20 years now. Our meeting was accidental 20 years back , for the consecration of my first entrepreneurial venture in Bangalore. HG Koorilose Thirumeni was in Ecumenical Christian center in Whitefield , Bangalore for a conference during this time and Thirumeni accepted our invite to come and conduct the consecration of our first venture.

Our this chance meeting in middle of 1991, blossomed to a very long friendship over these 20 years and I am happy to state that Thirumeni's blessings and prayers have always been a guiding light for us over these years. The venture Thirumeni blessed became a very big company and was named Sartorius India (P) Ltd after we entered into a joint venture with Sartorius Group in Germany and over these years and though I exited from this venture back in 2002 , it is currently employing close to 300 people. HG was always part of our steady growth from 1991 and further consecrated another 2 buildings for this company through the years.

When we decided to move on to other ventures abroad and again in India, Thirumeni was always present for all these beginnings and we always cherish and been greatly blessed by his prayers. Subsequently, he consecrated our second venture in Bangalore called Biozeen India back in 2005 and our Venture in the United States which now is known as BTI-Coopermatics Inc. When Thirumeni visited us back in 2006 during the startup of the US venture , We were in a rented building and by God's grace, we were able to acquire another Pennsylvania based company along with a building and property and that too during one of the worst recessions in the US History. Thirumeni's prayers were always a guiding light in all of these ventures.

We went through some difficult times between 2005 and now with the sad demise of my mother and the period that she was in and out of hospitals for treatment of cancer. Thirumeni visited us in Bangalore and in our ancestral home in Ayroor, Kerala several times and his comforting words and presence will always be remembered. Thirumeni also attended and conducted the service and prayers for our mothers funeral at Ayroor.

There are several occasions to remember in these 20+ years that we were greatly blessed by Thirumeni's prayers and blessings in our growth from a 500 sq.ft office in Bangalore to several companies in india and abroad. Our family will always remember his simplicity and kindness and most of all his special remembrance of us in his prayers.

On the occasion of the 25th year of Thirumeni's consecration as Bishop of Malabar independent Syrian Church, as someone greatly blessed by his prayers and friendship use this occasion to thank him and wish him many many more years of service to the church and the society.

Cherian *Philip*
Chairman and Managing Director

Philip Melorr Holdings Pvt. Ltd.,
BTI-Coopermatics Inc. USA,
Breadworks Gourmet Foods (I) Ltd.,
Philip Melorr Inc. USA.
ClaireFoods and Beverages Pvt.Ltd.,
ICMI Studies Pvt.Ltd.

It is by your Teaching & Prayer which has made us to come a long way in our life. We also understand that it is your faith in our Almighty GOD which has made you to stand and over come all obstacles, including the devil. Let the Almighty GOD shower all the blessings to you to overcome the challenges you face in your life. May GOD bless you with a healthy & long life to strengthen his kingdom according to his Glorious Might

With Love & Prayer
From
Ammachy, Regi,Sherly, Nithin.......Chennai
Nitha& Sam.........................Australia

Spiritually yours.....



P. Adityan Namboodiri
(Retd. Head Master St. George's High School, Thozhiyoor.

Recollections of my assosiation with his Grace Joeseph Mar Koorilos Valiya Metropolitian of Malabar Independent Syrian Church, Thozhiyoor.

Anjoor and Thozhiyoor are nearby villages located 5 k.ms west from Kunnamkulam and 6 k.m north from Guruvayur. These villeges are so close that they look like siamese twins. The natural vegetations is predominatly coconut trees with very little space allowed for other types of plants. Vast coconut plantations, though owned by different families, were not demarcated by fencing, allowing the villagers to take any route they liked. The fan shaped leaves of the coconut trees provided a natural shelter to the pedestrians from the scorching sun. But now things have changed. Compound walls and iron fencing are the order of the day. The area looks like a part of the sandbar facing the Arabian sea. One needs only a 40 minite walk to reach the seashore. Even now the "mighty murmurs" of the sea reverberate in our ears during the Monsoon.

The natives of these villages come out of their dreams in the early morning when they hear the bells that toll from the nearby churches. As a child I used to ask myself "For whom the bell tolls?" Perhaps it was to rouse the farming and trading community from their sleep for getting ready to undertake their daily chores. They begin and end their days with prayers. The clouds of helplerrness got cleared by the gentle breeze that carries along with it the whisper of the Almighty God, the villagers belived.

My indirect assosiation with the church began from my early childhood. I belong to an Orthodox Namboodiri family of Anjoor that entertained no fresh thoughts and practices followed by other faiths. We belived, with a little bit of contempt, that all other rituals were devoid of any scientific underpinnings. But we never had any hatred for other faiths. The younger ones like me used to gaze at the peculiar gaits of the priests with their long beard and fat bellies that looked more awkward with their priestly paraphernalia. Nevertheless, our family maintined happy and healthy relations with the church. It must be added that the main road to the church was constructed with the permission and support given by my paternal grandfather.

Apart from other christian churches located in the nearby areas, the Thozhiyoor Church had some specialities of its own. The rituals there did resemble that of some Hindu rites. Curing epilepsy, insanity and other mental disorders were taken up with extreme devotion by a team of priests specially trained for the same.

By that time itself the church was running a 50year old upper primary school very near to its headquarters at Thozhiyoor. The thoughts about starting a High school in the village began to materialise in the year 1952. I was eagerly waiting for my B.A. results. Knowing this, the then Bishop of the church asked my eldest brother, the late Sri, P. Narayanan Namboodiri, without whose support I would not have become what I am, to send me for Bachelor of Training cource (B.T) The Bishop assured me the post of a highschool teacher should I finish my B.T. without fail. I finished my B.T. with a firstclass and thus became one among the first batch of a dozen teachers at the school.

Now that my relationship with the church became more direct. With my assuming the office of the Head Master in the year 1968, it got further cemented. For more than three decades, I worshipped two deites daily, one at my home and the other at my workplace.

As the school was run by the church, members of the clergy usually found a place among our teaching fraternity. The first Head Master of the school was a wisely revered priest who could lay a firm foundation for the organization. Several other clergymenossayed his feet and became teachers of the school. one such priest who became a teacher of the school was His Grace Joseph Mar Koorilose Valiya Metropolitan. He was an ordinery priest at the time of joining the institution. He was six feet tall and possessed a sonorous sound that rendered him a majestic look. He joined the school in 1980. He relinquished the post in 1986 when he was elevated to the post of the Head priest or Bishop of the church. His entry into and exit from the school were perfectly in tune with his spiritual disposition. Infact, it was a sacrifice for a prospective teacher who was in need of that job. This year marks the silver jubilee of his consecration as the metropolitan of the Malabar Independent Syrian Church.

I could work with him in the last four years of my service at the school. The days with him were indeed joyous. Generally, priests look serious. This is true irrespective of any religion to which they belong. May be because they lead an ascetic life unmindful of the gloom and glow of their personal lives. But H.G. Joseph Mar Koorilose was a peculiar personality. He behaves like a man among men, holding his head high, without, in any way, belittling his high office. Anybody in need got help from him. He liked sumptuous food, loved music, read and authrored several books, travelled widely both within and outside the country, maintained a good number of friendships and above all he was gifted with a keen sense of humour rarely seen among the members of the ecclesiastical community.

He used to take me on his motorcycle wherever I wanted to go as a part of our official duty. I assigned duties to him. The intimacy got entrenched with the passage of time. It hasbeen a source of strength, happiness and relief to me for the last three decades. At the school he always stood like a rock behind me.

He took keen interest in the welfare of the students. He was in charge of taking students to District level festivals. It was under his leadership that the annual tour was conducted. He liked travelling as he possessed an innate dynamism. I recall one event when a batch of students was taken to Kunnamkulam to attend the District Science Fair. In the morning the students were taken to Kunnamkulam in a line bus. They were to return home in the same bus in its evening trip. To our discomfiture, the evening trip was cancelled by the operators and naturally, the parents became anxious about their offsprings. I sent a messenger to Kunnamkulam asking Rev.Fr. Joseph Panakkal to make immediate arrangements for the return journey of the students from Kunnamkulam. Under his influence, a bus that was scheduled to leave for Thrissur cancelled its usual trip and operated a special trip to Anjur exclusively for the school students and the problem was solved then and there.

Since the priest was in charge of several church related matters, he used to come to the school a bit late. He was the only one who enjoyed the privillage of going straight to the classroom without putting the signature in the attendence register. I must add that he never misused that privilege. On one occasion, I noticed his absence from the school for three consecutive days. I enquired the matter with other staff members. But, none of them knew the exact reason. The fact that he was absent in the church too made me more anxious. The third day I went straight away to his residence (kunnamkulam church) to know that he was suffering from some indiposition.

It was his practice to break jokes in and out of the office. He loved his students wholeheartedly that made him the most popular among the teachers of that time. My youngest son was fortunate to feel his magnetic spell. He could easily communicate with the students at their wavelength.

The Bishop spared no time in showering love and affection on all around him. He maintains strong bonds with my family even after my retirement. He helped us as if he were waiting to help us. When my third son was selected by the Liverpool University for his post doctoral studies, the Bishop made all arrangements with the Arch Bishop of London for my son's stay there. My second son takes his advice as the secretary of the Sree Krishna College old Student's Assosiation, of which the Bishop is one of the founder members.

He uses to visit my house on all important annual festivals like Onam, Christmas etc. He comes with a large cake, with bags full of toffee, and ofcource with a camera to take the latest group photo of the family along with him.

Memories about the days with the Bishop at the school take me to evermore heights of happiness and tranquillity. It still invigorates me like the fresh air from the hilltop or the pure water from the nearby stream.

We all join the devotees of the Malabar Independent Syrian Church in the Silver Jubilee Celebrations to commemorate the coronation of this great Bishop. May He continue to shower his blessings on all around him for a long long time. For, the world wants him more than what he wants from the world.



സന്ദേശം

അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനിയുമായി എനിക്കു് ശക്തമായ സ്നേഹബന്ധമാണുള്ളത്. വളരെക്കാലമായി തുടരുന്ന സ്നേഹബന്ധം ഇന്നും ഞങ്ങൾ കാത്തുസൂക്ഷിക്കുന്നു. വർഷങ്ങൾക്കുമുൻപ്, മലബാർ സ്വതന്ത്ര സുറിയാനി സഭയും, മലങ്കരമാർത്തോമ്മ സുറിയാനി സഭയും തമ്മിലുള്ള സോദരീ ബന്ധത്തിന്റെ ശതാബ്ദി ആഘോഷങ്ങൾ തൊഴിയൂർ സഭയുടെ, കുന്നംകുളം പട്ടണത്തിലെ കുന്നുംപുറത്തെ പള്ളിയിൽ, മലങ്കരമാർത്തോമ്മ സുറിയാനി സഭയുടെ ആരാധ്യരായ മോസ്റ്റ് റവ. ഡോ :അലക്സാണ്ടർ മാർത്തോമ്മ മെത്രാപ്പോലീത്തായുടേയും, മോസ്റ്റ് റവ. ഡോ : ക്രിസോസ്റ്റം മാർത്തോമ്മ മെത്രാപ്പോലീത്തായുടേയും, മറ്റു സഭാ മേലദ്ധ്യക്ഷന്മാരുടേയും മഹനീയ സാന്നിദ്ധ്യത്തിൽ ഉത്ഘാടനം ചെയ്യാൻ എനിക്കവസരം ലഭിച്ചത് ഇന്നും നന്ദിയോടും സന്തോഷത്തോടും കൂടി ഓർക്കുന്നു. ഉദാത്തമായ ജീവിതത്തിന്റെ ഉത്തമ മാതൃകയാണ് പ്രിയപ്പെട്ട മാർ കൂറിലോസ് തിരുമേനിയുടെ ജീവിതം. അദ്ദേഹത്തിന്റെ പ്രവർത്തനിരതമായ അനുഭവങ്ങളും വിനയാന്വിതമായ ഏവരോടുമുള്ള സമീപനവും മനസിൽ മായാതെ നിലകൊള്ളുന്നു. മേല്പട്ടത്വസ്ഥാനാരോഹണത്തിന്റെ സിൽവർജൂബിലി നിറവിൽ; പ്രിയതിരുമേനിക്ക് ആയുരാരോഗ്യവും, ക്ഷേമവും മംഗളങ്ങളും നേരുന്നു.

കെ. എം. മാണി
ധനകാര്യ, നിയമ, ഭവന വകുപ്പുമന്ത്രി

തിരുവനന്തപുരം
25 . 8 . 2011

Prayers & Best Wishes to our beloved Valiya Thirumeni

Mananthan Ittiachen Kurien , Sarama Kurien - Chalissery
Dr. Paulosekutty & Family
Ittiachen Kurien (Kochumon) & family
Reji Kurien & family , Dubai

അത്യപൂർവ്വമായൊരു മേല്പട്ടത്വ ജൂബിലി

കെ.പി. ജോർജ്ജ്, അഞ്ഞൂർ (സെക്രട്ടറി സെന്റ് ജോർജ്ജ് ഭദ്രാസന ഇടവക)

മലബാർ സ്വതന്ത്ര സുറിയാനി സഭയിൽ മേല്പട്ടക്കാരനായി 25 വർഷം തികക്കുന്ന അഞ്ചാമത്തെ മെത്രാച്ചനാണ് അഭിവന്ദ്യ ജോസഫ് മാർ കുറിലോസ് വലിയ മെത്രാപ്പോലിത്താ അതും കഴിഞ്ഞ മുക്കാൽ നൂറ്റാണ്ടിനുശേഷം. പരിശുദ്ധ കാട്ടുമങ്ങാട്ട് വലിയബാവയുടെ ശേഷം തൊഴിയൂർ (അഞ്ഞൂർ) പള്ളിയിലെ പേയിളകിയ ഒരു ശെമ്മാശ്ശനെ ദൈവീക കൃപകളുടെ ശക്തമായ സ്രോതസ്സായ വിശുദ്ധ കുർബാന അനുഭവത്താൽ പ്രാർത്ഥനാപൂർവ്വം സൗഖ്യത്തിന്റെ ജീവധാരയിലേക്ക് രക്ഷകനായ മശിഹാ തമ്പുരാൻ വഴിനയിച്ച ആലത്തൂർ പനക്കൽ ജോസഫ് മാർ കുറിലോസ് ഒന്നാമൻ മെത്രാപ്പോലിത്തായുടെ അഞ്ചാംതലമുറക്കാരൻ. ബാല്യകാലം മുതൽ ഞങ്ങൾ പരിചയക്കാരാണ്. ആലത്തൂര് പനക്കൽ കുടുംബത്തിലെ രണ്ടുതിരുമേനിമാരുടേയും ഓർമ്മദിനത്തിൽ മുടങ്ങാതെ മാതാപിതാക്കളോടൊപ്പം തൊഴിയൂർ (അഞ്ഞൂർ) പള്ളിയിൽ വരുമ്പോഴും, തിരുമേനിയുടെ അമ്മയുടെ അനുജത്തി (മാമയെ വിവാഹം കഴിച്ചിരിക്കുന്നത് എന്റെ അപ്പന്റെ സഹോദരൻ- ഉപ്പാപ്പൻ)യുടെ വീട്ടിൽ വിശേഷാവസരങ്ങളിൽ വരുമ്പോഴും സ്നേഹബന്ധം പുലർത്തിയിരുന്നു. ഞങ്ങൾ ഒരുമിച്ച് പോർക്കുളം, കല്ലുംപുറം, പെരുമണ്ണൂർ എന്നീ ഇടവകകളിൽ നടന്ന സണ്ടേസ്കൂൾ ക്യാമ്പുകളിൽ പങ്കെടുത്തിരുന്നത് മനസ്സിൽ ഇന്നും തെളിഞ്ഞുനിൽക്കുന്നു. പത്താംക്ലാസ്സു പാസ്സായി അധികം കഴിയുന്നതിനുമുമ്പു തന്നെ ഇദ്ദേഹം ഒരു വൈദിക വിദ്യാർത്ഥിയായി തൊഴിയൂർ (അഞ്ഞൂർ) ഭദ്രാസനപള്ളിയിൽ എത്തി. പിന്നീട് മൂന്നു വർഷത്തിനിടെ ശെമ്മാശ്ശനും 78ൽ വൈദീകനായും തുടർന്നു. 80 മുതൽ സഭവക തൊഴിയൂർ ഹൈസ്കൂളിൽ അദ്ധ്യാപകനുമായി. ഇദ്ദേഹം 86ൽ മെത്രാപ്പോലിത്തായായി സ്ഥാനമേറ്റ് അധികം കഴിയുന്നതിനുമുമ്പുതന്നെ ഞാൻ തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസനഇടവക പള്ളിയിലെ കമ്മറ്റിയിൽ ഖജാൻജി, സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിപ്പാനും, പിന്നീട് സഭാ കൗൺസിൽ അംഗം, സഭാസെക്രട്ടറി എന്നീ ചുമതലകളിൽ പ്രവേശിക്കുവാനും കാലഘട്ടത്തിനനുസരിച്ചുള്ള പുരോഗമനപരമായ പ്രവർത്തനങ്ങളിൽ അഭിവന്ദ്യ തിരുമേനിയോടൊപ്പം ഭാഗഭാക്കാകുന്നതിനും സാധിച്ചത് വലിയൊരു ഭാഗ്യമായി ഞാൻ കരുതുന്നു. പുരാതനമായി നടന്നുവന്നിരുന്ന പരിശുദ്ധ കാട്ടുമങ്ങാട്ട് അബ്രഹാം മാർ കുറിലോസ് വലിയബാവയുടെ ജൂലായ് 10ലെ പെരുന്നാൾ ദിനത്തിലെ പ്രദക്ഷിണം വി.കുർബ്ബാനകഴിഞ്ഞയുടനെയാക്കി, ആശീർവാദത്തിനുശേഷം അനേകായിരങ്ങൾ വരുന്ന ഭക്തസമൂഹത്തെ ഒരു വിവാഹസദ്യയിലെന്നോണം പങ്കുകൊള്ളാൻ വേണ്ട സാഹചര്യങ്ങൾ തൊഴിയൂർ ഭദ്രാസന ഇടവകയുടെ ഏകകണ്ഠമായ തീരുമാനങ്ങളിലൂടെ 1986ൽ സ്ഥാനാരോഹണം കഴിഞ്ഞ് ഒരു വർഷത്തിനകം നടപ്പിലാക്കാൻ സാധിച്ചത് ദൈവീകപ്രവർത്തന അടയാളങ്ങളുടെ ആരംഭമായി പരിണമിച്ചു. അഭിവന്ദ്യ തിരുമേനിയുടെ അതിശക്തമായ സ്നേഹനിർബന്ധവും, അതിനുവേണ്ടി ഉപവാസത്തോടെയുള്ള പ്രാർത്ഥനകളും തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസനഇടവക പള്ളിയിലെ പെരുനാൾ നടപടികൾ ചുറ്റുപാടുമുള്ള യാക്കോബായ ഓർത്തഡോക്സ് പള്ളികൾക്ക് അനുകരിപ്പാൻ മാതൃകയായിതീർന്നു എന്ന് ഞാൻ കരുതുന്നു. അന്നത്തെ ഇടവക കമ്മറ്റിയിൽ

നേതൃത്വം നൽകുന്നതിന് എളിയൊരു പങ്കുവഹിക്കാൻ സാധിച്ചതും ദൈവം എനിക്കു നല്കിയ ഒരു താലന്തായി ഞാൻ കാണുന്നു. പെരുനാളിന്റെ പുരുഷപങ്കാളിത്തം മാത്രമായിരുന്ന "വൻമുറി"യെന്ന ചടങ്ങിനുപകരം എല്ലാ ഇടവകമക്കളേയും ഒരുമിപ്പിച്ച് (പ്രാർത്ഥിച്ച്, എല്ലാവരുടേയും ആശയവിനിമയം സമന്വയിപ്പിച്ച്, ദൈവവചനധ്യാനത്തോടെയുള്ള ഇടവകകുടുംബസംഗമം. വൈദീകരും, മെത്രാച്ചനും, ജനങ്ങളും ഒരുമിച്ച് ചേർന്നുള്ള ആഹാരവും ഉൾപെടെ) ഇടവക ദിനമായി മാറ്റിയതിന് പുറകിലും അഭിന്ദ്യ തിരുമേനിയുടെ ശ്രദ്ധാപൂർവ്വമായ നിർദ്ദേശങ്ങളായിരുന്നുവെന്ന് പ്രത്യേകം ഓർക്കാതെ വയ്യ. തിരുമേനിയുടെ മേല്പട്ടത്വത്തിന്റെ ഒന്നാം വാർഷികദിനം ഇടവക ദിനമായി ആഗസ്റ്റ് 30ന് തൊഴിയൂർ ഇടവക കൊണ്ടാടിയതാണ് സഭയിലെ വിവിധ ഇടവകകൾ സമുചിതമായി ഇടവക ദിനമായി കൊണ്ടാടുന്നതിന് പ്രേരകമായത്.

2011 ജൂലായ് 9
തൊഴിയൂർ ഇടവക
ജോസഫ് മാർ കൂറിലോസ്
വലിയമെത്രാപ്പോലീത്തയുടെ
മേൽപ്പട്ടത്വ സ്ഥാനാരോഹണത്തിന്റെ
സിൽവർ ജൂബിലി ആഘോഷം

പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവാമാരാൽ സ്ഥാപിക്കപ്പെട്ട 215 വർഷം പഴക്കമുള്ള ഭദ്രാസന ദേവാലയം സഭാകൗൺസിലിന്റെ സന്ദർഭോചിതമായ തീരുമാനങ്ങളിലുടെയും തൊഴിയൂർ ഭദ്രാസനമുൾപ്പടെയുള്ള സഭയിലെ മുഴുവൻ ഇടവകകളുടേയും നിർല്ലോഭമായ സാമ്പത്തിക സഹായങ്ങളിലുടെയും, സഭാ, മതഭേദം കൂടാതെയുള്ള സന്മനസ്സുകളുടെ കൈതാങ്ങലുകളിലുടെയും സാദ്ധ്യമായിത്തീർന്നത് അഭിവന്ദ്യ തിരുമേനിയുടെ ഭരണനേട്ടമായി കാണുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. അദ്ദേഹത്തോടൊപ്പം തോളോടുതോൾചേർന്നു സഹായിച്ച തൊഴിയൂർ ഇടവകാംഗവും സഭാവൈദീകട്രസ്റ്റിയുമായിരുന്ന ദിവ്യശ്രീ. ജോസഫ് വടക്കൻ കശീശ്ശായുടെ നിസ്തുലമായ സേവനവും ഇത്തരുണത്തിൽ സ്മരണയിൽ നിറഞ്ഞു നിൽക്കുന്നു. അഭിവന്ദ്യ തിരുമേനിയുടെ അതീവ താല്പര്യവും, ദീർഘവീക്ഷണവുമുള്ള പ്രചോദനത്താൽ തൊഴിയൂർ സഭയുടെ മഹത്വം ലോകത്തോട് വിളിച്ചറിയിക്കുന്ന ഏറ്റവും പുതിയ ഇംഗ്ലീഷ് ചരിത്രപുസ്തകം "ദി ഫോർഗോട്ടൺ ബിഷപ്പ്സ്" പ്രകാശനം നടത്തുവാനും, ആ പുസ്തകമുൾപ്പെടെ രണ്ട് പുസ്തകങ്ങൾ രചിച്ച് വൈദീകനായി പലതവണ ഇവിടേക്കു കടന്നുവന്ന് സമീപകാലത്ത് ഇംഗ്ലണ്ടിലെ സഭയിലെ ബിഷപ്പായി സ്ഥാനാരോഹണം ലഭിച്ച റൈറ്റ് റവ. ഡോ. ജോൺഫെൻവിക്ക് തിരുമേനിക്കു സ്വീകരണം നൽകുവാനും തൊഴിയൂർ ഇടവകയിലൂടെ അഭിവന്ദ്യ തിരുമേനിക്ക് സാധിച്ചതും ദൈവീകകരുതലിന്റെ ഭാഗമായി കാണുന്നു. അഭിവന്ദ്യ ജോസഫ് മാർ കുറിലോസ് തിരുമേനിയുടെ മേല്പട്ടത്വ രജതജൂബിലി പരിശുദ്ധ കാട്ടുമങ്ങാട്ട് വലിയബാവയുടെ പെരുന്നാൾ ദിവസത്തിൽ, പരിശുദ്ധ ബാവയുടെ കബറിനു മുന്നിൽ തന്നെ, അഭിവന്ദ്യ തിരുമേനിയാൽ പുതുക്കി പണിത് കൂദാശ ചെയ്യപ്പെട്ട തൊഴിയൂർ ഭദ്രാസനദേവാലയത്തിനകത്തുവെച്ച്, തൊഴിയൂർ ഇടവക സമുചിതമായി ആഘോഷിച്ചപ്പോൾ ഇടവക സെക്രട്ടറി എന്ന നിലയിൽ ഉപഹാരമായി ഒരു കുരിശുമാല അണിയിപ്പാൻ ഇടയായത് ദീർഘവർഷങ്ങളായുള്ള അഭിവന്ദ്യ തിരുമേനിയുമായുള്ള സ്നേഹബന്ധം ദൈവം അംഗീകരിച്ചു തന്നതാണെന്ന് ഉറച്ചുവിശ്വസിക്കുന്നു. വ്യക്തിപരമായി ഒരു പ്രത്യേക നന്മപ്രവർത്തനത്തിലേക്ക് എനിക്കു മനസ്സുതിരിഞ്ഞുകിട്ടാൻ അഭിവന്ദ്യ തിരുമേനി ഹൃദയം നുറുങ്ങികൊണ്ടു തന്നെ ഉപദേശിച്ച് പ്രാർത്ഥനയിൽ വഹിച്ചുകൊണ്ടിരുന്നതിൽ സർവ്വാത്മനാ ഹൃദയത്തിന്റെ വാക്കുകളില്ലാ ഭാഷയിൽ വ്യക്തിപരമായുള്ള കടപ്പാട് അറിയിക്കുന്നതിൽ വളരെ സന്തോഷിക്കുന്നു. തുടർന്നും അനേകർക്ക് പ്രത്യാശഗോപുരമായ ക്രിസ്തുവിനെചൂണ്ടികാട്ടി പ്രശോഭിതമായ നന്മപ്രവർത്തനങ്ങളിലേക്ക് അവരെ വഴി നടത്തുവാൻ സർവ്വവിധ അനുഗ്രഹങ്ങളും വാത്സല്യനിധിയായ തിരുമേനിക്ക് ദൈവം തമ്പുരാൻ നൽകട്ടെ എന്ന് എന്റെ കുടുംബത്തോടൊപ്പം പ്രാർത്ഥിച്ചുകൊണ്ടും, അലകളും തിരകളും ആർത്തലച്ചടിച്ചാലും പതറിപോകാത്ത മനസ്സോടെ ശാന്തമായി മുന്നേറുവാൻ വേണ്ട ആരോഗ്യവും ആത്മധൈര്യവും പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവമാരുടേയും മറ്റ് പുണ്യപിതാക്കന്മാരുടേയും മദ്ധ്യസ്ഥതയിൽ ദൈവം തമ്പുരാൻ നൽകട്ടെയെന്നും ആശംസിക്കുന്നു. മെത്രാപ്പോലിത്താസ്ഥാനാരോഹണ രജതജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യനായ കുറിലോസ് വലിയ മെത്രാപ്പോലിത്തായ്ക്ക് പ്രാർത്ഥനാപൂർണ്ണമായ ആശംസകൾ നേരുന്നു.

തേവനാലിൽ നിന്ന്...

മെത്രാഭിഷേക
രജത ജൂബിലി
ആഘോഷിക്കുന്ന
മലബാർ സ്വതന്ത്ര
സുറിയാനി സഭയുടെ
അഭിവന്ദ്യ ജോസഫ്
മാർ കൂറിലോസ് വലിയ
മെത്രാപ്പോലീത്താ
തിരുമേനിക്ക്
ഹൃദയം നിറഞ്ഞ
ആശംസകൾ

പൗരോഹിത്യത്തിന്റെ പൂർണതയും, ദൈവദാനവുമായ "എപ്പിസ്കോപ്പൽ" പദവിയിൽ കാൽ നൂറ്റാണ്ട് പൂർത്തിയാക്കുക ദൈവാനുഗ്രഹം ഒന്നുകൊണ്ടുമാത്രമാണ്. തന്റെ അജഗണത്തെ കർത്താവിന്റെ കാൽപാടുകളിലൂടെ നേർവഴിയിൽ നയിക്കുന്ന വലിയ തിരുമേനി, മലബാർ സ്വതന്ത്ര സുറിയാനി സഭയ്ക്ക് എന്നും മാർഗ്ഗദീപമാണ്.

പരിശുദ്ധ കാട്ടുമങ്ങാട്ടു ബാവാന്മാർ തൊഴിയൂര് എത്തുന്നതിന് മുൻപ് തപസനുഷ്ഠിച്ചിരുന്ന "തേവനാൽ തടം" എന്ന പുണ്യഭൂമിയുടെ സമീപെ ജനിച്ചു വളരുവാനും ഈ പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിയ്ക്കുക വഴി എനിക്കും കുടുംബത്തിനും ഒത്തിരി അനുഗ്രഹങ്ങൾ നേടുവാനും ഇടയായിട്ടുണ്ട്. ആ വന്ദ്യ പിതാക്കന്മാരുടെ പിൻഗാമിയായി അഭിഷേകം ചെയ്യപ്പെടുമ്പോൾ അതിൽ പങ്കെടുക്കുവാൻ തിരുമേനി നേരിട്ടു വന്ന് ഞങ്ങളെ ക്ഷണിച്ചതോർക്കുന്നു. "തേവനാൽ തടവു" മായുള്ള ബന്ധം കൂടി തിരുമേനിയെ അതിന് പ്രേരിപ്പിച്ചിരിക്കാം. പ്രാർത്ഥനാ വിഷയങ്ങൾ തിരുമേനിയുമായി പങ്കുവെയ്ക്കുകയും പ്രാർത്ഥനാ സഹായങ്ങളാൽ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്; ചെയ്യുന്നുമുണ്ട്.

അനേകർക്കും തിരുമേനിയുടെ പ്രാർത്ഥനവഴി സമൃദ്ധമായ ദൈവാനുഗ്രഹങ്ങൾ ലഭിക്കുവാൻ ഇടവരട്ടെയെന്നും തിരുമേനിയുടെ തുടർന്നുള്ള സഭാശുശ്രൂഷകൾ നൂറുമേനി ഫലമുളവാക്കട്ടെ എന്നും ആശംസിക്കുന്നു.

ഈ ജൂബിലി ആഘോഷം അവിസ്മരണീയമാക്കാൻ പ്രസദ്ധീകരിക്കുന്ന സ്മരണികയ്ക്ക് എല്ലാവിജയങ്ങളും നേരുകയും ഇതിനു വേണ്ടി അദ്ധ്വാനിച്ചവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

P. U. Paily
Deputy Supdt. of Police (Rtd)
Guest Faculty, Kerala Police Academy
Thrissur.

With fond Memories

പ്രിയപ്പെട്ട തിരുമേനിക്ക്, സ്നേഹപൂർവ്വം........

ബാബു. എം. പാലിശ്ശേരി. M LA. കുന്നംകുളം

തിരുമേനിയുമായി എനിക്കുള്ള ബന്ധത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. വിദ്യാർത്ഥി രാഷ്ട്രീയവും, സാഹിത്യ പ്രവർത്തനവുമായി നടന്നിരുന്ന കാലത്താണ് ഞാൻ തിരുമേനിയുമായി ബന്ധപ്പെടുന്നത്. സഭയുടെവകയായി അന്ന് കുന്നംകുളത്ത് പ്രവർത്തിച്ചിരുന്ന സെന്റ്തോമാസ് പ്രസ്സിന്റെ നടത്തിപ്പ് അന്ന് തിരുമേനിക്കായിരുന്നു. പലപ്പോഴും കലാസാംസ്കാരിക പ്രവർത്തനങ്ങളുടെ നോട്ടീസ് പ്രിന്റിങ്ങിനായി പ്രസ്സിൽ പോയിരുന്നപ്പോഴാണ് തിരുമേനിയുമായുള്ള എന്റെ ബന്ധം ശക്തിപ്പെട്ടത്. സെന്റ് തോമസ് കോളേജിൽ തിരുമേനിയുടെ ക്ലാസ്മേറ്റായിരുന്ന എന്റെ സുഹൃത്ത് കണ്ടംപുള്ളി സുകുമാരൻ വഴിയാണ് ആദ്യമായി ബന്ധപ്പെടുന്നത്. പ്രിന്റ് ചെയ്ത നോട്ടീസ് വാങ്ങാൻ പോവുമ്പോൾ കയ്യിൽ കാശില്ലാതിരുന്ന നിരവധി സന്ദർഭങ്ങളിൽ ലോക രാഷ്ട്രീയവും സാഹിത്യ വിജ്ഞാനങ്ങളും തകൃതിയായി സംസാരിച്ച് കാശിന്റെ കാര്യം ഇടക്ക് “പിന്നെത്തരാം” എന്നു സൂചിപ്പിച്ച് സാധനം വാങ്ങി തിരിച്ചുപോരലായിരുന്നു പല സന്ദർഭങ്ങളിലും എന്റെ ലക്ഷ്യം. എന്നാൽ, പ്രിന്റ് ചെയ്ത നോട്ടീസ് കയ്യിൽ തന്ന് “കാശ് പിന്നെത്തരാം” എന്ന എന്റെ ദുർബല പ്രയോഗത്തെ ശ്രദ്ധിക്കുക പോലും ചെയ്യാതെ എന്നെ അമ്പരിപ്പിക്കുകയായിരുന്നു പലപ്പോഴും തിരുമേനി. കാശ് കയ്യിലില്ലെന്നും, എന്നാൽ എന്റെ അടങ്ങാത്ത കലാഭിരുചിയെ അത് ബാധിക്കരുത് എന്ന് തിരുമേനിക്ക് നല്ല നിർബന്ധമായിരുന്നു. ആ നിറഞ്ഞ യൗവ്വനകാലത്ത് തനിക്ക് ആഗ്രഹമുള്ളതും എന്നാൽ പല കാരണങ്ങളാൽ ചെയ്തുതീർക്കാനാവാത്തതുമായ പ്രവർത്തനങ്ങളെ എന്നിലൂടെ പ്രോത്സാഹിപ്പിക്കുകയായിരുന്നു അദ്ദേഹം.

ആ കാലഘട്ടത്തിൽ കൊരട്ടിക്കരയിൽ ഞങ്ങൾ നടത്തിയിരുന്ന സാംസ്ക്കാരിക പ്രവർത്തനങ്ങളിലെല്ലാം അതീവ താല്പര്യത്തോടെ ഇടപെടുമായിരുന്നു തിരുമേനി. ഉദയാ വായനശാല, കൈയ്യെഴുത്ത് ദിനപത്രമായിരുന്ന ജനജിഹ്വ, അഗ്നി, കൽപന എന്നിവയിലെല്ലാം അഭിപ്രായങ്ങൾ രേഖപ്പെടുത്താറുണ്ടായിരുന്നു അദ്ദേഹം. ഓന്നോ രണ്ടോ പ്രാവശ്യം ചില പൊതുമീറ്റിങ്ങുകളിലും അദ്ദേഹം പങ്കെടുത്തു.

പിന്നീട് എന്റെ കുടുംബവുമായി അടുത്ത സൗഹൃദത്തിലായി അദ്ദേഹം. പുലർച്ച അഞ്ചുമണിക്ക് എഴുന്നേറ്റ് പറമ്പ് കിളച്ച്, പിന്നെ നൂറിലധികം കിലോമീറ്റർ യാത്ര ചെയ്ത് ജോലിസ്ഥലമായ കോഴിക്കോട്ട് പോയി ഇൻകം ടാക്സ് ഓഫീസറായി ജോലിചെയ്ത് വൈകി തിരിച്ചെത്തി വീണ്ടും കൃഷികാര്യങ്ങളിൽ ഏർപ്പെടുന്ന എന്റെ അച്ഛൻ എന്നും അദ്ദേഹത്തിന് ഒരു വിസ്മയമായിരുന്നു. അച്ഛന്റെ ആത്മാർത്ഥതയും, സത്യസന്ധതയും അദ്ദേഹം പലപ്പോഴും പലരോടും വിവരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. അമ്മ സ്നേഹത്തോടെ നൽകിയിരുന്ന വിഭവസമൃദ്ധമായ ഭക്ഷണം അദ്ദേഹം ആസ്വദിച്ചു കഴിക്കുന്നത് ഞാൻ നോക്കി നിൽക്കാറുണ്ട്. കൊരട്ടിക്കര പള്ളിയിലെ ചുമതലക്കാരനായിരുന്ന ശ്രീ.സി.ഒ. കൊച്ചുണ്ണിയുമായി പലപ്പോഴും വീട്ടിൽ വന്നിരുന്നത് ഓർക്കുന്നു. പിന്നീട് അദ്ദേഹം തൊഴിയൂർ സഭയുടെ പരമോന്നത പദവിയിലെത്തിയപ്പോൾ ഞാൻ ആശയക്കുഴപ്പത്തിലായി. ഇത്രയും അടുത്ത ബന്ധത്തിലുള്ള അദ്ദേഹത്തോട് ഇനി എങ്ങനെപെരുമാറണം എന്നതായിരുന്നു എന്റെ പ്രശ്നം. ഇത്രയും കാലം ഒരു സുഹൃത്തിനോടെന്നപോലെ പെരുമാറിയിരുന്ന അദ്ദേഹത്തെ ആത്മീയ നേതാവായി കാണുമ്പോൾ അമ്പരപ്പായിരുന്നു. എന്നാൽ എല്ലാ പ്രശ്നങ്ങളെയും ഇല്ലാതാക്കി പഴയതിലും ആത്മാർത്ഥതയോടെ, എളിമയോടെ അദ്ദേഹം തന്നെ പെരുമാറാൻ തുടങ്ങിയപ്പോൾ എന്റെ ആശങ്ക അസ്ഥാനത്തായി.

അദ്ദേഹത്തിന് ശാരീരികമായി ചില പ്രശ്നങ്ങൾ ഉണ്ടായപ്പോൾ ഞാൻ വല്ലാതെ വേദനിച്ചു. എന്നാൽ ആ പ്രശ്നങ്ങളേയും തിരുമേനി അതീവ ലാളിത്യത്തോടെ കൈകാര്യം ചെയ്തു. അദ്ദേഹത്തിന്റെ വിശ്വാസപ്രമാണങ്ങളാണ് എല്ലാ രോഗങ്ങളിൽ നിന്നും അദ്ദേഹത്തെ രക്ഷിച്ചത് എന്ന് ഞാൻ കരുതുന്നു.

അദ്ദേഹത്തിന്റെ മേല്പട്ടത്വ രജതജൂബിലി ആഘോഷവേളയിൽ എന്റെ ഈ ഓർമ്മക്കുറിപ്പുകൾ അദ്ദേഹത്തിന് ഞാൻ സ്നേഹപൂർവ്വം സമർപ്പിക്കുന്നു. അത്യധികം ആരോഗ്യത്തോടെ സ്വതസിദ്ധമായ നർമ്മബോധത്തെ ദീർഘകാലം വിശ്വാസികൾക്ക് അത്താണിയായി മുന്നോട്ടു പോവാൻ അദ്ദേഹത്തിന് സാധിക്കട്ടെ എന്നു ഞാൻ ആശംസിക്കുന്നു. എല്ലാ നൻമകളും നേരുന്നു.

With fond Memories

ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്ത:

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ എക്യുമെനിക്കൽ ദർശനത്തിനു മിഴിവേകിയ ഇടയൻ.

Rev. Dr. V. S. Varghese,
Mar Thoma Theological Seminary, Kottayam.

മലങ്കര സഭാഗാത്രത്തിലെ സുപ്രധാനമായ സമൂഹമാണ് മലബാർ (തോഴിയൂർ) സ്വതന്ത്ര സുറിയാനി സഭ. മലങ്കരയിലെ അപ്പോസ്തോലിക പാരമ്പര്യം അഭംഗുരം തുടരുവാൻ സഭാനാഥൻ നിയോഗിക്കുകയും ശക്തി നല്കുകയും ചെയ്ത സഭ. പ്രതിസന്ധികളുടെ നടുവിൽ നേതൃത്വം നല്കുവാൻ കരുത്തുകാട്ടിയ പിതാക്കൻമാരാൽ അനുഗ്രഹീതമാണ് ഈ സഭ. മലങ്കരയിലെ സഭയുടെ പൈതൃകവും പാരമ്പര്യങ്ങളും ആരാധനാരീതികളും നിലനിർത്തുന്നതിലെ സജീവ സാന്നിദ്ധ്യം. ഭാരതത്തിലെ സഭൈക്യപ്രസ്ഥാനങ്ങളുടെ ഉദാത്തമായ മാതൃക. കർത്താവിന്റെ സൗഖ്യദായക ശുശ്രൂഷയുടെ മാനങ്ങൾ ദൗത്യ നിർവഹണത്തിൽ പ്രകടമാക്കുന്ന സമൂഹം. വി. തോമസിന്റെ പാരമ്പര്യം അർത്ഥവത്തായി പിന്തുടരുന്ന ഈ സമൂഹം സ്വതന്ത്ര അഭിവാഞ്ഛയുടെ നിദർശനം കൂടെയാണ്. വൈദേശിക ആധിപത്യത്തെ ചെറുത്തുതോല്പിക്കുകയും അതോടൊപ്പം പൗരസ്ത്യ ആരാധനപൈതൃകവും ദൈവശാസ്ത്ര ഊന്നലുകളും മുറുകെ പിടിച്ച് മലങ്കരയിലെ സഭയ്ക്ക് ഒരു പുത്തൻ ദിശാബോധം നല്കുന്നതിന് മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പിതാക്കൾക്ക് കഴിഞ്ഞു.

മലങ്കരയിലെ സഭ അപ്പോസ്തോലിക പാരമ്പര്യം പിന്തുടർന്ന് ബഹുലതകളുടെ നടുവിൽ ക്രിസ്തീയ സാക്ഷ്യം മുറുകെ പിടിച്ചിരുന്നു. ശ്രേണീബന്ധമായി വിഭജിക്കപ്പെട്ടിരുന്ന സാമൂഹികക്രമം നിലവിലിരുന്ന കേരള സമൂഹത്തിൽ മലങ്കരസഭയുടെ നിലനില്പ് അതിന്റെ വിശ്വാസ ദാർശനിക അടിത്തറയുടെ പ്രകാശമാനമായിരുന്നു. പൗരസ്ത്യ ചിന്താധാരകളെ കേരളത്തിലെ സാമൂഹിക വ്യവസ്ഥിതികളുടെയും സംസ്ക്കാര ധാരകളുടെയും പശ്ചാത്തലത്തിൽ അർത്ഥവത്തായി പരിരക്ഷിക്കുവാൻ കഴിഞ്ഞുവെന്നത് മലങ്കര സഭയുടെ തനിമ വിളിച്ചോതുന്നതാണ്. "സഭ ലോകത്തിലെ "ക്രിസ്തുസാന്നിദ്ധ്യം" എന്ന ചിന്ത ശക്തമായി പ്രതിഫലിപ്പിക്കുവാൻ ഈ സഭയ്ക്ക് കഴിഞ്ഞു. പൗരസ്ത്യ ദർശനം നല്കുന്ന സഭ ഒരു സാന്നിദ്ധ്യം (Presence)" എന്ന ദൈവശാസ്ത്ര ചിന്താധാരയുടെയും, ആരാധനസമ്പ്രദായത്തിന്റെയും അടിത്തറയിൽ നിന്നുകൊണ്ട് നിലവിലിരിക്കുന്ന സാമൂഹിക ക്രമങ്ങളോടും സാംസ്ക്കാരിക ധാരകളോടും സംഗതമായ സംവാദങ്ങളിലും സംഭാഷണങ്ങളിലും ഏർപ്പെട്ടുകൊണ്ട് ഒരു ചലനാത്മക സാന്നിദ്ധ്യമായി (Dynamic presence) നിലനില്ക്കുവാൻ സഭയ്ക്ക് കഴിഞ്ഞു. ആ നിലനില്പിലൂടെ ദൈവരാജ്യത്തിന്റെ അടയാളവും കൂദാശയും ആയി മലങ്കര സഭ വിളിക്കപ്പെട്ടിരിക്കുന്നു എന്ന ഉൾക്കാഴ്ച ലോകത്തിനു നൽകി. അത് സഭയുടെ സ്വത്വദർശനത്തിന്റെ വെളിവാക്കലാണ്. ഭാരതത്തിന്റെ സാംസ്ക്കാരിക പൈതൃകങ്ങളുമായുള്ള സംഭാഷണം പുതിയ പലതിനെയും ഉൾച്ചേർക്കുവാനും ഭാരതസഭ എന്ന ദർശനത്തിലേക്കു വളരുവാനും മലങ്കര സഭയ്ക്ക് കരുത്തു പകർന്നു. പൗരസ്ത്യ പാരമ്പര്യങ്ങളേയും ദർശനങ്ങളേയും ഉൾക്കൊണ്ട് ഭാരതത്തിന്റെ മണ്ണിൽ പുതിയ ശീലങ്ങളേയും ശൈലികളേയും ബോദ്ധ്യങ്ങളേയും ഉൾപ്രവേശിപ്പിക്കുവാൻ മലങ്കര സഭ പ്രാപ്തയായി.

സഭയുടെ പൈതൃകം ഏകശിലാരൂപമായി, നിശ്ചലമായി നിലകൊള്ളുന്നതല്ല. അത് സാർവ്വത്രികവും ചലനാത്മകവും അപ്പോസ്തോലികവുമാണ്. ചുറ്റുപാടുകളുമായി നിരന്തരമായ സംവാദവും, അനാചാരങ്ങളുടെ ത്യജിക്കലുകളും, അർത്ഥവത്തായതിന്റെ ഉൾച്ചേർക്കലുകളും കൂടി ചേർന്നതാണ്. നിലവിലിരിക്കുന്ന ശീലങ്ങളോടും ഭാഷകളോടും വഴക്കങ്ങളോടും എന്നും അത് സംവാദിക്കുന്നുണ്ട്. ബഹുസ്വരതകളെ എന്നും അംഗീകരിക്കുകയും അതിന്റെ മദ്ധ്യത്തിൽ ക്രിസ്തു സാന്നിദ്ധ്യത്തിന്റെ, ദൈവരാജ്യത്തിന്റെ അടയാളവും കൂദാശയുമായി അനന്തമായ ദൈവകൃപയുടെ നിദർശനമായി സഭ നിലകൊണ്ടു. അതോടൊപ്പം പാരമ്പര്യങ്ങളുടേയും ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും പരിരക്ഷണവും സഭയുടെ ഈ സ്വത്വബോധത്തിന്റെ ഭാഗമാണ്. സഭയെ അടയാളപ്പെടുത്തപ്പെട്ട സമൂഹമായി, പുനർനിർമ്മിക്കുകയും അറുക്കപ്പെട്ട കുഞ്ഞാടിന്റെ ശിഷ്യസമൂഹം എന്ന ബോധം സ്വത്വദർശനത്തിൽ ഉൾച്ചേർക്കുകയും ചെയ്തു. ആചാരരീതികളിലെ തദ്ദേശസ്വാധീനം, ആരാധനക്രമത്തിന്റെ പൗരാണികത, ദൈവശാസ്ത്രബോദ്ധ്യങ്ങളുടെ അപ്പോസ്തോലികത, കൂദാശകളിലൂടെ പകരപ്പെടുന്ന കൃപാധാര, സഭാഘടനയിലെ സാർവ്വത്രികതയും തുടർച്ചയും മലങ്കര സഭ എന്നും പരിപോഷിപ്പിക്കുന്നുണ്ട്. അതുകൊണ്ട് എന്നും സജീവമായ സംവാദത്തേയും ക്രിസ്തു സാന്നിദ്ധ്യത്തിന്റെ പ്രതീകമായി സാമൂഹിക ഇടപെടലുകളിൽ പുത്തൻ ചിന്താധാരകളേയും മലങ്കര സഭ പരിലാളിക്കുന്നു.

ഈ പൈതൃകങ്ങളെ തങ്ങളുടെ ഉൺമയുടെ പ്രതിഫലനമായി മലബാർ സ്വതന്ത്ര സുറിയാനി സഭ കാണുന്നു. പിതാക്കൻമാർ ഈ ചിന്താധാരകളെ എന്നും പരിരക്ഷിച്ചിട്ടുണ്ട്. ഈ പൈതൃകത്തിന്റെ നന്മകൾ മുഴുവനും അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്തായിൽ നമുക്കു കാണാം. മലങ്കരയിലെ അപ്പോസ്തലിക പാരമ്പര്യം അഭംഗുരം നിലനിർത്തിയ ഈ സഭയും ഇതിന്റെ പിതാക്കൻമാരും ക്രൈസ്തവസഭയിലെതന്നെ അത്യപൂർവ്വമായ ബന്ധങ്ങളെ ഊട്ടിഉറപ്പിച്ചവരാണ്. ആ പാരമ്പര്യത്തിന്റെ നിദർശനമാണ് വലിയ മെത്രാപ്പോലീത്താ.

വലിയ മെത്രാപ്പോലീത്തായുടെ എക്യുമെനിക്കൽ ബന്ധങ്ങൾ

തോഴിയൂർ സഭയെ എക്യൂമെനിക്കൽ ഭൂപടത്തിലെ സജീവമായ അടയാളമായി ഉയർത്തിക്കാട്ടുന്നതിൽ വലിയ മെത്രാപ്പോലീത്തായുടെ സ്വാധീനവും അദ്ധ്വാനവും ഏറ്റം പ്രശംസനീയമാണ്. മലങ്കരയിലെ വളരെ തനിമയാർന്ന സഭൈക്യബന്ധമാണ് തോഴിയൂർ സഭയും മാർത്തോമ്മ സഭയും തമ്മിലുള്ളത്. ഇത് അതുല്യമായ, നിർവചനങ്ങൾക്കതീതമായ ഒരു ബന്ധമാണ്. ആധുനിക എക്യുമെനിക്കൽ ബന്ധങ്ങൾക്കും വളരെ മുമ്പേ, നൂറ്റാണ്ടുകൾക്കപ്പുറത്തേക്കു നീളുന്ന ബന്ധം. മലങ്കരയിൽ മെത്രാൻമാർ ഇല്ലാതെ വന്നപ്പോൾ മെത്രാൻമാരെ വാഴിച്ചു സഭയുടെ അപ്പോസ്തലിക പിന്തുടർച്ച അഭംഗുരം നിലനിർത്തിയ ബന്ധം. അതുകൊണ്ടുതന്നെ ആധുനിക എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിലെ തോഴിയൂർ സഭയുടെ സാന്നിദ്ധ്യം ശ്രദ്ധേയമാണ്. കേരളത്തിലെ ക്രൈസ്തവ സഭകളുടെ കൂട്ടായ്മയായ KCC-യിലും സഭകളുടെ ദേശീയ കൂട്ടായ്മയായ NCCI-യിലും, ഏഷ്യയിലെ സഭകളുടെ കൂട്ടായ്മയായ CCA-യിലും തോഴിയൂർ സഭ അതിന്റെ പൗരാണികതകൊണ്ടും, തനതായ എക്യുമെനിക്കൽ ബന്ധങ്ങളുടെ ആവിഷ്ക്കാരംകൊണ്ടും, തല ഉയർത്തി നില്ക്കുന്നു. ഈ സംഘടനകളിൽ അംഗത്വം ലഭിക്കുന്നതിന് വലിയ മെത്രാപ്പോലീത്തായുടെ സുധീരമായ നേതൃത്വവും നിശ്ചയദാർഢ്യവും ആളത്വവും സുപ്രധാനമായിരുന്നു. തിരുമേനിയുടെ കഠിനപ്രയത്നമാണ് ആഗോളതലത്തിലെ ഈ അംഗീകാരങ്ങൾക്ക് കരണീയമായത്. അതോടൊപ്പം തന്നെ അന്ത്യോഖ്യൻ സഭയുമായും അതിന്റെ തലവനായ അന്ത്യോഖ്യ പാത്രിയർക്കീസുമായുള്ള വലിയ മെത്രാപ്പോലീത്തായുടെ ബന്ധവും മദ്ധ്യേഷ്യയിലെ സന്ദർശനവും ഇവിടെ പ്രസക്തമാണ്. OIKOCREDIT മുതലായ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുമായും വളരെ സജീവമായ ബന്ധം വലിയ മെത്രാപ്പോലീത്താ കാത്തുസൂക്ഷിക്കുന്നു.

വലിയ മെത്രപ്പോലീത്തായും മാർത്തോമ്മാ സഭയും

മാർത്തോമ്മ സഭയുമായും അതിന്റെ പിതാക്കൻമാരുമായും പട്ടക്കാരുമായും ജനങ്ങളുമായും വളരെ ഊഷ്മളമായ ബന്ധമാണ് വലിയ മെത്രാപ്പോലീത്തായ്ക്കുള്ളത്. തലമുറകളായി തുടരുന്ന ആ ബന്ധം അഭംഗുരം നിലിനിർത്തുന്നതിൽ തിരുമേനിയുടെ പങ്ക് പ്രത്യേകം പ്രസ്താവ്യമാണ്. ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ കൈവെയ്പിലൂടെയാണ് ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അധികാരം ഏറ്റെടുത്തത്. ഈ വാത്സല്യം അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്ത എന്നും നിലനിർത്തിയിരുന്നു. തിരിച്ച് ജോസഫ് മാർ കൂറിലോസ് തിരുമേനിയുടെ സ്നേഹം ഏറ്റം ആഴം ഉള്ളതായിരുന്നു. മാർത്തോമ്മ സഭയിലെ എപ്പിസ്കോപ്പൽ സ്ഥാനാഭിഷേക ശുശ്രൂഷകളിൽ തോഴിയൂരെ മെത്രാപ്പോലീത്താമാർ എന്നും സജീവ സാന്നിദ്ധ്യമായിരുന്നു. ഈ പാരമ്പര്യം തുടരുന്നതിന് വലിയ മെത്രാപ്പോലീത്താ പ്രത്യേകം ശ്രദ്ധിക്കുന്നു. ഈ ബന്ധത്തിന്റെ നിദർശനമാണ്, സ്ഥാനാഭിഷേകത്തിനുള്ള പ്രത്യേക മദ്ബാഹയുടെ കൂദാശ തോഴിയുരെ മെത്രാപ്പോലീത്താമാർ നിർവ്വഹിച്ചുവന്നത്. 2011 ആഗസ്റ്റ് 13-നു നടന്ന സ്ഥാനാഭിഷേകത്തിനുള്ള മദ്ബാഹയുടെ കൂദാശ 12-ാം തീയതി തോഴിയൂർ സഭയുടെ വലിയ മെത്രാപ്പോലീത്തായുടെ കാർമികത്വത്തിൽ നടന്നത് ഈ ബന്ധത്തിന്റെ ആഴം വ്യക്തമാക്കുന്നു. മാരാമൺ കൺവൻഷനിൽ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോ

ലീത്താ മുടങ്ങാതെ പങ്കെടുക്കുന്നതും ഈ ബന്ധത്തിന്റെ ആവിഷ്ക്കാരമാണ്.

1989-ൽ കൊട്ടാരക്കരയിൽ നടന്ന റമ്പാൻ സ്ഥാനാഭിഷേക ശുശ്രൂഷയിൽ തിരുമേനി പങ്കെടുക്കുകയും കൊട്ടാരക്കരയുള്ള മാർത്തോമ്മ സഭാംഗങ്ങളുമായി ഊഷ്മളമായ ബന്ധം സ്ഥാപിക്കുകയും ചെയ്തു. നെല്ലിക്കുന്നം കെട്ടിടത്തിൽ ശ്രീ കെ. മത്തായിയും ശ്രീമതി ഏലിയാമ്മ മത്തായിയും (ഏലമ്മക്കൊച്ചമ്മ) ആ സമയത്തെ തിരുമേനിയുടെ താമസത്തിനും മറ്റുമുള്ള ക്രമീകരണങ്ങൾ ചെയ്തു സഹായിച്ചു. ഇത് തെക്കുള്ള മാർത്തോമ്മ സഭാംഗങ്ങളുമായുള്ള ബന്ധത്തിന് കൂടുതൽ കരുത്തു പകർന്നു. 1989-ൽ നടന്ന മാർത്തോമ്മ സഭയുടെ വാർഷിക വൈദിക കോൺഫ്രൻസിൽ തിരുമേനിയും തോഴിയൂർ സഭയിൽ നിന്ന് 3 പട്ടക്കാരും പങ്കെടുക്കുകയും അത് ഒരു അനുഗ്രഹീത കൂട്ടായ്മയുടെ ആവിഷ്ക്കാരമായി മാറുകയും ചെയ്തു.

മാർത്തോമ്മ സുവിശേഷ പ്രസംഗ സംഘത്തിനു കീഴിലുള്ള ഗുരുവായൂർ-മുക്കോല മിഷനുമായി തിരുമേനി വളരെ ഊഷ്മളമായ ബന്ധം പുലർത്തിയിരുന്നു. 1987-92 വരെ ഈ ലേഖകൻ ഗുരുവായൂർ -മുക്കോല മിഷനറിയായി പ്രവർത്തിച്ചിരുന്നപ്പോൾ ഗുരുവായൂരെ എല്ലാ പ്രവർത്തനങ്ങളിലും തിരുമേനി സജീവ സാന്നിദ്ധ്യംകൊണ്ട് അനുഗ്രഹിച്ചിരുന്നു. കുന്നംകുളത്ത് ഒരു എക്യുമെനിക്കൽ ക്ലേർജി ഫെലോഷിപ്പ് ആരംഭിക്കുന്നതിനും അതിന് നേതൃത്വം നല്കുന്നതിനും തിരുമേനി ശ്രമിച്ചു. ഗുരുവായൂർ മിഷനിൽ വെച്ച് ഇപ്രകാരം നടത്തിയ സമ്മേളനങ്ങൾക്ക് തിരുമേനി നേതൃത്വം നല്കി. തിരുവല്ല SC പള്ളിയിൽ നടന്ന മാർത്തോമ്മ വിവാഹ ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചത് സഭാബന്ധത്തിലെ ഒരു പുത്തൻ അനുഭവമായിരുന്നു. കുന്നംകുളത്തുള്ള മാർത്തോമ്മ പട്ടക്കാരുമായുള്ള തിരുമേനിയുടെ ആഴമായ ബന്ധം ഒരിക്കൽ അലക്സാണ്ടർ മാർത്തോമ്മാ തിരുമേനിയുടെ നർമ്മത്തിൽ ചാലിച്ച പ്രതികരണത്തിനും കാരണമായത് പ്രത്യേകം പ്രസ്താവ്യമാണ്. “ഞങ്ങളുടെ അച്ചനെ തിരുമേനി അങ്ങെടുത്തുവോ?”, എന്ന അലക്സാണ്ടർ തിരുമേനിയുടെ പ്രതികരണം ആഴമായ ബന്ധത്തിന്റെ പ്രതിഫലനം ആയിരുന്നു.

വലിയ മെത്രാപ്പോലീത്തായും ദൈവശാസ്ത്ര വിദ്യാഭ്യാസവും

ഏതൊരു സഭയുടെയും വളർച്ച അതിന്റെ പട്ടത്വ സമൂഹത്തിന്റേയും ആത്മായ നേതൃത്വത്തിന്റെയും കൂട്ടായ പ്രവർത്തനമാണ്. ഇവിടെയാണ് സുശിക്ഷിതമായ പട്ടത്വ സമൂഹത്തിന്റെ രൂപപ്പെടൽ ആവശ്യമായിരിക്കുന്നത്. കാലോചിതമായ ദൈവശാസ്ത്ര അഭ്യസനത്തിനായി യുവാക്കളെ വൈദിക സെമിനാരികളിൽ അയയ്ക്കുന്നതിന് തിരുമേനി പ്രത്യേകം ശ്രദ്ധിക്കുന്നു. Leonard Theological Seminary, Jabalpur, M. P., Malankara Syrian Orthodox Seminary, Udayagiri, Mar Thoma Episcopal Jubilee Institute of Evangelism, Tiruvalla എന്നിവിടങ്ങളിൽ B.D., B.Th. പഠനത്തിനായി ശെമ്മാശൻമാരെ അയയ്ക്കുന്നതിൽ തിരുമേനി കാണിക്കുന്ന ശ്രദ്ധ സഭയുടെ വളർച്ചയ്ക്കും ദൈവശാസ്ത്ര ഉൾക്കാഴ്ചകളുടെ വ്യാപനത്തിനും ആക്കം കൂട്ടുന്നു. കൂടാതെ എക്യുമെനിക്കൽ ബന്ധങ്ങളെ ഊട്ടിഉറപ്പിക്കുന്നതിനു പര്യാപ്തവുമാണ്. അതോടൊപ്പം തന്നെ സമകാലീന ദൈവശാസ്ത്ര ചിന്തകളെ സഭാംഗങ്ങൾക്കു പരിചയപ്പെടുത്തുന്നതിനും മറ്റു സഭകൾക്ക് മലങ്കരയുടെ പാരമ്പര്യം പരിചയപ്പെടുത്തുന്നതിനും അതിലൂടെ പൗരസ്ത്യ ദർശനങ്ങളുടെ ഉൾക്കാഴ്ച കണ്ടെത്തുന്നതിനും സാദ്ധ്യമാകുന്നു. സഭയുടെ സ്വത്വവും ആചാരരീതികളും, വിശ്വാസ പ്രഖ്യാപനങ്ങളും ദൈവശാസ്ത്ര കാഴ്ചപ്പാടുകളും സഭാംഗങ്ങളുടെ ഇടയിൽ അർത്ഥവത്തായി സംവേദനം ചെയ്യുന്നതിന് “കുഞ്ഞാടുകളുടെ വെളിച്ചം” എന്ന പ്രസിദ്ധീകരണം ശ്രദ്ധേയമായ പങ്കുവഹിക്കുന്നു. മറ്റ് സഭാംഗങ്ങളായ പ്രഗത്ഭരുടെ ലേഖനങ്ങൾ ഉൾപ്പെടുത്തുന്നതിലൂടെ സഭാപ്രസിദ്ധീകരണത്തിലൂടെ ബഹുസ്വരതയുടെയും എക്യുമെനിക്കൽ ദർശനങ്ങളുടെയും ഊന്നലുകൾ സ്വന്തം വിശ്വാസ സമൂഹത്തിലേക്ക് സംവേദനം ചെയ്യുന്നതിന് തിരുമേനി ശ്രദ്ധിച്ചു.

വലിയ മെത്രാപ്പോലീത്തായും പ്രവാസി സമൂഹവും

തോഴിയൂർ സഭയുടെ വിശ്വാസ സമൂഹം, ബിസിനസിനും ജോലിക്കുമായി മറ്റുസ്ഥലങ്ങളിലേക്കു പോയപ്പോൾ അവരുടെ അജപരിപാലനത്തിന് തിരുമേനി പ്രത്യേകം പരിഗണനനല്കി. കൊയമ്പത്തൂരും, എറണാകുളത്തും ഒക്കെ ക്രമീകൃതമായി ഇടവകകൾ രൂപീകരിക്കുന്നതിൽ തിരുമേനി പ്രത്യേകം ശ്രദ്ധിച്ചു. പ്രവാസി സമൂഹങ്ങളെ സന്ദർശിക്കുന്നതിനും സഭാബന്ധത്തിൽ അവരെ നിലനിർത്തുന്നതിനും തിരുമേനി കാണിക്കുന്ന ഉത്സാഹം പ്രത്യേകം പ്രസ്താവ്യമാണ്. ഗൾഫ് നാടുകളും, അമേരിക്കയും, യൂറോപ്പും സന്ദർശിക്കുന്നതിനും ഇതരസഭകളുമായും പ്രവാസികളുമായും അടുത്തിടപഴകുന്നതിനും തിരുമേനി പ്രത്യേകം താല്പര്യം കാണിക്കുന്നു. ഇത് തോഴിയൂർ സഭയെ ക്രൈസ്തവ പാരമ്പര്യത്തിന്റെ വിശാലമായ ഒരു ലോകത്തിലേക്കു കൈപിടിച്ചുയർത്തുന്നതിന് പര്യാപ്തമായിരുന്നു.

കൺവൻഷൻ

തോഴിയൂർ സഭയുടെ പ്രേഷിത യത്നത്തിന്റെ പ്രകാശനമായും, സഭാജനങ്ങളെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ ഉറപ്പിക്കുന്നതിനുമായി സുവിശേഷ യോഗങ്ങൾ ക്രമീകരിക്കുന്നതിന് തിരുമേനി നേതൃത്വം നല്കി. പ്രഗത്ഭരായ സുവിശേഷ പ്രസംഗകരെ കൊണ്ടുവന്ന് വചനത്തെ വ്യാഖ്യാനിക്കുവാനും വചനവ്യാഖ്യാനത്തെ കൂദാശകളുടെ, പെരുനാളുകളുടെ അനുഷ്ഠാനവുമായി ബന്ധിപ്പിക്കുവാനും, അവയെ പരസ്പരപൂര

കങ്ങളായി സഭാഗാത്രത്തിൽ ഉൾച്ചേർക്കുന്നതിനും ഉള്ള തിരുമേനിയുടെ യത്നങ്ങൾ ശ്ലാഘനീയമാണ്.

സഭാചരിത്രരചന

ചരിത്ര രചനയിൽ പലപ്പോഴും മേധാവിത്വ യുക്തിയുടെയും, ശക്തിയുടെയും സ്വാധീനം പ്രകടമാണ്. അവിടെ ചെറിയ ചെറിയ ധാരകൾ തമസ്ക്കരിക്കപ്പെടുകയോ, അവഗണിക്കപ്പെടുകയോ ചെയ്യാം. ഈ അപചയം സഭാചരിത്രരചനയിലും പ്രകടമാണ്. അതുകൊണ്ടുതന്നെ ഈ സമൂഹങ്ങളുടെ സംഭാവനയും, സാംഗത്യവും പലപ്പോഴും അംഗീകരിക്കപ്പെടാതെയും പ്രകടമാകാതെയും പോകുന്നു. മലങ്കരയിലെ സഭാചരിത്ര രചനയിലും ഇത് ഒരളവിൽ സത്യമാണ്. ഈ ദർശനമാണ് തോഴിയൂർ സഭയുടെ ആധികാരിക ചരിത്രം, മലങ്കര സഭയുടെ ആകമാനചരിത്രത്തിന്റെയും, പൗരാണികതയുടേയും, പാരമ്പര്യങ്ങളുടെയും പശ്ചാത്തലത്തിൽ എഴുതപ്പെടേണ്ടതിന്റെ ആവശ്യകത തിരുമേനിക്ക് ബോധ്യമാക്കിയത്. ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭയിലെ വൈദികനായിരുന്ന Dr. Fenwick-ന്റെ അഗാധമായ പാണ്ഡിത്യവും, ഗവേഷണത്വരയും തോഴിയൂർ സഭയുടെ ചരിത്രരചനയ്ക്ക് മുതൽക്കൂട്ടായി. ആധികാരികമായി, ചരിത്രരേഖകളുടെ പഠനത്തിലൂടെയും വിശകലനത്തിലൂടെയും ഒരു ആധികാരിക ചരിത്രരേഖയായി, ഒരു ബൃഹത് ചരിത്രഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് Dr. Fenwick-ന് സാധിച്ചു. അതിൽ മലങ്കരയിലെ സഭയുടെ ചരിത്രം, ആരാധനക്രമം, കൂദാശാനുഷ്ഠാനം, അപ്പോസ്തലിക പിന്തുടർച്ച എങ്ങനെ പരിരക്ഷിക്കപ്പെട്ടു എന്നിത്യാദി വിഷയങ്ങൾ ആധികാരികമായി വിവരിക്കുന്നു. അത് തിരുമേനിയുടെ വലിയ പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയും തെളിവാണ്. ഈ ഗ്രന്ഥം തോഴിയൂർ സഭയുടെ ചരിത്രം മാത്രമല്ല. കേരള ക്രൈസ്തവ പാരമ്പര്യത്തിന്റെ ചില തനിമകൾ വെളിവാക്കുന്ന മലങ്കരയുടെ ചരിത്രമാണ്.

തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്ത ആയ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനിയുടെ സവിശേഷമായ ചില കർമ്മമേഖലകളാണ് മുകളിൽ ചുരുക്കമായി രേഖപ്പെടുത്തിയിരിക്കുന്നത്. തിരുമേനിയുമായി ഈ ലേഖകനുള്ള കഴിഞ്ഞ 25 വർഷത്തെ ബന്ധം വളരെ ആഴമായ ഒരു അനുഭവമാണ്. ഒരു പിതാവിന്റെ, സഹോദരന്റെ പരിലാളനകൾ തിരുമേനി നല്കി. ലേഖകന്റെ ഭവനത്തിൽവെച്ചു നടന്ന ഒരു പ്രാർത്ഥനായോഗത്തിൽ വന്നു പങ്കെടുക്കുകയും തിരുവചനം വിഭാഗിക്കുകയും ചെയ്തത് ഈ ബന്ധത്തിന്റെ നിദർശനമാണ്. തദവസരത്തിൽ കിടങ്ങന്നൂർ സെന്തോം മാർത്തോമ്മ പള്ളിയുടെ പള്ളിമുറിയിൽ താമസിച്ച് ഇടവകാംഗങ്ങളുമായി ഇടപഴകിയത് നന്ദിയോടെ ഓർക്കുന്നു. ലേഖകന്റെ പിതാവും മാതാവും സഹോദരങ്ങളും ഒക്കെയായി നല്ല സ്നേഹബന്ധം നിലനിർത്തുന്നതിന് തിരുമേനി പ്രത്യേകം ശ്രദ്ധിച്ചു. മേല്പ്പട്ടത്വ സ്ഥാനത്തേക്ക് പ്രവേശിച്ചതിന്റെ 25-ാം വാർഷികം ആഘോഷിക്കുമ്പോൾ തിരുമേനിക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. എക്യുമെനിക്കൽ രംഗത്തും സഭയുടെ ആകമാനവളർച്ചക്കും നേതൃത്വം നല്കുവാൻ ദൈവം തിരുമേനിയെ തുടർന്നും സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

MAY HEAVENLY LORD BLESS OUR BELOVED KOORILOSE THIRUMENI WITH HIS CHOICEST GRACES.

from Rev. Dr. V.S. Varghese Achan And Fmily

Thirumeni Appachan – the pursuit of Godliness

Mathews Varghese Jr., USA

> ‘True godliness does not turn men out of the world, but enables them to live better in it and excites their endeavors to mend it.’
>
> *William Penn*

It is the finest of lines that balances asceticism, service and religious orthodoxy – a balance that brings new meaning to the words by William Penn. This is pivotal especially for Christians, as even the smallest of shifts in this balance could lead to a loss of focus on the message and the love of Jesus – the heart of the Gospel we have been called to proclaim. This has been one of the reasons, why at the turn of the past century, the apostolic churches of Kerala in particular, have been ravaged by discord and strife. It is in the midst of this turmoil and darkness that Thirumeni Appachan stands out to me as a beacon of hope.

I first heard of Thirumeni Appachan through my Pappa – Bro. Dr. Mathews Vergis, who spoke to me warmly of a Thirumeni who had written to him asking of the Vishudha Satya Vedaspustakam. I was quite taken aback, as this revolutionary translation of the Malayalam bible in almost 100 years, had received almost no acknowledgement at all from our own parent church. The few clergy that did look approvingly upon it dared not to come out into the open with it. Pappa soon met Appachan, and a loving bond was formed between them. My meetings with Appachan in and around that time were brief, but I was humbled by the love and respect that the supreme head of a church was showing to Pappa and Upadeshi Appachan. This broadness of mind and heart was something totally uncharacteristic of the Orthodoxy that I was associated with nearly all my life. The years rolled by, and I was becoming increasingly disillusioned with the Orthodox worship and traditions. It was getting harder to ignore the growing distance between the gospel being preached and the gospel being practiced. The decision taken by the churches were more political, than anything else and from where I could see, neither did the love and tolerance of Jesus, nor did the Holy Spirit have any mention in any of the proceedings. As much as it broke my heart to admit, the Orthodox worship, I had been brought to revere and adore, was becoming increasingly routine and I was becoming disconnected from it.

It was around this time that Thirumeni Appachan came to the US in September 2008 to consecrate the Inter Denominational Christ Church in Tappan. At a time when bishops were hesitant to come forward to consecrate an ecumenical church, Appachan embraced the vision fully and came whole heartedly forward, at the behest of my

Pappa. It was this journey and the time spent with Appachan that forged a new bond of love between us – one that has impacted my personal life most greatly while also reinstating my faith in the Orthodox way of life. It was then that despite all my weaknesses and unworthiness, God delighted to have me ordained as an altar boy to enter the most Holy Madhbaha, by the hands of Thirumeni Appachan. My experiences in the Madhbaha during those two days while assisting Appachan totally transformed anything I had thought I knew about Orthodoxy completely. The grace and the glory of God so completely filled the Most Holy Place that we could not even see properly. Until then I had never seen anyone literally fall across the Thronos, and cry out to God with tears asking for His blessing. The reverence, humility and awe with which Appachan, prayed and performed, each part of the ceremony instilled a sense of holiness in each of the altar boys who were present. And God did answer His servant mightily that day. Every single person who attended did experience the presence of God in the most powerful way. My tears wouldn't stop flowing as I was overwhelmed by the Holy presence of God where I was standing….. my reverence for Orthodoxy had been restored!



I was blessed with the greatest of privileges during this time, to have a glimpse into the life of Thirumeni Appachan. While the words I pen here may not do adequate justice, the traits of godliness I have seen in him have moved me deeply.

My Thirumeni Appachan's life is exemplified, by the simplicity with which he lives it. He is simple man of simple words and simple needs, who desires to simply touch and change the lives of the people he meets with the love of Jesus. He obeys and adheres to God's calling in his life, trusting Jesus with an invincible innocence. This is visible to those who know him closely, through his diligence in not only observing all his prayers and prayer times without fail, but also insisting and encouraging family prayers at the houses he resides at, ensuring that everyone is present. When I first met him in the US, I was shocked at how worn some of his clothes were. But Appachan's hearty smile never let you ever imagine that he was ever unhappy with it – in fact his words to me about his clothes were, "Son, this is all I really need."

Appachan's vision of ecumenism, and his view of the churches role and duty to meet the needs of the people is uncommon among his peers. My Appachan's love and desire to help people, is seen in the tremendous efforts he puts in keeping in touch with all the people he meets - praying for them and encouraging them always. At the most trying time in my life, where everything looked bleak in front of me, hurt and let down by some of the people that were closest to me, I found in Appachan, a shoulder to lean and cry on and more importantly a voice reminding to bank on the faithfulness of the Almighty God. Through those tears, Appachan never ever let me even for once, dwell on my inadequacies or failures but instead was one of the few people who held my hands and pointed towards a hope that could only come from God. At a time when I needed to see and feel God's love, Appachan was one of the people God sent me. After being part of the Holy Qurbana celebrated by Thirumeni Appachan, not only has my outlook changed, but the stark differences in some of the others I have attended have become all too visible.

Pursuing godliness as a way of life, where God has called each of us uniquely, continues to be a challenge that deters most Christians. I am truly blessed for the perspective and wisdom that my Thirumeni Appachan illustrates with his way of life. I join hands with my brothers and sisters, across the world, praising and thanking God for Thirumeni Appachan, for the many ways our lives have been touched by Appachan's kindness and love. I praise God for blessing Thirumeni Appachan's ecclesiastical ministry for the past 25 years, and also pray that God strengthens his hands and continues to bless and use him to reach many more like me, in the years ahead!

സഭയിലെ വിവിധ ഇടവകകളിലെ കൈക്കാരന്മാരെ ആദരിച്ചപ്പോൾ 2011 February 6

Thozhiyoor Edavaka


Kunnamkulam Edavaka

Porkulam Edavaka

Chalissery Edavaka

Pazhanji Edavaka

Kallumpuram Edavaka

Perumannur Edavaka

Korattikara Edavaka

സഭയിലെ വിവിധ ഇടവകകളിലെ കൈക്കാരന്മാരെ ആദരിച്ചപ്പോൾ

Karikkad Edavaka

Chennai Edavaka

Ernakulam Edavaka

Peringode Edavaka

അകാലത്തിൽ പൊലിഞ്ഞുപോയ ഞങ്ങളുടെ സർവ്വശ്രീ പഴഞ്ഞി പഴുന്നാൻ എഡിസണും, കൊരട്ടിക്കര മേക്കാട്ടുകുളം തമ്പിയേട്ടനും പ്രർത്ഥനപൂർവ്വമായ ആദരാഞ്ജലികൾ.......

സഭയിലെ മദ്ബഹാശുശ്രൂഷകരെ ആദരിച്ചപ്പോൾ -2011 April 3

Thozhiyoor & Kunnamkulam Edavakas

Chalissery & Pazhanji Edavakas

Kallumpuram, Porkulam & Perumannur Edavakas

Ernakulm, Karikkad, Korattikkara & Peringode Edavakas

Rashtrapathy award & State Award , SSLC, +2 & Entrance Award winners 2011 March 6 and July 3.

സിൽവർ ജൂബിലിക്ക്

പൊന്നിൻ ലിപികളാൽ ആശംസകൾ

ഫാദർ പി. ബാബു വർഗ്ഗീസ്, പഴഞ്ഞി

മലബാർ സ്വതന്ത്ര സുറിയാനി സഭയിലെ അഭിവന്ദ്യരായ അഞ്ചു തിരുമേനിമാരുടെ കീഴിൽ വൈദികനായിരിപ്പാൻ ദൈവം എന്നെ അനുഗ്രഹിച്ചതുപോലെ തനിക്കു മുമ്പുള്ള നാലുതിരുമേനിമാരുടെ ഭരണകാലഘട്ടത്തേക്കാൾ കൂടുതൽ കാലം സഭയിൽ മേല്പട്ടക്കാരനായിരിക്കുവാൻ അപൂർവ്വ ഭാഗ്യം ലഭിച്ച അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലിത്തായെ ഞങ്ങൾക്ക് നൽകിയ ദൈവീക കൃപകളെ ഓർത്ത് സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു. ശരീരപ്രകൃതിയിൽ തന്റെ മുൻഗാമികളേക്കാളൊക്കെ ഉയരക്കൂടുതൽ ആകർഷകമാകുന്നതുപോലെ പ്രവർത്തരംഗങ്ങളിൽ കാഴ്ചവെച്ച മികവും ഔന്നത്യമുള്ളതുതന്നെയെന്നു പറഞ്ഞാൽ അതിശയോക്തി അല്പം പോലും ഉണ്ടെന്നു തോന്നുന്നില്ല. മേല്പട്ടക്കാരനായിരിക്കെ സിൽവർ ജൂബിലി ആഘോഷിക്കാൻ ഇടയാകുന്നതു തന്നെ ദൈവം തിരുമേനിക്കു നൽകിയ വരദാനത്തിനൊരു പ്രകടമായ തെളിവായി ഞാൻ കാണുന്നു. ആദരിക്കേണ്ടവരെ ആദരിക്കുവാനും, തനിക്കറിവുള്ളത് പരിമിതമാണെന്ന് ചിന്തിച്ച് തന്നേക്കാൾ അറിവും, പ്രായവും ഉള്ളവരിൽ നിന്ന് അഭിപ്രായം സ്വീകരിച്ചുകൊണ്ട് മേല്പട്ടത്ത്വപദവിയിലെക്കുയർത്തപ്പെട്ട് സഭയുടെ ഭരണസാരഥ്യം ഏറ്റെടുത്തനാൾ മുതൽ ദൈവാശ്രയത്തോടെ മുന്നേറിയതിന്റെ ഫലം സഭയുടെ പ്രശസ്തിക്കും അതിന്റെ ദേശീയവും അന്തർദേശിയവുമായ അംഗീകാരത്തിനും കാരണമായി. മരണംവരേയും സാമാന്യം നല്ലൊരു തുക പെൻഷൻ ലഭിക്കാവുന്ന അദ്ധ്യാപകജോലി ദൈവരാജ്യമഹത്വപ്രവർത്തനങ്ങൾക്കുവേണ്ടി 'കലപ്പക്കു കൈ വെയ്ക്കുന്നവൻ പിറകിലേക്കു നോക്കരുതെ'ന്ന ക്രിസ്തുവചനത്തെ പ്രതി രാജിവെച്ച് മാതൃകാപരമായ ഒരു ദൗത്യത്തിനു തുടക്കം കുറിക്കാൻ സർവ്വേശ്വരൻ തിരുമേനിയെ ശക്തിപ്പെടുത്തി. അശാന്തി നിറഞ്ഞു നിന്നിരുന്ന ഒരവസ്ഥയിൽ നിന്ന് ശാന്തിയുടെ സുന്ദരതീരത്തേക്ക് സഭയെ അതിന്റെ തനിമ നിലനിർത്തികൊണ്ട് വഴിനടത്തി 1986 ആഗസ്റ്റ് 27ന് തൊഴിയൂർ സഭയുടെ മേലധ്യക്ഷനായി അവരോധിക്കപ്പെട്ട് ആദ്യം ചെയ്തത് എല്ലാ വൈദീകരേയും ശെമ്മാശന്മാരേയും 1986 സെപ്തംബർ 11ന് വിളിച്ചുകൂട്ടി ഒരു വൈദിക സംഘം (Clergy Conference) രൂപികരിക്കുകയായിരുന്നു. അദ്ദേഹം അദ്ധ്യക്ഷത വഹിച്ച സുപ്രധാനമായ യോഗത്തിൽ മൂന്നു തീരുമാനങ്ങളായിരുന്നു. ഒന്ന് എല്ലാ രണ്ടാമത്തെ വ്യാഴാഴ്ചയും സന്ധ്യാപ്രാർത്ഥനയോടെ ആരംഭിക്കുന്ന Clergy Conference ൽ ശെമ്മാശന്മാരടക്കമുള്ള എല്ലാവൈദീകരും സംബന്ധിക്കണം. രണ്ട്, പ്രസ്തുത സംഘത്തിന്റെ സെക്രട്ടറിയായി സീനിയർ പട്ടക്കാരിൽ ഒരാളായ ദിവ്യ. ശ്രീ ഇട്ടൂപ്പ് മണ്ടുമ്പാൽ കശ്ശീശയെ തിരഞ്ഞെടുത്തു. മൂന്ന്. തിരുമേനിക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുവാൻ സീനിയർ പട്ടക്കാരായ മൂന്നുപേരെ (ദിവ്യ. ശ്രീ. കെ.സി. വർഗ്ഗീസ് കശ്ശീശ, ദിവ്യ. ശ്രീ. വി.വി.ജോസഫ് വടക്കൻ കശ്ശീശ, ദിവ്യ. ശ്രീ. ഇട്ടൂപ്പ് മണ്ടുമ്പാൽ കശ്ശീശ)യെ നാമനിർദ്ദേശം ചെയ്തു. അതിനുശേഷം ആ മാസത്തിൽതന്നെ അദ്ദേഹം അദ്ധ്യക്ഷത വഹിച്ച എല്ലാ വൈദീകരും ഉൾപ്പെട്ട ആദ്യസഭാകൗൺസിൽ യോഗത്തിൽ 'സഭാകൗൺസിൽ അംഗങ്ങളായിരുന്ന നിങ്ങളിൽ പലരേക്കാൾ ഞാൻ പ്രായത്തിൽ കുറഞ്ഞവനും, സഭാഭരണകാര്യങ്ങളിൽ ബാലനുമാണ്. അതുകൊണ്ട് എനിക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുവാൻ സീനിയർ പട്ടക്കാരായ മൂന്നുപേരെ ഔദ്യോഗിക ഉപദേശസംഘമായി (Advisory Board) അംഗീകരിച്ചു തരണം' ഒരു നിമിഷം സ്തബ്ദമായ കൗൺസിൽ യോഗം അഭിവന്ദ്യ തിരുമേനി വൈദികസംഘമീറ്റിങ്ങിൽ നേരത്തെ തിരഞ്ഞെടുത്തിരുന്ന മൂന്നു സീനിയർ വൈദികരെ അഭിവന്ദ്യ തിരുമേനിയുടെ ഉപദേശകസംഘമായി ഔദ്യോഗികമായി അംഗീകരിച്ചു. എല്ലാമാസത്തിലും രാത്രി രാവേറെ വരേയും നീളുന്ന യോഗം സമൃദ്ധമായ ഡിന്നറോടെ അവസാനിച്ചാൽ (ഓരോ മാസവും ഞങ്ങൾ ഓരോരുത്തരും നിർദ്ദേശിക്കുന്ന വിഭവസമൃദ്ധമായ ഡിന്നറിന്റെ അമിതചിലവ് സഭാഫണ്ടിൽനിന്നും ചിലവഴിക്കാതെ തിരുമേനിയുടെ പോക്കറ്റ് മണിയിൽ നിന്നും എടുത്തിരുന്നത് പറയാതെ വയ്യ.) തിരുമേനിയുടെ

കാറിൽതന്നെ ഞങ്ങളെ വീടുകളിലേക്ക് കൊണ്ടുവന്നാക്കും, ഓരോ മാസവും ഓരോ പുതുപുത്തൻ തീരുമാനങ്ങൾ ഉണ്ടാകും, കല്പനയും ഇറങ്ങും. തിരുമേനിയും ഞങ്ങളും ആശയവിനിമയം നടത്തുകയും പരസ്പരം തെറ്റുകളെ ചൂണ്ടികാണിക്കുകയും, തിരുത്താനുള്ളവയെ തിരുത്തുകയും ആവർത്തിക്കാൻ പാടില്ലാത്തവയെ തക്കരീതിയിൽ നിറുത്തിയും, ധ്യാനപ്രസംഗങ്ങൾ ഓരോ വൈദികനും തിരുമേനിയും മാറിമാറി നടത്തുകയും ചെയ്ത്, പുതുപുത്തൻ ഭരണസംവിധാനങ്ങളിൽ മുന്നേറിയപ്പോൾ ഞങ്ങൾക്ക് ഒരു പുത്തൻ അനുഭൂതിയായിരുന്നു. ഭദ്രാസനപള്ളിയുടെ അതിസാഹസികമായ പുനർനിർമ്മാണം, എറണാകുളത്ത് സഭക്കു സ്ഥലം വാങ്ങൽ, അവിടത്തെ പള്ളിപ്പണി, മദ്രാസിലെ പള്ളിയോടു ചേർന്നുള്ള സ്ഥലം വാങ്ങൽ, കോയമ്പത്തൂർ പട്ടണത്തിൽ താല്കാലിക ഇടവക രൂപീകരണം, ദേവാലയങ്ങളില്ലാത്ത പെരിങ്ങോട് ഗ്രാമത്തിൽ ദേവാലയത്തിന് സ്ഥലം വാങ്ങൽ, താല്കാലിക ഷെഡിൽ വിശുദ്ധകുർബാന ആരംഭം ഇംഗ്ലണ്ടിൽ MISC Support Group രൂപീകരണം, English ഭാഷയിൽ സഭാചരിത്രം പ്രസിദ്ധീകരിക്കൽ, NCCI, Oikocredit, CCA എന്നീ എക്യുമെനിക്കൽ സംഘങ്ങളിൽ അംഗത്വം പ്രാപിക്കൽ, വിദേശിയരും നോർത്ത് ഇന്ത്യക്കാരുമായവരെ സ്വീകരിക്കൽ ഇവയ്ക്കൊക്കെവേണ്ടുന്ന കാര്യങ്ങൾ Clergy Conference ൽ ആലോചിക്കുകയും ആവശ്യങ്ങളെയോർത്ത് പ്രാർത്ഥിക്കുകയും പതിവായിരുന്നു. വിദേശത്ത് പോയ ആദ്യതിരുമേനിയും, ഇംഗ്ലീഷു ഭാഷയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ച ആദ്യതിരുമേനിയും, ഞങ്ങളിൽ മൂന്നു വൈദീകർക്ക് വിദേശരാജ്യങ്ങൾ സന്ദർശിക്കാൻ വഴിയൊരുക്കിയതും ഈ വലിയ തിരുമേനിയാണ്. ഓരോ വിദേശയാത്രയും കഴിഞ്ഞെത്തുന്ന തിരുമേനിയെ സ്വീകരിക്കുന്നത് ഞങ്ങൾക്ക് ഒരു പ്രത്യേക സന്തോഷമാണ്. അദ്ദേഹത്തിന് ലഭിക്കുന്ന കൈമുത്ത് വഹയിൽ നിന്ന് ഞങ്ങൾക്കും, ചില സന്ദർഭങ്ങളിൽ ഞങ്ങളുടെ വീട്ടുകാർക്കും കൈനിറയെ സമ്മാനങ്ങൾ ലഭിക്കുമായിരുന്നു.

നാമമാത്രമായിരുന്ന ശമ്പളം വാങ്ങിയിരുന്ന ഞങ്ങൾക്ക് പുരാതനകാലം മുതൽക്ക് ലഭിച്ചിരുന്ന സാമ്പത്തികമായുണ്ടായിരുന്ന മാമൂലുകൾ നിർത്തി മാന്യമായ ശമ്പളപരിഷ്കരണവും, ലീവ് സറണ്ടർ ശമ്പളവും ലഭിപ്പാൻ ഇടയാക്കി, ഞങ്ങൾ വൈദീകരെ ഒരുപടികൂടി മാന്യതയിലേക്കുയർത്തിയത് സഭ നിലനിൽക്കുന്നകാലം വരെ ഓർമ്മിക്കും. ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ ഔദ്യോഗികമായ സഭാത്യക്കൈപ്പറ്റിനേക്കാളും കൂടുതലായിരുന്നു ഞങ്ങളുടെ ശമ്പളം എന്നതിൽ (ഞങ്ങൾ അദ്ദേഹത്തിന് ലഭിക്കുന്നതു നോക്കാതെ വന്ന അശ്രദ്ധ, തൻകാര്യം മറക്കുന്ന തിരുമേനിയുടെ ശുഷ്കാന്തി ഇവയായിരുന്നു കാരണം) ഞങ്ങൾക്ക് അല്പം ലജ്ജയും ഇല്ലാതില്ല. സഭയുടെ പ്രധാനസാമ്പത്തിക ഭദ്രത തകർക്കുവാനെത്തിയ തെങ്ങുകൾക്കേറ്റ രോഗബാധ സഭാപ്രവർത്തനങ്ങളേയും ബാധിച്ചു. കുന്നംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്തുള്ള സെന്റ് തോമസ് താഴ്വരയിൽ നൂറ്റിഇരുപത്തഞ്ചോളം മുറികളുള്ള വലിയൊരു ഷോപ്പിങ് സെന്റർ 'തൊഴിയൂർ സഭാ സെന്റർ' എന്നപേരിൽ സഭാകൗൺസിലിന്റെ ഏകകണ്ഠമായ തീരുമാനത്താൽ പലിശരഹിതബോണ്ട് ആളുകളിൽ നിന്ന് സമാഹരിച്ച് 2000 ഫെബ്രുവരി 27ന് പണിയാരംഭിച്ചത് അതിനൊരു പ്രതിവിധിയുമായി തീർന്നത് അഭിവന്ദ്യ ജോസഫ് മാർ കുറിലോസ് വലിയ തിരുമേനിയുടെ മാസങ്ങളോളമുള്ള അക്ഷീണപരിശ്രമം തന്നെയെന്ന് അദ്ദേഹത്തെ അടുത്തറിയാവുന്ന ഞങ്ങൾക്കറിയാം. ഇന്നത്തെ നിലവാരം വെച്ചു നോക്കിയാൽ ആ പദ്ധതിയുടെ പൂർത്തീകരണത്തോടെ പ്രതിവർഷം ഈ സഭയ്ക്ക് നാല്പതു ലക്ഷം രൂപയുടെ വരുമാനമുണ്ടാകും. ആ പദ്ധതിയുടെ നാലിലൊന്ന് പണിപൂർത്തീകരിച്ചുകഴിഞ്ഞു.

സഭയെക്കുറിച്ചുള്ള ദീർഘവീക്ഷണം, ഭവിഷ്യത്തുകളെ തരണം ചെയ്യാനുള്ള പ്രാർത്ഥനയിലും ദൈവവചനത്തിലും അധിഷ്ഠിതമായ ധൈര്യം, 'ശക്തനാക്കുന്ന ക്രിസ്തു മുഖാന്തിരം സകലതും ചെയ്യുവാൻ കഴിയും' എന്ന ശക്തിയേറിയ പ്രത്യാശ, ഈദൃശ അനുഭവങ്ങൾ മേല്പട്ടത്വത്തിന്റെ സിൽവർജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ തിരുമേനിയെ, എന്റെ സേവനകാലത്തുള്ള മറ്റു നാലു അഭിവന്ദ്യ തിരുമേനിമാരിൽ നിന്നും വ്യത്യസ്തനാക്കുന്നു. സ്വദേശത്തും വിദേശത്തും ഇതര ക്രൈസ്തവസഭാ വിഭാഗങ്ങളുടെ കൂട്ടത്തിൽ തൊഴിയൂർ സഭയുടെ മഹത്തായ പാരമ്പര്യം ഒരിക്കലും മറയ്ക്കപ്പെടാൻ കഴിയാത്തവിധത്തിൽ ചരിത്രത്തിൽ എക്കാലവും ശോഭയോടെ നിലനിൽക്കാൻ അക്ഷീണപരിശ്രമം നടത്താൻ ശക്തി നൽകിയ ദൈവം തമ്പുരാൻ തുടർന്നും സമാധാനസൗഖ്യ അനുഭവങ്ങളിലൂടെ ഈ സഭയ്ക്കും, ലോകമെമ്പാടുമുള്ള വിശ്വാസികളായ അനേകർക്കും വേണ്ടി ജീവിപ്പാൻ ഞങ്ങളുടെ പ്രിയങ്കരനായ അഭിവന്ദ്യ വലിയ തിരുമേനിക്ക് കൃപകളെ ചൊരിയട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. സഭയുടെ സ്ഥാപക പിതാക്കന്മാരുടെ സുവർണ്ണ ചിത്രങ്ങളോടെ 1989 ൽ പുറത്തിറക്കിയ തൊഴിയൂർ സഭയുടെ പ്രഥമ സോവനീറിന്റെ ശില്പിയായ അങ്ങേക്ക് നമ്മുടെ സഭയുടെ മെത്രാച്ചന്മാരുടെ മേല്പട്ടത്വ ജൂബിലിസോവനീറുകളിൽ പ്രഥമ മനോഹര സോവനീർ സുഹൃത്തുക്കൾ പ്രസിദ്ധീകരിക്കുന്നതിൽ കുറച്ചെന്തെങ്കിലും എഴുതുവാൻ ആ ഭാഗ്യം ലഭിച്ച ഈ സുവർണ്ണാവസരത്തിന് ദൈവം തമ്പുരാനോട് നന്ദികരേറ്റുന്നു. മേല്പട്ടത്വ സിൽവർ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യനായ ഞങ്ങളുടെ വലിയമെത്രാപ്പോലിത്തായ്ക്ക് പൊന്നിൻ ലിപികളാൽ പ്രാർത്ഥനാപൂർണ്ണമായ ആശംസകൾ.

Foundation Stone For "Thoziyoor Sabha Centre" on 27th February 2000



ഭദ്രാസനദേവാലയം പുതുക്കി പണിയുന്നതിൽ ഭാഗഭാക്കായ ഭാഗ്യവാൻ

സി.പി. പോൾ, കല്ലുംപുറം

ഭദ്രാസനദേവാലയം പുതുക്കി പണിയണമെന്ന മോഹം ദീർഘനാളായി സഭാ സേന്ഹികളിൽ ഉണ്ടായിരുന്നു. പക്ഷെ ഭാരിച്ച സാമ്പത്തിക ബാദ്ധ്യത ഓർത്ത് ആരും മുന്നിട്ടിറങ്ങിയിരുന്നില്ല. ഈ ഘട്ടത്തിലാണ് 1986 ൽ ആലത്തൂർ പനയ്ക്കൽ ജോസഫ് മാർ കൂറീലോസ് 32 വയസ്സ് പൂർത്തിയാകുന്നതിന് മുൻപ് സഭയുടെ 13-ാംമത്തെ മെത്രാപ്പോലീത്തയായി സ്ഥാനം ഏല്ക്കുന്നത്. വൈദികനായിരുന്ന കാലത്ത് അദ്ദേഹം നടത്തിയ യൂത്ത്ലീഗ് സംഘാടനം, അതിന്റെ ആഭിമുഖ്യത്തിൽ തുടങ്ങിയ മാസിക പ്രസിദ്ധീകരണം, മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിൽ അദ്ദേഹത്തോടൊപ്പം സജീവ പങ്കാളികളായിരുന്ന ഞാനടക്കം ഒരു കൂട്ടം ചെറുപ്പക്കാർ 1987 ൽ സഭാ കൌൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഈ കൌൺസിൽ ഭദ്രാസനദേവാലയം പുതുക്കിപ്പണിയെണമെന്ന അഭിവന്ദ്യ തിരുമേനിയുടെ നിർദ്ദേശത്തോട് പൂർണ്ണമായും യോജിച്ചു കൌൺസിൽ കാലാവധി അവസാനിക്കുന്ന 1990 ഡിസംബറിന് മുമ്പായി പണിപൂർത്തിയാക്കണമെന്ന മോഹം തിരുമേനിക്കും കൌൺസിൽ അംഗങ്ങൾക്കും ഉണ്ടായിരുന്നു.

വൈകാതെ നിർമ്മാണ ചുമതലകൾക്കായി തിരുമേനി പ്രസിഡണ്ടും വൈദിക ട്രസ്റ്റി ബഹു: വടക്കനെച്ചൻ വൈസ് പ്രസിഡണ്ടും അൽമായ ട്രസ്റ്റി ശ്രീ പി. ഐ. തമ്പി ട്രഷറ്റും സഭാ സെക്രട്ടറി ബഹു. കെ.സി. സണ്ണി അച്ചൻ സെക്രട്ടറിയുമായി വിവിധ ഇടവകകളിൽ നിന്ന് 20 പേരുമടങ്ങുന്ന ഒരു ജനറൽ കമ്മറ്റി രൂപികരിച്ചു. ഇതിനു പുറമെ ഔദ്യോഗിക അംഗങ്ങളായ 4 പേരും തൊഴിയൂർ ചീരൻ വർഗ്ഗീസ് (പാപ്പച്ചൻ) മകൻ വർഗ്ഗീസും ഈ ലേഖകനു മടങ്ങുന്ന ഒരു സ്റ്റിയറിങ്ങ് കമ്മറ്റിയും രൂപീകരിച്ചു.

പ: കാട്ടുമങ്ങാട്ട് ബാവയുടെ കബറിടം സ്ഥിതി ചെയ്യുന്ന മദ്ബഹ നിലനിർത്തി പുനർനിർമ്മാണം നടത്തുന്നതിന് എറണാകുളത്തുകാരനായ ആർക്കിടെക്ട് ശില്പി ബാബു തയ്യാറാക്കിയ ഡിസൈൻ അംഗീകരിച്ചു. 1987 നവംബർ 30-ാം തിയ്യതി വി. കുർബ്ബാനക്കു ശേഷം പുനർനിർമ്മാണത്തിന് അഭിവന്ദ്യ തിരുമേനി അടിസ്ഥാനശില ഇട്ടു.

പണിയുടെ ലേബർ കോൺട്രാക്ട് പാറശ്ശാലക്കാരൻ ശ്രീ. ജോർജ്ജിനാണ് ലഭിച്ചത്. വാതിൽ, ജനൽ എന്നിവയുടെ കോൺട്രാക്ട് ഷിംനവുഡ് ഇൻഡസ്റ്റീസ് ഉടമ ശ്രീ ഷംസുദ്ദീനും ലഭിച്ചു. തിരുമേനിയ്ക്കും വടക്കനെച്ചനും ഒഴികെ കമ്മറ്റിയിലെ ബാക്കിയുള്ളവർക്കെല്ലാം ഉള്ളിലൊരു ഭയം ഉണ്ടായിരുന്നു. ചെറുപ്പത്തിന്റെ ആവേശത്തിൽ നിലവിലുള്ള പള്ളി പൊളിച്ചു കളയുകയും ഏതെങ്കിലും കാരണവശാൽ ഉദ്ദേശിച്ച സമയത്ത് പണി പൂർത്തിയാകാതെ വരുകയും ചെയ്താൽ ജനങ്ങളെ വെറുതെ വിടില്ല എന്ന ഭയം തന്നെ. പണിയുടെ പ്രാരംഭമായി പഴയ പള്ളിയുടെ പടിഞ്ഞാറു ഭാഗത്തു നിന്നും ആദ്യത്തെ ഓട് ഇളക്കി മാറ്റിയത് അഭിവന്ദ്യ തിരുമേനി തന്നെയായിരുന്നു. ഏതായാലും അവസാനഘട്ടം വരെ പഴയ പള്ളി നിലനിർത്തി തന്നെയാണ് പണികൾ പുരോഗമിച്ചത്. ഒറ്റ ദിവസംപോലും വി. കുർബ്ബാനമുടക്കാതെ.

പണിക്കു വേണ്ട ധനസമാഹരണത്തിനായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും കോയമ്പത്തൂർ, മദ്രാസ് എന്നിവിടങ്ങളിലും തിരുമേനിയും വടക്കനെച്ചനും, നേരിട്ടു പോയിട്ടുണ്ട്. ഇതേ ആവശ്യത്തിന് ഗൾഫ് നാടുകളിലും അഭിവന്ദ്യ തിരുമേനി പോയിട്ടുണ്ട്. ഒരിടത്തു നിന്നും നിരാശജനകമായ പ്രതികരണം ഉണ്ടായിട്ടില്ല. അഭിവന്ദ്യ തിരുമേനിയും ബഹു: വടക്കനെച്ചനും ചേർന്നാണ് ആവശ്യമായ പണത്തിന്റെ 90% ത്തിലധികവും പിരിച്ചെടുത്തിട്ടുള്ളത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

പണി നടക്കുന്ന കാലത്ത് മിക്കവാറും ദിവസങ്ങളിൽ സന്ധ്യാനമസ്ക്കാരത്തിനു ശേഷം സ്റ്റിയറിങ്ങ് കമ്മിറ്റി ചേരാറുണ്ട്. അന്ന് നടന്ന പണിയുടെ അവലോകനവും പിറ്റെ ദിവസത്തെ പണിയെക്കുറിച്ചുള്ള പ്ലാനിങ്ങുമാണ് മീറ്റിങ്ങുകളിലെ വിഷയം. മീറ്റിങ്ങ് കഴിഞ്ഞ് രാത്രി 11 നും 12 നും ഒക്കെ ഈ ലേഖകനും ട്രസ്റ്റി തമ്പിമാസ്റ്ററും കൂടി കല്ലുംപുറത്തേക്ക് അദ്ദേഹത്തിന്റെ മോട്ടോർ സൈക്കിളിൽ മടങ്ങിയിരുന്നത് ഇപ്പോഴും ഓർക്കുന്നു. ഇതിലും വൈകിയാൽ അരമനവരാന്തയിൽ കിടന്നുറങ്ങി വെളുപ്പിന് വീട്ടിലേക്ക് തിരിച്ച ദിവസങ്ങളും വിരളമല്ല.

പണിക്കു വേണ്ട സാങ്കേതിക നിർദ്ദേശങ്ങൾ നല്കിയ എൻജിനീയർമാരെക്കുറിച്ച് : ആദ്യവസാനം മേൽനോട്ടം വഹിച്ചത് മരത്തംകോട്ടുകാരനായ റിട്ട. എൻജിനിയർ ശ്രീ കെ. കെ. ജോൺ ആയിരുന്നു. ഓരോ കല്ല് വെക്കുമ്പോഴും ശ്രീ ജോണിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. വിദഗ്ദ ഉപദേശം നല്കിയവരിൽ എൻജിനീയർമാരായ സർവ്വശ്രീ സി. ജെ. ജോസഫ് തൃശ്ശൂർ, ജോസഫ് അലക്സാണ്ടർ എറണാകുളം, കുന്നംകുളത്തുകാരായ സി.സി. ചേറു, ഓ. കെ. ശ്രീധരൻ, മാത്യു വർഗ്ഗീസ് എന്നിവരേയും ഈയവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. ധാരാളം മാരാമത്തു പണികൾ നടത്തി പരിചയമുള്ള കമ്മറ്റിയിലെ ഏറ്റവും പ്രായം കൂടിയ അംഗം ശ്രീ. വി.സി. വർഗ്ഗീസ് മാസ്റ്ററുടെ നിർദ്ദേശങ്ങളും നന്ദിയോടെ ഓർക്കുന്നു.

പണി ഏതാണ്ട് അവസാനഘട്ടത്തിലായി. ഫ്ളോറിങ്ങിനെപ്പറ്റി ആലോചന നടക്കുന്നു. പള്ളിയ്ക്കകത്ത് മാർബിൾ വിരിക്കണമെന്ന് വടക്കനെച്ചൻ ഒരേ വാശിയിലാണ്. അച്ചന്റെ നിർദ്ദേശം തള്ളാൻ വയ്യ, സാമ്പത്തിക ബാദ്ധ്യതയോർത്ത് സ്വീകരിക്കാനും വിഷമം.

ദൈവനിയോഗം പോലെ കുന്നംകുളം തെക്കെക്കര സൂപ്പർ ടെക്സ്റ്റയിൽസ് ഉടമകളും മർത്തോമസഭാംഗങ്ങളുമായ ശ്രീ. സി. കെ. ജോണിയും സഹോദരൻ ശ്രീ. സി. കെ. സൈബുവും തിരുമേനിയെ കാണാൻ വരുന്നു. വടക്കനെച്ചനെപ്പോലെ അവരും മാർബിൾ പക്ഷപാതികൾ തന്നെ. പക്ഷെ പണം? അന്വേഷിച്ചറിയുന്നതിൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് മാർബിൾ ഇറക്കിതരാമെന്ന് അവർ വാഗ്ദാനം ചെയ്തു. വില, ഫണ്ട് ലഭ്യമാകുന്ന മുറക്ക് തിരിച്ചു നല്കിയാൽ മതിയെന്നും വാഗ്ദാനം. ഇതനുസരിച്ച് വൈകാതെ മാർബിൾ വരുന്നു. വിരിക്കുന്ന സമയത്ത് പല രാത്രികളിലും ഈ സഹോദരന്മാർ ഇവിടെ ചിലവഴിച്ച് മാർബിൾ വിരിക്കുന്നതിന് മേൽനോട്ടം നടത്തിയിട്ടുണ്ട്. അവരുടെ സന്മനസ്സിന് എത്ര നന്ദി പറഞ്ഞാലും മതിയാവുകയില്ല. ഈ അവസരത്തിൽ പണിയ്ക്കാവശ്യമായ കരിങ്കല്ല്, മണൽ, മെറ്റൽ, ഇഷ്ടിക എന്നിവ യഥാസമയം ഏറ്റവും കുറഞ്ഞ നിരക്കിൽ ഇറക്കിതന്ന കല്ലുംപുറത്തെ ശ്രീ. വി. കെ. രാജനെക്കുറിച്ച് ഓർക്കാതിരിക്കുന്നത് നന്ദികേടാവും

നിർമ്മാണത്തിൽ പലതിലും പ്രത്യേകിച്ച് ബാൽക്കണിയുടെ ഡിസൈൻ, വൈദ്യുതീകരണം എന്നിവയിൽ ഒരു ചെറിയ പങ്ക് ഈ ലേഖകനും വഹിച്ചിട്ടുണ്ട് എന്നതിലും, രണ്ട് ദശാബ്ദത്തിലേറെയായി അവയൊക്കെ കുറ്റമറ്റ രീതിയിൽ നില്ക്കുന്നു എന്ന് കാണുന്നതിലും സന്തോഷവും അഭിമാനവും തോന്നുന്നു. ഇതിലൊക്കെ പങ്കെടുക്കാൻ കഴിഞ്ഞത് ഒരു ഭാഗ്യമായും കരുതുന്നു.

കൂദാശയുടെ ദിവസം നിശ്ചയിക്കാമെന്നായി, ഹാശ ആഴ്ച കഴിഞ്ഞു വരുന്ന ഒരു ദിവസം ആകാമെന്നായി. ഏപ്രിൽ 23-ാം തിയ്യതി, തൊഴിയൂർ പള്ളിപ്പെരുനാൾ, പിറ്റേന്ന് കാന്റർബറി ആർച്ച് ബിഷപ്പിന്റെ ക്ഷണം സ്വീകരിച്ച് തിരുമേനി ഇംഗ്ലണ്ടിൽ പോകുന്നു. മെയ് അവസാനം മടങ്ങി വരുന്നു. എല്ലാം പരിഗണിച്ചപ്പോൾ ഏപ്രിൽ16-ാം നു കൂദാശ എന്ന് നിശ്ചയിച്ചു. പിന്നെ രാവും പകലും അവസാനമിനുക്കു പണികൾ തന്നെ.

ആരംഭം തൊട്ട് അവസാനം വരെയും ആരുടെ കാലിലും ഒരു മുള്ളാണിപോലും തറയ്ക്കാതെയും ആർക്കും കടം ബാക്കിവെക്കാതെയും റെക്കോർഡ് വേഗത്തിൽ 16 മാസവും 15 ദിവസവും കൊണ്ട് പണി പൂർത്തിയാക്കി 1989 ഏപ്രിൽ 16-ാം നു ഭദ്രാസനദേവാലയം അഭിവന്ദ്യ ജോസഫ്മാർ കൂറിലോസ് മെത്രാപ്പൊലീത്ത കൂദാശ ചെയ്തു.

"ശിഷ്യൻ എന്നുവെച്ച് ഈ ചെറിയവരിൽ ഒരുത്തന് ഒരു പാനപാത്രം തണ്ണീർ മാത്രം കുടിപ്പാൽ കൊടുക്കുന്നവന് പ്രതിഫലം കിട്ടാതെ പോകയില്ല" എന്ന ക്രിസ്തുനാഥന്റെ വാക്കുകൾ പോലെ തന്നെ ഈ ദേവാലയ പുനർനിർമ്മാണവുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടവർക്കെല്ലാം തന്നെ പ്രതിഫലം ലഭിച്ചു കൊണ്ടിരിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്താൻ എനിക്ക് കഴിയും.

ജൂബിലേറിയനായ അഭിവന്ദ്യ തിരുമേനിക്ക് ഇനിയും കൂടുതൽ ഉയരങ്ങളിലേക്ക് നമ്മുടെ സഭയെ നയിക്കുവാൻ സർവ്വശക്തനായ ദൈവം തമ്പുരാൻ കൃപ നല്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവമാരുടെ അനുഗ്രഹങ്ങൾ അദ്ദേഹത്തിന് സമൃദ്ധിയായി ലഭിയ്ക്കട്ടെയെന്ന പ്രാർത്ഥനയോടെ ഈ ചെറു കുറിപ്പ് അവസാനിപ്പിക്കട്ടെ.

ചരിത്രമുറങ്ങുന്ന മനസ്സുകളിലേക്ക് ഒരെത്തിനോട്ടം

(അഭിവന്ദ്യ കുറിലോസ് തിരുമേനിയും, ബ. വടക്കനച്ചനും)

രാജൻ ചീരൻ, തൊഴിയൂർ

നമുക്കുവേണ്ടി ആര് കല്ല് ഉരുട്ടിക്കളയും? വി. മാർക്കോസ് 16.3 സുഗന്ധലേപനങ്ങളോടു കൂടി കല്ലറയ്ക്കരികെത്ത് കണ്ണുനീരോടെ കടന്ന് ചെന്ന നമ്മുടെ കർത്താവിന്റെ സഖിമാരുടെ ദീർഘനിശ്വാസത്തിന്റെ പ്രതിഫലനമായിരുന്നു ആ വാക്കുകൾ..........

1979-80 ൽ സഭാന്തരീക്ഷത്തിൽ ഉടലെടുത്ത കാർമേഘങ്ങൾ പെയ്തൊഴിഞ്ഞ് മൂന്നു വർഷത്തിനുശേഷം അതിനേക്കാൾ ശക്തമായ തിരമാലകൾ സഭാനൗകയിൽ ആഞ്ഞടിച്ചപ്പോൾ സഭാമക്കളുടെ ഹൃദയത്തിൽ നിന്ന് ദൈവസന്നിധിയിലേക്കുയർന്ന നിലവിളിയും ഇതിനെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ 'ഈ തിരമാലകളെ ആര് ശമിപ്പിക്കും?' എന്നതായിരുന്നു. ഓർമ്മകൾ നൊമ്പരങ്ങളാണ്, പ്രചോദനമാണ്, കണ്ണുനീർപോലെ നിർമ്മലമാണ്, ഭാവിയിലെ ചരിത്രനിർമ്മിതിക്കുള്ള നിയോഗസത്യങ്ങളാണ്, സൗരഭ്യം പരത്തുന്ന പൂക്കൾ നിറയുവാനുള്ള ചെടിക്കുള്ള വളക്കൂട്ടാണത്. ആ നിലവിളിയുടെ പരിസമാപ്തിയെന്നോണം 1986 ആഗസ്റ്റ് 27ന് ആലത്തൂർ പനക്കൽ ജോസഫ് കശീശ്ശ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പതിമൂന്നാമത്തെ മെത്രാപ്പോലിത്തായായി സ്ഥാനാരോഹണം ചെയ്യപ്പെട്ടു. വികാരിയായി ദീർഘകാലം സേവനപരിചയമില്ലാതിരുന്ന അഭിനവ തിരുമേനി (എട്ടര വർഷം വൈദീകനായിരുന്നതിൽ എട്ടു വർഷവും പഠനവും സ്ക്കൂൾ ജോലിയുമായിരുന്നതിനാൽ 'നോൺ വികാരിയായി'ട്ടാണു സഭാപ്രവർത്തനങ്ങളിൽ പങ്കുചേർന്നിരുന്നത്) സഭാഗാത്രത്തിനേറ്റ പോറലുകൾ എങ്ങനെമാറ്റിയെടുക്കും എന്ന പൊതുവിലുണ്ടായിരുന്ന സന്ദേഹത്തിന് പ്രാർത്ഥനാപൂർണ്ണവും, ദീർഘവീക്ഷണവുമുള്ള സമീപനം നിറഞ്ഞ ഒന്നിനൊന്ന് മെച്ചമായ പ്രവർത്തനപാതയിലെ കർമ്മഫലങ്ങളെക്കൊണ്ട് അറുതിവരുത്തി.

അഭിവന്ദ്യ ജോസഫ് മാർ കുറിലോസ് വലിയ മെത്രാപ്പോലീത്തായുടെ ആദ്യകാല പ്രവർത്തനങ്ങളെ കണ്ടവർക്ക് അദ്ദേഹവും, 1948 ആഗസ്റ്റിൽ വൈദീകനായി ഭദ്രാസനഅരമനയിൽ തന്നെ 1995 നവംബർ 25ന് മരണം വരെയും താമസിച്ചിരുന്ന ദിവ്യശ്രീ ജോസഫ് വടക്കൻ കശീശ്ശയും തമ്മിലുണ്ടായിരുന്ന അനിതര സ്നേഹബന്ധം സ്മരണയിൽ നിന്ന് മായ്ച്ചുകളയുവാൻ എളുപ്പമല്ല. എന്റെ പിതാവ് ശ്രീ. ചീരൻ വറീത് സൈമൺ ഭദ്രാസനപള്ളിയിൽ ദീർഘകാലം ശുശ്രൂഷകനായി (കപ്യാരച്ചൻ) സേവനമനുഷ്ഠിച്ചിട്ടുള്ള വ്യക്തിയാണ്. പിതാവിനെസഹായിക്കാൻ വളരെ ചെറുപ്പത്തിൽ തന്നെ ദേവാലയത്തിൽ പോയിരുന്ന എനിക്ക് ബ. വടക്കനച്ചനേയും, പിൽക്കാലത്ത് വൈദീകനായി വന്ന ബ. ആലത്തൂരച്ചനേയും (ഇപ്പോഴത്തെ വലിയ മെത്രാപ്പോലിത്താ) വിശുദ്ധ കുർബ്ബാനയിൽ ശുശ്രൂഷകനായി സഹായിക്കാൻ അനേകം അവസരങ്ങളുണ്ടായിട്ടുണ്ട്. ഇന്നും ശെമ്മാശ്ശന്മാരില്ലാത്ത അവസരങ്ങളിൽ വലിയമെത്രാപ്പോലീത്തായെ വിശുദ്ധ കുർബ്ബാനക്കു ശുശ്രൂഷകനായി സഹായിക്കാൻ എനിക്ക് ഭാഗ്യം ലഭിക്കുന്നതും ദൈവനിയോഗമായി ഞാൻ കരുതുന്നു. ദൈവസന്നിധിയിൽ സ്വയം സമർപ്പിച്ച്, വൈദിക സാധനകൾ അനുഷ്ഠിച്ച് ദൈവവുമായുള്ള ബന്ധം ശക്തിപ്പെടുത്തി ദൈവകൃപയാൽ ലഭിച്ച ജീവിതവിശുദ്ധിയും എളിമയാർന്ന ജീവിതവും നയിക്കുന്ന ബ. വടക്കനച്ചന്റെ അനുഭവവും 1969ൽ ഭദ്രാസന അരമനയിൽ തന്നെ ഒരു വൈദികവിദ്യാർത്ഥിയായെത്തിയ ഇപ്പോഴത്തെ വലിയ മെത്രാപ്പോലീത്തായെ ശക്തമായി സ്വാധീനിച്ചിരുന്നു. 'പേയിളകിയ ബാലന് പരിശുദ്ധ കാട്ടുമങ്ങാട്ട് വലിയബാവയുടെ കരങ്ങളാൽ വൈദ്യത്തിന്റെ ഉറവയായ ക്രിസ്തുനാഥൻ സൗഖ്യം നൽകുവാൻ ശക്തീകരിച്ചു. അതേ കൃപയാൽ തൊഴിയൂർ പള്ളിയിലെ ഒരു ശെമ്മാശ്ശൻ അരമനയിൽ വളർത്തിയിരുന്ന നായയുടെ കടിയേറ്റ് പേയിളകി മരണാസന്നനായ അനുഭവത്തിൽ നിന്ന് കരേറി, പിൽക്കാലത്തദ്ദേഹത്തെ ഒരു മെത്രാപ്പോലിത്തായാക്കി പട്ടം കൊടുത്ത് പിൻഗാമിയായി അവരോധിച്ച, ആലത്തൂര് വലിയ തിരുമേനിയുടെ അനന്തരവനാണ് താൻ' എന്ന് ഒരിക്കലും മറക്കാതെ പ്രാർത്ഥനയിൽ ഉറ്റിരിപ്പാൻ ബ. വടക്കനച്ചൻ ഉപദേശിച്ചിരുന്നത് തന്നാൽ ആവുംവിധം കാത്തുപരിപാലിക്കാൻ ഇപ്പോഴത്തെ വലിയ. തിരുമേനി ശ്രദ്ധിച്ചിരുന്നു എന്നത് അവർക്കിരുവർക്കുമുള്ള സ്നേഹബന്ധത്തിന് ഊഷ്മള

തയേകി. 1972ലെ ശെമ്മാശ്ശപട്ടം മുതൽ 86ൽ മെത്രാപ്പോലിത്തായായി 95ൽ എറണാകുളം പള്ളി കൂദാശ ചെയ്യുന്നതുവരെയുള്ള വലിയതിരുമേനിയുടെ വിവിധ വളർച്ചയുടെയൊക്കെ പുറകിൽ തിരുമേനിയിലുള്ള നോട്ടം വിടാതെ തൊട്ടരുകിൽ പ്രാർത്ഥനയോടെ നിന്നിരുന്ന ബ. വടക്കനെച്ചന്റെ ശുഷ്കാന്തി, ആ സന്ദർഭങ്ങളിൽ പലതിലും എടുത്ത ഫോട്ടോകളിൽ മിഴിവായി ഇന്നും തെളിഞ്ഞുനിൽക്കുന്നു. തിരുമേനിക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുവാൻ സീനിയർ പട്ടക്കാരായ മൂന്നു പേരെ നാമനിർദ്ദേശം ചെയ്യണമെന്ന തിരുമേനിയുടെ തന്നെ നിർബന്ധ ആവശ്യത്താൽ രൂപീകരിക്കപ്പെട്ട ഉപദേശ സംഘത്തിലൊരംഗമായി (Advisory Board)1986 മുതൽ ബ. അച്ചന്റെ മരണദിനമായ 1995 നവംബർ 25വരെ, ദിവ്യ ശ്രീ. വി.വി. ജോസഫ് വടക്കൻ കശീശ്ശ ഉപദേശങ്ങൾ നൽകിയിരുന്നത് അഭിവന്ദ്യ തിരുമേനി തന്നെ പ്രസ്താവിച്ചിട്ടുണ്ട്. 1948 മുതലേ സഭാകൗൺസിലിന്റെ മുന്നിലുണ്ടായിരുന്ന പൂവണിയാത്തൊരു ദൗത്യമായിരുന്നു, 1772ൽ പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവമാരുടെ കരങ്ങളാൽ പ്രതിഷ്ഠിക്കപ്പെട്ട തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസനദേവാലയത്തിന്റെ പുനർനിർമ്മാണം. (1986 ആവുമ്പോഴേക്കും പഴയ പള്ളിയുടെ പ്രധാനമുഖവാര ചുവരുകളും, മുറിതട്ടിന്റെ ചുവരുകളും വിള്ളലേറ്റും കാലപഴക്കം കൊണ്ട് കുതിർന്നും ശോച്യാവസ്ഥയിലായിരുന്നുവെന്നതാണ് വാസ്തവം) 1986 ആഗസ്റ്റ് 27 ന് പതിമൂന്നാമത്തെ മെത്രാപ്പോലിത്തായായി സ്ഥാനാരോഹണം ചെയ്യപ്പെട്ട് ആലത്തൂർ പനക്കൽ തറവാട്ടിലെ മൂന്നാം തിരുമേനിയായ ജൂബിലേറിയൻ മെത്രാപ്പോലിത്താ സഭാകൗൺസിലിന്റേയും, വൈദികസംഘത്തിന്റേയും, തൊഴിയൂർ ഇടവകാംഗങ്ങളുടേയും, മറ്റ് ഇടവകാംഗങ്ങളുടേയും, സഭയും മതവും മറികടന്ന അഭ്യുദയകാംക്ഷികളുടേയും സഹായത്താൽ ആ ദൗത്യം ഏറ്റെടുത്ത് കേവലം പതിനേഴുമാസത്തിനുള്ളിൽ പൂർത്തീകരിച്ചതിനു പിന്നിൽ നിഴലുപോലെ ഇഴപിരിക്കാനൊക്കാത്തവിധം കൈത്താങ്ങലുകൾ നൽകി അഭിവന്ദ്യ തിരുമേനിയെ ഊർജ്ജസ്വലനാക്കിയതും, നാടുനീളെ ആയതിനുവേണ്ട ഫണ്ടുരൂപീകരണത്തിന് സ്വന്തം ആരോഗ്യസ്ഥിതി കണക്കിലെടുക്കാതെ തിരുമേനിയെ അനുഗമിച്ചതും ബ. ജോസഫ് വടക്കനെച്ചനായിരുന്നു. ബ. അച്ചനിൽ നിന്നും കേട്ടറിഞ്ഞ ഒരു സംഗതി ഉദ്ധരിക്കട്ടെ. കോഴിക്കോട്, വടകര, തലശ്ശേരി, കണ്ണൂർ, കാഞ്ഞങ്ങാട്ട്, കാസർഗോഡ് വരെയുള്ള സ്ഥലങ്ങളിലെ സന്മനസ്സുള്ളവരിൽ നിന്ന് സംഭാവനകൾ സ്വരുപിക്കാനുള്ള യാത്രാമദ്ധ്യേ കോഴിക്കോട്ടുള്ള സെന്റ് പോൾസ് മാർത്തോമ്മാ പള്ളിയിലാണ് കുറച്ചു ദിവസങ്ങൾ രാപാർക്കാൻ സംഗതിയായത്. ദയറാപട്ടക്കാരനായ റവ. ജോർജ്ജച്ചനാണ് അവിടത്തെ വികാരി. വടക്കനെച്ചന് കുളിക്കാൻ ചുടുവെള്ളം വേണം, കുടിക്കാൻ പാലുവെള്ളം തിളപ്പിച്ചാറിയതും വേണം. ഒന്നുരണ്ട് തരം മത്സ്യങ്ങൾ കഴിക്കുകയില്ലെന്ന് ഭക്ഷണസാധനങ്ങളിലുമുണ്ട് നിർബന്ധം. മാർത്തോമ്മാപള്ളിയിലെ ദയറാപട്ടക്കാരനായ റവ. ജോർജ്ജച്ചൻ ഈ ഇഷ്ടാനിഷ്ടങ്ങളൊക്കെ മനസ്സിലാക്കി എഴുപതിനോടടുത്ത വടക്കനെച്ചനേയും അതിന്റെ പകുതിപ്രായക്കാരനായ മെത്രാച്ചനേയും യഥോചിതം സ്വീകരിച്ച് സന്തോഷത്തോടെ യാത്രയാക്കി. കാറിൽ കയറുന്നതിനു മുന്നെ മുറിയിൽ നിന്നിറങ്ങുമ്പോൾ വടക്കനെച്ചനൊരു സംശയം. ചോദ്യത്തിന് തിരുമേനിക്കുമില്ലായിരുന്നു ശരിയുത്തരം. കാരണം തിരുമേനിക്കും പുത്തൻ പരിചയക്കാരനാണ് ആ മാർത്തോമ്മാ അച്ചൻ. ഇവർ രണ്ടുപേരുടെയും സംശയം തീർത്തുകൊണ്ട് ജോർജ്ജച്ചൻ തന്നെ പറഞ്ഞു. "അച്ചോ! അച്ചനെപോലെ തന്നെ ഞാനും ഒരു ദയറാപട്ടക്കാരനാണ്" മറുപടി. ബ. വടക്കനെച്ചനിൽ നിന്നും ഉയർന്നു. "എന്നാൽ ഇനി മാർത്തോമ്മാ സഭയിലെ ഒരു മെത്രാച്ചനായിട്ട് ബ. അച്ചൻ പട്ടം ഏറ്റ് നമുക്ക് കാണാം." ഈ സംഭവം 1988ലെ പകുതിയിലാണ്. 1989ൽ മൂന്നു മെത്രാച്ചന്മാരെ വാഴിക്കാൻ പോകുന്നുവെന്ന് പത്രവാർത്ത വന്ന് അധികം കഴിയുന്നതിനു മുമ്പ്, മാർത്തോമ്മാ സഭയിലെ, അന്നു കോഴിക്കോട്ട് പള്ളിയിൽ തിരുമേനിയേയും വടക്കനെച്ചനേയും സ്വീകരിച്ച ജോർജ് അച്ചൻ തൊഴിയൂർ അരമനയിൽ വന്നു കണ്ട് ക്ഷണിച്ചു. "ഞാൻ എപ്പിസ്ക്കോപ്പായാകാൻ പോകുന്നു. തിരുമേനിയും, അച്ചനും വന്ന് സംബന്ധിക്കണം" പ്രാർത്ഥനാപൂർവ്വം ആശംസിച്ചത് നടപ്പിൽ വന്നതോർത്ത് സന്തോഷിക്കുന്ന വടക്കനെച്ചൻ- ആശംസകൾക്ക് കൃതജ്ഞതയർപ്പിക്കാനെത്തിയ ജോർജ്ജച്ചൻ- അതാണ് ഇന്നത്തെ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തെയഡോഷ്യസ് മെത്രാച്ചൻ. ആദരിക്കേണ്ടവരെ ആദരിക്കണം എന്ന വസ്തുതയിൽ രണ്ടഭിപ്രായമില്ലാതിരുന്ന അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനിയുടേയും, ബ. ജോസഫ് വടക്കനെച്ചന്റേയും ജന്മദിനം നവംബർ 26. ഈ രണ്ടുപേരും സഭാവക സ്ക്കൂളിൽ അദ്ധ്യാപകരായിരുന്നു, വടക്കനെച്ചൻ 1944-50 കാലഘട്ടത്തിലും, തിരുമേനി 1980-86 കാലഘട്ടത്തിലും. ആലത്തൂര് ചെറിയ തിരുമേനിയെന്നറിയപ്പെട്ടിരുന്ന 1917-27 കാലഘട്ടത്തിലെ പൗലോസ് മാർ അത്താനാസ്യോസ് സഫ്രഗൻ (ജൂബിലേറിയൻ തിരുമേനിയുടെ അപ്പാപ്പന്റെ സഹോദരൻ) തിരുമേനി ആയിരുന്നു വടക്കനെച്ചന് സ്ക്കൂളിൽ പോകാൻ സ്ളേറ്റും പെൻസിലും കുടയും വാങ്ങിക്കൊടുത്തത് എന്നും, ബ. അച്ചന് ആ വാത്സല്യം കൂറീലോസ് തിരുമേനിയോടും ഉണ്ട് എന്നും പലസംസാരങ്ങളിലും മുഴങ്ങികേട്ടിട്ടുണ്ട്. ആ സ്നേഹവാത്സല്യങ്ങൾ, അഭിവന്ദ്യ തിരുമേനി ദൈവരാജ്യകെട്ടു പണിക്കുവേണ്ടി ശരിക്കും മുതലെടുത്തു എന്നു പറഞ്ഞാൽ എളിയവനായ ഈയുള്ളവന്റെ അവിവേകം (താഴെയെഴുതുന്നതുകൂടി വായിച്ചാൽ) ഏവരും പൊറുക്കും എന്ന് വിശ്വസിക്കുന്നു.

തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസനദേവാലയത്തിന്റെ പുനർ നിർമ്മാണ (കല്ലിടൽ 1987 നവംബർ 30,

കൂദാശ 1989 ഏപ്രിൽ 16)ത്തിന് അഭിവന്ദ്യത്തിരുമേനിയോടൊപ്പവും അല്ലാതെയും ബ. വടക്കനച്ചൻ നല്ലൊരു സംഖ്യ സംഭാവനയായി സ്വരൂപിച്ച് ആ പുനർനിർമ്മാണം പ്രതീക്ഷിച്ചതിലും വേഗത്തിലും, അന്നത്തെ കാലത്തെ മനോഹാരിതയിലും (മാർബിൾ ഒരു സ്വപ്നമായിരുന്ന ആ കാലത്ത്) പണിതീർക്കാൻ സഹായിച്ചു. അധികം വൈകാതെ 1991ൽ അഭിവന്ദ്യ തിരുമേനി ഏറ്റെടുത്ത രണ്ടാമത്തെ ദൗത്യം- മദ്രാസിലെ പള്ളിക്കു തൊട്ടുള്ള സ്ഥലം വാങ്ങിക്കൽ- സ്വന്തം ആവശ്യത്തിന് കരുതിയിരുന്ന ധനമായിരുന്ന പ്രോവിഡണ്ട് ഫണ്ടിൽ നിന്ന് കാൽലക്ഷത്തോളം രൂപഎടുത്ത് ഇന്നത്തെ വലിയ തിരുമേനിയെ ഏല്പിച്ചുകൊണ്ട് അച്ചൻ പറഞ്ഞു. 'എനിക്കിനി സംഭാവനപിരിക്കാൻ വയ്യ. ഇതോടൊപ്പം തിരുമേനിയുടെ കൈയ്യിൽ വലിയ സംഖ്യ ദൈവം തരുമാറാകും' വിദേശയാത്രയിൽ നിന്നും നാട്ടിലെ കൈമുത്തു സംഖ്യയിൽ നിന്നും ആ പദ്ധതിക്കു ചിലവുവന്ന ഏകദേശം പകുതിയിൽ കൂടുതൽ സംഖ്യ സ്വരൂപിക്കാൻ കഴിഞ്ഞതും ബ. അച്ചന്റെ പ്രചോദനമായിരുന്നു. അതിൽനിന്നും ഒരുവിധം കരകയറുന്നതിനുമുന്നെ 1991 സെപ്തംബറിൽ സ്ഥലം വാങ്ങാൻപോലും പണമില്ലാതിരുന്ന അവസ്ഥയിൽ എറണാകുളത്ത് പ.കാട്ടുമങ്ങാട്ടു അബ്രഹാം മാർ കുറിലോസ് ബാവയുടെ പേരിൽ പള്ളി പണിയണമെന്ന ഇടവകമക്കളുടെ ദൈന്യമാർന്ന അപേക്ഷകേട്ട് അതിനും തുനിഞ്ഞിറങ്ങിയ കൂറിലോസ് തിരുമേനിയോട്, "സംഭാവനപിരിക്കാൻ വയ്യ" എന്ന് തൊട്ടുമുമ്പ് പറഞ്ഞ വടക്കനച്ചൻ, അഭിവന്ദ്യ തിരുമേനി പല പരിപാടിക്കുപോയിരുന്നപ്പോഴും, വിവാഹം, മാമോദീസ തുടങ്ങിയവ നിവർത്തിക്കുമ്പോൾ കിട്ടിയ കൈമുത്ത് വർദ്ധിപ്പിച്ചും സ്വരൂപിച്ച ഏകദേശം നാലുലക്ഷം രൂപയിൽ ഒട്ടും കുറയാത്ത സംഖ്യ, ബ. അച്ചന്റെ മുറിയിൽ കാണാൻ വന്നിരുന്നവരോട് പറഞ്ഞ് സ്വരൂപിച്ചു എന്നതിൽ നിന്ന്, ജോസഫ് മാർ കുറിലോസ് തിരുമേനി സഭയ്ക്കുവേണ്ടി ഇനിയും പ്രവർത്തിക്കണം എന്നതിന് സ്വയം സഹായിച്ച് തനിക്ക് ചെയ്യുവാനുള്ളതിന്റെ പരമാവധി കൈതാങ്ങ് നൽകി പ്രോത്സഹിപ്പിക്കുകയായിരുന്നുവെന്ന് മനസിലാക്കാം. 1992 ഒക്ടോബറിൽ കല്ലിട്ട് 95 ആഗസ്റ്റ് 25 ന് കൂദാശ ചെയ്ത എറണാകുളം പള്ളിയിൽ അടുത്തുവന്ന ഞായറാഴ്ച ആ പുത്തൻ ദേവാലയത്തിലും വി.കുർബാനയർപ്പിക്കുവാൻ അഭിവന്ദ്യ തിരുമേനിയുടെ സ്നേഹനിർബന്ധത്താൽ ബ. വടക്കനച്ചനു സാധിച്ചു. 1989 അഭിവന്ദ്യ തിരുമേനിക്ക് വയസ്സ് 35 ബ. വടക്കനച്ചന് വയസ്സ് 70. അന്നുവരേയും ഒരു മെത്രാച്ചന്മാരേയും വൈദീകരേയും ആദരിച്ചിട്ടില്ലാത്ത വിധത്തിൽ, അഭിവന്ദ്യ തിരുമേനിതന്നെ എല്ലാ കാര്യങ്ങളും മുന്നിട്ടു നിന്ന് കുന്നംകുളം പട്ടണത്തിലെ സെന്റ് തോമസ് പള്ളിയിൽ സഭായൂത്ത് ലീഗിന്റെ വാർഷികത്തിൽ ബ. ജോസഫ് വടക്കനച്ചന്റെ സപ്തതി രാജോചിതമായി ആഘോഷിച്ച് ജീവിച്ചിരിക്കുമ്പോൾ തന്നെ അവരവർ കാഴ്ചവെക്കുന്ന നിസ്വാർത്ഥ പ്രവർത്തനങ്ങളെ അംഗീകരിച്ച് ആദരിക്കണം എന്ന അഭിവന്ദ്യ കുറിലോസ് തിരുമേനിയുടെ വാക്കുകൾ അന്വർത്ഥമാക്കി. ബ. വടക്കനച്ചന് ആ സംഭവം കൂടുതൽ ഊർജ്ജവും നൽകി. തിരുമേനിയുടെ പ്രവർത്തനങ്ങളിൽ വലംകൈ ആയിരുന്നുകൊണ്ട് പ്രാർത്ഥനാപൂർവ്വം സഹായിച്ചു. 1995 നവംബർ 24-ാം തിയ്യതി കരിക്കാട് പള്ളിയിൽ അഭിവന്ദ്യ തിരുമേനിയോടൊപ്പം പെരുന്നാൾ കുർബാനയിലും പരിപാടികളിലും സംബന്ധിച്ച് മടങ്ങിവന്ന ബ. വടക്കനച്ചൻ തൊട്ടടുത്ത പ്രഭാതത്തിൽ പുലർകാല പ്രാർത്ഥനക്ക് എത്താതിരുന്നത് അന്വേഷിപ്പാൻ അച്ചന്റെ മുറിയിലേക്ക് ചെന്ന തിരുമേനിയോട് തന്റെ മരണസമയം അടുത്തു. വേദനസഹിപ്പാൻ ഒരുങ്ങിക്കൊൾക എന്ന മട്ടിൽ 'നാളെ (നവംബർ 26 ഞായറാഴ്ച) ഞാൻ ചാലിശ്ശേരി പള്ളിയിലേക്ക് വി. കുർബാനക്ക് പോകില്ല' എന്നു മൂന്നു പ്രാവശ്യം തറപ്പിച്ചു പറഞ്ഞു. നമ്മുടെ ജന്മദിനമായ നാളെ (26ന്) എന്തായാലും ഇപ്രാവശ്യം ഒരുമിച്ച് കേക്കുമുറിക്കൽ നടക്കയില്ലെന്നു പറഞ്ഞപ്പോൾ ഒന്നരമണിക്കൂറിനുശേഷം ബ. അച്ചൻ ഈ ലോകത്തോടും, തിരുമേനിയോടും വിടപറയുന്നതിനെയാണ് സൂചിപ്പിച്ചത് എന്ന് മരണസമയത്തും സമീപത്തുണ്ടായിരുന്ന തിരുമേനിക്ക് ഗ്രഹിപ്പാൻ കഴിയാതിരുന്നത് അദ്ദേഹത്തോടുള്ള സ്നേഹബന്ധത്തിന്റെ തീവ്രതകൊണ്ടായിരിക്കും? സഭയുടെ മാർ കുറിലോസ് ആശുപത്രിയിൽ ബ. വടക്കനച്ചന്റെ ഓർമ്മക്ക് ഒരു പ്രത്യേകവാർഡ് പണിയണമെന്ന സഭാകൗൺസിലിന്റെ തീരുമാനത്തിനു പിന്നിലും ആയത് പ്രാവർത്തികമാക്കി ഉദ്ഘാടനസജ്ജമാക്കിയതിനു പിന്നിലും അഹോരാത്രം യജ്ഞിച്ചതിലും അഭിവന്ദ്യ കുറിലോസ് തിരുമേനിയുടെ മനസ്സും ഊർജ്ജവും നമുക്ക് ദർശിക്കാം. ബ. അച്ചന്റെ വേർപാട് തിരുമേനിയിൽ വളരെയധികം വേദനയുളവാക്കിയെന്നുമാത്രമല്ല 1997ൽ തലച്ചോറിനകത്ത് മാരകമായ രോഗബാധക്ക് കാരണമായിത്തീരുകയും ചെയ്തു എന്ന് രണ്ടു വ്യക്തിത്വങ്ങളേയും വളരെ അടുത്തറിഞ്ഞിട്ടുള്ള വ്യക്തി എന്ന നിലക്ക് ഞാൻ പറഞ്ഞാൽ, അത് ആ രണ്ടു പേരേയും അടുത്തറിഞ്ഞിട്ടുള്ള ആരും നിഷേധിക്കുകയില്ല. പേവിഷബാധയിൽ നിന്ന് അത്ഭുതകരമായി വിടുതൽ നൽകി സഭയ്ക്ക് അടിസ്ഥാനമിടുവാനും, സഭയ്ക്ക് നേതൃത്വം നല്കിയവനുമായ സർവ്വേശ്വരൻ, ഈ പൊന്നു തിരുമേനിയേയും, ആ പുണ്യപിതാക്കന്മാരുടെ ശക്തമായ മദ്ധ്യസ്ഥതയാൽ ഞങ്ങൾക്ക് തിരികെ തന്ന് തൊഴിയൂർ സഭയെ ലോകപ്രസശ്തിയിലേക്കുയർത്തുവാനുള്ള പ്രവർത്തനങ്ങളിലേക്ക് പിന്നേയും പിന്നേയും ഉയർത്തി. ദീർഘകാലം ഒരു തിരുമേനിയെമാത്രം കണ്ടുപോന്നിരുന്ന തൊഴിയൂർ സഭയ്ക്ക് രണ്ടു തിരുമേനിമാരെ കാണുവാനും, രണ്ടു മെത്രാച്ചന്മാരുടെ സ്നേഹവാത്സല്യം നുണയുവാനും ജോസഫ് മാർ കുറിലോസ് വലിയമെത്രാപ്പോലിത്ത 2001ൽ ഭാഗ്യം നൽകി.

"എന്താണ് സ്വതന്ത്ര സഭ? എന്തിനാണ് ഇതിനെ

സുറിയാനിസഭ എന്ന് വിളിക്കുന്നത്? ഈ സഭയ്ക്ക് ഏതെങ്കിലും നല്ല ചരിത്രസാഹചര്യങ്ങളുണ്ടോ? ഈ സഭയ്ക്കു 'ആ' സഭയിൽ ലയിച്ചുകൂടെ? തുടങ്ങി പുച്ഛത്തോടെ വിമർശിക്കുന്നവർക്ക്, ഈ സഭ നിലനിന്നത് ദൈവനിയോഗത്താലെന്നും, അതിനു രൂപം കൊടുത്തത് ദൈവത്തിന്റെ അത്ഭുത കരങ്ങളാണെന്നും, പരിശുദ്ധ തോമാശ്ലീഹായുടെ മലങ്കര സുറിയാനി സഭയുടെ കിരീടത്തിലെ മിഴിവുറ്റ വൈഡൂര്യമാണെന്നും, എളിയ സഭയെങ്കിലും വലിയ ദൈവസ്നേഹത്തിന്റെ മാതൃകകൾ ശത്രുമിത്രഭേദമന്യേ നൽകി പ്രശോഭിക്കുന്ന അന്യം നിന്നു പോകാത്തതും മലങ്കരയിലെ അനേകചരിത്രസത്യങ്ങൾക്ക് ഉത്തരമാകുന്നതും ആയ പൗരാണിക സഭയാണെന്നും കേരളത്തിനകത്തും വിദേശങ്ങളിലും അംഗീകരിപ്പാൻ യത്നിച്ച് എളിയവരായ ഞങ്ങളെ പ്രഗത്ഭരായവരുടെ ചിന്താധാരയിലേക്ക് ഉയർത്തിയ അഭിവന്ദ്യ ജോസഫ് മാർ കുറിലോസ് വലിയ മെത്രാപ്പോലിത്താക്ക്, രജതജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ ഹൃദയത്തിന്റെ മൗനമധുര ഭാഷയിൽ ആശംസകൾ നേരുന്നു.

ബഹു. വടക്കനച്ചന്റെ സപ്തതി ആഘോഷ
1989 നവംബർ 26

ചരിത്രയാത്ര
- ഒരു ദൈവനിയോഗം -
തൊഴിയൂർ മുതൽ ദമാസ്ക്കസ് വരെ

ഷെവലിയാർ ചീരൻ വർക്കി
കുന്നംകുളം

തികച്ചും യാദൃശ്ചികമായി 1988 ഫെബ്രുവരിയിൽ ഒരു വെള്ളിയാഴ്ച ദുബൈ മാർ ഇഗ്നാത്തിയോസ് യാക്കോബായ സുറിയാനി പള്ളിയിലെ വി. കുർബ്ബാനകഴിഞ്ഞ സമയത്ത് എന്റെ സുഹൃത്തായ തൊഴിയൂർ വി. സി. വർഗ്ഗീസ് മാസ്റ്ററുടെ മകൻ മാത്യൂസ് (ജോയ്) എന്നെ വിളിച്ചു പറഞ്ഞു, തൊഴിയൂർ തിരുമേനിക്ക് UAE യിൽ വരണമെന്ന് ആഗ്രഹമുണ്ട്. തൊഴിയൂരിലെ ഭദ്രാസനദേവാലയം പുതുക്കി പണിയുന്നതിന് തൊഴിയൂർ സഭാമക്കളിൽ നിന്നും നാട്ടുകാരായ മറ്റു അഭ്യുദയകാംക്ഷികളിൽ നിന്നും സഹായസഹകരണങ്ങൾ ലഭ്യമാക്കുക എന്നതാണ് ഉദ്ദേശം. ഈ വിവരം അദ്ദേഹം മാതൃസഹോദരിയുടെ മകൻ വിൽസനെ അറിയിച്ചിട്ടുമുണ്ട്.

എനിക്ക് തിരുമേനിയെ വ്യക്തിപരമായി പരിചയം ഇല്ല. എന്റെ ഭാര്യ ലതയുടെ ബാല്യകാലസഖിയായ ലില്ലിയുടെ സഹോദരനാണ് എന്നു മാത്രം അറിയാം. ഏതായാലും എന്ത് ചെയ്യാൻ കഴിയുമെന്ന് നോക്കട്ടെ എന്നു ഞാൻ പറഞ്ഞു. മാർ ഇഗ്നാത്തിയോസ് ഇടവക വികാരി ആയിരുന്ന വന്ദ്യ ജോസഫ് റമ്പാച്ചനുമായി ഞാൻ ഇക്കാര്യത്തെപ്പറ്റി ആലോചിച്ചു.

തൊഴിയൂർ തിരുമേനി അദ്ദേഹത്തിന്റെ ബന്ധുവായ മാർ ഒസ്താത്തിയോസ് ബന്യാമിൻ തിരുമേനിയുമായി ആലോചിച്ച് അന്ത്യോക്ക്യ സഭയും തൊഴിയൂർ സഭയും തമ്മിലുള്ള ബന്ധം വിശദീകരിച്ചും ഇപ്പോഴത്തെ സന്ദർശനത്തിന്റെ ഉദ്ദേശ്യം വ്യക്തമാക്കിയും പരിശുദ്ധ പാത്രിയാർക്കിസ് ബാവക്ക് ഒരു കത്ത് അയക്കാൻ ഞാൻ തൊഴിയൂർ തിരുമേനിയോട് കത്തിലൂടെ നിർദ്ദേശിച്ചു. ഇതനുസരിച്ച് പരിശുദ്ധ ബാവക്ക് തൊഴിയൂർ തിരുമേനി വിശദമായി

കത്തെഴുതി. അധികം വൈകാതെ പരിശുദ്ധ പാത്രിയാർക്കിസ് ബാവയുടെ നേരിട്ട് ഭരണത്തിലുള്ള UAEയിലെ എല്ലാ ദേവാലയങ്ങളിലും സന്ദർശനം നടത്താനും, വി.കുർബ്ബാനഅർപ്പിക്കുവാനും പാർസനേജിൽ താമസിക്കുന്നതിനും മറ്റും അനുവാദം നൽകിക്കൊണ്ടുള്ള പരിശുദ്ധ പാത്രിയാർക്കിസ് ബാവയുടെ കൽപന തൊഴിയൂരിലും UAEയിലെ പള്ളികളിലും ലഭിച്ചു. ഇത്രയും പെട്ടെന്ന് ഈ കാര്യങ്ങൾക്ക് ആഗ്രഹിച്ച വിധത്തിൽ ഒരു കൽപന പരിശുദ്ധ ബാവയിൽ നിന്നും ലഭിച്ചതിന് പുറകിൽ ബന്യാമിൻ തിരുമേനിയുടേയും അന്നത്തെ പരിശുദ്ധ ബാവയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന കെ.വി. കുര്യാക്കോസ് അച്ചന്റേയും (പിൽകാലത്ത് മെത്രാപ്പോലിത്തയായി വാഴിക്കപ്പെട്ട യുലിയോസ് തിരുമേനി)നിസ്വാർത്ഥമായ പിന്തുണ പ്രത്യേകം സ്മരണീയമാണ്.

കല്പനകിട്ടിയതിന് ശേഷം അധികം വൈകാതെ തന്നെ തിരുമേനിക്കു വേണ്ടുന്ന എല്ലാ യാത്രാരേഖകളും ശരിയാക്കി ദുബൈയിൽ നിന്നും തൊഴിയൂരിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ഈ കാര്യങ്ങളിലെല്ലാം പ്രാധാനപങ്കുവഹിക്കുവാൻ സർവ്വശക്തനായ ദൈവം എന്നെ എടുത്ത് ഉപയോഗിച്ചതിൽ അത്യധികം ദൈവത്തിൽ സന്തോഷിക്കുന്നു.

1988 ജൂൺ 2-നു വ്യാഴാഴ്ച രാവിലെ 7-55ന് കൊച്ചിയിൽ നിന്നും ബോംബെ വഴി യാത്ര തിരിച്ച അദ്ദേഹം വൈകീട്ട് 10.30ന് ദുബായ് ഇന്റർനാഷ്ണൽ എയർപോർട്ടിൽ എത്തി. വിമാനത്താവളത്തിൽ വെച്ച്ശ്രീ. സി. ജെ. ഡേവീസ്, ദുബായ്, ഷാർജ, അബുദാബി, അലൈൻ തുടങ്ങിയ ഇടവകകളുടെ ചുമതല വഹിക്കുന്ന വെരി. റവ. ജോസഫ് വർഗ്ഗീസ് റമ്പാൻ, റവ. ഫാ. കുര്യൻ, മെത്രാപ്പോലിത്തായുടെ സന്ദർശനത്തിനാവശ്യമായ അനുവാദപത്രങ്ങൾ ക്രമീകരിച്ച ശ്രീ. എ. പി. സ്ക്കറിയ, ദുബായ് മാർ ഇഗ്നാത്തിയോസ് യാക്കോബായ സുറിയാനി ഇടവക പള്ളി സെക്രട്ടറിയായിരുന്ന ലേഖകൻ ശ്രീ. ചീരൻ വർക്കി, മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വിവിധ ഇടവകകളിൽ നിന്നുള്ള അംഗങ്ങൾ, മറ്റു സഭാസ്നേഹികൾ എന്നിവർ ചേർന്ന് മെത്രാപ്പോലിത്തായെ ഹാർദ്ദവമായി സ്വീകരിച്ചു.

ദുബായ്, അബുദാബി, ഷാർജ, അലൈൻ സന്ദർശനം

വിശുദ്ധനാടുകളുടെ സന്ദർശനത്തിനിടയ്ക്ക് ഗൾഫ് നാടുകളിലെ (UAE) പള്ളികളിൽ വി. കുർബ്ബാന അർപ്പിക്കുന്നതിന് പരിശുദ്ധ ഇഗ്നാത്തിയോസ് സക്കാ പ്രഥമൻ പാത്രിയാർക്കിസ് ബാവയിൽ നിന്നും പ്രത്യേക കല്പന ലഭിച്ച മെത്രാപ്പോലിത്ത ജൂൺ 3-ന് വെള്ളിയാഴ്ച രാവിലെ 8 മണിക്ക് ദുബായ് മാർ ഇഗ്നാത്തിയോസ് സിറിയൻ ഓർത്തഡോക്സ് (യാക്കോബായ) പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു. വി. കുർബ്ബാനമദ്ധ്യേ ഇടവക വികാരി വെരി. റവ. ജോസഫ് വർഗ്ഗീസ് റമ്പാൻ ഇടവകാംഗങ്ങൾക്ക് മെത്രാപ്പോലിത്തായെ പരിചയപ്പെടുത്തി.

ഭദ്രാസനദേവാലയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിന് എല്ലാവരുടേയും സഹായസഹകരണങ്ങൾ തിരുമേനി അഭ്യർത്ഥിച്ചു.

തിരുമേനിക്ക് UAE യിൽവരുവാനും പള്ളികൾ സന്ദർശിക്കുവാനും വി. കുർബ്ബാനഅർപ്പിക്കുവാനും അനുവാദം നല്കിയ പരിശുദ്ധ പാത്രിയർക്കിസ് ബാവയോടും ഇതിനുവേണ്ടി പ്രവർത്തിച്ച മറ്റെല്ലാവരോടും തിരുമേനി നന്ദി പറഞ്ഞു.

മലബാർ സ്വതന്ത്ര സുറിയാനി സഭ മലങ്കരസഭയ്ക്ക് ചെയ്തുകൊടുത്ത സേവനത്തെക്കുറിച്ചും, സഭയുടെ എക്യുമെനിക്കൽ കാഴ്ചപ്പാടിനെസംബന്ധിച്ചും സഭാസ്ഥാപകനായ പരിശുദ്ധ കാട്ടുമങ്ങാട്ട് അബ്രഹാം മാർ കുറിലോസ് ബാവായുടെ ത്യാഗോജ്ജ്വലമായ പ്രാർത്ഥനാ ജീവിതത്തെക്കുറിച്ചും പ്രസംഗിക്കുകയുണ്ടായി. തൊഴിയൂർസഭയും മലങ്കരസഭയും പരസ്പരപൂരകസഭകളാണെന്ന യാഥാർത്ഥ്യം അഭിവന്ദ്യ മെത്രാപ്പോലിത്താ ചൂണ്ടികാണിച്ചപ്പോൾ പലർക്കും അത് നൂതനമായ ഒരു അറിവായിരുന്നു. അലൈൻ സെന്റ് ജോർജ്ജ് സിറിയൻ ഓർത്തഡോക്സ് ചർച്ച്, അബുദാബി സെന്റ് ജോർജ്ജ് സിറിയൻ ഓർത്തഡോക്സ് ചർച്ച്, ഷാർജ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് ചർച്ച് എന്നീ യാക്കോബായ ഇടവകകളിലും അഭിവന്ദ്യ മെത്രാപ്പോലിത്താ വി. കുർബ്ബാനയർപ്പിക്കുകയും വി. കുർബ്ബാന മധ്യേ സഭയുടെ ചരിത്രത്തെക്കുറിച്ചും, വേദപുസ്തകത്തെ ഉദ്ധരിച്ചുകൊണ്ട് പ്രസംഗിക്കുകയും ചെയ്തു. മെത്രാപ്പോലിത്താ എത്തിയ ഓരോ സ്ഥലങ്ങളിലും സഭാവ്യത്യാസം കൂടാതെ, ജാതിമതഭേദമെന്യേ പലരും അദ്ദേഹത്തെ കാണുവാനും, തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസനദേവാലയത്തിന്റെ പ്രവർത്തനത്തിന് അവരുടെ സംഭാവനകൾ നൽകുന്നതിനും വന്നിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമായിരുന്നു.

മലബാർ സ്വതന്ത്ര സുറിയാനി സഭയെപറ്റി ജ്ഞാനമില്ലാതിരുന്ന വലിയൊരു വിഭാഗം ആളുകൾക്ക് ഈ ചെറിയ സഭയെ സംബന്ധിച്ച് പൂർണ്ണമായ അറിവു പകർന്നു കൊടുക്കാൻ അഭിവന്ദ്യ തിരുമനസ്സിലെ വിദേശയാത്ര മുഖാന്തിരമായിത്തീർന്നുവെന്നു തന്നെ പറയാം.

ജോർദ്ദാൻ സന്ദർശനം

ജൂൺ 16ന് വിശുദ്ധ നാടുകൾ സന്ദർശിക്കുന്നതിനായി മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ദുബായിയിൽ നിന്ന് ജോർദ്ദാന്റെ തലസ്ഥാനപട്ടണമായ അമ്മാനിലേക്ക് വിമാനമാർഗ്ഗം യാത്ര പുറപ്പെട്ടു. ട്രാവൽ ഏജന്റു മാത്രം, തന്നെ സ്വീകരിക്കാനെത്തുമെന്ന് കരുതിയിരുന്ന തിരുമേനിയുടെ പ്രതീക്ഷക്ക് വിരുദ്ധമായി മലയാളികളായ സർവ്വ ശ്രീ തോമസ്, പത്രോസ്, സി. ജെ. വർഗ്ഗീസ്, അബ്രഹാം മാത്യു എന്നിവരും വാഹനവുമായി അമ്മാൻ

എയർപോർട്ടിൽ കാത്തുനിന്നിരുന്നു. ജോർദ്ദാൻ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ (J.M.C.C)മെത്രാപ്പോലിത്തായെ സമുചിതമായി സ്വീകരിച്ചു. ശ്രീ. സി. ജെ. വർഗ്ഗീസിന്റെ (കണ്ണന്താനം- പുത്തൻ കുരിശ്) ഭവനത്തിലായിരുന്നു താമസസൗകര്യം ഏർപ്പെടുത്തിയത്. മൂന്നു ദിവസങ്ങളിൽ വൈകിട്ട് 6-30 മണിക്ക് പ്രസ്തുത കോൺഗ്രിഗേഷന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രാർത്ഥനാ യോഗങ്ങളിൽ മെത്രാപ്പോലീത്താ പ്രസംഗിക്കുകയുണ്ടായി.

കേരളത്തിലെ വിവിധ സഭകളെ പ്രതിനിധീകരിച്ച അനേകമാളുകളടങ്ങിയ ജോർദ്ദാനിലെ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ, ക്രൈസ്തവ സമൂഹത്തിന് ഒരുത്തമ മാതൃകയാണെന്ന് മെത്രാപ്പോലിത്ത അനുസ്മരിക്കുകയുണ്ടായി. അബ്രഹാം മാത്യു, ഇ. എം. മാത്യൂസ്, മാത്യൂസ് കെ. ഡാനിയേൽ എന്നിവരോടുകൂടെ മെത്രാപ്പോലിത്ത, യിസ്രായേൽ മക്കൾ ദാഹിച്ചുവലഞ്ഞ് കേണപേക്ഷിച്ചപ്പോൾ മോശ തന്റെ വടികൊണ്ടടിച്ച പാറയിൽ നിന്ന് വെള്ളം നൽകിയ സ്ഥലവും (Mose's Spring), പാളയത്തിൽ പിച്ചള സർപ്പത്തെയുയർത്തിയ സ്മാരകവും, നേബോപർവ്വതത്തിൽ (Mount Nebo), വെച്ച് യഹോവയായ ദൈവം മോശക്ക് കനാൻ ദേശം ചൂണ്ടികാണിച്ചു കൊടുത്ത സ്ഥലത്തെ പുരാതനദേവാലയവും, കുന്നിൻ ചെരിവുകൾ വെട്ടിനിർമ്മിച്ച പഴയ റോമൻ തീയേറ്ററും, ചാവുകടലും സന്ദർശിക്കുകയുണ്ടായി.

അമ്മാനിലെ അഷറിഫിയായിലെ സെന്റ് എഫ്രേം സിറിയൻ ഓർത്തഡോക്സ് ചർച്ച് സന്ദർശിച്ച മെത്രാപ്പോലിത്തായെ ഇടവക വികാരി റവ. ഫാ. ബുത്രോസ് കോറെപ്പിസ്ക്കോപ്പാ സ്വീകരിച്ചാനയിക്കുകയും, പ്രസ്തുത ദേവാലയത്തിൽ മെത്രാപ്പോലിത്ത പ്രത്യേകം പ്രാർത്ഥന(ലുത്തിനിയ) നടത്തുകയും ചെയ്തു. യറുശലേമിലെ മെത്രാപ്പോലിത്തായും, നമ്മുടെ സഭാസ്ഥാപകനായ പ. കാട്ടുമങ്ങാട്ട് ബാവായെ മെത്രാപ്പോലിത്തയായി വാഴിച്ച യരുശലേമിലെ പാത്രിയർക്കീസായ മാർഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അനുഗാമിയുമായ മാർ ദിവന്നാസിയോസ് ജിജാവി തിരുമേനിയും തദവസരത്തിൽ സന്നിഹിതനായിരുന്നു. ഇരു സഭകളിലേയും ചരിത്രവും മറ്റും നമ്മുടെ മെത്രാപ്പോലീത്ത അദ്ദേഹവുമായി ചർച്ച ചെയ്യുകയുണ്ടായി.

ഏഴ് മലകളുടെ ചരിവുകളിലായി സ്ഥിതിചെയ്യുന്ന ജോർദ്ദാന്റെ തലസ്ഥാനപട്ടണമായ അമ്മാനിലെ, മലമുകളിൽ നിരനിരയായി സ്ഥിതിചെയ്യുന്ന വീടുകളടക്കമുള്ള കെട്ടിടങ്ങൾ മെത്രാപ്പോലിത്തയെ വല്ലാതെ ആകർഷിക്കുകയുണ്ടായി.

ജറുസലേമിന്റെ പല ഭാഗങ്ങളിലും വ്യാപകമായ തോതിൽ ലഹള പൊട്ടിപ്പുറപ്പെട്ടിരുന്നതുകൊണ്ട് മെത്രാപ്പോലീത്തയുടെ അവിടേക്കുള്ള സന്ദർശനം മാറ്റിവെക്കേണ്ടിവന്നു.

ദമാസ്ക്കസ് സന്ദർശനം

ജൂൺ 21-ന് അമ്മാനിൽ നിന്നും, സിറിയയുടെ തലസ്ഥാനപട്ടണമായ ദമാസ്ക്കസ്സിൽ ചെന്നിറങ്ങിയ മെത്രാപ്പോലിത്തായെ പരിശുദ്ധ പാത്രിയാർക്കിസ് ബാവയുടെ സെക്രട്ടറി കൂടിയായ റവ. ഫാ. കെ. വി. കുരിയാക്കോസും റവ. ഫാ. യോഹന്നാനും കൂടി ചേർന്നു സ്വീകരിച്ച് ഓൾഡ് സിറ്റിയിലെ പാത്രിയർക്കേറ്റിലേക്ക് ആനയിച്ചു. പാത്രിയർക്കേറ്റിലെ കമനീയമായ സ്വീകരണമുറിയിൽ വെച്ച് പ. ഇഗ്നാത്തിയോസ് സക്കാ പ്രഥമൻ പാത്രിയാർക്കിസ് ബാവയെ നമ്മുടെ മെത്രാപ്പോലിത്താ സന്ദർശിക്കുകയും മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ലഘുചരിത്രം വിശദീകരിച്ചുകൊടുക്കുകയും ചെയ്തു.

പരിശുദ്ധ പൂർവ്വ പിതാക്കന്മാരുടെ പാരമ്പര്യങ്ങളിൽ ഉറച്ചുനിന്ന് ക്രിസ്തുവിലുള്ള വിശ്വാസം മുറുകെ പിടിച്ച് മുന്നോട്ടുപോകുവാൻ മലബാർ സ്വതന്ത്ര സുറിയാനി സഭയ്ക്കും മെത്രാപ്പോലിത്തായ്ക്കും വൈദീകരടക്കമുള്ള ജനങ്ങൾക്കും ദൈവം തമ്പുരാൻ ശക്തിയേകട്ടെ എന്ന് ആ കൂടികാഴ്ചയിൽ ആശംസിക്കുകയും, ഈ സഭയ്ക്കുവേണ്ടി ബാവ പ്രത്യേകം പ്രാർത്ഥിക്കുന്നുവെന്ന് കൂട്ടിചേർക്കുകയും ചെയ്തു.

പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ ആതിഥ്യം സ്വീകരിച്ച് മൂന്നു ദിവസം ദമാസ്ക്കസ്സിൽ തങ്ങിയ മെത്രാപ്പോലിത്താ വിശുദ്ധ പൗലോസ് അപ്പോസ്തോലനെ യേശുക്രിസ്തു വിളിച്ചപ്പോൾ വീണ പടിവാതിലും, അനന്യാസിന്റെ ഭവനത്തിലെ പ്രത്യേകമുറിയിൽ (അനന്യാസ് ചാപ്പൽ) വെച്ച് അപ്പോസ്തോലൻ മാമോദീസയേറ്റ സ്ഥലവും, ശത്രുക്കളിൽ നിന്ന് രക്ഷിക്കുവാൻ തന്റെ ശിഷ്യന്മാർ ദമസ്ക്കോസിലെ നഗരഗോപുരത്തിൽ നിന്ന് അപ്പോസ്തോലനെ കൊട്ടയിൽ ഇറക്കിയ ഗോപുരത്തിലെ കിളിവാതിലും (അ.പ്ര. 9.25) ലോകത്തിലേയ്ക്കേറ്റവും വലിയ പള്ളികളിലൊന്നായ ഒമയാദ് ദേവാലയത്തിലെ യോഹന്നാൻ മാംദാനയുടെ കബറിടവും ബഹുമാനപ്പെട്ട കെ. വി. കുരിയാക്കോസ് കശ്ശീശയോടൊപ്പം സന്ദർശിക്കുകയുണ്ടായി. ഈ ദേവാലയം ഇന്ന് 'ഓമയാദ് മോസ്ക്' എന്ന പേരിൽ ഒരു മുസ്ലീം തീർത്ഥാടനകേന്ദ്രവും കൂടിയാണ്.

ബഹ്റിൻ സന്ദർശനം

ഡമാസ്ക്കസ്സിൽ നിന്ന് മെത്രാപ്പോലീത്താ ബഹ്റൈയിൻ എന്ന ഗൾഫ് രാജ്യത്തിലേക്ക് 24-നു പുറപ്പെട്ടു. ബഹറിൻ എയർപോർട്ടിൽ വെച്ച് മെത്രാപ്പോലീത്തായെ അവിടുത്തെ സെന്റ് പീറ്റേഴ്സ് യാക്കോബായ സുറിയാനി ഇടവക പള്ളി വികാരി റവ. ഫാ. ഡാർളി എടപ്പങ്ങാട്, ഇടവക കൈക്കാരന്മാർ, മലബാർ സ്വതന്ത്ര സുറിയാനി സഭാംഗങ്ങൾ, സുഹൃത്തുക്കൾ തുടങ്ങി ധാരാളം പേർ ചേർന്ന് സ്വീകരിക്കുകയുണ്ടായി. ബഹറിനിലെത്തിയ മെത്രാപ്പോലീത്താ അവിടത്തെ യാക്കോബായ

പള്ളി വികാരിയോടൊപ്പം പാഴ്സനേജിൽ താമസിച്ചു. 25-നു ശനിയാഴ്ച സെന്റ് പീറ്റേഴ്സ് യാക്കോബായ സുറിയാനി പള്ളിയിൽ വി. കുർബ്ബാനയർപ്പിച്ചു. 26-നു ഞായറാഴ്ച വൈകീട്ട് നടന്ന പ്രാർത്ഥനായോഗത്തിലും മെത്രാപ്പോലിത്താ പ്രസംഗിക്കുകയുണ്ടായി.

തിരിച്ച് ഇന്ത്യയിലേക്കുള്ള മടക്കയാത്രയിൽ മെത്രാപ്പോലീത്താ ജൂൺ 27-ന് ദുബായിലെത്തുകയും ജൂലായ് 1-നു ദുബായിയിലെ സി. എസ്സ്. ഐ. ഇടവകയുടെ ക്ഷണം സ്വീകരിച്ച് ആരാധനാ മദ്ധ്യേ സുവിശേഷത്തെ അടിസ്ഥാനമാക്കി പ്രസംഗിക്കുകയും ചെയ്തു.

യു. എ. ഇയിലെ യാത്രാമധ്യേ, OUR OWN English High School, The Cambridge High School, Modern High School, The Emirates Indian School, Alpha English School, Majid & Greeland Nursary School, Sheeja printing press, Jamal Trading Company Dubai Sharjah Fuel Trading and Distribution Company തുടങ്ങിയ സ്ഥാപനങ്ങളും മെത്രാപ്പോലിത്താ സന്ദർശിക്കുകയുണ്ടായി.

മലയാളികൾക്ക് ഗൾഫ് നാടുകളിൽ കൂടുതൽ വ്യാപകമായി വിശ്വസ്തതയോടെ പ്രവർത്തിക്കാൻ കഴിയുമെന്നതിന് ഉദാത്തമായ ഒരു ഉദാഹരണമാണ് തിരുവല്ലാ സ്വദേശിനിയായ ശ്രീമതി മറിയാമവർക്കിയുടെ പ്രധാനഉടമസ്ഥതയിൽ യു. എ. ഇ. യിൽ നടക്കുന്ന 6 ഹൈസ്കൂളുകൾ ചൂണ്ടികാണിക്കുന്നത്. വിദേശികളായ അദ്ധ്യാപകരടക്കം ഏകദേശം 1000ൽ പരം ജോലിക്കാർക്ക് സേവനമനുഷ്ഠിക്കാൻ തക്ക സാഹചര്യങ്ങൾ മണലാരണ്യത്തിൽ ഒരുക്കിത്തീർക്കാൻ ദൈവം തമ്പുരാൻ അവരെ വിശ്വസ്തതയോടെ പരിപാലിച്ചത് മെത്രാപ്പോലിത്താ പ്രത്യേകം എടുത്തു പറയുകയുണ്ടായി.

റാസ്- അൽ- ഖൈമ സന്ദർശനം

മതസ്വാതന്ത്ര്യം വളരെയധികം വെട്ടി ചുരുക്കിയ യു. എ.ഇ.യിലെ കൃഷിനിലങ്ങൾ സ്ഥിതിചെയ്യുന്ന റാസ്- അൽ- ഖൈമയിലേക്ക് സഭാമേലദ്ധ്യക്ഷന്മാർ പ്രാർത്ഥനക്കായി പോകുന്നത് വിരളമാണ്. എങ്കിലും നമ്മുടെ സഭാമേലദ്ധ്യക്ഷന് അവിടെയുള്ള സഭാംഗങ്ങളേയും സുഹൃത്തുക്കളേയും സന്ദർശിക്കുന്നതിനും, അവിടെ അവർക്കായി പ്രാർത്ഥനായോഗം നടത്തുന്നതിനും സാധിച്ചുവെന്നുള്ളത് ദൈവത്തിന്റെ വിലയേറിയ കരുതലായി കണക്കാക്കാം.

ശ്രീ. സി. സി. വർഗ്ഗീസ് (ZION) ആണ് അഭിവന്ദ്യ തിരുമേനിയുടെ പ്രസ്തുതപരിപാടിക്ക് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തത്. യൂണിയൻ സിമന്റ് കമ്പനിയുടെ റിക്രിയേഷൻ ക്ലബിലാണ് പ്രാർത്ഥനായോഗം ക്രമീകരിക്കപ്പെട്ടത്. യോഗത്തിൽ ശ്രീ. ബാബുവർഗ്ഗീസ് സ്വാഗതമാശംസിച്ചു. വിശുദ്ധ വേദപുസ്തകത്തിലെ വചനങ്ങളെ ആധാരമാക്കിയും മെത്രാപ്പോലിത്താ തദവസരത്തിൽ പ്രസംഗിക്കുകയുണ്ടായി.

ഇന്ത്യൻ അസോസിയേഷൻ സ്വീകരണം

യു.എ.ഇ.യിൽ എത്തിയ നമ്മുടെ തിരുമേനിക്ക് ഷാർജ ഇന്ത്യൻ അസോസിയേഷൻ ഊഷ്മളമായ സ്വീകരണമാണ് നൽകിയത്. അസോസിയേഷൻ പ്രസിഡണ്ട് ശ്രീ. പി.ജി. നായരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, ജനറൽ സെക്രട്ടറി ശ്രീ. സലിം പൊന്നമ്പത്ത് സ്വാഗതമാശംസിച്ചു. സർവ്വശ്രീ. ചീരൻ വർക്കി, എസ്. ആർ. കൃഷ്ണമൂർത്തി, പയ്യോളി നാരായണൻ, ജോർജ്ജ് ഉലഹന്നാൻ എന്നിവർ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ചരിത്രവൈശിഷ്ട്യത്തെക്കുറിച്ചും, എക്യുമെനിക്കൽ ദൗത്യത്തെക്കുറിച്ചും, ഇതരമത വിഭാഗങ്ങളോടുള്ള അതിന്റെ സ്നേഹവായ്പേറിയ കാഴ്ചപ്പാടിനെക്കുറിച്ചും പ്രസംഗിക്കുകയുണ്ടായി. അസോസിയേഷൻ നടത്തുന്ന വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനങ്ങളെയും തന്റെ മറുപടി പ്രസംഗത്തിൽ പ്രശംസിച്ച മെത്രാപ്പോലിത്താ, ആർഷഭാരത സംസ്ക്കാരത്തിന്റെ മഹത്വം ഗൾഫ് നാടുകളിൽ ഉയർത്തിക്കാട്ടുവാൻ അസോസിയേഷൻ ഭാരവാഹികളെ ആഹ്വാനം ചെയ്യുകയും ചെയ്തു.

യു.എ.ഇ.യിലുള്ള സന്ദർശനവേളയിൽ ദുബായിലെ യാക്കോബായ ഇടവക പാഴ്സനേജിൽ ബ.റമ്പാച്ചനോടൊപ്പമായിരുന്നു മെത്രാപ്പോലിത്ത താമസിച്ചത്. മിക്കവാറും യാത്രയിൽ ബ. റമ്പാച്ചൻ മെത്രാപ്പോലിത്തായെ അനുഗമിച്ചിരുന്നു. ദുബായ് യാക്കോബായ സുറിയാനി ഇടവക സെക്രട്ടറി, ട്രസ്റ്റി, കമ്മറ്റിക്കാർ, ഭക്തസംഘടനകൾ, സണ്ടെസ്കൂൾ പ്രവർത്തകർ, മദ്ബഹാ ശുശ്രൂഷകർ എന്നിവരെല്ലാം തിരുമേനിക്ക് വേണ്ടുന്ന എല്ലാവിധ സഹകരണങ്ങളും നൽകാൻ തയ്യാറായിട്ടുണ്ടായിരുന്നു. തിരുമേനിയുടെ സന്ദർശനവേളയിൽ ദുബായിൽ എത്തിച്ചേർന്ന ക്നാനായ ഭദ്രാസനത്തിലെ റവ. ഫാദർ കുര്യൻ ചാലുപറമ്പിൽ അച്ചനും തിരുമേനിയും വിവിധ പരിപാടികളിൽ സന്തോഷപൂർവ്വം പങ്കെടുത്തു. ഇന്നദ്ദേഹം ക്നാനായ ഭദ്രാസനത്തിലെ മാർ ഗ്രിഗോറിയോസ് കുര്യാക്കോസ് മെത്രാപ്പോലിത്തായാണ്. അഭിവന്ദ്യ മാർ കുറിലോസ് തിരുമേനിയുടെ യു.എ.ഇ. സന്ദർശനത്തിന്റെ ഓർഗനൈസിങ് ചുമതലയുണ്ടായിരുന്ന എന്നോടൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിച്ചവരെ ഒരിക്കലും മറക്കാൻ കഴിയില്ല. പ്രത്യേകിച്ചും ശ്രീ. മാത്യൂസ്, എ. പി. സ്കറിയ, വിത്സൻ, ഫിലിപ്പ് എന്നിവരെ. മേല്പട്ടത്വ രജതജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ മാർ കൂറിലോസ് തിരുമേനിയ്ക്ക് മധുരസ്മരണകളോടെ ഭാവുകാശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

ആലത്തൂരച്ചൻ (ഫാദർ ജോസ്ഫ് പനക്കൽ)

ഒരോർമ്മക്കുറിപ്പ്

വില്ലി എം. ജി., പഴഞ്ഞി.

1971 നവംബർ 23. അന്നായിരുന്നു കരിക്കാട് സെന്റ് ജോർജ് പള്ളിയുടെ കൂദാശയുടെ ഒന്നാംഘട്ടവും പൊതുസമ്മേളനവും. അഭിവന്ദ്യ പൌലോസ് മാർ പീലക്സിനോസ്, കൽദായസഭയുടെ ബിഷപ്പ് മാർ അപ്രേം, ബഥനി ഇംഗ്ലീഷ് സ്ക്കൂളിന്റെ പ്രിൻസിപ്പാളായ ഫാദർ ലാസറസ് എന്നിവരായിരുന്നു വിശിഷ്ടാഥിതികൾ. പിറ്റേന്ന് കൂദാശയ്ക്കുശേഷം തിരുമേനിയോടൊപ്പമുണ്ടായിരുന്ന ഒരു ചേട്ടനെ ഞാൻ പരിചയപ്പെട്ടു. കുന്നംകുളത്തുകാരനായ ആലത്തൂര് പനയ്ക്കൽ മാത്തുകുട്ടി മകൻ ജോസഫ്. (ഇന്നത്തെ വലിയ തിരുമേനി) ശെമ്മാശ പട്ടത്തിന് പഠിച്ചിരുന്ന അദ്ദേഹത്തിനെപിന്നീട് പലപ്പോഴും കാണുവാനും സൗഹൃദം പുതുക്കുവാനും അവസരം ലഭിച്ചു. അന്നും സഭയെ നിർജ്ജീവാവസ്ഥയിൽ നിന്ന് ചലനാത്മകതയിലേക്ക് എത്തിക്കുന്നതിനെകുറിച്ചുള്ള ചിന്തകളായിരുന്നു ആ മനസ്സുനിറയെ.

ഈ സമയത്താണ് സുവിശേഷസംഘത്തിന്റെ കീഴിൽ ഫാദർ കെ.സി. വർഗ്ഗീസ് അദ്ധ്യക്ഷനായും, ഡീക്കൻ ജോസഫ് പനക്കൽ സെക്രട്ടറി ആയും യൂത്ത് അസ്സോസിയേഷൻ എന്ന സംഘടനയ്ക്ക് രൂപം നൽകിയത്. അതിൽ അദ്ദേഹത്തിന്റെ ജോയിന്റ്സെക്രട്ടറിയായി പ്രവർത്തിക്കാൻ എനിക്കും അവസരം ലഭിക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ ചരൽക്കുന്നിൽ ചേർന്ന K.C.C.യുടെ ത്രിദിനട്രിനിറ്റൽ അസംബ്ലിയിൽ ശെമ്മാശനോടൊപ്പം പങ്കെടുത്തത് ഞങ്ങളുടെ സൗഹൃദം ദൃഢമാക്കി.

യൂത്ത് അസ്സോസിയേഷന്റെ ബാനറിൽ ഞങ്ങൾ വിവിധ ഇടവകകൾ സന്ദർശിക്കുകയും യുവജനങ്ങളുമായി സമ്പർക്കം പുലർത്തുകയും ചെയ്തു. തുടർന്ന് ഒരു സ്വതന്ത്രയുവജനപ്രസ്ഥാനം ആരംഭിക്കുന്നതിന് വേണ്ട ഒരുക്കം. ആരംഭിച്ചു. ഇതിനുവേണ്ടി കുന്നത്തെപള്ളിയിൽ വിളിച്ച യോഗത്തിൽ ഊർജ്ജസ്വലരായ 50-ഓളം യുവാക്കൾ പങ്കെടുത്തു. അന്നത്തെ സാഹചര്യത്തൽ ഇതൊരു വലിയ സംഖ്യയായിരുന്നു. പ്രസ്ഥാനത്തിന്റെ പേര് മലബാർ സ്വതന്ത്ര സുറിയാനിസഭാ യൂത്ത്ലീഗ് എന്ന് തീരുമാനിച്ചു. ഭരണഘടനതയ്യാറാക്കുന്നതിനും മാസിക ആരംഭിക്കുന്നതിനും വേണ്ട കമ്മറ്റികൾ തിരഞ്ഞെടുത്തു വിപുലമായ സംഘാടനത്തിനുവേണ്ടി മൂന്ന് മേഖലകളാക്കി തിരിച്ച് ഫാദർ ജോസഫ് പനയ്ക്കലിന്റെ നേതൃത്വത്തിൽ യൂത്ത്ലീഗ് പ്രവർത്തനം ആരംഭിച്ചു. ഇതിൽ മദ്ധ്യമേഖലയുടെ കോഓർഡിനേറ്ററായി യൂത്ത്ലീഗിന്റെ സംഘാടക സമിതിയിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുവാൻ എനിയ്ക്ക് അവസരം ലഭിച്ചു.

1984-ൽ യുവജനപ്രസ്ഥാനം അതിന്റെ പൂർണ്ണതയോടുകൂടി യൂണിറ്റടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ സഭയിലെ നല്ലൊരു പങ്ക്യുവജനങ്ങളും യൂത്ത്ലീഗ് അംഗങ്ങളായിരുന്നു. ഫാദർ ജോസഫ് പനയ്ക്കൽ അതിന്റെ അമരക്കാരനും. അദ്ദേഹത്തിന്റെ മികച്ച സംഘാടനശേഷി അനുഭവിച്ചറിയാൻ മറ്റുയുവജനങ്ങളോടൊപ്പം എനിയ്ക്കും സാധിച്ചു. ഈ സന്ദർഭങ്ങളിലെല്ലാം അദ്ദേഹത്തിന്റെ വലതുകരമായി പ്രവർത്തിച്ചിരുന്ന ഡീക്കൻ വർഗ്ഗീസ് വാഴപ്പിള്ളിയെയും ശ്രീ. എം.പി. കൊച്ചുമോനേയും പ്രത്യേകം പരാമർശിയ്ക്കട്ടെ.

1986-ൽ പാവപ്പെട്ടവർക്കുവേണ്ടി ഇരുനൂറോളം തയ്യൽ മെഷീനുകൾ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സഹായത്തോടെ വിതരണം ചെയ്യാൻ യൂത്ത്ലീഗിന് കഴിഞ്ഞു. ഇതിന് വേദിയായത് മദ്ധ്യമേഖലയിൽപെട്ട പഴഞ്ഞി ഇടവക പള്ളിയായിരുന്നു. കൂടാതെ എല്ലാ യൂണിറ്റുകളിലൂടെയും നിർദ്ധനരായ കുട്ടികൾക്ക് നോട്ടുപുസ്തകങ്ങളും മറ്റു പഠനോപകരണങ്ങളും

വർഷം തോറും നൽകുവാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ ഞാൻ ഇന്നെന്നപോലെ ഓർക്കുന്നു. നിർദ്ധനർക്കും ആലംബഹീനർക്കും വേണ്ടിയുള്ള ജീവകാരുണ്യപ്രവർത്തനങ്ങളിൽ അന്നു മുതലേ അദ്ദേഹം ശ്രദ്ധകേന്ദ്രീകരിച്ചിരുന്നു.

കുന്നംകുളം പഴഞ്ഞി സിറിയൻ കൃസ്ത്യൻ അസ്സോസിയേഷൻ പ്രസിദ്ധീകരിച്ചു പഠിപ്പിച്ചു കൊണ്ടിരുന്ന സൺണ്ടേസ്കൂൾപാഠപുസ്തകത്തിന്റെ കോപ്പിറൈറ്റ് സഭാസുവിശേഷസംഘത്തിന് വേണ്ടി രേഖാമൂലം വാങ്ങിച്ചു സഭയുടെ സണ്ടേസ്കൂളുകളിൽ സഭാസുവിശേഷ സംഘത്തിന്റെ പേരിൽ അച്ചടിപ്പിച്ച് ആദ്ധ്യാത്മപഠനരംഗത്ത് ശക്തമായ മുന്നേറ്റം നടത്തിയത് ആലത്തൂരച്ചൻ സുവിശേഷസംഘത്തിന്റെ ചുമതലക്കാരനായ കാലത്തായിരുന്നു. കീർത്തനമാല, വിശുദ്ധസംഗീതമാല (സുവിശേഷഗാനങ്ങൾ) ഇവയും സഭയ്ക്ക് സ്വന്തമായ രീതിയിൽ പ്രസിദ്ധീകരിക്കുവാനും ഈ സംരഭത്തോടെ സാധിച്ചു. ഈ സമയത്തു തന്നെ ഈ സഭയ്ക്കു സ്വന്തമായി നമസ്കാരക്രമവും വിശുദ്ധ കുർബ്ബാനക്രമവും തയ്യാറാക്കുവാൻ ആലത്തുരച്ചന്റെ സഹായിയായി കൂടെ നില്ക്കുവാൻ സാധിച്ചത് ഒരു അനുഗ്രഹമായി ഞാൻ കാണുന്നു.

ആ കാലഘട്ടത്തിൽ സഭയിലെ സണ്ടേസ്ക്കുളുകൾക്ക് സ്വന്തമായി പാഠപുസ്തകങ്ങൾ ഉണ്ടായിരുന്നില്ല. ഇതിനുവേണ്ടിപോലും മറ്റു സഭകളെയാണ് ആശ്രയിച്ചിരുന്നത്. ഈ ദുരവസ്ഥക്ക് പരിഹാരമുണ്ടാക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച കമ്മിറ്റിയിൽ സർവ്വശ്രീ, കെ. സി. അബ്രഹാം, ജോൺവർഗ്ഗീസ് എന്നിവരോടൊപ്പം പ്രവർത്തിയ്ക്കാൻ എനിയ്ക്കും അവസരമുണ്ടായി. (8-ാം ക്ലാസ്സുവരെയുള്ള പാഠ്യപദ്ധതി തയ്യാറാക്കാൻ സാധിച്ചു.)

സ്നേഹസന്ദേശം എന്നപേരിൽ യൂത്ത്ലീഗ് പ്രസിദ്ധീകരണം ആരംഭിച്ച മാസികയ്ക്ക് പിന്നീട് “കുഞ്ഞാടുകളുടെ വെളിച്ചം” എന്നപേരിൽ രജിസ്ട്രേഷൻ ലഭിച്ചു. ഇതിനെ സഭയുടെ ശബ്ദമാക്കി മാറ്റാൻ ഫാദർജോസഫ് പനയ്ക്കലിന് കഴിഞ്ഞു. യൂത്ത് ലീഗ് പ്രവർത്തനവും ഈ മാസികാപ്രവർത്തനവും തുടർന്നും സാമ്പത്തിക ഭദ്രതയോടെ നടത്തുന്നതിനും എന്നെന്നും നിലനില്ക്കുന്നതിനും വേണ്ടി നടത്തിയ ആലപ്പിതീയറ്റേഴ്സിന്റെ “വിശുദ്ധ പത്രോസ്” എന്ന നാടകം വൻവിജയമായിരുന്നു.

കുന്നത്തെപള്ളിയിൽ താമസം തുടങ്ങിയതു മുതൽ അവിടെ സന്ദർശിക്കാറുള്ള യുവജനപ്രസ്ഥാനം പ്രവർത്തകരെ സഭാചരിത്രം പഠിപ്പിക്കാൻ അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. ചരിത്രത്തിലെ അറ്റുപോയ കണ്ണികളെ കണ്ടെത്താനുതകുന്ന ചർച്ചകളും അവിടെ സാധാരണമായിരുന്നു. മലങ്കരസഭയുടെ പൂർവ്വികചരിത്രത്തിൽ പഠനം നടത്തുന്നതിന് ഒഴിവുസമയങ്ങൾ അദ്ദേഹം വിനിയോഗിയ്ക്കാറുണ്ടായിരുന്നു. ഇവയിലെ കണ്ടെത്തലുകൾ ഞങ്ങളുമായി പങ്കുവെയ്ക്കാറുണ്ടായിരുന്നു. കുന്നത്തെപള്ളിമേടയിൽ നടന്ന അനൗദ്യോഗിക ചർച്ചകളും പുസ്തകപാരായണവും സഭാചരിത്രപഠനത്തിനും മാസികാപ്രവർത്തനങ്ങളടക്കം വിവിധ അദ്ധ്യാത്മീക സാമൂഹികപ്രവർത്തനങ്ങൾക്കും അദ്ദേഹത്തിന് പ്രോത്സാഹനമായി തീർന്നു. സഭയ്ക്കുവേണ്ടി പുസ്തകങ്ങൾ പ്രസിദ്ധീകരിയ്ക്കണമെന്നും അവയിലൂടെ സഭയെ മറ്റുള്ളവർ അറിയാൻ ഇടവരുമെന്നും പറയാറുള്ള അദ്ദേഹം സഭയെകുറിച്ചും അതിന്റെ ചരിത്രത്തെക്കുറിച്ചും പഠനം നടത്താൻ താല്പര്യമുള്ള പലരേയും പ്രോത്സാഹിപ്പിച്ചു. അതിന്റെ ഫലമായി പല പുസ്തകങ്ങളും ഈ സഭയെക്കുറിച്ചും കാട്ടുമങ്ങാട്ട് ബാവാമാരെ കുറിച്ചും രചിയ്ക്കപ്പെട്ടു.

കുന്നത്തെപള്ളിയിൽ താമസമാക്കിയിരുന്ന ആലത്തൂരച്ചന്റെ സ്ഥിരം സന്ദർശകരിൽ ഒരാളായിരുന്ന ഞാൻ അദ്ദേഹത്തിൽ ദർശിച്ച മറ്റു രണ്ടു ഗുണങ്ങൾ വായനയും പ്രാർത്ഥനയുമായിരുന്നു. കുന്നത്തെപള്ളിയിൽ ഷട്ടിൽ കളിക്കാൻ എത്തിയിരുന്ന പരിസരത്തെ സുഹൃത്തുക്കളും മാസികാപ്രവർത്തനത്തിന് വേണ്ടി എത്താറുള്ള യൂത്ത്ലീഗ് പ്രവർത്തകരും ഉദ്ദേശം 8 മണിയായിട്ടാണ് പിരിഞ്ഞുപോകാറുണ്ടായിരുന്നത്. ഇതിനിടയിൽ എല്ലാദിവസവും മുടങ്ങാതെ സന്ധ്യാനമസ്കാരവും ധ്യാനവും നടത്താറുണ്ട്. സന്ധ്യാനമസ്കാരത്തിൽ ഞങ്ങൾ പലപ്പോഴും പങ്കെടുക്കാറുണ്ട്. ഈ പതിവ് ഇപ്പോഴും അദ്ദേഹം തുടരുന്നുണ്ട്.

ഫാദർജോസഫ് പനയ്ക്കൽ, ജോസഫ്മാർ കൂറിലോസ് മെത്രാപ്പോലീത്ത ആയശേഷം തിരഞ്ഞെടുക്കപ്പെട്ട സഭാ കൗൺസിലിൽ അന്നത്തെ യുവജനപ്രസ്ഥാനത്തിന്റെ പലസജീവ പ്രവർത്തകരും അംഗങ്ങളായി സഭാ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

ഈ കുറിപ്പ് അവസാനിപ്പിയ്ക്കുന്നതിന് മുമ്പ് ഒരു വാക്ക് എന്നിലെ അദ്ധ്യാപകനെകണ്ടെത്തിയതും, ആ രംഗത്തേക്ക് നയിച്ചതും ആലത്തൂരച്ചനാണ് (തിരുമേനി) എന്ന് സന്തോഷത്തോടെ ഓർക്കുന്നു. ഇതുപോലെ പലരുടേയും കഴിവുകളും കുറവുകളും കണ്ടെത്തി ജീവിതവിജയത്തിലേക്ക് നയിക്കുവാൻ പലരേയും സഹായിച്ചിട്ടുണ്ട് എന്ന് പറയാൻ കഴിയും. തിരുമേനിക്ക് എല്ലാവിധ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

റിയാനി സഭ,
ാസ് വലിയ മെത്ര
ജതജൂബ
വർഗ്ഗീസ്

ജൂബിലേറിയൻ തിരുമേനിക്ക് ആശംസകൾ

കെ. മാണി. രാജൻ കോറെപ്പിസ്കോപ്പ.
Msc, M.Ed, PhD.

പൗരോഹിത്യത്തിന്റെ ജൂബിലി ആഘോഷിക്കുന്ന മോർ കൂറിലോസ് ജോസഫ് മെത്രാപ്പോലിത്ത എന്നും മനസ്സിൽ മിന്നിതിളങ്ങുന്ന ഒരു വ്യക്തിത്വമാണ്. അൽമേനിയായിരിക്കുമ്പോൾ M.J.D.H.Sൽ വിദ്യാർത്ഥിയായിരുന്ന കാലം മുതൽ ഞാൻ ശ്രദ്ധിച്ചുകൊണ്ടിരുന്ന ഒരു ജ്യേഷ്ഠസഹോദരനാണ് തിരുമേനി. പ്രകടമായ ശാന്തതയും, സൗമ്യതയും, പഠിക്കുന്നതിലുള്ള താല്പര്യവും എന്നിൽ അന്നുമുതൽ കൗതുകമുണർത്തിയിരുന്നു.

പൗരോഹിത്യത്തിന്റെ പ്രാരംഭപടിയിൽ പ്രവേശിച്ച ശേഷം കുന്നംകുളം ഗേൾസ് ഹൈസ്കൂൾ മുതൽ തെക്കേപ്പുറത്തുള്ള സ്വഭവനത്തിലേക്ക് ഘോഷയാത്രയായി നടന്നു നീങ്ങിയവരിൽ ഞാനും ഉണ്ടായിരുന്നു.

വൈദികനായശേഷം അദ്ധ്യാപകനെന്ന നിലയിൽ തൊഴിയൂർ സെന്റ് ജോർജ്ജ് സ്ക്കൂളിൽ പഠിപ്പിച്ചിരുന്നപ്പോൾ പലപ്പോഴും സംസാരിക്കുന്നതിനിടവന്നിട്ടുണ്ട്. അദ്ധ്യാപകന്റെ കർത്തവ്യബോധവും കാലികമായ വിദ്യാഭ്യാസ പ്രശ്നങ്ങളും എന്നും ചർച്ചാവിഷയങ്ങളായിരുന്നു.

മേല്പട്ടസ്ഥാനം സ്വീകരിച്ചശേഷം തെക്കേ അങ്ങാടി മാർ ഒസ്താത്തിയോസ് ഹാളിൽ വച്ച് നൽകിയ സ്വീകരണമെല്ലാം ഓർമ്മിക്കുമ്പോൾ ആനന്ദവും, അഭിമാനവും തോന്നുന്ന നിമിഷങ്ങളാണ്.

പെട്ടെന്നുണ്ടായ രോഗത്തെ തുടർന്ന് തൃശ്ശൂർ വെസ്റ്റ് ഫോർട്ട് ആശുപത്രിയിൽ ചികിത്സയിലായിരുന്നപ്പോൾ അഭിവന്ദ്യ തിരുമേനിയെ സന്ദർശിക്കുന്നതിന് വിശിഷ്ട വ്യക്തികളുടെ ഒരു നീണ്ട നിരതന്നെ ഉണ്ടായിരുന്നു. വ്യക്തിബന്ധം പുലർത്തുന്നതിനും, സുഹൃത്തുക്കളെ സമ്പാദിക്കുന്നതിലും പ്രായഭേദമന്യേ ആരോടും ഇടപഴകുന്നതിനും തിരുമേനിക്കുള്ള കഴിവ് ഒന്നു വേറെ തന്നെയാണ്.

ദേശത്തും വിദേശത്തും തിരുമേനി നിരവധി സഭാനേതാക്കന്മാരുമായി അടുത്തബന്ധം പുലർത്തുന്ന വ്യക്തിയാണ്. കേൾവിക്കുറവുണ്ടെങ്കിലും അതിന്റെ പരിമിതി അതിജീവിച്ച ഒരു പരിശ്രമശാലിയാണ് അഭിവന്ദ്യ തിരുമേനി. മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും, അംഗീകരിക്കുകയും ചെയ്യുന്നതിൽ തിരുമേനി ഒരിക്കലും ലുബ്ധനല്ല. അതുകൊണ്ടുതന്നെ അനേകരുടെ മനസ്സിൽ അഭിവന്ദ്യ തിരുമേനി സ്ഥാനം പിടിച്ചിരിക്കുന്നു.

പൗരോഹിത്യത്തിന്റെ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ മോർ കൂറിലോസ് ജോസഫ് തിരുമേനിയ്ക്ക് എല്ലാ ആശംസകളും നേരുന്നു.

Best wishes to our beloved Joseph Mar Koorilose Valiya Metropolitan on the occasion of the Episcopal Silver Jubilee

Pulikkottil Chakkunny Thamby & Family - Ernakulam

Pulikkottil Ittoopunny Benson & Family - Ernakulam

Pazhunnan Kochu Wilson & Family - Ernakulam

Cheruvathoor Appunjan Roy & Family - Ernakulam

ശിഷ്യ ശ്രേഷ്ഠനായ
ഇടയപുത്രന്

കെ.വി. അന്ന

സ്നേഹാദരങ്ങളാലായിരമായിരം
നന്ദിയെന്നുള്ളിൽ സ്ഫുരിച്ചുനില്ക്കേ
ഈശനെപാടി സ്തുതിക്കയാണെൻ മനം
പാടുകയാണു ഞാൻ നന്ദിപൂർവ്വം
പണ്ടു ദശാബ്ദങ്ങൾക്കു മുമ്പു ഞാൻ എം .ജെ. ഡി-
യെന്നൊരെൻ വിദ്യാലയത്തിൽ വന്ന
പിഞ്ചോമനകുഞ്ഞു ജോസഫിന്നെത്തിയ
വൻ മഹത്ത്വങ്ങളെ പാർത്തുനില്ക്കേ
കുഞ്ഞാണി ചേച്ചിക്കു കൈവന്നൊരോമന
കുഞ്ഞു ജോസഫിന്റെ ടീച്ചറാകാൻ
എന്നെ നിയോഗിച്ചൊരീശനെവാഴ്ത്തുവാ-
നില്ലെനിക്കില്ലില്ല ശക്തി തെല്ലും
പിന്നെ വിദ്യാലയ സീമകൾക്കപ്പുറം
വിജ്ഞാന ദാഹിയായെത്ര ദൂരം
നന്നേയലഞ്ഞലഞ്ഞേകാന്ത ദീപ്തമാം
വൻതിരമാലകൾ താണ്ടി നില്ക്കേ.. .. ..
ജോസച്ചനാവുകയാണെന്നു കേട്ടു ഞാ-
നേറ്റം നിറഞ്ഞ മനഃസ്സുമായി
മോട്ടോറു സൈക്കിളിൽ 'മാഷച്ച'നോടവേ
മന്ദഹാസത്താൽ നമിച്ചു പിന്നേ.
പിന്നെ മലബാർ സ്വതന്ത്ര സഭയുടെ-
യുന്നത ശ്രേഷ്ഠനാം ബാവയായി-
യെന്നു കേട്ടപ്പോഴെൻ ഹൃത്തടമാകെയും
വല്ലാതെ കമ്പിത സാന്ദ്രമായി.
കർണ്ണ രോഗത്തിനെ, വ്യവഹാര പർവ്വത്തെ
സർവ്വ സംഹാരിയാം വൈരത്തെ, സ്പർദ്ദയെ
എല്ലാം ഹരിച്ചെത്തി നിൽക്കുമീ വേളയിൽ
നമ്രശിരസ്ക്കയായ് മേവിടുന്നേൻ
സർവ്വേശനേകട്ടെയായുസ്സും യശസ്സും
മംഗളധ്വാനം മുഴങ്ങിടട്ടെ
ശാന്തഗംഭീരമായിടട്ടെ നാളെകൾ
ധന്യമാകട്ടെയാ ജീവിതം നാൾക്കുനാൾ.

Our Relationship With Valiya Thirumeni

JOHN PHILIP and family (Sunny)



My first encounter with Valiya Thirumeni was in 2000, at the funeral of late Mr. V.k.Oommen, father of Rt. Rev; Dr. Zacharias Mar Theophilus, Suffragan Metropolitan , Mar Thoma Sabha. From then on a divine bonding grew. His Grace visited us and was awed by the ambience of Fort Kochi. He was also happy to know that our home was visited by all the Thirumeni's of the Mar Thoma Sabha and also other Sabhas.

His Grace brought his friends from France - Bishop Philip Marie, Bishop Jean Bernard and Prof. Mary Delmarrie. They had brought gifts from France for us. (the Rosery - "Konda," blessed by the Bishops.) and we also gifted them with souvenirs of Fort Kochi. They wrote letters appreciating our hospitality and generosity, with a special reference to the enviable view of the backwaters from our balcony. They enjoyed the sight-seeing around Fort Kochi and we felt blessed by their presence here.

His Grace also graced the occasion of the St. George Mar Thoma Church , Fort Kochi , for its 90th Anniversary celebrations.(Navathy) in the year ,2006.

Thirumeni was the last one to take a photograph with Mrs. Mary George, my wife Pamela's mother, before she passed away on 20th Sep. 2007. My Mother-in-law was privileged to have Thirumeni to conduct her funeral at Fort Kochi and His speach about her was touching.

He also visited my family at Philips Villa to wish my mother, Mrs. Thankamma, Philip, on her 85th birthday. His presence was a great blessing for our family. Whenever he passed through Cochin , he would make it a point to either call or visit us. He brought his close friends also along with him. A close relationship grew between both groups of people on Thirumeni's side and ours. Whenever His Grace visited us, he made himself very comfortable and was not particular about his diet. He has no dislikes and is very happy with whatever we offer. He is thoughtful and shows genuine concern for the old and the young in the family. His prayers have touched the hearts of those present in our home then. His Grace has always been a source of joy for us.

His grace has also been kind enough to have a thoughtful and sincere concern for my daughters,Sharon (Oslo, Norway) and Anna (Vellore). He has been in touch with them on mail and has helped them through prayers for their well-being. He has included Neil Mathew (Oslo, Norway) , Sharon's husband, also in his prayers. They have felt a sense of recognition and His encouragement in their lives, has been invaluable.

Personally, His grace has helped me by giving strength both physically and mentally whenever I needed it most. I praise God for providing me withsuch a wonderful friend in Him.

We, as a family, feel proud of Him for being the youngest Bishop in our Nation to reach the status of Valiya Metropolitan, Thozhiyur Sabha, and He has remained so for ten years now. We wish His Grace all the very best on this Silver Jubilee Celebration of His Episcopal Ministry.

JOHN PHILIP and family (Sunny)
Philips Villa, Post Box No: 1,
Fort Kochi- 682 001

മറക്കാനാവാത്ത പഴയഓർമ്മകൾ

Dr. V. T. V Jose, Brownhills, U.K.

കരിമ്പനയോലയിൽ മെടെഞ്ഞെടുത്ത തടുക്കിൽ ചുകന്നചായം പൂശിയ ചിലകള്ളികൾ അലങ്കരിക്കാറുണ്ടായിരുന്നു. ഉറക്കം തൂങ്ങിയ കണ്ണുകളുമായി കാളവണ്ടിചക്രത്തിന്റെ അനുസ്യൂതമായ കൂട്ടടി ശബ്ദത്തിൽ ലയിച്ച് അഞ്ഞൂർ പള്ളിയിലെ വലിയ പുളിമരത്തെ പറ്റിയും, അതിൽ ഒഴിഞ്ഞുപോകുന്ന ഭൂത പിശാചുകൾ കയറി കൊമ്പുകൾ ഉണക്കുന്നതിനെപറ്റിയും അമ്മൂമ്മ പറഞ്ഞിരുന്ന കഥകൾ ഓർത്തിരുന്നു. ഭാവനയിൽ ഉണങ്ങിയ ആ പുളികൊമ്പുകാണുകയും, ആ കാലഘട്ടങ്ങളിൽ ചിത്രീകരിച്ചിരുന്ന വാലുകളും കൊമ്പുകളുമുള്ള ചെകുത്താന്മാരെ കാണുകയും ചെയ്തിരുന്നു. പിൻകാലങ്ങളിൽ എന്റെ കുട്ടികളോട് Greek Odyssey (Homer) യിലെ Cyclopsന്റെ കഥകൾ പറയുമ്പോൾ അവർക്കുണ്ടായിരുന്ന ഉദ്വേഗം അന്ന് എനിക്കു ലഭിച്ചിരുന്നു എന്നതാണ് വാസ്തവം. ഞങ്ങളുടെ വില്ലേജിൽ ഉള്ള പാവപ്പെട്ട ഒരു കത്തോലിക്കാ കുടുംബത്തിൽപ്പെട്ട ഒരു സ്ത്രീയെ അഞ്ഞൂർക്ക് വിവാഹം കഴിച്ചുകൊടുത്തിരുന്നു. (കള്ളിയൻ എന്ന വിളിപ്പേരുള്ള പറിഞ്ചുണ്ണി ജ്യേഷ്ഠന്റെ പെങ്ങൾ). അവർക്ക് സാമ്പത്തികമായി അല്പം വിഷമതകളുണ്ടായിരുന്നതുകൊണ്ട് അരിയും പലവ്യഞ്ജനങ്ങളും കാളവണ്ടിയിൽ അവർക്കു കൊടുക്കാനായി കൊണ്ടുപോകാറുണ്ടായിരുന്നു. അന്നത്തെ "കൊച്ചിശീമയിൽ നിന്ന് British" ആയിരുന്ന അഞ്ഞൂർക്ക് പല സാധനങ്ങളും കടത്താൻ ചുങ്കം അനുവദിച്ചിരുന്നില്ല. ചുങ്കം അടുക്കാറാകുമ്പോൾ ഞങ്ങൾ കുട്ടികൾ വരാനിരിക്കുന്ന ആകസ്മികതയെയോർത്ത് ഉദ്വേഗപൂർവ്വം ചുങ്കക്കാരനെനോക്കിയിരുന്നു. ക്രിസ്തുവിന്റെ ഒരു ശിഷ്യൻ ചുങ്കക്കാരനായിരുന്നു എന്ന കഥ അമ്മൂമ്മ പണ്ട് പറഞ്ഞിരുന്നു. ചുങ്കക്കാരനായിരുന്ന മത്തായിയുടെ റോമിലുള്ള Basilica യിൽ ഉള്ള കബറിടം കണ്ടപ്പോൾ മുനിഞ്ഞു പെയ്തിരുന്ന മഴയും, അഞ്ഞൂർ ചുങ്കത്തിലുള്ള ചുങ്കക്കാരനേയും വെറുതെ ഓർമ്മവന്നു. ശതാബ്ദങ്ങൾ പൊടിപറത്തി കുളമ്പടിച്ചോടിയ തെരുവീഥികളിൽ പറങ്കികളും, അവരെ പ്രീതിപ്പെടുത്താനായി ദാസ്യഭാവികളായിതീർന്ന നാട്ടുരാജാക്കന്മാരും, ഇരുവരിൽ നിന്നും നിഷേധവും, നിഷ്ഠൂരതയുമല്ലാതെ ഒന്നും ലഭിക്കാതിരുന്ന സഭയിലെ പൂർവ്വ പിതാക്കന്മാരേയും കുറിച്ചോർമ്മവന്നു. ദുഃഖപൂരിതമായ ആ കാലഘട്ടങ്ങളിൽ ഭൂതകാലത്തിന്റെ നേർത്ത തിരശ്ശീലഒതുക്കി കണ്ണോടിക്കുമ്പോൾ ഗതകാലങ്ങളിലെ കാട്ടുമങ്ങാട്ടു തിരുമേനിമാരുടെ തിക്താനുഭവങ്ങളും അതിനുശേഷം രൂപം കൊണ്ട സ്വതന്ത്ര സുറിയാനി സഭയും, സഭയുടെ വളർച്ചയും വളരെ പ്രസക്തമായി തോന്നുന്നു.

കുറച്ചുവർഷങ്ങൾക്കുമുമ്പ് എന്റെ പരേതനായ അമ്മാവൻ പുലിക്കോട്ടിൽ ചേറു വർഗ്ഗീസ്, മാർ കൂറിലോസ് തിരുമേനി അമേരിക്ക സന്ദർശിക്കുന്ന വഴി ഇംഗ്ലണ്ടിൽ വരുമെന്നും, തിരുമേനിക്കുവേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നും എഴുതിയിരുന്നു. അന്നത്തെ യാത്രയിൽ തിരുമേനിയെ കാണാൻ കഴിഞ്ഞില്ലെങ്കിലും, പിന്നീടുണ്ടായ സന്ദർശനത്തിൽ, തിരുമേനിയെ കണ്ടതിൽ എനിക്കും എന്റെ കുടുംബാംഗങ്ങൾക്കും വളരെ സന്തോഷവും സംതൃപ്തിയും ഉണ്ടായി.

ഇംഗ്ലണ്ടിലെ യാത്ര.

2004ൽ പാരീസിൽ നിന്നു സഭാ സമ്മേളനം കഴിഞ്ഞു യൂറോ (Euro Tunnel) ടണൽ വഴി ലണ്ടനിൽ എത്തിയ തിരുമേനിയെ എന്റെ ഭാര്യയും മകളും സ്വീകരിച്ചു മിഡ്‌ലാൻഡ്സിലുള്ള (Midlands) എന്റെ വസതിയിലേക്കു കൊണ്ടുവന്നു. പാരീസിലെ വിദേശഭക്ഷണം കഴിച്ചു മടുത്തിരുന്ന തിരുമേനിക്ക് തനി കേരള ഭക്ഷണം വളരെ രുചികരമായകാര്യം ഞങ്ങൾ ഇപ്പോഴും ഓർക്കുന്നു. യാത്ര കഴിഞ്ഞു ക്ഷീണിച്ചിരുന്ന തിരുമേനി അന്നു രാത്രി നന്നായി ഉറങ്ങി. തിരുമേനി പറഞ്ഞു "ചില വീടു

കളിലെ മുറികളിൽ കിടന്നാൽ നല്ല ഉറക്കം കിട്ടും" ഞങ്ങൾ തിരുമേനിക്കു പൂർണ്ണ വിശ്രമം ലഭിച്ചതിൽ വളരെയേറെ സന്തോഷിച്ചു. പിറ്റേ ദിവസം ലിച്ചുഫീൽഡ് കത്തീഡ്രൽ (lichfield Cathedral) എന്ന പുരാതനഅരമന ദേവാലയം സന്ദർശിക്കാൻ പോയി. ഗോഥിക് മാതൃകയിൽ AD 1195-ൽ പണിത ഈ ദേവാലയം വളരെ പ്രശസ്തിയുള്ളതാണ്. തിരുമേനി ആ ദേവാലയം നടന്നു കാണുന്നതിന്നിടക്ക് തിരുമേനിയെ കണ്ട് അവിടത്തെ പ്രധാനപുരോഹിതൻ കുശലാന്വേഷണം നടത്തുകയുണ്ടായി just Seventeen miles north of Birmmingham. Lichfield lies at the heart of England 1300 years ago it stood at the Centre of the Kingdom of Mercia. When Chad Was made Bishop of Mercia in 669 he moved his see from Repton to Lichfield Which may already have been a holy site since there is a legend that Christians were Martyred there under the Roman Emperor Diocletian When Chad died in 672 Piligrims began to come to his Shrine, and in 700, Bishop Hedda built a new Church to house his bones. Starting in 1085 and continuing through twelth Century this Saxon Church was replaced by a Norman Cathedral then by the Gothic Cathedral began in 1195. പിന്നീടുള്ള യാത്ര ലെസ്ററർഷയറിലുള്ള (Leicestershire) Rev Dr. Derek Turner & Mrs. Maureen Turner-ന്റെ ഗൃഹത്തിലേക്കായിരുന്നു. ബാർലിപാടങ്ങളും, പശുക്കളും ചെമ്മരിയാടുകളും മേഞ്ഞിരുന്ന മിഡ്ലാൻണ്ട്സിലെ മനോഹരമായ പുൽതകിടികളൂടെ ഇടയിലൂടെ കാറോടിച്ചു Rev. Turner ടെ ഗൃഹത്തിലെത്തിയപ്പോൾ ഉച്ചയൂണിനു സമയമായിരുന്നു. തൊഴിയൂർ പള്ളിക്കുവേണ്ടി വളരെയേറെ Charity പ്രവർത്തനം നടത്തുന്ന അദ്ദേഹവും പത്നിയും ഞങ്ങൾക്കുവേണ്ടി ആംഗ്ലേയ രീതിയിൽ വിഭവസമൃദ്ധമായ dinner ഒരുക്കിയിരിക്കുന്നു. അവിടെ രണ്ടു മണിക്കൂർ നേരം ചിലവഴിച്ചു ഞങ്ങൾ ലണ്ടനിലേക്കുള്ള യാത്ര തുടർന്നു. മോട്ടോർ വേയിൽ കൂടി രണ്ടു മണിക്കൂർ കാറോടിച്ചു Honchurchൽ ഉള്ള Dr. Johnന്റെ വീട്ടിൽ എത്തിച്ചേർന്നു. ജോണും ഭാര്യയും തിരുമേനിക്കുവേണ്ടി നല്ലൊരു സദ്യതന്നെ ഒരുക്കിയിരുന്നു. കുടുംബാംഗങ്ങളും സ്നേഹിതരും ഒത്തുചേർന്നസ്വീകരണം ഞങ്ങളെല്ലാവർക്കും വളരെയേറെ ഇഷ്ട്ടപ്പെട്ടു. ഞങ്ങൾക്കു അന്നു തന്നെ മടങ്ങേണ്ടതിനാൽ തിരുമേനിയോടു വിടവാങ്ങേണ്ടിവന്നു.

അതിനുശേഷം രണ്ടു വർഷം കഴിഞ്ഞ് ഞാനും മകളും (Dr. Priya Hodgins), മരുമകനുമായി തൊഴിയൂരിൽ വന്ന് പള്ളി സന്ദർശിക്കുകയും, തിരുമേനി പള്ളി വളരെ വിസ്തരിച്ചു കാണിച്ചു തരികയും പഴയകാലങ്ങളിൽ ഉപയോഗിച്ചിരുന്ന പല്ലക്കും, ചിഹനങ്ങളും വളരെ കൗതുകത്തോടെ ഞങ്ങൾ നോക്കികാണുകയും ചെയ്തു. 67 വർഷങ്ങൾക്കുശേഷം പള്ളിപറമ്പിലെ പ്രായമേറിയ ആ പുളിമരം കുറച്ചുനേരം ഞാൻ നോക്കിനിന്നു. ഗതകാലങ്ങളിലെ പഴകിയതെങ്കിലും മനോഹരമായ ഓർമ്മകൾ മനസ്സിൽ ചിറകടിച്ചു പറന്നു വന്നു.

തിരുമേനിയോടു പറഞ്ഞ കഥ

എന്റെ അമ്മയുടെ ഇടവക കല്ലുംപുറം(തൊഴിയൂർ സഭ) ആയതുകൊണ്ട് ചെറുപ്പത്തിൽതന്നെ "അഞ്ഞൂർ" പള്ളിയിൽ പോകുന്നത് പതിവായിരുന്നു. എന്റെ സഹോദരിയെ അഞ്ഞൂർ പള്ളിയിൽ "അടിമ"യാക്കിയിട്ടുണ്ടായിരുന്നു ആ കാലഘട്ടങ്ങളിൽ ഇന്നത്തെ ഓർത്തഡോക്സ്കാരും, തൊഴിയൂർ ഇടവകക്കാരും തമ്മിൽ വളരെ സൌഹാർദ്ദത്തിലായിരുന്നു. മെത്രാന്മാർ ഒക്കെ കോട്ടയത്തായിരുന്നു താമസം. First Severios Metrachenന്റെ കാലത്താണ് Kochy Orthodox Diocese ഉണ്ടായത്. അദ്ദേഹത്തിന്റെ മൃതശരീരം കുന്നംകുളം സിംഹാസനപള്ളിയിലാണ് സംസ്ക്കരിച്ചിരിക്കുന്നത്.

എല്ലാവരും രണ്ടു പള്ളികളിലും പോയിരുന്നു. കുർബാന ശുശ്രൂഷാദികളിൽ വലിയ മാറ്റമില്ലാതിരുന്നതിനാൽ വ്യത്യസ്തമായി ആരാധനാക്രമങ്ങളും അധികമൊന്നും ഉണ്ടായിരുന്നില്ല. 67 വർഷങ്ങൾക്കുമുമ്പ് പള്ളിയിൽ പോയ കഥ ഓർമ്മ വരുന്നു. ഇന്നത്തെപോലെ ഇലക്ട്രിക് കരണ്ടു സുലഭമായി ഇല്ലാതിരുന്നതുകൊണ്ട് മണ്ണെണ്ണ ചിമ്മണിവിളക്കായിരുന്നു മിക്ക വീടുകളിലും പതിവ്. ഞങ്ങൾ എരുമപ്പെട്ടിയിൽ നിന്ന് ഞായറാഴ്ച്ച കാലത്ത് നാലുമണിക്കു തന്നെ പുറപ്പെടും. കാളവണ്ടിയിൽ വൈക്കോൽ വെച്ചു പായ അതിനുമുകളിൽ വിരിച്ചായിരുന്നു യാത്ര. പാടങ്ങളും പറമ്പുകളും പിന്നിട്ട് വെളുപ്പാൻ കാലത്തെ തണുത്ത കാറ്റും കൊണ്ട് ആകാശത്തു തെളിഞ്ഞു വന്ന "പൊട്ടനേയും" (Northern Star) നോക്കിയുള്ളയാത്ര രസകരമായിരുന്നു. ആ കാലങ്ങളിൽ സ്ത്രീകൾ പള്ളിയിൽ ഇരിക്കാനായി തടുക്ക് ഉപയോഗിച്ചിരുന്നു. അതും മറക്കാനാവാത്ത പഴയ ഓർമ്മകൾ...

വിശ്വാസത്തിന്റെയും കർമ്മനിരതയുടെയും സാക്ഷികളായി എന്നും മാർഗ്ഗദർശികളായി അവർ പരിലസിക്കട്ടെ. അദ്ധ്യാത്മികതയിൽ ലൌകീകാശയങ്ങൾ അധിപ്രവേശം ചെയ്യുമ്പോൾ സാധാരണക്കാരും എളുപ്പത്തിൽ വഴി തെറ്റി പോകുന്നു. മെത്രാനായി സ്ഥാനാരോഹണം കഴിഞ്ഞ് 25 വർഷം പൂർത്തിയാക്കുന്ന വലിയ തിരുമേനിക്ക് ആയുസ്സും ആരോഗ്യവും സർവ്വ മംഗളങ്ങളും ഞാനും എന്റെ കുടുംബാംഗങ്ങളും അകൈതവമായി നേർന്നു കൊള്ളട്ടെ.

സൗമ്യത വലിയവനാക്കുന്ന വലിയ മെത്രാപ്പോലീത്ത

K.A. പൗലോസ്, NEW YORK, U S A.

സൗമ്യത ആത്മീയരായവർക്ക് തീർച്ചയായും ഉണ്ടായിരിക്കേണ്ട ഒരു സൽഗുണമാണ്. ആത്മീയ ആചാര്യന്മാരും സഭാ പിതാക്കന്മാരും, മേലദ്ധ്യക്ഷന്മാരും ആയവർക്ക് സൗമ്യതയും ജീവിതലാളിത്യവും എത്രത്തോളം ജീവിതത്തിൽ പ്രകടമാക്കുവാൻ കഴിയുന്നുവോ അത്രത്തോളം ദൈവനാമം കൂടുതലായി മഹത്വപെടാനും ദൈവവിശ്വാസം മനുഷ്യരിൽ വർദ്ധിക്കുവാനും ഇടയാകുമെന്നുള്ളതിന് തർക്കം ഉണ്ടാകുമെന്ന് തോന്നുന്നില്ല. എന്തെന്നാൽ അവരൊക്കെയും ഭൂമിയിലെ ദൈവത്തിന്റ പ്രതിപുരുഷന്മാരും ദൈവസ്വഭാവം അവരിലൂടെ മനുഷ്യർ ദർശിക്കപ്പെടേണ്ടതുമാണ്. തന്നെയുമല്ലാ ഈ പറഞ്ഞവരൊക്കെയും അനേകായിരങ്ങളാൽ ഉറ്റുനോക്കപ്പെടുന്നവരും അവരുടെ ജീവിതത്തിൽ പ്രകടമാക്കുന്ന ചെറുതും വലുതും നന്മയായയതും തിന്മയായതും, ആയ പ്രവർത്തികളും സംസാരങ്ങളും സമൂഹത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞേക്കാവുന്നതും ആണെന്നതിനാൽ വലിയ കരുതലോടെയും പരിജ്ഞാനത്തോടെയും മാതൃകാപരമായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടവരാണ്. അങ്ങനെ തങ്ങൾ നിയോഗിക്കപ്പെട്ടിരിക്കുന്ന ദൗത്യത്തിന്റെ പൂർത്തീകരണത്തിനായിട്ടും തങ്ങളാൽ പരിപാലിക്കപ്പെടുന്ന ആട്ടിൻക്കൂട്ടത്തിന്റെ നന്മയ്ക്കും വളർച്ചയ്ക്കുമായിട്ട് ത്യാഗ സമ്പൂർണ്ണമായ, വിശുദ്ധമായ ജീവിതത്തിലൂടെ നിരന്തരം ദൈവവുമായി സംസർഗ്ഗത്തിൽ ആകുകയും ചെയ്യുമ്പോൾ ദൈവിക തേജസ്സും കൃപാവരങ്ങളും ദൈവത്തിൽ നിന്ന് അനുസ്യൂതം അവരിലേക്ക് പകരുകയും തൽഫലമായി തങ്ങൾ മേയ്ക്കുന്ന ആട്ടിൻക്കൂട്ടവും ദൈവിക വെളിച്ചത്തിൽ ജീവിക്കുകയും, ദൈവമക്കളായി, ദൈവസാക്ഷികളായി തീരുവാൻ ഇടയാകുകയും ചെയ്യുമെന്ന് കരുതുന്നു.

നിർഭാഗ്യം എന്നു പറയട്ടെ! ഇന്നത്തെ അനുദിനജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞുനോക്കിയാൽ ഈ പറയപ്പെടുന്ന സൽഗുണവാസനകളാൽ പ്രശോഭിക്കപ്പെടുന്നവർ വളരെ വിരളമാണ്. അധികാരത്തിനും പദവിക്കും ജീവിതസുഖത്തിനുമായിട്ട് എന്തും പ്രവർത്തിക്കുവാനും പറയുവാനും ചിലപ്പോഴല്ല പലപ്പോഴും, ചിലരല്ല പലരും തുനിയുന്നതായി കാണുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ആണ് സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്താ എന്ന പദവിയിൽ ഇരിക്കുന്ന ആദരണീയനായ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനി സൗമ്യതയും ജീവിതലാളിത്യവും കൊണ്ട് വലിയവനായി തീർന്നിരിക്കുന്നതായി ഞാൻ കാണുന്നത്; സഭ തന്റെ മേൽ ഏല്പിച്ചിരുന്ന എല്ലാ ലൗകിക അധികാരങ്ങളും തന്റെ പിൻഗാമിയെ ഏല്പിച്ച് അധികാരത്തോട് തനിക്ക് ഒട്ടും ആസക്തിയില്ലെന്ന് സമൂഹത്തിന് പ്രവർത്തിയിലൂടെ അദ്ദേഹം കാട്ടികൊടുത്തു. ഒരു വിദേശമെത്രാൻ തനിക്ക് സമ്മാനിച്ച അമൂല്യമായ പാരിതോഷികംവരെ തന്റെ പിൻഗാമിക്ക് നല്കികൊണ്ട് തന്റെ പിൻഗാമിയോടുള്ള സ്നേഹവും ആത്മാർത്ഥതയും പ്രകടമാക്കിയപ്പോൾ ലൗകികമായി തിരുമേനി ചെറുതായി എന്നു തോന്നാമെങ്കിലും ആത്മീയമായി വലിയവനായി മാറുകയായിരുന്നു.

ബലഹീനനായ എനിക്ക് അഭിവന്ദ്യ തിരുമനസ്സുമായി

Marthoma Episcopal Consecration on 2nd October 1993

കേവലം മൂന്നുവർഷത്തെ പരിചയമേയുള്ളു. അതിൽ ആദ്യമായി ന്യൂയോർക്കിൽ ഒരു ദേവാലയ കൂദാശക്ക് മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്താ വരുന്നു എന്നറിഞ്ഞപ്പോൾ ഞാൻ അല്പം ആശങ്കയിൽ ആയിരുന്നു. എന്തെന്നാൽ ആ ശുശ്രൂഷകളിൽ അദ്ദേഹത്തെ സഹായിക്കേണ്ടവരുടെ കൂട്ടത്തിൽ ഒരുവനായിരുന്ന ഞാനും സുറിയാനി സഭയുടെ സുദീർഘവും ഉൽകൃഷ്ടവുമായ ആ ശുശ്രൂഷകളിൽ എന്തൊക്കെയാണ് ചെയ്യേണ്ടത് എന്ന് കാര്യമായ ഒരു അറിവും എനിക്ക് ഉണ്ടായിരുന്നില്ല. എന്നാൽ ആദരണീയനായ തിരുമേനിയുടെ അടുത്ത് കാര്യങ്ങൾ എല്ലാം വളരെ എളുപ്പം ആയിരുന്നു. ഒന്നല്ല ഒൻപതുവട്ടം ഒരു സംശയം ചോദിച്ചാലും തിരുമേനി ഒട്ടും കോപിക്കത്തില്ല. തുടർന്നു പലതവണ വിശുദ്ധ കുർബ്ബാനയിൽ തിരുമേനിയെ ശുശ്രൂഷിക്കാൻ ദൈവം എന്നെ സഹായിച്ചു. പലതവണ ഞങ്ങളുടെ ഭവനത്തിൽ തിരുമേനിയെ വരവേൽക്കാനും ഇടയായിട്ടുണ്ട്. അപ്പോഴൊക്കെയും എന്നെ ആകർഷിച്ചതു തിരുമേനിയുടെ ജീവിതലാളിത്യവും സൗമ്യതയും ആണ്.

എക്യുമെനിസത്തെക്കുറിച്ച് തിരുമേനിക്ക് ഉദാത്തവും വിശാലവുമായ കാഴ്ച്ചപാട് ആണുള്ളത്. എക്യുമെനിസം കേവലം മേശപ്പുറത്ത് ചർച്ച ചെയ്തവസാനിപ്പിയ്ക്കേണ്ട ഒന്നല്ല എന്ന് പല വേദികളിലും അദ്ദേഹം തുറന്നു പറഞ്ഞിട്ടുണ്ട്. ദൈവം തന്റേമേൽ ഭരമേല്പിച്ചിരിക്കുന്ന ആത്മീയ നൽവരങ്ങൾ തന്റെ സഭയുടെ അതിർവരമ്പുകൾക്കപ്പുറത്തുള്ളവർക്കും അനുഭവമാക്കാൻ തിരുമേനി കാണിക്കുന്ന സന്മനസ്സിനെ അത്യന്തം പ്രശംസിക്കുന്നതോടൊപ്പം പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന വന്ദ്യ പിതാവിന് ദൈവം ആയുരാരോഗ്യവും കൂടുതൽ സ്വർഗ്ഗീയാനുഗ്രഹങ്ങളും നല്കി തന്റെ ജനത്തെ നൽവഴികളിലേക്ക് നടത്തുവാൻ പ്രാപ്തനാക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

തൊഴിയൂർ സഭ- വികസനത്തിന്റെ പാതയിൽ

ഡോ. എം. സി. മാത്തുകുട്ടി **D.Th.**
ആത്മായ ട്രസ്റ്റി,
എം. ഐ. എസ്. സി., തൊഴിയൂർ

അഭിവന്ദ്യ: ജോസഫ് മാർകൂറിലോസ് വലിയ മെത്രാപോലീത്തയുടെ മേല്പ്പട്ട രജതജൂബിലി ആഘോഷിക്കുന്ന അവസരമാണല്ലൊ. തൊഴിയൂർ മലബാർ സ്വതന്ത്രസുറിയാനി സഭ ശുഷ്കിച്ചുകൊണ്ടിരുന്ന കാലഘട്ടിത്തിലാണ് 1986 ൽ തിരുമേനി സഭയുടെ ഭരണസാരഥ്യം ഏറ്റെടുത്തത്. സഭയുടെ മേലദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചിരുന്ന 11-ാമത്തെ മെത്രാപ്പോലീത്ത, 28 . 8 . 77ന് സഭയുടെ ചരിത്രത്തിലാദ്യമായി സഭയിലെ കുഞ്ഞാടുകളെ അനാഥരാക്കി ഇറങ്ങിപ്പോയി. പരിശുദ്ധന്മാരുടെ പദവിയിലേക്ക് ഉയർത്തപ്പെട്ട ദൈവദാസനും നമ്മുടെ പിതാവുമായ കാട്ടുമങ്ങാട്ടെ മാർകൂറിലോസ് ബാവയാൽ 1772 ൽ സ്ഥാപിതമായ തൊഴിയൂരിന്റെ ശ്ലൈഹിക സിംഹാസനം വിട്ടായിരുന്നു, അഭിവന്ദ്യ: പൗലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ ഇറങ്ങിപ്പോക്ക്. തുടർന്ന് 1978 ജനുവരി 18-ാം തിയ്യതി നമുക്കു ഒരു ഇടയനെ ലഭിച്ചു. കുത്തൂര് മാത്യുസ് മാർ കുറിലോസ് മെത്രാപ്പോലീത്ത. അന്ന് നമുക്കു 6 ഇടവകദേവാലയങ്ങളും 7 ചാപ്പലുകളും ഒരു ആസ്പത്രിയും 4 സ്ക്കൂളുകളും മറ്റുമാണ് ഉണ്ടായിരുന്നത്. 1981ൽ അതെവരെ കേരളസംസ്ഥാനത്തു മാത്രം ഇടം പിടിച്ചിരുന്ന തൊഴിയൂർ സഭ മദ്രാസിലും സ്ഥാപിതമായി. കേസുകളും മറ്റുമായി സഭ ശുഷ്കിച്ചു കൊണ്ടിരിക്കുകയും 12-ാമത്തെ മെത്രാപോലീത്തയായിരുന്ന അഭിവന്ദ്യ: മാത്യൂസ് മാർ കുറിലോസ് തിരുമേനി കാലം ചെയ്തതിനെതുടർന്ന് 1986ൽ അഭിവന്ദ്യ: ജോസഫ് മാർകൂറിലോസ് മെത്രാപ്പോലീത്ത സഭയുടെ സാരഥ്യം ഏറ്റെടുത്തു.

ഏതൊരു പ്രസ്ഥാനത്തിന്റേയും ശക്തി, ഭൂരിഭാഗവും യുവജനങ്ങളിലാണെന്ന് മനസ്സിലാക്കിയ തിരുമേനി യുവജനങ്ങളിലേക്ക് ഇറങ്ങിചെന്ന് പ്രവർത്തിക്കുകയായിരുന്നു. ശെമ്മാശനായിരിക്കുമ്പോഴും വൈദികനായിരിക്കുമ്പോഴും തുടങ്ങിവെച്ച യുവജനപ്രസ്ഥാനങ്ങൾ മെത്രാപ്പോലീത്തയായ ശേഷവും തുടരുകയായിരുന്നു. MISC യൂത്ത്ലീഗ് ആരംഭിച്ച് പ്രവർത്തനം കാര്യക്ഷമമാക്കി. ആയതിന്റേതായി “കുഞ്ഞാടുകളുടെ വെളിച്ചം” എന്ന മാസിക പ്രസിദ്ധപ്പെടുത്തി. കുഞ്ഞാടുകളുടെ വെളിച്ചം എന്ന മാസിക സഭയുടെ കുന്നുംകുളത്തുള്ള സെന്റ് തോമസ്സ് പ്രസ്സിൽ നിന്നാണ് അച്ചടിച്ച് പ്രസിദ്ധം ചെയ്തു വന്നിരുന്നത്. അക്കാര്യത്തിൽ പോർക്കുളം കൊച്ചുമോൻ അവർകളുടെ സേവനം സ്തുത്യർഹമായിരുന്നു.

കുടുതലാരാലും അറിയപ്പെടാതെ 1986 വരെ ഒതുങ്ങികൂടിയിരുന്ന ചരിത്രപ്രധാനസഭ തുടർന്ന് വളർച്ചയുടെ പാതയിലായിരുന്നു. സഭയിൽ ആത്മീകവും ഭൗതികവുമായ വളർച്ച വരുത്തിയ തിരുമേനിയെ എത്ര കണ്ട് ശ്ലാഘിച്ചാലും അധികമാവില്ല എന്നതാണ് വസ്തുത.

ലൂക്കോസ് എഴുതിയ സുവിശേഷം 19-ാം അദ്ധ്യായത്തിൽ 11 മുതൽ 27 വരെയുള്ള വേദവചനത്തിൽ യേശുപറഞ്ഞിരുന്ന താലന്തിന്റെ ഉപമ ഇത്തരുണത്തിൽ ഓർമ്മ വരികയാണ്. രാജ്യം വിട്ടു പോകുമ്പോൾ രാജാവ് യഥാക്രമം 10, 5, 1 എന്നീ താലന്തുകൾ ചിലരെ വിളിച്ച് ഏല്പിച്ചു കൊടുത്തു. രാജാവ് തിരിച്ചു വന്നപ്പോൾ 10 താലന്ത് ലഭിച്ചവൻ അത് ഇരുപതാക്കി വർദ്ധി

പ്പിച്ചതായി പറഞ്ഞു അവന് താലന്തുകൾ തിരിച്ചു നൽകുകയും 10 നഗരങ്ങളുടെ അധിപനാക്കുകയും ചെയ്തു. 5 താലന്ത് കൊടുത്തവൻ അത് പത്താക്കിയതായി ബോധിപ്പിച്ചു. താലന്തുകൾ അവനുതന്നെ നൽകുകയും 5 നഗരങ്ങളുടെ അധിപനാക്കുകയും ചെയ്തു. ഒരു താലന്ത് ലഭിച്ചവൻ അത് കുഴിച്ചിട്ടിരിക്കയാണെന്നും ആയത് തിരിച്ചേൽപ്പിക്കുവാൻ തയ്യാറാണെന്നും ബോധിപ്പിച്ചു രാജാവ് പ്രസ്തുത താലന്ത് അവനിൽ നിന്നും വാങ്ങി 10 താലന്ത് വാങ്ങിയവനെ ഏൽപിച്ചു. വിശ്വാസികളുടെ സമൂഹമായ തൊഴിയൂർ സഭയുടെ സാരഥ്യം വഹിച്ചുവന്ന തിരുമേനിക്ക് കൂടുതൽ താലന്ത് ലഭിക്കുകയും ഇരട്ടിപ്പിക്കുകയും ചെയ്തവനെപോലെ സഭയുടെ വികസനത്തിൽ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്.

ഇന്ന് നമ്മുടെ സഭയ്ക്കു 13 ഇടവക ദേവാലയങ്ങൾ ഉൾപ്പടെ 17 ദേവാലയങ്ങളുണ്ട്. 2001 ൽ അഭിഷിക്തനായ അഭിവന്ദ്യ: സിറിൽ മാർ ബാസ്സേലിയോസ് മെത്രാപ്പോലീത്തയുൾപ്പടെ 2 മെത്രാപോലീത്തമാരും 13 വൈദികരും 5 ശെമ്മാശന്മാരും കൂടാതെ വിദേശത്ത് സഭയെ സഹായിക്കുന്ന ഒരു കോർഎപ്പിസ്കോപ്പയും നമുക്കുണ്ട്. വലിയ തിരുമേനി നമുക്ക് നൽകിയിരിക്കുന്ന സ്നേഹവും സഭയുടെ കെട്ടുപണിക്കുള്ള ധൈര്യവും വിശ്വാസവും മറ്റുള്ളവർക്ക് പകുത്തു കൊടുക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. നീ ശീതവാനോ, ഉഷ്ണവാനോ ആകുന്നില്ലെങ്കിൽ ഞാൻ നിങ്ങളെ ഇല്ലാതാക്കുമെന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു.

യേശുതമ്പുരാൻ ആത്മിക വർദ്ധനവരുത്തുന്ന സമയത്ത് ഭൗതികമായി ആവശ്യമായ ഭക്ഷണം നൽകുന്ന കാര്യത്തിലും ശ്രദ്ധ ചെലുത്തിയിരുന്നതായി വചനത്തിൽ കാണാവുന്നതാണ്. അതുപോലെ വൈദികരുടെ ഉപജീവനത്തിന്ന് മതിയായ വേതനം നൽകണമെന്ന കാര്യത്തിലും വലിയ തിരുമേനി നിർബ്ബന്ധം ചെലുത്തിയിരുന്നതായി കാണാം.

1986 ൽ മെത്രാപ്പോലീത്തയായ, വലിയ തിരുമേനിയുടെ കഴിഞ്ഞ 25 വർഷത്തെ കാലയളവിൽ ഉദ്ദേശം 20 വർഷകാലം സഭാകൗൺസിൽ അംഗമായും 10 വർഷക്കാലം സഭയുടെ ആത്മായ ട്രസ്റ്റിയായും സേവനമനുഷ്ഠിക്കുവാൻ എനിക്ക് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. അഭിപ്രായ വ്യത്യാസം വരുന്ന സമയങ്ങളിൽ സഭാ കൗൺസിലുമായി ഒരു സമവായത്തിലെത്തുവാൻ ശ്രമകരമായ പരിശ്രമം തിരുമേനിയുടെ പക്ഷത്തു നിന്നും ഉണ്ടാകാറുണ്ട്. സഭാ കൗൺസിൽ തീരുമാനത്തിന് വിധേയമായി സഭാ ഭരണം നടത്തണമെന്ന കാര്യത്തിൽ വലിയ തിരുമേനി നിർബന്ധം ചെലുത്തിയിരുന്നതായി കാണാം.

വലിയ മെത്രാപ്പോലീത്ത സഭയുടെ വിവിധ സംഘടനാ പ്രവർത്തനങ്ങളിൽ ശ്രദ്ധാലുവാണ്. എല്ലാ മാസങ്ങളിലും വൈദിക കോൺഫറൻസുകൾ നടന്നുവന്നിരുന്നതാണ്. ഭദ്രാസനദേവാലയം പുതുക്കി പണിയുവാൻ മുൻകൈ എടുത്തു. സംസ്ഥാനത്തിന്റെ ഹൃദയഭാഗമായ എറണാകുളത്ത് ദേവാലയം സ്ഥാപിച്ചു. മദ്രാസ്, എറണാകുളം, ചാലിശ്ശേരി എന്നിവിടങ്ങളിൽ തൊഴിയൂരിൽ ഉണ്ടായിരുന്നതുപോലെ റസിഡന്റ് വികാരിമാരെ നിയമിച്ചു.

വലിയതിരുമേനി വിദേശ പര്യടനങ്ങൾ നടത്തുകയും തൊഴിയൂരിലേക്ക് വിദേശ വൈദികരെ ആകർഷിക്കുകയും ചെയ്തു. ആയതിന്റെ ഫലമായി തൊഴിയൂർ സഭയെപറ്റി വിദേശീയർ പഠനം നടത്തുകയും ലോകമാകെ അറിയപ്പെടുന്നവിധം ഇംഗ്ലീഷിൽ സഭാ ചരിത്രം പുറത്തിറക്കുകയും ചെയ്തു. ഇക്കാര്യത്തിൽ കാര്യമായ സംഭാവന നൽകിയത് വലിയ തിരുമേനി തന്നെയാണ്. വിദേശിയർ തൊഴിയൂരിൽ തന്നെ ഒരു Bungalow നിർമ്മിക്കുകയുണ്ടായി.

നമ്മുടെ വൈദികർക്ക് തിയോളജിയിൽ ബിരുദം എടുക്കുവാൻ സാധിക്കാതെ പോയ സാഹചര്യത്തിൽ ഇന്നത്തെ നമ്മുടെ വികാരിജനറൽ, ദിവ്യ ശ്രീ. കെ. എ. ജോബ് അവർകളെ മാർത്തോമ സെമിനാരിയിലയച്ച് BD എടുപ്പിച്ചത് വലിയ തിരുമേനിയുടെ നിർബന്ധബുദ്ധിയാണ് ഇപ്പോൾ ശെന്മാശ്ശന്മാരിൽ 3 പേരെ വിവിധ സെമിനാരികളിൽ തിയോളജിയിൽ ബിരുദമെടുക്കുവാൻ നിയോഗിച്ചിരിക്കയാണ്.

സഭയിൽ വൈദികരുടെ കുറവ് മൂലവും മറ്റും ദേവാലയങ്ങളിൽ വി. കുർബ്ബാനമുടങ്ങുന്ന സാഹചര്യം വന്നപ്പോൾ സഭാ കൗൺസിലിന്റെ നിർദ്ദേശാനുസരണം ശെമ്മാശന്മാർക്കും വൈദികർക്കും പട്ടം നൽകി പ്രശ്നപരിഹാരത്തിന്നു വലിയ തിരുമേനി നൽകിയ സംഭാവന പ്രശംസാവഹമാണ്, പുതിയതായി കശ്ശീശ്ശ പട്ടം നൽകിയ ഫാ: ബാബു മാത്യുസിനേയും ഫാ: മൈക്കിൾ ഗീവർഗ്ഗീസിനേയും വൈദിക ശുശ്രൂഷകൾ വീഴ്ച കൂടാതെ നടത്തുന്നതിനോടൊപ്പം വൈദിക പഠനത്തിനും Contact Class ന്നും അവസരം നൽകുകയുണ്ടായി. മേൽപറഞ്ഞ 2 വൈദികരും കോഴിക്കോടു യൂണിവേഴ്സിറ്റിയിൽ നിന്നും തിയോളജിയിൽ ഡിപ്ലോമ കരസ്ഥമാക്കുകയും ചെയ്തിരിക്കുന്നു തുടർന്ന് Bth ബിരുദം എടുക്കുവാനുള്ള സാദ്ധ്യതയും കാണുന്നുണ്ട്.

ദീർഘകാലം സഭയുടെ ഭാരവാഹിത്വം വഹിച്ച നിലയിലും ഞങ്ങളുടെ കുടുംബത്തെ ആത്മാർത്ഥമായി സ്നേഹിച്ചനിലയിലും വലിയ തിരുമേനിയെ അടുത്തറിയുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. എന്റെ ഇളയ സഹോദരൻ Dr. M.C വർഗ്ഗീസ്സിനോടൊപ്പം കോളേജ് വിദ്യാഭ്യാസം നടത്തിയ തിരുമേനി ഞങ്ങളുടെ വന്ദ്യ പിതാവും സഭയിലെ ഒരു സുവിശേഷകനുമായിരുന്ന എം. എം. ചാക്കൊ രചിച്ച "ബൈബിൾ സമ്മറി" എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നയവസരത്തിൽ ശെമ്മാശ്ശനായിരുന്ന വലിയ തിരുമേനി ചെയ്ത സഹായ സഹകരണങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

സഭയുടെ സാമ്പത്തിക പ്രശ്നങ്ങൾക്കു പരിഹാരം കാണുവാനായി കുന്നുംകുളം സെന്റ് തോമസ്സ് ഇടവക ദേവാലയത്തിന്നു മുമ്പിൽ (കുന്നത്തെ പള്ളി) സഭാ സെന്റർ എന്ന പേരിൽ ഒരു Shopping complex നിർമ്മിക്കുന്ന കാര്യത്തിൽ വലിയ തിരുമേനി മുൻകൈ എടുക്കുകയും അത് ഒരു പരിധിവരെ യാഥാർത്ഥ്യമാക്കുകയും ചെയ്യുകയുണ്ടായി.

നിർദ്ധനരായ സമർത്ഥരായ കുട്ടികളുടെ ഉന്നത വിദ്യാഭ്യസത്തിന്ന് സാമ്പത്തിക സഹായം നൽകുന്നതിലും ഭവനമില്ലാത്തവർക്ക് ഭവനം ലഭ്യമാക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നതിലും തിരുമേനി അതീവ തൽപരനാണ്. രോഗികളുടെ സന്ദർശനത്തിലും മരിച്ചുപോയവരുടെ വീടുകൾ സന്ദർശിച്ച് സമാധാനസന്ദേശം നൽകുന്നതിലും നമ്മുടെ തിരുമേനി ഒരു തരത്തിലും ഉപേക്ഷ വരുത്താറില്ല.

ഇതരസഭകളുമായി സാഹോദര്യത്തിലാകുവാനും മൈത്രിയിലാകുവാനും സമയം കണ്ടെത്താറുള്ള വലിയ തിരുമേനി, എക്യുമിനിസ പ്രസ്ഥാനത്തിന്ന് ഒരു മുതൽകൂട്ടുതന്നെയാണ്. ദീർഘകാലത്തെ പ്രവർത്തന അനുഭവങ്ങളിൽ നിന്ന് ഒരു കാര്യം പറയുവാൻ എനിക്ക് കഴിയും; അതിഥി സൽക്കാരത്തിൽ പിന്നോട്ടു പോകുവാൻ ഒരിക്കലും ആഗ്രഹിക്കാത്ത തിരുമേനി ആരുടേയും സ്നേഹം പിടിച്ചു പറ്റുന്ന സ്വഭാവത്തിലാണ് പെരുമാറുക.

നമ്മുടെ ഇപ്പോഴത്തെ വലിയ തിരുമേനി, ശെമ്മാശനായിരിക്കുമ്പോഴും വൈദികനായിരിക്കുമ്പോഴും സ്ക്കൂട്ടറിൽ, സുവിശേഷഘോഷണത്തിന്നായി തിക്കുംതിരക്കുമായി ഓടിയിരുന്ന കാഴ്ചകൾ ഞാൻ ഇത്തരുണത്തിൽ ഓർക്കുകയാണ്. സണ്ടേസ്ക്കൂൾ പ്രസ്ഥാനം, മറ്റു വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ, യൂത്ത്ലീഗ് സ്ത്രീസമാജങ്ങൾ, കുഞ്ഞാടുകളുടെ വെളിച്ചം എന്ന യൂത്ത്ലീഗ് പ്രസിദ്ധീകരണം എന്നിവയിൽ തിരുമേനി ചെയ്തിട്ടുള്ള സംഭാവനകൾ സ്തുത്യർഹമാണ്. എന്നുവേണ്ട, സഭയിലെ വിദ്യാഭ്യാസ, സാംസ്കാരിക, ആരോഗ്യ, കാർഷിക ആത്മിയ മേഖലകളിലെ വലിയ മെത്രാപ്പോലീത്തയുടെ സംഭാവനകൾ എടുത്തു പറയേണ്ടിയിരിക്കുന്നു.

വലിയതിരുമേനി അമേരിക്കയിൽ സന്ദർശനം നടത്തിയവേളകളിൽ നമ്മുടെ സഭയിലെ അംഗമായ എന്റെ സഹോദരിയെ നേരിൽ കാണുകയും പ്രാർത്ഥിക്കുകയും ചെയ്ത കാര്യം ഞാൻ ഓർക്കുന്നു. വിദേശ പര്യടനവേളയിൽ നമ്മുടെ സഭയിലെ അംഗങ്ങളെ പരമാവധി സന്ദർശിക്കുകയും അവർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുന്ന പ്രകൃതി നമുക്കേവർക്കും വലിയ സന്തോഷം ഉളവാക്കുന്നതാണ്. സുവിശേഷങ്ങളിൽ ദരിദ്രരോട് സുവിശേഷം അറിയിക്കുന്ന കർത്താവിനെ നാം കാണുന്നു. ആരോഗ്യത്തിലും സമ്പത്തിലും എന്നുവേണ്ട, ഏതൊരു കാര്യത്തിലും ദാരിദ്ര്യം അനുഭവിക്കുന്നവരുടെ കൂട്ടത്തിലേക്കു ഇറങ്ങിച്ചെന്ന് സമാധാനസന്ദേശം നൽകുന്ന കാര്യത്തിൽ വലിയ തിരുമേനിയുടെ സന്നദ്ധത മറക്കാവുന്നതല്ല.

ഇതിനെല്ലാം ഉപരിയായി ഏതാനും മാസങ്ങൾക്കു മുമ്പ് തുടങ്ങി വെച്ചിട്ടുള്ള ധ്യാനശുശ്രൂഷകൾ നമ്മുടെ സഭയിൽ ഇദംപ്രഥമമാണ്. രോഗികൾക്കുവേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകൾ, സഭയിലെ പ്രശ്നങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ സഭയിലേയും ഇതരസഭയിലേയും ഇതരമതസ്ഥരുടേയും നീറുന്ന പ്രശ്നങ്ങൾക്കു വേണ്ടിയുള്ള പ്രാർത്ഥനകൾ, തുടങ്ങിയവയ്ക്കു മുൻതൂക്കം നൽകിക്കൊണ്ടുള്ള ധ്യാനയോഗങ്ങൾ കുന്നുംകുളം കുന്നത്തെപള്ളിയിൽ എല്ലാ മാസങ്ങളിലും ആദ്യത്തെ ഞായറാഴ്ച 4.30 മുതൽ 6.30 വരെ നടത്തിവരുന്നതിന്ന് നേതൃത്വം നൽകുന്നത് നമ്മുടെ വലിയ തിരുമേനിയാണ്. സഭയിലെ സുവിശേഷകർ, കൈക്കാരന്മാർ, ഭാരവാഹികൾ, പോഷക സംഘടനകളെ നയിക്കുന്നവർ, സമർത്ഥരായ വിദ്യാർത്ഥികൾ, തുടങ്ങി വിവിധ മേഖലകളിൽ പ്രവൃത്തിക്കുന്നവരെ ആദരിച്ച് പ്രോത്സാഹനം നൽകുന്ന കാര്യത്തിനും ധ്യാനയോഗങ്ങളിൽ തിരുമേനി സമയം കണ്ടെത്തുന്നതായി കാണാവുന്നതാണ്.

നമ്മുടെ തിരുമേനിക്ക് മസ്ത്തിഷ്കാഘാതം ഉണ്ടായ സമയത്ത് തൃശ്ശൂർ വെസ്റ്റ്ഫോർട്ടു ആസ്പത്രിയിൽ ചികിത്സയിലായിരുന്ന തിരുമേനിയോടൊപ്പം അല്പം സമയം ചിലവഴിക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. തികച്ചും ഒരു ഉയർത്തെഴുന്നേൽപ്പു തന്നെയാണ് അന്ന് തിരുമേനിക്ക് സംഭവിച്ചത്. സഭാ മക്കളുടേയും മറ്റു വിശ്വാസ സമൂഹത്തിന്റേയും പ്രാർത്ഥനക്കു മറുപടിയായയാണ് അത്തരം ഒരു ഉയർത്തെഴുന്നേൽപ്പു ലഭിച്ചത്. തിരുമേനിയെ പറ്റി സർവ്വശക്തൻ ഉദ്ദേശിക്കുന്ന പദ്ധതി നിവൃത്തിയാകുവാനാണ് അങ്ങിനെസംഭവിച്ചത്. അമ്പത്തേഴ് വയസ്സിൽ മെത്രാപ്പോലീത്ത സിൽവർ ജൂബിലി ആഘോഷിക്കുന്ന വലിയ മെത്രാപ്പോലീത്തായ്ക്ക് സഭയെ തുടർന്ന് നയിക്കുവാനും ഉന്നതിയിലെത്തിക്കുവാനും ദൈവഹിതം പൂർത്തികരിക്കുവാനും സർവ്വശക്തൻ ഇടയാക്കട്ടെ എന്ന പ്രാർത്ഥനയോടെ സിൽവർ ജൂബിലി ആഘോഷവേളകളിൽ എല്ലാ ആശംസകളും നേർന്നു കൊള്ളുന്നു. സോവനീർ പ്രകാശനം സഭയുടെ നന്മക്കും സമൂഹനന്മക്കും ഉതകട്ടെ എന്ന് പ്രത്യേകം പ്രാർത്ഥിക്കുന്നു കഴിഞ്ഞകാലമത്രയും നമുക്ക് ലഭിച്ച ദൈവകൃപ ഇനിയും നമ്മെ ശക്തിപ്പെടുത്തട്ടെ.

An Affectionate Metropolitan of our Sister Church

Dr. P. J. Alexander*

I offer the most warm and sincere greetings to His Grace The Most Rev. Joseph Mar Koorilose Valiya Metropolitan of the Malabar Independent Syrian Church, as he celebrates the Silver Jubilee of his consecration as the 13th Metropolitan of the Church, on my own behalf and on behalf of the Laity of the Mar Thoma Syrian Church of Malabar. This is a very happy occasion for me because of my long association with His Grace the Valiya Metropolitan. I had the good fortune to accompany the late Dr. Thoma Mar Athanasius, Suffragan Metropolitan of the Mar Thoma Church in 1977 when the Thozhiyoor Church had to face a crisis. Subsequently I have visited the Church and His Grace several times and I have been in frequent, if not regular communication with Valiya Thirumeni. I recall that I had participated in the Centenary celebrations of the sisterly relationship between the Mar Thoma Church and the Malabar Independent Syrian Church during 1994. I have always made it a point to call on Thirumeni during his visits to attend functions organized by the Mar Thoma Church. Thus this is a very happy occasion for me personally. During the long years of my relationship with His Grace, I have found him a very loving and affectionate Thirumeni. He is a very devout prelate, who draws his strength from his incessant interaction and prayer with our Heavenly Father. His deep trust in God has helped him to tide over many crises and difficulties in his ministry as well as in his health. The Marthoma Church has been very concerned with Thirumeni's health and welfare. Dr. Zac Varghese, one of my cousins in the United Kingdom is working closely with Bishop Fenwick, a friend both of the Thozhiyoor Sabha and the Mar Thoma Church. It is my wish and prayer that the Thozhiyoor Church would grow and develop fast and become a model for others in its mission and concerns.



The Marthomites have been weaned on the special relationship which exist between their Church and the Thozhiyoor Sabha. One of our great Metropolitans Juhanon Mar Thoma has recorded thus in his book 'Christianity in India and the Mar Thoma Syrian Church' (Madras 1952) "Thomas Mar Athanasius who sustained the Church through his sufferings passed away suddenly in 1893 without consecrating a successor. The enemies of the Church hoped that without Episcopal succession the reform party would come to an end. Much influence was used to prevent Mar Koorilose of Thozhiyoor Church from coming for the consecration, but in spite of that Mar Koorilose came and consecrated Titus I Mar Thoma" (p 41). Thirumeni has also mentioned that the Thozhiyoor Church was the instrument through which the Apostolic succession of the Malabar Church could be maintained without break. Thirumeni writes "This small Diocese has played a significant part in the history of the Syrian Church. Mar Kurilos I (Cyril) consecrated his successor Mar Kurilos II. Mar Kurilos II was succeeded by Mar Philoxenos I who in his turn was succeeded by Mar Philoxenos II. This Philoxenos II had the privilege of consecrating three Metrans in the Jacobite Syrian Church. These were known as Pulikkottil Mar Dionysius, Punnathra Mar Dionysius and Cheppat Mar Dionysius. This Cheppat Mar Dionysius in turn consecrated the Thozhiyoor Metran Kurilos III, when Philoxenos II passed away without consecrating his successor. On two occasions, once before the consecration of Punnathra Mar Dionysius and again before the consecration of Cheppat Mar Dionysius, the Thozhiyoor Metropolitan Philoxenos II acted as Malankara Metropolitan in the Jacobite Syrian Church for short periods. This action of Philoxenos II consecrating Bishops in the Malankara Church and claming no jurisdiction or authority over the bishops or the Church is highly commendable" (p 32). Thirumeni concludes, "Though there are some differences in faith and practices of the Mar Thoma Church and the Thozhiyoor Church, both are in communion with each other. The present Thozhiyoor Metropolitan Geevarghese Mar Kurilos was consecrated by the Mar Thoma Metropolitan" (p 23). Since then there has been many such instance of the Bishops of Thozhiyoor Church taking part in the consecration of the Bishops of the Mar Thoma Church and vice versa. This piece of history is important not only to highlight the special relationship between the Mar Thoma Church and the Thozhiyoor Church but to make it very clear that the Apostolic succession of all the Syrian Churches of Malabar has been ensured by the episcopacy of the Thozhiyoor Church. This is the most important role Thozhiyoor Church was destined to play in the history of the Syrian Churches in Malabar. Stephen Neil, therefore is fully justified in observing that "This minute Church (Malabar Independent Syrian Church) has had an importance in the history of the St. Thomas Christians far greater than its numbers would suggest" (Stephen Neil – A History of Christianity in India - p 70). As the Psalmist has said "The stone, the builders rejected has become the capstone". All Syrian Christians should be very deeply grateful to our Father in Heaven for the Independent Church of Malabar without which they would have lost their Aaronic priesthood and Apostolic succession.

At this moment of celebration, it is our duty to pray for and support the further growth and development of the Thozhiyoor Sabha. Under the Valiya Metropolitan, the Church has scaled new heights and it is poised for rapid growth and development. The new Cathedral is a sign of the new route the Church is bound to pursue. I pray to God to strengthen the Valiya Metropolitan to give the required guidance and leadership to take the Church forward.

The Laity of the Mar Thoma Church joins me in greeting His Grace The Most Rev. Joseph Mar Coorilos Valiya Metropolitan on this happy occasion and in giving him our good wishes and prayers. We wish and pray that the Thozhiyoor Church would have the good fortune to benefit from his leadership and rich experience for many more years.

---

* Dr. P. J. Alexander is a member of the Laity of the Mar Thoma Church, who has held many important positions in the Church. He was formerly the Director General of Police, Kerala, Professor and Director, Institute of Management in Government. Currently he is a Consultant to several organizations in India and abroad.



Best Wishes....

With
Prayers &
Best Wishes to our
Loving Thirumeni

T. Chandran IPS & Family
Thekkoott House
Mannuthy, Thrissur

തൊഴിയൂർ വലിയ മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനി

റവ. **ജോൺസൺ മാത്യു**, ആലപ്പുഴ

മലങ്കര മാർത്തോമ്മാ സുറിയാനി സഭയും തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. മാർത്തോമ്മാ സുറിയാനി സഭയുടെ ഏറ്റവും നിർണ്ണായക ഘട്ടത്തിൽ തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയിൽ നിന്നും ലഭിച്ച സഹായം അവിസ്മരണീയമാണ്. അങ്ങനെയൊന്നുണ്ടായിരുന്നില്ലെങ്കിൽ മാർത്തോമ്മാ സഭയുടെ ചരിത്രം തന്നെ മറ്റൊന്നാകുമായിരുന്നേനെ. മാർത്തോമ്മാ സഭ അവ്വണ്ണം തന്നെ തിരികെ നൽകുന്നു എന്നതും ശ്രദ്ധേയമാണ്. ഈ സഭകൾ തമ്മിൽ ഉറ്റബന്ധം കാത്തുസൂക്ഷിച്ചും, പരസ്പര വിശ്വാസത്തിലും ധാരണയിലും എന്നും കഴിയട്ടെ എന്ന് ആഗ്രഹിക്കാം.

ഇപ്പോഴത്തെ തൊഴിയൂരിലെ വലിയ മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനിയെ മാരാമൺ കൺവൻഷനിൽ കണ്ടിട്ടുണ്ടെങ്കിലും, അധികം അടുത്തറിയുന്നത് ബാംഗ്ലൂർ എക്യുമെനിക്കൽ ക്രിസ്റ്റ്യൻ സെന്ററിൽ (ഇ.സി.സി.) വച്ചാണ്. 1991ൽ അവിടെ നടന്ന ഒരു കോൺഫറൻസിൽ ഒന്നിച്ചു പങ്കെടുക്കാൻ കഴിഞ്ഞതാണ് ആ ധന്യനിമിഷം. അന്നുമുതൽ നാളിതുവരെ അത് തുടരാൻ കഴിയുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. അവിടെ വച്ച് എന്റെ ഇടവകാംഗമായിരുന്ന അയിരൂർ പെരുമരത്തിങ്കൽ ശ്രീ. ചെറിയാൻ ഫിലിപ്പിന്റെ ബാർട്ടൻ സെന്ററിലുള്ള 815-ാം നമ്പർ ഓഫീസ് മുറി കൂദാശ ചെയ്യുന്നതിന് ഒരു ക്രമീകരണം ഉണ്ടായിരുന്നു. ഞങ്ങൾ തിരുമേനിയെ കൂടി കൂദാശയ്ക്ക് ക്ഷണിക്കുകയും അദ്ദേഹം വന്ന് പങ്കെടുക്കുകയും നേതൃത്വം നൽകുകയും ചെയ്തു. അന്നു മുതൽ ശ്രീ. ചെറിയാനും കുടുംബവും അദ്ദേഹത്തിന്റെ സഹോദരൻ ബാബുവും ഒക്കെ തിരുമേനിയുമായുള്ള ബന്ധം തുടർന്നു കൊണ്ടേയിരുന്നു. ബാംഗ്ലൂരിൽ നിന്നും കാറിൽ നാട്ടിലേക്ക് വരുമ്പോഴൊക്കെ അവർ തിരുമേനിയെ കാണാൻ മറന്നിരുന്നില്ല. ഇപ്പോൾ ചെറിയാനും കുടുംബവും യു.എസ്.എ.യിലും ബാബു അയിരൂരിലും താമസിക്കുന്നു. ഈ അടുത്തയിട അവരുടെ മാതാവ് മരിച്ചപ്പോൾ തിരുമേനി എത്തി ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയിരുന്നു.

എന്റെ ഓർമ്മയിൽ മാരാമൺ വരുന്ന തൊഴിയൂരെ തിരുമേനിക്ക് കൊടിവച്ച ഒരു വെള്ള അമ്പാസിഡർ കാറുണ്ടായിരുന്നു. ഒരിക്കൽ അതിന്റെ എൻജിൻ ഫൗണ്ടേഷൻ കേടായപ്പോൾ അഭിവന്ദ്യ ജോസഫ് മാർ ഐറേനിയസ് എപ്പിസ്കോപ്പാ (ഇന്നത്തെ അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ) ആവശ്യപ്പെട്ടതനുസരിച്ച് തെക്കേമലയിലെ കിടങ്ങാലിൽ ഓട്ടോമൊബൈൽ വർക്ക്ഷോപ്പിൽ പോയി റിപ്പയർ ചെയ്തു നൽകിയതും ഓർമ്മ വരുന്നു. നമ്മുടെ മെത്രാച്ചന്മാർ നല്ല നല്ല കാറുകളിൽ പോകുമ്പോൾ ഒരു പഴയ കാർ ആയിരുന്നു വലിയ മെത്രാപ്പോലീത്താ ഉപയോഗിച്ചിരുന്നത്. അന്നദ്ദേഹം പറഞ്ഞതോർക്കുന്നു, ഒരു മെത്രാച്ചനും, ഈ കാറിൽ കയറാനുള്ള അച്ചന്മാരുമേ ആ സഭയ്ക്കുള്ളു എന്ന്. എന്നാൽ 2001ൽ തൊഴിയൂർ സഭയ്ക്ക് രണ്ട് തിരുമേനിമാരും 11 വൈദീകരും, 3 ശെമ്മാശന്മാരും ആയി അതിൽ രണ്ടു വൈദീകരെ ഈ വലിയ തിരുമേനി തിയോളജി പഠനത്തിനയച്ചു എന്നതും ശ്രദ്ധേയമായ മറ്റൊരു ചരിത്രം.

അയിരൂരിൽ എന്റെ ഇടവകയിലെ ചില ഭവനങ്ങളിലും എന്റെ കൊറ്റനാട്ടുള്ള വീട്ടിലും തിരുമേനി വന്നിട്ടുള്ളത് ഞാൻ നന്ദിയോടെ ഇത്തരുണം ഓർക്കുന്നു. ആരെയും ആകർഷിക്കുന്ന വിനയവും, സ്നേഹവും, കരുതലും, ഘനഗംഭീരമായ ശബ്ദവും, വളരെ ഉയർന്ന ശരീരഘടനയുമൊക്കെ ഏവരെയും ആകർഷിക്കുന്നതാണ്. എല്ലാ വർഷവും മാരാമൺ കൺവൻഷനിൽ വച്ച് കാണാനും പരിചയം പുതുക്കാനും അവസരം ലഭിച്ചുകൊണ്ടിരിക്കുന്നു എന്നത് ഏറ്റവും സന്തോഷകരമാണ്.

ഇതിനിടയിൽ അദ്ദേഹം രോഗാതുരനായതും, ചെവിയുടെ കേഴ്വിശക്തി കുറഞ്ഞതും, മാത്രമല്ല ചെറുപ്രായ

ത്തിൽ തന്നെ തനിക്ക് പിൻഗാമിയെ വാഴിച്ച് വലിയ മെത്രാപ്പോലീത്തായായി സഭയെ നയിക്കുന്നതും ഹൃദയഭേദകമായി. ദീർഘമായി ലഭിക്കേണ്ട നേതൃത്വം വേണ്ടവിധം പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞില്ലല്ലോ എന്നോർക്കുകയാണ്. മാർത്തോമ്മ സഭയിലെ റവ. ഡോ. കെ. റ്റി. ജോയി അച്ചൻ മുഖാന്തിരം അദ്ദേഹം ഇംഗ്ലണ്ടിലെ കാന്റർബറി ആർച്ച് ബിഷപ്പിന്റെ എക്യുമെനിക്കൽ അസി. സെക്രട്ടറിയായിരുന്ന റവ. ഡോ. ആർ. കെ. ഫെൻവിക്കുമായുള്ള ബന്ധത്തിൽ തൊഴിയൂർ സഭയെകുറിച്ച് 1992-ൽ ആദ്യപുസ്തകം പ്രസിദ്ധീകരിക്കുന്നതിനിടയായി. എന്നുമാത്രമല്ല ഈ സഭയുടെ യശ്ശസ്സ് ഉയർത്തുവാനും, ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുവാനും ഇടയാക്കി എന്നത് ശ്രദ്ധേയവും, അനുഗ്രഹകരവുമാണ്. ആ ആദ്യ പുസ്തകത്തിൽ നിന്നും വ്യത്യസ്തമായി ദീർഘ വർഷങ്ങളിലെ പഠനശേഷം ലഭിച്ച വളരെയേറെ തെളിവുകൾ സഹിതം ബിഷപ്പ് ഡോ. ആർ. കെ. ഫെൻവിക് തൊഴിയൂർ സഭയെകുറിച്ച് ഇംഗ്ലീഷിൽ 'Forgotten Bishops' എന്ന 686 പേജുകൾ ഉള്ള രണ്ടാമത്തെ പുസ്തകം 2009 ൽ പ്രസിദ്ധീകരിക്കുന്നതിനിടയായി. അതിലെഴുതിയ മുഖവുരയിൽ

”The whole project was initiated by the Most Revd. Joseph Mar Koorilose IX, as Metropolitan of the Malabar Independent Syrian Church. Over the years has devoted many hours to answering innumerable questions sent out from England” സായിപ്പ് എഴുതിയ വാക്കുകളിൽ നിന്ന്- ദൈവം തനിക്കു നൽകിയ താലന്തുകൾ വർദ്ധിപ്പിക്കുന്നതിൽ ഇന്നും ഞങ്ങളുടെ സ്നേഹം നിറഞ്ഞ കൂറിലോസ് തിരുമേനി ബദ്ധശ്രദ്ധാലുവാണെന്ന് ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. സർവ്വശക്തനായ ദൈവം തിരുമേനിക്ക് മരണാസന്നമായ രോഗത്തിൽ നിന്നുള്ള വിടുതലും, പുതുദർശനവും, നവീനകാഴ്ചപ്പാടുകളും നൽകി സഹായിക്കുന്നു എന്നത് ഏറെ സന്തോഷകരമാണ്.

കരുനാഗപ്പള്ളി കൊല്ലക മാർത്തോമ്മാ ഇടവകയിൽ ഒരിക്കൽ ചില ദിവസങ്ങൾ തിരുമേനി ഞങ്ങളോടൊപ്പം താമസിച്ചു. ചില പ്രാർത്ഥനകളിൽ പങ്കെടുക്കുകയും നേതൃത്വം നൽകുകയും ചെയ്തു. അപ്പോൾ ചില ഭവനങ്ങൾ സന്ദർശിക്കുകയുണ്ടായി. വ്യക്തിപരമായി ആളുകളെ അറിയാനും, ഓർക്കാനും, പ്രാർത്ഥിക്കുവാനും തിരുമേനി കാണിച്ച ആഗ്രഹത്തെ വളരെ മാനിക്കുന്നു. ജീവിത പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവർക്ക് ആശ്വാസം പകരുവാനും അദ്ദേഹം താല്പര്യപ്പെട്ടു. അന്ന് ചെമ്പകശ്ശേരിൽ ശ്രീ. വി. ജി. കോശിയുടെ കാലുമുറിച്ച് അദ്ദേഹം ഭവനത്തിൽ കഴിയുകയാണ്. അദ്ദേഹത്തിന്റെ വൃക്കകൾ രണ്ടും അതിനുമുമ്പായി മാറ്റിവച്ചിരുന്നു. ഭാര്യ അതിനും മുമ്പേ മരണം മൂലം വേർപ്പെട്ടിരുന്നു. അദ്ദേഹത്തിന് രണ്ട് ആൺമക്കളും ഒരു മകളുമാണുണ്ടായിരുന്നത്. തിരുമേനി കുട്ടികളുടെ വിവാഹത്തെപ്പറ്റിയും പ്രത്യേകിച്ചും മകളുടെ വിവാഹത്തെപ്പറ്റിയും ഒക്കെ വളരെ താല്പര്യപൂർവ്വം സംസാരിച്ചപ്പോൾ എത്രയധികം വാത്സല്യമാണ് അദ്ദേഹം ചൊരിഞ്ഞു നൽകിയത്. കോശിയുടെ മക്കൾ എല്ലാം വിവാഹിതരായി. കോശി തുടർന്ന് രോഗം മൂർച്ഛിച്ച് ഇഹലോകവാസം വെടിഞ്ഞു.

കോശിയുടെ സഹോദരൻ ശ്രീ. വി.ജി. ജോണും തിരുമേനിയും, ഞാനും, എന്റെ മക്കളും കൂടി ജോണിയുടെ ലാൻസർ കാറിൽ മാതാ അമൃതാനന്ദമയിയുടെ ആശ്രമത്തിൽ പോയി. സുനാമിബാധിത തീരങ്ങളൊക്കെ കണ്ട് അമൃതപുരിയിൽ എത്തിയപ്പോൾ അമ്മ അവിടെയില്ല. ധാരാളം ആളുകൾ, നിശബ്ദമായ അന്തരീക്ഷം. അല്പസമയം ഞങ്ങൾ അവിടെ നിന്നപ്പോൾ, ഒരു കൂട്ടം സന്യാസിനിമാർ അടുത്തു വന്നു. ആ കൂട്ടത്തിലെ മുതിർന്ന ഒരു സ്വാമിനി ഞങ്ങളോട് ഏറെ സംസാരിച്ചു. തിരുമേനിയുടെ സംസാരത്തിൽ നിന്നും കുന്നംകുളത്തുകാരനെന്നു തിരിച്ചറിഞ്ഞു. സംസാരത്തിനിടയിൽ തിരുമേനി അവരുടെ ജന്മദേശത്ത് തിരുമേനിക്കു പരിചയമുള്ള ജെറ്റ് എയർ വിമാനകമ്പനിയുടെ ഉദ്യോഗസ്ഥ ഗീതാമേനോനെ അറിയുമോ എന്ന് ചോദിച്ചതിന് അറിയും എന്നായിരുന്നു മറുപടി. ഉടനെഅവർ പറഞ്ഞു “ഞങ്ങളുടെ കുടുംബാംഗങ്ങളോടൊപ്പം ഫോട്ടോയിൽ കണ്ട ബിഷപ്പ് തിരുമേനിയാണല്ലോ ഇത് എന്ന് ആശ്ചര്യം കൂറി” തിരുമേനിയുടെ സുഹൃത്തിന്റെ സഹോദരിയായ ദേവിയമ്മയാണ് താനെന്ന് പരിചയപ്പെടുത്തി ആതിഥേയ മര്യാദകളോടെ ഞങ്ങളെ സ്വീകരിച്ചു. മടങ്ങുമ്പോൾ അവർ പറഞ്ഞു തൊട്ടടുത്തുള്ള വലിയ കെട്ടിടത്തിൽ മുകളിൽ നിന്ന് താഴേക്ക് നോക്കിയപ്പോൾ നിങ്ങളെ കണ്ടു. ഓടിയിറങ്ങി വന്നു. നിങ്ങളുടെ അടുക്കലേക്ക് വരാൻ എന്തോ ഒരു പ്രചോദനം ഉണ്ടായി. “അമ്മ”യാണ് തിരുമേനിയുടെ അടുക്കലേക്ക് നയിച്ചത്. സ്വാമിനി ദേവിയമ്മയെ അമ്മ നയിച്ചതോ? തിരുമേനിയെ പരിശുദ്ധാത്മാവായ ദൈവം സഹായിച്ചതോ? ഏതായാലും ആ യാത്ര വളരെ സന്തോഷകരമായിരുന്നു. ആരെയും അന്യരായി കാണാതെ എല്ലാറ്റിനെയും, എല്ലാവരേയും ദൈവസ്നേഹത്തിനുള്ളിൽ നിന്നു കാണാൻ അദ്ദേഹത്തിന് കഴിയുന്നു എന്നത് എത്ര ആനന്ദകരമായ അനുഭൂതിയാണ്. “യാചിക്കുന്നവന് ലഭിക്കുന്നു, അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു, മുട്ടുന്നവന് തുറക്കപ്പെടുന്നു”.

പുനലൂർ സെന്റ് തോമസ് (തൊളിക്കോട്) ഇടവകയിൽ ഞങ്ങൾ ശുശ്രൂഷ ചെയ്യുന്ന കാലത്ത് സെന്റർ കൺവൻഷൻ സമാപനദിവസം നേതൃത്വം നൽകിയതും, ദൂത് പങ്കിട്ടതും തിരുമേനിയായിരുന്നു. അപ്പോൾ മാത്രമാണ് അവർ ഏറെപ്പേരും തൊഴിയൂർ സഭയുടെ ഒരു മെത്രാച്ചനെഅടുത്തു കാണുന്നത്. അന്ന് അദ്ദേഹം താമസിച്ചത് എന്റെ ഇടവകാംഗമായ നഥനേൽ ശ്രീ. കെ. രാജന്റെ വീട്ടിലായിരുന്നു. അവർ എപ്പോഴും തിരുമേനിയെ ഓർക്കുന്നു. നല്ല ഓർമ്മ പങ്കിടുകയും പങ്ക് വയ്ക്കാറുമുണ്ട്. ആ കാലഘട്ടത്തിൽ എന്റെ ഇടവകാംഗമായ ഒരാൾ മരിച്ചു. മരിച്ച ആളിന്റെ മക്കളെല്ലാവരും

അമേരിക്കയിലാണ്. മാർത്തോമ്മാ സഭയിലെ തിരുമേനിമാരൊക്കെ അവർക്ക് പരിചിതരായിരുന്നുവെങ്കിലും ആരെയും ശവസംസ്കാരശുശ്രൂഷയ്ക്ക് നേതൃത്വം നൽകാൻ ലഭിച്ചില്ല. ഞാൻ കൂറിലോസ് തിരുമേനിയെ ക്ഷണിച്ചപ്പോൾ കുന്നംകുളത്തു നിന്നും നന്നേ രാവിലെ തിരിച്ച് കൃത്യം 1 മണിക്ക് പുനലൂരിൽ എത്തി ശുശ്രൂഷകൾ നടത്തി അദ്ദേഹം മടങ്ങിപ്പോയി. വളരെ ത്യാഗപൂർവ്വം അന്യരുടെ ആവശ്യങ്ങളിൽ സഹകരിക്കാനും, സഹായിക്കാനും തയ്യാറായ ആ വലിയ മനസ്സിന് നന്ദി.

ഇത്രയൊക്കെ അടുപ്പം ഞങ്ങൾ സൂക്ഷിച്ചിരുന്നുവെങ്കിലും 2011 ജനുവരിയിലാണ് ഞാൻ ആദ്യമായി തൊഴിയൂരിലെ അരമനയിൽ പോകുന്നത്. വളരെ ആഗ്രഹിച്ചിരുന്നതാണെങ്കിലും നടന്നില്ല. ഇപ്പോൾ മാത്രമാണ് സമയം ശരിയായി കിട്ടിയത്. എത്രയോ വർഷമായി ആ ബന്ധം ഞങ്ങൾ തുടരുന്നു. എല്ലാ ക്രിസ്തുമസ്സിനും കാർഡുകൾ, വിളികൾ ഒക്കെ എത്താറുണ്ട്. ചിലപ്പോഴൊക്കെ മറുപടി അയക്കാനും കഴിയാതെ പോയിട്ടുണ്ട്. ഈ വർഷം ഏതായാലും അവിടെ പോകാൻ കഴിഞ്ഞു. തൃശൂർ കല്ദായ സഭയുടെ ഓഡിറ്റോറിയത്തിൽ വച്ച് എന്റെ ആലപ്പുഴ ഇടവകയിലെ ഒരു അംഗത്തിന്റെ വിവാഹനിശ്ചയം നടന്നിരുന്നു. അന്ന് കല്ദായ സഭയുടെ മെത്രാപ്പോലീത്താ മാർ അപ്രേം തിരുമേനിയും വിവാഹനിശ്ചയത്തിൽ പങ്കെടുത്തിരുന്നു.

മുൻകൂട്ടി നിശ്ചയിച്ച പ്രോഗ്രാമായിരുന്നില്ലെങ്കിലും ഞങ്ങളെ കാത്തിരുന്ന തിരുമേനി ഹൃദ്യമായി സ്വീകരിച്ചു. ഞാനും, ഭാര്യയും, മൂന്നു മക്കളും, ഇടവക ശുശ്രൂഷകനും, വണ്ടിയുടെ ഡ്രൈവറും ഉണ്ടായിരുന്നു. എല്ലാവർക്കും ഹൃദ്യമായിരുന്നു ആ യാത്ര. തന്റെ അരമനയിൽ ഞങ്ങളെ സ്വീകരിച്ച തിരുമേനി, പള്ളിയും, മദ്ബഹായും, കബറിടങ്ങളും ഒക്കെ കാണിച്ചുതന്നു. ചുറ്റുപാടുകളെ കാണിച്ചു തന്നു. ബാധയിറക്കി ആണിയടിച്ചു നിർത്തുന്ന മരം കാണിച്ചുതന്നു. കൂട്ടത്തിൽ ഒരുവാക്ക് - അന്ന് അതിന് കഴിവുള്ളവർ, വിശ്വാസമുള്ളവർ, പ്രാർത്ഥനാവീരന്മാർ ഈ സഭയിൽ ഉണ്ടായിരുന്നുവെന്ന്. സന്ധ്യാ ചായ തിരുമേനിയോടൊപ്പം ആയിരുന്നു എന്ന ഓർമ്മ സുഖം പകരുന്നു. കുട്ടികൾക്ക് മൂവർക്കും ഓരോ പെൻസെറ്റും, എനിക്ക് ബ്രദർ, ഡോ. മാത്യു വർഗീസ് എഡിറ്റു ചെയ്ത ഒരു ബൈബിളും അദ്ദേഹം സമ്മാനിക്കുകയുണ്ടായി. ഇത്തരം ഒരു സ്വീകരണം തിരുമേനിയിൽ നിന്നും ലഭിച്ചത് വലിയ ഭാഗ്യമായി കാണുന്നു.

ആത്മാർത്ഥത, സത്യസന്ധത, ലാളിത്വം, വിനയം, കരുതൽ, സ്നേഹം, ആർദ്രത ഒക്കെ നിറഞ്ഞു നിൽക്കുന്ന ആ ജീവിതത്തിൽ ദൈവകൃപയുടെ ഒഴുക്കുകൾ അഭംഗുരം തുടരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ 25-ാം വർഷം (രജത ജൂബിലി) തൊഴിയൂർ സഭയ്ക്കും, മാർത്തോമ്മാ സഭയ്ക്കും മാത്രമല്ല ആഗോള സഭയ്ക്കു തന്നെ അനുഗ്രഹമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

തിരുമേനിക്ക് സർവ്വമംഗളങ്ങളും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് സർവ്വേശ്വരൻ ദീർഘായുസ്സും, ആരോഗ്യവും നൽകി കാത്തു പരിപാലിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തട്ടെ.

Best Wishes & Prayers to Our Beloved Thirumeni

Rev . Johnson Mathew, Reena Mathew.
Ann Susan Mathew, Joel Johnson Mathew, Joshua Johnson Mathew

A loving Metrachen who advocates Courage in the midst of Discouragements

DR. Kochummen John , England

This is a Personal experience of mine and my family.I am a family practitioner and cardiologist working in a London suburb for the last 38 yrs.My family has experienced Thirumeni's this great ability of showing compassion and courage in the midst of difficulties and sorrows and he often quotes Biblical Verses to support and substantiate his encouraging words of wisdom.This refreshes and strengthens ones in most being and we simply praise the lord with the gratitude. This is the same feeling that the great Evangelist Dr George Samuel of Tiruvella experienced in his life in situations like this in his life

Though I have heard of Malabar independent Syrian church and her close relationship with the Marthoma Church and its Metroploitans over many decades ,I only had the privilege and Blessing to meet our Koorilose Metrachen for the first time in august 1989 when he visited the London marthoma Parish and friends here..His grace decided to stay with us and it was a real blessing for all of us . His Grace was the supreme authority and the spiritual leader of the Malabar Independent Syrian Church at that time. Thirumeni's dealing with us was such that the whole family became friends with him. We continued this aquintance by frequent correspondence and supporting each other in prayers. Thirumen's next visit was in April 1991 and His lordship was accompanied this time by Fr Varghese Vazhapally from his Parish. We were also Previleged to have Bishop Rt Rev Zacharias Mar Theophilus , now the safargan Metropolitan Of the Marthoma Church. This was the Passion week and we had wonderful fellowship and prayerful few days. Koorilose Metrachen also had few days to take his prescribed rest as this was just after his ear surgery.We all experienced Thirumeni's love and affection towards us and my 2 son's became very affectionate with Thirumeni. On all these visits I noted that thirumeni is a man of vision and mission.He has shown deep love for Jesus Christ and always sought for spiritual energy to get over his issues in life. This was an eye opener for me in my life. He loved his Thozhiyur Sabha and worked hard to get international recognition for his church. He developed a bondage with many other European Christian Denominations and lifted the church from the previous rather unknown and isolated ancient church of Malabar into a respectful and easily known church .Many people had worked with him for this and I salute him for this tremendous work and witnessed all his effort here and Iam sure this will be well remembered by the church historians.

We were greatly saddened by the continuing medical problems his Grace was going through and also the troubles he had from some of his own Sabha people..This has really shocked Thirumeni but he put his faith in christ because he knew that by this faith ,righteous-

Episcopal Consecration on 13th August 2011 - Thiruvalla - Marthoma Church

ness comes from God. This is the time I was also going through a difficult time in my work and personal life. He visited me in England and consoled me and often quoted appropriate bible quotations to suppot and strenghthen me. His Grace often tells me do not grumble against God but learn to grasp the will of God in You. He advised to seek the intercession of Kattumangattu Koorilose Bava and wait for God's Devine Guidance. inspite of all the troubles he is going through, Thirumeni agreed to attend my Eldest son Dr Jagan John's wedding at the Medical College Marthoma Church Trivandrum on 9th December 2003 . Rt Rev Dr joseph Mar Iraneus The Saffargan metropoloitan Of Marthoma church (now Metropolitan of Marthoma Church) was conducting the ceremony and Koorilose Thirumeni also participated in the service and Blessed the Couple. It was a very happy occasion and remember the occasion with gratitude and thank both Metropolitan's for their kindness and Blessings.More than a Metropolitan I considered Koorilose thirumeni as a brother and friend and we could discuss our problems openly and share our thoughts.During his many visits to Europe his Grace always found time to visit us and spend time with us.I consider Thirumeni's advice and his deep rooted love for Christ is some thing I treasure and try to follow and as Psalmist Says, as we read in psalm chap 136 ver 26 Give thanks to the God of Heaven, His love Endures for Ever. I treasure all his Biblical quotations particularly the one he wrote in a letter sending his best wishes and blessings to my grand daughters Joanna and Lauren recently . In this Thirumeni reminds me to read and meditate on Issiah Chap 41 verses 10& 11 which reads–

So do not fear for I am with you. Do not be dismayed for Iam your God. I will strengthen you and help you. I will uphold you with my Righteous right hand

Koorilose Valiya Metrachen is a true shepherd in all sense with vision and courage. He is devoted to his church and God ,a compassionate and loving father to all. He is a true Ambassador of Christ and shown total courage and devotion in the midst of Discouragements. I pray with my family that God continue to shower all Blessings and Grace up on Thirumeni to lead and guide the Thozhiyur church and others like me in to the future and in true faith

I join my family to Wish his Grace all the Best



നിഷ്കളങ്കനും സൽഗുണ സമ്പൂർണ്ണനുമായ ഇടയശ്രേഷ്ഠൻ

പി എം വർഗ്ഗീസ്, ന്യൂയോർക്ക്, യു.എസ്.എ.

കേരളത്തിൽ ഇന്നു ജീവിച്ചിരിക്കുന്ന എല്ലാ എപ്പിസ്ക്കോപ്പൽ സഭകളുടേയും പരമോന്നതസ്ഥാനം വഹിക്കുന്ന ആത്മീയമേലധ്യക്ഷൻമാരുടെ ഗണത്തിൽ അവരോടൊപ്പംതന്നെ സർവ്വഥാ അനുയോജ്യനായ മറ്റൊരു അജപാലകനാണ് മലബാർ സ്വതന്ത്രസുറിയാനി സഭയുടെ മോസ്റ്റ് റവ: ജോസഫ് മാർ കൂറീലോസ് വലിയ മെത്രാപ്പോലീത്ത. ഭക്തൻമാർ ഇല്ലാതെയും വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരുടെ ഇടയിൽ കുറഞ്ഞും പോയിരിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവവിളിയും നിയോഗവും അനുസരിച്ച് പൗരോഹിത്യ ശുശ്രൂഷയിലേക്ക് അവരോധിക്കപ്പെട്ട ഈ ആത്മീയ ആചാര്യൻ താൻ അലങ്കരിക്കുന്ന ശ്രേഷ്ഠ പദവിയുടെ 25-ാം വാർഷീകം വലിയവനായ ദൈവത്തിന്റെ അതിരറ്റ സ്നേഹത്താലും കൃപയാലും പൂർത്തീകരിക്കുന്നു എന്നറിയുവാൻ കഴിഞ്ഞതിൽ പിതാവാം ദൈവത്തെ സ്തുതിച്ചു മഹത്ത്വപ്പെടുത്തുന്നതോടൊപ്പം ഈ മഹാസന്തോഷത്തിൽ ബലഹീനനായ ഞാനും എന്റെ കുടുംബാംഗങ്ങളും പങ്കുചേരുകയും ചെയ്യുന്നു. വ്യക്തിപരമായി ഞങ്ങളെ സ്നേഹിക്കുകയും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ഈമെയിലിലൂടെ സമ്പർക്കം പുലർത്തുകയും ചെയ്യുന്ന ഈ വന്ദ്യപിതാവിന്റെ മേല്പട്ട പൗരോഹിത്യ ജൂബിലിയുടെ ഭാഗമായി പുറത്തിറക്കുന്ന സ്മരണികയിൽ അദ്ദേഹമായിട്ടുള്ള ഞങ്ങളുടെ പരിചയസമ്പത്തിന്റെ അനുഭവങ്ങൾ ചുരുക്കമായി എഴുതുവാൻ ബലഹീനനായ എനിക്ക് തന്ന അവസരത്തിനായിട്ട് നന്ദിയും കൃതജ്ഞതയും അർപ്പിക്കുന്നു.

യു.എസ്.എ യിലെ ന്യുയോർക്ക് സിറ്റിയിൽ മാത്രം ഏതാണ്ട് നൂറിൽ പരം എപ്പിസ്ക്കോപ്പൽ ദേവാലയങ്ങൾ സ്വന്തമായുള്ള വിവിധ ക്രിസ്തീയ സഭാ വിഭാഗങ്ങൾ ഉണ്ട്. ഇതിലെ ഏതാനും ചില സഭകളിലെ ആത്മീയ മക്കളുടേയും അവരുടെ തലമുറകളുടേയും ആത്മീയ വളർച്ചയ്ക്കും രക്ഷാമാർഗ്ഗത്തിനും തുടക്കം കുറിച്ചുകൊണ്ട് "നമ്മൾ ക്രിസ്തുവിൽ ഒന്നാണ്." (We are one in Chirst) എന്നുള്ള പൊതുവായ ആത്മീയ അടിസ്ഥാനതത്വത്തിൽ ഊന്നികൊണ്ട് ഇന്റർഡിനോമിനേഷൻ ക്രിസ്ത്യൻ ഫേല്ലോഷിപ്പ് എന്ന ഒരാത്മീയ പ്രവാചകത്വ ശുശ്രൂഷ 1992 ൽ ന്യൂയോർക്ക് സിറ്റി ആസ്ഥാനമാക്കി ആരംഭം കുറിച്ചു. ആദ്യ കാലങ്ങളിൽ വളരെ കുറച്ചുപേർ മാത്രം ക്രിസ്തീയ കൂട്ടായ്മ അനുഭവിച്ചിരുന്ന ഈ കൂട്ടായ്മയുടെ ആരാധനകളും ഉപവാസപ്രാർത്ഥനകളും എല്ലാം മറ്റു സഭകളുടെ പ്രയർഹാളിൽ വെച്ചാണ് നടത്തി പോന്നിരുന്നത്. പതിനെട്ടു വർഷം കൊണ്ടുള്ള ഈ ശുശ്രൂഷയുടെ അഭൂതപൂർവ്വമായ വളർച്ചയുടെ ഫലമായി അംഗസംഖ്യ വർദ്ധിക്കുകയും ചെയ്തു. ആരാധനകൾ നടത്തിക്കൊണ്ടുപോകാൻ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായപ്പോൾ ഈ മഹത്തായ ശുശ്രൂഷയ്ക്ക് സ്വന്തമായി ഒരു ആരാധനാലയം ഉണ്ടാകേണ്ടതിന്റെ ആവശ്യകത ദൈവം ഇതിന്റെ നായകനും ആത്മീയ വഴികാട്ടിയും ആഗോള പ്രസിദ്ധ സുവിശേഷകനുമായ ശ്രേഷ്ഠ ദൈവദാസൻ ബ്രദർ ഡോ മാത്യൂസ് വർഗ്ഗീസിന് അത് പണിയുവാനുള്ള സ്ഥലം ദൈവീക ദർശനത്തിൽ വെളിപ്പെടുത്തികൊടുക്കുകയും ചെയ്തു. അതിന്റെ പരിണിത ഫലമായി 2008 സെപ്റ്റംബർ 24 ന് ഇന്ത്യയിലും വിദേശരാജ്യങ്ങളിലും ന്യൂയോർക്കിലുമുള്ള എല്ലാ ഐ ഡി സി എഫ് മക്കളുടേയും മനസ്സിൽ ആഹ്ലാദത്തിന്റെ തേന്മഴ ചൊരിഞ്ഞു കൊണ്ട് ഒരു നീണ്ടകാലത്തെ പ്രാർത്ഥനയുടേയും കഠിനപ്രയത്നത്തിന്റേയും പ്രതീക്ഷയുടേയും സാക്ഷാത്ക്കാരമായി. ന്യൂയോർക്ക് സിറ്റിയിൽ നാല്പത് ദിവസംകൊണ്ട് പൗരസ്ത്യ സംസ്ക്കാരം തുളുമ്പുന്ന രീതിയിൽ മനോഹരമായ ഒരു ദേവാലയം ഐ.ഡി. സി.എഫ് ക്രൈസ്റ്റ് ചർച്ച് എന്ന നാമധേയത്തിൽ പടുത്തുയർത്തുവാൻ സാധിച്ചു. ഈ ആലയത്തിന്റെ മൂന്നുനാൾ നീണ്ടു നിന്ന പ്രതിഷ്ഠാകർമ്മങ്ങളും കൂദാശയും അതോടൊപ്പം ബഹുമാനപ്പെട്ട ബ്രദർ മാത്യു വർഗ്ഗീസിന്റെ സ്വന്തം കൈപ്പണിയായ ക്രിസ്ത്യൻ വോക്ക് ബൈബിൾ എന്ന ആധുനിക രീതിയിലുള്ള ഇംഗ്ലീഷ് ബൈബിളിന്റെ ഔപചാരികമായ പ്രകാശനവും ഉദ്ഘാ

ടനമഹാമഹവും എല്ലാം നിർവ്വഹിക്കുവാൻ ദൈവനിയോഗവും ഭാഗ്യവും ലഭിച്ചത് വന്ദ്യപിതാവായ അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് തിരുമേനിക്കാണ്. മഹത്തരമായ ഈ സന്ദർഭത്തിലാണ് ഈ ആലയത്തിന്റെ ഒരു അൾത്താര ശുശ്രൂഷകനും ഐ. ഡി. സി. എഫ്. കൂട്ടായ്മയുടെ ഒരു പ്രധാനഅംഗവുമായ എനിക്കും എന്റെ കുടുംബാംഗങ്ങൾക്കും ഈ ചടങ്ങുകൾക്കെല്ലാം മുഖ്യ കാർമ്മീകത്വം വഹിച്ച തിരുമേനിയുമായി പരിചയപ്പെടുവാനും അടുത്തിടപെടുവാനും ക്രമേണ അത് വളർന്ന് ഒരു ഉറച്ച ആത്മീയ സൗഹൃദത്തിലേക്ക് അരക്കിട്ടുറപ്പിക്കുവാനും സാധിച്ചത്. അന്ന് വളരെ തിരക്കേറിയ സമയമായതുകൊണ്ട് ഞങ്ങളുടെ ഭവനത്തിലേക്കുള്ള ഈ വന്ദ്യ പിതാവിന്റെ ക്ഷണം അടുത്ത പ്രാവശ്യത്തിലേക്ക് മാറ്റിവെച്ചു. അടുത്ത വർഷം ഈ ആലയത്തിന്റെ പെരുന്നാൾ മഹോത്സവത്തിൽ സംബന്ധിക്കാൻ വന്നപ്പോൾ അദ്ദേഹം പറഞ്ഞിരുന്ന വാക്കു പാലിക്കുകയും ഞങ്ങളുടെ ഭവനത്തിലേക്ക് എഴുന്നെള്ളി ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്തു. ഞങ്ങളോടൊപ്പം ചെലവഴിച്ച അദ്ദേഹത്തിന്റെ സന്മനസ്സിനെ ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്തുതിക്കുന്നു.

കുടുംബത്തിലെ ഓരോ വ്യക്തികളുടേയും ക്ഷേമാന്വേഷണങ്ങൾ ആരാഞ്ഞറിയാനുള്ള ഈ വന്ദ്യ പിതാവിന്റെ താൽപര്യവും ശുഷ്കാന്തിയും അദ്ദേഹത്തെ കുറിച്ചുള്ള ബഹുമാനവും മതിപ്പും വർദ്ധിപ്പിച്ചു. താഴ്മയും വിനയവും ദീനാനുകമ്പയും അദ്ദേഹത്തിന്റെ സ്വഭാവ വൈശിഷ്ട്യത്തിന്റെ മുഖമുദ്രകളാണ്. അതോടൊപ്പം ആരേയും ആകർഷിക്കുന്ന സ്നേഹമസൃണമായ സംസാരം നിഷ്കളങ്കമായ പെരുമാറ്റം വിശുദ്ധിയും ആർദ്രതയും മനസ്സലിവും കരുണയും നിറഞ്ഞ ഹൃദയവും എല്ലാംകൊണ്ടും സൽഗുണസമ്പൂർണ്ണനായ ഒരു ആത്മീയപിതാവാണ് അദ്ദേഹമെന്ന് ഞങ്ങൾ കുടുംബമായി വിശ്വസിക്കുന്നു. എടുത്തുപറയേണ്ട മറ്റൊരു സവിശേഷത അഹംഭാവവും ഉന്നതഭാവവും ഒട്ടും തീണ്ടിയിട്ടില്ലാത്ത ഒരു മഹത് വ്യക്തിയാണ് അദ്ദേഹം എന്നുള്ളതാണ്. അതുപോലെ വ്രതനിഷ്ഠകളിൽ അണുവിട വ്യതിചലിക്കാതെ സന്യാസത്തിന്റേയും പൗരോഹിത്യത്തിന്റേയും കഠിനതപസ്യകളെ ജീവിതത്തിന്റെ മധുരഫലങ്ങളായി കരുതുന്ന തിരുമേനി ജാഗ്രതയോടെ ഉണർന്നിരുന്ന് നിരന്തരമായി പ്രാർത്ഥിക്കുവാൻ ഇഷ്ടപ്പെടുന്നു. പ്രത്യേകിച്ചും കഷ്ടതകളും പ്രയാസ പ്രതിസന്ധികളും ഏറിവരുമ്പോൾ കഠിനമായ ഉപവാസത്തിലൂടേയും പ്രാർത്ഥനയിലൂടേയും ആത്മീയ പ്രതിരോധ ശക്തി പ്രാപിച്ചും എല്ലാറ്റിൽനിന്നും വിടുതൽ പ്രാപിക്കുന്നു. വ്യക്തികളുടെ ദുഖങ്ങളും ദുരിതങ്ങളും ഹൃദയപൂർവ്വം കണ്ടറിഞ്ഞ് വേണ്ടതെല്ലാം തന്റെ കഴിവിന്നപ്പുറമായി ചെയ്തുകൊടുക്കുവാൻ പരിശ്രമിക്കുന്നു. മനുഷ്യജീവിതത്തിലെ ദുഖാനുഭവങ്ങളിൽ ആർദ്രമാവുന്ന തിരുമനസ്സ് നന്മയുടേയും ശാന്തിയുടേയും ആശ്വാസത്തിന്റേയും സന്ദേശം പകരുന്നു. സമൂഹത്തിലെ പാവപ്പെട്ടവർക്കും അവശതയും ദുരിതവും അനുഭവിക്കുന്നവർക്കും വേണ്ടി സ്ഥായിയായി പ്രയോജനപ്പെടുന്ന പല ജീവകാരുണ്യ പ്രവൃത്തികളും ഈ പിതാവിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നുണ്ട്. കൂടാതെ പല വിദേശ രാജ്യങ്ങൾ സന്ദർശിക്കുകയും രാജ്യാന്തര കോൺഫറൻസുകളിലും മതസമ്മേളനങ്ങളിലും സമുദായത്തെ പ്രതിനിധീകരിക്കുകയും ചെയ്തിട്ടുണ്ട്. തപോനിഷ്ഠമായ ജീവിതചര്യകൊണ്ടും ഉത്തമവും പ്രശാന്തവുമായ സ്വഭാവ വിശിഷ്ഠതകൾ കൊണ്ടും ആത്മീയശക്തിയെ ജ്വലിപ്പിച്ച വാത്സല്ല്യവാനായ ഈ പിതാവിന്റെ ശിഷ്ടായുസ്സിനെദൈവം ധന്യമാക്കട്ടെ. തിരുമേനി പ്രതിനിധാനം ചെയ്യുന്ന സഭയിലേയും സഭാമക്കളുടേയും ശാരീരികവും മാനസീകവും ആത്മീകവുമായ വളർച്ചയ്ക്കും അഭിവൃദ്ധിക്കും കെട്ടുറപ്പിനും വേണ്ടി പ്രവർത്തിപ്പാൻ ഈ പുണ്യാത്മാവിനെ ബലഹീനതകളുടെ നടുവിലും ബലപ്പെടുത്തുന്ന ശക്തനാക്കുന്ന ക്രിസ്തുവിലൂടെ സകലതും സാധ്യമാക്കി തീർക്കട്ടേയെന്ന് ആത്മാർത്ഥമായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഇന്നത്തെ പല മതനേതാക്കന്മാരുടേയും വാക്കുകൾ ശ്രദ്ധിച്ചാൽ 'ക്രിസ്തുവെത്ര മഹാനെന്നു നോക്കുവിൻ' എന്നതിനു പകരം 'ഞാൻ എത്ര മഹാനെന്നു നോക്കുവിൻ' എന്നാണ് പറയുന്നത്. ഒരു കാലത്ത് മുഖ്യധാരയിലുള്ള എല്ലാ ക്രിസ്തീയ സഭാ വയലുകളിലും അങ്ങുമിങ്ങും മാത്രമാണ് കളകൾ കണ്ടിരുന്നതെങ്കിൽ ഇന്ന് നല്ലത് അങ്ങുമിങ്ങും മാത്രമേ ഉള്ളൂ. ക്രിസ്തു എത്ര മഹാനെന്ന ആഴമായ സത്യം വാക്കിലൂടേയും പ്രവർത്തിയിലൂടേയും പെരുമാറ്റത്തിലൂടേയും കാണിച്ചുകൊടുക്കുന്ന മഹാനായ പുണ്യാത്മാവാണ് ഈ വലിയ തിരുമേനി.

ഞാൻ വരുവോളം എന്റെ പ്രവൃത്തി ചെയ്‌വിൻ എന്ന ദൈവവചനത്തിൽ ഉറച്ചു നിന്നുകൊണ്ട് തിന്മയുടെ അന്ധകാരം നിറഞ്ഞ ലോകത്തിൽ നന്മയും പൂർണ്ണ പ്രസാദവുമുള്ള ക്രിസ്തീയ ജീവിതത്തിന്റെ മകുടമായി ജീവിക്കുവാൻ ദീർഘായുസ്സും ആരോഗ്യവും പുത്തൻ കൃപകളും കൃപാവരങ്ങളും നൽകി കാരുണ്യവാനായ ദൈവം കാത്തു പരിപാലിക്കട്ടേയെന്ന് പ്രാർത്ഥിക്കുന്നു. ആകാശത്തിലെ കിളിവാതിലുകൾ തുറന്ന് മതിവരുവോളം സമൃദ്ധിയായി നന്മകളും അനുഗ്രഹങ്ങളും മാരി പോലെ ചൊരിയട്ടെ. എന്റേയും കുടുംബാംഗങ്ങളുടേയും എല്ലാ ഭാവുകങ്ങളും തിരുമനസ്സിലെ പാദാരവൃന്ദങ്ങളിൽ ഒരിക്കൽകൂടി സമർപ്പിക്കുന്നു. പൗരോഹിത്യ ശുശ്രൂഷയുടെ എല്ലാ കാര്യപരിപാടികളും ഏറ്റവും മംഗളകരമായി തീരട്ടെയെന്ന് വീണ്ടും ഒരിക്കൽകൂടി ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകൊണ്ട് ഈ ലേഖനം ഇവിടെ ഉപസംഹരിക്കുന്നു.

ജോസഫ് മാർ കൂറീലോസ് എന്ന വലിയ തിരുമേനി

ബാബു ചെമ്മണ്ണൂർ

ജോസഫ് മാർ കൂറീലോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന ഈ സമയത്ത് തിരുമേനിയോടൊപ്പമുള്ള പ്രവർത്തനങ്ങളെ പറ്റിയാണ് ഞാൻ ഓർമ്മിക്കുന്നത്. തിരുമേനിയുമായുള്ള എന്റെ അടുപ്പം മൂന്ന് തലമുറകളിലൂടെയുള്ളതാണ്. എന്റെ പിതാമഹൻ ദീർഘകാലം സഭാ ഓഫീസിലെ കണക്കുസൂക്ഷിപ്പുകാരൻ ആയിരുന്ന വർഗ്ഗീസ് മാസ്റ്ററോടൊപ്പമുള്ളതാണ് തിരുമേനിയുമായുള്ള എന്റെ ആദ്യ ഓർമ്മകൾ. പീലക്സീനോസ് തിരുമേനി സഭാ പിതാവായിരുന്ന കാലത്ത് പലപ്പോഴും അദ്ദേഹത്തിന്റെ സന്ദേശവുമായി അപ്പാപ്പനെ വിളിക്കുവാനോ ജോലി തീരാൻ വൈകുന്ന ദിവസങ്ങളിൽ വീട്ടിലേക്ക് വരാനുള്ള സഹായിയായോ അന്ന് ശെമ്മശനായിരുന്ന തിരുമേനി വീട്ടിൽ വരാറുണ്ടായിരുന്നു. കണിശക്കാരനായിരുന്ന അപ്പാപ്പൻ മറ്റുള്ളവരോട് കൂടുതൽ ഇടപഴകുന്നത് കണ്ടിട്ടില്ല. എങ്കിലും ജോസ് ശെമ്മാശനോട് വലിയ ബഹുമാനമായിരുന്നു. അപ്പാപ്പൻ പലപ്പോഴും പറയുമായിരുന്നു "ആലത്തൂരെ മെത്രാൻമാരുടെ കുടുംബത്തുനിന്നുള്ള ആളാ, ഭാവിയിൽ ഇയാളും മെത്രാനാകും." അന്നേ മനസ്സിൽ ബഹുമാനം തോന്നി തുടങ്ങി. പിന്നീട് വൈദീകനായപ്പോഴും വിശ്രമ ജീവിതം നയിക്കുന്ന അപ്പാപ്പനെ കാണുവാൻ ജോസച്ചൻ വീട്ടിൽ വരാറുണ്ടായിരുന്നു. ഓർമ്മയ്ക്കും ബുദ്ധിക്കും മരണം വരെ ഒരു കുഴപ്പവുമില്ലാതിരുന്ന അപ്പാപ്പൻ അച്ചനോട് പറയുന്നത് കേട്ടിട്ടുണ്ട്. "അഞ്ഞൂര് പള്ളിയാ പലരും പലതും പറയും അതൊന്നും കാര്യമാക്കാതെ ധൈര്യമായി ചെയ്യാ." തനിക്ക് ശരിയെന്ന് തോന്നുന്നത് തന്റേടത്തോടെ ചെയ്യുവാൻ അന്നും ഇന്നും തിരുമേനിയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

എന്റെ പിതാവിന്റെ സഹപ്രവർത്തകനായാണ് പിന്നീട് ഞാൻ തിരുമേനിയെ ഓർക്കുന്നത്. തൊഴിയൂർ സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിലെ അധ്യാപകനായി ജോലിയിൽ പ്രവേശിച്ച ജോസച്ചൻ ഇവിടെ ക്ലാർക്കായിരുന്ന സീ. വി. എന്ന പേരിൽ അറിയപ്പെട്ടിരുന്ന എന്റെ പിതാവിന്റെ സുഹൃത്തായി. സ്ക്കൂണ്ടളിലെ പ്രവർത്തനങ്ങളെപറ്റിയും നിയമനങ്ങളിലെ സാധുതയെ പറ്റിയും അറിയുന്നതിനും മനസ്സിലാക്കുന്നതിനുമായി അപ്പച്ചനുമായി സംസാരിക്കുവാൻ വരുമായിരുന്നു. ഗവൺമെന്റ് ഓഫീസുകളിൽ പോയി കാര്യങ്ങൾ മനസ്സിലാക്കുന്നതിനും രേഖകൾ സമയത്തു തന്നെ അവിടെ എത്തിക്കുന്നതിനും ഏതു സമയത്തും അച്ചന്റെ സഹായം ലഭിച്ചിരുന്നു എന്ന് അപ്പച്ചൻ പറയാറുണ്ട്. പാരമ്പര്യത്തിന്റെ മഹത്വം അല്ലാതെന്ത്.

1983 ആഗസ്റ്റിലാണ് ഞാൻ മാർ കുറീലോസ് മിഷൻ ആശുപത്രിയിൽ ജോലിക്കെത്തുന്നത്. ബഹുമാനപ്പെട്ട വടക്കനച്ചന്റെ നിർബ്ബന്ധത്തിലായിരുന്നു അത്. 1984 മാർച്ചിൽ എന്റെ പിതാവ് സ്ക്കൂളിൽ നിന്ന് റിട്ടയറാവുകയും അതേ വർഷം എന്റെ അപ്പാപ്പൻ മരണപ്പെടുകയും ചെയ്തു. എനിക്ക് ആശുപത്രിയിൽ ജോലി കിട്ടി എന്നറിഞ്ഞപ്പോൾ അപ്പാപ്പൻ തന്ന ഉപദേശം ഞാൻ ഇന്നും ഓർക്കുന്നു. "ആരൊക്കെ എന്തൊക്കെ പറഞ്ഞാലും ബേജാറാവണ്ട, എന്നാൽ നിനക്ക് ശമ്പളം തരുന്നവർക്ക് അപ്രിയമായെങ്കിൽ ഒരു നിമിഷം പോലും പിന്നെ ആ സ്ഥാനത്തിരിക്കരുത്."

ആശുപത്രിയിലെ എന്റെ ജോലി പള്ളിയിലേക്കുള്ള എന്റെ യാത്ര വർദ്ധിപ്പിക്കുകയും ജോസച്ചനോടുള്ള അടുപ്പം കൂട്ടുകയും ചെയ്തു. അദ്ദേഹം സഭയുടെ നിയുക്ത മെത്രാപ്പോലീത്ത ആയതോടെ അടുപ്പം ആദരവായി മാറി. ആയിടയ്ക്കാണ് ജോസച്ചന്റെ നേതൃത്വത്തിൽ സഭയിൽ യുവജനപ്രസ്ഥാനം നിലവിൽ വരുന്നത് (എം.ഐ.എസ്.സി യൂത്തലീഗ്). ആയതിന്റെ ആരംഭം മുതൽതന്നെ സജീവ പ്രവർത്തകനായിരുന്ന ഞാൻ

തൊഴിയൂർ യൂണിറ്റ് സെക്രട്ടറിയായും, ട്രഷററായും, കേന്ദ്ര എക്സിക്യൂട്ടീവ് അംഗമായും, ജോയന്റ് സെക്രട്ടറിയായും, ജനറൽ സെക്രട്ടറിയായും അഭിവന്ദ്യ തിരുമേനിയുടെ കീഴിൽ പ്രവർത്തിച്ചിട്ടുണ്ട്. കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ചവർക്ക് അഭിവാദ്യമർപ്പിക്കുവാനും അവരുടെ കുടുംബാംഗങ്ങൾക്കായി സ്വരൂപിച്ച ഫണ്ട് നൽകുന്നതിനുമായി അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ കുന്നംകുളം പട്ടണത്തെ ഇളക്കിമറിച്ച കാർഗിൽ സമാധാനറാലി നടത്തിയ കാലത്ത് ഞാൻ യൂത്ത്ലീഗ് ജനറൽ സെക്രട്ടറിയായിരുന്നു. അന്നെല്ലാം അതിന് മുന്നിൽ നിന്ന് നേതൃത്വം നൽകിയത് വലിയ മെത്രാപ്പോലീത്തയായിരുന്നു എന്നത് ചരിത്രസത്യം മാത്രമാണ്.

യുവജനപ്രസ്ഥാനത്തിന്റെ ആരംഭഘട്ടത്തിൽ ഇടവകകൾതോറും യൂണിറ്റ് രൂപീകരിക്കുന്നതിന് ജോസച്ചനോടൊപ്പം അദ്ദേഹത്തിൻ ബൈക്കിനു പിന്നിൽ ഓരോ ഇടവകയിലും പോയത് ഇന്നലെയെന്നപോലെയാണ് ഓർക്കുന്നത്. അതുപോലെ തന്നെ യുവജനപ്രസ്ഥാനത്തിന്റെ ജനസേവനപരിപാടിയുമായി ബന്ധപ്പെട്ട് മെഡിക്കൽ ക്യാമ്പുകൾ നടത്തിയത്, സഭയിലെ 25 വർഷം പിന്നിട്ട ദമ്പതിമാരെ ആദരിച്ചത്, സഭാ ചരിത്രം പുറത്തിറക്കിയത്, വനം വകുപ്പിനോട് സഹകരിച്ച് 5000-ത്തോളം വൃക്ഷതൈകൾ പൊതുജനത്തിന് നൽകി വനമഹോത്സവം നടത്തിയത്, ധനശേഖരാർത്ഥം 'വിശുദ്ധ പത്രോസ്' നാടകം നടത്തിയത്, ഓരോ വർഷവും നൂറുകണക്കിന് നിർദ്ധനവിദ്യാർത്ഥികൾക്ക് സൗജന്യമായി പുസ്തകം നൽകിയത് എല്ലാം അഭിവന്ദ്യ തിരുമേനിയുടെ ആശയം ആയിരുന്നു. ഇതിലെല്ലാം പങ്കാളിയാവാൻ കഴിഞ്ഞു എന്നതിൽ ഞാൻ അഭിമാനിക്കുന്നു.

സഭയ്ക്ക് ഒരു മാധ്യമം വേണമെന്ന തിരുമേനിയുടെ നിർബന്ധത്തിൽ നിന്നാണ് യുവജനപ്രസ്ഥാനം മാസിക ആരംഭിക്കാൻ ഇടയായത്. ആദ്യം 'സ്നേഹസന്ദേശം' എന്ന പേരിലും പിന്നീട് 'കുഞ്ഞാടുകളുടെ വെളിച്ചം' എന്നപേരിലും സഭയ്ക്കുള്ളിലും സഭയെ സ്നേഹിക്കുന്ന ഇതര സഭകൾക്കിടയിലും മാസിക സ്ഥാനം ഉറപ്പിച്ചിരുന്നു. ഒട്ടേറെ പേർ മാസികയിലൂടെ അറിയപ്പെടുന്നവരായി മാറി. വൈകുന്നേരങ്ങളിൽ തിരുമേനിയടക്കമുള്ളവർ സെന്റ് തോമസ് പള്ളിയിൽ ഒത്തുകൂടുകയും അച്ചടിച്ച പേജുകൾ കൂട്ടിച്ചേർത്ത് പുസ്തകമാക്കി ഓരോ ഇടവകയിലേക്കും വേണ്ടത് പ്രവർത്തകരിലൂടെ വിതരണം ചെയ്യുന്ന രീതിയാണ് ആദ്യമായിരുന്നതെങ്കിലും പിന്നീട് അത് തപാലിൽ അയയ്ക്കുവാനുള്ള സംവിധാനം നിലവിൽ വന്നു. അപ്പോഴും പുസ്തകമാക്കുന്നതും റാപ്പർ ഒട്ടിക്കുന്നതും ചെയ്തിരുന്നത് തിരുമേനിയുൾപ്പെടെയുള്ളവർ തന്നെ. തിരുമേനിയുൾപെടെയുള്ളവരുടെ കഠിനാധ്വാനത്തിന്റെ ഫലമായിരുന്നു മാസിക എന്ന് പറയാം.

ജോസച്ചൻ മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ടപ്പോൾ മുതൽ അദ്ദേഹം ആശുപത്രിയുടെ വികസനത്തിനും ഉയർച്ചയ്ക്കുമായി പ്രവർത്തിക്കുവാൻ തുടങ്ങി. നിലവിലുണ്ടായിരുന്ന വിഭാഗങ്ങൾക്കു പുറമേ പല പുതിയ വിഭാഗങ്ങളും മികവുറ്റ ഡോക്ടർമാരുടെ നേതൃത്വത്തിൽ ആരംഭിച്ചു. പുരുഷൻമാർക്ക് വേണ്ടിയുള്ള പ്രത്യേക വാർഡും ആധുനിക രീതിയിലുള്ള ഓപ്പറേഷൻ തിയ്യറ്ററിനും വേണ്ടിയുള്ള ശ്രമമായിരുന്നു പിന്നീട്. ആയിടയ്ക്ക് തിരുമേനിയുമായി പരിചയപ്പെട്ട ഒരു വടക്കേ ഇന്ത്യൻ സുഹൃത്തിൽ നിന്ന് എൻ.സി.സി.ഐ. എന്ന സംഘടനയിലൂടെ ആയതിനു വേണ്ടിയുള്ള നല്ലൊരു സംഖ്യ തിരുമേനി കണ്ടെത്തി. അങ്ങനെവ്യക്തിപരമായുള്ള അടുപ്പം പോലും സഭയുടേയും സഭാസ്ഥാപനത്തിന്റേയും വികസനത്തിനായി ഉപയോഗപ്പെടുത്തുവാൻ തിരുമേനിക്ക് കഴിഞ്ഞു. ആശുപത്രിയുടെ ആവശ്യത്തിനായി വിദേശങ്ങളിലെ സംഘടനകളിൽ നിന്നു പോലും കഴിയാവുന്നതിലുപരി സഹായം ലഭ്യമാക്കാൻ തിരുമേനിക്ക് കഴിഞ്ഞു എന്നതിന് ഉത്തമ ഉദാഹരണമാണ് ഇംഗ്ലണ്ടിലെ സെന്റ് ആൽഫീഗ് പാരിഷിലെ തിരുമേനിയുടെ സുഹൃത്തുക്കൾ ആശുപത്രിയിലേക്ക് നൽകിയ ആംബുലൻസ്. ഗ്രാമങ്ങൾ തോറും സഞ്ചരിച്ച് നിർദ്ധനരായ രോഗികൾക്ക് സൗജന്യമായി ചികിൽസയും മരുന്നും നൽകണമെന്ന് തിരുമേനിയുടെ തീരുമാനത്തിന്റെ ഭാഗമായിരുന്നു അത്.

അതുപോലെ തന്നെ സഭയിലെ എല്ലാ പ്രവർത്തനങ്ങളിലും തിരുമേനിക്കൊപ്പം നിന്ന് പ്രവർത്തിച്ചിരുന്ന ബഹുമാനപ്പെട്ട വടക്കനച്ചന്റെ ഓർമ്മയ്ക്കായി അദ്ദേഹത്തിന്റെ പേരിൽ ആശുപത്രിയിൽ ഒരു ബ്ലോക്ക് തന്നെ നിർമ്മിക്കണമെന്നത് തിരുമേനിയുടെ ആശയമായിരുന്നു. ആയതിനുള്ള ഫണ്ട് പലരിൽ നിന്നുമായി തിരുമേനി തന്നെ കണ്ടെത്തി. അങ്ങനെ ആധുനിക രീതിയിൽ തന്നെ ആറുമുറികളോടുകൂടയ ഫാ . ജോസഫ് വടക്കൻ മെമ്മോറിയൽ ബ്ലോക്ക് നിർമ്മിക്കപ്പെട്ടു. വടക്കേ ഇന്ത്യക്കാരനായ ജൈനമതത്തിൽപ്പെട്ട ഒരു വ്യക്തിപോലും

Reception at St. George Sunday School, Thozhiyoor

ഒരു വലിയ സംഖ്യ ആയതിലേക്ക് സംഭാവനചെയ്തു. വ്യക്തിപരമായി പറയുകയാണെങ്കിൽ ഓരോന്നിനും അഭിവന്ദ്യ തിരുമേനിക്ക് അദ്ദേഹത്തിന്റേതായ വീക്ഷണമുണ്ടായിരുന്നു. താൻ ചെയ്യാൻ പോകുന്ന കാര്യം തുറന്നു പറയാനും ആയതിനുവേണ്ടി മുന്നിൽ നിന്നു തന്നെ പ്രവർത്തിക്കാനും തിരുമേനിക്ക് ഒരു മടിയും ഉണ്ടായിരുന്നില്ല. ആശുപത്രിയുടെ ആവശ്യങ്ങൾക്കായി തിരുമേനിയുടെ അരമനയിൽ എന്നും പോയിരുന്ന ഞാൻ തിരുമേനി തന്നെ ഫയലുകൾ ഒരുക്കുന്നതു കണ്ട് അന്തം വിട്ടിട്ടുണ്ട്. തിരുമേനിയുടെ അലമാരയിൽ അദ്ദേഹവുമായി ബന്ധപ്പെട്ട എല്ലാറ്റിനും പ്രത്യേകം പ്രത്യേകം ഫയലുകൾ ഉണ്ടായിരുന്നു. ഇന്നത്തെ കാലത്ത് ഒരു കീ അമർത്തിയാൽ കമ്പ്യൂട്ടറുകളിൽ തുറക്കുന്ന ഫയലുകളെപ്പോലെ അതിനേക്കാൾ മനോഹരമായി തിരുമേനി അക്കാലത്തെ ഫയലുകൾ കൈകാര്യം ചെയ്തിരുന്നു. നാം നിസ്സാരമെന്ന് കരുതുന്ന പലതും വളരെ കാര്യഗൗരവത്തോടെ തിരുമേനി സുക്ഷിച്ചുവെച്ചിരിക്കുന്നത് കാണാമായിരുന്നു..

തിരുമേനി മെത്രാപ്പോലീത്ത ആയത് ഇന്നലെയെന്നപോലെ ഇന്നും ഓർമ്മയിൽ നിൽക്കുന്നതിനാൽ 25 വർഷമായെന്നത് വിശ്വസിക്കാനാവുന്നില്ല. എന്നും ഒരു നല്ല സുഹൃത്തും വഴികാട്ടിയുമായിരുന്ന തിരുമേനി ഏത് സന്ദർഭത്തിലും അദ്ദേഹത്തിന്റെ അടുത്തുചെല്ലുവാനും സംസാരിക്കുവാനുമുള്ള അനുവാദം എനിക്കുണ്ടായിരുന്നു. എന്തിന്! അത്യാവശ്യകാര്യങ്ങൾക്കായി തിരുമേനിയുടെ അരമനയുടെ താക്കോൽ വരെ എന്നെ ഏല്പിക്കാറുണ്ടായിരുന്നു.

മെത്രാഭിഷേകത്തിന്റെ 25 വർഷം പിന്നിടുന്ന മെത്രാപ്പോലീത്തായെപ്പറ്റിയും പ്രവർത്തനങ്ങളെ പറ്റിയും ഇനിയും ഒരുപാട് കാര്യങ്ങൾ പറയുവാനുണ്ട്. ആരെങ്കിലും തിരുമേനിയെ ഭയക്കുന്നുണ്ടെങ്കിൽ അത് തിരുമേനിയുടെ പ്രവർത്തനത്തിലെ മികവ് ഒന്നുകൊണ്ട് മാത്രമാണ്. ഭദ്രാസനപള്ളിയുടെ പുനർനിർമ്മാണത്തിനായി സംഭാവനയായി ലഭിച്ച തുകയ്ക്കൊപ്പം വ്യക്തിപരമായി തനിക്ക് ലഭിച്ച പാരിതോഷികങ്ങളും കൂട്ടിചേർത്തത് ആയതിന്റെ കണക്കുകൾ തയ്യാറാക്കാൻ സഹായിച്ച വ്യക്തി എന്ന നിലയ്ക്ക് എനിക്കറിയാവുന്ന കാര്യമാണ്. ഈ സന്ദർഭത്തിൽ വലിയ തിരുമേനിക്ക് എല്ലാവിധ ആശംസകളും നേരുന്നു. ആരോഗ്യത്തോടുകൂടിയുള്ള ദീർഘായുസ്സുണ്ടാകുവാൻ ഞാനും എന്റെ കുടുംബവും പ്രാർത്ഥിക്കുന്നതോടൊപ്പം തിരുമേനിയുടെ പ്രാർത്ഥനകളിൽ ഞങ്ങളേയും കുടി ഓർക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

WITH FOND MEMORIES





സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും ഇടയന് വിളവിനാൽ കുടുംബത്തിന്റെ സ്നേഹാശംസകൾ

റ്റി. ജോർജ്, വിളവിനാൽ കുടുംബചരിത്രകമ്മറ്റി സെക്രട്ടറി

വിളവിനാൽ കുടുംബത്തിന്റെ ഒരു ചരിത്രം രചിക്കുവാനുള്ള തീരുമാനം ഉണ്ടായത് 1985-ൽ ആണ്. ഏതാണ്ട് നാലുവർഷം എടുത്തു ആദ്യത്തെ ചരിത്രപുസ്തകം പൂർത്തീകരിക്കുവാൻ. ഈ കാലയളവിൽ മൂലകുടുംബമായ പനയ്ക്കൽ തറവാട്ടിലേക്ക് ചരിത്രകമ്മറ്റിയുടെ അന്വേഷണം നീണ്ട ആ കാലത്താണ് പനയ്ക്കൽ തറവാട്ടുകാരനായ ഫാ: ജോസഫ്, മെത്രാപ്പൊലീത്താ സ്ഥാനത്തേക്ക് അവരോധിക്കപ്പെട്ട് തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ അദ്ധ്യക്ഷനായി ചുമതല ഏല്ക്കുന്നത്. അന്നു തുടങ്ങിയതാണ് അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്തായും വിളവിനാൽ കുടുംബാംഗങ്ങളും തമ്മിലുള്ള ബന്ധം. ഓമല്ലൂർ ആസ്ഥാനമായുള്ള വിളവിനാൽ കുടുംബത്തിന് കുന്നംകുളം ആസ്ഥാനമായുള്ള പനയ്ക്കൽ തറവാടുമായുള്ള ബന്ധം വിശകലനം ചെയ്യുന്നതിന്റെ മാർഗ്ഗദർശി ആയിരുന്നത്. അന്ന് മഞ്ഞനിക്കര ദയറാ അധിപനായിരുന്ന പനയ്ക്കൽ തറവാട്ടുകാരൻ അഭിവന്ദ്യ ബന്ന്യാമിൻ മാർ ഒസ്താത്യൊസ് മെത്രാപ്പൊലീത്ത ആയിരുന്നു. അദ്ദേഹത്തിൽ കൂടിയാണ് ഞങ്ങൾ അഭിവന്ദ്യ കൂറിലോസ് തിരുമേനിയുമായി ബന്ധപ്പെടുന്നത്. അന്നു മുതൽ വിളവിനാൽ കുടുംബാംഗങ്ങളുമായുള്ള തിരുമേനിയുടെ ബന്ധം ദൃഢമായി ഇന്നും നിലനിൽക്കുന്നു.

29.12.1989-ൽ വിളവിനാൽ കുടുംബചരിത്ര പുസ്തകത്തിന്റെ ആദ്യപതിപ്പുപ്രകാശനം ചെയ്ത എട്ടാമതു വാർഷികസമ്മേളനത്തിലാണ് തിരുമേനി ആദ്യം വന്നു സംബന്ധിക്കുന്നത്. അതിനുശേഷം നാട്ടിലുണ്ടായിരുന്നപ്പോഴൊക്കെ ശാരീരികാസ്വാസ്ഥ്യങ്ങൾ ഇല്ലാത്തപ്പോൾ എല്ലാ വാർഷിക സമ്മേളനങ്ങളിലും തിരുമേനി പങ്കെടുത്തിരുന്നു. 29.12.2006 ൽ നടന്ന 25-ാം വാർഷിക സമ്മേളനത്തിൽ കുടുംബചരിത്രപുസ്തകത്തിന്റെ രണ്ടാംപതിപ്പ് പ്രകാശനം ചെയ്തത് അഭിവന്ദ്യ തിരുമേനി ആയിരുന്നു.

വിളവിനാൽ കുടുംബചരിത്രപുസ്തകങ്ങളുടെ രണ്ടു പതിപ്പുകളും തയ്യാറാക്കിയ കമ്മിറ്റികളുടെ സെക്രട്ടറിയായി പ്രവർത്തിച്ച ഈ ലേഖകന് അഭിവന്ദ്യ തിരുമേനിയുമായി വളരെ അടുത്തിടപ്പെടേണ്ടി വന്നതിനാൽ ആണ് ഇങ്ങനെ ഒരു ലേഖനം ഈ സ്മരണികയിൽ എഴുതണമെന്ന് ആഗ്രഹമുണ്ടായത്. ചരിത്രപുസ്തകത്തിന്റെ രണ്ടുപതിപ്പുകളിലും തിരുമേനിയുടെ സന്ദേശങ്ങൾ ഉണ്ട്. കൂടാതെ രണ്ടാം പതിപ്പിൽ തിരുമേനിയുടെ ചെറിയ ജീവചരിത്രവും ഉണ്ട്. എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത് തിരുമേനിയുടെ സ്നേഹലാളിത്യവുമാണ്. ഒരിക്കൽ തിരുമേനിയുമായി ബന്ധപ്പെടുന്ന ആരും ജീവിതത്തിൽ അദ്ദേഹത്തെ മറക്കുകയില്ല. കുടുംബയോഗ സംഗമങ്ങളിൽ തിരുമേനിയുടെ പ്രബോധനങ്ങളും വേദപുസ്തകാടിസ്ഥാനത്തിൽ കുടുംബാംഗങ്ങൾക്ക്, നല്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും വിലപ്പെട്ടതാണ്. ആയിരത്തോളം ഭവനങ്ങളിലായി നാലായിരത്തിൽ പരം അംഗങ്ങളുള്ള വിളവിനാൽ കുടുംബയോഗത്തിലേക്ക് ഓരോ വർഷവും തിരുമേനിയെ എല്ലാവരും പ്രതീക്ഷിയ്ക്കുന്നു എന്നതാണ് വാസ്തവം.

രണ്ടാമതായി തിരുമേനിയിൽ കണ്ട മഹത്വം എല്ലാ സുറിയാനിസഭകളോടും തിരുമേനി ഉറ്റ ബന്ധം പുലർത്തുന്നു എന്നതാണ്. എല്ലാപള്ളികളിലും പോകുകയും എല്ലാവരേയും ഒരുപോലെ സ്നേഹിക്കുവാൻ സാധിക്കുകയും ചെയ്യുന്നു. 1989—ൽ ഈ ലേഖകൻ ഉൾപ്പടെ കുടുംബയോഗ പ്രവർത്തകൻ അഭിവന്ദ്യ തിരുമേനിയെ ചെങ്ങന്നൂർ റെയിൽവേസ്റ്റേഷനിൽ നിന്നും സ്വീകരിച്ച് ഓമല്ലൂരിലേക്ക് വരുന്ന വഴിക്ക് ഓർത്തഡോക്സ് സഭയുടെ പുത്തൻകാവ് കത്തീഡ്രൽ സന്ദർശിക്കുകയും അവിടെ കബറടങ്ങിയിരിക്കുന്ന മാർത്തോമ്മാ ആറാമന്റെയും എട്ടാമന്റെയും കബറിടങ്ങളിൽ ധൂപ പ്രാർത്ഥനനടത്തുകയും ചെയ്തു. അതിനു ശേഷം മാർത്തോമ്മാസഭയുടെ കോഴഞ്ചേരിപള്ളിയിലും ഓർത്തഡോക്സ് സഭയുടെ ഓമല്ലൂർ വലിയ പള്ളിയിലും സന്ദർശിച്ചു പ്രാർത്ഥനനടത്തി. അന്നു തന്നെ യാക്കോബായ സഭയുടെ മഞ്ഞനിക്കര പള്ളി സന്ദർശിച്ച് അവിടെ കബറടങ്ങിയിരിക്കുന്ന അന്ത്യോഖ്യാ പാത്രിയർക്കീസ് ഏലിയാസ് തൃതീയൻ ബാവയുടെ കബറിടത്തിൽ ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു എന്നുള്ളത് വളരെ ആദരപൂർവ്വം ഞാൻ സ്മരിക്കുന്നു. പെന്തകോസ്ത് സഭകളിലെ അനേക കുടുംബങ്ങളുമായും, അവിടത്തെ പാസ്റ്റർമാരുമായും ഞങ്ങളുടെ സ്നേഹം നിറഞ്ഞ കൂറിലോസ് തിരുമേനി സന്തോഷപൂർവ്വം ഇടപെടുന്നത് അഭിമാനപൂർവ്വം ഓർക്കുന്നു. അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്തായുടെ മഹാപുരോഹിത സ്ഥാനാരോഹണത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ ഓമല്ലൂർ വിളവിനാൽ കുടുംബാംഗങ്ങളുടെ ആശംസകളുടെ പുച്ചെണ്ടുകൾ സമർപ്പിക്കട്ടെ. ദൈവം തമ്പുരാൻ അഭി. തിരുമേനിക്ക് ദീർഘായുസ്സും ആരോഗ്യവും സന്തോഷവും നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

Thirumeni with Spiritual Heads













ജോസഫ് എം. പുതുശ്ശേരി Ex-MLA

“ഹൃദയബന്ധത്തിന്റെ ഇഴയടുപ്പം”

മേൽപ്പെട്ട സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടിട്ട് 25 വർഷം തികയുന്ന അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനിക്ക് ഹൃദയം നിറഞ്ഞ ആശംസകൾ

മലബാർ സ്വതന്ത്ര സുറിയാനി സഭയെ നയിക്കാനുള്ള ദൈവനിയോഗം വിശ്വസ്ഥതയോടും സത്യസന്ധമായും നിർവഹിച്ചു എന്നതിന് ചരിത്രം സാക്ഷി.

രണ്ടു പതിറ്റാണ്ടിലേറെയായി തിരുമേനിയുമായി വളരെ അടുത്ത ബന്ധം ഉളളത് അഭിമാനത്തോടെ അനുസ്മരിക്കട്ടെ. തിരുമേനിയുടെ മറയില്ലാത്ത പ്രകൃതവും, തുറന്ന സംസാരവും ലാളിത്യം നിറഞ്ഞ പെരുമാറ്റ രീതികളുമെല്ലാം അറിയാതെതന്നെ ഹൃദയബന്ധത്തിന്റെ ഇഴയടുപ്പം വർദ്ധിപ്പിക്കാനിടയായി എന്നത് എടുത്തു പറയേണ്ടതുണ്ട്.

ഒട്ടേറെ തവണ തൊഴിയൂർ പള്ളിയിൽ വരാനും വി. കുർബാനയിൽ സംബന്ധിച്ച് അനുഗ്രഹം നേടാനും അഭിവന്ദ്യ തിരുമേനിയുടെ ആദിത്യം സ്വീകരിച്ച് മടങ്ങാനും കഴിഞ്ഞിട്ടുള്ളത് മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു.

ഏറ്റവും എളിമയോടുകൂടിയ പെരുമാറ്റം സ്വഭാവസവിഷേതകളിൽ എടുത്തു പറയേണ്ടതുതന്നെ. ഇന്നും അന്യംനിന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഈ സ്വഭാവ മഹിമയ്ക്ക് ഒട്ടും ഊനം തട്ടാതെ കാത്തുസൂക്ഷിക്കാൻ തിരുമേനിക്കു കഴിയുന്നതു ദൈവവിളിയുടെ മർമ്മം മനസ്സിലാക്കിയിട്ടുള്ളതുകൊണ്ടാണ്.

പെട്ടിയും തൂക്കി സഹായികളില്ലാതെ ഏകനായി സഞ്ചരിക്കുന്ന തിരുമേനിയെ ട്രെയിൻയാത്രയിൽ ഞാൻ നിരവധിതവണ കണ്ടുമുട്ടിയിട്ടുണ്ട്. പദവിയോ പത്രാസോ ഭാവിക്കാതെയുള്ള അത്തരം രീതികൾ അപൂർവ്വമായ അനുഭവങ്ങളാണെന്നതിൽ സംശയമില്ല.

സ്വതന്ത്ര സുറിയാനി സഭയ്ക്ക് ചൈതന്യവത്തായ നേതൃത്വം നൽകാനും സാമൂഹ്യ സാക്ഷ്യത്തിൽ സജീവ സാന്നിദ്ധ്യമാകുന്നതിനും തിരുമേനിക്കു കഴിഞ്ഞു.

ഇടയ്ക്കു ബാധിച്ച അസുഖം പെട്ടെന്നു എല്ലാരംഗത്തുനിന്നും പിൻമാറാൻ ഇടയാക്കിയെങ്കിലും അചഞ്ചലമായ ദൈവാശ്രയത്തിലും പ്രാർത്ഥനയിലും ശരണപ്പെട്ടു അതിനെഅതിജീവിച്ചു അത്ഭുതകരമായി പുറത്തുവന്നപ്പോൾ പ്രയാസമേറിയ ആ അനുഭവങ്ങൾക്കും തങ്കത്തിളക്കം.

വ്യക്തിപരമായി എന്നോടു കാട്ടിയിട്ടുള്ള കരുതലിനും വാത്സല്യത്തിനും നന്ദി പറയാതെ വയ്യ. മൈലുകൾ താണ്ടി എന്റെ വിവാഹത്തിനും എന്റെ അമ്മയുടെ മരണ സമയത്തും വീട്ടിലെത്തിയതു ത്രസിപ്പിക്കുന്ന ഓർമ്മകളാണ്.

ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ ഒരിക്കൽക്കൂടി എന്റെ പ്രാർത്ഥനാശംസകൾ.

Thirumeni With Foreigners



സഹപ്രവർത്തകൻ

“നതല്പരസ്യ സന്ദദ്ധ്യാ
വിപരീതം യദാത്മനഃ
ഏഷ സംക്ഷേപതേ ധർമ്മോ
കാമാദന്യഃ പ്രവർത്തതേ”

എന്ന സുഭാഷിതമാണ് തൊഴിയൂരിലെ വലിയ മെത്രാപ്പോലീത്തയെ ഓർക്കുമ്പോഴും കാണുമ്പോഴും മനസ്സിലോടിയെത്തുന്നത് ഈ സുഭാഷിതത്തിന്റെ അർത്ഥമിങ്ങനെ- “തനിയ്ക്ക് വിപരീതമായത് അപരന്ന് അനുകൂലമാവുമെന്ന് ചിന്തിയ്ക്കരുത്. ധർമ്മമെന്നാലിത്രയേ ചുരുക്കിപ്പറയാനുള്ളു.” പിന്നെയെല്ലാം തനിയ്ക്കിണങ്ങുമ്പോലെയാവാം. ഈ ചെറിയവലിയ മെത്രാപ്പോലീത്ത ഈ തത്വം ജന്മജന്മാന്തരങ്ങളിലൂടെ സാക്ഷാത്ക്കരിച്ചിട്ടുണ്ടെന്ന് എപ്പോഴും തോന്നിയിട്ടുണ്ട്. വളരെക്കാലം മുമ്പൊരുദിവസം, 1980 ജനുവരി എട്ടാംതിയ്യതി, തൊപ്പിയിട്ട് കറുത്ത അരപ്പട്ടകെട്ടി വെളുത്ത് നീണ്ട കുപ്പായമിട്ട്, തൊഴിയൂർ ഹൈസ്ക്കൂളിലെ സ്റ്റാഫ് റൂമിലേയ്ക്ക് കയറിവന്ന അതിഥിയെ ഇങ്ങിനെയൊക്കെ ധ്യാനിയ്ക്കാനൊന്നും അന്ന് പറ്റിയില്ല. പക്ഷെ മണിക്കൂറികളിലൂടെത്തന്നെ ആ വ്യക്തിത്വത്തെ ആ നവസാന്നിധ്യത്തെ തിരിച്ചറിയാനും ഇതാ വേറിട്ടൊരവതാരമെന്ന് സ്വയം ധ്യാനിയ്ക്കാനും കഴിഞ്ഞുവെന്നാണ് ഇപ്പോഴുമെന്റെ ഹുങ്ക്. സഹപ്രവർത്തകരായ ഗീവർമാഷും ഇട്ട്യേച്ചന്മാഷും താരുമാഷും സൈമന്മാഷുമൊക്കെ നേരിട്ടറിയുന്ന സ്കൂൾമാനേജ്മെന്റിന്റെ പ്രതിനിധിയായി മാഷാവാനുള്ളയാളാണ് ഈ പുത്തൻ വിരുന്നുകാരനെന്ന് വേഗം മനസ്സിലായി. മനസ്സിലാവുന്തോറും ഞങ്ങൾക്കുതമ്മിലൊരു അസാധാരണമായ മനപ്പൊരുത്തവും പിറന്നു. ഞാനൊരു അക്രൈസ്തവൻ, നമ്പൂതിരി എനിയ്ക്ക് ഈ ളോഹവേഷക്കാരനുമായി ഇങ്ങിനെയൊരു മനപ്പൊരുത്തം കൈവന്നത് എന്റെ ജീവിതത്തിലൊരു നവോന്മേഷമായിരുന്നു. ഇന്നുവരെ അത് തുടരുന്നു. ഈ മനപ്പൊരുത്തം ഞങ്ങളിലും കുട്ടികളിലും ഒരുപോലെ പ്രസരിച്ചിരുന്നതായി ഇന്നും ഞാനോർക്കുന്നു.

ഞാനുമൊരു വായനക്കമ്പക്കാരനായിരുന്നു. സ്വന്തമായി പുസ്തകങ്ങൾ കാശുകൊടുത്തു വാങ്ങി വായിക്കേണ്ടി വന്നിട്ടുണ്ട് പലപ്പോഴും. കാരണം എനിയ്ക്കു വായിക്കേണ്ട പുസ്തകങ്ങൾ പരിസരത്തൊന്നുമില്ലായിരുന്നു. തരംകിട്ടുമ്പോഴൊക്കെ പുസ്തകം വാങ്ങുക എന്നതൊരു ബാധപോലെ എന്നെ ആവേശിച്ചിരുന്നു. ഇതൊന്നും എന്റെ കേമത്തം വിളമ്പാൻ പറയുന്നതല്ല. ഈ തിരുമേനിയെപ്പറ്റി പറയുമ്പോൾ പ്രസക്തമാവുന്നതുകൊണ്ട് പറയുന്നതാണ്. പ്രസക്തിയിതാ- ഈ എന്റെ ബാധ തിരുമേനിയിലേയ്ക്കും ആവേശിപ്പിക്കാൻ എനിയ്ക്കു കഴിഞ്ഞു. ഞാനും തിരുമേനിയും തമ്മിലുള്ള സംഭാഷണങ്ങളിൽ പലപ്പോഴും രാമായണവും മഹാഭാരതവും ഉപനിഷത്തുക്കളും വിവേകാനന്ദസാഹിത്യസർവ്വസ്വവും ടാഗോർകൃതികളുമൊക്കെ ആവേശപൂർവ്വം കടന്നുവരാൻ തുടങ്ങി. ഗൗരവമായ വായനയിലും വിശ്വസാഹിത്യത്തിലും തത്വശാസ്ത്രത്തിലുമൊക്കെ തിരുമേനി കാണിച്ച താല്പര്യം എന്നേയും ആവേശംകൊള്ളിച്ചു. അദ്ദേഹവും സ്വന്തമായി പുസ്തകങ്ങൾ വാങ്ങാൻ തുടങ്ങി. അക്കാലത്ത് എന്റെ നേതൃത്വത്തിൽ ഗുരുവായൂരിൽ പ്രവർത്തിച്ചിരുന്ന ശ്രീരഞ്ജനിയെന്ന സംഗീതസഭയിൽ എന്റെ പ്രേരണയ്ക്കു വഴങ്ങി തിരുമേനി അംഗത്വമെടുക്കുകമാത്രമല്ല സംഗീതസഭയുടെ പരിപാടികൾക്ക് തരപ്പെടുമ്പോഴൊക്കെ സന്നിഹിതനാവാനും തുടങ്ങി. തൃശ്ശൂരിൽ എന്റെ സുഹൃത്തായ ആർ. മോഹനന്റെ നേതൃത്വത്തിൽ നടന്നിരുന്ന വിവേകാനന്ദസംഗീതസഭയിലെ പരിപാടികൾക്കുപോലും ചിലപ്പോഴൊക്കെ തിരുമേനി വരുമായിരുന്നു.

ഞങ്ങളെക്കാളൊക്കെ ഇളപ്പമായിരുന്നിട്ടും പ്രായത്തിൽ കവിഞ്ഞ തന്റേടം പലകാര്യങ്ങളിലും അദ്ദേഹം പ്രകടിപ്പിക്കുമായിരുന്നു. കുഴപ്പക്കാരായ മുതിർന്ന വിദ്യാർത്ഥികളോടുപോലും സ്വതന്ത്രമായി ഇടപെടാനും അവരെ ശാസിച്ചും ശിക്ഷിച്ചും നിലയ്ക്കു നിർത്താനും അദ്ദേഹത്തിനു സുസാദ്ധ്യമായിരുന്നു.

ആയതിനൊക്കെയുള്ള സർവ്വാധികാരം അന്നത്തെ ഹെഡ്മാസ്റ്റർ അദ്ദേഹത്തിന്നു നല്കിയിരുന്നുതാനും. തിരുമേനിയുടെ ശിക്ഷാസമ്പ്രദായങ്ങൾ വിദ്യാർത്ഥികൾ അംഗീകരിയ്ക്കുകയും ചെയ്തിരുന്നു.

മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ പിൻഗാമിയായി 1981 ഡിസംബർ മാസത്തിൽ ബഹുഭൂരിപക്ഷസമ്മതത്തോടെ ഫാദർ ജോസഫ് പനയ്ക്കൽ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ എനിയ്ക്കതിൽ അത്രവലിയ അത്ഭുതമൊന്നും തോന്നിയില്ല. അദ്ദേഹമത് തികച്ചും അർഹിച്ചിരുന്നു. കാര്യങ്ങളീവഴിയ്ക്കുതന്നേ നീങ്ങണേയെന്ന് ഞങ്ങളൊക്കെ ആഗ്രഹിയ്ക്കയും പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്തിരുന്നു. ഹൈസ്ക്കൂളധ്യാപകതസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം വേണ്ടെന്ന് റിലിങ്കിഷ്മെന്റ് എഴുതികൊടുത്ത് കുടുംബിനിയായൊരു അധ്യാപികയെ സഹായിയ്ക്കാനൊരുമ്പെട്ടപ്പോൾ ഞങ്ങളെല്ലാം എതിർത്തതായിരുന്നു. പക്ഷെ തന്റെ ധർമ്മം മുന്നിൽ കണ്ട് തിരുമേനി വഴങ്ങിയതേയില്ല. എതിർപ്പിനുമുകളിൽ നിന്നായാലും അന്നത്തെ ആ വെറും ഫാദർ ജോസഫ് പനയ്ക്കലിന്റെ മഹാമനസ്കതയെ ഞങ്ങൾ കൊണ്ടാടിയതായും ഓർക്കുന്നു. സഹപ്രവർത്തകന്റെ ആത്മീയസ്ഥൈര്യം ഞങ്ങളറിഞ്ഞാദരിയ്ക്കുകതന്നെ ചെയ്തു. സ്ഥാനാരോഹണത്തിന്നുമുമ്പ് പെൻഷനർഹനാകുംവരെ ലീവെടുത്ത് അങ്ങിനെചില സൂത്രപണികളൊക്കെ ഒരുക്കിയൊതുക്കിയെടുക്കാനുള്ള "സദുപദേശങ്ങൾ" അദ്ദേഹം തള്ളിക്കളഞ്ഞു. സാഹചര്യങ്ങളൊക്കെ അനുകൂലമായിരുന്നിട്ടും പെൻഷനർഹത നേടിയെടുക്കാനുള്ള അന്തർനാടകങ്ങൾക്കുമെരുങ്ങാതെ സ്ഥാനാരോഹണത്തിന്റെ തലേന്ന് അദ്ദേഹം രാജിവെച്ചത് പരമാർത്ഥത്തിൽ ഞങ്ങളെയൊക്കെ അസ്വസ്ഥമാക്കിയിരുന്നു. തന്റെ ആലത്തൂർ പനയ്ക്കൽ കുടുംബത്തിലെ രണ്ടു മുൻകാലമെത്രാനച്ചന്മാരുടെ അനുഭവസാക്ഷ്യങ്ങളുടെ പ്രേരണയിലാണദ്ദേഹം ഈ കാര്യത്തിന്നൊരുമ്പാടുകൂട്ടിയതെന്ന് പിന്നീടാണ് ഞങ്ങളറിഞ്ഞതുതന്നെ. അന്നത്തെ ആ തീരുമാനം ഈ ബിഷപ്പിന്റെ അദ്ധ്യാത്മജീവിതത്തിന്റെ സാരസർവസ്വത്തിലേയ്ക്ക് വെളിച്ചം വീശുന്നുണ്ട്. സർവേശ്വരനറിയാതെ ഈ ലോകത്തിലും ജീവിതത്തിലും ഒന്നും സംഭവിക്കയില്ലെന്ന വിശ്വാസം ഈ ബിഷപ്പിന്റെ ജീവിതോർജ്ജമാണ്. മഹത്തരമായൊരു പാരമ്പര്യത്തിന്റെ സൃഷ്ടികർത്താവാകാൻ തിരുമേനിക്കു സാധിച്ചു എന്നോർക്കുമ്പോൾ ഇവിടത്തുകാരൊക്കെ ഹർഷപുളകിതരാകുന്നുണ്ട്. അഭിമാനവിജൃംഭിതരാകുന്നുണ്ട്.

അദ്ദേഹം തൊഴിയൂർ സഭയുടെ ഇന്നോളമുള്ള ചരിത്രത്തിൽ ഒരുജ്ജ്വലതാരമായിത്തന്നെ ജീവിക്കുന്നു. അമേരിയ്ക്കയും യൂറോപ്യൻ രാജ്യങ്ങളും അറബിനാടുകളും പലവട്ടം സന്ദർശിയ്ക്കാൻ അദ്ദേഹത്തിനു സൗഭാഗ്യമുണ്ടായി. പത്തുവർഷത്തിലൊരിക്കൽ സംഭവിയ്ക്കുന്ന ലോകപ്രശസ്തസമ്മേളനങ്ങളിലൊന്നായ ലാംബത്ത് കോൺഫറൻസിൽ പങ്കെടുത്ത് തൊഴിയൂർ ഗ്രാമത്തിന്റേയും ഈ സ്വതന്ത്രസഭയുടേയും കാര്യങ്ങൾ ആഗോളതലത്തിൽ അറിയപ്പെടുംവിധത്തിൽ അവിടെ അവതരിപ്പിയ്ക്കാൻ തിരുമേനിയ്ക്കു കഴിഞ്ഞുവെന്നത് ചെറിയ കാര്യമല്ല. കേരളത്തിൽപ്പോലും അത്രയധികമാരും മനസ്സിലാക്കാതിരുന്ന തൊഴിയൂർ സ്വതന്ത്രസുറിയാനി സഭ; ഈ സഭയുടെ സ്ഥാപകനേതാക്കന്മാരായ കാട്ടുമങ്ങാട്ടെ ബാവമാരുടെ ത്യാഗസുരഭിലമായ അദ്ധ്യാത്മജീവിതം, കൊച്ചിശ്ശീമയിൽ നിന്ന്, അദ്ധ്യാത്മവിശ്വാസത്തിന്റെ പേരിൽ നാടുകടത്തപ്പെട്ട അവരുടെ മലബാറിലേയ്ക്കുള്ള കുടിയേറിപ്പാർപ്പ് ഇതൊക്കെ കേരളത്തിലെ ക്രിസ്ത്യാനികൾക്കുപോലും വ്യക്തമായൊരു ധാരണയില്ലാത്ത കാര്യങ്ങളാണ് പലയിടത്തും ഇങ്ങിനെയൊരു സഭയെപ്പറ്റി കേട്ടുകേൾവിപോലും കുറവ്. ഈ യാഥാർത്ഥ്യങ്ങളൊക്കെ ചരിത്രപശ്ചാത്തലത്തിൽനിന്നു ചികഞ്ഞെടുത്ത് അന്തർദേശീയതലത്തിൽ തന്നെ ജിജ്ഞാസുകൾക്കുതകുമാറ് പകർന്നുകൊടുക്കുന്ന രണ്ട് ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ അടുത്തയിടെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. റവറന്റ് ഡോക്ടർ ജോൺ ഫെൻവിക്കിന്റെ "മലബാറിലെ സ്വതന്ത്രസുറിയാനിസഭ" എന്ന പുസ്തകം 1992-ൽ ഇംഗ്ലണ്ടിൽ നിന്നും, "ദ ഫോർഗോട്ടൺ ബിഷപ്പ്സ്" എന്ന പുസ്തകം 2009-ൽ അമേരിക്കയിൽ നിന്നും പ്രസിദ്ധീകരിച്ചു. തിരുമേനിയുടെ ഊർജ്ജസ്വലമായ ശ്രമമാണ് ഇത് സാദ്ധ്യമാക്കിയതെന്ന കാര്യം ഈ സഭയ്ക്കെന്നല്ല മറ്റു സഭകൾക്കുപോലും ഏറെയേറെ അഭിമാനാവഹമാണ്. ഒട്ടേറെ വിദേശയാത്രകളിൽ, ഒട്ടേറെ സമ്മേളനങ്ങളിൽ തിരുമേനി ചെയ്ത പ്രസംഗങ്ങൾ തയ്യാറാക്കാൻ ഞാനും ഒരെളിയപങ്ക് വഹിച്ചിരുന്നു എന്നത് എന്റെ ജീവിതത്തിൽ വലിയൊരു കാര്യമായി ഞാനും കരുതുന്നു.

തുടക്കത്തിലുദ്ധരിച്ച ആ സുഭാഷിതം മനസ്സിൽ നന്നായോർത്ത് തൊഴിയൂർ ബിഷപ്പിന്റെ അരമനയിൽചെന്ന്, ഈ വലിയ ചെറ്യ തിരുമേനിയെ ഒരിയ്ക്കലെങ്കിലും സന്ദർശിച്ചുള്ളവർക്ക് ആ സുഭാഷിതത്തിന്റെ അർത്ഥഗ്രഹണം സുസാദ്ധ്യമാകുമെന്ന് എനിയ്ക്കുറപ്പുണ്ട്. തനിയ്ക്ക് വിപരീതമായത് അന്യനുതകുമെന്ന് ഒരിയ്ക്കലും ചിന്തിയ്ക്കാത്ത, ധർമ്മങ്ങളിൽ മാത്രം മനസ്സൂന്നിയ ഒരു ദൈവദൂതനെനിങ്ങൾക്കു കാണുമാറാകും. ഇവിടെ മനുഷ്യനും ഈശ്വരനും മാത്രം സമ്മേളിയ്ക്കുന്നു.

സ്വന്തം,

സഹപ്രവർത്തകൻ

"പൂർവ്വസൂരികളായ പിതാക്കന്മാരുടെ വഴിയെ"

കെ.വി. തോമാസ് റിട്ട. ഹെഡ്മാസ്റ്റർ, എം.ആർ.ആർ.എം.എച്ച്.എസ്

എന്റെ മാതൃ സഹോദരിയുടെ മകളുടെ മകനാണ് തിരുമേനി. എന്റേയും തിരുമേനിയുടേയും വീടുകൾ വളരെ അടുത്തു തന്നെയായിരുന്നതിനാൽ. എപ്പോഴും സമ്പർക്കത്തിലുമായിരുന്നു. ആഴ്ചയിലൊരിക്കലെങ്കിലും തിരുമേനിയുടെ പിതാവ് മാത്തുകുട്ടിയേട്ടൻ എന്റെ വീട്ടിൽ വരികയും അപ്പനുമായി സംസാരിച്ചിരിക്കുകയും പതിവായിരുന്നു.തിരുമേനി ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ പഠിക്കുമ്പോൾ എന്റെ പിതാവ് മാണി വർഗ്ഗീസ് മാഷിന്റെ ശിക്ഷണത്തിൽ ഇംഗ്ലീഷ് അഭ്യസിച്ചിരുന്നു.

തിരുമേനി ബി. എ. കഴിഞ്ഞ് ചിക്ക്ബെല്ലാപൂരിൽ ബി. എഡിന് ചേരാൻ പോയപ്പോൾ ഞാനും കൂടെ അദ്ദേഹത്തോടൊപ്പം പോയിരുന്നു. അക്കാലത്ത് ആ മറുനാട്ടിൽ തന്റെ സ്വന്തം പരിശ്രമത്താൽ വി. കുർബ്ബാനഅർപ്പിക്കുന്നതിനും ആത്മീയമായി വളരുന്നതിനും അദ്ദേഹം ശുഷ്കാന്തി പ്രകടിപ്പിച്ചിരുന്നു. അധ്യാപക പരിശീലനത്തിന്റെ നാളുകൾ തീവ്രമായ ആത്മീയ തപസ്യയുടേയും പ്രവാസകാലമായിരുന്നു.

വിജയകരമായി പരിശീലനം പൂർത്തിയാക്കി. തൊഴിയൂർ സെന്റ് ജോർജ്ജ് വിദ്യാലയത്തിൽ ചരിത്രാധ്യാപകനായി ഉദ്യോഗത്തിൽ ചേർന്ന ജോസച്ചൻ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ചരിത്രത്തിലേക്കു തന്നെ പ്രൗഢോജ്ജ്വലമായ തന്റെ കാൽവെയ്പ്പ് നടത്തുകയായിരുന്നു. മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട വേളയിൽ കുന്നംകുളത്തിന്റെ തെരുവീഥികൾ ആലത്തൂരച്ചന് രാജോചിതമായ വരവേൽപ്പ് നൽകിയത് കാൽ നൂറ്റാണ്ടിനു ശേഷവും ഒളിമങ്ങാത്ത ഓർമ്മകളാണ്. തൊഴിയൂർ പള്ളിയിലേക്ക് സകുടുംബം പോയതും മെത്രാഭിഷേകശേഷം ബസ്സ് കിട്ടാതെ തിരികെ നടന്നു പോന്നതും ഇന്നലെകഴിഞ്ഞതു പോലെ തോന്നുന്നു. കുരിശും മാലയും സമ്മാനമായി നൽകാൻ കഴിഞ്ഞതും അഭിനവ മെത്രാന്റെ അനുഗ്രഹങ്ങൾ സ്വീകരിച്ചതും എന്റെ മനോമുകുരത്തിൽ ഇപ്പോഴും കോരിത്തരിപ്പുളവാക്കുന്നു.

എന്റെ ജേഷ്ഠ പുത്രനായ വെരി. റവ. ഡോ. മാണി രാജൻ കോറെപ്പിസ്ക്കോപ്പ അമേരിക്കയിലായിരുന്നപ്പോൾ എഴുതിയ ക്വീൻ ഓഫ് 'സാക്രമെന്റസ്' എന്ന ഗ്രന്ഥത്തിന്റെ പ്രതി സമർപ്പിക്കാൻ അദ്ദേഹത്തോടൊപ്പവും പിന്നീട് എന്റെ സഹോദരീപുത്രൻ അഭിവന്ദ്യ ഗീവർഗീസ് മാർ യൂലിയോസ് തിരുമേനി അഭിഷക്തനായ ശേഷം അദ്ദേഹത്തോടൊപ്പവും പല മറ്റു പല സന്ദർഭങ്ങളിലും ഞാൻ തൊഴിയൂർ ഭദ്രാസനദേവാലയ അരമനയിൽ കൂറീലോസ് തിരുമേനിയെ സന്ദർശിക്കുവാൻ പോയിരുന്നു. അവാച്യമായ സ്നേഹത്തിന്റേയും അകമഴിഞ്ഞ ആഥിത്യത്തിന്റേയും നിസ്തുലമായ മാതൃകയാണ് തിരുമേനിയെന്നത് നിസ്തർക്കമത്രേ. യൂലിയോസ് തിരുമേനിക്ക് തിരുമനസ്സുകൊണ്ട് സ്നേഹപൂർവ്വം സമ്മാനിച്ച കുരിശും മാലയും സഹോദര സ്നേഹത്തിന്റേയും സഭാ ഐക്യസന്ദേശത്തിന്റേയും സാർത്ഥക പ്രതീകങ്ങൾ തന്നെ.

എന്റെ സ്നേഹപൂർവ്വമായ അപേക്ഷകൾ അനുഭാവപൂർവ്വം പരിഗണിക്കുകവഴി അനേക അശരണർക്ക് കൈതാങ്ങലുകൾ നൽകാൻ തിരുമേനി ഇപ്പോഴും സന്നദ്ധനാണെന്നത് ഈ ജൂബിലി വേളയിൽ സ്മരിക്കാതെ വയ്യ.

ഞങ്ങളുടെ കുടുംബ സംഗമങ്ങൾ പലപ്പോഴും യാക്കോബായ സുറിയാനി സഭ, ഓർത്തഡോക്സ് സഭ, മലബാർ സ്വതന്ത്ര സുറിയാനി സഭ എന്നീ സഭകളുടെ സംഗമവേദിയാകാറുണ്ട്. പൂർവ്വസൂരികളായ പിതാക്കന്മാരുടെ അനുഗ്രഹത്താലും പ്രാർത്ഥനയാലുമാകാം ഈ വിധം അർത്ഥസമ്പൂർണ്ണമായ സംഗമങ്ങൾക്ക് ഞങ്ങളുടെ കുടുംബത്തിന് വേദിയൊരുക്കാനാകുന്നത്.

ഈ മംഗളവേളയിൽ തിരുമേനിക്ക് സർവ്വശക്തനായ ദൈവം തമ്പുരാന്റെ കൃപയും കരുണയും കലവറയില്ലാതെ ലഭിക്കുമാറാകട്ടെയെന്ന് സർവ്വാത്മനാ പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

Prayers & Best Wishes to our
beloved Valiya Thirumeni
on the occasion of this
Silver Jubilee celeberation

Mrs. Gracy Job, Mr.M.I.George,
Susy George,Shibu Job,Bency Shibu,Christina Shibu,Cathrine Shibu.

സ്നേഹത്തിന്റെയും സൗമ്യതയുടെയും സൗരഭ്യം

അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്താ

രാജിവർഗീസ്

വളരെ യാദൃച്ഛികമായാണ് അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമനസ്സിനെകണ്ടുമുട്ടുന്നത്. ദൈവത്തിന്റെ വിളികേട്ട് ഇറങ്ങിത്തിരിച്ച എന്റെ ഭർത്താവ് Bro. Dr. Mathews Vergis നെ ദൈവം അത്യത്ഭുതകരമായി എടുത്തുപയോഗിച്ചുകൊണ്ടിരിക്കുന്ന സാഹചര്യങ്ങളിൽ മലയാളക്കരയിലുള്ള ദൈവത്തിന്റെ പല മഹാപുരോഹിതന്മാരുടെയും സമീപനങ്ങൾ എന്നെ വളരെ വേദനിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ ദൈവത്തിന്റെ അഭിഷിക്തന്മാരുമായുള്ള ബന്ധങ്ങൾ വളരെ കുറച്ചുകൊണ്ടിരുന്ന കാലയളവിലാണ് വിശുദ്ധ സത്യവേദപുസ്തകം അയച്ചുതരണമെന്നുള്ള അഭിവന്ദ്യതിരുമനസ്സിന്റെ കത്തു ലഭിക്കുന്നത്. വിശുദ്ധ സത്യവേദപുസ്തകത്തിന്റെ പ്രകാശനത്തെ തുടർന്ന് അതു വായിക്കുകയല്ല കാണുകപോലും ചെയ്യാതെയും ദൈവത്തിന്റെ വചനമാണെന്നുള്ള ബോദ്ധ്യം പോലുമില്ലാതെയുള്ള അനേകമേല്പ്പട്ടക്കാരുടെയും പട്ടക്കാരുടെയും വിമർശനങ്ങളും ഞങ്ങളെ അത്യധികം വേദനിപ്പിച്ചുകൊണ്ടിരുന്ന സാഹചര്യത്തിലായിരുന്നു വിശുദ്ധ സത്യവേദപുസ്തകം ആവശ്യപ്പെട്ടുകൊണ്ട് തിരുമേനിയുടെ കത്ത്. ഭവിഷ്യത്ത് എന്തായിരുന്നാലും അദ്ദേഹത്തെ നേരിട്ട്കണ്ട് വിശുദ്ധസത്യവേദപുസ്തകം നല്കാമെന്ന് വിജയച്ചായൻ (ബ്രദർ) തീരുമാനിച്ചു. ഞങ്ങൾ തൊഴിയൂർ എത്തി അഭിവന്ദ്യ തിരുമനസ്സിനെകണ്ട മാത്രയിൽ തന്നെ അദ്ദേഹത്തിന്റെ ലാളിത്യവും എളിമയും സൗമ്യതയും എന്നെ അത്യധികം ആകർഷിച്ചു. പ്രത്യേകിച്ച് സ്നേഹാദരവുകളോടെയും ഒരു ദൈവപുരുഷൻ എന്ന കരുതലോടെയും വിജയച്ചായനെ ബ്രദർ എന്നഭിസംബോധനചെയ്ത് സ്വീകരിച്ചതും എനിക്ക് ഒരിക്കലും മറക്കാൻ കഴിയുകയില്ല. അപ്പൊസ്തോലിക സഭകളിലെ മഹാപുരോഹിതന്മാർ മാത്രമല്ല, ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നു എന്ന് അവകാശപ്പെടുന്ന അനേക "ദൈവസഭകളുടെ" സാരഥികൾ പോലും വിശുദ്ധസത്യവേദപുസ്തകത്തെ അവഹേളിക്കുകയും വിജയച്ചായനെ തരംകിട്ടുന്നിടത്തൊക്കെ അധിക്ഷേപിക്കുകയും വിശുദ്ധസത്യവേദപുസ്തകത്തിന്റെ പ്രകാശനത്തിനുശേഷം ഞങ്ങൾക്കു നേരിട്ട കയ്പേറിയ അനുഭവങ്ങൾ ദൈവശിക്ഷയാണെന്ന് പ്രസംഗിക്കുകയും ചെയ്യുന്ന അവസ്ഥയിൽ തിരുമേനിയുടെ ഇപ്രകാരമുള്ള പ്രതികരണം കടുവേനലിലെ പെരുമഴപോലെ ആയിരുന്നു. ഒറ്റനോട്ടത്തിൽ പരിഭാഷയിലെ ചില പ്രസക്ത ഭാഗങ്ങൾ വായിച്ചുനോക്കിയ തിരുമേനിക്ക് അത്യധികം സന്തോഷമായി ഞങ്ങളെ അനുഗ്രഹിച്ച് പറഞ്ഞയക്കുമ്പോൾ തിരുമേനിക്ക് വിജയച്ചായൻ വാക്കു കൊടുത്തു "ഞങ്ങൾ തിരുമേനിയുടെ സൗഖ്യത്തിനുവേണ്ടി ഉപവാസപ്രാർത്ഥനകളിൽ പ്രത്യേകം പ്രാർത്ഥിക്കും. അത്യുന്നതനായ ദൈവം തിരുമേനിക്ക് സൗഖ്യം തരും" അത് ഒരു വലിയ ബന്ധത്തിന് തുടക്കമായിരുന്നു. സർവ്വശക്തനായ ദൈവത്തിന്റെ വലിയ പദ്ധതിയുടെ തുടക്കം. തുടർന്ന് അഭിവന്ദ്യ തിരുമേനിയെ അമേരിക്കയിൽ ഞങ്ങളുടെ ഭവനത്തിൽ സ്വീകരിക്കുവാനും ശുശ്രൂഷിക്കുവാനും ദൈവം എനിക്ക് അവസരങ്ങൾ തന്നു. തിരുമേനിയുടെ ദൈവത്തിലുള്ള അചഞ്ചല

മായ വിശ്വാസവും, നോമ്പുകളും, പ്രാർത്ഥനകളും നിറഞ്ഞ ജീവിതരീതിയും അടുത്തറിയുവാൻ ബലഹീനയായ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ന്യൂയോർക്കിലെ ഇന്റർഡിനോമിനേഷൻ ക്രൈസ്റ്റ്ചർച്ചിന്റെ കൂദാശയ്ക്കായി പരിശുദ്ധാത്മനിയോഗമനുസരിച്ച് അഭിവന്ദ്യ തിരുമേനിയെയാണ് വിജയച്ചായൻ ക്ഷണിച്ചത്. പള്ളിപണിയുടെ പൂർത്തീകരണ സമയത്ത് എത്തിയ തിരുമേനി ഞങ്ങളൊടൊപ്പമാണ് താമസിച്ചത്. ആ ദൈവാലയ കൂദാശയ്ക്കു മുമ്പ് പത്തുദിവസം ഉപവസിച്ചശേഷമാണ് അദ്ദേഹം കൂദാശാശുശ്രൂഷ നടത്തിയതെന്ന് അധികമാരും അറിയാത്ത രഹസ്യമാണ്. ആ കൂദാശയുടെ മദ്ധ്യേ വിശുദ്ധ മദ്ബഹാ നിറഞ്ഞുനില്ക്കുന്ന ദൈവിക വെളിച്ചത്താൽ തക്സാ പോലും വായിക്കുവാൻ തിരുമേനിക്കു കഴിയാതിരുന്നതും ഇന്നുവരെയും അധികമാർക്കും അറിയാത്ത വസ്തുതയാണ് തുടർന്ന് The Christian Walk Bible ന്റെ പ്രകാശന ശുശ്രൂഷ നയിച്ചതും അഭിവന്ദ്യ തിരുമേനിയായിരുന്നു. വിശുദ്ധ കുർബ്ബാനമദ്ധ്യേഭക്തിനിർഭരമായ ശുശ്രൂഷയിൽ രണ്ടു കരങ്ങളിലും The Christian Walk Bible ഉയർത്തിക്കൊണ്ട് അത്യുന്നതനായ ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കുന്നത് അത്യപൂർവ്വമായ മുഹൂർത്തമായിരുന്നു. അത് തന്റെ ജീവിതത്തിലെ അപൂർവ്വമുഹൂർത്തങ്ങളിലൊന്നായിരുന്നു എന്ന് തിരുമേനി തന്നെ വിശേഷിപ്പിച്ചു കാരണം ദൈവത്തിന്റെ വചനം ദൈവത്തിനായി ദൈവസന്നിധിയിൽ സമർപ്പിക്കുന്നത് അസുലഭമായ ഭാഗ്യമായി തിരുമേനി കരുതി. അഭിവന്ദ്യ തിരുമേനിയുടെ ദൈവകൃപയുടെ ആഴം ബലഹീനയായ ഞാൻ മനസ്സിലാക്കുന്ന മറ്റൊരു കാരണം ദൈവിക ശുശ്രൂഷയിലുള്ള ദാസീ ദാസന്മാരെ സ്നേഹിക്കുവാനും ആദരവോടെ അവരോടു പെരുമാറുവാനും അവരെ പ്രോത്സാഹിപ്പിക്കുവാനുമുള്ള സന്മനസ്സാണ്. സഭാവ്യത്യാസമില്ലാതെ വിശുദ്ധസത്യവേദപുസ്തകത്തോട് ദൈവത്തിന്റെ അധികാരം ഭൂമിയിൽ വഹിക്കുന്ന അനേകരുടെ വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും, അസൂയയുടെയും പകയുടെയും പ്രതികരണങ്ങൾ ആവോളം അനുഭവിച്ച പശ്ചാത്തലത്തിലാണ് തിരുമേനിയുടെ പ്രോത്സാഹനവും പ്രാർത്ഥനയും ഞങ്ങൾക്ക് രുചിച്ചറിയാനായത്. നൂറുകണക്കിനു വിശുദ്ധസത്യവേദപുസ്തകങ്ങളാണ് നിർദ്ധനനായ അദ്ദേഹം വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. അതുകൊണ്ടുതന്നെയായിരിക്കാം അത്യുന്നതനായ ദൈവം The Christian Walk Bible പ്രകാശനം ചെയ്യുവാനുള്ള അസുലഭ ഭാഗ്യം അദ്ദേഹത്തിന് ദൈവം നല്കിയത്. ഇത് ഒരു പക്ഷേ ഒരു ഭാഗ്യമായി മറ്റാരും കണക്കാക്കുകയില്ല. സ്വർഗ്ഗത്തിലെ പ്രാഗത്ഭ്യമോ ദൈവത്തിന്റെ ഇഷ്ടമോ എന്തെന്നറിയാതെ ഭൗതിക ആഡംബരങ്ങൾക്കും സുഖലോലുപതയ്ക്കുമായി പരക്കം പായുന്ന ദൈവപുരുഷന്മാർ എന്നു വിളിക്കപ്പെടുന്നവരുടെ കൂട്ടത്തിൽ നിർദ്ധനനായ അരമനയെന്ന രമ്യഹർമ്യമില്ലാത്തതും, സ്വന്തമായി ഒരു കാറുപോലുമില്ലാത്ത, സ്വന്തം സഭാമക്കൾപോലും മനസ്സിലാക്കേണ്ട രീതിയിൽ മനസ്സിലാക്കാത്ത അഭിവന്ദ്യ ജോസഫ്മാർ കൂറിലോസ് തിരുമേനി ദൈവിക കൃപകളുടെയും ദൈവസ്നേഹത്തിന്റെയും എളിമയുടെയും, സഹനത്തിന്റെയും സൗമ്യതയുടെയും വെള്ളി നക്ഷത്രമാണ് ബലഹീനയായ എനിക്ക് അദ്ദേഹത്തെ കണ്ടുമുട്ടുവാനും ശുശ്രൂഷിക്കുവാനും കഴിഞ്ഞത് ദൈവം നല്കിയ വലിയ അനുഗ്രഹമാണ്. തിരുമേനിയെ കൂടുതലായി ദൈവം ഉപയോഗിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

A Thirumeni of the people

Kottarathil Thomas George- USA

It is with great joy that I wish His Grace Joseph Mar Koorilose the Valiya Metropolitan of the Malabar Independent Syrian Church on the occasion of the jubilee of his episcopal consecration. I wish that the Lord our God would continue to strengthen and bless dear Thirumeni for many more years in HIS service. It has been a great privilege to know His Grace and he has been source of inspiration to me and my family.

I have had the privilege to meet and interact with dear Thrumeni quite a few times when he was in New York over the last couple of years, first as part as the consecration of the Inter Denominational Christ Church in Tappan and later for the consecration of the "Christian Walk Bible". His humility, simplicity and ready approachability was something that endeared him in my heart and others that have met him. A man of simplicity in the robes of a bishop, whose words was simple and directed to the heart of the audience. Of the few sermons and speeches that I have heard His Grace deliver, I have been struck by the fact that the office of Metropolitan has not prevented him from carrying out the essential mission of Christ "To go out into the World and preach the gospel to every living being", among those he came in contact. The fact that he still continues to this day to gift bibles to people, irrespective of their religion was an inspiration. It made a world of difference to see the missionary zeal that fired Thirumeni and more importantly it once again reiterated to me that self-importance had no value while working for Christ and that no matter what your station in life, one was to carry out the work of Christ.

In his sermon he did not hold back on his life experiences and of times when he had made mistakes, and how the Lord had brought him back from the brink of death to a new lease of life. He spoke of the occasion when on the verge of death, news circulated that he had already left the earthly abode. It was obvious from his words that he has been a changed man since the LORD wrought about the miracle to bring him back from the jaws of death. Just as David always reme-mbered as to how the LORD had brought him to the throne of Israel from the sheepfolds, Thirumeni would reminiscence before his audience of the grace of the LORD that brought him to the office of Metropolitan of this wonderful church, a life that would have been entirely different if he had not heeded the call of his Master and the need of his community. His words were truly an insp-iration.

As a child growing up in the Mar Thoma Church, I was brought up on the stories of how the bishops of Thozhyoor Church had played crucial roles in the early history of the Mar Thoma Church and how the history of the two churches were intertwined with one another. Reading a little more into the life of the Thozhyoor Church and its bishops has lead me to believe that dear Thirumeni follows in the footsteps of his predecessors who had walked away from the temporal power and led a monastic life of prayer and sacrifice. They toiled and found happiness in sacrifice, and history bears witness to their sacrifice at various times. His genuine affection and concern for other human beings is brought out in his interactions and in his prayers for others. It is not often that you meet a Metropolitan who when you meet for a second time remember your name and lets you know that he has been praying for you. Thirumeni is a person who if he sees a person who has interacted with him previously is not averse to walking right up to the person and enquiring about them and their family rather than wait for the person to approach him. He is a Thirumeni of the people with no pretensions to power. I am thankful to the LORD for having known him. He has enriched me and my family like so many others by his interactions in our lives and it is our sincere prayer that the good LORD would bless him and continue to sustain him for many more years of service in the Lord, to be a blessing and inspiration to many in his parent church and to the community of believers at large. It is my hope that we continue to have the privilege of interacting with His Grace more often and learn from his life.

Once again I wish His Grace Joseph Mar Koorilose, a most blessed episcopal jubilee and also wish my brethren in Christ from the Malabar Independent Syrian Church who will be joining in this blessed celebration. May the grace of the LORD be with Thirumeni.

Best Compliments to Beloved Thirumeni with Prayers


Kottarathil Thomas George & Binsu Thomas & Mon Joshua - USA

നല്ല ഇടയൻ

ഞാൻ ആദ്യമായി ജോസഫ് മാർ കൂറിലോസ് തിരുമേനിയെ പരിചയപ്പെട്ടത് IDCF ന്റെ ന്യൂയോർക്കിലുള്ള ദേവലായത്തിന്റെ കൂദാശയ്ക്ക് വന്ന അവസരത്തിലാണ്. തിരുമേനിയെ സ്വീകരിക്കുവാൻ IDCF ന്റെ Br. Dr. മാത്യുവർഗ്ഗീസിനോടും IDCF ന്റെ ന്യൂയോക്കിലെ സുവിശേഷകൻ ജോസഫ് കുളങ്ങരയോടും ഒപ്പം എനിക്കും എയർപോർട്ടിൽ പോകുവാനും, അവിടെ വെച്ച് തിരുമേനിയെ കാണുവാനും അവസരംകിട്ടി. സാധാരണ തിരുമേനിമാർ വരുന്നത് ഞാൻ കണ്ടിരിക്കുന്നത് വലിയ പ്രൗഢിയിൽ ആണ്. എന്നാൽ ജോസഫ് മാർ കൂറിലോസ് തിരുമേനി വെറും സാധാരണക്കാരിൽ സാധാരണക്കാരനായി കടന്ന് വരുന്നതും എയർപോർട്ടിൽനിന്നുള്ള യാത്രയിൽ വളരെ എളിമപ്പെട്ടരീതിയിൽ സംസാരിച്ചതും, മറ്റുംകണ്ടപ്പോൾ തിരുമേനി ഒരു നല്ലഇടയനാണെന്ന് എനിക്ക് മനസ്സിലായി.

IDCF ന്റെ ന്യൂയോർക്കിലെ ദേവാലായപണിക്ക് വളരെയധികം തടസ്സങ്ങൾ വന്നപ്പോൾ ഞങ്ങൾക്ക് ധൈര്യവും ആശ്വാസവും തന്നതും അതോടെപ്പം തിരുമേനിയുടെ പ്രാർത്ഥനയും മറക്കുവാൻ പററുകയില്ല. തിരുമേനി ദേവാലയം കൂദാശചെയ്തപ്പോൾ ഉണ്ടായ അനുഭൂതി അനുഭവിച്ചപ്പോൾ തിരുമേനിയ്ക്ക് ദൈവവുമായിട്ടുള്ള ബന്ധം എന്താണെന്ന് ബോധ്യപ്പെടുവാൻ സാധിച്ചു. അതിനുശേഷം തിരുമേനി അതായത് ഒരു ഇടയൻ തന്റെ ആട്ടിൻ കുഞ്ഞിനെ എങ്ങനെനോക്കുന്നുവോ, അതുപോലെ ഓരോരുത്തരുമായി ഇടപെടുകയും അവരുടെ വ്യക്തിപരമായ ആവശ്യങ്ങളെക്കുറിച്ച് തിരക്കുകയും, അവർക്ക് ആവശ്യമായ നല്ല ഉപദേശങ്ങൾ നൽകുകയും ചെയ്തു.

വീണ്ടും ഒരു വർഷത്തിനുശേഷം തിരുമേനി ന്യൂയോർക്കിൽ വരുവാൻ ഇടയായി. അന്ന് പലരുടെയും ഭവനം സന്ദർശിച്ചക്കൂട്ടത്തിൽ ബലഹീനനായ എന്റെ ഭവനത്തിൽ വരുകയും ഒരുദിവസം കൂടെ താമസിക്കുകയും ചെയ്തു. അന്ന് തിരുമേനിയുമായി കൂടുതൽ സംസാരിക്കുവാനും. പ്രത്യേകിച്ച് ദൈവിക കാര്യങ്ങളെപറ്റി കൂടുതൽ ചോദിച്ച് മനസ്സിലാക്കുവാനും സാധിച്ചു. ഒരുവർഷത്തിനുശേഷം തിരുമേനിയുമായി തമ്മിൽ കണ്ടപ്പോൾ ഓരോരുത്തരുടെയും കാര്യങ്ങൾ തിരക്കുകയും പ്രത്യേകിച്ച് മക്കളുടെ കാര്യങ്ങൾ ചോദിക്കുകയും മറ്റും ചെയ്തപ്പോൾ നമുക്ക് മനസ്സിലാകും തിരുമേനി ഒരു നല്ല ഹൃദയത്തിന്റെ ഉടമയാണെന്ന് എന്റെ ഭവനത്തിൽ താമസിച്ച അവസരത്തിൽ ഒരു കുടുംബാംഗം താമസിക്കുന്നതുപോലെ ഞങ്ങളോട് ഇടപെടുകയും മറ്റും ചെയ്തപ്പോൾ ഞങ്ങൾക്ക് ബോധ്യമായി എത്ര എളിമയുള്ള തിരുമേനിയാണെന്ന്! 'കൊയ്ത്തുകാലത്ത് മടിയനായി കിടന്നുറങ്ങുന്നവന് ദാരിദ്രം വരും.' എന്ന ദൈവവചനത്തിലൂടെ 'ജോലിക്ക് പോകാൻ കഴിയുന്നേടത്തോളം ജോലി ചെയ്യണം' എന്ന തിരുമേനിയുടെ ശബ്ദം ഇന്നും എന്റെ കാതുകളിൽ മുഴങ്ങുന്നു. ഇപ്പോൾ ജൂബിലിയുടെനിറവിൽ നിൽക്കുന്ന തിരുമേനിക്ക് എന്റെയും കുടുംബത്തിന്റെയും പ്രാർത്ഥനയും, ആശംസകളും സ്നേഹത്തിന്റെ ഭാഷയിൽ നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

ജസ്റ്റിൻ ചാമക്കാല

ഇടയനായ കൂട്ടുകാരൻ

Mr.M.K.Gigi Varghese, Advocate,
Madras High Court, Chennai

എല്ലാവരും അറിയുന്ന ഈ പിതാവിനെ അല്പം വ്യത്യസ്തമായാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ സഭയുമായി കൂടുതൽ ബന്ധപ്പെടുവാൻ ആരംഭിക്കുമ്പോൾ തന്നേ അദ്ദേഹം തിരുമേനിയായിട്ടുണ്ട്. എന്നാൽ ദീർഘകാലം സഭയുടെ കൗൺസിൽ മെമ്പറായും മദ്രാസ് സെന്റ് ജോർജ് ഇടവകയുടെ ട്രഷറർ ആയും സേവനം അനുഷ്ഠിച്ച എന്റെ പിതാവ് പരേതനായ അഡ്വ. കുരിയാക്കുവിൽനിന്നും മറ്റു അഭ്യുദയകാംക്ഷികളിൽ നിന്നും തിരുമേനിയെ കൂടുതലായി അറിയാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്.

മദ്രാസ് സെന്റ് ജോർജ് ഇടവകയുടെ ശൈശവകാലത്ത് അദ്ധ്യാപകനായിരുന്ന റവ. ഫാദർ ജോസഫ് അവധിക്കാലങ്ങളിലെല്ലാം മദ്രാസ് സെന്റ് ജോർജ് ഇടവകയിൽ വന്ന് താമസിച്ച് ഇടവകയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയിരുന്നു. സാമ്പത്തികമായി പ്രയാസങ്ങൾ നേരിട്ടിരുന്ന ആ സമയത്ത് ഇടവകയുടെ ചെലവുകൾ കുറയ്ക്കുവാനും ഇടവകയെ സ്നേഹിക്കുന്ന ജനങ്ങളുമായി കൂടുതൽ ഇടപഴകി ഇടവകയെ പുരോഗതിയിലേക്ക് നയിക്കുന്നതിനും പുരോഹിതദൗത്യത്തിന്റെ ഭാഗമായി സഭാഭേദമില്ലാതെ എല്ലാ ഭവനങ്ങളും സന്ദർശിച്ച്, അവരോടൊത്ത് ഭക്ഷണം കഴിച്ച്, ഒരു കുടുംബമെന്നപ്പോലെ ഇടവകയെ നല്ല രീതിയിൽ പരിപാലിച്ചുപോന്നു എന്നു പറയുന്നതിൽ യാതൊരു വിധത്തിലുള്ള അതിശയോക്തിയുമില്ല.

മദ്രാസ് സെന്റ് ജോർജ് ഇടവകയിൽ 2 വർഷം സെക്രട്ടറിയായും ഒരു വർഷം ട്രഷററായും കൂടാതെ സഭാകൗൺസിൽ അംഗമായും പ്രവർത്തിച്ചിരുന്ന സമയങ്ങളിൽ തിരുമേനിയുമായി കൂടുതൽ ഇടപഴകുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. എന്റെ ഭാഷയിൽ പറഞ്ഞാൽ തിരുമനസ്സ് പാവങ്ങളുടെയും അശരണരുടെയും കുട്ടുകാരനായിരുന്നു. ഇത്തരത്തിൽ ഉള്ള

വർക്ക് ഏറ്റവും അടുത്ത് ചെല്ലുവാൻ കഴിയുന്ന ചുരുക്കം ചില മഹൽ വ്യക്തികളുടെ ഗണത്തിലായിരുന്നു തിരുമേനി.

അദ്ദേഹത്തിന്റെ ശ്രമഫലമായാണ് ഈ കൊച്ചു സഭ ലോകത്തിന്റെ ദൃഷ്ടിയിൽ ആയത് എന്നത് ലോകം അറിഞ്ഞ സത്യം. NCCI. Membership ലഭിച്ച കാലഘട്ടത്തിൽ സഭയ്ക്കുവേണ്ടി NCCI യുടെ ചെന്നൈ മീറ്റിംഗിൽ പ്രതിനിധിയാകുവാൻ എനിക്ക് ഭാഗ്യം ലഭിച്ചിരുന്നു.

മദ്രാസ് ഇടവകയുടെ കുരിശുപള്ളി നില്ക്കുന്ന സ്ഥലം വാങ്ങിയത് തിരുമേനിയുടെയും റവ. ഫാദർ വർഗീസ് വാഴപ്പിള്ളിയുടെയും ശക്തമായ നേതൃത്വം കൊണ്ടായിരുന്നു. അതിനു മുമ്പ് ആഘോഷവേളകളിൽ ഭക്ഷണം റോഡിൽ പാകം ചെയ്യേണ്ട ഒരു അവസ്ഥ ഉണ്ടായിരുന്നു. എന്റെ പിതാവ് പരേതനായ അഡ്വ. കുരിയാക്കുവായിരുന്നു പ്രസ്തുത സ്ഥലം വാങ്ങുന്നതിന് രൂപവൽക്കരിച്ച സോവനീർ കമ്മറ്റിയുടെ കൺവീനർ. ഞാനും പ്രസ്തുത കമ്മറ്റിയിൽ അംഗമായിരുന്നു. സ്ഥലം വാങ്ങി രജിസ്റ്റർ ചെയ്യുവാൻ പണത്തിന്റെ ബുദ്ധിമുട്ട് നേരിട്ടപ്പോൾ തിരുമേനി വിദേശത്ത് പോയി ലഭിച്ച കൈമുത്ത് തുകയും ചെലവിനായി വിദേശിയരിൽനിന്ന് ലഭിച്ച തുകയും ചേർത്ത് ഏകദേശം 4 ലക്ഷം രൂപയും ഈ സ്ഥലം വാങ്ങുന്നതിനായി വിനിയോഗിക്കപ്പെട്ടു എന്നതിൽനിന്ന് തിരുമേനിയുടെ ഇടവകയോടുള്ള സ്നേഹവും കരുതലും മനസ്സിലാക്കാം. ഈ ദേവാലയത്തിന്റെ ആരംഭം മുതൽ നാളിതു വരെയുള്ള വളർച്ചയിൽ പരേതനായ ശ്രീ.ജോൺ പീറ്ററിനും കുടുംബത്തിനും മകൻ സുധീറിനുമുള്ള പങ്ക് എടുത്തു പറയേണ്ടതാണ്. അഭിവന്ദ്യ തിരുമേനി ചെന്നൈയിൽ വരുന്ന സമയങ്ങളിൽ സ്നേഹവും പരിചയവും ഉള്ള എല്ലാ ഭവനങ്ങളിലും ചെല്ലുവാൻ ശ്രദ്ധിച്ചിരുന്നു. രോഗികളെയും മരണം സംഭവിച്ച ഭവനങ്ങളും സന്ദർശിച്ച് കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുന്നതിന് പ്രത്യേകം സമയം കണ്ടെത്തിയിരുന്നു. ഈ കാലഘട്ടത്തിൽ അവിശ്വസനീയമായ രീതിയിൽ തിരുമേനി എല്ലാവരുമായി പെരുമാറിയിരുന്നു. ഏവരുടെയും സ്ഥലപരിമിതിയിലും കഷ്ടപ്പാടിലും തിരുമേനി പെരുമാറുന്നതു കണ്ട് എനിക്കു തന്നെ പലപ്പോഴും അത്ഭുതം തോന്നിയിട്ടുണ്ട്.

1997-ാം വർഷം സെപ്റ്റംബർ മാസം 4-ാം തീയതി തിരുമേനി Cerebral Stroke മൂലം ആശുപത്രിയിൽ അഡ്മിറ്റാകുകയും നീണ്ട 18 ദിവസങ്ങൾക്കുശേഷം ദൈവത്തിന്റെ ശക്തമായ ഇടപെടൽ മൂലം ജീവിതത്തിലേക്ക് തിരിച്ചുവരുകയും ചെയ്ത തിരുമേനി തനിക്കൊരു പിൻഗാമി വേണമെന്ന ആഗ്രഹത്താൽ, സഭയുടെ 14-ാമത്തെ മെത്രാപ്പോലീത്തയായി അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ്സിന് സ്ഥാനാരോഹണം നല്കി. അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ്സ് മെത്രാപ്പോലീത്ത, സഭയുടെ വലിയ മെത്രാപ്പോലീത്ത എന്ന സ്ഥാനം നല്കി അഭിവന്ദ്യ തിരുമേനിയെ ആദരിച്ചു.

എന്റെ കുടുംബവും തിരുമേനിയുടെ കുടുംബവും വർഷങ്ങൾക്കു മുമ്പു തന്നേ പരസ്പരം അറിയുവാനും സ്നേഹബന്ധത്തിലേർപ്പെടുവാനും ഇടയായിട്ടുണ്ട്. ഉദാഹരണമായി, എന്റെ പൂർവ്വപിതാവ് (എന്റെ മുത്തച്ഛന്റെ പിതാവ്) ചെറുവത്താനി വന്നേരിക്കാരൻ ചുമ്മാർ, തിരുമേനിയുടെ പൂർവ്വപിതാവായ അഭിവന്ദ്യ ആലത്തൂർ പനയ്ക്കൽ പൌലൂസ് മാർ അത്താനാസ്യോസ് സഫ്രഗൻ തിരുമേനിക്ക് ഒരു ചാരുകസാര പണിതു കൊടുത്തത് മുതൽ ഇന്നുവരെ ആ സ്നേഹബന്ധം തുടരുന്നു.

എന്റെ പിതാവിന്റെ ദേഹവിയോഗ സമയത്ത് പിതാവിന്റെ ആഗ്രഹാനുസരണം കുന്നംകുളത്ത് കുർബ്ബാന അർപ്പിച്ച തിരുമേനി തൃശൂരിൽവന്ന് പിതാവിന് കുർബ്ബാന നല്കിയതും തൈലാഭിഷേകം നടത്തിയതും ഇടയ്ക്കിടെ വന്നു പ്രാർത്ഥിച്ചതും മരണവാർത്ത അറിഞ്ഞയുടൻ ഭവനത്തിലേക്ക് വന്നതുമെല്ലാം എനിക്ക് ഒരിക്കലും മറക്കാനാവില്ല. ഇതെല്ലാം തിരുമേനിയുടെ ഊഷ്മളമായ സ്നേഹത്തിന്റെയും കരുതലിന്റെയും ചില ഉദാഹരണങ്ങൾ മാത്രമാണെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇനിയും തിരുമേനിയുടെ മഹനീയമായ നേതൃത്വവും കരുതലും പ്രാർത്ഥനയും സഭയ്ക്കും സമൂഹത്തിനും ആവശ്യമാണ്. ആകയാൽ ആയുരാരോഗ്യസൗഖ്യം നല്കി സർവ്വശക്തനായ ദൈവം പ്രിയപ്പെട്ട തിരുമേനിയെ അനുഗ്രഹിക്കുന്നതിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തട്ടെ.

Madras St George church foundation - 1976 Feb. 24

ഉപവാസ പ്രാർത്ഥനയുടെ ശക്തി അനുഭവിച്ചറിഞ്ഞ ഇടയശ്രേഷ്ഠൻ

അഡ്വ. ജോർജി മാമ്മൂട്ടിൽ, കുവൈറ്റ്

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രപൊലീത്തയായി ശുശ്രൂഷ ചെയ്യുന്ന അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനിയുടെ മെത്രാഭിഷേക രജത ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ അഭിവന്ദ്യ തിരുമനസ്സിന് ആശംസകൾ അർപ്പിക്കുവാൻ എനിക്കു ലഭിച്ച ഈ വിലപ്പെട്ട അവസരത്തിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

ഇപ്പോൾ എന്റെ ഓർമ്മകൾ 1975-ൽ തിരുവല്ലയിൽ നടന്ന മാർത്തോമ്മ സഭയുടെ ജോസഫ് മാർ ഐറേനിയോസ്, ഈശോ മാർ തിമഥിയോസ് എന്നീ എപ്പിസ്കോപ്പാമാരുടെ മെത്രാഭിഷേക ശുശ്രൂഷയിലേക്ക് മടങ്ങിപോവുകയാണ്.

അന്ന് 11 വയസ്സ് മാത്രമുണ്ടായിരുന്ന ഞാൻ എന്റെ അമ്മയോടൊപ്പം പ്രസ്തുത ശുശ്രൂഷകളിൽ ആദിയോടന്ത്യം പങ്കെടുത്തിരുന്നു. മദ്ബഹയിൽ മാർത്തോമ്മാ സഭയുടെ തിരുമേനിമാരെ കൂടാതെ അപരിചിതനായ ഒരു തിരുമേനിയെ കണ്ട ഞാൻ അദ്ദേഹം ആരാണെന്ന് എന്റെ അമ്മയോട് ചോദിക്കുകയും, അത് തൊഴിയൂരെ തിരുമേനിയാണെന്നും, തൊഴിയൂരെ തിരുമേനിയില്ലാതെ മാർത്തോമ്മാ സഭയുടെ തിരുമേനിമാരെ വാഴിക്കാൻ കഴിയില്ലെന്ന് പറഞ്ഞുതന്നത് ഞാൻ ഇന്നും ഓർക്കുന്നു. മാർത്തോമ്മാ സഭയും തൊഴിയൂർ സഭയും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും അമ്മ എനിക്ക് പറഞ്ഞുതന്നു. സഭ ചരിത്രം പഠിക്കുന്നതിൽ വളരെ തൽപ്പരനായിരുന്ന ഞാൻ എന്റെ പഠനം തുടർന്നു വന്നെങ്കിലും തൊഴിയൂർ സഭയുടെ ഒരു മേൽപ്പട്ടക്കാരനുമായി അടുത്തിടപഴകുവാൻ എനിക്ക് അവസരം ലഭിച്ചത് 2010 ഒക്ടോബറിൽ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപൊലീത്ത കുവൈറ്റിൽ ഹ്രസ്വ സന്ദർശനത്തിനായി എത്തിയപ്പോഴാണ്.

ഒരു എക്യുമിനിക്കൽ കൂട്ടായ്മയായ ഇന്റർ ഡിനോമിനേഷണൽ ക്രിസ്ത്യൻ ഫെല്ലോഷിപ്പിന്റെ നിയുക്ത പ്രസിഡന്റും ബൈബിൾ പരിഭാഷകനും ലോകപ്രസിദ്ധ പ്രസംഗകനും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നയിച്ച ഉപവാസ പ്രാർത്ഥനയിലൂടെ അനേകരെ ദൈവത്തിങ്കലേക്ക് ആകർഷിച്ച ദൈവത്തിന്റെ പ്രവാചകനുമായ ബ്രദർ ഡോ. മാത്യൂസ് വർഗ്ഗീസിന്റെ ഷഷ്ട്യാബ്ദിപൂർത്തി ആഘോഷങ്ങളുടെ ഭാഗമായി കുവൈറ്റിൽ നടത്തപ്പെട്ട ചടങ്ങിൽ പങ്കെടുക്കുന്നതിനുവേണ്ടിയായിരുന്നു അഭിവന്ദ്യ തിരുമനസ്സ് രണ്ടു ദിവസത്തേക്ക് ഇവിടെ എത്തിചേർന്നത്.

അഭിവന്ദ്യ മെത്രാപൊലീത്തായ്ക്ക് മേൽ പറഞ്ഞ കൂട്ടായ്മയുമായി ഉണ്ടായിരുന്ന ദീർഘകാലത്തെ ബന്ധംമൂലം വിവിധ മാധ്യമങ്ങളിലൂടെ അദ്ദേഹത്തെ എനിക്ക് പരിചയമുണ്ടായിരുന്നെങ്കിലും നേരിൽ ഇടപ്പെടുവാൻ അവസരങ്ങൾ ഉണ്ടായിരുന്നില്ല. അദ്ദേഹവുമായി അടുത്ത് ഇടപഴകുവാൻ ചില മണിക്കൂറുകൾ മാത്രമാണ് ലഭിച്ചതെങ്കിലും എന്റെ മാതൃസഭയിലേതുൾപ്പെടെ പല സഭകളുടേയും ബിഷപ്പുമാരുമായി അടുത്ത് ഇടപ്പെടുവാൻ അവസരം ലഭിച്ചിട്ടുള്ള എനിക്ക് പ്രസ്തുത സന്ദർഭം ഒരു പ്രത്യേക അനുഭവമായിരുന്നു പ്രദാനം ചെയ്തതെന്നത് പ്രത്യേകം പ്രസ്താവ്യമത്രെ. മറ്റാരിലും ഇല്ലാത്ത ചില പ്രത്യേകതകൾ ഞാൻ അദ്ദേഹത്തിൽ ദർശിച്ചു എന്നത് ഇത്തരുണത്തിൽ സ്മരിക്കുന്നു. എല്ലാവ

രോടും എന്തിനോടും അദ്ദേഹം കാണിക്കുന്ന തുറന്ന സമീപനം എന്നെ ഹഠാദാഘർഷിച്ചു. ഒരു സന്യാസിവര്യനു ചേർന്ന ലാളിത്യവും മനശ്ശുദ്ധിയും അദ്ദേഹത്തിന്റെ ഓരോ വാക്കിലും പ്രവർത്തിയിലും നമുക്ക് കാണാൻ കഴിയും.

"കുഞ്ഞുങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത്" എന്ന് ദൈവവചനം ഓർമ്മിപ്പിക്കുമാറ് അദ്ദേഹം കുഞ്ഞുങ്ങളോട് കാണിക്കുന്ന സ്നേഹവാത്സല്യങ്ങൾ പ്രത്യേകം പ്രസ്താവ്യമത്രെ. വ്യക്തിബന്ധങ്ങൾ സൃഷ്ടിക്കാനും കാത്തുസൂക്ഷിക്കാനും അദ്ദേഹം കാണിക്കുന്ന ഉൽസുകതയും ശ്രദ്ധേയമാണ്. തൃശ്ശൂർ കേന്ദ്രമായി ബിസിനസ്സ് നടത്തുന്ന എന്റെ ഒരു സഹോദരന്റെ കുടുംബവുമായി അദ്ദേഹം പുലർത്തുന്ന വ്യക്തി ബന്ധത്തെപ്പറ്റി അദ്ദേഹം സൂചിപ്പിക്കുകയും നൂറുവർഷങ്ങൾക്കു മുമ്പ് ആലപ്പുഴ ജില്ലയിലെ തലവടിമാമ്മൂട്ടിൽ നിന്നും എന്റെ ഒരു പിതാമഹൻ തൊഴിയൂർ സഭയുമായി ബന്ധം പുലർത്തി വന്നിരുന്നതായി തന്റെ പ്രസംഗത്തിൽ അനുസ്മരിക്കുകയുണ്ടായി.

ഇന്റർ ഡിനോമിനേഷ്ണൽ ക്രിസ്ത്യൻ ഫെല്ലോഷിപ്പുമായും അതിന്റെ പ്രസിഡന്റ് ശ്രേഷ്ട ദൈവദാസൻ ബാബു ഉപദേശി, നിയുക്ത പ്രസിഡന്റ് ബ്രദർ ഡോ. മാത്യൂസ് വർഗ്ഗീസ് എന്നിവരുമായി താൻ സൂക്ഷിക്കുന്ന വ്യക്തി ബന്ധത്തെപ്പറ്റിയും, തനിക്ക് ഉപവാസ പ്രാർത്ഥനയുടെ ശക്തിയും അനുഗ്രഹങ്ങളും അനുഭവമായതും അദ്ദേഹം വിവരിക്കുകയുണ്ടായി.

അഭിവന്ദ്യ തിരുമേനി മേൽപ്പട്ടസ്ഥാനത്തേക്കുയർത്തപ്പെട്ടതിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന് സകലവിധ ആയുരാരോഗ്യസൗഖ്യങ്ങളും ആശംസിക്കുന്നതോടൊപ്പം അദ്ദേഹത്തിലൂടെ സഭയ്ക്കും ക്രൈസ്തവ സമൂഹത്തിനും വിശേഷാൽ എക്യൂമെനിക്കൽ പ്രസ്ഥാനത്തിനും ലഭിക്കുന്ന എല്ലാ ശുശ്രൂഷകളേയും നേതൃത്വത്തേയും ശ്ലാഘിക്കുകയും അധികമധികമായി തിരുമനസ്സിനെ ദൈവം എടുത്തുപയോഗിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

Prayers and Greetings

To,
Beloved Thirumeni and the
Thozhiyoor Church members
On this blessed occasion.

From,
Adv.Georgy.M.Cherian,
Sherly, Jerrin & Joshin,

On behalf of
Thalavady Mammoottil
Kudumbayagom, Kuwait Chapter.

Ernakulam Mar Koorilose Bava Church-

Laying Foundation Stone On 18th Oct. 1992

Consecrtion Ceremony on 27th August 1995

Various Church Activities of Thirumeni

OUR THIRUMENI APPACHAN

Our acquaintance with our beloved THIRUMENI Appachen was about three years ago, when he came to U.S. for the consecration of the Christ Church at Tappan, New York. We often heard of him from our parents who spoke so fondly of him, but we never had the chance to meet him until then.

Excited,but apprehensive we were looking forward to THIRUMENI appachen's stay with us. It had been ages since we had closely associated someone of such stature-the Metropolitan of a Denomination.Our past experiences with church heads and leaders brought memories of someone very serious and stern.But our experience with Thirumeni Appachen changed our perspective. We have never met someone with such simplicity in his way of life and humility in his interactions.

In this day and age where materialism and comfort is the second nature of people in the spiritual or non-spiritual spheres,it is seldom that we find one with such modesty - especially being the head of a Church.From his meals to his dressing,his simplicity is inspiring.He is always so soft-spoken,never-demanding and so easily adaptable unlike another person we have met with such authority and prominence.

His devotion and piety is motivating.The reverence and dedication to his calling and his service was reflected in his fastings prior to the consecration and his daily periodic prayer sessions from the very early hours of the day into the dead of the night.He has frequent prayer walks during the day,alone with the Lord no matter what the weather brings.

The reverence and appreciation he shows to other men of God, irrespective of their recognition by the Church or opinion of influential and eminent religious leaders is admirable.

The love and affection he showers on people of all ages, cultures and denominations should be an example to other Christian leaders who sadly disgrace the love of Christ through conflicts and rivalry between themselves and the community. Our father always taught us that there is an expression for love. THIRUMENI Appachen from his initial visit to every trip he made has always had a small gift for each of us.His thoughtfulness and concern for each one of us is evident in all the details he remembers of our problems and situations which he addresses in all his prayers. His love for us has been touching -his fervent and tearful prayers has been of great comfort and encouragement during trying times in our life.

We thank God for bringing THIRUMENI Appachen into our lives.It has been a privilege and a blessing to know THIRUMENI Appachen. As he completes 25 years in the Lord's service, we pray that God Almighty blesses him with abundant gifts and graces, good health and long life to shine HIS light into the darkened lives of many.

Sinju Thomas & Viji Sinju

ഗുരുനാഥനായ അച്ചൻ മാഷ്

അറയ്ക്കൽ മുഹമ്മദ് ഷാഫി,
കല്ലായിൽ

തൊഴിയൂർ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ മെത്രാപട്ടം ലഭിച്ച് 25 വർഷം പൂർത്തിയാക്കുന്ന അഭിവന്ദ്യ ജോസഫ് മാർ കുറീലോസ് മെത്രാപ്പോലീത്താക്ക് ആശംസകൾ നേരുന്ന ഈ അവസരത്തിൽ എന്റെ കുട്ടിക്കാലത്ത് ഗുരുനാഥനായും മാർഗ്ഗദർശിയായും സാമൂഹ്യ ക്ഷേമ കാര്യങ്ങളുടെ സഹായിയായും എന്നെ സഹായിച്ച അദ്ദേഹത്തിന്റെ വലിയ മനസ്സിനെ ഞാനാദരിക്കുന്നു.

സ്വതന്ത്ര സുറിയാനി സഭയുടെ ബിഷപ്പ് എന്നതിനേക്കാളേറെ എന്റെ പഴയ കാല ഗുരുനാഥനായ അച്ചൻ മാഷ് എന്ന നിലയിൽ കാണാനാണ് എനിക്കിഷ്ടം. കാരണം, തൊഴിയൂർ സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിൽ പ്രധാന അദ്ധ്യാപകനായിരുന്ന ആദിത്യൻ മാഷിന്റെ സാന്നിധ്യത്തിൽ എന്റെ ഉപ്പ എന്നെ ഏഴാം ക്ലാസ്സിൽ അച്ചൻ മാഷിനെ ഏല്പിക്കുമ്പോൾ മാഷിന്റെ ഗൗരവം നിറഞ്ഞ നോട്ടം എന്നെ ഭയപ്പെടുത്തി എന്നതാണ് സത്യം. എന്നാൽ അറയ്ക്കലെ കുട്ടിയെ ഞാൻ ശരിയാക്കിയെടുത്തോളാം എന്ന വാക്കും എന്റെ സഹപാഠികളെ ചൂരൽകൊണ്ട് ശിക്ഷിക്കുന്നതു കണ്ട് ഭയം തോന്നിയിരുന്നെങ്കിലും അദ്ദേഹത്തിന് കുട്ടികളോടുള്ള വാത്സല്ല്യവും തെറ്റുകളിൽ നിന്ന് പിൻതിരിപ്പിക്കുന്നതിനുള്ള കഴിവും എന്റെ കുടുംബവും തൊഴിയൂർ ബിഷപ്പുമാരുമായുണ്ടായിരുന്ന പുരാതനബന്ധവും എന്നെ മാഷുമായി കൂടുതൽ അടുപ്പമുണ്ടാക്കുവാൻ സഹായിച്ചു. ചില സന്ദർഭങ്ങളിൽ സഹപാഠികളായ ചിലരെ ചൂരൽകൊണ്ട് അടിക്കുന്നതു കണ്ടിട്ടുണ്ടെങ്കിലും ക്ലാസ്സു കഴിഞ്ഞ് സ്റ്റാഫ് റൂമിലേക്ക് എത്തുമ്പോഴേക്കും അവനെ തനിയെ വിളിച്ച് തോളിൽ കൈവെച്ച് ശകാരിച്ച് അടിക്കുവാനുണ്ടായ കാരണം ബോധ്യപ്പെടുത്തി ആശ്വസിപ്പിച്ച് വിടുന്നതിന്റെ ഫലമായി അവർ കലങ്ങിയ കണ്ണുകളുമായിട്ടായിരിക്കും തിരിച്ചുവരുന്നത്. അവർ തെറ്റുകൾ മനസ്സിലാക്കിയിരിക്കുമെന്ന് തീർച്ച. ഈ മാതൃക ഒരു വലിയ മാറ്റം തന്നെ ഞങ്ങളുടെയിടയിൽ ഉണ്ടാക്കുന്നതായി എനിക്ക് തോന്നിയിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് അച്ചൻ മാഷ് പഠിപ്പിച്ച പലരും വിദേശത്ത് നിന്ന് ലീവിൽ വരുമ്പോൾ ഏകദേശം മുപ്പത് വർഷങ്ങൾക്കു ശേഷവും ഇന്നും മുടക്കം വരാതെ മാഷിനെ സന്ദർശിച്ച് അനുഗ്രഹം വാങ്ങിക്കുന്നതിന്റെ പ്രധാന കാരണമായി ഞാൻ മനസ്സിലാക്കുന്നത്. ഇത് ബിഷപ്പ് എന്നതിനേക്കാൾ ഉപരി അച്ചൻ മാഷ് എന്ന ഞങ്ങളുടെ ഓർമ്മയും ഗുരുഭക്തിയുമായി ഞാൻ കാണുന്നു.

പുരാതനമായി എന്റെ കുടുംബത്തിലെ കാരണവന്മാരും സഭയും തമ്മിൽ വളരെ അടുത്ത ബന്ധം പുലർത്തി പോന്നിരുന്നതായി എന്റെ പിതാവിൽ നിന്നും അച്ചൻ മാഷിൽ നിന്നും പരേതനായ പൂങ്ങാട്ട് മനയിലെ ശ്രീ. നാരായണൻ നമ്പൂതിരി എന്നിവരിൽ നിന്നും എനിക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്റെ പിതാവിന്റെ പിതാവായിരുന്ന അറയ്ക്കൽ കുഞ്ഞഹമ്മദ് സാഹിബ് പഴയ മദിരാശി സ്റ്റേറ്റിലും തുടർന്ന് 1956 ൽ നിലവിൽ വന്ന കേരള സംസ്ഥാനത്തിലും (തിരുവനന്തപുരം) കലക്ടർ ആയിരുന്ന അദ്ദേഹവും 1940 - 1950 കാലഘട്ടങ്ങളിലെ സഭാ മേലധ്യക്ഷന്മാരും തമ്മിൽ പുലർത്തിയിരുന്ന അടുത്ത ബന്ധത്തിന്റെയും ചർച്ചകളുടേയും ഫലമായി നാടിനുണ്ടായ ഗുണങ്ങൾ പലതാണ്. അഞ്ഞൂർ സെന്ററിൽ നിന്നും തൊഴിയൂർ പള്ളിയുടെ മുന്നിലൂടെ കോട്ടപ്പടി റോഡ് നിർമ്മാണവും തൊഴിയൂർ സ്ക്കൂൾ ഹൈസ്ക്കൂൾ ഗ്രേഡിലേക്ക് ഉയർത്തപ്പെട്ടതും ഇവർ തമ്മിലുള്ള ബന്ധത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ളതാണെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്.

1950 ൽ പള്ളി സഭാ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കൂടി ഉദ്ദേശം 600 മീറ്റർ ദൈർഘ്യമുള്ള റോഡ് ഞങ്ങളുടെ വീട്ടിലേക്ക് അനുവദിച്ച് തന്നു. പിന്നീട് ഇത് കോട്ടപ്പടി ജംഗ്ഷൻ വരെ എത്തി. പഞ്ചായത്ത് വർക്കുകൾ നടന്നുവെങ്കിലും ആദ്യം വെട്ടിയ ഭാഗം റോഡ് പ്രൈവറ്റ് റോഡായിതന്നെ നിലനിന്നു. ഇത്രയും ഭാഗം പഞ്ചാത്തിന് കൺസന്റ്ലെറ്റർ ലഭിക്കുന്നതിനു വേണ്ടി 1985 മുതൽ പള്ളി കൗൺസിലിൽ നിരന്തര ശ്രമം നടത്തുന്നതിന് എന്റെ സുഹൃത്തുക്കളോടൊപ്പം ഞാനും പങ്കാളിയായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ നിരാശയായിരുന്നു ഫലം. എന്നാൽ ഞങ്ങളുടെ ഗുരുനാഥനായ അച്ചൻ മാഷ് പുതിയ മെത്രാപ്പോലീത്തായായി സ്ഥാനം ഏറ്റെടുത്തപ്പോൾ ഗുരു ശിഷ്യ ബന്ധത്തിന്റെ അധികാരത്തിൽ കാര്യങ്ങൾ അദ്ദേഹത്തെ ധരിപ്പിച്ചതിന്റെ ഫലമായി എല്ലാം ശരിയാക്കി തരാമെന്ന ഉറപ്പ് അദ്ദേഹത്തിൽ നിന്ന് ലഭിക്കുകയും തുടർ കാര്യങ്ങൾക്കായി ഞാനും വി.കെ. ഹംസക്കായും പരേതനായ പി. എം. ബാലനും സിങ്കമണി അബൂബക്കറും മറ്റു സുഹൃത്തുക്കളും കൂടി ഒരു കമ്മിറ്റി രൂപീകരിക്കുകയും ഞങ്ങളുടെ കയ്യിൽ, റോഡിന് "കലക്ടർ കുഞ്ഞഹമ്മദ് സാഹിബ് റോഡ് " എന്ന് നാമകരണം ചെയ്യണമെന്ന നിർദ്ദേശത്തോടുകൂടി സമ്മത പത്രം അനുവദിച്ച് തരികയും ചെയ്തു. മലബാർ സ്വതന്ത്ര സുറിയാനിസഭയുടെ കൗൺസിൽ പ്രസിഡണ്ടും, മേലദ്ധ്യക്ഷനുമായിരുന്ന ജോസഫ് മാർ കൂറീലോസ് വലിയ മെത്രാപ്പോലീത്താ തിരുമേനി - ഞങ്ങളുടെ പ്രിയങ്കരനായ ബഹുമാനപ്പെട്ട അച്ചൻമാഷ് - എന്റെ കുടുംബാംഗങ്ങളടക്കമുള്ള പൊതുജനങ്ങളുടെ ഈ ആവശ്യത്തിൽ അനുകൂലമായി പ്രവർത്തിച്ചത് 70 വർഷങ്ങൾക്കുമുൻപ് എന്റെ വല്ല്യുപ്പയും തൊഴിയൂർ സഭാ മേലധികാരികളും ചേർന്ന് നടപ്പിലാക്കിയ ക്ഷേമ കാര്യപ്രവർത്തനങ്ങളുടെ മധുരസ്മരണ ഒന്നുകൂടെ പുതുക്കി അയവിറക്കാൻ സഹായകമായി. വലിയ മെത്രാപ്പോലീത്താ തിരുമേനിയോടൊപ്പം - ഞങ്ങളുടെ പ്രിയങ്കരനായ ബഹുമാനപ്പെട്ട അച്ചൻ മാഷിനോടൊപ്പം - തൊഴിയൂർ ഗ്രാമ പ്രദേശത്തിന്റെ ഈ ക്ഷേമ പ്രവർത്തനത്തിൽ ഒരു ദൈവ നിയോഗമായി പങ്കുചേർന്ന് പ്രവർത്തിപ്പാനായതിൽ ഞാനും കുടുംബാംഗങ്ങളും, നാട്ടുകാരും ചാരിതാർത്ഥ്യംകൊള്ളുന്നു.

ഞങ്ങളുടെ അച്ചൻ മാഷ് അഥവാ വലിയ മെത്രാപ്പോലീത്ത അന്നും ഇന്നും പൊതു ജനങ്ങളുമായി നല്ല ബന്ധം പുലർത്തുന്നു. ജാതിമത ഭേദമെന്യേ പാവപ്പെട്ടവർക്കു സഹായം ചെയ്യുന്നതോടൊപ്പം സുഖ ദുഃഖങ്ങളിൽ പങ്കു ചേരുകയും ചെയ്യുന്നു. ഒരു സഭാ മേലധികാരിക്ക് ഇതിൽ പരം എന്ത് ഗുണങ്ങളാണ് വേണ്ടത്?

എന്റെ സ്ക്കൂൾ കാലഘട്ടങ്ങളിലും തുടർന്നും എനിക്കും എന്റെ സഹപാഠികൾക്കും അദ്ദേഹം നൽകിയ എല്ലാ നല്ല ഉപദേശങ്ങൾക്കും നിർദ്ദേശങ്ങൾക്കും അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. ഈ അവസരത്തിൽ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്ത ജോസഫ് മാർ കൂറീലോസ് മെത്രാപ്പോലീത്തായ്ക്ക് എല്ലാവിധ ആയുരാരോഗ്യ സൗഭാഗ്യങ്ങളും നേരുന്നു.


Reception at Emmanuel Sunday School, Anjoor

ജോസഫ് മാർ കൂറിലോസ്

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ നവയുഗശില്പി

ഡോ. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പ, മൂലയിൽ;
ഡയറക്ടർ, മോർ ആദായിസ്റ്റഡി സെന്റർ, ചീരംചിറ, ചങ്ങനാശേരി 686106

എഴുപതുകളുടെ മധ്യത്തിൽ കോട്ടയം മാങ്ങാനം ആശ്രമത്തിൽ നടന്ന ഒരു എക്യുമിനിക്കൽ സമ്മേളനത്തിൽ പങ്കെടുക്കുവാൻ വന്ന രണ്ടു വൈദികരെ പരിചയപ്പെട്ടത് ഇന്നും ഞാൻ ഓർക്കുന്നു അവരിൽ മുതിർന്ന വൈദികൻ സ്വതന്ത്ര സുറിയാനി സഭയുടെ അദ്ധ്യക്ഷനാകുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു എന്നും സൂചനകിട്ടി. അന്നു മുതൽ ഇന്നുവരെയും ഈ മഹത്വ്യക്തിയെ സ്നേഹപൂർവ്വം അറിയുകയും ബഹുമാനപൂർവ്വം അനുസ്മരിക്കുകയും ചെയ്തുവരുന്നു. വൈദിക സെമിനാരിയിൽ സ്വതന്ത്ര സുറിയാനി സഭയിലെ വൈദികാർത്ഥികൾക്കും പരിശീലനം നൽകണം എന്ന നിർദേശം പ്രായോഗികമായതിന്റെ ഏറ്റം അവസാനകണ്ണികൂടിയായ തന്റെ പ്രിയശിഷ്യൻ വികാസ് ശെമ്മാശനുമായുള്ള ബന്ധത്തിൽ ഞാൻ എപ്പോഴും കാണുന്നത് മാർ കൂറിലോസ് എന്ന ഈ പഴയ സുഹൃത്തിനെയുമാണ്. അദ്ദേഹവും പഴയ സ്നേഹസ്മരണകൾ നിലനിർത്തി കുശലാന്വേഷണങ്ങളും ഞാൻ പ്രസിദ്ധീകരിക്കുന്ന കൃതികളെക്കുറിച്ചുള്ള അന്വേഷണങ്ങളും ഒക്കെ നിലനിർത്തി സൗഹൃദവും സ്നേഹവും മുന്നോട്ടു കൊണ്ടുപോകുന്നു. മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ചരിത്രത്തിലെ വളരെ നിർണ്ണായകമായ ഒരു ഘട്ടത്തിൽ ഈ ചുമതല ഏറ്റെടുത്ത് പ്രശ്നങ്ങളെ അതിജീവിച്ച ഈ വന്ദ്യ പിതാവിന് എന്റെ വിനയാന്വിതമായ ആദരവുകൾ അർപ്പിക്കുന്നു.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ആരാധനയും പാരമ്പര്യവും പൈതൃക പിൻതുടർച്ചയും മലങ്കര സുറിയാനി സഭയുടേതും അതുവഴി അന്ത്യോഖ്യൻ സഭയുടെതുമാണ് 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലുണ്ടായ നവീകരണസഭയുടെ (മാർതോമാ സഭയുടെ) വേർപിരിയലിനുശേഷം ഉണ്ടായ മേല്പട്ടാഭിഷേകത്തിനുള്ള മാർതോമാ സംസർഗം വരെയും മലങ്കരസഭയും തൊഴിയൂർ സഭയും സഹോദരീസഭകളെപ്പോലെ അന്യോന്യം സജീവ സമ്പർക്കത്തിലായിരുന്നു. തൊഴിയൂർ മെത്രാൻ മലങ്കരസഭയുടെ മലങ്കര മെത്രാൻ സ്ഥാനം തന്നെ വഹിച്ച ചരിത്രവും പല മെത്രാന്മാരുടെയും വാഴ്ചകളും നിർവഹിച്ചതും ചരിത്രപരമായ ഒരു യാഥാർത്ഥ്യമാണ്. ഇപ്പോൾ മേല്പട്ട സ്ഥാനാഭിഷേകത്തിലെ ആശ്രയത്വം മാർതോമാസഭയോടാണെങ്കിലും പൊതു സുന്നഹദോസുകളിലെ വിശ്വാസ ഐക്യത്തിൽ മലങ്കര സഭയോട് ദൃഢമായി തൊഴിയൂർസഭ ബന്ധപ്പെട്ടിരിക്കുന്നു.തന്മൂലം സാർവത്രിക സഭയോടുള്ള ബന്ധത്തിലുള്ള വിശ്വാസ ഐക്യം ഇന്നും ഈ സഭ അംഭംഗുരം പരിരക്ഷിച്ചു വരുന്നു എന്നത് സുപ്രധാമാണ്. തൊഴിയൂർ സഭയുടെ പാരമ്പര്യത്തിനും നിലപാടിനും സ്വീകാര്യമല്ലാത്ത ചരിത്രപരമായ നിലപാടുകൾ മലങ്കരസഭാചരിത്രകൃതികളിൽ പ്രതിപാദ്യവിഷയമായിട്ടുണ്ടെങ്കിലും അവയൊക്കെ വിവാദങ്ങളാകുന്നത് മുമ്പ് സൂചിപ്പിച്ചിട്ടുള്ള മാർത്തോമാ പൗരോഹിത്യ സംസർഗത്തിന്റെ അനന്തരഫലമായിരുന്നു. മാർത്തോമ സഭയുടെ തോമസ് മോർ അത്താനാസ്യോസ് കാലം ചെയ്തപ്പോൾ പിൻഗാമി വാഴിക്കപ്പെട്ടിട്ടില്ലായിരുന്നു. അവർക്കു പൗരസ്ത്യ പാരമ്പര്യത്തിൽ നിന്നും മേല്പട്ടാഭിഷേക സാധ്യത വളരെ വിരളവുമായിരുന്നു. ഈ അനിശ്ചിതാവസ്ഥയും തടസ്സങ്ങളും മലങ്കര സഭാനിലപാടുകളിൽ തീവ്രനിലപാടെടുത്തിരുന്നവർക്കു വളരെ ആഹ്ലാദകരമായിരുന്നു. എന്നാൽ തൊഴിയൂർ സഭാധ്യക്ഷൻ അവർക്ക് അനുകൂലമായി നിലപാടെടുത്ത് മേല്പട്ടാഭിഷേകം നടത്തിയത് അന്നത്തെ മലങ്കര സഭയ്ക്ക് അസഹനീയമായിരുന്നു. ഈ അസഹനീയതയിൽ നിന്നും വളർന്നുവന്ന അസഹിഷ്ണുതയും കൂടുതൽ അകൽച്ചയ്ക്കു കാരണമായി.

ഇതേ അവസ്ഥയിൽ ഒരു കാലത്ത് സെമിനാരിസ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് റമ്പാനെ മോർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചത് തൊഴിയൂർ മെത്രാനാണ് എന്നത് അനുസ്മരിക്കുവാൻ പലർക്കും മടിയുണ്ടെങ്കിലും ചരിത്ര സത്യമാണ്.

ചരിത്രപരമായ അകൽച്ചകൾക്ക് അന്ത്യം ഉണ്ടാകുന്നത് ആനുകാലിക സംഭവങ്ങളാണ്. യുവാവും എക്യുമെനിക്കൽ പശ്ചാത്തലവും ഉള്ള ജോസഫ് മോർകൂറിലോസ് മെത്രനായതു മുതൽ മലങ്കര സഭയുമായുള്ള സജീവബന്ധം സുദൃഢമാക്കുവാൻ പരമാവധി പരിശ്രമിച്ചിരുന്നു. കാട്ടുമങ്ങാട്ടു കുടുംബവും മുളന്തുരുത്തിക്കാരും തൊഴിയൂർ പള്ളിയും പിതാക്കന്മാരുമായുള്ള ബന്ധം എന്നും നിലനിർത്തിയിരുന്നെങ്കിലും, മലങ്കര സഭയുമായുള്ള ആകമാനബന്ധം മാർ കൂറിലോസിന്റെ ചിന്തയും സമീപനവുമായിരുന്നു. 1982-ൽ ഇപ്പോഴത്തെ പരിശുദ്ധ പാത്രിയർക്കീസ് ബാവാ മലങ്കര സഭ സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ യഥോചിതം ആദരിക്കുകയും നല്ല ബന്ധങ്ങൾ സ്ഥാപിച്ചെടുക്കുകയും ചെയ്തു. പരിശുദ്ധ ബാവായെ പിന്നീട് ഡമാസ്കസിൽ സന്ദർശിക്കുകയും സ്വന്തമായി ദേവാലയങ്ങൾ ഇല്ലാത്ത ദുബായ് പോലുള്ളസ്ഥലങ്ങളിൽ വി. കുർബ്ബാനക്ക് സിറിയൻ ഓർത്തഡോക്സ് ദേവാലയങ്ങൾ ക്രമീകരിച്ചെടുക്കുവാൻ ബാവായിൽ നിന്നും അനുമതി നേടുകയും ചെയ്തു. സുറിയാനി പാരമ്പര്യത്തിൽ വൈദിക സെമിനാരിയിലേക്കു ശെമ്മാശന്മാരെ അയയ്ക്കുവാനുള്ള ക്രമീകരണങ്ങളും ധാരണകളും ഉണ്ടാക്കിയതും ഈ വന്ദ്യപിതാവാണ്. ചെറിയതെങ്കിലും തനിമ ഉള്ള ഈ സഭയെ രക്ഷിക്കുവാൻ ദൈവം തെരഞ്ഞെടുത്ത വ്യക്തിയുമാണിദ്ദേഹം. മഹാപുരോഹിതനായി 25 വർഷം പൂർത്തിയാക്കുന്ന വലിയ മെത്രാപ്പോലീത്തായ്ക്ക് ഹൃദയംഗമായ അഭിവാദ്യങ്ങൾ നേരുന്നു.



1. Alathoor Panakkal Poulose Mar Athanasios, Saffragon Metrapolitan
2. Titus-II Mar Thoma
3. Karimamkuzhy Pulikkottil Geevarghese Mar Koorilose VIIIth Metrapolitan of MISC
4. Abraham Mar Thoma

ശിരസിനു മുകളിൽ ദൈവത്തിന്റെ കൈയൊപ്പുള്ള വലിയ മെത്രാപ്പോലീത്ത

ആന്റോ ഡി. ഒല്ലൂകാരൻ,
തൃശൂർ.

ആത്മീയ ചൈതന്യത്തിൽ ശ്രേഷ്ഠ പൗരോഹിത്യ ജൂബിലിയുടെ യഥാർത്ഥ അവകാശിയാണ് അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്ത. അദ്ധ്യാപകസേവനത്തിലും വൈദിക ശുശ്രൂഷകളിലും മഹാപുരോഹിതസ്ഥാനത്തും കറപുരളാത്ത വ്യക്തിത്വത്തിന്റെ ഉടമയും കൂടിയാണ് മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്ത. അജഗണങ്ങളോടെന്നപോലെ സമൂഹത്തോടും സ്നേഹവാനും നീതിബോധത്തിൽ തുല്യതയും പുലർത്തുന്ന വലിയ മെത്രാപ്പോലീത്ത.

ദൈവവിളികേട്ട ഇദ്ദേഹത്തെ ശ്രേഷ്ഠ പൗരോഹിത്യ സേവനത്തിനു ദൈവംതമ്പുരാൻ കൈപിടിച്ച് നടത്തിയപ്പോൾ അദ്ധ്യാപകവൃത്തി ഉപേക്ഷിച്ച് പൂർണ്ണസന്യാസ ജീവിതം നയിക്കുകയും ശിരസിനു മുകളിൽ ദൈവത്തിന്റെ കൈയൊപ്പോടുകൂടി മെത്രാപ്പോലീത്തയായി അഭിഷിക്തനാകുകയും ചെയ്തു.

വൈദീകനായിരിക്കെ കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ പ്രവർത്തകസമിതിയിൽ ദീർഘകാലം സജീവപ്രവർത്തകനായിരുന്നു ഇദ്ദേഹം. ഓർത്തോഡോക്സ് സഭയുടെ തൃശ്ശൂർ ഭദ്രാസനമെത്രാപ്പോലീത്ത യൂഹനോൻ മാർ മിലിത്തിയോസ് വൈദീകനായിരിക്കെ (റവ. രാജൻ) അദ്ദേഹവും ജൂബിലേറിയനും ഈ ലേഖകനും ഒന്നിച്ചു കൂടുക പതിവായിരുന്നു. സമാനചിന്താഗതിക്കാരും സമകാലികപ്രശ്നങ്ങളിൽ പ്രതികരിച്ചിരുന്നവരും എന്ന നിലക്കായിരുന്നു അത്. അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്തയുടെ ശുദ്ധഗതി തൊട്ടറിയാൻ ഇത് ഏറെ അവസരമൊരുക്കിയിട്ടുണ്ട്.

പാശ്ചാത്യദർശനമാകട്ടെ പൗരസ്ത്യദർശനമാകട്ടെ ഊടും പാവും കണക്കെ സ്വന്തം സഭയിൽ നെയ്തെടുത്ത ഒരു ആത്മീക പിതാവാണ് വലിയമെത്രാപ്പോലീത്ത. വലിപ്പം കൊണ്ട് ചെറുതെങ്കിലും ആത്മീയപ്രഭാവത്തിൽ കലർപ്പില്ലാത്ത ദൈവീകവിശ്വാസം സഭയിൽ ഊട്ടിഉറപ്പിക്കുവാൻ ഇദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിൽ കഴിഞ്ഞിട്ടുണ്ട്. ഇടവകകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുവാൻ ഇദ്ദേഹം ചെയ്ത മികവാർന്നസേവനംകൂടി കണക്കിലെടുക്കുമ്പോൾ ഈ കാലഘട്ടം സഭ, സുവർണ്ണ നേട്ടം കൊയ്തെടുത്ത കാലമായിരുന്നു. ആത്മീയ മൂല്യമുള്ള വൈദികഗണത്തെ വളർത്തുന്നതിന് ഇദ്ദേഹത്തിന്റെ ശുഷ്കാന്തി മാതൃകാപരമായിരുന്നു.

തന്റെ മുൻഗാമിയായ ദിവംഗതനായ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയാൽ മഹാപുരോഹിതസ്ഥാനത്തേയ്ക്ക് നിയോഗം കുറിക്കുകയും അദ്ദേഹത്തിന്റെ പിൻഗാമിയായി. മാർത്തോമാ സഭയുടെ നിയുക്തമെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിയാൽ 1986 ആഗസ്റ്റ് 20ന് റമ്പാനായി അഭിഷിക്തനാവുകയും ചെയ്ത ഇദ്ദേഹം 1986 ആഗസ്റ്റ് 27 നു മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ മെത്രാപ്പോലീത്തയായി, ജോസഫ് മാർ കൂറിലോസ് എന്ന നാമത്തിൽ മാർത്തോമാ സഭയുടെ അഭിവന്ദ്യ ഡോ. മാർ അലക്സാണ്ടർ മാർത്തോമാ മെത്രാപ്പോലീത്ത സഭാമേലദ്ധ്യക്ഷനായി അവരോധിച്ചു.

തൊഴിയൂരിലെ സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിലെ അദ്ധ്യാപകനായ റവ. ഫാ. ജോസഫ് പനയ്ക്കൽ ദൈവവിളിക്കനുസൃതമായാണ് സഭയുടെ ആത്മീയ അദ്ധ്യക്ഷനായത്. വിദ്യാഭ്യാസരംഗത്ത് ഒരു മാതൃകാ അദ്ധ്യാപകനായിരുന്ന അദ്ദേഹം അദ്ധ്യാപനത്തിൽ മാത്രമല്ല ആത്മീയതയിലും കുട്ടികളെ ഉയർത്തികൊണ്ട് വരാൻ ശ്രമിച്ചിരുന്നു. കേരളാ കൗൺസിൽ ഓഫ് ചർച്ചസിൽ എന്നപോലെ ബാംഗ്ലൂരിലെ എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്ററിലും ജൂബിലേറിയന്റേയും ലേഖകന്റേയും

സാമുഹ്യസാംസ്കാരിക സെമിനാറുകളിലുള്ള പങ്കാളിത്തവും ഉണ്ടായിരുന്ന കാലഘട്ടം ഒരിക്കലും മറക്കാനാവില്ല. ആരോഗ്യകരമായ വിമർശനങ്ങളും പ്രതികരണങ്ങളും സമൂഹം ശ്രദ്ധിച്ച കാലഘട്ടമായിരുന്നു. ഇന്നും പ്രാവർത്തികമാകാതെ ശൈവാവസ്ഥയിൽ കഴിയുന്ന ഞങ്ങളുടെ അന്നത്തെ ഒരു ആശയമാണ് സാമ്പത്തിക സംവരണം. ഞങ്ങളുടെ ഈ ആശയത്തിന് സിൽവർ ജൂബിലിയുടെ പഴക്കമുണ്ടെങ്കിലും പലപ്പോഴും അങ്ങിങ്ങായി ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് എന്നതിൽ അഭിമാനമുണ്ടുതാനും.

പൗരസ്ത്യ കാൽദായ സുറിയാനി സഭയുടെ സജീവ പ്രവർത്തകനായ ലേഖകനും ജോസഫ് മാർ കൂറിലോസ് വലിയ മത്രാപ്പോലീത്തായും തമ്മിലുള്ള സമൂഹസേവനത്തിലും ആത്മീയ ശുശ്രൂഷയിലുമുള്ള മുപ്പതാണ്ടത്തെ പാരമ്പര്യം മറക്കാനാവുകയില്ല. കാൽദായാ സഭയുടെ സുവിശേഷ കൺവെൻഷനുകളിൽ വിശിഷ്യ പറവട്ടാനി മാർ അദ്ദായ് ശ്ലീഹാ പള്ളി യൂത്ത്സ് അസോസിയേഷൻ വർഷംതോറും വലിയ നൊയമ്പിൽ നടത്തുന്ന "സവ്റാ" പ്രത്യാശയുടെ ദൈവവചനശുശ്രൂഷയിലും, സഭയുടെ സണ്ടെസ്ക്കൂൾ. യൂത്ത്സ് അസോസിയേഷൻ വിവിധ പൊതു പരിപാടികൾ എന്നിവയിൽ ഇദ്ദേഹം മുഖ്യ അതിഥിയായി പങ്കെടുത്തിട്ടുണ്ട്. അഭിവന്ദ്യ ഡോ. മാർ അപ്രേം മെത്രാപ്പോലീത്തയുടെ ഉത്തമ ആത്മീയ സുഹൃത്താണെന്ന് പറഞ്ഞാൽ രണ്ടഭിപ്രായമില്ല.

കാലം ചെയ്ത മാർ തിമോഥിയൂസ് മെത്രാപ്പോലീത്ത ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസ് എന്നിവരുമായും നല്ല ബന്ധം പുലർത്തിയിരുന്നു. സഹോദരസഭകളുമായി ഉറ്റ സുഹൃദ്ബന്ധം സ്ഥാപിക്കുന്നതിനും അതിലൂടെ സ്വന്തം സഭയുടെ ആത്മീയ പരിപാലനം ഊട്ടി ഉറപ്പിക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. രാജ്യത്തും രാജ്യത്തിന് വെളിയിലും സ്വന്തം സഭാമക്കളെ വിശ്വാസത്തിൽ നിലനിർത്തുന്നതിന് ആവശ്യമായ പരിരക്ഷ നല്കുന്നതിനും വലിയ മെത്രാപ്പോലീത്ത തന്റെ ഭരണ കാലഘട്ടത്തിൽ ശ്രദ്ധിച്ചിരുന്നു.

അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്ത ഇപ്പോൾ ജീവിച്ചിരിക്കുന്നത് അദ്ദേഹത്തിന്റെ രണ്ടാം ജന്മത്തിലാണെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. ഏതാനും വർഷങ്ങൾക്കുമുമ്പ് അസുഖബാധിതനായ ഇദ്ദേഹം തൃശ്ശൂർ വെസ്റ്റ് ഫോർട്ട് ആശുപത്രിയിൽ ജീവൻ നിലച്ചതിന് തുല്യം മൂന്നുദിവസം കഴിഞ്ഞു. ഓർമ്മയില്ലാതെ ചലനം നഷ്ടപ്പെട്ടവനായ ഇദ്ദേഹം ചിത്രശലഭങ്ങളുടെ സമാധികാലത്തിനുശേഷം പൂർണ്ണ ആരോഗ്യവാനായി പറന്നുയർന്ന് വർത്തമാനകാലത്തിന്റെ ജീവിതത്തിലേക്ക് പ്രവേശിച്ചത് സർവ്വശക്തനായ ദൈവത്തിന്റെ വരദാനമാണ്. ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്തായുടെ മെത്രാപ്പോലീത്താ പട്ടാഭിഷേകത്തിന്റെ 25-ാം വാർഷികത്തിൽ അദ്ദേഹത്തെക്കുറിച്ച് ഓർമ്മ പുതുക്കുവാൻ അവസരം ലഭിച്ചത് മഹാഭാഗ്യമായി കരുതുന്നു. ഹൃദയത്തിന്റെ സ്നേഹഭാഷയിൽ ആശംസകൾ പ്രാർത്ഥാനാപൂർവ്വം അർപ്പിക്കുന്നു.

N EBENEZER CHURCH -
RT THRISSUR.
ENT RY C EBRA ONS
V- 03.

തൊഴിയൂർ സഭയിൽ ഒരു വെളളി നക്ഷത്രം

സി.സി. സഖറിയ, തൃശ്ശൂർ



മലങ്കര സഭയുടെ ചരിത്രം പൂർണ്ണമാകണമെങ്കിൽ തൊഴിയൂർ സഭാ ചരിത്രം കൂടി വേണം. കാട്ടുമങ്ങാട്ട് അബ്രഹാം മാർ കൂറീലോസ് മെത്രാനായി സ്ഥാനമേറ്റതിന്റെ തുടർച്ചയായിട്ടാണ് തൊഴിയൂർ സഭ രൂപം കൊണ്ടത്. ആറാം മാർതോമ്മയുടെ എതിർപ്പുകൾ അവഗണിച്ചാണ് അന്തോഖ്യായിൽ നിന്നു വന്ന ബിഷപ്പ് മട്ടാഞ്ചേരിയിൽ വെച്ച് കാട്ടുമങ്ങാട്ട് മെത്രാനെവാഴിച്ചത്. തർക്കത്തിനൊടുവിൽ മാർതോമ്മായുടെ അതിർത്തി വിട്ട് തൃശ്ശൂർ ജില്ലയിലെ അഞ്ഞൂരിലെത്തിയ കാട്ടുമങ്ങാട്ട് മെത്രാച്ചൻ തന്റെ അനുയായികളെ കൂട്ടി ആരംഭിച്ചതാണ് തൊഴിയൂർ സഭ. തുടർന്നു മലങ്കരയിൽ നിന്നു വന്ന യൂയാക്കിം മാർ കൂറീലോസ് ആലത്തൂർ പനക്കൽ മെത്രാന് എതിരായി കേസ് കൊടുക്കുകയും ഒടുവിൽ 1863 ൽ തൊഴിയൂർ സഭ ഒരു സ്വതന്ത്ര സഭയാണ് എന്ന് മദ്രാസ് ഹൈക്കോടതി വിധിക്കുകയും ചെയ്തു.

വിധിവൈപരീതം എന്നു പറയട്ടെ മലങ്കര സഭയ്ക്ക് പിന്നീട് തൊഴിയൂർ സഭയെ ആശ്രയിക്കേണ്ടി വന്നു. പിൻഗാമികളെ നിശ്ചയിക്കാതെ മാർതോമ്മ മെത്രാപ്പോലീത്തമാർ കാലംചെയ്തപ്പോൾ 1815ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് 1825 ൽ ചേപ്പാട് ഫീലിപ്പോസ് മാർ ദിവന്നാസിയോസ്, 1817 ൽ പുന്നത്ര മാർ ദിവന്നാസിയോസ് എന്നീ മലങ്കര മെത്രാപ്പോലീത്താമാരെ വാഴിച്ചത് തൊഴിയൂർ സഭയുടെ ഗീവർഗ്ഗീസ് മാർ പീലക്സിനോസ്(കിടങ്ങൻ) മെത്രപ്പോലീത്ത ആയിരുന്നു. ഗീവർഗീസ് മാർ കുറീലോസ് മെത്രാപ്പോലീത്തായെ (കുത്തൂര്) വാഴിച്ചത് മലങ്കര സഭയുടെ ചേപ്പാട് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത ആയിരുന്നു. മാർ പീലക്സീനോസ് പിൻഗാമിയെ വാഴിക്കാതെ കാലം ചെയ്തപ്പോഴാണ് ചേപ്പാട് മാർ ദീവന്നാസിയോസ് ഇടപെട്ടത്. എന്നാൽ കുത്തൂര് മെത്രാച്ചൻ പിൻഗാമിയെ വാഴിക്കാതെ കാലം ചെയ്തപ്പോൾ തൊഴിയുര് സഭയ്ക്ക് ജോസഫ് മാർ കുറീലോസിനെ(ആലത്തൂർ പനക്കൽ) വാഴിച്ചത് മലങ്കര സഭയിലെ

മാത്യൂസ് മാർ അത്താനാസിയോസ് പാലക്കുന്നത്ത് ആയിരുന്നു. മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന പാലക്കുന്ന് തോമാസ് മാർ അത്താനാസിയോസ് പിൻഗാമിയെ വാഴിക്കാതെ കാലം ചെയ്തപ്പോൾ മാർതോമ്മ സഭയ്ക്ക് തിത്തൂസ് ഒന്നാമൻ തിരുമേനിയെ തൊഴിയൂർ മെത്രാപ്പോലീത്ത വാഴിച്ചുകൊടുത്തു. തുടർന്ന് ഇങ്ങോട്ട് രണ്ടു സഭകളിലേയും മെത്രാന്മാരെ വാഴിക്കുന്നത് തൊഴിയൂർ സഭയുടേയും മാർതോമ്മാ സഭയുടേയും മെത്രാപ്പോലീത്തന്മാർ ചേർന്നാണ്. അതുകൊണ്ട് തന്നെ മലങ്കര സഭകളുടെ ചരിത്രം തൊഴിയൂർ സഭയുമായി കെട്ടുപിണഞ്ഞു കിടക്കുന്നു.

1857 മുതൽ 1888 വരെ തൊഴിയൂർ സഭയുടെ മെത്രാപ്പോലീത്ത ആയിരുന്ന ആലത്തൂർ പനക്കൽ ജോസഫ് മാർ കൂറീലോസ് 1917 മുതൽ 1927 വരെ സഫ്രഗൻ മെത്രാപ്പോലീത്ത ആയിരുന്ന ആലത്തൂര് പനക്കൽ പൗലോസ് മാർ അത്താനാസിയോസ് എന്നിവരുടെ പിൻ തലമുറക്കാരനാണ് ഇപ്പോഴത്തെ വലിയ മെത്രാപ്പോലീത്ത ആലത്തൂർ പനക്കൽ ജോസഫ് മാർ കൂറീലോസ്. വലിയ മെത്രാപ്പോലീത്തായുടെ ബന്ധുക്കളാണ് യാക്കോബായ സഭയിലെ കാലം ചെയ്ത ബെന്യാമിൻ ജോസഫ് മാർ ഒസ്താത്തിയോസ്, ഓർത്തഡോക്സ് സഭയിലെ ഇപ്പോഴുള്ള ഗീവർഗീസ് മാർ യൂലിയോസ് എന്നിവർ.

1954 ൽ ജനിച്ച വലിയ മെത്രാപ്പോലീത്ത 1972 ൽ ശെമ്മാശ്ശനായും 1978 ൽ കശീശ്ശയായും പട്ടം കെട്ടപ്പെട്ടു. പട്ടത്വ ശുശ്രൂഷയോടൊപ്പം അധ്യാപകനായും ജോലി ചെയ്തു. 1980 മുതൽ 1986 ൽ മേല്പട്ടക്കാരൻ ആവുന്നതു വരെ തൊഴിയൂർ സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിൽ ജോലി ചെയ്തു. 1986 ആഗസ്റ്റ് 20 ന് റമ്പാനായി സ്ഥാനമേറ്റ ഫാ. ജോസഫ് പനക്കൽ 1986 ആഗസ്റ്റ് 27 ന് ജോസഫ് മാർ കൂറീലോസ് എന്ന നാമധേയത്തിൽ തൊഴിയൂർ സഭയുടെ മെത്രാപ്പോലീത്തയായി സ്ഥാനമേറ്റു. മാർതോമ്മ മെത്രാപ്പോലീത്ത അലക്സാണ്ടർ മാർത്തോമ്മയാണ് തിരുമേനിയെ മെത്രാപ്പോലീത്തയായി വാഴിച്ചത്. വലിയ മെത്രാപ്പോലീത്തായുടെ പ്രവർത്തനം തൊഴിയൂർ സഭയ്ക്ക് ആഗോള പ്രശസ്തി നേടിക്കൊടുത്തു. ധാരാളം വിദേശ രാജ്യങ്ങൾ സന്ദർശിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ബാംഗ്ലൂർ എക്ക്യുമിനിക്കൽ ക്രിസ്ത്യൻ സെന്റർ, നേഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ, നെതർലാൻഡ് എക്ക്യുമിനിക്കൽ ഡെവപ്പ്മെന്റ് ക്രിസ്ത്യൻ കോപ്പറേറ്റീവ് സൊസൈറ്റി, ഹോംഗോങ്ങ് ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ എന്നീ സംഘടനകളിൽ തൊഴിയൂർ സഭയ്ക്ക് അംഗത്വം ലഭിച്ചത് വലിയ മെത്രാപ്പോലീത്തായുടെ ഭരണകാലത്തായിരുന്നു.

1772 ൽ നിർമ്മിച്ച പഴയ ഭദ്രാസന ദേവാലയം പുതുതാക്കി പണികഴിപ്പിച്ച് 1989 ൽ കൂദാശ നടത്തിയത് വലിയ മെത്രാപ്പോലീത്തയായിരുന്നു. 1984 മുതൽ മലബാർ സ്വതന്ത്ര സുറിയാനി സഭ യൂത്ത് ലീഗ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 2001 വരെ ആസ്ഥാനം തുടർന്നു. 1984 ൽ കുഞ്ഞാടുകളുടെ വെളിച്ചം എന്ന പേരിൽ ഒരു മാസികയുടെ പ്രസിദ്ധീകരണം ആരംഭിച്ചു പാവപ്പെട്ട കുട്ടികൾക്കു വേണ്ടി പുസ്തക വിതരണം നടത്തി. അത് ഇന്നും തുടർന്നു പോരുന്നു. റവ.ഡോ. ജോൺ ഫെൻവിക്ക് 2009 ൽ പ്രസിദ്ധീകരിച്ച ദി ഫോർഗോട്ടൺ ബിഷപ്പ്സ് എന്ന പുസ്തകം എഴുതാൻ പ്രചോദനം നൽകിയത് വലിയ മെത്രാപ്പോലീത്തയായിരുന്നു. പ്രസ്തുത പുസ്തകത്തിൽ ഫെൻവിക്ക് ഇപ്രകാരം എഴുതി.

The whole project was initiated by the Most Rev. Joseph Mar Koorilose IX as Metropolitan of the Malabar Independant Church. Over the years he has devoted many hours to answering innumerable questions sent out from England.

കാർഗിൽ യുദ്ധത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കുള്ള സഹായപദ്ധതിയിൽ തൊഴിയൂർ സഭയും പങ്കാളിയായി. തിരുമേനിയുടെ കാലഘട്ടത്തിലായിരുന്നു എറണാകുളം പള്ളി ആരംഭിച്ചത്. 1992-ൽ കോയമ്പത്തൂർ കോൺഗ്രിഗേഷൻ ആരംഭിച്ചതും തിരുമേനിയുടെ ശ്രമഫലമായിട്ടാണ്. ഇപ്രകാരം സഭയുടെ ആകമാനവളർച്ചയിൽ കാര്യമായ പങ്കു വഹിക്കാൻ തിരുമേനിക്ക് സാധിച്ചിട്ടുണ്ട്. ഇപ്രകാരം സഭാഭരണത്തിലും സാമൂഹ്യ, വികസന അന്തർദ്ദേശീയ മേഖലകളിൽ സജീവമായ തിരുമേനി യൗവ്വനത്തിൽ തന്നെ ഭരണ ചുമതലകളിൽ നിന്ന് വിട്ടുനിൽക്കേണ്ട സാഹചര്യം ഉണ്ടായി. 1997 ൽ തലച്ചോറിലുണ്ടായ ആഘാതത്തെ തുടർന്ന് നാലു ദിവസം അബോധാവസ്ഥയിലായിരുന്നു. അസുഖത്തിനു ശമനം വന്നെങ്കിലും ഭാവിയെക്കുറിച്ച്, പ്രത്യേകിച്ച് സഭയുടെ ഭാവിയെ കുറിച്ച് ഉൽക്കണ്ഠയുള്ള തിരുമേനി 2001 ൽ തന്റെ പിൻഗാമിയായി സിറിൽ മാർ ബസ്സേലിയോസിനെവാഴിക്കുകയും ഭരണചുമതലകൾ ഏല്പിക്കുകയും ചെയ്തു. തുടർന്ന് വലിയ മെത്രാപ്പോലീത്തയായി സ്ഥാനമേറ്റു.

ഇപ്പോൾ ആരോഗ്യവാനായ തിരുമേനി, മേല്പട്ടക്കാരൻ ആയതിന്റെ രജതജൂബിലി നിറവിലാണ്. ഒരു മേല്പട്ടക്കാരൻ എന്ന നിലയിൽ കഴിഞ്ഞ 25 വർഷം കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കാൻ ദൈവം അദ്ദേഹത്തിന് ശക്തി കൊടുത്തു. തൊഴിയൂർ സഭ ഇന്നു ആഗോളതലത്തിൽ അറിയപ്പെടുന്ന സഭയാണ്. അതിനുള്ള കാരണക്കാരൻ വലിയ മെത്രാപ്പോലീത്തായാണെന്ന് നിസ്സംശയം പറയാം. തൊഴിയൂർ സഭയുടെ ചരിത്രത്തിൽ വലിയ മെത്രാപ്പോലീത്ത തിളങ്ങി നിൽക്കും എന്നതിനു സംശയം ഇല്ല. ഇനിയും അനേക സംവത്സരങ്ങൾ ദൈവം തിരുമേനിക്ക് നൽകട്ടെ എന്നു പ്രാർത്ഥിക്കാം. തിരുമേനിയുടെ തുടർന്നുള്ള ജീവിതവും പ്രവർത്തനവും തൊഴിയൂർ സഭയ്ക്കും ആഗോള ക്രൈസ്തവ സഭയ്ക്കും അനുഗ്രഹകരമായി തീരട്ടെയെന്ന് നമ്മുക്ക് പ്രാർത്ഥിക്കാം.

Greetings from England to Celebrate the 25th year of Service as a Metropolitan by Joseph Mar Koorilose!

Dr. Emma Abbey, England

While growing up in Solihull in England I worshipped at a church called St. Alphege. The priest in charge was the Very Rev. Peter Hawkins. Peter already had links with the Malabar Independent Syrian Church and inspired the whole church to support our brothers and sisters in Thozhiyur. Particularly we wanted to support the mission hospital in its good works.

I remember many visits from Joseph Mar Koorilose to St. Alphege Church when I was a child. When I left school I studied medicine at Cambridge University in England. All medical schools in the UK give their final year students the opportunity to spend some time seeing medicine outside the UK. I immediately thought of Thozhiyur! Peter Hawkins spoke with Joseph Mar Koorilose and with Dr Alexander Korathu, and it was arranged for me to join the mission hospital next to St George's Church in Thozhiyur for a few weeks.

I was so excited to see a place I had heard so much about! A place that I, along with my church in Solihull, had prayed about and raised money for over the years! I stayed with Joseph Mar Koorilose sister's son Mr. Shajan & Mrs. Sheela in their home. I enjoyed such hospitality and care. It was lovely to stay with a family, and I tried to learn a few words of Malayalam from Shajan's daughter Sneha and her cousin Telin.

Every day I went to the hospital to learn from the doctors and nurses there. It was difficult being away from my family, and Joseph Mar Koorilose and his family saw that I missed my home. He advised me to pray at the Venerable tomb of HH Kattumangattu Abraham Mar Koorilose Bava. Every day I walked (with a guide) from the hospital to the Cathedral to kneel down in front of that Holy Tomb. Afterwards I felt revived and whole.

I feel that my experience of medicine in India was made much more enriching because I spent it in such a place as Thozhiyur. During my visit an apartment was being built within St George's Cathedral. Since I came out to you, other student doctors from other universities have come and enjoyed a similar experience, and have stayed in this apartment. Later in their work as doctors in the UK they will remember their time in Thozhiyur, as I do, and use their knowledge and position to remind others that in other parts of the world it is not so easy to obtain money for medical care.

After I returned to England I married Philip and now we have 3 children: Daniel was born July 2005, and twins Georgiana and Joseph (a special name!) in March 2008. I have finished my training as a doctor and now work as a consultant psychiatrist in a hospital in Gloucestershire in England.

I hope that you all remember me as fondly as I remember you. With my love and prayers...

വേറിട്ട എക്യൂമെനിസത്തിന്റെ വക്താവ്

ജോസഫ് മാർ കുറിലോസ് വലിയ മെത്രാപ്പോലിത്ത

Mrs. ലീനതോമസ് (പാലക്കുന്നത്ത് മോൾ)

എന്റെ ബാല്യകാല സ്മരണകൾ അയവിറക്കുമ്പോൾ മാർത്തോമാ സഭയെപ്പറ്റിയും, ഇതര ക്രൈസ്തവ സഭകളെപ്പറ്റിയുമുള്ള ചരിത്രസംഭവങ്ങളും, കഥകളും, വിശ്വാസ ആചാരങ്ങളിലുള്ള വ്യത്യാസങ്ങളും ഒക്കെ ഒളി മങ്ങാതെ ഓർമ്മയായി തന്നെ നിലകൊള്ളുന്നുണ്ട്. വലിയ അർത്ഥവ്യാപ്തിയുള്ള എക്യുമെനിസം (സഭകളുടെ ഐക്യം) എന്ന വാക്കിന്റെ ആശയങ്ങൾ മനസ്സിലാക്കുന്നതിനു മുമ്പുതന്നെ ഇത് പ്രവർത്തിപഥത്തിൽ വരുത്തിയിരുന്ന ഒരു കുടുംബപശ്ചാത്തലത്തിലാണ് എന്റെ ജനനവും വളർച്ചയും സംഭവിച്ചത്. നവീകരണത്തിന്റെ ഈറ്റില്ലമായ പാലക്കുന്നത്തു തറവാട്ടിൽ. അബ്രഹാം മല്പാൻ, മാത്യൂസ് മാർ അത്താനാസ്യോസ്, തോമസ് മാർ അത്താനാസ്യോസ് എന്നിവർ ജനിച്ചു വളർന്നു കാലം ചെയ്യുകയും ടൈറ്റസ് I, ടൈറ്റസ് II, ഇന്നിന്റെ മെത്രാപ്പോലിത്ത ജോസഫ് മാർത്തോമ എന്നിവർക്ക് ജന്മം നൽകുകയും ചെയ്ത പുണ്യഗൃഹത്തിൽ ജനിച്ചുവളരുവാൻ എനിക്ക് ഭാഗ്യം ലഭിച്ചു എന്നത് ഒരു വലിയ ദൈവനിയോഗമായി ഞാൻ കാണുകയും വിശ്വസിക്കുകയും ചെയ്യുന്നു. ജോസഫ് മാർ കുറിലോസ് വലിയ മെത്രാപ്പോലിത്ത എന്നു പറയുമ്പോൾ എന്റെ മനസ്സിൽ ആദ്യം വരുന്നത്, മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ കുത്തുരെ മാത്യുസ് മാർ കുറിലോസ് മെത്രാപ്പോലിത്തയോടൊപ്പം എന്റെ ഭവനത്തിലേക്കു കടന്നുവരുന്ന കൃശഗാത്രനായ ഫാദർ ജോസഫ് പനക്കൽ എന്ന യുവവൈദികനെയാണ്. എന്റെ പിതാവ് യശ്ശ.ശരീരനായ പാലക്കുന്നത്ത് തോമസ് പി. തോമസ്(റ്റിറ്റൻ)നും അഭിവന്ദ്യ മാത്യുസ് മാർ കുറിലോസ് മെത്രാപ്പോലിത്തയുമായുള്ള സംഭാഷണവേളകളിൽ ഈ വൈദികൻ സരസമായി ഇടപഴകുന്നതും എന്നാൽ വളരെ ഭവ്യതയോടും, ഭക്ത്യാദരവോടും തന്റെ തിരുമേനിയുടെ പുറകിൽ ഒരു നിഴൽ പോലെ നിൽക്കുന്നതുമായ കാഴ്ചയാണ് എന്റെ ഓർമ്മയിലുള്ളത്. എന്നാൽ 1982-ലെ മാരാമൺ കൺവെൻഷൻ സമയത്ത് ഫാദർ ജോസഫ് പനക്കൽ പതിവുപോലെ അഭിവന്ദ്യ മാത്യുസ് മാർ കുറിലോസ് തിരുമേനിയുമൊത്ത് വീട്ടിൽ വന്നപ്പോൾ എന്റെ പിതാവ് പറഞ്ഞു “ഇതാണ് നിയുക്ത തൊഴിയൂർ മെത്രാച്ചൻ” 1981 ഡിസംബർ 20ന് തൊഴിയൂർ സഭയുടെ സഭാമണ്ഡലത്തിൽ അദ്ദേഹത്തന് 124-ൽ 93 വോട്ടു നേടി എപ്പിസ്ക്കോപ്പ സ്ഥാനത്തേക്കു തിരഞ്ഞെടുത്തിട്ടുള്ളതായും എനിക്ക് പറഞ്ഞു തന്നു. തൊഴിയൂർ സഭയും, മാർത്തോമാ സഭയും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും, പാലക്കുന്നത്തു കുടുംബവും തൊഴിയൂർ സഭയുമായുള്ള വ്യക്തി-സ്നേഹബന്ധങ്ങളെക്കുറിച്ചും എന്റെ പിതാവ് എനിക്ക് വിശദീകരിച്ചു തന്നു. വിശ്വാസ ഉപദേശപരമായും ആചാര അനുഷ്ഠാനങ്ങൾ സംബന്ധമായും വ്യത്യസ്ത നിലപാടുകൾ ഉള്ളപ്പോഴും വിവിധ സഭകൾക്ക് ക്രിസ്തുയേശുവിലുള്ള സ്നേഹം മുറുകെ പിടിച്ച് പരിശുദ്ധാത്മസംസർഗ്ഗത്തിൽ കഴിയുവാൻ സാധിക്കും എന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണ് മലങ്കര മാർത്തോമ സുറിയാനി സഭയും മലബാർ സ്വതന്ത്ര സുറിയാനി സഭയും തമ്മിൽ നിലനിൽക്കുന്ന സോദരീ ബന്ധം. രണ്ടു സഭകൾ തമ്മിലുള്ള ബന്ധത്തേക്കാളുപരി വ്യക്തികളും കുടുംബങ്ങളും തമ്മിലുള്ള അടുപ്പവും ഈ സഹോദര്യത്തിന്റെ നിദാനങ്ങളായിരുന്നു.

എക്യുമെനിസത്തിന്റെ മകുടോദാഹരണമായി കണക്കാക്കാവുന്ന ഒരു സമ്മേളനമാണ് 116 വർഷമായി നടന്നു വരുന്ന മാരാമൺ കൺവെൻഷൻ. വ്യത്യസ്ത വിശ്വാസ ആചാരങ്ങളുള്ള ക്രിസ്തീയ മത വിശ്വാസികളും, ഇതര മത വിശ്വാസികളും ഒത്തുകൂടുന്ന ഒരു സമ്മേളനമാണ് മാരാമൺ കൺവെൻഷൻ. ഈ സമ്മേള

നത്തിൽ തൊഴിയൂർ സഭയുടെ പങ്കാളിത്തവും പ്രാതിനിധ്യവും പ്രശംസനീയമാണ്. മാരാമൺ കൺവെൻഷനുകളിൽ പങ്കെടുക്കുവാനെത്തുന്ന വിവിധ സഭാവിഭാഗങ്ങളിൽ ഉൾപ്പെട്ട മേല്പട്ടക്കാർക്കും, വിശിഷ്ട അഥിതികൾക്കും, പ്രാസംഗികർക്കും ആഥിത്യം അരുളുവാൻ, സഭയുടെ നിയോഗത്തിൽ ശുശ്രൂഷചെയ്യുവാൻ 1980 മുതൽ അതായത് 31 വർഷങ്ങളായി എനിക്ക് അവസരം ലഭിച്ചു കൊണ്ടിരിക്കുന്നു. ഒരാഴ്ച നീണ്ടുനിൽക്കുന്ന സമ്മേളനത്തിന്റെ ബുധനാഴ്ചകൾ എക്യുമെനിക്കൽ മീറ്റിംഗിനായി വേർതിരിച്ചവയാണ്. ഈ മീറ്റിംഗുകളിൽ ഫാദർ ജോസഫ് പനക്കൽ ആയും, 1987 മുതൽ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ മെത്രാപ്പോലിത്ത ആയി അഭിഷിക്തനായ ജോസഫ് മാർ കുറിലോസ് മെത്രാപ്പോലിത്താ ആയും കൺവെൻഷനുകളിൽ പങ്കെടുത്തിരുന്നു. സ്ഥാനമാനങ്ങളുടെ ഔന്നത്യത്തിൽ അദ്ദേഹത്തിൽ ദർശിച്ചിരുന്ന സൗമ്യതയും, വ്യക്തിസ്നേഹ ബന്ധങ്ങളിലെ ഊഷ്മളതയും എന്നും മനസ്സിൽ തങ്ങിനിൽക്കുന്നവയാണ്. സ്നേഹബന്ധങ്ങൾ അതിന്റെ പാരമ്യതയിൽ എത്തത്തക്കവണ്ണമുള്ള സംഭാഷണങ്ങൾ മാത്രമേ അദ്ദേഹത്തിൽ നിന്ന് കേൾക്കുവാൻ സാധിച്ചിട്ടുള്ളു. ഏത് ആൾക്കൂട്ടത്തിൽ വെച്ചു കണ്ടാലും സ്നേഹത്തോടുകൂടെ “പാലക്കുന്നത്തെ മോൾ” എന്ന് അഭിസംബോധനചെയ്യുമ്പോൾ ആ സൗഹൃദത്തിന്റെ ഊഷ്മളത കൂടുതൽ അനുഭവിക്കുവാൻ പണ്ടു മുതൽക്കേ സാധിച്ചിട്ടുണ്ട്. വൃക്ഷം നല്ലത്, ഫലവും നല്ലത്. ഫലം കൊണ്ടല്ലോ വൃക്ഷം അറിയുന്നത്. ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്. ഏത് തിരക്കു പിടിച്ച അവസരങ്ങളിലും ആദ്യ കൂടികാഴ്ചയിൽ തന്നെ എന്റെ മാതാപിതാക്കളെക്കുറിച്ചും ഭർത്താവിനെയും മക്കളെക്കുറിച്ചും ഇപ്പോൾ മരുമകനെകുറിച്ചും അന്വേഷിക്കാറുണ്ട്. എന്റെ മകളുടെ വിവാഹത്തിന് ഞങ്ങൾ അദ്ദേഹത്തെ നേരിൽ കണ്ട് ക്ഷണിക്കുന്നതിനായി അഞ്ഞൂരെത്തിയപ്പോൾ നൊയമ്പ് കാലം ആയിരുന്നു.

നൊയമ്പ് കാലമായതിനാൽ അദ്ദേഹം ആഗ്രഹിച്ച രീതിയിൽ അഥിതിസൽക്കാരം ആചരിക്കുവാൻ കഴിയാത്തതിൽ അദ്ദേഹം കുണ്ഠിതപ്പെടുകയുണ്ടായി. വിവാഹത്തിന് ക്ഷണിക്കാൻ എത്തിയ ഞങ്ങളോട് മരുമകനെപ്പറ്റിയും അവന്റെ കുടുംബ പശ്ചാത്തലത്തെപ്പറ്റിയും, വിവാഹത്തിന്റെ ക്രമീകരണങ്ങളെക്കുറിച്ചും വളരെ താത്പര്യത്തോടെ ആരായുകയുണ്ടായി. വ്യക്തിബന്ധങ്ങൾ നിലനിർത്തുവാൻ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്ന നീക്കങ്ങളെയാണ് ഈ അന്വേഷണങ്ങളിൽ നിന്നെല്ലാം മനസ്സിലാക്കുവാൻ സാധിക്കുന്നത്. ഈ സന്ദർശനവേളയിൽ ഞങ്ങളെ അത്ഭുതപ്പെടുത്തുകയും, ആനന്ദത്തിലാഴ്ത്തുകയും ചെയ്ത ഒരു വസ്തുത അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി. അഭിവന്ദ്യ കുറിലോസ് വലിയ മെത്രാപ്പോലിത്തായുടെ പ്രേരണയാലും ആവേശത്താലും തൊഴിയൂർ സഭയെപ്പറ്റി ദൈവശാസ്ത്ര പണ്ഡിതനായ Rev. Dr. ജോൺ ഫെൻവിക്ക് എഴുതിയ “The Forgotten Bishops- The Malabar Independent Syrian Church and its place in the story of the St. Thomas Christians of South India” എന്ന ബൃഹത് ഗ്രന്ഥം (636 പേജുകൾ ഉള്ളത്) അദ്ദേഹം ഞങ്ങളെ കാണിച്ചു തന്നു. ആ പുസ്തകത്തിലെ ഗ്രന്ഥകർത്താവിന്റെ വാക്കുകൾ ഇവിടെ ഉദ്ധരിക്കട്ടെ. “The whole project was initiated by the Most Revd Joseph Mar Koorilose IX as Metropolitan of the Malabar Independent Syrian Church. Over the years he has devoted many hours to answering innumerable questions sent out from England. "Forgotton Bishops" എന്ന പുസ്തകത്തിന്റെ ഭാഷാന്തര ചുമതല എന്റെ ഭർത്താവ് ശ്രീ. റോയ് പി. തോമസിനെ അദ്ദേഹം ഏൽപ്പിക്കുകയും ചെയ്തു.

ഞങ്ങളുടെ മകളുടെ വിവാഹശുശ്രൂഷയിൽ അദ്ദേഹം ഏറ്റവും സ്നേഹപൂർവ്വം വന്ന് പങ്കെടുക്കുകയും ആശീർവദിക്കുകയും ചെയ്തത് ഏറ്റവും ചാരിതാർത്ഥ്യത്തോടു കൂടി ഈ തരുണത്തിൽ അനുസ്മരിക്കുകയും ചെയ്യുന്നു. വിവാഹ ശുശ്രൂഷവേളയിൽ അഭിവന്ദ്യ ജോസഫ് മാർത്തോമ മെത്രാപ്പോലിത്തായുടേയും അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്തായുടേയും സുറിയാനി ഭാഷയിലുള്ള പാണ്ഡിത്യം പ്രൊട്ടസ്റ്റന്റ് സഭകളായ CNI സഭയിലെ ബിഷപ്പ് പി. സി. സിങ്ങിനെയും CSI സഭയിലെ ബിഷപ്പ് കെ. പി. കുരുവിള തിരുമേനിയേയും അത്ഭുതപ്പെടുത്തി. സുറിയാനി പണ്ഡിതന്മാരായ കൽദായ സഭയിലെ മാർ അപ്രേം തിരുമമേനിയും, മാർ യൗസേഫ് തിരുമേനിയും കൂടെ ചേർന്നപ്പോൾ സന്നിഹിതരായ NCCI യുടേയും WCC യുടേയും പ്രതിനിധികൾക്ക് അത് തികച്ചും ഒരു എക്യുമെനിക്കൽ വിവാഹമായി അനുഭവപ്പെട്ടു.

സന്തോഷത്തിന്റെ അവസരത്തിലും, ദുഃഖത്തിന്റെ അനുഭവത്തിലും കൂടെ നിൽക്കുവാൻ വൈമനസ്യം ഇല്ലാത്ത ഒരു മഹാമനസ്കനെയാണ് ഞാൻ എക്കാലവും ഈ വലിയ മെത്രാപ്പോലിത്തായിൽ ദർശിച്ചിട്ടുള്ളത്. മിതഭാഷിയും മറ്റുള്ളവരെ സ്നേഹിക്കുകയും കരുതുകയും മറ്റ് സഭാ മേലദ്ധ്യക്ഷന്മാരോട് സഹവർത്തിത്വത്തോടെ പെരുമാറുകയും ചെയ്യുന്ന മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലിത്താ അഭിവന്ദ്യ ജോസഫ് മാർ കുറിലോസ് തിരുമേനി ഭാരതത്തിലെ ക്രിസ്തീയ സഭകൾക്ക് ഒരനുഗ്രഹവും അഭിമാനവുമാണ്. ചെറിയ സഭയുടെ വലിയ പിതാവിന് അദ്ദേഹത്തിന്റെ എപ്പിസ്ക്കോപ്പൽ ജൂബിലി വേളയിൽ ഈ എളിയ കർത്തൃദാസിയുടെ മംഗളാശംസകൾ.

മംഗളം നേരുന്നു......

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പതിമുന്നാമത്തെ **മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ്** മെത്രാപ്പോലീത്താ സുദീർഘമായ 25വർഷം സഭയുടെ ഇടയത്വ പരിപാലനപഥത്തിൽ വാണരുളുന്നു. പുതുയുഗത്തിൽ സഹോദരീസഭകളുമായുള്ള തിരുമേനിയുടെ വ്യക്തിബന്ധം ഏറെ ശ്ലാഘനീയമാണ്. ശോഭനമായ ഒരു നല്ല നാളേക്കുവേണ്ടിയുള്ള തിരുമേനിയുടെ പരിശ്രമം മലബാർ സ്വതന്ത്ര സുറിയാനി സഭയെ വിശ്വപഥത്തിൽ എത്തിച്ചുവെന്നതിൽ അഭിമാനമർഹിക്കുന്നു. സഭയിലും സമൂഹത്തിലും ഇടപെടുന്ന ഏതു കർമ്മമേഖലയിലും വ്യക്തിമുദ്ര പതിപ്പിക്കുവാൻ വന്ദ്യ പിതാവ് ഏറെ ശ്രദ്ധിച്ചിരുന്നു. മുഖങ്ങൾ ഏറെയില്ലാതെ ആത്മാർത്ഥതയോടെ, ചെറുപുഞ്ചിരിയോടെ എന്നാൽ കുടുതൽ വാചാലതയിൽ ഇടപെടുന്ന പ്രകൃതം വളരെ ശ്രേഷ്ഠമാണ്.

സഭകൾ തമ്മിലുള്ള ഐക്യപ്രസ്ഥാനങ്ങളിൽ തിരുമേനിയുടെ പങ്കാളിത്തം എടുത്തു പറയേണ്ട ഒന്നാണ്. ഒരിക്കൽ പരിചയപ്പെട്ടാൽ പിന്നീട് പേരെടുത്ത് വിളിച്ച് കുശലം പറയുന്ന സ്നേഹബന്ധം ഏറെപേർക്കും അറിയാവുന്നതാണ്. സഭയുടെ കർമ്മരംഗങ്ങളിൽ വിശ്വസ്തതയോടെ ദൈവത്തിൽ ആശ്രയിച്ച് സഭയെ നയിക്കുവാൻ മേൽപട്ട സ്ഥാനത്തിന്റെ രജതജൂബിലി വർഷത്തിൽ സംഗതിയാകട്ടെ എന്ന് ആശംസിക്കുന്നു.

സഭയുടെ വിശ്വാസത്തെ മുറുകെ പിടിച്ച് ദൈവത്തിന് മുമ്പാകെ ദൈവമക്കളെ സമർപ്പിക്കുന്ന ഇടയശ്രേഷ്ഠത എടുത്തുപറയത്തക്ക ഒന്നാണ്. നോമ്പ്, ഉപവാസം, പ്രാർത്ഥന, എന്നീ ആത്മീയ മുറകളിലൂടെ ദൈവസംസർഗ്ഗം നുകരുവാൻ തിരുമേനിക്ക് ഇനിയും സംഗതിവരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ചരിത്രത്തിൽ ഏറെ ശ്രദ്ധ പതിപ്പിച്ച വ്യക്തിത്വത്തിന്റെ ഉടമയാണ് തിരുമേനി. ഇദംപ്രഥമമായി സഭയിൽ നിന്ന് ആദ്യം വിശുദ്ധനാടും, വിദേശനാടും സന്ദർശിക്കുവാൻ ഭാഗ്യം കൈവന്നത് ജോസഫ് മാർ കൂറിലോസ് തിരുമേനിക്കാണ് എന്നത് തർക്കമറ്റ സംഗതിയാണ്.

ഈ രജതജൂബിലി വർഷത്തിൽ സർവ്വശക്തനായ ദൈവത്തിന്റ കരുതലും, കരുണയും സർവ്വോപരി ദൈവിക നൽവരങ്ങളും ദീർഘായുസ്സും ധാരാളമായി ലഭിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് എല്ലാവിധമായ മംഗളങ്ങളും നേരുന്നു.

ഫാദർ സ്റ്റീഫൻജോർജ്ജ്
M.A. B.D

ചൊവ്വന്നൂർ
12-08-2011

അജപാലകന്റെ പുൽപ്പുറങ്ങളിലൂടെ

ഡോ. മോളു വർഗ്ഗീസ് ചാക്കോളാസ്, ചാലിശ്ശേരി

അജപാലനത്തിന്റെ രജതജൂബിലി, യഥാർത്ഥത്തിൽ ഒരു ഇടയന്റെ പോരാട്ടങ്ങളുടെ കഥകൂടിയാണ്. പടകുലയുമ്പോൾ, ചുക്കാൻ പിടിക്കുന്ന കപ്പിത്താന്റെ കരമികവും, കൂട്ടംതെറ്റുന്ന ആടുകളെ ചേർത്തുപിടിക്കുന്ന ഇടയന്റെ ആർദ്രതയും വാത്സല്യവും ന്യായാധിപന്റെ നീതിബോധവും ചേർന്നു പോകേണ്ട ദൗത്യത്തിന്റെ നീണ്ട വർഷങ്ങൾ.

ഓരോ ആടിനും ഉണ്ടാകും ഇടയനെക്കുറിച്ചുള്ള ചില ഓർമ്മച്ചിന്തുകൾ. പെങ്ങാമുക്ക് യാക്കോബായ പള്ളിയിൽ നിന്നും 1982 ൽ ചാലിശ്ശേരി സെന്റ് ഔഗീൻസ് പള്ളിയിൽ വെച്ച് വിവാഹിതയായ ഞാൻ അങ്ങനെ മലബാർ സ്വതന്ത്രസുറിയാനി സഭാംഗമായി ത്തീർന്നു. ഈ എളിയവൾക്കും പറയാനുണ്ട് ചില ഇടയ സ്മരണകൾ.

എന്റെ ഭർത്താവ് ശ്രീ. M.C വർഗ്ഗീസിന്റെ സഹപാഠിയായിരുന്ന (ജോസച്ചൻ) വലിയ തിരുമേനി ഇടക്കിടെ വീട്ടിൽവരികയും വാർദ്ധക്യസഹജമായ രോഗത്താൽ ഭാരപ്പെടുന്ന ഭർത്തൃപിതാവിനെസന്ദർശിച്ച് പ്രാർത്ഥിക്കുകയും പതിവായിരുന്നു. മാത്രമല്ല തന്റെ ചിന്താശകലങ്ങൾ ഭർത്തൃപിതാവുമായി പങ്കുവെക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്യുന്നതും ഞാൻ ഓർക്കുന്നു. തന്റെ ബൈക്കിൽ യാത്ര ചെയ്ത് രാപ്പകലില്ലാതെ സഭയുടെ വിവിധ പ്രവർത്തനങ്ങളിൽ മുഴുകിയിരുന്ന ആ അച്ചൻ ഏവർക്കും പ്രിയങ്കരനും, സുപരിചിതനും സഹായകനും ആയിരുന്നു. ഒരച്ചന് തന്റെ സമയം സഭാമക്കൾക്കുവേണ്ടി ഏറ്റവും ഉചിതമായി എങ്ങനെ പ്രയോജനപ്പെടുത്താമോ, അതിന്റെ മൂർത്തി രൂപമായിരുന്നു ഈ അച്ചൻ (നിയുക്തൻ എന്നാണ് ഭർത്തൃപിതാവ്, എം. എം. ചാക്കോ ജോസ് അച്ചനെകുറിച്ചു പറയുമ്പോൾ എന്നോടു പറയാറുള്ളത്). തൊഴിയൂർ സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിൽ അധ്യാപകനായി ജോലി ചെയ്തിരുന്ന വേളയിൽ ത്തന്നെ, ഒരു പുരോഹിതന്റെ പൂർണ്ണ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് ഏറ്റവും ഭംഗിയായി ചെയ്യാൻ ബദ്ധശ്രദ്ധനായിരുന്ന ബ: അച്ചന്റെ പ്രവർത്തനനിരത, കേവലം ഒരധ്യാപികയായി ജോലിചെയ്യുമ്പോൾ പലതിനും സമയം പോരെന്നു പരാതിപ്പെടുന്ന എനിക്കെന്നും ഒരത്ഭുതമായിരുന്നു.

സഭയുടെ വിവിധതലങ്ങളിലെ പുരോഗതി ലക്ഷ്യമാക്കി പലപ്രവർത്തനപദ്ധതികളും ആസൂത്രണം ചെയ്യുകയും അവ നടപ്പിൽ വരുത്താൻ സർവ്വാത്മനാ യത്നിക്കുകയും ചെയ്തിരുന്ന തിരുമേനി, യുവാക്കളെ കർമ്മനിരതരാക്കാനും, നേതൃത്വഗുണങ്ങൾ പരിശീലിപ്പിക്കാനും, സഭാപ്രവർത്തനങ്ങളിൽ ഉത്സുകരാക്കാനും, മാനുഷിക മൂല്യങ്ങളെ വളർത്തിയെടുക്കാനും വേണ്ടി. യൂത്ത്ലീഗ് സ്ഥാപിക്കുന്നതിന് മുൻകൈ എടുത്തു എന്നതു ഏറെ പ്രശംസനീയമാണ്. പാവപ്പെട്ടവരെ കൈമെയ്മറന്നു സഹായിക്കാനുള്ള ആഹ്വാനത്തിൽ സഭാമക്കൾ, പ്രത്യേകിച്ചും യുവജനങ്ങൾ സന്നദ്ധരായി രംഗത്തെത്തി. താൻ മെത്രാപ്പോലീത്തയായി സ്ഥാനമേറ്റപ്പോൾ ലഭിച്ച കൈമുത്തുസംഖ്യ, യുവജനപ്രസ്ഥാനത്തിലൂടെ, പാർക്കാൻ സ്വന്തമായി ഒരു വീട് എന്ന ഒരു കുടുംബത്തിന്റെ ചിരകാലസ്വപ്നം പൂവണിയിക്കാൻ വേണ്ടി ഉപയുക്തമാക്കിയത് ഇന്നും ഞങ്ങൾക്ക് ഒരു പ്രചോദനമായി മനസ്സിൽ നിലനില്ക്കുന്നു.

നിർദ്ധനരായ വിദ്യാർത്ഥികളെ പഠനമേഖലയിൽ സഹായിക്കുക എന്നത് തിരുമേനിയുടെ പ്രവർത്തനനിരതയുടെ മറ്റൊരു ഉദാഹരണമാണ്. പഠനോപകരണങ്ങളും, സാമ്പത്തിക സഹായവും നല്കാൻ തല്പരനായിരുന്ന തിരുമേനി യൂത്ത്‌ലീഗ് പ്രവർത്തനങ്ങളുടെ ഒരു ഭാഗമായി ഈ ദൗത്യത്തെ ഏറ്റെടുത്തു. 1985 മുതൽ യുവജനപ്രസ്ഥാനത്തിലൂടെ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനും 2002 മുതൽ സ്ക്കൂളുകൾ മുഖേന, (ഗവൺമെന്റ് സ്ക്കൂളുകളുൾപ്പെടെ) പുസ്തകങ്ങളും മറ്റു പഠനോപകരണങ്ങളും എത്തിച്ചുകൊടുക്കുന്നതിനും കാണിച്ചിട്ടുള്ള ശുഷ്കാന്തിയും വിശാലമനസ്ഥിതിയും ശ്ലാഘനീയം തന്നെ.

കേവലം പഠനോപകരണങ്ങൾ നല്കുക എന്നതിലുപരി സമർത്ഥരായ നിർദ്ധനവിദ്യാർത്ഥികളെ പ്രൊഫഷണൽ കോഴ്സുകളിൽ ചേർത്ത് ഭാവിശോഭനീയമാക്കിയതും വലിയ തിരുമേനിയുടെ മഹത്തരമായ പ്രവർത്തനമാണ് എന്ന് ഞാൻ മനസ്സിലാക്കുന്നു. രണ്ടു വിദ്യാർത്ഥികളെ നഴ്സിങ്ങ് പഠനം പൂർത്തിയാക്കാനാവശ്യമായ ഭീമമായ സംഖ്യ മുടക്കി തിരുമേനി കാണിച്ച ഔദാര്യ മനസ്കത എന്നും ഓർമ്മിക്കപ്പെടുകതന്നെ ചെയ്യും. സാമ്പത്തികസഹായം ആവശ്യമായ വിദ്യാർത്ഥികൾക്ക് ക്ലാസ്സ് ടീച്ചേഴ്സ് വശം സഹായമെത്തിക്കുന്നതിനും മിടുക്കരായനിർദ്ധനരായ അനേകം വിദ്യാർത്ഥികൾക്ക് കൈത്താങ്ങൽ നല്കി അവരെ ഭാവിയെക്കുറിച്ച് പ്രത്യാശാഭരിതരാക്കുന്നതിനും കാണിച്ചിട്ടുള്ള തീക്ഷ്ണത ഈ ഇടയന്റെ അജപാലനദൗത്യം സഫലമാകുന്നതിന്റെ ചിത്രമെന്നല്ലാതെന്തുപറയാൻ! (പൊതുപരിപാടിയിൽ വെച്ച് ഇത്തരം സഹായം നല്കരുതെന്ന മാതാപിതാക്കളുടെ നിർദ്ദേശം അദ്ദേഹം നിഷ്ക്കർഷിച്ചു വരുന്നു.)

യൂത്ത്‌ലീഗിന്റെ ആഭിമുഖ്യത്തിൽ കുഞ്ഞാടുകളുടെ വെളിച്ചം' എന്ന മാസിക സഭയുടെയും വെളിച്ചമായിത്തീർന്നതും, ഈ ഇടയന്റെ പ്രചോദനത്തിലൂടെയായിരുന്നു. സാഹിത്യാഭിരുചിയുള്ള സഭാമക്കളെ പ്രോത്സാഹിപ്പിക്കാനും സഭയുടെ വിവിധ പ്രവൃത്തനങ്ങളെക്കുറിച്ച് സഭാമക്കൾ ബോധവാന്മാരാകുന്നതിനും സഹായിച്ച ഈ മാസിക ഏവർക്കും പഥ്യമായിരുന്നു. എല്ലാ വർഷവും സാഹിത്യമത്സരങ്ങൾ നടത്തി മിടുക്കരെ ആദരിക്കാനും സമ്മാനങ്ങൾ നല്കാനും യൂത്ത്‌വിങ്ങ് പ്രസിദ്ധീകരണം സഹായകമായി. ബലഹീനയായ എനിക്കു പോലും സഭയെക്കുറിച്ച് കൂടുതൽ അറിയുന്നതിനും, പ്രവർത്തനങ്ങളിൽ എളിയതോതിലെങ്കിലും പങ്കാളിയാകാനും ഈ പ്രസിദ്ധീകരണം കരുത്തേകിയിട്ടുണ്ടെന്ന് നന്ദിപുർവ്വം സ്മരിക്കട്ടെ.

സഭയുടെ മെത്രാപ്പോലീത്ത നി.വ.ദി.മ.ശ്രീ. മാത്യൂസ് മാർ കൂറിലോസ് തിരുമേനി കാലം ചെയ്തപ്പോൾ സഭയുടെ നിലനില്പിനു വേണ്ടി സ്വന്തം ജോലി- (നല്ലതുക പെൻഷൻ ലഭിക്കുമായിരുന്ന അധ്യാപക വൃത്തി) രാജി വെച്ച് മെത്രാൻപട്ടം സ്വീകരിക്കുകയും സഭയുടെ പ്രവർത്തനങ്ങളിൽ മുഴുവൻ സമയം ബദ്ധശ്രദ്ധനാവുകയും ചെയ്തു. നമ്മുടെ സഭ, പിൽക്കാലത്ത് അഭിവൃദ്ധിയുടെ പടവുകൾ താണ്ടാൻ ഇടയായത് ഈ ഇടയന്റെ പരിശ്രമഫലമായിട്ടാണ് എന്ന വാസ്തവം നാം മറന്നുകൂടാ. ലോകം MISC സഭയെ അറിയുന്നതിനും തുടർന്ന് ഇംഗ്ലണ്ടിൽ നിന്നും മറ്റും സായിപ്പുമാർ വന്ന് നമ്മുടെ സഭയെക്കുറിച്ച് പഠിക്കുന്നതിനും, ഗ്രന്ഥം രചിക്കുന്നതിനും ഇടയായതും വിദേശത്ത് നമ്മുടെ സഭയിലെ ശ്രേഷ്ഠ ഇടയന്മാർക്ക് വിശുദ്ധകുർബാനയർപ്പിപ്പാൻ സാഹചര്യങ്ങൾ ഒരുങ്ങിയതും അഭിവന്ദ്യ ജൂബിലേറിയൻ തിരുമേനിയുടെ അഭ്യുദയകാംക്ഷയാലായിരുന്നു എന്നത് സഭ നന്ദിയോടെ സ്മരിക്കുകതന്നെ ചെയ്യും. തൊഴിയൂർസഭയിലെ തിരുമേനിമാർക്കും, വൈദീകർക്കും, ഭാരതത്തിനുവെളിയിലേക്ക് സന്ദർശനങ്ങൾ നടത്താൻ അവസരമുണ്ടായത് പുരോഗമനേച്ഛുവായ ജോസഫ് മാർ കൂറിലോസ് വലിയമെത്രാപ്പോലീത്തായുടെ പ്രയത്നഫലമായാണ്, എന്ന് പറയുന്നതിൽ സഭയിലെ പുരോഗമനകാംക്ഷികളായ ഇടവകാംഗങ്ങൾക്കൊപ്പം ഞാനും അഭിമാനംകൊള്ളുന്നു (1989 മുതൽ 2001 വരെ സഭയിലെ മൂന്നു വൈദീകർക്കും സഭയിലെ തൊഴിയൂർ സി.എം.യു.പി.സ്ക്കൂൾ പ്രധാനാദ്ധ്യാപകനും വിദേശരാജ്യങ്ങൾ സന്ദർശിപ്പാൻ അഭിവന്ദ്യ വലിയതിരുമേനിയുടെ സ്നേഹകരുതലിനാൽ സാധിച്ചിട്ടുണ്ട്). നമ്മുടെ സഭയ്ക്ക് Ecumenical Christian Centre-Banglore; National Council of Churches India; OIKOCR-EDIT- Netherland; Christian Conference of Asia - Hongkong; എന്നീ ദേശീയവും, അന്തർദേശീയവുമായ ക്രൈസ്തവ സംഘടനകളിൽ തൊഴിയൂർ സഭയ്ക്ക് അംഗത്വം ലഭിപ്പാൻ അവസരമുണ്ടായതും വലിയ തിരുമേനിയുടെ നേതൃത്വത്തിന്റെയും, ശ്രമത്തിന്റെയും ഫലമാണ് എന്നോർത്ത് ദൈവത്തെസ്തുതിക്കുന്നു. World Council of Churches, Geneva ൽ മെമ്പർഷിപ്പിനുള്ള പരിശ്രമവും അഭിവന്ദ്യ കൂറീലോസ് തിരുമേനി നടത്തികൊണ്ടിരിക്കുന്നത് എത്രയും വേഗത്തിൽ ഫലപ്രാപ്തിയിലെത്തിച്ചേരാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

തിരുമേനിയുടെ തുറന്ന മനഃസ്ഥിതിയും, മറ്റുള്ളവരുടെ ഉയർച്ചയിലുള്ള സന്തോഷവും അനിതര സാധാരണമായിരുന്നു യൂത്ത്‌ലീഗ് പ്രസ്ഥാനത്തിൽ സ്ത്രീകൾക്ക് അംഗത്വമില്ലാതിരുന്ന ഒരു കാലയളവിൽ, കരിക്കാട് ഇടവകയിൽ ചേർന്ന യൂത്ത് ലീഗ് വാർഷികത്തിൽ വെച്ച് അഭിപ്രായങ്ങൾ പറയാനുള്ള സ്വാതന്ത്ര്യം തിരുമേനി ഈ എളിയവൾക്കു നല്കുകയുണ്ടായി. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠനസഹായം നല്കുക എന്ന മുഖ്യ ചർച്ചാവിഷയത്തെ അഭിനന്ദിച്ചതോടൊപ്പം, സ്ത്രീ ജനങ്ങൾക്കു യൂത്ത് ലീഗിൽ അംഗത്വം നല്കാൻ സാധിച്ചാൽ നന്നായിരുന്നു എന്നൊരു നിർദ്ദേശവും ഞാൻ സമർപ്പിച്ചു. ഏതായാലും ആ വസ്തുത, യൂത്ത്

ലീഗിന്റെ ജനറൽ ബോഡി യോഗത്തിൽ ചർച്ചചെയ്യുകയും സ്ത്രീകൾക്കും യൂത്ത് ലീഗിൽ അംഗത്വം നല്കുന്ന നിയമനിർമ്മാണം നടത്തുകയും ചെയ്തത് എന്റെ ജീവിതത്തിൽ മറക്കാനാകാത്ത ഒരനുഭവമാണ്. ഒരു പക്ഷേ ആ യൂത്ത് ലീഗിലെ അംഗത്വമാണ് എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായത് എന്ന് ഞാൻ ചിന്തിക്കുന്നു.

സഭാ യൂത്ത് ലീഗിന്റെ ആഭിമുഖ്യത്തിൽ കല്ലുംപുറം പള്ളിയിൽ വെച്ച് നടന്ന മലബാർ സ്വതന്ത്രസുറിയാനി സഭാ ചരിത്ര പഠനശിബിരത്തിൽ വെച്ച് നമ്മുടെ സഭയുടെ ഇപ്പോഴത്തെ സഭാചരിത്രത്തിന്റെ അവസ്ഥയെക്കുറിച്ച് തിരുമേനി ശക്തിയുക്തം യുവജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയുണ്ടായി. 1972ൽ പുറത്തിറക്കിയ നമ്മുടെ സഭാചരിത്രപുസ്തകത്തിനുശേഷം യാതൊരു പഠനമോ അന്വേഷണമോ ഈ മേഖലയിൽ നടന്നിട്ടില്ലെന്നും, തൊഴിയൂർ സഭയുടെ ചരിത്രം മറ്റുസഭാനേതാക്കൾ അവർക്ക് തോന്നുന്ന രീതിയിൽ വളച്ചൊടിച്ച് വിവിധ പ്രസദ്ധീകരണങ്ങളിലൂടെ മോശമായി ചിത്രീകരിച്ചു കൊണ്ടിരിക്കുകയാണെന്നും അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ ഈ വെല്ലുവിളി സ്വീകരിച്ച് ചരിത്രപഠനം, തെളിവുകൾ സഹിതം രചിച്ച് സഭാ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്ന് തിരുമേനിയുടെ ശക്തമായ ആഹ്വാനം യുവജനങ്ങളെ ഉദ്ബുദ്ധരാക്കി. (തിരുമേനിയുടെ സന്ദർഭോചിതമായ, ഒരു വെല്ലുവിളിതന്നെയായിരുന്ന ആഹ്വാനമാണ് പുസ്തകരചനയ്ക്ക് എന്നെ പ്രചോദിപ്പിച്ചത്.) പോർക്കുളം ഇടവകാംഗമായ ശ്രീ എം. പി. കൊച്ചുമോന്റെയും ചാലിശ്ശേരി ഇടവകക്കാരിയായ എന്റെയും നേതൃത്വത്തിൽ സഭാസ്ഥാപകപിതാക്കന്മാരായ പരിശുദ്ധകാട്ടുമങ്ങാട്ടു ബാവാമാരെക്കുറിച്ചും, സഭാസ്ഥാപനത്തെക്കുറിച്ചും പഠനം ഊർജ്ജസ്വലമായി മുന്നേറി. പരിശുദ്ധകാട്ടുമങ്ങാട്ടുബാവമാരുടെ പ്രാർത്ഥനാ ജീവിതവും, ലാളിത്യമാർന്ന, ഋഷിതുല്യമായ ജീവിതശൈലികളും, അത്ഭുതരോഗശാന്തി പ്രവർത്തനങ്ങളും എല്ലാം അടിസ്ഥാനമാക്കി "വനാന്തരത്തിൽ കഴിഞ്ഞ ക്രൈസ്തവ മഹർഷിമാർ," എന്ന എന്റെ ഗ്രന്ഥരചനയ്ക്ക് തിരുമേനി പ്രചോദനമേകി. ഈ ഗ്രന്ഥരചനക്കാവശ്യമായ ചരിത്രപുസ്തകങ്ങളും, മറ്റു രേഖകളും ലഭ്യമാക്കാൻ ഒരു യുദ്ധകാലടിസ്ഥാനത്തിലുള്ള തീവ്രശ്രമമായിരുന്നു തിരുമേനിയുടെ ഭാഗത്തുനിന്നുണ്ടായത് എന്നത് ഒരു ഉൾപ്പുളകത്തോടെ ഞാൻ സ്മരിക്കുന്നു.

തന്റെ സഭാ മക്കളെ സഭയുടെ വളർച്ചയിൽ പങ്കാളികളാക്കാൻ എത്രകണ്ട് പ്രോത്സാഹിക്കാമോ ആ പ്രോത്സാഹനം പൂർണ്ണമായും എനിക്കു ലഭിച്ചു. കുടുംബിനിയും അധ്യാപികയുമായ എനിക്ക് ഗ്രന്ഥരചനക്കാവശ്യമായ എന്തെല്ലാം സഹായങ്ങൾ നല്കാമോ അതെല്ലാം നല്കിയ ആ വലിയ വ്യക്തിത്വത്തിന്റെ നന്മക്കും ആരോഗ്യത്തിനും വേണ്ടി പ്രാർത്ഥിക്കാൻ ഞാനെന്നും ബാദ്ധ്യസ്ഥയാണ്.

പുസ്തകരചനയുടെ ഓരോഘട്ടത്തിലും അതിന്റെ കോട്ടങ്ങളും പോരായ്മകളും പരിഹരിക്കുന്നതിനും പുതിയ നിർദ്ദേശങ്ങൾ നല്കുന്നതിനും ശ്രീ. എം.പി കൊച്ചുമോനും, വലിയ തിരുമേനിയും നിരന്തരം ജാഗരൂകരായിരുന്നു എന്നതെനിക്കൊരിക്കലും വിസ്മരിക്കാനാവുന്നതല്ല. യൂത്ത് ലീഗിന്റെ ആഭിമുഖ്യത്തിൽ പുസ്തകം പ്രസദ്ധീകരിക്കാൻ ഏറെ ഉത്സുകനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണ് തിരുമേനിക്ക് മസ്തിഷ്കത്തിൽ രക്തസ്രാവമുണ്ടായി മരണവക്ത്രത്തിലാണ്ടുപോയ അവസ്ഥയുണ്ടായത്. 1997ൽ മരണത്തോട് മല്ലടിച്ച് West Fort ആശുപത്രിയിൽ കഴിഞ്ഞിരുന്ന അവസരത്തിൽ സഭാമക്കളും നാനാജാതിമതസ്ഥരും തിരുമേനിക്കുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവാനുഗ്രഹത്താൽ, പരിശുദ്ധകാട്ടുമങ്ങാട്ടബാവമാരുടെ മധ്യസ്ഥതയാലും ആബാലവൃദ്ധം ജനങ്ങളുടെ പ്രാർത്ഥനയാലും അത്ഭുതകരമായി മരണവക്രത്തിൽ നിന്ന് മുക്തിനേടാനിടയായി. പ്രാർത്ഥനയുടെ ശക്തി ആശുപത്രി ജീവനക്കാർ പോലും അംഗീകരിച്ച ഒരവസരമായിരുന്നു അത്. ഞാനും കടുംബവും തിരുമേനിയെ കാണുവാൻ West Fort ൽപോയിരുന്ന അവസരത്തിൽ I.C.U യിൽ ആയിരുന്ന തിരുമേനിയെ ദൂരെ നിന്നു കാണുവാൻ മാത്രമേ കഴിഞ്ഞുള്ളു. എന്നാൽ എന്നെ കണ്ടയുടൻ I.C.U വിൽ ശുശ്രൂഷിച്ചിരുന്ന സിസ്റ്ററുടെ കയ്യിൽ ഒരു കുറിപ്പ് കൊടുത്തയച്ചു. "മോളുവിന്റെ പുസ്തകം ഈ ഒക്ടോബർ 12-ാം തിയ്യതിതന്നെ പ്രസദ്ധീകരിക്കണം. അതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ ഏർപ്പാടാക്കിയിട്ടുണ്ട്" ആ അജപാലകന് തന്റെ ആളുകളോടുള്ള വാത്സല്യാതിരേകം, സഭാമക്കളോടുള്ള ആത്മാർത്ഥത,സഭയുടെ യശസ്സിലും പുരോഗതിയിലുമുള്ള അഭിവാഞ്ഛ എന്നിവയെല്ലാം ആ ചെറിയകുറിപ്പിൽ നിന്ന് ഞാൻ വായിച്ചെടുത്തു. ആ ഓർമ്മ ഇന്നും എന്റെ കണ്ണുകളെ ഈറനണിയിക്കുന്നു.

സ്ത്രീപുരുഷഭേദചിന്തയില്ലാതെ, ജാതി മതഭേദമന്യേ സമഗ്രജനതയുടേയും നന്മയും പുരോഗതിയുമാണ് അദ്ദേഹം ലക്ഷ്യമിട്ടത്. സങ്കുചിത മനോഭാവങ്ങളെ പിഴുതെറിഞ്ഞ് വലിയവരേയും ചെറിയവരേയും ഒരുപോലെ സ്നേഹിക്കുവാനുള്ള ഇടയഹൃദയവും അർഹിക്കുന്നവർക്ക് പ്രോത്സാഹനവും സഹായഹസ്തവും നല്കാനുള്ള സന്നദ്ധതയും ഹൃദയസ്പൃക്കായ ഒന്നാണ്. "ബൈബിളിൽ കഥാ കാവ്യങ്ങൾ മലയാളത്തിൽ" എന്ന പി.എച്ച് ഡി പ്രബന്ധം തയ്യാറാക്കുമ്പോൾ അദ്ദേഹത്തിൽനിന്നും ലഭിച്ചിട്ടുള്ള അനുഗ്രഹവും പ്രോത്സാഹനവും വാക്കുകൾക്കതീതമാണ്.

പി. എച്ച്. ഡി ബിരുദം ലഭിച്ച ശേഷം ഞാനും കുടുംബവും തിരുമേനിയെ സന്ദർശിച്ച വേളയിൽ സമ്മാനം തന്നാദരിച്ചതും, തലയിൽ കൈവെച്ച് മേല്ക്കുമേൽ അഭിവൃദ്ധിപ്രാപിക്കാൻ ആശംസിച്ചതും പ്രാർത്ഥിച്ചതും മായ്ക്കാനാകാത്ത അപൂർവ്വസ്മരണയായി നിലനിൽക്കുന്നു.

നമ്മുടെ സഭാസ്ഥാപകപിതാക്കളായ കാട്ടുമങ്ങാട്ടു ബാവമാരോടുള്ള ബഹുമാനവും മദ്ധ്യസ്ഥപ്രാർത്ഥനയും ദുഷ്കരമായ ജീവിതാനുഭവവേളകളിലും ബാവമാർ പുലർത്തിപോന്ന പ്രാർത്ഥനാസ്ഥൈര്യവും, വിശ്വാസതീക്ഷണതയും, തന്റെ കഠിനമായ ജീവിതാനുഭവങ്ങളുടെ മദ്ധ്യത്തിലും പ്രത്യാശാനിർഭരമായ പ്രാർത്ഥനാജീവിതം നയിക്കാൻ തന്നെ സഹായിച്ചിട്ടുണ്ട്. എന്നദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ധ്യാനപ്രസംഗങ്ങളിലൂടെ സഭാമക്കളുടെ ഹൃദയത്തിൽ ഇടംനേടിയിട്ടുള്ള വലിയ തിരുമേനി കുന്നംകുളത്തെ പള്ളിയിൽ മാസാദ്യഞായറാഴ്ച നടത്തി വരുന്ന ധ്യാനപ്രാർത്ഥന അനേകർക്ക് ആശ്വാസവും സൗഖ്യവും നല്കുന്നതിനിടയായിത്തീരുന്നു. എന്നതിൽ ദൈണ്ടവത്തെ സ്തുതിക്കുന്നു.

സഭയുടെ വളർച്ചക്കും സഭാമക്കളുടെ നന്മക്കും വേണ്ടി ധീരോചിതമായി ഏതു വെല്ലുവിളികളേയും അതിജീവിച്ചുകൊണ്ട് മുന്നേറുന്ന വലിയ തിരുമേനിക്ക് എല്ലാ പ്രസ്ഥാനങ്ങളുടെ നന്മയ്ക്കും വളർച്ചക്കും വേണ്ടിതന്റെ ശക്തിയും ബുദ്ധിയും ഇനിയും ഉപയോഗിക്കാൻ കഴിയട്ടെ എന്നും ആ പ്രവാചകതീഷ്ണതയും, പ്രവർത്തനനിരതത്വവും തുടർന്നും നിലനിർത്താനും ആയുരാരോഗ്യസൗഖ്യങ്ങൾ നല്കി ദീർഘകാലം സഭയിലെ മക്കൾക്കും മറ്റുള്ളവർക്കും ഉജ്ജ്വല ദീപസ്തംഭമായിരിക്കുവാനും പ്രാപ്തനാക്കട്ടെ എന്ന് ആശംസിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും ഈ ഓർമ്മച്ചിന്തുകൾക്ക് തല്ക്കാലം വിട.

Greetings to our beloved Thirumeni with love and prayers...



Dr. Sunny Thomas, Siby SunnyThomas,Roby, Joseph, Joceline.
Warren-USA.

"Geever Paul, Pulikkottil Family Sydney Australia (Karumamkuzhi, Karikkad) would like to thank our beloved Thirumeni for all your good works and prayers. May Almighty God bless you days and years ahead, keep up the good work at our Malabar Independent Syrian Christian community alive and well informed."

Geever Paul, Kunjamma Paul, Tanya, Paris, Pearl, Iris Renny Paul & Patrix_Family and Reena Paul & Sajan_Family, Australia



Prakash Mathew Thomas, Jeny John,
Mon Josh, Mol Jianna Mary, USA

Prayers
&
Best Wishes
to our
beloved
Thirumeni

Prayers & Best Wishes
to our beloved Thirumeni Appachan

Justin Chamakala, JessyJustin, Joel, JiluMol. USA

Best wishes to Our Beloved Thirumeni

Varghese P. Varghese, Santhamma Varghese, Shani Varghese, Sheena Varghese, Joshua Varghese



Prayers & Greetings

John Philip (Sunny) & Family, Fort Kochi

Thanks Giving to
Almighty Lord for all
Rewards and Blessings
through the Prayers
of our beloved
Valiya Thirumeni.

A well wisher of beloved ValiyaThirumeni,
H.G. Joseph Mar Koorilose, Thozhiyur

അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ ലണ്ടൻ സന്ദർശനം -

ചില ഓർമ്മ കുറിപ്പുകൾ

റവ:ഡോ. **ജോർജ്ജ്** മാത്യു കുറ്റിയിൽ, തിരുവല്ല

ആംഗ്ലേയ സഭയുടെ പരമാധ്യക്ഷൻ കാന്റർബറി ആർച്ച് ബിഷപ്പ് ഡോ. റോബർട്ട് റൺസിയുടെ ഔദ്യോഗിക ക്ഷണപ്രകാരം മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പരമാധ്യക്ഷനായിരുന്ന മോസ്റ്റ് റവ; ജോസഫ് മാർ കൂറീലോസ് മെത്രാപ്പോലീത്തായും റവ; ഫാ. വർഗ്ഗീസ് കൂത്തൂരും 1989 ഏപ്രിൽ 26 മുതൽ മെയ് 15 വരെ ഇദംപ്രഥമമായി ഇംഗ്ലണ്ട് സന്ദർശിച്ചു. ലേഖകൻ ആ കാലഘട്ടത്തിൽ യു.കെ മാർത്തോമ ചർച്ച് ലണ്ടന്റെ വികാരിയായിരുന്നു (1986- 1991). അഭിവന്ദ്യ തിരുമേനിയോടൊപ്പം വിവിധ സ്ഥലങ്ങളും ദേവാലയങ്ങളും വിശിഷ്ട വ്യക്തികളേയും സന്ദർശിക്കുവാൻ അവസരം ലഭിച്ചു. കാന്റർബറി ആർച്ച് ബിഷപ്പിന്റെ എക്യുമിനിക്കൽ കാര്യങ്ങളുടെ അസിസ്റ്റന്റ് സെക്രട്ടറി റവ: ഡോ. ജോൺ ഫെൻവിക്കാണ് ഇംഗ്ലണ്ടിലെ പരിപാടികൾ ക്രമീകരിച്ച് നടപ്പിലാക്കിയത്.

ലണ്ടനിലേക്ക്

1989 ഏപ്രിൽ 26-ാം തിയതി ബുധനാഴ്ച വെളുപ്പിന് ബ്രിട്ടീഷ് എയർവേയ്സിന്റെ ഫ്ളൈറ്റിൽ ലണ്ടൻ ഹീത്രൂ എയർപോർട്ടിലെത്തി. സോളിഹള്ളിലെ ആംഗ്ലിക്കൻ വികാരി വെരി റവ; പീറ്റർ ഹോക്കിൻസ്, ആർച്ച് ബിഷപ്പിന്റെ സെക്രട്ടറി റവ.ഡോ. ജോൺ ഫെൻവിക്ക്, ലണ്ടൻ മാർതോമ ഇടവക വികാരി റവ; ജോർജ്ജ് മാത്യു എന്നിവർ ചേർന്ന് അഭിവന്ദ്യ തിരുമേനിയേയും അച്ചനേയും സ്വീകരിച്ചു. നേരെ സോളിഹള്ളിലെ പാഴ്സനേജിലേക്കാണ് പോയത്. അന്നവിടെ താമസിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ ബർമ്മിങ്ങാമിലെ ആംഗ്ലിക്കൻ ബിഷപ്പിനെ സന്ദർശിക്കൽ. സോളിഹൾ മേയറുടെ സ്വീകരണം എന്നിവയിൽ പങ്കെടുത്തു. 30-ാം തിയതി ഞായറാഴ്ച സെന്റ് ആൽഫേഗ് ആംഗ്ലിക്കൻ ചർച്ച്, സെന്റ് ഫ്രാൻസിസ് ചർച്ച് എന്നിവിടങ്ങളിലെ കുർബ്ബാനയിൽ പങ്കെടുത്തു. വചനപ്രഘോഷണം നടത്തി. മെയ് 30-ാം തിയതി ആഷ്ട്ടൻ ആംഗ്ലിക്കൻ ബിഷപ്പ് കോളിൻ ബുക്കനാനെ സന്ദർശിക്കുകയുണ്ടായി. മെയ് 5-ാം തിയതി പേർലിയിൽ എത്തി. ഡോ. ജോൺ ഫെൻവിക്കിനോടൊപ്പം താമസിച്ചു. 7-ാം തിയതി ഞായറാഴ്ച രാവിലെ പേർലിലെ ക്രൈസ്റ്റ് ചർച്ചിൽ ഫാമിലി സർവ്വീസിലും, വിശുദ്ധ കുർബ്ബാനയിലും പങ്കെടുക്കുകയും വചനപ്രഘോഷണം നിർവ്വഹിക്കുകയും ചെയ്തു. ഈ ശുശ്രൂഷയിൽ റവ; ഡോ. ജോൺ ഫെൻവിക്ക് മാർതോമ കുർബ്ബാനക്രമപ്രകാരം വിശുദ്ധ കുർബ്ബാനഅനുഷ്ഠിച്ചു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. തുടർന്നുള്ള ദിവസങ്ങളിൽ ക്രിസ്ത്യൻ എയ്ഡ് എന്ന സംഘടനാ ആസ്ഥാനം ബ്രിട്ടീഷ് കൗൺസിൽ ഓഫ് ചർച്ചസ് ആസ്ഥാനം എന്നിവ മെത്രാപ്പോലീത്തായും സംഘവും സന്ദർശിച്ചു. മെയ് 8 മുതൽ തുടർന്നുള്ള ദിവസങ്ങളിൽ ലണ്ടൻ മാർതോമ ചർച്ചിന്റെ അഥിതിയായി താമസിച്ചുകൊണ്ട് ഇടവക ക്രമീകരിച്ച വിവിധ പരിപാടികളിൽ സംബന്ധിച്ചു.

ആർച്ച് ബിഷപ്പിന്റെ വകയായുള്ള സ്വീകരണവും വെസ്റ്റ് മിനിസ്റ്റർ ആബി സന്ദർശനവും

മെയ് 9-ാം തിയതി രാവിലെ ബ്രിട്ടീഷ് പാർലിമെന്റ് സന്ദർശിക്കുകയും വിശിഷ്ടാഥിതികൾക്കുള്ള ഗാലറിയിൽ ഇരുന്നുകൊണ്ട് യോഗനടപടികൾ വീക്ഷിക്കുകയും ചെയ്തു. സ്പീക്കർ, എം.പി മാർ എന്നിവരോടൊപ്പം ലഞ്ച് കഴിച്ചതിനുശേഷം വൈകീട്ട് പുരാതനവും പ്രസിദ്ധവുമായ വെസ്റ്റ് മിനിസ്റ്റർ ആബി (ദേവാലയം) സന്ദർശിച്ചു. എലിസബത്ത് രാജ്ഞിയുടെ ചാപ്ലയിൻ റവ; ഡോ. ഡൊണാൾഡ് ഗ്രേ ഞങ്ങളെ സ്വീകരിച്ചു. സന്ധ്യാ പ്രാർത്ഥനയിൽ പങ്കുചേരുകയും മലബാർ സ്വതന്ത്രസുറിയാനി സഭ, മാർത്തോമ സഭ എന്നീ സഭകൾക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിയ്ക്കുകയും ചെയ്തു. ലൂഥറൻ പാസ്റ്റർ- ഡോ.കുൾമാൻ, ആംഗ്ലിക്കൻ പട്ടക്കാരനും മലങ്കര സഭയുടെ സുഹൃത്തുമായ റവ. ഡോ. ഫിലിപ്പ് റ്റോവി എന്നിവരും ഞങ്ങളെ അനുഗമിച്ചി

രുന്നു. അന്ന് രാത്രി മാർത്തോമ ഇടവക അംഗമായ മി. & മിസ്സിസ്സ് ഏബ്രഹാം ഐയ്പ്പിന്റെ ഭവനത്തിൽ ഭക്ഷണശേഷം കണ്ണോത്ര മിസ്റ്റർ റോയ് തോമസിന്റെ ഭവനത്തിൽ താമസിച്ചു. മെയ് 11-ാം തിയതി കാന്റർബറി ആർച്ച് ബിഷപ്പ് ഡോ. റോബർട്ട് റൺസിയുടെ ഔദ്യോഗിക ആസ്ഥാനമായ ലാംബത്ത് പാലസ്സിൽ അഭിവന്ദ്യ മെത്രാപ്പോലീത്തായേയും സംഘത്തേയും സ്വീകരിച്ചു. 12-ാം തിയതി എലിസബത്ത് രാജ്ഞിയുടെ വേനൽകാല വസതിയായ വിൻസർ കാസിൽ സന്ദർശിച്ചു. രാജ്ഞിയുടെ ചാപ്ലയിൻ റവ. ജോൺ ട്രെട് ഗോൾഡ് സംഘത്തെ സ്വീകരിച്ചു. സെന്റ് ജോർജ്ജ് ചാപ്പലിലെ പ്രാർത്ഥനയ്ക്കു ശേഷം കാസിലും പരിസരവും ചുറ്റിനടന്ന് കണ്ടു. രാജ്ഞിയുടെ ചാപ്ലയിൻ ലഞ്ച് നൽകി ആദരിച്ചു. അന്ന് വീണ്ടും കണ്ണോത്ര ശ്രീറോയ് തോമസിന്റെ ഭവനത്തിൽ താമസിച്ചു. മെയ് 13-ാം തിയതി ലണ്ടൻ ഇടവകയുടെ സൗത്ത് ലണ്ടൻ പ്രാർത്ഥനാ ഗ്രൂപ്പിൽ പങ്കെടുത്ത് അഭിവന്ദ്യ തിരുമേനി സന്ദേശം നൽകി. പറമ്പിൽ ശ്രീ പി. റ്റി. തോമസ് ആഥിത്യമരുളി.

പെന്തിക്കോസ്തി ഞായറും ലണ്ടൻ മാർത്തോമ പള്ളിയിലെ വി. കുർബ്ബാനശുശ്രൂഷയും സ്വീകരണവും

മെയ് 14-ാം തിയതി ഞായറാഴ്ച അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് തിരുമേനി മാർത്തോമ മെത്രാപ്പോലീത്തായുടെ അനുവാദപ്രകാരം രാവിലെ 9.30 ന് സെന്റ് കാതറിൻ ചർച്ച് (ലണ്ടൻ മാർത്തോമ ചർച്ച്) ൽ വെച്ച് വി. കുർബ്ബാന അനുഷ്ഠിച്ചു. 'പെന്തിക്കോസ്തി - പരിശുദ്ധാത്മാവ്' എന്നീവിഷയത്തെ കുറിച്ച് ആരാധനാമദ്ധ്യേ പ്രസംഗിച്ചു. ശുശ്രൂഷാനന്തരം ആദ്യമായി ഇംഗ്ലണ്ട് സന്ദർശിക്കുന്ന അഭിവന്ദ്യ തിരുമേനിക്കും വർഗ്ഗീസ് കൂത്തൂർ അച്ചനും ലണ്ടൻ മാർത്തോമ ഇടവകയുടെ സ്വീകരണവും അനുമോദനവും നൽകി. വികാരി റവ: ജോർജ്ജ് മാത്യു, ആംഗ്ലേയ സഭയുടെ റവ: ഡോ. ജോൺ ഫെൻവിക്ക്, ഇടവക വൈസ് പ്രസിഡന്റ് മി. ഏബ്രഹാം ഐപ്പ്, ഇടവക സെക്രട്ടറി മി. വി.റ്റി. ഏബ്രഹാം എന്നിവർ അനുമോദനപ്രസംഗം നടത്തി. ഇടവകയുടെ വകയായുള്ള ഉപഹാരവും സമർപ്പിച്ചു. തിരുമേനി സമുചിതമായ മറുപടി പറഞ്ഞു. മാർത്തോമ- തൊഴിയൂർ സഭകൾ തമ്മിലുള്ള പ്രത്യേക ബന്ധത്തെ കുറിച്ച് എടുത്തു പറഞ്ഞു. തുടർന്ന് അഭിവന്ദ്യ തിരുമേനിയും അച്ചനും വികാരിയുടെ താമസസ്ഥലമായ ഈസ്റ്റ് ലണ്ടനിലുള്ള മാർത്തോമ സെന്ററിൽ താമസിച്ചു. മെയ് 15-ാം തിയതി സി.എസ്.ഐ സഭയുടെ റവ.ഡോ. മാണി ചാക്കോയുടെ വസതിയിൽ പ്രത്യേക സൽക്കാരം നടത്തി. ഫാ. ഫ്രാൻസിസ് കണിച്ചിക്കാട്ട് സി എം ഐ. റവ. രമേഷ് മോഡയിൽ (മെതഡിസ്റ്റ് സഭ) എന്നിവയുടെ സ്വീകരണത്തിൽ പങ്കെടുത്തു. മി. ടി.സി.ജോർജ്ജ് താളികല്ലുങ്കല്ലിനേയും കുടുംബത്തേയും സന്ദർശിച്ചു. 16-ാം തിയതി ഓർത്തഡോക്സ് സഭയുടെ റവ. ഫാ. കെ.എ ജോർജ്ജിന്റെ വസതിയിൽ ഡിന്നർ ക്രമീകരിച്ചിരുന്നു. മാർത്തോമ സെന്ററിൽ താമസിച്ചതിനു ശേഷം 17-ാം തിയതി 12 മണിക്ക് അൽ ഇറ്റാലിയുടെ ഫ്ളൈറ്റിൽ റോം, ഇറ്റലി, വത്തിക്കാൻ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു.

രണ്ടാം ലണ്ടൻ സന്ദർശനം

കാന്റർബറി ആർച്ച് ബിഷപ്പായി പുതുതായി നിയമിതനായ ഡോ ജോർജ്ജ് ലിയനാർഡ് കേറിയുടെ സ്ഥാനാരോഹണത്തിൽ പങ്കെടുക്കുവാൻ 1991 ഏപ്രിൽ മാസം 19-ാം തിയതി ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ ക്ഷണപ്രകാരം അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് മെത്രാപ്പോലീത്ത റവ. ഫാ. വർഗ്ഗീസ് വാഴപ്പിള്ളിയോടൊപ്പം വീണ്ടും ലണ്ടനിൽ വരികയുണ്ടായി. മാർത്തോമ സഭയിൽ നിന്ന് നോർത്ത് അമേരിക്ക, യു.കെ. ഭദ്രാസനാധിപനായ ഡോ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്തായും ലണ്ടൻ മാർത്തോമ ഇടവക വികാരിയായ ലേഖകനും പങ്കെടുത്തു. (ഞാൻ ബ്രിസ്റ്റൽ ട്രിനിറ്റി കോളേജിൽ പഠിക്കുമ്പോൾ അവിടത്തെ പ്രിൻസിപ്പൽ ആയിരുന്നു ഡോ ജോർജ്ജ് കേറി) ഏപ്രിൽ 14-ാം തിയതി അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് മെത്രാപ്പോലീത്ത മാർത്തോമ പള്ളിയിൽ വി. കുർബ്ബാന അനുഷ്ഠിച്ചു. ഏപ്രിൽ 21-ാം തിയതി അഭിവന്ദ്യ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്ത ലണ്ടൻ മാർത്തോമ പള്ളിയിൽ വി. കുർബ്ബാന അനുഷ്ഠിച്ചു. തൊഴിയൂർ മെത്രപ്പോലീത്തായും ശുശ്രൂഷയിൽ പങ്കെടുത്തു.

ശുശ്രൂഷാനന്തരം അഞ്ചു വർഷം ഇടവക വികാരിയായി സേവനമനുഷ്ഠിച്ച ശേഷം കേരളത്തിലേക്ക് സ്ഥലം മാറി പോകുന്ന റവ. ജോർജ്ജ് മാത്യുവിന് ഇടവകയുടെ വകയായുള്ള യാത്രയയപ്പ് നൽകി. പ്രസ്തുത യോഗത്തിൽ സഫ്രഗൻ മെത്രാപ്പോലീത്ത തിരുമേനി അധ്യക്ഷത വഹിച്ചു. ജോസഫ് മാർ കൂറീലോസ് മെത്രാപ്പോലീത്ത പ്രാരംഭ പ്രാർത്ഥന നടത്തി.

അഭിവന്ദ്യ തിരുമേനിയുമായുള്ള വ്യക്തിപരമായ ബന്ധം

1989 ൽ പരിചയപ്പെട്ട ദിവസം മുതൽ ഇന്നുവരേയും വ്യക്തിപരമായി സുദൃഢമായ ബന്ധം പുലർത്തുവാൻ ഞങ്ങൾക്ക് കഴിഞ്ഞു. നാട്ടിൽ വന്നതിന് ശേഷവും 1991 ഡിസംബർ 20-ാം തിയതി കുന്നംകുളത്തെ കുന്നത്തെ പള്ളിയിൽ വെച്ച് നടത്തിയ കൺവൻഷനിൽ പ്രസംഗിക്കുവാൻ തിരുമേനി ക്ഷണിച്ചതനുസരിച്ച് പങ്കെടുത്ത് പ്രസംഗിച്ചത് സ്മരിക്കുന്നു. തുടർന്ന് ഡോ. ജോൺ ഫെൻവിക്ക്, വെരി. റവ. പീറ്റർ ഹോക്കിൻസ് എന്നിവർ തൊഴിയൂർ സന്ദർശിച്ചപ്പോൾ അവരോടൊപ്പം തൊഴിയൂർ സന്ദർശിക്കുകയും തിരുമേനിയുമായുള്ള സൗഹൃദം പുതുക്കുകയും ചെയ്തു.

കുഞ്ഞാടുകളുടെ വെളിച്ചം

അഭിവന്ദ്യ തിരുമേനിയുടെ മുഖ്യ പത്രാധിപത്യത്തിൽ ആരംഭിച്ച മലബാർ സ്വതന്ത്ര സുറിയാനി സഭ യുത്ത്ലീഗ് പ്രസിദ്ധീകരണമായ മാസിക നല്ല നിലവാരം

പുലർത്തിയിരുന്നു. 1996 ആഗസ്റ്റ് ലക്കം വാർഷീക പതിപ്പിൽ തിരുമേനിയുടെ നിർദ്ദേശപ്രകാരം 'ക്രിസ്തീയ വിവാഹം; ഒരു ദൈവശാസ്ത്ര വിചിന്തനം' എന്ന തലക്കെട്ടിൽ സുറിയാനി പാരമ്പര്യമുള്ള സഭകളുടെ വിവാഹ ശുശ്രൂഷയുടെ വിശകലനം ചെയ്തുകൊണ്ട് ഒരു ലേഖനം എഴുതിയത് ഈ അവസരത്തിൽ ഓർക്കുന്നു. ഇപ്പോഴത്തെ മെത്രാപ്പോലീത്തയായ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ സ്ഥാനാരോഹണത്തിലും പ്രത്യേക ക്ഷണപ്രകാരം പങ്കെടുത്തു. മാരാമൺ കൺവൻഷൻ, മാർതോമ സഭയിലെ റമ്പാൻമാരുടെ നിയോഗം എന്നീ ശുശ്രൂഷകളിൽ വെച്ച് അഭിവന്ദ്യ തിരുമേനിയെ വീണ്ടും കാണുന്നതിനുള്ള സന്ദർഭം ലഭിച്ചു.

ഉപസംഹാരം

മെത്രാപ്പോലീത്ത സ്ഥാനാരോഹണത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ തിരുമേനിക്ക് എന്റേയും കുടുംബത്തിന്റേയും വ്യക്തിപരമായ ആശംസകളും പ്രാർത്ഥനയും അറിയിക്കുന്നു. പാശ്ചാത്യ ലോകത്തിൽ അറിയപ്പെടാതിരുന്ന ഈ ചെറിയ സഭയെ തന്റെ പരിശ്രമംകൊണ്ടും വ്യക്തിബന്ധങ്ങൾ കൊണ്ടും ആഗോളസഭയുടെ ഭാഗമാക്കിതീർക്കുന്നതിനും സഭയ്ക്ക് ഭൗതീകവും ആത്മീകവുമായ പുതിയ വളർച്ച കൈവരിക്കുന്നതിനും തിരുമേനിയുടെ ഭരണകാലത്ത് സാധിച്ചു എന്നത് നിഷേധിക്കാൻ പറ്റാത്ത യാഥാർത്ഥ്യമാണ്. പ്രാർത്ഥനാപൂർണ്ണമായ സമാധാനത്തിന്റെ ആശംസകൾ വലിയ മെത്രാപ്പോലിത്തായ്ക്ക് ഒരിക്കൽ കൂടി അർപ്പിക്കുന്നു.

UK Visit 1991

കുട്ടികളുടെ അച്ചൻ മാഷ്

വി.ഐ. കൊച്ചുപാപ്പി മാസ്റ്റർ

1980 Jan 8 തൊഴിയൂർ ഹൈസ്ക്കൂളിലെ കുട്ടികൾ ക്ലാസ് റൂമിൽനിന്ന് പുറത്തേക്ക് അത്ഭുതത്തോടെ, ആകാംക്ഷയോടെ നോക്കുന്നത് ശ്രദ്ധിച്ചപ്പോൾ മനസ്സിലായി ആലത്തൂരച്ചൻ എന്ന അതികായൻ School-ൽ ശ്രീമാൻ ജോസ് മാസ്റ്ററുടെ ലീവ് വേക്കൻസിയിൽ Join ചെയ്യാൻ വരുന്ന വരവാണ് എന്ന്. 6-ാംതരത്തിലെ താല്ക്കാലിക അധ്യാപകനായി Join ചെയ്ത്. അന്ന് തന്നെ ക്ലാസ്സുകളിൽ പോകാൻ തുടങ്ങി. എന്റെ ക്ലാസ്സിന്റെ തൊട്ടടുത്താണ് മേൽപറഞ്ഞ ആറാംക്ലാസ് A-ഈ ലീവ് വേക്കൻസിയ്ക്ക് ശേഷം തുടർന്ന് 1980 June-ൽ റിട്ടയർ ചെയ്ത ശ്രീമാൻ നാരായണൻ നമ്പൂതിരി മാസ്റ്ററുടെ ഒഴിവിലേക്കും നിയമിതനായി. സ്ക്കൂളിൽ പഠിപ്പിച്ചിരുന്ന കാലത്ത് തിരുമേനി “അച്ചൻമാഷ്” എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ക്ലാസ്സിൽ പഠിപ്പിക്കുന്ന സമയത്ത് തികഞ്ഞ അച്ചടക്കം കുട്ടികൾ പാലിക്കണമെന്നും, പറയുന്നത് ശ്രദ്ധയോടെ കേൾക്കണമെന്നും വളരെ നിർബന്ധമായിരുന്നു. പഠിയ്ക്കാത്തതിനും അനുസരണക്കേടിനും മതിയായ ശിക്ഷ (കൂടുതലും ചൂരൽ പ്രയോഗം) കൊടുത്തുവന്നിരുന്നു. അച്ചൻ മാസ്റ്ററുടെ ശിക്ഷയെപ്പറ്റി ഹെഡ്മാസ്റ്റർ ശ്രീമാൻ ആദിത്യൻ മാസ്റ്റർ മനസ്സിലാക്കിയപ്പോൾ സ്ക്കൂളിലെത്തന്നെ മൊത്തം ആൺകുട്ടികളുടെ അച്ചടക്കത്തിന്റെ ചുമതല അച്ചൻ മാസ്റ്ററെ ഏല്പിക്കുകയുണ്ടായി. കുട്ടികളെ തല്ലിശിക്ഷിക്കാൻ മറ്റുള്ള അദ്ധ്യാപകർക്ക് മടിയുണ്ടായിരുന്ന കാലത്ത് ധൈര്യപൂർവ്വം മുന്നോട്ട് വന്ന് സ്ക്കൂളിലെ അച്ചടക്കം നിലനിർത്താൻ കഴിഞ്ഞു എന്നുള്ളത് നല്ലൊരുനേട്ടമായിരുന്നു. ഇങ്ങിനെയൊക്കെയാണെങ്കിലും കുട്ടികളുടെ ആവശ്യങ്ങൾക്കുമുൻപിലും, അച്ചൻ മുൻപന്തിയിൽ നിന്ന് അവർക്ക് നേടികൊടുക്കുമായിരുന്നു. പ്രശ്നമുള്ള കുട്ടികളുടെ വീട് സന്ദർശനം അച്ചൻ പതിവാക്കിയ കാര്യമായിരുന്നു. കൂട്ടത്തിൽ ഞാനും അനുഗമിച്ചിരുന്നു. അതോടെ രക്ഷിതാക്കളുടെ സ്നേഹവായ്പും ബഹുമാനവും അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. സ്ക്കൂളിലെ പാഠ്യേതരപ്രവർത്തനങ്ങളുടെ മുഴുവൻ ചുമതലയും അച്ചൻമാസ്റ്ററുടെ തലയിൽ വന്നു ചേർന്നു. ആ കാലഘട്ടത്തിൽ നടത്തിയിട്ടുള്ള എല്ലാ വിനോദയാത്രയിലും കുട്ടികളുടെ കൂട്ടുകാരനായി നിന്ന് അവരെ സന്തോഷിപ്പിക്കാൻ ശ്രമിച്ചിരുന്നു. ചുരുക്കത്തിൽ തൊഴിയൂർ ഹൈസ്ക്കൂളിലെ മൊത്തം കുട്ടികളുടെ സ്നേഹം പിടിച്ചുപറ്റി അച്ചൻ മാസ്റ്റർ ശോഭിച്ചിരുന്ന കാലത്താണ് തിരുമേനിയാകാനുള്ള അവസരം വന്ന് ചേർന്നത്. തിരുമേനിയാകാൻ വേണ്ടി സ്കൂൾജോലിരാജിവെച്ച് യാത്ര പറഞ്ഞിറങ്ങുമ്പോൾ നിർന്നിമേഷരായ് നിന്നിരുന്ന കുട്ടികളുടെ മുഖം ഇന്നും എന്റെ ഓർമ്മയിലെ ഓളങ്ങളായി അവശേഷിക്കുന്നു.

മെത്രാപ്പോലീത്താ ആയതിന്ശേഷവും കുട്ടികൾ പതിവായി ഒഴിവുള്ള സമയത്ത് അച്ചൻമാഷെ കാണാൻ ചെന്നിരുന്നതും അവർക്ക് മിഠായി കൊടുത്ത് പറഞ്ഞയച്ചിരുന്നതും പതിവുള്ള കാഴ്ചയായിരുന്നു. കുട്ടികളും രക്ഷിതാക്കളുമായുള്ള ഈ ബന്ധം ഭദ്രാസനപള്ളി പുതുക്കിപണിയുന്നതിന് പിരിവിനായ് ഗൾഫ് നാടുകൾ സന്ദർശിച്ചപ്പോൾ വലിയൊരു മുതൽ കൂട്ടായി മാറിയെന്നുള്ളത് തിരുമേനിക്കും സഭയ്ക്കും മാനിക്കാവുന്ന ഒരു നേട്ടമായിരുന്നു.

തിരുമേനിയുടെ പിതാവും, എന്റെ പിതാവും കുറെക്കാലം സഭാ കൗൺസിലിലെ അംഗങ്ങളായി പ്രവർത്തിച്ചിട്ടുണ്ട്. അവർ വലിയ സുഹൃത്തുക്കളുമായിരുന്നു. തിരുമേനിയുടെ സണ്ടേസ്ക്കൂളിലെ അധ്യാപകനായിരുന്നു എന്റെ ജ്യേഷ്ഠൻ ചിന്നൻ മാഷ്. തിരുമേനി പട്ടം പറയാൻ വന്നപ്പോൾ എങ്ങിനേയോ എന്റെ പിതാവിന്റെ കൈവശം വന്നു ചേർന്നിരുന്ന ഒരു സ്പൂൺ (ആലത്തൂര് ചെറിയ തിരുമേനി ഉപയോഗിച്ചിരുന്നത്) അദ്ദേഹം തിരുമേനിയെ ഏല്പിച്ചു. വളരെ ഭയ

ഭക്തിയോടെ അതേറ്റുവാങ്ങി. ഇന്നും അത് ഭദ്രാസനദേവാലയത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.



മെത്രാപ്പോലീത്തയായിസഭയുടെ ഭരണം ഏറ്റെടുത്തതിന് ശേഷം ഒരു പാട് നല്ല പ്രവർത്തനങ്ങൾ സഭയ്ക്ക് കാഴ്ച്ചവെയ്ക്കുകയുണ്ടായി. സഭയുടെ സ്ക്കൂളുകളുടെ പ്രവർത്തനങ്ങൾക്കെല്ലാം നല്ലൊരുമാറ്റത്തിന് തുടക്കംകുറിച്ചു. ഒന്നുമുതൽ 7 വരെയുള്ള കുട്ടികളിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്ഥിരമായ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തി. മിടുക്കരായ അദ്ധ്യാപികാദ്ധ്യാപകർക്ക് അവാർഡ് കൊടുക്കാൻ തീരുമാനമുണ്ടാക്കി. അധ്യാപകർക്ക് വിനോദയാത്രയ്ക്ക് സാമ്പത്തികസഹായം നൽകി. വൈദീകനായിരുന്നപ്പോൾ നേതൃത്വം നൽകി ആരംഭിച്ച സഭാ യൂത്ത് ലീഗിന്റെ മാസികക്ക് നല്ല പ്രചാരം സിദ്ധിച്ചതും ഇക്കാലത്താണ്. അതുവരെ ആരും കൈവെയ്ക്കാൻ ധൈര്യപെടാത്ത ഭദ്രാസനദേവാലയം പുതുക്കിപണിതു. കാട്ടുമങ്ങാട്ട് വലിയ ബാവയുടേയും, ഇളയബാവയുടെ ഫോട്ടോകൾക്ക് മനുഷ്യമനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടികൊടുത്തത് സഭയ്ക്ക് മറക്കാനാവാത്ത നേട്ടമാണ്. ഭദ്രാസനദേവാലയം പുതുക്കിപണിയുന്നതിൽ നല്ലൊരുപങ്ക് തിരുമേനിയുടേയും മരിച്ചുപോയ വടക്കനെച്ചന്റേയും പ്രവർത്തനങ്ങളുടെ ഫലമായുണ്ടായ സംഭാവനകൾ മൂലമായിരുന്നുവെന്ന് ചരിത്രങ്ങൾ പരിശോധിച്ചാലറിയാം. രണ്ടു പേരും മത്സരിച്ചാണ് പിരിച്ചിരുന്നത്. സഭാ ഭരണത്തിൽ അദ്ദേഹത്തിന് താങ്ങും തണലുമായി എല്ലാ സംരക്ഷണങ്ങളും കൊടുത്ത് ഒരു വടവൃക്ഷത്തെ പോലെ വടക്കനെച്ചൻ നിലകൊണ്ടു. ഇത് ഭരണം കൊണ്ടുനടക്കാൻ വളരെ എളുപ്പമായിത്തീർന്നു. അതുപോലെ ഒരു പിതാവിന്റെ സ്നേഹവായ്പോടെ അച്ചന്റെ എല്ലാ കാര്യങ്ങളും തിരുമേനിയും ശ്രദ്ധിച്ചിരുന്നു. 1986 Aug 27ന് മെത്രാപ്പോലീത്തയായി സഭാ ഭരണത്തിൽ പ്രവേശിച്ച അഭിവന്ദ്യ തിരുമേനി ഭരണചുമതലകൾ പിൻഗാമിക്ക് ഏല്പിച്ചു കൊടുത്ത 2001 മെയ് മാസം വരേയും സഭയെ സംബന്ധിച്ചിടത്തോളം ശാന്തസുന്ദരമായ - കേസുകളും വഴക്കുകളുമില്ലാത്ത കാലഘട്ടമായിരുന്നുവെന്ന് ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. അവസാനമായി ഒരു വാക്ക് ഞാൻ സി. എം. യു. പി. സ്കൂളിലെ ഹെഡ്മാസ്റ്റർ ആയിരുന്ന അവസരത്തിൽ എന്നെ ഇംഗ്ലണ്ടിലേക്ക് തന്നോടൊപ്പം കൊണ്ടുപോവുകയും അവിടത്തെ സ്ക്കൂളുകളിൽ സന്ദർശനം നടത്തി മലയാളഭാഷ പരിചയപ്പെടുത്തി കൊടുക്കാൻ എന്നെ സഹായിച്ച വലിയ തിരുമേനിക്ക് നന്ദി പറയുന്നതിനോടൊപ്പം തിരുമേനിയായതിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ അദ്ദേഹത്തിന് എല്ലാവിധ ഭാവുകങ്ങളും ആയുസ്സും ആരോഗ്യവും നേർന്നുകൊള്ളുന്നു.

അങ്ങയുടെ [illegible] പ്രവർത്തക [illegible]

വിശ്രമമില്ലാത്ത ജീവിതം

BABU VARGHESE. K

അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് വലിയ തിരുമേനിയുടെ മേല്പട്ടസ്ഥാനാരോഹണത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ ദൈവകരങ്ങളിൽ സുരക്ഷിതമായി ഇത്രയും കാലം വഴിനടത്തിയ ദൈവത്തെ സ്തുതിക്കട്ടെ.

കഴിഞ്ഞ 25 വർഷം കടന്നുപോയത് വളരെപെട്ടെന്നായിരുന്നു മേല്പട്ടസ്ഥാനാരോഹണവും അധികം താമസിയാതെ നടന്ന ഭദ്രാസനദേവാലയത്തിന്റെ പുനർനിർമ്മാണവും മറ്റും ഇന്നലെ കഴിഞ്ഞതുപോലെ തോന്നിപ്പോകുന്നു. അഭിവന്ദ്യ തിരുമേനി ശെമ്മാശനായിരുന്ന കാലത്ത് ഭദ്രാസന അരമനയിലെ അദ്ദേഹത്തിന്റെ വൈദീക പരിശീലനങ്ങളും സുവിശേഷ പ്രവർത്തനങ്ങളിലുള്ള അതീവ താല്പര്യവും വിസ്മരിക്കത്തക്കതല്ല. അന്ന് തൊഴിയൂർ ഇടവകയിൽ ഉണ്ടായിരുന്ന യൂത്ത് ലീഗിൽ അദ്ദേഹം സജീവ പങ്കാളിയായിരുന്നു.

നമ്മുടെ സഭയ്ക്ക് സ്വന്തമായി ഒരു നമസ്ക്കാരക്രമവും കുർബ്ബാനക്രമവും അടങ്ങിയ പുസ്തകം 1982 ൽ തിരുമേനി വൈദികനായിരുന്ന കാലത്തായിരുന്നു പ്രസിദ്ധീകരിച്ചത്. അന്ന് അദ്ദേഹം സുവിശേഷസംഘത്തിന്റെ സെക്രട്ടറി ആയിരുന്നു. അന്നത്തെ മെത്രാപ്പോലീത്തായായിരുന്ന മാത്യൂസ് മാർ കൂറീലോസ് തിരുമേനിയാണ് പുസ്തകം പ്രകാശനം ചെയ്തത്. അതുവരെ നാം മറ്റു സഭകളുടെ നമസ്ക്കാരക്രമവും കുർബ്ബാനക്രമവുമാണ് ഉപയോഗിച്ചിരുന്നത്.

പൗരോഹിത്യ ശുശ്രൂഷയും അധ്യാപനവൃത്തിയും സഭയിലെ വിവിധ പ്രവർത്തനങ്ങളും സുവിശേഷ പ്രവർത്തനങ്ങൾക്ക് ഗതിവേഗം കൂട്ടാൻ സഹായിച്ചു. മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ടപ്പോഴും ആത്മീയമായി സഭയെ എങ്ങനെ ഉണർത്തുകയും ഉയർത്തുകയും ചെയ്യാമെന്ന് ചിന്തിക്കുകയും സുവിശേഷകരുടെ അഭിപ്രായങ്ങൾ ആരായുകയും ചെയ്തുകൊണ്ടിരുന്നു.

അന്നത്തെ സുവിശേഷസംഘത്തിന്റേയും പ്രത്യേകിച്ച് ശ്രീ. മാത്തുകുട്ടി മാസ്റ്റർ, ശ്രീ. ജോൺ വർഗ്ഗീസ് എന്നീ സുവിശേഷകരുടേയും വലിയ ആഗ്രഹമായിരുന്നു സഭാ അടിസ്ഥാനത്തിൽ ഒരു സുവിശേഷയോഗം സംഘടിപ്പിക്കുകയെന്നത്. അങ്ങനെ1987 ഡിസംബറിൽ കുന്നംകുളത്തെ സെന്റ് തോമസ് പള്ളിയിൽ വെച്ച് നമ്മുടെ സഭയുടെ ആദ്യത്തെ സുവിശേഷയോഗം നടന്നു. മാർത്തോമ്മ സഭയിലെ അന്നത്തെ പ്രമുഖ സുവിശേഷകനായിരുന്ന ദിവ്യശ്രീ പി.പി. അബ്രഹാം അച്ചനായിരുന്നു ആദ്യത്തെ പ്രാസംഗികൻ. തിരുമേനി മേല്പട്ടസ്ഥാനത്തേക്ക് ഉയർന്നതിന്ശേഷമുള്ള ആദ്യകാല സുവിശേഷസംരംഭങ്ങളിൽ എടുത്തുപറയത്തക്ക ഒന്നായിരുന്നു ഈ സുവിശേഷയോഗം.

സണ്ടേസ്ക്കൂൾ കുട്ടികളുടെ ക്യാമ്പ് നവീകരിക്കുകയും കുട്ടികൾക്കു വേണ്ടി പ്രവർത്തിക്കുന്ന സി എസ് എസ് എം തുടങ്ങിയ സംഘടനകളുടെ സേവനം നമുക്ക് ലഭ്യമാക്കുകയും ചെയ്തത് ഈ അവസര

ത്തിലാണ്. കുഞ്ഞുങ്ങളെ ദൈവാശ്രയ ബോധമുള്ളവരായി വളരുവാൻ ഈ ക്യാമ്പുകൾ മുഖാന്തിരമായി. കൂടാതെ സുവിശേഷകർക്കും സണ്ടേസ്ക്കൂൾ അധ്യാപകർക്കും സ്ത്രീസമാജങ്ങൾക്കും വേണ്ടി സഭാ സുവിശേഷ യോഗത്തിന്റെ ഭാഗമായി ഒരു ഏകദിനക്യാമ്പ് വർഷംതോറും നടത്തിവന്നിരുന്നു. സഭയെ ആത്മീയമായി വളരുവാൻ ഈ പ്രവർത്തനങ്ങൾ ഒത്തിരി സഹായിച്ചു.

മധ്യവേനലവധിക്കാലം ഫലപ്രദമാക്കുവാൻ സണ്ടേസ്ക്കൂൾ കുട്ടികൾക്കായി വെക്കേഷൻ ബൈബിൾ സ്ക്കൂൾ (വി ബി എസ്) പല ഇടവകകളിലായി ആരംഭിച്ചതും ഈ കാലഘട്ടത്തിലാണ്. എറണാകുളത്തുവെച്ചു നടത്തിയ സതേൺ സോൺ സണ്ടേസ്ക്കൂൾ ക്യാമ്പും ഒരിക്കലും വിസ്മരിക്കാനാവാത്ത ഒരു അനുഭവമായിരുന്നു.

സുവിശേഷകരുടെ ആഭിമുഖ്യത്തിൽ ഓരോ ഇടവകയിലും ഭവനപ്രാർത്ഥനകൾ ക്രമീകരിച്ചതും വാഹന സൗകര്യം ഉപയോഗിച്ച് സുവിശേഷപ്രവർത്തനങ്ങൾ നടത്തിയിരുന്നതും ശ്രദ്ധേയമാണ്. സർവ്വശ്രീ. പി. റ്റി. തമ്പി, പി. ഐ. തമ്പി, ശീമോൻ കെ. എം., ജെയിംസ് പഴുന്നാൻ തുടങ്ങിയ ചെറുപ്പക്കാരെ സുവിശേഷമേഖലയിലേക്ക് കൈപിടിച്ചുയർത്തിയതും തിരുമേനി വൈദികനായിരുന്ന കാലത്തായിരുന്നു.

ആധുനിക കാലഘട്ടത്തിൽ പ്രശ്നസങ്കീർണ്ണമായ അവസ്ഥയിൽ നിന്നും മോചനം നേടാൻ പ്രാർത്ഥനയ്ക്കു മാത്രമേ സാധിക്കൂ എന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ആരംഭിച്ച മദ്ധ്യസ്ഥധ്യാനപ്രാർത്ഥനഅനേകർക്ക് ആശ്വാസവും സമാധാനവും നൽകുന്നു. അതോടൊപ്പം സഭയ്ക്കുവേണ്ടി പ്രവർത്തിച്ചിട്ടുള്ള വ്യക്തികൾക്കും ഇതര മേഖലകളിൽ ഉന്നത വിജയം നേടിയവർക്കും നൽകുന്ന ആദരവും അംഗീകാരവും സഹായവും ശ്രദ്ധേയമാണ്.

നമ്മുടെ സഭയിലെ മാത്രമല്ല. ഇതര സഭകളിലേയും വ്യക്തികളുമായുള്ള അടുത്ത സുഹൃദ്ബന്ധം തിരുമേനിയെ മറ്റുള്ളവരിൽ നിന്ന് എന്നും വ്യത്യസ്തനാക്കിത്തീർക്കുന്നു. വ്യക്തിപരമായി അധ്യാപക ജോലി തെരഞ്ഞെടുക്കുവാൻ എനിക്ക് പ്രേരണ നൽകിയതും തിരുമേനിയായിരുന്നു.

വിശ്രമമില്ലാത്ത ജീവിതവും പ്രവർത്തനസന്നദ്ധതയും ആത്മീയചൈതന്യവും നിറഞ്ഞുനിൽക്കുന്ന അഭിവന്ദ്യ തിരുമേനിക്ക് കൂടുതൽ ഉയരങ്ങളിലേക്കുള്ള പടവുകൾ ചവിട്ടികയറാൻ സർവ്വശക്തൻ ഇടയാക്കട്ടെ. അതോടൊപ്പം കൂടുതൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനുള്ള ആയുസ്സും ആരോഗ്യവും ദർശനവും വചനത്തിന്റെ ശക്തിയും ദൈവംതമ്പുരാൻ നൽകട്ടെയെന്നും ഇനിയും അനേകം ജൂബിലികൾ ആഘോഷിക്കുവാൻ സാധിക്കട്ടെയെന്നും ആത്മാർത്ഥമായി ആശംസിക്കുന്നു. ഈ വലിയ സന്തോഷത്തിൽ എളിയവനായ എനിക്കും പങ്കാളിയാകുവാൻ സാധിച്ചതിൽ ഞാൻ കൃതാർത്ഥനാണ്.

വാത്സല്യം നിറഞ്ഞ ഞങ്ങളുടെ തിരുമേനിയ്ക്ക് പ്രാർത്ഥന നിറഞ്ഞ ആശംസകൾ

ഉപ്പാപ്പനും കുടുംബവും (Kundukulangara Varathappan Ittoop - Anjoor)

വിശ്വാസികളുടെ സങ്കടം – ദൈവത്തിന്റെ മഹത്വം

പി.സി. തമ്പി,
എറണാകുളം

"കരതെറ്റി കടലാകെ ഇളകുമ്പോൾ അഴലുമ്പോൾ, മറപറ്റി അണയുമെൻ ചാരെ
തകരുന്ന തോണിയും ആഴിയിൽ താഴാതെ, കരപറ്റാൻ കരം നൽകും ദൈവം."

25 വർഷം മേല്പട്ടക്കാരനായി സഭയെസേവിച്ച് സാഹിത്യഭാഷയിലെ വെള്ളിത്തിളക്കമുള്ള ഒരു കാലഘട്ടം അഥവാ പദവിയിൽ നിറഞ്ഞു നിൽക്കുന്ന അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലിത്തായ്ക്ക് പ്രാർത്ഥനാപൂർണ്ണമായ അനുമോദനങ്ങൾ നേരുന്നു. അദ്ദേഹം ഇന്നെത്തി നിൽക്കുന്ന തിളക്കത്തിനു പിന്നിലെ അനുഭവങ്ങൾ ത്യാഗപൂർണ്ണമാണ്. അല്പം വേദനയും കാണും. എന്നാൽ അതൊന്നും തന്റെ മുന്നിലുള്ള ഓട്ടത്തിന് വിഘാതമായിരുന്നില്ല. പകരം അവയെ ഉയരങ്ങളിലേക്കുള്ള ഗോവണിയായി കണ്ട് സഭയുടെ യശസ്സ് സ്വർഗ്ഗീയ തേജസ്സിനോടടുപ്പിക്കാൻ അവയെ രൂപാന്തരപ്പെടുത്താനുള്ള അക്ഷീണ പരിശ്രമങ്ങളാണ് മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പതിമൂന്നാമത്തെ മെത്രാപ്പോലിത്താ ജോസഫ് മാർ കൂറിലോസ് തിരുമേനിയെ സഭാചരിത്രത്തിൽ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. തീയിൽ കുരുത്തത് വെയിലത്ത് വാടുകയില്ലെന്ന ചൊല്ലുണ്ട്. തൊഴിയൂർ സഭയുടെ വിവിധ ഇടവകകളിൽ നിന്ന് വ്യാപാര സംബന്ധമായി കുടുംബങ്ങളായി താമസിക്കുന്നവരുടെ മാനസിക ഭാരം നിറഞ്ഞ ആവലാതികൾ, (രോഗികൾക്കു വേണ്ടിയുള്ള തൈലാഭിഷേകം, ആവശ്യഘട്ടങ്ങളിലെ വി. കുർബാനഅനുഭവിക്കൽ തുടങ്ങിയവയെപ്പറ്റി) സ്വീകരണതിരക്കിനിടയിൽ മാറ്റിവെക്കാതെ മെത്രാപ്പോലിത്തയായി 1986ൽ സ്ഥാനാരോഹണം ചെയ്യപ്പെട്ട് അധികം വൈകാതെ, അവയ്ക്ക് പരിഹാരം അന്വേഷിച്ച് എറണാകുളത്തു വന്നു. ഹോട്ടൽമുറിയിൽ സഭാമക്കൾ വേവലാതികൾ തുറന്നു. പരിഹാരനിർദ്ദേശങ്ങളും കേട്ടു. പ്രഥമപദ്ധതിയുടെ ആദ്യശബ്ദം ചതിയുടേതാണെന്ന് മുന്നരവർഷം കഴിയുന്നതുവരേക്കും അദ്ദേഹത്തിനും ഞങ്ങളിൽ പലർക്കും മനസ്സിലായില്ല. പദ്ധതി കരതെറ്റി ഇളകി. സഭയ്ക്കു പേരുദോഷം വരത്തക്ക രീതിയിൽ എറണാകുളത്തു ദേവാലയനിർമ്മിതിക്കുവേണ്ടി രൂപം കൊണ്ട വിപുലമായ കുറി, അതിവിപുലമായി താളം തെറ്റി. പലരും കാലുകൾ ഉറപ്പിക്കാൻ ആ കുറിയെ ചതിച്ചെന്നു മനസ്സിലാകും മുന്നെ തന്നെ ആയതിന്റെ ചുക്കാൻ പിടിച്ചവർ മരണഭയവുമായി അരമനയിലെത്തി. "ലക്ഷത്തിന്റെ കാൽ ഭാഗം കിട്ടാതെ എറണാകുളത്തെത്തിയാൽ ഞങ്ങൾ രണ്ടുമൂന്നുപേർക്ക് അംഗഭംഗമോ ജീവനാശമോ വന്നുഭവിക്കും". സഹോദരീ ഭർത്താവിൽ നിന്ന് തൽകാലം 'കാല്' വാങ്ങി കുറിവട്ടം എത്തിയാൽ കൊടുക്കാമെന്നുറപ്പിന്മേൽ ആയതിന് സങ്കടനിവൃത്തി വരുത്തി. ഇന്നുവരേയും ആ 'കാല്' കഷ്ടത്തിൽ തന്നെ. ദുഷ്പേര് മാറ്റാൻ ഇനി എന്തു വേണം? ശാന്തന്മാരായിരുന്നവർ പറഞ്ഞു. നമുക്ക്

ദൈവസന്നിധിയിൽ അപേക്ഷിച്ച് പൊതുജനങ്ങളോട് സംഭാവന ചോദിക്കാം. നല്ലമനസ്സുകൾ മുഴുവൻ കെട്ടുപോയിട്ടില്ല. കരപറ്റാൻ കരം നൽകുന്ന ദൈവം മെത്രാപ്പോലിത്താ തിരുമേനിയെ തന്നെ മാലോകർക്കു മുന്നിൽ സഭാമക്കളോടൊപ്പം ഇറക്കി. തകരുന്ന തോണി ആഴിയിൽ താഴാതെ ശക്തമായ തീരത്ത് ഉറച്ചു. സഭാമക്കളുടെ ആവലാതിക്കു അറുതി വന്നു. സഭാചരിത്രഗോവണിയിൽ അഭിവന്ദ്യ തിരുമേനി ഒരുപടി കൂടി ഉയരത്തിൽ കയറി. സ്വന്തത്തിൽ നിന്ന് കടംവാങ്ങിയ 'കാല്' കായലോരത്ത് തമ്പടിച്ചവരുടെ കീശയിലും. ഈ നടപടികളെല്ലാം പൂർത്തീകരിക്കുമ്പോൾ എന്തായിരുന്നു ദൈവീക കൃപ?

ആലത്തൂർ പനക്കൽ കുടുംബത്തിലെ മറ്റൊരു താവഴിയിലെ ജോസ്, ജോർജ്ജ് സഹോദരന്മാരുടെ ലോഡ്ജിൽ സൗജന്യമായ ഉറക്കം. സഭാമക്കളുടെയും അഭ്യുദയകാംക്ഷികളുടെയും ഭവനത്തിൽ നിന്നും പ്രാതൽ. സെപ്തംബർ 17-1991 - പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവയുടെ നാമത്തിൽ എറണാകുളത്ത് പള്ളി നിർമ്മിതിക്ക് ആവശ്യമായ സംഭാവനകൾ പിരിച്ചെടുക്കാൻ വേണ്ടി രണ്ടു കാറുകളിലായി പ്രഭാതത്തിൽ 7 മണിക്കു പുറപ്പെടുവാൻ പന്ത്രണ്ടോളം പേർ തിരുമേനിയോടൊപ്പം കൂടിനിൽക്കുന്നു. അല്പം നിമിഷങ്ങൾ ബാക്കിനിൽക്കെ 'എന്റെ സഹോദരി മരണത്തോടടുക്കുന്നു. മരണസമയത്ത് പ്രാർത്ഥിക്കാൻ പട്ടക്കാരില്ല. ഒന്നുവന്ന് സഹായിക്കണം' റവ. ഡോ. വി.സി. ചാക്കോ അച്ചനോടൊപ്പം അദ്ദേഹത്തിന്റെ ഒരു ബന്ധു സങ്കടത്തോടെ അപേക്ഷിച്ചു. ഒന്നരമണിക്കൂറിനകം ഞങ്ങളെല്ലാവരും ആ ഭവനത്തിൽ എത്തി. ആളുകളുടെ ബാഹുല്യം മൂലം ഒരു മരണവീടുപോലെ തോന്നി. അകത്തുചെന്നപ്പോൾ മനസ്സിലായി രോഗി മരിച്ചിട്ടില്ല. അഭിവന്ദ്യ തിരുമേനിയുടെ ഹൃത്തടത്തിൽ നിന്നുയർന്ന ശക്തിയേറിയ ദൈവീകവചനം കണ്ണുനീർതൂകി നെടുനിശ്വാസമുതിർത്ത ആ ജ്യേഷ്ഠത്തിയോടു പറഞ്ഞു. "എന്റെ മുന്നിൽ കരഞ്ഞിട്ട് കാര്യമില്ല. ക്രൂശിതനായ കർത്താവിന്റെ രക്ഷണ്യഅനുഭവം മനസ്സിലുറപ്പിച്ച്, മരണത്തെ ജയിച്ചുയർത്ത ക്രിസ്തുവിനോട് പശ്ചാത്താപപൂർവ്വം പ്രാർത്ഥിച്ചു കരഞ്ഞാൽ, ഒരുപക്ഷേ ഗുണം കിട്ടിയേക്കാം. പേവിഷമിളകിയ കുഞ്ഞിനേയും, ശെമ്മാശ്ശനേയും ലോകം ഇന്നുവരേയും കണ്ടിട്ടും അറിഞ്ഞിട്ടുമില്ലാത്ത രീതിയിൽ മനസ്സുരുകിയ പ്രാർത്ഥനയാൽ പരിപൂർണ്ണസൗഖ്യമാക്കുവാൻ രണ്ടു മെത്രാപ്പോലിത്താമാരെ വഴിനടത്തിയ ദൈവം (പരിശുദ്ധ കാട്ടുമങ്ങാട്ട് അബ്രഹാം മാർ കൂറീലോസ് ബാവാ മുസ്ളീം കുഞ്ഞിനേയും, മാളിയേക്കൽ ജോസഫ് ശെമ്മാശ്ശനെ ആലത്തൂര് വലിയ തിരുമേനിയും രണ്ടു കാലഘട്ടങ്ങളിൽ സൗഖ്യമാക്കിയ കാര്യം തിരുമേനി വിവരിച്ചു) ജ്യേഷ്ഠത്തിയുടെ കണ്ണുനീരണിഞ്ഞ മനസ്സുരുകിയ പ്രാർത്ഥനയേയും കൈക്കൊണ്ട് സൗഖ്യത്തിലേക്ക് വഴി നടത്തും" ഇതുപറഞ്ഞ് തിരുമേനി കൗമാ ചൊല്ലി പ്രാർത്ഥിച്ച്, ശാന്തമായിരിക്കുവാൻ പറഞ്ഞ് ആശ്വസിപ്പിച്ച്, മുറിക്കകത്തും മറ്റും ചുറ്റും കൂടിയവരോടും "ഈ സഹോദരിയെ ഏകാന്തമായി പ്രാർത്ഥിക്കുവാൻ അനുവദിച്ച് നിങ്ങളും പുറത്തുപോകണമെന്ന്" കല്പിച്ച് മുറിക്കു പുറത്തിറങ്ങി. മെയിൻ ഹാളിൽ ഞങ്ങൾക്കൊരുക്കിയ കാപ്പി കുടിക്കാനൊരുങ്ങുമ്പോൾ, അതാ ആ സ്ത്രീരൂപം നടന്നടുക്കുന്നു. മരിക്കാൻ പോയ സ്ത്രീയെ അത്ഭുതകരമായി ദൈവം വീണ്ടെടുത്തതിന് സാക്ഷ്യം വഹിച്ചത് മരണം കാണാനെത്തിയ കുടംബക്കാരും പരിശുദ്ധ കാട്ടുമങ്ങാട്ട് അബ്രഹാം മാർ കൂറിലോസ് ബാവയുടെ നാമത്തിൽ പള്ളിപണിക്ക് സംഭാവനതേടി ഇറങ്ങിയ ഞങ്ങളും. അഭിവന്ദ്യ തിരുമേനിയെ വീടിനുപുറത്തെ വരാന്തയിലെ കാർപോർച്ചുവരേയും മരണസന്നയായി കിടന്ന ആ സഹോദരി നടന്നത്, ദൈവം നടത്തിയത്, എറണാകുളം പള്ളിയുടെ നിർമ്മാണ ആരംഭം മുതൽ തന്നെ ദൈവകൃപയാൽ നിറയും എന്നതിന് തക്കതെളിവ് അഭിവന്ദ്യ തിരുമേനിക്കും ഞങ്ങൾക്കും നൽകുകയായിരുന്നുവെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. പിന്നീട് രണ്ടാഴ്ച കൂടുമ്പോൾ എറണാകുളത്തേക്ക് ദേവാലയനിർമ്മാണ കളക്ഷനു വരുമ്പോഴൊക്കെ ആ ഭവനത്തിൽ സൗഖ്യമാക്കപ്പെട്ട ആ ദാസിയുടേയും ഭർത്താവിന്റേയും ഏകമകന്റേയും ചായസൽക്കാരം ഏകദേശം നാലുമാസക്കാലം തിരുമേനിക്കു ലഭിച്ചു എന്ന് തിരുമേനി തന്നെ പലപ്പോഴും ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. Cochin Universityയിലെ Psychology Deptൽ പ്രൊഫസറായ Dr. Mrs. Molly Alexander ആണ് ആ സഹോദരി എന്ന് പിൽക്കാലത്ത് അവരിൽ നിന്നു തിരിച്ചറിഞ്ഞപ്പോൾ 'സർവ്വജ്ഞാനത്തേയും കവിയുന്ന ദൈവീക സ്നേഹവും സകലബുദ്ധിയേയും കവിയുന്ന സമാധാനവുമാണ് മനുഷ്യന് ആശ്രയിക്കാനൊക്കുന്നത്' എന്നായിരുന്നു തിരുമേനിയുടെ പ്രതികരണം. 1995 ആഗസ്റ്റ് മാസം 26, 27 തീയ്യതികളിൽ എറണാകുളം സിറ്റിയുടെ ഹൃദയഭാഗമായ ചിറ്റൂർ റോഡിലെ സെമിത്തേരിമുക്കിൽ മാർ കൂറിലോസ് ബാവാ ഇടവക പള്ളി അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്താ കൂദാശ ചെയ്ത് എറണാകുളത്തെ സഭാമക്കളുടെ ആത്മീകാവശ്യങ്ങൾക്ക് പരിഹാരവും, മലബാർ സ്വതന്ത്രസുറിയാനി സഭക്ക് അഭിമാനവും ഏകി.

അനേകരെ പ്രാർത്ഥനാകരങ്ങളിലൂടെ ദൈവിക മാഹാത്മ്യത്തിലേയ്ക്ക് വഴിനടത്താൻ എടുത്തുപ്രയോഗിച്ച അഭിവന്ദ്യനായ വലിയ മെത്രാപ്പോലീത്തായ്ക്ക് സർവ്വശക്തനായ ദൈവം തമ്പുരാൻ സമൃദ്ധിയായി സൗഖ്യസമാധാനം നൽകി അനുഗ്രഹിക്കട്ടെയെന്ന് സിൽവർജൂബിലി ആഘോഷിക്കുന്ന ഈ വേളയിലും പ്രാർത്ഥിക്കുന്നു. സ്നേഹം നിറഞ്ഞ ആശംസകൾ നേരുകയും ചെയ്യുന്നു.

***

മംഗളാശംസകളോടെ......

Rev. DR. CHACKO VALIKKODATH, PADIVATTOM

മോസ്റ്റ് റവ. ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്തായുടെ സ്ഥാനാഭിഷേകത്തിന്റെ രജതജൂബിലി കൊണ്ടാടുന്ന ഈ സമയത്ത് അദ്ദേഹത്തിന് എന്റെ സ്നേഹാദരവോടുകൂടിയുള്ള ഹൃദയംഗമമായ അഭിനന്ദനങ്ങൾ.

തിരുമേനിയുടെ മനുഷ്യസ്നേഹത്തിന്റെ ഉറവിടം നിരന്തരമായ ദൈവാശ്രയമാണ്. ജീവിതലാളിത്യവും ആത്മാർത്ഥതയും അദ്ദേഹത്തിന്റെ മുതൽകൂട്ടാണ്. എല്ലാ തരത്തിലുള്ള ആളുകൾക്കും ഒരുപോലെ സ്നേഹവും ബഹുമാനവുമുള്ള ഒരു ധന്യജീവിതമാണ് തിരുമേനിയുടേത്. മറ്റുള്ളവരെക്കുറിച്ച് ആത്മാർത്ഥമായ കരുതൽ തിരുമേനിക്ക് എപ്പോഴും ഉണ്ട്. വിനയം തിരുമേനിയുടെ മുഖമുദ്രയാണ്.

സഭയുടെ അഭിവൃദ്ധിക്കുവേണ്ടി ഇത്രയും കാലയളവിൽ തിരുമേനി വളരെയധികം പ്രവർത്തിച്ചിട്ടുണ്ട്. പഴയപള്ളികൾ പുതുക്കിപണിയുവാനും പുതിയ പള്ളികൾ സ്ഥാപിക്കുന്നതിലും അതീവ താല്പര്യം കാണിച്ചു. നമ്മുടെ സഭയുടെ മാഹാത്മ്യം പാശ്ചാത്യരാജ്യങ്ങളിലേക്ക് എത്തിക്കാനും അതിന്റെ നല്ല പ്രതികരണം അറിയുവാനും സാധിച്ചു.

ഞാൻ 1988 ൽ കശ്ശീശ പട്ടം തിരുമേനിയിൽ നിന്നും സ്വീകരിച്ചത് നന്ദിപൂർവ്വം ഈ സമയത്ത് ഓർക്കുകയാണ്. ഗോവയിൽ ജോലിചെയ്യുകയായിരുന്ന എനിക്ക് ആ സമയത്ത് തിരുമേനിയുടെ പ്രയത്നംമൂലം അവിടെയുള്ള പള്ളിയിൽ ക്രമമായി വി. കുർബ്ബാനഅർപ്പിക്കുന്നതിനുള്ള അവസരം ലഭിച്ചതും നന്ദിയോടെ ഈ സമയത്ത് ഞാൻ ഓർക്കുന്നു.

എല്ലാ തലത്തിലും ശോഭിക്കുന്ന തിരുമേനിക്ക് ആയുസ്സും ആരോഗ്യവും പ്രദാനം ചെയ്യുന്നതിന് സർവ്വശക്തനായ ദൈവത്തോട് പ്രത്യേകം പ്രാർത്ഥിക്കുന്നു. അഭിവന്ദ്യതിരുമേനിക്ക് സർവ്വവിധമംഗളാശംസകളോടെ.

ആധുനിക കാലഘട്ടത്തിലെ
സുവർണ്ണ കാലം

ജോസഫ് ചാലിശ്ശേരി
(പ്രസിഡണ്ട് കൊച്ചിൻ സഹകരണ കാർഷിക-ഗ്രാമ വികസനബാങ്ക്, തൃശ്ശൂർ)

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലിത്താ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനി മേല്പട്ട സ്ഥാനമേറ്റിട്ട് 25 വർഷം പൂർത്തിയാകുന്നു എന്ന് അറിയുന്നതിലും അതോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണികയിൽ ഒരു സന്ദേശം നൽകുവാൻ അവസരം ലഭിച്ചതിലും എനിക്ക് ഏറെ സന്തോഷമുണ്ട്. തിരുമേനിയും ഞാനുമായി സഹോദരസമാനമായ ആത്മബന്ധമാണുള്ളത്. അത് വളരെ കാലമായി വളർന്നു വരുന്നു. പൊതു രംഗത്തുള്ള ഒരു എളിയ പ്രവർത്തകനായ എനിക്ക് തിരുമേനിയിൽ നിന്ന് ലഭിച്ചുവരുന്ന പ്രോത്സാഹനവും പിന്തുണയും വളരെ വലുതാണ്. തിരുമേനി എനിക്കും എന്റെ കുടുംബത്തിനും വേണ്ടി പ്രാർത്ഥിക്കുന്നുവെന്ന് എനിക്കറിയാം. ആ പ്രാർത്ഥനയുടെ കൂടി ഫലമാണ് പ്രതികൂല സാഹചര്യങ്ങളെ എനിക്ക് അതിജീവിക്കുവാൻ ആവുന്നത് എന്ന് ഞാൻ വിശ്വസിക്കുന്നു.

തിരുമേനി അച്ചനായും, അദ്ധ്യാപകനായും പ്രവർത്തിക്കുന്ന സന്ദർഭത്തിലാണ് എനിക്ക് പരിചയപ്പെടാനും പരസ്പരം അറിയുവാനും അവസരം ലഭിക്കുന്നത്. എന്റെ ജ്യേഷ്ഠൻ (മാതൃസഹോദരി പുത്രൻ) കൊരട്ടിക്കര ചെറുവത്തൂർ ഉക്രു മകൻ കൊച്ചുണ്ണിയും, എന്റെ മറ്റൊരു ജ്യേഷ്ഠൻ (പിതൃസഹോദരി പുത്രൻ) ചാലിശ്ശേരി ചെറുവത്തൂർ ഉതുപ്പു മകൻ ജോർജ്ജുമായി തിരുമേനിക്കുണ്ടായിരുന്ന സൗഹൃദവും തിരുമേനിയുമായി കൂടുതൽ അടുക്കുവാൻ സഹായകമായി. മേൽപറഞ്ഞ രണ്ടുപേരും ഇന്ന് നമ്മോടൊപ്പം ഇല്ല. ഇവർ മലബാർ സ്വതന്ത്ര സുറിയാനിസഭയുടെ വിവിധ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നവരാണ്. കൊരട്ടിക്കര മാർ കൂറിലോസ് പള്ളി കൊച്ചുണ്ണി ജ്യേഷ്ഠന്റെ ഒരു സ്വപ്നസാഫല്യമായിരുന്നു. പള്ളി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ കൊരട്ടിക്കരയിലെ മറ്റ് ഇടവകാംഗങ്ങളോടൊപ്പം കഷ്ടപ്പാടുകൾ സഹിച്ചിട്ടുള്ള അദ്ദേഹം പള്ളിയിലെ ആരാധനയിൽ ശുശ്രൂഷകനായും പങ്കെടുത്തിരുന്നു. പള്ളിക്കാര്യങ്ങളിൽ കൊച്ചുണ്ണി ജ്യേഷ്ഠൻ അനുവർത്തിച്ചിരുന്ന ശുഷ്കാന്തിയും നിഷ്കർഷയും മാതൃകാപരമായിരുന്നു.

ദൈവാനുഗ്രഹത്തിനായി ഞാൻ പലപ്പോഴും ആശ്രയിച്ചിരുന്ന ദേവാലയങ്ങളിലൊന്നാണ് പരിശുദ്ധ കാട്ടുമാങ്ങാട്ടെ ബാവമാരാൽ സ്ഥാപിച്ച തൊഴിയൂർ ഭദ്രാസനദേവാലയം. പ്രശ്നങ്ങളും പ്രതിസന്ധികളും അസുഖങ്ങളുമൊക്കെ വന്നു ഭവിക്കുമ്പോൾ പ്രാർത്ഥിക്കാനായി ഈ പരിശുദ്ധ ദേവാലയത്തിൽ വരുന്ന സന്ദർഭങ്ങളിൽ അഭിവന്ദ്യ തിരുമേനിയുടേയും ബഹു. വടക്കനച്ചന്റേയും സ്നേഹവാത്സല്യങ്ങൾ ആവോളം ഞാൻ അനുഭവിച്ചിട്ടുണ്ട്.

പാരമ്പര്യം കൊണ്ടും അത്ഭുതസിദ്ധികൊണ്ടും പ്രസിദ്ധമായ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ആധുനിക കാലഘട്ടത്തിലെ സുവർണ്ണ കാലഘട്ടമായിരുന്നു അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനിയുടെ ഭരണകാലം. രാജ്യത്തിനകത്തും പുറത്തും നിരവധി സ്ഥലങ്ങൾ സന്ദർശിച്ചിട്ടുള്ള തിരുമേനിയുടെ കാലഘട്ടത്തിൽ ഈ സഭയുടെ പാരമ്പര്യവും പ്രാധാന്യവും രാജ്യമറിഞ്ഞു, ലോകമറിഞ്ഞു. ക്രിസ്ത്യൻ സഭകളുടെ ഇന്ത്യയിലെ പൊതു സംഘടനയായ **National Council of Churches of India**യിലും ബാംഗ്ലൂരിലെ **Ecumenical Christian Centre** ലും സഭയ്ക്ക് അംഗത്വം ലഭിച്ചത് വലിയ തിരുമേനിയുടെ അശ്രാന്തപരിശ്രമം മൂലമാണ്. **Netherland** ആസ്ഥാനമായുള്ള **Ecumenical Development Christian Co- Op- Society- Hong-Kong** ആസ്ഥാനമായുള്ള **Christian Conference of Asia** എന്നീ പ്രസ്ഥാനങ്ങളിലെ അംഗത്വം മറ്റു വിദേശ രാജ്യങ്ങളിലും അറിയപ്പെടാൻ കാരണമായി. വലിയ തിരുമേനിയുടെ ആത്മമിത്രമായ ദൈവശാസ്ത്രപണ്ഡിതൻ **Rev. Dr. John Fenwick** ഇംഗ്ലീഷിൽ രചിച്ച " **The Malabar Independent Syrian Church**", "**The Forgotten Bishops**" എന്നീ രണ്ടു ഗ്രന്ഥങ്ങൾ മലബാർ സ്വതന്ത്ര സുറിയാനി സഭയെ ലോകത്തിന് പരിചയപ്പെടുത്തിക്കൊടുക്കാൻ പര്യാപ്തമായി. തിരുമേനിയുടെ പരിശ്രമഫലമായി മറ്റു ആറ് പുസ്തകങ്ങൾ കൂടി പ്രസിദ്ധീകരിക്കപ്പെട്ടു.

സമൂഹത്തിലെ കഷ്ടപ്പെടുന്നവരോട് പ്രത്യേക കരുതലും, കാവലും തിരുമേനിയുടെ പ്രവർത്തനരംഗങ്ങളിലെല്ലാം പ്രകടമായിരുന്നു. ആരാധനയ്ക്കൊപ്പം നിരാലം

ബരും നിരാശ്രയരുമായവരെ സഹായിക്കുക കൂടി ചെയ്താലേ ക്രൈസ്തവ ദർശനം സഫലമാകു എന്ന് വിശ്വസിച്ചും ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി തിരുമേനി അച്ചനായിരുന്നപ്പോൾ 1984-ൽ മലബാർ സ്വതന്ത്ര സുറിയാനി സഭ യൂത്ത് ലീഗ് എന്ന സംഘടനക്കു രൂപം നൽകി. യുത്ത് ലീഗിന്റെ പ്രഥമ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 2001 വരെ ആ സ്ഥാനത്ത് തുടർന്നു. 'സ്നേഹസന്ദേശം', 'കുഞ്ഞാടുകളുടെ വെളിച്ചം' എന്നീ പേരുകളിൽ തിരുമേനിയുടെ മുഖ്യ പത്രാധിപത്യത്തിൽ മാസിക പ്രസിദ്ധീകരിച്ച് സഭയിൽ ആത്മീയ ചൈതന്യവും യുവാക്കളിൽ സന്മാർഗ്ഗ ബോധവും സാഹിത്യ അഭിരുചിയും വളർത്താൻ പ്രയത്നിച്ചു. യൂത്ത് ലീഗിന്റെ ആഭിമുഖ്യത്തിൽ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. വിശദമായ പ്രവർത്തന റിപ്പോർട്ടുകളും ഓഡിറ്റു ചെയ്ത വരവു ചെലവു കണക്കുകളും ഓരോ വർഷത്തേയും പ്രവർത്തനമാർഗ്ഗ നിർദ്ദേശങ്ങളുമായി കൃത്യമായി വാർഷിക സമ്മേളനങ്ങൾ നടത്താൻ തിരുമേനി പ്രത്യേകം ശ്രദ്ധിച്ചു. ഉത്ഘാടനസമ്മേളനം മുതൽ എല്ലാ വാർഷിക സമ്മേളനങ്ങളിലും പങ്കെടുക്കാൻ തിരുമേനി എനിക്ക് അവസരം നല്കിയിരുന്നുവെന്നത് കടപ്പാടുകളോടെ ഇവിടെ ഓർക്കുകയാണ്. വാർഷിക സമ്മേളനത്തിൽ മാത്രമല്ല തിരുമേനി മുൻകയ്യെടുത്ത് നടത്തുന്ന ഏത് പരിപാടിയിലും എന്റെ സാന്നിധ്യം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു എന്നത് നിസ്സാരനായ എന്നെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ അനുഭവമാണ്. തിരുമേനിയുടെ നല്ല മനസ്സിനു മുന്നിൽ ഞാൻ നമ്രശിരസ്കനാവുന്നു.

ആകസ്മികമായുണ്ടായ അസുഖങ്ങളിൽ നിന്ന് തിരുമേനി അത്ഭുതകരമായി രക്ഷപ്പെട്ടത് ദൈവാനുഗ്രഹം ഒന്നുകൊണ്ടു മാത്രമാണ്. തിരുമേനിക്ക് പെട്ടെന്നുണ്ടായ അസുഖ വിവരം കേട്ടറിഞ്ഞ നാനാജാതി മതസ്ഥരായ ജനസമൂഹത്തിന്റെ കണ്ണുനീരോടുകൂടിയ പ്രാർത്ഥനസർവ്വശക്തനായ ദൈവം കേട്ടു. ജനങ്ങൾ തിരുമേനിയെ എത്രമാത്രം സ്നേഹിച്ചിരുന്നുവെന്നത് ഈ സംഭവം വഴി സമൂഹത്തിന് ബോധ്യപ്പെട്ടു. മേൽപ്പട്ട സ്ഥാനാരോഹണത്തിന്റെ രജതജൂബിലി വർഷത്തിലെത്തി നിൽക്കുന്ന വലിയ തിരുമേനിക്ക് സമൂഹത്തിന് നന്മചെയ്ത് നിരവധി വർഷം പ്രവർത്തിക്കാൻ കരുണാസമ്പന്നനായ ദൈവം കൃപ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. രജതജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണികയ്ക്ക് എല്ലാ ആശംസകളും നേരുന്നു.

ആചാര്യനായ

ബിഷപ്പ് ജോസഫ് മാർ കൂറിലോസ്

ഡോ. തോളൂർ ശശീധരൻ Ph.D.

തൊഴിയൂർ ഭദ്രാസനത്തിന്റെ വലിയമെത്രാപ്പോലീത്തായും കേരളീയ ബിഷപ്പുമാരിലെ സഹൃദയനും സാത്വികനും പണ്ഡിതനുമായ ജോസഫ് മാർ കൂറിലോസ്, ബിഷപ്പായി അവരോധിതനായിട്ട് കാൽനൂറ്റാണ്ടു പൂർത്തിയാകുന്ന ഈ വേളയിൽ അദ്ദേഹത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

ഞാനും എന്റെ സ്നേഹിതൻ വട്ടക്കുന്നേൽ ജയ്ക്കോച്ചനും അദ്ദേഹത്തെ ആത്മീയ പിതാവും വഴികാട്ടിയുമായി സ്വീകരിച്ചിട്ട് ഏതാണ്ടു കാൽ നൂറ്റാണ്ടായി. അദ്ദേഹം മേല്പട്ടസ്ഥാനം സ്വീകരിച്ച കാലം മുതലേ ഞങ്ങൾ അദ്ദേഹത്തെ ആദരിച്ചിരുന്നെന്നർത്ഥം.

പനയ്ക്കൽ ശ്രീ. മാത്തുകുട്ടിച്ചായന്റേയും കുഞ്ഞാണിയമ്മയുടേയും എട്ടുമക്കളിൽ ഒരാളായിരുന്ന തിരുമേനി ബി.എഡ് പാസ്സായി. അദ്ധ്യാപകനും വൈദികനുമായിത്തീർന്ന ജോസഫ് മാർ കൂറിലോസ് അദ്ധ്യാപനത്തേയും അജപാലനത്തേയും ഒരുപോലെ സമന്വയിപ്പിച്ചു ബൈബിളിന്റെ വഴിയേ മുന്നോട്ടുപോയി. ദൈവത്തിന്റെ സുവിശേഷവഴി തിരിഞ്ഞെടുക്കുന്നത് കേരളത്തിൽ സാർവത്രികമാണെങ്കിലും അതിൽ കൂടി മുന്നോട്ടു പോകുന്നത് പലപ്പോഴും മുള്ളുവിരിച്ച പാതയിൽകൂടിയുള്ള യാത്രയായി പരിണമിക്കുന്നു.

മാർ കൂറിലോസ് തിരുമേനി നേതൃത്വത്തിലേക്കു വരുമ്പോൾ സഭ ഒരു പ്രതിസന്ധിയെ നേരിടുന്ന സമയമായിരുന്നു. സഭയുടെ നിലനിൽപ്പുതന്നെ അപകടത്തിലായിരുന്ന കാലഘട്ടത്തിൽ പരമസാത്വികരായ ഡോ. മാർ ക്രിസോസ്റ്റം സഫ്രഗൻ തിരുമേനിയുടേയും ഡോ. അലക്സാണ്ടർ മാർത്തോമ്മ തിരുമേനിയുടേയും പരിശുദ്ധ കാർമ്മികത്വത്തിലാണ് അദ്ദേഹം റമ്പാനായും, മെത്രാനായും, അഭിഷിക്തനാകുന്നത്.

തിരുമേനിയുടെ ശക്തമായ നേതൃത്വത്തിൽ ആരാധനാക്രമങ്ങൾക്ക് പുതിയൊരു ചിട്ടയും പാവനത്വവും വന്നതായി കാണാം. പള്ളികൾ പലതും നവീകരിക്കപ്പെടുകയും വിശുദ്ധ പിതാക്കന്മാരുടെ കല്ലറകൾ കൂടുതലായി ശ്രദ്ധിക്കപ്പെടുകയും, പരിപാലിക്കപ്പെടുകയും അവയെല്ലാം വിശുദ്ധസങ്കേതങ്ങളും തീർത്ഥാടനകേന്ദ്രങ്ങളുമായി പരിണമിക്കപ്പെടുകയും ചെയ്തു.

പട്ടമേറ്റകാലത്ത് തന്നെ അദ്ദേഹത്തെ പരിചയിച്ച എന്നെ നെറ്റിയിൽ കൈവച്ചു പ്രാർത്ഥിച്ചു അനുഗ്രഹിച്ചതായി ഞാൻ ഓർക്കുന്നു. അദ്ദേഹം പ്രാർത്ഥിച്ചനുഗ്രഹിക്കുമ്പോൾ അസുലഭവും അത്യപൂർവ്വവുമായ ദൈവീകത എന്നിലേക്കു കടന്നു വരുന്നത് എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്.

എന്റെ സ്നേഹിതനും നേതാവുമായ ജനതാപാർട്ടി അഖിലേന്ത്യാ പ്രസിഡണ്ടും, അമേരിക്കയിലെ ഹാർവാർഡ് യൂണിവേഴ്സിറ്റി പ്രൊഫസറും, ഓഫീസറുമായ ഡോ. സുബ്രഹ്മണ്യൻ സ്വാമി Ph.D. ഗുരുവായൂർ ക്ഷേത്രം സ്ഥിരമായി സന്ദർശിച്ചിരുന്നു. പിന്നീട് കേന്ദ്ര സർക്കാരിൽ വാണിജ്യ-നിയമ വകുപ്പ് ക്യാബിനറ്റ് മന്ത്രിയായപ്പോൾ തിരുമേനിയുടെ ക്ഷണം സ്വീകരിച്ചു അഞ്ഞൂരുപള്ളിയും അരമനയും സന്ദർശിച്ചു. ഡോ. സ്വാമിക്കൊപ്പം ഞാനും, കേരളകോൺഗ്രസ്സ് നേതാവും വ്യവസായിയുമായ ശ്രീ മാത്യുവും ഉണ്ടായിരുന്നു. അരമണിക്കൂർ മാത്രം തീരുമാനിച്ചെത്തിയ ആ സന്ദർശനം ഏതാനും മണിക്കൂറുകളിലേക്കു നീണ്ടു. ഡോ. സ്വാമിയുടെ രാഷ്ട്രിയാഭിപ്രായങ്ങളും നിഗമനങ്ങളും ചോദിച്ചു മനസ്സിലാക്കിയ ജോസഫ് മാർ കുറിലോസ് അതിൽ പലതിനോടും സന്തുഷ്ടി രേഖപ്പെടുത്തിയതായും ഞാൻ ഓർമ്മിക്കുന്നു.

തമിഴ്നാട്ടിലെ അതിപ്രശസ്തയായ മുൻ ഐ.എ.എസ് ഓഫീസറും തമിഴ്നാട് ജനതാപാർട്ടി പ്രസിഡണ്ടുമായ വി.എസ്. ചന്ദ്രലേഖ, 10 വർഷക്കാലം കർണ്ണാടകയിൽ വിദ്യാഭ്യാസവകുപ്പുമന്ത്രിയായിരുന്ന കർണ്ണാടക ജനതാപാർട്ടി സ്റ്റേറ്റ് പ്രസിഡണ്ട് സുബ്ബയ്യാഷെട്ടിസാർ, ജനതാപാർട്ടി കേരളപ്രസിഡണ്ട് ആയിരുന്ന അഡ്വ. എൻ ഹരിഹരൻ കളമശ്ശേരി, SCMS ചെയർമാൻ ഡോ. ജി.പി.സി. നായർ തുടങ്ങിയവരും അന്നവിടെ സന്നിഹിതരായിരുന്നു.

അകാലത്തിൽ പൊലിഞ്ഞുപോയ വിക്ടർ പുലിക്കോട്ടിലും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ സ്മരണക്കുമുമ്പിൽ ഞാൻ നമിക്കുന്നു. തിരുമേനിയുടെ ചിരന്തനസുഹൃത്തായി മാറിയ ഡോ. സ്വാമി ഇന്നും ആ സൗഹൃദം തിരക്കുപിടിച്ച ജീവിതത്തിനിടയിലും മനസ്സിൽ സൂക്ഷിക്കുന്നുണ്ട്.

ലോകം മുഴുവൻ ചുറ്റിയടിക്കുന്ന ഡോ. സ്വാമിക്ക് അമേരിക്ക, യൂറോപ്പ് തുടങ്ങിയ ഭൂഖണ്ഡങ്ങളിൽ പര്യടനം നടത്തിയിട്ടുള്ള തിരുമേനിയോടു മതിപ്പുണ്ടായതിൽ അത്ഭുതമില്ല. കേരളീയ രീതിയിലുള്ള ഭക്ഷണത്തോട് തികച്ചും വെജിറ്റേറിയനും മദ്യവിരോധിയുമായ ഡോ. സുബ്രഹ്മണ്യൻ സ്വാമിക്കുള്ള താല്പര്യം ശ്രദ്ധേയമാണ്. പക്ഷേ ലണ്ടനിൽ പാചകശാസ്ത്രം ഒരിക്കലും പ്രാവർത്തികമല്ലെന്നുള്ള തിരുമേനിയുടെ നിഗമനത്തോട് സ്വാമി യോജിക്കുന്നതായി ഞാൻ ശ്രദ്ധിച്ചു. എത്ര സൗഹൃദപരമായിട്ടാണ് അവർ ഇടപെട്ടിരുന്നതെന്നും തിരുമേനിയുടെ വിശുദ്ധവസ്ത്രത്തോട് അദ്ദേഹത്തിനുള്ള മതിപ്പും ഞാനോർക്കുന്നു.

അനവധി മഹാന്മാരായ ബിഷപ്പുമാരുമായിക്കൂടികാണുവാൻ എനിക്കവസരം ലഭിച്ചു. വിജയപുരം രൂപതാ മെത്രാനും സ്പെയിൻ സ്വദേശിയുമായിരുന്ന ആൻഡ്രൂസ് അസ്സ്രോദ്യ ഒ.സി.ഡി. സ്ഥാനത്യാഗം ചെയ്തതിനുശേഷം വിശ്രമിച്ചിരുന്ന കാലത്തു എന്റെ പിതാവ് വിദ്വാൻ ടി.ആർ രാമൻ തോളൂരിനെ കാണാൻ എന്റെ കുടുംബവീടായ തോളൂർ ഫാർമസിയിൽ വരുമായിരുന്നു. യേശുക്രിസ്തുവിനെ മനുഷ്യരൂപത്തിൽ ഞാൻ കണ്ടിട്ടുള്ളത് അദ്ദേഹത്തിൽ മാത്രമാണ്.

ഞാൻ സ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്താണ് ആദ്യമായൊരു ബിഷപ്പിനെ നേരിൽ കാണുന്നത്. അന്നെനിക്ക് കേവലം 12 വയസ്സു മാത്രം. ഹോളിഫേമിലി ഗേറ്റിന്റെ മുമ്പിൽ ഞങ്ങൾ പത്തുപന്ത്രണ്ട് വിദ്യാർത്ഥികളും, അഞ്ചെട്ട് അദ്ധ്യാപകരും, അന്നവിടെ എത്തിയ ബോംബെ ആർച്ച് ബിഷപ്പ് വലേറിയൻ ഗ്രാഷ്യസിന്റെ കൈ എല്ലാവരും മുത്തിയപ്പോൾ ഞാനും അദ്ധ്യാപകനായ എന്റെ അച്ഛനും കൈകൂപ്പി തൊഴുതു. 'ഇവനാരെടാ' എന്ന മട്ടിൽ എന്നെ നോക്കിയ ബിഷപ്പിന്റെ മുഖം ഇന്നും എന്റെ മനോമുകുരത്തിലുണ്ട്. പക്ഷേ യൗവ്വനകാലത്ത് പരിചയപ്പെട്ട ജോസഫ് മാർ കൂറിലോസിന്റെ അനുഗ്രഹങ്ങൾ സ്വീകരിക്കുമ്പോൾ അദ്ദേഹം അന്യമതക്കാരനാണെന്ന ചിന്ത എനിക്കുണ്ടായിട്ടില്ല.

ബ്രഹ്മചര്യം പാലിക്കുന്ന ബിഷപ്പുമാരും ഹിന്ദു സന്യാസിമാരും എനിക്ക് അന്നും ഇന്നും പ്രിയപ്പെട്ടവരാണ്. ഭാര്യയും മക്കളുമുള്ള ധാരാളം അച്ചന്മാരേയും ഹിന്ദു സന്യാസിമാരേയും കാണുമ്പോൾ എനിക്ക് തമാശയും സഹതാപവും തോന്നാറുണ്ട്. ബ്രഹ്മചര്യം പാലിക്കുന്നതിനുള്ള വിഷമത ശ്രീ നാരായണ ഗുരു പലപ്പോഴും രേഖപ്പെടുത്തുന്നുണ്ട്.

കേരളത്തിന്റെ അഭിമാനമായി ഉയർന്നിട്ടുള്ള ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലിത്തായ്ക്ക് മേല്പട്ട പൗരോഹിത്യ ജൂബിലിവേളയിൽ എന്റെ പ്രണാമങ്ങളും ആശംസകളും സമർപ്പിക്കുന്നു.

(നാട്ടിക ശ്രീ നാരായണ കോളേജിലെ മുൻ പ്രിൻസിപ്പലും, പ്രൊഫസറും, കോഴിക്കോട് സർവ്വകലാശാല സെനറ്റ് മെമ്പറും ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനുമായിരുന്ന ഡോ. തോളൂർ ശശീധരൻ ഇപ്പോൾ തൃശ്ശൂർ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്മാരക സെക്രട്ടറിയും, ജനതാപാർട്ടി അഖിലേന്ത്യ ജനറൽസെക്രട്ടറിയും, ശ്രീ നാരായണ സാഹിത്യപരിഷത്ത് പ്രസിഡണ്ടുമാണ്.)

With **Jacob Kuruvila**, Vattakkunnel, Kottayam

To My Sunday Schoolmate

C.I. Benniamin, Chemmanoor, Kunnamkulam

Friendships are always the best gain in our life, which I have realised from my very personal experience. My friends circle is so large that it begins from my native place Anjoor- Thozhiyoor. Beyond mere friendships, there are certain relationships which are truely God's gift. It's not necessary that good friends have to be in touch always or that they never make quarrel. This feature is to recall my friendship with Valiyathirumeni, which is almost 45 years old. As more old it is I feel there is a more stronger bond.

It's through Thozhiyoor St. George Sunday school classes, I begin my friendship with Mr. P.M.Jose (Valiyathirumeni). Unlike today in those days the sunday school classes was scheduled in the morning before the Holymass. He used to come very early in the morning in his white Shirt and White dhoti from his native place Kunnamkulam around 3.5Km away from Anjoor church. We learned sunday school lessons, sitting in the same classroom. Our headmaster Mr. C.I. MathukuttyMaster and our other teachers Mr. Pappachan, Mrs. Esther, Mr. V.I. Mathews Vadakkan are now resting in the glorious arms of Lord. Fr. C.V. Jacob and M.P. Mamini by Grace of God are still alive to awake our spiritual thoughts.

Now I let me come back to my friendship with Valiyathirumeni. Mr. P.M.Jose took the role of sunday school teacher from where he stepped into his spiritual life just as Deacon, Father, Ramban, Metropolitan and finally now ValiyaMetropolitian. The friendship which continued for more than 4 decades is still floursing. In between as a part of the responsibilities of my life I moved to middle east. Though far apart, when I am at my hometown we spare time to renew the friendship and share thoughts. But it is true that apart from our loving care and concern for each other there has been very rare occasions when he had quarrel and remain unfriendly, though it was not for any of our personal gains. It never lasted for long and he used to pat on my shoulders and say "pottada saramilla" (which means- lets forgive each other)

From my friendship with him I have noticed that its something very special about him that he has the ability to attract people towards him just from a single meeting and finds time to maintain that relationship apart from his busy schedule and for this either religious or politics or the financial status was never a bar. There are plenty of incidents to explain this. My feature will be highly discriptive if I try to elaborate them. Thirumeni has done plenty of things for the upcoming of our Thozhiyoor church. Let me point out very few of them;

i. Photos of our Kattumangattu Bavas were published.

ii. Acquiring membership in National Council of Churches, Christian Council of Asia; even though the works were started by Late Paulouse Mar Philoxinose Thirumeni.

iii. Establishing MISC support group in London.

iv. Release of books on history of Thoziyoor church in a series of volumes namely:

Malabar Indipendent Syrian Church; The Forgotten Bishops (Both by Rev. Dr. John Fenvick, England)

Parisudha Kattumangattu Bavamar - By Mr. M.P. Kochumon

Vanantharthil Kazhinja Kristhava Maharshimar - By Mrs. Molu Varghese

Parisudha Kattumangattu Bavamar Thiruvachanathilude - By Sri. A.K.C. Porkulam

v. Renovation of Thoziyoor cathedral.

Thirumeni was bold enough, which his predecessors did not show in the renovation of church and it was completed in record time. As for renovation purpose Thirumeni made a visit to UAE. We the members of Thozhiyoor church residing in UAE were happy to receive him there and were with him throughout his visits till his return. This visit is of very much importance in the history of Thozhiyoor church as it made the church to be known in the world. Ver. Rev. Jeoseph Ramban, Chlr. Cheeran Varkey and Especially the Syrian Orthodox Patriarch of Antioch, His Holiness Zakka Idt has helped a lot in this visit and myself on behalf of all others in UAE extended our heartfelt gratitude to them. We were fortunate that we could meet the Syrian Orthodox Patriarch of Antioch, His Holiness Zakka Ist when he came to Dubai and presented him a gift as a token of our affection. His Highness blessed us and gifted each and every one of us a cross with his signature.

Our Bishop had a rare opportunity to visit RAK (one emirate of UAE). It is said to be rare because till that time no other religious personality other than muslims was allowed to visit R.A.K. as per their official rules. By God's grace we could arrange a special sanction from the Government of RAK and so Bishop was able to visit RAK. We could very successfully conduct a prayer meeting there in the Norwegian Club of UCC- Company which was arranged by Porkulam native Cheeran Cherian Varghese (Zion) and his brother Babu Varghees (they belong to evangelical church) Thanking both of them along with the rememberence of sad demise of Mr. Cherian Varghese.

I should also remember Rev. Fr. Joseph Vadakkan, who was Thirumeni's Spiritual guide and he is more than a godfather to me. During the time of construction of my house, Achan and Thirumeni used to visit the site. Though I was not concerned with any of the official posts of the church, Achen, Thirumeni and myself used to make discussions on problems concerning the church and bring out fruitful solutions. On this happy occasion I along with my family convey our prayerful best wishes to H.G. Joseph Mar Koorilose Valiya Metropolitan.

മലബാർ സ്വതന്ത്ര സുറിയാനി സഭ
18-ാമത് സുവിശേഷ മഹായോ

തിരുവചനത്തെ സ്നേഹിക്കുന്ന മഹിതാചാര്യൻ

ഷാജി ശങ്കുപറമ്പിൽ, മാവേലിക്കര

അപ്പൊസ്തോലിക സഭകൾ പാരമ്പര്യ പിടിമുറുക്കത്തിൽ ആചാരങ്ങൾക്കും ക്രമങ്ങൾക്കും ഊന്നൽ നൽകി മുമ്പോട്ടുപോകുന്ന രീതി ഇന്നും പ്രകടമാണ്. യാമപ്രാർത്ഥനകൾക്കും ക്രമീകൃത നമസ്ക്കാരങ്ങൾക്കും അതീതമായി തിരുവചനത്തിന്റെ മഹത്ത്വം സഭാമക്കൾക്ക് പകർന്നുകൊടുക്കുന്നതിൽ സഭാനേതൃത്വം പരാജയപ്പെടുന്നതുകൊണ്ട് വിജാതീയരിൽ നിന്ന് നേടുന്നതിനേക്കാൾ അധികം ആത്മാക്കളെ അപ്പൊസ്തോലിക സഭകളിൽ നിന്ന് ചാക്കിട്ടുപിടിച്ചാണ് പ്രൊട്ടസ്റ്റന്റ് സഭകൾ പലതും ഇക്കാലങ്ങളിൽ തങ്ങളുടെ ശക്തി തെളിയിക്കുന്നത്. മാത്രമല്ല, സഭയുടെ കർത്താവിനെയഥാർത്ഥമായി മനസ്സിലാക്കാത്ത നമ്മുടെ പുത്തൻ തലമുറ വികാരത്തള്ളലാൽ തുടർവിദ്യാഭ്യാസത്തിനായി മറുനാടൻ സംസ്ഥാനങ്ങളിലേക്കു ചെന്നാൽ ഒന്നുകിൽ ബോൺ എഗേയിൻ എന്ന നെറ്റിപ്പട്ടം കെട്ടിയോ അതല്ലെങ്കിൽ ഏതെങ്കിലും റാക്കറ്റിൽ അകപ്പെട്ടോ ആണ് തിരികെ വരുന്നത്. കുഞ്ഞാടുകളുടെ വേഷം ധരിച്ച് സഭാമക്കളെ വേട്ടയാടുന്ന ഈ കൊടിയ ചെന്നായ്ക്കളെ വിവേചിച്ചറിയുന്നതിന് സഭാമക്കളിൽ തിരുവചനപ്രകാശം അവശ്യം കൂടിയേ തീരു എന്ന് തിരിച്ചറിഞ്ഞ ധന്യാത്മാക്കൾ സഭയിൽ തുലോം കുറവാണ്. എന്നാൽ നിതാന്ത വന്ദ്യനായ ജോസഫ് മാർ കൂറിലോസ് വലിയ തിരുമേനി, എന്റെ അഭിവന്ദ്യ വല്യപ്പച്ചൻ ഈ മഹത്ത്വം തിരിച്ചറിഞ്ഞ ശ്രേഷ്ഠരിൽ ഒരാളാണ്. "ഞാൻ വചനത്തിൽ ആശ്രയിക്കുന്നതുകൊണ്ട് എന്നെ നിന്ദിക്കുന്നവനോട് ഉത്തരം പറയുവാൻ ഞാൻ പ്രാപ്തനാകും" (സങ്കീ. 119:42). ഈ സങ്കീർത്തനവാക്യത്തിന്റെ മർമ്മം ഗ്രഹിച്ച് വചനം ദൈവമാകുന്നു എന്നും (യോഹ.1:1) എല്ലാമനുഷ്യരേയും പ്രകാശിപ്പിക്കുന്ന ഈ സത്യവെളിച്ചം (യോഹ.1:9) നമ്മുടെ രക്ഷകനായ യേശുക്രിസ്തു ആണെന്നുമുള്ള യാഥാർത്ഥ്യം ലോകത്തെ അറിയിക്കുവാൻ വെമ്പൽകൊള്ളുന്ന ഹൃദയത്തിന്റെ ഉടമയാണ് ഈ മഹിതാചാര്യൻ.

ആഗോള എക്യുമെനിക്കൽ സംഘടനയായ ഇന്റർ ഡിനോമിനേഷൻ ക്രിസ്ത്യൻ ഫെല്ലോഷിപ്പിന്റെ നിയുക്ത പ്രസിഡണ്ട് ബ്രദർ ഡോ. മാത്യൂസ് വർഗീസ്, 26 സവിശേഷതകളോടെ തയ്യാറാക്കിയ വിശുദ്ധ സത്യവേദപുസ്തകത്തെ മുഖാമുഖം പരിചയപ്പെട്ട നാളിൽത്തന്നെ അഭിവന്ദ്യനായ വലിയ തിരുമേനി തന്നിലെ തിരുവചനപ്രകാശത്തിന്റെ വ്യാപാരത്തിന് ചാലകത വർദ്ധിപ്പിക്കുവാൻഈ ബൈബിൾ പരിഭാഷ പര്യാപ്തമാണെന്ന് തിരിച്ചറിഞ്ഞു. ആ നീതിപൂർവ്വമായ കണ്ടെത്തലിന്റെ ഫലമായി വിശുദ്ധ സത്യവേദപുസ്തകത്തിന്റെ ആയിരക്കണക്കിനു കോപ്പികൾ സ്വന്തം ചിലവിൽ വാങ്ങി വിതരണം ചെയ്തു വരുന്നു. തന്റെ സൃഷ്ടിക്ക് അതിർ വരമ്പുകൾ സൃഷ്ടിക്കാത്തവനും ആർദ്ര സ്നേഹത്തിന്റെ വറ്റാത്ത ഉറവയുമായ യേശുക്രിസ്തുവിന്റെ സാന്നിധ്യമാണ് താൻ ഓരോരുത്തർക്കും കൈമാറുന്നതെന്ന ഉത്തമബോധ്യം ഈ വലിയ പിതാവിനെഎല്ലായ്പ്പോഴും ഭരിച്ചിരുന്നു. അതുകൊണ്ടുതന്നെ ആവശ്യത്തിന്റെ മുഖത്ത് കാലവിളംബം അദ്ദേഹം അനുവദിച്ചിരുന്നില്ല. എത്ര ക്ലേശം സഹിച്ചും തിരുവചനം എത്തിക്കേണ്ട കരങ്ങളിൽ അദ്ദേഹം എത്തിച്ചിരുന്നു എന്നത്എളിയനായ എന്റെ അനുഭവ സാക്ഷ്യമാണ്.

ഈ അഭിവന്ദ്യ വലിയ മെത്രാപ്പോലിത്തായുമായുള്ള സൗഹൃദം ഏറെ അഭിമാനകരമായിട്ടാണ് ഏതൊരാൾക്കും അനുഭവപ്പെടുന്നത്. എന്തെന്നാൽ തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയെ മറന്ന് മലങ്കര സുറിയാനി സഭയ്ക്ക് ചരിത്രമെഴുതുവാൻ കഴിയുകയില്ലെന്ന് ലോകത്തെ മനസ്സിലാക്കിയ പ്രഗത്ഭ വ്യക്തിത്വങ്ങളിൽ ഒരാളാണ് ഇദ്ദേഹം. ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ്മാ സഭകളുടെ തറവാടായ മലങ്കര സുറിയാനി സഭയുടെ 11ഉം 13ഉം മലങ്കര മെത്രാപ്പോലിത്താ (മാർത്തോമ്മാ)സ്ഥാനം അലങ്കരിച്ചത് തൊഴിയൂർ സഭ

യുടെ കിടങ്ങൻ ഗീവർഗ്ഗീസ് മാർ ഫീലക്സിനോസ് മെത്രാപ്പോലിത്ത ആയിരുന്നു. (റസിഡന്റ് സി.ബി. ലോറിസിന്റെ 1829 ഫെബ്രുവരിയിലെ കത്ത് അവലംബം) ആയതിനാൽ തൊഴിയൂർ സഭയുടെ അഥവാ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ വലിയ മെത്രാപ്പോലിത്ത എല്ലാവർക്കും ഒരുപോലെ സ്വീകാര്യനാണ്.

പരിശുദ്ധ കാട്ടുമങ്ങാട്ടു അബ്രഹാം മാർ കൂറിലോസ് ബാവയുടെ ആശിസ്സുകളും അനുഗ്രഹങ്ങളും പ്രാപിച്ച ഈ അഭിഷിക്തൻ പിതാക്കന്മാരുടെ മധ്യസ്ഥതയിലുള്ള അനേകർക്ക് നന്മയുടെ ദൈവികസ്പർശനം അനുഭവമാക്കിക്കൊടുത്തുക്കൊണ്ടിരിക്കുന്നു. കേരളത്തിന്റെ വടക്കേ അറ്റത്ത് ബലഹീനാവസ്ഥയിൽ കഴിഞ്ഞിരുന്ന തൊഴിയൂർ സഭയുടെ യശസ്സ് ലോകത്തെ അറിയിക്കുന്നതിന് വലിയ തിരുമേനി വഹിച്ച പങ്ക് മനസ്സാക്ഷിയുള്ളവർ മറന്നുപോകുകയില്ല. ദൈവശാസ്ത്രപണ്ഡിതനായ റവ. ജോൺ ഫെൻവിക് 1991-ൽ ഇംഗ്ലണ്ടിൽ നിന്നു പ്രസിദ്ധീകരിച്ച "The Malabar Independent Syrian Church," 2009 ൽ അമേരിക്കയിൽ നിന്നു പ്രസിദ്ധീകരിച്ച "The Forgotton Bishops- The Malabar Independent Syrian Church and Its place in the St. Thomas Chiristians in South India' എന്നീ രണ്ടു ഗ്രന്ഥങ്ങളും ഈ വലിയ പിതാവിന്റെ ശ്രമഫലമായി വെളിച്ചം കണ്ടവയാണെന്ന് ഗ്രന്ഥകാരൻ തന്നെ സാക്ഷിച്ചിട്ടുണ്ട്. കൂടാതെ സഭാചരിത്രം, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസ സംബന്ധമായ വിഷയങ്ങൾ എന്നിവ പ്രതിപാദിക്കുന്ന മറ്റ് 6 പുസ്തകങ്ങൾ തൊഴിയൂർ സഭയ്ക്ക് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞത് ഈ ധന്യാത്മാവിന്റെ പ്രയത്നഫലമായിട്ടാണ്.

തൊഴിയൂർ സഭയുടെ ജ്യോതിസ്സായി ആഗോളതലത്തിൽ വ്യക്തിമുദ്രപതിപ്പിക്കുവാൻ ഈ ദൈവപുരുഷന് കഴിഞ്ഞിട്ടുള്ളത് അധികമാരും ശ്രദ്ധിക്കാത്ത വസ്തുതയാണ്. Ecumenical Christian Centre Banglore-1992, National Council of Churches of India Nagpur-1996, Oikocredit (Ecumenical Development Christian Co- Opertive Society) Netherland-1997, Christian Conference of Asia Hongkong-2000 എന്ന സംഘടനയിൽ സജീവാംഗമായി വലിയ തിരുമേനി പ്രവർത്തിച്ചിട്ടുള്ളത് അഭിമാനകരമത്രേ.

"യഹോവായെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും, അവർ കഴുകന്മാരെപ്പോലെ ചിറകടിച്ച് ഉയരും, അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും" (യെശ. 40.31) എന്ന മഹത്വമുള്ള പ്രവചനവാക്യം അഭിവന്ദ്യ വലിയ തിരുമേനിയുടെ എല്ലാ പ്രവർത്തനങ്ങളിലും സംദൃശ്യമായിരിക്കുന്നു.

"ലോകത്തിൻ താങ്ങുകൾ നീങ്ങിപ്പോയിടുമ്പോൾ
ലോകക്കാരെല്ലാരും കൈവെടിഞ്ഞീടുമ്പോൾ
സ്വന്ത സഹോദരർ തള്ളിക്കളഞ്ഞാലും
യോസേഫിൻ ദൈവമെൻ കൂട്ടാളിയാണേ"

എന്ന നിസ്തുല സാക്ഷ്യം വഹിക്കുന്ന അഭി. വലിയ തിരുമേനിയെ കീഴ്പ്പെടുത്തുവാൻ ലോകത്തിലെ ഒരു ശക്തിക്കും കഴിയില്ല. എന്തെന്നാൽ "കുറുനരികൾക്ക് കുഴിയും ആകാശത്തിലെ പറവകൾക്കു കൂടും ഉണ്ട്, മനുഷ്യപുത്രനോ തല ചായ്ക്കുവാൻ ഇടമില്ല" (ലൂക്കോ 9.58) എന്ന കർത്തൃവചസ്സുകളാണ് ഈ മഹാചാര്യനിൽ അനുനിമിഷം ഊർജ്ജവും പ്രചോദനവും നൽകി നയിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് താൻ അഭിമുഖീകരിക്കുന്ന വൈപരീത്യങ്ങളുടെമുന്നിൽ അദ്ദേഹം പതറിപ്പോകുന്നില്ല. ഏകനായി മുന്തിരിച്ചക്ക് ചവിട്ടിയ പ്രധാനഗുരുവായ കർത്താവിനെയഥാർത്ഥമായി പിൻപറ്റുന്നവർക്ക് ഈ ലോകത്തിൽ നിന്ന് മറ്റൊന്നും പ്രതീക്ഷിക്കേണ്ടതില്ലെന്ന് ഈ ശ്രേഷ്ഠ പിതാവ് അടുത്തറിഞ്ഞിരിക്കുന്നു. ലോകത്തിൽ സകലതും പ്രതികൂലമാവുമ്പോഴും തിരുവചനത്തിന്റെ കാന്തിക ശക്തിയാൽ, പരിശുദ്ധാത്മ നിറവിൽ ഉണർന്നു പ്രവർത്തിക്കുവാൻ ഈ പരിശുദ്ധ പിതാവിന് ഇന്നെയോളം അത്യുന്നതനായ ദൈവം സഹായിച്ചു. തുടർന്നും അന്തരാത്മാവിൽ കത്തിജ്ജ്വലിക്കുന്ന തിരുവചനനാളത്തിന്റെ പ്രകാശത്തിൽ ദൈവത്തിനായി വൻകാര്യങ്ങൾ പ്രവർത്തിക്കുവാനും, മശിഹാതമ്പുരാന്റെ നിയോഗങ്ങൾ പൂർണ്ണമാക്കുവാനും, ആത്മീയതയുടെ വെള്ളിവിഹായസ്സിലെ പൊൻതാരകംപോലെ നിത്യം പരിലസിക്കാനും ഈ മഹിതാചാര്യനിൽ സർവ്വശക്തൻ വൻകൃപകൾ ചൊരിയുന്നതിനായി ലോകമെമ്പാടുമുള്ള ആത്മീയ മക്കളോടൊപ്പം ഈ എളിയ മകൻ സ്നേഹനിധിയായ ഈ വല്യപ്പച്ചനുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നു.

ഒരു കുട്ടനാട്ടുകാരന്റെ

ഓർമ്മക്കുറിപ്പുകൾ

സ്നേഹബന്ധങ്ങൾ ഓർക്കപ്പെടേണ്ടവയാണ്, മാതൃകാപരമാണ്, ജീവിതസുഗന്ധമാണ്. 1983-ൽ കുട്ടനാട്ടിൽ നിന്നും വന്ന് തൃശൂരിൽ വലക്കാവിൽ ബ്രീംസ്റ്റോൺ എന്ന റബർ ഇൻഡസ്ട്രീസ് തുടങ്ങിയതുമുതലാണ് ഞാൻ തൃശൂർക്കാരനായത്. അവിടം മുതലാണ് അഭിവന്ദ്യ തിരുമേനിയുമായുള്ള സ്നേഹബന്ധം. വർഷങ്ങളായി വളരെ അടുത്തറിയുകയും ആ സ്നേഹബന്ധം ഇന്നും നിലനിർത്തുകയും ചെയ്തുവരുന്നു.

മൂന്നുമാസം കൂടുമ്പോൾ ഞാൻ തൊഴിയൂർ പള്ളിയിൽ വരികയും പ്രാർത്ഥിക്കുകയും അഭിവന്ദ്യ തിരുമേനിയെ സന്ദർശിക്കാറുമുണ്ട്. എന്റെ മക്കളായ മനു, അലക്സ് എന്നിവർക്ക് അഭി. തിരുമേനിയെ വളരെ ഇഷ്ടമായിരുന്നു. കാരണം തിരുമേനിയെ കണ്ടാൽ മിഠായി കിട്ടും. അങ്ങിനെചെറുപ്പത്തിൽ തന്നെ പ്രിയതിരുമേനിയോട് മക്കൾക്ക് വളരെ അടുത്ത സ്നേഹബന്ധമാണ് ഉണ്ടായിരുന്നത്. അക്കാലത്താണ് 1997-ൽ അഭി. തിരുമേനിക്ക് "സ്ട്രോക്ക്" വരികയും അഭി. തിരുമേനിയെ വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുന്നതും. ഇത് അറിഞ്ഞമാത്രയിൽ തന്നെ ഞാനും എന്റെ കുടുംബവും അഭി. തിരുമേനിയെ ഹോസ്പിറ്റലിൽ പോയി കാണുകയും ചെയ്തു. പ്രിയതിരുമേനിയോടുള്ള സ്നേഹസുചകമായി ദിവസവും പൂക്കൾ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി കൊടുക്കുമായിരുന്നു. ഇത്രയും മാനസികമായ അടുപ്പം എന്റെ മക്കൾക്കുണ്ടായിരുന്നുവെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. അത്രയും മനോവിഷമമായിരുന്നു അവർക്ക്. അതുകൊണ്ട് തന്നെ ഹോസ്പിറ്റലിൽ അഭി. തിരുമേനിക്കു ഭക്ഷണം എത്തിക്കുന്നത് അവരുടെ നിർബന്ധം കൊണ്ടുകൂടിയായിരുന്നു.

ഞങ്ങളുടെ പ്രാർത്ഥനാ വേളയിൽ അഭി. തിരുമേനിയുടെ രോഗശാന്തിക്കായി മുട്ടിപ്പായിപ്രാർത്ഥിക്കുമായിരുന്നു. അതുപോലെത്തന്നെ അഭിവന്ദ്യ തിരുമേനിയുടെ വിദേശയാത്രാവേളകളിൽ ഒരു കോഡിനേറ്ററായി ഞാൻ പ്രവർത്തിക്കാറുണ്ട്.

സന്തോഷത്തിലും, ദുഃഖത്തിലും ഒരുപോലെ എന്റെ ഭവനത്തിൽ ഓടിയെത്തുകയും ആ വേളകളിൽ ഞങ്ങളിൽ ഒരാളായി മാറുകയും ആശ്വാസവാക്കുകളും നന്മയുടെ തിരിച്ചറിവ് നൽകുകയും, പ്രാർത്ഥനയോടെ പ്രത്യാശയുടെ ജീവിത മഹത്വം നൽകുകയും ചെയ്യുന്ന അഭിവന്ദ്യ തിരുമേനിക്ക് മേൽപട്ടസ്ഥാനാരോഹണത്തിന്റെ രജതജൂബിലി വേളയിൽ എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊള്ളുന്നു.

എന്ന്,

എം. സി. മാത്യു & മറിയാമ്മ മാത്യു.

Greetings and Best Wihes

Mr. M.C. Mathew
Mrs. Mariyamma Mathew
Mammoottil, Thrissur.

നല്ല അയൽക്കാരൻ

C. P JOHN, Kerala State Planning Board Member

18-ാം നൂറ്റാണ്ടിൽ മലബാറിന്റെ തെക്കെ അറ്റത്ത് കൊച്ചി രാജ്യത്തിന്റെ അതിർത്തി കഴിഞ്ഞുള്ള ആദ്യത്തെ ഗ്രാമമായ തൊഴിയൂരിൽ സ്ഥാപിതമായ മലബാർ സ്വതന്ത്രസുറിയാനി സഭയുടെചരിത്രം കേരള ചരിത്രത്തിലെ ഏറെ ശ്രദ്ധേയമായ ഒരേടാണ്.

ആൾബലം കൊണ്ടും, വലുപ്പം കൊണ്ടു മല്ലാതെ സഭാചരിത്രത്തിൽ ഇത്രയും നിർണായകമായ സ്ഥാനം മലബാർ സ്വതന്ത്രസുറിയാനി സഭയ്ക്കു നേടാൻ കഴിഞ്ഞത് സഭയുടെ സാരഥികളുടെ സവിശേഷത കൊണ്ട് മാത്രമാണ്.

ആ നേതൃപരമ്പരയിലെ ചരിത്രം എന്നുമോർക്കുന്ന തിരുമേനിയാണ് മോസ്റ്റ് റവ: ജോസഫ് മാർ കൂറിലോസ്.

അദ്ദേഹം എന്റെ അയൽക്കാരനാണ്. സഹോദരിയുടെ ഭർത്താവായ ഡോ ജോയിയുടെ ബന്ധുവും. എന്റെ കുടുംബത്തിന് അദ്ദേഹത്തിന്റെ വീടിനടുത്ത് ചെറിയൊരു പറമ്പും, കുറച്ച് നെൽകൃഷിയുമുണ്ടായിരുന്നതു കൊണ്ട് കൃഷികാര്യങ്ങൾക്കായുള്ള എന്റെ സൈക്കിൾയാത്രയിൽ ചെറുപ്പത്തിലേ ജോസ് എന്ന ചെറുപ്പക്കാരനെഞാൻ പരിചയപ്പെട്ടിരുന്നു. എന്നെക്കാൾ 4 വയസ്സു കൂടുതലായിരുന്നു എങ്കിലും എം. ജെ. ഡി സ്ക്കൂളിൽ പഠിക്കുന്ന കാലത്ത് തന്നെ ഞങ്ങൾ സുഹൃത്തുക്കളായിരുന്നു. ബഹളം വെക്കുന്ന കൂട്ടത്തിലായിരുന്നില്ല അന്ന് ആ വിദ്യാർത്ഥി. വീട്ടിലേക്കും, സ്ക്കൂളിലേക്കും നേർരേഖയിൽ വരുകയും പോവുകയും ചെയ്യുന്ന പ്രകൃതം. സ്ക്കൂളിനടുത്തായിരുന്നു അദ്ദേഹത്തിന്റെ അപ്പൻ, എന്റെ അപ്പന്റെ സുഹൃത്ത് മാത്തുക്കുട്ടിയേട്ടൻ നടത്തിയിരുന്ന റേഷൻ ഷോപ്പ്. അവിടെ വെച്ചും ഞാൻ അദ്ദേഹത്തെ കാണുമായിരുന്നു. അദ്ദേഹത്തിന്റെ ഇളയസഹോദരൻ ബെന്നിയും എന്റെ സുഹൃത്തായിരുന്നു. മതകാര്യങ്ങളിൽ ശ്രദ്ധിക്കാനുള്ള താല്പര്യം, മൂലമാകാം അദ്ദേഹത്തിന്റെ മുഖത്ത് സാധാരണ കുട്ടികൾക്കില്ലാത്ത ശാന്തത നിഴലിച്ചിരുന്നത്. അന്നൊന്നും ഈ കുട്ടി മെത്രാനാകുമെന്ന് ഞങ്ങൾ ആരും കരുതിയിരുന്നില്ല.

കോളേജിൽ പഠിക്കുന്ന കാലമായപ്പോഴേയ്ക്കും ജോസഫ് ശെമ്മാശ്ശനായി കഴിഞ്ഞിരുന്നു. വളരെ വേഗം അച്ചനുമായി. അച്ചന്മാരുടെ ളോഹ വേഷത്തിലാണ് അദ്ദേഹം കോളേജിൽ പോയിരുന്നത്.

ഞാനും അദ്ദേഹത്തെപ്പോലെ സ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ശ്രീകൃഷ്ണ കോളേജിലും, സെന്റ്തോമസ് കോളേജിലുമാണ് പഠിച്ചത്. എന്റെ സീനിയർ ക്ലാസ്സുകളിൽ പഠിച്ചിരുന്ന അദ്ദേഹത്തോടൊപ്പം ഉള്ള ബസ്സ് യാത്ര ഞാനിന്നുമോർക്കുന്നു. ബസ്സിലിരിക്കുമ്പോഴും എന്തെങ്കിലും പുസ്തകമെടുത്ത് വായിക്കും. അച്ചന്റെ വേഷത്തിലാണെങ്കിലും സഹപാഠികളോട് വലിയ സ്നേഹവും സൗഹൃദവുമായിരുന്നു. നന്നേ ചെറുപ്പത്തിൽ തന്നെ ജോസച്ചൻ മെത്രാനായി വാഴിക്കപ്പെട്ടു. പിന്നീട് ബഹുമാനം കലർന്ന ഒരകൽച്ച ഞങ്ങൾ സഹപാഠികൾക്കു തോന്നിച്ചിരുന്നുവെങ്കിലും അകൽച്ചയുടെ ലാഞ്ചനപോലും അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ ഉണ്ടായിരുന്നില്ല.

നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള കൊച്ചു സഭയെ ഇന്ത്യയിലെ ക്രിസ്തീയസഭകൾക്കും, ലോകസഭ, സംഘടനകൾക്കും പരിചയപ്പെടുത്താൻ മാർകൂറിലോസ് തിരുമേനി കാണിച്ച ശ്രദ്ധയും, സമാർത്ഥ്യവും അർപ്പണബോധവും എല്ലാവർക്കും മാതൃകയാണ്.

രാഷ്ട്രീയപ്രവർത്തനങ്ങളുടെ കുഴമറിച്ചലുകൾക്കിടയിൽ കൂടെ കൂടെ കാണാനുള്ള അവസരങ്ങൾ കുറവാണെങ്കിലും എന്നോട് വലിയ സ്നേഹണ്ടവും കരുതലുമാണ് അദ്ദേഹം എന്നും കാണിച്ചിട്ടുള്ളത്. ഈയിടെ കുന്നംകുളത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ എത്തിയപ്പോൾ പഴയ സൗഹൃദങ്ങൾ പുതുക്കാത്ത എന്നെ പ്രോത്സാഹിപ്പിക്കാനും, അദ്ദേഹം കാണിച്ച ശ്രദ്ധ എനിക്കൊരിക്കലും മറക്കാനാവില്ല. എന്റെ രാഷ്ട്രീയ നിലപാടുകളൊന്നും അദ്ദേഹത്തിന് എന്നോടുള്ള അടുപ്പത്തിന്റെ മാനദണ്ഡമായിരുന്നില്ല. ഭൗതികവാദചിന്തകളോട് നന്നേ ചെറുപ്പത്തിലേ അടുത്തപോയ ഒരാളാണ് ഞാനെങ്കിലും, ആത്മികചിന്തകരുടെ അമരക്കാര

നായ അദ്ദേഹം എന്നെ ഏറെ കരുതിയിരുന്നു. മനുഷ്യനൊന്നായി കാണാനും, അവരെയെല്ലാം മതചിന്തകൾക്കപ്പുറത്ത് ഒരേ പോലെ കരുതാനുമുള്ള അദ്ദേഹത്തിന്റെ നിറഞ്ഞമനസ്സാണ് സഭാചരിത്രത്തിൽ മാർ കൂറിലോസിനെവ്യത്യസ്തനാക്കുന്നത്.

രോഗപീഡകൾ കൊണ്ട് യൗവ്വനകാലത്ത്തന്നെ താളംതെറ്റിയ തന്റെ ആരോഗ്യം വീണ്ടെടുക്കാൻ അദ്ദേഹത്തിന് സാധിച്ചത് വലിയ ഒരത്ഭുതമായാണ് പലരും കരുതുന്നത്. സന്യാസ തുല്യമായ നിസ്സംഗതയോടും, നിർമ്മലതയോടും കൂടി തന്റെ ജീവിതത്തിന്റെ അവസാനം വന്നു കഴിഞ്ഞു എന്ന് ബോധ്യമായഘട്ടത്തിലും താൻ വിശ്വസിക്കുന്ന വിശ്വാസപ്രമാണങ്ങളെ വഴിവിളക്കായികാണുന്ന ജോസഫ് മാർ കൂറിലോസ് നമ്മുടെ മുന്നിൽ ജീവിക്കുന്ന മുനിയാണ്

മെത്രാഭിഷിക്തനായി 25 വർഷം പിന്നിടുന്ന തിരുമേനിക്ക് എല്ലാ മംഗളങ്ങളും നേർന്നുകൊള്ളട്ടെ. ചരിത്രത്തിന് നമ്മുടെ നാട് നൽകിയ നല്ല സംഭാവനയാണ് കൂറീലോസ് തിരുമേനി. അദ്ദേഹത്തിന്റെ വീണ്ടെടുക്കപ്പെട്ട ആരോഗ്യം ഇനിയും ദീർഘകാലം ആ സഭക്കും നമ്മുടെ നാടിന്നുവേണ്ടിയും പ്രയോജനപ്പെടുമെന്ന് നമുക്കാശിക്കാം. ജൂബിലി വർഷത്തിൽ അദ്ദേഹത്തിന് ബാല്യകാല സുഹൃത്തായ എന്റെ ആശംസകൾ.

Prayers and Greetings from Elder Sister

Mrs. Lucy Iypekutty & Family, Thekkekara House, Kunnamkulam



A few words about

H.G. Joseph Mar Koorilose Valiya Metropolitan

At the outset, I would like to congratulate H.G. Joseph Mar Koorilose Valiya Metropolitan for his 25 years of remarkable contribution he has made to the society and the Church . Also would like to thank him for giving me an opportunity to share my experience about him .

As most of us know , Life is journey and we meet lots of people in our journey but there are few who stay in our minds permanently. Our Valiya Thirumeni is one among them.

My father Mr John Peter had high regard on him and was closely involved in the day to day activities of the church . It was only due to H.G. Mathews Mar Koorilose Metropolitan's and Rev. Fr. V.V. Joseph Vadakkan's persistence that motivated my father to construct the St George Church ,Chennai. I remember the time when Rev. Fr. Joseph Panakkal (present Valiya Thirumeni) had arrived for the inauguration of our St George Church , we had lot of time to spend together and he was more of a friend than a Priest. He was totally involved in the inaugural activities of the church. Our Valiya Thirumeni had the vision to make this congregation to a world renowned congregation and with his relentless effort he was able to achieve the same . He had a magic hug with him which makes any person who is with problems to get relieved immensely , his down to earth approach has made him accessible to peoples of all walks of life irrespective of their status. During the period of 1991 to 1997 two major modifications of the church building have been taken place. At both times renovated church buildings were consecrated by HG Valiya Thirumeni as well as the St: George Grotta which was erected on the newly purchased land adjacent to existing church . As my beloved Father Mr. John Peter, Koorilose Thirumeni also played unavoidable efforts for that landpurch-ase. As well as the marriage ceremony of my beloved Sister Shirly Mol and mine were solemnized by Koorilose Thirumeni in the years 1991 and 1997 respectively .

Though he has busy schedules he makes it a point to have a word of thought to every one who knows him and needs him, his words of consolation during the absence of my father was a great relief for our family. Our Thirumeni's life is a source of inspiration for all of us . It shows us how to live all aspects of our life happily and resourcefully, how to empower and encourage ourselves, and it also reminds us that success is not the limit and there is something more to LIFE.

We wish His Grace m many more years of health and prosperity to serve this society and the congregation

With best regards

Sudhir peter

C E O, Sheenlac paints corp., Chennai

Happy Wishes

Respected Thirumeni,

Greetings in the name of our Lord and Saviour Jesus Christ. As you are celebrating the Silver Jubilee year of your Episcopal Ministry, on behalf of the Mar Thoma Episcopal Jubilee Institute of Evangelism, Tiruvalla, I happy to convey our greetings and best wishes to you for a continuing your fruitful and relevant Christian witness in the years to come.

The Mar Thoma Church and the Thozhiyoor Malabar Independent Syrian Church keep cordial relationship with one another. This relationship became more intimate when the Deacons namely Dn. Shabu C. I, Dn. Thomas C.V & Dn.Renin Raj M. of the Thozhiyoor Church joined this Institute as B.Th students this year. It is evident that Your Grace is very much concerned about the theological training of the clergy and thereby equiping them for effective communication of the gospel and witness of the church in to days world.

With the whole Kompady community I wish and pray that God will bless you abundantly and strengthen your important Ministry in the years to come.

Yours in Christ

Principal
Rev.Dr.C.P.Mathews
E.J. Institute, Manjadi, Thiruvalla-689 105

Send all the best prayer regards and Wishes to our beloved Thirumeni Joseph Mar Koorilose

From Joseph, Dr Emma Philip, Philip Abbey, Daniel, Georgiana, Joseph-U.K.

Various Programmes



Various Programmes



വിളവിനാൽ
15ാം വാർഷിക



ALATHUR BISHOPS CHARITIES TRUST
ANNUAL GET TOGETHER
75 SACRED MEMORY OF
H.G. PAULOSE MAR ATHANASIOSE

ഒരു ഓർമ്മക്കുറിപ്പ്

1972-സ്ഥലം: മാർതോമശ്ലീഹായുടെ പാദസ്പർശം കൊണ്ട് പുണ്യപൂരിതമാക്കപ്പെട്ട ഇപ്പോഴത്തെ അതിരൂപതാ തീർത്ഥകേന്ദ്രം സ്ഥിതി ചെയ്യുന്ന പാലയൂർ.

ആ വർഷമായിരുന്നു മാർതോമാശ്ലീഹായുടെ 19-ാം ചരമശതാബ്ദി ആഘോഷങ്ങൾ. ഇന്ന് ഗുരുവായൂർ സെന്റ് ആന്റണീസ്പള്ളി ഇടവകക്കാരായ ഞങ്ങൾ കുറച്ചുപേർ സ്വീകരണകമ്മിറ്റി അംഗങ്ങളായിരുന്നു. ആഘോഷപരിപാടികളിൽ ഒരു ദിവസം ഐക്യമെനിക്കൽ സമ്മേളനമായിരുന്നു. അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം സ്വീകരണമുറിയിൽ ഇരിക്കുന്നവരുടെ കൂട്ടത്തിൽ ആ ചെറുപ്പക്കാരനുമുണ്ടായിരുന്നു. ജോസഫ് എന്ന ദീർഘകായൻ. ശെമ്മാശ്ശൻപട്ടം കിട്ടി തിരുമേനിയോടൊപ്പം വന്നതായിരുന്നു. ആ ജോസഫാണ് പിന്നീട് തൊഴിയൂർ മലബാർ സ്വതന്ത്രസുറിയാനി സഭയുടെ തലവനായി അഭിഷേകം ചെയ്യപ്പെട്ട ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്ത. ഈ ജോസഫ് എന്ന ചെറുപ്പക്കാരൻ ഞങ്ങളുടെ സഹപാഠിയായിരുന്നുവെന്നതിൽ അനല്പമായ അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്.

ഗുരുവായൂർ ശ്രീകൃഷ്ണകോളേജിൽ 1969-1971 കളിൽ പ്രീഡിഗ്രിക്കു പഠിക്കുമ്പോഴായിരുന്ന ഞങ്ങൾ ഒന്നിച്ച് 2 വർഷം ചെലവിട്ടത്. ഞാൻ കോമേഴ്സും ജോസ് ഹിസ്റ്ററിയുമായിരുന്നെങ്കിലും ഞങ്ങൾ തൊട്ടടുത്ത ക്ലാസ്സുകളിലായിരുന്നു. പലപ്പോഴും ഒഴിവുസമയങ്ങളിൽ ഒട്ടേറെ സംസാരിച്ചിട്ടുണ്ട്. ആശയങ്ങൾ പങ്കുവെച്ചിട്ടുണ്ട്. ഒരു വൈദീകനും പിന്നീട് ഒരു സഭയുടെ തന്നെ തലവനും ആകുമെന്നൊന്നും ജോസഫിനെക്കുറിച്ച് അന്ന് വിചാരിച്ചിട്ടില്ല.

കൗമാരത്തിന്റെ ചടുലതയും പഠനകാര്യത്തിലുള്ള ശ്രദ്ധയും കഠിനപ്രയത്നത്തിന്നുള്ള അടങ്ങാത്ത ദാഹവുമാണ് ജോസഫിനെക്കുറിച്ച് ഇപ്പോൾ ഓർക്കാൻ കഴിയുന്നത്.

ഇരുപത്തിയഞ്ച് വർഷത്തിന്റെ മെത്രാഭിഷേക രജതജൂബിലിയുടെ നിറവിൽ കഴിയുന്ന ജോസഫ്മാർ കുറിലോസ് വലിയ മെത്രാപ്പോലീത്ത തന്റെ സ്വകാര്യജീവിതത്തിലും സഭാജീവിതത്തിലും പുലർത്തിപ്പോന്ന ആഴമേറിയ അദ്ധ്യാത്മികതയും സുദൃഢമായ മനുഷ്യബന്ധവും മനസ്സിലാക്കുവാൻ എനിക്ക് പിന്നീട് നിരവധി സന്ദർഭങ്ങളുണ്ടായിട്ടുണ്ട്.

അന്തരിച്ച ലീഡർ ശ്രീ. കെ. കരുണാകരന്റെ സപ്തതിയാഘോഷത്തിൽ പങ്കെടുക്കുവാൻ മുതുവട്ടൂർ രാജാഹാളിലെത്തിയതും അവിടെ തിരുമേനി നടത്തിയ പ്രൗഢഗംഭീരമായ പ്രസംഗവും ഇന്നു ഓർമയിലുണ്ട്.

തിരുമേനിയോടൊപ്പം ചുരുക്കം ചില പൊതുവേദികളിൽ പങ്കെടുക്കുവാൻ ലഭിച്ച അവസരങ്ങൾ വലിയൊരു ഭാഗ്യമായി ഞാൻ ഇന്നും കരുതുന്നു.

സാംസ്കാരികധന്യമായ ഒരു ബൗദ്ധികജീവിതവും ആദർശധവളിമയാർന്ന സ്വകാര്യജീവിതവും പുലർത്തിപോന്ന വ്യക്തി. ജീവിതവും അദ്ധ്വാനവും തമ്മിൽ അഭേദം ദർശിച്ചക്രാന്തദർശി. വായനയുടേയും എഴുത്തിന്റേയും പരപ്പും ചിന്തയുടെ ആഴവും ഇത്രയേറെ പ്രകടമാക്കിയ ഈ മനുഷ്യൻ ത്യാഗങ്ങളുടെ പട്ടിക നിരത്തി ആത്മഹർഷം അനുഭവിക്കുന്നവരുടെ നിരയിൽപെടില്ല.

ദൈവത്തിന്റെ എല്ലാ കൃപാകടാക്ഷവും ഇനിയും സമൃദ്ധമായി അങ്ങയിൽ ചൊരിയുമാറാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ആയുരാരോഗ്യത്തോടെ സമാധാനപൂർവ്വം ശിഷ്ടജീവിതം നയിക്കുവാൻ ദൈവം തുണയായിരിക്കട്ടെ. എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊള്ളുന്നു.

സഹപാഠി.

പി. ഐ. ലാസർ (റിട്ടയേർഡ് ഹെഡ്മാസ്റ്റർ)
ദേശിയ വിദ്യാഭ്യാസ ന്യൂനപക്ഷ കമ്മീഷൻ കോ-ഓർഡിനേറ്റർ
തൃശ്ശൂർ – പാലക്കാട് ജില്ല

അനിയത്തിയുടെ ഓർമ്മത്താളുകളിൽ

ലില്ലി തമ്പി കൊള്ളന്നൂർ

അമ്പത്തിയേഴു വർഷങ്ങൾ തികയ്ക്കുന്നതിനുള്ളിൽ ഇരുപത്തഞ്ച് വർഷം മേല്പട്ടത്വ ശുശ്രൂഷകൾ തികയ്ക്കുന്ന ജേഷ്ഠ സഹോദരൻ അഭിവന്ദ്യ ജോസഫ് മാർ കൂറീലൊസ് വലിയ മെത്രാപ്പോലീത്ത താഴാതികളായ ഞങ്ങൾ മൂവർക്കെന്നും സ്നേഹവും പ്രാർത്ഥനയും ചൊരിയുന്ന ഏട്ടൻ തന്നെ. ഇന്നുവരെ മറ്റൊരു വിളി ഉണ്ടാകാൻ ഞങ്ങളുടെ മനസ്സും സഹോദര മനസ്സും സമ്മതിക്കാത്ത അവസ്ഥ. നാലു പെൺമക്കൾ പിറന്നിട്ടും (അന്ന് താഴാതികളായ ഞങ്ങൾ മൂവരും ഭൂജാതരായിട്ടില്ല.ഏറ്റവും ഒടുവിലത്തെ ആളാണ് അനുജൻ ബെന്നി.) വിവാഹത്തിനു മുമ്പ് എടുത്ത തീരുമാനം മാറ്റാൻ ഒരിക്കലും ചിന്തിക്കാതിരുന്ന വാത്സല്ല്യനിധികളായ ഞങ്ങളുടെ അപ്പച്ചനും അതിന് എതിര് പറഞ്ഞ് നിരുത്സാഹപ്പെടുത്താതിരുന്ന അമ്മയും സാക്ഷികളുടെ സമൂഹത്തോട് ചേർന്ന് വാഗ്ദത്തപുത്രനായ ആദ്യമകനെയോർത്ത് സ്തുതിക്കുന്ന ദർശനത്താലെയല്ലാതെ ഏട്ടൻ എന്ന തിരുമേനിയെ പറ്റി ഒന്നും എഴുതാൻ ഇല്ല തന്നെ. അപ്പച്ചൻ നിധിപോലെ സൂക്ഷിച്ചിരുന്ന ആലത്തൂര് പനക്കൽ വലിയ തിരുമേനിയുടേയും ചെറിയ തിരുമേനിയുടേയും പഴകിയ രണ്ട് ഫോട്ടോകൾ, അപ്പച്ചൻ ഹവീൽദാർ മേജറായി ജോലി ചെയ്യുമ്പോഴെടുത്ത സഹപ്രവർത്തകരുമൊത്തുള്ള നിറം മങ്ങിതുടങ്ങിയ മറ്റൊരു ഫോട്ടോ. ഓടിട്ട പഴയ വീട്ടിലെ പനമ്പു തട്ടുകൊണ്ടുള്ള പ്രധാനമുറിക്കകത്തേക്ക് കയറുന്ന ആർക്കും കാണത്തക്ക രീതിയിൽ വെച്ച ഈ ചിത്രങ്ങളാണ് പഴയ കാല ചരിത്രങ്ങൾ ഞങ്ങളെ അല്പാല്പമായി പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ച അപ്പച്ചന്റെ ടീച്ചിംഗ് എയ്ഡ്. രണ്ടാം ലോക മഹായുദ്ധക്കാലത്ത് വീട്ടിലെ കഷ്ടതകൾക്ക് മോചനമേകാൻ അപ്പച്ചൻ പട്ടാളത്തിൽ ചേർന്നു. ഒരു ബിഷപ്പിന്റെ അനുജന്റെ മകൻ എന്ന നിലയിൽ ഒരു ബ്രിട്ടീഷ് ആർമി ഓഫീസറിൽ നിന്ന് ലഭിച്ച ആനുകൂല്യങ്ങൾ ഏഴാംതരം പൂർത്തീകരിക്കാനൊക്കാത്ത അപ്പച്ചനെപഠിപ്പിച്ച് റഡാർ ഓപ്പറേഷന്റെ ചുമതലയുള്ള പഠനങ്ങളിലേക്ക് ഉയർത്തി ഹവീൽദാർ മേജർ ആക്കിയെന്നത് മറ്റൊരു വസ്തുത. ഓഫീസറുടെ പേരിനൊടുവിൽ കാഡ്ബറി എന്നതായിരുന്നു ഓർമ്മ എന്നാണ് അപ്പച്ചൻ പറഞ്ഞ് തന്നിട്ടുള്ളത്. വടക്കേ ഇന്ത്യയിലെ മേഗോൺ സ്ഥലത്തെ കാട്ടിലെ ക്യാമ്പ് സമയത്തുണ്ടായിരുന്ന ദുർഘട ഘട്ടങ്ങളിൽ വല്ല്യപ്പനായ (പിതൃ സഹോദരൻ) ചെറിയ തിരുമേനിയുടേയും അദ്ദേഹത്തിന്റെ പിതൃ സഹോദരനായിരുന്ന വലിയ തിരുമേനിയേയും ഓർത്ത് ദൈവത്തോട് നിലവിളിച്ച് അപേക്ഷിച്ചിരുന്നു. കരഞ്ഞ് തളർന്ന അപ്പച്ചനെ, അപ്പച്ചൻ ചിത്രത്തിൽ മാത്രം കണ്ട് പരിചയമുള്ള ഞങ്ങളുടെ വലിയ തിരുമേനി സ്വപ്നത്തിലൂടെ ആശ്വസിപ്പിച്ചെന്നും ദുർഘടഘട്ടത്തിൽ നിന്നും സമാധാനപൂർവ്വം കരയേറുവാൻ ദൈവം തമ്പുരാൻ സഹായിച്ചെന്നും വിവാഹത്തെപ്പറ്റിയൊന്നും ചിന്തിച്ചിട്ടില്ലാത്ത അപ്പച്ചൻ വിവാഹത്തിനു ശേഷം തനിക്കുണ്ടാകുന്ന ആദ്യമകനെ ദൈവവേലക്കായി ആ പുണ്യപിതാക്കൾ കബറടങ്ങിയിരിക്കുന്ന തൊഴിയൂർ ഭദ്രാസനത്തിലേക്ക് സമർപ്പിക്കാം എന്ന് ദൈവമുമ്പാകെ ഒരു വാഗ്ദാനം ചെയ്തു. അല്പം വർഷങ്ങൾക്കു ശേഷം വൃദ്ധരായ മാതാപിതാക്കളുടെ ഭീതിയിലുടലെടുത്ത നിർബന്ധം മൂലം പട്ടാളജീവിതം അവസാനിപ്പിച്ച് നാട്ടിൽ സ്ഥിരമായി കച്ചവടം ആരംഭിച്ച ശേഷം വിവാഹിതനായി. നാലു പെൺമക്കൾ പിറന്നിട്ടും പട്ടാളത്തിൽ വെച്ച് എടുത്ത തീരുമാനം മാറ്റാതെ അഞ്ചാമനോമനപുത്രൻ ജനിച്ചപ്പോൾ മാമ്മോദീസായ്ക്ക് മുമ്പ് അന്നത്തെ തിരുമേനിയോട് ഇക്കാര്യങ്ങൾ പറഞ്ഞു. ആലത്തൂർ വലിയ തിരുമേനിയുടെ പേര് നിർദ്ദേശിച്ച് തിരുമേനി തന്നെ മാമ്മോദീസയ്ക്ക് ജോസഫ് എന്ന പേരു വിളിച്ചു.

അങ്ങനെ ഞങ്ങളുടെ ഏട്ടൻ പള്ളിയിലെ ഒരച്ചനാകുമെന്ന ഒരു ചിന്ത ചെറുപ്രായത്തിൽ തന്നെ ഏട്ടനിലും ഞങ്ങളിലും രൂപംകൊണ്ടു. ഏട്ടന് ഏറ്റവും മൂത്ത പെങ്ങൾ ലൂസിയെ മാത്രം ദൈവം ആദ്യ കൺമണിയാക്കി. തൊട്ടു താഴെ ഒന്നും ഒന്നരയും വയസ്സുകളുടെ വ്യത്യാസത്തിൽ പിറന്ന മൂന്ന് പെൺകുഞ്ഞു പൂക്കളേയും ഞങ്ങളിൽ നിന്ന് നുള്ളിമാറ്റി. ആ തീരാദുഖത്തിൽ നിന്ന് ആശ്വാസമായി ജനിച്ച പൊന്നോമനമകനെ ചേച്ചി ലൂസിയെ കാണിച്ച് മോന്റെ പെങ്ങൾ എന്ന് വിളിച്ചെങ്കിലും ദേവാലയത്തിലേക്ക് പോകേണ്ടവനല്ലേ ഇവൻ എന്ന ഒരു ഭാരം ആദ്യം പെങ്ങളിലും പിന്നീട് കാലക്രമത്തിൽ ജനിച്ച എനിക്കും മേഴ്സിക്കും ബെന്നിക്കും

ഉണ്ടായെങ്കിലും ഞങ്ങൾ അത് പുറത്തു കാണിക്കാതെ ഞങ്ങളുടെ വാത്സല്ല്യനിധികളായ അപ്പച്ചനോടും അമ്മയോടും കൂടെ ഏട്ടനു വേണ്ടി ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിച്ച് പ്രോത്സാഹിപ്പിച്ചു. ഏട്ടൻ യഥാർത്ഥത്തിൽ എട്ടിൽ അഞ്ചാമനാണെങ്കിലും തന്റെ ജനനത്തിനു തൊട്ടു മുമ്പ് മരിച്ചുപോയ മൂന്നു കുഞ്ഞോമനസഹോദരിമാരെ കണ്ടിട്ടില്ലാത്തതിനാൽ രണ്ടാമനാണെന്ന ഭാവത്തിലായിരുന്നു. മൂത്ത പെങ്ങൾ ലൂസിയുടെ ഒപ്പമുള്ള നടപ്പ് എന്ന് ഇന്നും അസൂയയോടു തന്നെ എന്റെ ഓർമ്മയിൽ നിറയുന്നു. പ്രായവ്യത്യാസം കണക്കിലെടുക്കാതെ "പെങ്ങളെ......ടെ" എന്ന സംബോധന പെങ്ങളുടെ വിവാഹശേഷം ഏട്ടന് അല്പം ബുദ്ധിമുട്ടുണ്ടാക്കിയെങ്കിലും സ്നേഹബന്ധത്തിന് ഉലച്ചിൽ ഉണ്ടാക്കിയില്ല.

സാധാരണ കുടുംബത്തിൽ ജനിച്ച ഞങ്ങൾക്ക് അപ്പച്ചനും അമ്മയും നല്ല ഉപദേശങ്ങളും വഴികളുമാണ് പറഞ്ഞു തന്നിട്ടുള്ളത്. ഇതിൽ നിന്നും ആരും അധികമായി വഴി തെറ്റിപോയിട്ടില്ല എന്ന് തന്നെ പറയാം. വൃദ്ധരായ അപ്പച്ചന്റെ അപ്പനും അമ്മയും പറയാറുണ്ടത്രേ ഞങ്ങൾ കടന്നുപോയ ശേഷം നീ പ്രസവിച്ചാൽ മതിയെന്ന്. പുതിക്ക് ഒരു പെണ്ണും ഒരാണും ദൈവം തന്നില്ലേ. അവിടേയും വാക്കുതെറ്റിയില്ല. അവരുടെ കാലം കഴിഞ്ഞിട്ടാണ് ഞങ്ങൾ മൂന്നുപേർക്ക് ജന്മം ലഭിച്ചത്. രാത്രിയിൽ പ്രാർത്ഥനയ്ക്കു ശേഷമാണ് ഭക്ഷണം തരിക. ചെറിയ കുട്ടികളായ ഞങ്ങൾ നമസ്ക്കാര പുസ്തകം വായിച്ച് പ്രാർത്ഥിക്കും. ഞങ്ങൾ പ്രാർത്ഥിച്ചു കഴിഞ്ഞാലും അപ്പച്ചന്റെ പത്തുമിനിറ്റ് നേരമുള്ള പ്രാർത്ഥന തുടരും. ചമ്രംപടിഞ്ഞ് കുറേ സമയം ഇരിക്കുന്നതിന്റെ രഹസ്യം പിന്നീട് മനസ്സിലായി.

ചെറുപ്പത്തിൽ തന്നെ കൃത്യതയിൽ ഏട്ടൻ ശ്രദ്ധാലുവായിരുന്നു. പുസ്തകങ്ങൾ, നാണയങ്ങൾ, സ്റ്റാമ്പുകൾ തുടങ്ങിയ ശേഖരിച്ച് കൃത്യമായി സൂക്ഷിക്കും. കാശ് സൂക്ഷിക്കാൻ ചെറിയൊരു കുറ്റിയുമുണ്ടായിരുന്നു. ഇടയ്ക്കിതൊക്കെ എടുത്ത് എണ്ണി തിട്ടപ്പെടുത്തും. അനാവശ്യമായി ഒരു ചില്ലിക്കാശു പോലും ചിലവഴിക്കയില്ല. അന്നും ഇന്നും കാണുന്ന ഒരു ശീലമാണ്. അധ്വാനിക്കാതെ ഒന്നും നേടുവാൻ കഴിയുകയില്ല എന്നതിന് ഒരു ഉദാഹരണം പറയാം. പെങ്ങളെ കൊണ്ടുവരാൻ ഏട്ടനെ അപ്പച്ചൻ പറഞ്ഞയക്കും. കുന്നംകുളം വരെ ബസ്സ് കയറും. അവിടന്ന് നടക്കും. തിരിച്ച് പെങ്ങളായി ബസ്സിൽ വരും. നടന്ന ദുരത്തിന്റെ പൈസ എടുത്തു വെച്ച് ചിരകാലമായ സ്വപ്നം (ഇംഗ്ലീഷ് റാലി സൈക്കിൾ) സാക്ഷാത്ക്കരിച്ചു. ദിവസവും തുടച്ച് വൃത്തിയായി സൂക്ഷിക്കുമായിരുന്നു.

അച്ചടക്കത്തിന്റെ കാര്യത്തിലാണെങ്കിൽ അതിനപ്പുറമാണ്. കൂട്ടുകാർ അധികം ഇല്ല എങ്കിലും കൂട്ടുകാർ എല്ലാവരും ഞങ്ങളുടെ വീട്ടിൽ വന്ന് കളിക്കണം. പന്തുകളി നല്ല ഇഷ്ടമാണ്. ഗോട്ടി കളിയിലും താല്പര്യമാണ്. കളികാണാനായി ഞങ്ങൾ ഉമ്മറത്ത് വന്നു നിന്നാൽ ഒരു നോട്ടമാണ്. ഉടനടി അകത്ത് പോകണമെന്നാണ് ആ നോട്ടത്തിനർത്ഥം. കളികഴിഞ്ഞ് വന്നാൽ ഒരു ദേഷ്യപ്പെടലാണ്. പെൺകുട്ടികൾക്ക് ഉമ്മറത്ത് എന്താണ് കാര്യം. അമ്മ ഇടപെട്ടാൽ ഉടനെപറയും ആൺകുട്ടികൾ കളിക്കുന്നിടത്ത് പെൺകുട്ടികൾ നോക്കേണ്ട കാര്യമില്ല. ഞങ്ങൾ ഒരുമിച്ചാണ് സണ്ടേസ്ക്കൂളിൽ പോകാറ്. എം. ജെ.ഡി. സ്ക്കൂളിലാണ് സണ്ടേസ്ക്കൂൾ. ഏട്ടന്റെ സംരക്ഷണത്തിലാണ് ഞങ്ങൾ പോകാറുള്ളത്. ഏട്ടൻ മുന്നിൽ ഞങ്ങൾ പിന്നിലുമായിട്ടാണ് നടത്തം. മുകളിലത്തെ ക്ലാസ്സിലാണ് ആൺകുട്ടികൾ. ഗ്രൗണ്ടിലെ താഴത്തെ ക്ലാസ്സ് പെൺകുട്ടികൾക്ക്. ഇങ്ങനെയാണ് ക്ലാസ്സ് നടക്കുന്നത്. ഞങ്ങളുടെ കൂട്ടുകാരിൽ ഒരാളാണ് എസ്മി. (ഡോ. എസ്മി ഇന്ന് പ്രശസ്തയായ റേഡിയേഷൻ ഓങ്കോളജിസ്റ്റ്). നല്ല മിടുക്കിയാണ്. ഞങ്ങൾ ഓരോരുത്തരും ഇങ്ങനെയാവുമെന്ന് അന്നൊന്നും ആരും കരുതിയിരുന്നില്ല. എല്ലാം ദൈവത്തിന്റെ കൃപ ഒന്നുകൊണ്ടാണ്.

നല്ല ഒരു വിദ്യാലയ ജീവിതമായിരുന്നു ഞങ്ങളുടേത്. താവു ആശാന്റെ സ്ക്കൂളിൽ നാലാംതരം പഠിച്ച് ജയിച്ച് അഞ്ചിൽ എം. ജെ. ഡി. ഹൈസ്ക്കൂളിൽ ചേർന്ന് എസ് എസ് എൽ സി പൂർത്തിയാക്കുന്നതിനിടയിൽ ഏട്ടൻ പഠിച്ച പാഠഭാഗങ്ങളിലെ ഉത്തരം അമ്മയെ പറഞ്ഞു കേൾപ്പിക്കുമായിരുന്നു. വലിയ വിദ്യാഭ്യാസം ഒന്നുമില്ലാത്ത ഞങ്ങളുടെ അമ്മയ്ക്ക് മക്കൾ പഠിക്കുന്ന കാര്യത്തിൽ വളരെയധികം ഉത്സാഹമായിരുന്നു. പഠിക്കാനുള്ള സന്ദർഭം ഒരുക്കാൻ ധൃതി കാണിക്കും. ഒരു വാക്ക് എപ്പോഴും പറയും. മക്കളെ പഠിച്ചോളിൻ. ഞങ്ങൾക്കോ പഠിക്കാൻ സാധിച്ചില്ല. നിങ്ങളെങ്കിലും പഠിച്ച് വലുതാകണം. നല്ല ഒരാഗ്രഹമായിരുന്നു അപ്പച്ചന്റേയും അമ്മയുടേയും ഏറെക്കുറെ സാധിപ്പിച്ചുകൊടുക്കുവാൻ മക്കൾക്ക് സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. ഉറക്കത്തിന്റെ കാര്യത്തിൽ അമ്മയ്ക്ക് ഒന്നാം സമ്മാനം കൊടുക്കാം. പായിൽ കിടക്കേണ്ട താമസം, ഉറക്കം തുടങ്ങുകയായി. ഏട്ടന്റെ ഒരു നല്ല സ്വഭാവമായിരുന്നു പഠിച്ച ഉത്തരം അമ്മയെ പറഞ്ഞു കേൾപ്പിക്കൽ. ഏട്ടൻ പറയുന്ന ഉത്തരം മനസ്സിലായിട്ടൊന്നുമല്ല. എന്നാലും കുട്ടിയെ ഉറക്കാൻ കിടത്തിയിട്ടായാലും മൂളികേൾക്കും. മൂളൽ നിർത്തിയാൽ ചോദ്യമായി. അമ്മ ഉറങ്ങിയോ. പെട്ടെന്നുണർന്ന് ഇല്ല. മോൻ പറഞ്ഞോ ഞാൻ കേൾക്കുന്നുണ്ട്. അത്രയ്ക്ക് അപ്പച്ചനോടും അമ്മയോടും സ്നേഹമാണ്.

ഒന്നാം ക്ലാസ്സുമതൽ നാലുമണിക്ക് സ്ക്കുൾ വിട്ടാൽ വീട്ടിലെത്തി ചായ കുടിച്ചിട്ട് അങ്ങാടിക്ക് പോകണം. അപ്പച്ചന്റെ കട കുന്നംകുളത്തെ വലിയങ്ങാടിയിലായിരുന്നു. അപ്പച്ചൻ വാങ്ങിവെച്ച മീൻ കൊണ്ടുവരണം. മോൻ

കടയിലെത്തേണ്ട താമസം അപ്പച്ചന്റെ ജേഷ്ഠൻ ആദ്യം തന്നെ ഒരു പാൽ ചായയും പഴംപൊരിയും വാങ്ങി കൊണ്ടുവന്നു കൊടുക്കും. ആ പതിവ് തെറ്റിക്കാതെ പലഹാരങ്ങൾ പരിപ്പുവട, പപ്പടപ്പം, ഗോതമ്പുണ്ട തുടങ്ങിയവ മാറി മാറി ഉണ്ടാവുമായിരുന്നു. അന്നത്തെ സ്പെഷൽ. എന്നും വീട്ടിൽ വന്ന് ഞങ്ങളോട് പറയുമ്പോൾ ഞങ്ങൾ ഏട്ടനോട് അസൂയപ്പെടാറുണ്ട്. ചെറുപ്രായത്തിൽ തന്നെ വൈദീക വിദ്യാർത്ഥിയായി പള്ളിയിൽ ശനിയാഴ്ച പോയി കിടക്കേണ്ട ദിവസം അമ്മ നല്ല ധൈര്യം പറഞ്ഞുകൊടുക്കും. അവിടുത്തെ പിതാക്കന്മാർ മോന് വേണ്ടി പ്രാർത്ഥിക്കും. ദൈവം കാത്തുകൊള്ളും. പേടിക്കയൊന്നും വേണ്ടാട്ടോ. എല്ലാ കാര്യങ്ങളും മനസ്സിലാക്കി ഞങ്ങൾക്ക് ധൈര്യം തരുമായിരുന്ന അപ്പച്ചനും അമ്മയും ചില കാര്യത്തിൽ നിർബന്ധമുണ്ടായിരുന്നു. നുണ പറയരുത്, ആരേയും ചതിക്കരുത്, പറഞ്ഞ കാര്യം പറഞ്ഞൂന്ന് സമ്മതിക്കണം, മൂത്തവരെ അനുസരിക്കണം, ആദരിക്കണം. മിക്കവാറും ഇതുവരേയും ഞങ്ങളത് നിറവേറ്റിയിട്ടുണ്ടെന്ന് തന്നെ വിശ്വസിക്കുന്നു.

'ഏട്ടന്' സ്നേഹാശംസകളോടെ......

ലില്ലി തമ്പി കൊള്ളന്നൂർ, പാലക്കാട്

1972 മാർച്ച 5 ന് ഞങ്ങുളടെ സ്നേഹനിധിയായ ഏട്ടൻ മാതാപിതാക്കളുടെ നിറഞ്ഞ അനുഗ്രഹത്തോടെ ശെമ്മാശപട്ടം സ്വീകരിച്ചു. അടുത്ത വർഷം 21. 10. 1973 ന് എസ്. എസ്. എൽ. സി.ക്ക് പഠിച്ചിരുന്ന ഞാൻ വിവാഹിതയാവുകയും ചെയ്തു. തങ്ങളുടെ വീട്ടിൽ വരുന്ന മരുമകൾ ഒരു പട്ടക്കാരന്റെ വീട്ടിൽ നിന്നായതിൽ വളരെയധികം സന്തുഷ്ടരായിരുന്നു പഴഞ്ഞിയിലെ അപ്പച്ചനും അമ്മയും. അഞ്ചു വർഷത്തെ പഠിപ്പ് പൂർത്തിയാക്കി ബിസിനസ്സിനായി പാലക്കാട്ട് എത്തിയ ഞങ്ങൾക്ക് ഏട്ടൻ നല്ലൊരു തണലായിരുന്നു. പ്രാർത്ഥനനിറഞ്ഞ ദിവസങ്ങൾക്കൊടുവിൽ 1979 സെപ്റ്റംബർ 24 ന് എനിക്ക് കർണ്ണകിയമ്മൻ ഹൈസ്ക്കൂളിൽ ജോലി കിട്ടി. ഞങ്ങളുടെ പ്രിയങ്കരനായ ഏട്ടൻ 1978 ൽ വിവാഹം വേണ്ടെന്ന് വെച്ചുകൊണ്ടു തന്നെ വൈദീകനാവുകയും തുടർന്ന് ബി.എഡ്. കോഴ്സ് പുർത്തിയാക്കുകയും ചെയ്തു. 1980-ൽ വൈദീക വൃത്തിയോടൊപ്പം അധ്യാപകനായി. സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിൽ സേവനം അനുഷ്ഠിച്ചു. ഞങ്ങളുടെ ചേച്ചി ഏട്ടന്റെ പെങ്ങളും അധ്യാപികയായിരുന്നു. "ഈ നാഴിക വരെ ഞാൻ വിശന്നും ദാഹിച്ചും ഉടുപ്പാനില്ലാതേയും കരഞ്ഞുകൊണ്ടും സ്ഥിരവാസം കൂടാതേയും ഇരിക്കുന്നു. സ്വന്തം കയ്യാൽ വേല ചെയ്ത് അധ്വാനിക്കുന്നു. ശകാരം കേട്ടിട്ട് ആശീർവദിക്കുന്നു. ഉപദ്രവം ഏറ്റിട്ട് സഹിക്കുന്നു." 1 കൊരിന്ത്യർ 4 ന്റെ 11 .

1988-89 ൽ തൊഴിയൂർ ഭദ്രാസനപള്ളി പണിക്കുവേണ്ടി പാലക്കാട്ടേക്ക് കുടെ വന്ന ആലത്തുര് ചെറിയ തിരുമേനിയുടെ വാത്സല്ല്യ ഭാജനമായ ഫാ. ജോസഫ് വടക്കൻ കശ്ശീശയേയും കുട്ടി നല്ല രീതിയിൽ സംഭാവനസംഭരിച്ചു. 94- 95 ൽ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ എറണാകുളം പള്ളി പണിക്കുവേണ്ടി ബ: റവ: ഫാ. കെ.സി. സണ്ണി അച്ചനും എറണാകുളം പള്ളി പ്രസിഡന്റായ സി. യു. കുര്യൻ ചേട്ടനും ചേർന്ന പന്ത്രണ്ടംഗങ്ങളെ സ്വീകരിപ്പാനും അവരേയും കൂട്ടി പാലക്കാട്ടുള്ള ഒരു വിധം എല്ലാവരേയും കാണുവാനും വീട്ടിൽ പോയി പ്രാർത്ഥിക്കുവാനും എന്റെ ഭർത്താവ് ശ്രീ. കെ. യു. തമ്പിക്ക് ദൈവം അവസരം കൊടുത്തതിൽ ദൈവത്തെ സ്തുതിക്കുന്നു.

ഞങ്ങളുടെ പ്രിയം നിറഞ്ഞ 'ഏട്ടന്' സർവ്വ ഐശ്വര്യങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു.

റവ. സഖറിയ ജോൺ
ട്രിനിറ്റി മാർത്തോമാ
ഇടവക, ഹ്യൂസ്റ്റൺ
യു.എസ്.എ.

സ്നേഹബന്ധത്തിന്റെ രജതജൂബിലി

അഭിവന്ദ്യ ജോസഫ് മാർ കുറിലോസ് വലിയ മെത്രാപ്പോലിത്താ തിരുമേനി വൈദികനായിരുന്ന കാലത്ത് തികച്ചും ആകസ്മികമായിട്ടാണ് ഞാൻ അദ്ദേഹത്തെ കാണുന്നതും പരിചയപ്പെടുന്നതും. 1986ൽ ഞാൻ തുമ്പമൺ സെഹിയോൻ, ക്രൈസ്റ്റ് ഇടവകയിൽ വികാരിയായി ശുശ്രൂഷ ചെയ്യുന്ന കാലയളവിൽ എന്തോ ആവശ്യത്തിന് തിരുവല്ല എസ്.സി. സെമിനാരി കുന്നിൽ പോയിട്ട് മടങ്ങുമ്പോൾ പുലാത്തിൻ അരമനയിൽ നിന്നും പുറപ്പെട്ട ഒരു വെളുത്ത അംബാസഡർ കാർ എന്റെ മുന്നിൽ വന്ന് നിന്നു. ദീർഘകായകനായ ഒരു വൈദികൻ സുസ്മേരവദനനായി അഭിവാദ്യം ചെയ്തുകൊണ്ട് കാറിൽ നിന്നിറങ്ങി എന്റെ അരികിലെത്തി സ്വയം പരിചയപ്പെടുത്തി. “തൊഴിയൂർ നിന്നും പനക്കൽ ജോസഫ് അച്ചനാണ്. ആഗസ്റ്റ് 27 ബുധനാഴ്ച നടക്കുന്ന എന്റെ മെത്രാൻ അഭിഷേകത്തിനു വലിയ തിരുമേനിയേയും അച്ചന്മാരേയും ക്ഷണിക്കാൻ വന്നതാണ്. അച്ചനേയും പ്രത്യേകം ക്ഷണിക്കുന്നു. തീർച്ചയായും തലേദിവസമേ വരണം” മുൻപരിചയമൊന്നുമില്ലാത്ത ഞാൻ അത്ഭുതസ്തബ്ധനായി നിന്നുപോയി. “തീർച്ചയായും വരാം അച്ചാ” ഞാൻ മറുപടി പറഞ്ഞു. മാർത്തോമ്മാ സഭയും മലബാർ സ്വതന്ത്ര സുറിയാനി സഭയും തമ്മിലുള്ള ചരിത്രപ്രസിദ്ധമായ ബന്ധം ഊട്ടിയുറപ്പിക്കുന്ന സംഭവപരമ്പരയിൽ ഒരു നൂതന അദ്ധ്യായം കൂടി ചേർക്കുന്ന ഈ സംഭവത്തിന് സാക്ഷിയാകുക തന്നെ എന്ന് ഞാൻ നിശ്ചയിച്ചു.

ആഗസ്റ്റ് 26ന് രാവിലെ തിരുവല്ലായിൽ നിന്നും സുവിശേഷ പ്രസംഗസംഘം വക വാഹനത്തിൽ ഞാനും കുന്നംകുളത്തേക്ക് യാത്ര തിരിച്ചു. സഭാചരിത്രവും കഥകളും തമാശയുമൊക്കെ പറഞ്ഞ് ഞങ്ങൾ വൈകീട്ട് കുന്നംകുളം മാർത്തോമ്മാ സെന്ററിൽ എത്തിച്ചേർന്നു. ബഹു. ഡി. ഫിലിപ്പ് അച്ചൻ ഞങ്ങളെ സ്വീകരിച്ചു. അവിടെ നിന്നും ഞങ്ങൾ തൊഴിയൂർക്ക് തിരിച്ചു. ഭദ്രാസനപള്ളിയുടെ മുൻഭാഗത്ത് നിർമ്മിച്ചിരുന്ന പന്തലിലെ താൽക്കാലിക മദ്ബഹാ കൂദാശയിൽ സംബന്ധിച്ച ഞങ്ങൾ അരമനയുടെ മുറിത്തട്ടു മാളികയിൽ ഒരുക്കിയ വിഭവസമൃദ്ധമായ അത്താഴസദ്യയിൽ പങ്കുചേർന്ന ശേഷം തിരികെ കുന്നംകുളം മാർത്തോമ്മാ സെന്ററിൽ വന്ന് വിശ്രമിച്ചു. 27ന് രാവിലെ നടന്ന സ്ഥാനാഭിഷേക ശുശ്രൂഷയിൽ അഭിവന്ദ്യ അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലിത്താ മുഖ്യ കാർമ്മികനായിരുന്നു. അന്ന് മദ്ബാഹയിൽ വർഗ്ഗീസ് കുത്തൂർ ശെമ്മാശനോടൊപ്പം ഒരു ശുശ്രൂഷകനാകുന്നതിന് എനിക്ക് നിയോഗം ലഭിച്ചതിനാൽ അന്നത്തെ ശുശ്രൂഷകൾ ഇന്നും മനസ്സിൽ പച്ചപിടിച്ച് നിൽക്കുന്നു. “ദൈവസുതർ നാമായിടുവാൻ” എന്ന ഗീതം വരെ വി. കുർബാനക്കും തുടർന്ന് സ്ഥാനാഭിഷേക ശുശ്രൂഷക്കും മാർത്തോമ്മാ മെത്രാപ്പോലിത്താ കാർമ്മികത്വം വഹിച്ചു. അംശവടിയും മുതലവായൻ മുടിയും സ്ലീബായും അണിഞ്ഞ ദീർഘകായനായ അഭിനവ മെത്രാൻ മദ്ബഹായിൽ തിളങ്ങിനിന്നു. ആകാരം പോലെതന്നെ ആകർഷകമായ ശബ്ദമാധുര്യമുള്ള കൊച്ചുതിരുമേനി ധൂപപ്രാർത്ഥനക്കുശേഷം വി.കുർബാനചൊല്ലി പൂർത്തിയാക്കി. മാർത്തോമാ ക്രമത്തിൽ ആരംഭിച്ച് തൊഴിയൂർ ക്രമത്തിൽ പൂർത്തിയായ വി. കുർബാന ഇരുസഭകളിലേയും മേല്പട്ടക്കാരും പട്ട

ക്കാരും ശെമ്മാശ്ശന്മാരും വിശ്വാസികളും അനുഭവിച്ചു. സഭൈക്യത്തിന്റെ ഉദാത്തമായ ഈ മാതൃക ലോകത്ത് മറ്റെവിടെയുണ്ട്? തുടർന്ന് മുറിക്കാപ്പയണിഞ്ഞ അഭിനവ മെത്രാൻ പരിവാരസമേതം ഘോഷയാത്രയായി മുറിത്തട്ടു മാളികയിലേക്കു ആനയിക്കപ്പെട്ടു.

തിരുമേനി സഭയുടെ പരമാധ്യക്ഷനായ ശേഷം ഇംഗ്ലണ്ടിലെ ലാംബെത്ത് സമ്മേളനത്തിലും സി.സി.എയിലും, എൻ.സി.സി.ഐലും, കെ.സി.സിയിലും തുടങ്ങി വിവിധ സഭൈക്യവേദികളിൽ തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ സാന്നിധ്യം ഏറെ ശ്രദ്ധേയമായി മാറി. സഭാചരിത്രം ഇദംപ്രഥമമായി ഇംഗ്ലീഷിൽ അച്ചടിപ്പിച്ചതിനാൽ വിദേശികൾക്ക് പുരാതനമായ ഈ സഭയെക്കുറിച്ച് ഗ്രഹിക്കുന്നതിനും സന്ദർശിക്കുന്നതിനും ഇടയായിത്തീർന്നു. പഴയ ഭദ്രാസനപള്ളി പൊളിച്ച് മനോഹരമായി അദ്ദേഹം പുതുക്കി പണിയിച്ചു. സഭയക്ക് പുതുക്കവും വളർച്ചയും കൈവരുത്തുവാൻ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു.

മാരാമൺ കൺവെൻഷന് തിരുമേനി പതിവായി വരുമ്പോഴൊക്കെ ഞങ്ങൾ പരസ്പരം കാണുകയും സ്നേഹബന്ധം പുതുക്കുകയും ചെയ്തിരുന്നു. 1998-ൽ ഞാൻ ആർത്താറ്റ് -കുന്നംകുളം മാർത്തോമ്മാ ഇടവകയിൽ വികാരിയായപ്പോൾ തിരുമേനിയുമായുള്ള സ്നേഹബന്ധത്തിന് ഒരു പുതിയ മാനം കൈവന്നു. ഞാൻ താമസിച്ചിരുന്ന പാഴ്സനേജും തിരുമേനിയുടെ ചിറ്റഞ്ഞൂരെ കുടുംബവീടും സമീപമായിരുന്നു. വാർധക്യത്തിൽ കഴിഞ്ഞിരുന്ന അപ്പച്ചനേയും അമ്മച്ചിയേയും സഹോദരൻ ബെന്നിയേയും കുടംബത്തേയും ഞാൻ ഇടക്കിടെ സന്ദർശിക്കുമായിരുന്നു. വിഭവസമൃദ്ധമായ അതിഥിസൽക്കാരം നൽകുന്നതിൽ ആ കുടുംബവും എന്നും ശ്രദ്ധിച്ചിരുന്നു. അപ്പച്ചന്റെ സംസ്ക്കാര ശുശ്രൂഷയിലും പങ്കെടുത്തത് ഓർക്കുന്നു. എന്റെ അമ്മയുടെ നിര്യാണവാർത്ത അറിഞ്ഞപ്പോൾ തിരുമേനിയുടെ അമ്മച്ചിയുടെ വേർപാടിന്റെ നൊമ്പരം പങ്കിട്ട് എന്നെ ആശ്വസിപ്പിച്ചുകൊണ്ട് തിരുമേനി അയച്ചുതന്ന കത്ത് ഒരു നിധിയായി ഞാൻ സൂക്ഷിക്കുന്നു.

കുന്നംകുളം ഇടവകാംഗമായ ചെമ്മണ്ണൂർ സാജു പാപ്പച്ചനച്ചൻ കുടുംബവീട്ടിൽ വരുമ്പോൾ തിരുമേനിയെ കാണുവാൻ തൊഴിയൂർക്ക് പോകുമ്പോൾ ഞാനും കൂടെപോവുക പതിവായിരുന്നു. ഞങ്ങൾ തിരുമേനിയോടൊപ്പം സഭാസംബന്ധമായ കാര്യങ്ങൾ സംസാരിച്ചിരിക്കും. ചിലപ്പോൾ തിരുമേനി വാഴത്തോപ്പിൽ കർഷകനായി പണിയെടുക്കുകയായിരിക്കും. സന്ദർശകരായ ഞങ്ങളെ തന്റെ തോപ്പിലെ വാഴകൃഷി കാണിക്കുന്നത് അദ്ദേഹത്തിന് വലിയ സന്തോഷമായിരുന്നു. ഭദ്രാസനദേവാലയത്തിൽ സന്ധ്യാനമസ്കാരത്തിലും പങ്കെടുത്തശേഷമേ പലപ്പോഴും ഞങ്ങൾ മടങ്ങിയിരുന്നുള്ളു. അതിഥി സൽക്കാരം തിരുമേനിയുടെ കൂടപ്പിറപ്പാണ്. തന്നെ സന്ദർശിക്കുന്നവരെ സ്നേഹപൂർവ്വം സല്കരിക്കുന്നതിലും സമ്മാനങ്ങൾ നൽകുന്നതിലും എപ്പോഴും ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ ക്രിസോസ്റ്റം വലിയ തിരുമേനിയും ജോസഫ് ബർന്നബാസ് തിരുമേനിയും ഞാനും തൊഴിയൂർ സന്ദർശനം കഴിഞ്ഞ് തിരിച്ചുപോരാൻ ഒരുങ്ങുമ്പോൾ വലിയതിരുമേനിയ്ക്ക് കുറിലോസ് തിരുമേനി തന്റെ വാഴത്തോപ്പിൽ നിന്നും ഒരു നല്ല പുവൻകുല സമ്മാനിച്ചു. സസന്തോഷം സമ്മാനം സ്വീകരിച്ച ക്രിസോസ്റ്റം തിരുമേനി പറഞ്ഞു. 'ഇത് വെറും വാഴക്കുലയല്ല തിരുമേനിയുടെ സ്നേഹക്കുലയാണ്.'

ജോസഫ് മാർ ബർന്നബാസ് തിരുമേനി കുന്നംകുളത്ത് വരുമ്പോഴെല്ലാം എന്നെയുംകൂട്ടി തൊഴിയൂരെത്തി കുറിലോസ് തിരുമേനിയെ സന്ദർശിച്ചിരുന്നു. ചരൽകുന്നിൽവെച്ച് എല്ലാ വർഷവും വൈദീകരുടെ വാർഷിക സമ്മേളനം നടക്കുമ്പോൾ ബർന്നബാസ് തിരുമേനി എന്നെ ഓർമ്മിപ്പിക്കും. "നമ്മുടെ ഒരു സഭാഡയറി തൊഴിയൂരെ ആബുന് കൊടുക്കുവാൻ മറക്കരുത്' എന്ന്.

കുന്നംകുളത്ത് താമസിച്ചിരുന്ന കാലത്ത് കുന്നത്തെ പള്ളിയിൽ ഞാൻ പതിവായി കൺവെൻഷന് പോകുമായിരുന്നു. ഒരിക്കൽ അവിടെ വി.കുർബാനമധ്യേ ഇംഗ്ലണ്ടിലെ ഫിലിപ്പ് ടോവി അച്ചന്റെ പ്രസംഗം പരിഭാഷപ്പെടുത്തുവാൻ തിരുമേനി എന്നെ നിയോഗിച്ചത് സസന്തോഷം ഓർക്കുന്നു. ധൂപവും ദീപവും മണിനാദവുമെല്ലാംസമ്മിശ്രമായി സമ്മേളിക്കുന്ന തിരുമേനിയുടെ ഭക്തിനിർഭരമായ വി.കുർബാനയിൽ സംബന്ധിക്കുന്നത് ഒരു ദിവ്യാനുഭൂതി തന്നെയാണ്. മലബാർ കുടിയേറ്റ ജൂബിലിയോടനുബന്ധിച്ച് കോഴിക്കോട്ടു സെന്റ് പോൾ മാർത്തോമ്മാ പള്ളിയിൽ തിരുമേനി തൊഴിയൂർ ക്രമത്തിൽ നടത്തിയ വി.കുർബാനശുശ്രൂഷയിൽ ബർന്നബാസ് തിരുമേനി സഹകാർമ്മികനും പുറം കുപ്പായവും ഊറാറയും ധരിച്ചുകൊണ്ട് ഞാൻ ശുശ്രൂഷകനുമായിരുന്നു. കുറിലോസ് തിരുമേനിയുടെ പിൻഗാമിയായി സിറിൽ മാർ ബാസേലിയോസ് മെത്രാപ്പോലിത്തായെ വാഴിച്ചുകൊണ്ട് പുതിയൊരു ചരിത്രം സൃഷ്ടിച്ച മുഹൂർത്തത്തിനും തിരുമേനിയുടെ വലിയമെത്രാപ്പോലിത്താസ്ഥാനാരോഹണ ചടങ്ങുകൾക്കും സാക്ഷിയാകാൻ എനിക്ക് അവസരം ലഭിച്ചു. ഒരു പെസഹാ വ്യാഴാഴ്ച ഭദ്രാസനദേവാലയത്തിൽ തിരുമേനി മുഖ്യകാർമ്മികത്വം വഹിച്ച കാൽകഴുകൽ ശുശ്രൂഷയിൽ പങ്കെടുത്തതും, പെസഹാ വിരുന്നിന് സാക്ഷ്യംവഹിച്ചതും അവിസ്മരണീയമായ അനുഭവങ്ങളാണ്. എപ്പിസ്ക്കോപ്പൽ രജതജൂബിലി സമുചിതമായി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ തിരുമേനിക്ക് ആരോഗ്യവും ദീർഘായുസ്സും ആത്മീയാനുഗ്രഹങ്ങളും ദൈവം പകരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ആശംസകൾ

ഡീക്കൻ മാത്യു വടക്കൻ,
തൊഴിയൂർ

പ്രഭാതത്തിലും സന്ധ്യക്കും പ്രാർത്ഥനയ്ക്കുശേഷം പ. കാട്ടുമങ്ങാട്ട് വലിയ ബാവായുടേയും മറ്റ് പിതാക്കന്മാരുടേയും കബറിങ്കൽ മുമ്പിൽ മുട്ടുമടക്കി, ദീർഘനേരം തന്നോട് പ്രാർത്ഥിക്കാൻ അഭ്യർത്ഥിച്ചിട്ടുള്ള, മുഴുവൻ പേരുകളും ഓർത്ത് പ്രാർത്ഥിക്കുന്ന വലിയ തിരുമേനി തന്റെ ആത്മീയ ജീവിതത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ആപ്രാർത്ഥനയുടെ ശക്തി എത്രത്തോളം വലുതായിരുന്നെന്ന് എനിക്ക് മനസ്സിലാക്കി തന്നിട്ടുണ്ട്. ഒരു ശെമ്മാശനായി എന്നെ ഉയർത്തുമ്പോൾ എനിക്ക് തന്നിട്ടുള്ള ഉപദേശം, പ്രാർത്ഥനജീവിതഭാഗമായി മാറണം എന്നതായിരുന്നു. പ്രാർത്ഥനയിലൂടെയുള്ള ജീവിതമാണ് നൂറ്റാണ്ടുകളോളം പാരമ്പര്യം വഹിച്ച് ഒരു ചെറിയ സ്ഥലത്ത് മാത്രം ഒതുങ്ങി കൂടിയ തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയും പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവമാരും ചരിത്രകാരന്മാരുടേയും ലോകപൗരാണിക സഭകളുടേയും മുമ്പിൽ മഹത്വം വിളിച്ചോതുന്നതിന് കാരണമായി തീർന്നുവെന്നത് സംശയമില്ലാത്ത കാര്യമാണ്. സുറിയാനി പാരമ്പര്യത്തിൽ അടിയുറച്ച് മലങ്കരസഭയെ തന്നെ നിലനിർത്താൻ അശ്രാന്തം പരിശ്രമിച്ച പ. കാട്ടുമങ്ങാട്ട് ബാവമാരുടെ പിൻഗാമിയായി പതിനാലാം തലമുറയിൽ ജീവിക്കുമ്പോൾ, അവർ തന്ന മഹത്വത്തെ കൂടുതൽ സ്ഥലങ്ങളിലേക്ക് എത്തിക്കാനും പ. പിതാക്കന്മാരുടെ മധ്യസ്ഥത ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് എത്തിക്കാൻ വലിയ തിരുമേനിക്ക് കഴിഞ്ഞു എന്നതും വലിയ നേട്ടം തന്നെയാണ്. സഭാ ചരിത്രത്തിൽ ഒരു വെളിച്ചം കിട്ടാൻ തക്കവണ്ണം തന്റെ പരിശ്രമത്തിലൂടെ അഭിവന്ദ്യ തിരുമേനിക്ക് സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ശ്രമഫലമായാണ് തൊഴിയൂർ സഭയെ കുറിച്ചും പരിശുദ്ധ പിതാക്കന്മാരെ കുറിച്ചും ഉള്ള ചരിത്ര രേഖകളും പുസ്തകങ്ങളും എഴുതുവാൻ തക്കവണ്ണം പ്രോത്സാഹനം ലഭിച്ചിട്ടുള്ളതെന്ന് സഭയുടെ ചരിത്രകാരന്മാർ വസ്തുതാപൂർവ്വം തന്നെ അവതരിപ്പിച്ചിട്ടുണ്ട്. അങ്ങനെസഭയുടെ വളർച്ചയ്ക്കുവേണ്ടി മനസ്സൊരുക്കമുള്ളതിനാലാണ് സഭയിൽ തിരുമനസ്സിന്റെ ഒറ്റ ആഗ്രഹപ്രകാരം വൈദീകർക്കും ഞാനടക്കമുള്ള നവ വൈദീകർക്കും ശെമ്മശ്ശന്മാർക്കും സെമിനാരി വിദ്യാഭ്യാസം ലഭിക്കുന്നതിന് കാരണമായി തീർന്നത്. അഭിവന്ദ്യ തിരുമനസ്സിന് തിയോളജി പഠിക്കുന്നതിനുള്ള അവസരം കിട്ടുന്നതിന് തൊട്ടുമുമ്പ് വൈദീകരുടെ കുറവുമൂലം ആചാര്യ സ്ഥാനത്തേക്ക് കടന്നുവരേണ്ടി വന്നു. അതിനാൽ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർന്നപ്പോൾ ഒട്ടും തന്നെ ശങ്കിക്കാതെ മറ്റു സഭകളുമായുള്ള തന്റെ വലിയ ബന്ധം മൂലം തന്നെ സെമിനാരി വിദ്യാഭ്യാസം ഉറപ്പിക്കാൻ പുതുതായി പട്ടം കിട്ടുന്ന ശെമ്മാശന്മാർക്കും വൈദീകർക്കും അവസരം ഒരുക്കുവാൻ കഴിഞ്ഞു. റവ. ഫാ. കെ.എ. ജോബ് (ബി.ഡി., ലിയണാർഡ് തിയോളജിക്കൽ കോളേജ് ജബൽപൂർ), റവ. ഫാ. റീജൻ (മഞ്ഞനിക്കര& സിഹോറ), റവ. ഫാ. സി.വി. ഗീവർ (ബി.ഡി. വെട്ടിക്കൽ യാക്കോബായ സെമിനാരി), റവ. ഡീക്കൻ തോമാസ്, റവ. ഡീക്കൻ സക്കറിയ (ബി.റ്റി.എച്ച്. മാർത്തോമാ ഇവാഞ്ചലിക്കൽ കോളേജ് കോമ്പാടി) പിന്നെ എളിയവനായ എനിക്കും വെട്ടിക്കൽ യാക്കോബായ സെമിനാരിയിൽ പഠിക്കുന്നതിനുള്ള അവസരം ലഭിച്ചതെന്ന് പറയാതെ വയ്യ. ഇത്തരം അവസരങ്ങൾ സഭയുടെ കെട്ടുറപ്പിന് കൂട്ടാകുമെന്നുള്ള ചിന്ത അഭിവന്ദ്യ തിരുമേനിക്കുള്ളത് വരും തലമുറയിൽകൂടി സഭയുടെ വൈദീകർക്ക് നല്ലൊരു വിദ്യാഭ്യാസം ലഭിക്കുക വഴി സഭയുടെ ഉന്നമനത്തിന് കാരണമാകും എന്നത് നിശ്ചയമായ കാര്യമാണ്. നല്ലൊരു കൃഷിക്കാരനെപോലെ തന്റെ കൃഷിസ്ഥലത്തെ ഒരുക്കി വിത്തുകൾ നട്ട് വളങ്ങൾ ആവശ്യത്തിനു നൽകി കളകളെ വേണ്ടുന്ന വിധം പറിച്ച് കൊയ്ത്തിനു പാകമാക്കി നിർത്തി നല്ലൊരു വിളവിനായി ഒരുങ്ങുന്ന കർഷകന്റെ സന്തോഷമാണ് തന്റെ അജപാലനരംഗത്ത് അഭിവന്ദ്യ തിരുമനസ്സിന്റെ തീരുമാനങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളും ഉപദേശങ്ങളും ഓർമ്മിപ്പിക്കുന്നത്. ഒന്നുമല്ലാതിരുന്ന സഭയെ ഇന്ന് ലോകത്തിന്റെ നാലുപാടും എത്തിക്കാൻ കഴിഞ്ഞ തിരുമേനിക്ക് ഇനിയുള്ള കാലയളവിൽ കൂടുതൽ മഹത്വത്തോടെ കൂടുതൽ ഉയരങ്ങളിലേയ്ക്ക് എത്തിക്കുവാൻ കഴിയട്ടെ. സ്വന്തം ആടിനെ ഒരിടയൻ എപ്രകാരം ശ്രദ്ധിക്കുന്നുവോ അപ്രകാരം കരുതലും സ്നേഹവും നൽകി സ്നേഹിക്കുന്ന അഭിവന്ദ്യ തിരുമനസ്സിന്റെ തൃക്കരങ്ങൾ മുത്തി തൃപ്പാദങ്ങളിൽ ഈ രജതജൂബിലി ആഘോഷത്തിന് ആശംസകൾ അർപ്പിക്കുന്നു.

ഇടയനും എഡിറ്ററും ഓർമ്മകളിലൂടെ...

അഡ്വ. C. K. ലിംസൺ

1986 ആഗസ്റ്റ് 27-ാം തിയ്യതി അന്നേ ദിവസം നമ്മുടെ എല്ലാവരുടെയും പ്രിയങ്കരനായ റവ. ഫാദർ ജോസഫ് പനക്കൽ അച്ചൻ നമ്മുടെ സഭയുടെ മേലദ്ധ്യക്ഷനായ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ടു.

സഭയിലെ ഓരോരുത്തർക്കും എന്നപോലെ ഇതര സഭാ മക്കളും ഒരുപോലെ ഇഷ്ട്ടപ്പെട്ടിരുന്ന ആലത്തൂര് അച്ചൻ എന്നറിയപ്പെട്ടിരുന്ന റവ. ഫാ. ജോസഫ് പനക്കൽ അധ്യാപകനായിരുന്ന തൊഴിയൂർ സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിലെ അധ്യാപകർക്കും മറ്റു പ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും പ്രിയങ്കരനായിരുന്നു. സഭയിലെ യുവജനങ്ങളെ സംഘടിച്ച് യുവാവായ ആലത്തൂര് അച്ചൻ സഭാ യുത്ത് ലീഗിന് ആശീർവാദം നൽകി. യൂത്ത് ലീഗിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി 'കുഞ്ഞാടുകളുടെ വെളിച്ചം' മാസിക തുടങ്ങുകയും ആയതിന്റെ ചീഫ് എഡിറ്റർ സ്ഥാനത്തുനിന്ന് എല്ലാറ്റിനും വേണ്ടതായ ക്രമീകരണങ്ങൾ ചെയ്ത് യൂത്ത് ലീഗിന്റെ നായകസ്ഥാനത്ത് അദ്ദേഹം ഉപവിഷ്ടനായി. സഭയിലെ അംഗങ്ങളേയും മറ്റു പ്രവർത്തകരേയും കണ്ട് അദ്ദേഹം സഭാ പ്രവർത്തനങ്ങൾ നടത്തി. കുന്നംകുളം സ്വദേശിയായ അദ്ദേഹത്തിന് കുന്നംകുളത്തെ ജനങ്ങളുടെ മുഴുവൻ ആദരമുണ്ടായിരുന്നു.

ആലത്തൂര് അച്ഛനെ മെത്രാപ്പോലീത്തയായി തിരഞ്ഞെടുത്തതിൽ വളരെ അധികം സന്തോഷം എല്ലാവർക്കും ഉണ്ടായിരുന്നു. മെത്രാപ്പോലീത്തായാൽ മുമ്പ് ചെയ്തിരുന്നതുപോലെയുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുമോ എന്ന ഒരു ആശങ്ക ഇല്ലാതിരുന്നില്ല. മെത്രാപ്പോലീത്തയായാൽ സാധാരണ പ്രവർത്തകരുമായി ഇടപെടാൻ സാധ്യമാകാതെ വരുമോ എന്ന സംശയമുണ്ടായിരുന്നു. അങ്ങനെഅഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്ത 1986 ആഗസ്റ്റ് 27-നു തിയ്യതി അഭിഷേകം ചെയ്യപ്പെട്ടു. അക്കാലത്ത് ഈ ലേഖകന്റെ പിതാവായ അന്തരിച്ച C.I.കൊച്ചുണ്ണി സഭാ സെക്രട്ടറിയായിരുന്നു. കൗൺസിലർമാരിൽ ഏറിയ പങ്കും പ്രായമായവരായിരുന്നു. എന്നാൽ കൗൺസിലർമാരുടെ സംശയത്തിനും ആശങ്കക്കും വക നൽകാതെ മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് സഭാ കാര്യങ്ങൾ ഭംഗിയായും ശരിയായും കൃത്യമായും ക്രമമായും നിർവഹിച്ചുപോരുവാൻ സർവ്വശക്തനായ ദൈവം അദ്ദേഹത്തിന് ശക്തിയും ധൈര്യവും കഴിവും നൽകി എന്ന് പറയാം.

അഭിവന്ദ്യ തിരുമേനി സ്ഥാനാരോഹണം ചെയ്തതിനെതുടർന്ന് യൂത്ത് ലീഗ് പ്രവർത്തകനായിരുന്ന ഈ ലേഖകനെ കുഞ്ഞാടുകളുടെ വെളിച്ചം മാസികയുടെ ചീഫ് എഡിറ്റർ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുത്തു. ഓരോ മാസവും മാസിക പുറത്തിറക്കുവാൻ വളരെ അധികം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നേരിട്ടുവെങ്കിലും യൂത്ത് ലീഗ് പ്രസിഡണ്ടായിരുന്ന അഭിവന്ദ്യ തിരുമേനിയുടെ നിർദ്ദേശാനുസരണം പ്രവർത്തിച്ച് മാസിക യഥാസമയം പുറത്തിറക്കുവാൻ അക്കാലത്ത് എഡിറ്റോറിയൽ ബോർഡംഗങ്ങളായിരുന്ന ഞങ്ങൾക്ക് സർവ്വശക്തനായ ദൈവം ശക്തിയും ബലവും അനുഗ്രഹവും മൂലം സാധിച്ചിരുന്നു. പത്രാധിപരായി സ്ഥാനം വഹിച്ചിരുന്നതിനാൽ ഈ ലേഖകന് എല്ലാ മാസവും ഒരു പത്രാധിപക്കുറിപ്പുകൾ എഴുതേണ്ടതായിവന്നു. എന്നാൽ അഭിവന്ദ്യ തിരുമേനിയുടെ തിരക്കിനിടയിലും എല്ലാ മാസവും ഓരോ ഇടയ ലേഖനം എഴുതുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. മാസികയുടെ നടത്തിപ്പിൽ എഡിറ്റോറിയൻ ബോർഡിലുണ്ടായിരുന്ന സബ് എഡിറ്റർ ശ്രീ. എം. പി. കൊച്ചുമോൻ മറ്റു ബോർഡംഗങ്ങളായിരുന്ന ശ്രീ. ഷാജ്ജു വർഗ്ഗീസ്, ശ്രീ. എം. സി. വർഗ്ഗീസ്, ബിനു പുലാക്കൽ മുതലായ എല്ലാവരും വളരെയേറെ പരിശ്രമിച്ചിരുന്നു എന്ന് പറയാതെ നിവൃത്തിയില്ല. പിന്നീട് ഞാൻ യൂത്ത് ലീഗിൽ നിന്ന് പിരിഞ്ഞുപോരുന്നതുവരെ ചീഫ് എഡിറ്റർ സ്ഥാനം വഹിച്ചിരുന്നു. (40 വയസ്സു വരെയുള്ളവർക്ക് മാത്രമേ യൂത്ത് ലീഗിൽ അംഗത്വമുള്ള ഞാൻ തൽസ്ഥാനത്തുനിന്ന് പിരിഞ്ഞുപോന്നതിനുശേഷം ശ്രീ. ഷാജു വർഗ്ഗീസ് ചീഫ് എഡിറ്ററായി തിരഞ്ഞെടുക്കപ്പെട്ടു. Dy. S. P ആയി ജോലിചെയ്തുവരുന്നു.)

അതിനിടെ ഈ ലേഖകൻ കല്ലുംപുറം ഇടവകയിൽ നിന്നുള്ള സഭാകൗൺസിൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. അഭിവന്ദ്യ തിരുമേനി മെത്രാപ്പോലീത്തയായി സ്ഥാനാരോഹണം ചെയ്ത് ഒരുവർഷകാലം കൊണ്ടുതന്നെ തൊഴിയൂർ ഭദ്രാസനപള്ളി പുതുക്കി പണിയണമെന്ന ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ പുതുക്കി പണിയുവാനുള്ള സാമ്പത്തികശേഷി ഉണ്ടായിരുന്നില്ലെങ്കിലും ദൈവത്തിൽ ആശ്രയിച്ച് പള്ളി പുതുക്കി പണിയുവാൻ തീരുമാനിക്കുകയും അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ വളരെ ചുരുങ്ങിയ കാലമായ ഏകദേശം ഒരു വർഷം കൊണ്ടുതന്നെ പള്ളി പണിത് കൂദാശ നടത്തുവാൻ അദ്ദേഹത്തിന് സാധിച്ചു എന്നത് അദ്ദേഹത്തിന്നുണ്ടായ ദൈവാനുഗ്രഹം കൊണ്ടാണെന്നാണ് ഈ ലേഖകൻ വിശ്വസിക്കുന്നത്. അക്കാലത്ത് നമ്മുടെ പ്രധാനവൈദികനായ റവ. ഫാദർ ജോസഫ് വടക്കൻ അച്ചന്റെ പരിശ്രമം വിസ്മരിക്കാവുന്നതല്ല. പള്ളി പുതുക്കി പണിയുന്നതിനനുബന്ധിച്ച് ഒരു സോവനീർ പ്രസദ്ധീകരിക്കുകയുണ്ടായില്ലേ. സോവനീർ കമ്മിറ്റിയുടെ കൺവീനർ സ്ഥാനം ഈ ലേഖനായിരുന്നു. ജോയന്റ് കൺവീനർ എം.പി. കൊച്ചുമോനും അന്തരിച്ച റവ. ഫാദർ ഇട്ടൂപ്പ് മണ്ടുമ്പാൻ ചെയർമാനായിരുന്നു. എന്നാൽ സോവനീർ പുറത്തിറക്കുന്നതിൽ അഭിവന്ദ്യ തിരുമേനിയുടെ അത്യന്തികമായ പരിശ്രമം കമ്മറ്റിയുടെ പരിധിക്കുള്ളിൽ നിന്നിരുന്നില്ല. അക്കാലത്ത് കുന്നംകുളത്ത് ഉണ്ടായിരുന്ന ഓഫ് സെറ്റ് പ്രസ്സുകൾ കളർപ്രിന്റ് ചെയ്യുവാൻ വൈമുഖ്യം കാണിച്ചതിനെ തുടർന്ന് അഭിവന്ദ്യ തിരുമേനിയോടൊപ്പം ഞങ്ങൾ കോഴിക്കോട് പോയി കളർ പേജുകൾ അച്ചടിപ്പിച്ചത് മറക്കാനാവില്ല.

ഈ ലേഖകൻ കൗൺസിൽ അംഗമായിരുന്നുവെന്ന് മുൻപ് പ്രസ്താവിച്ചല്ലോ. കൗൺസിൽ അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കുന്ന വിദ്യഭ്യാസസമിതിയിലും ഈ ലേഖകൻ അംഗമായിരുന്നു. വടക്കനച്ചനായിരുന്നു സഭകളുടെ കോർപ്പറേറ്റ് മാനേജർ. എന്നാൽ 1993ൽ ഈ ലേഖകൻ കോർപ്പറേറ്റ് മാനേജരായി തിരഞ്ഞെടുക്കപ്പെട്ടു. അഭിവന്ദ്യ തിരുമേനിയും വടക്കനച്ചനും ഉണ്ടായിരുന്നതിനാൽ അന്നത്തെ വിദ്യഭ്യാസമിതി അംഗങ്ങൾ ഒരു ടീം ആയി പ്രവർത്തിപ്പിച്ച് സ്കൂളുകളുടെ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടത്തികൊണ്ടുപോകുവാൻ സാധിച്ചിരുന്നു. എന്നാൽ തടസ്സം വരുത്തുകയോ കുറ്റം ചെയ്യുകയോ ചെയ്യുന്ന അധ്യാപകരേയും ജീവനക്കാരും ശിക്ഷിക്കുവാനും അഭിവന്ദ്യ തിരുമേനിയുടെ അനുഗ്രഹത്താലും ശ്രമത്താലും മാനേജരായിരുന്ന ഈ ലേഖകന് സാധിച്ചിരുന്നു. 1999 വരെ ഈ ലേഖകൻ തൽസ്ഥാനത്ത് തുടർന്ന് പിന്നീട് ഞാൻ കൗൺസിൽ അംഗമായി തിരഞ്ഞെടുക്കുവാൻ താല്പര്യമില്ലാത്തതിനാൽ ഈ ലേഖകൻ മാനേജർ സ്ഥാനത്തുനിന്ന് പിന്മാറുകയാണുണ്ടായത്.

അതിനിടെ അഭിവന്ദ്യ തിരുമേനി രോഗബാധിതനായി ആശുപത്രിയിൽ കിടന്ന കുറച്ചു ദിവസങ്ങൾ സഭാംഗങ്ങളുടേയും മറ്റു ജനങ്ങളുടേയും മനസ്സിൽ ഉൽകണ്ഠയും ആശങ്കയും ഉണ്ടാക്കി. സഭാ, ജാതി ഭേദമെന്യ എല്ലാ ജനങ്ങളും അഭിവന്ദ്യ തിരുമേനിയുടെ സുഖപ്രാപ്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഏതാനും വളരെ കുറച്ചുദിവസങ്ങൾക്കകം അഭിവന്ദ്യ തിരുമേനി പൂർണ്ണ ആരോഗ്യത്തോടെ തിരിച്ചുവന്നത് ദൈവത്തിന്റെ പ്രവർത്തനം ഒന്നു കൊണ്ടു മാത്രമായിരുന്നു. തങ്ങളുടെ അഭിവന്ദ്യ തിരുമേനിയുടെ രോഗസൗഖ്യത്തിനായി ജനങ്ങൾ ആശുപത്രിയിൽ തടിച്ചുകൂടിയത് ഇന്നും ഈ ലേഖകൻ ഓർക്കുന്നു. അവരിൽ സഭാമക്കളും മറ്റു ക്രിസ്ത്യാനികളും ഹിന്ദുക്കളും മുസ്ലീംസമുദായക്കാരും എല്ലാവരും ഉണ്ടായിരുന്നു.

രോഗവിമുക്തനായെങ്കിലും കുറച്ചുകാലത്തിനു ശേഷം അഭിവന്ദ്യ തിരുമേനിയുടെ ചെവിക്ക് കേൾവി കുറയുകയായിരുന്നു. ഇന്ത്യയിലും വിദേശത്തും ചികിത്സിച്ചിട്ടും ചെവിയുടെ കേൾവി പൂർണ്ണമായി ലഭിക്കുകയുണ്ടായില്ല. അതിനാൽ വേറെ ഒരു മെത്രാപ്പോലീത്ത വേണമെന്ന് അഭിവന്ദ്യ തിരുമേനിക്ക് അഭിപ്രായം ജനിക്കുകയും കൗൺസിൽ യോഗത്തിൽ ഇക്കാര്യം അഭിവന്ദ്യതിരുമേനി തന്നെ അവതരിപ്പിക്കുകയും ചെയ്തു. എന്നാൽ ഈ ലേഖകനടക്കം പല കൗൺസിൽ അംഗങ്ങൾക്കും സഭയിലെ മറ്റു പ്രധാനഅംഗങ്ങൾക്കും വേറെ മെത്രാപ്പോലീത്ത നമ്മുടെ സഭക്ക് വേണ്ട എന്ന അഭിപ്രായമായിരുന്നു. എന്നാൽ അഭിവന്ദ്യ തിരുമേനി തന്റെ അഭിപ്രായത്തിൽ ഉറച്ചു നിന്നതിനാൽ ആയതിന് എല്ലാവരും സമ്മതിക്കുകയുണ്ടായത്. ഈ തീരുമാനത്തെ തുടർന്ന് നമ്മുടെ സഭയിലെ വൈദികനായിരുന്ന റവ. ഫാദർ. K.C.സണ്ണി അവർകളെ അഭിവന്ദ്യ സിറിൾ മാർ ബാസ്സേലിയസ്സ് മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യുകയാണുണ്ടായത്. തദവസരത്തിൽ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്ത വലിയ മെത്രാപ്പോലീത്തയായി സ്ഥാനാരോഹണം ചെയ്യപ്പെട്ടു.

വലിയ മെത്രാപ്പോലീത്താ ഇന്നും ജനങ്ങൾക്കും സഭാമക്കൾക്കും പ്രിയങ്കരനാണ്. അഭിവന്ദ്യ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഇത്തരുണത്തിൽ അദ്ദേഹത്തിന് എല്ലാം ഭാവുകങ്ങളും നേരുന്നു. അദ്ദേഹം ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ച് ദീർഘായുസ്സായി ഇരിക്കുവാൻ സർവ്വശക്തനായ ദൈവം അനുഗ്രഹിക്കുമെന്ന വിശ്വാസത്തോടെ ഈ ലേഖനം ഇവിടെ അവസാനിപ്പിക്കുന്നു.

Happy Silver Jubilee, Thirumeni Appacha!

Ellen Kulangara-



It was back in 2008 when I had first seen Thirumeni Appachan during the consecration of our Inter Denominational Christ Church. Though I had not talked to him, I was able to see that he was truly a great servant of God. The Holy Qurbana that he led was a huge blessing for all those who attended. Truly, those who were present could feel the glory of God coming down that day.

Since then, Thirumeni Appachan has visited twice but it was only in his most recent visit that I had the great privilege of spending time with him. Last year, my family was given the blessed opportunity of having Appachan visit our home for a week. During his stay, I began to understand his devotion and dedication to the great vocation he was given by God.

Appachan has showed me the great importance of prayer in one's life. Early morning before each of us took off to school and work, Appachan would gather the whole family to pray together and start the day before the Almighty presence of God. Appachan taught us that no matter how busy the day may be, we should always take the time to dedicate the day before God and seek His blessing and protection because we are nothing without Him. Because we did this every day, even after Appachan had left, our family continued to wake in the early hours and pray, starting the day before God. Even when we all had left the house, Appachan would sit in his room and continue to pray, spending time alone with God.

One of the best memories I have of his stay was when he gave me advice and spoke to me on respecting my parents. He would relate stories to me and help me understand the importance of obeying my parents. This moment had touched me very much because although he was staying for a short while, he still found time to speak with me. His kindness is sincere in so many ways. Even when he had left our home, he still prayed for our family and kept in touch with each one of us. I often wonder how he never fails to forget us when he has met so many people across the globe. Truly, Appachan's love for God is reflected through each of his actions.

On this most blessed and auspicious occasion, I would like to wish dear Thirumeni Appachan a happy Jubilee and I hope and pray that God would bless him mightily to touch many more people's hearts, just as he has mine.

Thirumeni Appachan Reflects the Love of Christ

Nevin Joseph , USA

There are so many things that come to mind when I think of our dear Thirameni Appachan. I think of his love for God and passion for the Holy Mass. Never before have I seen someone pour out his heart before God the way Appachan does. In fact, it is this side of him that first captured my attention when he lead the consecration of our Alayam a few years ago. What developed within me was a great sense of respect for this man's devotion to his vocation. Last year, our family had the great honor and privilege of having Appachan stay at our house for several days. What I discovered was that this great man of God is also one of the kindest and most loving people I have ever met. One of the first things I noticed was a book that Appachan carried around with him. In this book, he would note the name of every single person he met. He kept these names for remembrance and to pray for these people. I was so surprised that a man would take the time to pray for people he barely knew. The next thing I noticed about Appachan was his ability to relate to every single person in the house, from my grandmother to my little brother. I was especially touched by his desire to spend time with me. We developed a special bond over those few days. In spite of the language barrier between us, we were able to communicate almost effortlessly. Just the thought of developing a relationship with such a great man of God is quite overwhelming. Yet that is the kind of man Thirumeni Appachan is. He doesn't consider himself above anyone. He reflects the love of Christ wherever he goes. His wide grin and caring countenance are things I remember and miss to this day. On this very special day, I pray that God continues to bless our dear Appachan for his passion, his concern, and his love for all those around him. I pray that he will be given many more years to touch others in the same way that he touched me.

'റാലി സൈക്കിളും അളിയനും'
ഒരു മധുരസ്മരണ

ശാമു തോലത്ത്, പഴഞ്ഞി

ഓർത്തഡോക്സ് സംഭാംഗമായ ഞാൻ 1972 മാർച്ച് 4 ന് തൊഴിയൂർ സഭയുടെ കുന്നംകുളത്തെ പള്ളിയുടെ മുൻവശത്തുകൂടെ ബന്ധുവീട്ടിൽപോയിവരുമ്പോൾ, കുന്നിൻമുകളിലെ പള്ളിയിൽ പതിവിനുവിപരീതമായി ആൾകൂട്ടം കണ്ട് അവിടേയ്ക്കു കയറിചെന്നു. ജോസേ ജോസേ എന്നുള്ള സംബോധനഒരുകൂട്ടം ചെറുപ്പക്കാർ വിളിച്ചുകൂവുന്നതു കേട്ട് സംഗതിയാരാഞ്ഞപ്പോൾ മനസ്സിലായി, ആ കുന്നത്തെ സെന്റ്തോമസ് പള്ളി സ്ഥാപിച്ച ആലത്തൂര് വലിയതിരുമേനിയുടെ കുടുംബത്തിലെ കുന്നുംകുളം അഞ്ഞൂർറോഡിലെ ജോസ് എന്ന പതിനെട്ടുവയസ്സ് തികയാത്ത അവരുടെകൂട്ടുകാരൻ നാളെ ഈ ദേവലായത്തിൽ വെച്ച് ശെമ്മാശ്ശപട്ടം സ്വീകരിക്കുന്നു. നാളെമുതൽ ജോസിനെ ശെമ്മാശ്ശാ എന്നാണല്ലോ വിളിക്കേണ്ടത് എന്നതോർത്ത് പേര് വിളിച്ച് വിളിച്ച് മനസ്സിനെയൊരുക്കുകയാണ് എന്ന് പള്ളിഅലങ്കരിച്ച് ഒരുക്കുന്നതിനിടയിൽ അവരിൽ നിന്ന് ഗ്രഹിച്ചു. എന്റെ ജീവിതത്തിൽ അന്നുവരേയും ശെമ്മാശ്ശപട്ടംകൊട കണ്ടിട്ടില്ലാത്തതിനാൽ അടുത്തദിവസം ഞാനതിൽ സംബന്ധിച്ചു. പെരുന്നാളിന് പ്രദക്ഷിണം പോകുന്നപോലെ 'മേയ്ക്കട്ടി'ക്കടിയിൽ കറുത്തകുപ്പായം അണിഞ്ഞവൈദികരോടൊപ്പം "ഒരുകുഞ്ഞുകാപ്പയ്ക്കു സദൃശമായ 'അൽമത്തിയും' ഊറാറോയും ധരിച്ച് വൈദികരുടെ മദ്ധ്യത്തിൽ അഞ്ഞൂർറോഡിലെ തെക്കേപുറത്തെ ശെമ്മാശ്ശന്റെ വീടുലക്ഷ്യംവെച്ച് നടന്നുനീങ്ങിയ കൂട്ടത്തോടൊപ്പം കുറച്ചുദൂരം ഞാനും ഒരു ഹരംകൊണ്ട് നടന്നുനീങ്ങിയതു ഇന്നും ഓർമ്മയിൽ നിൽക്കുന്നു. ആ സ്മരണീയമായ പട്ടംകൊടക്കുശേഷം 1975 നവംബർ 17 ന് ശെമ്മാശ്ശന്റെ (ഇന്നത്തെ ജൂബിലേറിയൻ തിരുമേനിയുടെ) ഏറ്റവും ഇളയസഹോദരി മേഴ്സിയെവിവാഹം കഴിപ്പാൻ ഇടയായത് ദൈവികമായ പദ്ധതിയുടെ ഭാഗമായി ഞാൻ കാണുന്നു. എന്റെ ദേശക്കാരനും സ്ക്കൂൾ സതീർത്ഥ്യനുമായ കൊള്ളന്നൂർ ഉക്രുതമ്പി വിവാഹം കഴിച്ചിരുന്നത് ശെമ്മശ്ശന്റെ തൊട്ടുതാഴെയുള്ള സഹോദരി ലില്ലിയെ ആയിരുന്നു എന്നത് മറ്റൊരു നിമിത്തമായി. പ്രായത്തിൽ കുറഞ്ഞവനെങ്കിലും ഞങ്ങൾ മൂന്നു അളിയന്മാരെ (തിരുമേനിയുടെ മൂത്ത സഹോദരി ലൂസിയുടെ ഭർത്താവ് തെക്കക്കേക്കര ഐയ്പു കുട്ടിയാണ് മൂത്ത അളിയൻ) ജ്യേഷ്ഠസഹോദരന്മാരെയെന്ന വണ്ണം വളരെകൂടുതൽ സ്നേഹിപ്പാൻ ശെമ്മാശ്ശന് സാധിച്ചു. ശെമ്മാശ്ശനായിരുന്നകാലം തൊഴിയൂർ അരമനയിൽ അക്കാലങ്ങളിലെ അഭിവന്ദ്യതിരുമേനിമാരോടൊപ്പം വസിച്ചിരുന്നതുകൊണ്ടും, 1978 മാർച്ച് 1 ന് വൈദീകനായതിനുശേഷം കുന്നംകുളത്തെ പള്ളിയിൽ സ്ഥിരതാമസമാക്കിയതിനാലും ഞങ്ങൾ ഭാര്യാ ഗൃഹത്തിൽ ചെല്ലുന്ന വിശേഷ അവസരങ്ങളിൽ മിക്കവാറും ഒരുമിച്ച് ദീർഘസമയം ചിലവിടുവാനൊത്തിട്ടില്ല എന്നൊരുഖേദവും മനസ്സിൽതോന്നാതിരുന്നില്ല. എന്നാൽ ഇതൊന്നും ഞങ്ങളോടുള്ള സ്നേഹത്തിനോ ബഹുമാനത്തിനോ വിഘാതമായിരുന്നില്ല. മൂത്തസഹോദരി ലൂസിയെ "പെങ്ങൾ" എന്നുവിളിച്ചിരുന്ന തിരുമേനി തൊട്ടുതാഴെയുള്ള സഹോദരിയെ പേരുവിളിക്കുമ്പോഴും ഇളയസഹോദരിയായ എന്റെ ഭാര്യയെ 'കുഞ്ഞുപെങ്ങളേ' എന്നുവിളിക്കുമ്പോൾ ഞങ്ങൾക്ക് ആ മനസ്സിന്റെ ആഴത്തിൽ നിന്നുയരുന്ന സ്നേഹവും

ബോദ്ധ്യപ്പെട്ടിരുന്നു. 1986 ആഗസ്റ്റ് 20 ന് റമ്പാച്ചനായി. 27 ന് മെത്രാച്ചനായി സ്ഥാനാരോഹണം കഴിഞ്ഞശേഷം നേരിൽ കാണുവാനും പഴയപോലെ സംസാരിപ്പാനും സന്ദർഭങ്ങൾകുറഞ്ഞുവെങ്കിലും, ആൾക്കൂട്ടത്തിൽ വെച്ചുള്ള കുറഞ്ഞവാക്കുകളിൽ ഒതുക്കുന്ന സ്നേഹാന്വേഷണങ്ങളിലൂടെ ഞങ്ങൾ സംതൃപ്തിയടയുന്നു. വെളുപ്പിന് എഴുന്നേറ്റ് പ്രാർത്ഥിക്കുന്നില്ലേ എന്ന ചോദ്യത്തിനുമുന്നിൽ ചിലപ്പോൾ ഞങ്ങൾക്ക് മൗനം പാലിക്കേണ്ടിവരുന്നുവെങ്കിലും ഞങ്ങളുടെ സഹോദരതുല്ല്യനായ തിരുമേനിയുടെ പ്രാർത്ഥനയിൽ എന്നും ഞങ്ങളുണ്ടാകും എന്നതിൽ ഞങ്ങൾ ആശ്വാസംകണ്ടെത്തുന്നു. ശെമ്മാശ്ശനായിരുന്നപ്പോൾ വളരെ മോഹിച്ച് വാങ്ങിയ ഇംഗ്ലീഷ് റാലിസൈക്കിൾപൊന്നുപോലെ മിനുക്കിസൂക്ഷിച്ചിരുന്നു. വൈദികനായി, സ്ക്കൂൾ അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ച് രാജദൂത് മോട്ടോർസൈക്കിൾ വാങ്ങിയപ്പോൾ റാലിസൈക്കിൾ വാങ്ങിയവിലതിരിച്ചുതന്നാൽ സൈക്കിൾ തിരിച്ചേല്പിക്കണമെന്ന വ്യവസ്ഥയിൽ എനിക്ക് ലഭിച്ചു. ഒരുനിധിപോലെ ഞാനത് സൂക്ഷിച്ച് ഉപയോഗിക്കുന്നു. വല്ലപ്പോഴും ഞങ്ങളുടെ പഴഞ്ഞിയിലെ വീട്ടിൽവരുമ്പോൾ മങ്ങിപ്പോകാത്ത സൈക്കിളിന്റെ തിളക്കം ആസ്വദിച്ച് പഴയകരാർ ഓർമ്മിപ്പിക്കുന്നത് ഒരുഹോബിയായി ഇന്നും തുടരുന്നു. ഞാൻ മറ്റൊരുകരാർ എന്റെ മകനുമായി ചെയ്തു "വല്ല്യച്ചാച്ചന്റെ സൈക്കിൾ വിലയ്ക്ക് വാങ്ങിയതെങ്കിലും എന്റെ കാലം കഴിഞ്ഞാലും നീ വിൽക്കരുത്; കുടുംബത്തിന്റെ നിധിപോലെ സൂക്ഷിക്കണം" അതിൽയാത്രചെയ്യുമ്പോഴൊക്കെയും സ്നേഹനിധിയായ തിരുമേനി ശെമ്മാശ്ശനായിസൈക്കിളിൽ വല്ലപ്പോഴും ഞങ്ങളുടെ വീട്ടിൽ വന്നിരുന്നതും, രാജദൂത് മോട്ടോർസൈക്കിളിൽ ആ യാത്ര തുടർന്നതും, 2001 വരെ കൊടിവെച്ച കാറിൽ സഞ്ചിരിച്ചിരുന്നതും. മരിച്ചതിനോടു തുല്യമുള്ള അവസ്ഥയിൽ നിന്ന് ഊർജ്ജസ്വലനായി തിരിച്ചുവന്നതും, ഇടവകമക്കളുമായും, കുടുംബാംഗങ്ങളുമായും ഒരു ഏറ്റുമുട്ടലിന്റെ പാതയിലെത്താതിരുന്നതും ഓർക്കുമ്പോൾ, ഏൽക്കുന്ന കാറ്റിലെ കുളിർമ്മയും, സുഗന്ധവും വർദ്ധിക്കുന്നുവെന്നതാണ് സത്യം. വിദേശികളായ അനവധിപേരെ അവരുടെ ഭാഷയറിയാത്ത ഞങ്ങൾക്ക് പരിചയപ്പെടുവാനും, ഇടയ്ക്ക് അവരെസൽക്കരിക്കുന്നതിനും 'കുഞ്ഞുപെങ്ങളുടെ' സഹോദരനിലൂടെ ഞങ്ങൾക്ക് ഭാഗ്യംലഭിച്ചു. നീണ്ട ഇരുപത്തഞ്ച്വർഷം മേല്പെട്ടക്കാരനായിരിപ്പാൻ ശക്തിനൽകിയ സർവ്വശക്തനായ ദൈവം അഭിവന്ദ്യനായ ഞങ്ങളുടെ സഹോദരനായ വലിയ തിരുമേനിക്ക് ഇനിയുള്ള ഭാവിജീവിതവും അനുഗ്രഹകരമാക്കിതീർക്കട്ടെയെന്ന് ഇത്തരുണത്തിൽ ഞങ്ങൾ, അളിയനും, കുഞ്ഞുപെങ്ങളും സോമനും, ഷിമിമോളും കുടുംബവും പ്രാർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ........

അളിയനും കുഞ്ഞുപെങ്ങളും കുടുംബവും - പഴഞ്ഞി



മാർ കൂറീലോസ് വലിയ മെത്രാപ്പോലീത്ത

ചില സ്മരണകൾ

ഫാ. ഡോ. ജോസഫ് ചീരൻ,

1. ഉപക്രമം

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് (വലിയ) മെത്രാപ്പോലീത്തായുടെ എപ്പിസ്കോപ്പൽ രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മാരക ഗ്രന്ഥത്തിൽ ഒരു ലേഖകൻ ആയി ഉൾപ്പെടുവാൻ സാധിച്ചതിൽ ഞാൻ ദൈവത്തെ അത്യന്തം മഹത്വപ്പെടുത്തുന്നു. തൊഴിയൂരിലെ സിംഹാസനവുമായി തലമുറകളിലൂടെ എന്റെ കുടുംബ പൂർവ്വീകർ നിലനിർത്തിപ്പോന്ന, ഒരു പക്ഷേ അധികമാരും അറിഞ്ഞിരിക്കാൻ ഇടയില്ലാത്ത ചില സ്മരണകൾ രേഖപ്പെടുത്തുവാൻ അവസരം നൽകിയ ജൂബിലേറിയൻ മെത്രാപ്പോലീത്തയോട് നിസ്സീമമായ നന്ദിയുണ്ട്.

2. ചീരൻ സ്കറിയാ കശ്ശീശ

തൊഴിയൂർ സഭാ സ്ഥാപകൻ മേല്പട്ടസ്ഥാനം നൽകി പിൻഗാമിയായി അവരോധിച്ച കാട്ടുമങ്ങാട്ട് ഗീവർഗീസ് മാർ കൂറീലോസ് മെത്രാപ്പോലീത്ത ഹ്രസ്വ കാലത്തെ ഭരണത്തിന് ശേഷം സ്വദേശത്ത് മുളന്തുരുത്തി വെട്ടിക്കൽ ദയറായിൽ (അന്ന് കുരിശ് കെട്ടിടത്തിന് ദയറാ എന്ന പേർ ഇല്ലായിരുന്നു) വിശ്രമ ജീവിതം ആരംഭിക്കാനൊരുങ്ങിയപ്പോൾ അനുയോജ്യനായ ഒരു പിൻഗാമിയെ കണ്ടെത്താനുള്ള അന്വേഷണം ചെന്നെത്തിയത് പാലൂർ ചാട്ടുകുളങ്ങര പള്ളിയുടെ ഉപദേവാലയങ്ങളിൽ ഒന്നായിരുന്ന പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ സീനിയർ വികാരിയായ പെങ്ങാമുക്ക് സ്വദേശി ചീരൻ സ്ക്കറിയ കശ്ശീശായിലാണ്. ചീരൻ കുടുംബത്തിലെ അറിയപ്പെടുന്ന ആദ്യത്തെ സഭാധ്യക്ഷൻ മാർ പീലക്സീനോസ് എന്ന സ്ഥാനനാമത്തിൽ തൊഴിയൂരിന്റെ ചുമതല 1808 ൽ സ്വീകരിച്ചു. കാട്ടുമങ്ങാട്ട് ഒന്നാം കൂറിലോസിന്റെ കാലത്ത് മാതൃസഭയുമായി സംഭവിച്ച ഉരസലുകളുടെ അസുഖകരങ്ങളായ അകൽച്ചകൾ അകറ്റി മാതൃസഭയുമായി തൊഴിയൂർ സിംഹാസനത്തെ അനുരഞ്ജനപ്പെടുത്തുന്നതിൽ ചീരൻ സ്ക്കറിയ മാർ പീലക്സീനോസ് വിജയം കണ്ടു. അതോടെ തൊഴിയൂർ സിംഹാസനവും ചീരൻ കുടുംബവുമായുള്ള ബന്ധം ആരംഭിച്ചു. മാർതോമ്മാ പൈതൃകം ഉള്ള പാലൂർ ചാട്ടുകുളങ്ങര പള്ളി ഇടവകയോടുള്ള ബന്ധത്തിൽ തൊഴിയൂരിനെദൃഢപ്പെടുത്തിയതിലൂടെയാണ് മലങ്കരസഭയുമായുള്ള ബന്ധത്തിലേക്ക് അദ്ദേഹം തൊഴിയൂർ സിംഹാസനത്തെ പുനരാനയിച്ചത്. തന്റെ പിൻഗാമിയായി പാലൂർ ചാട്ടുകുളങ്ങര ഇടവകയിലെ കിടങ്ങൻ ഗീവർഗീസ് കശ്ശീശായെ തൊഴിയൂർ ഇടവക യോഗത്തിന്റെ ശുപാർശ പ്രകാരം നിശ്ചയിച്ചതോടെ മാതൃസഭയോടുള്ള ബന്ധം സുദൃഢവും സുനിശ്ചിതവുമായി. മാതൃസഭയുടെ ഒരു അനിഷേധ്യ ഭാഗം തന്നെയാണ് തൊഴിയൂർ സിംഹാസനം എന്ന പുതിയ അധ്യായം വിരചിച്ചുകൊണ്ടാണ് അദ്ദേഹം പിൻഗാമിയെ ഗീവർഗീസ് മാർ പീലക്സീനോസ് എന്ന സ്ഥാനനാമത്തിൽ 1811 ൽ വാഴിച്ചത്.

3. ചീരൻ യാക്കോബ് കശ്ശീശ

തന്റെ ആത്മമാതാവായ പഴഞ്ഞി സെന്റ് മേരീസ് പള്ളിയിൽ വെച്ച് 1815 മാർച്ച് 22 ന് കോട്ടയം പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ, ജോസഫ് മാർ ദിവന്നാസിയോസ് എന്ന സ്ഥാനനാമത്തിൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം നൽകിയപ്പോൾ പഴഞ്ഞി പള്ളിയിലെ വികാരി ചീരൻ യാക്കോബ് കത്തനാർ ആയിരുന്നു. മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാനാഭിഷേകം പഴഞ്ഞിയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ച് തൊഴിയൂരിലെ ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായെ കൊണ്ട് ആ കർമ്മം നിർവ്വഹിപ്പിച്ചതിൽ നിർണ്ണായകമായപങ്കും നേതൃത്വവും വഹിച്ച ആൾ ആയിരുന്നു ചീരൻ യാക്കോബ് കത്തനാർ. വിജയകരമായും പരാതി രഹിതവുമായി നടന്ന ഈ സ്ഥാനദാനശുശ്രൂഷ നൽകിയ ആത്മവിശ്വാസത്തിന്റെ ബലത്തിലാണ് പിന്നീട് പുന്നത്ര മാർ ദിവന്നാസിയോസിനേയും ചേപ്പാട് മാർ ദിവന്നാസിയോസിനേയും കോട്ടയം ചെറിയ പള്ളിയിൽ വെച്ച് (തിരുവിതാംകൂർ പ്രദേശത്ത്) വാഴിക്കുവാൻ വഴി തുറന്ന് കിട്ടിയത്.

4. ചീരൻ ഇട്ടൂപ്പ് കശ്ശീശ

1876 ഓബ് 15 ന് (ആഗസ്റ്റ് 27/ ചിങ്ങം 13) ഞായറാഴ്ച വാങ്ങിപ്പ് പെരുന്നാളിൽ മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ വെച്ച് പത്രോസ് മൂന്നാമൻ പാത്രീയർക്കീസിന്റെ മുഖ്യ കാർമ്മികത്വത്തിലും പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ദ്വിതീയൻ, അബ്ദുള്ളാ മാർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്തമാരുടെ സഹ കാർമ്മികത്വത്തിലും വി. മൂറോൻ കൂദാശ നടന്നു. മലങ്കര സഭയിലെ വിവിധ ദേവാലയങ്ങളിൽ വി. മൂറോൻ വിതരണം ചെയ്യുവാനുള്ള ചുമതല നിർവ്വഹിച്ചത് അബ്ദുള്ളാ മാർ ഗ്രീഗോറിയോസ് ആയിരുന്നു. 1868 ഡിസംബർ 1 ന് പഴഞ്ഞി പള്ളിയിൽ വെച്ച് പുലിക്കോട്ടിൽ യൗസേഫ് മാർ ദിവന്നാസിയോസ് രണ്ടാമനിൽനിന്നു കശ്ശീശാപട്ടമേറ്റ ചീരൻ ഇട്ടൂപ്പ് (യൗസേഫ്) കത്തനാർ ആയിരുന്നു അക്കാലത്ത് പഴഞ്ഞി പള്ളി വികാരി (പഴഞ്ഞിയുടേയും ചാലിശ്ശേരിയുടേയും വികാരി എന്ന് രേഖപ്പെടുത്തിയാണ് 1876 ലെ മുളന്തുരുത്തി സുന്നഹദോസിൽ അദ്ദേഹം ഒപ്പു വെച്ചിട്ടുള്ളത്.) ദ്രവ്യാഗ്രഹിയായിരുന്ന അബ്ദുള്ള മാർ ഗ്രീഗോറിയോസിനെവഴിപ്പെടുത്തുവാൻ ചീരൻ ഇട്ടൂപ്പ് കത്തനാർക്ക് പ്രയാസമേതും ഉണ്ടായില്ല.

5. ചീരൻ ഇയ്യോബ് കശ്ശീശ

പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്ത 1894 ജനുവരി 9 ന് ചാലിശ്ശേരി പള്ളിയിൽ വെച്ച് കശ്ശീശാസ്ഥാനം നൽകിയ ചീരൻ ഇയ്യോബ് കത്തനാർ (ഇദ്ദേഹം മങ്ങാട് ചീരൻ കുടുംബത്തിലെ അംഗമാണ്) ഇയ്യുണ്ണി അച്ചൻ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഇദ്ദേഹം പില്ക്കാലത്ത് തൊഴിയൂർ സഭയിൽ ചേരുകയും തൊഴിയൂരിലെ വികാരി ജനറൽ ആയിത്തീരുകയും ചെയ്തു. ജൂബിലേറിയൻ തിരുമേനിയുടെ പിതാമഹന്റെ സഹോദരൻ പൗലൂസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്തായെ കരിമാംകുഴി പുലിക്കോട്ടിൽ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത 1917ൽ വാഴിച്ചപ്പോൾ ചീരൻ ഇയ്യോബ് കത്തനാർ (ഇയ്യുണ്ണി അച്ചൻ) ആയിരുന്നു വികാരി ജനറൽ. ഇദ്ദേഹത്തിന്റെപുത്രനാണ് 1948 മുതൽ 1967 വരെ ഭരണം നടത്തിയ ചീരൻ ഗീവർഗീസ് മാർ കുറീലോസ് മെത്രാപ്പോലീത്താ. അദ്ദേഹം എന്റെ പിതാവിന്റെ അർദ്ധധനാദരൻ ആയിരുന്നു. (Second Cousin brother) സെക്കന്റ് കസിൻ ബ്രദർ. ഇദ്ദേഹമായിരുന്നു ജൂബിലേറിയൻ തിരുമേനിയുടെ പ്രഥമ സുറിയാനി ഗുരുനാഥൻ.

6. ചീരൻ ഗീവറുഗീസ് കശ്ശീശ

പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് ദ്വിതീയനിൽ നിന്ന് നിരണം വലിയ പള്ളിയിൽവച്ച് 1886 സെപ്റ്റംബർ 21 ന് കശ്ശീശ്ശ പട്ടമേറ്റ പഴഞ്ഞി പള്ളിയുടെ ആയുഷ്ക്കാല വികാരിയും ഇതെഴുതിയ ആളിന്റെ പിതാമഹനുമായിരുന്ന പഴഞ്ഞി പള്ളിയിലെ മൂപ്പച്ചൻ എന്ന് കൂടി അറിയപ്പെട്ടിരുന്ന ചീരനച്ചൻ സമപ്രായക്കാരനും സ്വദേശിയും തൊഴിയൂർ മെത്രാപ്പോലീത്തായുമായിരുന്ന (കരിമാംകുഴി) പുലിക്കോട്ടിൽ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയുമായി ഉറ്റ സൗഹൃദത്തിലായിരുന്നു. പഴഞ്ഞിയിലെ തൊഴിയൂർ പള്ളിയുടെ തൊട്ട് പടിഞ്ഞാറെ ഭാഗത്തുള്ള വീട്ടിൽ താമസിച്ചിരുന്ന ചീരനച്ചനും കരിമാംകുഴി മെത്രാച്ചനും തമ്മിൽ അസൂയാവഹമായ ചങ്ങാത്തം ഉണ്ടായിരുന്നു. ചീരനച്ചൻ ആലസ്യവിധേയനായപ്പോൾ അദ്ദേഹത്തിന് കന്തീലാ ശുശ്രൂഷ നടത്തിയതിൽ മുഖ്യകാർമികത്വംവഹിച്ചത് കരിമാംകുഴി മെത്രാച്ചൻ ആയിരുന്നു.

7. പരിണാമങ്ങളും പ്രതികരണങ്ങളും

മലങ്കര അന്ത്യോഖ്യൻ ബന്ധത്തിന്റെ ഭാഗമായി പൂർവ്വിക ആണ്ടുതക്സാ ക്രമങ്ങൾക്ക് പ്രകടമായ പരിണാമം സംഭവിച്ചത് 19 ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലാണ്. എന്നാൽ കുന്നം കുളം - പഴഞ്ഞി പ്രദേശങ്ങളിൽ പഴയ വൈദികരുടെ തലമുറ മറയും വരെയും പൂർവ്വിക ക്രമങ്ങൾ ആണ് ഉപയോഗിച്ചിരുന്നത്. പുതിയ അച്ചടി ക്രമങ്ങൾ പഴഞ്ഞിയിൽ അരങ്ങേറിയത് കൊള്ളന്നൂർ യാക്കോബ് കത്തനാരുടെ ഭരണത്തിൽ 1930 കളിൽ ആയിരുന്നു. ആരാധനയിൽ വന്ന ഈ പരിണാമത്തെ അംഗീകരിക്കാത്ത പലരും ഇടവകയിലുണ്ടായിരുന്നു. അവരുടെ കൂട്ടത്തിലൊരാളായിരുന്നു എന്റെ പ്രിയ പിതാവ്. പുതിയ അച്ചടിക്രമങ്ങൾ ഉപയോഗിക്കാൻ വിസമ്മതിച്ചിരുന്ന തൊഴിയൂർ സഭയുടെ പഴഞ്ഞിയിലുള്ള പള്ളിയിലാണ് തന്മൂലം അദ്ദേഹം പെരുന്നാളുകളിലെ ആരാധനകളിൽ സംബന്ധിച്ചിരുന്നത്. അന്തരിച്ച ബി.എ. ക്കാരൻ അച്ചന്റെ (ഫാ. കെ.സി. വർഗ്ഗീസ്) യൽദോ പെരുന്നാളിലെ പ്രത്യേക ശുശ്രൂഷയിൽ കയ്യെഴുത്തു സുറിയാനി ക്രമത്തിലെ രാഗങ്ങൾ പാടുവാൻ സഹായിയായി നിന്നിരുന്നത്; പ്രിയ പിതാവിന്റെ പങ്കാളിത്തം അദ്ദേഹത്തിന്റെ തോളിൽ കിടന്ന് വീക്ഷിച്ച ശൈശവകാലസ്മരണകൾ എന്നിലുണ്ട്. അക്കാലത്ത് മുൻ പ്രസ്താവിച്ച വികാരിജനറാൾ ആയിരുന്ന ഇയ്യുണ്ണി അച്ചന്റെ മകൻ ചീരൻ ഗീവർഗീസ് മാർ കൂറിലോസ് ആയിരുന്നു തൊഴിയൂരിലെ സഭാധ്യക്ഷൻ.

8. അച്ചനല്ലാത്ത ചീരനച്ചൻ

എന്റെ പിതാവ് വൈദിക സ്ഥാനത്തേക്കെത്തുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്ന ആളായിരുന്നു. എന്നാൽ ഇടവകയിലെ ചില ചരടുവലികൾ നിമിത്തം അതു നടക്കാതെ പോയി. അദ്ദേഹത്തിന്റെ ആദ്യപുത്രനെ വൈദികനാക്കാൻ വീട്ടുകാർ നിശ്ചയിച്ചു. തന്മൂലം ജ്യേഷ്ഠനെ മാതൃഭവനത്തിലെ എല്ലാവരും ചീരനച്ചൻ എന്ന് സംബോധന ചെയ്തുവന്നു. പഴഞ്ഞിപള്ളി മദ്ബഹായിലെ ശുശ്രൂഷയിൽ പങ്കാളിയായിരുന്ന ജ്യേഷ്ഠനെ തൊഴിയൂരിന്റെ ചീരൻ മാർ കൂറീലോസിന് ഇഷ്ടമായി. അധ്യാപക പരിശീലനം കഴിഞ്ഞപ്പോൾ തൊഴിയൂരിലെ പള്ളി വക

സ്ക്കൂളിൽ അധ്യാപകനാവാൻ ജ്യേഷ്ഠൻ ക്ഷണിക്കപ്പെട്ടു. ജ്യേഷ്ഠൻ അങ്ങനെതൊഴിയൂർ സ്ക്കൂളിൽ അധ്യാപകനായി, തൊഴിയൂർ പള്ളിയുടെ നാലുകെട്ടിൽ താമസവുമായി. ജ്യേഷ്ഠൻ തൊഴിയൂരിലെ പിൻഗാമിയാകുമെന്ന് മാർ കൂറിലോസ് ആഗ്രഹിച്ചിരുന്നതായി ജ്യേഷ്ഠൻ പലപ്പോഴും എന്നോട് പറഞ്ഞിട്ടുണ്ട്. എന്നാൽ മെത്രാൻസ്ഥാനത്തിൽ കണ്ണുണ്ടായിരുന്ന ചിലർ കാര്യമറിഞ്ഞ് കരുനീക്കിയതിനെതുടർന്ന് ജ്യേഷ്ഠൻ തൊഴിയൂർ ബന്ധം അവസാനിപ്പിച്ചതായാണ് കേട്ടറിവ്. 'ചീരനച്ചൻ' പിന്നീട് പട്ടാളക്കാരനായി, അധ്യാപകനായി അന്തരിച്ചു.

9. പുതിയ തലമുറയിലെ ചീരനച്ചൻ

ഇതെഴുതുന്ന ആൾ 1972ൽ കശ്ശീശ സ്ഥാനം സ്വീകരിച്ചു. അക്കാലം മുതൽ തൃശ്ശൂർ സി.എം.എസ്. ഹൈസ്ക്കൂളിൽ അധ്യാപകൻ ആയിരുന്നു. കോട്ടയം പഴയ സെമിനാരിയിൽ ദീർഘകാലം മല്പാൻ ആയിരുന്ന കൊച്ചി ഭദ്രാസനാധിപൻ യുഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്ത ആയിരുന്നു എന്റെ മുഖ്യ വൈദിക ഗുരുവും ആത്മീയ പിതാവും. അക്കാലത്ത് തൊഴിയൂരിൽ അധ്യക്ഷനായിരുന്ന (1967- 1977) പൗലൂസ് മാർ പീലക്സിനോസ് സഭാത്യാഗം ചെയ്തതോടെ തൊഴിയൂർ സഭ വൈധവ്യം പ്രാപിച്ചു. ആ സിംഹാസനത്തിലേക്ക് പിന്നീട് വാഴിക്കപ്പെട്ടത് 1978 ൽ കൂത്തൂർ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തയാണ്. അദ്ദേഹത്തെ കഹനൈത്താ, കന്തീല തുടങ്ങിയ അപൂർവ ആരാധനാക്രമങ്ങൾ പരിശീലിപ്പിക്കുവാൻ, അഭിവന്ദ്യ യുഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം ഈ ലേഖകൻ നിയോഗിക്കപ്പെട്ടു. ഏതാനും മാസങ്ങൾകൊണ്ട് ദൗത്യം ഒരുവിധം പൂർത്തിയാക്കി. അതോടെ മറ്റൊരു ദൗത്യം ഏല്പിക്കപ്പെട്ടു. തൊഴിയൂർ അരമനയുടെ ചമയമുറിയിൽ ഒരു അലമാര നിറയെ സുറിയാനി പുസ്തകങ്ങൾ കുത്തിനിറച്ചിരുന്നു. കയ്യെഴുത്ത് സുറിയാനി ഗ്രന്ഥങ്ങൾ. അവിടെ പുസ്തകങ്ങൾ പരിശോധിച്ചിട്ടില്ല. പരിശോധിക്കുവാൻ ആവശ്യമായ സുറിയാനി ഭാഷാപരിചയം ആ തലമുറയിൽ ആർക്കും ഇല്ലായിരുന്നു. ആ പുസ്തകങ്ങൾ എല്ലാം പരിശോധിച്ച് അവയുടെ ഒരു കാറ്റലോഗ് നിർമ്മിക്കുവാൻ അദ്ദേഹം എന്നോടാവശ്യപ്പെട്ടു. അത് എനിക്കൊരു പുതിയ അനുഭവം ആയിരുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള സുറിയാനി കയ്യെഴുത്തു ഗ്രന്ഥങ്ങൾ എന്നെ അത്ഭുതപ്പെടുത്തി. എന്നിലെ ഗവേഷണ വിദ്യാർത്ഥിയെ ആവേശം കൊള്ളിക്കുന്ന അനുഭവമായിരുന്നു അത്.

കാറ്റലോഗ് നിർമ്മാണം പൂർത്തിയാകുന്നതിന് മുമ്പേ അദ്ദേഹത്തിന്റെ അസുഖം മൂർച്ഛിച്ചു. സഭയിലെ വ്യവഹാരങ്ങൾ അദ്ദേഹത്തെ ഏറെ തളർത്തിയിരുന്നു. എങ്കിലും എന്റെ സേവനം അദ്ദേഹത്തെ ആഹ്ലാദിപ്പിച്ചു. പലപ്പോഴും ഒരു ശെമ്മാശനെപോലെ സുറിയാനി രാഗങ്ങൾ ഉച്ചത്തിൽ എന്നെ ചൊല്ലി കേൾപ്പിക്കുമായിരുന്നു. അക്കാലത്ത് അദ്ദേഹം എനിക്ക് നൽകിയ ഒന്ന് രണ്ട് സമ്മാനങ്ങൾ അദ്ദേഹത്തെ കുറിച്ചുള്ള വിലപ്പെട്ട ഓർമ്മകളോടൊപ്പം ഞാൻ സൂക്ഷിക്കുന്നു.

തൊഴിയൂർ അരമനയിൽ എനിക്കുണ്ടായ വിചിത്രാനുഭവങ്ങൾ, പിന്നീട് മാർ സേവേറിയോസ് തിരുമേനിയോട് ഞാൻ ഇപ്രകാരം പങ്കു വെച്ചു. ഒരു സിമ്മനാരി ഇല്ലാത്തതിനാൽ നമ്മുടെ പഴയ പല പാരമ്പര്യങ്ങളും അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ആ മല്പാൻ ഉടനെപ്രതിവചിച്ചു നമ്മുക്ക് ഒരു സിമ്മനാരി ഉള്ളതുകൊണ്ട് നമ്മുടെ വിലപ്പെട്ട പല പാരമ്പര്യങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ചിന്തോദ്ദീപകമായ ആ വിമർശനം എന്നെ ഏറെ അസ്വസ്ഥനാക്കിയിട്ടുണ്ട്.

10. മാർ കൂറീലോസ് ജോസഫ് മെത്രാപ്പോലീത്തായും ചീരനച്ചനും

മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായുടെ അന്ത്യ നാളുകളിൽ പനയ്ക്കൽ യൗസേഫ് കത്തനാർ നിയുക്ത മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. മാർ കൂറീലോസ് 1986 ൽ അവിചാരിതമായി അന്തരിച്ചപ്പോൾ നിയുക്ത മെത്രാന് മെത്രാൻ സ്ഥാനോചിത ശുശ്രൂഷകൾ പരിശീലിപ്പിക്കുവാൻ സംവിധാനമില്ലാതായി. നിയുക്ത മെത്രാൻ നേരത്തെ തന്നെ എനിക്ക് സുപരിചിതൻ ആയിരുന്നു. കൊച്ചി ഭദ്രാസനയുവജനപ്രസ്ഥാനത്തിന്റെ ചുമതലയിൽ പ്രസിദ്ധീകരിച്ചുവന്ന 'സീയോൻ സന്ദേശം' മാസികയാണ് ആപരിചയം തുടങ്ങുവാൻ കാരണമായത്. പ്രസ്ഥാനത്തിന്റെ ജനറൽ സിക്രട്ടറി എന്ന നിലയിൽ ആ മാസികയുടെ ചുമതല ഞാനാണ് വഹിച്ചിരുന്നത്. മാസികയുടെ ചുമതലയിലെ പ്രതിദിനാവശ്യങ്ങൾ നിർവ്വഹിക്കുവാൻ കുന്നംകുളത്ത് താമസിക്കുന്ന കൊള്ളന്നൂർ ശെമ്മശനെമാനേജർ ആക്കിവെച്ചിരുന്നു. അദ്ദേഹത്തിന്റെ സൗകര്യാർത്ഥം മാസികയുടെ അച്ചടി കുന്നംകുളത്ത് മതിയെന്ന് നിശ്ചയിച്ചു. തൊഴിയൂർ സഭയുടെ വകയായി കുന്നംകുളത്ത് പ്രവർത്തിച്ചിരുന്ന സെന്റ് തോമസ് പ്രസ്സിലാണ് മാസിക അച്ചടിച്ചിരുന്നത്. അന്ന് പ്രസ്സിന്റെ ചുമതല വഹിച്ചിരുന്നത് പനക്കൽ ജോസഫ് ശെമ്മാശൻ ആയിരുന്നു. ഉൽക്കർഷ പ്രിയനായ ശെമ്മാശൻ മാസികയുടെ നടത്തിപ്പിനെപ്പറ്റി പല കാര്യങ്ങളും ചോദിച്ചറിയുമായിരുന്നു. ഈ അറിവുകൾ അദ്ദേഹം പ്രയോജനപ്പെടുത്തി. 'സീയോൻ സന്ദേശം' ഏറെ താമസിയാതെ പ്രവർത്തനം നിലച്ചു. ഏറെ വൈകാതെ ശെമ്മാശൻ കശീശ പട്ടം ഏറ്റു. തൊഴിയൂർ സഭയിലെ യുവജനപ്രസ്ഥാനത്തിന്റെ ചുമതല ഏറ്റെടുത്ത അദ്ദേഹം അവരുടെ സഭ വകയായി ഒരു പുതിയ മാസിക ആരംഭിച്ചു. -'കുഞ്ഞാടുകളുടെ വെളിച്ചം'- അതായിരുന്നു. മാസികയുടെ പേര്. പ്രസ്സിൽ വെച്ചുണ്ടായ പരിചയം ക്രമേണ വളർന്നു. എന്റെ പല രചനകളും തൊഴിയൂർ വക മാസികയിൽ പ്രസിദ്ധീകരിച്ചു. 'ഡിഡാക്കേ' എന്ന പുസ്തകവും 'മാർ ഇഗ്നാത്ത്യോ

സിന്റെ സപ്ത ലേഖനങ്ങൾ' എന്ന ലേഖനപരമ്പരയും പ്രസിദ്ധീകരിക്കുവാൻ മാസിക വഴി നിയുക്ത മെത്രാൻ എന്നെ സഹായിച്ചത് കൃതജ്ഞതാപൂർവ്വം ഓർക്കുന്നു.

പിന്നെയും ഒരു വ്യാഴവട്ടക്കാലം പിന്നിട്ടു. ആലുവയിലെ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ ഞാൻ നിയമിതനായി. കൂത്തൂർ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായുടെ ആവശ്യ പ്രകാരം ഞാൻ തൊഴിയൂരിൽ പോയത് ഇക്കാലത്താണ്. മാർ കൂറീലോസ് കാലം ചെയ്തതോടെ നിയുക്ത മെത്രാനുമായി കൂടുതൽ അടുപ്പമായി. അദ്ദേഹം പലപ്പോഴും കുണ്ടുകാടിനടുത്ത് കര്യാട് എന്ന സ്ഥലത്തുള്ള എന്റെ ഭവനത്തിൽ അവധി ദിവസങ്ങളിൽ വരും. പള്ളികൂദാശ , പട്ടംകൊട എന്നീ ശുശ്രൂഷകളുടെ ക്രിയകളെപ്പറ്റി ചർച്ച ചെയ്യും. അക്കാലം തൊട്ട് അദ്ദേഹം പല വേദികളിലും എന്നെ ഗുരുവെന്ന് വിശേഷിപ്പിച്ചപ്പോൾ വൈദിക സെമിനാരി വിദ്യാഭ്യാസം ലഭിക്കാൻ ഭാഗ്യം കിട്ടാതെ പോയ ഞാൻ ഗൂഢമായി കൃതകൃത്യത അനുഭവിച്ചിരുന്നു. 1986 ൽ അദ്ദേഹം മാർ കൂറീലോസ് എന്ന പേരിൽ അഭിഷക്തനായതോടെ തൊഴിയൂരിൽ എനിക്ക് പൂർവ്വാധികം സ്വാതന്ത്ര്യം ലഭിച്ചു. പുതിയ മെത്രാപ്പോലീത്തായ്ക്ക് സാധ്യമായ എല്ലാ സഹകരണങ്ങളും സഹായങ്ങളും നൽകുവാൻ എന്റെ ഗുരുവായ മാർ സേവേറിയോസ് മെത്രാപ്പോലീത്ത എന്നെ ചുമതലപ്പെടുത്തിയിരുന്നു.

സുറിയാനി സഭയുടെ ചരിത്രം, ആരാധനതുടങ്ങിയ വിഷയങ്ങളെപ്പറ്റി ഗവേഷണ പഠനം ഇതിനോടകം ആരംഭിച്ചിരുന്ന എനിക്ക് തൊഴിയൂരിലെ സുറിയാനി ഗ്രന്ഥപ്പുര ഒരു സ്വർണ്ണഖനിയായിരുന്നു. അവ ആവശ്യാനുസരണം പരിശോധിക്കുവാൻ എന്നെ അനുവദിച്ചിരുന്നു. ആവശ്യമായ രേഖകളുടേയും പുസ്തകങ്ങളുടേയും ഫോട്ടോകോപ്പി സ്വന്തം ചിലവിൽ അദ്ദേഹം എനിക്ക് തയ്യാറാക്കി തന്നിരുന്നു. വേണ്ടതുപോലെ ഉപയോഗിച്ചിരുന്നില്ലെങ്കിലും ശ്രദ്ധാ പൂർവ്വം ഗൗരവത്തോടെ ആ രേഖകളും ഗ്രന്ഥങ്ങളും സൂക്ഷിക്കുവാൻ പുതിയ മെത്രാപ്പോലീത്ത ജാഗ്രത പുലർത്തിയിരുന്നു. ആവശ്യാനുസരണം അരമനയിൽ താമസിച്ച് പുസ്തകങ്ങൾ പരിശോധിക്കുവാൻ എല്ലാ സൗകര്യങ്ങളുമുള്ള ഒരു മുറിയും ഭക്ഷണ സൗകര്യങ്ങളും അദ്ദേഹം ക്രമീകരിച്ചിരുന്നെന്ന് നന്ദിയോടെ ഓർക്കുന്നു. അദ്ദേഹം നടത്തിയ ആദ്യത്തെ പട്ടംകൊടയിലും ആദ്യത്തെ പള്ളികൂദാശയിലും ഞാൻ സന്നിഹിതനായിരുന്ന് അദ്ദേഹത്തെ സഹായിച്ച കാര്യം അനുസ്മരിക്കട്ടെ. ഭദ്രാസനാസ്ഥാനത്തുള്ള പഴയ ദേവാലയം മെത്രാപ്പോലീത്തായുടെ അക്ഷീണപരിശ്രമത്തിന്റെ ഫലമായി പുനർനിർമ്മിച്ചപ്പോൾ അതിന്റെ പൂർണ്ണകുദാശ അദ്ദേഹത്തിന്റെ മുഖ്യകർമ്മികത്വത്തിൽ നിർവഹിച്ചു. തെരഞ്ഞെടുക്കപ്പെട്ട ഏതാനും പേർക്ക് പള്ളികുദാശയുടെ മലയാളഗീതങ്ങൾ ഈ ലേഖകൻ പരിശീലിപ്പിച്ചു. അവർ ആ പാട്ടുകൾ രാഗശുദ്ധിയോടെ ആലപിച്ചു. അതൊരു അവിസ്മരണീയ അനുഭവമായിരുന്നുവെന്ന് ശുശ്രൂഷയിൽ പങ്കെടുത്ത മാർത്തോമ്മാ മെത്രാപ്പോലീത്താ പറഞ്ഞത് ഞാൻ ഓർക്കുന്നു.

ആയിടെ മാർ കൂറിലോസ് മെത്രാപ്പോലീത്താ ഇംഗ്ലണ്ട് സന്ദർശിച്ച് നാട്ടിലെത്തിയപ്പോൾ എന്റെ വീട്ടിൽ വന്ന് എന്റെ മക്കൾക്ക് ഒരു ഓക്സ്ഫോർഡ് ഡിക്ഷണറി സമ്മാനിച്ചതും മറ്റൊരു വിദേശ സന്ദർശനം കഴിഞ്ഞ് നാട്ടിലെത്തിയപ്പോൾ ഒരു എ ഫോർ കടലാസിന്റെ വലുപ്പത്തിൽ ഘനം കുറഞ്ഞ ഒരു ലെൻസ് എനിക്ക് സമ്മാനിച്ചതും നന്ദിയോടെ സ്മരിക്കുന്നു. പള്ളികൂദാശയുടെ ക്രമം (പ. ഔഗേൻ കാതോലിക്ക വിവർത്തനം ചെയ്തത്) പകർത്തിയെഴുതി അദ്ദേഹത്തിന്റെ ഉപയോഗത്തിനായി ഈ ലേഖകൻ സമർപ്പിച്ചതും ഓർമ്മയിൽ വരുന്നു.

മെത്രാപ്പോലീത്തായുടെ സഹായത്തോടെ തൊഴിയൂർ ആർക്കൈവ്സിൽ നിന്ന് ഞാൻ കണ്ടെടുത്ത് പ്രസിദ്ധീകരച്ച ചില രേഖകൾ തൊഴിയൂർ സഭയുടേയും മെത്രാപ്പോലീത്തായുടേയും ഖ്യാതി വർദ്ധിപ്പിക്കുവാൻ സഹായകമായി.

സുസ്താത്തിക്കോനുകൾ

അതിൽ പ്രധാനപ്പെട്ട ഒരു രേഖ 1665 ൽ മലങ്കരയിൽ വന്ന അബ്ദുൾ ജലീൽ മാർ ഗ്രീഗോറിയോസിന്റെ സുസ്താത്തിക്കോൻ ആണ്. അറബിക് ഗാർസുനി ഭാഷയിൽ എഴുതപ്പെട്ട ആ രേഖ ആറിഞ്ച് വീതിയും പത്ത് അടിയോളം നീളവുമുള്ള ചുരുൾ ആയിരുന്നു. അറബി ഭാഷ സുറിയാനി ലിപിയിൽ എഴുതുന്ന ലേഖനവിദ്യയ്ക്കാണ് അറബിക് ഗാർസുനി എന്ന് പറയുന്നത്. മാർ ഗ്രീഗോറിയോസ് അബ്ദുൾ ജലീലിനെപ്പറ്റി ആദ്യമായി ഒരു രേഖ സഭാചരിത്രത്തിൽ പ്രത്യക്ഷപ്പെടുവാൻ സഹായിച്ചതിന്റെ മുഖ്യ ബഹുമതി മെത്രാപ്പോലീത്തായ്ക്കുള്ളതാണ്.

മനോരമ പത്രം അതിന്റെ ഒടുവിലത്തെ പേജിൽ എട്ടു കോളം വാർത്തയായി അതിനെപ്പറ്റിയുള്ള റിപ്പോർട്ട് അരപ്പുറം നിറയെ വിസ്തൃതിയിൽ ചേർത്തിരുന്നു. മെത്രാപ്പോലീത്തായ്ക്ക് സുസ്താത്തിക്കോന്റെ ശ്രദ്ധേയമായ ഭാഗം ഞാൻ ചൂണ്ടികാണിച്ചുകൊടുക്കുന്ന ചിത്രവും അതിൽ ചേർത്തിരുന്നു. മനോരമയുടെ എല്ലാ എഡിഷനുകളിലും ആ വാർത്ത പൂർണ്ണമായി പ്രസിദ്ധീകരിച്ചു. സുസ്താത്തിക്കോനെപറ്റിയും എന്റെ ചില നിരീക്ഷണങ്ങളും ആ റിപ്പോർട്ടിൽ കൊടുത്തിട്ടുള്ളത് നാളിതുവരെ ആരും ചോദ്യം ചെയ്തിട്ടില്ലെന്നുള്ളത് ആ പഠനത്തിന്റെ ആധികാരികതയെ ശരി വെയ്ക്കുന്നു. വിദേശത്തുള്ള ചില സുറിയാനി ഭാഷാപണ്ഡിതന്മാരുടെ സഹായത്തോടെ അറബിക് ഗാർസുനിയിലുള്ള കുറിപ്പ് മെത്രാപ്പോലീത്താ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുകയും അതിന്റെ ഒരു കോപ്പി എനിക്ക് സമ്മാനിക്കുകയും ചെയ്തത് നന്ദിയോടെ ഓർക്കുന്നു.

അബ്ദുൾ ജലീൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത 17 ാം നൂറ്റാണ്ടിൽ മുളന്തുരുത്തി, അങ്കമാലി, കണ്ടനാട് എന്നീ പള്ളികൾക്കയച്ച സുദീർഘമായ ഒരു കല്പനയുടെ പകർപ്പ് തൊഴിയൂരിൽ നിന്ന് ഞാൻ കണ്ടെടുത്തു.

തൊഴിയൂർ അരമനയിലെ ആർക്കെവ്സിനോട് എനിക്കുള്ള കടപ്പാട് നിസ്സീമമാണ്. എന്റെ ഗവേഷണ പഠനങ്ങൾക്ക് ആവശ്യമായ ഒട്ടേറെ വിഭവങ്ങൾ ഞാനവിടെ കണ്ടു. അതൊക്കെ ഫോട്ടോകോപ്പി രൂപത്തിൽ എന്റെ ഗ്രന്ഥശേഖരത്തിന്റെ ഭാഗമാക്കാൻ അഭിവന്ദ്യ കൂറീലോസ് മെത്രാപ്പോലീത്ത എന്നെ സഹായിച്ചു. തൊഴിയൂർ ദേവാലയത്തിന്റെ പുനർണ്ടനിർമ്മാണം , പുതിയ ദേവാലയങ്ങളുടേയും ഇടവകകളുടേയും രൂപീകരണം ,മാസിക , വിദേശത്തെ സപ്പോർട്ടിംഗ് ഗ്രൂപ്പ്, ലോക സഭാവേദികളിലെ പങ്കാളിത്തം എന്നീ വിഷയങ്ങളിൽ മെത്രാപ്പോലീത്ത നേടിയ അഭൂത പൂർവ്വമായ നേട്ടങ്ങൾ ആ സഭയ്ക്ക് മാത്രം വിലപ്പെട്ടതായപ്പോൾ ഈ ആർക്കൈവ്സ് അനാവരണം ചെയ്യാൻ സഹായിച്ചതിലൂടെ അദ്ദേഹം മലങ്കര സഭയുടെ ചരിത്രം കുടുതൽ വിശ്വാസ്യവും ആധികാരികവും ആക്കുന്നതിന്ന് ചെയ്ത സഹായങ്ങൾ ചരിത്രം കൃതജ്ഞതാപൂർവ്വം സ്മരിക്കും. പ. ശാക്രുള്ള ബാവയുടെ നേതൃത്വത്തിലുള്ള വിദേശിയ സഭാദ്ധ്യക്ഷന്മാർ (1751) ഉപയോഗിച്ച പൗരസ്ത്യപാശ്ചാത്യ സുറിയാനി കയ്യെഴുത്തുഗ്രന്ഥങ്ങൾ, കോട്ടയം സെമിനാരിസ്ഥാപകന്റെ, സുറിയാനി ഭാഷയിലെഴുതിയ നിരവധി ലേഖനങ്ങൾ, കവിതകൾ തുടങ്ങി മലങ്കര സഭാ ചരിത്രഗവേഷണത്തിന് അപര്യാപ്തമായ പല അപൂർവ്വ ഗ്രന്ഥങ്ങളും തൊഴിയൂർ ഗ്രന്ഥപുരയിൽ സുറിയാനി പണ്ഡിതരെ കാത്തിരിക്കുന്നു എന്ന് സാക്ഷിച്ചുകൊള്ളുന്നു.

നാളിതു വരെ യാതൊരു മെത്രാപ്പോലീത്തായുടെ കാലത്തും ലഭിച്ചിട്ടില്ലാത്തത്ര പ്രശസ്തിയും അന്താരാഷ്ട്ര അംഗീകാരവും ആലത്തൂർ പനയ്ക്കൽ ജോസഫ് മാർ കൂറീലോസ് മെത്രാപ്പോലീത്തായുടെ ഭരണകാലത്ത് തൊഴിയൂർ സഭയ്ക്ക് ലഭിച്ചിട്ടുള്ളതായി സാക്ഷിക്കുവാൻ ഇതെഴുതുന്ന ഈ ആൾക്ക് സന്തോഷമേയുള്ളു.

വാൽക്കഷ്ണം: 1751 ൽ മലങ്കര സഭയിൽ വന്ന മാർ ബസ്സേലിയോസ് കാതോലിക്കായിൽ നിന്ന് വി. ഗീവർഗീസ് സഹദായുടെ തിരുശേഷിപ്പ് അവകാശമായി ലഭിക്കുവാൻ ഭാഗ്യം സിദ്ധിച്ച ആളാണ് തൊഴിയൂർ സഭയുടെ സ്ഥാപകൻ. ആ തിരുശേഷിപ്പ് നിക്ഷേപിക്കുവാൻ ഇടയായ പുണ്യ ദേവാലയമാണ് തൊഴിയൂരിൽ ഉള്ളത്. തന്മൂലം ഏറെക്കാലം ആ ദേവാലയത്തിൽ അസ്വസ്ഥതകൾ നിലനിൽക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല.

ഉപസംഹാരം

ശാരീരികാസ്വാസ്ഥ്യം മൂലം ഭരണഭാരം സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തായെ ഔദ്യോഗികമായി ഭരമേൽപ്പിച്ചുവെങ്കിലും ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലിത്ത സഭയ്ക്ക് നൽകിയ സംഭാവനകൾ അവഗണിക്കുവാൻ ആർക്കും കഴിയുകയില്ല. ആ സഭയുടെ അഭ്യുദയത്തിൽ ഏറെ താൽപര്യം കാണിച്ച ഞാൻ, മാർ കൂറിലോസ് തിരുമേനി വലിയ മെത്രാപ്പോലീത്ത എന്ന നിലയിൽ വലിയ മനസ്സിന്റെ ഉടമയായി നിലനിൽക്കുന്നതിനും വലിയ അംഗീകാരവും ആദരയും ആർജ്ജിക്കുന്നതിനും എപ്പിസ്ക്കോപ്പൽ സുവർണ്ണജൂബിലി കൂടുതൽ സമാധാനത്തോടെ ആഘോഷിക്കുന്നതിനും ദൈവം ഇടയാക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിച്ചുകൊള്ളട്ടെ.

ആശംസകളോടെ......

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 13-ാമത്തെ മെത്രാപ്പോലിത്തയായ നി. വ. ദി. ശ്രീ. ജോസഫ് മാർ കൂറിലോസ് വലിയ തിരുമേനിയുടെ മെത്രാപ്പോലിത്താ സ്ഥാനാരോഹണത്തിന്റെ സിൽവർ ജൂബിലി യിൽ പങ്കാളിയാവാൻ കഴിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു.

കുടുംബപരമായി എനിക്ക് തിരുമേനിയുമായി ബന്ധമുണ്ടെങ്കിലും കൂടുതലായി അടുത്തറിഞ്ഞത് സഭാപ്രവർത്തനങ്ങളിൽ പങ്കാളിയാവാൻ തുടങ്ങിയതു മുതലാണ്. സഭാപരമായി ഉള്ള എല്ലാ പ്രവർത്തനങ്ങളിലും തിരുമേനിയുടെ പ്രവർത്തനം ശ്ലാഘനീയമാണ്.

കാട്ടുമങ്ങാട്ട് ബാവമാരാൽ സ്ഥാപിതമായ ഭദ്രാസന ദേവാലയം പുതുക്കി പണിയുന്നതിന് തിരുമേനി നടത്തിയ ശ്രമം ഏതൊരു സഭാസ്നേഹിയുടേയും മനസ്സിൽ ഇന്നും മായാതെ നിൽക്കുന്ന ഒന്നാണ്. ബാൽക്കണി ഉൾപ്പെടെ ആധുനിക രീതിയിൽ പള്ളി നവീകരിച്ചു എങ്കിലും പരമ്പരാഗതമായ അൾത്താരക്ക് യാതൊരുവിധ മാറ്റവും വരുത്താതെ തന്നെ ആയിരങ്ങൾക്ക് ഒന്നിച്ചുനിന്ന് ദൈവത്തെ ആരാധിക്കുവാനുള്ള സൗകര്യം ഒരുക്കുവാൻ തിരുമേനിയെ ദൈവം തമ്പുരാൻ അനുഗ്രഹിച്ചു. പള്ളിയോട് ബന്ധപ്പെട്ട നാലുകെട്ടിന് അതിന്റെ തനിമ അതേപടി നിലനിർത്തിയാണ് ഈ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്.

നാലുകെട്ട് പള്ളിയുടെ പഴമ വിളിച്ചറിയിക്കുന്നതാണ്. കേരളത്തിൽ നാലുകെട്ടോടുകൂടിയ പള്ളി നിലനിൽക്കുന്നത് മലബാർ സ്വതന്ത്ര സഭയുടെ ഭദ്രാസന ദേവാലയത്തിൽ തന്നെയാണ് എന്നുള്ളത് പ്രത്യേകം എടുത്തു പറയേണ്ട ഒന്നാണ്. ഈ നാലുകെട്ടിൽ തന്നെയാണ് മേൽപ്പട്ടക്കാർക്കും പട്ടക്കാർക്കും താമസസൗകര്യം ഒരുക്കിയിരിക്കുന്നത്. സഭയുടെ ഭരണപരമായ കേന്ദ്രവും ഇവിടെതന്നെയാണ്. സഭ സ്ഥാപിതമായുള്ള കാലം മുതൽക്കുള്ള പുരാവസ്തുക്കൾ ഈ നാലുകെട്ടിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. പല്ലക്കും മേനാവും ഇതിൽ അതിപ്രാധാനമാണ്.

പരിശുദ്ധ കാട്ടമങ്ങാട്ട് ബാവയുടെ 209-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് 2011 ജൂലായ് 9-ാം തിയ്യതി വൈകിട്ട് സന്ധ്യാനമസ്കാരത്തിനു ശേഷം മേൽപട്ട സ്ഥാനാരോഹണത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലിത്തായ്ക്ക് ഒരു സ്വീകരണവും അനുമോദനയോഗവും സെന്റ് ജോർജ്ജ് ഭദ്രാസനഇടവക ദേവാലയത്തിൽ വെച്ച് ഇടവകയുടെ ആഭിമുഖ്യത്തിൽ നടത്തി. ദൈവം മോശയെ യിസ്രായേൽ ജനത്തെ വഴിനടത്തുവാൻ തിരഞ്ഞെടുത്തതുപോലെയാണ് മലബാർ സ്വതന്ത്ര സുറിയാനി സഭയെ നയിക്കുവാൻ ജോസ് എന്ന ബാലനെ തന്റെ 11-ാം വയസ്സുമുതൽ ശുശ്രൂഷകനായി ഈ ദേവാലയത്തിൽ സമർപ്പിച്ചത്. ഈ ജോസ് ആണ് പിൽക്കാലത്ത് സഭയുടെ 13-ാമത്തെ മേലദ്ധ്യക്ഷനായി സഭയെ നയിച്ചത്. അനുമോദനയോഗത്തിൽ വികാരി റവ. ഫാ. കെ.എ. ജോബ് അദ്ധ്യക്ഷത വഹിക്കുകയും പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവയുടെ കുടുംബത്തിൽപ്പെട്ട വന്ദ്യ സ്ലീബാ കാട്ടുമങ്ങാട്ട് കോറെപ്പിസ്കോപ്പ യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. യോഗത്തിൽ എല്ലാവരേയും സ്വാഗതം ചെയ്തത് പെരുന്നാൾ കമ്മറ്റി ചെയർമാനായ ഡേവി വടക്കനായിരുന്നു. ആശംസകൾ ഫാ. ബാബു മാത്യൂസ്, ഫാ. മൈക്കിൾ ഗീവർഗ്ഗീസ് എന്നിവർ നടത്തുകയും ചെയ്തു. ഇടവകയുടെ ഉപഹാരം ഇടവക സെക്രട്ടറി കെ. പി. ജോർജ്ജ് നൽകി അഭിവന്ദ്യ മെത്രാപ്പോലിത്തായെ ആദരിച്ചു. ഈ സമ്മേളനത്തിൽ പങ്കെടുത്ത് എല്ലാവർക്കും നന്ദി പ്രകാശിപ്പിക്കുവാൻ ബലഹീനനായ എനിക്കും സാധിച്ചു.

സഭയുടെ ആദ്ധ്യാത്മീക കാര്യങ്ങളിലും അതേപോലെ തന്നെ ഭൗതീക കാര്യങ്ങളിലും തിരുമേനി ജാഗ്രത പുലർത്തുന്നു. ജാതിമതഭേദമന്യേ എല്ലാവരോടും സ്നേഹത്തോടെ ഇടപഴകുന്ന തിരുമേനി എല്ലാവിധ ആയുരാരോഗ്യസൗഖ്യത്തോടും കൂടി തുടർന്നും തൊഴിയൂർ സഭാഭദ്രാസനത്തിൽ വാണരുളട്ടേ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.............

ഡെന്നി തെക്കേക്കര, അഞ്ഞൂർ

(ഇടവക ട്രഷറർ- സെന്റ് ജോർജ്ജ് ഭദ്രാസനഇടവക)

ഡെബിൻ പി.ബെന്നി.

വളർച്ചയ്ക്കുള്ള ശാസന

ബാല്യം മുതലെ എന്റെ ആരാധനാ പാത്രമാണ് എന്റെ വല്ല്യപ്പൻ (ഡാഡിയുടെ സഹോദരൻ- വലിയ തിരുമേനി) ബാല്യത്തിൽ എനിക്ക് ചെല്ല പേർ ഇട്ടതും എന്റെ വല്ല്യപ്പയാണ്. മത്തായിയിൽ തുടങ്ങി ഇന്നത്തെ തമ്പു എന്ന വിളിയും വല്ല്യപ്പയുടേതാണ്.

എന്നെ ആകർഷിച്ചത് വല്ല്യപ്പയുടെ ലളിതമായ ജീവിത ശൈലിയും പ്രാർത്ഥനാപരമായ ജീവിതവും സഹജീവികളോടുള്ള സ്നേഹവും സാധുക്കളോടുള്ള കരുതലും തെറ്റുകളോടുള്ള വിട്ടുവീഴ്ചയില്ലാത്ത പ്രതികരണ മനോഭാവവുമാണ്.

ഞങ്ങളെയെല്ലാം (എന്നേയും എന്റെ സഹോദരനേയും എന്റെ സഹോദരിയേയും ഇപ്പോളെന്റെ ഭാര്യയേയും) എന്നും സ്വന്തം മക്കളോടെന്നപോലെ സ്നേഹിക്കുകയും ശാസിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നതുകൊണ്ട് തന്നെ വല്ല്യപ്പക്ക് ഞങ്ങളുടെ മനസ്സിലുള്ള സ്ഥാനം സ്വന്തം അപ്പനേക്കാൾ ഉപരിയാണ്. വല്ല്യപ്പ സ്വന്തം അനിയാ എന്ന് ഞങ്ങളുടെ ഡാഡിയേയും, അനിയത്തിയാരേ എന്ന് മമ്മിയേയും, എന്നല്ലാതെ അവരുടെ പേര് ഉച്ചരിച്ചുപോലും വിളിക്കുന്നത് ഞങ്ങൾ കേട്ടിട്ടില്ല. അതുപോലെ തന്നെ സ്വന്തം ജ്യേഷ്ഠൻ എന്ന സ്ഥാനത്തേക്കാൾ ഉപരി സ്വന്തം അപ്പൻ എന്ന സ്ഥാനമാണ്. ഞങ്ങളുടെ ഡാഡിയ്ക്കും മമ്മിക്കും ഞങ്ങളുടെ സ്വന്തം വല്ല്യപ്പയോടുള്ളത്.

ഞങ്ങളുടെ ചെറുപ്പം മുതലേ ഞങ്ങളുടെ അമ്മ (തിരുമേനിയുടെ അമ്മ) ഉപദേശിച്ചു പറയാറുണ്ട്, എന്തു വന്നാലും വല്ല്യപ്പന് ഇഷ്ടമില്ലാത്തതോ വേദനിപ്പിക്കുന്നതോ മറ്റേതെങ്കിലും തരത്തിൽ പേരുദോഷം ഉണ്ടാകുന്നതോ ആയ ഒരു കാര്യത്തിലും നിങ്ങൾ ഇടപെടരുത്. ആ ഉപദേശം ദൈവത്തിന്റെ അളവറ്റ കൃപയാൽ ഞങ്ങൾ ഇന്നുവരേയുംമറന്ന് പ്രവർത്തിച്ചിട്ടില്ല. കാരണം, ഞങ്ങൾ എന്തു തെറ്റു ചെയ്താലും ആദ്യം പറയുന്നത് വല്ല്യപ്പയുടെ പേരാണ്.

വല്ല്യപ്പയുടെ ജീവിത ശൈലികളിൽ ചിലത് എന്റെ ജീവിതത്തിലും പ്രാവർത്തികമാക്കാൻ ശ്രമിച്ചിട്ടുണ്ട്. ദൈനംദിനജീവിതത്തിൽ പരിചയപ്പെടുന്ന ഓരോ വ്യക്തികളുടേയും പേരുകൾ ഓർമ്മയിൽ സൂക്ഷിക്കുക അതുപോലെ തന്നെ അവരുമായി വളരെ അടുത്ത് ഇടപഴകുക, തിരുമേനിയുമായി അടുത്ത ബന്ധമുള്ളവർക്ക് അറിയാം; തിരുമേനി എത്രമാത്രം അവരുമായി സൗഹൃദബന്ധം നിലനിർത്തുന്നതിന് ശ്രദ്ധിക്കുന്നുവെന്ന്. ഓരോ വർഷത്തിലും ക്രസ്തുമസ്സ് വേളയിൽ 2500- 3000 ക്രസ്തുമസ്സ് സന്ദേശങ്ങൾ അച്ചടിച്ച് അത് മുഴുവനും തപാലിൽ കൂടി വളരെ അടുപ്പമുള്ള വ്യക്തികൾക്കും കുടുംബങ്ങൾക്കും അയച്ചുകൊടുക്കും. കാർഡുകളുടെ വലുപ്പവും ഭംഗിയും തിരഞ്ഞെടുക്കുവാൻ ചുമതലപ്പെടുത്തുക പലപ്പോഴും ഞങ്ങളെയായിരിക്കും.

1988 ൽ ഗൾഫ് രാജ്യങ്ങൾ തുടങ്ങി, യു.കെ., യു.എസ്.എ, ഫ്രാൻസ്, കാനഡ, ഇന്തോനേഷ്യ തുടങ്ങിയ സ്ഥലങ്ങളിൽ പോയി അവിടുത്തെ ആളുകളുമായി ബന്ധം സ്ഥാപിക്കുവാൻ തിരുമേനിക്കു കഴിഞ്ഞത് തുറന്ന മനസ്സുള്ള ജീവിത ശൈലിയുടെ ഭാഗമായിട്ടാണ് എന്നു വിശ്വസിക്കുന്നു. ഞങ്ങളുടെ ചെറുപ്പം മുതലേ വീട്ടിൽ ഒരുപാട് വിദേശികൾ വരാറുണ്ട്. അതുകൊണ്ടു തന്നെ അവരെയെല്ലാം കാണുവാനും പരിചയപ്പെടുവാനും അവർക്ക് ഭക്ഷണം ഒരുക്കുവാനുമുള്ള ഭാഗ്യം ഞങ്ങൾക്ക് ലഭിച്ചു. വിദേശികളായ കുടുംബങ്ങളും എളിയവരായ ഞങ്ങളുടെ കുടുംബവും തമ്മിൽ സ്നേഹബന്ധം തുടങ്ങുവാൻ കഴിഞ്ഞ ഈ അനുഭവങ്ങൾ സന്തോഷത്തോടെ ഓർക്കുന്നു.

അതുപോലെ തന്നെ ചിലവാക്കുന്ന തുകയ്ക്ക് ഇതുപോലെ കണക്ക്സൂക്ഷിക്കുന്ന വേറൊരു വ്യക്തിത്വത്തെ ഞാൻ കണ്ടിട്ടില്ല. എന്റെ അഭിപ്രായത്തിൽ കഴിഞ്ഞ മുപ്പത് വർഷം മുമ്പ് ചിലവാക്കിയ കണക്ക് വല്ല്യപ്പയ്ക്ക് നിഷ്പ്രയാസം ഏതു സമയത്തും പറയുവാൻ സാധിക്കും. ആ ജീവിതശൈലി ഉൾക്കൊണ്ട് ഞാൻ വിദേ

ശത്ത് ജോലിക്കുപോയ കാലം മുതൽ ഇന്നു വരേയും ചിലവാക്കുന്നതുകയ്ക്ക് കണക്കുസൂക്ഷിക്കുന്ന സ്വഭാവം എന്നിലുണ്ട്. ചിലവാക്കുന്ന പൈസ അത് വേണ്ടുന്നരീതിയിൽ എങ്ങനെ ഉപയോഗിക്കണം എന്ന് ആധികാരികമായി എന്നെ പഠിപ്പിച്ചതും വല്ല്യപ്പയാണ്. ഞങ്ങളുടെ പുതിയ വീടിന്റെ നിർമ്മാണ സമയത്ത് ചിലവാക്കുന്ന പൈസക്ക് നൂറു ശതമാനം മൂല്യമുണ്ടാകുന്ന രീതിയിൽ ചിലവിടണം എന്നുള്ള വല്ല്യപ്പയുടെ ഉപദേശം ഇന്നും എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. വല്ല്യപ്പ സാധുക്കളോടും അശരണരോടും കാണിക്കുന്ന കരുതൽ അത്യന്തം അഭിനന്ദനം അർഹിക്കുന്ന ഒന്നാണ്. എന്റെ ശമ്പളത്തിന്റെ ദശാംശം കൃത്യമായി സുവിശേഷ - ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് കൊടുക്കണമെന്ന് ഒരു നിർബന്ധബുദ്ധിയായിരുന്നു ഞങ്ങളുടെ വല്ല്യപ്പയ്ക്ക്. ആരെങ്കിലും ഒരു സഹായ അഭ്യർത്ഥനയുമായി ചെന്നാൽ അതിൽ കാര്യമുണ്ടെന്ന് മനസ്സിലാക്കിയാൽ ജാതിമത വ്യത്യാസമില്ലാതെ തന്നാൽ കഴിയുന്ന രീതിയിൽ അർഹരായവരെ സഹായിക്കുവാനും അതുപോലെ തന്നെ മറ്റുള്ളവരോട് അവരെ സഹായിപ്പാൻ നിർദ്ദേശിക്കുകയും ചെയ്യുന്ന ആ മാതൃക പകർത്താൻ ഞങ്ങളാൽ ആവുന്ന വിധം ഞങ്ങളും ശ്രമിക്കുന്നുണ്ട്. ഒരു നല്ല വിദ്യാഭ്യാസമുള്ള ഭാവി തലമുറയെ വാർത്തെടുക്കുകയെന്നത് തിരുമേനിയുടെ ജീവിത ലക്ഷ്യങ്ങളിലൊന്നാണ്. തന്നാൽ കഴിയുന്ന രീതിയിൽ പഠിക്കുവാൻ സമർത്ഥരായ സാമ്പത്തിക സഹായം ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പഠിക്കുവാൻ വേണ്ടുന്ന സഹായം ചെയ്യുകയും, അത് തന്റെ ധർമ്മാമാകുന്നുവെന്ന് വിശ്വസിച്ച് അതിനു വേണ്ടുന്ന സഹായങ്ങൾ പലരിലൂടേയും തന്റെ വ്യക്തിപരമായ രീതിയിലും മുൻകൈ എടുത്ത് അതിനു വേണ്ടി പരിശ്രമിക്കുന്നു. മാതാപിതാക്കളിൽ നിന്നും ലഭിച്ച പ്രചോദനത്താൽ കഴിഞ്ഞ പതിനാലു വർഷമായി ഞങ്ങളുടെ ആലത്തൂർ ബിഷപ്പ് ചാരിറ്റീസ് ട്രസ്റ്റിന്റെ കീഴിൽ ഗവൺമെന്റ് സ്ക്കൂളുകളിൽ നോട്ടുപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് അദ്ദേഹത്തിന്റെ താല്പര്യം നിവർത്തിപ്പാൻ കുടുംബാംഗങ്ങളായ ഞങ്ങളും ഞങ്ങളാൽ ആവുന്ന വിധം സഹായിച്ചു കൊണ്ടിരിക്കുന്നു. പരസ്യ വേദികളിൽ കൊടുക്കരുത് എന്ന സ്വന്തം മാതാപിതാക്കളിൽ നിന്ന് ലഭിച്ച ആപ്തവാക്യം മുറുകെ പിടിക്കണമെന്നുള്ള തിരുമേനിയുടെ ഉപദേശം ഇതുവരേയും പാലിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

ഈ അടുത്ത സമയത്ത് സഭയിലെ നാല്പതോളം വിദ്യാർത്ഥികൾക്ക് സ്വന്തം നിലയിൽ സ്ക്കോളർഷിപ്പ് നൽകുവാൻ മുൻകൈ എടുത്തത് ഞങ്ങൾക്കും കുടുംബാംഗങ്ങൾക്കും അഭിമാനം നൽകുന്നു. ഉയർന്നമാർക്കോടെ 2010- 2011 വർഷത്തിൽ പാസ്സായ (എസ്.എസ്.എൽ.സി., പ്ലസ് ടു, എൻട്രൻസ് എക്സാം) വിദ്യാർത്ഥികളെ തിരുമേനി കുന്നത്തെപള്ളിയിൽ നടത്താറുള്ള മദ്ധ്യസ്ഥപ്രാർത്ഥനയിൽവെച്ച് 2011ഓഗസ്റ്റ് 7-ാം തിയ്യതി ആദരിച്ച ചടങ്ങിൽ പങ്കെടുക്കുവാൻ സാധിച്ചത് എന്റെ ജീവിതത്തിലെ ഒരു ഭാഗ്യമായി കാണുന്നു.

തന്റെ ഔദ്യോഗികത്വം ഒരു തരത്തിലും തന്റെ കുടുംബാംഗങ്ങൾ ചൂഷണം ചെയ്യരുതെന്ന നിലപാട് വല്ല്യപ്പയുടെ ജീവിതത്തിൽ ഉണ്ടായിരുന്നു. ഉദാഹരണത്തിന് ഞാൻ എസ്.എസ്.എൽ.സി. പാസ്സായതിനു ശേഷം പ്രീഡിഗ്രിക്ക് ചേരുന്നതിനു വേണ്ടി കുന്നംകുളത്തെ ഒരു ക്രിസ്ത്യൻ മാനേജ്മെന്റ് കോളേജിൽ നിന്നും അപേക്ഷ വാങ്ങി പൂരിപ്പിച്ച് നൽകി. അപ്പോഴാണ് മനസ്സിലാക്കുവാൻ കഴിഞ്ഞത് അഡ്മിഷൻ കിട്ടണമെങ്കിൽ അയ്യായിരം രൂപ ഡൊണേഷനും വേണമെന്ന്. എന്നാൽ വല്ല്യപ്പയ്ക്ക് വേണമെങ്കിൽ റെക്കമെന്റേഷൻ ലെറ്റർ തന്ന് ഡൊണേഷൻ ഇല്ലാതെ ആ കോളേജിൽ പ്രവേശനം നേടിത്തരാമായിരുന്നു. എന്നാൽ അതിനു വിപരീതമായി എന്നോട് പറഞ്ഞത് പഠിക്കാൻ കഴിവുള്ളവനാണെങ്കിൽ എവിടെ ചെന്നാലും പഠിക്കും. നീ വെറുതെ ആ കോളേജിൽ ചേരണ്ട. അതിനു പകരം കുന്നംകുളത്തെ ഒരു ട്യൂട്ടോറിയൽ കോളേജിൽ ചേർന്നു പഠിക്കുവാൻ എന്നോടു കല്പിച്ചു. ആദ്യമൊക്കെ ആ സംഭവം എന്റെ മനസ്സിൽ വിഷമമുണ്ടാക്കിയെങ്കിലും പിന്നീട് വല്ല്യപ്പ ജീവിതത്തിലെടുത്ത നിലപാടിൽ ഉറച്ചു നിൽക്കുന്നതു കണ്ടപ്പോൾ എനിക്കു വല്ല്യപ്പയോടുള്ള ബഹുമാനം കൂടിയതല്ലാതെ ഒരിക്കലും കുറഞ്ഞില്ല. ടി.ടി.സി. , ബി.എഡ് തുടങ്ങി പല കോഴ്സുകൾക്കും അനേകമക്കൾക്ക് ശുപാർശകൾ നൽകി സീറ്റ് വാങ്ങികൊടുത്തിട്ടുണ്ടെങ്കിലും സ്വകുടുംബത്തിലെ ആർക്കും അദ്ദേഹം ശുപാർശ നൽകിയിട്ടില്ല. കുടുംബക്കാരിൽ ചിലർക്ക് മാനസിക പ്രയാസമുണ്ടാക്കിയെങ്കിലും ഇന്നു ഞങ്ങൾ അതിൽ അഭിമാനം കണ്ടെത്തുന്നു. എനിക്ക് വിദേശത്ത് ജോലി ലഭിച്ച അവസരത്തിൽ വല്ല്യപ്പയോട് അഭിപ്രായം ചോദിച്ചപ്പോൾ ലഭിച്ച ഉത്തരം ഇങ്ങനെയാണ്. 'ദൈവം ഓരോ സമയത്ത് ഓരോ ഗോവണി വെച്ചുതരും. ആ ഗോവണിയുടെ മുകളിലേക്ക് നോക്കി കയറി പോവുക. നല്ലതെന്ന് കണ്ടാൽ ഏല്പിക്കപ്പെട്ട ചുമതലകൾ വരുമാനം നോക്കാതെ പൂർണ്ണമനസ്സോടെ പരിപൂർത്തിയിൽ എത്തിക്കുവാൻ ശ്രമിക്കുക' അങ്ങനെ 2007-ൽ ആദ്യമായി വിദേശത്ത് ജോലിക്കുപോയി. പിന്നീട് നാലു വർഷങ്ങൾക്ക് ശേഷം 2011-ൽ ദൈവം വീണ്ടുമൊരു ഗോവണി കാണിച്ചുതന്നു. പക്ഷേ ആ സമയത്ത് എന്റെ മനസ്സിൽ കുറച്ചുകൂടി പേടി ഉണ്ടായിരുന്നു. അപ്പോൾ വല്ല്യപ്പ തന്ന ഉപദേശം ഇങ്ങനെയാണ്. 'ഗോവണി വച്ചു തന്ന ദൈവം അത് ബലമായി പിടിച്ചുനിർത്തുവാൻ ശേഷിയുള്ളവനാണ്. അതുകൊണ്ട് മോൻ ഒന്നുകൊണ്ടും പേടിക്കാതെ, പ്രാർത്ഥിച്ച് വേണ്ട കാര്യങ്ങൾ ചെയ്യുക' എന്ന് ഉപദേശിച്ചു.

വല്ല്യപ്പയുടെ നോമ്പും ഉപവാസവും എന്റെ മനസ്സിനെ ഒരുപാട് ആകർഷിച്ചിട്ടുണ്ട്. പ്രത്യേകിച്ച് മൂന്നു നോമ്പ്. മൂന്നു നോമ്പിൽ തിരുമേനി കാപ്പിയും വെള്ളവും മാത്രമേ കഴിക്കാറുള്ളൂ. 2009-ൽ മൂന്നു

നോമ്പ് സമയത്ത് എന്നോട് പറഞ്ഞു മോൻ എന്തായാലും നോമ്പെടുക്കണമെന്ന്. അമ്പത്തഞ്ചു വയസ്സുള്ള എന്റെ വല്ല്യപ്പയ്ക്ക് ഉപവാസമെടുക്കാമെന്നുവെച്ചാൽ എന്തുകൊണ്ട് വെറും 25 വയസ്സു പ്രായമുള്ള എനിക്ക് ഉപവാസം എടുത്തുകൂടാ. അങ്ങനെആരോടും പറയാതെ മൂന്നു ദിവസം ഉപവസിച്ച് പ്രാർത്ഥിച്ച് ദുബായിയിൽ ജോലിക്കു പോയി മൂന്നാം ദിവസം വൈകുന്നേരത്തു തന്നെ ഞാൻ പ്രാർത്ഥനയിൽ ഓർത്ത വലിയ വിഷയത്തിൽ എനിക്കു ഉത്തരം ലഭിച്ചു.

ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ വല്ല്യപ്പ സ്നേഹിക്കുന്ന പോലെ തന്നെ ഞങ്ങളെ ശകാരിക്കുകയും ഉപദേശിക്കുകയും ചെയ്യാറുണ്ട്. ശകാരം ചില സമയത്ത് കൂടുതലായി പോകാറുണ്ടെങ്കിലും കുറച്ച് സമയത്തിനു ശേഷം വല്ല്യപ്പതന്നെ സമാധാനത്തിൽ പറയാറുണ്ട് - എന്തുകൊണ്ടാണ് ഞങ്ങളെ ഇത്രയധികം ശകാരിക്കാൻ കാരണമെന്ന്- വല്ല്യപ്പയിൽ നിന്ന് ശകാരവും ഉപദേശവും ലഭിച്ചവരാരും ഇന്നുവരേയും കൂടുതൽ അഭിവൃദ്ധിപ്രാപിക്കാതെ പോയിട്ടില്ല എന്നത് പകൽപോലെ സത്യമാണ്. കാരണം എല്ലാവരും നല്ലതു പ്രവർത്തിക്കണം, അതുമൂലം സമൂഹത്തിന് നന്മവരണം എന്നുള്ള സദുദ്ദേശമല്ലാതെ വേറെ ഒരു ചിന്തയുമല്ല അദ്ദേഹത്തിന്റെ ശകാരത്തിനു പിന്നിൽ.

തിരുമേനിയുടെ പ്രസംഗങ്ങളിലെല്ലാം അദ്ദേഹത്തിന് ദൈവമായിട്ടുള്ള അടുപ്പം എല്ലാവർക്കും ദർശിക്കാനാകും. പ. കാട്ടുമങ്ങാട്ട് അബ്രഹാം മാർ കൂറീലോസ് ബാവമാരെ കുറിച്ചും മലബാർ സ്വതന്ത്ര സുറിയാനി സഭയെ കുറിച്ചും ലോകം മുഴുവൻ അറിയുവാൻ ഇടയായത് വല്ല്യപ്പയുടെ ഇത്തരത്തിലുള്ള പ്രസംഗങ്ങളിലൂടെയാണ് എന്നുള്ളതിൽ ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്. പ. കാട്ടുമങ്ങാട്ട് ബാവമാരെ കുറിച്ച് സംസാരിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ അധരങ്ങളിൽ നിന്ന് ഉതിരുന്ന വാക്കുകളും മുഖത്ത് വിരിയുന്ന ഭാവങ്ങളും അവർണ്ണനീയയമാണ്. ഇതിനു കാരണം തിരുമേനിക്ക് പ. പിതാക്കന്മാരോടുള്ള മദ്ധ്യസ്ഥതയും അതോടൊപ്പം പ. പിതാക്കന്മാരുടെ ത്യാഗ പ്രാർത്ഥനാ ജീവിതത്തെ കുറിച്ചുള്ള ഭക്തിസാന്ദ്രമായ ആരാധനാ ഭാവവുമാണെന്ന് ഞങ്ങൾ കരുതുന്നു. പ: ബാവാമാരുടെ ത്യാഗജീവിതം ലോകം അറിയുവാനും അനേകം ആളുകൾ ആ പുണ്യപിതാവിന്റെ മദ്ധ്യസ്ഥതയാൽ അഭയം തേടുവാനും തന്മൂലം അവർ വേദനകളുടെ മദ്ധ്യേയും ദൈവീക പ്രമാണങ്ങളെ മുറുകെ പിടിച്ച് മനസ്സുരുകി പ്രാർത്ഥിച്ച് ദൈവത്തിൽ നിന്ന് അനുഗ്രഹം പ്രാപിപ്പാനും വേണ്ടിയാണ്, ശക്തമായ ഭാഷയിൽ പ്രസംഗിക്കുന്നതെന്ന് പലപ്പോഴും പറയാറുണ്ട്.

കഴിഞ്ഞ 2010 ഒക്ടോബറിൽ തിരുമേനി മൂന്നു ദിവസത്തേക്ക് ദുബായിയിൽ വന്നിരുന്നു. യു.എസിൽ നിന്നും കൊച്ചിയിലേക്കുള്ള മടക്കയാത്രയിലാണ് അവിടെ ഇറങ്ങിയത്. അവിടെ ഇറങ്ങിയ സമയം മുതൽ തിരിച്ച് പോകുന്നതു വരെ ഏതാണ്ട് 22 ഭവനസന്ദർശനവും നാല് പ്രസംഗങ്ങളും ഉൾപ്പെട്ടതായിരുന്നു ആവരവ്. അതിൽ ആദ്യത്തെ പ്രസംഗം ഷാർജ മാർത്തോമ്മ പള്ളിയിലും രണ്ടാമത്തേത് ജബൽ അലീയിലുള്ള മാർ ഇഗ്നാത്തിയോസ് സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ കുർബ്ബാനമദ്ധ്യത്തിലും മൂന്നാമത്തേത് ജബൽ അലി പള്ളിയിലെ സണ്ടേസ്ക്കൂൾ കുട്ടികളുടെ ടാലന്റ്-ഡേ പ്രോഗ്രാം ഉദ്ഘാടനം ചെയ്തുകൊണ്ടുള്ളതുമായിരുന്നു. ഈ പ്രസംഗങ്ങൾക്കു ശേഷം ധാരാളം വ്യക്തികൾ നമ്മുടെ സഭയെ കുറിച്ച് ചോദിച്ച് മനസ്സിലാക്കുകയും അതോടൊപ്പം തന്നെ "The Forgotten Bishops'' എന്ന പുസ്തകത്തെകുറിച്ച് കൂടുതൽ അറിയുവാനും ബുക്ക് ഓർഡർ ചെയ്യുവാനും വിവിധ സഭകളിലെ വ്യക്തികൾ മുൻകൈ എടുക്കുകയുണ്ടായി. അവസാനത്തെ പ്രസംഗം കുന്നംകുളം പരിസര വാസികളുടെ കൂട്ടായ്മയായ കുന്നംകുളം ക്രിസ്ത്യൻ പ്രെയർ ഫെല്ലോഷിപ്പിന്റെ ഷാർജ്ജയിലുള്ള മീറ്റിംഗിൽ വെച്ചായിരുന്നു.

എവിടെയൊക്കെ പ്രസംഗിക്കുവാൻ സാധിച്ചുവോ , ആ വേദികളിലെല്ലാം പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവാമാരെ കുറിച്ച് മറ്റുള്ളവരോട് പറയുക എന്നുള്ളത് അദ്ദേഹത്തിന്റെ ഒരു ജീവിത ലക്ഷ്യമാണെന്ന് ഒരിക്കൽ എന്നോട് പറഞ്ഞത് ഇന്നും എന്റെ മനസ്സിൽ മങ്ങാതെ നിൽക്കുന്നു. ഇരുപത്തിയഞ്ചു വർഷക്കാലത്തിനിടയിലെ അമൂല്യ പ്രവർത്തനസമ്പാദ്യമാണ് ''The Forgotten Bishops'' എന്നു പറഞ്ഞ് ഏകദേശം 160 ഡോളർ വലവരുന്ന ഈ ഗ്രന്ഥം (7200 രൂപ) അമേരിക്കയിൽ നിന്ന് മടങ്ങി സ്വീകരിപ്പാനെത്തിയ എനിക്ക് സമ്മാനിച്ചത് നിധിപോലെ ദുബായിയിലെ എന്റെ വാസസ്ഥലത്ത് സൂക്ഷിക്കുകയും ചെയ്യുന്നു. ആംഗലേയ ഭാഷയിലുള്ള പുസ്തകം മലയാളത്തിലേക്ക് പരിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുവാൻ ദൈവം തമ്പുരാൻ അതിന് വേണ്ടുന്നതായ എല്ലാ സാഹചര്യങ്ങളും വലിയ തിരുമേനിക്ക് ഞങ്ങളുടെ വാത്സല്ല്യവാനായ വല്ല്യപ്പയ്ക്ക് എത്രയും പെട്ടെന്ന് ശരിയാക്കി കൊടുക്കട്ടേ എന്ന് ആത്മാർത്ഥമായി ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വല്ല്യപ്പയുടെ മെത്രാൻ പട്ടത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ഈ ധന്യ വേളയിൽ സർവ്വേശ്വരൻ സമൃദ്ധിയായി സകലവിധ നന്മകളും അനുഗ്രഹങ്ങളും ആയുസ്സാരോഗ്യവും നൽകുവാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനയോടെ

തമ്പു (ഡെബിൻ പി. ബി.)

"കാലം കരുതി വെയ്ക്കുന്ന ചിപ്പിയ്ക്കുള്ളിലെ മുത്ത്"

ആന്റോ പുത്തൂർ, ഗുരുവായൂർ

നാല്പത് വർഷത്തിൽ കൂടുതൽ പഴക്കമുള്ള ജോസഫിന്റെ മിഴിവാർന്ന മുഖം പതുക്കെ പതുക്കെ തിടം വെച്ച ഓർമ്മകളായി തെളിഞ്ഞുവരികയാണ്.

പ്രീഡിഗ്രിക്കെത്തുന്ന കൗമാരപ്രായക്കാരുടെ അന്നത്തെ കോളേജ് ക്യാമ്പസുകൾ വർണ്ണശബളമായ പുത്തൻ കാഴ്ചകളും, വൈവിധ്യമാർന്ന അനുഭൂതികളും, അനുഭവങ്ങളും കൊണ്ട് സമ്പന്നമാണ്.

ഭാവി ജീവിതത്തിന് തലക്കുറി എഴുതുന്ന വഴിപിരിയുന്ന ഒരു കാലം. പഠനലോകത്തിന്റെ ഉയർച്ചകളിലേയ്ക്ക് പടികയറിപോകുന്നവരെപോലെ ഭാവിജീവിതത്തിന്റെ മാറുന്ന അനിവാര്യതകളിലേയ്ക്ക് വഴിപിരിഞ്ഞുപോകുന്നത് വിരളമല്ല.

അരിയന്നൂർ ശ്രീകൃഷ്ണ കോളേജിലെ 2-ാം വർഷ പഠനകാലം. 80-ൽ പരം കുട്ടികൾ ഒരേ ക്ലാസിലായിരുന്നിട്ടും സൗഹൃദത്തിന്റെ ദൃഢത കിട്ടാത്ത സതീർത്ഥ്യബന്ധങ്ങളും, കൂട്ടുപിരിയാത്ത ചങ്ങാത്തങ്ങളും ധാരാളം.

ജോസഫ് എന്റെ ഉറ്റ ചങ്ങാതിയെന്ന് വിലയിരുത്താൻ വയ്യ. ഒരു മിതഭാഷിയായിരുന്നു ജോസഫ് എന്നത് തീർച്ച.

കാലം ജോസഫിനെ ദൈവതിരുസന്നിധിയിലേക്ക് അന്നേ ഒരുക്കികൊണ്ടിരുന്നിരിക്കണം.

ക്ലാസിലെ ഉയരക്കാരിൽ ജോസഫും ഉൾപ്പെടും. ഉയരത്തെ ഒതുക്കി നിർത്താൻ വളച്ചു പിടിക്കാറുണ്ടെന്നത് ഒരു തോന്നലല്ലെന്നാണ് എന്റെ വിശ്വാസം.

പ്രീഡിഗ്രിക്ലാസിൽ വേർപിരിഞ്ഞ ജോസഫിനെ പിന്നീട് ഞാൻ കേട്ടറിയുകയായിരുന്നു.

എന്റെ നാടായ ഗുരുവായൂരിൽനിന്ന് വളരെ അകലെയല്ലാത്ത തൊഴിയൂരിൽ സ്വതന്ത്രസുറിയാനി സഭയുടെ ആസ്ഥാനത്ത് ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടത്, എന്റെ പ്രീഡിഗ്രി ക്ലാസ്സിലെ ജോസഫ് ആണെന്ന് ഒരു വലിയ വിസ്മയത്തോടെയാണ് ഞാൻ അറിഞ്ഞത്.

പിന്നീട് പലപ്പോഴും അതുവഴി കടന്നുപോകാൻ ഇടവന്നിട്ടും ഞാൻ ജോസഫിന്റെ അരമനയിലേക്ക് എന്തുകൊണ്ടോ കടന്നു ചെന്നില്ലെന്നുള്ളത് ഇന്നും ഒരു പോരായ്മയായി ഞാൻ അറിയുന്നു. പക്ഷെ പിന്നീട് പലപ്പോഴായി എന്റ പൂർവ്വകാല സുഹൃത്ത് ജോസഫിനെകുറിച്ച് കേട്ടുകൊണ്ടിരുന്നു.

വലിയ പിതാവായി ഉയർത്തപ്പെട്ട ജോസഫിനെഏതൊ ഒരു പൊതു ചടങ്ങിൽ കണ്ടതായും ഓർമ്മിക്കുന്നു.

നേരിട്ട് കണ്ടു മുട്ടണമെന്നാഗ്രഹിച്ചിട്ടും അത് ഇന്നും ഒരു മോഹമായി അവശേഷിക്കുന്നതും ദൈവഹിതമായേക്കാം.

ചില പരിപാടികളുടെ ഇടക്കെവിടെയോ ഒന്ന് രണ്ട് വട്ടം എന്നെ അന്വേഷിച്ചതായി എന്റെ സുഹൃത്തുക്കളിൽ ചിലർ എന്നോട് പറഞ്ഞതായി ഓർക്കുന്നു.

ആത്മീയ ജീവിതത്തിന്റെ ഔന്നത്യങ്ങളിൽ കടന്ന് ചെന്നിട്ടും പഴയ സൗഹൃദങ്ങളുടെ ഊഷ്മളതയെ താലോലിയ്ക്കുന്ന വിനയമുള്ള ആ വലിയ മനസ്സിന് സ്തുതി. മെത്രാനായതിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ സർവ്വവിധ നന്മകളും, ആശംസകളും നേരുന്നു.

സ്നേഹ വാത്സല്യവാനായ ജോസഫ് മാർ കുറിലോസ് വലിയ മെത്രാപോലീത്ത

Shiju Kurian, Kottayam.

V.V. George

C.C. Jacob

JiJi C Kollannur



Paulson V.M.

Shiju Kurian

തൊഴിയൂർ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 13-മാത്തെ മെത്രാപോലീത്ത അഭിവന്ദ്യ ജോസഫ്മാർ കൂറിലോസ് വലിയ മെത്രാപോലീത്ത മേൽപട്ടസ്ഥാനം സ്വീകരിച്ച് 25-വർഷം തികയുന്ന വേളയിൽ ഇറക്കുന്ന ജൂബിലി സോവനീറിൽ എഴുതുവാൻ സാധിച്ചതിൽ അതിയായി സന്തോഷിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെകോട്ടയം ഭദ്രാസനത്തിൽപ്പെട്ട ഒരു ഇടവാകാംഗമായ ഞാൻ 2003 മാർച്ച്മാസം 6-ാംതിയ്യതി തൊഴിയൂർ സഭയുടെ ഭദ്രാസനദേവാലയത്തിലേയ്ക്ക് മുഖ്യശുശ്രൂഷകനായി വരുമ്പോൾ സഭയുടെ മെത്രപ്പോലിത്താമാരായ രണ്ടുപേരും വിദേശയാത്രയിൽ ആയിരുന്നു. ഞാൻ ജോസഫ്മാർ കുറിലോസ് വലിയ മെത്രപോലീത്തായെ നേരിൽ കാണുന്നത് മാർച്ച്മാസം 24-ാം തിയ്യതിയാണ്. അന്ന് നെടുമ്പാശേരി എയർപോർട്ടിൽ നിന്ന് ഭദ്രാസനദേവാലയത്തിൽ വന്ന് പ്രാർത്ഥനനടത്തിയതിനുശേഷം എല്ലാവർക്കും മധുരപലഹാരം വിതരണം ചെയ്ത സമയത്താണ് വികാരിയായിരുന്ന ബഹു വർഗ്ഗീസ് വാഴപിള്ളി അച്ചൻ എന്നെ തിരുമേനിക്ക് പരിചയപ്പെടുത്തുന്നത്.

തിരുമേനിയുടെ എല്ലാ ആവശ്യങ്ങളും അറിഞ്ഞു പ്രവർത്തിച്ചിരുന്ന പോൾസൺ. വി. എം. 2004 മെയമാസം 25-ാം തിയ്യതി നാട്ടിലേയ്ക്ക് പോയതിനുശേഷമാണ് ഞാൻ തിരുമേനിയുമായി കൂടുതൽ അടുക്കുന്നത്. അന്നു മുതൽ തൊഴിയൂർ ദേവാലയത്തിലെ ശുശ്രൂഷാകാര്യങ്ങളിൽ തിരുമേനിയെ സഹായിച്ചുവരുന്നു. 2004 നവംബർ മാസം 15-ാം തിയ്യതി വരെ തിരുമേനിയുടെ Account കാര്യങ്ങളിൽ സഹായിച്ചിരുന്ന സഭാ ഓഫീസിലെ Clerk ഉം മുൻകാല യുവജനപ്രസ്ഥാനത്തിന്റെ സജിവാംഗവുമായ കല്ലുംപുറം കൊള്ളന്നൂർ ജിജി പോയതിനുശേഷം തിരുമേനിയുടെ Account കാര്യത്തിൽ എന്നെ കൊണ്ട് കഴിയുന്ന രീതിയിൽ ചെയ്തുകൊടുക്കുവാൻ ഇന്നും സാധിക്കുന്നു.

തിരുമേനിക്ക് സ്വന്തമായി ഒരു സെക്രട്ടറി എന്ന നിലയിൽ ആരും ഇല്ലാത്ത അവസ്ഥയിൽ സെക്രട്ടറി അല്ലെങ്കിൽ പോലും തിരുമേനിയുടെ ആവശ്യങ്ങൾ എന്തെന്ന് മനസ്സിലാക്കി പ്രവർത്തിക്കുവാൻ സാധിക്കുന്നത് എന്റെ ജീവിതത്തിൽ ലഭിച്ച വലിയ ഭാഗ്യമായി കരുതുന്നു. ഞാൻ ഇവിടെ വരുമ്പോൾ തിരുമേനി തന്റെ കേൾവിശക്തിയുടെ ചികിത്സയ്ക്കായി വിദേശത്തേയ്ക്കു പോയിരിക്കുകയായിരുന്നു. കേൾവിശക്തി കുറഞ്ഞതിനാൽ ഫോണിൽ പറയുന്നത് മനസ്സിലാകാതെ വരുമ്പോൾ എന്നെ വിളിപ്പിക്കും. തിരുമേനിക്കു പരിചയമുള്ള പലർക്കും ബന്ധപ്പെടുവാൻ ഞാൻ ഉപയോഗിക്കുന്ന മൊബൈൽ ഫോൺനമ്പർ കൊടുക്കാറുണ്ട്. ഷിജുവിനെവിളിച്ചാൽ മതി എന്ന് തിരുമേനി അവരോട് പറയും. ഇപ്രകാരം തിരുമേനിയെ കാണുവാൻ വേണ്ടി മുൻകൂട്ടി സമയം വാങ്ങുന്നതിനായി പലരും എന്നെ വിളിക്കാറുണ്ട്. കൂടാതെ തിരുമേനി പ്രോഗാമുകൾ സ്വന്തം ഡയറിയിൽ കുറിച്ചാലും ഓരോപരിപാടിയുടെയും തലേദിവസം എന്നോട് പറയും. പ്രോഗ്രാമുകൾക്കനുസരിച്ച് എന്നെ കൊണ്ട് കഴിയുന്നവിധത്തിലുള്ള യാത്രാക്രമീകരണങ്ങൾ ചെയ്തു കൊടുക്കും.ചില സന്ദർഭങ്ങളിൽ തിരുമേനിയോടൊപ്പം യാത്രയിൽ അനുഗമിക്കും.

ജാതിമതഭേദമന്യേ പലരും തിരുമേനിയെ കാണുവാൻ അരമനയിലേക്ക് വരാറുണ്ട്. എന്നാൽ തന്നെ കാണുവാൻ വരുന്നവരെ മാന്യമായി സ്വീകരിക്കണമെന്ന് പറയും. ആരുവന്നാലും തന്റെ മേശപുറത്തു വച്ചിരിക്കുന്ന മിഠായി പാത്രം തുറന്ന് മിഠായി എടുത്തു കൊടുക്കും. കൂടാതെ തന്നെ പഠിപ്പിച്ച ഗുരുക്കൻമാരും, തന്റെ അദ്ധ്യാപനജീവിതത്തിൽ അറിവുകൾ പകർന്നു നൽകിയ വിവിധ മതസ്ഥരായ വിദ്യർത്ഥി-വിദ്യാർത്ഥിനികളും ഇവിടെ വരാറുണ്ട്. ഇവർക്കെല്ലാം എന്നെ വിളിച്ച് പരിചയപെടുത്താറുണ്ട്.

ഔദ്യോഗികവാഹനം ഇല്ലാത്തതിനാൽ ദൂരസ്ഥലങ്ങളിലുള്ള രോഗികളെയും മരണമടഞ്ഞവരെയും കാണാനും ഭവനസന്ദർശനത്തിന് പോകാനും

വാഹനം ക്രമീകരിക്കാൻ എന്നോട് പറയും.ഞാൻ അതനുസരിച്ച് വാഹനം ക്രമീകരിച്ചു കൊടുക്കും. പലപ്പോഴും എന്നോട് കൂടെ വരാനും പറയും. തിരുമേനിമാരുടെ ആദ്യകാല ഡ്രൈവർ കൂടിയായിരുന്ന ജോർജട്ടന്റെ കാറിലാണ് ഇപ്പോൾ കൂടുതലും യാത്ര ചെയ്യാറുള്ളത്. എന്നോടു പറയും. "ടാക്സിക്കാരനെ വിളിച്ചാൽ വാടക അധികമാകും. ജോർജ്ജേട്ടനാണെങ്കിൽ അതിനനുസരിച്ച് കൊടുത്താൽ പോരെ." തിരുമേനിയുടെ അത്യാവശ്യങ്ങൾക്ക് കൂടെ പോകുവാൻ സ്വന്തം അനുജൻ ബെന്നി ജ്യേഷ്ഠൻ പലപ്പോഴും ഉണ്ടായിരിക്കും. വീട്ടിൽ വിശേഷ ദിവസങ്ങളിൽ ഉണ്ടാകുന്ന ഭക്ഷണപദാർത്ഥങ്ങൾ ജ്യേഷ്ഠനായ തിരുമേനിക്ക് അരമനയിൽ യഥാസമയം എത്തിച്ച് ജ്യേഷ്ഠനുമായി കുശലാന്വേഷണം നടത്തിയേ ബെന്നി ചേട്ടൻ പോവുകയുള്ളു. തന്റെ സ്വന്തം കുടുംബക്കാർക്ക് തിരുമേനിയോട് എത്രമാത്രം സ്നേഹകരുതലുകളുണ്ടെന്ന് ഇതിൽനിന്നും നമുക്കു മനസ്സിലാകും. വിശിഷ്ഠാതിഥികൾ വരുമ്പോൾ ഭക്ഷണം സഹോദര ഭവനത്തിൽ നിന്ന് പലപ്പോഴും ഞാൻ തന്നെ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ വീട്ടിൽ മാസത്തിൽ ഒരിക്കലെങ്കിലും ഒരു നേരത്തെ ഭക്ഷണം ക്രമീകരിക്കുകയും എന്നെയും, ജോർജ്ജേട്ടനെയും പ്രത്യേകം ക്ഷണിക്കുകയും ചെയ്യും. സ്വന്തം ജ്യേഷ്ഠനെ മാത്രമല്ല ജ്യേഷ്ഠനുമായി അടുപ്പമുള്ളവരെയും കരുതുന്ന ഒരു കുടുംബമാണ് ബെന്നിയേട്ടനും കുടുംബവും എന്നു എടുത്തു പറയുവാൻ ഞാനാഗ്രഹിക്കുന്നു.

തിരുമേനിയെ കാണുവാൻ ഇന്ന് ആരെങ്കിലും അരമനയിലേക്ക് വന്നാൽ അവർ ആദ്യം അന്വേഷിക്കുന്നത് എന്നെയായിരിക്കും അപ്പോൾ ഞാൻ അവരെ താഴെ ഇരുത്തി മുകളിൽ ചെന്ന് കാണുവാൻ വന്ന വിവരം അറിയിക്കുകയും അവർക്കു വേണ്ട ക്രമീകരണം നടത്തുകയും ചെയ്യും. ഉച്ചവിശ്രമം കൊള്ളുന്ന സമയത്താണെങ്കിൽ താൻ കിടക്കുന്ന ഇടത്ത് വന്ന് തട്ടി വിളിക്കുവാൻ എന്നെ അനുവദിച്ചിട്ടുണ്ട്. ഞാൻ ഇവിടെ ഇല്ലെങ്കിൽ മാത്രമേ കുശിനിക്കാരനായ ജേക്കബേട്ടനും, ജോർജേട്ടനും തട്ടി ഉണർത്തി വിവരം ധരിപ്പിക്കാറുള്ളൂ. കേൾവി കുറവുമൂലം ടൈംപീസ് അലാറം അടിക്കുന്നത് കേൾക്കാതെ വന്നാൽ രാവിലെ (5 മണി) പ്രഭാത നമസ്ക്കാരത്തിനായി ഞാൻ പോയി വിളിച്ചുണർത്താറുണ്ട്. ഞാൻ നാട്ടിൽ പോകുന്ന സമയത്താണെങ്കിൽ രാവിലെ വിളിക്കുന്നത് ജേക്കബേട്ടനായിരിക്കും.

ഇപ്പോൾ ശെമ്മാശന്മാർ സെമിനാരിപഠനത്തിനു പോയിരിക്കുന്നതിനാൽ മറ്റു ഇടവകകളിൽ വി. കുർബ്ബാനക്കു പോകുവാൻ കൂടെയുള്ളത് വിശ്വസ്ത ഡ്രൈവറായ ജോർജേട്ടനാണ്. കാപ്പാസെറ്റ്പെട്ടിയും മറ്റും എടുത്ത് സ്വന്തം കാറിൽ കൊണ്ടുവയ്ക്കുകയും തിരുമേനിയുടെ ഇഷ്ടാനുസരണം കാർ ഓടിച്ചു അതാതു പള്ളികളിൽ കൃത്യസമയത്തു തന്നെ എത്തിക്കുകയും ചെയ്യും. കൂടാതെ ഏതെങ്കിലും പള്ളിയിൽ തലേദിവസം പോയി താമസിക്കുകയാണെങ്കിൽ അപ്പോൾ കൂടെ കിടക്കുന്നത് ജോർജ്ജേട്ടനായിരിക്കും. മേശക്കാരനായ ജേക്കബേട്ടൻ തിരുമേനിയുടെ ഇഷ്ടവിഭവങ്ങൾ കേട്ടറിഞ്ഞ് രുചികരമായ ഭക്ഷണം വെച്ചു കൊടുക്കും. കൂടാതെ തിരുമേനിയെ സഹായിക്കുവാൻ ജേക്കബേട്ടൻ എപ്പോഴും തയ്യാറാണ്.

2004 ലെ വലിയനോമ്പുകാലത്ത് തന്റെ ഇഷ്ടവിനോദമായ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്നപ്പോൾ കാൽതെറ്റി വീണ് വലതുകാലിന്റെ എല്ലിനു ക്ഷതം ഏറ്റ സമയത്ത് വലിയ തിരുമേനിയെ ശുശ്രൂഷിക്കുവാൻ കിട്ടിയ അവസരം വളരെ ഭാഗ്യമായി ഞാൻ കരുതുന്നു.

എനിക്ക് തിരുമേനിയിൽ എടുത്തു പറയുവാൻ കാണുന്നത് രോഗികളോടുള്ള സമീപനമാണ്. പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്ന രോഗികളുടെ അടുക്കലേക്ക് ഓടിച്ചെന്നെത്തുന്ന ഒരു പ്രത്യേക സ്വഭാവം തിരുമേനിയിൽ കാണാം. ചെന്നു കാണുന്ന രോഗികളെ ആശ്വസിപ്പിക്കുകയും സമാധാനിപ്പിക്കുകയും അവർക്കു വേണ്ടി നിരന്തരം പ്രാർത്ഥനനടത്തുകയും ചെയ്യും. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾക്ക് തന്നാൽ കഴിയുന്ന സാമ്പത്തിക സഹായം നൽകി അവരെ ആശ്വസിപ്പിക്കും. കൂടാതെ ദൈവ വചനത്തിൽ അവരെ ബോധവാൻമാരാക്കുകയും, കൂടെ കിടക്കുന്ന മറ്റു രോഗികൾക്കു വേണ്ടി പ്രാർത്ഥിപ്പാൻ ആവശ്യപ്പെടുകയും ചെയ്യും. തൃശ്ശൂർ ജില്ലയിലെ ഒട്ടുമിക്ക ആശുപത്രികളിലും സന്ദർശനം നടത്തുവാൻ തിരുമേനിയൊടൊപ്പം എനിക്കും സാധിച്ചിട്ടുണ്ട്. ഒരുമാസത്തിൽ പത്തുപന്ത്രണ്ട് രോഗി സന്ദർശനം ഇപ്പോൾ നടത്താറുണ്ട്.

തിരുമേനിയിൽ നിന്നുള്ള സ്നേഹവാത്സല്യവും ഞാൻ വളരെ അധികം അനുഭവിച്ചിട്ടുണ്ട്. എന്തെങ്കിലും കാര്യങ്ങളിൽ ദേഷ്യപ്പെട്ട് സംസാരിച്ചാലും കുറെ കഴിഞ്ഞു വിളിച്ചിരുത്തി സമാധാനിപ്പിക്കുകയും സ്നേഹത്തോടെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിതരികയും ചെയ്യും. 2010 ആഗസ്റ്റ് മാസം ഒരാഴ്ചയായി കുന്നംകുളം ഇട്ടിമാണിമെമോറിയൽ ഹോസ്പിറ്റലിൽ ഞാൻ കഫകെട്ടിന്റെ അസുഖത്തിനായി കിടന്നപ്പോൾ എന്നും എന്നെ വന്നു കാണുകയും കൂടാതെ തന്നെ സ്വന്തം അനുജൻ ബെന്നിചേട്ടനെഭക്ഷണ കാര്യങ്ങൾ യഥാസമയത്ത് എത്തിച്ചു കൊടുക്കുവാൻ പറഞ്ഞ് ക്രമീകരണം നടത്തുകയും ചെയ്തു. ഇതൊക്കെ തിരുമേനി തന്റെ കൂടെയുള്ളവരെ കരുതുന്നു എന്നതിന് ഉദാഹരണമാണ്. കൂടാതെ എന്നോടും എന്റെ കുടുംബത്തോടമുള്ള സ്നേഹം വളരെ വലുതാണ്. എന്റെ പിതാവിന്റെ മരണത്തിൽ വീട്ടിൽ വന്ന് (2008 സെപ്റ്റംബർ 5) ദുഖാർത്തരായ ഞങ്ങളെ ആശ്വസിപ്പിക്കുകയും ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു. പിന്നീട് 2008 ഡിസംബർ മാസം 31 -ാം തിയ്യതി എന്റെ മാതൃദേവലായത്തിൽ വി. കുർബാനയിൽ സംബന്ധിക്കുകയും പിതാവിന്റെ ശവകൂടീരത്തിൽ ധൂപ പ്രാർത്ഥനനടത്തുകയും വീട്ടിൽ വന്ന് ഭവന- കൂദാശയ്ക്കു നേതൃത്വം നൽകി ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്തു. ഒരു മെത്രാപോലിത്ത എന്റെ വീട്ടിൽ വന്ന് സന്ദർശിച്ചത് ഇദ്ദേഹം മാത്രമേയുള്ളു.

ജാതിമതഭേദമെന്യേ എല്ലാവരോടും സ്നേഹപൂർവ്വം പെരുമാറുകയും അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുകയും ചെയ്യുന്ന തിരുമേനിക്ക് ഇനിയും പല ജൂബിലികൾ ആഘോഷിക്കുവാൻ സർവശക്തനായ ദൈവം തമ്പുരാൻ എല്ലാ അനുഗ്രഹങ്ങളും നന്മകളും ചൊരിയുമാറാകട്ടെ എന്ന് ആശംസിക്കുന്നു. എന്റെയും സഹപ്രവർത്തകരുടെയും കുടുംബത്തിന്റെയും ജൂബിലി ആശംസകൾ.

നല്ല ഇടയന്റെ ശ്രേഷ്ഠബന്ധങ്ങൾ

സുവിശേഷകൻ മാത്യു ജോൺ വാളക്കുഴി

അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ മേല്പട്ടത്വ രജത ജൂബിലിയോടനുബന്ധിച്ച് പ്രസദ്ധീകരിക്കുന്ന സ്മരണികയിൽ ചില അനുഭവങ്ങൾ പങ്കുവെയ്ക്കാനായത് വലിയ ഭാഗ്യമായി കാണുന്നു.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയും, തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയും തമ്മിലുള്ള ബന്ധം വളരെ ഗാഢമാണ്. സഹോദരിസഭയായ തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭ അനുഗ്രഹത്തിന്റെയും സാഹോദര്യത്തിന്റെയും പുതിയ പടവുകൾ കയറുവാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ആസ്ഥാനത്തിന് അടുത്തായി സ്ഥിതിചെയ്യുന്ന മാർത്തോമ്മാ സുവിശേഷസംഘത്തിന്റെ പുരാതനമിഷൻ കേന്ദ്രമാണ് ഗുരുവായൂർ മുക്കുതല മിഷൻ. ഈ മിഷൻ കേന്ദ്രത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്ക് പിന്നിലും അഭിവന്ദ്യ മെത്രാപ്പോലീത്ത തിരുമേനിയുടെ ആലോചനയും, അനുഗ്രഹവും ഉണ്ട് എന്നത് ഈ സെന്ററിൽ പ്രവർത്തിച്ച കാലയളവിൽ എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞ ഒരു യാഥാർത്ഥ്യമാണ്.

അഭിവന്ദ്യ തിരുമേനിയുമായി ഒരിക്കലെങ്കിലും ബന്ധപ്പെട്ടിട്ടുള്ളവർക്ക് അത് നവ്യാനുഭവം ആയിരിക്കും. അഭിവന്ദ്യ തിരുമേനിയുമായുള്ള ബന്ധം ഓരോ നാൾ പിന്നിടുംതോറും ശക്തമായിക്കൊണ്ടിരിക്കുന്നു എന്നതാണ് എന്റെ അനുഭവം. വ്യക്തിപരമായ ബന്ധത്തേക്കാളുപരി കുടുംബ ബന്ധങ്ങൾ വരെ എല്ലായ്പ്പോഴും അന്വേഷിച്ചിരുന്നു. എന്റെ മാതാവ് മാരകമായ രോഗത്തിന് അടിമയായി ആശുപത്രിയിൽ അടിയന്തര ഓപ്പറേഷന് വിധേയയായി വിശ്രമിക്കുമ്പോൾ, പകച്ചുപോയ ഈ സന്ദർഭത്തിൽ അത്യാവശ്യഘട്ടത്തിൽ സ്വന്തം സഭയുടെ സ്ഥാപനത്തിൽ നിന്നെന്നപോലെ ആരോ പറഞ്ഞ് അറിഞ്ഞതിൻ പ്രകാരം സഹോദരീസഭയുടെ പരമാദ്ധ്യക്ഷൻ രോഗിയായ എന്റെ മാതാവിന്റെ കിടയ്ക്കക്കരികിലെത്തി ആശ്വാസ വചനങ്ങൾ പറഞ്ഞു തന്നതും പ്രാർത്ഥിച്ചതും എന്റെ മാതാവിനും ഞങ്ങൾക്കും ഒരു സ്വർഗ്ഗീയ അനുഭവമായിരുന്നു. ലോകം അസാദ്ധ്യമെന്നു പറഞ്ഞ എന്റെ മാതാവ് ഇന്നും ദൈവകൃപയാൽ ആരോഗ്യവതിയായിരിക്കുന്നു. എന്ന് സന്തോഷത്തോടെ പറയേണ്ടിയിരിക്കുന്നു.

സഹോദരീസഭയുമായുള്ള ബന്ധം ഊട്ടിഉറപ്പിക്കുന്നതിൽ അഭിവന്ദ്യ തിരുമേനി ശ്രദ്ധാലുവായിരുന്നു. മാർത്തോമ്മാ സഭയുടെ ഒരു സുവിശേഷകനായ എന്നെ തൊഴിയൂർസഭയുടെ മിക്കവാറും ദേവാലയ കൺവെൻഷനുകളിൽ പങ്കെടുപ്പിച്ചിട്ടുണ്ട് എന്നത് നന്ദിയോടെ എടുത്തു പറയത്തക്കതാണ്. മിഷൻ കേന്ദ്രങ്ങളിൽ നടക്കുന്ന വിവിധ മീറ്റിംഗുകളിൽ, തിരക്കാണെങ്കിലും, സമയം നൽകി അനുഗ്രഹപ്രഭാഷണം നടത്തി ഞങ്ങളെ ധന്യരാക്കിയിട്ടുണ്ട്. സഭയുടെ വേലിക്കെട്ടുകൾ ഇന്നും നിലനിൽക്കുന്ന ഈ കാലയളവിൽ മാർത്തോമ്മാഇടവകാംഗങ്ങളിൽ ഉണ്ടാകുന്ന മരണവേളകളിൽ അഭിവന്ദ്യ തിരുമേനി ഭവനങ്ങൾ സന്ദർശിച്ച് ആശ്വാസവചനങ്ങൾ നല്കുന്നത് സാഹോദര്യത്തിന്റെ വലിയ ബന്ധം തന്നെയാണ്. തിരുമേനിയുടെ മുഖംമൂടിയില്ലാത്ത സത്യസന്ധമായ സമീപനം എന്നെ വളരെയധികം ആകർഷിച്ചിച്ചുള്ള ഒരു യാഥാർത്ഥ്യമാണ്. കുന്നംകുളം സെന്റർകൺവെൻഷനിൽ തിരുമേനിയുടെ പങ്കാളിത്തം എടുത്തു പറയത്തക്കതാണ്

കർമ്മപഥങ്ങളിൽ 25 വർഷം അനുഗ്രഹീതമായി പിന്നിട്ട നല്ല ഇടയന് ആയുരാരോഗ്യസൗഖ്യം ദൈവം തമ്പുരാൻ നല്കി നല്ല ഇടയന്റെ ശ്രേഷ്ഠബന്ധങ്ങൾ നിത്യതയോളം ഉയർത്തിപ്പിടിപ്പാൻ ഇടയാകട്ടെ എന്ന ആശംസയോടും, പ്രാർത്ഥനയോടും, നന്മകൾ നേരുന്നു.

സുവിശേഷകരെ കണ്ടെത്തി പ്രോത്സാഹിപ്പിച്ച മഹാപുരോഹിതൻ

പുലിക്കോട്ടിൽ ഉട്ടൂപ്പുണ്ണിവൈദ്യർ തമ്പി, കല്ലുംപുറം

മലബാർ സ്വതന്ത്രസുറിയാനി സഭയിലെ കല്ലുംപുറം ഇടവകയിൽ സണ്ടേസ്ക്കൂൾ പ്രധാന അദ്ധ്യാപകനും, സഭയിലെ സുവിശേഷകനും, മദ്ബഹാ ശുശ്രൂഷകനും, ഇടവക സിക്രട്ടറിയുമായിരുന്ന എന്റെ വാത്സല്യ പിതാവ് പുലിക്കോട്ടിൽ ഉട്ടുപ്പുണ്ണി വൈദ്യരിൽനിന്ന് ലഭിച്ച അനുഭവങ്ങളും, അതിനു രണ്ടും മൂന്നുതലമുറകൾക്കും മുൻപെ എന്റെ കുടുംബത്തിൽ നിന്നുള്ള പഴഞ്ഞി സെന്റ്മേരീസ് ഓർത്തഡോക്സ് പള്ളിയിലെ സുവിശേഷകനായിരുന്ന കുട്ടപ്പൻ, താവുണ്ണി എന്നിവരുടെ കേട്ടറിഞ്ഞ അനുഭവങ്ങളും എന്നെ ദേവാലായ മദ്ബഹാ ശുശ്രൂഷയിലേക്കും, സണ്ടേസസ്ക്കൂൾ, ഭവന പ്രാർത്ഥനകൾ, കൂട്ടായ്മ യോഗങ്ങൾ എന്നിവയിലേക്ക് ആകർഷിച്ച ഘടകങ്ങളായിരുന്നു. 1979-80 കാലഘട്ടത്തിൽ ആദ്യമായി വികാരിയുടെ ചുമതലനിർവഹിപ്പാൻ കല്ലുംപുറം സെന്റ് ജോർജ്ജ് ഇടവകയിൽ എത്തിയ ജോസഫ് പനക്കൽ അച്ചനാണ് (ഇന്നത്തെ വലിയ തിരുമേനി - സുവിശേഷസംഘത്തിന്റെ ചുമതലക്കൂടി ആലത്തൂരച്ചൻ എന്ന് പരക്കെ വിളിച്ചുവന്നിരുന്ന ജോസഫ് പനക്കൽ അച്ചൻ നിർവഹിച്ചിരുന്നു.) ആ കാലത്ത് കല്ലുംപുറം സെന്റ് ജോർജ്ജ് സണ്ടേസ്ക്കൂൾ പ്രവർത്തനത്തിലേക്ക് എന്നെ പ്രധാനഅദ്ധ്യാപകനായി കൂട്ടികൊണ്ടുവന്നത്. പിന്നീട് സുവിശേഷ പ്രവർത്തനമേഖലകളിൽ പ്രവർത്തിക്കുവാൻ ബ: സി. വി. ജേക്കബച്ചനും, ഇപ്പോഴത്തെവികാരി ജനറാൾ ബ: ജോബച്ചനും മറ്റുപട്ടക്കാരും നൽകിയ പ്രോത്സാഹനവും നന്ദിയോടെ സ്മരിക്കുന്നു. കല്ലുംപുറം ഇടവക പള്ളിയിൽ ദുഃഖവെള്ളിയാഴ്ച ശുശ്രൂഷകൾക്ക് മദ്ധ്യേ 1982 ൽ ദൈവവചനശുശ്രൂഷ നടത്താൻ പ്രോത്സാഹിപ്പിച്ച ബ: ബാബുവർഗ്ഗീസ് അച്ചനും പിൽക്കാലത്ത് അഭിവന്ദ്യ തിരുമേനിയുടെ പ്രത്യേക ആശിർവാദത്തിൽ വിശുദ്ധകുർബാനമദ്ധ്യേ പ്രസംഗിപ്പാൻ ബ: സി. വി. ജൈക്കബച്ചനും പലപ്പോഴും സ്നേഹപൂർവ്വം നിർബന്ധിച്ചത് എന്റെ സുവിശേഷപ്രസംഗങ്ങൾക്ക് കൂടുതൽ ഉത്തേജകമായിരുന്നു. 1979-80 മുതൽ ചാലിശ്ശേരി, കൊരട്ടിക്കര, കല്ലുംപുറം, ഇടവവകളിൽ ഇടവിട്ട ഞായറാഴ്ചകളിൽ പ്രത്യേക ഭവന പ്രാർത്ഥനകളും സുവിശേഷ കൂട്ടായ്മായോഗങ്ങളും ക്രമമായി നടത്തുവാൻ മുൻകൈ എടുത്ത് നേതൃത്വം നൽകിയത് ബ: ജോസഫ് പനക്കൽ അച്ചനാ (ഇന്നത്തെ വലിയ തിരുമേനി) യായിരുന്നെങ്കിലും, ബലഹീനനായ ഞാനും, കല്ലുംപുറം ശ്രീ. കെ. എം. ശീമോനും, ചാലിശ്ശേരി ശ്രീ. ജെയിംസ് പി. തോമാസും എല്ലാ ഞായറാഴ്ചയും, ബ: ആലത്തൂരച്ചനോടപ്പം ആ സുവിശേഷപ്രവർത്തനങ്ങളിലൊക്കെ പങ്കാളികളായിരുന്നു. സഭയിലെ മിക്കവാറും എല്ലാ ഇടവകകളിലും ഉണ്ടായിരുന്ന സ്ത്രീസമാജത്തിന്റെ ആഭിമുഖ്യത്തിലുള്ള സുവിശേഷ യോഗങ്ങളിലേക്കും ഇന്നത്തെ വലിയ തിരുമേനി ഞങ്ങളെ മാറി മാറി പറഞ്ഞയക്കുമായിരുന്നു. കുറച്ചൊരുകാലം മാത്രമേ കല്ലുംപുറം ഇടവക വികാരിയായി ബ: ജോസഫ് പനക്കൽ അച്ചൻ പ്രവർത്തിച്ചിട്ടുള്ളൂ എങ്കിലും (അദ്ധ്യാപകവൃത്തിയിൽ ചേർന്ന 1980 മുതൽ ഇടവകകളുടെ ചുമതലയില്ലായിരുന്നു) അന്നത്തെ വികാരി അച്ചന്മാരേക്കാളധികം സഭയിലെ എല്ലാ ഇടവകകളിലും സുവിശേഷപ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകിയിരുന്നത് ഇന്നും അനേകരുടെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്ന വസ്തുതയാണ്. മലബാർ സ്വതന്ത്രസുറിയാനിസഭക്ക് സ്വന്തമായി ദുഃഖവെള്ളിയാഴ്ചയുടെ പ്രാർത്ഥനയോടും മറ്റു വിവിധപ്രത്യേക ആരാധനാ ഗീതങ്ങളോടും ചേർന്ന ആദ്യനമസ്ക്കാരക്രമവും, കൃംത്യാ- സ്ളീബാ പ്രാർത്ഥനകളടങ്ങിയ വി: കുർബാനക്രമവും ജനങ്ങൾക്ക് പ്രാപ്യമായ കേവലം 10 രൂപ, 5 രൂപ നിരക്കിൽ ലഭ്യമാക്കാനുള്ള സുവിശേഷസംഘത്തിന്റെ ശ്രമം പൂവണിയിപ്പിച്ച് 1982 ൽ കല്ലുംപുറം

സണ്ടേസ്ക്കുളിന്റെ വാർഷികത്തിൽ വെച്ച് പ്രകാശനം ചെയ്യുവാൻ ഇടയായത് ബ: ആലത്തൂരച്ചന്റെ അക്ഷീണ പരിശ്രമത്താലായിരുന്നു. വികാരിക്കടുത്ത ശമ്പളമില്ലാതെ സ്ക്കൂൾ ജോലിയിൽനിന്നുലഭിക്കുന്ന വരുമാനത്തിൽ നിന്ന് വണ്ടിയിൽ പെട്രോളൊഴിച്ച് ഓടി നടന്ന് പ്രവർത്തിച്ച ആ അനുഭവങ്ങൾ ഞങ്ങൾ കുറച്ച് സുവിശേഷകരിലെങ്കിലും, പ്രതിഫലം പറ്റാതെ സഭയിലും, ചുറ്റുപാടുമുള്ള സമൂഹത്തിലും സുവിശേഷപ്രവർത്തനങ്ങൾക്ക് പോകുവാൻ ശക്തിപകർന്നു. 1984 മുതൽ ബ: അച്ചന്റെ പ്രധാനപരിശ്രമത്താൽ ഉടലെടുത്ത സഭാ യൂത്ത് ലീഗിന്റെ വിവിധപ്രവർത്തനങ്ങളിൽ ആയതിന്റെ പ്രാരംഭദശമുതൽ, വി: പത്രോസ് നാടകം, സൗജന്യമെഡിക്കൽ കേമ്പ്, തയ്യൽ മെഷീൻ വിതരണമേളകൾ, വാർഷീകയോഗങ്ങൾ, പഠനശിബിരങ്ങൾ, എന്നീ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ ബ: ജോസഫ് പനക്കൽ അച്ചൻ (ഇന്നത്തെ വലിയ തിരുമേനി) നിർദ്ദേശിക്കുന്ന ഏതു ചുമതലകളും ആത്മാർത്ഥമായി ചെയ്തുതീർക്കുവാൻ എനിക്ക് സാധിച്ചത്, ദൈവകൃപമൂലമായിരുന്നു. യൂത്ത് ലീഗിന് ലഭിച്ച മൈക്ക്സെറ്റും ജനറേറ്ററും, ടി.വി, വിസി.ആർ. സെറ്റും അഭിവന്ദ്യ തിരുമേനിയുടെ പ്രത്യേകസ്നേഹനിർബന്ധത്തിനുവഴങ്ങി യുവജനപ്രസ്ഥാനത്തിന്റെ പരിപാടികൾക്കും, ഇന്നത്തെ വലിയ തിരുമേനിയുടെ പ്രത്യേക മേൽനോട്ടത്തിൽ സുവിശേഷസംഘം 1987ൽ ആരംഭംകുറിച്ച് 2005 വരേയും കുന്നംകുളം സെന്റ് തോമാസ് പള്ളിയിൽ നടന്നുവന്നിരുന്ന സഭാ സുവിശേഷയോഗങ്ങൾക്കും, സണ്ടേസ്ക്കൂൾ അദ്ധ്യാപക, വിദ്യാർത്ഥി, കേമ്പുകൾക്കും പ്രതിഫലമൊന്നും വാങ്ങാതെ പ്രവർത്തിപ്പിക്കുവാൻ ബലഹീനനായ എനിക്ക് കഴിഞ്ഞത് വലിയൊരു ദൈവാനുഗ്രഹമായി ഞാൻ കരുതുന്നു. 1948 ൽ സഭയിൽ രൂപീകരിച്ച സുവിശേഷസംഘത്തിന്റെ കീഴിൽ ഇടവകകൾ തോറും നടന്നിരുന്ന സുവിശേഷകൺവെൻഷൻ യോഗങ്ങൾക്ക് ഒരു ഏകീകൃതഭാവം വേണമെന്ന സഭാ സുവിശേഷസംഘത്തിന്റെ സീനിയർ പ്രവർത്തകരായിരുന്ന പോർക്കുളം ബ: കെ. സി. വർഗ്ഗീസച്ചന്റേയും തൊഴിയൂർ സണ്ടേസ്ക്കൂൾ പ്രധാനദ്ധ്യാപകനായിരുന്ന ശ്രീമാൻ മാത്തുകുട്ടി മാസ്റ്ററുടേയും, പോർക്കുളം ശ്രീമാൻ. സി.സി. കുരിയക്കുട്ടി മാസ്റ്ററുടേയും, സുവിശേഷകൻ ശ്രീ. ജോൺവർഗ്ഗീസിന്റേയും ചിരകാല ആശയം അംഗീകരിച്ച് എല്ലാവർക്കും വന്നുചേരാവുന്ന കുന്നംകുളം (കുന്നത്തെപള്ളി) സെന്റ് തോമസ് പള്ളിയിൽ സഭാ അടിസ്ഥാനത്തിൽ സുവിശേഷകസംഘത്തിന്റെ ആഭിമുഖ്യത്തിൽ സഭാ സുവിശേഷകൺവെൻഷൻ 1987 ഡിസംബർമാസത്തിൽ ആരംഭിപ്പാൻ ശക്തമായ നേതൃത്വം , സുവിശേഷസംഘപ്രസിഡണ്ട് എന്ന നിലയിൽ ഇന്നത്തെ വലിയ തിരുമേനി നൽകിയത് സഭയുടെ സുവിശേഷദൗത്യത്തിന് ഒരു പുത്തൻ ഉണർവു തന്നെ നൽകി. പല ഇടവകകളിലും സ്ത്രീസമാജത്തിന്റെ വിവിധപ്രവർത്തനങ്ങളും ക്രമീകൃതമായ പരിപാടികളോടെ ഊർജ്ജസ്വലമാക്കിയതും ഇന്നത്തെ വലിയ തിരുമേനി വൈദീകനായിരുന്ന കാലത്തായിരുന്നു. പഴഞ്ഞി ഓർത്തഡോക്സ് സുറിയാനിസഭയിലെ ബ: സി. വി. അബ്രഹാം കശ്ശീശ്ശയും, പഴഞ്ഞി ശ്രീമാൻ താരു മാസ്റ്ററും, സി.എസ്. ഐ. സഭയിലെ തൃശ്ശൂർ സ്വദേശി റവ: ജോണച്ചനും ചാലിശ്ശേരി ശ്രീ വടക്കേതലക്കൽ ചാക്കുട്ടി ഉപദേശി, തുടങ്ങിയവരൊക്കെ ഞങ്ങളുടെ എളിയ സുവിശേഷപ്രവർത്തനങ്ങൾക്ക് പ്രചോദനമേകിയവരായിരുന്നു. 1993 ൽയൂത്ത് ലീഗ് വാർഷിയയോഗത്തിൽ വെച്ച് അന്നത്തെ സ്ക്രട്ടറിയായിരുന്ന ബ: സി.വി. റീജൻശെമ്മാശ്ശനിൽനിന്നും, ഈ ദൃശമായ എന്റെ നിസ്വാർത്ഥ സേവനങ്ങൾ കണക്കിലെടുത്ത് യൂത്ത് ലീഗിന്റെ പ്രത്യേക പാരിതോഷികം നിറഞ്ഞസദസിനു മുമ്പാകെ വെച്ച് വാങ്ങിയത് മധുരസ്മരണയായി നില നിൽക്കുന്നു.

ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്തയടക്കം അഞ്ചുതിരുമേനിമാരെ മദ്ബഹയിൽ ശുശ്രൂഷിപ്പാൻ ഭാഗ്യം ലഭിച്ച എളിയവനായ ഞാനും, രജതജൂബിലി ആഘോഷിക്കുന്ന സ്നേഹവും ബഹുമാനവും നിറഞ്ഞ അഭിവന്ദ്യ തിരുമേനിക്ക് പ്രാർത്ഥനാപൂർവ്വമായ ആശംസകൾ നേരുന്നു.

സഭയിൽ സുവിശേഷവേല നടത്തിയവരെ ആദരിച്ചപ്പോൾ - 2010 ഡിസംബർ 5

LAMBETH CONFERENCE

Report from "Kunjadukalude Velicham" October 1998

1998 ജൂലായ് 18 മുതൽ ആഗസ്റ്റ് 9 വരെ ഇംഗ്ലണ്ടിലുള്ള കാന്റർബറിയിൽവെച്ച് നടന്ന ലാംബത്ത് (Lambeth) കോൺഫ്രൻസിൽ പങ്കെടുക്കുന്നതിനുവേണ്ടി അഭിവന്ദ്യമെത്രാപ്പോലീത്ത ജൂലായ് 10-ാം തിയ്യതി സന്ധ്യാനമസ്കാരത്തിനുശേഷം തൊഴിയൂർ ഭദ്രാസനത്തിൽ നിന്ന് യാത്ര തിരിച്ചു. 12-ാം തിയ്യതി ഞായറാഴ്ച ബ്രിട്ടീഷ് സമയം വൈകീട്ട് 5 30ന് Gulf Air ന്റെ വിമാനം ലണ്ടനിലുള്ള ഹീത്രോ (Heathrow) എയർപോർട്ടിൽ ലാന്റ് ചെയ്തപ്പോൾ അഭിവന്ദ്യ തിരുമേനിയെ സ്വീകരിക്കാൻ വെരി. റവ. പീറ്റർ ഹോക്കിൻസ് കോറെപ്പിസ്കോപ്പ, റവ. ഫാ. ഫിലിപ്പ് ടോവി എന്നിവരുടെ നേതൃത്വത്തിൽ മലബാർ സ്വതന്ത്ര സുറിയാനി സഭ സപ്പോർട്ടിങ്ങ് ഗ്രൂപ്പിലെ അംഗങ്ങൾ വിമാനത്താവളത്തിൽ കാത്തുനിൽപ്പുണ്ടായിരുന്നു. സ്നേഹാന്വേഷണത്തിനും സ്വീകരണങ്ങൾക്കും ശേഷം, അഭിവന്ദ്യ തിരുമേനിക്ക് വിശ്രമത്തിനായി ഒരുക്കിയിരുന്ന റവ. ഫാ. ഫിലിപ്പ് ടോവിയുടെ വികാറേജി (പാർസനേജ്) ലേക്ക് യാത്രയായി.

18-ാം തിയ്യതി ശനിയാഴ്ച രാവിലെ കാന്റർബറിയിലെ University of Kent ൽ പേർ രജിസ്ട്രേഷന് പോകുമ്പോഴും പേർ രജിസ്റ്റർ ചെയ്തു കഴിഞ്ഞ് മടങ്ങുമ്പോഴും റവ. ഫാ. ഫിലിപ്പ് ടോവിതിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. പങ്കെടുക്കാൻ എത്തിയവരുടെ റജിസ്ട്രേഷൻ തുടങ്ങിയതോടെ 750ൽപരം തിരുമേനിമാർ വിവാഹിതരായ ആംഗ്ലിക്കൻ ബിഷപ്പുമാരുടെ ഭാര്യമാർ, ലോകത്തിലെ നാനാ ഭാഗത്തുനിന്നും വന്ന stewards & official correspondents അടക്കം 2500-ൽ പരം അംഗങ്ങൾ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു എന്നതു തന്നെ ഈ സമ്മേളനത്തിന്റെ വലുപ്പവും പ്രൗഢിയും വ്യക്തമാക്കുന്നു. ആംഗ്ലിക്കൻ കമ്യൂണിയനിലുള്ള എല്ലാ സഭകളുടേയും തിരുമേനിമാർ, എക്യുമിനിക്കൽ participants ആയി കത്തോലിക്കാ സഭ ഉൾപ്പടെയുള്ള ലോകത്തിലെ എല്ലാ സഭകളുടേയും ഓരോ പ്രതിനിധികളായി ഓരോ ബിഷപ്പുമാർ എന്നീ നിലയിലാണ് കോൺഫ്രൻസിൽ വന്നവർക്കുണ്ടായിരുന്ന അംഗത്വം. മലബാർ സ്വതന്ത്ര സുറിയാനി സഭക്ക് ലോകസഭകളുടെ നേതൃത്വനിരയിൽ പ്രാതിനിധ്യം ലഭിച്ചു എന്നതാണ് നമ്മുടെ മെത്രാപ്പോലീത്തക്ക് കോൺഫ്രൻസിലുള്ള ക്ഷണം എന്നത് പ്രത്യേകം എടുത്തു പറയാവുന്ന ഒരു സത്യമാണ്.

ലാംബത്ത് കോൺഫ്രൻസിൽ പങ്കെടുക്കാൻ വന്നവരുടെ താമസസൗകര്യത്തിനായി വിപുലമായ സന്നാഹങ്ങളായിരുന്നു ഒരുക്കിയിരുന്നത്. 7 ൽപരം കോളേജുകൾ 10 ൽപരം ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ താമസസൗകര്യം ഒരുക്കിയിരുന്നതിൽ നമ്മുടെ തിരുമേനിയുടെ താമസം ക്രമീകരിച്ചിരുന്നത്. Eliot college ലെ Becket court ലായിരുന്നു താമസസ്ഥലത്തുനിന്ന് 15 മിനിറ്റ് സമയം നടക്കുവാനുള്ള ദൂരമുണ്ട്. കോൺഫ്രൻസ് നടക്കുന്ന ഹാളിലേക്ക്.

18-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 8-30ന് സെന്റ് അഗസ്റ്റ്യൻ സെന്റ് കൊളമ്പിയ ഹാളിലായിരുന്നു കോൺഫ്രൻസിന്റെ ഉൽഘാടനസമ്മേളനം. ലാമ്പത്ത് കോൺഫ്രൻസിൽ പങ്കെടുത്ത മുഴുവൻ അംഗങ്ങളേയും ഉൾകൊള്ളിച്ച സമ്മേളനം ഉൽഘാടനം ചെയ്തത്. കാന്ററബറി ആർച്ച് ബിഷപ്പ് Most. Rev. ജോർജ്ജ് കാരി (George Carey) ആയിരുന്നു. ഞായറാഴ്ച രാവിലെ ചരിത്രപ്രധാനമായ കാന്റർബറി കത്തിഡ്രലിൽ നടന്ന വിശുദ്ധ കുർബ്ബാനയിൽ ലാംബത്ത് കോൺഫ്രൻസിൽ സംബന്ധിക്കുവാൻ വന്ന മുഴുവൻ അംഗങ്ങളും പങ്കെടുത്തു. ആരാധനാമദ്ധ്യെ നടന്ന പ്രസംഗത്തിലും, ഉൽഘാടനസമ്മേളനത്തിലും As you Approch The Millennium; What is your Hope For Diocese (21-ാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന നിങ്ങളുടെ ഓരോ സഭയുടേയും പ്രതീക്ഷയും പ്രത്യാശയും എന്ത്) എന്നവിഷയത്തിലൂന്നിയായിരുന്നു ചിന്താവിഷയം ക്രമീകരിച്ചിരുന്നത്.

തിങ്കളാഴ്ച രാവിലെ മുതൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട പ്രത്യേക വിഷയങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതിലുള്ള ഗ്രൂപ്പ് ഡിസ്കഷൻ ആരംഭിച്ചു. നാലാമത്തെ സെക്ഷനിൽ CALL TO BE ONE എന്ന വിഷയത്തെ (സഭകൾ ഒന്നിച്ച്, പ്രാർത്ഥിച്ചു പ്രവർത്തിച്ച് ക്രിസ്തുവിന്റെ തത്വാധിഷ്ഠിതമായ ഐക്യത്തിലേക്ക് ഉയരുന്നതിനെസംബന്ധിച്ച) പറ്റിയുള്ള ചർച്ചാഗ്രൂപ്പിലായിരുന്നു നമ്മുടെ മെത്രാപ്പോലീത്താ ഉൾപ്പടെയുള്ള എക്യുമെനിക്കൽ പ്രതിനിധികൾ ആയി പങ്കെടുത്തിരുന്ന എല്ലാ മെത്രാപ്പോലീത്താമാരേയും ഉൾപ്പെടുത്തിയിരുന്നത്. 10 വർഷത്തിൽ ഒരിക്കൽ മാത്രം കൂടുന്ന വിശ്വവിഖ്യാതമായ ലാമ്പത്ത് കോൺഫ്രൻസ് ഓറിയന്റൽ ഓർത്തഡോക്സ്, കാത്തലിക് തുടങ്ങി മിക്കവാറും എല്ലാ സഭകളുമായി സഹവർത്തിത്വത്തിന്റെ പ്രവർത്തനപാതയിൽ ഒന്നിച്ചു ചേരുന്നതിനെകുറിച്ച് വിശ്വാസപരവും ആചാരപരവുമായ കാര്യങ്ങളെക്കുറിച്ച് പല വിലയിരുത്തലുകളും ചർച്ച ചെയ്ത് ലിഖിതമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മലബാർ സ്വതന്ത്ര സുറിയാനി സഭയും ആംഗ്ലിക്കൻ സഭയും തമ്മിലുള്ള എക്യുമെനിക്കൽ പ്രവർത്തനശൈലിയെക്കുറിച്ച് വിശദമായി വിലയിരുത്തുവാനും മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പേര് പൌരസ്ത്യ ഓർത്തഡോക്സ് സഭകളുടെ കൂടെ തന്നെ ചർച്ചചെയ്ത് ഗ്രൂപ്പ് ഡിസ്കഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാനും സാധിച്ചു എന്നത് നമ്മുടെ സഭക്ക് പരിശുദ്ധപൂർവ്വ പിതാക്കന്മാർ കാണിച്ചുതന്ന എക്യുമെനിക്കൽ പ്രവർത്തനത്തിന്റെ ഒരു അന്തർദ്ദേശിയ അംഗീകാരമായി കണക്കാക്കാവുന്നതാണ്.

വിവിധസഭകളിലെ മെത്രാപോലീത്തമാർക്ക് സ്വന്തം സഭയെ ക്കുറിച്ചും ആയതിന്റെ പ്രവർത്തനശൈലിയെക്കുറിച്ചും പരസ്പരം മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും കിട്ടിയ ഒരു അസുലുഭ സന്ദർഭമായിരുന്നു ലാംബത്ത് കോൺഫ്രൻസ്

ആഗസ്റ്റ് 8ന് വൈകീട്ട് 6 മണിക്ക് വി. കുർബാനയോടെ കോൺഫ്രൻസ് സമാപിച്ചു.

With fond Memories



Report of the visit of His Grace Mar Koorilose to STRATFORD- UPON- AVON 7th-13th June 1996

Fr. DEREK TURNER

Report from "Kunjadukalude Velicham"

Strat ford- upon -Avon is a market town of 25, 000 people in the centre of Egland. It was founded by the Bishop of Worcester in the year 1196 and so this year celebrates its 800th anniversary. Its biggest claim to fame is as the birth place and final resting -place of William Shakespeare, our greatest poet and play-wright. Many people from all over the world come to visit the town (about 2 million visitors each year) and it is the home of the Royal Shakespeare Theatre.

His Grace was the guest of Holy Trinity Church. The present church building was begun in 1210 and stands beside the river. Many people visit the church to see the grave of Shakespeare which is inside the church.

On arrival His Grace was welcomed by the Vicar. the Revd. Fr. Peter Holliday, his wife Ruth and their daughter Juliette. He was shown around the church and town and also visited the Broad Street County School. In the evening he dined at the home of the Revd. Fr. Derek Turner and his wife the Rved.Fr. Maureen Turner who are the Associate Ministers at Holy Trinity.

During his stay His Grace stayed at the home of Greg and Mary Wells who are both doctors. On the Saturday they took him to visit Warwick Castle, an ancient fortress much involved with the history of the English Monarchy. In the evening 75 people sat down in the church hall to eat a 'Kerala Supper.' Seven different Kerala-dishes were prepared by. Fr. Derek and Fr. Maureen. We were Joined by Corepiscopa Fr. Peter Hawkins who spoke about the work of the MISC Support Group. On Sunday the day began with an interview for the BBC local radio station CWR His grace and Fr, Derek, in a live broadcast were able to reach a large audience of Christians and nonChristians throughout the City and County, and tell of the life and work the MISC. Later that morning Holy Trinity Church was full for a Confirmation service by Simon, the Bishop of Coventry and in which His Grace chrismated the 21 candidates. Bishop Simon, Fr. Derek and Fr. Maureen and the church wardens(Bill Hicks, Cathiepenn and Pat Gand-erton) went on to lunch with His Grace at a local Bangladeshi restaurant. At evening prayer His Grace was able to tell us a little more about the life. work and needs of his church.

Monday began with a visit to the Thomas Jolyffe School near Fr. Derek's home and then His grace joined Fr Peter, Fr. Derek and Fr. Maureen for a staff meeting, where he met Fr. Raymond, a retired priest who helps in the parish. Lunch was taken with Fr. Maureen at 'The Croft School'. In the Evening there was a, Civic Reception where His Grace was the guest of the Mayor, Councillor David Bates, and the Town Council. His Grace signed the town's Vistor's Book.

On Tuesday we returned to Thomas Jolyffe School to meet the infants and| to be shown around by the Deputy Headteacher, Mrs. Wright. The children are to write to school children in Kerala. For lunch we travelled to nearby Welford-on-Avon to the home of David Stanley, the leader of the Heartlands Independent Evangelical Church, for the Ministers' Fraternal. This is a regular meeting of the Ministers of Stratford's12 Christian. Churches. Present were: David stanley (Heart lands); Fr. Peter, Fr. Derek and Fr. Maureen (Holy Trinity, Church of England); Fr. Stephen (St. Peter, Bishopton, C of E/Methodist) Fr. Diane (St. Andrew, Shottery, C of E) Fr. Richard (St. James, Alveston, C of F); Fr. Romuald (Roman Catholic); The Revd. Roger Ducker (Methodist) and David Langman (Religious Society of Friends). His Grace was invited to share a little of the history, life and work of the MISC and we prayed together. In the evening His Grace celebrated the Holy Qurbana at the Guild chapel of the Holy cross in the town centre. Our fast was brocken at the same restaurant that we ate in on Sunday. we were joined by Peter Summers, Director of Music at Holy Trinity who had played the organ at the Qurbana.

Another School visit on Wednesday morning, this time to the Willows Church of England School. They have offered to sponsor two children in Kerala. After lunch His Grace dropped in for a visit to the Stratford Preparatory School and in the evening went to the Royal Shakespeare Theatre (as their guests) to see a production of 'As you like It' with Mr. Paul

And so ended a fruitful visit. His Grace leaves Stratford having made a lot of new friends and having brought the MISC to the attention many prayerful Christians. We hope and pray that our fellowship will continue to grow and be strengthened by the grace of God. To Him be the Glory, now and in all ages.


BBC Wes

WINE CELLAR

TIP TOP

MY THIRUMENI APPACHAN – GOD'S LOVE IN ACTION!



Ansu Andrews, New York

If I have to talk about my Thirumeni Appachan in a single word, it would be love. It is this great quality of Thirumeni Appachan that has moved me and enabled me to see God's love in action.

I met Thirumeni Appachan for the first time, when he came over to consecrate the Inter Denominational Christ Church, on September 24, 2008 in New York. I had been attending the services of the Inter Denominational Christian Fellowship since my childhood. This was where I experienced the grace and love of God above the differences and division of churches and denominations – all this while still being faithful to my parent church. When God blessed us with a church of our own, it was very difficult to find someone who would step beyond the barriers and regulations of their own parent churches and consecrate it. It was Thirumeni Appachan who believed in the vision and love of God that supersedes all divisions, recognized our need, and came over to consecrate our church at the request of our beloved Brother Uncle. By God's grace and Thirumeni Appachan's kindness, we finally got our own place of worship, where we are free to pray and gather without a tag or label of any one denomination.

For servants of God that I have seen growing up, the responsibilities and commitments would end after such an act of kindness. However, Thirumeni Appachan went above and beyond his call of duty in coming back to visit us and getting to know each and every member of the fellowship by name, even the little children. It was during one of those visits that Thirumeni Appachan came to my home and started to care and pray for my family. While we shared our struggles and pains with Thirumeni Appachan, he did not hold back in sharing his experiences with us. A simple man of simple words, we were blessed and humbled by his care and love for us. Even now he continues to check up on us by email at least once a month. For someone who is not a member of his church or even a close relative, Thirumeni Appachan has given me more love than I could have imagined. Thirumeni Appachan's daily prayers and his encouragement through emails have proven to be a great blessing in my life. Starting out as strangers, I praise God that we have been connected by something stronger and bigger: our faith in our God.

> **"And though I have the gift of prophecy, and understand all mysteries and all knowledge, and though I have all faith, so that I could remove mountains, but have not love, I am nothing."**
>
> (1 Corinthians 13:2)

I praise and thank the Almighty God for all the love He has showered on my family and me through Thirumeni Appachan. I praise God for the twenty-five years of ministry that Thirumeni Appachan has completed and congratulate Appachan for all that he has accomplished. It my prayer that our Lord bless you with many more years of service, and also that your humility, bright smile, and boundless love may touch even more people in this world!

With Fond Memories



With Fond Memories





With Fond Memories

Our Beloved Valiya Thirumeni

Jacob Thalikallumkal, London

Koorilose Metropolitan has truly been an inspiration to our family throughout the many years we have had the privilege to be in fellowship with him. Our first encounter with Thirumeni was in 1989 at the residence of Rev Dr Mani Chacko who was doing his doctoral Friends in the UK. Mani Achen and Thirumeni were students at the same time at the Union Theological College in Bangalore. Since this time, Thirumeni has indeed been very dear to us, as a family. Despite his busy and tiresome schedule, Thirumeni has always taken an extraordinary effort to come and spend time with us. It was a wonderful joy for us to have Thirumeni participate in the marriage of my sister, Shamini in 1996. Unfortunately, Thirumeni fell ill days before my brother; Kishore's wedding in Septe-mber 1997 which was incredibly upsetting. Despite Thirumeni's health at this time, his strength, faith and determination ensured an astonishing recovery.

Thirumeni is meticulous in concern with his daily routine. Thirumeni wastes no time and spends as much time as possible in prayer. Beginning his day with not one song, but many; Thirumeni favours old songs, in particular 'Shudhar Sthuthikum veedea' which is only inclu-ded in old editions of 'Christian Devotional Songs'.

In the words of my mother, 'Thirumeni is not at all fussy' and will never complain about anything. The manner in which he conducts himself is without a doubt, something to be admired. Thirumeni is completely willing to share the God given wisdom he has and his material possessions.

One of Thirumeni's innumerable qualities is the attention and care he takes and puts into everyone and everything he is involved with. He regularly emails us in scrupulous detail, recalling each and every member of the family and their individual needs. In these emails and letters, Thirumeni also makes a point to be encouraging, including numerous Bible verses. Thiru-meni's selfless demeanour has not gone unnoticed and the special attention and time he takes, praying for my father, T. C George and my daughter, Naomi is something we are eternally indebted for.

Valiya Thirumeni has attended Mar Thoma services whenever possible during his visits to the UK and on these occasions, given us inspiring sermons.

In 2005, we had the opportunity to visit Thozhiyoor and receive Thirumeni's hospitality and since then Thirumeni always finds time to meet us during our visits to Kerala.

As a family we thank God for Valiya Thirumeni's service as a Shepherd of his church during the last 25 years and wish him many more blessed years.

To

Gracious and Loving Thirumeni,
His Grace Most Rev. Joseph Mar Koorilose Valiya Metropolitan
Thozhiyoor Church, Anjoor, Kunnamkulam

മെത്രാഭിഷേക രജത ജൂബിലി കൊണ്ടാടുന്ന തിരുമേനിയെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. തൊഴിയൂർ സഭയ്ക്കും ഈ സമൂഹത്തിനും ലഭിച്ച നന്മകളെ ഓർത്ത് ദൈവത്തിന് നന്ദിപറയുന്നു. മാർതോമ്മ സഭയുടെ ഉറ്റ സ്നേഹിതനായ അഭിവന്ദ്യ ജോസഫ് മാർ കൂറീലോസ് വലിയ മെത്രാപ്പോലീത്ത തിരുമേനിക്ക് എന്റേയും ആർത്താറ്റ് കുന്നംകുളം മാർത്തോമ്മ ഇടവകയുടേയും ആശംസകളും പ്രാർത്ഥനയും ഇത്തരുണത്തിൽ അറിയിക്കുന്നു. ദൈവം തുടർന്നും തിരുമേനിയെ സമൃദ്ധമായി അനുഗ്രഹിച്ച് വഴി നടത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കർത്തൃ ശുശ്രൂഷയിൽ
റവ. തോമസ് പോൾ
മാർത്തോമ്മ ചർച്ച്, കുന്നംകുളം



അരനൂറ്റാണ്ടിലധികം പഴക്കമുള്ള ഈടുറ്റ സുഹൃത് ബന്ധം ഞാനും തിരുമേനിയും തമ്മിൽ ഉണ്ട്. അയൽക്കാരോടും, ജനിച്ച പ്രദേശത്തോടും വിട്ടുപിരിയാൻ വയ്യാത്ത സ്നേഹം സൂക്ഷിക്കുന്ന നല്ലൊരു ഇടയൻ. ഏത് ആൾകൂട്ടത്തിനിടയിലും എന്നെ ‘കൊച്ചേട്ടൻ’ എന്ന് വിളിക്കുന്ന കൂട്ടുകാരൻ. അതാണ് കൂറിലോസ് വലിയതിരുമേനി. അദ്ദേഹത്തിന്റെ 25-ാം ശ്രേഷ്ഠ പൌരോഹിത്യ ജൂബിലി ആഘോഷിക്കുന്ന വേളയിൽ, വരും നാളുകളിൽ ഏതൊരു പ്രതികൂല പരീക്ഷണഘട്ടങ്ങളേയും അതിജീവിക്കാൻ അദ്ദേഹത്തിന് സർവ്വേശ്വരൻ കരുത്തുനൽകട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

കെ. സി. ബാബു
Ex. മുനിസിപ്പൽ ചെയർമാൻ

MICRO ECONOMY MANAGERS IN SOUTH ASIA

Dr. Jetti A.Oliver
Chairman
Hyderabad – 00 017
Lr.No.H/11/1155 Ph.:27002498/27005381
e-mail:prajapadam@gmail.com

Samanvay
Deepthi Chambers, Vijayapuri

Beloved Most Rev.Joseph Mar Koorilose Valiya Metropolitan,

Thank you for your kind letter of 6th July 2011. We are very happy to learn that by August 2011, you will be completing 25 years of your consecration as Metropolitan of the Malabar Independent Syrian Church, Thozhiyur. The silver jubilee of being the chief Shepherd of the faithful of Syrian Church is a unique event and we rejoice with you; the Metropolitan, the clergy and the congregations at large as you look back with great satisfaction for all that God in His grace had done for you and how you struggled over the years to lead the faithful, strengthen the Church and relate it to the larger Society of God's people around the world.

I remember with joy my association with you as Treasurer and later as Vice President of the National Council of Churches in India and your relentless efforts to bring the historic Malabar Independent Syrian Church into the larger fellowship of the national ecumenical movement. You were so kind to involve several leaders of the National Council in your initiatives for self reliance of your Church; strengthening the healing ministry of Koorilose Mission Hospital, the ministerial formation, the leadership development and above all, the spiritual nurture that you emphasized in your ministry of shepherding one of the ancient Churches of our Country.



I also remember with deep appreciation, how the Diaspora of the Church was cared for and disregarding your health, how you traveled far and wide to strengthen the Independent Syrian Church movement. We thank God for all that you were able to do to the Independent Syrian Church, Thozhiyur in particular and the civil society at large.

As you move on to the Golden Jubilee of your anointing, it is our wish and prayer that the Good Lord continues to guide you and lead you in all your endeavours so that through you together with the Metropolitan and other colleagues, the Syrian Church and all of us are blessed and God of mercy is glorified.

With prayerful greetings for memorable celebrations of the Jubilee,

With warmest regards,

Yours in Christ,
Dr.Jetti A.Oliver

ദുബായിലുള്ള ബിഷപ്സ് ഹൗസ്

വിൽസൺ കെ. ഐ.

എന്റെ മാതൃസഹോദരിയുടെ മകനാണ് അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്ത. ബാല്യം മുതൽ ഞങ്ങൾ വളരെ അടുത്ത കൂട്ടുകാർ ആയിരുന്നു. പ്രീഡിഗ്രിയ്ക്ക് പഠിക്കുന്ന സമയത്ത് കോളേജിൽ പോയി വരുമ്പോൾ ഇടയ്ക്കിടെ ചേച്ചിയമ്മ (തിരുമേനിയുടെ അമ്മ) യുടെ വീട്ടിൽ പോകാറുണ്ട്. പഠിപ്പ് കഴിഞ്ഞ് ഞാൻ അബുദാബിയിൽ ജോലിക്കായി 1980ൽ വന്നതിന് ശേഷമാണ് തിരുമേനി പട്ടം ഏറ്റത് തിരുമേനിയായി സ്ഥാനമേല്ക്കാൻ പോകുമ്പോൾ ഞാൻ ഒരു കാപ്പയ്ക്കുള്ള തുണി ദുബായിൽനിന്നും നാട്ടിലേയ്ക്ക് കൊടുത്തയച്ചത് ഞാനിന്നും ഒരു ഭാഗ്യമായി കരുതുന്നു.

തിരുമേനി ആയതിനുശേഷം 1988-ൽ ആദ്യമായി ദുബായിൽ വന്നപ്പോൾ തിരുമേനിയ്ക്കു വേണ്ടുന്ന സഹായം ചെയ്ത് കൊടുക്കുന്നതിന് വലിയവനായ ദൈവം എനിക്ക് ഒരു അവസരം തന്നു. അന്നത്തെ ആ സന്ദർശനത്തോടുകൂടി മലബാർ സ്വതന്ത്ര സുറിയാനി സഭയും അന്ത്യോഖ്യയുമായുള്ള സ്നേഹബന്ധം വളർത്തിയെടുക്കുവാൻ അഭിവന്ദ്യ തിരുമേനിക്കും അതുപോലെ തന്നെ ഷെവലിയാർ വർക്കി ചേട്ടനും കൂടാത എന്നെപ്പോലെ തൊഴിയൂർ സഭയിലെ ചില വ്യക്തികൾ മുഖാന്തിരം സാധിച്ചു. ആ സ്നേഹബന്ധം ഇന്നും നിലനില്ക്കുന്നു. കാട്ടുമങ്ങാട്ട് ബാവാമാരുടെ ശ്രാദ്ധപെരുന്നാൾ വളരെ മനോഹരമായി ദുബായിലെ മാർ ഇഗ്നാത്തിയോസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് കത്തീഡ്രലിൽ എല്ലാ വർഷവും കൊണ്ടാടപ്പെടുന്നു. നമ്മുടെ തൊഴിയൂർ സഭയിലെ അംഗങ്ങളും, കൂടാതെ കുന്നംകുളം പരിസരത്തുള്ള ഇതര സഭാംഗങ്ങളും ഒത്തൊരുമിച്ച് ഭക്ത്യാദരപൂർവ്വം ഈ ശ്രാദ്ധപെരുന്നാളുകൾ നടത്തുന്നു.

1992 എനിക്ക് ബിസിനസ്സ് സംബന്ധമായി ദമസ്ക്കസ്സിൽ പോയപ്പോൾ അഭിവന്ദ്യ പാത്രിയർക്കീസ് ബാവായെ അദ്ദേഹത്തിന്റെ അരമനയിൽ പോയി കാണുവാൻ ഞങ്ങളുടെ ഈ കുടുംബബന്ധത്തിലൂടെ സാധിച്ചു. തൊഴിയൂർ ഭദ്രാസനപള്ളിയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചപ്പോൾ തിരുമേനി പറഞ്ഞു, നമുക്ക് കാട്ടുമങ്ങാട്ട് ബാവാമാരുടെ നല്ലൊരു ഛായാചിത്രം വരയ്ക്കണം എന്നാഗ്രഹമുണ്ട് എന്ന്. ദൈവത്തിന്റെ അളവറ്റ കരുണയാൽ ആ ഛായചിത്രം വരയ്ക്കുന്നതിനുള്ള പെയിന്റ് വാങ്ങിച്ചു തിരുമേനിക്ക് സംഭാവനയായി കൊടുക്കുകയുണ്ടായി. ഇന്ന് അനേകം ആളുകൾക്ക് ആശ്രയമായി ആ ഛായചിത്രം നിലക്കൊള്ളുന്നു. ദുബായിൽ അഭിവന്ദ്യ പാത്രിയർക്കീസ് ബാവ സന്ദർശിച്ചപ്പോൾ നമ്മുടെ തൊഴിയൂർ സഭയിലെ അംഗങ്ങൾ എല്ലാവരും ചേർന്ന് ക്രിസ്റ്റൽ കൊണ്ടുള്ള ഒരു മെഴുകുതിരി സ്റ്റാൻഡ് സമ്മാനിക്കുകയും ചെയ്തത് ഞാനിന്നും ഓർക്കുന്നു. 1988-ലെ പാത്രിയർക്കീസ് ബാവയുമായുള്ള തിരുമേനിയുടെ കൂടിക്കാഴ്ചക്കു ശേഷം ഗൾഫിൽ എവിടെയും യാക്കോബായ സുറിയാനി പള്ളികളിൽ തൊഴിയൂർ സഭയിലെ അംഗങ്ങൾക്ക് അംഗത്വം ലഭിക്കുന്നതിനുള്ള അനുമതി ലഭിച്ചത് ഞാനിന്നും ഓർക്കുന്നു. അതുപോലെ തന്നെ മദ്ബഹായിൽ ശുശ്രൂഷിക്കുവാനായി തൊഴിയൂർ സഭയിലെ അംഗങ്ങൾക്ക് യാതൊരു തടസ്സവുമില്ല ഇപ്പോൾ ദുബായ് മാർ ഇഗ്നാത്തിയോസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് കത്തീഡ്രലിൽ ശ്രീ. ജോയ് മാത്യൂസ്, ഡെബിൻ ബെന്നി, എന്റെ മകൻ വിബിൻ വിൽസൺ എന്നിവർ മദ്ബഹായിൽ ശുശ്രൂഷിച്ചു പോരുന്നു.

1988-നു ശേഷമുള്ള ദുബായ് സന്ദർശനവേളകളിൽ തിരുമേനി ഞങ്ങളുടെ വീട്ടിൽ വരികയും താമസിക്കുവാനുള്ള സൗകര്യം ചെയ്തു കൊടുക്കാറുമുണ്ട്. 200-5ൽ തിരുമേനി ദുബായിലുള്ള ഞങ്ങളുടെ വീട്ടിൽ താമസിച്ചപ്പോൾ തിരുമേനി പറയുകയുണ്ടായി ദുബായിലുള്ള ബിഷപ്സ് ഹൗസായി ഇതിനെ മാറ്റാമെന്ന്. തിരുമേനിക്ക് ഭാവിയിൽ ദുബായ് സന്ദർശിക്കുമ്പോളും താമസിക്കാൻ എന്നും, ഈ മാതൃസഹോദരിയുടെ പുത്രന്റെ വീട്ടിൽ സ്ഥാനമുണ്ട്.

മേല്പട്ടത്വ രജതജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ തിരുമേനിക്ക് എല്ലാ വിധമായ മംഗളാശംസകളും നേരുന്നു. തൊഴിയൂർ സഭയെ ഇനിയും ഉന്നതിയിലേക്ക് എത്തിക്കുവാനുള്ള കഴിവും, ആരോഗ്യവും അഭിവന്ദ്യ പിതാവിന് സർവ്വശക്തനായ ദൈവം നൽകട്ടെയെന്ന് ആത്മാർത്ഥമായി പ്രർത്ഥിക്കുന്നു.

ആശംസാഗീതം 1997

ALL SAINTS SUNDAY SCHOOL, PERINGODE, PALAKKAD DIST.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ : അധിപനായ് വാണീടും കൊച്ചു രാജ
അതികാമ്യമോടിതാ അടിയങ്ങളോതുന്നു : അനവരതം അങ്ങേക്കുള്ളാശംസകൾ

ഇടയനാണെന്നുള്ള അടയാളം തെളിയിച്ച : ഇരുപത്തഞ്ചാം പിറന്നാളിന്നീ ദിവസം
ഇവിടെ വച്ചനുമോദിച്ചാഘോഷം കൊണ്ടാടാൻ : ഇടയാക്കിയ ദൈവത്തിനതി മഹത്വം.

അതിവേഗം ഓടുന്ന പൗലോസിൻ ശൈലിപോൽ : കിടുകിടെ ഓടുന്ന പൂർവ്വകാലെ
അടിയങ്ങൾ ക്കാത്മീയത പകരാനെത്തിയ : അനുമോദം ഞങ്ങൾ സ്മരിച്ചീടുന്നെ

അന്നവിടുത്തെ ഹൃത്തിൽ വന്നുദിച്ചാഗ്രഹം : ഇന്നിവിടെ സ്വായത്തമാക്കീടാനായ്
അങ്ങേക്കു ശക്തിയെ നൽകിയ ദൈവത്തെ : ആയിരമായ് ഞങ്ങൾ സ്തുതിച്ചിടുന്നെ

പരിശുദ്ധാത്മാവിൽ വെളിച്ചം പകരാത്ത : ഇരുളാർന്ന പെരുങ്ങോടാം കൊച്ചുഗ്രാമെ ,
അമിതമാം ശോഭ പകർത്താനെത്തിയ : അവിടുത്തെ ഞങ്ങൾ നമിച്ചീടുന്നെ

ഇടവകകൾതോറും തൻ ചാരിതാർത്ഥ്യം നിറവേറ്റി : പാവനമാം നൽഭരണം കാഴ്ചവെക്കാൻ
സർവ്വേശാ അവിടുത്തെ കാരുണ്യം നൽകികൊണ്ടു : അനവരതം ശക്തി പകർന്നിടണേ

ആയുസാരോഗ്യവും ആത്മീയ ശക്തിയും : അനുദിനവും അങ്ങേക്കർപ്പിച്ചുകൊണ്ട്
രജതജൂബിലി ആഘോഷിക്കുമീ ദിവസത്തിൽ : കനകജൂബിലിക്കായ് വാഞ്ചിക്കുന്നെ
ഞങ്ങൾ പുരുമോദം അങ്ങെ നമിച്ചിടുന്നേൻ : എന്നും പുരുമോദം അങ്ങെ നമിച്ചിടുന്നേൻ

ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തിരുമേനിക്ക് ശെമ്മാശ്ശനായതിന്റെ (1972 March 5) രജതജൂബിലി അഭിനന്ദനങ്ങൾ നേർന്നുകൊണ്ട്, പെരിങ്ങോട് ദേവാലയം പണിതുയരുന്നതിനു മുന്നെ താൽക്കാലിക ഷെഡ്ഢിലെ കുർബാനയോടുചേർന്ന് പെരിങ്ങോട് All Saints Sunday School അദ്ധ്യാപകരും വിദ്യാർത്ഥികളും ദേശവാസികളും 1997 March 2 ന് എഴുതിസമർപ്പിച്ച ആദ്യ രജതജ്ജൂബിലി ഗീതം

ജോസഫ് മാർ കൂറിലോസ് വലിയമെത്രാപ്പോലീത്ത:

മേൽപട്ടസമൂഹത്തിലെ സൗമ്യസാന്നിദ്ധ്യം,

കാൽനൂറ്റാണ്ടിലെ സൗഹൃദാനുഭവങ്ങൾ

ഡോ. മാത്യൂസ് ജോർജ് ചുനക്കര, ഡയറക്ടർ, WCC, ജനീവ

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ മേലദ്ധ്യക്ഷൻ ജോസഫ് മാർ കുറിലോസ് വലിയ മെത്രാപ്പോലീത്തായുടെ എപ്പിസ്കോപ്പൽ രജത ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന് എല്ലാ ആശംസകളും പ്രാർത്ഥനകളും അർപ്പിക്കുന്നതിന് അതിയായ സന്തോഷമുണ്ട്. അംഗസംഖ്യയിൽ ചെറുതെങ്കിലും സമ്പന്നമായ ചരിത്രവും, പാരമ്പര്യവും സവിശേഷതകളുമുള്ള ഒരു പൗരാണിക സഭയെ കാൽനൂറ്റാണ്ടായി നയിക്കുവാനും ഭരിക്കുവാനും ഒരു സവിശേഷ വ്യക്തിത്വത്തിന്റെ ഉടമ കൂടിയായ അഭിവന്ദ്യ തിരുമേനിക്ക് കഴിയുന്നു. അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന എല്ലാവർക്കും അഭിമാനത്തിനും ആഹ്ലാദത്തിനും വക നല്കുന്ന ഒരവസരം കൂടിയാണ് അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ തിരുമേനിയുടെ എപ്പിസ്കോപ്പൽ രജത ജൂബിലിയുടെ നാളുകൾ.

ഇരുപത്തി ഏഴാമത്തെ വയസ്സിൽ മലബാർ സ്വതന്ത്ര സുറിയാനി സഭയിലെ മെത്രാൻ സ്ഥാനത്തേക്ക് തെരെഞ്ഞെടുക്കപ്പെട്ട അദ്ദേഹം ഏകദേശം അഞ്ചുവർഷങ്ങൾക്കുശേഷം 32-ാമത്തെ വയസ്സിലാണ് മെത്രാപ്പോലീത്തയായി അവരോധിതനായത്. നേതൃത്വം ഏറ്റെടുത്ത് അധിക നാളുകൾ കഴിയുന്നതിനു മുൻപു തന്നെ തിരുമേനിയെ കാണുന്നതിനും സംസാരിക്കുന്നതിനും അവസരമുണ്ടായി. അത് കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ ഒരു പരിപാടിയിൽ വെച്ചായിരുന്നു. അതിന് മുൻപ് ഒരിക്കൽ കോഴഞ്ചേരി പള്ളിയിൽ വെച്ച് നടന്ന ഒരു വിവാഹവേളയിൽ 1984 ൽ ആണ് ആദ്യമായി ഞാൻ അദ്ദേഹത്ത കണ്ടത്. തൊഴിയൂർ സഭയിലെ നിയുക്ത മെത്രാനാണിദ്ദേഹം എന്ന നിലയിലാണ് അദ്ദേഹത്തെ ഞാൻ ആദ്യമായി കാണുന്നതും സംസാരിക്കുന്നതും.

ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തയുമായി വളരെ അടുത്ത് ഇടപെടുന്നതിന് കൂടുതൽ അവസരങ്ങൾ എനിക്കുണ്ടായത് 1989 മുതലാണ്. ബാംഗ്ലൂരിലെ എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്ററിൽ അസോഷ്യേറ്റ് ഡയറക്ടറായി ഞാൻ പ്രവർത്തിക്കുന്ന അവസരത്തിലാണ് തിരുമേനിയെ കൂടുതലായി അടുത്തറിയുന്നത്. ആയിടക്ക് തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭ ബാംഗ്ലൂരിലെ എക്യുമെനിക്കൽ ക്രിസ്റ്റ്യൻ സെന്ററിൽ കൗൺസിലെ അംഗത്വത്തിൽ പ്രവേശിച്ചു. ഒരു പക്ഷെ കേരളത്തിനു പുറത്ത് തൊഴിയൂർ സഭക്ക് ആദ്യമായി ഉണ്ടായ ഒരു എക്യുമെനിക്കൽ അംഗത്വമായിരിക്കണം. E.C.Cയിലെ കൗൺസിലിൽ ചേരുവാനിടയായ സാഹചര്യം. എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്ററിന്റെ സ്ഥാപകനും മാർത്തോമ്മാ സഭയിലെ പ്രമുഖ പട്ടക്കാരനുമായിരുന്ന റവ. എം. ഏ. തോമാസ് അച്ചന്റെ പ്രത്യേക താല്പര്യം തൊഴിയൂർ സഭക്ക് E.C.Cയിൽ അംഗത്വത്തിന് സാദ്ധ്യത വർദ്ധിപ്പിച്ചുവെങ്കിൽ അതിനുള്ള പ്രധാനകാരണവും പ്രേരണയും ജോസഫ് മാർ കൂറിലോസ് തിരുമേനിക്ക് തന്റെ ചെറിയ സഭയെ എക്യുമെനിസത്തിന്റെ വിശാലമാനങ്ങളിലേക്ക് കൈപിടിച്ച് നടത്താനുണ്ടായ ദർശനമായിരുന്നു.

ഇന്ത്യയിലെ ക്രൈസ്തവസഭകളുടെ പൊതുവേദിയായ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ (NCCI) അംഗത്വത്തിന് തൊഴിയൂർസഭ അപേക്ഷിച്ചതിനു ശേഷം അദ്ദേഹം തന്റെ കൊച്ചു സഭയെ ദേശീയതലത്തി

ലുള്ള എക്യുമെനിക്കൽ വേദികളിലെത്തിക്കുവാനുള്ള ഒരു അശ്രാന്തപരിശ്രമം തന്നെ നടത്തി. N.C.C Iയുടെ അന്ന് നിലവിലുള്ള ഭരണഘടനയിലെ അംഗത്വം അപേക്ഷക മാനദണ്ഡമനുസരിച്ച് 25000 അംഗങ്ങൾ എങ്കിലും ഇല്ലാത്ത സഭയ്ക്ക് N.CCIയിൽ അംഗത്വം നൽകുവാൻ സാധ്യമല്ലായിരുന്നു. എന്നാൽ തൊഴിയൂർ സഭക്ക് NCCI യിൽ അംഗത്വം ലഭിക്കണമെന്ന ദൃഢനിശ്ചയത്തിൽ തന്റെ സഭയുടെ ചരിത്രവും, പാരമ്പര്യവും, പൈതൃകവുമൊക്കെ വിശദീകരിച്ചുകൊണ്ട് ജോസഫ് മാർ കൂറിലോസ് തിരുമേനി NCCIയുടെ നേതൃത്വത്തിലുണ്ടായിരുന്ന പലരേയും സമീപിച്ചുകൊണ്ടിരുന്നു.

ഒരിക്കൽ E.C.Cയിൽ കൗൺസിൽ യോഗത്തിൽ സംബന്ധിക്കുവാൻ വന്ന അവസരത്തിൽ തിരുമേനി ഇക്കാര്യം വിശദമായി എന്നോട് സംസാരിച്ചു. പൂനയിൽ വെച്ചു നടന്ന 1992 ലെ NCCIയുടെ ജനറൽ അസംബ്ലിയിൽ മാർത്തോമ്മാ സഭയുടെ പ്രതിനിധിയായി ഞാനും പങ്കെടുത്തിരുന്നു. പൂനാ അസംബ്ലിയിലാണ് തൊഴിയൂർ സഭയുടെ അംഗത്വഅപേക്ഷയും NCCIയുടെ റിപ്പോർട്ടും ചർച്ചക്കു വന്നത്. സബ് കമ്മറ്റിയുടെ കൺവീനർ ഡോ. ജെട്ടി ഒലിവർ തൊഴിയൂർ സഭയിൽ കമ്മറ്റി അംഗങ്ങൾ നടത്തിയ സന്ദർശനത്തിൽനിന്ന് ചരിത്രപരമായ തെളിവുകളുടെ വെളിച്ചത്തിൽ ഗ്രഹിച്ച ഓർത്തഡോക്സ് - യാക്കോബായ-മാർത്തോമ്മ സഭകളുടെ നിലനിൽപിന് തൊഴിയൂർ മലബാർ സ്വതന്ത്ര സുറിയാനിസഭ നൽകിയ കൈത്താങ്ങലുകളും ഈ സഭയുടെ അംഗത്വാപേക്ഷ പ്രത്യേകമായി പരിഗണിക്കണമെന്ന അഭിപ്രായവും പ്രകടിപ്പിച്ചുവെങ്കിലും അംഗസംഖ്യയിൽ കുറവായ തൊഴിയൂർ സഭയെ NCCIയുടെ അംഗത്വത്തിൽ പ്രവേശിക്കുന്നതിന് ഭരണഘടനാ വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ C.S.I. സഭയുടെ അന്നത്തെ ജനറൽ സെക്രട്ടറി എതിർപ്പു പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ വാദത്തെ എതിർത്തുകൊണ്ട് തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയെപ്പോലെയുള്ള ഒരു ചെറിയ സഭയെപ്പോലും ഇന്ത്യയിലെ എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ അംഗത്വം നൽകുന്നതിലൂടെ അംഗീകരിക്കണമെന്നും അതു വഴി വൈവിധ്യമാർന്ന എക്യുമെനിക്കൽ പ്രസ്ഥാനം ഇന്ത്യയിൽ നാം പടുത്തുയർത്തണമെന്നും ഞാൻ വാദിച്ചു. C.S.I. സഭയുടെ ജനറൽ സെക്രട്ടറി വീണ്ടും ഭരണഘടനാ വകുപ്പുകളുടെ പിൻബലത്തിൽ ചെറുസഭകൾക്ക് NCCIയിൽ പൂർണ്ണ അംഗത്വത്തിന് അവകാശമില്ലാ എന്ന് വാദിച്ചുകൊണ്ടേയിരുന്നുവെങ്കിലും സ്റ്റേജിൽ നിന്ന് തൊഴിയൂർ സഭക്ക് അനുകൂലമായി ശബ്ദം ഉയർന്നു. അത് NCCIയുടെ അന്നത്തെ വൈസ് ചെയർമാനായിരുന്ന ഇന്നത്തെ മാർത്തോമ്മാ മെത്രാപ്പോലീത്ത ഡോ. ജോസഫ് മാർത്തോമയുടെതായിരുന്നു. നീണ്ടുനിന്ന ചർച്ചകൾക്ക് ഒടുവിൽ അന്നത്തെ NCCI പ്രസിഡന്റ് ബിഷപ്പൻമാർ മലബാർ സ്വതന്ത്ര സുറിയാനി സഭയെ NCCIയുടെ പുതിയ അംഗമായി അംഗീകരിച്ചതായി പ്രഖ്യാപിച്ചു. ഈ വിവരം ഔദ്യോഗികമായി അറിഞ്ഞതിനുശേഷം തൊഴിയൂർ സഭയെ NCCIയുടെ അംഗത്വത്തിൽ പ്രവേശിപ്പിക്കുവാൻ ഞാൻ നടത്തിയ ശ്രമത്തിന് നന്ദി രേഖപ്പെടുത്തി തിരുമേനി എനിക്ക് കത്തയക്കുകയുണ്ടായി.

ഞാൻ ഹോംകോംഗിൽ ക്രിസ്ത്യൻ കോൺഫ്രൻസ് ഓഫ് ഏഷ്യയിൽ (CCA)സെക്രട്ടറിയായി പ്രവർത്തനം ആരംഭച്ചതിനു ശേഷം ഒരിക്കൽ ബംഗ്ലൂരിൽ ECCയിൽ എത്തിയ തിരുമേനി എന്നെ അന്വേഷിച്ചപ്പോൾ ഞാൻ ഹോംങ്കോംഗിലാണെന്നറിഞ്ഞ് അദ്ദേഹം എന്റെ മേൽവിലാസം കണ്ടെത്തി എനിക്ക് കത്തയച്ചു. 1995 ൽ മാരാമൺ കൺവൻഷന് ഞാൻ CCA ജനറൽ സെക്രട്ടറിയായി ബിഷപ്പ് ജോൺ വിക്ടർ സാമവേലിനോടൊപ്പം എത്തിയപ്പോൾ മാരാമണ്ണിൽ വെച്ച് തിരുമേനിയെ കണ്ടു. ആ അവസരത്തിൽ CCAയിൽ തൊഴിയൂർ സഭക്ക് അംഗത്വം ലഭിക്കണമെന്ന ആഗ്രഹം അദ്ദേഹം എന്നോടു പറഞ്ഞു എന്നാൽ ഞങ്ങൾ കാണുന്ന അവസരത്തിൽ CCA യുടെ അടുത്ത അസംബ്ലിക്കുള്ള ഒരുക്കങ്ങളും പുതിയ അംഗത്വത്തിന്നുള്ള നടപടികളും പൂർത്തിയായ അവസരമായതിനാൽ, ഉടൻ അംഗത്വത്തിനുള്ള സാദ്ധ്യത ഇല്ലാ എന്ന് ഞാൻ തിരുമേനിയെ ബോധ്യപ്പെടുത്തി. എന്നാൽ തുടർന്നുള്ള കാലങ്ങളിൽ CCA യിലെ തൊഴിയൂർ സഭയുടെ അംഗത്വത്തിനായി അദ്ദേഹം ശ്രമിച്ചുകൊണ്ടേയിരുന്നു. അന്ന് CCA എക്സിക്യൂട്ടീവ് കമ്മറ്റിയംഗമായിരുന്ന ഡോ. ജോസഫ് മാർ ഐറേനിയസ് (ഇപ്പോഴത്തെ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത), NCCI യുടെ അന്നത്തെ ജനറൽ സെക്രട്ടറിയായിരുന്ന ബിഷപ്പ് ജോസഫ് അച്ചനേയുമൊക്കെ കൂറിലോസ് തിരുമേനി സമീപിച്ച് തൊഴിയൂർ സഭക്ക് CCA യിൽ അംഗത്വത്തിനുള്ള താല്പര്യം അറിയിച്ചുകൊണ്ടിരുന്നു. എന്നാൽ അടുത്ത CCA അസംബ്ലിവരെ കാത്തിരിക്കണമെന്നും അത് രണ്ടായിരമാണ്ടിലാണെന്നും ഞാൻ തിരുമേനിയെ അറിയിച്ചു. എന്നാൽ പിന്നീട് ഞാൻ അറിഞ്ഞത് കൂറിലോസ് തിരുമേനി രോഗബാധിതനായി ആശുപത്രിയിൽ മരണത്തോടുമല്ലിടുന്നു എന്ന ഞെട്ടിക്കുന്ന വാർത്തയായിരുന്നു. അധികം താമസിയാതെ തന്നെ ഹോംകോംഗിൽ CCA യുടെ കമ്മറ്റിക്കുവന്ന ഐറേനിയസ് തിരുമേനിയിൽ നിന്ന് സന്തോഷകരമായ ആ വാർത്ത ശ്രവിക്കുവാനിടയായി. "തൊഴിയൂരെ കൂറിലോസ് മെത്രാച്ചൻ സുഖം പ്രാപിച്ചു. അദ്ദേഹം മൂന്നുനാലുദിവസം സുഖമായി ഉറങ്ങിയെങ്കിലും ദൈവകൃപയാൽ ഇപ്പോൾ പരിപൂർണ്ണ സൗഖ്യമായി. ഞാൻ തൃശ്ശൂരിൽ പോയി അദ്ദേഹത്തെ ആശുപത്രിയിൽ കണ്ടിരുന്നു."

പിന്നീട് അതിശയിപ്പിക്കുന്ന ആ കഥകൾ ഞാൻ കേട്ടു. ആധുനിക വൈദ്യശാസ്ത്രത്തിനും വിദഗ്ദ്ധരായ ഡോക്ടർമാർപോലും അത്ഭുതമെന്ന് വിശേഷിപ്പിച്ച അദ്ദേഹത്തിന്റെ രോഗവിമുക്തി, തലച്ചോറിലുണ്ടായ

ക്ഷതത്തിൽ നിന്നുപൂർണ്ണ വിടുതൽ, പല ദിവസങ്ങളിൽ I.C.U വിൽ അബോധാവസ്ഥയിലുള്ള കിടപ്പ്, എന്നാൽ രോഗാതുരനായി ആശുപത്രിയിലൊക്കെ പ്രവേശിപ്പിക്കുന്നതിനുമുമ്പ് അദ്ദേഹം മരണത്തെ മുൻകൂട്ടികാണുന്ന തരത്തിൽ നടത്തിയ തയ്യാറെടുപ്പുകൾ എന്നിവയുടെ കഥകൾ ഞാൻ ശ്രദ്ധിച്ചു. ഈ സംഭവം നടക്കുന്നത് 1997 ലാണെന്നാണ് ഞാൻ കരുതുന്നത്.

എന്നാൽ CCA യിൽ തൊഴിയൂർ സഭക്ക് അംഗത്വം വേണമെന്നുള്ള ഉറച്ച നിലപാടിൽ തന്നെയായിരുന്ന കൂറിലോസ് തിരുമേനിയുമായി ഞാൻ വീണ്ടും ബന്ധപ്പെടുകയും ആവശ്യമായ വിവരങ്ങൾ ലഭ്യമാകുകയും ചെയ്തു. അങ്ങനെ 2000 ജൂൺ മാസത്തിൽ ഇന്തോനേഷ്യയിൽ വെച്ചു നടന്ന ക്രിസ്റ്റ്യൻ കോൺഫറൻസ് ഓഫ് ഏഷ്യയുടെ ജനറൽ അസംബ്ലിയിൽ വെച്ച് 'മലബാർ സ്വതന്ത്ര സുറിയാനി സഭ' ഏഷ്യയിലെ ക്രൈസ്തവസഭകളുടെ പൊതുവേദിയായ CCA യിൽ അംഗമായി അസംബ്ലിയിൽ പങ്കെടുത്ത 500 പ്രതിനിധികളിൽ ഭൂരിഭാഗം അംഗങ്ങളും ഇന്തോനേഷ്യൻ ക്രൈസ്തവസഭാംഗങ്ങളുടെ ഭവനങ്ങളിൽ താമസിച്ചുകൊണ്ടാണ് ഒരാഴ്ചകാലം അസംബ്ലിയിൽ പങ്കെടുത്തിരുന്നത്. പുതിയ അംഗത്വത്തിലേക്ക് പ്രവേശിക്കുന്ന തൊഴിയൂർ സഭയുടെ പ്രതിനിധിയായി എത്തിയെ തിരുമേനിക്ക് ഞാൻ ഒരു ഹോട്ടലിലാണ് താമസം ക്രമീകരിച്ചത്. ഞാൻ അതേ ഹോട്ടലിൽ തന്നെ താമസിച്ചു. ഹോട്ടലിൽ താമസിക്കുന്നവർ അതിന്റെ ചിലവുകൾ സ്വയം വഹിക്കണമെന്ന് എങ്ങനെയോ മനസ്സിലാക്കിയ തിരുമേനി തന്റെ മുറിവാടക CCA ക്ക് തിരികെ നല്കാൻ തയ്യാറായി എല്ലാ ദിവസവും പണവുമായി എന്നെ സമീപിച്ചുകൊണ്ടിരുന്നു. എന്നാൽ തിരുമേനിയുടെ അത്തരം ഒരു താല്പര്യത്തിന് വഴങ്ങാതിരുന്ന എനിക്ക് തിരുമേനിയുമായി കൂടുതൽ ആശയവിനിമയം നടത്തുന്നതിനും തൊഴിയൂർ സഭയുടെ ഭാവിയെക്കുറിച്ച് അദ്ദേഹത്തിന്നുണ്ടായ ദർശനവും കൂടുതൽ മനസ്സിലാക്കുവാൻ സാധിച്ചു. ഒരാഴ്ചക്കാലം ഒരേ ഹോട്ടലിലും ഒരേ കോൺഫ്രൻസിലും ഒരേ ഭക്ഷണശാലയിലും തുടരെ കണ്ടുമുട്ടികൊണ്ടിരുന്നപ്പോഴൊക്കെ ഓരോ നിമിഷത്തിലും അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ, അതിന്റെ ലാളിത്യത്തെ, ഉറച്ച ക്രൈസ്തവവിശ്വാസത്തെ, തന്റെ ചെറിയ സഭയെകുറിച്ചുള്ള കരുതലിനെ ആ സഭയുടെ ഭാവിയെ കുറിച്ചുള്ള ചിന്തകളെയൊക്കെ നേരിട്ടറിവാൻ എനിക്ക് കൂടുതൽ അവസരം ലഭിച്ചു.

ഇന്ത്യോനേഷ്യയിലെ അസംബ്ലിയിൽവെച്ചാണ് തിരുമേനി അറിയുന്നത്. ഞാൻ CCA ലെ ജോലി വിട്ട് ജനീവയിൽ World Council of Churches (WCC) ന്റെ ഏഷ്യ സെക്രട്ടറിയായി ഉടൻ ചുമതലയേൽക്കുകയാണെന്ന്. ഐറേനിയസ് തിരുമേനി പറഞ്ഞറിഞ്ഞു എന്ന ആമുഖത്തോടെ ഇക്കാര്യം എന്നോടു പറഞ്ഞുതുടങ്ങിയ തിരുമേനി ഉടനെകൂട്ടിചേർത്ത ഒരു വാചകം "മോൻ ജനീവക്ക് പോകുന്നത് തൊഴിയൂർ സഭയുടെ ഒരു ഭാഗ്യം കൂടിയാണ് ഞാൻ WCC യിലും അംഗത്വത്തിന് അപേക്ഷിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം ഞാൻ WCC ആസ്ഥാനത്ത് ജനീവയിൽ പോയിരുന്നു. പക്ഷേ ജനറൽ സെക്രട്ടറി സ്ഥലത്തില്ലായിരുന്നു. ഞങ്ങളുടെ അപേക്ഷ അവിടെ ഉണ്ട്. അതുകൊണ്ട് WCC യിൽ തൊഴിയൂർ സഭയുടെ അംഗത്വം വേഗം ഉറപ്പിക്കണം.

CCA അസംബ്ലികഴിഞ്ഞ് ഒരാഴ്ച്ചയ്ക്കകം ഞാൻ WCC യിൽ ചുമതലയേറ്റു. അടുത്ത ഒരാഴ്ച്ചയ്ക്കകം ഞാൻ WCC യിൽ ചുമതലയേറ്റു. അടുത്ത ഒരാഴ്ച്ചയ്ക്കുള്ളിൽ തന്നെ കൂറിലോസ്തിരുമേനിയുടെ മലയാളത്തിൽ ടൈയ്പ്പ് ചെയ്ത് ഒപ്പിട്ടകത്ത് എനിക്ക് ജനീവയിലെ വിലാസത്തിൽ ലഭിച്ചു. അതിന്റെ ഉളടക്കം തുടങ്ങുന്നത്, WCC യുടെ ഏഷ്യ. സെക്രട്ടറിയായതിൽ എന്നെ അഭിനന്ദിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടാണ്. അതിൽ അദ്ദേഹം എടുത്തു പറഞ്ഞ കാര്യം, ഞങ്ങളുടെ കൊച്ചുസഭയെ മറക്കരുത്. NCC യിലും CCA ലും തൊഴിയൂർ സഭക്ക് അംഗത്വം നല്കാൻ പരിശ്രമിച്ചത് നന്ദിയോട് ഓർക്കുന്നു. എന്നാൽ WCC യിലും അംഗത്വം തരപ്പെടുത്തിത്തരണം. കത്തിനോടൊപ്പംWCCയിൽ നിന്നും അതിനും ഒരു വർഷത്തിനു മുൻപ് തിരുമേനിക്ക് അയച്ചിരുന്ന ഒരു കത്തിൽ കോപ്പിയും വെച്ചിരുന്നു.

തൊഴിയൂർ സഭയുടെ WCC അംഗത്വത്തിന്റെ കാര്യം WCC നേതൃത്വത്തിൽ ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ പല ശ്രമങ്ങൾ നടത്തി എങ്കിലും അത് ഇതുവരെ ഫലപ്രാപ്തി കണ്ടിട്ടില്ല.

മാർത്തോമ്മാസഭയുടെ ഡോ. സഖറിയാസ് മാർതെയോഫിലോസ് തിരുമേനി WCC എക്സിക്യൂട്ട്വ് കമ്മറ്റിയംഗമായിരുന്നപ്പോൾ തിരുമേനിയും പ്രത്യേക ശ്രമങ്ങൾ നടത്തിയിരുന്നു. എന്നാൽ ഓരോ കാരണങ്ങളാൽ തൊഴിയൂർ സഭ WCC യിൽ അംഗമാകാൻ കൊടുത്ത അപേക്ഷയിൽ തീരുമാനങ്ങൾ നീണ്ടുപോകുകയാണ്.

കൂറിലോസ് തിരുമേനി ഒട്ടും നിരാശനല്ല ഇക്കാര്യത്തിൽ WCCജനറൽ സെക്രട്ടറിയായിരുന്ന ഡോ. സാമവൽ കോബിയ 2007 ൽ മാരാമൺ കൺവെൻഷനിൽ പങ്കെടുക്കുവാൻ എത്തിയപ്പോൾ കൂറിലോസ് തിരുമേനി സാം കോബിയയുമായി തൊഴിയൂർ സഭയുടെ WCC യിലെ അംഗത്വത്തിന്റെ കാര്യം സംസാരിക്കുകയുണ്ടായി. അതിനുശേഷം കഴിഞ്ഞ വർഷം എറണാകുളത്തു റോയി. പി. തോമാസിന്റെയും മകൾ ഏലുവിന്റെ കല്യാണത്തിന് പാലാരിവട്ടം മാർത്തോമ്മാ പള്ളിയിൽ വെച്ചു കണ്ടപ്പോൾ ഭക്ഷണം കഴിക്കാൻപോലും താല്പര്യം കാട്ടാതെ തൊഴിയൂർ സഭയുടെ WCC യിലെ അംഗത്വത്തിന്റെ കാര്യം സംസാരിക്കാനാണ് തിരുമേനി താല്പര്യം കാട്ടിയത്.

തൊഴിയൂർ സഭയെ ആഗോള എക്യുമെനിക്കൽ വേദിയിലെത്തിക്കുവാനുള്ള അദ്ദേഹത്തിന്റെ ശ്രമം തുടങ്ങിയിട്ട് ഒരു പതിറ്റാണ്ടിലധികമായി, എന്നാൽ അത് ഇതുവരെ സാധിച്ചില്ല. എങ്കിലും അതിൽ നിരാശനാകാതെ അദ്ദേഹം ശ്രമം തുടരുകയാണ്. ഈ ശ്രമങ്ങളിലെല്ലാം ഞാനും ചെറിയതോതിൽ ഭാഗമായിരിക്കുന്നത് കൂറിലോസ് തിരുമേനിക്ക് എന്നോടുള്ള സ്നേഹവും, വാത്സല്യവും എനിക്ക് അദ്ദേഹത്തോടുള്ള സ്നേഹാദരങ്ങളും അദ്ദേഹത്തിന്റെ മലിനപ്പെടാത്ത വ്യക്തിത്വത്തോടുള്ള ബഹുമാനവുമാണ്.

തൊഴിയൂർ സഭ ചെറുതെങ്കിലും അത് ലോകത്തിൽ അറിയപ്പെടുന്ന ഒരു സഭയായി വളരുമെന്ന സ്വപ്നം എന്നും അദ്ദേഹത്തിനുണ്ട്. തൊഴിയൂർ സഭയുടെ 13-ാമതു മെത്രാപ്പോലീത്തയായ നാൾമുതൽ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തൊഴിയൂർ സഭയുടെ വിവിധങ്ങളായ വികസത്തിനും ഇതരസഭകളായുള്ള ഉറച്ച ബന്ധത്തിനു വേണ്ടിയും പരിശ്രമങ്ങൾ നടത്തിക്കൊണ്ടു വന്നതിന്റെ നിരവധി ഉദാഹരണങ്ങൾ ഉണ്ട്. ചരിത്രത്തിൽ ആദ്യമായി തൊഴിയൂർ സഭയുടെ ഒരു മെത്രാപ്പോലീത്ത ഇന്ത്യക്കു പുറത്ത് യാത്ര ചെയ്ത് ഇതരസഭകളുമായും സഭാനേതാക്കന്മാരുമായും പുതിയതായി ബന്ധത്തിൽ പ്രവേശിച്ചു, അന്ത്യോഖ്യൻ പാത്രിയർക്കീസിനെയും, കാന്റർബറി ആർച്ച് ബിഷപ്പിനേയും ജർമ്മനിയിലെ ലൂഥറൻ സഭാ നേതൃത്വത്തേയും ഒക്കെ കൂറിലോസ് തിരുമേനി മെത്രാപ്പോലീത്താ പദവിയിലെത്തിയ ശേഷമുള്ള ആദ്യത്തെ അഞ്ചാറു വർഷത്തിനുള്ളിൽ തന്നെ സന്ദർശിച്ച് അതാതു സഭകളുമായി തൊഴിയൂർ സഭ ഭാവിയിൽ ബന്ധപ്പെടുന്ന സാദ്ധ്യതകൾ ചർച്ച ചെയ്തിരുന്നു.

തൊഴിയൂർ സഭയുടെ ആസ്ഥാനം സ്ഥിതിചെയ്യുന്നിടത്തെ പരിമിതമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന തിരുമേനി ശ്രീഘ്രഗതിയിൽ മാറികൊണ്ടിരിക്കുന്ന ലോകത്തിലെ ഇതരസഭകളുമായി തൊഴിയൂർ സഭയെ ബന്ധിപ്പിക്കുന്ന ഒരു മഹാദൗത്യത്തിനാണ് തുടക്കമിട്ടത്. അനാരോഗ്യവും തൊഴിയൂർസഭയിലെ ആഭ്യന്തരപ്രശ്നങ്ങളുമൊക്കെ കാലാകാലങ്ങളിൽ അദ്ദേഹത്തിന്റെ എക്യുമെനിക്കൽ വീക്ഷണത്തിനും സ്വപ്നങ്ങൾക്കും, ദർശനങ്ങൾക്കും ചില തടസങ്ങൾ സൃഷ്ടിച്ചുവെങ്കിലും തിരുമേനിയുടെ അടിയുറച്ച വിശ്വാസം പൂർവ്വാധികം ശക്തിയോട് തന്റെ ദർശനത്തെ നിലനിർത്താൻ അദ്ദേഹത്തെ പ്രാപ്തനാക്കുന്നു.

തൊഴിയൂർ സ്വതന്ത്രസുറിയാനി സഭയുടെ കഴിഞ്ഞ കാൽ നൂറ്റാണ്ടിന്റെ ചരിത്രം ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്തയുടെ ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഭാരതത്തിലെ പ്രത്യേകിച്ച് മലങ്കരയിലെ, പുരാതനമായ സെന്റ് തോമസ് ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ അതുല്യമായ സ്ഥാനമുള്ള സഭയാണ് തെഴിയൂർ സഭ. മലങ്കരയിലെ നവീകരണ പാരമ്പര്യത്തെയും നവീകരണത്തിൽ നിന്ന് പുറം തിരിഞ്ഞുനിന്ന സഭാപാരമ്പര്യത്തിനുമദ്ധ്യത്തിൽ ഇരുകൂട്ടരുടേയും പ്രതിസന്ധികൾ അവർക്ക് തുണയായ സഭാനേതൃത്വ പാരമ്പര്യത്തിന്റെ പിൻതുടർച്ചക്കാരനാണ് ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്ത. തന്റെ കടമകളെക്കുറിച്ചും, കർത്തവ്യങ്ങളെക്കുറിച്ചും, തികച്ചും ബോധവാനായ അദ്ദേഹം എല്ലാ സഭാവിഭാഗങ്ങളിലും ജാതിമതങ്ങളിലും ഉള്ളവരെ ദൈവസ്നേഹത്തിന്റെ സ്പർശത്താൽ പ്രേരിതമായ സൗമ്യഭാഷണത്തിലൂടെ, സ്നേഹബന്ധങ്ങളുടെ ഊഷ്മളതയിലൂടെ ഒന്നായി കാണാൻ ശ്രമിക്കുന്നു. ദുഃഖിക്കുന്നവർക്ക് സ്വാന്തനം ഏകുവാൻ അദ്ദേഹം എവിടേയും ഓടി എത്താറുണ്ട്. അത് തൊഴിയൂർ സഭാംഗങ്ങൾക്കിടയിലോ, കുന്നംകുളത്തും, പഴഞ്ഞിയിലും, തൃശ്ശൂരിലും, ഒക്കെ മാത്രമായോ ഒതുക്കി നിർത്തുന്നില്ല. ജാതിമതത്തിന്റെ അതിരുകൾക്കപ്പുറത്തേക്ക് സൗഹൃദത്തിന്റെ കൂട്ടായ്മ വളർത്തി എടുത്തിരിക്കുന്ന തിരുമേനി എല്ലാവരുടേയും സന്താപത്തിലും സന്തോഷത്തിലും ഭാഗഭാക്കാകുമ്പോൾ, എല്ലാവരിലും നന്മയെ കാണാനും എല്ലാവരേയും അംഗീകരിക്കുവാനുമുള്ള വിശാല മാനസിക വീക്ഷണത്തെ നമ്മെ അനുസ്മരിപ്പിക്കുന്നു. ഈ വർഷം ജനുവരിയിൽ എന്റെ പിതാവിന്റെ നിര്യാണ വാർത്തയറിഞ്ഞ് ഞങ്ങളുടെ ഭവനത്തിൽ അദ്ദേഹം ഓടി എത്തി. മരണാനന്തര ജീവിതത്തിന്റെ പ്രത്യാശയെക്കുറിച്ച് ഞങ്ങളെയെല്ലാം ഓർമ്മപ്പെടുത്തി. അദ്ദേഹം ഞങ്ങളോടൊപ്പം ചിലവിട്ട നിമിഷങ്ങൾ ഞങ്ങൾക്ക് തികഞ്ഞ ദുഖാദ്രമായ അന്തരീക്ഷത്തിന്റെ നിമിഷങ്ങളിൽ സ്വാന്തനമേകി. തിരികെപ്പോകുന്നതിനു മുൻപ് വീണ്ടും പറഞ്ഞു; “ഞാൻ അടുത്ത കുർബ്ബാനയിൽ പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കാം.” വീണ്ടും സ്വാന്തനമേകുന്ന ഇടയന്റെ വാക്കുകൾ ആശ്വാസമേകുന്നുണ്ടായിരുന്നു.

പനയ്ക്കൽ തറവാട്ടിൽ നിന്ന് തൊഴിയൂർ സഭയുടെ മേല്പെട്ട സ്ഥാനത്തേക്ക് ദൈവം വിളിച്ച് വേർതിരിച്ച മൂന്നാമത്തെ മേല്പട്ടക്കാരനാണ് ജോസഫ് മാർ കുറിലോസ് മെത്രാപ്പോലീത്താ. സർവ്വലൗകിക സഭയുടെ ഭാഗമായ മലബാർ സ്വതന്ത്രസുറിയാനി സഭയെന്നചെറിയസഭയെ നയിക്കുന്ന വലിയ ഇടയൻ. സഭയ്ക്കും സമൂഹത്തിനും വേണ്ടി ഇനിയും ഏറെ അദ്ദേഹത്തിന് ചെയ്തുതീർക്കാനുണ്ട്. എന്ന ദൈവനിയോഗത്തെ വിശ്വാസ സമൂഹത്തിന്റെ പ്രാർത്ഥനകൾക്കും ആശംസകൾക്കുമൊപ്പം എന്റേയും വിനീതമായ പ്രാർത്ഥനയും ആശംസയും ഈ രജതജൂബിലിആഘോഷ നിറവിൽ അർപ്പിക്കുന്നു. ദൈവത്തിന്റെ അളവറ്റ അനുഗ്രഹങ്ങൾ അദ്ദേഹത്തിന് ഉണ്ടാകട്ടെ എന്ന് വീണ്ടും പ്രാർത്ഥിക്കുന്നു.

‘കാലത്തിന്റെ ഒഴുക്കിനൊപ്പം ...’

എ.കെ. കൊച്ചുകുഞ്ഞൻ
സെക്രട്ടറി, മലബാർ സ്വതന്ത്ര സുറിയാനി സഭ, തൊഴിയൂർ

മലബാർ സ്വതന്ത്രസുറിയാനി സഭയുടെ പതിമൂന്നാമത്തെ മേലദ്ധ്യക്ഷനായി വാഴിക്കപ്പെട്ട അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ്വലിയ മെത്രാപ്പോലീത്തായുടെ, മേൽപട്ടസ്ഥാനാരോഹണ രജതജൂബിലി ആഘോഷിക്കുന്ന മഹത്തായ ഈ സന്ദർഭത്തിൽ, അതിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണികയിലേക്ക് സഭാ സിക്രട്ടറിയെന്ന നിലയിൽ എഴുതുവാൻ ലഭിച്ച ഈ ഭാഗ്യമോർത്ത് ദൈവത്തെ സ്തുതിക്കുകയും അഭിവന്ദ്യ വലിയ മെത്രാപ്പോലീത്തായ്ക്കു് ഹൃദയംനിറഞ്ഞ ഭാവുകങ്ങൾ പ്രാർത്ഥനാപൂർവ്വം നേരുകയും ചെയ്യുന്നു.

തിരുമേനി ബാലനായിരിക്കുമ്പോൾ പിതാവിനോടൊപ്പം കുന്നംകുളത്തുനിന്ന് തൊഴിയൂർ ഭദ്രാസനദേവാലയത്തിലേക്കു് നടന്നുവന്നിരുന്നത് ഇന്നും മനസിൽതെളിയുന്നു. തിരുമേനിയുടെ പിതാവ് മാത്തുകുട്ടിജേഷ്ഠനും എന്റെ പിതാവ് ഏനാശ്ശേരി കുര്യനും തിരുമേനിയുടെ മാതാവ് കുഞ്ഞാണിജേഷ്ഠത്തിയും എന്റെ മാതാവ് കുഞ്ഞാമയും വളരെസ്നേഹപൂർവ്വം സാഹോദര്യം പുലർത്തിയിരുന്നവരായിരുന്നു. തിരുമേനിയുടെ മാതൃഇടവകയിൽ മാസത്തിലൊരിക്കൽമാത്രം വിശുദ്ധകുർബാനയുണ്ടായിരുന്നതുകൊണ്ട്, എട്ടാം ക്ളാസിലേക്കു് ജയിച്ച വർഷം മുതൽ തൊഴിയൂർ ഭദ്രാസന പള്ളിയിലായിരുന്നു മദ്ബഹായിൽ ശുശ്രൂഷകനായി ചേർന്നത്. ആ സമയം മുതൽ മിക്കവാറും ബസിൽ തനിയെവന്നിറങ്ങുന്ന ‘ജോസ് മോനോട്’ (അന്നത്തെ ബസ്സർവീസ് തൊഴിയൂരിലെത്തി ഓട്ടം നിറുത്തി മടങ്ങുന്നത് ഞങ്ങളുടെ വീടിന്റെ മുന്നിലായിരുന്നു) വീട്ടിലെ വിവരങ്ങൾ ആരാഞ്ഞിരുന്ന എന്റെ മാതാവും ഈ സന്ദർഭത്തിൽ തിരുമേനിയുടെ ഈ സന്തോഷാനുഭവങ്ങളെ കണ്ട് സാക്ഷികളുടെ സമൂഹത്തിൽ തിരുമേനിയുടെ മാതാപിതാക്കളോടൊപ്പം ദൈവത്തെ സ്തുതിക്കുന്നുണ്ടാവാം.

കാലത്തിന്റെ ഒഴുക്കിനൊപ്പം ജോസ്മോൻ വളർന്ന് ശെമ്മാശ്ശനായി, അച്ചനായി, റമ്പാനായി, മെത്രാപ്പോലീത്തായായി, 47-ാം വയസിൽ വലിയമെത്രാപ്പോലീത്തായും ആയി. ഓരോപടവുകയറുമ്പോഴും ഓരോരോ പുതിയ പ്രവർത്തനരംഗങ്ങളിലും ശ്രദ്ധയൂന്നി, പ്രോത്സാഹിപ്പിക്കുന്നവരോടുചേർന്ന് പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി പങ്കുചേർന്നുകൊണ്ടും ആയിരുന്നു ആ യാത്ര. ശെമ്മാശ്ശനായിരുന്നപ്പോൾ പഴയകാല യൂത്ത്ലീഗ് അംഗങ്ങൾക്കൊപ്പം അവർക്ക് മുൻനിരയിൽനിന്ന് അനേകരിൽനിന്ന് സംഭാവന വാങ്ങിക്കൊണ്ട് അഞ്ഞൂർ ഇമ്മാനുവേൽ സണ്ടേസ്ക്കൂളിൽ, സാധാരണ സ്ത്രീകൾക്ക് ചുരുങ്ങിയചിലവിൽ തയ്യൽവേലകൾ അഭ്യസിപ്പാൻ ഉതകിയ ഒരു തയ്യൽ പരിശീലനകേന്ദ്രം ആരംഭിച്ചതിലൂടെ തുടങ്ങിയ പ്രർത്തനങ്ങൾ, ഒന്നിനൊന്ന് മെച്ചമായ ആശയങ്ങൾ പ്രവർത്തിപഥത്തിലെത്തിക്കുന്നതിലൂടെ ഇന്നും തുടരുന്നുവെന്നത്, ദൈവംനൽകിയ താലന്തുകൾ വർദ്ധിപ്പിക്കേണ്ടത് സമൂഹജീവികളുടെ ചുമതലയും കടമയുമാണെന്ന് ഓർമ്മിപ്പിക്കുവാൻ പര്യാപ്തമായിതീരുന്നു. തൊഴിയൂർ ഭദ്രാസനദേവാലയത്തിനോടുചേർന്ന് ആദ്യമായി 1863-64 കാലഘട്ടത്തിൽ ഒരു അരമന പണികഴിപ്പിച്ചത് ഇദ്ദേഹത്തിന്റെ പൂർവ്വപിതാമഹനായ ആലത്തൂര് വലിയ തിരുമേനിയാണ്. എന്നാൽ 1772-ൽ പരിശുദ്ധ കാട്ടുമങ്ങാട്ട് വലിയ ബാവായാൽ സ്ഥാപിതമായ ഭദ്രാസനദേവാലയം സഭാകൗൺസിലിന്റെ തീരുമാനപ്രകാരം തൊഴിയൂർ ഇടവകയുടേയും, മറ്റു ഇടവകാംഗങ്ങളുടേയും, ഇതര സഭാംഗങ്ങളുടേയും, ഇതര മതവിഭാഗത്തിൽപെട്ടവരുടേയും സാമ്പത്തികസഹായങ്ങളാൽ റെക്കോർഡ്വേഗത്തിൽ 17 മാസങ്ങൾക്കകം പുനർനിർമ്മാണം പൂർത്തീകരിച്ച് 1989 April മാസത്തിൽ കൂദാശചെയ്വാൻ ദൈവംതമ്പുരാൻ അഭിവന്ദ്യകൂറിലോസ് തിരുമേനിയെ ശക്തീകരിച്ചു. വിപുലമായ പള്ളിപണിക്കമ്മിറ്റിയുടെ ഉപദേശങ്ങൾ സ്വീകരിച്ചും, അവരെക്കൊണ്ട് പണിയെടുപ്പിച്ചും കൊണ്ടുള്ള ആ നിർമ്മാണരംഗത്ത് മുന്നിൽനിന്ന് നേതൃത്വം നൽകിയിരുന്നപ്പോൾ തൊഴിയൂർ ഇടവക സിക്രട്ടറി എന്നനിലയിൽ എനിക്കും അദ്ദേഹത്തോടൊപ്പം ചേർന്ന് പ്രവർത്തിപ്പാനൊത്തത് മഹാഭാഗ്യമായി കരുതുന്നു. അകതിയൂർ, കരിക്കാട്, പെരുമണ്ണൂർ, എറണാകുളം, കൊരട്ടിക്കര എന്നി സ്ഥലങ്ങളിലെ പള്ളികളോട് ചേർന്ന് മെത്രാച്ചൻമാർക്കും വൈദീകർക്കും വിശ്രമിക്കുവാനുള്ള സൗകര്യപ്രദമായമുറികളുണ്ടായതും കൂറിലോസ് തിരുമേനിയുടെ ദീർഘ വീക്ഷണത്താലായിരുന്നു. നിസ്തുതി

രിയാൻ പോലും സ്ഥലമില്ലാതിരുന്ന മദ്രാസ് പള്ളിയോടുചേർന്ന സ്ഥലം വാങ്ങൽ. എറണാകുളത്ത് സ്ഥലം വാങ്ങി പള്ളിപ്പണി, തമിഴ്നാട്ടിലെ കൊയമ്പത്തൂർപട്ടണത്തിൽ സി.എസ്.ഐ. സഭയുടെ ചാപ്പലിൽ വിശുദ്ധകുർബ്ബാന ആരംഭിക്കൽ, പാലക്കാട് ജില്ലയിൽ പള്ളികളില്ലാതിരുന്ന പെരിങ്ങോട് ഗ്രാമത്തിൽ പള്ളിക്ക് സ്ഥലംവാങ്ങൽ, താൽക്കാലിക ടെൻറിൽ വിശുദ്ധ കുർബ്ബാന ആരംഭിക്കൽ, മാർകൂറിലോസ് ആശുപത്രിയുടെ സർജിക്കൽ തിയേറ്റർ. മൊബൈൽ ആംബുലൻസ് ചികിത്സായൂണിറ്റ്, ഫാദർ ജോസഫ് വടക്കൻമെമ്മോറിയൽ വാർഡ് നിർമ്മാണം, അഞ്ഞൂർ ബഹനാൻ ചാപ്പലിനോടുചേർന്ന സെൻറ്ജോർജ്ജ് ഭവൻ കമ്മ്യൂണിറ്റിഹാൾ നിർമ്മാണം, കുന്നംകുളം പട്ടണത്തിൻെറ ഹൃദയഭാഗത്ത് ഇടവകപള്ളിയോട് ചേർന്ന കുന്നിൻചരുവിൽ 120-ൽ പരം ഷോപ്പിംഗ് റൂമുകൾ ഉൾക്കൊണ്ട തൊഴിയൂർ സഭാസെൻററിൻെറ നിർമ്മാണമാരംഭിക്കൽ, യൂത്ത് ലീഗിലൂടെയുള്ള സാമ്പത്തിക സഹായം ആവശ്യമായ വിദ്യാർത്ഥികൾക്കുള്ള നോട്ട് പുസ്തകവിതരണം, ഇരുനൂറ്റമ്പതോളംപേർക്കു് നാമധേയ ബോർഡ് പലിശയോടെയുള്ള തയ്യൽമെഷ്യൻ വിതരണം, ഭവനരഹിതർക്കുള്ള ഭവനനിർമ്മാണ കൈത്താങ്ങൽ. വൈദികരുടെ ഇന്നനുഭവിക്കുന്ന രീതിയിലുള്ള വിപുലമായ ശമ്പളപരിഷ്ക്കരണം, പ്രാചീനമായ മാമൂൽ കീഴ്‌വഴക്കങ്ങൾ നിർത്തലാക്കൽ തുടങ്ങി നിരവധി പ്രവർത്തനങ്ങൾക്ക് ധീരമായി നേതൃത്വം നൽകാൻ പ്രാർത്ഥനാപൂർണ്ണമായ പ്രവർത്തന ശൈലിയിലൂടെ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയമെത്രാപ്പോലീത്തായ്ക്ക് സാധിച്ചതും, ഇംഗ്ലീഷ് ഭാഷയിൽ രണ്ടു മഹത്ഗ്രന്ഥങ്ങൾ ഇംഗളണ്ടിലെ പണ്ഡിതനായ ഒരു പുരോഹിതനെക്കൊണ്ട് രചിപ്പിച്ച് അമേരിക്കയിലും, ഇംഗ്ളണ്ടിലുമായി അവപ്രസിദ്ധീകരിക്കാനിടയായതും ഈ സഭയേയും പുണ്യസ്ഥാപക പിതാക്കന്മാരുടെ ദൈവീക സാക്ഷ്യമേറിയ ജീവിതത്തേയും ലോകത്തിനുമുന്നിൽ ഉയർത്തിക്കാണിക്കുവാൻ അക്ഷീണം പരിശ്രമിച്ച് ശ്രേഷ്ഠപൌരോഹിത്യത്തിൻെറ ഇരുപത്തഞ്ചുവർഷം തികക്കുന്ന അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയമെത്രാപ്പോലീത്താ തിരുമേനിക്ക് സമാധാനപൂർണ്ണവും, അനുഗ്രഹകരമായ വർഷങ്ങൾ നിരവധി പിന്നിടുവാൻ ഇനിയും സർവ്വേശക്തനായ ദൈവംതമ്പുരാൻ ഇടയാക്കട്ടെ എന്നു് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു .

Reflections With Congratulation For the Silver Jubilee

Pulikkottil Okkuru Esmy M.D.

'For my thoughts are not your thoughts neither are your ways my ways say's the Lord' – Isaiah 55: 8

Lords Plans are always different, and it is the BEST for HIS CHILDREN ! Looking back to the past 14 years, I have no regrets. Praise God for what he had done in my life. In 1997 I joined as radiotherapist in Christian Fellowship Community Centre (rural cancer centre), a secondary level health care centre of Ambilikkai, in Dindigul Dt. in Tamilnadu which is mission field for the upliftment of the down trodden and socio economically backward rural people, founded by Padmabushan Dr. Jacob Cherian and Dr. Mrs. Mary Cherian.

My association with H.G. Joseph Mar Koorilose Valiyathirumeni is of very short duration through sister Achamma, a very dedicated nurse who cared for poor leprosy patients of C.F. hospitals Oddanchatram and Ambilikkai with a Christian spirit, love and dedication, who impressed Thirumeni during one of his visits here. Thirumeni used to keep in touch with sister who had connections to Thozhiyoor St: George Cathedral. During one of his visits Thirumeni came to see me through sister, and I was surprised to know that Thirumeni and myself are from same native place and closely known to my family. I came to know from Thirumeni that Lilly, his second sister was my Sunday School mate.

'For none of us lives to himself and none of us dies to himself, for in case we live, we live to the Lord' Romans 14: 7. A LIFE LIVED FOR THE LORD IS FRUITFUL.

May Almighty God Bless our Valiya Thirumeni with His Choicest Graces to pray for needy ones.

Pulikkottil Okkuru Esmy M.D.
Radiation Oncologist, CFCHC,
Ambilikkai, Dindigul Dt. 624 612, T.N.



Consecration of Ramban, Episcopa, Metropolitan of the Successor 2001 March -May

Various Ordination Services

Various Ordination Services

Scholarship Distribution to Needy Cum Brilliant Students - Std Vth to Xth 2011-June 5

May Heavenly Lord Bless our beloved
Koorilose Thirumeni with His Choicest Graces

Rev . George Mathew Achan,
Elsy Kochamma,
Elsa, Ebu, Christeen

Dr. K. John, Dr. Elsy John,
Dr. Jagan John & Family
and
Dr. Jason John &Family,
U K.

സൗഹൃദ വലയത്തിലെ കണ്ണി

ജോസഫ് സേവ്യർ പനക്കൽ

ഒരു നല്ല മനുഷ്യനായി തീരുകയെന്നതാണ് ഈ ലോകത്തിൽ ജീവിക്കുന്ന ഏതൊരു മനുഷ്യന്റെയും മുമ്പിലുള്ള ഏറ്റവും വലിയ വെല്ലുവിളി. സമ്പത്ത് കുന്നുകൂന്നായി വാരിക്കൂട്ടിയവർക്കും, അറിവിന്റെ കൂടാരങ്ങളിൽ സ്ഥിരതാമസമാക്കിയവർക്കും ആ വെല്ലുവിളി അതിജീവിക്കാനായിട്ടില്ല. മേർ കുറിലോസ് ജോസഫ് തിരുമേനിയെക്കുറിച്ചോർക്കുമ്പോൾ ഇത്തരത്തിലുള്ള നിനവുകളാണ് മനസ്സിലേക്ക് ഓടിയെത്തുന്നത്. നസ്രായക്കാരനായ യേശുക്രിസ്തുവിന്റെ പാത പിൻതുടർന്ന യഥാർത്ഥ നസ്രാണിയെയാണ് നമുക്കേവർക്കും മേർ കൂറിലോസ് തിരുമേനിയിൽ കണ്ടെത്താനാവുക. ദുഃഖിതനും, പീഢിതനും, നിന്ദിതനും ആ സവിധത്തിലെത്തുമ്പോൾ സമാശ്വാസത്തിന്റെ തലോടലേൽക്കുന്നു. എന്റെ ബാല്യകാല സുഹൃത്തിന്റെ പ്രശസ്തി ലോകസമക്ഷം പ്രകാശിക്കുന്ന ഈ സന്ദർഭത്തിൽ അദ്ദേഹത്തെക്കുറിച്ചുള്ള മധുരസ്മരണകൾ അയവിറക്കാൻ ഭാഗ്യം സിദ്ധിച്ചതിൽ അത്യധികമായ സന്തോഷം എനിക്കുണ്ട്.

എന്റെ ബാല്യകാലത്തെ ഏറ്റവും സന്തോഷം തരുന്ന ഓർമ്മകളിലൊന്നാണ് അദ്ദേഹവുമായുള്ള സൗഹൃദം. ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ അദ്ദേഹത്തോടൊപ്പം പഠിക്കാനുള്ള ഭാഗ്യം എനിക്ക് കിട്ടിയിരുന്നും. 1966-1969 കാലഘട്ടത്തിലാണ് തിരുമേനി - അന്നത്തെ പേര് ജോസഫ് - കുന്നംകുളം എം.ജെ.ഡി. ഹൈസ്ക്കൂളിൽ വിദ്യാർത്ഥിയായിരുന്നത്. പഠനകാലത്ത്, സഹപാഠികളോട് സംസാരിക്കാൻ പൊതുവെ വൈമുഖ്യം കാണിച്ചിരുന്ന, അന്തർമുഖനായ വ്യക്തിയായിരുന്നു അദ്ദേഹം. എന്നാലും, മനസ്സിനിണങ്ങിയ കൂട്ടുകാരോട് അടുത്തിടപെടുകയും, എന്തും തുറന്ന് പറയുന്നൊരു പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. അധികം ആളുകളില്ലാത്ത, അദ്ദേഹത്തിന്റെ സൗഹൃദവലയത്തിലെ കണ്ണികളിലൊരാളായിരുന്നു ഞാനും. ക്ലാസ്സിൽ തൊട്ടടുത്തായിരുന്നു ഞങ്ങളുടെ സ്ഥാനം.

തനിക്ക് ഉള്ളതുകൊണ്ട് മറ്റുള്ളവരെ സഹായിക്കുകയെന്ന സാമഭാവം അന്നേ അദ്ദേഹത്തിലുണ്ടായിരുന്നു. ഒരു പക്ഷെ തിരുമേനിപോലും ഓർത്തിരിക്കാൻ ഇടയില്ലാത്ത അക്കാലത്തെ ഒരു സംഭവം ഇന്നും എന്റെ മനസ്സിൽ ഒളിമങ്ങാതെ നിൽക്കുന്നുണ്ട്. ഒരു ദിവസം, ഞങ്ങളുടെ ഗണിതാദ്ധ്യാപകനായ ഇട്ട്യേര മാസ്റ്റർ കണക്ക് പഠിപ്പിക്കാനായി ക്ലാസ്സിലെത്തി. എല്ലാവരും ഇൻസ്ട്രമെന്റ് ബോക്സ് ക്ലാസ്സിലേക്ക് കൊണ്ടുവരണമെന്ന് നിർബന്ധബുദ്ധിയുള്ള ആളായിരുന്നു അദ്ദേഹം. ഞാനാണെങ്കിൽ അന്ന് ഇൻസ്ട്രമെന്റ് ബോക്സ് എടുക്കാനും മറന്നു. 'ഇൻസ്ട്രമെന്റ് ബോക്സ് കൊണ്ടുവരാത്തവർ എഴുന്നേൽക്കണം' മാസ്റ്ററുടെ കൽപ്പന വന്നു. അതിന് മുമ്പേ എന്റെ സ്നേഹിതനായ ജോസഫ് ഒരു പണി പറ്റിച്ചിരുന്നു. ഇൻസ്ട്രമെന്റ് ബോക്സ് എനിക്ക് തന്ന്, കോമ്പസ്, സ്ക്കെയിൽ തുടങ്ങിയ ഇൻസ്ട്രമെന്റ്സ് എല്ലാം അദ്ദേഹം കൈവശം വെച്ചിരുന്നു. എന്റെ കൈയ്യിൽ ഇൻസ്ട്രമെന്റ് ബോക്സ് ഉണ്ടെന്ന ന്യായത്തിൽ ഞാൻ ക്ലാസ്സിൽ എഴുന്നേറ്റ് നിന്നില്ല. എഴുന്നേറ്റ് നിന്നവർക്ക് ചൂരൽകഷായം നൽകുന്നതിനിടയിൽ, എങ്ങിനെയോ മാസ്റ്റർ കാര്യം മണത്തറിഞ്ഞു. ഇൻസ്ട്രമെന്റ് ബോക്സ് എനിക്കുണ്ടെന്നൊരു മുടന്തൻ ന്യായം വിക്കി വിക്കി ഞാൻ ഉന്നയിച്ചെങ്കിലും, മാസ്റ്റർ അത് കേട്ട ഭാവം നടിച്ചില്ല. ഞങ്ങൾ ഇരുവരും മാസ്റ്ററിന്റെ ചൂരലിന്റെ സ്വാദ് അനുഭവിച്ചറിഞ്ഞു. എനിക്കുവേണ്ടിയാണ് തിരുമേനിക്ക് അന്ന് അടി കിട്ടിയെന്ന കാര്യം, ഞാനിന്നും വ്യസനത്തോടെ ഓർക്കാറുണ്ട്. കാലത്തിന്റെ വളർച്ചയോടൊപ്പം തിരുമേനിയുടെ ദാനശീലവും ഏറെ വളർന്നിട്ടുണ്ടെന്ന് ഏവർക്കുമറിയാം.

ഞങ്ങളുടെ പ്രയങ്കരനായ സഹപാഠി 1972 മാർച്ച് 5-നാണ് ശെമ്മാശമായത്. 1978 മാർച്ച് 1-ന് വൈദീക പട്ടമേറ്റു. 1986 ആഗസ്റ്റ് 27-നായിരുന്നു മെത്രാപ്പോലീത്താസ്ഥാനലബ്ധി. അതോടെ അഭിവന്ദ്യ തിരുമേനി മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനും, പിന്നീട് സഭയുടെ വലിയ മെത്രാപ്പോലീത്തായുമായി

ഞങ്ങളുടെ കുടുംബക്കാർ കുന്നുംകുളം സിംഹാസനപള്ളിയിലെ ആരാധകരാണ്. എങ്കിലും ഇടക്കൊക്കെ, കുന്നംകുളത്തിന്റെ സമീപ പ്രദേശമായ അഞ്ഞൂരിലുള്ള അരമനയിൽ ചെന്ന് തിരുമേനിയെ കണ്ട് സൗഹൃദം പുതുക്കാറുണ്ട്. അഭിവന്ദ്യ തിരുമേനി രോഗാതുരനായി തൃശ്ശൂർ വെസ്റ്റ് ഫോർട്ട് ആശുപത്രിയിൽ കിടക്കുമ്പോൾ എന്റെ ജേഷ്ഠ സഹോദരനും, യാക്കോബായ സഭയിലെ സിംഹാസന പള്ളികളുടെ മെത്രാപ്പോലീത്തയുമായ മോർ ഒസ്താത്തിയോസ് ബെന്യാമിൻ തിരുമേനിയോടൊത്ത് ഞാനും അദ്ദേഹത്തെ സന്ദർശിച്ചിരുന്നു.

അപ്പോൾ നടത്തിയ പ്രാർത്ഥന അദ്ദേഹത്തിന് ഏറെ സ്വാന്തനമേകിയതായി എനിക്ക് തോന്നിയിരുന്നു. തുടർന്ന് ആശുപത്രിയിൽവെച്ച് അദ്ദേഹത്തിന് നടത്തിയ കന്തീല ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചത് എന്റെ ജേഷ്ഠ സഹോദരനായ ബെന്യാമിൻ തിരുമേനി തന്നെയായിരുന്നു.

കുന്നംകുളത്തും, എറണാകുളത്തും വെച്ച് നടന്ന പനക്കൽ കുടുംബത്തിന്റെയും, കുന്നംകുളം പനക്കൽ പാരമ്പര്യം അവകാശപ്പെടുന്ന ഓമല്ലൂർ വിളവിനാൽ കുടുംബത്തിന്റെയും സംയുക്ത കുടുംബസമ്മേളനങ്ങളിൻ നേതൃത്വപരമായ പങ്ക് വഹിച്ചത് പനക്കൽ കുടുംബാംഗം കൂടിയായ അഭിവന്ദ്യ തിരുമേനിയായിരുന്നു. പ്രസ്തുത കുടുംബ സംഗമങ്ങളിൽ കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ മെമ്പറായിരുന്ന ശ്രീ. ജോൺ ജോസഫും, ബെന്യാമിൻ തിരുമേനിയും പങ്കെടുത്തിരുന്നു.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ചരിത്രത്തിലെ സുവർണ്ണ കാലഘട്ടമെന്ന് വിശേഷിപ്പിക്കുന്നത് മാർ കൂറിലോസ് മെത്രാപ്പോലീത്തയുടെ ഭരണകാലഘട്ടമാണ്. സ്വദേശത്തും, വിദേശത്തും തന്റെ ആരോഗ്യത്തെപ്പോലും കരുതാതെ ഓടിനടന്ന് മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പ്രശസ്തിയും പള്ളികളും വർദ്ധിപ്പിച്ചത് തിരുമേനിയാണെന്ന കാര്യത്തിൽ നിഷ്പക്ഷമതികളായ എല്ലാവരും അംഗീകരിക്കുന്ന സത്യമാണ്.

എന്റെ ജേഷ്ഠ സഹോദരനായ ബെന്യാമിൻ തിരുമേനി കാലം ചെയ്ത സന്ദർഭത്തിൽ സഹോദര നിർവിശ്ശേഷമായ സ്നേഹത്തോടെ ഓടിവരികയും, എല്ലാ ശുശ്രൂഷകളിലും പങ്കുകൊള്ളുലയും ചെയ്ത തിരുമേനിയെ ഞങ്ങൾ എങ്ങനെ മറക്കാൻ! മഞ്ഞനിക്കരയിൽ വെച്ച് നടത്തിയ കബറടക്ക ശുശ്രൂഷയിലും ആദ്യാവസാനം തിരുമേനിയുടെ സാന്നിധ്യം ഉണ്ടായിരുന്നു. ദുഃഖാർത്തരായ ഞങ്ങൾ ഓരോരുത്തരേയും സമാശ്വസിപ്പിക്കാനും അഭിവന്ദ്യ തിരുമേനി ഒട്ടേറെ സമയം ചെലവഴിച്ചു. ഹൃദയം നിറഞ്ഞ നന്ദിയോടല്ലാതെ അതൊന്നും ഓർക്കാനാവില്ല. സ്ക്കൂൾ കാലഘട്ടത്തിൽ തുടങ്ങിയ ഞങ്ങളുടെ സൗഹൃദം കാലപ്രയാണത്തോടൊപ്പം തഴച്ചു വളരുന്നു.

അഭിവന്ദ്യനായ ഇടയശ്രേഷ്ഠന് ആയുരാരോഗ്യ സൗഖ്യം നൽകുന്നതിനും, സഭയെ നയിക്കുന്നതിനുമുള്ള ശക്തിയേകുന്നതിനും സർവ്വേശ്വരനോട് നമുക്ക് പ്രാർത്ഥിക്കാം. മേൽപ്പട്ട സ്ഥാനത്ത് അഭിവന്ദ്യ തിരുമേനി കാൽ നൂറ്റാണ്ട് പൂർത്തിയാക്കുന്ന ഈ സവിശേഷ സന്ദർഭത്തിൽ ഈ ബാല്യകാല സുഹൃത്ത്, എല്ലാ ഭാവുകങ്ങളും നേരുന്നും.

ജോസഫ് സേവ്യർ പനക്കൽ,
ഡിവിഷനൽ മാനേജർ,
യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി, തൃശ്ശൂർ.

പ്രാർത്ഥനാശംസകളോടെ....

സ്വന്തം അനിയനും (പി.എം. ബെന്നി- കുന്നംകുളം) കുടുംബവും

With Fond Memories



On Various Occasions




SAINT ALPHEGE
Church of England Infant School





On Various Occasions



On Various Occasions

On Various Occasions

Our blessed friendship

Gita Sara Cherian

Let me write little about my childhood. I brought up in a Syrian orthodox family in Valanjavattom, near Niranum. I had a happy and peaceful childhood. I received Jesus when I was a little girl around the age of eight. My parents were very God fearing and we have a large joint family. We have a family church with only twenty families. In my memory, all my leisure times I spent in church. My greatest pleasure in life was running to church in the early morning of Sundays and singing and worshiping my Father in heaven. I believe that He has fallen in love with my heart which was always seeking Him. When I was 15 years old I attended a Vacation Bible Class in Mavelikara, St Pauls Mission Training Centre. The fifteen days of stay there really made me more closer to God. I did my predegree in St Stephen's College, Pathanapuram. The fellowship of the sisters and dayara priests gave me a desire to become a nun. But my father was not willing to make me a nun and also I was not sure about my calling. I did my degree in Marthoma college where I learned to have fellowship with other church members. I did my post graduation course in a private college. There I lost my spiritual fellowship.

Gradually I started slipping away from God because of the influence of my friends. I started doing things without the knowledge of my parents. Then I got married and went to Saudi Arabia with my husband. There, no sunday worships and fellowship prayers. I spent my leisure times watching movies and wasting times. I lost my connection with the God. Years went by. Then one day I realized that I changed a lot in my behavior. And also I was not happy or satisfied even though I had everything. Then I started searching God and got a chance to attend a crusade. There I surrendered my life to God again. That was a turning point in my life. I started hearing God's voice, and spent a lot of time with Him in the inner chambers. He gave me a lot of promises. Some of them are already fulfilled and I am sure He will fulfill everything He promised to me. He is my everything and He is my all. I am sure God will use me abundantly for HIS name's Glory.

Our family met Koorilos Thirumeni, when I was going through the struggles in my life. His friendship was a comfort for all of us. I am sure He had prayed for my transformation and I am grateful to him for that. Last eighteen years, he was a good friend to our family. Whenever he visits us, he will make sure to give a special attention to everybody who is present there. We have a lot of good memories of his visit to our house. Thirumeni's presence to our house at that time of sorrow was such a comfort to us. I really appreciate His Grace's visit to our house at Valanjavattom when my father was ill and thank you for the Thailabhishekam.

During the occasions of sad demise of my beloved father and mother Thirumeni visited us at our home at Valanjavattom for special prayers . Thirumeni's Comforting words and presence will always be remembered. Even our friends and relatives also join with us in our special occasions with his presence. He has a special relationship with my daughter who is a down syndrome patient. Thirumeni always ask her prayers whenever he meet her. He is a person, who prays for our daughters, Lata, Melissa, Lorriane and also for my husband Cherian and me everyday. We are enjoying the fruit of his prayers. Whenever we needed the fellowship of a God's man, Our Father in Heaven had brought him to our house. May our friendship with you grow more in Christ.

Thirumeni, you are a person who brings unity among people. May God use you abundantly in families and also among churches to bring unity. Your presence is a healing to others.

"May they be brought to complete unity to let the world know that you sent me and have loved them even as you have loved me." John 17:23

May God bless you abundantly!

ജൂബിലി ആഘോഷം 18.9.11
ROYAL HOSPITAL
ROYAL HOSPITAL

മലബാർ സ്വതന്ത്ര സുറിയാനി സഭ, തൊഴിയൂർ

മലബാർ സ്വതന്ത്ര സുറിയാനി സഭ, തൊഴിയൂർ

ത്ര സുറിയാനി സഭ, തൊഴിയൂർ

സുറിയാനി സഭ, തൊഴിയൂർ

നി സഭ,തൊഴിയൂർ

സുറിയാനി സഭ,തൊഴിയൂർ

സുറിയാനി സഭ,തൊഴിയൂർ

മലബാർ സ്വതന്ത്ര സുറിയാനി സഭ,തൊഴിയൂർ
അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്തായുടെ

മലബാർ

ദിവ്യശ്രീ പി. ബാബു

മലബാർ സ്വതന്ത്ര
അഭിവന്ദ്യ ജോസഫ് മാർ
ദിവ്യശ്രീ പി.

PALAYU

Festschrift

2011

A collection of Writings
Published in
Honour of a Scholar